# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 9, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 161 - നമ്പർ 3

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 9, ചൊവ്വ

സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ.പാലോട് രവി**

സെക്രട്ടറി

**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1393/2017

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...70

**II ചരമോപചാരം**

കല്ലടി മുഹമ്മദ്, കെ.മൂസക്കുട്ടി, ബൽറാം ഝാക്കർ എന്നിവരുടെ നിര്യാണം ...422

**III അടിയന്തരപ്രമേയം**

സോളാർ അന്വേഷണ കമ്മീഷനുമുന്നിൽ നൽകിയ—
സാക്ഷിമൊഴി(അവതരണാനുമതി നിഷേധിച്ചു) ...424

**IV ചെയർമാൻമാരുടെ പാനൽ** ...452

**V മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള
കടലാസ്സുകൾ മേശപ്പുറത്തുവച്ചു. ...453

**VI റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഇരുപത്തി നാലാമത് റിപ്പോർട്ട് ... 456

**VII റിപ്പോർട്ട് പരിഗണന** ... 456

**VIII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന
പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** ...457

**അനുബന്ധം**

8-2-2016-ലെ ചോദ്യോത്തരങ്ങൾ ...458

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2016 ഫെബ്രുവരി 9, ചൊവ്വ*


| വാല്യം 161] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 3 |
|---|---|---|


പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2016 ഫെബ്രുവരി മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ...

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ അഴിമതി ആരോപണവിധേയരായ മന്ത്രിമാർ രാജിവയ്ക്കണമെന്ന ആവശ്യവുമായി പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

.....പ്ലീസ്.....പ്ലീസ്....ഓർഡർ.....ഓർഡർ...ചോദ്യം നമ്പർ *31 .....(ബഹളം)..... ചോദ്യോത്തര സമയം കഴിയട്ടെ. പ്ലീസ്......ദയവായി സഹകരിക്കണം.

### നാളേക്കിത്തിരി ഊർജ്ജം

1 (*31) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം.പി. വിൻസെന്റ്:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. വി.റ്റി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളേക്കിത്തിരി ഊർജ്ജം പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) ഉണ്ട്.

(ബി) കുട്ടികൾക്കിടയിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുക, പുതുതലമുറയെ പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ പഠിപ്പിക്കുക, പുതിയതായി കണ്ടുപിടിക്കപ്പെട്ട ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ പ്രചരിപ്പിക്കുക, കുട്ടികൾക്കിടയിലെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, അദ്ധ്യാപകർക്ക് ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള പരിശീലനം നൽകുക, അദ്ധ്യാപകർ വഴി അതത് സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ രൂപീകരിക്കുക, കുട്ടികൾക്കായി ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ നടത്തുക, മറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ.

(സി) കെ.എസ്.ഇ.ബി.-യും ഇ.എം.സി.-യും ചേർന്ന് ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത പ്രചരിപ്പിക്കാനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാനുമായി ആരംഭിച്ചതാണ് ഈ പദ്ധതി. 'നാളേക്കിത്തിരി ഊർജ്ജം' പരിപാടിയുടെ ഭാഗമായി വിവിധ പരിപാടികൾ 2011-ൽ നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി എനർജി മാനേജ്മെന്റ് സെന്റർ സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ കേരളത്തിലുടനീളം സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, സി.ബി.എസ്.ഇ. പ്രൈവറ്റ് സ്കൂളുകൾ എന്നിവയെ ബന്ധിപ്പിച്ച് ഊർജ്ജ ക്ലബ്ബുകൾ രൂപീകരിച്ചു. SEP-യുടെ കീഴിൽ കഴിഞ്ഞ കാലയളവിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും 10 സ്കൂളുകൾ എന്ന കണക്കിന് 410 സ്കൂളുകളെ ചേർക്കാൻ തീരുമാനിക്കുകയും 392 സ്കൂളുകൾ അംഗങ്ങളാവുകയും ചെയ്തു. തുടർന്ന് 2000 സ്കൂളുകളെ ചേർക്കാൻ തീരുമാനിച്ചതിൽ നാളിതുവരെ 1500 സ്കൂളുകൾ ചേർന്നു. SEP നടത്തിപ്പിനായി ഇ.എം.സി. യുടെ കീഴിൽ 14 ജില്ലകളിലും ഓരോന്നിലും ഒന്ന് എന്ന കണക്കിന് 14 ജില്ലാ കോ-ഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഒന്ന് എന്ന കണക്കിന് ജോയിന്റ് കോ-ഓർഡിനേറ്റർമാരും പ്രവൃത്തിക്കുന്നു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിമാന്റ്സൈഡ് മാനേജ്മെന്റ് സെല്ലുകളെ ഉപയോഗിച്ച് പരിശീലന പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

(പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങൾ ഇപ്പോൾ ഉന്നയിക്കുന്ന വിഷയം

അടിയന്തര പ്രമേയമായി എഴുതിത്തന്നിട്ടുണ്ട്. ഈ സഭയ്ക്കൊരു കീഴ്വഴക്കമുണ്ട്. അതനുസരിച്ച് ചോദ്യോത്തര സമയം കഴിഞ്ഞാൽ മാത്രമെ അടിയന്തര പ്രമേയം എടുക്കുകയുള്ളൂ. ഇന്ന് സീറോ അവറിൽ അടിയന്തര പ്രമേയം എടുക്കുന്നുണ്ട്. നിങ്ങൾ ദയവായി സഹകരിക്കണം.

ശ്രീ. സി. ദിവാകരൻ: (മൈക്ക് ഓഫ്) ക്വസ്റ്റ്യൻ അവർ സസ്പെൻഡ് ചെയ്തുകൊണ്ട് അടിയന്തരപ്രമേയം ചർച്ച ചെയ്യണം.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഉൽപ്പാദനം പോലെതന്നെ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഊർജ്ജ സംരക്ഷണവും. അതിനുവേണ്ടി നടപ്പിലാക്കുന്ന 'നാളേക്കിത്തിരി ഊർജ്ജം' എന്ന പദ്ധതി നടപ്പിലാക്കുന്നത് വിദ്യാർത്ഥികൾക്കിടയിലാണെന്നുള്ളത് വളരെ പോസിറ്റീവായ കാര്യമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ വിദ്യാർത്ഥികൾക്ക് ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ നൽകുന്നതാരാണ്; അതിന് പ്രൊഫഷണലായിട്ടുള്ള ആളുകളുടെ സർവ്വീസുണ്ടോ; ഡിപ്പാർട്ടുമെന്റിന്റെ ഇടപെടലുണ്ടോ; വിദ്യാഭ്യാസ വകുപ്പുമായി ഏതുവിധത്തിൽ കോ-ഓർഡിനേറ്റ് ചെയ്താണ് കുട്ടികളിലേയ്ക്ക് എത്തിക്കുന്നത് തുടങ്ങിയവ സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, 1500 വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനുവേണ്ടിയുള്ള അദ്ധ്യാപകരെ ഓരോ റവന്യൂ ജില്ലകളിലും ഓരോന്നിലും ഒന്ന് എന്ന കണക്കിന് ജില്ലാ കോ-ഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഒന്ന് എന്ന കണക്കിന് ജോയിന്റ് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. അതിനുപുറമെ അദ്ധ്യാപകരെ തെരഞ്ഞെടുത്ത് പ്രത്യേകം ക്ലാസ്സുകൾ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ അവർ കുട്ടികൾക്ക് ക്ലാസ്സുകളെടുത്തുവരികയാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുത്ത്, തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പദ്ധതി നടപ്പാക്കുന്നതോടൊപ്പം പാഠ്യപദ്ധതിയിൽക്കൂടി ഉൾപ്പെടുത്തി സംസ്ഥാനത്ത് വ്യാപകമായി, എല്ലാ സ്കൂളുകളിലെയും പുതിയ തലമുറയിലേയ്ക്ക് ഈ പദ്ധതി എത്തിക്കുന്നതിനുള്ള ശ്രമം നടത്തണം. അതോടൊപ്പം പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ കുട്ടികളുടെ വീട്ടിലെ വൈദ്യുതി ബിൽ എല്ലാ മാസവും സ്കൂളുകളിൽ കൊണ്ടുവരാൻ പറയുകയും, ഊർജ്ജ സംരക്ഷണത്തിന്റെ പേരിൽ കുട്ടികൾ അവരുടെ വീടുകളിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി വൈദ്യുതി ഉപഭോഗത്തിൽ കുറവ് വരുന്നുണ്ടെങ്കിൽ അതിന് പ്രോത്സാഹന സമ്മാനങ്ങൾ നൽകാനുമുള്ള പദ്ധതികൂടി സർക്കാർ നടപ്പിലാക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇക്കാര്യം ഗവൺമെന്റിന് ആലോചിക്കാവുന്നതാണ്.

ശ്രീ. ലൂഡി ലൂയിസ്: സർ, സൗരോർജ്ജം ഉൽപ്പാദിപ്പിച്ച് ഊർജ്ജ ആവശ്യങ്ങളിൽ സ്വയംപര്യാപ്തത നേടിയ സിയാൽ മാതൃകയെക്കുറിച്ച് പുതിയ തലമുറയ്ക്ക് അവബോധം പകർന്നുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പംതന്നെ ഗവൺമെന്റ് സ്ഥാപനങ്ങളിൽ സൗരോർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിനുള്ള നടപടി ഇതിനകംതന്നെ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ഗവൺമെന്റ് കെട്ടിടങ്ങളിലെല്ലാം സോളാർ പാനൽ സ്ഥാപിക്കുന്നത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. റ്റി. ബൽറാം: സർ, കാർഷിക ആവശ്യങ്ങൾക്കായി വൈദ്യുതി കണക്ഷൻ നൽകുന്ന കാര്യത്തിൽ ഇപ്പോൾ ചില കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. പ്രത്യേകിച്ചും പാട്ടക്യഷി ചെയ്യുന്ന കർഷകർക്ക് സ്ഥിരമായ മോട്ടോർഷെഡ് ഉണ്ടെങ്കിൽ മാത്രമെ കാർഷിക കണക്ഷൻ കൊടുക്കുകയുള്ളൂവെന്ന് പറഞ്ഞാൽ സ്ഥലം ഉടമസ്ഥർ അതിന് തയ്യാറാകാത്ത സാഹചര്യം ഉണ്ടാവുകയും പാട്ടക്യഷി ചെയ്യുന്നവർക്ക് വൈദ്യുതി കണക്ഷൻ കിട്ടാത്ത സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് കുറച്ചുകൂടി ഉദാരമായ സമീപനം സ്വീകരിച്ച്, യഥാർത്ഥ കർഷകരാണെന്ന് ബോധ്യപ്പെട്ടാൽ കൃഷി ഓഫീസറുടെയോ പഞ്ചായത്ത് മെമ്പറിന്റെയോ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ അവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, 2003-ലെ സെൻട്രൽ ആക്ട് അനുസരിച്ച് ഉണ്ടാക്കിയ സപ്ലൈ കോഡിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് ഇക്കാര്യം ചെയ്യുന്നത്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, 'നാളേക്കിത്തിരി ഊർജ്ജം' എന്ന പദ്ധതിപ്രകാരം കുട്ടികളെ ബോധവൽക്കരിക്കുകയെന്നതാണ് ഉദ്ദേശിക്കുന്നത്. എന്നാൽ പലപ്പോഴും രക്ഷിതാക്കളെയാണ് ബോധവൽക്കരിക്കേണ്ടത്. സ്വിച്ചുകൾ ഓഫാക്കാതിരിക്കുകയും ടി.വി. റിമോർട്ട് കൺട്രോൾ ഉപയോഗിച്ച് മാത്രം ഓഫ് ചെയ്യുകയും സ്വിച്ച് ഓഫാക്കാതിരിക്കുകയും ചെയ്യുമ്പോൾ ധാരാളം എനർജി വേസ്റ്റാകുന്നുണ്ട്. കുട്ടികളെ ബോധവൽക്കരിക്കുന്നതോടൊപ്പം രക്ഷിതാക്കൾക്കും കൂടി ബോധവൽക്കരണം നൽകുന്നതിന് വൈദ്യുതി വകുപ്പിന്റെ കീഴിൽ എന്തെങ്കിലും പദ്ധതികൾ നടത്തുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇ.എം.സി.യുടെ കീഴിൽതന്നെ രക്ഷിതാക്കൾക്കും വീട്ടുടമസ്ഥന്മാർക്കും ക്ലാസ്സുകൾ നൽകുന്നതിന് 125-ഓളം റിസോഴ്സ് പേഴ്സൺസിനെ നിയമിച്ച് നടപടികൾ കൈക്കൊണ്ടുവരുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: ഊർജ്ജവുമായി ബന്ധപ്പെട്ട ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. ആർ.എ.പി.ഡി.ആർ.പി. സ്കീം പ്രകാരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതികൾ ഒച്ച് വേഗത്തിലാണ് ഇപ്പോൾ നീങ്ങുന്നത്. വോൾട്ടേജ് പ്രശ്നം പരിഹരിക്കാനും ഒ.എച്ച്. (ഓവർ ഹെഡ് ) ലൈൻ വലിക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കാത്തതുമൂലം വലിയ പ്രശ്നങ്ങളാണ് നിലനിൽക്കുന്നത്. ഭാഗികമായി പൂർത്തിയാക്കിയ അനേകം ട്രാൻസ്ഫോർമറുകൾ ചാർജ്ജ് ചെയ്യാൻ കഴിയാതെ കിടക്കുന്നതിന് കാരണം ചെറിയ ഉപകരണങ്ങളുടെ പോരായ്മയാണെന്ന് പറയപ്പെടുന്നു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇക്കാര്യം പരിശോധിച്ചുവരുന്നുണ്ട്; ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഹകരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. ചോദ്യോത്തരവേള കഴിഞ്ഞാലുടൻ അടിയന്തരപ്രമേയം എടുക്കുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഊർജ്ജ സംരക്ഷണമാണ് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമ്പർ ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനെക്കാൾ ചെലവുകുറഞ്ഞതാണ് ഊർജ്ജ സംരക്ഷണം. നമ്മൾ വലിയ തുക മുടക്കി ഉൽപ്പാദിപ്പിക്കുന്ന ഊർജ്ജം വ്യഥാവിലാക്കിക്കളയുകയാണ് ചെയ്യുന്നത്. ആവശ്യത്തിനുവേണ്ടി മാത്രമല്ല നമ്മൾ വൈദ്യുതി ഉപയോഗിക്കുന്നത്. അതിനൊരു പരിഹാരമെന്നുള്ള നിലയിൽ മാതൃകാപരമായ ഒരു പ്രവർത്തനംതന്നെയാണ് അങ്ങ് ഈ വകുപ്പിലൂടെ നടത്താനുദ്ദേശിക്കുന്നത്. പ്രധാനമായും കുട്ടികൾക്ക് അവരുടെ കുടുംബത്തിൽത്തന്നെ സന്ദേശമെത്തിച്ച് ഊർജ്ജം സംരക്ഷിക്കാൻകഴിയുമെന്ന വലിയൊരു സന്ദേശമാണ് ഇതിലൂടെ നടക്കുന്നത്. കൂടാതെ വൈദ്യുതി പാഴാകുന്ന ഒരു മേഖലയാണ് നമ്മുടെ സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും. നമ്മുടെ ഓഫീസുകളിൽ രാവിലെ ഫാൻ ഇട്ടുകഴിഞ്ഞാൽ ഓഫീസ് സമയംകഴിഞ്ഞ് പോകുമ്പോൾപ്പോലും ലൈറ്റും ഫാനും ഓഫ് ചെയ്യാറില്ല. അതുകൊണ്ട് സർക്കാർ ഓഫീസുകളിലെങ്കിലും ഊർജ്ജ സംരക്ഷണത്തിന് പ്രത്യേകമായ ഒരു പദ്ധതി തയ്യാറാക്കേണ്ടതല്ലേ; അങ്ങനെ തയ്യാറാക്കുന്നില്ലെങ്കിൽ നമ്മുടെ ഈ പ്രയത്നമൊക്കെ പലപ്പോഴും ഫലപ്രാപ്തിയിലെത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുന്നതിനോടൊപ്പംതന്നെ സർക്കാർ ഓഫീസുകൾവഴി ഊർജ്ജ സംരക്ഷണം എങ്ങനെ ഉറപ്പാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുമോ; അതിനുവേണ്ടി നൂതനമായ പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഊർജ്ജ ജനറേഷനെക്കാൾ കൂടുതൽ ശ്രദ്ധിക്കേണ്ടത് കൺസെർവേഷൻ ആണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ഊർജ്ജം പല രൂപത്തിൽ നമുക്ക് പ്രയോജനമല്ലാത്ത രീതിയിൽ ദുരുപയോഗപ്പെടുത്തുന്ന കാര്യമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഗവൺമെന്റ് ഓഫീസുകളെ സംബന്ധിച്ചാണെങ്കിൽ ഇക്കാര്യത്തെ സംബന്ധിച്ച് ചീഫ് സെക്രട്ടറിതന്നെ സർക്കുലറുകൾ ഒന്നുരണ്ടുതവണ കൊടുത്തിട്ടുണ്ട്. എന്നാൽ അത് പൂർണ്ണമായും ഇനിയും തടയാൻ സാധിച്ചിട്ടില്ല. ഗവൺമെന്റ് ആലോചിച്ച് അക്കാര്യത്തിൽ നടപടി കൈക്കൊള്ളുന്നതാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, സെക്ഷൻ ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്താത്തതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്. അത് എത്രയുംവേഗം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് എൽ.ഇ.ഡി. ബൾബുകൾ കൊടുത്താൽ വളരെയധികം വൈദ്യുതി ലാഭിക്കാൻ സാധിക്കും. അതുപോലെതന്നെ, വൈദ്യുതി മോഷണം നടക്കുന്നുണ്ട്. അത് തടയുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; സാധാരണ ബൾബും എൽ.ഇ.ഡി. ബൾബും ഉപയോഗിക്കുമ്പോൾ വൈദ്യുതിയുടെ ഉപയോഗത്തിനെത്രമാത്രം കുറവുവരാറുണ്ട് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, വൈദ്യുതി മോഷണം തടയുന്നതിനു വേണ്ടി വിജിലൻസ് സ്ക്വാഡും ഇൻസ്പെക്ഷനും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റെയ്ഡും സംഘടിപ്പിച്ചുവരുന്നുണ്ട്. സാധാരണ 60 വാട്സിന്റെ ബൾബ് ഉപയോഗിക്കുന്നതിനുപകരം എൽ.ഇ.ഡി. ബൾബ് ആണെങ്കിൽ 50 വാട്സ് ഉപയോഗിച്ചാൽത്തന്നെ അത്രയും പ്രകാശം ലഭിക്കുന്നതാണ്. വൈദ്യുതി അത്രയും സേവ് ചെയ്യാനും സാധിക്കും. വൈദ്യുതി മോഷണം തടയുന്നതിനുവേണ്ടി വിജിലൻസ് റെയ്ഡും ഇൻസ്പെക്ഷനുമൊക്കെ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്.

ശ്രീ. കെ. എം. ഷാജി: സർ, ഉർജ്ജ സംരക്ഷണമെന്നുപറയുന്നത് ഒരു സംസ്കാരമായി വളർത്തിക്കൊണ്ടുവരേണ്ട ഒന്നാണ്. വൈദ്യുതി ദുർവ്യയത്തിനെതിരെ ക്യാമ്പസ്സിൽ മാത്രമല്ല ബോധവൽക്കരണം നടത്തേണ്ടത്. നേരത്തെ ഇവിടെ പരാമർശിച്ചതുപോലെ ഓഫീസുകളിലും വലിയ ആളുകൾക്കിടയിലുമാണ് ദുർവ്യയം കൂടുതലായി കാണുന്നത്. യഥാർത്ഥത്തിൽ ഇത് സ്കൂളുകളിൽ മാത്രമല്ല കേരളത്തിൽത്തന്നെ ജനങ്ങളുടെ ഒരു സംസ്കാരമായി വളർത്തിക്കൊണ്ടുവരാനുള്ള ബോധവൽക്കരണ ശ്രമങ്ങൾ നടക്കുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, വൈദ്യുതി സംരക്ഷണം നമ്മുടെ സംസ്കാരത്തിന്റെ ഒരു ഭാഗമായി വളർത്തിക്കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് ഇപ്പോൾ ഇ.എം.സി. മുഖേന നടത്തിക്കൊണ്ടിരിക്കുന്നത്.

## ഗുരുകുലം പദ്ധതി

2(*32) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. ബി. അബ്ദുൽ റസാക്:
ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഗുരുകുലം" പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ,

(എ) " ഗുരുകുലം" പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ ആധുനിക വിദ്യാഭ്യാസ രീതിയും ഗോത്രവർഗ്ഗ സംസ്കൃതിയും തമ്മിലുള്ള അന്തരം കാരണം ചില കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ഇതുസംബന്ധിച്ച പഠനംനടത്തി വകുപ്പ് 'ഗുരുകുലം' എന്ന വിദ്യാഭ്യാസ രീതിക്ക് രൂപം കൊടുത്തത്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനും ഉന്നമനത്തിനുമായി ലോക പ്രശസ്തി നേടിയ ഒഡീഷയിലെ ഭുവനേശ്വറിൽ പ്രവൃത്തിക്കുന്ന കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ മാതൃകയിൽ നേഴ്സറിതലം മുതൽ ബിരുദാനന്തരതലം വരെ ഒരു കുടക്കീഴിൽ പൂർണ്ണമായി റസിഡൻഷ്യൽ രീതിയിൽ പഠനം നടത്തുന്നതിന് അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

ഗോത്രസംസ്കാരവും, പൈതൃകഭാഷയും നൈപുണ്യ വികസനത്തോടൊപ്പം കുട്ടികളുടെ അഭിരുചിക്കനുസരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക. രൂപരേഖയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഒന്നാംഘട്ടമായി അടുത്ത അദ്ധ്യയനവർഷം പ്രീ പ്രൈമറിതലം മുതൽ ആരംഭിക്കുന്നതാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഒഡീഷയിലെ കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ മാതൃകയിലാണ് ഈ സ്ഥാപനം തുടങ്ങാനുദ്ദേശിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഏകദേശം ഇരുപത്തി അയ്യായിരം കുട്ടികൾ പഠിക്കുന്ന 25 ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന ഒരു യൂണിവേഴ്സിറ്റിയാണിത്. ഇത്രയും ബൃഹത്തായ സ്ഥാപനത്തിന്റെ മാതൃക കേരളത്തിൽ തുടങ്ങുമ്പോൾ ഭാവിയിൽ വളർച്ചയ്ക്ക് സാധ്യമാകുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി : സർ, പട്ടികവർഗ്ഗവികസന വകുപ്പ് ആദ്യമായാണ് ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് രൂപം നൽകുന്നത്. ഇതിനാവശ്യമായ സ്ഥലം, ഏകദേശം 150 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. മാനന്തവാടിയിലാണ് അത് ആരംഭിക്കാനുദ്ദേശിക്കുന്നത്. അതിന്റെ എല്ലാ നടപടിക്രമങ്ങളും ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ലോകം ശ്രദ്ധിക്കുന്ന പട്ടികവർഗ്ഗ ക്കാർക്കായുള്ള ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായം വളരെ പ്രശസ്തനായ ശ്രീ. അച്യുത സാമന്തയുടെ നേതൃത്വത്തിലാണ് കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത്. അവിടെ ഏഴാം ക്ലാസ്സുമുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനാണ് അവർ മുൻഗണന നൽകുന്നത്. കേരളത്തിൽ ഇപ്പോൾ നിലവിലുള്ള കരിക്കുലം അതിന് പര്യാപ്തമാകില്ല. സ്വയംഭരണാധികാര സർവ്വകലാശാലയായാണ് കലിംഗ ഇപ്പോൾ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം ആരംഭിക്കുന്ന ഘട്ടത്തിൽ അതിനാവശ്യമായ കരിക്കുലം സമ്പ്രദായത്തിൽക്കൂടി ഘടനാപരമായ മാറ്റം വരുത്തുമോ; അതോടൊപ്പംതന്നെ കേരളത്തിൽ ഇപ്പോഴുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഈ രീതി പരീക്ഷണാർത്ഥം നടപ്പിലാക്കുന്നതിനുള്ള നടപടികൾകൂടി സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ആദ്യമായി ഇങ്ങനെയൊരു പൈലറ്റ് പ്രോജക്ട് ആരംഭിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. വിശദമായ എല്ലാ രൂപരേഖയും അതിനോടനുബന്ധിച്ച് തയ്യാറാക്കിക്കഴിഞ്ഞു. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ഇത് ആരംഭിച്ചതിനുശേഷം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആരംഭിക്കുന്നതിനെക്കുറിച്ചും മറ്റ് കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കെ. ജി. മുതൽ പി.ജി. വരെ ആദിവാസി വിദ്യാർത്ഥികളെ അവരുടെ ഊരിൽത്തന്നെ ഇരുത്തി പഠിപ്പിക്കുന്ന, അദ്ധ്യാപകരോടൊപ്പം താമസിച്ച് പഠിപ്പിക്കുന്ന പാഠ്യേതര പരിശീലനവും കല, ഭാഷ തുടങ്ങിയവയിലുള്ള പരിശീലനവും നൽകുന്ന ഈ ഗുരുകുലം രീതി ഇതുവരെ നമുക്ക് എത്രമാത്രം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടെന്നും ഭാവി പദ്ധതി എന്താണെന്നും അറിയേണ്ടതുണ്ട്. താമസിക്കാൻവേണ്ടി അവർക്ക് നൽകിയിട്ടുള്ള ഹോസ്റ്റലുകളിൽ നിശ്ചിത എണ്ണത്തിനപ്പുറം കൂടുതൽ ആളുകൾ താമസിക്കുന്നുണ്ടോ; കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇതിലുമുണ്ടെന്ന് പറയുന്നു, ഡ്രോപ്പൗട്ട്സ് എത്രമാത്രമുണ്ട്; അത് തടയാനെന്ത് നടപടി സ്വീകരിച്ചു; പുതിയ ഹോസ്റ്റലുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകാമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, സംസ്ഥാനത്ത് 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണുള്ളത്. ഏകദേശം 5600 വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുണ്ട്. 107 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. പല സന്ദർഭങ്ങളിലും ചില കുട്ടികൾ കൊഴിഞ്ഞുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് തടയുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഇക്കാര്യത്തിൽ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, എസ്.റ്റി. പ്രൊമോട്ടർ അടക്കമുള്ള ആളുകൾക്ക് പ്രത്യേക നിർദ്ദേശംതന്നെ വകുപ്പ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്. 107 പ്രീമെട്രിക് ഹോസ്റ്റലുകൾ ഉള്ളതിൽ പ്രവേശനത്തിന് അപേക്ഷിക്കുന്ന മുഴുവൻ കുട്ടികൾക്കും താമസ സൗകര്യം ഒരുക്കുന്നുണ്ട്. പക്ഷെ, അതിൽ കൂടുതൽ കുട്ടികൾ വരുന്നതുകൊണ്ട് വകുപ്പ് ഏകദേശം 11 ഹോസ്റ്റലുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. അതിൽ എട്ടോളം കെട്ടിടങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചുകഴിഞ്ഞു. ബാക്കിയുള്ളതിന്റെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. 6 പുതിയ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി കൊടുത്തുകഴിഞ്ഞു. തീർച്ചയായും ഇതൊക്കെ വരുമ്പോൾ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. പി. ബി. അബ്ദുൽ റസാക് : സർ, ഗുരുകുലം പദ്ധതിയോടനുബന്ധിച്ച് ഗോത്രസാരഥി പദ്ധതി എത്ര സ്കൂളുകളിലാണ് നടപ്പാക്കിയിട്ടുള്ളത്; എത്ര രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത് ; എത്ര കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, 2013-ലാണ് ഗോത്രസാരഥി പദ്ധതിക്ക് വകുപ്പ് രൂപം കൊടുത്തത്. ദുർഘടമായ പ്രദേശങ്ങളിൽനിന്നും വരുന്ന കുട്ടികളെ

സ്കൂളിലെത്തിക്കാൻ വളരെയേറെ പ്രയാസപ്പെടുന്നുവെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 2013-ൽ ഈ പദ്ധതിക്ക് വകുപ്പ് രൂപംകൊടുത്ത് പദ്ധതി ആരംഭിച്ചത്. 2013-14 സാമ്പത്തികവർഷംതന്നെ 305 ലക്ഷം രൂപയാണ് ഇതിനുവേണ്ടി ചെലവഴിച്ചത്. ഇന്ന് സംസ്ഥാനത്ത് 13367 കുട്ടികൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ട്. ഏകദേശം 328 സ്കൂളുകളിലായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്കൂൾ പി.റ്റി.എ.-യും അതുപോലെ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറും പ്രിൻസിപ്പാളും അടങ്ങുന്ന ഒരു ജോയിന്റ് കമ്മിറ്റി രൂപീകരിച്ചാണ് ഈ പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്നത്. എല്ലാ സ്കൂളുകളിലും വളരെ നല്ലരീതിയിൽ ഈ പദ്ധതി നടക്കുന്നുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന എത്ര പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കേരളത്തിലുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ: ഇവർക്കുള്ള സ്കോളർഷിപ്പുകൾ സമയത്തിന് നൽകുന്നുണ്ടോ; പാലക്കാട് ആരംഭിച്ചിട്ടുള്ള പുതിയ മെഡിക്കൽ കോളേജിൽ എത്ര എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അഡ്മിഷൻ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, എം.ബി.ബി.എസ്., ബി.ടെക്., എം.ടെക്., ബി.ഡി.എസ്. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിൽ സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 6277 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. സമയബന്ധിതമായി അവർക്ക് ഇ-ഗ്രാന്റ് വഴി സ്റ്റൈപ്പന്റും സ്കോളർഷിപ്പും കൊടുക്കുന്നുണ്ട്. ആ ഇനത്തിൽ ഏകദേശം 25 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിൽ എത്ര ട്രൈബൽ കുട്ടികൾ പഠിക്കുന്നുണ്ടെന്നതിനെ സംബന്ധിച്ച് പരിശോധിച്ചു മാത്രമേ ഉത്തരം പറയാൻ കഴിയുകയുള്ളൂ.

ശ്രീ. എ. കെ. ബാലൻ: സർ, ആദിവാസി വിഭാഗങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരാണ് പ്രാക്തന ആദിവാസി വിഭാഗം. പ്രത്യേകിച്ച് കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കാടൻ, കുറുമ്പർ വിഭാഗങ്ങൾ. യഥാർത്ഥത്തിൽ ഇവരൊന്നുംതന്നെ ഊരുകളിൽനിന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് വരില്ല. ഇവരുടെ വംശനാശമാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 148 കോടി രൂപ കേന്ദ്രത്തിൽനിന്ന് ലഭിക്കുകയും ഇതിനുവേണ്ടി ഒരു പ്രത്യേക സ്കീം നടപ്പിലാക്കുകയും ചെയ്തിരുന്നു. അതിന്റെ ഭാഗമായി എന്തെങ്കിലും പുരോഗതി പ്രാക്തന ആദിവാസി മേഖലയിൽ ഉണ്ടായിട്ടുണ്ടോ; അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽത്തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളാണ് പ്രാക്തന-ഗോത്രവർഗ്ഗ വിഭാഗങ്ങൾ. വയനാട്ടിലെ കാട്ടുനായ്ക്കർ വിഭാഗങ്ങൾക്കും ചോലനായ്ക്കർ വിഭാഗങ്ങൾക്കുംവേണ്ടി പ്രത്യേക സ്കൂൾതന്നെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുണ്ട്. സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി നിരവധി പദ്ധതികൾ ഇതിനകംതന്നെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അവരുടെ കലാപരവും കായികപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സർഗ്ഗോത്സവം, കളിക്കളം തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ നൽകിവരുന്നു. അതോടൊപ്പംതന്നെ 148 കോടി രൂപ ചെലവഴിച്ചുകൊണ്ട് അവരുടെ ജീവിത നിലവാരവും അടിസ്ഥാന സൗകര്യങ്ങളടക്കം വികസിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതി അന്തിമ ഘട്ടത്തിലാണ്. ഏകദേശം 2218 വീടുകൾ ഇതിനകം അവർക്ക് നിർമ്മിച്ചുകഴിഞ്ഞു. അതുപോലെ അവർക്ക് പ്രത്യേകമായ ഫുഡ് സപ്പോർട്ട് പദ്ധതികൾ, മെഡിക്കലുമായി ബന്ധപ്പെട്ട പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. നിരവധി സ്കീമുകളാണ് 148 കോടി രൂപയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയടക്കം വലിയ മുൻഗണന കൊടുത്തുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗുരുകുലം പദ്ധതി എന്ന ആശയം കുറേക്കൂടി ചർച്ചകൾക്ക് വിധേയമാക്കേണ്ടതാണ്. കാരണം, ആദിവാസി സമൂഹത്തെ നമ്മുടെ പൊതു നാഗരികതയ്ക്കൊപ്പം കൊണ്ടുവരുന്നതിനുവേണ്ടി പ്രീമെട്രിക് സ്കൂളുകളും പോസ്റ്റ് മെട്രിക് സ്കൂളുകളും ആർ.എം.എസ്.-കളുമൊക്കെ സ്ഥാപിച്ച് ഇങ്ങോട്ട് കൊണ്ടുവരുമ്പോൾ പഴയ രീതിയിലേക്കുതന്നെ വീണ്ടും അവരെ കൊണ്ടുപോകുന്ന ഒരു സമീപനം അത്ര ഗുണം ചെയ്യുമോ എന്നുള്ളത് വിശദമായ ഒരു ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. കാരണം ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളെ പൊതു സ്കൂളുകളിലും കോളേജുകളിലും കൊണ്ടുവരുന്ന ഈ സാഹചര്യത്തിൽ ഇത് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇവിടത്തെ പ്രധാനപ്പെട്ട ഒരു പ്രശ്നം ആദിവാസി ഭാഷയും നമ്മുടെ ഭാഷയും തമ്മിലുള്ള വ്യത്യാസം കൊണ്ട് പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് ചില പ്രശ്നങ്ങളുണ്ടാകുന്നുണ്ട് എന്നതാണ്. മലയാളം മീഡിയം സ്കൂളുകളിൽ പഠിപ്പിക്കുന്നത് വേണ്ടവിധം ആദിവാസി കുട്ടികൾക്ക് ഗ്രഹിക്കാൻ കഴിയുന്നില്ല. ഇതുമായി ബന്ധപ്പെട്ട് അട്ടപ്പാടിയിലെ അഗളി സ്കൂളിലെ ഒരു ടീച്ചർ

ഒരു ഡോക്യുമെന്ററി തയ്യാറാക്കിയിരുന്നു. പരസ്പര വിരുദ്ധമായ ധാരാളം പ്രയോഗങ്ങൾ അതിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഉദാഹരണത്തിന്, ഒരു കുട്ടിയോട് പുഴയുടെ വക്കത്തുനിന്ന് കരയിലേക്ക് പോകാൻ പറയുമ്പോൾ കുട്ടി വെള്ളത്തിലേക്ക് ചാടുന്നു. കാരണം, ആദിവാസി ഭാഷയിൽ 'കര' എന്നു പറഞ്ഞാൽ വെള്ളമെന്നാണ്. അങ്ങനെ പരസ്പര വിരുദ്ധമായ ഒരുപാട് സംഗതികളുണ്ട്. കാര്യമായ രീതിയിൽ ആശയസംവേദനം നടത്താൻ സാധിക്കാത്ത പ്രശ്നം ഈ കാര്യത്തിലുണ്ട്. ഗുരുകുലം വിദ്യാഭ്യാസത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ആദിവാസി ഭാഷകളിൽ അവരെ പഠിപ്പിക്കാനുള്ള ഒരു പ്രത്യേക പദ്ധതികൂടി സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് അതുതന്നെയാണ്. കാരണം, സംസ്ഥാനത്ത് 37 വിഭാഗങ്ങളാണ് പട്ടികവർഗ്ഗ വിഭാഗത്തിലുള്ളത്. ഓരോ കമ്മ്യൂണിറ്റിയുടേയും ഭാഷ വ്യത്യസ്ത രീതിയിലുള്ളതാണ്. ചില കുട്ടികൾ സ്കൂളിൽനിന്ന് പഠനം ഉപേക്ഷിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് വകുപ്പ് ഇത്തരം ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ചത്. ഗുരുകുലം വിദ്യാഭ്യാസ രീതിയെ സംബന്ധിച്ച് വിശദമായ ചർച്ചയ്ക്ക് വകുപ്പ് തയ്യാറാണ്.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ആദിവാസികളുടെ വിദ്യാഭ്യാസ പ്രശ്നത്തെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ മൂർത്തിക്കുന്ന് വനമേഖലയിൽ 30 ദിവസമായി 22 ആദിവാസി കുടുംബങ്ങൾ സമരത്തിലാണ്. അവർക്ക് താമസിക്കാൻ സ്ഥലമില്ല. 18 വീടുകളിലായി 22 കുടുംബങ്ങളാണ് താമസിക്കുന്നത്. ആകെ 40 സെന്റ് സ്ഥലം മാത്രമേ അവർക്കുള്ളൂ. 2006-ലെ വനവാസി നിയമമനുസരിച്ച് അവർക്ക് അർഹതപ്പെട്ട ഭൂമി പതിച്ചുകൊടുക്കാൻ ഉദ്യോഗസ്ഥൻമാർ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അവരെ കാട്ടിലേയ്ക്ക് കയറാൻ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അനുവദിക്കുന്നതുമില്ല. ദുരിതമയമായി ജീവിക്കുന്ന അവർ 30 ദിവസമായി സമരത്തിലാണ്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് വല്ല വിവരവും ലഭിച്ചിട്ടുണ്ടോ? ഞങ്ങൾ ഡി.ഡി.സി.-യിലൊക്കെ ചർച്ച ചെയ്തു. കളക്ടറും ആർ.ഡി.ഒ.-യും ഉടനെതന്നെ പ്രശ്നം പരിഹരിക്കാമെന്ന് പറഞ്ഞിട്ട് ദിവസങ്ങളേറെയായി. ഇന്നേവരെ അത് പരിഹരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് അവർക്ക് നിയമപരമായി അർഹതപ്പെട്ട ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഇത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതായാലും അടിയന്തര പ്രാധാന്യത്തോടുകൂടി ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. അജിത് : സർ, എന്റെ നിയോജകമണ്ഡലത്തിൽ നാലുമാസം മുമ്പ് പട്ടികവർഗ്ഗ വിഭാഗക്കാർ 11 ദിവസം സമരം നടത്തി. അന്ന് കളക്ടർ ഇടപെട്ട് ഇവർക്കാവശ്യമായ പരിരക്ഷ നൽകാമെന്നും ഗവൺമെന്റ് പ്രഖ്യാപിച്ച ഭൂമി കൊടുക്കാമെന്നും വാഗ്ദാനം നൽകിയിരുന്നു. വീണ്ടും 24 ദിവസമായി അവർ സമരം നടത്തുകയാണ്. ഇത് ഡിപ്പാർട്ട്മെന്റ് അന്വേഷിക്കുന്നില്ല, സമരസ്ഥലം സന്ദർശിക്കുന്നില്ല. ഞാൻ അവിടത്തെ ഓഫീസർമാരെയൊക്കെ വിളിച്ചു ചോദിച്ചു. അവരാരും അന്വേഷിക്കുന്നില്ല. രണ്ടുപ്രാവശ്യം അവർ സമരം നടത്തിയിട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു സമീപനവും ഉണ്ടാകുന്നില്ല. ഇവർക്ക് കൊടുക്കാനുള്ള ഭൂമിയോ സാമ്പത്തിക സഹായങ്ങളോ ഒന്നും കൊടുക്കുന്നില്ല. കേരളത്തിൽ നാലുസ്ഥലത്ത് സമരം നടക്കുന്നുണ്ടെന്നാണ് സമര നേതാക്കൻമാർ സൂചിപ്പിച്ചിട്ടുള്ളത്. അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഡിപ്പാർട്ട്മെന്റ് ഇവർക്ക് കൊടുത്ത വാഗ്ദാനം പാലിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഇത് പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം : സർ, പുതിയ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനെ സംബന്ധിച്ചും പണി പൂർത്തിയായ ഹോസ്റ്റലുകളെ സംബന്ധിച്ചുമൊക്കെ ഇവിടെ പരാമർശിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ കുന്ദമംഗലത്ത് ഒരു ഹോസ്റ്റലിന്റെ പ്രവൃത്തി പൂർത്തിയായിട്ട് വളരെക്കാലമായി. ബഹുമാനപ്പെട്ട മന്ത്രിതന്നെയാണ് അതിന് ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചത്. പക്ഷെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ സാമ്പത്തിക സ്രോതസ് ഇല്ലാത്തതുകൊണ്ടാണ് അത് തുറന്നുകൊടുക്കാൻ സാധിക്കാത്തത് എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നത്തേയ്ക്ക് ഇത് പൂർത്തിയാക്കാനും കുട്ടികൾക്ക് അത് തുറന്നുകൊടുക്കാനും സാധിക്കും എന്ന് പറയാമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, കുന്ദമംഗലം പ്രീമെട്രിക് ഹോസ്റ്റലിന്റെ പണി പൂർത്തീകരിച്ചു. ഇലക്ട്രിക്കലുമായി ബന്ധപ്പെട്ട് ഒരു ചെറിയ വിഷയമുണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം വകുപ്പിലെ ഡയറക്ടർക്ക് കൊടുത്തിട്ടുണ്ട്. വളരെ പെട്ടെന്നുതന്നെ അതിനാവശ്യമായ ഫണ്ട് നൽകി പണി പൂർത്തീകരിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് റോഡുകൾ നിർമ്മിക്കുന്നതിനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ

വനത്തിനുള്ളിലുള്ള വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്ന ഗോത്രസാരഥി പദ്ധതിയെക്കുറിച്ച് പറഞ്ഞു. പക്ഷെ അവർക്ക് റോഡുകളില്ല. ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് R.I.D.F. പദ്ധതി പ്രകാരം ഏതാണ്ട് 200 കോടി രൂപയോളം ചെലവുവരുന്ന, കേരളത്തിലെ വിവിധ ആദിവാസി കോളനി സങ്കേതങ്ങളിലേക്ക് റോഡുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചു. ഈ പദ്ധതി വിവിധ ഏജൻസികളാണ് ഏറ്റെടുത്തിട്ടുള്ളത്. നാളിതുവരെയായിട്ടും ഈ ഏജൻസികൾ ഒരു റോഡുപോലും നിർമ്മിക്കാൻ തയ്യാറായിട്ടില്ല. എത്രയുംപെട്ടെന്ന് അതിന്റെ പ്രവൃത്തികൾ ആരംഭിച്ച് അത് യാഥാർത്ഥ്യമാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, നബാർഡിന്റെ സഹായത്തോടെ കോളനികളിലേയ്ക്കുള്ള റോഡ് നിർമ്മാണ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പ്രത്യേകിച്ച് ബത്തേരിയിലടക്കം പല സ്ഥലങ്ങളിലും അത് തുടങ്ങിക്കഴിഞ്ഞു. എം.എൽ.എ.-യുടെ സൗകര്യാർത്ഥം ഉദ്ഘാടനം ചെയ്യാൻ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഡയറക്ടർക്കും സെക്രട്ടറിക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: സർ, കേരളത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി എല്ലാ സൗകര്യങ്ങളോടും കൂടിയ റെസിഡൻഷ്യൽ സ്കൂളുകൾ ഇപ്പോൾ പ്രവൃത്തിക്കുന്നുണ്ട്. അവിടെ വിദ്യാർത്ഥികളും അദ്ധ്യാപകരുമെല്ലാം സ്കൂളിൽത്തന്നെ താമസിച്ചുകൊണ്ടാണ് അധ്യയനം നടത്തുന്നത്. അത്തരത്തിലുള്ള റെസിഡൻഷ്യൽ സ്കൂളുകളും ഗുരുകുലം പദ്ധതിയും തമ്മിൽ മൗലികമായ എന്ത് വ്യത്യാസമാണുള്ളതെന്ന് വിശദീകരിക്കാമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, ഞാൻ നേരത്തെ ഇക്കാര്യം സൂചിപ്പിച്ചതാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽത്തന്നെ 37 കമ്മ്യൂണിറ്റികളുണ്ട്. അവർക്ക് വ്യത്യസ്തമായ ഭാഷയും ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണുള്ളത്. ചില സ്കൂളുകളിൽനിന്ന് കുട്ടികൾ കൊഴിഞ്ഞുപോകുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ആദിവാസി ഭാഷയടക്കമുള്ളവ പഠിപ്പിക്കുന്നതിനുവേണ്ടി ഒരു പുതിയ സംരംഭം തുടങ്ങാൻ വകുപ്പ് ആലോചിച്ചത്. അത് നടപ്പിലാക്കുന്നതാണ്. എൽ.കെ.ജി. മുതൽ ബിരുദാനന്തരബിരുദം വരെ ഒരു ക്യാമ്പസിൽ എന്നതാണ് ഈ സ്കീമിൽ പ്ലാൻ ചെയ്തിരിക്കുന്നത്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയാണ് ഇപ്പോൾ പഠിപ്പിക്കുന്നത്. കുട്ടികൾ അവിടെ താമസിച്ചുകൊണ്ടാണ് പഠിക്കുന്നത്. എന്നാൽ അവരുടെ ഭാഷയുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള സംരംഭമായതുകൊണ്ടാണ് ഗുരുകുലം എന്ന പേരുതന്നെ കൊടുത്തിരിക്കുന്നത്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടിയിലെ പെൺകുട്ടികൾക്കായുള്ള ട്രൈബൽ ഹോസ്റ്റൽ ഒരു പഴയ കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ഈ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് സൗകര്യങ്ങൾ തീരെയില്ല. അതുകൊണ്ട് അവിടെ പുതിയൊരു ഹോസ്റ്റൽ പണിയണമെന്ന് ഞാൻ അങ്ങയോട് നിരന്തരമായി ആവശ്യപ്പെട്ടിട്ടുള്ളതാണ്. ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ പ്രവൃത്തിക്കുന്ന ട്രൈബൽ ഹോസ്റ്റലിന് പുതിയ ഒരു കെട്ടിടം നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, പുതിയ ഹോസ്റ്റൽ ആരംഭിക്കണമെങ്കിൽ ആവശ്യമായ സ്ഥലം വകുപ്പിന് വിട്ടുനൽകണം. ഇതുസംബന്ധിച്ച് കളക്ടറുടെ റിപ്പോർട്ട് വാങ്ങി, സ്ഥലം ലഭിച്ചുകഴിഞ്ഞാൽ അതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊപ്പോസൽ കൊടുക്കാവുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കുമളിയിൽ പ്രവൃത്തിച്ചുകൊണ്ടിരുന്ന ട്രൈബൽ ഹോസ്റ്റൽ ഫോർ ഗേൾസ് ഇപ്പോൾ മൂലമറ്റത്താണ് പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നത്. വീണ്ടും അത് കുമളിയിൽ ആരംഭിക്കുന്നതിനുവേണ്ടി സ്ഥലമടക്കം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി. എന്നാൽ കഴിഞ്ഞ മൂന്നുവർഷക്കാലമായി ആ ഫയൽ പെൻഡിംഗിലാണ്. പ്രസ്തുത ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഒരു വർഷം മുമ്പാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ ഒരു പ്രീമെട്രിക് ഹോസ്റ്റലിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. തീർച്ചയായും ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിലെ ഏറ്റവും വലിയ ആദിവാസി പുനരധിവാസ മേഖലയായ ആറളം എന്റെ നിയോജകമണ്ഡലത്തിലാണ്. അവിടെ ആദിവാസി കുട്ടികൾക്ക് മാത്രമായി ഒരു ഹൈസ്കൂൾ പ്രവൃത്തിക്കുന്നുണ്ട്. അവിടെ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ മുഴുവൻ കുട്ടികളും പാസ്സായിട്ടുണ്ട്. എന്നാൽ ഹയർ സെക്കന്ററി സൗകര്യമില്ലാത്തതുകൊണ്ട് തുടർ വിദ്യാഭ്യാസത്തിനുള്ള അവസരമില്ല. അതുപോലെ അവിടെ പ്രഖ്യാപിച്ചിരുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല. ആദിവാസി പുനരധിവാസ മേഖല എന്ന പരിഗണന നൽകിക്കൊണ്ട് ആറളത്ത് ആദിവാസി കുട്ടികൾക്കായി ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യം പ്രത്യേകമായി ഏർപ്പെടുത്തുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ആറളത്ത് പുതിയതായി സ്കൂൾ ആരംഭിക്കുന്നതിന് ഭരണാനുമതി കൊടുത്തുകഴിഞ്ഞു. നബാർഡിന്റെ സഹായത്തോടെ

നിരവധി പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി ഇപ്പോൾ അന്തിമഘട്ടത്തിലാണ്. ഉടൻതന്നെ അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, തിരുവനന്തപുരം ജില്ലയിലെ കിഴക്കൻ പ്രദേശത്താണ് ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്നത്. ആദിവാസി കുട്ടികൾക്കായി നന്ദിയോട് പഞ്ചായത്തിൽ ഒരു ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി തുടങ്ങിയിട്ട് കുറേ നാളുകളായി. ഇപ്പോൾ അതിന്റെ നിർമ്മാണം പൂർത്തിയായെങ്കിലും ഉദ്ഘാടനം നടത്തി അവിടെ കുട്ടികളെ പ്രവേശിപ്പിച്ചിട്ടില്ല. അതിന് എന്താണ് തടസ്സം, അത് അടിയന്തരമായി തുറന്നുകൊടുക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, നന്ദിയോട് ഹോസ്റ്റലിന്റെ പണി പൂർത്തീകരിച്ച്, എത്രയുംപെട്ടെന്ന് തുറന്നുകൊടുക്കുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികം ആചരിക്കുന്ന വേളയാണിത്. ഡോ. ബി. ആർ. അംബേദ്കറുടെ നാമധേയത്തിൽ വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് നിയമപഠനരംഗത്തും ഉന്നതവിദ്യാഭ്യാസ രംഗത്തും വ്യത്യസ്തങ്ങളായ പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ തലങ്ങളിൽ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, തിരുവനന്തപുരത്ത് പഠിക്കാനെത്തുന്ന കുട്ടികൾ, പ്രത്യേകിച്ച് ഇടുക്കി, വയനാട്, മൂന്നാർ തുടങ്ങിയ മേഖലകളിൽനിന്നും വരുന്ന കുട്ടികൾ നിലവിലുള്ള വാടകകെട്ടിടത്തിലടക്കം പ്രവൃത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ പ്രീ/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലാണ് താമസിക്കുന്നത്. തിരുവനന്തപുരം പട്ടണത്തിൽ അവർക്കൊരു കേന്ദ്രമില്ല എന്നുതന്നെ പറയാം. ഡോ. ബി.ആർ. അംബേദ്കറുടെ പേരിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ഉന്നത വിദ്യാഭ്യാസ കേന്ദ്രവും അവർക്ക് താമസിച്ചുപഠിക്കുന്നതിനുവേണ്ടി ഒരു റിസർച്ച് സ്ഥാപനവും ആരംഭിക്കുവാൻ അങ്ങ് മുൻകൈയെടുക്കുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, നിലവിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തിരുവനന്തപുരത്തുണ്ട്. ആവശ്യമായ സ്ഥലം ലഭിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം ആലോചിക്കാവുന്നതാണ്. സ്ഥലമാണ് ഏറ്റവും വലിയ പ്രശ്നം, സ്ഥലം കിട്ടിക്കഴിഞ്ഞാൽ ഇത് നടപ്പിലാക്കുന്നതിന് ഒരു തടസ്സവുമില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, ആദിവാസി കോളനികളിൽ ഇപ്പോൾ ആദിവാസികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്നം വന്യമൃഗങ്ങളുടെ ആക്രമണമാണ്. അതിന്റെ ഫലമായി അവർക്ക് കൃഷി ചെയ്തു ജീവിക്കാൻ

സാധിക്കുന്നില്ല. കാട്ടുപന്നി, ആന തുടങ്ങിയവയുടെ ശല്യം കാരണം അവരുടെ നിത്യജീവിതംതന്നെ വഴിമുട്ടി നിൽക്കുകയാണ്. അതോടൊപ്പംതന്നെ അവർക്ക് വനങ്ങളിൽനിന്ന് വിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്താനുള്ള സാഹചര്യങ്ങളുമില്ല. അതിന്റെ ഫലമായി ആദിവാസി കേന്ദ്രങ്ങളിൽ പട്ടിണിയാണ്. വേണ്ടത്ര ആരോഗ്യ പരിപാലനവും ഈ മേഖലകളിൽ നടക്കുന്നില്ല. പലതരത്തിലുള്ള രോഗങ്ങളും ഈ ആദിവാസി മേഖലകളെ ആക്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരം കാണാൻ ഫലപ്രദമായിട്ടുള്ള എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, സംസ്ഥാനത്ത് 40 ശതമാനത്തിലധികം ആദിവാസി കുടുംബങ്ങളും വനത്തിലാണ് താമസിക്കുന്നത്. വളരെയേറെ പ്രയാസം അവർ അനുഭവിക്കുന്നുണ്ട്. വന്യമൃഗശല്യം വളരെ വസ്തുതാപരമായ കാര്യമാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കി.പട്ടികവർഗ്ഗ കുടുംബങ്ങളെയടക്കം വനത്തിന് പുറത്തുകൊണ്ടു വരുന്നതിനുള്ള പ്രസ്തുത സ്കീമിന് ഏകദേശം 11 കോടി രൂപ വകുപ്പ് കൊടുത്തിട്ടുണ്ട്. അങ്ങനെ കുറേ കുടുംബങ്ങൾ വനത്തിനു പുറത്ത് വന്ന് ആവശ്യമായ സ്ഥലം കണ്ടെത്തി താമസമാരംഭിച്ചിട്ടുണ്ട്. ഈ വിഷയം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ പാമ്പൻതോട് ആദിവാസി കോളനിയുടെ ശോചനീയാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ എഴുതി അറിയിച്ചിരുന്നു. അവിടത്തെ വീടുകൾ, റോഡ്, കുടിവെള്ളം ഈ വക കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ഉദ്യോഗസ്ഥരുടെ ഒരു യോഗം മന്ത്രിതന്നെ മുൻകൈ എടുത്ത് വിളിച്ചിരുന്നുവെങ്കിലും അന്നെടുത്ത ഒരു തീരുമാനവും നടപ്പിലാക്കിയിട്ടില്ല. ഈ കാര്യങ്ങളെ ഗൗരവമായി എടുത്തുകൊണ്ട് റോഡ് സൗകര്യവും വീടുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: ഇത് പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഇതിനുമുമ്പും ബഹുമാനപ്പെട്ട അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് വിളിച്ചിരുന്നു. കർശനമായ നിർദ്ദേശം കൊടുത്തിരുന്നു. എവിടെയാണ് വീഴ്ച സംഭവിച്ചത് എന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. രാജു: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുളത്തുപ്പുഴയിലുള്ള എം.ആർ.എസ്.ന് സ്വന്തമായി 13 ഏക്കർ സ്ഥലവും നല്ല കെട്ടിടവുമുണ്ട്. അവിടെ 200-ൽ താഴെ കുട്ടികളാണ് പഠിക്കുന്നത്. ബാക്കിയുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് അവിടെ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി അനുവദിക്കാൻ മന്ത്രി തയ്യാറാകുമോ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, തീർച്ചയായും ചെയ്യുന്നതാണ്. കുളത്തുപ്പുഴ എം.ആർ.എസ്. ഹോസ്റ്റലിന് എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. ഏകദേശം 13 ഏക്കറോളം ഭൂമിയുള്ള സ്ഥലത്ത് തൊഴിലധിഷ്ഠിത കോഴ്സ് ആരംഭിക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, ചില എം.ആർ.എസ്. സ്കൂളുകൾ സി.ബി.എസ്.ഇ. പഠന നിലവാരത്തിലാണ് തുടങ്ങിയിരിക്കുന്നത്. സി.ബി.എസ്.ഇ. സിലബസിന്റെ കാഠിന്യവും നാഷണൽ നേച്ചറും മനസ്സിലാക്കി പ്രത്യേക രീതിയിലുള്ള ട്രെയിനിംഗുകൾ സി.ബി.എസ്.ഇ. എം.ആർ.എസ്.-ൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുമോ ?

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, നിലവിൽ അങ്ങനെയൊരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾ പഠിക്കുന്ന രണ്ട് സി.ബി.എസ്.ഇ. സ്കൂളുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഒന്ന് പുതുതായി ആരംഭിച്ച കുറ്റിച്ചലും മറ്റൊന്ന് ഞാറനീലി സ്കൂളുമാണ്. അവർക്ക് പ്രത്യേക ട്യൂഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൊടുക്കുന്നുണ്ട്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ട്രാവൻകൂർ ടൈറ്റാനിയത്തെ സംരക്ഷിക്കുന്നതിന് നടപടി**

3 (*33) ശ്രീ. പി. കെ. ഗുരുദാസൻ:
ശ്രീ. വി. ശിവൻകുട്ടി:
ശ്രീ. ബി. സത്യൻ:
ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ പൊതുമേഖലാ വ്യവസായ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയത്തെ പ്രതിസന്ധിയിൽനിന്നും സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ടൈറ്റാനിയത്തിന് ആവശ്യമായ പ്രധാന അസംസ്കൃത വസ്തുവായ ഇൽമനൈറ്റ് ലഭ്യമാക്കുന്നതിൽ വീഴ്ചവരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജാഗ്രതയോടെ പ്രവൃത്തിച്ചാൽ ടൈറ്റാനിയം മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിക്കുന്ന പ്രധാന പൊതുമേഖലാ സ്ഥാപനമാകുമെന്ന് കരുതുന്നുണ്ടോ;

(ഡി) പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനു പകരം അഴിമതിയും സ്വകാര്യമേഖലയോടുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കുറ്റം കെടുകാര്യസ്ഥതയുമാണ് ഇത്തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾ തകരുന്നതിന് കാരണമാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) പ്രധാന അസംസ്കൃതവസ്തുവായ ഇൽമനൈറ്റിന്റെ ലഭ്യതക്കുറവ്, പ്രവർത്തന മൂലധനത്തിന്റെ അഭാവം, കുറഞ്ഞ import duty പ്രയോജനപ്പെടുത്തി വിദേശരാജ്യങ്ങളിൽ നിന്നുമുള്ള ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പന്നങ്ങളുടെ അനാരോഗ്യകരമായ ഇറക്കുമതിമൂലമുണ്ടായിട്ടുള്ള വിലത്തകർച്ച, ഉൽപ്പന്നങ്ങളുടെ ആവശ്യകതയിൽ ഉണ്ടായിട്ടുള്ള ഇടിവ് എന്നിവയാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി അടിയന്തര ധനസഹായമായി ഈ സാമ്പത്തിക വർഷം 6 കോടി രൂപ നൽകിയിട്ടുണ്ട്. ഐ.ആർ.ഇ.-യിൽ നിന്നുള്ള ഇൽമനൈറ്റിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനു വേണ്ടി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ പക്കലുള്ള ഏകദേശം 12500 മെട്രിക് ടൺ ഇൽമനൈറ്റ് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുതിയ വിപണന മേഖല കണ്ടെത്തുന്നതിനുള്ള നടപടികൾ കമ്പനി തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(ബി) കമ്പനിയുടെ ഉൽപ്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ പ്രതിമാസം 2500-ഓളം ടൺ ഇൽമനൈറ്റ് ആവശ്യമാണ്. കേന്ദ്ര പൊതുമേഖലാസ്ഥാപനമായ IRE യുടെ ചവറ, മണവാളക്കുറിച്ചി എന്നീ യൂണിറ്റുകളിൽ നിന്നാണ് ഇത് ലഭ്യമാക്കുന്നത്. എന്നാൽ ഖനന പ്രദേശങ്ങളിലെ തൊഴിൽ തർക്കവും തദ്ദേശവാസികളുടെ എതിർപ്പുമൂലവും 2009 മുതൽ ഇവിടങ്ങളിൽ നിന്ന് ആവശ്യമായ ഇൽമനൈറ്റ് ലഭിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ഇല്ല. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികളും നയപരിപാടികളുമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങൾക്ക് ആവശ്യമായ വിവിധ

ദീർഘ/ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 880 കോടി രൂപ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ടൈറ്റാനിയം ഡയോക്സൈഡിന്റെ അനാരോഗ്യകരമായ ഇറക്കുമതി തടയുന്നതിനാവശ്യമായ import duty കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ച പ്രശ്നം അങ്ങയുടെ മറുപടിയിൽ പറയുന്നുണ്ട്. Import duty വെട്ടിക്കുറച്ച സന്ദർഭങ്ങളിലെല്ലാം അത് വർദ്ധിപ്പിക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താറുണ്ട്. പക്ഷെ ഇപ്രാവശ്യം ആരും സമ്മർദ്ദം ചെലുത്തിയതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ ഫലമായി പ്രശ്നങ്ങൾ ഉണ്ടെന്നുള്ളത് സമ്മതിക്കുകയാണ്. അതേസമയം 2005-ൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്ന സമയത്ത് അവിടെ മാലിന്യ സംസ്കരണത്തിന്റെ പേരിൽ ഇറക്കുമതി ചെയ്ത 127 കോടി രൂപയുടെ എക്യുപ്മെന്റ്സിൽ ഏതാണ്ട് 84 കോടി രൂപയുടെ എക്യുപ്മെന്റ്സ് ഇപ്പോഴും അവിടെ ഉപയോഗിക്കാതെ കെട്ടിക്കിടക്കുകയാണ്. ഇതുമൂലം ഭീമമായ നഷ്ടമാണുണ്ടായിട്ടുള്ളത്.ഇതുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകൾ അഴിമതി ആരോപണം ഉന്നയിച്ചതിന്റെയടിസ്ഥാനത്തിൽ വിജിലൻസ് എൻക്വയറി നടത്തി. അഴിമതി നടന്നിട്ടില്ല എന്നാണ് വിജിലൻസ് എൻക്വയറിയുടെ റിപ്പോർട്ട് വന്നത്. പക്ഷെ, വിജിലൻസ് കോടതി ഈ റിപ്പോർട്ട് അംഗീകരിക്കാതെ പുനരന്വേഷണം നടത്തണമെന്ന് ഉത്തരവായിട്ടുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുപോലെ അവിടത്തെ മാനേജ്മെന്റിന്റെ അനാരോഗ്യകരമായ, പിടിപ്പുകെട്ട, അഴിമതി നിറഞ്ഞ ഭരണവും ടൈറ്റാനിയം ഫാക്ടറിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ലേയെന്നാണ് എന്റെ ചോദ്യം?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, Import duty വർദ്ധിപ്പിക്കണമെന്നുള്ളത് നമ്മുടെ പൊതുവായ നിലപാടാണ്. ഇത്തരത്തിലുള്ള വ്യവസായങ്ങൾ നിലനിൽക്കണമെങ്കിൽ import duty വർദ്ധിപ്പിച്ചേ മതിയാകൂ. സാധാരണ ഗതിയിൽ കേന്ദ്ര ബഡ്ജറ്റ് വരുന്നതിനുമുമ്പ് തൊഴിലാളി സംഘടനകളും ഗവൺമെന്റുമെല്ലാം സംയുക്തമായി കേന്ദ്ര ഗവൺമെന്റിന് നിവേദനങ്ങൾ നൽകാറുണ്ട്. അതിന്റെ ഫലമായി പല സ്ഥാപനങ്ങളിലും import duty വർദ്ധിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അങ്ങനെയൊരു നിലപാട് എടുക്കുന്നതിന് ഗവൺമെന്റ് എല്ലാ സഹായങ്ങളും നൽകും. മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് അങ്ങിവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചു. ഇപ്പോൾ എഫ്.ഐ.ആർ.

രജിസ്റ്റർ ചെയ്ത് വിജിലൻസ് എൻക്വയറി നടക്കുകയാണ്. അതിന്റെ findings വരാതെ അതിനെ സംബന്ധിച്ച് ഏതെങ്കിലും രീതിയിൽ മറുപടി നൽകുന്നത് ഉചിതമായിരിക്കില്ല. അത് വിജിലൻസ് എൻക്വയറിയെ സ്വാധീനിക്കും എന്നുള്ളതുകൊണ്ട് അത്തരത്തിലുള്ള മറുപടി ഈ സഭയിൽ തരാൻ ബുദ്ധിമുട്ടുണ്ട്. വിജിലൻസ് എൻക്വയറി വളരെ ശാസ്ത്രീയമായും കാര്യക്ഷമമായും നടത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഇൽമനൈറ്റിന്റെ ലഭ്യതയുടെ പ്രശ്നം ഇവിടെ പറയുന്നുണ്ട്. ടൈറ്റാനിയം ഫാക്ടറി മണവാളക്കുറിച്ചിയിൽ നിന്നാണ് പ്രധാനമായും ഇൽമനൈറ്റ് എടുക്കുന്നത്. അതുപോലെ ഐ.ആർ.ഇ.-യിൽ നിന്നും ഇൽമനൈറ്റ് എടുക്കുന്നുണ്ട്. പക്ഷേ, ഇപ്പോൾ ഐ.ആർ.ഇ.-യിൽ നിന്ന് കൊടുക്കുന്നില്ല. ഐ.ആർ.ഇ.-യിലെ ഖനനം നിർത്തിവച്ചിരിക്കുകയാണ്. അവിടത്തെ തൊഴിൽ പ്രശ്നങ്ങളാണ് അതിന് കാരണമെന്നാണ് അങ്ങ് മറുപടി പറഞ്ഞത്. അവിടത്തെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ്, വിശിഷ്യാ തൊഴിൽ വകുപ്പുമന്ത്രി ഒരു നടപടിയും സ്വീകരിക്കുന്നില്ല. അവിടത്തെ പ്രശ്നങ്ങളെക്കുറിച്ച് എനിക്ക് കുറേ കാര്യങ്ങൾ അറിയാം. വെള്ളനാതുരുത്തിൽ നിന്ന് ഇൽമനൈറ്റ് എടുക്കുന്നതിന് ആവശ്യമായ ഒരു നടപടിയും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നില്ലായെന്ന ഗൗരവതരമായ വിഷയം നിലനിൽക്കുകയാണ്. ഇപ്പോൾ മണവാളക്കുറിച്ചിയിൽ നിന്ന് ഇൽമനൈറ്റ് കിട്ടുന്നില്ല. കെ.എം.എം.എൽ.-ന്റെ പ്രവർത്തനം നാമമാത്രമായാണ് നടക്കുന്നത്. ഭീമമായ നഷ്ടമാണ് സ്ഥാപനത്തിനുണ്ടായിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വലിയ ലാഭമുണ്ടായിരുന്ന കെ.എം.എം.എൽ.-ന് 76 കോടി രൂപയുടെ നഷ്ടമുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കെ.എം.എം.എൽ.-ന്റെ പ്രവർത്തനം മരവിപ്പിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ അവർ കുറച്ച് ഇൽമനൈറ്റ് കൊടുക്കുന്നതിന്റെ ഫലമായാണ് ടൈറ്റാനിയം ഫാക്ടറി കഷ്ടിച്ച് പ്രവൃത്തിക്കുന്നത്. ഐ.ആർ.ഇ. തന്നെ ആവശ്യമായ ഇൽമനൈറ്റ് കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിലെ മണലിൽ നിന്നും 52 ശതമാനം ഇൽമനൈറ്റാണ് കിട്ടുന്നത്. മണവാളക്കുറിച്ചിയിലെ മണൽ മോശമാണ്. അതിൽ ഇൽമനൈറ്റ് കുറവാണ്. അതുകൊണ്ട് കേരളത്തിൽ നിന്നുതന്നെ ഐ.ആർ.ഇ. മുഖേന ഇൽമനൈറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; അവിടത്തെ തൊഴിൽപ്രശ്നം ഗവൺമെന്റ് ഇടപെട്ട് പരിഹരിക്കാൻ പരിശ്രമിക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, 2500 ടണ്ണോളം ഇൽമനൈറ്റ് ഇപ്പോൾ ടി.ടി.പി.ക്ക് നൽകിയിട്ടുണ്ട്. അതുകൂടാതെ കെ.എം.എം.എൽ.-ൽ നിന്ന് ആവശ്യമായ ഇൽമനൈറ്റ് ടി.ടി.പി.ക്ക് നൽകാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ

കെ.എം.എം.എൽ.-ൽ ആവശ്യമായ ഇൽമനൈറ്റ് സ്റ്റോക്കുണ്ട്. മൈനിംഗ് ഏരിയയിൽ ഉണ്ടായിരുന്ന പ്രശ്നം ഇന്നലെ ഏകദേശം അവസാനിച്ചിട്ടുണ്ട്. മൈനിംഗ് ഏരിയയിൽ നിന്നുള്ള ട്രാൻസ്പോർട്ടിംഗ് വളരെ സുഗമമായി ഇന്നലെ മുതൽ ആരംഭിച്ചിട്ടുണ്ട്. അത് സുഗമമായി നടത്തുന്നതിന് എല്ലാവരുടെയും സഹകരണം വേണം. ഇത് ആവശ്യത്തിന് എക്സ്പ്ലോയിറ്റ് ചെയ്യാൻ സാധിക്കുന്നില്ലായെന്നുള്ളത് പ്രധാന പ്രശ്നമാണ്. ഇന്നലെ അതിന് പരിഹാരമായിട്ടുണ്ട്. ഇങ്ങനെതന്നെ തുടർന്നുപോകുന്നതിനുള്ള സൗകര്യം ചെയ്തുതരണമെന്നാണ് ഗവൺമെന്റിന്റെ അഭ്യർത്ഥന. അതുപോലെ കെ.എം.എം.എൽ. പൂർണ്ണമായ തോതിലാണ് പ്രവൃത്തിക്കുന്നത്.

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണ് ടൈറ്റാനിയം ഫാക്ടറി. അവിടെ മലിനീകരണ നിയന്ത്രണ പ്രോജക്ട് നടപ്പിലാക്കിയതുവഴി ഏതാണ്ട് 84 കോടി രൂപയുടെ അഴിമതി, കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ കണ്ടുപിടിക്കുകയുണ്ടായി. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് അതിൽ പങ്കുണ്ടെന്നുള്ളത് രേഖകൾ വച്ചുകൊണ്ട് ഈ സഭയിൽ ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിച്ചിരുന്നു. ജസ്റ്റീസ് ഹനീഫ വിജിലൻസ് കോടതി ജഡ്ജിയായിരിക്കെ ഈ കേസ് പരിഗണിച്ചപ്പോൾ, ഇതിൽ 84 കോടി രൂപയുടെ അഴിമതിയുണ്ടെന്നും അതീവ ഗൗരവമുള്ള വിഷയമാണെന്നും പറഞ്ഞപ്പോൾ അന്നത്തെ ചീഫ് വിപ്പ് ആയിരുന്ന ശ്രീ. പി. സി. ജോർജ്, ജസ്റ്റീസ് ഹനീഫ പാകിസ്ഥാൻകാരനാണെന്നുപറഞ്ഞ് ആക്ഷേപിച്ചു. അദ്ദേഹത്തെ ഇവിടെനിന്നും സ്ഥലംമാറ്റിയതിനുശേഷം ആ കേസിൽനിന്നും തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഹൈക്കോടതിയിൽ പോയി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, ഇത് ചോദ്യോത്തര സമയമാണ്. അങ്ങ് ചോദ്യം ചോദിച്ചാൽ മതി.

ശ്രീ. വി. ശിവൻകുട്ടി: സർ, ഹൈക്കോടതിയിൽ ചെന്നപ്പോൾ സെക്ഷൻ 119 പ്രകാരം ഗവൺമെന്റിന്റെ അവകാശം വേണ്ടെന്നുപറഞ്ഞു. അങ്ങ് തിരുവനന്തപുരത്തുനിന്നും ജയിച്ചുവന്ന് സ്പീക്കർ ആയ ആളാണ്. ഈ തലസ്ഥാന നഗരത്തോടും സംസ്ഥാനത്തിന്റെ ഖജനാവിനോടും അങ്ങേയ്ക്ക് എന്തെങ്കിലും താല്പര്യവും കൂറും സ്നേഹവുമുണ്ടെങ്കിൽ, ശ്രീ. ഉമ്മൻ ചാണ്ടി അഴിമതി കാണിച്ച് ടൈറ്റാനിയത്തിൽ ഇറക്കിയിട്ടിരിക്കുന്ന 80 കോടി രൂപയുടെ സാധനങ്ങൾ മഴയത്തും വെയിലത്തും കിടന്ന് തുരുമ്പെടുക്കുകയാണ്. അതിനൊരു പരിഹാരം കാണണ്ടേ?

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കാൻ തുടങ്ങിയിട്ട് അഞ്ച് മിനിട്ടായി. അങ്ങേയ്ക്ക് ഇത് ശ്രദ്ധക്ഷണിക്കലായി പ്രത്യേകം തരാം.

ശ്രീ. വി. ശിവൻകുട്ടി: സർ, മൂന്ന് മിനിട്ടേ ആയിട്ടുള്ളൂ. തുരുമ്പ് എടുത്ത് കിടക്കുന്ന 80 കോടി രൂപയുടെ സാധനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുക്കാൻ തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, നമ്മുടെ രാജ്യത്തെ മുഴുവൻ വ്യവസായ മലിനീകരണത്തെ സംബന്ധിച്ചുമുള്ള ഒരു കേസ് 2004-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുകയും സുപ്രീംകോടതി ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. ആ മോണിറ്ററിംഗ് കമ്മിറ്റി കേരളത്തിൽ വന്ന് ടൈറ്റാനിയം ഫാക്ടറി ഇപ്പോൾത്തന്നെ പൂട്ടണമെന്ന നിലപാടെടുത്തപ്പോൾ, അവിടത്തെ എല്ലാ കക്ഷികളും ട്രേഡ് യൂണിയൻ സംഘടനകളുമൊക്കെ ടൈറ്റാനിയത്തെ രക്ഷിക്കണമെന്നാവശ്യപ്പെട്ട് ഗവൺമെന്റിനെ സമീപിച്ചപ്പോൾ, അവിടത്തെ പൊല്യൂഷൻ കൺട്രോൾ ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാമെന്ന ധീരമായ ഒരു നിലപാടാണ് മുഖ്യമന്ത്രി എടുത്തത്. ആ നടപടികളുമായി മുന്നോട്ടുപോകാമെന്ന് സുപ്രീംകോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റിക്ക് ഉറപ്പുനൽകുകയും അതിനൊരു സാവകാശം ചോദിക്കുകയും ചെയ്തുകൊണ്ടാണ് ഈ പദ്ധതി കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചത്. ശ്രീ. വി. ശിവൻകുട്ടി പറഞ്ഞതിൽ ഒരു ഭാഗം ശരിയാണ്. പദ്ധതിക്കാവശ്യമായ മെഷിനറി ഇറക്കുമതി ചെയ്തിട്ട് അതിന്റെ സീലുപോലും പൊട്ടിക്കാതെ ഫാക്ടറിക്കകത്ത് ഇട്ടിരിക്കുകയാണ്. അപ്പോഴേയ്ക്കും നിരവധി പരാതികൾ വരികയും അതിനെ സംബന്ധിച്ച് വിജിലൻസ് കോടതിയിൽ കേസ് വരികയും ചെയ്തു. ഇപ്പോൾ മുഖ്യമന്ത്രി ഉൾപ്പെടെ ഒരു മന്ത്രിയുടെ പേരിലും ഒരു കോടതിയിലും ഇത് സംബന്ധിച്ച് ഒരു കേസുമില്ല. ഇക്കാര്യത്തെപ്പറ്റി വിജിലൻസ് എൻക്വയറി നടന്നുകൊണ്ടിരിക്കുകയാണ്. ആ എൻക്വയറിയിൽ ഇതിന്റെ കാര്യങ്ങൾ വ്യക്തമായിക്കഴിഞ്ഞാൽ അതിന് നടപടിയുണ്ടാകും.

ശ്രീ. ബി. സത്യൻ: സർ, അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ച പഴയ തിരുവിതാംകൂറിലെയും അതിനുശേഷം കേരളത്തിലെയും പ്രഗത്ഭമതികളായിട്ടുള്ള ആളുകൾ നേതൃത്വം നൽകിയ ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡ് എന്ന സ്ഥാപനം എല്ലാ തരത്തിലുമുള്ള പ്രതിസന്ധികളിലേയ്ക്ക് പോകുമ്പോൾ ഒരു സ്വകാര്യ കമ്പനിയായ സി.എം.ആർ.ലിമിറ്റഡ് എന്ന സ്ഥാപനത്തെ വൈവിദ്ധ്യവൽക്കരിക്കുവാനും വികസിപ്പിക്കുവാനുമെടുത്ത താല്പര്യം എന്തുകൊണ്ട് ടൈറ്റാനിയം ഫാക്ടറിയുടെ കാര്യത്തിൽ എടുക്കുന്നില്ല എന്നതാണ് ഞങ്ങൾക്ക് അങ്ങയോട് ചോദിക്കാനുള്ളത്.

ടൈറ്റാനിയം ഫാക്ടറി ഇന്ന് നേരിടുന്ന പ്രതിസന്ധികളുടെ പ്രധാന കാരണം കേന്ദ്ര ഗവൺമെന്റിന്റെ നയമാണ്. പൊതുമേഖലയോട് കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന നയത്തെ ശക്തിയായി ചോദ്യം ചെയ്യാനും അതിനെതിരെ നടപടികൾ സ്വീകരിക്കുവാനുമുള്ള താല്പര്യക്കുറവാണ് ഇതിനെ പ്രതിസന്ധിയിലേയ്ക്ക് കൊണ്ടുപോയത്. മലിനീകരണ നിയന്ത്രണ പദ്ധതി എന്നൊരു പദ്ധതി പ്രഖ്യാപിച്ചതുകൊണ്ട് കമ്പനിക്ക് നേരിട്ട് യാതൊരു ഗുണവും ലഭിക്കുന്നില്ലെന്നുമാത്രമല്ല പദ്ധതി പ്രഖ്യാപനത്തിലൂടെ പ്രദേശവാസികളായ ആളുകൾക്കിടയിൽ വലിയ ഉത്കണ്ഠ ഉളവാക്കുകയും അതുവഴി പ്രാദേശിക പ്രക്ഷോഭ സമരങ്ങൾ വരുത്തിവയ്ക്കുകയും ചെയ്തു. അതിനിടയിൽ ഇതുപോലെയുള്ള അഴിമതികൾ തുടർച്ചയായി നടന്നുകൊണ്ടുമിരുന്നു. വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന ടൈറ്റാനിയം ഉല്പന്നങ്ങളുടെ ചുങ്കം വർദ്ധിപ്പിക്കാൻ എന്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല? അങ്ങനെ വർദ്ധിപ്പിച്ചിരുന്നുവെങ്കിൽ ടൈറ്റാനിയം ഫാക്ടറി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായവും മാന്യവുമായ വില സംസ്ഥാനത്തും വിദേശ കമ്പോളങ്ങളിലും ലഭിക്കുമായിരുന്നു. ഇനിയെങ്കിലും ഗവൺമെന്റ് ഇക്കാര്യത്തിൽ സത്യസന്ധമായി ഇടപെട്ട് ഈ സ്ഥാപനത്തെ വൈവിദ്ധ്യവൽക്കരിക്കാനും രക്ഷപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഈ സ്ഥാപനത്തെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്, അതിനുള്ള നടപടി സ്വീകരിക്കും. ചൈനയിൽ നിന്നും കൊറിയയിൽനിന്നും ടൈറ്റാനിയം ഉല്പന്നങ്ങൾ ഇന്ത്യയിലേയ്ക്ക് കടന്നുവരുന്നതാണ് ഇപ്പോഴുള്ള പ്രധാന പ്രശ്നമ്പർ അങ്ങ് സൂചിപ്പിച്ചതുപോലെ ടൈറ്റാനിയം ഉല്പന്നങ്ങളുടെ മേലുള്ള ഡ്യൂട്ടി കുറച്ചതാണ് ഇറക്കുമതി വർദ്ധിക്കാൻ കാരണം. അത് വർദ്ധിപ്പിക്കണം. സാധാരണഗതിയിൽ സെൻട്രൽ ബഡ്ജറ്റിന്റെ സമയത്ത് പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളി സംഘടനകളും ഗവൺമെന്റും കമ്പനിയും സംയുക്തമായി ഡൽഹിയിൽ പോയി അതിനുള്ള സ്പെയ്ഡ് വർക്കുകൾ ചെയ്യാറുണ്ട്. തീർച്ചയായും അത്തരത്തിലുള്ള സ്പെയ്ഡ് വർക്ക് ഇത്തവണയും നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ട്രാവൻകൂർ ടൈറ്റാനിയം എന്ന ഏറ്റവും നല്ല പൊതുമേഖലാ സ്ഥാപനം ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേരാനിടയായ കാര്യങ്ങളെ സംബന്ധിച്ചാണ് എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങളൊക്കെ ഇവിടെ സൂചിപ്പിച്ചത്. ഒരു പൊതുമേഖലാ സ്ഥാപനത്തെ എങ്ങനെ നഷ്ടത്തിലാക്കാമെന്ന് കണ്ടുപിടിക്കുന്നതുപോലെയുള്ള പ്രവർത്തനങ്ങളാണ് ഇതുവരെ കണ്ടിട്ടുള്ളത്.

15 കോടി രൂപയിലേറെ നഷ്ടം നേരിട്ട 2005-2006 കാലഘട്ടത്തിലാണ് മലിനീകരണ നിവാരണ പ്ലാന്റ് സ്ഥാപിക്കുവാൻ 45 കോടി രൂപ ചെലവുവരുന്ന പദ്ധതി തയ്യാറാക്കി, അതിന്റെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുമുമ്പ് മെഷിനറികൾവരെ ഇറക്കി അത് തുരുമ്പിച്ച് പോകുന്ന സ്ഥിതിയിലേയ്ക്കെത്തിച്ചത്. അതോടൊപ്പം കെ.എം.എം.എൽ.-ൽ നിന്നും ഐ.ആർ.ഇ.-ൽ നിന്നുമൊക്കെ ധാതുമണൽ കിട്ടാവുന്ന സാഹചര്യങ്ങൾ പല തൊഴിൽ തർക്കങ്ങൾമൂലം നടന്നില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലമായി ഈ സർക്കാർ ഭരണത്തിലിരുന്നിട്ടും അത് പരിഹരിക്കാനുള്ള നടപടിയുണ്ടായില്ല. ഇപ്പോൾ പരിഹരിച്ചുവെന്ന് പറയുന്നു. ഈ സർക്കാരിന്റെ കാലാവധി തീരാൻ പോകുകയാണ്. അതുകൊണ്ട് ശരിയായ രീതിയിലുള്ള ഒരു ഇടപെടൽ ഈ പൊതുമേഖലാ സ്ഥാപനത്തിന്റെ കാര്യത്തിലുണ്ടാകണം. ട്രാവൻകൂർ ടൈറ്റാനിയം, കെ.എം.എം.എൽ., ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് തുടങ്ങിയ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സംയോജിപ്പിച്ച് അവയുടെയെല്ലാം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളെ മെച്ചപ്പെടുത്താമെന്നിരിക്കെ അതിനൊന്നും ഒരു നടപടിയും സ്വീകരിക്കാത്തതുകൊണ്ടല്ലേ ഈ സ്ഥാപനം സർക്കാരിന് വളരെ നഷ്ടമുണ്ടാക്കുന്ന സ്ഥിതിയിലേയ്ക്കും തൊഴിലില്ലായ്മയിലേയ്ക്കും എത്തിച്ചേർന്നിട്ടുള്ളത്. അതോടൊപ്പം കഴിഞ്ഞ നവംബർ മാസത്തിലും ധാതുമണൽ ഇറക്കുമതി ചെയ്തതിൽ 12.4 കോടി രൂപയുടെ ക്രമക്കേട് വിജിലൻസ് കണ്ടെത്തിയതായി വാർത്തകൾ വരുന്നുണ്ട്. ശരിയായ വീക്ഷണമില്ലാത്തതുകൊണ്ടും കൃത്യമായ ഫോളോ-അപ്പ് ഇല്ലാത്തതു കൊണ്ടുമല്ലേ ഇത്തരത്തിൽ തുടർച്ചയായിട്ടുള്ള ക്രമക്കേടുകളുണ്ടാകുന്നത്?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കുറച്ച് ധാതുമണൽ ടി.ടി.പി. ഇറക്കുമതി ചെയ്തപ്പോൾത്തന്നെ ഇതുസംബന്ധിച്ച് പരാതിയുണ്ടായതുകൊണ്ട് പരിപൂർണ്ണമായും ഇറക്കുമതി നിർത്തിയിരിക്കുന്ന സ്ഥിതിയാണ്. പക്ഷേ ടി.ടി.പി.ക്കാവശ്യമായ ഇൽമനൈറ്റ് കൊടുക്കാൻ ഗവൺമെന്റിന് സാധിക്കും; ഗവൺമെന്റ് കൊടുക്കുന്നുണ്ട്. ഐ.ആർ.ഇ.-യിൽനിന്നും കെ.എം.എം.എൽ.-ൽ നിന്നും ആവശ്യമായ ഇൽമനൈറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഗവൺമെന്റ് കമ്പനികളെ സംയോജിപ്പിച്ചുകൊണ്ട് ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിനെ മെച്ചപ്പെടുത്തണമെന്നാണ് അങ്ങ് സൂചിപ്പിച്ചത്. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസും കെ.എം.എം.എൽ.-ഉം ഐ.ആർ.ഇ.-യുമായി ബന്ധപ്പെട്ട് അവരുടെ ഉല്പന്നങ്ങൾ പരസ്പരം കൈമാറിക്കൊണ്ട് ഗവൺമെന്റ് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് ഉല്പന്നങ്ങൾ പരസ്പരം ക്രയവിക്രയം ചെയ്തുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. അത് ശക്തിപ്പെടുത്തും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സംസ്ഥാന റെയിൽ മേഖല

4 (*34) ശ്രീമതി കെ. കെ. ലതിക :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. റ്റി. വി. രാജേഷ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന കാര്യത്തിൽ സംസ്ഥാനത്തെ റെയിൽ മേഖലയുടെ ദുരവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ വികസന മുരടിപ്പ് സംസ്ഥാന റെയിൽ മേഖലയിൽ ഉണ്ടായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റെയിൽവേ വികസന മേഖലയിൽ രാജ്യത്ത് വിവിധ സംസ്ഥാനങ്ങൾ വൻ മുന്നേറ്റം കാഴ്ചവയ്ക്കുമ്പോൾ സംസ്ഥാനം ഇത്തരത്തിൽ തഴയപ്പെടുന്നതിന് ഉത്തരവാദികൾ ആരാണെന്ന് അറിവുണ്ടോ ; വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ - സി) ഉണ്ട്. ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച തടസ്സങ്ങൾ, അലൈൻമെന്റ് സംബന്ധിച്ച വിഷയങ്ങൾ, നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണെടുക്കുന്നതും കൊണ്ടുപോകുന്നതും സംബന്ധിച്ച് പൊതുജനങ്ങളുടെ എതിർപ്പ്, കോടതി വ്യവഹാരങ്ങൾ തുടങ്ങിയവ റെയിൽവേ വികസനത്തെ ബാധിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ സമഗ്രമായി വിലയിരുത്തിയ റെയിൽവേയിൽ നിന്നുള്ള സാമ്പത്തികസഹായം പരിമിതമാണെന്ന് കാണുകയും സംസ്ഥാനം ആഗ്രഹിക്കുന്ന രീതിയിലുള്ള വികസനത്തിനായി സംസ്ഥാന സർക്കാരിന്റെകൂടി സാമ്പത്തിക പങ്കാളിത്തം അനിവാര്യമാണെന്ന് കാണുകയും സംസ്ഥാന സർക്കാർ തെരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് റെയിൽവേയുമായി 49:51 ഓഹരി വിഹിതഘടന പ്രകാരമുള്ള കൂട്ടുസംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അത്തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തുകഴിഞ്ഞു. വരുന്ന റെയിൽവേ ബഡ്ജറ്റിൽ ഇതുസംബന്ധിച്ച പ്രഖ്യാപനം പ്രതീക്ഷിക്കുന്നു. കൂടാതെ കേരളത്തിലെ ബഹുമാനപ്പെട്ട എം.പി.-മാരുടെയും മറ്റുബന്ധപ്പെട്ടവരുടെയും യോഗം ചേർന്ന് കൂടിയാലോചിച്ച് സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും തീരുമാനിച്ച്

ക്രോഡീകരിച്ച് തയ്യാറാക്കുന്ന റെയിൽവേ പദ്ധതികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം എല്ലാവർഷവും റെയിൽവെ ബഡ്ജറ്റിന് മുമ്പായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് വരുന്ന രീതിയാണ് കൈക്കൊണ്ടുവരുന്നത്. അത്തരത്തിൽ 2016-17-ലെ റെയിൽവെ ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി പുതുക്കിയ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ഇതിനകം തന്നെ സമർപ്പിച്ചു കഴിഞ്ഞു. റെയിൽവേ സംബന്ധിച്ച സുപ്രധാന ആവശ്യങ്ങൾ അടങ്ങിയ നിവേദനം മുഖ്യമന്ത്രിയും  വൈദ്യുതി റെയിൽവെ മന്ത്രിയും കേരള എം.പി-മാരും കൂടി 2015 ഡിസംബർ ആദ്യം പ്രധാനമന്ത്രിയേയും കേന്ദ്രറെയിൽവേ മന്ത്രിയേയും ഡൽഹിയിൽ സന്ദർശിച്ച് പ്രത്യേകം നൽകുകയുണ്ടായി. സംസ്ഥാനത്തിന്റെ റെയിൽവേ വികസന ആവശ്യങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന് റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥന നടത്താൻ മാത്രമേ സാധിക്കുകയുള്ളൂ. ഈ പരിമിതി നിലനിൽക്കുന്നതിനാൽ സംസ്ഥാനത്തിന്റെ റയിൽ വികസന പിന്നോക്കാവസ്ഥയ്ക്കുള്ള കാരണത്തിന്റെ ഉത്തരവാദിത്വം പ്രത്യേകിച്ച് ആരിലും ചുമത്താൻ സാധിക്കുകയില്ല. കേരള ഗവൺമെന്റും കേരളത്തിലെ എം.പി-മാരും പരമാവധി ജാഗ്രത ഇക്കാര്യത്തിൽ പുലർത്തി വരുന്നുണ്ട്.

## ആശ്വാസ് പദ്ധതി

5 (*35) ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ ):

(എ) സഹകരണ മേഖലയിൽ കുടിശ്ശിക കുറയ്ക്കുന്നതിന് 2011 മുതൽ ആശ്വാസ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിലൂടെ

ബാങ്കുകളുടെ നഷ്ടം കുറയ്ക്കുക, കൃത്യമായ വായ്പാതിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ബാങ്കുകളെ പരമാവധി കുടിശ്ശികരഹിത സംഘങ്ങളാക്കി/ ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. 2016 ജനുവരി 1 മുതൽ മാർച്ച് 31 വരെ സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായി ഇപ്പോൾ 'ആശ്വാസ് 2016' പദ്ധതി നടപ്പിലാക്കിവരുന്നു.

'ആശ്വാസ്' പദ്ധതി പ്രകാരം കുടിശ്ശിക ലഘൂകരിക്കുന്നതിൽ സഹകരണ സംഘങ്ങൾ വിജയിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ ഈ പദ്ധതിയിലൂടെ ഈടാക്കിയെടുത്ത കുടിശ്ശിക തുക ചുവടെ ചേർക്കുന്നു:

| വർഷം | തുക (രൂപ) |
|---|---|
| 2011 | 1007.05 കോടി |
| 2012 | 1995.61 കോടി |
| 2014 | 3079.53 കോടി |
| 2015 | 4030.98 കോടി |

ഇപ്രകാരം കുടിശ്ശിക ഈടാക്കിയതിലൂടെ പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിങ്ങനെയായി, ചുവടെ പരാമർശിക്കുന്ന തുകകൾ വായ്പക്കാർക്ക് ഇളവ് നൽകിയിട്ടുണ്ട്:

| വർഷം | തുക (രൂപ) |
|---|---|
| 2011 | 45.62 കോടി |
| 2012 | 53.48 കോടി |
| 2014 | 128.39 കോടി |
| 2015 | 140.54 കോടി |

മുൻവർഷങ്ങളെ അപേക്ഷിച്ച് മികച്ച പുരോഗതിയാണ് 2014-15 വർഷം ആശ്വാസ് പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞത്. 2016-ലും ആശ്വാസ് പദ്ധതി നടപ്പിലാക്കി വരികയാണ്.

(സി) ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംഘം/ബാങ്ക് തലത്തിലും ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ള കമ്മിറ്റികൾ രൂപീകരിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ ഭാഗമായി സംഘം/ബാങ്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല നോഡൽ ആഫീസറായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രാധാന്യം സഹകാരികൾക്കിടയിൽ എത്തിക്കുന്നതിനുവേണ്ടിയും വിജയകരമായ നടത്തിപ്പിനുമായി പരമാവധി പ്രചരണങ്ങൾ നൽകി വരുന്നുണ്ട്.

**കൺസ്യൂമർഫെഡ്**

6 (*36) <u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. സി. കെ. സദാശിവൻ</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് മുഖേന പൊതുവിപണിയേക്കാൾ 20% വില കുറച്ച് സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഉത്സവ സീസണുകളിലടക്കം സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കൺസ്യൂമർഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ സജീവമായത് പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതകളും തടയുന്നതിൽ നിസ്സംഗത കാണിച്ചതാണ് കൺസ്യൂമർ ഫെഡിന്റെ തകർച്ചയ്ക്ക് കാരണമായതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>):

(എ) കൺസ്യൂമർഫെഡ് മുഖേന പൊതുവിപണിയേക്കാൾ 20 ശതമാനം വില കുറച്ച് സാധനങ്ങൾ സബ്സിഡി നിരക്കിൽ കൺസ്യൂമർഫെഡറേഷന്റെ നന്മ സ്റ്റോറുകളിലൂടെ വിതരണം ചെയ്തു വന്നിരുന്ന പദ്ധതി നിലവിലെ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഇപ്പോൾ ഫെഡറേഷൻ നിർത്തിവച്ചിരിക്കുകയാണ്.

എന്നിരുന്നാലും പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഉപഭോക്താക്കൾക്ക് കൺസ്യൂമർ ഫെഡറേഷൻ മുഖേന സാധനങ്ങൾ വിതരണം ചെയ്യുന്നത്. എന്നാൽ വിലക്കയറ്റത്തിന് ഏറെ സാധ്യതയുള്ള ഉത്സവ സീസണുകളിൽ പൊതുവിപണിയേക്കാൾ വില കുറച്ച് സപ്ലൈകോ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു.

(ബി) ഉത്സവ സീസണുകളിൽ കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള നന്മ സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ, സഹകരണ സംഘങ്ങളുടെ കീഴിലുള്ള നീതി സ്റ്റോറുകൾ എന്നിവ മുഖേന പൊതുവിപണി വിലയേക്കാൾ വില കുറച്ച് സപ്ലൈകോ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വിപണനം നടത്തുന്നതിന് കൺസ്യൂമർ ഫെഡറേഷനെ സജ്ജമാക്കാൻ സാദ്ധ്യമായിട്ടുണ്ട്.

(സി) ഉണ്ട്. നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ഉപഭോക്താക്കൾക്ക് നൽകുന്നതിന്, പ്രത്യേകിച്ച് ഉത്സവകാലങ്ങളിൽ വിലക്കയറ്റം വളരെയധികം രൂക്ഷമാകുന്ന കാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ 10 ശതമാനം മുതൽ 20 ശതമാനം വരെ വില കുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണമേഖലയുടെ കൂട്ടായ്മയിലൂടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.

(ഡി) ഇത്തരത്തിലുള്ള ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇ-പ്രൊക്യൂർമെന്റ് സംവിധാനം

7 (*37) ശ്രീ. പി. എ. മാധവൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എ. റ്റി. ജോർജ്:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സംഭരണം ഒരു കുടക്കീഴിൽ കൊണ്ടുവരുക, കരാർ/ടെൻഡർ പ്രക്രിയയുടെ സുതാര്യതയും തുറന്ന മത്സരവും ടെൻഡറുകളുടെ രഹസ്യസ്വഭാവവും കാത്തുസൂക്ഷിക്കുക, ടെൻഡർ നടപടികളിലെ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ടെൻഡർ പ്രക്രിയ പൂർത്തീകരിക്കുക എന്നിവയാണ് ഇ-പ്രൊക്യൂർമെന്റ് എന്ന കടലാസുരഹിത സംവിധാനത്തിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. ദർഘാസ് പ്രമാണങ്ങൾ ഓൺലൈനിലൂടെ സമർപ്പിക്കുവാനുള്ള സൗകര്യം, തെരഞ്ഞെടുക്കാത്ത കരാറുകാരുടെ നിരതദ്രവ്യം ഓൺലൈനിലൂടെ ഉടൻ മടക്കി നൽകുന്നതിനുള്ള സൗകര്യം, ഏറ്റവും ചുരുങ്ങിയ ചെലവിൽ പരമാവധി വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള സൗകര്യം, കരാറുകാർക്ക് ആരോഗ്യകരമായ തുറന്ന മത്സരങ്ങൾക്കുള്ള സൗകര്യം, ദർഘാസ് വിവരങ്ങൾ എല്ലാവർക്കും ഒരുപോലെ ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവ ഈ സംരംഭത്തിന്റെ മേന്മയാണ്.

(സി) 12-5-2015-ലെ സ.ഉ.(എം.എസ്) നമ്പർ 13/2015/വി.സ.വ, 19-1-2016-ലെ സ.ഉ(കൈ) നമ്പർ 03/2016/വി.സ.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അഞ്ച് ലക്ഷത്തിനു മുകളിൽ മൂല്യം വരുന്ന എല്ലാ ടെൻഡറുകളും നിർബന്ധമായി ഇ-സംഭരണം വഴി നടപ്പിലാക്കണമെന്ന് എല്ലാ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഭരണഘടനാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പദ്ധതിയുടെ ഏകോപനത്തിനും നടത്തിപ്പിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു നേതൃത്വ സമിതിയും കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും നിലവിലുണ്ട്. കരാറുകാർക്ക് ടെണ്ടർ ഫീസും നിരതദ്രവ്യവും നേരിട്ട് ഓൺലൈനിൽ അടയ്ക്കുന്നതിനായി ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കും കരാറുകാർക്കും പരിശീലനം നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ സഹായക കേന്ദ്രങ്ങൾ പ്രവൃത്തിക്കുന്നുണ്ട്.

**ട്രൈബൽ ഹോസ്റ്റലുകൾ**

8 (*38) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. കെ. അജിത്:

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി ഹോസ്റ്റലുകളിൽ മതിയായ സൗകര്യങ്ങളില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സെന്റർ ഫോർ ട്രൈബൽ

എഡ്യൂക്കേഷൻ ഡെവലപ്മെന്റ് ആന്റ് റിസർച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പഠനറിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കുമോ;

(ബി) അനുവദനീയമായതിൽ കൂടുതൽ പേർ താമസിക്കുന്ന ട്രൈബൽ ഹോസ്റ്റലുകളുണ്ടോ; ഉണ്ടെങ്കിൽ ഓരോ ഹോസ്റ്റലിലും എത്രപേർ വീതം അധികം താമസിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം ട്രൈബൽ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ജയലക്ഷ്മി):</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Centre for Tribal Education Development and Research എന്ന ഏജൻസി മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് യാതൊരുതരത്തിലുള്ള പഠനവും നടത്തിയിട്ടില്ല.

(ബി) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവൃത്തിക്കുന്ന പല ഹോസ്റ്റലുകളിലും അംഗീകൃത എണ്ണത്തേക്കാൾ കൂടുതൽ അന്തേവാസികൾ താമസിക്കുന്നുണ്ട്. ഓരോ ഹോസ്റ്റലിലെയും കുട്ടികളുടെ എണ്ണം സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവൃത്തിച്ചുവരുന്ന 110 പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഹോസ്റ്റൽ കെട്ടിടങ്ങളുടെ നവീകരണം, അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹോസ്റ്റലുകളിലെ ശുദ്ധജല വിതരണ സംവിധാനം മെച്ചപ്പെടുത്തൽ, കൂടുതൽ ടോയ്‌ലറ്റുകൾ ഏർപ്പെടുത്തൽ, ടോയ്‌ലറ്റുകളുടെ അറ്റകുറ്റപ്പണികൾ, പരിസര ശുചീകരണം എന്നിവ നടപ്പിലാക്കിവരുന്നു.

കൂടാതെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് മേശ, കസേര, കട്ടിൽ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ ടേബിൾ, ടെലിവിഷൻ എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പെൺകുട്ടികൾ താമസിക്കുന്ന പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ എച്ച്.എൽ.എൽ. വഴി സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്ന ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം ഉൾപ്പെടെയുള്ള എല്ലാവിധ സൗകര്യങ്ങളും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പുദ്യോഗസ്ഥർ ഹോസ്റ്റലുകളിൽ നിരന്തരം സന്ദർശനം നടത്തിവരുന്നുണ്ട്. സ്ഥലം എം.എൽ.എ-യുടെ അദ്ധ്യക്ഷതയിൽ വിവിധ ജനപ്രതിനിധികൾ അംഗങ്ങളായിട്ടുള്ള ഉപദേശകസമിതി യോഗം ചേർന്ന് ഹോസ്റ്റലുകളുടെ കാര്യക്ഷമമായ പ്രവർത്തനം നിരീക്ഷിച്ചുവരുന്നുണ്ട്.

2015-16 സാമ്പത്തിക വർഷം പ്രീമെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 345 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 2,17,66,092 രൂപ ഇതിനകം ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ട്. ബാക്കി തുക വിനിയോഗിച്ചുകൊണ്ട് നടത്തേണ്ട പ്രവൃത്തികൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികളും അതുപോലെയുള്ള പ്രവൃത്തികളും മദ്ധ്യവേനൽ അവധിക്കാലത്താണ് നടത്തി വരുന്നത്.

107 പ്രീമെട്രിക് ഹോസ്റ്റലുകളിലും മൂന്ന് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും ലൈബ്രറി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ കുട്ടികൾ അധികമായി താമസിക്കുന്ന അട്ടപ്പാടി മേഖലയിലെ ഷോളയൂരിൽ സൗകര്യങ്ങളോടുകൂടി രണ്ട് ഹോസ്റ്റലുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ അട്ടപ്പാടിയിൽ കാരറ എന്ന സ്ഥലത്ത് ഒരു പുതിയ പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ആനവായ് പ്രീമെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1.06 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

അട്ടപ്പാടി മേഖലയിൽ ഒരു പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ട്. ആയത് ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

ഇടുക്കി ജില്ലയിലെ വട്ടവട, കണ്ണൂർ ജില്ലയിലെ ആറളം, പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം എന്നിവിടങ്ങളിൽ പുതിയ പ്രീമെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് അനുമതിയായിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ മാരംപള്ളി, ഫോർഷോർ എന്നിവങ്ങളിൽ വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകി നടപടികൾ സ്വീകരിച്ചുവരുന്നു.

ഇടുക്കി ജില്ലയിലെ ഇരുമ്പുപാലം പ്രീമെട്രിക് ഹോസ്റ്റൽ, തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല പോസ്റ്റ്മെട്രിക് ഹോസ്റ്റൽ എന്നിവയ്ക്ക് പുതിയ കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം, പാലക്കാട് ജില്ലയിലെ സുങ്കം, പറളി തുടങ്ങിയ ഹോസ്റ്റലുകളുടെ കൂടുതൽ സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

**പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികൾ**

9 (*39) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പാരമ്പര്യേതര ഊർജ്ജ ഉത്പാദന പദ്ധതികൾ, അവയുടെ പ്രവർത്തനം എന്നിവ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്ന് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ.ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്. അനെർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം അനുബന്ധം 1 ആയി ചേർക്കുന്നു.* കെ.എസ്.ഇ.ബി ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തുകയും അവ പവർ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്സായി പ്രസിദ്ധീകരിക്കുകയും ചെയ്യാറുണ്ട്. ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച (2013-14 വർഷം) വിവരം അനുബന്ധമായി ചേർക്കുന്നു.*

ചെറുകിട ജലവൈദ്യുത പദ്ധതികൾ, മൈക്രോ ജലവൈദ്യുത പദ്ധതികൾ എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ ചില പദ്ധതികളിൽ തടയണകളുടെയും വെള്ളം എടുക്കുന്ന സംവിധാനത്തിലും പ്രത്യേകിച്ച് ചെളി, ചപ്പുചവറുകൾ വന്നടിയുന്ന പ്രശ്നങ്ങൾ എന്നിവയുണ്ട്. പുതിയ പദ്ധതികളിൽ ഇവ പുനഃക്രമീകരിച്ചാൽ പദ്ധതികളുടെ ക്ഷമത വർദ്ധിപ്പിക്കുവാൻ സാധിച്ചേക്കും. പദ്ധതികൾക്കായുള്ള സ്ഥലം ഏറ്റെടുക്കുന്നതാണ് ഏറ്റവും കാലതാമസം നേരിടുന്ന പ്രശ്നമ്പർ പ്രത്യേകിച്ച് വനഭൂമി ഏറ്റെടുക്കുന്നത്. പദ്ധതികളിൽ നിന്നുമുള്ള പവർ ഇവാക്യുവേഷന് വേണ്ടി ചെലവാകുന്ന തുക കേന്ദ്രസഹായമായി കെ.എസ്.ഇ.ബി-ക്കോ പദ്ധതി നടത്തിപ്പുകാർക്കോ ലഭിച്ചാൽ ഇത്തരം പദ്ധതികൾ കുറെക്കൂടി ലാഭകരമായി നടത്താനും നിക്ഷേപകരെ ആകർഷിക്കുവാനും സാധിക്കും.

(ബി) ഉണ്ട്. സംസ്ഥാനത്തെ ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിനായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കാൻ ലക്ഷ്യമാക്കി സംസ്ഥാനത്തെ തന്നെ ആദ്യ ശൃംഖലാബന്ധിത വികേന്ദ്രീകൃത സൗരോർജ്ജ പദ്ധതിയായ സോളാർ കണക്ട് പോലെ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പിലാക്കാനും അനെർട്ട് തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലക്ഷ്യമിടുന്നതും, നടപ്പിലാക്കി വരുന്നതുമായ സൗരോർജ്ജ പദ്ധതികളുടെയും പവനോർജ്ജ പദ്ധതികളുടെയും പട്ടിക അനുബന്ധമായി ചേർക്കുന്നു.*

കൂടാതെ മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്തു. ഇതിൽ രണ്ട് പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ആകെ 78 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒൻപത് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇക്കാലയളവിൽ ആകെ 87 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒൻപത് ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രീകൺസ്ട്രക്ഷൻ സർവ്വേ പൂർത്തിയാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. പതിമൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ആകെ 41 മെഗാവാട്ടിന്റെ നാല് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കലും 18 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ ജോലികളും പുരോഗമിക്കുന്നു.

ഇ.എം.സി. വഴി സ്വകാര്യ സംരംഭകർ മുഖേന നടപ്പിലാക്കുന്ന ചെറുകിട ജലവൈദ്യുതി പദ്ധതിയിൽ 50-ഓളം പദ്ധതികൾ മത്സര ദർഘാസിലൂടെ നൽകുവാനുള്ള നടപടിക്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

**കൈത്തറി വ്യവസായ മേഖല**

10 (*40) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ മേഖലയുടെ നിലവിലെ അവസ്ഥ അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൈത്തറി മേഖലയെ വൈവിദ്ധ്യവത്ക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടില്ലാത്തത് വിലയിരുത്തിയിട്ടുണ്ടോ;

(സി) കൈത്തറി മേഖലയുടെ പ്രതിസന്ധിയുടെ കാരണം കണ്ടെത്തി പരിഹരിക്കുന്നതിന് തികച്ചും അലംഭാവമാണ് കാണിച്ചതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ;

(ഡി) ഒരു കാലത്ത് വിദേശ രാജ്യങ്ങളിലടക്കം ഏറെ പ്രിയങ്കരമായിരുന്ന കൈത്തറി ഉല്പന്നങ്ങൾക്ക് അവിടങ്ങളിൽ വിപണി നഷ്ടപ്പെടുന്നതിന്റെ കാരണം കണ്ടെത്തി വിപണന സാദ്ധ്യത ഒരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്. കൈത്തറി മേഖലയിലെ നിലവിലെ അവസ്ഥ പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ സർവ്വേ നടത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കൈത്തറി മേഖലയെ വൈവിദ്ധ്യവൽക്കരണത്തിലൂടെ സംരക്ഷിക്കുന്നതിന് അനവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും നടപ്പിലാക്കി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. മൂല്യവർദ്ധിത പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതികസഹായവും ആവശ്യമായ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് സാമ്പത്തികസഹായവും നൽകിയിട്ടുണ്ട്.

(സി) ആക്ഷേപം ശരിയല്ല. കൈത്തറി മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജാഗരൂകമായ പ്രവർത്തനമാണ് സർക്കാർ നടത്തുന്നത്. നെയ്ത്തുകാരുടെ അഭാവം, പ്രവർത്തന മൂലധനത്തിന്റെ കുറവ് എന്നിവയാണ് കൈത്തറി മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ. ഇതു പരിഹരിക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. പ്രൊഡക്ഷൻ ഇൻസെന്റീവ്
2. ഇൻകം സപ്പോർട്ട് സ്കീം
3. പുതിയ ആൾക്കാർക്ക് നെയ്ത്തിൽ പരിശീലനം
4. നിലവിലുള്ള നെയ്ത്തുകാർക്ക് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം
5. വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് വിഷു, ഓണം, ക്രിസ്തുമസ് ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പന മേളകൾ
6. നിലവിലുള്ള ഷോറും നവീകരിക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും സഹായം.

7. കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി

8. ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം

9. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പ്രചരണം.

10. റിവൈവൽ, റീഫോം, റീസ്ട്രക്ചറിംഗ് പാക്കേജ് വഴി സംഘങ്ങൾക്ക് സാമ്പത്തിക സഹായം.

(ഡി) ഉണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വിദേശരാജ്യങ്ങളിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് അവസരം ഒരുക്കിക്കൊടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജർമ്മനിയിൽ വച്ച് സംഘടിപ്പിച്ച ഹെംടെക്സ്റ്റൽ എക്സിബിഷനിൽ രണ്ടുതവണയായി ഹാന്റക്സ്, ഹാൻവീവ്, 5 പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവ പങ്കെടുത്തിട്ടുണ്ട്. കേരളത്തിനുപുറത്ത് ജയ്പൂർ ഫെസ്റ്റ്, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ, ഇന്ത്യ ഇന്റർനാഷണൽ ഹാന്റ്വോവൺ ഫെയർ, ബാംഗ്ലൂർ ഫെസ്റ്റ് എന്നീ പ്രദർശനങ്ങളിൽ കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും അതുവഴി വിപണി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതു കൈത്തറി ഉൽപ്പന്നങ്ങളായ കുത്താമ്പുള്ളി സാരികൾ, ബാലരാമപുരം സാരികൾ, കാസർഗോഡ് സാരികൾ, ചേന്ദമംഗലം സെറ്റുമുണ്ടുകൾ, കണ്ണൂർ ഫർണിഷിംഗ് മെറ്റീരിയൽ എന്നിവയ്ക്ക് വിദേശ വിപണി ലക്ഷ്യമാക്കി ഭൗമസൂചിക നിലവാരം ലഭ്യമാക്കിയിട്ടുണ്ട്.

## റെയിൽവെ മേഖലയിലെ പ്രഖ്യാപിത പദ്ധതികൾ

11 (*41) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. എ. ബേബി:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ മേഖലയിൽ സംസ്ഥാനത്ത് പ്രഖ്യാപിച്ച് നടപ്പിലാക്കാത്ത പദ്ധതികളെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാവാത്തതിന് സംസ്ഥാനം നിർവ്വഹിക്കേണ്ടിയിരുന്ന കാര്യങ്ങൾ യഥാസമയം ചെയ്തു നൽകാതിരുന്നത് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നാമമാത്ര കാര്യങ്ങൾ പ്രഖ്യാപിക്കുകയും അത് പോലും പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം തടയാൻ സർക്കാരിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്. പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പാക്കാത്ത പദ്ധതികളുടെ വിവരം അനുബന്ധമായി വച്ചിരിക്കുന്നു.*

(ബി & സി) ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച തടസ്സങ്ങൾ, അലൈൻമെന്റ് സംബന്ധിച്ച വിഷയങ്ങൾ, നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണ് എടുക്കുന്നതും കൊണ്ടുപോകുന്നതും സംബന്ധിച്ച് പൊതുജനങ്ങളുടെ എതിർപ്പ്, കോടതി വ്യവഹാരങ്ങൾ തുടങ്ങിയവ റെയിൽവെ വികസനത്തെ ബാധിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ റെയിൽവെ ആവശ്യങ്ങൾ സമഗ്രമായി വിലയിരുത്തിയതിൽ റെയിൽവേയുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നതരത്തിൽ വികസനം നടക്കുന്നുവെന്നും ആഗ്രഹിക്കുന്ന രീതിയിലുള്ള വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ കൂടി സാമ്പത്തിക പങ്കാളിത്തം അനിവാര്യമാണെന്ന് കാണുകയും സംസ്ഥാന സർക്കാർ തെരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് റെയിൽവേയുമായി 49:51 ഓഹരി വിഹിത ഘടന പ്രകാരമുള്ള കൂട്ടുസംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സംസ്ഥാനസർക്കാർ തീരുമാനിക്കുകയും അത്തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തുകഴിഞ്ഞു. വരുന്ന റെയിൽവേ ബഡ്ജറ്റിൽ ഇതുസംബന്ധിച്ച പ്രഖ്യാപനം പ്രതീക്ഷിക്കുന്നു. കൂടാതെ കേരളത്തിലെ ബഹുമാനപ്പെട്ട എം.പി.- മാരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും യോഗം ചേർന്ന് കൂടിയാലോചിച്ച്, സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും തീരുമാനിച്ച് ക്രോഡീകരിച്ച് തയ്യാറാക്കുന്ന റെയിൽവെ പദ്ധതികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം എല്ലാ വർഷവും റെയിൽവേ ബഡ്ജറ്റിന് മുമ്പായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് വരുകയാണ്. അത്തരത്തിൽ 2016-17-ലെ റെയിൽവേ ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി പുതുക്കിയ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ഇതിനകംതന്നെ സമർപ്പിച്ചു കഴിഞ്ഞു. റെയിൽവേ സംബന്ധിച്ച സംസ്ഥാനത്തിന്റെ സുപ്രധാന ആവശ്യങ്ങൾ അടങ്ങിയ നിവേദനം മുഖ്യമന്ത്രിയും വൈദ്യുതി റെയിൽവേമന്ത്രിയും കേരള എം.പി.-മാരും കൂടി 2015 ഡിസംബർ ആദ്യം പ്രധാനമന്ത്രിയേയും കേന്ദ്ര റെയിൽവേ മന്ത്രിയേയും ഡൽഹിയിൽ സന്ദർശിച്ച് പ്രത്യേകം സമർപ്പിക്കുകയുണ്ടായി.

**ഇ-ഗവേണൻസ്**

12 (*42) ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിൽ കടലാസുരഹിത ഫയൽ സംവിധാനം നടപ്പിലാക്കുക, വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, സാർവ്വത്രികവും തടസ്സ രഹിതവുമായ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്ന പദ്ധതികൾ ഏർപ്പെടുത്തുക, ഡിജിറ്റൽ ലിറ്ററസി കാമ്പയിൻ തുടങ്ങുക, അക്ഷയ പൊതുസേവന കേന്ദ്രങ്ങൾ മുഖേന ഓൺലൈൻ പേമെന്റ് സൗകര്യങ്ങൾ ലഭ്യമാക്കുക തുടങ്ങിയ പദ്ധതികളാണ് ഇ-ഗവേണൻസ് വഴി പ്രധാനമായും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) താഴെപ്പറയുന്ന ഉദ്ദേശലക്ഷ്യങ്ങളാണ് ഇ-ഗവേണൻസ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്:

1. സർക്കാർ സേവനങ്ങൾ ഓൺലൈനായി ജനങ്ങൾക്ക് ലഭ്യമാക്കുക.
2. സർക്കാർ ഓഫീസുകൾ ഡിജിറ്റലാക്കുക.
3. സർക്കാർ ഓഫീസുകളിൽ കടലാസുരഹിത ഫയൽ സംവിധാനം നടപ്പിലാക്കുക.
4. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു പോർട്ടലിലൂടെ നൽകുക.
5. സാർവ്വത്രികവും തടസ്സരഹിതവുമായ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുക.
6. മൊബൈൽ ഗവേണൻസ് വ്യാപിപ്പിക്കുക.
7. സുതാര്യവും കാര്യക്ഷമവുമായ ഓഫീസ് സംവിധാനം ഏർപ്പെടുത്തുക.
8. ഒപ്റ്റിക്കൽ ഫൈബർ ഗേറ്റ്‌വേ വഴി പ്രധാനപ്പെട്ട ഓഫീസുകളെ ഡാറ്റസെന്ററുമായി ബന്ധിപ്പിക്കുക.
9. ഇ-ഗവേർണൻസ് ഇന്നോവേഷൻ സ്കീം ജില്ലാതലത്തിൽ നടപ്പിലാക്കുക.
10. ഐ.ടി മേഖലയിൽ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായുള്ള പരിശീലനം നടപ്പിലാക്കുക.

(ഡി) ഇ-ഗവേണൻസിലേയ്ക്കായി സംസ്ഥാന ഡാറ്റാ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക്, സെക് വാൻ, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസിംഗ് തുടങ്ങിയ പൊതുഅടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ.ടി. മിഷൻ കൺസൾട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്. വിവിധ വകുപ്പുകൾ, പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകുന്നതിലേക്കായും, ഇ-മെയിൽ കമ്മ്യൂണിക്കേഷൻ നടത്തുന്നതിനും വേണ്ടി അടിസ്ഥാനതലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ് തുടങ്ങിയ ആപ്ലിക്കേഷനുകൾ വിവിധ വകുപ്പുകളിൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ്. എന്നീ സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നതിലൂടെ വിവിധ വകുപ്പുകൾ കടലാസ് രഹിത ഓഫീസുകളായിട്ടുണ്ട്.

ഇ-ഗവേണൻസ് സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേയ്ക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതി നിർവ്വഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല ഇ-ഗവേണൻസ് സൊസൈറ്റികൾക്കും രൂപം നൽകിയിട്ടുണ്ട്.

വിവരസാങ്കേതികവിദ്യയുടെ വ്യാപനം സർക്കാർ ഓഫീസുകളിൽ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരുടെ വെർച്വൽ ഐ.ടി കേഡർ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതികളായ ഇ-ഹെൽത്ത്, സി.സി.ടി.എൻ.എസ് (Crime and Criminal Tracking Network System) ഇ-പി.ഡി.എസ്. (Electronic Public Distribution System), വാഹൻ, സാരഥി തുടങ്ങിയവയുടെ നിർവ്വഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

**സ്വകാര്യ സൗരോർജ്ജ സംരംഭകർ മുഖാന്തിരം ലഭിക്കുന്ന വൈദ്യുതി**

13 (*43) ശ്രീ. എ. കെ. ശശീന്ദ്രൻ:

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സൗരോർജ്ജ സംരംഭകർ മുഖാന്തിരം ലഭിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.-യുടെ ജനറൽ ഗ്രിഡിലേയ്ക്ക് എന്ന് മുതലാണ് സ്വീകരിച്ചു തുടങ്ങിയത്;

(ബി) കെ.എസ്.ഇ.ബി.-ക്ക് ലഭിച്ച വൈദ്യുതിയും ഉപയോഗിച്ച വൈദ്യുതിയും ഏതു രീതിയിലാണ് ക്രമീകരിക്കപ്പെടുന്നത്;

(സി) ഇതിന് വേണ്ട ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി ചട്ടങ്ങൾ എന്ന് രൂപീകരിക്കുമെന്ന വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 6-8-2014 മുതൽ (കൃഷ്ണ ജ്യൂവൽസ്, കണ്ണൂർ)

(ബി) ഗ്രിഡ് ബന്ധിത സൗരോർജ്ജനിലയം വഴി വൈദ്യുതി ഉല്പാദിപ്പിക്കുന്ന സംരംഭകർ അവരുടെ ഉപഭോഗം കഴിഞ്ഞ് ഉല്പാദനമിച്ചമുള്ള വൈദ്യുതിയാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നത്.

സ്വകാര്യ സൗരോർജ്ജ സംരംഭകരിൽ നിന്നും കെ.എസ്.ഇ.ബി.-യുടെ ഗ്രിഡ് വഴി സ്വീകരിക്കുന്ന വൈദ്യുതിയും കെ.എസ്.ഇ.ബി.-യിൽ നിന്നും സ്വകാര്യ സൗരോർജ്ജ സംരംഭകർക്ക് നൽകുന്ന വൈദ്യുതിയും TOD മീറ്ററിൽ രേഖപ്പെടുത്തും.

(സി) ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ(ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റംസ്) റെഗുലേഷൻസ്, 2014 പ്രകാരം ഇത് സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ബാധകമല്ല.

### കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ-സംയുക്ത സംരംഭങ്ങൾ

14 (*44) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. വി. ശിവൻകുട്ടി :

പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവൃത്തിക്കുക എന്ന മുൻ സർക്കാരിന്റെ നയം ഇപ്പോൾ തുടർന്നു വരുന്നുണ്ടോ; ഈ രീതിയിലൂടെ നിലവിൽ വന്ന സംയുക്ത സംരംഭങ്ങൾ ഏതൊക്കെയായിരുന്നു;

(ബി) പ്രസ്തുത സംയുക്ത സംരംഭങ്ങളുടെ വികസനത്തിനായി ലക്ഷ്യമിട്ടിരുന്ന കാര്യപരിപാടികളുടെ തുടർ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായോ;

(സി) ഈ സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്നുണ്ടാക്കിയ സംയുക്ത സംരംഭങ്ങൾ ഏതൊക്കെയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംയുക്ത സംരംഭങ്ങൾക്കായി സാധ്യതയുള്ള മേഖലകൾ ഇനിയും വികസിപ്പിക്കാൻ സാദ്ധ്യതയുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടക്കുന്നുണ്ടോ; വിശദമാക്കാമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്. Transformers & Electrical Kerala Ltd, Steel Complex Ltd, Kerala Electrial & Allied Engg Co. Ltd എന്നീ സ്ഥാപനങ്ങൾ യഥാക്രമം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ NTPC, സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ്, ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്നിവയുമായി നേരത്തെ തന്നെ ഏർപ്പെട്ടിട്ടുള്ള സംയുക്ത സംരംഭങ്ങളുടെ തുടർപ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

(ബി)

- സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരംഭത്തിന്റെ [SAIL-SCL Kerala Ltd] ഭാഗമായി നടപ്പാക്കേണ്ടിയിരുന്ന സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്നതിൽ കാലതാമസം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാർ, സെയിൽ, കാനറാബാങ്ക് എന്നിവയുടെ സാമ്പത്തിക സഹായത്തോടുകൂടി 65 കോടി രൂപയുടെ സ്റ്റീൽ റോളിംഗ് മിൽ പദ്ധതി പൂർത്തിയായി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്.

- TELK-NTPC യുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിന്റെ ആദ്യഘട്ടത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചിരുന്ന കമ്പനിക്ക് തുടർന്നുള്ള വർഷങ്ങളിൽ പ്രതീക്ഷിച്ച പ്രവർത്തന മികവ് നേടാനായില്ല. സംയുക്ത സംരംഭ കരാർ പ്രകാരം ലക്ഷ്യമിട്ടിരുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ കഴിയാത്തത് കമ്പനിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

- KEL BHEL യുമായി ചേർന്നുള്ള സംയുക്ത സംരംഭവും [BHEL Electrical Machines Ltd.] ഭെല്ലും കെല്ലിന്റെ കാസർഗോഡ് യൂണിറ്റുമായി ചേർന്നുള്ള സംയുക്ത സംരംഭവും കരാർ പ്രകാരമുള്ള വികസന പദ്ധതികൾ പൂർണ്ണതോതിൽ നടപ്പാക്കാത്തതിനാൽ വിഭാവനം ചെയ്തിരുന്ന നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും മുഖ്യ ഓഹരി പങ്കാളിത്തമുള്ള ഭെല്ലിന്റെ സഹായത്തോടുകൂടി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (KSIDC) കേന്ദ്ര

പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും (SAIL) കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡും (KMML) ചേർന്ന് സംയുക്ത മേഖലയിൽ 3000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 10,000 ടൺ ഉൽപ്പാദനശേഷിയുള്ള ഒരു ടൈറ്റാനിയം സ്പോഞ്ച് പദ്ധതി നടപ്പാക്കുന്നതിനായി 2013 ഏപ്രിൽ മാസം 4-ാം തീയതി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. തുടർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മേൽപ്പറഞ്ഞ മൂന്ന് സ്ഥാപനങ്ങളുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയും രൂപീകരിച്ചിരുന്നു. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ പദ്ധതിയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് മെക്കോൺ എന്ന സ്ഥാപനം മുഖേന നടത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പലതവണ കൂടുകയും പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിനായി സാങ്കേതികവിദ്യ തേടുന്നതിനുള്ള താൽപ്പര്യപ്രകടനം (EoI) ക്ഷണിക്കുവാനുള്ള തീരുമാനമെടുക്കുകയും ചെയ്തു.

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി പുതുതായി സംയുക്ത സംരംഭങ്ങൾ തുടങ്ങിയിട്ടില്ല.

ആലപ്പുഴയിലെ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണി വിപുലീകരിക്കുന്നതിനും ആധുനികവത്ക്കരണത്തിനും വേണ്ടി കേന്ദ്രപൊതുമേഖലാ സ്ഥാപനമായ HLL ലൈഫ് കെയർ ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭത്തിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽട്രോണും ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി ചേർന്ന് പ്രവൃത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്രസർക്കാർ സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമ്പോൾ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയുക്ത സംരംഭം, സഹകരണം എന്നിവയുടെ സാധ്യതകൾക്ക് മുൻഗണന നൽകാറുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പ്രത്യേകമായി പഠനം നടക്കുന്നില്ല.

## മലിനീകരണ നിയന്ത്രണം

15 (*45) ശ്രീ. എസ്. രാജേന്ദ്രൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ കാര്യത്തിൽ വിവിധ വകുപ്പുകളുമായി ഏകോപനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് വൻ ജനപങ്കാളിത്തമുണ്ടാക്കുന്ന തീർത്ഥാടന കേന്ദ്രങ്ങളിലും മറ്റും മലിനീകരണമുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുന്നതിനുള്ള പ്രവർത്തനം ഏകോപിപ്പിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൻതോതിൽ അന്തരീക്ഷ മലിനീകരണവും മറ്റും ഉണ്ടാകുന്ന തരത്തിൽ വിദ്യാലയപരിസരങ്ങളിലടക്കം പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ കത്തിക്കുന്നത് തടയുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കുടിവെള്ള വിതരണ പദ്ധതി വഴി മാലിന്യമുക്തമായ ജലമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്താറുണ്ടോ; വിശദമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണം നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കെ.എസ്.യു.ഡി.പി., കേരള വാട്ടർ അതോറിറ്റി, ശുചിത്വമിഷൻ എന്നീ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ശബരിമല തീർത്ഥാടനം, ആറ്റുകാൽ പൊങ്കാല, ആലുവ ശിവരാത്രി, മാരാമൺ കൺവെൻഷൻ തുടങ്ങി സംസ്ഥാനത്ത് വൻ ജനപങ്കാളിത്തമുണ്ടാകുന്ന തീർത്ഥാടനങ്ങളോടനുബന്ധിച്ച് മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ എല്ലാ വർഷവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും, ശുചിത്വ മിഷനും സ്വീകരിച്ചുവരുന്നു. തീർത്ഥാടന കാലത്ത് വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാരും സ്വീകരിച്ചിട്ടുണ്ട്.

(സി) മാലിന്യങ്ങൾ പൊതുസ്ഥലത്തും മറ്റും കത്തിക്കുന്നത് മുനിസിപ്പൽ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ പ്രകാരം നിരോധിച്ചിരിക്കുന്നു. മതിയായ മാലിന്യശേഖരണവും ശാസ്ത്രീയമായ നിർമ്മാർജ്ജനവും പല കോർപ്പറേഷനുകളിലും നഗരസഭകളിലും ഫലപ്രദമായി നടക്കാത്തതിനാൽ പൊതുനിരത്തുകളിൽ മാലിന്യങ്ങൾ കത്തിക്കുന്നത് തടയുന്നത് പൂർണ്ണമായും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. മുനിസിപ്പൽ സോളിഡ് വേസ്റ്റ്

സംസ്കരിക്കുന്നതിലെ പോരായ്മകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ഡി) ഉണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണശാലകളിൽ ശുദ്ധീകരിച്ചും ഇൻഫിൽട്രേഷൻ ഗ്യാലറികളിൽ നിന്നും ലഭ്യമാക്കുന്ന വെള്ളം ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ മുതലായവ ഉപയോഗിച്ച് അണുവിമുക്തമാക്കിയിട്ടുമാണ് വിതരണം ചെയ്യുന്നത്. ഇവ വിവിധ ശുദ്ധീകരണശാലകളിലെ ഗുണനിലവാര പരിശോധനാ ലാബുകളിൽ പരിശോധിച്ച് Central Public Health & Environmental Engineering Organisation (CPHEEO) അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയശേഷമാണ് വിതരണം ചെയ്യുന്നത്. ഇതിനുപുറമേ കേരള വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ ലാബുകളിൽ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ഗുണനിലവാര പരിശോധന നടത്താറുമുണ്ട്.

**അവിവാഹിതരായ ആദിവാസി അമ്മമാർ**

16 (*46) <u>ശ്രീ. മാത്യു റ്റി.തോമസ്</u>:
<u>ശ്രീമതി ജമീലാ പ്രകാശം</u>:
<u>ശ്രീ. സി. കെ. നാണു</u>:
<u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അവിവാഹിതരായ ആദിവാസി അമ്മമാരെ സംബന്ധിച്ച കണക്ക് സർക്കാരിന്റെ പക്കലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അവിവാഹിതരായ ആദിവാസി അമ്മമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 1051 അവിവാഹിതരായ ആദിവാസി അമ്മമാരാണുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ഇവരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽപ്പെട്ട ഭവന നിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് 2015-16 വർഷവും തുക അനുവദിക്കുകയും നിർമ്മാണം തുടർന്ന് വരികയുമാണ്. പുനരധിവാസ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇവയ്ക്കുപുറമെ പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് സ്നേഹസ്പർശം എന്ന പേരിൽ പെൻഷൻ പദ്ധതി സാമൂഹ്യനീതി വകുപ്പിലെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം അവിവാഹിതരായ അമ്മമാർക്ക് 1000 രൂപ പ്രതിമാസം പെൻഷൻ നൽകി വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് 2015-16-ൽ നടപ്പിലാക്കിയിട്ടുള്ള സ്വയംതൊഴിൽ പദ്ധതിയിൽ അവിവാഹിതരായ അമ്മമാർക്ക് മുൻഗണന നൽകി വരുന്നുണ്ട്.

## വ്യവസായത്തകർച്ച

17 (*47) ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയവും നിലപാടുകളും സംസ്ഥാനത്ത് പൊതുവെയും വ്യവസായ നഗരമായ എറണാകുളത്ത് പ്രത്യേകിച്ചും വ്യവസായങ്ങളെ തകർച്ചയിലെത്തിച്ചുവെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) വൻ പുരോഗതിയിലെത്തിക്കാവുന്ന വൻകിട വ്യവസായ സ്ഥാപനങ്ങളടക്കം കെടുകാര്യസ്ഥതയും നയവൈകല്യങ്ങളും കാരണമാണ് തകർച്ച നേരിടുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) വ്യവസായങ്ങളുടെ തകർച്ച സ്വകാര്യ മേഖലയിലടക്കം ജോലി ചെയ്യുന്ന തൊഴിലാളികളെ പട്ടിണിയിലേക്ക് തള്ളിവിടുകയാണെന്ന് ട്രേഡ് യൂണിയനുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിവേദനം നൽകിയിട്ടും വ്യവസായങ്ങളുടെ സംരക്ഷണത്തിന് യാതൊരു നടപടിയും സ്വീകരിച്ചില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയവും നിലപാടുകളുംമൂലം സംസ്ഥാനത്ത് പൊതുവേയും വ്യവസായ നഗരമായ എറണാകുളത്ത് പ്രത്യേകിച്ചും വ്യവസായത്തകർച്ച നേരിടുന്നുവെന്ന ആക്ഷേപം നിലവിലില്ല. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, സാങ്കേതികവിദ്യാ മാറ്റം, ഇറക്കുമതി ചെയ്യപ്പെടുന്ന സമാന ഉല്പ്പന്നങ്ങളിൽ നിന്നുമുള്ള മത്സരം, ആഗോളവത്ക്കരണത്തിന്റെ വിപണി മത്സരം എന്നിവ വൻകിട-ഇടത്തരം വ്യവസായങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം (MSME) സെക്ടറിന് 14 ശതമാനം വളർച്ചയുണ്ടായിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് 7,557 വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല 12,539 സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഇ.എം. പാർട്ട് I ഫയൽ ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായി വ്യവസായം നഗരമായ എറണാകുളത്ത് കിൻഫ്രയുടെ കാക്കനാട് കയറ്റുമതി അധിഷ്ഠിത വ്യവസായ പാർക്കും കളമശ്ശേരിയിലെ ഹൈടെക് പാർക്കും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഇതിലൂടെ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

(ബി&സി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനുവിപണിയിലെ മത്സരങ്ങൾ നേരിടുന്നതിനും ആവശ്യമായ സാമ്പത്തിക സഹായങ്ങളും മറ്റും നൽകി വരുന്നുണ്ട്. മാത്രമല്ല ഈ സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവത്കരണത്തിന് 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വ്യവസായ സംരക്ഷണത്തിനും തൊഴിലാളികളുടെ ഉന്നമനത്തിനും ഊന്നൽ നൽകിക്കൊണ്ട് സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഹൈസ്പീഡ് റെയിൽപാത നിർമ്മാണം

18 (*48) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്ക് വടക്ക് ഹൈസ്പീഡ് റെയിൽപാത നിർമ്മാണം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായിട്ടുണ്ടോ;

(ബി) എന്തൊക്കെ അടിസ്ഥാന കാരണങ്ങളാണ് അതിന് അനുകൂലമായി പരിഗണിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് വരുന്ന മുതൽമുടക്കിനെക്കുറിച്ചും സ്ഥല ലഭ്യതയെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ; ഫലം ആശാവഹമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) കേരളത്തിൽ നിലവിലുള്ള ഗതാഗത സംവിധാനങ്ങളിൽ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നത് റോഡ്, റെയിൽ ഗതാഗതത്തെയാണ്. ഇപ്പോഴുള്ള രണ്ടുവരി റെയിൽപ്പാത നൂറ് ശതമാനത്തിലധികം ഉപയോഗിച്ചുവരികയാണ്. എന്നാൽ ഈ പാതയിലുള്ള ധാരാളം വളവുകളും തിരിവുകളും കാരണം നൂറ് കിലോമീറ്ററിലധികം വേഗത അനുവദനീയമല്ല. രണ്ടുവരിപ്പാതയിലുള്ള റോഡുകളിൽ പത്തുമുതൽ പന്ത്രണ്ട് ശതമാനം വരെയുള്ള വാഹനങ്ങളുടെ വാർഷിക വർദ്ധനവ് കാരണം തിരക്ക് കൂടുന്നതിനാൽ യാത്രയ്ക്ക് കൂടുതൽ സമയവും വേണ്ടി വരുന്നു. കൂടാതെ മഴക്കാലത്ത് റോഡിന്റെ പ്രതലം മോശമാകുന്നതിനാൽ യാത്ര കൂടുതൽ ദുസ്സഹമായിത്തീരുന്നു. ഉടമസ്ഥർ സ്ഥലം വിട്ടുകൊടുക്കുന്നതിന് വിമുഖത കാണിക്കുന്നതിനാൽ നാഷണൽ ഹൈവേയുടെ വീതികൂട്ടൽ നടപടി എവിടെയുമെത്തിയിട്ടുമില്ല. ജലഗതാഗതം വളരെ ചെലവ് കുറഞ്ഞതാണെങ്കിലും യാത്രയ്ക്ക് കൂടുതൽ സമയം വേണ്ടതിനാലും നഗരങ്ങൾ തമ്മിൽ ബന്ധപ്പെടാനുള്ള സംവിധാനം ഇപ്പോൾ ഇല്ലാത്തതിനാലും അഭികാമ്യവുമല്ല. വിമാനയാത്ര വളരെ ചെലവ് കൂടിയതാണ്. കൂടാതെ എയർപോർട്ടിൽ നേരത്തെ റിപ്പോർട്ട് ചെയ്യേണ്ടതിനാലും, സുരക്ഷാ പരിശോധനയ്ക്കും ബോർഡിംഗിനും സമയമെടുക്കുന്നതു കൊണ്ടും നഗരകേന്ദ്രം എയർപോർട്ടിൽ നിന്നും താരതമ്യേന അകലെ സ്ഥിതി ചെയ്യുന്നതിനാലും ഒരു നഗരത്തിൽ നിന്നും മറ്റൊരു നഗരത്തിലേയ്ക്ക് എത്തുന്നതിന് വിമാനയാത്രയ്ക്കും കൂടുതൽ സമയം വേണ്ടിവരുന്നു. ഇതുകാരണം കേരളത്തിൽ കുറച്ചു യാത്രക്കാർ മാത്രമേ ഒരു നഗരത്തിൽ നിന്നും മറ്റൊരു നഗരത്തിലേയ്ക്ക് വിമാനയാത്ര ചെയ്യുന്നുള്ളൂ. ആയതിനാൽ ഭൂമിയുടെ ആവശ്യകത പരിമിതമായതും, പരിസ്ഥിതി സൗഹാർദ്ദപരവും താരതമ്യേന അപകടവും മലിനീകരണവും കുറഞ്ഞതുമായ അതിവേഗ റെയിലാണ് ഇതിനുള്ള പരിഹാരം.

(സി) പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തിയ ഡി.എം.ആർ.സി. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം പദ്ധതി ആശാവഹമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

നിർദ്ദിഷ്ട അതിവേഗ റെയിൽപ്പാത നിലവിലുള്ള റെയിൽ/നാഷണൽ ഹൈവേയിൽ നിന്നും മാറി അധികം ജനവാസമില്ലാത്ത സ്ഥലങ്ങളിലൂടെയാണ് കടന്ന് പോകുന്നത്. ജനവാസം കൂടിയ സ്ഥലങ്ങളിൽ ഭൂഗർഭത്തിലൂടെ ആയിരിക്കുമെന്നതിനാൽ അതിനായി സ്ഥലമേറ്റെടുക്കേണ്ട ആവശ്യമില്ല. അതിവേഗ റെയിൽപ്പാത കൂടുതൽ ഭാഗവും പില്ലറുകളിൽ സ്ഥാപിക്കുന്ന ഗർഡറുകളിലൂടെയാണ് കടന്ന് പോകുന്നത്. ആകെ ദൈർഘ്യത്തിന്റെ 10 മുതൽ 12 ശതമാനം വരെമാത്രമേ ഉപരിതലത്തിലൂടെ കടന്ന് പോവുകയുള്ളൂ. സ്റ്റേഷന്റെ സ്ഥലമൊഴിച്ച് മറ്റിടങ്ങളിൽ 20 മീറ്റർ വീതിയിൽ മാത്രമേ സ്ഥലം ഏറ്റെടുക്കേണ്ടതുള്ളൂ. അതിവേഗ റെയിലിന് എട്ടുവരിപ്പാതയിലൂടെ പോകുന്ന മോട്ടോർവാഹനങ്ങളുടെ കപ്പാസിറ്റിയുണ്ടായിരിക്കും. എന്നാൽ എട്ട് വരിപ്പാതയ്ക്ക് ഉദ്ദേശം 60 മുതൽ 80 മീറ്റർ വരെ വീതിയുള്ള സ്ഥലമാവശ്യമാണ്. ആയതിനാൽ റോഡുമായി താരതമ്യം ചെയ്യുമ്പോൾ അതിവേഗ റെയിൽപ്പാതമൂലം ബാധിക്കുന്ന ജനങ്ങളുടെ എണ്ണം 1/10 മാത്രമായിരിക്കും. തിരുവനന്തപുരം മുതൽ കണ്ണൂർ വരെ അതിവേഗ റെയിലിന്റെ യാത്രാസമയം രണ്ട് മണിക്കൂറായി കുറയുകയും റോഡിൽ ഇപ്പോൾ സംഭവിക്കുന്ന അപകടങ്ങൾ 50 ശതമാനത്തോളം കുറയുന്നതുമാണ്.

തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള അതിവേഗ റെയിൽപ്പാതയ്ക്ക് ഉദ്ദേശം 65000 കോടി രൂപ ചെലവ് വരുന്നതാണ്. അതിവേഗ റെയിൽ നടപ്പിലാക്കുന്നതിനുള്ള ചെലവ് ഭീമമാണെങ്കിലും അതിന്റെ മെയിന്റനൻസിന് ആവശ്യമായ ചെലവ് നിലവിലുള്ള റെയിൽവേയ്ക്ക് തുല്യമായിരിക്കുന്നതാണ്. ഇത് നടപ്പിലാക്കുന്നതിനാവശ്യമായ ചെലവിന്റെ 85 ശതമാനത്തോളം ജപ്പാൻ സർക്കാരിൽ നിന്നും സ്റ്റെപ്പ് ലോൺ ആയി ലഭിക്കാൻ സാദ്ധ്യതയുണ്ട്. ഇതിന്റെ ആവശ്യത്തിലേയ്ക്കായി 600 ഹെക്ടർ സ്ഥലം വേണ്ടി വരുന്നതാണ്. (സ്വകാര്യവ്യക്തിയുടെ 450 ഹെക്ടറും സർക്കാരിന്റെ 150 ഹെക്ടറും) നിർദ്ദിഷ്ട അതിവേഗ റെയിൽപ്പാത നിർമ്മാണത്തിൽ നിലവിലുള്ള 4000-ൽ താഴെ കെട്ടിടങ്ങളേയും 40,000 -ൽ താഴെ വൃക്ഷങ്ങളേയുമെ ബാധിക്കുകയുള്ളൂ.

**വൈദ്യുതി ചാർജ്ജ് കുടിശ്ശികയും വൈദ്യുതി വാങ്ങലും**

19 (*49) ശ്രീ. കെ. അജിത്:
ശ്രീ സി. ദിവാകരൻ:
ശ്രീമതി ഇ. എസ്.ബിജിമോൾ:
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലെ വൻകിട വ്യവസായ സ്ഥാപനങ്ങളും എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളും വൈദ്യുതി ബോർഡിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മൊത്തം എത്ര തുക ഈ ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം വൻ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി നിരക്ക് കൂടുതലായതിനാൽ അന്യസംസ്ഥാനത്തുള്ള വൈദ്യുതി ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങാൻ വൻകിട ഉപഭോക്താക്കൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ വൈദ്യുതി വാങ്ങുന്നതിന് എത്ര വൻകിടക്കാർക്ക് അനുമതി നൽകിയിട്ടുണ്ട്; ഇതിൽ പൊതുമേഖലയിൽ എത്ര വൻകിട ഉപഭോക്താക്കൾക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് ബോർഡ് എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പുറത്തു നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള അനുമതി (ഓപ്പൺ അക്സസ്) നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്.

| | |
|---|---|
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | 38.74 കോടി രൂപ |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 170.79 കോടി രൂപ |
| കേരള വാട്ടർ അതോറിറ്റി | 576.45 കോടി രൂപ |
| ആകെ | 785.98 കോടി രൂപ |

(ബി) കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾ/സ്ഥാപനങ്ങൾ എന്നിവയുടെ വൈദ്യുതിബന്ധം വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികൾ നടത്തുകയും, അത്തരം നടപടിക്രമം ത്വരിതപ്പെടുത്തി കുടിശ്ശിക ഈടാക്കുകയുമാണ് ചെയ്യുന്നത്. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകളിൽ കോടതിയുടെ ഉത്തരവിന് അനുസൃതമായി മാത്രമേ കുടിശ്ശിക തുക ഈടാക്കുവാൻ സാധിക്കുകയുള്ളൂ. കുടിശ്ശിക ഈടാക്കുവാൻ, സാധാരണയായി വൈദ്യുതിബന്ധം വിച്ഛേദിക്കുക, കുടിശ്ശിക തുക അടയ്ക്കുവാൻ തവണ വ്യവസ്ഥ അനുവദിക്കുക, ഒറ്റത്തവണ തീർപ്പാക്കൽ നടത്തുക എന്നീ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) വൈദ്യുതിനിരക്ക് കൂടുതലായതിനാൽ അന്യസംസ്ഥാനത്തുള്ള വൈദ്യുതി ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങാൻ വൻകിട ഉപഭോക്താക്കൾക്ക് അനുമതി നൽകിയിട്ടില്ല. എന്നാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻകണക്ടിവിറ്റി ആന്റ് ഇൻട്രാ സ്റ്റേറ്റ് ഓപ്പൺ ആക്സസ് റെഗുലേഷൻ 2013 പ്രകാരം ലൈനിന് ശേഷിയുണ്ടെങ്കിൽ പുറമെ നിന്നും വൈദ്യുതി

വാങ്ങാവുന്നതാണ്. മേൽ റെഗുലേഷൻ പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ അപേക്ഷയിന്മേൽ ഓപ്പൺ ആക്സസ് അനുവദിക്കുന്നുണ്ട്. ഇതിനായി വൻകിട ഉപഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ടി റഗുലേഷന് അനുസൃതമായി വൈദ്യുതി ബോർഡ് സമയബന്ധിതമായി അനുമതി നൽകി വരുന്നു. എസ്.എൽ.ഡി.സി-യിൽ നിന്ന് ഓപ്പൺ ആക്സസിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള ഉപഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പ്രസരണ ശൃംഖലയുടെ ശേഷിയേക്കാൾ കൂടുതൽ വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരേണ്ടതായ സാഹചര്യമുണ്ടായാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻകണക്ടിവിറ്റി ആന്റ് ഇൻട്രാസ്റ്റേറ്റ് ഓപ്പൺ ആക്സസ് റെഗുലേഷൻ 2013 പ്രകാരം സംസ്ഥാനത്തിന് അകത്തുനിന്നും പുറമെനിന്നും വൈദ്യുതി വാങ്ങുന്നതിനും വിൽക്കുന്നതിനും (ഡിസ്ട്രിബ്യൂഷൻ ലൈസൻസിയെ പരിഗണിച്ചശേഷം) ഉപഭോക്താക്കൾക്ക് ഓപ്പൺ ആക്സസ് അനുമതി നൽകി വരുന്നുണ്ട്. ഇത് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല.

## ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം

20 (*50) ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റ്റി. യു. കുരുവിള:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സംയോജിത പ്രവർത്തനം പ്രാബല്യത്തിൽ വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

- വിദ്യാഭ്യാസപരമായി പട്ടികവർഗ്ഗ വിഭാഗത്തിന് പുരോഗതി കൈവരിക്കാനാകുന്നുവെന്ന് വിവിധ യോഗ്യത നേടുന്നവരുടെ എണ്ണം തെളിയിക്കുന്നു.

- ഭൗതിക പശ്ചാത്തല മേഖലകളിലും സാമ്പത്തിക മേഖലകളിലും പുരോഗതി കൈവരിക്കുന്നതിനായി വാസയോഗ്യമായ വീട്, സഞ്ചാര യോഗ്യമായ റോഡ്, പാലം, വൈദ്യുതീകരണം, കുടിവെള്ളം എത്തിക്കൽ, കമ്മ്യൂണിറ്റി ഹാൾ, സഹായി സെന്ററുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളും സ്വയംതൊഴിൽ പദ്ധതികളും വരുമാനദായക സംരംഭങ്ങളും സൃഷ്ടിക്കുവാനായിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ ബഡ്ജറ്റ് വിഹിതവും പുരോഗതിയും ചുവടെ ചേർത്തിരിക്കുന്നു:

| വർഷം | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതി വിഹിതം (ലക്ഷം രൂപ) | പദ്ധതി പുരോഗതി (ലക്ഷം രൂപ) | ശതമാനം |
|---|---|---|---|
| 2011-12 | 16263.02 | 15316.76 | 94.18 |
| 2012-13 | 19650.76 | 19500.21 | 99.23 |
| 2013-14 | 29980.1 | 29092.21 | 97.04 |
| 2014-15 | 46449.2 | 40992.4 | 88.1 |
| 2015-16 (31-1-2016) | 46366.34 | 31958.59 | 68.93 |

ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

- കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ഗ്രാന്റ് ഇൻ എയിഡ് അണ്ടർ ആർട്ടിക്കിൾ 275(1), പ്രത്യേക കേന്ദ്രസഹായ പദ്ധതി എന്നീ പദ്ധതികളിലുൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ സാമ്പത്തികോന്നമന പരിപാടികൾക്കും സമഗ്ര വികസനത്തിനും ഉതകുംവിധം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയുള്ള വികസനത്തിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി:- പട്ടികവർഗ്ഗ പുനരധിവാസ മിഷൻ മുഖേന 2013-14 വർഷത്തിൽ ആരംഭിച്ച ടി പദ്ധതിയിൽ നാളിതുവരെ 524 ഗുണഭോക്താക്കൾക്ക് 184.901 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടി പദ്ധതി തുടർ പദ്ധതിയായി നടപ്പിലാക്കിവരുന്നു.

- സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി :- 2014-15 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്ക് പ്രകാരം സംസ്ഥാനത്ത് 30308 ഭവന രഹിതരും ഭവന നിർമ്മാണത്തിന് സ്ഥലസൗകര്യമുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതിൽ മുഴുവൻ പേർക്കും മിഷൻ 676 പദ്ധതിയിലൂടെ വിവിധ പദ്ധതികൾ വഴി വീട് അനുവദിച്ച് (വീട് ഒന്നിന് 3.50 ലക്ഷം രൂപ നിരക്കിൽ) ഭവന നിർമ്മാണ പദ്ധതി ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു.

- ഹാംലെറ്റ് വികസന പദ്ധതി:- പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയും ക്ലേശഘടകങ്ങളേയും മുൻനിർത്തി 2013-14 വർഷം മുതൽ നാളിതുവരെ 47 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയ്ക്കും 100 ലക്ഷം രൂപ ചെലവിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

- നബാർഡ്: പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി 189 റോഡുകളും 5 പാലങ്ങളും നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയ 181.71 കോടി രൂപയിൽ മൊബിലൈസേഷൻ അഡ്വാൻസ് തുക അനുവദിക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

- ജനനി ജന്മ രക്ഷ: 2013-14 വർഷം മുതൽ ആരംഭിച്ച ടി പദ്ധതിയിൽ ഗർഭിണിയായി മൂന്നാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സുവരെ (18 മാസത്തേയ്ക്ക്) പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. നാളിതുവരെ 11850 പേർക്ക് ടി സഹായം ലഭിച്ചു.

- സമഗ്ര ആരോഗ്യപരിപാലനത്തിന്റെ ഭാഗമായി ചികിൽസാ ധനസഹായം നൽകി വരുന്നു. പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് എന്നിവയും നടപ്പിലാക്കിവരുന്നു.

- സിക്കിൾസെൽ അനീമിയ ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചിരുന്നത് 1-1-2016 മുതൽ 2000 രൂപയായി വർദ്ധിപ്പിച്ചു. നാളിതുവരെ 593 പേർക്ക് ധനസഹായം നൽകിവരുന്നു.

- മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി എല്ലാ എം.ആർ.എസ്/ ആശ്രമസ്കൂൾ/ഹോസ്റ്റലുകൾ എന്നിവയുടെ നടത്തിപ്പ്, സ്കോളർഷിപ്പുകൾ എന്നിവ നടപ്പിലാക്കിവരുന്നു.

- ഗോത്ര സാരഥി: - 2013-14 വർഷത്തിൽ ആരംഭിച്ച ടി പദ്ധതിയിൽ നാളിതുവരെ 30,000 കുട്ടികൾക്ക് യാത്രാസൗകര്യം നൽകിവരുന്നു.

- പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്തുവരുന്നു. നാളിതുവരെ 979 കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

- കൈതാങ്ങ്:- 2013-14 വർഷത്തിൽ ആരംഭിച്ച ടി പദ്ധതിയിൽ നാളിതുവരെ 979 കുട്ടികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

- എ.റ്റി.എസ്.പി:- 2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 14 ബ്ലോക്ക്/ പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 13,575 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

- 2015-16 വർഷത്തിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 65 കോടി രൂപ ചെലവിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

- പ്രാക്തന ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ വികസന പ്രവർത്തനങ്ങൾ.

പതിമൂന്നാം ധനകാര്യ കമ്മിഷൻപ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി 148 കോടിയും കൺസർവേഷൻ കം ഡെവലപ്മെന്റ് പ്ലാൻ (സി.സി.ഡി.) പദ്ധതി വഴി ലഭിച്ച 12 കോടി രൂപ ഉൾപ്പെടെ 160 കോടി രൂപ ചെലവഴിച്ച് 2018 പേർക്ക് ഭവന നിർമ്മാണം ഉൾപ്പെടെ വിവിധ വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ പൂർത്തീകരണ വേളയിലാണ്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് പട്ടികവർഗ്ഗക്കാർക്കായി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതെങ്കിലും ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം കൂടി സാധ്യമാക്കുന്നുണ്ട്.

(സി) ആദിവാസികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി യോജിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തി വരികയാണ്.

## ജനനി ജന്മരക്ഷ പദ്ധതി

21 (*51) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനനി ജന്മരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ793/2013/പജപവവിവ. തിരുവനന്തപുരം തീയതി 18-6-2013 പ്രകാരം 2013 ജൂൺ മാസം മുതൽ എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസനവകുപ്പ് ജനനി ജന്മരക്ഷ എന്ന പദ്ധതി നടപ്പാക്കി വരുന്നു. 11-8-2013-ന് അട്ടപ്പാടിയിൽ വച്ച് ഔദ്യോഗികമായി ടി പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടു. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഗർഭാവസ്ഥയുടെ മൂന്നാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി വരുന്നു. ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) ജനനി ജന്മരക്ഷ പദ്ധതിയിൽ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിന് മാനദണ്ഡം നിശ്ചയിക്കുകയും 2225-02-282-89 ജനനി ജന്മരക്ഷ പദ്ധതി (പ്ലാൻ) ശീർഷകം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിക്കുകയും ചെയ്തു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ വിവിധ ജില്ലകളിൽ നിന്നും വരുന്ന ഗുണഭോക്താക്കളുടെ പട്ടികകൾ ക്രോഡീകരിച്ച് ഇന്ത്യൻ പോസ്റ്റൽ വകുപ്പ് മുഖേന മണിയോർഡറായി ഗുണഭോക്താക്കൾക്ക് തുക അയച്ചു നൽകുന്നു. ജനനി ജന്മരക്ഷ പദ്ധതി പ്രകാരം 2013-14, 2014-15 കാലയളവിൽ സർക്കാർ അനുവദിച്ച തുക ഇന്ത്യൻ പോസ്റ്റൽ വകുപ്പ് മുഖേന മണിയോർഡറായി അയച്ചു നൽകിയിരുന്നു. എന്നാൽ ഏതാനും മണിയോർഡറുകൾ വിവിധ കാരണത്താൽ മടങ്ങി വരികയും നിശ്ചിത സമയപരിധിക്കുള്ളിൽ എല്ലാ ഗുണഭോക്താക്കൾക്കും തുക അയയ്ക്കാൻ പറ്റാത്ത സാഹചര്യം നിലവിൽ വന്നപ്പോൾ 2015-16 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ച തുക ജില്ലാ ഓഫീസർമാർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് അലോട്ട്മെന്റ് നൽകി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി ചുവടെ ചേർത്തിരിക്കും പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷം 115 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് Additional Authorization മുഖേന 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷം 100 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി അനുവദിക്കുകയും തുടർന്ന് റീ-അപ്രോപ്രിയേഷനിലൂടെ 50 ലക്ഷം രൂപ അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 655 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

## ഇ-ഓഫീസ് സംവിധാനം

22 (*52) ശ്രീ. കെ. അച്ചുതൻ:
ശ്രീ. ആർ. സെൽവരാജ്:
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലും എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ നിലവിൽ 33 വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും മറ്റു പതിനഞ്ചോളം ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ കളക്ടേറ്റിൽ പദ്ധതി നിലവിൽ വന്നുകഴിഞ്ഞു.

(ബി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഇതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നത്. പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥൻമാരെ പ്രാപ്തരാക്കുക.
2. മേൽ ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ട ചുമതലാനിർവ്വഹണം എളുപ്പമാക്കുക.
3. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുക.
4. ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുക.
5. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേലുദ്യോഗസ്ഥന് ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുക.
6. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുക.
7. റെക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാക്കുക.
8. ഇ-ഓഫീസ് പൂർണ്ണമായും നിലവിൽ വരുന്നതോടെ സ്റ്റേഷനറി, പ്രിന്റർ തുടങ്ങിയ ഇനത്തിൽ ചെലവു കുറയ്ക്കുക.

9. ഫയലിലെ തീരുമാനങ്ങൾ കാലതാമസമില്ലാതെ ജനങ്ങളെ അറിയിക്കാനുള്ള സൗകര്യമൊരുക്കുക.

10. ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

11. ശുചിത്വ പൂർണ്ണമായ ആധുനിക സർക്കാർ ഓഫീസുകൾ.

(സി) ഇ-ഓഫീസ് പദ്ധതിയുടെ നടത്തിപ്പിനായി ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപവത്ക്കരിക്കുകയും എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ടി വകുപ്പിൽ നിന്നു തന്നെയുള്ള ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇ-ഓഫീസ് പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി വിവര സാങ്കേതികവിദ്യാ വകുപ്പ് അവലോകന യോഗങ്ങൾ നടത്താറുണ്ട്. ഇ-ഓഫീസ് ആദ്യഘട്ടത്തിൽ നടപ്പാക്കിയ സെക്രട്ടേറിയറ്റിലും രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുന്ന റവന്യൂ വകുപ്പിലും ഐ.ടി. (വെർച്വൽ) കേഡർ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. ഇ-ഓഫീസ് ഉൾപ്പെടയുള്ള ഇ-ഗവേണൻസ് പദ്ധതികൾ ജീവനക്കാരെ വിശ്വാസത്തിലെടുത്ത് സുഗമമായി നടപ്പിലാക്കുകയെന്നതാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം. പദ്ധതി നടപ്പാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ, ഡിജിറ്റൽ സിഗ്നേച്ചർ, വെർച്ച്വൽ പ്രൈവറ്റ് നെറ്റ്‌വർക്ക് എന്നിവ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ മുഖേന അനുവദിച്ചുനൽകുന്നു. സോഫ്റ്റ്‌വെയർ വികസിപ്പിച്ച NIC-യാണ് പദ്ധതിക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകിവരുന്നത്. ജീവനക്കാർക്ക് ഇ-ഓഫീസ് കൈകാര്യം ചെയ്യുന്ന സമയത്ത് വരുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഹാൻഡ് ഹോൾഡിംഗ് സപ്പോർട്ടിംഗ് സ്റ്റാഫിന്റെ സേവനവും നൽകിയിട്ടുണ്ട്. ഇ-ഓഫീസ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വിവര സാങ്കേതിക വകുപ്പ് സമയാസമയങ്ങളിൽ നൽകി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 20-8-2015 ലെ സ.ഉ.(പി) നമ്പർ27/20155/ITD പ്രകാരം ഇ-ഓഫീസിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പുമായി കൂടിയാലോചിച്ച് സെക്രട്ടേറിയറ്റ് ഓഫീസ് മാനുവൽ അനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുവാൻ എൻ.ഐ.സി-ക്ക് യഥാസമയം നിർദ്ദേശം നൽകുകയും അതനുസരിച്ചുള്ള മാറ്റങ്ങൾ സോഫ്റ്റ്‌വെയറിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

23 (*53) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. എം. ഉമ്മർ:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നല്കാമോ;

(ബി) ഇതിന്റെ ഭാഗമായി ബോർഡ് വക റിസർവോയറുകളിലെ ജലപ്പരപ്പിൽ ഫ്ലോട്ടിംഗ് പാനലുകൾ സ്ഥാപിച്ച് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതുപ്രകാരം നടപ്പാക്കിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി സൗരോർജ്ജ രംഗത്ത് അനെർട്ട് ആവിഷ്കരിച്ച, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളും കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) 10KWp ശേഷിയുള്ള ഒരു ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് വയനാട് ജില്ലയിലെ ബാണാസുരസാഗർ ഡാമിന്റെ റിസർവോയറിൽ സ്ഥാപിച്ചിട്ടുണ്ട്. എനർജി ഇന്നവേഷൻ സോണിലൂടെ (EIZ) സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 'വാത്സ എനർജി' എന്ന സ്ഥാപനമാണ് ഇത് സ്ഥാപിച്ചത്. ഇതുകൂടാതെ, ഈ റിസർവോയറിൽ 500 KWp ശേഷിയുള്ള ഒരു ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി അഡ്ടെക്ക് സിസ്റ്റംസ് എന്ന കമ്പനിയ്ക്കാണ് 9.245 കോടി രൂപയ്ക്ക് കരാർ നൽകിയിരിക്കുന്നത്. 7,05,680 യൂണിറ്റ് വൈദ്യുതിയാണ് പ്രതിവർഷം ഇവിടെനിന്നും ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഊർജ്ജ ഉല്പാദനം

24 (*54) ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. സി.കെ. സദാശിവൻ:
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ; ഇതിൽ ലക്ഷ്യം നേടാൻ സാധിച്ചിട്ടില്ലാത്തത് എത്ര മെഗാവാട്ട് ആണ് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനും ഉപഭോക്താവിനും സാമ്പത്തികഭാരം ഏല്പിക്കാത്ത തരത്തിൽ ഊർജ്ജ ഉല്പാദന ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് നിർമ്മാണം നടന്നു വന്നിരുന്ന 9 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുക വഴി 136.75 മെഗാവാട്ടും പിന്നീട് നിർമ്മാണം ആരംഭിച്ച 6 പദ്ധതികൾ വഴി 63.6 മെഗാവാട്ടും പുനരുദ്ധാരണ നവീകരണ പദ്ധതികൾ വഴി 9 മെഗാവാട്ടും ചേർന്ന് ആകെ 209.35 മെഗാവാട്ടാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 166.60 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം, വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനുള്ള താമസം, പൊതുജനങ്ങളുടെ എതിർപ്പ്, പദ്ധതി നടപ്പിലാക്കുമ്പോൾ നേരിടുന്ന വിവിധ സാങ്കേതിക ബുദ്ധിമുട്ടുകൾ, ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവ് എന്നിവയാണ് ഊർജ്ജ ഉല്പാദനമേഖലയിൽ പ്രതീക്ഷിച്ച ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ലക്ഷ്യമിട്ട പദ്ധതികളിൽ നിന്നൊന്നും തന്നെ ഉത്പാദനം സാദ്ധ്യമായിട്ടില്ല. പദ്ധതികൾ തുടങ്ങുന്നതിന് മുന്നോടിയായുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്.

## സൗരഗൃഹ പദ്ധതി

25 (*55) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. എം. ഹംസ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം 10,000 വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ടും അതിലധികവും ശേഷിയുള്ള സൗര വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുവാനും ഇവയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നല്കാനും ബഡ്ജറ്റിൽ പ്രഖ്യാപിച്ച സൗരഗൃഹ പദ്ധതിയുടെ നിജസ്ഥിതി വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എത്ര കിലോവാട്ട് വൈദ്യുതിയായിരുന്നു ഇതിലൂടെ ലക്ഷ്യമിട്ടിരുന്നത്; ലഭിച്ചത് എത്രയാണ്;

(സി) സോളാർ പദ്ധതിയുടെ പേരിൽ ഉണ്ടായ തട്ടിപ്പുകളുടെ ഭാഗമായി പദ്ധതി നിർവ്വഹണം പരാജയപ്പെടാനിടയായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) തട്ടിപ്പുകാർക്ക് ജനങ്ങളിൽ നിന്നും കോടിക്കണക്കിന് തുക തട്ടിപ്പ് നടത്തുന്നതിന് സഹായകരമായിട്ടാണ് സർക്കാർ പദ്ധതിയും സോളാർ നയവും നടപ്പിലാക്കാൻ ശ്രമിച്ചിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10000 സൗരഗൃഹ പദ്ധതി ശൃംഖലാ ബന്ധിത പദ്ധതിയല്ല. കേരളത്തിലുടനീളമുള്ള പതിനായിരം വീടുകളിലായി സ്വന്തം ഉപയോഗത്തിന് മാത്രമായി ഒരു കിലോവാട്ടിന്റെ പവർ പ്ലാന്റുകൾ സ്ഥാപിക്കുക വഴി സംസ്ഥാനത്തിന്റെ സ്ഥാപിതശേഷി 10 മെഗാവാട്ട് കൂടി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 10000 സൗരഗൃഹ പദ്ധതിപ്രകാരം നിലവിൽ 18200-ൽ അധികം അപേക്ഷകൾ ലഭിക്കുകയും ഇതിൽ അനുമതി ലഭിച്ച 8500-ൽ അധികം ഭവനങ്ങളിൽ പവർപ്ലാന്റുകൾ സ്ഥാപിച്ച് 8.5 മെഗാവാട്ടിലധികം സ്ഥാപിത ശേഷി കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 10 മെഗാവാട്ട് ലക്ഷ്യത്തോടെ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതി ഇതുവരെയായി 8.5 മെഗാവാട്ടിലധികം കൈവരിച്ച് ലക്ഷ്യത്തോടടുക്കുകയാണ്.

(സി) ഇല്ല. അനെർട്ടിന്റെ സൗരഗൃഹ പദ്ധതി വഴി പ്രതിഷ്ഠാപനങ്ങൾ ആരംഭിച്ചശേഷം ജനങ്ങളിൽ നിന്നും നല്ല പ്രതികരണങ്ങൾ ലഭിച്ചുതുടങ്ങിയതോടെ ഈ പദ്ധതി പ്രകാരം 18200-ൽ അധികം അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇവ പരിശോധിച്ച് നിലവിൽ 8500-ൽ അധികം ഭവനങ്ങളിൽ ഒരു കിലോവാട്ട് പവർപ്ലാന്റുകൾ സ്ഥാപിച്ച് ഏകദേശം 8.5 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതി 2015-16 കാലയളവിൽതന്നെ വിജയകരമായി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) ഇല്ല.

**കളിമൺ വ്യവസായ സ്ഥാപനങ്ങൾ**

26 (*56) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കളിമൺ ഉപയോഗിച്ച് പ്രവൃത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ അടച്ചുപൂട്ടലിന്റെ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ നിലനിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങൾ സമാനസ്വഭാവമുള്ള വ്യവസായങ്ങളുമായി സംയോജിപ്പിച്ചാൽ പ്രതിസന്ധിയിൽ നിന്നും കരകയറാനുള്ള സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ;

(ഇ) കളിമൺ ഉപയോഗിച്ച് പ്രവൃത്തിക്കുന്നതും തകർച്ച നേരിടുന്നതുമായ സ്ഥാപനങ്ങൾ സമാന സ്വഭാവത്തിലുള്ളതുമായി ലയിപ്പിക്കുകയോ മറ്റ് തരത്തിൽ സഹകരിപ്പിക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങൾ മറ്റ് പൊതുമേഖലാ സ്ഥാപനവുമായി സംയോജിപ്പിച്ച് സംരക്ഷിക്കുന്നതിൽ നിലപാട് വ്യക്തമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ കളിമൺ (ചൈനാക്ലേ) പ്രധാന അസംസ്കൃതവസ്തുവായി പ്രവൃത്തിക്കുന്ന രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളാണ് കൊല്ലം ജില്ലയിൽ കുണ്ടറയിൽ പ്രവൃത്തിക്കുന്ന കേരള സിറാമിക്സ് ലിമിറ്റഡും കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരിയിൽ പ്രവൃത്തിക്കുന്ന കേരള ക്ലേസ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡും. ഇതിൽ കുണ്ടറ സിറാമിക്സിന്റെ പ്രധാന അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ (ചൈനാക്ലേ) ലഭ്യതക്കുറവ് ഉൽപ്പാദനശേഷിയെ ബാധിച്ചിട്ടുണ്ട്. എന്നാൽ കണ്ണൂർ ക്ലേസ് ആന്റ് സിറാമിക്സിൽ മലിനീകരണപ്രശ്നത്തിൽ സമീപവാസികളുടെ ശക്തമായ എതിർപ്പുമൂലം ചൈനാക്ലേയുടെ ഖനനം താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത് കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) കേരള സിറാമിക്സ് ലിമിറ്റഡിന് ആവശ്യമായ ചൈനാക്ലേ ലഭ്യമാക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കേരളാ സിറാമിക്സിന്റെ പുനരുദ്ധാരണ പദ്ധതിക്കായി സർക്കാർ 1019.27 ലക്ഷത്തിന് ഭരണാനുമതി നൽകുകയും ആയതിൽ 2013-14 ലെ വിഹിതമായ 861 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സമീപവാസികളുടെ എതിർപ്പുമൂലം പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന കണ്ണൂർ ക്ലേസ് ആന്റ് സിറാമിക്സിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് യൂണിയനുകളുടെയും സമീപവാസികളുടെയും സംയുക്തയോഗങ്ങൾ സർക്കാർതലത്തിൽ നടത്തി പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. ഇതോടൊപ്പം തന്നെ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനുള്ള ഒരു പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. കണ്ണൂർ ക്ലേയ്സ് ആന്റ് സിറാമിക്സിന് ഒറ്റത്തവണ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്.

(ഡി&ഇ) സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയോജന സാധ്യത പരിശോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പരമ്പരാഗത വ്യവസായമേഖല**

27 (*57) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. എളമരം കരീം :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പരമ്പരാഗത വ്യവസായമേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിൽ യാതൊരു നടപടിയും സ്വീകരിക്കുന്നതിന് ഈ സർക്കാരിനായിട്ടില്ല എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) പരമ്പരാഗത വ്യവസായ മേഖലയിലെ തകർച്ച തുടരുന്നത് കാരണം പ്രസ്തുത മേഖലയെ മാത്രം ആശ്രയിച്ച് കഴിയുന്നവരുടെ ജീവിതപ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ നിലവിലെ അവസ്ഥ വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ ഉൽപ്പാദനവും ഗുണമേന്മയും വർദ്ധിപ്പിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നു. പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ 10 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം അനുവദിച്ചു. കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു. ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക്

സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളെയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്.

(ബി&സി) ആക്ഷേപം ശരിയല്ല. പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനും ഈ മേഖലയെ ആശ്രയിച്ച് കഴിയുന്നവരുടെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനുമായി ഒട്ടേറെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവും ഇൻകം സപ്പോർട്ട് സ്കീമും വഴി വേതന വർദ്ധനവ് വരുത്തി തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുന്നതിന് പദ്ധതികൾ നടപ്പാക്കി വരുന്നു. കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതിപ്രകാരം പുതിയ നെയ്ത്ത് തൊഴിലാളികളെ ഈ മേഖലയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനവും സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകുന്നുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകി വരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവൃത്തിപ്പിക്കുകയും ചെയ്തുവരുന്നു. ഈ നടപടികളുടെ ഫലമായി കൈത്തറിമേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും ഉൽപാദനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച റിവൈവൽ, റിഫോംസ് ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗ നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. കശുവണ്ടിമേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപ്പെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന് പ്രവർത്തന മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിനായി സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്.

കയർ മേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം അനുവദിച്ചു. കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു. കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു. കയറും കയർ ഉൽപ്പന്നങ്ങളുടേയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം, പ്രത്യേക നിക്ഷേപ സഹായം പദ്ധതിയിലൂടെ സബ്സിഡി എന്നിവ നൽകുന്നു. വിലവ്യതിയാനം പരിഹരിക്കുന്നതിനായി ധനസഹായം നൽകുന്നു.

പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ പത്തുകോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കരകൗശല മേഖലയിൽ പണിയെടുക്കുന്ന വിദഗ്ദ്ധരായ തൊഴിലാളികളെ ആരോഗ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വാർഷിക പ്രീമിയത്തിന്റെ ഒരു വിഹിതം വഹിക്കുന്നത് സർക്കാരാണ്. ഈ മേഖലയിലെ പ്രായമായ വിദഗ്ദ്ധത്തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ പദ്ധതി നടപ്പാക്കിവരുന്നു. ദേശീയ പിന്നോക്കവിഭാഗ സാമ്പത്തിക വികസന കോർപ്പറേഷന്റെയും സംസ്ഥാന സർക്കാരിന്റെയും ആഭിമുഖ്യത്തിൽ കുറഞ്ഞ പലിശനിരക്കിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി വായ്പ അനുവദിച്ചുവരുന്നു. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്കും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാനസൗകര്യവികസനം, ഉല്പ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നു. കേരള ആർട്ടിസൻസ് ഡെവലപ്പമെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികൾക്കായി കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ മുഖാന്തരം മിനിമം വേതനം പദ്ധതി നടപ്പാക്കിവരുന്നു. ഈറ്റശേഖരണ വിതരണ മേഖലയുടെ നവീകരണ പ്രവർത്തനങ്ങൾക്കും ബാംബു ടൈൽ ഫാക്ടറിയുടെ നവീകരണത്തിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

ഖാദിമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദിസഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദിമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദിതുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് പത്ത് ശതമാനം റിബേറ്റും ഉത്സവകാലങ്ങളിൽ പത്ത് ശതമാനം അധികറിബേറ്റും നൽകിവരുന്നു. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദിവസ്തുങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## കൊച്ചി മെട്രോ സർവ്വീസ്

28(T*58) ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്, വ്യക്തമാക്കുമോ ;

(ബി) കൊച്ചി മെട്രോ സർവ്വീസ് ആരംഭിക്കുന്നത് മുന്നിൽ കണ്ടുകൊണ്ട് എന്തെല്ലാം അനുബന്ധ സജ്ജീകരണങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കൊമേഴ്സ്യൽ സർവ്വീസ് എന്നു മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) 2016 ജനുവരി 23-ന് കൊച്ചി മെട്രോ റെയിലിന്റെ ടെസ്റ്റ് റൺ വിജയകരമായി നടത്തുകയുണ്ടായി. പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഇനി 0.026 ഹെക്ടർ ഭൂമി മാത്രമേ ഏറ്റെടുക്കാനുള്ളൂ. വയാഡക്ടിന്റെ 740 സ്പാനുകളിൽ 538 സ്പാനുകളുടെ സിവിൽ ജോലികൾ പൂർത്തിയായി കഴിഞ്ഞു.

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ട്രയൽ റണ്ണിനു വേണ്ടിയുള്ള ജോലികൾ പുരോഗമിക്കുന്നു. ട്രാക്കുകൾ സ്ഥാപിക്കുന്ന ജോലികളും പുരോഗമിക്കുന്നു.

(ബി) ഒരു പേപ്പർ/ഇലക്ട്രോണിക് ടിക്കറ്റിൽ തന്നെ വിവിധ യാത്രാ മാർഗ്ഗങ്ങളിൽ ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ കൊച്ചിയിലെ ഗതാഗത സംവിധാനം പുനഃക്രമീകരിക്കുകയെന്നതാണ് KMRL വിഭാവനം ചെയ്യുന്നത്. യാത്രക്കാർക്ക് സുഗമമായ ഒരു യാത്രാ സംവിധാനത്തിൽ നിന്നും മറ്റൊരു യാത്രാസംവിധാനത്തിലേക്ക് കടക്കാനും ഒരു പൊതു സമയക്രമത്തിന്റെ അടിസ്ഥാനത്തിൽ യാത്ര മുൻകൂട്ടി ആസൂത്രണം ചെയ്യുവാനും ഇതുമൂലം സാധിക്കും. മെട്രോ സംവിധാനവുമായി ബന്ധിപ്പിക്കുന്ന നടപ്പാതകളും സൈക്കിൾപ്പാതകളും പാർക്കിംഗ് സംവിധാനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്നുണ്ട്. ഇതിനുപുറമെ ദ്വീപുകളെ മെട്രോ സംവിധാനവുമായി ബന്ധിപ്പിക്കുന്ന സംയോജിത ജലഗതാഗത പദ്ധതിക്കായും KMRL രൂപം നൽകിയിട്ടുണ്ട്.

(സി) കൊമേഴ്സ്യൽ സർവ്വീസ് ഭാഗികമായി 2016 നവംബർ 1-ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

**തീവണ്ടി യാത്രാസൗകര്യം**

29 (*59) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങി സംസ്ഥാന റെയിൽവേയുടെ വർഷങ്ങളായി തുടരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സുഗമമായ യാത്രയ്ക്ക് അത്യന്താപേക്ഷിതമായ പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാദ്ധ്യമാകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ചാർജ്ജ് വർദ്ധനയിലൂടെയും മറ്റ് തരത്തിലും യാത്രക്കാർക്ക് വൻഭാരം അടിച്ചേല്പിക്കുമ്പോഴും സംസ്ഥാനത്തെ തീവണ്ടിയാത്രക്കാർക്ക് മിനിമം യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് സാദ്ധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച തടസ്സങ്ങൾ, അലൈൻമെന്റ് സംബന്ധിച്ച വിഷയങ്ങൾ, നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണെടുക്കുന്നതും കൊണ്ടുപോകുന്നതും സംബന്ധിച്ച് പൊതുജനങ്ങളുടെ എതിർപ്പ്, കോടതി വ്യവഹാരങ്ങൾ തുടങ്ങിയവ റെയിൽവേ വികസനത്തെ ബാധിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. സംസ്ഥാനത്തെ റെയിൽവേയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനങ്ങളൊന്നുമില്ല. എന്നാൽ കേരളത്തിലെ എം.പി.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവേ പദ്ധതികൾ സംബന്ധിച്ച് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ എല്ലാവർഷവും ക്രോഡീകരിച്ച് പ്രത്യേക യോഗം ചേർന്ന് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം തയ്യാറാക്കി റെയിൽവേ ബഡ്ജറ്റിന് മുമ്പായി അവലോകനം ചെയ്ത് ടി ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് സംസ്ഥാന ഗവൺമെന്റ് ചെയ്തുവരുന്നത്.

## ചെറുകിട ജലവൈദ്യുത നയം

30 (*60) <u>ശ്രീ. ബെന്നി ബെഹനാൻ</u>:
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>:
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>:
<u>ശ്രീ. വർക്കല കഹാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് നയം നടപ്പാക്കുന്നത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത നയം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>):

(എ) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മിതി ത്വരിതപ്പെടുത്താനും ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനുംവേണ്ടി 3-10-2012-ൽ ഈ സർക്കാർ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള നയം പുതുക്കിയിട്ടുണ്ട്. 25MW ശേഷിവരെയുള്ള

പദ്ധതികൾക്ക് മാത്രമായുള്ള പ്രസ്തുതനയം, മത്സരാധിഷ്ഠിത ദർഘാസ് വഴി വരുന്ന സംരംഭകർക്ക് 30 വർഷത്തേക്ക് BOOT (Built, Own, Operate, Transfer) അടിസ്ഥാനത്തിൽ ഇൻഡിപെൻഡന്റ് പവർ പ്രോജക്ട്സായോ ക്യാപ്റ്റീവ് പവർ പ്രോജക്ട്സായോ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനുശേഷം ഈ പദ്ധതികൾ സർക്കാരിലേക്ക് തിരിച്ചു നൽകേണ്ടതുമാണ്.

(ബി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഊർജ്ജ സുരക്ഷ കൈവരിക്കുന്നതിന് പ്രകൃതി വിഭവങ്ങളെ ഉപയോഗപ്പെടുത്തി ഹരിത ഊർജ്ജം പരമാവധി ഉല്പാദിപ്പിക്കുക, സാമൂഹ്യ സാമ്പത്തിക വികസനത്തിന് ഇത്തരത്തിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുകയും ഇതിലൂടെ ഗ്രാമീണ മേഖലയിലെ ഊർജ്ജ ആവശ്യങ്ങൾ ഒരു പരിധിവരെ പരിഹരിക്കുകയും ചെയ്യുക, ഈ മേഖലയിൽ നിക്ഷേപം ആകർഷിക്കുവാൻ വേണ്ടിയുള്ള സാഹചര്യമൊരുക്കുക, സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിച്ച് 2017-ഓടുകൂടി 150MW-ന്റെ അധിക സ്ഥാപിത ശേഷി വർദ്ധനവ് കൈവരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ നയം വഴി ഉദ്ദേശിക്കുന്നത്.

(സി) സംരംഭകർ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പദ്ധ്യക്ഷന്മാർ അംഗങ്ങളായ ഏകജാലക സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ സമർപ്പിക്കപ്പെടുന്ന പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിലേയ്ക്കായി ഈ മേഖലയിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഒരു കമ്മിറ്റിയും പ്രവൃത്തിക്കുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഏജൻസികൾക്ക് അനർട്ട് വഴി സബ്സിഡി

1 (386) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനർട്ട് വഴി ഏതെല്ലാം ഏജൻസികൾക്ക് എത്ര രൂപ വീതം സബ്സിഡി നൽകിയെന്ന് വർഷം തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ സബ്സിഡിക്ക് അപേക്ഷ നൽകി നിഷേധിക്കപ്പെട്ട ഏജൻസികളുടെ പേര് വിവരം ലഭ്യമാക്കാമോ;

(സി) സബ്സിഡി ലഭ്യമാക്കുന്നതിനായി ഈ കാലയളവിൽ ഏജൻസികൾ/ സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവർ നൽകിയ അപേക്ഷകളുടെ എണ്ണം വർഷം തിരിച്ച് പേരു സഹിതം ലഭ്യമാക്കാമോ;

(ഡി) ഇതിൽ അർഹമായ അപേക്ഷകരുടെ പേരുവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി- ഡി) വിവരം ശേഖരിച്ചുവരുന്നു.

## വൈദ്യുത പോസ്റ്റുകൾ സ്ഥാപിക്കലും കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ ചൂഷണവും

2 (387) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് മണക്കാട് എം.എൽ.എ. റോഡിൽ ബലവാൻ നഗർ, ഗംഗാ നഗർ പ്രദേശത്ത് കെ.എസ്.ഇ.ബി.-യുടെ വൈദ്യുത പോസ്റ്റുകൾ സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർമാർ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആകെ എത്ര പോസ്റ്റുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഓരോ പുതിയ കണക്ഷൻ വരുമ്പോഴും ഇത്തരക്കാർ പുതിയതായി കെ.എസ്.ഇ.ബി. വക പോസ്റ്റുകൾ ഉപയോഗപ്പെടുത്തുന്നത് കണക്കിൽ വകയിരുത്താറുണ്ടോ;

(സി) പോസ്റ്റുകൾ റോഡുവശത്തും (പി.ഡബ്ല്യൂ.ഡി., കോർപ്പറേഷൻ, ഹൈവേ) കുറുകെയും കേബിൾ ലൈൻ വലിക്കുന്നതിന് ചാർജ്ജിനത്തിൽ എത്ര തുക പ്രസ്തുത സ്ഥാപനം കെ.എസ്.ഇ.ബി.- യ്ക്ക് അടയ്ക്കുന്നുണ്ട്; ഇത്തരക്കാർ വാർഷിക ഇനത്തിലാണോ ഗവൺമെന്റിന് ചാർജ്ജുകൾ അടയ്ക്കേണ്ടിവരുന്നത്;

(ഡി) കഴിഞ്ഞ ഒരു വർഷത്തിൽ ലൈൻ വലിക്കുന്നതുമായോ മറ്റേതെങ്കിലും വകയിലോ കെ.എസ്.ഇ.ബി.-യ്ക്കോ ഗവൺമെന്റിനോ ലഭിക്കേണ്ട തുകയിൽ എന്തെങ്കിലും തരത്തിലുള്ള ഇളവ്/കുറവ് ഇത്തരക്കാർക്ക് ചെയ്ത് കൊടുത്തിട്ടുണ്ടായിരുന്നോ; എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർമാർ റേറ്റിന്റെ കാര്യത്തിൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുകയും എന്നാൽ ഗവൺമെന്റിൽ നിന്ന് എല്ലാ രീതിയിലും ഇളവ് വാങ്ങിച്ചെടുക്കുകയും ചെയ്യുന്നത് തടയാൻ നടപടി എടുക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഉണ്ട്. മണക്കാട് സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന എം.എൽ.എ. റോഡിൽ ബലവാൻ നഗർ, ഗംഗാ നഗർ പ്രദേശത്ത് 34 വൈദ്യുത പോസ്റ്റുകൾ റിലയൻസ്, ഏഷ്യാനെറ്റ്, സിറ്റി കേബിൾ എന്നീ ഓപ്പറേറ്റർമാർ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അർബൻ/സെമി അർബൻ പ്രദേശത്ത് പോസ്റ്റ് ഒന്നിന് 305 രൂപ നിരക്കിലും മറ്റ് പ്രദേശങ്ങളിൽ പോസ്റ്റ് ഒന്നിന് 153 രൂപ നിരക്കിലും വാർഷിക വാടകയിനത്തിൽ മുൻകൂറായി ഈടാക്കുന്നു. റിലയൻസ് 4 ജി സർവ്വീസിന്റെ വാടക, പോസ്റ്റ് ഒന്നിന് 360 രൂപയാണ്.

(ഡി) ഇല്ല.

(ഇ ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സൗജന്യ വൈദ്യുതി**

3 (388) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജനവിഭാഗങ്ങൾക്കാണ് വൈദ്യുതി സൗജന്യമായി ലഭിക്കുന്നത്; എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത്; എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സൗജന്യം ലഭിക്കുന്ന വീടുകളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികളുണ്ടെങ്കിൽ കൂടുതൽ വൈദ്യുതി സൗജന്യം അനുവദിക്കുന്ന പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഓരോ പ്ലസ് ടു വിദ്യാർത്ഥിക്കും ഓരോ സൗജന്യ സൗരോർജ്ജ വിളക്ക് നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; എത്ര പേർക്ക് വിളക്ക് നൽകി. ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 500 വാട്സ് വരെ കണക്റ്റഡ് ലോഡുള്ള ഗാർഹിക ഉപഭോക്താക്കളുടെ പ്രതിമാസ ശരാശരി വൈദ്യുതി ഉപഭോഗം, 20 യൂണിറ്റ് വരെയാണെങ്കിൽ സൗജന്യമായാണ് വൈദ്യുതി നൽകുന്നത്. ടി ആനുകൂല്യം ലഭിക്കുന്ന വിവിധ ജില്ലകളിലെ ഉപഭോക്താക്കളുടെ ഇലക്ട്രിക്കൽ സർക്കിൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാതെ 'Life

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

supporting system' ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് ലൈഫ് സപ്പോർട്ടിംഗ് സിസ്റ്റത്തിന് ആവശ്യമായ മുഴുവൻ വൈദ്യുതിയും സൗജന്യമായാണ് നൽകിവരുന്നത്.

(ബി) നിലവിൽ ഇല്ല, ബാധകമല്ല.

(സി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് നിബന്ധനകൾക്ക് വിധേയമായി സൗരോർജ്ജവിളക്ക് സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

**തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

4 (389) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജ വകുപ്പ് മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നതും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളും ചെലവാക്കിയ തുകയും താഴെചേർക്കുന്നു:

| | | |
|---|---|---|
| 1. | ആർ.എ.പി.ഡി.ആർ.പി. പദ്ധതി | 444.551 ലക്ഷം രൂപ |
| 2. | ആർ.ജി.ജി.വി.വൈ. പദ്ധതി | 58 ലക്ഷം രൂപ |
| 3. | പി.പി.എസ്. പദ്ധതി | 56.988 ലക്ഷം രൂപ |
| 4. | കെ.എസ്.ഇ.ബി. തനത് ഫണ്ട് | 302.55 ലക്ഷം രൂപ |

5. ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി പ്രകാരം മണ്ഡലത്തിൽ 16 വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ പ്രസരണ വിഭാഗത്തിൽ കൽപകഞ്ചേരി 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 89,600 രൂപ ചെലവായിട്ടുണ്ട്.

## കോവൂർ സെക്ഷൻ ഓഫീസ് വിഭജനം

5 (390) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കോവൂർ സെക്ഷൻ ഓഫീസ് വിഭജിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ കോവൂർ, മാവൂർ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുറ്റിക്കാട്ടൂരിൽ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുത ബോർഡ് പരിശോധിച്ചുവരുന്നു.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

6 (391) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-6-2011-ലെ കണക്കു പ്രകാരം കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്ര;

(ബി) 31-12-2015 -ലെ കണക്കു പ്രകാരം കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്ര ശതമാനം വർദ്ധിച്ചുവെന്നും ആയത് എത്ര കോടി രൂപയാണെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റി എത്ര കോടി രൂപയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ട്;

(ഡി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര/സംസ്ഥാന/അർദ്ധ സർക്കാർ/പൊതുമേഖല/ബോർഡുകൾ/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക നിലവിൽ എത്ര കോടി രൂപ വീതമെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഇത്തരത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ കേന്ദ്ര സർക്കാർ സ്ഥാപനം/സംസ്ഥാന സർക്കാർ സ്ഥാപനം/അർദ്ധസർക്കാർ സ്ഥാപനം/പൊതുമേഖലാ സ്ഥാപനം/സ്വകാര്യ മേഖല സ്ഥാപനം/ബോർഡ് എന്നിവ ഏതൊക്കെയാണെന്നും എത്ര കോടി രൂപയുടെ കുടിശ്ശികയാണ് പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നും അടയ്ക്കുവാനുള്ളതെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ സർക്കാരോ, റഗുലേറ്ററി കമ്മീഷനോ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒഴിവാക്കൽ, പലിശ ഇളവ് നൽകൽ എന്നിവ നൽകിയതിലൂടെ വൈദ്യുതി ബോർഡിന് ലഭിക്കാതെ പോയ തുക എത്ര; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1202.59 കോടി രൂപ.

(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ത്രൈമാസ കണക്കുകളായാണ് തയ്യാറാക്കുന്നത്. 31-12-2015-ലെ കുടിശ്ശിക കണക്ക് ക്രോഡീകരിച്ചു കൊണ്ടിരിക്കുകയാണ്. 30-9-2015-ലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തുക ആകെ 1964.12 കോടി രൂപയാണ്.

(സി) 30-9-2015-ലെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ ത്രൈമാസ കണക്കുപ്രകാരം വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക 919.94 കോടി രൂപയാണ്.

(ഡി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ 30-9-2015-ലെ ത്രൈമാസ കണക്കുപ്രകാരമുള്ള വിശദവിവരം താഴെകൊടുത്തിരിക്കുന്നു:

| | തുക (കോടിയിൽ ) |
|---|---|
| കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | 0.28 |
| സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | 120.86 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ /അർദ്ധ സർക്കാർ സ്ഥാപനങ്ങൾ | 1108.86 |
| കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 48.36 |
| സ്വകാര്യ സ്ഥാപനങ്ങൾ | 664.69 |

(ഇ) 30-9-2015-ലെ കണക്കുപ്രകാരം ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളും കണക്കുകളും താഴെ കാണിച്ചിരിക്കുന്നു:

| | തുക (കോടിയിൽ ) |
|---|---|
| കേന്ദ്ര സർക്കാർ സ്ഥാപനം<br>പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് | 0. 1695 |
| സംസ്ഥാന സർക്കാർ സ്ഥാപനം<br>കൃഷി വകുപ്പ് | 48.59 |
| പൊതുമേഖലാ സ്ഥാപനം (സംസ്ഥാനം)<br>കേരള വാട്ടർ അതോറിറ്റി | 919.93 |
| റ്റി.സി.സി.എൽ. | 105.88 |
| സ്വകാര്യ മേഖല സ്ഥാപനം<br>ബിനാനി സിങ്ക് | 50.50 |

(എഫ്) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 341.91186 ലക്ഷം രൂപ പലിശയിനത്തിൽ ഇളവ് നൽകിയിട്ടുണ്ട്.

## കോഴിക്കോട് നഗരാതിർത്തിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ്

7 (392) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരാതിർത്തിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് നടത്തുവാനുള്ള ചുമതല നിക്ഷിപ്തമായിരിക്കുന്നത് കോർപ്പറേഷനിലാണോ ഇലക്ട്രിസിറ്റി ബോർഡിലാണോ; വിശദമാക്കാമോ;

(ബി) കോർപ്പറേഷൻ അതിർത്തിയിൽ നിലവിൽ എത്ര സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്; ഹൈമാസ്റ്റുകൾ എത്ര;

(സി) പ്രതിവർഷം ശരാശരി എത്ര തുക വൈദ്യുതി ചാർജ്, ബൾബ്/ട്യൂബുകൾ തുടങ്ങിയ ഇനത്തിൽ ചെലവ് വരുന്നുണ്ട്;

(ഡി) മെയിന്റനൻസ് സംബന്ധമായി ബോർഡും കോർപ്പറേഷനും തമ്മിൽ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, റഗുലേഷൻ 102(4) പ്രകാരം തെരുവുവിളക്കുകളുടെ പരിപാലനം അതാത് പ്രദേശിക ഭരണകൂടത്തിൽ നിക്ഷിപ്തമാണ്. എന്നാൽ കോഴിക്കോട് കോർപ്പറേഷനിൽ തെരുവുവിളക്കുകളുടെ മീറ്ററിംഗ് സംവിധാനം ആരംഭിക്കാനാവാത്ത സാഹചര്യത്തിൽ കോർപ്പറേഷൻ മേയറുടെ അഭ്യർത്ഥനമാനിച്ച് ട്യൂബ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ ലേബർ ചാർജ് ഈടാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തി വരുന്നു.

(ബി) 25589 എണ്ണം. ഹൈമാസ്റ്റ് ലൈറ്റുകൾ - 28 എണ്ണം.

(സി) കറണ്ട് ചാർജ് ഇനത്തിൽ മാത്രം പ്രതിവർഷം 3,47,58,196 രൂപ ബില്ലിംഗ് ചെയ്തുവരുന്നു. ബൾബ്/ട്യൂബുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ കോഴിക്കോട് കോർപ്പറേഷനിൽ നിന്നും ശേഖരിച്ചുവരുന്നു.

(ഡി) കോർപ്പറേഷൻ മേയറുടെ അഭ്യർത്ഥന പ്രകാരം വർക്ക് ഡെപ്പോസിറ്റ് സ്കീമിൽ തുക അടയ്ക്കുന്നതിനനുസരിച്ചാണ് സിംഗിൾ ട്യൂബുകളുടേയും ഡബിൾ ട്യൂബുകളുടേയും അറ്റകുറ്റപ്പണികൾ കോർപ്പറേഷൻ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയ്തു വരുന്നത്.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

8 (393) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ മണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിച്ചിട്ടുണ്ട്;

(സി) വനം വകുപ്പിന്റെ തടസ്സങ്ങൾ നീക്കി ഉദുമ നിയോജകമണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളും വൈദ്യുതീകരിക്കുക വഴി പ്രസ്തുത മണ്ഡലത്തെയും സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, ഹോസ്ദുർഗ്ഗ് എന്നീ നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉദുമ നിയോജകമണ്ഡലത്തില ദേലം പാടി പഞ്ചായത്തിലെ ചെന്നി അടുക്ക എസ്. സി. കോളനി, നെല്ലിത്തട്ട് എസ്. സി. കോളനി എന്നീ പ്രദേശത്ത് വൈദ്യുതീകരണത്തിനായി വനത്തിലൂടെ എൽ.റ്റി. ഭൂഗർഭ കേബിൾ ഇടുന്ന പ്രവൃത്തികൾക്ക് 59,04,106 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് അധികൃതർക്ക് കൈമാറിയിട്ടുണ്ട്. തുക അടയ്ക്കുന്ന മുറയ്ക്ക് വനം വകുപ്പിൽ നിന്നും അനുമതി വാങ്ങിയതിനുശേഷം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ തുടങ്ങുന്നതാണ്.

## വികസന പദ്ധതികൾക്കായി ചെലവഴിച്ച തുക

9 (394) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസംമുതൽ 2015 ഡിസംബർ 31 വരെയുള്ള കാലയളവിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ ഊർജ്ജ വകുപ്പുമുഖാന്തരം നടപ്പാക്കിയ വികസനപദ്ധതികൾ വിശദമാക്കാമോ; ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

നോർമ്മൽ ഡെവലപ്മെന്റ് പദ്ധതി, ആർ.ജി.ജി.വി.വൈ. പദ്ധതി, DDUGJY പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 59 കി.മി. 11 കെ.വി ലൈൻ വലിക്കുകയും 54 ട്രാൻസ്ഫോമർ സ്ഥാപിക്കുകയും 31.13 കി.മീ. എൽ.റ്റി ലൈൻ വലിക്കുകയും 85.33 കി.മീ. ലൈൻ കൺവർഷൻ നടത്തുകയും 11859 സർവ്വീസ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികളിലായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

| പ്രവൃത്തിയുടെ പേര് | നോർമൽ ഡെവലപ്മെന്റ് ഫണ്ട് (ലക്ഷം ) | RGGVY (ലക്ഷം ) | DDUGJY (ലക്ഷം ) | ആകെ തുക (ലക്ഷം) |
|---|---|---|---|---|
| 11 കെ.വി. ലൈൻ നിർമ്മാണം | 276.35 | 51.22 | ... | 327.57 |
| ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 127.09 | ... | ... | 127.09 |
| എൽ.റ്റി.ലൈൻ നിർമ്മാണം | 12.16 | 110.76 | ... | 122.92 |
| കൺവേർഷൻ | 112.80 | ... | ... | 112.80 |
| സർവീസ് കണക്ഷൻ | 226.46 | 6.6965 | 0.09256 | 233.249 |

**കെ.എസ്.ഇ.ബി. മേജർ സെക്ഷൻ ഓഫീസുകൾ**

10 (395) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ മേജർ സെക്ഷൻ ഓഫീസുകളാക്കി ഉയർത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) താനൂർ നഗരസഭയുടെ പരിധിയിൽ വരുന്ന താനൂർ സെക്ഷൻ ഓഫീസ് മേജർ സെക്ഷൻ ഓഫീസാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ & ബി) മേജർ സെക്ഷൻ ഓഫീസുകൾ എന്ന ആശയം ഇപ്പോൾ കെ.എസ്.ഇ.ബി. ലിമിറ്റഡിലില്ല. കേരളത്തിൽ നോർത്ത്, സെൻട്രൽ, സൗത്ത് എന്നീ മൂന്നുവിതരണ മേഖലകളിലായി 747 മോഡൽ ഇലക്ട്രിക്കൽ സെക്ഷനുകളാണ് ഇപ്പോൾ നിലവിലുള്ളത്.

**കെ.എസ്.ഇ.ബി. ഓഫീസുകളിൽ ഉപഭോക്താക്കൾക്ക് പണം അടയ്ക്കുന്നതിനുള്ള സമയക്രമം**

11 (396) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് ഉപഭോക്താവിൽ നിന്നും പണം സ്വീകരിക്കുന്ന എത്ര ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഓഫീസുകളിൽ ഉപഭോക്താക്കൾക്ക് പണം അടയ്ക്കാൻ സാധിക്കുന്ന സമയക്രമം വിശദീകരിക്കാമോ;

(സി) കെ.എസ്.ഇ.ബി. യിൽ ജോലി ചെയ്യുന്ന കാഷ്യർമാരുടെ പേരും എംപ്ലോയ്മെന്റ് കോഡും തസ്തികയും സെക്ഷനാഫീസ് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ, സബ് എഞ്ചിനീയർ /ഓവർസിയർ ഓഫീസുകൾ, കളക്ഷൻ സെന്ററുകൾ എന്നിവയുൾപ്പെടെ 890 ഓഫീസുകളിൽ ഉപഭോക്താക്കളിൽ നിന്നും പണം സ്വീകരിക്കുന്നുണ്ട്. ഫ്രണ്ട്സ്, അക്ഷയ എന്നീ കേന്ദ്രങ്ങളിലും തിരുവനന്തപുരത്ത് വൈദ്യുതിഭവൻ കേന്ദ്രീകൃതമായുള്ള Centralized customer care Centre-ലും ഉപഭോക്താക്കളുടെ പണം സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ തിരുവനന്തപുരം വൈദ്യുതി ഭവനിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള cash Deposit Machine മുഖേനയും Net Banking സംവിധാനം ഉപയോഗിച്ചും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി പണമിടപാടുകൾ നടത്താവുന്നതാണ്.

(ബി) സെക്ഷൻ ഓഫീസുകളിൽ രാവിലെ 8 മണി മുതൽ 6 മണിവരെയാണ് സാധാരണയായി പണം സ്വീകരിക്കുന്നത്. എന്നാൽ ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ ഉപഭോക്താക്കളെ അറിയിച്ചുകൊണ്ട് സമയക്രമത്തിൽ മാറ്റം വരുത്താറുണ്ട്. സെക്ഷൻ ഓഫീസുകൾ ഒഴിച്ചുള്ള കളക്ഷൻ സെന്ററുകളിൽ സെക്ഷൻ ഓഫീസുകളിൽ നിന്നും മുൻകൂട്ടി നിശ്ചയിച്ച് അറിയിപ്പ് നൽകിയിട്ടുള്ള ദിവസങ്ങളിൽ മുൻകൂട്ടി അറിയിച്ച സമയക്രമത്തിൽ പണം സ്വീകരിക്കുന്നുണ്ട്.

(സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെ.എസ്.ഇ.ബി. - ആസ്തി

12 (397) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ഇ.ബി.-യുടെ ശരാശരി പ്രതിമാസ വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.കബി.-ക്ക് 31-3-2011-ലെ കണക്ക പ്രകാരമുള്ള കടബാധ്യത എത്ര; ആയത് 2015-16-ൽ എത്ര; പ്രസ്തുത കടബാധ്യത വർദ്ധിക്കാനുണ്ടായ കാരണം എന്താണെന്നും ആയത് തടയുവാൻ എന്തു നടപടി വകുപ്പ് നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കടബാധ്യത വർദ്ധിച്ചത് തടയുവാൻ വൈദ്യുതി റഗുലേറ്ററി കമ്മിഷൻഎന്തു നടപടികൾ സ്വീകരിച്ചുവെന്നും കമ്മിഷൻതുടങ്ങിയതിനു ശേഷം കമ്മീഷന്റെ പ്രവർത്തനത്തിന് നാളിതുവരെ ഓരോ വർഷവും ചിലവായ തുക (ശമ്പളം/മറ്റിനം) എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം വൈദ്യുതിചാർജ്ജ് ഓരോ വിഭാഗത്തിനും വർദ്ധിപ്പിച്ചുവെന്നും ആയതിന്റെ ഫലമായി ബോർഡിന് ലഭിച്ച അധികവരുമാനം എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) 30-3-2011-ലെ കണക്ക പ്രകാരമുള്ള കെ.എസ്.ഇ.ബി.-യുടെ ആസ്തി എത്രയെന്നും 2015-16-ലെ താല്ക്കാലിക കണക്കുപ്രകാരമുള്ള ആസ്തി എത്രയാണെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ)കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 2015-16 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തെ താത്ക്കാലിക കണക്കെടുപ്പ് പ്രകാരം

| | | |
|---|---|---|
| പ്രതിമാസ ശരാശരി വരവ് | - | ₹ 867.74 കോടി |
| പ്രതിമാസ ശരാശരി ചെലവ് | - | ₹ 974.43 കോടി |

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന് 31-3-2011-ലെ കണക്കുപ്രകാരമുള്ള കടബാദ്ധ്യത ₹ 1,384.14 കോടിയാണ്. കെ.എസ്.ഇ.ബി.-ക്ക് 31-1-2016 പ്രകാരമുള്ള കടബാധ്യത ₹ 5,626.93 കോടി രൂപയുമാണ്. പദ്ധതി പ്രദേശത്ത് ആവശ്യത്തിന് മഴ ലഭിക്കാത്തതും മറ്റുസംസ്ഥാനങ്ങളിൽ നിന്നുകൂടി വൈദ്യുതി വിലയ്ക്കുവാങ്ങുന്നതുമാണ് കടബാദ്ധ്യത വർദ്ധിക്കുന്നതിനുണ്ടായ കാരണം.

(സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കമ്പ്യൂട്ടറൈസേഷൻ പോലുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ചെലവുകൾ നിയന്ത്രിക്കുന്നതിനും കടബാദ്ധ്യത പരമാവധി കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കമ്മിഷൻപുറപ്പെടുവിച്ച ഉത്തരവിനുപുറമേ 2012-13, 2013-14, 2014-15 വർഷങ്ങളിൽ വൈദ്യുതി നിരക്ക് വർദ്ധന നടപ്പാക്കുകയും ചെയ്യുകവഴി വൈദ്യുതി ബോർഡിന്റെ കടബാദ്ധ്യതകൾ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനത്തിന് ഓരോ വർഷവും ചെലവായ തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വൈദ്യുതി ചാർജ്ജ് മൂന്നുപ്രാവശ്യം വർദ്ധനവ് വരുത്തിയിട്ടുണ്ട്. 01-7-2012 മുതൽ നടപ്പിലായ താരിഫ് പരിഷ്കരണത്തിലൂടെ 2012-13 സാമ്പത്തിക വർഷത്തിൽ 1257 കോടി രൂപയുടെയും 1-5-2013 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ 2013-14 സാമ്പത്തിക വർഷത്തിൽ 589 കോടി രൂപയുടെയും 16-8-2014 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ 2014-15 സാമ്പത്തിക വർഷത്തിൽ 667.66 കോടി രൂപയുടെയും അധിക വരുമാനം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഇ) 31-3-2011-ലെ കണക്കുപ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആസ്തി 11,074.76 കോടി രൂപയാണ്. കെ.എസ്.ഇ.ബി ലിമിറ്റഡ് സാമ്പത്തിക വാർഷികാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. 2015-16-ലെ കണക്കുകൾ പൂർത്തിയായിട്ടില്ല. 2014-15-ലെ താത്കാലിക കണക്കുപ്രകാരം ആസ്തി ₹30,693.14 കോടി (ഇതിൽ ബോർഡിന്റെ ആസ്തി പുനർമൂല്യ നിർണ്ണയത്തിലൂടെ ₹ 11,988.98 കോടി ഉൾപ്പെട്ടിട്ടുണ്ട്).

## കെ.എസ്.ഇ.ബി-യിലെ പെൻഷൻ

13 (398) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. കമ്പനിയാക്കിയതിനുശേഷമുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ ഇപ്പോഴത്തെ പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കമ്പനിയുടെ പെൻഷൻ ഫണ്ടിൽ നിന്നാണോ പെൻഷൻ നല്കുന്നതെന്നു വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യെ കമ്പനിവൽക്കരിക്കുന്നതിന്റെ ഭാഗമായി അതിന്റെ ആസ്തി ബാധ്യതകൾ 25-9-2008-ൽ സംസ്ഥാന സർക്കാരിലേക്ക് നിക്ഷിപ്തമാക്കിയിരുന്നു. തുടർന്ന് 14-1-2011-ന് കെ.എസ്.ഇ.ബി. കമ്പനീസ് ആക്ട് 1956 പ്രകാരം 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്'- എന്ന പേരിൽ സംസ്ഥാപനം (Incorporation) ചെയ്യപ്പെടുകയും 'രജിസ്ട്രാർ ഓഫ് കമ്പനീസ്'-ൽ നിന്നും Certificate of Incorporation ലഭിക്കുകയും ചെയ്തു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ മെമ്പർമാരെ ബോർഡ് ലിമിറ്റഡിന്റെ ഡയറക്ടർമാരായി സർക്കാർ നിയമിച്ചു. സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കിയിരുന്ന കെ.എസ്.ഇ.ബി.-യുടെ ആസ്തി ബാദ്ധ്യതകൾ 31-10-2013-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലേയ്ക്ക് പുനർനിക്ഷിപ്തമാക്കിയിട്ടുണ്ട്. തുടർന്ന് 30-11-2013-ൽ കമ്പനിയുടെ വിപുലമായ ഡയറക്ടർ ബോർഡും സർക്കാർ രൂപവൽക്കരിച്ചു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ പെൻഷൻകാരുടെയും റീവെസ്റ്റ് ചെയ്യുന്ന സമയത്തുണ്ടായിരുന്ന ജീവനക്കാരുടെയും പെൻഷൻ, ഗ്രാറ്റുവിറ്റി മുതലായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ട്രാൻസ്ഫർ സ്കീം പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ & ഗ്രാറ്റുവിറ്റി ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ വരവ്ചെലവ് കണക്കുകൾ കമ്പനീസ് ആക്ടിന് വിധേയമായി തയ്യാറാക്കപ്പെടുന്നു. 'കമ്പനീസ് ആക്ട് 1956' ഭേദഗതി ചെയ്തുകൊണ്ടുള്ള 'കമ്പനീസ് ആക്ട് 2013'-ലെ ബന്ധപ്പെട്ട വകുപ്പുകളും ചട്ടങ്ങളും പാലിക്കുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ 1-4-2013-ന് മുമ്പ് സർവ്വീസിൽ വന്ന ജീവനക്കാർക്ക് കെ.എസ്.ആർ. പാർട്ട് -III പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായവും 1-4-2013-ന് ശേഷം സർവ്വീസിൽ വന്ന ജീവനക്കാർക്ക് NPS എന്ന കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായവുമാണ് നിലവിലുള്ളത്.

(സി) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതിപ്രകാരം പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. ജനുവരി 2016 മുതലുള്ള പെൻഷൻ ആനുകൂല്യങ്ങൾ പെൻഷൻ ഫണ്ട് വഴിയാണ് നൽകുന്നത്.

## കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി സെക്ഷൻ വിഭജനം

14 (399) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷനിൽപ്പെട്ട ചങ്ങനാശ്ശേരി സെക്ഷൻ വിഭജിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെക്ഷൻ വിഭജിച്ച് ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി& സി) പുതിയ സെക്ഷൻ ഓഫീസ് രൂപീകരണത്തിന് നിലവിലുള്ള മാനദണ്ഡമനുസരിച്ച് സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സയമം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയും ചെയ്യേണ്ടതുണ്ട്. നിലവിലുള്ള ചങ്ങനാശ്ശേരി സെക്ഷൻ വിഭജിച്ച് വാഴപ്പള്ളിയിൽ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. 35 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും 24491 ഉപഭോക്താക്കളുമുള്ള ചങ്ങനാശ്ശേരി സെക്ഷൻ ഓഫീസ് മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കുള്ളിൽ വരാത്തതിനാൽ ടി സെക്ഷൻ വിഭജനം പരിഗണിക്കാൻ സാധിക്കുകയില്ല.

## കെ.എസ്.ഇ.ബി- യിലെ ഒഴിവുകൾ

15 (400) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി. യുടെ വിവിധ ഓഫീസുകളിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ആകെ ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) ഇവ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ (2016 ജനുവരിയിലെ കണക്കുപ്രകാരം) ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(ഇലക്ട്രിക്കൽ) | 8 |
| 2 | അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) | 14 |
| 3 | സീനിയർ സൂപ്രണ്ട് | 13 |
| 4 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| 5 | സബ് എൻജിനീയർ (ഇലക്ട്രിക്കൽ) | 33 |
| 6 | ലൈൻമാൻ | 24 |
| 7 | ഇലക്ട്രിസിറ്റി വർക്കർ | 7 |
| 8 | ഫെയർകോപ്പി അസിസ്റ്റന്റ് | 2 |
| 9 | ഓഫീസ് അറ്റൻഡന്റ് | 1 |
| 10 | പി.റ്റി.സി. സ്വീപ്പർ | 26 |
| 11 | ഡ്രൈവർ | 9 |
| | ആകെ | 140 |

(ബി) ഉണ്ട്. പബ്ലിക് സർവ്വീസ് കമ്മിഷൻവഴി നിയമനം നടത്തിയും പ്രൊമോഷനുകൾ നടത്തിയും ജനറൽ ട്രാൻസ്ഫറിലൂടെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ഇ.ബി. വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കൽ

16 (401) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരമം-കുറ്റൂർ പഞ്ചായത്തിൽ തോക്കാട്-അതിരം-കുടുക്കം-വെള്ളോറ പ്രദേശത്തെ കെ.എസ്.ഇ.ബി. വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ട്രാൻസ്ഫോമറും വൈദ്യുതി ലൈനുകളും മാറ്റി പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിൽ ഉൾപ്പെടുന്ന പ്രവൃത്തിയാണ് എരമം-കുറ്റൂർ പഞ്ചായത്തിൽ തോക്കാട്-അതിരം കുടുക്കം വെള്ളോറ പ്രദേശത്ത് നടന്നുവരുന്നത്. വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനുള്ള പ്രവൃത്തിയാണ് ഇത്. അതിരംകുടുക്കം നിന്നും വെള്ളോറ വരെ ലൈൻ വലിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കി കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ട്രാൻസ്ഫോമർ ഉൾപ്പെടുന്നില്ല. 2.5 കി.മീ 11 കെ.വി. ലൈൻ നിർമ്മാണം മാത്രമാണ് ഉള്ളത്. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കോൺട്രാക്ടർക്ക് പരമാവധി 90 ദിവസത്തെ കാലാവധിയാണ് നൽകിയിട്ടുള്ളത്.

**കെ.എസ്.ഇ.ബി. ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ്**

17 (402) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് നടത്തുന്നത് ഏത് രീതിയിലാണ്;

(ബി) മീറ്റർ റീഡിംഗ് നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ഉപഭോക്താക്കളിൽ നിന്നും പിഴ ഈടാക്കുവാൻ ഉദ്ദേശിച്ച് കെ.എസ്.ഇ.ബി. തീരുമാനം കൈക്കൊണ്ടിരുന്നോ; എങ്കിൽ ഇത് റദ്ദാക്കാനുള്ള സഹാചര്യമുണ്ടായോ; എങ്കിൽ എന്തുകൊണ്ട്;

(സി) ഇത്തരം തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള അനുമതി ആവശ്യമാണോ; എങ്കിൽ സർക്കാർ ഈ വിഷയത്തിൽ അനുമതി നൽകിയിരുന്നോ;

(ഡി) മീറ്റർ റീഡിംഗ് നടത്തുന്നതിന് മുൻപ് റീഡിംഗ് നടത്താൻ ഉദ്ദേശിയ്ക്കുന്ന തീയതിയും സമയവും ഉപഭേക്താക്കളെ മുൻകൂട്ടി അറിയിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലായെങ്കിൽ പിഴ ഈടാക്കുന്നതു പോലെയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് മുൻപ് ഇത്തരം കാര്യങ്ങൾ വിലയിരുത്തേണ്ടതായിരുന്നു എന്ന് സർക്കാർ കരുതുന്നില്ലേ?

ഉത്തരം

(എ) ഗാർഹിക ഉപഭോക്താക്കളിൽ 20KW കണക്ടഡ് ലോഡിന് മുകളിലുള്ളവരുടെ മീറ്റർ റീഡിംഗ് പ്രതിമാസവും 20KW താഴെ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് രണ്ട് മാസത്തിലൊരിക്കലും ആണ് എടുക്കുന്നത്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻപുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ III പ്രകാരം തുടർച്ചയായി രണ്ട് ബില്ലിംഗ് സൈക്കിളുകളിൽ മീറ്റർ റീഡിംഗ് അപ്രാപ്യമാകുന്ന പക്ഷം പിഴയീടാക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഇതുപ്രകാരം എൽ.റ്റി. സിംഗിൾ ഫേസ് കണക്ഷന് പിഴത്തുക 250 രൂപയായും എൽ.റ്റി ത്രീഫേസ് കണക്ഷന് 500 രൂപയായും നിജപ്പെടുത്തി ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പിഴത്തുക ഈടാക്കുന്നത് താൽക്കാലികമായി മരവിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സപ്ലൈ കോഡ് ചട്ടങ്ങൾ രൂപപ്പെടുത്താൻ സർക്കാർ അനുമതി ആവശ്യമാണെന്ന് നിയമം നിഷ്കർഷിക്കുന്നില്ല.

(ഡി) സാധാരണഗതിയിൽ പ്രതിമാസം ബില്ലിംഗ് ചെയ്യുന്ന ഉപഭോക്താക്കളുടെ റീഡിംഗ് എല്ലാ മാസവും ആദ്യത്തെ ദിവസങ്ങളിലും ദ്വൈമാസ ബില്ലിംഗ് ചെയ്യുന്ന ഉപഭോക്താക്കളുടെ റീഡിംഗ്, യഥാമാസങ്ങളിലെ നിശ്ചിത ദിവസത്തിലും ആയിരിക്കും രേഖപ്പെടുത്തുന്നത്. നിശ്ചിത തീയതികളിലാണ് ഇപ്പോൾ മീറ്റർ റീഡിംഗ് എടുക്കുന്നതിന് സംവിധാനമുള്ളത്. എന്നാൽ ഇത് മുൻകൂട്ടി അറിയിക്കുന്നതിന് സംവിധാനമില്ല. ചട്ടങ്ങൾ അന്തിമമായി പുറപ്പെടുവിക്കുന്നതിനുമുമ്പ് വൈദ്യുതി റെഗുലേറ്ററി കമ്മിഷൻകരട് ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും, പൊതുതെളിവെടുപ്പ് നടത്തുകയും പൊതു തെളിവെടുപ്പിൽ ഉപഭോക്താക്കൾ ചൂണ്ടിക്കാണിക്കുന്ന ആശങ്കകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.

**കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷനിലെ ഒഴിവുകൾ**

18 (403) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷനിൽപെട്ട ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, തെങ്ങണ, കുറിച്ചി സെക്ഷനുകളിൽ എഞ്ചിനീയർ, ഓവർസിയർ, ലൈൻമാൻ, വർക്കർ എന്നീ തസ്തികകളിൽ ഒഴിവുകൾ ഉണ്ടോ എന്ന് അറിയിക്കാമോ ;

(ബി) എങ്കിൽ ഓരോ സെക്ഷനിലും ഈ വിഭാഗങ്ങളിൽ എത്ര ഒഴിവുകൾ വീതം നികത്തുവാനുണ്ട് എന്ന് അറിയിക്കുമോ ;

(സി) ഒഴിവുകൾ നികത്താത്തതുമൂലം ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തി ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒഴിവുകൾ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു:

| സെക്ഷൻ/തസ്തിക | ചങ്ങനാശ്ശേരി | തൃക്കൊടിത്താനം | തെങ്ങണ | കുറിച്ചി |
|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 | ഇല്ല | ഇല്ല | 1 |
| ഓവർസിയർ | 4 | 1 | 1 | ഇല്ല |
| ലൈൻമാൻ | ഇല്ല | ഇല്ല | 1 | 1 |
| വർക്കർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

(സി) ഇല്ല

(ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം**

19 (404) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ കുറവ് ഇതിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ഇ.ബി. ഇലക്ട്രിക് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡപ്യൂട്ടി ചീഫ് എഞ്ചിനീയർ, തസ്തികകളിലായി എത്ര ഒഴിവുകളുണ്ടെന്നും അർഹതപ്പെട്ട എല്ലാവർക്കും സ്ഥാനക്കയറ്റം നൽകിയാൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്താൻ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നും അറിയിക്കുമോ; പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ;

(ഡി) ഇലക്ട്രിക് വിഭാഗത്തിൽ ഓവർസിയർ, ലൈൻമാൻ, മസ്ദ്ദൂർ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്നും മസ്ദ്ദൂർ തസ്തികകളിലെ ഒഴിവുകൾ ജില്ല അടിസ്ഥാനത്തിൽ എത്ര വീതമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ എല്ലാ ക്വാട്ടകളിലുമായി 283 ഒഴിവുകളുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിൽ ഒഴിവുകൾ ഇല്ല. പി.എസ്.സി. വഴി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമനം നടത്താനുള്ള ഒഴിവുകൾ താഴെപ്പറയുംപ്രകാരമാണ്.

| | |
|---|---|
| 40% പി.എസ്.സി. ക്വാട്ട | 79 ഒഴിവ് |
| 10% ഇൻസർവ്വീസ് ക്വാട്ട | 71 ഒഴിവ് |

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

| | |
|---|---|
| 40% പി.എസ്.സി. ക്വാട്ട - | കോടതിനിർദ്ദേശപ്രകാരം നിബന്ധനകളോടെ 394 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. |
| 10% ഇൻസർവ്വീസ് ക്വാട്ട - | 71 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. |

(ഡി)

| | |
|---|---|
| ഓവർസിയർ | ഒഴിവില്ല |
| ലൈൻമാൻ | 378 ഒഴിവുകൾ |

മസ്ദ്ദൂർ ഒഴിവുകൾ ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| തൃശ്ശൂർ | 11 |
| പാലക്കാട് | 1 |
| കണ്ണൂർ | 2 |
| കാസർഗോഡ് | 7 |

മറ്റ് ജില്ലകളിൽ മസ്ദ്ദൂർ തസ്തിക ഒഴിവില്ല.

## കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞുകിട്ടേണ്ട തുക

20 (405) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഇ.ബി.-ക്ക് വിവിധ വിഭാഗങ്ങളിൽ നിന്നും പിരിഞ്ഞ് കിട്ടേണ്ട തുക എത്രയെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ, പൊതുമേഖല, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും പിരിഞ്ഞ് കിട്ടേണ്ട തുക സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) 30-9-2015-ലെ ത്രൈമാസ കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് വിവിധ വിഭാഗങ്ങളിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു:

| | രൂപ കോടിയിൽ |
|---|---|
| 1. സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | 120.86 |
| 2. പൊതുമേഖലാ സ്ഥാപനങ്ങൾ | 1108.86 |
| 3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ | 3.31 |
| 4. കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | 0.28 |
| 5. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 48.36 |
| 6.അന്തർ സംസ്ഥാന വിൽപ്പന വഴിയുള്ളത്. | 5.11 |
| 7. സ്വകാര്യ സ്ഥാപനങ്ങൾ | 664.69 |
| 8. ലൈസൻസികൾ | 12.60 |
| 9. സ്വാശ്രയ സ്ഥാപനങ്ങൾ | 0.05 |
| | 1964.12 |

(ബി) സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽനിന്നും പിരിഞ്ഞു കിട്ടേണ്ട തുക സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു* .

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കുടിശ്ശിക വരുത്തുന്ന ഉപഭോക്താവിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ ഡിസ്മാന്റിൽ ചെയ്യുക, അതിനുശേഷവും കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താവിന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കൂടാതെ ദീർഘകാല കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി'കളും നടപ്പിലാക്കുന്നുണ്ട്.

## റൂഫ് ടോപ്പ് സോളാർ പാനൽ പദ്ധതി

21 (406) ശ്രീ. കെ. മുരളീധരൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം.എ. വാഹീദ്:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂഫ് ടോപ്പ് സോളാർ പാനൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

1. നാഷണൽ താരിഫ് പോളിസിയും സംസ്ഥാന റെഗുലേറ്ററി കമ്മിഷൻപുറപ്പെടുവിച്ച ചട്ടങ്ങളും നിഷ്കർഷിക്കുന്ന തോതിൽ നവീകരണീയ വൈദ്യുതി ഉത്പാദിപ്പിച്ച് നവീകരണോർജ്ജ ക്രയബാധ്യത നിറവേറ്റുക.
2. പ്രസരണ വിതരണ സംവിധാനങ്ങളിലുണ്ടാകുന്ന വൈദ്യുതി നഷ്ടം കുറയ്ക്കുക.
3. ഉപഭോക്താവിന് നിർദ്ദിഷ്ട വോൾട്ടേജിലുള്ള വൈദ്യുതി ലഭ്യമാക്കുക.
4. ഹരിത ഊർജ്ജം പരമാവധി ഉത്പാദിപ്പിച്ച് സംസ്ഥാനത്ത് ഊർജ്ജ സുരക്ഷ ഉറപ്പാക്കുക.
5. സോളാർ പദ്ധതികൾ സ്ഥാപിക്കാനുള്ള കേരളത്തിന്റെ സ്ഥല പരിമിതിക്ക് റൂഫ് ടോപ്പ് ഒരു പരിഹാരമാക്കുക.

(സി) 2012-13-ൽ ഭരണാനുമതി ലഭിച്ച 10000 സൗരഗൃഹ പദ്ധതിക്ക് വേണ്ടി സംസ്ഥാന സർക്കാർ 24.96 കോടി രൂപ വകയിരുത്തി. തുടർന്ന് ഇവയിൽ നടപ്പിലാക്കാതെ ബാക്കിയുണ്ടായിരുന്ന 3600 പ്ലാന്റുകൾ നടപ്പിലാക്കുന്നതിനായി 2014-15-ൽ 14.04 കോടി രൂപയും വകയിരുത്തി. ഇതിൽ ഏകദേശം 25.04 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ തുകയും ചെലവഴിക്കുന്നതാണ്. സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ 2015-16 കാലയളവിൽ സംസ്ഥാന സർക്കാർ 15.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിവരുന്നു. റിന്യുവബിൾ എനർജി പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യുവബിൾ എനർജി & എനർജി സേവിംഗ്സ് എന്ന പ്രത്യേക വിഭാഗത്തിന് രൂപംനൽകി ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കേരള കോസ്റ്റൽ ഡെവലപ്മെന്റ് ഏജൻസി ഫണ്ട്

22 (407) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോസ്റ്റൽ ഡെവലപ്മെന്റ് ഏജൻസിയിൽ നിന്നുമുള്ള ഫണ്ട് വിനിയോഗിച്ചുകൊണ്ട് വൈപ്പിൻ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടത്തിവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ, ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുതയിനത്തിൽ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുവാൻ തീരുമാനിച്ച പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്തവ ഏതൊക്കെയെന്നും എന്തുകൊണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മത്സ്യഗ്രാമം-എടവനക്കാട് ഫിഷിംങ് വില്ലേജ് വൈദ്യുതീകരണ പ്രവൃത്തികൾ പ്രസ്തുത മണ്ഡലത്തിൽ കെ.സി.ഡി.എ. ഫണ്ട് ഉപയോഗപ്പെടുത്തി ഏറ്റെടുത്തത് നടപ്പിലാക്കുന്നു.

(ബി) വഴി വിളക്കുകൾ സ്ഥാപിക്കൽ, ത്രീഫേസ് ലൈൻ കൺവേർഷൻ, ട്രാൻസ്ഫോമറുകൾ സ്ഥാപിക്കൽ, എച്ച്.റ്റി. ലൈൻ നിർമ്മാണം, ത്രീഫേസ് ലൈൻ നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഈ സാമ്പത്തിക വർഷം നടപ്പാക്കുന്നത്. നടപ്പു വർഷത്തിൽ 15,00,000 (പതിനഞ്ച് ലക്ഷം) രൂപയുടെ ചെലവ് വരും.

(സി) ട്രാൻസ്ഫോമറുകൾ സ്ഥാപിക്കൽ -1, എച്ച്.റ്റി. ലൈൻ നിർമ്മാണം -200 മീറ്റർ, 600 മീറ്റർ ത്രീഫേസ് ലൈൻ നിർമ്മാണം, 100 മീറ്റർ സ്ട്രീറ്റ് ലൈൻ വലിക്കൽ എന്നീ ജോലികൾ പൂർത്തിയാക്കാനുണ്ട്. പ്രസ്തുത ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

## എൽ.ഇ.ഡി. ബൾബുകൾ

23 (408) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്നതിനായി ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്) എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും 9 വാട്ടിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യും. കെ.എസ്.ഇ.ബി. ലിമിറ്റഡും കേന്ദ്ര സർക്കാരിന്റെ നാഷണൽ എൽ.ഇ.ഡി. മിഷൻ പദ്ധതിയുടെ പങ്കാളിയായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) എന്ന കേന്ദ്ര സർക്കാർ സ്ഥാപനവും തമ്മിലുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇ.ഇ.എസ്.എൽ. ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്തിട്ടുള്ള ബജാജ്, വിപ്രോ, കോമ്പാക്ട് എന്നീ ഉൽപ്പാദകരിൽനിന്നാണ് ഈ പദ്ധതിക്കാവശ്യമായ എൽ.ഇ.ഡി. ബൾബുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നത്. ഒരു ബൾബിന് 95 രൂപ നിരക്കിലാണ് ബൾബുകൾ ഉപഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിക്കുന്നത്. നോൺ പേയിംഗ് വിഭാഗത്തിൽപ്പെട്ടവർക്കും, 1000 വാട്ട് വരെ കണക്ടട് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നതുമായ വിഭാഗത്തിൽപ്പെട്ടവർക്കും 10 രൂപ നിരക്കിലാണ് ബൾബുകൾ നൽകാൻ ഉദ്ദേശിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ടവർ ഒഴികെ മറ്റ് ഉപഭോക്താക്കൾക്ക് ആവശ്യമെങ്കിൽ ദ്വൈമാസ തവണകളായി പണമടയ്ക്കാവുന്നതാണ്.

## റിംഗ് മെയിൻ യൂണിറ്റ്

24 (409) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിൽ റിംഗ് മെയിൻ യൂണിറ്റ്, സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡാറ്റാ അക്വിസിഷൻ എന്നീ സംവിധാനങ്ങൾ നടപ്പിലാക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കുമോ;

(ബി) അടുത്ത സാമ്പത്തിക വർഷം റിംഗ് മെയിൻ യൂണിറ്റ് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) കേന്ദ്ര ഗവൺമെന്റ് പദ്ധതി പ്രകാരം 2001 സെൻസസിൽ 4 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യ ഉള്ളതും 350 ദശലക്ഷം യൂണിറ്റിൽ കൂടുതൽ വാർഷിക ഊർജ്ജ ഉപഭോഗമുള്ളതുമായ പട്ടണങ്ങളിലാണ് (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡാറ്റാ അക്വിസിഷൻ സംവിധാനം ഇപ്പോൾ നടപ്പാക്കുന്നത്. ഇതുപ്രകാരം കൊല്ലം നഗരത്തിൽ റിംഗ് മെയിൻ യൂണിറ്റ് സ്ഥാപിച്ച് സൂപ്പർവൈസറി കൺട്രോൾ ആന്റ് ഡാറ്റാ അക്വിസിഷൻ സംവിധാനം നടപ്പിലാക്കാൻ ഇപ്പോൾ കഴിയില്ല.

## പുതിയ വൈദ്യുതി കണക്ഷനുകൾ

25 (410) ശ്രീ. എ. റ്റി.ജോർജ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 2015-16 വർഷത്തിൽ 4,60,000-ത്തോളവും 2016-17-ൽ 4,00,000-ത്തോളവും പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 2015-16-ല വാർഷിക

പദ്ധതിയിൽ 65.83 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 2015 ഡിസംബർ 31 വരെ 1,41,251 ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെ 2,78,808 പുതിയ വൈദ്യുതി കണക്ഷനുകൾ ബോർഡ് നൽകിയിട്ടുണ്ട്. വൈദ്യുതി കണക്ഷന് അപേക്ഷിച്ചവരിൽ ഇനി 2278 പേർക്ക് മാത്രമേ വൈദ്യുത കണക്ഷൻ നൽകുവാനുള്ളൂ. അത് നൽകിക്കൊണ്ടിരിക്കുകയാണ്, ഇതിൽ ഗുണഭോക്താവ് സ്വന്തം ചെലവിൽ എടുത്ത കണക്ഷനുകൾ, RGGVY പദ്ധതി പ്രകാരം നൽകിയ കണക്ഷനുകൾ, പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY പ്രകാരം നൽകിയ കണക്ഷനുകൾ എന്നിവ ഉൾപ്പെടും. കേന്ദ്രാവിഷ്കൃത പദ്ധതിയായ RGGVY (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ടഡ് ലോഡ് പരിധിയില്ലാതെ എല്ലാ ബി.പി.എൽ. അപേക്ഷകർക്കും ബോർഡ് സൗജന്യമായി ഗാർഹിക വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു. കൂടാതെ മറ്റ് വിഭാഗക്കാർക്ക് RGGVY പദ്ധതിയിൽപ്പെടുത്തി ഓവർഹെഡ് ലൈനുകൾ നിർമ്മിച്ച് W.P. കണക്ഷനുവേണ്ട തുക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകിയിരുന്നു. ഇപ്പോൾ നിലവിലുള്ള പദ്ധതിയായ DDUGJY (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന) പ്രകാരം ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് സൗജന്യമായി കണക്ഷനുകൾ നൽകാനാകും. ഇതുവഴി സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണമാണ് ലക്ഷ്യമിടുന്നത്.

(സി) 2015-16, 2016-17 വർഷത്തിലെ വാർഷിക പദ്ധതി ബോർഡ് അംഗീകരിച്ചിട്ടുണ്ട്. 2015-16-ലേക്കുള്ള purchase plan അംഗീകരിച്ച് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചീഫ് എഞ്ചിനീയർ (SCM)-നെയും മേഖലാ ചീഫ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികളുടെ പുരോഗതി എല്ലാ മാസവും വിലയിരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ഓഫീസിന് രൂപംകൊടുത്തിട്ടുണ്ട്.

**പുതിയ സെക്ഷൻ ഓഫീസുകൾ**

26 (411) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25,000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി, അന്നമനട എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾക്കുള്ളിൽ ചാലക്കുടി, കൊരട്ടി, അന്നമനട എന്നീ സെക്ഷനുകൾ ഉൾപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## ചെറായി സബ്സ്റ്റേഷൻ

27 (412) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി 110 കെ.വി സബ് സ്റ്റേഷന്റെ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കേസിന് ആവശ്യമായ രേഖകൾ യഥാസമയം കെ.എസ്.ഇ.ബി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നാണ് ഇത്തരം രേഖകൾ സമർപ്പിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത രേഖകൾ സമർപ്പിച്ചതിനുശേഷമുള്ള തുടർനടപടി സംബന്ധിച്ച് കെ.എസ്.ഇ.ബി. വിവരങ്ങൾ ആരാഞ്ഞിരുന്നുവോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതു സംബന്ധിച്ച് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. സ്വീകരിച്ചുവരുന്ന തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) 110 കെ.വി. പറവൂർ-ചെറായി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട കേസ് സംബന്ധിച്ച് എറണാകുളം അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് നിയമിച്ച അഡ്വക്കേറ്റ് കമ്മിഷൻആവശ്യപ്പെട്ട എല്ലാ രേഖകളും കെ.എസ്.ഇ.ബി. 29-10-2013, 30-10-2013, 4-12-2013, 17-12-2013, 19-6-2014, 17-11-2014 എന്നീ തീയതികളിൽ കൈമാറിയിട്ടുണ്ട്. പ്രസ്തുത രേഖകൾ സമർപ്പിച്ചതിനു ശേഷവും അഡ്വക്കേറ്റ് കമ്മിഷൻറിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതു കൊണ്ട്, കേസ് തീരുമാനമാക്കാൻ 20-3-2014, 16-6-2015, 26-9-2015 എന്നീ തീയതികളിൽ കത്തുകൾ മുഖേനയും 11-2-2015, 19-6-2015, 12-8-2015, 17-9-2015, 9-10-2015, 30-11-2015 എന്നീ തീയതികളിൽ നേരിട്ടും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി

ബോർഡ് ലിമിറ്റഡിലെ ഉദ്യോഗസ്ഥർ അഡീഷണൽ ജില്ലാ മജിസ്ട്രേട്ടുമായി ബന്ധപ്പെട്ട് ഇതുസംബന്ധിച്ച വിവരങ്ങൾ ആരായുകയും, തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേസ് തീർപ്പാക്കാൻ വൈകുന്നത് കണക്കിലെടുത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ പരാതി സമർപ്പിക്കുവാനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

## സൗജന്യ എൽ.ഇ.ഡി. ബൾബുകൾ

28 (413) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗാർഹിക വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം എത്രയാണ് ; എല്ലാ ഉപഭോക്താക്കൾക്കും ഒൻപത് വാൾട്ടിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് എത്രയെണ്ണം വാങ്ങിയിട്ടുണ്ട്; ഏത് കമ്പനിയിൽ നിന്നാണ് ഇവ വാങ്ങിയത്; വാങ്ങുന്നതിനായി ചെലവായ തുക എത്ര; ഒരു എൽ.ഇ.ഡി. ബൾബ് ഉപഭോക്താവിന് നല്കുന്നതിൽ എത്ര തുക ചെലവ് വരും; ഇവ ഒരുമിച്ച് വാങ്ങുന്നതിലൂടെയുണ്ടായ നേട്ടം വിശദമാക്കാമോ; ഏത് തീയതിക്കകം ഇവ വിതരണം ചെയ്യും?

### ഉത്തരം

31-12-2015-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ആകെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം 91,06,800 ആണ്. ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ടിന്റെ എൽ.ഇ.ഡി. ബൾബുകൾ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ എല്ലാ ഉപഭോക്താക്കൾക്കും സൗജന്യ നിരക്കിൽ 9 വാട്ടിന്റെ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 150 ലക്ഷം ബൾബുകൾ വാങ്ങാനും തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യും കേന്ദ്ര സർക്കാരിന്റെ നാഷണൽ എൽ.ഇ.ഡി. മിഷൻ പദ്ധതിയുടെ പങ്കാളിയായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) എന്ന കേന്ദ്ര സർക്കാർ സ്ഥാപനവും തമ്മിലുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇ.ഇ.എസ്.എൽ ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുത്തിട്ടുള്ള ബജാജ്, വിപ്രോ, കോമ്പാക്ട് എന്നീ ഉത്പാദകരിൽനിന്നാണ് ഈ പദ്ധതിക്കാവശ്യമായ എൽ.ഇ.ഡി. ബൾബുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നത്. എല്ലാ നികുതികളും ഉൾപ്പെടെ 75.12 രൂപ നിരക്കിലാണ് ഇ.ഇ.എസ്.എൽ. ബൾബുകൾ കെ.എസ്.ഇ.ബി. സ്റ്റോറുകളിൽ എത്തിക്കുന്നത്. ഉപഭോക്താവിന് ഒരു എൽ.ഇ.ഡി. ബൾബ് നൽകുന്നതിനായി നികുതി അടക്കം ഏകദേശം 20 രൂപയുടെ അധിക ചെലവ് വരുമെന്ന്

പ്രതീക്ഷിക്കുന്നു. അതിനാൽ ഒരു ബൾബിന് 95 രൂപ നിരക്കിലാണ് ഉപഭോക്താക്കൾക്ക് നൽകാൻ ഉദ്ദേശിക്കുന്നത്. (നോൺ പേയിംഗ് വിഭാഗത്തിൽപ്പെട്ടവർക്കും 1000 W വരെ കണക്ടഡ് ലോഡ് ഉള്ളതും പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നതുമായ വിഭാഗത്തിൽപ്പെട്ടവർക്ക് 10 രൂപ നിരക്കിലാണ് ബൾബുകൾ നൽകാൻ ഉദ്ദേശിക്കുന്നത്.) ബൾബുകൾ ഒരുമിച്ച് വാങ്ങിക്കുമ്പോൾ കുറഞ്ഞ നിരക്കിൽ ലഭിക്കുന്നതിനാൽ അധിക സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ സാധിക്കുന്നതാണ്. 2016 ജൂൺ മാസത്തോടെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അരൂർ മണ്ഡലം**

29 (414) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജ വകുപ്പ് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

അരൂർ നിയോജകമണ്ഡലത്തിൽ 11 കെ.വി. ലൈൻ നിർമ്മാണം, 11 കെ.വി. ലൈൻ നവീകരണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ എൽ.റ്റി. ലൈൻ നിർമ്മാണം, എൽ.റ്റി. ലൈൻ നവീകരണം, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ തുടങ്ങിയ വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതനുസരിച്ച് 221 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 11 കെ.വി. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട 22.79 കി.മീ.(ഒ.എച്ച്) ലൈനും 3.16 കി.മീ. യു.ജി. കേബിളുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, 30 കി.മീ എൽ.റ്റി. ത്രീ ഫേസ് ലൈനും നിർമ്മിച്ചിട്ടുണ്ട്. ലൈൻ നവീകരണവുമായി ബന്ധപ്പെട്ട് 18 കി.മീ. 11 കെ.വി. ലൈൻ നവീകരണവും 969 കി.മീ. എൽ.റ്റി. ലൈൻ നവീകരണവും 92.6 കി.മീ. ലൈൻ കൺവേർഷനും ചെയ്തിട്ടുണ്ട്. എരമല്ലൂർ കടപ്പുറത്ത് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ജില്ലാ പർച്ചേസ് കമ്മിറ്റി മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ,അരൂർ-മട്ടാഞ്ചേരി 66 കെ.വി. ലൈൻ റീ-കണ്ടക്ടറിംഗ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഐസ് പ്ലാന്റുകളിൽ സംഭവിക്കുന്ന വലിയ തോതിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി അരൂർ നിയോജകമണ്ഡലത്തിൽ ഉള്ള ഐസ് പ്ലാന്റ് ഉടമകൾക്ക്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ എനർജി

സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (ESCOT) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധ ക്ലാസുകൾ സംഘടിപ്പിക്കുകയും, ഭാഗികമായ ഊർജ്ജനഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ ഐസ് പ്ലാന്റുകളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

## കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ്

30 (415) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ് എത്ര;

(ബി) പദ്ധതിയുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന തീയതി ഏതാണ്; ഇന്നത്തെ നിലയിൽ പദ്ധതിയുടെ പൂർണ്ണതോതിലുള്ള നിർമ്മാണ പ്രവൃത്തി ഏത് തീയതിയിൽ പൂർത്തീകരിക്കാൻ സാധ്യമാകും;

(സി) പദ്ധതിയ്ക്കുവേണ്ടി സർക്കാർ ഖജനാവിൽ നിന്നും പിന്നിട്ട വർഷങ്ങളിൽ ഓരോ വർഷവും ചെലവായ തുക എത്ര; ഈ പദ്ധതി പൂർത്തിയാക്കുന്നതിന് ഖജനാവിൽ നിന്നും ഇനിയും എന്തു തുക ചെലവഴിക്കേണ്ടതായിട്ടുണ്ട്;

(ഡി) പദ്ധതിയ്ക്കു വേണ്ടി ഏതെല്ലാം ഏജൻസികളിൽ നിന്ന് എത്ര കോടി രൂപ വീതം വായ്പ എടുത്തിട്ടുണ്ട്; അതിന്റെ തിരിച്ചടവ് നടത്തുന്നത് ഏത് തീയതി മുതലാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് കോസ്റ്റ് 5181.79 കോടി രൂപയാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം പ്രകാരം 2017 ജൂണിൽ ആണ് ആലുവ മുതൽ പേട്ട വരെയുള്ള 25.612 കി.മീ. ദൈർഘ്യമുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതി കമ്മിഷൻ ചെയ്യേണ്ടത്. ഈ പദ്ധതിയുടെ ആദ്യഘട്ടമായ (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) 18 കി.മീ. പൂർണ്ണസജ്ജമായി 2016 നവംബർ 1-ന് ട്രെയിൻ സർവീസ് ആരംഭിക്കാനും രണ്ടാം ഘട്ടം (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) 2017 ജൂണിൽ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതിക്കുവേണ്ടി ഓരോ വർഷവും ചെലവായ തുക ചുവടെ ചേർക്കുന്നു:

2012-13 - 314.25 കോടി രൂപ

2013-14 - 234 കോടി രൂപ

2014-15 - 247 കോടി രൂപ

2015-16 - 150 കോടി രൂപ

പദ്ധതി പൂർത്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ 597.81 കോടി രൂപ കൂടി അനുവദിക്കേണ്ടതുണ്ട്. കൂടാതെ കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ തയ്യാറെടുപ്പ് പ്രവൃത്തികൾക്കായി നാളിതുവരെ 215.13 കോടി രൂപ ചെലവായിട്ടുണ്ട്. 112.28 കോടി രൂപകൂടി ഈയിനത്തിൽ നല്കേണ്ടതായിട്ടുണ്ട്.

(ഡി) കൊച്ചി മെട്രോ റെയിൽ പദ്ധതിക്കുവേണ്ടി ദീർഘകാല വായ്പയായി 180 മില്യൺ യൂറോ എ.എഫ്.ഡി.-യിൽ (AFD) നിന്നും 1170 കോടി രൂപ കാനറാ ബാങ്കിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ, സ്ഥലമെടുപ്പിനായി 470 കോടി രൂപ (വൈറ്റില-പേട്ട റോഡ് വികസിപ്പിക്കുന്ന തയ്യാറെടുപ്പ് ജോലിയുടെ സ്ഥലമെടുപ്പിന് ഉൾപ്പെടെ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽനിന്നും ലോൺ എടുക്കുകയുണ്ടായി. ഈ ലോണിന്റെ തിരിച്ചടവ് സംസ്ഥാന സർക്കാരാണ് നടത്തേണ്ടത്. ഇതിലോരോന്നിന്റെയും തിരിച്ചടവ് തുടങ്ങുന്ന തീയതി താഴെപ്പറയുന്നു:

എ.എഫ്.ഡി. (AFD) - 15-9-2019

കാനറാ ബാങ്ക് - 2020-21 സാമ്പത്തിക വർഷം

എറണാകുളം ജില്ലാ സഹകരണ ബാങ്ക് (EDCB) - 2017-18 സാമ്പത്തിക വർഷം

## വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി

31 (416) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയുടെ വിശദാംശങ്ങളും പുരോഗതിയും വ്യക്തമാക്കുമോ;

(ബി) മേൽസൂചിപ്പിച്ച പദ്ധതി പ്രകാരം ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് ചെലവഴിക്കപ്പെടുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വൈക്കം നിയോജകമണ്ഡലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി പ്രകാരം വൈക്കം നിയോജകമണ്ഡലത്തിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ഡി.ഡി.യു.ജി.ജെ.വൈ. പ്രകാരം വൈക്കം നിയോജകമണ്ഡലത്തിൽ

നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(i) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

(ii) പുതിയ 11 കെ.വി. ലൈൻ നിർമ്മിക്കുക.

(iii) ഡി.റ്റി.ആർ. മീറ്റർ സ്ഥാപിക്കുക.

(iv) ബി.പി.എൽ. സർവ്വീസ് കണക്ഷൻ നൽകുക.

നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

(i) ട്രാൻസ്ഫോമർ സ്ഥാപിക്കൽ - 17 എണ്ണം

(ii) 11 കെ.വി. ലൈൻ നിർമ്മാണം - 17.35 കി.മീ.

(iii) ഡി.റ്റി.ആർ. മീറ്റർ സ്ഥാപിക്കൽ - 63 എണ്ണം

(iv)

| | | |
|---|---|---|
| 1. | കേടായ ഗാർഹിക മീറ്റർ മാറ്റൽ | 6161 |
| 2. | ഗാർഹിക ത്രീ ഫേസ് മീറ്റർ മാറ്റൽ | 1000 |
| 3. | കാർഷിക ത്രീ ഫേസ് മീറ്റർ മാറ്റൽ | 49 |
| 4. | മെക്കാനിക്കൽ മീറ്റൽ മാറ്റൽ (സിംഗിൾ ഫേസ്) | 5162 |
| 5. | മെക്കാനിക്കൽ മീറ്റർ മാറ്റൽ (ത്രീ ഫേസ്) | 142 |
| 6. | കാർഷിക ത്രീ ഫേസ് മെക്കാനിക്കൽ മീറ്റർ മാറ്റി സ്ഥാപിക്കൽ | 39 |
| 7. | ബി.പി.എൽ. സർവ്വീസ് കണക്ഷൻ | 89 |

ഓരോ സെക്ഷൻ പരിധിയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ ക്രോഡീകരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടി നിയോജകമണ്ഡലത്തിൽ നാളിതുവരെ, ബി.പി.എൽ. സർവ്വീസ് കണക്ഷൻ നൽകുന്നതിനുവേണ്ടി 6.603 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഡി.ഡി.യു.ജി.ജെ.വൈ. പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്കായി മൊത്തം 3.35 കോടി രൂപയുടെ പ്രവൃത്തികളാണ് നടപ്പാക്കുന്നത്.

## കൊല്ലം ജില്ലയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

32(417) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ;

(ബി) ഇത് കൊല്ലം ജില്ലയിൽ ആരംഭിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കുഴിമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ആഫീസ് തുടങ്ങുന്ന നിർദ്ദേശത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. കൊല്ലം ജില്ലയിലെ പതാരം, വെളുത്തമണൽ, പേരൂർ, കുഴമതിക്കാട്, ഇരവിപുരം എന്നിവ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.

(സി) പെരുമ്പുഴ, എഴുകോൺ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുഴമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ലഭിച്ചിട്ടുള്ളത്. നിലവിലുള്ള മാനദണ്ഡ പ്രകാരം സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാകുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ മേൽപ്പറഞ്ഞ സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ കുഴമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല.

## താരിഫ് പ്രകാരമുള്ള വൈദ്യുതി നിരക്ക്

33 (418) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഓരോ വിഭാഗത്തിനുമുള്ള താരിഫ് പ്രകാരമുള്ള വൈദ്യുതി നിരക്ക് എത്രയായിരുന്നു എന്നും 2016 ജനുവരി മാസത്തിലെ നിരക്ക് എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ നാളിതുവരെ എത്ര തവണ വൈദ്യുത നിരക്ക് കൂട്ടി ; ഓരോ തവണയും കൂട്ടിയ തുക എത്ര;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി വകുപ്പിൽ മറ്റ് ഏതെല്ലാം ഇനങ്ങളിൽ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം*ആയി ചേർത്തിട്ടുണ്ട്.

(ബി) മൂന്ന് തവണ പരിഷ്കരിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള (പോസ്റ്റ് ഉൾപ്പെടെയുള്ള) നിരക്കുകൾ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം, 1-4-2014 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-3* ആയി കൊടുത്തിരിക്കുന്നു. കൂടാതെ, കോളനികൾ, ബഹുനില കെട്ടിടങ്ങൾ, വാണിജ്യ/ വ്യാവസായിക/ഗാർഹിക സമുച്ചയങ്ങൾ മുതലായവയ്ക്കുള്ള വ്യക്തിഗത കണക്ഷനുകൾക്ക്, കണക്ഷൻ ഒന്നിന് 300 രൂപ ക്രമത്തിൽ 'Energisation Charge' 1-7-2015 -ലെ 'Kerala State Electricity Regulatory Commission' ഉത്തരവ് പ്രകാരം 1-9-2015 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമെ, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്- 2014-ലെ റെഗുലേഷൻ 77(3) പ്രകാരം പുതുതായി സർവ്വീസ് കണക്ഷന് അപേക്ഷിക്കുന്ന പ്രിമൈസസിൽ, അവധി ദിവസങ്ങളിലോ, ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന ദിവസങ്ങളിലോ, പരിശോധന നടത്തുന്നതിന് താഴെ പറയുന്നപ്രകാരം 1-7-2015-ലെ കമ്മിഷൻഉത്തരവ് അനുസരിച്ച് 1-9-2015 മുതൽ Kerala State Electricity Board Limited ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വിഭാഗം | ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന പ്രവൃത്തി ദിനങ്ങളിൽ നടത്തപ്പെടുന്ന പരിശോധനയ്ക്കുള്ള ഫീസ് (രൂപയിൽ) | ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന അവധി ദിനങ്ങളിൽ നടത്തപ്പെടുന്ന പരിശോധനയ്ക്കുള്ള ഫീസ് (രൂപയിൽ) |
|---|---|---|---|
| 1 | എൽ.റ്റി. സിംഗിൾ ഫേസ് | 25 | 50 |
| 2 | എൽ.റ്റി. ത്രീ ഫേസ് | 50 | 100 |
| 3 | എച്ച്. റ്റി. | 1,000 | 2,000 |
| 4 | ഇ.എച്ച്.റ്റി. | 2,000 | 4,000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പഴയതും തുടരാത്തതുമായ വൈദ്യുതി ഉത്പാദന പദ്ധതികൾ

34(419) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച വൈദ്യുതി ഉൽപാദന പദ്ധതിയുടെ ഏതെല്ലാം പദ്ധതികളുടെ തുടർപ്രവൃത്തികൾ ഈ സർക്കാർ കാലയളവിൽ തുടരാതിരുന്നിട്ടുണ്ട്;

(ബി) ഈ പദ്ധതികളിൽ കൂടി മുൻസർക്കാർ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദനലക്ഷ്യം ഇട്ടിരുന്നത്;

(സി) ഈ പദ്ധതികൾ തുടരാതിരുന്നതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനമാണ് നഷ്ടമായതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 30-12-2009-ൽ ടെണ്ടർ ചെയ്ത ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (7.5 MW) വനഭൂമി കൈമാറുന്നത് സംബന്ധിച്ച കാലതാമസംമൂലം 30-10-2014-ൽ വർക്ക് ഓർഡർ റദ്ദുചെയ്യുകയുണ്ടായി. എന്നാൽ, തടസ്സങ്ങൾ നീക്കി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച വൈദ്യുത ഉത്പാദന പദ്ധതികളിൽ ഒന്നുംതന്നെ ഈ സർക്കാർ കാലയളവിൽ തുടരാതിരുന്നിട്ടില്ല.

## സൗരോർജ്ജ പദ്ധതി

35 (420) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോളാർ എനർജി വഴി എത്ര വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

അനെർട്ട് മുഖേന ഇതുവരെ 8.61 മെഗാവാട്ട് ശേഷിയുള്ള സൗരഗൃഹ റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ കമ്മിഷൻ ചെയ്തുകഴിഞ്ഞു. ഒരു കിലോവാട്ട് പ്ലാന്റിൽനിന്നും ഒരു ദിവസം 3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു എന്ന് കണക്കാക്കിയാൽ മേൽപ്പറഞ്ഞ സോളാർ പ്ലാന്റുകളിൽനിന്നും പ്രതിദിനം ആകെ 30,135 യൂണിറ്റ് വൈദ്യുതി ഉത്പാദനം നടക്കുന്നുണ്ട്. മേൽപ്പറഞ്ഞ പ്ലാന്റുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡി ഇനത്തിൽ 60.7263 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൂർത്തീകരിച്ച സോളാർ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പാലക്കാട് കഞ്ചിക്കോട് സ്ഥാപിച്ച 1 MW ഗ്രിഡ് ബന്ധിത സോളാർ പദ്ധതി - 6.99 കോടി
2. ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ സ്ഥാപിച്ച 96 KW-ന്റെ സോളാർ പദ്ധതി - 1.09 കോടി
3. പൊരിങ്ങൽകുത്ത് പവർ ഹൗസിന്റെ മേൽക്കൂരയിൽ സ്ഥാപിച്ച 50 KW -ന്റെ സോളാർ പദ്ധതി - 43.75 ലക്ഷം
4. പടിഞ്ഞാറേത്തറ റിസർവോയറിൽ സ്ഥാപിച്ച 10 KW-ന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി - 14.5 ലക്ഷം.

**ലാഭപ്രഭ പദ്ധതി**

36 (421) ശ്രീ. വർക്കല കഹാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ലാഭപ്രഭ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻവേണ്ടി ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ സജ്ജരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി 2013 മാർച്ച് 23-ന് തുടക്കം കുറിച്ച ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടി 2014-ലും തുടർന്നു. ലാഭപ്രഭ പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ലാഭപ്രഭ പദ്ധതിയുടെ ഭാഗമായി കേരളത്തിലുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട തിയേറ്ററുകളിലും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും പ്രമുഖ സിനിമാ താരങ്ങളെ ഉൾപ്പെടുത്തി ഊർജ്ജസംരക്ഷണ

പരസ്യങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി., പത്രങ്ങളിൽക്കൂടി നൽകുന്ന എല്ലാ ടെൻഡർ പരസ്യങ്ങളിലും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകളിലും വൈദ്യുതി സംരക്ഷണ സന്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്. കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ സമ്മാനാർഹരായവരെ ഊർജ്ജ സംരക്ഷണ അംബാസഡർമാരായി നിയോഗിച്ച് സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ, എൻ.എസ്.എസ്., എൻ.സി.സി, പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പരമാവധി സ്കൂളുകളെ ഈ പദ്ധതിയിൽ പങ്കെടുപ്പിക്കാനും വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കാനും ഈ പദ്ധതി വിജയിപ്പിക്കാനും, സി.എഫ്.എൽ. ലാമ്പുകൾ, സൗരോർജ്ജ റാന്തലുകൾ, ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന സൗരോർജ്ജ പ്രോജക്ട് തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മാന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ലാഭപ്രഭ 2013 (സീസൺ-1) പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി.എഫ്.എൽ. സൗജന്യമായി നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് അനർട്ടിൽനിന്നും വാങ്ങിയ സൗരോർജ്ജ റാന്തലുകൾ അതാത് സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. ലാഭപ്രഭ 2014 (സീസൺ-2) പദ്ധതിയിൽ 193215 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ. വീതം അതാത് സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് ഗണ്യമായി ഊർജ്ജലാഭം വരുത്തിയ എട്ട് സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന 5 കി. വാട്ട് സൗരോർജ്ജ പ്ലാന്റ് നൽകുവാനും പങ്കെടുത്ത എല്ലാ സ്കൂളുകളിലെയും ലാഭപ്രഭ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്കും പങ്കെടുത്ത ബാക്കി 9 സ്കൂളുകൾക്കും ഓരോ സൗരോർജ്ജ റാന്തൽ വീതം അതാത് ഇലക്ട്രിക്കൽ സർക്കിളുകൾ വഴി നൽകുവാനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സോളാർ കണക്ട് ശൃംഖലാ പദ്ധതി

37 (422) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യങ്ങൾക്കായി വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന സോളാർ കണക്ട് ശൃംഖലാ പദ്ധതി ഏതെല്ലാം കമ്പനികളുമായി ബന്ധപ്പെട്ടാണ് നടപ്പിലാക്കുന്നത് എന്ന വിവരത്തിന്റെ വിശദാംശം അറിയിക്കാമോ;

(ബി) നാളിതുവരെ ഈ പദ്ധതിയ്ക്കായി എത്ര തുക ഏതെല്ലാം ഏജൻസികൾക്ക് നൽകിയിട്ടുണ്ട് എന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ഈ പ്രസ്തുത കേന്ദ്ര/സംസ്ഥാന വിഹിത അടിസ്ഥാനത്തിൽ അറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര നവനവീകരണ മന്ത്രാലയത്തിന്റെ അംഗീകൃത ചാനൽ പാർട്ണർമാരുടെ ലിസ്റ്റിൽനിന്നും, ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുത്ത 13 ഏജൻസികളെയാണ് സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി നടപ്പിലാക്കാൻ നിയോഗിച്ചിരിക്കുന്നത്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സോളാർ കണക്ട് പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഗുണഭോക്താക്കൾക്കാണ് ലഭ്യമാക്കുന്നത്. ഈ പദ്ധതിയിൽ ഇതുവരെ യാതൊരു തുകയും വിതരണം ചെയ്തു തുടങ്ങിയിട്ടില്ല.

(സി) മേൽപ്പറഞ്ഞ പദ്ധതിയിൽ കേന്ദ്ര ധനസഹായമായി 24,000 പ്രതി കിലോ വാട്ടും (മൊത്തം തുകയുടെ 30% അല്ലെങ്കിൽ പരമാവധി 24,000 രൂപ) സംസ്ഥാന സർക്കാർ ധനസഹായമായി 10000 പ്രതി കിലോവാട്ടും ആണ് ലഭ്യമാക്കുന്നത്.

**ഊർജ്ജ രംഗത്തെ സ്വയംപര്യാപ്തത**

38 (423) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തേണ്ട അവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 63.6 MW-ന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ അതിരപ്പിള്ളി പദ്ധതി (163 MW) പ്രതിബന്ധങ്ങൾ നീക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഭരണാനുമതി ലഭിച്ച താപവൈദ്യുത പദ്ധതികൾ താഴെ പറയുന്നവയാണ്:

1. ചീമേനിയിൽ എൽ.എൻ.ജി. ഉപയോഗിച്ചുള്ള പദ്ധതി.

2. ബ്രഹ്മപുരത്ത് 1026 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

താപ വൈദ്യുത പദ്ധതികളുടെ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്:

1. ബ്രഹ്മപുരത്ത് കേടായ രണ്ട് ഡീസൽ ജനറേറ്ററുകൾക്ക് പകരം എൽ.എൻ.ജി. ഇന്ധനമായുള്ള 40 MW ജനറേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിക്കുവേണ്ടി ലെറ്റർ ഓഫ് അവാർഡ് wartsila എന്ന കമ്പനിക്ക് നൽകിക്കഴിഞ്ഞു.

2. കായംകുളം നിലയം നാഫ്തയിൽനിന്നും എൽ.എൻ.ജി.യിലേക്ക് മാറ്റുന്ന പദ്ധതി. കെ.എസ്.ഇ.ബി. തത്വത്തിൽ അംഗീകരിച്ച് ഗ്യാസിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. ബ്രഹ്മപുരത്ത് കെ.എസ്.ഇ.ബി. നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള 1026 മെഗാവാട്ട് പദ്ധതിയുടെ ആദ്യഘട്ടമായി 400 മെഗാവാട്ടിനുള്ള വിശദമായ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എൻവയോൺമെന്റൽ സ്റ്റഡിക്കുവേണ്ടിയുള്ള ടേംസ് ഓഫ് റഫറൻസിന്റെ അംഗീകാരത്തിനുവേണ്ടി ഇംപാക്ട് അസ്സസ്സ്മെന്റ് ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്.

4. പെട്രോനെറ്റും കെ.എസ്.ഇ.ബി.-യും യോജിച്ച് സംയുക്ത സംരംഭമായി പുതുവൈപ്പിനിൽ 1200 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിക്കുവേണ്ടി വിശദമായ സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതക്കുറവ്, ഇറക്കുമതി ചെയ്യുന്ന വാതകത്തിന്റെ വിലയിലെ അസ്ഥിരത ഇവ കാരണം വാതകാധിഷ്ഠിത പദ്ധതികളെല്ലാംതന്നെ രാജ്യമൊട്ടാകെ സന്നിഗ്ദ്ധാവസ്ഥയിലാണ്.

5. കൽക്കരി ഇന്ധനമായുള്ള താപനിലയം ചീമേനിയിൽ സ്ഥാപിക്കാൻ മുമ്പുണ്ടായിരുന്ന തീരുമാനം പരിഗണനയിലാണ്.കേന്ദ്ര ഗവൺമെന്റിൽ നിന്നും കേരളത്തിന് കൽക്കരിപ്പാടം അനുവദിച്ച കിട്ടുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്.

6. കൊച്ചിയിൽ പെറ്റ്കോക്ക് ഇന്ധനമാക്കിക്കൊണ്ടുള്ള പദ്ധതിക്ക് FACT-ന്റെ കൈവശമുള്ള 150 ഏക്കർ സ്ഥലം സംസ്ഥാന സർക്കാരിന് തിരികെ നൽകുന്നതിന് പ്രാരംഭമായി FACT-ന്റെ കൈവശ ഭൂമിയിന്മേൽ അവർക്ക് ഫ്രീഹോൾഡ് നൽകിക്കൊണ്ട് 7-5-2015-ൽ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. കൊച്ചി റിഫൈനറിയുമായി പെറ്റ്കോക്കിന്റെ വിലയെ സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

7. പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്തിലെ 300 ഏക്കർ ചതുപ്പുനിലങ്ങളിൽ NHPC നടപ്പിലാക്കാനുദ്ദേശിക്കുന്ന 50 മെഗാവാട്ട് സൗരോർജ്ജ പദ്ധതിക്കുവേണ്ടി 7-5-2014-ൽ കെ.എസ്.ഇ.ബി.-യും NHPC-യും ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ഭൂവുടമകളും പഞ്ചായത്തും ചേർന്ന് രൂപീകരിച്ച കമ്പനിയുമായി 29-9-2015-ൽ പദ്ധതിക്കുവേണ്ട സ്ഥലം പാട്ടത്തിന് എടുക്കുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. കുറഞ്ഞ താരിഫിൽ പദ്ധതിയിൽനിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ എടുക്കുന്നതിന് NHPC-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നവ നവീകരണ ഊർജ്ജ സ്രോതസ്സുകളെ (New and renewable Energy Sources) പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി നടപ്പിൽ വരുത്തി കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -I *ആയി ചേർക്കുന്നു.

ഊർജ്ജ രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിന്റെ ഭാഗമായി വിവിധ കൺസ്യൂമർ തലങ്ങളിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ KSEBL ഏർപ്പെട്ടുവരുന്നു. പ്രസരണ വിതരണ ശൃംഖലയിലെ ഊർജ്ജനഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങളിൽ വളരെ ശ്രദ്ധ ചെലുത്തുന്നു. ഐസ് പ്ലാന്റുകളിലും കാർഷിക മേഖലയിലും വലിയ തോതിൽ സംഭവിക്കുന്ന ഊർജ്ജനഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങളിലും ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങളിലും ഇടപെട്ടുകൊണ്ടിരിക്കുന്നു.

കൂടാതെ കേരളത്തിന് പുറമെനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പല ദീർഘ/മധ്യകാല കരാറുകളിലും ബോർഡ് ഏർപ്പെട്ടിട്ടുണ്ട്.

ഇതിനുപുറമെ സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി 2000 MW ശേഷിയുള്ള HVDC സബ്സ്റ്റേഷൻ തൃശ്ശൂർ മാടക്കത്തറയിൽ സ്ഥാപിക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ നടന്നുവരുന്നു. PGCIL ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

അനെർട്ട് മുഖേന നടപ്പിലാക്കിയ പ്രധാന പദ്ധതികൾ അനുബന്ധം -II* ആയി ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തേണ്ട അവസ്ഥ ഇപ്പോൾ നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഊർജ്ജ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികൾ

39 (424) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഊർജ്ജ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 98 കിലോ മീറ്റർ 11 കെ.വി. ലൈനും, 225 കിലോ മീറ്റർ എൽ.റ്റി. ലൈനും വലിക്കുകയും 95 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി 13483 സർവ്വീസ് കണക്ഷനുകൾ നൽകാനായി മുട്ടിൽ പാടിച്ചിറ, പടിഞ്ഞാറെത്തറ എന്നിവിടങ്ങളിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിച്ചു. കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പടിഞ്ഞാറേത്തറ ഡാമിനു മുകളിൽ 400 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും ബാണാസുര സാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റും സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. 10 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 16 കോടി രൂപ വകയിരുത്തുകയും അതിൽ 12 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ 10 കിലോ വാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിക്ക് ഇന്നവേഷൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള 14.5 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തിയതിൽ ഇനി 20 കിലോ മീറ്റർ 11 കെ.വി. ലൈനും, 75 കിലോമീറ്റർ എൽ.റ്റി. ലൈനും 15 ട്രാൻസ്ഫോർമറുകളും പൂർത്തീകരിക്കാനുണ്ട്. ഇതിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബാണാസുര സാഗർ ജലാശയത്തിൽ സ്ഥാപിക്കുന്ന 500 കിലോ വാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പ്ലാന്റും ഡാം ടോപ്പിൽ സ്ഥാപിക്കുന്ന 400 കിലോവാട്ട് സോളാർ പദ്ധതിയുമാണ് പൂർത്തിയാക്കാനുള്ളത്. യഥാക്രമം 9.25 കോടി രൂപയും 4.29 കോടി രൂപയുമാണ് ഈ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ളത്.

## സ്ഥാപിത വൈദ്യുത ഉത്പാദന ശേഷി

40 (425) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ സ്ഥാപിത വൈദ്യുത ഉല്പാദന ശേഷി എത്ര മെഗാവാട്ട് ആയിരുന്നു; നിലവിൽ സംസ്ഥാനത്തിന്റെ സ്ഥാപിത വൈദ്യുത ഉല്പാദനശേഷി എത്ര മെഗാവാട്ട് ആണ്; പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര ചെറുജല വൈദ്യുത പദ്ധതികൾ ആരംഭിച്ചു; എത്ര എണ്ണം കമ്മിഷൻ ചെയ്തു; എത്ര യൂണിറ്റ് വൈദ്യുതി ആകെ ലഭിച്ചു ; വിശദമാക്കാമോ ;

(സി) ഈ സർക്കാർ വന്നതിനുശേഷം എത്ര പദ്ധതികൾ കമ്മിഷൻചെയ്തു; പദ്ധതിയുടെ പേര്, പദ്ധതി ആരംഭിച്ച വർഷം, കമ്മിഷൻചെയ്ത വർഷം, സ്ഥാപിത ശേഷി എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം എത്ര പദ്ധതികൾ ആരംഭിച്ചു; പദ്ധതിയുടെ പേര്, ആരംഭിച്ച വർഷം, സ്ഥാപിതശേഷി, കമ്മിഷൻ ചെയ്യാൻ കഴിയുന്ന വർഷം എന്നിവ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഉത്പാദനശേഷി 2874.36 മെഗാവാട്ട് ആയിരുന്നു. സൗരോർജ്ജ പദ്ധതികൾ ഉൾപ്പെടെ 44.066 മെഗാവാട്ടിന്റെ പദ്ധതികൾ കമ്മിഷൻ ചെയ്തതുവഴി സ്ഥാപിതശേഷിയിൽ വർദ്ധനവ് വന്നിട്ടുണ്ട്. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഉണ്ടായിരുന്ന താപ വൈദ്യുത നിലയങ്ങളിൽ ബ്രഹ്മപുരം ഡീസൽ പ്ലാന്റ്, കോഴിക്കോട് ഡീസൽ പ്ലാന്റ് ഇവയുടെ കേടായ രണ്ട് യൂണിറ്റുകൾ വീതം ഡീ കമ്മിഷൻ ചെയ്തതുകാരണം 74.64 മെഗാവാട്ടിന്റെ കുറവ് ഇപ്പോഴുള്ള സ്ഥാപിതശേഷിയിൽ വന്നിട്ടുണ്ട്. പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം -I ആയി നൽകിയിരിക്കുന്നു *.

(ബി) 63.6 MW-ന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചു. ഇക്കാലയളവിൽ 5 പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. 18.75 MW സ്ഥാപിതശേഷി അധികമായി കൂട്ടിച്ചേർത്തിട്ടുണ്ട്. 15 MW-ന്റെ ബാരപ്പോൾ പദ്ധതി ഈ മാസം കമ്മിഷൻചെയ്യുന്നതാണ്. കൂടാതെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികളിലൂടെ 9 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു *.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് *.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഊർജ്ജ വകുപ്പ് ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

41 (426) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഊർജ്ജ വകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും എം.എൽ.എ.എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി പഞ്ചായത്തുകളുടെ ഫണ്ടുകളുപയോഗിച്ചുള്ള പദ്ധതികൾ മുഖേനയും ബോർഡിന്റെ തനതായ ഫണ്ട് ഉപയോഗിച്ചും നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 99 എണ്ണം |
| 11 കെ.വി. ലൈൻ | 99.18 കി.മീ. |
| എൽ.റ്റി. ലൈൻ | 172 കി.മീ. |
| കൺവേർഷൻ | 112.84 കി.മീ. |

പ്രസരണ വിഭാഗത്തിലെ പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

ഇടുക്കി നിയോജകമണ്ഡലത്തിലെ വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതി (3.6 MW)-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ 9/2012-ൽ ആരംഭിക്കുകയുണ്ടായി. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ മൊത്തം പുരോഗതി 92% ആണ്. ഫെബ്രുവരി 2016-ഓടെ പദ്ധതി കമ്മിഷൻചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി)

| പ്രവൃത്തി | വകയിരുത്തിയ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|
| ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 326.08 | 262.78 |
| 11 കെ.വി. ലൈൻ | 719.33 | 549.47 |
| എൽ.റ്റി. ലൈൻ | 1180.40 | 732.10 |
| കൺവേർഷൻ | 235 | 199 |

വെള്ളത്തൂവൽ ജലവൈദ്യുത പദ്ധതിക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2012-13 | 1.70 കോടി രൂപ | 14,34,272 രൂപ |
| 2013-14 | 4.25 കോടി രൂപ | 85,18,535 രൂപ |
| 2014-15 | 6.80 കോടി രൂപ | 8,46,75,354 രൂപ |
| 2015-16 | 6.80 കോടി രൂപ | 12,83,30,754 രൂപ |

(സി)

| പ്രവൃത്തി | പൂർത്തിയാക്കുവാനുള്ള പ്രവൃത്തി | വകയിരുത്തിയിട്ടുള്ള തുക (ലക്ഷം) |
|---|---|---|
| ട്രാൻസ്ഫോമർ സ്ഥാപിക്കൽ | 23 എണ്ണം | 63.3 |
| 11 കെ.വി. ലൈൻ | 30.66 കി.മീ. | 169.86 |
| എൽ.റ്റി. ലൈൻ | 105 കി.മീ. | 448.3 |
| കൺവേർഷൻ | 30.84 കി.മീ. | 36 |

വെള്ളത്തൂവൽ ജലവൈദ്യുത പദ്ധതിയുടെ 92% പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. ഫെബ്രുവരി 2016-ഓടെ കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കുവേണ്ടി ഈ സാമ്പത്തിക വർഷം 6.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഭൂഗർഭ വൈദ്യുത കേബിളുകൾ

42 (427) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഭൂഗർഭ വൈദ്യുത കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി വകയിരുത്തിയിരിക്കുന്ന തുക എത്രയെന്നും ഏത് സ്കീം പ്രകാരമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ആകെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എടവനക്കാട്, എളങ്കുന്നപ്പുഴ, നായരമ്പലം, ഞാറയ്ക്കൽ പഞ്ചായത്തുകളിൽ ഏകദേശം 70 കിലോ മീറ്റർ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

(ബി) പുനരാവിഷ്കൃത ഊർജ്ജ വികസന പദ്ധതി കൊച്ചി സ്കീം പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി 2,092 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

(സി) കേബിളുകളും ലൈനുകളും സ്ഥാപിക്കുമ്പോൾ പലപ്പോഴും റോഡുകൾ കുഴിക്കേണ്ടി വരാറുണ്ട്. ഇതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. കൂടാതെ റോഡ് പുനർനിർമ്മാണത്തിന് പഞ്ചായത്ത് ആവശ്യപ്പെടുന്ന തുക വളരെ കൂടുതലാണ്. ഇവയെല്ലാം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ നേരിടുന്ന തടസ്സങ്ങളാണ്.

(ഡി) പുനരാവിഷ്കൃത ഊർജ്ജ വികസന പദ്ധതി കൊച്ചി സ്കീമിന്റെ ആകെ അടങ്കൽ തുക (മറ്റ് പ്രവൃത്തികൾ ഉൾപ്പെടെ) 244 കോടി രൂപയാണ്.

## ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി

43 (428) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട, വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിലെ 'ആനക്കയത്ത് 'ഏഴ് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ആനക്കയം ചെറുകിട ജലവൈദ്യുതപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി പദ്ധതി യാഥാർത്ഥ്യമാക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഉമ്പൂർമൂഴി, കണ്ണംകുഴി തുടങ്ങിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികളും ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതിക്ക് (7.5 മെഗാവാട്ട്) 29-9-2009-ൽ 9166 ലക്ഷം രൂപയ്ക്ക് വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ 8 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാംഘട്ട അനുമതി 1-7-2013-ലും രണ്ടാംഘട്ട അനുമതി (ഫൈനൽ) 17-3-2014-ലും ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പദ്ധതി പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടുള്ള ചില ഉപാധികൾ മാറ്റിക്കിട്ടുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപടിയെടുത്തിട്ടുണ്ട്. വനഭൂമി കൈമാറുന്നതിലുണ്ടായ കാലതാമസംമൂലം ഈ പദ്ധതി നിർമ്മാണത്തിനായി നൽകിയിരുന്ന വർക്ക് ഓർഡർ 30-10-2014-ൽ റദ്ദുചെയ്യുകയുണ്ടായി.

സീനിയറേജ് വാല്യുവുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കിക്കിട്ടുന്നതിനായി 6-1-2016-ൽ പ്രിൻസിപ്പൽ സെക്രട്ടറി (വനം), കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെയും വനം വകുപ്പിന്റെയും അധികൃതരുമായി ഒരു യോഗം ചേർന്ന് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഉമ്പൂർമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2012-ലെ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസർ (IPP) പദ്ധതി വിഭാഗത്തിൽ ഉമ്പൂർമൂഴി പദ്ധതി കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റഡ്, (CMR) ആലുവ എന്ന കമ്പനിക്ക് BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ നൽകിയിരിക്കുകയാണ്. പദ്ധതിയുടെ രൂപരേഖ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുന്നു. കമ്മിറ്റിയുടെ അഭിപ്രായപ്രകാരമായിരിക്കും അന്തിമ തീരുമാനം കൈക്കൊള്ളുക.

കണ്ണംകുഴി ഐഡന്റിഫൈ ചെയ്ത പദ്ധതിയാണെങ്കിലും വനഭൂമി സംബന്ധിച്ച തർക്കം കാരണം തടസ്സപ്പെട്ടിരിക്കുകയാണ്.

## സംസ്ഥാന വൈദ്യുതി ബോർഡ് വാങ്ങിയ മീറ്ററുകൾ

44 (429) ശ്രീ. പി. തിലോത്തമൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. കെ. രാജു :

ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിനു വേണ്ടി വാങ്ങുന്ന മീറ്ററുകളെ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; ഉണ്ടെങ്കിൽ ഗുണപരിശോധനയ്ക്കുള്ള എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ബോർഡ് വാങ്ങിയ മീറ്ററുകൾ ഗുണമേന്മയില്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ; ഇതുമൂലം ബോർഡിന് നഷ്ടമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൈദ്യുതി ഉപഭോക്താക്കൾക്ക് ഇത്തരം വൈദ്യുതി മീറ്ററുകൾ നല്കിയവ മാറ്റി സ്ഥാപിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) നിലവിൽ ഗുണമേന്മയില്ലാത്ത വൈദ്യുതി മീറ്ററുകൾ ബോർഡിന്റെ കൈവശമുണ്ടോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പർച്ചേസ് ഓർഡറിലെ ഡെലിവറി ഷെഡ്യൂൾ പ്രകാരം കമ്പനികൾ ഓഫർ ചെയ്യുന്ന മീറ്ററുകൾ അവിടെ നിന്നും കയറ്റി വിടുന്നതിനുമുമ്പ് അവരുടെതന്നെ ഫാക്ടറികളിൽവച്ച് ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന പ്രകാരം ഒരു പ്രീ-ഡെസ്പാച്ച് ഇൻസ്പെക്ഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ് നിയോഗിക്കുന്ന ഒരു എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നുണ്ട്. ഈ പരിശോധനയിൽ ഗുണമേന്മ ഉറപ്പുവരുത്തുന്ന മീറ്ററുകൾ മാത്രമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിർദ്ദേശ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ടി.എം.ആർ. ഡിവിഷനിൽ എത്തിക്കുന്നത്. ഇതുകൂടാതെ ടി.എം.ആറുകളിൽ എത്തുന്ന മീറ്ററുകളെ ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന പ്രകാരം ഒരു അഡീഷണൽ ആക്സെപ്റ്റൻസ് ടെസ്റ്റിനും വിധേയമാക്കുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ടി.എം.ആർ. ഡിവിഷനിലെ എഞ്ചിനീയർമാരാണ് ഈ പരിശോധന നടത്തുന്നത്. ഇതിൽ ഗുണനിലവാരം കുറഞ്ഞ മീറ്ററുകൾ തള്ളപ്പെടുന്നു. ഗുണമേന്മ തെളിയിക്കപ്പെട്ട മീറ്ററുകൾ മാത്രമാണ് ഫീൽഡിലേക്ക് നൽകുന്നത്.

(ബി-ഡി) വൈദ്യുതി ഉപഭോക്താക്കളുടെ Premises-ൽ സ്ഥാപിച്ച വൈദ്യുതി മീറ്ററുകൾ കേടായതായി ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് അത്തരം മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നു. ഗ്യാരണ്ടി പീരിയഡിലുള്ള കേടായ മീറ്ററുകൾ ടി.എം.ആർ. ഡിവിഷൻ വഴി കമ്പനികൾക്ക് നൽകി കമ്പനിയുടെ ചെലവിൽത്തന്നെ മാറ്റി വാങ്ങിക്കുന്നതിനായി പർച്ചേസ് ഓർഡറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ഊർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികൾ

45 (430) ശ്രീ. എ. കെ. ബാലൻ:

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുതി പദ്ധതികളിൽ നിന്നല്ലാതെയുള്ള ഊർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ജലവൈദ്യുത പദ്ധതികളിൽ നിന്നല്ലാതെയുള്ള ഊർജ്ജ ഉല്പാദനത്തിൽ ഓരോ വർഷവും ലക്ഷ്യമിട്ട ഉല്പാദനം സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ കാണിച്ച അലംഭാവമാണ് സംസ്ഥാനത്ത് പ്രതിസന്ധി സൃഷ്ടിക്കുന്ന തരത്തിൽ ഊർജ്ജ ഉല്പാദനലക്ഷ്യം കൈവരിക്കുന്നതിന് സാദ്ധ്യമാകാത്തത് എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതോത്പാദനം ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി അനർട്ട് മുഖേന 10000 സൗരഗൃഹ പദ്ധതി, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ വഴി യഥാക്രമം 10 മെഗാവാട്ട്, 15 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ടതിൽ സൗരഗൃഹ പദ്ധതി വഴി 1 KW 8500 പവർപ്ലാന്റുകൾ സ്ഥാപിച്ച് 8.5 മെഗാവാട്ട് കൈവരിക്കുകയും, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി മുഖേന 3.5 മെഗാവാട്ട് പവർപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സൗരോർജ്ജത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന 363 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റുകൾ അനർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും 323 കിലോവാട്ട് മൊത്തം സ്ഥാപിതശേഷിയുള്ള

പവർപ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലുമാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ വഴി 200 MW ശേഷിയുള്ള വൈദ്യുതോൽപ്പാദന പദ്ധതികൾ ആരംഭിക്കുന്നതിന് 2011-ൽ എൻ.റ്റി.പി.സി.-യുമായി കേരള സർക്കാർ ധാരണാപത്രത്തിൽ ഏർപ്പെട്ടുവെങ്കിലും പദ്ധതി പ്രദേശത്തേക്ക് യന്ത്രസാമഗ്രികൾ കൊണ്ടുപോകുന്നതിന് റോഡ് സൗകര്യമില്ലാത്തതിനാലും ചെറിയ മെഷീനുകൾ മാത്രമേ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാലും ഈ പദ്ധതി സാങ്കേതികമായും സാമ്പത്തികമായും അനുയോജ്യമല്ല എന്ന് എൻ.റ്റി.പി.സി. അറിയിച്ചിരുന്നു. തുടർന്ന് ടി പദ്ധതി പ്രദേശത്ത് അനർട്ടും കെ.എസ്.ഇ.ബി.-യും സംയുക്തമായി വിൻഡ് ഹൈബ്രിഡ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങുന്നതിന് പല തടസ്സങ്ങളും നിലനിൽക്കുന്നതിനാൽ കൽക്കരി ഉപയോഗപ്പെടുത്തി വൈദ്യുതി ഉത്പാദനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഒറീസ്സയിലെ ബൈതരണി ഉൾപ്പെടെയുള്ള മൂന്ന് കൽക്കരിപ്പാടങ്ങളിൽ നിന്നും കൽക്കരി ലഭ്യമാക്കുന്നതിനു വേണ്ട അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പെറ്റ്കോക്ക് അടിസ്ഥാനമാക്കിയുള്ള പദ്ധതിക്കുവേണ്ട സ്ഥലം ഫാക്ടിൽനിന്നും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി എൻ.എച്ച്.പി.സി.-യും കെ.എസ്.ഇ.ബി. ലിമിറ്റഡും ധാരണാപത്രത്തിൽ 7-5-2014-ൽ ഒപ്പുവച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെയും ഭൂവുടമകളേയും ചേർത്ത് രൂപീകരിച്ച കമ്പനിയിൽനിന്നും പദ്ധതിക്കുവേണ്ട സ്ഥലം പാട്ടത്തിന് ഏറ്റെടുത്ത് എൻ.എച്ച്.പി.സി.-ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ കെ.എസ്.ഇ.ബി. ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതി വഴി 10 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിട്ടതിൽ 8.5 ഓളം മെഗാവാട്ട് ശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാത്തതുമൂലം സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി ഉണ്ടായിട്ടില്ല. പ്രഖ്യാപിത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## എനർജി ഇന്നവേഷൻ സോൺ

46 (431) ശ്രീ. ആർ. സെൽവരാജ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി ഇന്നവേഷൻ സോൺ പ്രവൃത്തിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

### ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ എനർജി ഇന്നവേഷൻ സോൺ 2013 ജൂലൈ 1 മുതൽ 2015 ജൂൺ 30 വരെ കളമശ്ശേരിയിലുള്ള സ്റ്റാർട്ടപ്പ് വില്ലേജിൽ പ്രവൃത്തിച്ചിരുന്നു.

(ബി) എനർജി ഇന്നവേഷൻ സോണിന്റെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. വൈദ്യുത ഉത്പാദന പ്രസരണ വിതരണ രംഗങ്ങളിൽ നവീന ആശയങ്ങൾ വികസിപ്പിക്കുന്നതിന് ഗവേഷകർക്ക് ആവശ്യമായ സ്ഥലസൗകര്യം ഒരുക്കുക.
2. ഇതിലേയ്ക്കുവേണ്ടി അവർക്ക് ആവശ്യമെങ്കിൽ തക്കതായ മാർഗ്ഗനിർദ്ദേശം നൽകുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. ചെറുതും വലുതുമായ സംരംഭകരെ പ്രോത്സാഹിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ട സഹായം നൽകുക.

4. ലഭ്യമായ പ്രായോഗിക അനുഭവജ്ഞാനം നൂതന സംരംഭകരുമായി പങ്കുവച്ച് ആവശ്യത്തിന് അനുരൂപമായ തരത്തിൽ നൂതന ആശയ വികസനം സാധ്യമാക്കുക.

യുവഗവേഷകർക്കും സംരംഭകർക്കും വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ആശയ രൂപീകരണം നടത്താനുള്ള സാങ്കേതിക സൗകര്യം ലഭ്യമാക്കുക.

(സി) എനർജി ഓപ്പൺ ഇന്നവേഷൻ സോൺ സ്ഥാപിക്കുന്നതിനായി 16-1-2013-ൽ കെ.എസ്.ഇ.ബി.-യും സ്റ്റാർട്ടപ്പ് വില്ലേജുമായി ഒരു ധാരണാപത്രം ഒപ്പുവച്ചു. തുടർന്ന് ടി സോൺ സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും പ്രവർത്തന ചെലവുകൾക്കായി 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇതുകൂടാതെ ടി സോൺ വഴി തിരഞ്ഞെടുക്കപ്പെട്ട നവീന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിലേയ്ക്കായി സർക്കാരിന്റെ 1-1-2014-ലെ ഉത്തരവ് പ്രകാരം 24.15 ലക്ഷം രൂപയും, 7-8-2014-ലെ ഉത്തരവ് പ്രകാരം 132.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

എനർജി ഇന്നവേഷൻ സോണിന്റെ നടത്തിപ്പിനായി സ്റ്റാർട്ടപ്പ് വില്ലേജുമായി ഒപ്പുവച്ച കരാറിന്റെ കാലാവധി 30-6-2015-ന് അവസാനിച്ചു. സ്റ്റാർട്ടപ്പ് വില്ലേജുവഴി നടപ്പിലാക്കിയിരുന്ന പ്രവർത്തനങ്ങൾ ഭാവിയിൽ "കേരള സ്റ്റാർട്ടപ്പ് മിഷൻ" വഴി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## ഊർജ്ജ പ്രതിസന്ധി നേരിടുന്നതിന് നടപടി

47 (432) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോത്പാദനത്തിനനുയോജ്യമായ ജല സമ്പത്തിന്റെ എത്ര ശതമാനമാണ് ഇതിനായി ഉപയോഗിക്കുന്നത്; ഇതിന്റെ പരമാവധി അളവിൽ ഉപയോഗം സാധ്യമാകാത്തത് എന്തുകൊണ്ടാണ്;

(ബി) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ആരംഭിച്ച എത്ര ജലവൈദ്യുത പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാൻ കഴിയാത്തതെന്നും എന്തൊക്കെയാണ് ആയതിന്റെ തടസ്സങ്ങൾ എന്നും വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സുപ്രധാന പദ്ധതികളായ വിഴിഞ്ഞം, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ തുടങ്ങിയ പല പദ്ധതികൾക്കും ഊർജ്ജ ഉപഭോഗം ധാരാളം വേണ്ടി വരുന്ന സാഹചര്യത്തിൽ ഇത് ഏതെങ്കിലും തരത്തിലുള്ള ഊർജ്ജ പ്രതിസന്ധി ഉണ്ടാക്കാൻ ഇടയുള്ളതായി കരുതുന്നുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതികൾക്കാവശ്യമായ ഊർജ്ജ വിതരണം, സംസ്ഥാനത്തിന്റെ ദൈനംദിന വൈദ്യുത വിതരണത്തിന് തടസ്സമുണ്ടാകാത്ത തരത്തിൽ നിർവ്വഹിക്കുന്നതിന് ആവശ്യമായ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ മൊത്തം ജലവിഭവശേഷിയായി കണക്കാക്കപ്പെട്ടിട്ടുള്ള ഉദ്ദേശം 4333 മെഗാവാട്ടിൽ ഇപ്പോൾ നിലവിൽ ഏകദേശം 2090 മെഗാവാട്ട് (48%) ഉത്പാദനശേഷി കൈവരിച്ചിട്ടുണ്ട്. ബാക്കിയുള്ള വിഭവശേഷിയിൽ ഏകദേശം 1209 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കലും അന്വേഷണവും വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കേരളത്തിലെ ഭൂപ്രകൃതിയനുസരിച്ച് വൈദ്യുതോത്പാദനത്തിന് അനുയോജ്യമായ സ്ഥലങ്ങൾ ഒട്ടുമിക്കതും വനഭൂമികളാണ്. ആയതിനാൽ പാരിസ്ഥിതിക അനുമതിക്കുള്ള തടസ്സങ്ങളും പൊതുജനങ്ങളുടെ എതിർപ്പുകളും പദ്ധതികൾ സാധ്യമാകുന്നതിനുള്ള പ്രധാന തടസ്സമാണ്.

(ബി) 4 പദ്ധതികൾ ഇനിയും പൂർത്തിയാക്കാനുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനും വനഭൂമി കൈമാറുന്നതിനും ഉണ്ടായ കാലതാമസവും അതേത്തുടർന്നുണ്ടായ കരാർ സംബന്ധമായ വിഷയങ്ങളും കാരണമാണ് പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്തത്.

(സി) ഇല്ല. സംസ്ഥാനത്തിന്റെ സുപ്രധാന പദ്ധതികളും, തന്മൂലമുള്ള വർദ്ധിച്ച വൈദ്യുതി ഉപഭോഗവും തദവസരത്തിൽ ഉണ്ടാകാനിടയുള്ള ആന്തരിക ഊർജ്ജ ലഭ്യതയും കണക്കിലെടുത്ത്, സംസ്ഥാനത്തിന് അധികം വേണ്ടിവരുന്ന വൈദ്യുതി ദീർഘകാല കരാറടിസ്ഥാനത്തിൽ പുറമെ നിന്നും കൊണ്ടുവരുവാനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ, ഇപ്രകാരം ലഭ്യമാകുന്ന വൈദ്യുതി പ്രതിസന്ധി കൂടാതെ ഉപഭോക്താക്കളിലെത്തിക്കുന്നതിനുവേണ്ടി വൈദ്യുതി പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിനും, വിപുലീകരിക്കുന്നതിനും ഉള്ള ദീർഘകാല പ്രസരണ പദ്ധതികളും രൂപകല്പന ചെയ്തുവരുന്നു.

(ഡി) ഉണ്ട്. സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികൾക്ക് അധികമായി ആവശ്യമായി വരുന്ന ഊർജ്ജം നിലവിലുള്ള ഉപഭോക്താക്കളുടെ ആവശ്യകതയെ ബാധിക്കാത്ത വിധത്തിൽ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആലംകോട് ഓവർസിയർ ഓഫീസ്

48 (433) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലംകോട് ഓവർസിയർ ഓഫീസ്, സെക്ഷൻ ഓഫീസ് ആക്കി ഉയർത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയ്ക്കും മൂന്ന് പഞ്ചായത്തുകൾക്കും ഏറെ ഗുണകരമാകുന്ന ഇക്കാര്യം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നിലവിലുള്ള മാനദണ്ഡ പ്രകാരം സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25,000-ൽ അധികമാവുകയും, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ആറ്റിങ്ങൽ സെക്ഷൻ ഓഫീസ് വിഭജിച്ച് കല്ലമ്പലം, വക്കം, കടയ്ക്കാവൂർ, നഗരൂർ എന്നീ സെക്ഷനുകളിൽപ്പെടുന്ന കുറച്ച് ഉപഭോക്താക്കളെ കൂടി ചേർത്ത് ആലംകോട് കേന്ദ്രമാക്കി സെക്ഷൻ ഓഫീസ് സ്ഥാപിക്കാനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിച്ച് ആലംകോട് ഓവർസിയർ ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുന്നത് ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

## എനർജി സ്മാർട്ട് സ്കൂൾ പദ്ധതി

49 (434) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. എ. മാധവൻ:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് സ്കൂൾ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ

ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സ്കൂളുകളിൽ, 1997 മുതൽ എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി വന്ന ഊർജ്ജ സംരക്ഷണ ക്ലബ്ബ് പരിപാടി, 2013-14 അദ്ധ്യയനവർഷം മുതൽ സ്മാർട്ട് എനർജി പ്രോഗ്രാം എന്ന പേരിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കുട്ടികൾക്കിടയിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുക, പുതുതലമുറയെ പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ പഠിപ്പിക്കുക, പുതുതായി കണ്ടുപിടിക്കപ്പെട്ട ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ പ്രചരിപ്പിക്കുക, കുട്ടികൾക്കിടയിലെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) ഇ.എം.സി.-യുടെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ കോ-ഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഓരോ ജോയിന്റ് കോ-ഓർഡിനേറ്റർമാരും പ്രവൃത്തിക്കുന്നു. BEE (ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി)-യുടെ സഹായത്തോടുകൂടി SEP-യുടെ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, പ്രൈവറ്റ് സ്കൂളുകൾക്കും സ്മാർട്ട് എനർജി പ്രോഗ്രാമിൽ അംഗമാകാവുന്നതാണ്.

**നാദാപുരം ചാത്തൻകോട്ടു നട ചെറുകിട ജലവൈദ്യുത പദ്ധതി**

50 (435) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിടുന്ന അനാവശ്യ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പദ്ധതി കമ്മിഷൻ ചെയ്യാൻ കാലതാമസം നേരിടുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചപ്പോൾ ഉള്ള അടങ്കൽ തുകയും നിലവിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ അടങ്കൽ തുകയും തമ്മിലുള്ള അന്തരം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ സംസ്ഥാന സർക്കാരിന് ഭീമമായ നഷ്ടം വരുത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലെ തടസ്സങ്ങൾ ദൂരീകരിച്ച് പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചാത്തൻകോട്ടുനട രണ്ടാംഘട്ടം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 2010-ൽ ആരംഭിച്ചുവെങ്കിലും പദ്ധതിക്കാവശ്യമായ സ്വകാര്യഭൂമിയുടെ 32% നിർബന്ധിത അക്വിസിഷൻ വഴി കൈമാറിക്കിട്ടുന്നതിനുണ്ടായ കാലതാമസവും തുടർന്നുള്ള കരാറുകാരുടെ ആസൂത്രണ പിഴവുകളും സാമ്പത്തിക പ്രതിസന്ധിയും തൊഴിലാളി ക്ഷാമവുംമൂലം പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നുണ്ട്.

(ബി) ഉണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്തതുകൊണ്ടുള്ള ഉത്പാദന നഷ്ടം യൂണിറ്റിന് 3 രൂപ നിരക്കിൽ ഉദ്ദേശം 17.71 കോടി രൂപയാണ്.

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചപ്പോൾ ഉള്ള അടങ്കൽ തുക 2009-ലെ വിലനിലവാരം അനുസരിച്ച് 45.36 കോടി രൂപയായിരുന്നു. 2015-ലെ സി.പി.ഡബ്ല്യു.ഡി. നിരക്കനുസരിച്ച് ശേഷിച്ച ജോലികൾ ചെയ്തു തീർക്കുന്നതിന് ഉദ്ദേശം 45 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ഇപ്പോഴത്തെ കരാർ അവസാനിപ്പിക്കുന്നതിനും ബാക്കിയുള്ള ജോലികൾ പുതുതായി ടെൻഡർ ചെയ്യുന്നതിനുമുള്ള അനുവാദത്തിനായി അപേക്ഷിച്ചുകൊണ്ടുള്ള കത്ത് കെ.എസ്.ഇ.ബി.-യിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഇ) നിലവിലെ തടസ്സങ്ങൾ ദൂരീകരിച്ച് പുതിയ കരാർ നൽകിക്കഴിഞ്ഞാൽ ഉദ്ദേശം 15 മാസത്തിനകം പദ്ധതി കമ്മിഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വട്ടോളി കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ്**

51 (436) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഴക്കോത്ത് പഞ്ചായത്തിലെ എളേറ്റിൽ വട്ടോളിയിൽ പ്രവൃത്തിക്കുന്ന കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ്, സെക്ഷൻ ഓഫീസായി ഉയർത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

നിലവിലുള്ള മാനദണ്ഡപ്രകാരം സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയും, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. കൊടുവള്ളി, താമരശ്ശേരി, ഉണ്ണികുളം, നരിക്കുനി എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് എളേറ്റിൽ വട്ടോളി കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് 2012-ൽ ലഭിച്ച പ്രൊപ്പോസൽ മേൽ പരാമർശിച്ച മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ അനുവദിക്കുന്നതിന് സാധിച്ചില്ല.

## വൈദ്യുതി മോഷണം

52 (437) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട്; ആയതു പ്രകാരം എന്തു തുക നാളിതുവരെ പിഴയിനത്തിൽ ഈടാക്കി; വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് എത്ര വൈദ്യുതി ബോർഡ് ജീവനക്കാർ ഉൾപ്പെടെ കേന്ദ്ര/സംസ്ഥാന/ അർദ്ധസർക്കാർ/ പൊതുമേഖലാ ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട്; ഇവരിൽ നിന്നും എത്ര തുക നാളിതുവരെ പിഴയിനത്തിൽ ഈടാക്കി; ഇവരിൽ ആരുടെയൊക്കെ പേരിൽ നിയമനടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ പിഴയിനത്തിൽ എത്ര തുക ഈടാക്കി; എന്തൊക്കെ നിയമ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിനുള്ളിൽ നാളിതുവരെ കാർഷിക വൈദ്യുതി കണക്ഷൻ മേഖലയിൽ എത്ര വൈദ്യുതി മോഷണക്കേസ്സുകൾ പിടികൂടി; ഇതുമായി ബന്ധപ്പെട്ട് എത്ര കണക്ഷനുകൾ റദ്ദാക്കി; എത്ര തുക പിഴയിനത്തിൽ ഈടാക്കി; ഇതിൽ ഉൾപ്പെട്ട വൈദ്യുതി ബോർഡ് ജീവനക്കാർ ആരൊക്കെയാണെന്നും അവർക്കെതിരെ ബോർഡ് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ വൈദ്യുതി മോഷണം നടത്തിയതിന്റെ ഭാഗമായി ഷോക്കേറ്റ് ഈ സർക്കാർ കാലയളവിനുള്ളിൽ എത്ര പേർ മരണപ്പെട്ടു; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ കാലയളവിനുള്ളിൽ വൈദ്യുതി ബോർഡിന്റെ അനാസ്ഥ കാരണം നാളിതുവരെ വൈദ്യുതി ബോർഡ് ജീവനക്കാർ ഉൾപ്പെടെ എത്ര പേർ ദാരുണമായി ഷോക്കേറ്റ് മരണപ്പെട്ടു; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1,33,72,378 യൂണിറ്റിനുള്ള വൈദ്യുതിയുടെ മോഷണം കണ്ടെത്തുകയും ആയതു പ്രകാരം 16,60,33,614 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 5 വൈദ്യുതി ബോർഡ് ജീവനക്കാർ ഉൾപ്പെടെ 6 ജീവനക്കാരെ എ.പി.റ്റി. സ്ക്വാഡ് പിടികൂടിയിട്ടുണ്ട്. ഇവരിൽനിന്നും 3,48,766 രൂപ പിഴയിനത്തിൽ ഈടാക്കി. ഇവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീ. പി. ഉദയകുമാർ, ഓവർസിയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ. അച്ചടക്ക നടപടിയുടെ ഭാഗമായി ഒരു വാർഷിക ഇൻക്രിമെന്റ് ആറുമാസത്തേയ്ക്ക് സഞ്ചിതമല്ലാത്ത രീതിയിൽ തടഞ്ഞുവച്ചു.
2. ശ്രീ. എസ്. സലീം, ഓവർസിയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ എ.പി.റ്റി.എസ്. സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയും പുനഃപ്രവേശിപ്പിച്ചശേഷം അച്ചടക്ക നടപടിയുടെ ഭാഗമായി ഒരു വർഷത്തെ ഇൻക്രിമെന്റ് സഞ്ചിതമായി തടഞ്ഞുവച്ചു.
3. ശ്രീ. സന്തോഷ് കുമാർ എസ്., ഓവർസീയർ, 66 കെ.വി. സബ്സ്റ്റേഷൻ, കരുനാഗപ്പള്ളി. സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തു. വകുപ്പുതല അന്വേഷണം നടന്നുവരുന്നു.
4. ശ്രീ. അനിൽകുമാർ കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, എടത്വ. ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വകുപ്പ് 135 പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ ആലപ്പുഴ അഡീഷണൽ സെക്ഷൻസ് കോടതി ടിയാനെ കുറ്റവിമുക്തനാക്കുകയുണ്ടായി.

5. ശ്രീ. എ. എ. മാധവൻ, സബ്എഞ്ചിനീയർ, തോട്ടിയാർ പ്രോജക്ട്, വാഴത്തോപ്പ്. അന്വേഷണത്തിൽ ആരോപണം തെളിയിക്കപ്പെടാത്തതിനാൽ അച്ചടക്ക നടപടി മുന്നറിയിപ്പ് നൽകി അവസാനിപ്പിച്ചിട്ടുണ്ട്.

6. പാലക്കാട് ജില്ലയിലെ കാനറാ ബാങ്ക് ഉദ്യോഗസ്ഥനായ കെ.പി. മുഹമ്മദ്, കൊഴിഞ്ഞി പറമ്പിൽ ഹൗസ്, ചെർപ്പുളശ്ശേരി.

(സി) സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും നാളിതുവരെ 7,22,73,510 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത കേസുമായി ബന്ധപ്പെട്ടവരെ വൈദ്യുതി നിയമം 2003 സെക്ഷൻ 152 പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കിക്കൊണ്ട് മറ്റ് നിയമനടപടികളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) 423 വൈദ്യുത മോഷണക്കേസുകൾ പിടികൂടിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 59 കണക്ഷനുകൾ താൽക്കാലികമായി വിച്ഛേദിച്ചിട്ടുണ്ട്. പിഴയിനത്തിൽ 1,76,00,945 രൂപ ഈടാക്കിയിട്ടുണ്ട്. ബോർഡ് ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ&എഫ്) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതി ലൈനുകളിൽനിന്നും 612 പൊതുജനങ്ങൾക്ക് അറിവില്ലായ്മ, അശ്രദ്ധ, സൂക്ഷ്മതയില്ലായ്മ എന്നീ കാരണങ്ങളാൽ അബദ്ധത്തിൽ വൈദ്യുതി സമ്പർക്കമേറ്റതുമൂലം മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം വൃക്ഷങ്ങൾ വൈദ്യുതി ലൈനുകളിലേക്ക് വീണതുമൂലവും, കാലപ്പഴക്കംകൊണ്ട് വൈദ്യുതി ലൈനുകൾ പൊട്ടിവീണതിൽ അബദ്ധത്തിൽ സമ്പർക്കമേറ്റതുമൂലവും 170 പൊതുജനങ്ങൾ മരണപ്പെട്ടിട്ടുണ്ട്. വൈദ്യുതി ലൈനുകളിൽ പണിയെടുക്കുന്ന ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലും വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരുടെ അസാന്നിദ്ധ്യത്തിൽ പണിയെടുത്തതിനാലും, വൈദ്യുതി ബോർഡിന്റെ അറിവോ സമ്മതമോ കൂടാതെ അനധികൃതമായി പണിയെടുത്തതിനാലും സംഭവിച്ച 120 അപകട മരണങ്ങളിൽ ബോർഡ് ജീവനക്കാരുടെ ഭാഗത്തുനിന്നും കൃത്യവിലോപമോ അനാസ്ഥയോ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിലേയ്ക്കായി 9 എണ്ണത്തിൽ വകുപ്പുതല അന്വേഷണം പുരോഗമിച്ചുവരുന്നു.

## വൈദ്യുതി മോഷണം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

53 (438) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എത്ര വൈദ്യുതി മോഷണ കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നു പറയാമോ; ഈ കേസ്സുകൾ പ്രകാരം എത്ര രൂപയുടെ നഷ്ടം സർക്കാരിനുണ്ടായി ;

(ബി) പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; കുറ്റം ചാർത്തപ്പെട്ട വ്യക്തികളിൽ നിന്നും ഇതിനോടകം എത്ര തുക സർക്കാരിന് ലഭിച്ചു എന്നു പറയാമോ;

(സി) തെറ്റായി ചാർജ്ജ് ചെയ്യപ്പെട്ടതാണെന്ന കാരണത്താൽ ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകൾ വിടുതൽ ചെയ്യുകയോ തുക ഈടാക്കാതിരിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 50 വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. അതിൽ പിഴ ഒടുക്കാത്ത 2 പേർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ മോഷണക്കേസുകൾ പ്രകാരം 1,96,19,222 രൂപയുടെ നഷ്ടം ബോർഡിന് ഉണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള വിവരവും അവയിൽനിന്നും ഇതിനോടകം ബോർഡിന് ലഭിച്ചതുമായ തുകയുടെ വിവരവും ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | ആകെ കേസുകളുടെ എണ്ണം | കിട്ടിയ തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 774197 |
| 2 | കൊല്ലം | 13 | 1772135 |
| 3 | ആലപ്പുഴ | 6 | 778128 |
| 4 | കോട്ടയം | 2 | 10556647 |
| 5 | എറണാകുളം | 9 | 7365153 |
| 6 | തൃശ്ശൂർ | 1 | 24500 |
| 7 | ഇടുക്കി | 6 | 1002320 |
| 8 | മലപ്പുറം | 4 | 56863 |
| 9 | വയനാട് | 1 | 11699 |
| 10 | പാലക്കാട് | 5 | 1080702 |
| 11 | കോഴിക്കോട് | 1 | 101045 |

(സി) തെറ്റായി ചാർജ്ജ് ചെയ്യപ്പെട്ടുവെന്ന കാരണത്താൽ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവിൻ പ്രകാരം രണ്ട് കേസുകളിൽ പിഴത്തുക കുറവ്

ചെയ്യുകയും രണ്ട് കേസുകൾ വിട്ടുതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

കുറവ് ചെയ്തവ :

1. കൺസ്യൂമർ നമ്പർ - 20340, ഇലക്ട്രിക്കൽ സെക്ഷൻ, കാട്ടാക്കട

2. കൺസ്യൂമർ നമ്പർ - 4356, ഇലക്ട്രിക്കൽ സെക്ഷൻ, വാഴക്കുളം

വിട്ടുതൽ ചെയ്തവ:

1. കൺസ്യൂമർ നമ്പർ - 9630, ഇലക്ട്രിക്കൽ സെക്ഷൻ, കുമിളി

2. കൺസ്യൂമർ നമ്പർ - 4356, ഇലക്ട്രിക്കൽ സെക്ഷൻ, കുമിളി.

## വൈദ്യുതി ചാർജ് ഇളവ്

54 (439) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടത്തിവരുന്ന എസ്. സി., എസ്. റ്റി. കോളനികളിലെ കുടിവെള്ള വിതരണ പദ്ധതികൾക്ക് വൈദ്യുതി ചാർജ് ഇളവ് അനുവദിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

കുടിവെള്ള വിതരണ പദ്ധതികൾക്കായി ഇളവ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാനത്തെ വൈദ്യുതി നിരക്ക് പരിഷ്കരണത്തിനുള്ള പരമമായ അധികാരം വൈദ്യുതി നിയമം 2003-ലെ 61, 52, 86 എന്നീ സെക്ഷനുകൾ പ്രകാരം നിക്ഷിപ്തമായിരിക്കുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലാണ്. ഇപ്രകാരം നിർണ്ണയിക്കുന്ന വൈദ്യുതി താരിഫിന്മേൽ വിതരണ ലൈസൻസിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇളവ് അനുവദിക്കാനാവില്ല.

## വൈദ്യുതി തകരാർ പരിഹാര നടപടികൾ

55 (440) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി തകരാറുകൾ പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കേടായ ഇലക്ട്രിക് മീറ്ററുകൾ മാറ്റിസ്ഥാപിക്കുന്നതു സംബന്ധിച്ച് ധാരാളം പരാതികൾ ഓരോ സെക്ഷനിലും കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുത സംബന്ധമായ തകരാറുകൾ പരിഹരിക്കുന്നതിന് എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും Break Down Maintenance വിഭാഗവും, Capital & Maintenance വിഭാഗവും പ്രവൃത്തിക്കുന്നുണ്ട്. എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും 24 മണിക്കൂറും വാഹനസൗകര്യവും നിലവിലുണ്ട്. കൂടാതെ വൈദ്യുത സംബന്ധമായ പരാതികൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ സ്വീകരിക്കുന്നതിന് പുറമെ കേരളത്തിലുടനീളമുള്ള ഉപഭോക്താക്കൾക്കും 24 മണിക്കൂറും പരാതി രജിസ്റ്റർ ചെയ്യുന്നതിനും ഉപഭോക്താവിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി തിരുവനന്തപുരം വൈദ്യുതി ഭവൻ കേന്ദ്രീകരിച്ച് Centralized Customer Care & Call Centre സ്ഥാപിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ടും കേന്ദ്ര ഫണ്ടും വിനിയോഗിച്ച് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കേടായ വൈദ്യുത മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പുതിയതായി അനുവദിച്ച DDUGJY, IPDS പദ്ധതികളിൽ ഉൾപ്പെടുത്തി കേടായ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

56 (441) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യ്ക്ക് വിവിധ വിഭാഗത്തിലുള്ള ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ നിലവിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്ര ;

(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നതിന് കെ.എസ്.ഇ.ബി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 30-9-2015-ലെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ ത്രൈമാസ കണക്കുപ്രകാരം വിവിധ വിഭാഗത്തിലുള്ള ഉപഭോക്താക്കളിൽ നിന്നുമായി ആകെ 1964.12 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കുടിശ്ശികക്കാരായ ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുക, കുടിശ്ശിക തുകയ്ക്ക് തവണ വ്യവസ്ഥകൾ അനുവദിക്കുക, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുക മുതലായ നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ കോടതികളുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകളിൽ കോടതി ഉത്തരവിനനുസൃതമായി മാത്രമേ കുടിശ്ശിക ഈടാക്കുവാൻ സാധിക്കുകയുള്ളൂ. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയനുസരിച്ച് പലിശ നിരക്കിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

## വൈദ്യുതി ഉത്പാദന പദ്ധതികൾ

57 (442) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി വൈദ്യുതി ഉല്പാദന പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള വൈദ്യുത പദ്ധതികളിൽ ഉല്പാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ഊർജ്ജ ഉല്പാദനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 63.6 മെഗാവാട്ടിന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു:

| | |
|---|---|
| ചിമ്മിനി | - 2.5 മെഗാവാട്ട് |
| ആഡ്യൻപാറ | - 3.5 മെഗാവാട്ട് |
| വെള്ളത്തുവൽ | - 3.6 മെഗാവാട്ട് |
| പൊരുന്തേനരുവി | - 6 മെഗാവാട്ട് |
| ഭൂതത്താൻകെട്ട് | - 24 മെഗാവാട്ട് |
| പൊരിങ്ങൽകുത്ത് | - 24 മെഗാവാട്ട് |
| ആകെ | 63.6 മെഗാവാട്ട് |

ഈ സർക്കാർ അധികാരമേറ്റശേഷം പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നീ ഉത്പാദന മേഖലകളിൽ സംസ്ഥാനത്ത് ലഭ്യമായ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവയുടെ വിശദാംശം അനുബന്ധമായി

ചേർത്തിട്ടുണ്ട്*. സ്വകാര്യ മേഖലയിൽ 23 ചെറുകിട ജലസേചന പദ്ധതികൾ IPP/CPP വിഭാഗത്തിൽ BOOT അടിസ്ഥാനത്തിൽ 30 കൊല്ലത്തേയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇവയുടെ വിശദവിവരങ്ങൾ അനുബന്ധത്തിൽ* കൊടുത്തിരിക്കുന്നു. ഊർജ്ജ രംഗത്ത് സ്വയംപര്യാപ്തത നേടുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10,000 സൗരഗൃഹ പദ്ധതിയും, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയും അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. 8500 സൗരഗൃഹ പദ്ധതി വഴി 8.5 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ കഴിഞ്ഞു.

സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി വഴി 3.5 മെഗാവാട്ട് ഊർജ്ജ സൗരപ്ലാന്റ് സ്ഥാപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. സൗരപ്ലാന്റുകളുടെ പ്രതിഷ്ഠാപനങ്ങൾ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ കെട്ടിടങ്ങളിലായി 363 കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും 323 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പവർ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലുമാണ്. കൂടാതെ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പുനരുദ്ധാരണ-നവീകരണത്തിലൂടെ 9 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ശബരിഗിരി - 5 മെഗാവാട്ട്

(നാലാം യൂണിറ്റ് - പുനരുദ്ധാരണത്തിന് ശേഷം 55 മെഗാവാട്ടിൽ നിന്നും 60 മെഗാവാട്ട് ആയി)

പെരിങ്ങൽകുത്ത് - 4 മെഗാവാട്ട്

(4x8 മെഗാവാട്ട് നവീകരിച്ച് 4x9 മെഗാവാട്ട് ആയി)

ആകെ - 9 മെഗാവാട്ട്

(സി) നിർമ്മാണം ആരംഭിച്ച 6 പദ്ധതികളെ കൂടാതെ 219 മെഗാവാട്ടിന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 മെഗാവാട്ടിന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ അതിരപ്പിള്ളി പദ്ധതി (163 മെഗാവാട്ട്) പ്രതിബന്ധങ്ങൾ നീക്കി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1kW-ന്റെ 70 പീക്കോ ജലവൈദ്യുത പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ സെൻട്രൽ ഫിനാൻഷ്യൽ അസിസ്റ്റൻസോടുകൂടി നടപ്പിലാക്കിക്കഴിഞ്ഞു. മറ്റ് 43-ഓളം പീക്കോ പദ്ധതികൾക്കുകൂടി ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടുപിടിച്ചുവരുന്നു. അനെർട്ട് നടപ്പിലാക്കിവരുന്ന 10000 സൗരഗൃഹ പദ്ധതിയുടെ മാതൃകയിൽ 2015-16 കാലയളവിൽ ആരംഭിച്ച പുതിയ പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാ ബന്ധിത പദ്ധതി. 2 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സൗരപ്ലാന്റുകൾ സ്ഥാപിക്കുകവഴി 15 മെഗാവാട്ട് സ്ഥാപിത ശേഷിയാണ് ലക്ഷ്യമിടുന്നത്. കേരളത്തിൽ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വൈദ്യുതി ചാർജ്ജ് ഓൺലൈനിൽ**

58 (443) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ് ഓൺലൈനിൽ അടിക്കുവാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾവഴി നെറ്റ് ബാങ്കിങ്ങിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും

ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യവും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കനറ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക, പണമടച്ചതിന്റെ വിശദാംശങ്ങൾ തത്സമയംതന്നെ ഉപഭോക്താക്കൾ നൽകിയ മൊബൈൽ നമ്പറിലോ, ഇ-മെയിൽ വിലാസത്തിലോ ലഭ്യമാക്കുക, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന ഓൺലൈൻ സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കൺസ്യൂമർ നമ്പറിലേയും പണം അടയ്ക്കുന്നതിനുള്ള ബില്ലുകൾ തിരഞ്ഞെടുത്ത് അവ ഓൺലൈനായി അടയ്ക്കുന്നതിനും സൗകര്യം ലഭ്യമാക്കുക, മുൻകാലങ്ങളിലുള്ള വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ, പണമടച്ചതിന്റെ വിവരങ്ങൾ, വൈദ്യുതി ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം അറിയാൻ കഴിയുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും, പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവൃത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകിവരുന്നു. വൈദ്യുതി ബോർഡിലെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എല്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചുചേർക്കുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ട് പ്രവൃത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി വിനിയോഗിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കികൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് ചെയർമാൻ നേരിട്ടുതന്നെ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം രണ്ടുതവണ വിളിച്ചുചേർക്കുകയും ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവൃത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പുതുതായി കമ്മീഷൻചെയ്ത ജലവൈദ്യുത പദ്ധതികൾ**

59 (444) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതൊക്കെ ജലവൈദ്യുത പദ്ധതികളാണ് കമ്മീഷൻചെയ്തതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര യൂണിറ്റ് വൈദ്യുതിയാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം കൂടുതലായി ഉൽപാദിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാളിതുവരെ പൂർത്തീകരിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) 23487 ദശലക്ഷം യൂണിറ്റ് (42.91 MW) അധികമായി ഉത്പാദിപ്പിച്ചു.

**വൈദ്യുതി ചാർജ് കുടിശ്ശിക**

60 (445) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടായിരുന്നു എന്ന് അറിയിക്കുമോ ;

(ബി) കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് എന്ന് അറിയിക്കുമോ ; ഇതിൽ ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളുടെ കണക്ക് പട്ടിക തിരിച്ച് നൽകുമോ;

(സി) നിലവിൽ എത്ര തുക കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഡി) വൻകിടക്കാരായ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് ഈ ഗവൺമെന്റ് നടപ്പാക്കിയ കാര്യങ്ങൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 30-6-2011-ലെ കണക്കുപ്രകാരം 1202.59 കോടി രൂപയാണ് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഉണ്ടായിരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 112805.65 ലക്ഷം രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്.

| | | |
|---|---|---|
| ഗാർഹികം | - | 36089.73 ലക്ഷം |
| ഗാർഹികേതരം | - | 76715.92 ലക്ഷം |

(ഈ സർക്കാർ ചുമതലയേറ്റ സമയത്ത് നിലവിലുണ്ടായിരുന്ന കുടിശ്ശികയും പിന്നീട് കാലാകാലങ്ങളിൽ ഉണ്ടായ കുടിശ്ശികയും ഉൾപ്പെടെ)

(സി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ ത്രൈമാസ കണക്കുപ്രകാരം 30-9-2015-ൽ ആകെ 1964.12 കോടി രൂപയാണ് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ**

61 (446) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഓരോ വർഷവും എന്ത് തുക വീതമാണ് ബജറ്റിൽ വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വർഷവും ഏതെല്ലാം പദ്ധതികളാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിരുന്നത്;

(സി) ഇതിൽ ഒരോ പദ്ധതി മുഖേനയും എത്ര മെഗാവാട്ട് ഉൽപാദനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ഡി) ഓരോ പദ്ധതിയിലും ഓരോ വർഷവും ഉദ്ദേശിച്ച രീതിയിൽ ഉൽപാദന വർദ്ധന കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ഇ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്രയാണെന്നും അതുവഴി ലക്ഷ്യമിട്ട വൈദ്യുതി ഉൽപാദനം സാദ്ധ്യമായില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക താഴെ കൊടുത്തിരിക്കുന്നു:

| | |
|---|---|
| 2011-12 | 383.67 കോടി |
| 2012-13 | 274.27 കോടി |
| 2013-14 | 256.48 കോടി |
| 2014-15 | 338.85 കോടി |
| 2015-16 | 383.3 കോടി |

(ബി) ഓരോ വർഷവും പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി* നൽകിയിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2014-15 -ൽ പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ വിലങ്ങാട് (7.5 MW), ചിമ്മിനി (2.5 MW)എന്നീ പദ്ധതികൾ കമ്മിഷൻ ചെയ്തു. ബാരപ്പോൾ (1.5 MW) പദ്ധതി ഉടൻതന്നെ കമ്മിഷൻ ചെയ്യാൻ സാധിക്കുന്നതാണ്. 2015-16-ൽ കമ്മിഷൻചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ആഢ്യൻപാറ (3.5 MW) പദ്ധതി കമ്മിഷൻ ചെയ്തു. ബാക്കി പദ്ധതികളുടെ പണി പുരോഗമിക്കുന്നു. സൗരോർജ്ജം, കാറ്റ് എന്നീ സ്രോതസ്സുകളിലൂടെയുള്ള പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

(ഡി&ഇ) കെ.എസ്.ഇ.ബി.എൽ. സ്വന്തം ഫണ്ടിൽനിന്നും വായ്പ മുഖാന്തിരവും വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2011-16 കാലഘട്ടത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| | തുക കോടിയിൽ | |
|---|---|---|
| വർഷം | ബഡ്ജറ്റ് | ചെലവ് |
| 2011-12 | 383.67 | 159.83 |
| 2012-13 | 274.27 | 256.71 |
| 2013-14 | 256.48 | 414.56 |
| 2014-15 | 338.85 | 293.87 |
| 2015-16 (2015 ഡിസംബർ വരെ) | 383.30 | 111.58 |

അപ്രതീക്ഷിതമായി ഉണ്ടായ മണ്ണിടിച്ചിൽ/പാറ ഇടിച്ചിൽ, പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുണ്ടായ ബുദ്ധിമുട്ട്, വനഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിനുണ്ടായ കാലതാമസം മുതലായവ പദ്ധതി സമയബന്ധിതമായി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് തടസ്സമായിട്ടുണ്ട്.

## വൈദ്യുത പദ്ധതികൾ

62(447) ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടത്തിപ്പിലെ ആസൂത്രണമില്ലായ്മമൂലം സംസ്ഥാനത്ത് വൻകിട വൈദ്യുത പദ്ധതികൾ പരാജയപ്പെട്ടിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ബ്രഹ്മപുരം, നല്ലളം പദ്ധതികളിൽ ഉപയോഗിച്ചിരുന്ന ഇന്ധനങ്ങൾ എന്തെല്ലാമായിരുന്നു; ഇപ്പോൾ ഇവ ഇന്ധനമായി ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വൈദ്യുത പദ്ധതികളിൽ ഓരോന്നിനും ഇതുവരെയായി മൊത്തം എത്ര തുക ചെലവഴിച്ചു ; ഈ നിലയങ്ങളിൽ എത്ര ശതമാനം വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഈ പദ്ധതികളുടെ പ്രവർത്തനം നിർത്തുന്നതിലൂടെ വൈദ്യുതി ബോർഡിന് എത്ര കോടിയുടെ നഷ്ടം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടത്തിപ്പിലെ ആസൂത്രണമില്ലായ്മമൂലം പദ്ധതികൾ ഒന്നും പരാജയപ്പെട്ടിട്ടില്ല.

(ബി) LSHS (Low Sulphur Heavy Stock), HSD (High Speed Diesel) എന്നീ ഇന്ധനങ്ങളാണ് ബ്രഹ്മപുരം, കോഴിക്കോട് താപനിലയങ്ങളിൽ ഉപയോഗിക്കുന്നത്. ഈ ഇന്ധനങ്ങളാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ബ്രഹ്മപുരത്തെ കേടായ രണ്ട് ജനറേറ്ററുകൾ മാറ്റി വാതകാടിസ്ഥാനത്തിലുള്ള ഇന്ധനം ഉപയോഗിച്ച് പ്രവൃത്തിക്കുന്ന ജനറേറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ബ്രഹ്മപുരം താപനിലയത്തിൽ ഇതുവരെ 494.04 കോടി രൂപയും കോഴിക്കോട് നല്ലളം താപനിലയത്തിൽ 523.3656 കോടി രൂപയും capital cost ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ബ്രഹ്മപുരം താപവൈദ്യുത നിലയത്തിൽ 31-1-2016 വരെ 2857.837 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിച്ചിട്ടുള്ളത്. ഇത് വാർഷിക ഉത്പാദനശേഷിയുടെ അടിസ്ഥാനത്തിൽ 27% ആണ്.

കോഴിക്കോട് നല്ലളം താപവൈദ്യുത നിലയത്തിൽ 31.01.2016 വരെ 4548.92 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിച്ചിട്ടുള്ളത്. ഇത് വാർഷിക ഉത്പാദന ശേഷിയുടെ അടിസ്ഥാനത്തിൽ 32% ആണ്.

താപനിലയങ്ങളിൽ ഉത്പാദനച്ചെലവ് മറ്റ് വൈദ്യുത സ്രോതസ്സുകളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. അതിനാൽ ഈ താപ നിലയങ്ങൾ പീക്ക് ലോഡ് ആവശ്യകത നിറവേറ്റുവാൻ വേണ്ടിയാണ് സാധാരണയായി പ്രവൃത്തിപ്പിക്കുന്നത്.

(ഡി) ഈ പദ്ധതികളുടെ പ്രവർത്തനം നിർത്താനുള്ള തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ ഇതുമൂലം ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടില്ല.

## വൈദ്യുത പദ്ധതികൾ

63 (448) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ, സംസ്ഥാനത്ത് വിവിധ ജലവൈദ്യുത പദ്ധതികളിലും, ഇതല്ലാതെയുള്ള മറ്റ് മാർഗ്ഗങ്ങളിലൂടെയും സംസ്ഥാനത്ത് ഉത്പാദിപ്പിച്ചിരുന്ന വൈദ്യുതിയുടെ അളവ് എത്ര മെഗാവാട്ടായിരുന്നു;

(ബി) എത്ര ലക്ഷം ഉപഭോക്താക്കളാണ് അന്ന് സംസ്ഥാനത്തുണ്ടായിരുന്നത്, പ്രതിദിനം എത്ര വൈദ്യുതിയാണ് ശരാശരി ഉപയോഗിച്ചുവന്നിരുന്നത്;

(സി) ഈ സർക്കാരിന്റെ കാലത്ത് അധികമായി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിച്ചത്; ഇക്കാലയളവിൽ പുതിയതായി അനുമതി നൽകി നിർമ്മാണം പൂർത്തിയാക്കിയ എത്ര പദ്ധതികളാണ് പൊതുമേഖലയിൽ ഉള്ളത്; അവ ഏതൊക്കെ; ഓരോ പ്രോജക്ടിൽ നിന്നും സംസ്ഥാനത്തിന് എത്ര വൈദ്യുതിയാണ് ലഭിക്കുന്നത്; ഇവയ്ക്കായി എത്ര രൂപയാണ് ചെലവഴിച്ചത്; സ്വകാര്യസംരംഭം എത്ര;

(ഡി) ഇങ്ങനെ ലഭിക്കുന്ന വൈദ്യുതിക്ക് സർക്കാർ പണം നൽകാറുണ്ടോ; എങ്കിൽ എത്ര അളവ് വൈദ്യുതിക്കാണ് പണം നൽകേണ്ടിവരുന്നത്; എത്ര തുക; ആർക്കൊക്കെ എത്രവീതം തുകയാണ് നൽകേണ്ടി വരുന്നത്;

(ഇ) ഇപ്പോഴത്തെ ആകെ പ്രതിദിന ഉത്പാദനം എല്ലാ പദ്ധതികളിൽ നിന്നുമായി എത്രയാണ്; പ്രതിദിന ഉപയോഗം എത്ര മെഗാവാട്ടാണ്; ഉത്പാദനത്തേക്കാൾ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ അധിക വൈദ്യുതി കണ്ടെത്തുന്നത് എവിടെനിന്നാണ്; ഇതിനായി എത്രതുകയാണ് ചെലവഴിക്കേണ്ടി വരുന്നത്;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി നിരക്കിൽ എത്രതവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്; ഓരോ വർദ്ധനവിലൂടെയും എത്ര കോടി രൂപയാണ് സമാഹരിക്കാൻ കഴിഞ്ഞത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) 2011 മേയ് മാസത്തിലെ കേരളത്തിലെ ആകെ സ്ഥാപിത ശേഷി 2874.36 മെഗാവാട്ട് ആയിരുന്നു.

2011 മേയ് മാസത്തിൽ ഏറ്റവും കൂടുതൽ ഉപഭോഗം വന്ന 25-5-2011-ലെ ഉൽപ്പാദന വിവരം താഴെ ചേർക്കുന്നു:

| | |
|---|---|
| ജലവൈദ്യുതി | 1622 മെഗാവാട്ട് |
| താപം | 132 മെഗാവാട്ട് |
| ക്യാപ്റ്റീവ് | 9 മെഗാവാട്ട് |
| RGCCPP, കായംകുളം | 154 മെഗാവാട്ട് |

(ബി) നിലവിലുള്ള സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ 101.28 ലക്ഷം ഉപഭോക്താക്കളുണ്ടായിരുന്നു. ഈ സമയത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപയോഗം 40.00 ദശലക്ഷം യൂണിറ്റായിരുന്നു. എന്നാൽ ഇത് സിസ്റ്റം ലോസ് കൂടി കണക്കിലെടുക്കുമ്പോൾ ഏകദേശം 47.50 ദശലക്ഷം യൂണിറ്റായിരുന്നു.

(സി) 44.066 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതികളാണ് കമ്മിഷൻ ചെയ്തത്. സ്വകാര്യ മേഖലയിലെ പദ്ധതികൾ ഉൾപ്പെടെ 42.91 മെഗാവാട്ട് ജലവൈദ്യുതി അധികമായി ഉത്പാദിപ്പിച്ചു. ഇക്കാലയളവിൽ പുതുതായി അനുമതി നൽകി നിർമ്മാണം പൂർത്തിയാക്കിയ പദ്ധതികൾ ഇല്ല. സൗരോർജ്ജം, കാറ്റ് എന്നീ സ്രോതസ്സുകളിൽനിന്നുള്ള പദ്ധതിയെ സംബന്ധിച്ച വിവരം അനുബന്ധമായി നൽകിയിരിക്കുന്നു. *

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വൈദ്യുതി പദ്ധതികളിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് സർക്കാർ പണം നൽകാറില്ല.

(ഇ) 2016 ജനുവരി മാസത്തെ കണക്ക് പ്രകാരം പ്രതിദിന ശരാശരി ഉത്പാദനം 13.5177 ദശലക്ഷം യൂണിറ്റാണ്. പ്രതിദിന ശരാശരി ഉപഭോഗം 61.7264 ദശലക്ഷം യൂണിറ്റാണ്. ഉത്പാദനത്തെക്കാൾ കൂടുതൽ വരുന്ന ഉപഭോഗം നിറവേറ്റുന്നതിനായി കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതിക്ക് പുറമെ, അന്യസംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് ഹ്രസ്വകാല-മധ്യകാല-ദീർഘകാല കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ പവർ എക്സ്ചേഞ്ച് മുഖേനയും വൈദ്യുതി ലഭ്യമാക്കാറുണ്ട്. 2016 ജനുവരി മാസത്തിൽ പവർ എക്സ്ചേഞ്ചിൽ നിന്നും വാങ്ങിയ 4.20 ദശലക്ഷം യൂണിറ്റ് വൈദ്യുതിക്ക് ഏകദേശം 1.29 കോടി രൂപ ചെലവായിട്ടുണ്ട്.

(എഫ്) മൂന്നു പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 2012-13-ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 1257 കോടി രൂപയുടെയും, 2013-14-ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 642.47 കോടി രൂപയുടെയും, 2014-15-ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ ഏകദേശം 600 കോടി രൂപയുടെയും അധിക വരുമാനം ഉണ്ടായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ത്രീഫേസ് മീറ്ററുകൾ

64 (449) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ മാസങ്ങൾക്ക് മുൻപ് എൽ & ടി- യിൽ നിന്നും എത്ര ത്രീഫേസ് മീറ്ററുകളാണ് വാങ്ങിയിരുന്നത്;

(ബി) പ്രസ്തുത മീറ്ററുകൾ വാങ്ങുന്നതിന് ആകെ ചെലവായ തുക എത്രയാണ്;

(സി) പ്രസ്തുത മീറ്ററുകൾ കൂടുതലും ഉപയോഗശൂന്യമാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മീറ്ററുകൾ വാങ്ങുന്നതിന് ഏർപ്പെടുത്തിയിരുന്ന ഗുണപരിശോധന സംവിധാനം വിശദമാക്കുമോ?

ഉത്തരം

(എ) 70,000 എണ്ണം.

(ബി) 11,97,62,300.00 രൂപ.

(സി) വാങ്ങിയ അപൂർവ്വം ചില മീറ്ററുകളിൽ ആകെ ഉപഭോഗം രേഖപ്പെടുത്തുന്നതിൽ സോഫ്റ്റ് വെയർ കറക്ഷൻ (ഫേം വെയർ അപ്ഗ്രഡേഷൻ) ആവശ്യമായി വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പർച്ചേസ് ഓർഡറിലെ ഡെലിവറി ഷെഡ്യൂൾ പ്രകാരം കമ്പനികൾ ഓഫർ ചെയ്യുന്ന മീറ്ററുകൾ അവിടെനിന്നും പായ്ക്ക് ചെയ്യുന്നതിനുമുമ്പ് അവരുടെതന്നെ ഫാക്ടറികളിൽ വച്ച് ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന പ്രകാരം ഒരു പ്രീ-ഡെസ്പാച്ച് ഇൻസ്പെക്ഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ് നിയോഗിക്കുന്ന ഒരു എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്താറുണ്ട്. ഈ പരിശോധനയിൽ ഗുണമേന്മ ഉറപ്പുവരുത്തുന്ന മീറ്ററുകൾ മാത്രമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിർദ്ദേശ പ്രകാരം ടി.എം.ആർ. ഡിവിഷനുകളിൽ എത്തിക്കുന്നത്. ഇതുകൂടാതെ ടി.എം.ആറുകളിൽ എത്തുന്ന മീറ്ററുകളെ ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന പ്രകാരം ഒരു അഡീഷണൽ ആക്സെപ്റ്റൻസ് ടെസ്റ്റിനും വിധേയമാക്കുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ടി.എം.ആർ. ഡിവിഷനിലെ എഞ്ചിനീയർമാരാണ് ഈ പരിശോധന നടത്തുന്നത്. ഇതിൽ ഗുണനിലവാരം കുറഞ്ഞ മീറ്ററുകൾ തള്ളപ്പെടുന്നു. ഗുണമേന്മ തെളിയിക്കപ്പെട്ട മീറ്ററുകൾ മാത്രമാണ് ഫീൽഡിലേക്ക് നൽകുന്നത്.

**വൈദ്യുതി തടസ്സത്തിന് പരിഹാരനടപടികൾ**

65 (450) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിന് നടപടികൾ ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനങ്ങൾ (450/വി. ഐ.പി. /2015 പി(പവർ), 488 വി. ഐ. പി./2015 എം.(പവർ) കെ.എസ്. ഇ. ബി. കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിൾ ട്രാൻസ്മിഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് എന്നാണ് ; വിശദമാക്കാമോ;

(ബി) ഈ നിവേദനങ്ങളിൽ/ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 488 വി.ഐ.പി./2015/എം (പവർ) നമ്പർ നിവേദനം ചീഫ് എഞ്ചിനീയർ (ട്രാൻസ്മിഷൻ-നോർത്ത്)ഓഫീസിൽ 8/2015-ൽ ലഭ്യമായിട്ടുണ്ട്. 450/ വി.ഐ.പി/ 2015 പി (പവർ), നമ്പർ നിവേദനം പ്രസരണ വിഭാഗത്തിൽ ലഭിച്ചതായി കാണുന്നില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 110 കെ.വി. കൊയിലാണ്ടി സബ്സ്റ്റേഷനിലെ ഒരു 10 MVA ട്രാൻസ്ഫോർമർ മാറ്റി 20 MVA ട്രാൻസ്ഫോമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. കൊയിലാണ്ടി ഫീഡറിൽനിന്നുള്ള തുടർച്ചയായ വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി കൊയിലാണ്ടി ടൗൺ പ്രദേശത്തേക്ക് സബ്സ്റ്റേഷനിൽ നിന്ന് ഓവർഹെഡ് ലൈൻ നിർമ്മിച്ചോ ഭൂഗർഭ കേബിൾ വഴിയോ വൈദ്യുതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വിതരണ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, കോഴിക്കോട്, ചീഫ് എഞ്ചിനീയർ (ട്രാൻസ്മിഷൻ-നോർത്ത്) കോഴിക്കോടിന് 14-10-2015-ൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലക്കിടി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

66 (451) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ലക്കിടി കേന്ദ്രീകരിച്ച് ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന്റെ നടപടിക്രമം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ലക്കിടി ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര ഇലക്ട്രിക് സെക്ഷനുകൾ രൂപീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഒറ്റപ്പാലം, പത്തിരിപ്പാല എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ലക്കിടി കൂട്ടുപാതയിൽ പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണനയിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സെക്ഷൻ ഓഫീസുകൾ ഒന്നും രൂപീകരിച്ചിട്ടില്ല.

## വൈദ്യുതി ഉത്പാദനത്തിനും വിതരണത്തിനും ഇടയിലുണ്ടാകുന്ന നഷ്ടം

67 (452) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉത്പാദനത്തിനും വിതരണത്തിനും ഇടയിലുണ്ടാകുന്ന നഷ്ടം കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് പറയാമോ;

(ബി) പ്രസ്തുത നടപടികളിലൂടെ മുൻകാലങ്ങളെ അപേക്ഷിച്ച് എത്രമാത്രം വൈദ്യുതി ലാഭിക്കുവാൻ കഴിഞ്ഞു എന്നു പറയാമോ;

(സി) വൈദ്യുതി നഷ്ടം കുറയ്ക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ വിദ്യുച്ഛക്തി വകുപ്പ് നടത്തുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുവാനും നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുവാനും നിലവിലുള്ള സബ്സ്റ്റേഷനുകളെയും ലൈനുകളെയും ഉയർന്ന പ്രസരണ വോൾട്ടേജിലേക്ക് ഉയർത്തുവാനും പ്രസരണ ഇടനാഴികൾ ഇരട്ടിപ്പിക്കുവാനും നവീന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉയർന്ന വാഹകശേഷിയുള്ള പുതുനിര ചാലകങ്ങൾ ഉപയോഗിച്ച് പ്രസരണ ശൃംഖല ബലപ്പെടുത്തുവാനും കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുത കമ്പികൾ മാറ്റി മെച്ചപ്പെട്ട കമ്പികൾ ഉപയോഗിക്കുക, സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുത കമ്പികൾ മാറ്റി, ABC (Aerial Bunched Cable,

ഭൂഗർഭ കേബിളുകൾ ഉപയോഗിക്കുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക എന്നീ പണികൾ പൂർത്തീകരിച്ച് വിതരണ നഷ്ടം കുറയ്ക്കുവാനുള്ള നടപടികൾ ചെയ്യുന്നുണ്ട്.

(ബി) 2012-13 കണക്കുപ്രകാരം പ്രസരണ വിതരണ നഷ്ടം 15.3 ശതമാനമായിരുന്നു. 2013-14-ൽ 14.96 ശതമാനവും, 2014-15-ൽ 14.57 ശതമാനവുമായിരുന്നു. 2001-02 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതുവഴി ഉണ്ടായ വൈദ്യുതി ലാഭം താഴെ ചേർത്തിരിക്കുന്നു:

| സാമ്പത്തിക വർഷം | 2001-02-നെ അപേക്ഷിച്ച് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതുവഴി ലാഭിച്ച വൈദ്യുതി (ദശലക്ഷം യൂണിറ്റിൽ) |
|---|---|
| (1) | (2) |
| 2002-03 | 303.58 |
| 2003-04 | 588.85 |
| 2004-05 | 1049.24 |
| 2005-06 | 1501.7 |
| 2006-07 | 1935.94 |
| 2007-08 | 2336.94 |
| 2008-09 | 2635.18 |

| (1) | (2) |
|---|---|
| 2009-10 | 3199.9 |
| 2010-11 | 3673.33 |
| 2011-12 | 4134.41 |
| 2012-13 | 4438.8 |
| 2013-14 | 4683.52 |
| 2014-15 | 5043.32 |

(സി) വൈദ്യുതി ബോർഡ് പ്രസരണ നഷ്ടത്തെക്കുറിച്ച് കാലാകാലങ്ങളിൽ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ചിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**പേരാമ്പ്ര സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

68 (453) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുവരെ സബ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇനി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ എന്നും ഇതിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 110 കെ.വി. മേപ്പയൂർ സബ്സ്റ്റേഷനിൽനിന്നും 33 കെ.വി. പേരാമ്പ്ര സബ്സ്റ്റേഷനിലേയ്ക്ക് 33 കെ.വി. ലൈൻ വലിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സബ്സ്റ്റേഷൻ കൺട്രോൾ റൂമിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) 309.881 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കൺട്രോൾ റൂം ബിൽഡിംഗിന്റെ നിർമ്മാണം പൂർത്തിയാക്കുകയും, സബ്സ്റ്റേഷൻ ഉപകരണങ്ങളും, ട്രാൻസ്ഫോർമറും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2016 മേയ് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**ഊർജ്ജിത ഊർജ്ജ വികസന പദ്ധതി**

69 (454) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ടൗണിൽ നടപ്പിലാക്കുന്ന ഊർജ്ജിത ഊർജ്ജ വികസന പദ്ധതിയിൽ എന്തൊക്കെ ജോലികളാണ് ഉൾപ്പെടുത്തിയിരുന്നത്;

(ബി) ഏതൊക്കെ ജോലികൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്;

(സി) ഇനി നടപ്പിലാക്കുവാനുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്;

(ഇ) സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ -സി) വിശദ വിവരം ചുവടെ ചേർത്തിരിക്കുന്നു:

| നമ്പർ | പ്രവൃത്തിയുടെ പേര് | യൂണിറ്റ് | ഇതുവരെപൂർത്തിയാക്കിയത് | ഇനി ചെയ്യുവാനുള്ളത് |
|---|---|---|---|---|
| 1 | 11 കെ.വി. ലൈൻ വലിക്കൽ (OH) | km | 31.62 | 14.71 |
| 2 | 11 കെ.വി. ഭൂഗർഭ കേബിൾ നിർമ്മാണം | km | 2.95 | 6.35 |
| 3 | 11 കെ.വി. റീകണ്ടക്ടറിംഗ് (OH) | km | 9.5 | ... |
| 4 | ട്രാൻസ്ഫോമർ സ്ഥാപിക്കൽ | No. | 32 | ... |
| 5 | ട്രാൻസ്ഫോമർ ശേഷി വർദ്ധിപ്പിക്കൽ | No. | 12 | ... |
| 6 | LT ലൈൻ കൺവേർഷൻ | km | 26.39 | 24.11 |
| 7 | LT റീ കണ്ടക്ടറിംഗ് | km | 81.26 | 5.74 |
| 8 | കപ്പാസിറ്റർ ബാങ്ക് | No. | ... | 40.00 |
| 9 | LT എബിസി | km | ... | 41.10 |
| 10 | HT എബിസി | km | | 16.00 |
| 11 | സിംഗിൾ ഫേസ് മീറ്റർ മാറ്റൽ | No. | 9949 | ... |
| 12 | ത്രീ ഫേസ് മീറ്റർ മാറ്റൽ | No. | 1325 | ... |
| 13 | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ | No. | ... | 250 |
| 14 | മീറ്ററുകൾ പുറത്തേയ്ക്ക് മാറ്റിവയ്ക്കൽ | No. | 3250 | ... |
| 15 | ട്രാൻസ്ഫോമർ സ്റ്റേഷൻ നവീകരണം | No. | 67 | ... |

(ഡി) 31-08-2016-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) സ്വീകരിച്ചുവരുന്നു.

**വീടുകളിലെ സോളാർ പാനൽ**

70 (455) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വീടുകളിൽ സമ്പൂർണ്ണ സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിന് നിലവിലുള്ള പദ്ധതി ഏതാണ്; ഈ പദ്ധതി പ്രകാരം എത്ര വീടുകളിലാണ് പദ്ധതി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനർട്ട് വഴി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്:

1. 10000 സൗരഗൃഹ പദ്ധതി

2. സോളാർ കണക്ട് ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതി

3. സോളാർ സൗരോർജ്ജ റാന്തൽ വിതരണം

4. സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം

5. സോളാർ വാട്ടർ പമ്പ് പദ്ധതി

6. സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി

7. സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്ന പദ്ധതി

8. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി

9. മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി

10. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതി.

(ബി) 10000 സൗരഗൃഹ പദ്ധതി. 18200 -ഓളം അപേക്ഷകൾ ലഭിച്ച ഈ പദ്ധതിയിൽ 8500 ഓളം വീടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞു. തുടർന്നുള്ള പ്രതിഷ്ഠാപനങ്ങൾ പുരോഗമിച്ചുവരുന്നു.

## വൈദ്യുതി ഉത്പാദന പദ്ധതി

71 (456) ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. എസ്. സലീഖ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ബഡ്ജറ്റുകളിലൂടെയും മറ്റു നിലയിലും വൈദ്യുതി ഉല്പാദന പദ്ധതികൾ പ്രഖ്യാപിക്കുന്നതിനു മുമ്പ് അവ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതാ പഠനങ്ങൾ നടത്താറുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലയളവിലെ അഞ്ച് ബഡ്ജറ്റുകളിലൂടെയും മറ്റ് നിലയിലും ഊർജ്ജ ഉല്പാദനത്തിന് പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയായിരുന്നു; ഇതിൽ നാളിതുവരെ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികളെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രഖ്യാപിച്ച പദ്ധതികൾ വഴി ലക്ഷ്യമിട്ട ഊർജ്ജ ഉല്പാദനം സാദ്ധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. അനെർട്ട് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. നാളിതുവരെ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ട്.

(സി) ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിക്കിടെ അപ്രതീക്ഷിതമായി ഉണ്ടായ മണ്ണിടിച്ചിൽ/പാറ ഇടിച്ചിൽ കാരണം പണി പൂർത്തിയാക്കാൻ സാധിച്ചില്ല. ബാക്കി പദ്ധതികളുടെ സ്ഥലമെടുപ്പ്/വനഭൂമി കൈമാറൽ എന്നിവ വൈകിയതു കാരണം പണി ആരംഭിക്കുവാൻ കാലതാമസം നേരിട്ടു. പ്രഖ്യാപിച്ചിരുന്ന വാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങുന്നതിന് തടസ്സങ്ങൾ നിലനിൽക്കുന്നു. ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ഉത്പാദനത്തിലെ കുറവുമൂലം പുതിയ വാതകാധിഷ്ഠിത പദ്ധതികൾ തുടങ്ങുന്നതിനുള്ള തീരുമാനം എടുക്കേണ്ടതില്ലെന്ന് കേന്ദ്ര ഊർജ്ജ മന്ത്രാലയം അറിയിച്ചിരുന്നു. ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിന്റെ വിലയിലെ അസ്ഥിരത, അവ ഉപയോഗിച്ച് പദ്ധതികൾ തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരളത്തിന് മുമ്പ് അനുവദിച്ചിരുന്ന കൽക്കരിയുടെ അലോക്കേഷൻ സുപ്രീം കോടതി വിധിമൂലം നഷ്ടമായതും കൽക്കരി കൊണ്ടുള്ള ഒരു പദ്ധതി ചീമേനിയിൽ സ്ഥാപിക്കുന്നതിന് ഒരു സമവായം ഉണ്ടാക്കാൻ കഴിയാത്തതും കൽക്കരി ഉപയോഗിച്ചുള്ള പദ്ധതി തുടങ്ങുവാൻ തടസ്സമായി. പെറ്റ്കോക്ക് ഇന്ധനമാക്കിയുള്ള പദ്ധതിക്കുവേണ്ടി എഫ്.എ.സി.ടി.-യിൽനിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സർക്കാർ എടുത്തുകഴിഞ്ഞു. പദ്ധതിക്കുവേണ്ട ഇന്ധനമായ പെറ്റ്കോക്കിന്റെ വിലയെ സംബന്ധിച്ച് ബി.പി.സി.എൽ-മായി ചർച്ചകൾ നടന്നുവരുന്നു.

**ധർമ്മടം സെക്ഷൻ ഓഫീസ് വിഭജനം**

72 (457) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ ധർമ്മടം സെക്ഷൻ ഓഫീസ് വിഭജിച്ച് മുഴപ്പിലങ്ങാട് കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ധർമ്മടം, കാടാച്ചിറ, ചൊവ്വ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് മുഴപ്പിലങ്ങാട് കേന്ദ്രമായി സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ മേൽ സെക്ഷൻ ഓഫീസുകൾ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന**

73 (458) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പ്രകാരം ഏറനാട് മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി സെക്ഷനുകളിൽ

നടപ്പിലാക്കുവാൻ തയ്യാറാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പ്രകാരം ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കാൻ തയ്യാറാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

(i) <u>11 കെ.വി. നിർമ്മാണം</u> :

| | |
|---|---|
| കിഴിശ്ശേരി സെക്ഷൻ | മുണ്ടുപറമ്പ് മുതൽ കടിഞ്ഞല്ലൂർ വരെ -1.4 കിലോമീറ്റർ<br>മുണ്ടുപറമ്പ് മുതൽ പത്തിച്ചാൽ വരെ - 1.0 കിലോ മീറ്റർ |
| അരിക്കോട് സെക്ഷൻ | പൂവൽകുടി മുതൽ പള്ളിപ്പടി വരെ - 2 കിലോ മീറ്റർ<br>സബ്സ്റ്റേഷൻ മുതൽ അറക്കഞ്ചേരി വരെ - 4 കിലോ മീറ്റർ |
| എടവണ്ണ സെക്ഷൻ | 1.57 കി. മീ. |
| അകമ്പാടം സെക്ഷൻ | 0.85 കി.മീ. |

(ii)<u>പുതിയട്രാൻസ്ഫോമർ സ്ഥാപിക്കൽ</u> :-

| | |
|---|---|
| അരിക്കോട് സെക്ഷൻ | 2 എണ്ണം |
| എടവണ്ണ സെക്ഷൻ | 1 എണ്ണം |
| അകമ്പാടം സെക്ഷൻ | 1 എണ്ണം |

(iii) <u>ഡി.റ്റി.ആർ മീറ്റർ സ്ഥാപിക്കൽ</u>:

| | |
|---|---|
| അരീക്കോട് സെക്ഷൻ | 29 എണ്ണം (ഇളമരം ഫീഡർ) |
| അരീക്കോട് സെക്ഷൻ | 2 എണ്ണം (പുത്തലം ഫീഡർ) |
| കീഴിശ്ശേരി സെക്ഷൻ | 13 എണ്ണം (തൃപ്പനച്ചി ഫീഡർ) |

| | |
|---|---|
| (iv) <u>എൽ.ടി. സിംഗിൾ ഫേസ് ലൈൻ നിർമ്മാണം</u> : | |
| അരീക്കോട് സെക്ഷൻ | 2.6 കി.മീ (0.403 കി.മീ. പൂർത്തീകരിച്ചു) |
| എടവണ്ണപ്പാറ സെക്ഷൻ | 2.96 കിലോ മീറ്റർ (0.462 കിലോ മീറ്റർ പൂർത്തീകരിച്ചു) |
| കീഴുപറമ്പ് സെക്ഷൻ | 2.29 കിലോ മീറ്റർ (0.464 കിലോമീറ്റർ പൂർത്തീകരിച്ചു) |
| അകമ്പാടം സെക്ഷൻ | 1.5 കി.മീ. |
| (v) <u>എൽ.റ്റി. ത്രീ ഫേസ് ലൈൻ നിർമ്മാണം :</u> | |
| അരീക്കോട് സെക്ഷൻ | 0.86 കിലോ മീറ്റർ |
| എടവണ്ണപ്പാറ സെക്ഷൻ | 0.82 കിലോ മീറ്റർ |
| കീഴുപറമ്പ് സെക്ഷൻ | 0.78 കിലോ മീറ്റർ |
| എടവണ്ണ സെക്ഷൻ | 0.4 കിലോ മീറ്റർ |
| അകമ്പാടം സെക്ഷൻ | 0.55 കിലോ മീറ്റർ |
| (vi) <u>ബി.പി.എൽ. സർവ്വീസ് കണക്ഷൻ :</u> | |
| അരീക്കോട് സെക്ഷൻ | 46 എണ്ണം (7 എണ്ണം പൂർത്തീകരിച്ചു) |
| എടവണ്ണപ്പാറ സെക്ഷൻ | 40 എണ്ണം (10 എണ്ണം പൂർത്തീകരിച്ചു) |
| കീഴുപറമ്പ് സെക്ഷൻ | 38 എണ്ണം (7 എണ്ണം പൂർത്തീകരിച്ചു) |
| എടവണ്ണ സെക്ഷൻ | 45 എണ്ണം പൂർത്തീകരിച്ചു |
| അകമ്പാടം സെക്ഷൻ | 25 എണ്ണം പൂർത്തീകരിച്ചു |
| (vii)<u>എൽ.റ്റി. റീകണ്ടക്ടറിങ്ങ് :</u> | |
| അകമ്പാടം സെക്ഷൻ | 1.6 കി.മീ. |
| (viii) <u>കേടായ മീറ്റർ സ്ഥാപിക്കൽ</u> : | 2471 എണ്ണം |

മേൽപ്പറഞ്ഞ പ്രവൃത്തികളിൽ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ നിർമ്മാണം, ബി.പി.എൽ. സർവ്വീസ് കണക്ഷൻ നൽകൽ മുതലായ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളായ RGGVY, DDUGJY എന്നിവയിൽ ഉൾപ്പെടുത്തിയും ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചും ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ തുടർന്നുവരികയാണ്.

## ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി

74 (459) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പദ്ധതി സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന പ്രകാരം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

(i) പുതിയ 11 കെ.വി. ലൈനുകൾ നിർമ്മിക്കുക

(ii) പുതിയ എൽ.റ്റി. ലൈനുകൾ നിർമ്മിക്കുക

(iii) ട്രാൻസ്ഫോമർ മീറ്റർ സ്ഥാപിക്കുക

(iv) സബ് സ്റ്റേഷൻ ഫീഡറുകളിൽ മീറ്റർ സ്ഥാപിക്കുക

(v) കേടായ ഗാർഹിക, കാർഷിക മീറ്ററുകൾ മാറ്റുക

(vi) ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ മാറ്റുക

(vii) ബി.പി.എൽ. വിഭാഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുക.

(ബി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ 932.84 ലക്ഷം രൂപയുടെയുള്ള പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കൊടുവള്ളി നിയോജകമണ്ഡലത്തിലെ ട്രാൻസ്ഫോർമറുകൾ

75 (460) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) R-APDRP പദ്ധതിപ്രകാരം കൊടുവള്ളി നിയോജകമണ്ഡലത്തിൽ എത്ര ട്രാൻസ്ഫോമറുകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര എണ്ണമാണ് സ്ഥാപിച്ചിട്ടുള്ളത്;

(സി) ആവശ്യമായ സ്ഥലങ്ങളിൽ പുതുതായി ട്രാൻസ്ഫോമറുകൾ അനുവദിക്കേണ്ടതിന്റെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം ആവശ്യമുണ്ട്; എന്നത്തേക്ക് അനുവദിക്കാൻ കഴിയും എന്നിവ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 35 ട്രാൻസ്ഫോമറുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 13 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(സി) ഇക്കാര്യങ്ങൾ പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

**സൗരോർജ്ജ നയം**

76(461) <u>ശ്രീ. ടി.എൻ. പ്രതാപൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് നയം നടപ്പാക്കുന്നത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത നയം നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്. 25-1-2013-ലെ G.O.(P) No. 49/2013/PD പ്രകാരമാണ് സൗരോർജ്ജ നയം രൂപീകരിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തിന്റെ സൗരോർജ്ജ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി പ്രഖ്യാപിച്ച സൗരോർജ്ജ നയത്തിൽ 2017-ഓടെ 50 മെഗാവാട്ടും 2030-ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുത ഉത്പാദന ശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവെർട്ടറുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുക, ഉപയോഗ്യമല്ലാത്ത പ്രദേശങ്ങൾ, കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുക, സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി ഉത്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം

പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിങ്ങിനുള്ള വഴികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്. 2000 മുതൽ 3000 സ്ക്വയർ ഫീറ്റ് തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കുറഞ്ഞത് 100 ലിറ്റർ സൗരോർജ്ജ വാട്ടർ ഹീറ്ററും 500 വാട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനവും 3000-ത്തിലധികം ചതുരശ്ര വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 100 ലിറ്റർ വാട്ടർഹീറ്ററും 1000 വാട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനവും സ്ഥാപിക്കുന്നതിന് സൗരോർജ്ജ നയം നിഷ്കർഷിക്കുന്നു.

(സി) സൗരോർജ്ജ നയത്തിൽ അതിന്റെ നടത്തിപ്പിനായി ഒരു സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിയമനിർമ്മാണ നടപടികൾ സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. സൗരോർജ്ജ പ്ലാന്റുകൾ ഗ്രിഡുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച റഗുലേഷൻസ് നിലവിലുണ്ട്.

കൂടാതെ പ്രസ്തുത നയം നടപ്പിലാക്കാൻ വൈദ്യുതി ബോർഡിൽ റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ് എന്ന ഒരു വിഭാഗം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**നാളേക്ക് ഇത്തിരി ഊർജ്ജം പദ്ധതി**

77 (462) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ആർ . സെൽവരാജ്:
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളേക്ക് ഇത്തിരി ഊർജ്ജം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുക, അതുവഴി പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് നാളേക്ക് ഇത്തിരി ഊർജ്ജം പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. ഇതുവഴി 4 മില്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.-യും ഇ.എം.സി.-യും ചേർന്ന് ഊർജ്ജ

സംരക്ഷണത്തിന്റെ ആവശ്യകത പ്രചരിപ്പിക്കാനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാനുമായി ആരംഭിച്ചതാണ് ഈ പദ്ധതി. ഇതിന്റെ തുടർച്ചയായി എനർജി മാനേജ്മെന്റ് സെന്റർ, സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ കേരളത്തിലുടനീളം സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, സി.ബി.എസ്.ഇ., പ്രൈവറ്റ് സ്കൂളുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് ഊർജ്ജ സംരക്ഷണ പരിശീലനം നൽകുകയും അദ്ധ്യാപകർ അതാത് സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തു. SEP-യുടെ കീഴിൽ കഴിഞ്ഞകാലയളവിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും 10 സ്കൂളുകൾ എന്ന കണക്കിന് 410 സ്കൂളുകളെ ചേർക്കാൻ തീരുമാനിക്കുകയും 392 സ്കൂളുകൾ അംഗങ്ങളാകുകയും ചെയ്തു. തുടർന്ന് 2000 സ്കൂളുകളെ ചേർക്കാൻ തീരുമാനിച്ചതിൽ നാളിതുവരെ 1500 സ്കൂളുകൾ ചേർന്നു. SEP നടത്തിപ്പിനായി ഇ.എം.സി.-യുടെ കീഴിൽ 14 ജില്ലകളിലും ഓരോന്നിലും ഒന്ന് എന്ന കണക്കിന് 14 ജില്ലാ കോ-ഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഒന്ന് എന്ന കണക്കിന് ജോയിന്റ് കോ-ഓർഡിനേറ്റർമാരും പ്രവൃത്തിക്കുന്നു. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളെ ഉപയോഗിച്ച് പരിശീലന പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

## കാസർഗോഡ് ജില്ലയിലെ പുതിയ വൈദ്യുതി ഭവൻ

78 (463) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി ഭവൻ നിർമ്മിക്കാൻ ആലോചനയുണ്ടോ; എങ്കിൽ എവിടെയാണ് ഇത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനുവേണ്ടി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; ഏതെല്ലാം ഓഫീസുകളാണ് ഈ കെട്ടിടത്തിൽ പ്രവൃത്തിക്കുക; കെട്ടിടത്തിന്റെ പ്ലാൻ തയ്യാറായിട്ടുണ്ടോ; കെട്ടിടത്തിന്റെ വിസ്തീർണ്ണം എത്രയാണ്;

(സി) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി.-ക്ക് സ്വന്തമായി എത്ര കെട്ടിടങ്ങൾ ഉണ്ട്; ഏതെല്ലാം ഓഫീസുകളാണ് ഈ കെട്ടിടത്തിൽ പ്രവൃത്തിക്കുന്നത്;

(ഡി) സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതുകൊണ്ട് ഏതെല്ലാം ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്നത്; മാസംതോറും വാടക ഇനത്തിൽ എത്ര തുകയാണ് കെ. എസ്. ഇ. ബി. നൽകേണ്ടി വരുന്നത് എന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിലെ വിദ്യാ നഗറിൽ 110 കെ.വി. സബ്സ്റ്റേഷനടുത്തുള്ള ബോർഡിന്റെ സ്ഥലത്താണ് വൈദ്യുതി ഭവൻ നിർമ്മിക്കാനുദ്ദേശിക്കുന്നത്.

(ബി) ഈ കെട്ടിടം 4.57 കോടി രൂപ ചെലവിൽ prefab സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഈ കെട്ടിടത്തിൽ ഇലക്ട്രിക്കൽ സർക്കിൾ, ഇലക്ട്രിക്കൽ ഡിവിഷൻ, ട്രാൻസ്മിഷൻ ഡിവിഷൻ, ഇലക്ട്രിക്കൽ സബ്ഡിവിഷൻ, സബ്സ്റ്റേഷൻ സബ്ഡിവിഷൻ, TMR സബ് ഡിവിഷൻ, RAO കാസർഗോഡ്, ട്രാൻസ്മിഷൻ സർക്കിൾ എന്നീ ഓഫീസുകളാണ് പ്രവൃത്തിക്കുക. മൂന്ന് നിലകളിലായി പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ മൊത്തം വിസ്തീർണ്ണം 1500 ചതുരശ്രമീറ്ററാണ്.

(സി) വിതരണ വിഭാഗത്തിന്റെ കീഴിൽ സ്വന്തമായി 5 കെട്ടിടങ്ങളാണ് ഉള്ളത്. സബ് റീജിയണൽ സ്റ്റോർ, എ.പി.റ്റി.എസ്. വിഭാഗത്തിന്റെ ഓഫീസ്, ഇലക്ട്രിക്കൽ സെക്ഷൻ കാഞ്ഞങ്ങാട് ഓഫീസ്, ഇലക്ട്രിക്കൽ സബ് ഡിവിഷൻ കാഞ്ഞങ്ങാട് ഓഫീസ്, ഇലക്ട്രിക്കൽ സെക്ഷൻ മാവുങ്കൽ ഓഫീസ്, ഇലക്ട്രിക്കൽ സബ് ഡിവിഷൻ മാവുങ്കൽ ഓഫീസ്, ഇലക്ട്രിക്കൽ സെക്ഷൻ ബദിയടുക്ക എന്നിവയാണ് സ്വന്തം കെട്ടിടങ്ങളിൽ പ്രവൃത്തിക്കുന്നത്.

കാസർഗോഡ് ജില്ലയിൽ പ്രസരണ വിഭാഗത്തിന്റെ ട്രാൻസ്മിഷൻ സർക്കിൾ കണ്ണൂരിന്റെ കീഴിൽ താഴെ പറയുന്ന കെട്ടിടങ്ങൾ സ്വന്തമായി ഉണ്ട്:

1. 220 കെ.വി. സബ്സ്റ്റേഷൻ, മൈലാട്ടി
2. 220 കെ.വി. സബ്സ്റ്റേഷൻ സബ്ഡിവിഷൻ, മൈലാട്ടി
3. ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ്, മൈലാട്ടി
4. ലൈൻ മെയിന്റനൻസ്, സബ്ഡിവിഷൻ, മൈലാട്ടി
5. ട്രാൻസ്മിഷൻ സബ് ഡിവിഷൻ, കാസർഗോഡ്
6. ട്രാൻസ്മിഷൻ സബ്ഡിവിഷൻ, കാഞ്ഞങ്ങാട്
7. 110 കെ.വി. സബ്സ്റ്റേഷൻ, കാസർഗോഡ്
8. 110 കെ.വി. സബ്സ്റ്റേഷൻ, മഞ്ചേശ്വരം

9. 110 കെ.വി. സബ്സ്റ്റേഷൻ, കുബനൂർ

10. 110 കെ.വി. സബ്സ്റ്റേഷൻ, മുള്ളേരിയ

11. 110 കെ.വി. സബ്സ്റ്റേഷൻ, കാഞ്ഞങ്ങാട്

12. 110 കെ.വി. സബ്സ്റ്റേഷൻ, ചെറുവത്തൂർ

13. 33 കെ.വി. സബ്സ്റ്റേഷൻ, അനന്തപുരം

14. 33 കെ.വി. സബ്സ്റ്റേഷൻ, പെർള

15. 33 കെ.വി. സബ്സ്റ്റേഷൻ, ബദിയടുക്ക

16. 33 കെ.വി. സബ്സ്റ്റേഷൻ, ബേളൂർ

17. 33 കെ.വി. സബ്സ്റ്റേഷൻ, വെസ്റ്റ് എളേരി

18. 33 കെ.വി. സബ്സ്റ്റേഷൻ, തൃക്കരിപ്പൂർ

19. 33 കെ.വി. സബ്സ്റ്റേഷൻ, നീലേശ്വരം.

(ഡി) 30 ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

I. സർക്കിൾ ഓഫീസ്, ഇലക്ട്രിക്കൽ സർക്കിൾ, കാസർഗോഡ്

II. ഡിവിഷൻ ഓഫീസുകൾ

1. ഇലക്ട്രിക്കൽ ഡിവിഷൻ,കാസർഗോഡ്

2. ഇലക്ട്രിക്കൽ ഡിവിഷൻ, കാഞ്ഞങ്ങാട്

III. റീജിയണൽ ഓഡിറ്റ് ഓഫീസ്,കാസർഗോഡ്

IV. സെക്ഷൻ ഓഫീസുകൾ

1 നെല്ലിക്കുന്ന്

2 കുമ്പള

3 ഉപ്പള

4 മഞ്ചേശ്വരം

5 വോർക്കാടി

6 പൈവേളിഗ

7 ചെർക്കള

8 മുള്ളേരിയ

9 ഉദുമ

10 കുറ്റിക്കോൽ

11 ചട്ടഞ്ചാൽ

12 ചിത്താരി

13 രാജപുരം

14 ബളാംതോട്

15 ഭിമനടി

16 നല്പോമ്പുഴ

17 ചോയങ്കോട്

18 തൃക്കരിപ്പൂർ

19 പടന്ന

20 കയ്യൂർ

21 പിലിക്കോട്

22 പെർള

23 പടന്നക്കാട്

24 പെരിയബസാർ

25 കാസർഗോഡ്

26 നീലേശ്വരം.

വാടകയിനത്തിൽ പ്രതിമാസം 2,51,163 രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ചെലവാകുന്നുണ്ട്.

**കോരാമ്പാടം പ്രദേശത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കുന്നത്.**

79 (464) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രൂക്ഷമായ വോൾട്ടേജ് ക്ഷാമംമൂലം കുടിവെള്ള പമ്പിങ് പോലുള്ള അത്യാവശ്യ സർവ്വീസുകൾ തടസ്സപ്പെടുന്ന കടമക്കുടി പഞ്ചായത്തിലെ കോരാമ്പാടം പ്രദേശത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഇതിലേയ്ക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രസ്തുത ജോലി ചെയ്യുന്നതിന് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ചാണ് ഈ ജോലി ചെയ്യുന്നത്. അതിനാൽ സർക്കാർ ഫണ്ട് അനുവദിക്കേണ്ടതില്ല. രണ്ട് മാസത്തിനകം പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വോൾട്ടേജ് ക്ഷാമം**

80 (465) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ സബ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നെന്മാറ സബ്സ്റ്റേഷനിലെ 11 കെ.വി.-യിലെ കുറഞ്ഞ വോൾട്ടേജ് 10.2 കെ.വി. ആണ്. മാത്രമല്ല സബ്സ്റ്റേഷന്റെ 50 ശതമാനം കപ്പാസിറ്റി മാത്രമേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളൂ. എന്നിരുന്നാലും ട്രാൻസ്മിഷൻ ശൃംഖല വിപുലീകരണത്തിന്റെ ഭാഗമായി 110 കെ.വി. കൊല്ലങ്കോട് -വടക്കഞ്ചേരി ലൈൻ സർവ്വേ പുരോഗമിച്ചുവരുന്നു. ഈ ലൈൻ പൂർത്തീകരിച്ചാൽ നിലവിലുള്ള 66 കെ.വി. നെന്മാറ സബ്സ്റ്റേഷൻ 110 കെ.വി.-ആയി ഉയർത്തുകയും ആ പ്രദേശത്തെ വോൾട്ടേജ് കൂടുതൽ മെച്ചപ്പെടുകയും വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമാവുകയും ചെയ്യും.

## കൂടംകുളത്തുനിന്നുള്ള വൈദ്യുതി വിഹിതം

81 (466) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വിഹിതം എത്രയാണ്;

(ബി) ഈ വൈദ്യുതി എത്തിക്കുന്നതിനായി 400KV-യുടെ ലൈൻ വലിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്; ഇതിനായി പ്രത്യേക ലൈൻ വലിക്കുന്നതിനു പകരം നിലവിലുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിച്ച്, വൈദ്യുതി എത്തിക്കുന്നതടക്കമുള്ള സമാന്തര മാർഗ്ഗങ്ങളെപ്പറ്റി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കടുത്ത വൈദ്യുതി കമ്മി നേരിടുന്ന സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2000 MW (1000 മെഗാവാട്ടിന്റെ രണ്ട് യൂണിറ്റ്) സ്ഥാപിതശേഷിയുള്ള കൂടംകുളം നിലയത്തിൽനിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് അർഹമായ വിഹിതം 266 മെഗാവാട്ടാണ് (13.3%). ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള 1000 മെഗാവാട്ടിന്റെ ഒരു യൂണിറ്റിൽനിന്നും 133 MW ലഭിച്ചുവരുന്നു.

(ബി) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിനായി തിരുനെൽവേലി മുതൽ മാടക്കത്തറ വരെ 400 കെ.വി. ലൈൻ നിർമ്മിക്കുവാനും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് ആണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. ഇതിൽ ഇടമൺ മുതൽ കൊച്ചി വരെയുള്ള ഭാഗം ഒഴിച്ച് ബാക്കി പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഇടമൺ-കൊച്ചി ഭാഗത്ത് കർഷകരുടെ എതിർപ്പുമൂലം ലൈൻ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയായിരുന്നു. ടി ലൈൻ കടന്നുപോകുന്ന ഭാഗത്തെ ആളുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ഒരു പ്രത്യേക നഷ്ടപരിഹാര പാക്കേജ് രൂപീകരിക്കുകയും അതുപ്രകാരം പ്രസ്തുത ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കൂടംകുളത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി സാങ്കേതികമായും പ്രായോഗികമായും സാധൂകരിക്കാവുന്ന മറ്റ് പ്രൊപ്പോസലുകളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല.

(സി) 400 കെ.വി. മൈസൂർ-അരീക്കോട് ലൈൻ 14-10-2015-ൽ കമ്മിഷൻചെയ്തു. ഇതിനുപുറമെ, മാടക്കത്തറ-അരീക്കോട്-മൈലാട്ടി 400 കെ.വി. ലൈനും, പുഗലൂർ (തമിഴ്നാട്)-മാടക്കത്തറ HVDC ലൈനും വേഗത്തിൽ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടംകുളത്തുനിന്ന് വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ, കേരളത്തിനുള്ളിലെ 220 കെ.വി. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## സമ്പൂർണ്ണ വൈദ്യുതീകരണം

82 (467) ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ആർ . സെൽവരാജ്:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഏതെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ&ബി) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും സഹകരണത്തോടെ സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിവരുന്നു. ഗ്രാമീണ മേഖലയിലെ എല്ലാ ഭവനങ്ങളുടെയും വൈദ്യുതീകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയായ RGGVY(രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന)-യിലൂടെ സമ്പൂർണ്ണ

വൈദ്യുതീകരണം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കെ.എസ്.ഇ.ബി.(ലി)-ന് സർക്കാർ എല്ലാ പിന്തുണയും നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ 124981 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 112896 വീടുകൾ ബി.പി.എൽ. കുടുംബങ്ങളുടേതാണ്. ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യമായിട്ടാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത്. RGGVY പ്രകാരമുള്ള പദ്ധതിയുടെ പ്രവൃത്തികൾ 2015 നവംബർ മാസത്തോടെ എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ട്. പുതിയതായി നിലവിൽ വന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന) പ്രകാരം ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് കണക്ഷനുകൾ നൽകാനാകും. ഇത്തരത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 2015-16-ൽ 46000, 2016-17-ൽ 400000 എന്ന രീതിയിൽ പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 2015 ഡിസംബർ 31 വരെ 141251 ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെ 278808 പുതിയ വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്. അപേക്ഷിച്ചവരിൽ ഇനി 2278 പേർക്ക് മാത്രമേ കണക്ഷൻ നൽകാനുള്ളൂ.

(സി) 2015-16, 2016-17-ലെ വാർഷിക പദ്ധതി ബോർഡ് അംഗീകരിച്ചിട്ടുണ്ട്. 2015-16-ലേക്കുള്ള Purchase Plan അംഗീകരിച്ച്, സാധനസാമഗ്രികൾ വാങ്ങുന്നതിന് ചീഫ് എഞ്ചിനീയർ (SCM)-നെയും മേഖലാ ചീഫ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികളുടെ പുരോഗതി എല്ലാ മാസവും വിലയിരുത്തുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുന്നുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണം

83 (468) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി-എസ്. റ്റി കോളനികളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് സത്വര നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(സി) വൈദ്യുതീകരിക്കാത്ത എസ്. സി. എസ്. റ്റി. കോളനികൾ സംസ്ഥാനത്തുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) എസ്.സി./എസ്. റ്റി. കോളനികളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എസ്.റ്റി. ഡിപ്പാർട്ടുമെന്റിൽനിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന കോളനികളുടെ വൈദ്യുതീകരണം നടത്തിവരുന്നു:

1. തിരുവനന്തപുരം :

കോളനികൾ - മേലേ അമല, താഴെ അമല, ആയിരംകൽ

2. ഇടുക്കി :

ഒഴവാതടംകുടി, കുലമാൻകുടി, പട്ടയിറമ്പൻ കുടി, പടിക്കകുടി

3. എറണാകുളം:

പോങ്ങിൻ ചുവട്, ഇടുക്കി

4. പാലക്കാട്:

വരാൾപ്പതി, ചാവടിപ്പാറ

(സി) ഉണ്ട്. ഇവ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുന്നതാണ്.

**നെടുമൺകാവ് സബ് എഞ്ചിനീയർ കം കളക്ഷൻ ആഫീസ്**

84 (469) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കരീപ്ര ഗ്രാമപഞ്ചായത്തിൽ പെടുന്ന നെടുമൺകാവ് കേന്ദ്രമാക്കി സബ് എൻജിനീയർ കം കളക്ഷൻ സെന്റർ ആരംഭിക്കുന്നതിന് ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി നിർദ്ദേശം നൽകിയത് എന്നാണ്;

(ബി) പ്രസ്തുത കളക്ഷൻ സെന്റർ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി. നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത സെന്റർ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 29-7-2015-ൽ.

(ബി&സി) നെടുമൺകാവ് ആസ്ഥാനമാക്കി സബ് എഞ്ചിനീയർ കം കളക്ഷൻ സെന്റർ അനുവദിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ കൊട്ടാരക്കര ഇലക്ട്രിക്കൽ സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറിൽനിന്നും ലഭിച്ചിട്ടുണ്ട്. ഇക്കാര്യം ബോർഡ് പരിശോധിച്ചുവരുന്നു.

## പുനരാവിഷ്കൃത ഊർജ്ജ വികസന പദ്ധതി

85 (470) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരാവിഷ്കൃത ഊർജ്ജ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ 34 കിലോ മീറ്റർ കേബിളുകൾ സ്ഥാപിക്കാനുണ്ട്. ഇതിൽ 19 കിലോമീറ്റർ സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി കേബിളുകൾ ഇടുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) റിംഗ് മെയിൻ യൂണിറ്റ്, ട്രാൻസ്ഫോമർ, ലോ ടെൻഷൻ വൈദ്യുതി കമ്പികൾ മാറ്റി സ്ഥാപിക്കൽ, ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. 201 കിലോമീറ്റർ വൈദ്യുതി കമ്പികൾ മാറ്റി സ്ഥാപിക്കാനുള്ളതിൽ 15.6 കിലോ മീറ്റർ പൂർത്തീകരിച്ചു.

(സി) 31-5-2016-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## പെറ്റ്കോക്ക് വൈദ്യുത നിർമ്മാണ പദ്ധതി

86 (471) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെറ്റ്കോക്ക് വൈദ്യുത നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഈ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പഠന റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിലുള്ള വൈദ്യുത പദ്ധതിയിലൂടെ എത്ര വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും; യൂണിറ്റിന് എത്ര രൂപ വച്ച് ഈ വൈദ്യുതി വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പെറ്റ്കോക്ക് വൈദ്യുത നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും, ബി.പി.സി.എല്ലും സംയുക്തമായി നടത്തിയ പഠന റിപ്പോർട്ട് 2012 ആഗസ്റ്റിൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി) കൊച്ചിയിൽ ബി.പി.സി.എൽ. റിഫൈനറിയുടെ വികസന പദ്ധതികളുടെ ഭാഗമായി ലഭ്യമാകുന്ന ഉപോൽപ്പന്നമായി പെറ്റ്കോക്ക് എന്ന ഇന്ധനം ഉപയോഗപ്പെടുത്തി ഉദ്ദേശം 500 മെഗാവാട്ട് ശേഷിയുള്ള ഒരു താപവൈദ്യുത നിലയം സ്ഥാപിക്കാമെന്നും ഇതിനായി കൊച്ചിയിലെ എഫ്.എ.സി.റ്റി.-യുടെ കൈവശമുള്ള 120 ഏക്കർ ഭൂമി അനുയോജ്യമാണെന്നും പദ്ധതിക്ക് 20-25 മില്യൻ ലിറ്റർ വെള്ളം ദിവസം പ്രതി ആവശ്യമാണെന്നും പ്ലാന്റിനുവേണ്ട കാപ്പിറ്റൽ കോസ്റ്റായി ഏകദേശം 5500 കോടി രൂപ വേണ്ടിവരുമെന്നും പഠന റിപ്പോർട്ടിൽ പരാമർശിക്കുന്നു.

(സി) ഏകദേശം 500 മുതൽ 600 മെഗാവാട്ട് വരെ സ്ഥാപിതശേഷിയുള്ള വൈദ്യുതി നിലയം സ്ഥാപിക്കാൻ സാധിക്കുന്നതാണ്. INKEL സമർപ്പിച്ച റിപ്പോർട്ടുകൾ പ്രകാരം യൂണിറ്റിന് 7 രൂപ മുതൽ 10 രൂപ വരെ ചെലവ് പ്രതീക്ഷിക്കുന്നു. അന്തിമ താരിഫ് നിരക്ക് ഉത്പാദനം ആരംഭിക്കുന്ന മുറയ്ക്ക് വൈദ്യുതി റെഗുലേറ്ററി കമ്മിഷൻനിശ്ചയിക്കുന്ന നിരക്കിലാണ് തീരുമാനിക്കുന്നത്.

**പുഴക്കാട്ടിരി സെക്ഷൻ ഓഫീസ് ആരംഭിക്കൽ**

87 (472) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

5 ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്നതും ഉപഭോക്തൃ ബാഹുല്യമുള്ളതുമായ മക്കരപറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

മക്കരപറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

## പെരുന്തേനരുവി ജലവൈദ്യുത പദ്ധതി

88 (473) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുന്തേനരുവിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിതശേഷി എത്ര മെഗാവാട്ടാണ്;

(ബി) എന്നാണ് ഇതിന്റെ നിർമ്മാണം ആരംഭിച്ചത്; പദ്ധതിക്കായി ആകെ എത്ര രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്; ആരാണ് നിർമ്മാണം നടത്തുന്നത്; കരാർ പ്രകാരം എന്നാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്; ഇപ്പോൾ എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ആകെ നിർമ്മാണത്തിന്റെ എത്ര ശതമാനമാണ് ഇത്; ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെ; ഇവയുടെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(സി) ഡാം നിർമ്മാണം പൂർത്തിയാവുമ്പോൾ, ഡാമിനുമുകളിലൂടെ നാലു ചക്രവാഹന യാത്ര സാധ്യമാകുന്ന വിധത്തിലാണോ ഡാം നിർമ്മാണം നടത്തിയിട്ടുള്ളത്;

(ഡി) പദ്ധതി എന്നത്തേക്ക് കമ്മിഷൻ ചെയ്യാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?

### ഉത്തരം

(എ) 6 മെഗാവാട്ട്.

(ബി) 02-03-2012-ൽ നിർമ്മാണം ആരംഭിച്ചു. പദ്ധതിക്കായി ആകെ 6790 ലക്ഷം രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. സിവിൽ ജോലികൾ പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡും ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ ഫ്ലോവൽ എനർജി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമാണ് ചെയ്യുന്നത്. സിവിൽ ജോലികളുടെ കരാർ തുക 34.83 കോടി രൂപയും ഇലക്ട്രോ മെക്കാനിക്കൽ കരാർ തുക 13.34 കോടി രൂപയുമാണ്. കരാർ പ്രകാരം 03/2014-ൽ പണികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാൻ ഉണ്ടായ കാലതാമസംമൂലം 30-6-2016 വരെ കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. ഇപ്പോൾ അണക്കെട്ടിന്റെ 41.13%, ചാനൽ 67.7%, ഫോർബേ 69.31%, പവർ ഹൗസ് 59.72%, ഇലക്ട്രോ മെക്കാനിക്കൽ വർക്ക് 87.71% എന്നിവയാണ് പൂർത്തീകരിച്ചിട്ടുള്ളത്.

പദ്ധതിയുടെ ആകെ നിർമ്മാണത്തിന്റെ 61.2% പണികൾ പൂർത്തിയായിട്ടുണ്ട്. ബ്ലോക്ക് 1 മുതൽ 5 വരെയുള്ള അണക്കെട്ടിന്റെ പണികളും അണക്കെട്ടിന്റെ മുകളിലൂടെയുള്ള പാലത്തിന്റെ പണികളും തുടങ്ങിയിട്ടില്ല. ഗേറ്റുകളുടെ ഇറക്ഷൻ പണിയും സർവ്വീസ് ബേയുടെ മുകളിലുള്ള പവർ ഹൗസ് പണിയും ഇറക്ഷൻ പണികളും തുടങ്ങിയിട്ടില്ല.

സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനായി പവർ ഹൗസിന്റെ സർവ്വീസ് ബേ ലെവലിന് മുകളിലുള്ള നിർമ്മാണം പ്രീ-എഞ്ചിനിയേർഡ് ബിൽഡിംഗ് ആക്കി മാറ്റിയിട്ടുണ്ട്. കൂടാതെ, നിർമ്മാണം ധൃതഗതിയിൽ ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(സി) അതെ.

(ഡി) നദിയുടെ വലതുകരയിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ, 07/2016-ൽ പദ്ധതി ഭാഗികമായി കമ്മിഷൻചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്.

## അങ്കമാലിയിൽ ഇലക്ട്രിക് ഡിവിഷൻ ഓഫീസ്

89 (474) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ ഇലക്ട്രിക് ഡിവിഷൻ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച് 17-12-2015-ൽ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) എങ്കിൽ നൽകിയിട്ടുള്ള നിർദ്ദേശം എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) അങ്കമാലിയിൽ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് അനുവദിക്കാനുള്ള നിർദ്ദേശം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ബോർഡിന്റെ പരിഗണനയിലാണ്.

## ചാത്തൻകോട്ടുനട പദ്ധതി

90 (475) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത കരാറുകാരൻ ആരാണെന്നും എത്ര തുകയ്ക്കാണ് കരാർ നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) എത്ര തുക കരാറുകാരന് ഇതിനകം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കരാറുകാരനെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ചാത്തൻകോട്ടുനട രണ്ടാംഘട്ടം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ കരാർ കോറമാൻഡൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് - കോറമാൻഡൽ എനർജി പ്രൈവറ്റ് ലിമിറ്റഡ് - ബോവിംഗ് ഫോറസ് പ്രൈവറ്റ് ലിമിറ്റഡ് കൺസോർഷ്യത്തിനാണ് നൽകിയത്. കരാർ തുക 45,36,07,351 രൂപയാണ്.

(ബി) കരാറുകാർക്ക് 31-1-2016 വരെ 5,00,92,083 രൂപ നൽകിയിട്ടുണ്ട്.

(സി & ഡി) കരാർ തീയതിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തിയ കരാറുകാരനെ ഒഴിവാക്കി ബാക്കിയുള്ള പണികൾക്ക് പുതിയ കരാർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതി ചാർജ്ജ്

91 (476) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രതവണ വൈദ്യുതിചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്;

(ബി) ഓരോ തവണയും വർദ്ധിപ്പിച്ചതിന്റെ വിശദാംശം ഓരോ വിഭാഗത്തിന്റെയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(സി) വൈദ്യുതിചാർജ് വർദ്ധിപ്പിച്ചതുമൂലം ഓരോ തവണയും എത്ര രൂപ അധികവരുമാനം ലഭിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മൂന്നതവണ.

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു*.

(സി) 1-7-2012 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ 2012-13 സാമ്പത്തിക വർഷത്തിൽ 1257 കോടി രൂപയുടെയും 1-5-2013 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിലൂടെ 2013-14 സാമ്പത്തിക വർഷത്തിൽ 589 കോടി രൂപയുടെയും 16-8-2014 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ 2014-15 സാമ്പത്തിക വർഷത്തിൽ 668 കോടി രൂപയുടെയും അധിക വരുമാനം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

**പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിലൂടെ ലഭ്യമാകുന്ന തുക**

92 (477) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിലൂടെ കെ.എസ്. ഇ.ബി.-ക്ക് ലഭിച്ച തുകയുടെ കണക്ക് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) ഇലക്ട്രിക് പോസ്റ്റുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നിരക്ക് സംസ്ഥാനാടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനായി അനുവർത്തിക്കുന്ന നടപടിക്രമം എന്തെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) കേരള ഗവൺമെന്റ് ഉത്തരവ് സ.ഉ.(കൈ) നമ്പർ 194/2014/ ത.സ്വ.ഭ.വ., സ.ഉ.(കൈ) നമ്പർ 195/2014/ത.സ്വ.ഭ.വ. എന്നിവ പ്രകാരം പൊതുനിരത്തിലെ വൈദ്യുതി കാലുകളിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ, നോട്ടീസുകൾ, ഫ്ളക്സ് ബോർഡുകൾ എന്നിവ നീക്കം ചെയ്തുകൊണ്ട് അവയ്ക്ക് ചുറ്റിലും നിശ്ചിത വലിപ്പത്തിൽ മെറ്റൽ ക്ലാഡിംഗ് ചെയ്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് നഗരസഭാ റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യ ദാതാക്കളിൽ നിന്ന് നഗരങ്ങളിലെ മാർക്കറ്റ് നിരക്ക് അനുസരിച്ചുള്ള തുക ഈടാക്കിക്കൊണ്ട് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും വൈദ്യുതി കാലുകളുടെ ഉടമസ്ഥാവകാശം കെ.എസ്.ഇ.ബി.-യിൽ തന്നെ നിക്ഷിപ്തമാക്കി അവരുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് തുടർനടപടികൾ എടുക്കുവാൻ ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ഡിസ്ട്രിബ്യൂഷൻ (സൗത്ത് സെൻട്രൽ, നോർത്ത്) വിഭാഗം ചീഫ് എഞ്ചിനീയർമാരാണ്. അതേസമയം ക്ലീൻ കേരള കമ്പനി സെക്രട്ടറി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പേരിൽ 4,09,494 (നാല് ലക്ഷത്തി ഒൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപയുടെ ചെക്ക് 6-8-2015-ൽ കൈമാറിയിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് പ്രകാരം പരസ്യ നികുതി ഇനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട നികുതി ഒഴിച്ചുള്ള തുകയുടെ 20 ശതമാനം ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കേണ്ട ഇനത്തിലാണ് ഈ തുക അടച്ചിട്ടുള്ളത്. സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്ലീൻ കേരള കമ്പനിയുടെ രേഖകൾ ഒത്തുനോക്കി മാത്രമേ അടച്ച തുക പര്യാപ്തമാണോയെന്നും ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാകുകയുള്ളൂ.

**ജലവൈദ്യുത പദ്ധതികൾ**

93 (478) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>:
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതോല്പാദന വർദ്ധനവ് ലക്ഷ്യമിട്ട്, ജലവൈദ്യുതപദ്ധതികൾ ആരംഭിക്കുന്ന കാര്യത്തിൽ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ലോഡ് ഷെഡിംഗ്, പവർകട്ട് എന്നിവ ഒഴിവാക്കുന്ന കാര്യത്തിൽ എത്രത്തോളം നേട്ടം കൈവരിക്കാനായി എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ഊർജ്ജ പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 63.6 MW-ന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ അതിരപ്പള്ളി പദ്ധതി (163 MW) പ്രതിബന്ധങ്ങൾ നീക്കി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ BOOT അടിസ്ഥാനത്തിൽ 23 ചെറുകിട ജലസേചന പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. തുടർന്നും സ്വകാര്യ പങ്കാളിത്തത്തോടെ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ ലോഡ് ഷെഡ്ഡിങ്ങോ പവർകട്ടോ ഏർപ്പെടുത്തിയിട്ടില്ല. കൂടാതെ സംസ്ഥാനത്തെ നിലവിലുള്ള ഊർജ്ജ ലഭ്യത കണക്കിലെടുക്കുമ്പോൾ ഈ സാമ്പത്തിക വർഷത്തിലെ വരും നാളുകളിൽ പവർകട്ടോ ലോഡ് ഷെഡ്ഡിംഗോ ഏർപ്പെടുത്തേണ്ടതായ സാഹചര്യം ഉണ്ടാകുമെന്ന് കരുതുന്നില്ല.

(സി) പുതിയ ഊർജ്ജ പദ്ധതിക്കായി സർക്കാർ 2013-14 ബഡ്ജറ്റിൽ കഞ്ചിക്കോട് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുകയും പ്രസ്തുത തുക ലഭ്യമായതിനാൽ മുഴുവൻ തുകയും ചെലവാക്കുകയും ചെയ്യുകയുണ്ടായി. കെ.എസ്.ഇ.ബി. സ്വന്തം ഫണ്ടിൽ നിന്നും വായ്പ മുഖാന്തിരവും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുവാനായി 2011-16 കാലയളവിൽ ബഡ്ജറ്റിൽ വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ബഡ്ജറ്റ് | ചെലവ് |
|---|---|---|
| 2011-12 | 383.67 | 159.83 |
| 2012-13 | 274.27 | 256.71 |
| 2013-14 | 256.48 | 414.56 |
| 2014-15 | 338.85 | 293.87 |
| 2015-16 (ഡിസംബർ 15 വരെ) | 383.30 | 111.56 |

## നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള സമിതികൾ

94 (479) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളിലെ വൈദ്യുതി മേഖലയിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എം.എൽ.എ.-മാരെ ഉൾപ്പെടുത്തിയുള്ള കമ്മറ്റികൾ നിലവിൽ പ്രവൃത്തിക്കുന്നുണ്ടോ എന്നും പ്രസ്തുത സമിതികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരമുള്ള സമിതികൾ രൂപീകരിക്കപ്പെട്ടതിനുശേഷം ഈ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. ഈ സമിതികളിൽ എം.എൽ.എ.-മാരുടെ നിർദ്ദേശാനുസരണം ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പൽ അംഗങ്ങളെയും സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെയും ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ യോഗങ്ങൾ സംഘടിപ്പിക്കുന്നു. RAPDRP, DDUGJY മുതലായ സർക്കാർ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി, വോൾട്ടേജ് ക്ഷാമം, തടസ്സമില്ലാതെ വൈദ്യുതി നൽകുക, തെരുവ് വിളക്കുകൾ സംബന്ധമായ വിഷയങ്ങൾ, സെക്ഷൻ ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ, വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള പരാതികൾക്ക് പരിഹാരം കാണുക, വൈദ്യുതി രംഗത്തെ വികസന പ്രവർത്തനങ്ങൾ, ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുക്കാറുണ്ട്.

(ബി) ഉണ്ട്. വിവിധ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട പരാതികൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ കാര്യക്ഷമമായി ചർച്ച ചെയ്യുന്നതിനും ദ്രുതഗതിയിൽ തീരുമാനമെടുക്കുന്നതിനും വൈദ്യുതി മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനും ഇത്തരം സമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ വൈദ്യുതി എത്താത്ത ആദിവാസി മേഖലകൾ കണ്ടെത്തി ഗ്രാമീണ വൈദ്യുതീകരണം സമഗ്രമായി നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങൾ കണ്ടെത്തി ട്രാൻസ്ഫോമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും ഈ സമിതികളുടെ പ്രവർത്തനംമൂലം സാധിച്ചിട്ടുണ്ട്.

## കല്ലറ 33 കെ.വി. സബ്സ്റ്റേഷൻ

95 (480) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിലെ കല്ലറ 33 കെ.വി.സബ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ; കല്ലറ 33 കെ.വി.സബ് സ്റ്റേഷൻ എത്ര കോടി രൂപ മുതൽ മുടക്കിയാണ് പൂർത്തീകരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) കല്ലറ 33 കെ.വി.സബ് സ്റ്റേഷന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) വൈക്കം നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മറ്റ് സബ് സ്റ്റേഷനുകൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കല്ലറ 33 കെ. വി. സബ്സ്റ്റേഷന്റെയും ലൈനിന്റെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. ഈ സബ്സ്റ്റേഷന്റെയും ലൈനിന്റെയും പൂർത്തീകരണത്തിനുവേണ്ടി 5.15 കോടി രൂപയുടെ ഭരണാനുമതി ബോർഡ് നൽകിയിട്ടുണ്ട്.

(ബി) 2016 മേയ് മാസത്തോടുകൂടി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) വൈക്കം നിയോജകമണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷനുകൾ ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

## 33 കെ.വി. സബ്സ്റ്റേഷൻ

96 (481) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് ഒരു 33 കെ.വി സബ്സ്റ്റേഷൻ ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ കാലിക പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ എന്ന് പ്രവർത്തനസജ്ജമാവും; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സാങ്കേതിക പഠന റിപ്പോർട്ട് പ്രകാരം കടമ്പഴിപ്പുറത്ത് 33 കെ. വി. സബ്സ്റ്റേഷന്റെ ആവശ്യകത ഉടനെ ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ഒരു 33/11 കെ.വി. (2) എം.വി.എ. ട്രാൻസ്ഫോമർ അവിടെ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

97 (482) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് ഭൂമി അക്വയർ ചെയ്യുന്നതിന് തീരുമാനം എടുത്തത് ഏത് വർഷത്തിലായിരുന്നു; ഇത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും മറ്റുമായി ബഡ്ജറ്റിൽ പണം വകയിരുത്തുകയും ചെലവുചെയ്തു തുടങ്ങുകയും ചെയ്തത് ഏത് വർഷത്തിലായിരുന്നു;

(സി) കൊച്ചി മെട്രോ പദ്ധതിക്കുവേണ്ടി കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നത് ആദ്യമായി ഏത് തീയതിയിലായിരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് ഭൂമി അക്വയർ ചെയ്യാൻ തീരുമാനിച്ചത് 2011-ൽ ആയിരുന്നു. ഇത് 4-7-2011-ലെ സ.ഉ.(എം. എസ്.) നമ്പർ 35/2011/ഗതാഗതം എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു.

(ബി) 2011-12 സാമ്പത്തിക വർഷം

(സി) 2011 ഒക്ടോബറിൽ.

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

98 (483) <u>ശ്രീ. ബെന്നി ബെഹനാൻ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി എന്ന് കമ്മിഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ തക്കവണ്ണം ആസൂത്രണം ചെയ്തിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഇനി 0.026 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ ഉള്ളത്. വയാഡക്ടിന്റെ 740 സ്പാനുകളിൽ 538 സ്പാനുകളുടെ സിവിൽ ജോലികൾ പൂർത്തിയായിക്കഴിഞ്ഞു. സിഗ്നലിംഗ് & ടെലികമ്മ്യൂണിക്കേഷൻ ജോലികൾ കുസാറ്റ് സ്റ്റേഷനിലും കളമശ്ശേരി സ്റ്റേഷനിലും തുടങ്ങിക്കഴിഞ്ഞു. വയാഡക്ടിൽ തേർഡ് റെയിൽ സ്ഥാപിച്ചുകഴിഞ്ഞു. 2016 ജനുവരി 10-ന് ആദ്യ ട്രെയിൻ മുട്ടം യാർഡിൽ എത്തിച്ചേർന്നു. അടുത്ത അഞ്ച് ട്രെയിനുകൾ 2016 ഓഗസ്റ്റിന് മുമ്പ് കൊച്ചിയിൽ എത്തിച്ചേരും. ട്രയൽ റൺ 2016 ഫെബ്രുവരി അവസാനം നടത്താനാകും.

(ബി) ഈ പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക വിഹിതം 1002.23 കോടി രൂപയാണ്. ഇതിൽനിന്നും 861.44 കോടി രൂപ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കൈപ്പറ്റി. കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് ഫ്രഞ്ച് വികസന ഏജൻസിയായ AFD(Agence Francaise de Developement)യുടെ 180 മില്യൻ യൂറോയുടെ വായ്പ 2014-ൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ സോവറിൻ ഗ്യാരണ്ടിയോടെയുള്ള "Pass Through Assistance" ആണ്.

(സി) കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം പ്രകാരം 2017 ജൂണിലാണ് ആലുവ മുതൽ പേട്ട വരെയുള്ള 25.612 കി.മീ. ദൈർഘ്യമുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതി കമ്മിഷൻ ചെയ്യേണ്ടത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായ (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) 18 കി.മീ. പൂർണ്ണസജ്ജമായി 2016 നവംബർ 1-ന് ആരംഭിക്കാനും രണ്ടാം ഘട്ടം (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) 2017 ജൂണിൽ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

99 (484) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി നിലവിൽ എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; മൊത്തം പദ്ധതി ചെലവ് ലക്ഷ്യമിട്ടിരുന്നത്

എത്രകോടി രൂപയാണ്; അതിൽ ഇതിനകം ചെലവായിട്ടുള്ള തുക എത്രയാണ്; അവശേഷിക്കുന്ന പ്രവൃത്തികൾക്ക് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു;

(ബി) പദ്ധതിയുടെ എന്തെല്ലാം നിലയിലുള്ള എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണിനിയും നടത്തുവാൻ ബാക്കി നില്പുള്ളത്;

(സി) വിഭാവനം ചെയ്ത നിലയിലുള്ള പൂർണ്ണ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനും കമ്മിഷൻ ചെയ്യുവാനും സാധ്യമാകും; പദ്ധതി പൂർത്തീകരിക്കുവാനുള്ള ഏതെങ്കിലും കരാറിൽ ഇതിനകം ഏർപ്പെടുവാൻ ബാക്കി നില്പുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) നിർമ്മാണ ജോലിയിൽ ഏകദേശം 82 ശതമാനവും രണ്ടാം ഘട്ടത്തിന്റെ (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) ഏകദേശം 34 ശതമാനവും പുരോഗതി കൈവരിച്ചിട്ടുണ്ട്. 5181.79 കോടി രൂപയാണ് ഈ പദ്ധതിക്ക് വേണ്ടി അനുവദിച്ചത്. 2016 ജനുവരി 31 വരെ 2622.55 കോടി രൂപ ചെലവായിട്ടുണ്ട്. ബാക്കി ഇനി 2559.24 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ബി) പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഇനി 0.026 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ ശേഷിക്കുന്നത്. വയാഡക്ടിന്റെ 740 സ്പാനുകളിൽ 202 സ്പാനുകളുടെ സിവിൽ ജോലികൾ പൂർത്തിയാക്കാനുണ്ട്. യാർഡിൽ സ്റ്റബ്ലിംഗ്/ഇൻസ്പെക്ഷൻ ഷെഡിന്റെ ജോലികൾ പുരോഗമിക്കുന്നു. ട്രാക്കിന്റെ ജോലികളും സിഗ്നലിംഗ് & ടെലികമ്മ്യൂണിക്കേഷൻ ജോലികളുടെ ഡിസൈനിംഗും പുരോഗമിക്കുന്നു. ഇതിന്റെ ടെസ്റ്റിംഗും കമ്മീഷനിംഗും തുടങ്ങിയിട്ടില്ല. വയാഡക്ടിൽ തേർഡ് റെയിൽ സ്ഥാപിച്ചുകഴിഞ്ഞു. റെയിൽവേ സുരക്ഷാ അധികാരികളുടെ പരിശോധനകൾക്കായുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. 2016 ജനുവരി 10-ന് ആദ്യ ട്രെയിൻ മുട്ടം യാർഡിൽ എത്തിച്ചേർന്നു. 2016 ജനുവരി 23-ന് ടെസ്റ്റ് റൺ നടത്തി. അടുത്ത അഞ്ച് ട്രെയിനുകൾ 2016 ഓഗസ്റ്റിന് മുമ്പ് കൊച്ചിയിൽ എത്തിച്ചേരും.

(സി) കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം പ്രകാരം 2017 ജൂണിലാണ് ഈ പദ്ധതി കമ്മിഷൻചെയ്യേണ്ടത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടം (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) പൂർണ്ണസജ്ജമായി 2016 നവംബർ 1-ന് ആരംഭിക്കാനും രണ്ടാം ഘട്ടം (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) 2017 ജൂണിൽ പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതി പൂർത്തീകരിക്കാനാവശ്യമായ പ്രധാന കരാറുകൾ ഒന്നും അവശേഷിക്കുന്നില്ല.

## കൊച്ചി മെട്രോയുടെ നിർമ്മാണം

100 (T485) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ ട്രെയിൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചത്;

(സി) മെട്രോയുടെ ട്രയൽ റൺ എന്നാണ് നടത്തിയത്;

(ഡി) കൊച്ചി മെട്രോ എന്നത്തേക്ക് പൂർണ്ണസജ്ജമായി ഓടിക്കാൻ കഴിയും;

(ഇ) നിശ്ചിത സമയത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2013 ജൂൺ 7-ാം തീയതി.

(ബി) പദ്ധതി പൂർണ്ണതോതിൽ 2017 ജൂണിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

(സി) ടെസ്റ്റ് റൺ 2016 ജനുവരി 23-ന് നടത്തി. ട്രയൽ റൺ 2016 ഫെബ്രുവരി അവസാനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം അനുസരിച്ച് പദ്ധതി നാല് വർഷംകൊണ്ട് അതായത് 2017 ജൂണിൽ പൂർത്തീകരിക്കണം. പദ്ധതിയുടെ ആദ്യ ഘട്ടം (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) പൂർണ്ണസജ്ജമായി 2016 നവംബർ 1-ന് ആരംഭിക്കുന്നതിനും പദ്ധതി പൂർണ്ണമായി 2017 ജൂണിൽ പൂർത്തീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(ഇ) സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**സംസ്ഥാന റെയിൽ വികസനം**

101 (486) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. സി. മമ്മൂട്ടി:

ശ്രീ. റ്റി. എ. അഹമ്മദ് കബീർ:

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽ വികസനക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നയം മാറ്റം, സംസ്ഥാന റെയിൽ പദ്ധതികളുടെ കാര്യത്തിൽ ഉണ്ടാക്കാവുന്ന ഗുരുതര പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിനകം സർവ്വേ പൂർത്തിയായ പദ്ധതികളുടെ ഭാവിയെ സംബന്ധിച്ച് എന്തെങ്കിലും ധാരണ ഉണ്ടായിട്ടുണ്ടോ;

(സി) സംസ്ഥാനം സാമ്പത്തിക പങ്കാളിത്തം വഹിക്കണമെന്ന കേന്ദ്ര നിർദ്ദേശം സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റെയിൽവേ പദ്ധതികളുടെ പകുതി ചെലവ് സംസ്ഥാനം വഹിക്കണമെന്ന കേന്ദ്ര നിർദ്ദേശം കേരളം പോലുള്ള പരിമിത വിഭവശേഷിയുള്ള സംസ്ഥാനങ്ങളുടെ റെയിൽ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് മുമ്പ് വിലയിരുത്തിയിരുന്നു. തുടർന്ന് സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ സമഗ്രമായി വിലയിരുത്തിയതിൽ സംസ്ഥാനം ആഗ്രഹിക്കുന്ന രീതിയിലുള്ള വികസനത്തിനായി സംസ്ഥാന സർക്കാരിന്റെകൂടി സാമ്പത്തിക പങ്കാളിത്തം അനിവാര്യമാണെന്ന് കാണുകയും സംസ്ഥാന സർക്കാർ തിരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് റെയിൽവേയുമായി 49:51 ഓഹരി വിഹിത ഘടന പ്രകാരമുള്ള കൂട്ടുസംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അത്തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തുകഴിഞ്ഞു. 2016-17-ലെ റെയിൽവേ ബഡ്ജറ്റിൽ ഇതുസംബന്ധിച്ച അനുകൂലമായ പ്രഖ്യാപനങ്ങൾ പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. അങ്കമാലി ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യം സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക സ്ഥിതി കാരണം പരിഗണിക്കാൻ കഴിയില്ലായെന്ന് റെയിൽവേയെ

അറിയിക്കുകയുണ്ടായി. ഈ കാരണത്താൽ 'കാലടി'ക്കു ശേഷമുള്ള നിർമ്മാണ പ്രവൃത്തികൾ റെയിവേ ആരംഭിക്കുകയോ ആയതിന്റെ വിശദമായ എസ്റ്റിമേറ്റ് അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് പദ്ധതി ചെലവിന്റെ 50% വഹിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും വിവരം റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ എറണാകുളം-കുമ്പളം, കുമ്പളം-തുറവൂർ എന്നീ റെയിൽപ്പാത ഇരട്ടിപ്പിക്കൽ പദ്ധതിക്കുള്ള ഭൂമി വിലയില്ലാതെ സൗജന്യമായി റെയിൽവേക്ക് ഏറ്റെടുത്ത് നൽകണമെന്നും കൂടാതെ പ്രസ്തുത പ്രോജക്ടുകളുടെ നിർമ്മാണ ചെലവിന്റെ 50% കൂടി സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയില്ലായെന്ന് റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാത ഇരട്ടിപ്പിക്കൽ നടപടികൾ ഇക്കാരണങ്ങൾ കൊണ്ട് ആരംഭിച്ചിട്ടില്ല.

(സി) ഭൂമി സൗജന്യമായി നൽകുക, നിർമ്മാണ പ്രവൃത്തിയുടെ ചെലവിന്റെ 50% വഹിക്കുക എന്നീ ആവശ്യങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക സ്ഥിതി പരിഗണിച്ച് വഹിക്കാൻ കഴിയില്ലായെന്നും ചെലവ് പൂർണ്ണമായും റെയിൽവേ വഹിക്കണമെന്നും റെയിൽവേയോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ സമഗ്രമായി വിലയിരുത്തിയതിൽ സംസ്ഥാനം ആഗ്രഹിക്കുന്ന രീതിയിലുള്ള വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ കൂടി സാമ്പത്തിക പങ്കാളിത്തം അനിവാര്യമാണെന്ന് കാണുകയും സംസ്ഥാന സർക്കാർ തിരഞ്ഞെടുക്കുന്ന പദ്ധതികൾക്ക് റെയിൽവേയുമായി 49:51 ഓഹരി വിഹിത ഘടന പ്രകാരമുള്ള കൂട്ടുസംരംഭങ്ങളിൽ ഏർപ്പെടുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും അത്തരത്തിലുള്ള ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയും ചെയ്തുകഴിഞ്ഞു.

**ആളില്ലാ ലെവൽ ക്രോസുകൾ**

102 (487) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആളില്ലാ ലെവൽക്രോസുകളാണുള്ളത്;

(ബി) പ്രസ്തുത ലെവൽക്രോസുകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ;

(സി) ലെവൽക്രോസുകളിൽ ജീവനക്കാരില്ലാത്തതുമൂലം അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനുവേണ്ടി കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ?

<u>ഉത്തരം</u>

(എ-ഡി) ആളില്ലാ ലെവൽ ക്രോസുകളിലെല്ലാം ആളെ നിയമിക്കണമെന്ന് മുമ്പ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇപ്പോൾ ആളില്ലാ ലെവൽ ക്രോസുകളൊന്നുംതന്നെ സംസ്ഥാനത്തിലില്ല.

**അങ്കമാലി-ശബരി റെയിൽ പാത**

103 (488) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി -ശബരി റെയിൽപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കേണ്ട തായിട്ടുള്ളതെന്നും നിലവിലെ എസ്റ്റിമേറ്റ് എത്രയെന്നും സർക്കാർ അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വെളിപ്പെടുത്താമോ;

(സി) നാളിതുവരെ അങ്കമാലി - ശബരി പാതയ്ക്കായി വിനിയോഗിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) അങ്കമാലി മുതൽ കാലടി വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പദ്ധതി ഭാഗികമായി കമ്മിഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് എന്നത്തേക്ക് കമ്മിഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഫണ്ടിന്റെ അഭാവമാണ് നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുവാൻ കാരണം.

(ബി) കാലടിക്കും എരുമേലിക്കും ഇടയിലുള്ള പൊന്നുംവില നടപടിയും ട്രാക്ക് നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്. നിലവിലെ എസ്റ്റിമേറ്റ് തുക 1566 കോടി രൂപയാണ്. 2015-16 സാമ്പത്തിക വർഷം 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

(സി) 151.93 കോടി രൂപ

(ഡി) ഉണ്ട്. സമയപരിധി നിശ്ചയിച്ചിട്ടില്ല.

## റെയിൽവേ വികസന പദ്ധതികൾ

104 (489) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിന് കേരളത്തിന് കുറഞ്ഞ തുകകളാണ് റെയിൽവേ വകയിരുത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റെയിൽവേ വികസന പദ്ധതികൾ നേടിയെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങളും വിശദീകരിക്കുന്ന മെമ്മോറാണ്ടം സംസ്ഥാന സർക്കാർ 2016-17-ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിൽ സംസ്ഥാനത്ത് നടന്നുവരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ് മാറ്റം, അങ്കമാലി-ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് 2016-17-ൽ ആവശ്യമായ മൊത്തം 602 കോടി രൂപയും ആവശ്യപ്പെട്ടിരുന്നു. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, സംസ്ഥാനത്ത് സബർബൻ റെയിൽ ഏർപ്പെടുത്തുന്നതിന് റെയിൽവേയുടെ പങ്കാളിത്തം, അങ്കമാലി-ശബരി പാത, നിലമ്പൂർ-നഞ്ചൻകോട് പാത, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് റെയിൽവേ അടിസ്ഥാനസൗകര്യ വികസനം ആട്ടോമാറ്റിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തൽ, പുതിയ ട്രെയിനുകൾ അനുവദിക്കൽ തുടങ്ങിയവ മുഖ്യ ആവശ്യങ്ങളായി ടി മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനായി കേന്ദ്ര റെയിൽ മന്ത്രാലയവുമായി ചേർന്ന് 49:51 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭത്തിന് 27-1-2016-ൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

**റെയിൽവേ വികസനം**

105 (490) ശ്രീ. എം. വി. ശ്രേയാംസ് കുമാർ:

ശ്രീ. റോഷി അഗസ്റ്റിൻ:

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസന കാര്യത്തിൽ ക്രിയാത്മകമായ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റെയിൽവേയുടെ വികസനം മുൻനിർത്തി സംസ്ഥാനത്ത് ഏതെങ്കിലും ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി എന്തെങ്കിലും ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ?

ഉത്തരം

(എ) പാതയിരട്ടിപ്പിക്കലും വൈദ്യുതീകരണവും ഗേജ് മാറ്റവും അങ്കമാലി-ശബരി റെയിൽപ്പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, നിലമ്പൂർ നഞ്ചൻകോട് റെയിൽപ്പാത, സബർബൻ റെയിൽ സർവ്വീസ്, ആട്ടോമാറ്റിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തൽ എന്നീ പദ്ധതികളാണ് മുഖ്യമായും വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) ഉണ്ട്. സബർബൻ റെയിൽവേ നടപ്പിലാക്കുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവെ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/EMU-റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് റെയിൽവേ വികസന പ്രവൃത്തികൾ നടപ്പാക്കാൻ ഒഡീഷാ സംസ്ഥാന സർക്കാരും റെയിൽവേയുമായി ചേർന്നുള്ള സംയുക്ത സംരംഭ മാതൃകയിൽ കേരള സംസ്ഥാനവും റെയിൽവേയുമായി ചേർന്ന് സംയുക്ത സംരംഭം

രൂപീകരിച്ച് റെയിൽവേ വികസന പ്രവൃത്തികൾ നടത്താമെന്ന കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശം പരിശോധിക്കുകയും സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് സംസ്ഥാനം തെരഞ്ഞെടുക്കുന്ന പദ്ധതികൾക്കായിമാത്രം റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തിൽ JV(ജോയിന്റ് വെഞ്ച്വർ കമ്പനി) രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതുസംബന്ധിച്ച് റെയിൽവേയുമായി ഒരു ധാരണാപത്രം 27-01-2016-ൽ ഒപ്പുവയ്ക്കുകയുമുണ്ടായിട്ടുണ്ട്.

**സബർബൻ ട്രെയിൻ**

106 (491) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബർബൻ ട്രെയിൻ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് ലഭിക്കുന്ന കേന്ദ്രസഹായത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചുകൊണ്ട് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും MEMU/EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള 125.56 കിലോ മീറ്റർ ദൂരത്തേക്ക് ഏകദേശം 3063.97 കോടി രൂപ അടങ്കലിൽ ഈ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ തയ്യാറാക്കിയ DPR-ൽ വ്യക്തമാക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ റെയിൽവേ വികസനത്തിനുവേണ്ടി സംസ്ഥാനം തിരഞ്ഞെടുക്കുന്ന പദ്ധതികൾക്കായി മാത്രം റെയിൽവേയും കേരള സർക്കാരും 49:51 എന്ന അനുപാതത്തിൽ ഓഹരി പങ്കാളിത്തമുള്ള ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതുസംബന്ധിച്ച് റെയിൽവേയുമായി ഒരു ധാരണാപത്രം 27-1-2016-ൽ ഒപ്പുവയ്ക്കുകയുമുണ്ടായി. സബർബൻ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭിക്കുന്ന മുറയ്ക്ക് ടി ജോയിന്റ് വെഞ്ച്വർ കമ്പനിയുടെ കീഴിൽ ആരംഭിക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുമ്പോൾ മാത്രമേ കേന്ദ്ര സഹായം സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരികയുള്ളൂ.

(സി) കേരള സർക്കാരിന്റെയും ഇൻഡ്യൻ റെയിൽവേയുടെയും എല്ലാവിധത്തിലുമുള്ള അനുമതിയും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**റെയിൽവേ ബഡ്ജറ്റിലെ കേരളത്തിന്റെ പദ്ധതികൾ**

107 (492) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന്റെ ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഷൊർണ്ണൂർ-മംഗലാപുരം ഇലക്ട്രിഫിക്കേഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ ബജറ്റ് വിഹിതം ആവശ്യപ്പെടുമോ;

(സി) പഴകിയ കോച്ചുകൾ മാറ്റുന്നതിന്ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളടങ്ങിയ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ 2016-17-ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിൽ സംസ്ഥാനത്ത് നടന്നുവരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ് മാറ്റം, അങ്കമാലി-ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് 2016-17-ൽ ആവശ്യമായ

മൊത്തം 602 കോടി രൂപയും ആവശ്യപ്പെട്ടിരുന്നു. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, സംസ്ഥാനത്ത് സബർബൻ റെയിൽ ഏർപ്പെടുത്തുന്നതിന് റെയിൽവേയുടെ പങ്കാളിത്തം, അങ്കമാലി-ശബരി പാത, നിലമ്പൂർ-നഞ്ചൻകോട് പാത, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് റെയിൽവേ അടിസ്ഥാനസൗകര്യ വികസനം ആട്ടോമാറ്റിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തൽ, പുതിയ ട്രെയിനുകൾ അനുവദിക്കൽ തുടങ്ങിയ കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഷൊർണ്ണൂർ - മംഗലാപുരം ഇലക്ട്രിഫിക്കേഷൻ 2016 ജൂൺ മാസത്തിൽ കമ്മിഷൻ ചെയ്യത്തക്കവിധത്തിൽ പുരോഗമിക്കുന്നു.

(സി) ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർ ഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത, അവസ്ഥ സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽത്തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്തുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിയുന്ന കോച്ചുകൾ അപ്പപ്പോൾത്തന്നെ പിൻവലിക്കുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

## രാജ്യറാണി എക്സ്പ്രസ്

108 (493) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ റോഡ് - തിരുവനന്തപുരം സെൻട്രൽ റൂട്ടിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സ്, ലിങ്ക് എക്സ്പ്രസ്സിൽ നിന്ന് മാറ്റി സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ട്രെയിൻ സ്വതന്ത്ര ട്രെയിനാക്കുന്നതിന് സാങ്കേതികമായി തടസ്സമുണ്ടെങ്കിൽ രാജ്യറാണി എക്സ്പ്രസ്സിലെ തിരക്ക് പരിഗണിച്ച് ഒരു എ.സി. കോച്ചും ഒരു സ്ലീപ്പർ കോച്ചും അധികമായി അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം റെയിൽവേ മന്ത്രാലയത്തോട് നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു. 2016-17 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഒരു അഡീഷണൽ എ.സി. കോച്ചും സെക്കന്റ് സ്ലീപ്പർ കോച്ചും ഒരു ജനറൽ കമ്പാർട്ടുമെന്റും കൂടി അനുവദിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ട്രെയിൻ സർവ്വീസ്

109 (494) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിൽ നിന്നും ആരംഭിച്ച് പളനി, മധുര, എന്നീ ക്ഷേത്ര നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് രാമേശ്വരത്തേക്ക് ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ;

(ബി) തമിഴ്നാട്ടിൽ നിന്നും ഗുരുവായൂർ അമ്പല ദർശനത്തിന് എത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്കും, കേരളത്തിൽ നിന്നും പളനി, മധുര, രാമേശ്വരം എന്നീ ക്ഷേത്ര ദർശനത്തിനായി പോയിക്കൊണ്ടിരിക്കുന്ന ഭക്തർക്കും വലിയ തോതിൽ യാത്രാ സൗകര്യം ലഭ്യമാകും എന്നതു കണക്കിലെടുത്ത് ഈ ട്രെയിൻ സർവ്വീസ് അുവദിച്ചു കിട്ടുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് ഊർജ്ജിത നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ ആവശ്യങ്ങൾ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

## കേരളത്തിന്റെ റെയിൽവേ വികസനം

110 (495) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനും കൃത്യമായ നിരീക്ഷണം നടത്തുന്നതിനും നിലവിലുള്ള ഔദ്യോഗിക സംവിധാനം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഏതൊക്കെ സജീവമായ നിർദ്ദേശങ്ങളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്;

(സി) ഇവ ഫലപ്രദമായി നേടിയെടുക്കുന്നതിന് കുറച്ചുകൂടി മെച്ചപ്പെട്ട ഔദ്യോഗിക സംവിധാനം രൂപീകരിക്കുന്നതിന് തയ്യാറാകുമോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കേണ്ട റെയിൽവേ പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനങ്ങൾ ഒന്നുമില്ല. എന്നാൽ കേരളത്തിലെ എം.പി.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവെ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്രത്യേക യോഗം ചേർന്ന് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം തയ്യാറാക്കി എല്ലാ വർഷവും റെയിൽവേ ബഡ്ജറ്റിന് മുമ്പായി അവലോകനം ചെയ്ത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവെ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്.

(ബി) കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ 2016-17-ലെ റെയിൽവെ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിൽ സംസ്ഥാനത്ത് നടന്നുവരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ് മാറ്റം, അങ്കമാലി-ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് 2016-17 ൽ ആവശ്യമായ മൊത്തം 602 കോടി രൂപയും ആവശ്യപ്പെട്ടിരുന്നു. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, സംസ്ഥാനത്ത് സബർബൻ ഏർപ്പെടുത്തുന്നതിന് റെയിൽവേയുടെ പങ്കാളിത്തം, അങ്കമാലി-ശബരി റെയിൽപ്പാത, നിലമ്പൂർ-നഞ്ചൻകോട് പാത, കണ്ണൂർ അന്താരാഷ്ട്ര വിമനത്താവളത്തിലേക്ക് റെയിൽവേ അടിസ്ഥാന സൗകര്യ വികസനം, ആട്ടോമാറ്റിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തൽ, പുതിയ ട്രെയിനുകൾ അനുവദിക്കൽ തുടങ്ങിയ കാര്യങ്ങളും മുഖ്യമായും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേ യാണെന്നതിനാൽ നിലവിലുള്ള സംവിധാനം ഒരു പരിധിവരെ പര്യാപ്തമാണ്. എന്നാൽ റെയിൽവേ പദ്ധതികൾക്കുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് ഒരു സംയുക്ത സംരംഭത്തിന് 27-1-2016-ൽ ധാരണാപത്രം ഒപ്പിടുകയുണ്ടായി.

## മുതലമട കള്ളയിമ്പാറയിലെ മാലിന്യ പ്രശ്നം

111 (T496) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട കള്ളയിമ്പാറയിലെ രൂക്ഷമായ മാലിന്യപ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രി മാലിന്യവും ഫാക്ടറി മാലിന്യവും വൻതോതിൽ സ്വകാര്യവ്യക്തിയുടെ തോട്ടത്തിൽ തള്ളുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇത്തരത്തിൽ മാലിന്യം തള്ളിയതുമായി ബന്ധപ്പെട്ട് ആ പ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാരകരോഗങ്ങൾ പിടിപെടുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ആദിവാസി വിഭാഗക്കാരുടെ ഇടയിൽ പടരുന്ന മാരകരോഗങ്ങളും അവരുടെ കുടിവെള്ളം മലിനമാക്കുകയും ചെയ്യുന്ന ഈ ഫാക്ടറി മാലിന്യങ്ങൾ ഏത് കേന്ദ്രത്തിൽ നിന്നുമാണ് കൊണ്ടുവരുന്നത് എന്ന് വിശദമാക്കുമോ; ഇത് തടയുന്നതിന് നടത്തിയിട്ടുള്ള നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ടി വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സമീപ പ്രദേശത്തുള്ള ആദിവാസികൾക്കായി 22-1-2016-ന് ആരോഗ്യ വകുപ്പ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും ക്യാമ്പിൽ പങ്കെടുത്ത 103 പേർക്കിടയിൽ 17 പേർക്ക് ശ്വാസകോശ സംബന്ധമായ അസുഖങ്ങളും ചിലർക്ക് ത്വക്ക് രോഗങ്ങളും കണ്ടെത്താൻ കഴിഞ്ഞതായും പ്രസ്തുത അസുഖങ്ങൾക്ക് കാരണം ഈ മാലിന്യ നിക്ഷേപമാണോ എന്ന് സ്ഥിരീകരിക്കുന്നതിന് 6-2-2016-ന് ടി സ്ഥലത്ത് ഒരു സ്പെഷ്യലിസ്റ്റ് ക്യാമ്പ് നടത്തുവാൻ ആരോഗ്യ വകുപ്പ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മുതലമട കള്ളയിമ്പാറ എന്ന സ്ഥലത്ത് ശ്രീ. വിനോദിന്റെ തോട്ടത്തിൽ ഹോട്ടൽ മാലിന്യങ്ങളും കോഴി മാലിന്യങ്ങളും രാസമാലിന്യങ്ങളും നിക്ഷേപിക്കുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം 16-1-2016-ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പരിശോധന നടത്തുകയുണ്ടായി. ചാലക്കുടിയിലെ 'നിറ്റാ ജലാറ്റിൻ' എന്ന കമ്പനിയിലെ മലിനജല ശുദ്ധീകരണ പ്ലാന്റിലെ ഖരമാലിന്യം വളമാക്കി മാറ്റിയ 'ന്യൂട്രിസോയിൽ' (Nutrisoil) ആണ് ശ്രീ. വിനോദിന്റെ തോട്ടത്തിൽ തെങ്ങ്, കവുങ്ങ് ജാതിക്ക മുതലായവയ്ക്ക് വളമായി ഉപയോഗിക്കുന്നത്. പ്രസ്തുത തോട്ടത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവൃത്തികൾ എത്രയും പെട്ടെന്ന് നിർത്തിവയ്ക്കാൻ സ്ഥലമുടമയ്ക്ക് 19-1-2016-ന് മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം 'ന്യൂട്രിസോയിൽ' ഹസാർഡസ് മാലിന്യമാണോ എന്നും സമീപത്തെ പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ളത്തിൽ ഘന ലോഹങ്ങളുടെ സാന്നിദ്ധ്യം ഉണ്ടോയെന്നും പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. കൂടാതെ 16-1-2016-നും 21-1-2016-നും പട്ടികവർഗ്ഗ കോളനിയിലെ പൊതുകിണറിൽ നിന്നും ജലത്തിന്റെ സാമ്പിൾ പരിശോധനയ്ക്കെടുത്തിരുന്നു. തോട്ടത്തിലെ മാലിന്യ നിക്ഷേപംമൂലം ഉണ്ടാകാനിടയുള്ള രാസ, ജൈവ മലിനീകരണം സംഭവിച്ചതായി ഇതുവരെ ലഭ്യമായ പരിശോധനാഫലങ്ങൾ സൂചിപ്പിക്കുന്നില്ല. ടോട്ടൽ ഡിസോൾവ്ഡ് സോളിഡ്സ്, ടോട്ടൽ കോളിഫോം എന്നിവ മാത്രം കുടിവെള്ളത്തിൽ അനുവദനീയമായ പരിധികൾ ലംഘിക്കുന്നതായി കാണുന്നു. പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 21-1-2016, 27-1-2016 എന്നീ തീയതികളിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മലീനീകരണ നിയന്ത്രണ ബോർഡ്, പഞ്ചായത്ത്, പോലീസ്, ആരോഗ്യം, റവന്യൂ എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടുകയും വലിയ അളവിൽ സൂക്ഷിച്ചിട്ടുള്ള മാലിന്യങ്ങൾ പ്രസ്തുത സ്ഥലത്തുനിന്നും നിർമ്മാർജ്ജനം ചെയ്യുന്നതിനും തുടർന്നും മാലിന്യം കൊണ്ടുവരുന്നത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും സമീപ പ്രദേശത്തെ ആദിവാസികൾക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനും അവർക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും ഓരോ വകുപ്പിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**കിട്ടാക്കടം**

112 (497) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന - ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം എത്ര കോടി രൂപയാണ്; ഇത് 2011 മാർച്ച് -31 ന് എത്രയായിരുന്നു; വ്യക്തമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിലുള്ള നിക്ഷേപം ഇപ്പോൾ എത്ര കോടി രൂപയാണ്; ഇത് 2011 മാർച്ച് 31-ന് എത്രയായിരുന്നു വ്യക്തമാക്കുമോ;

(സി) സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി എത്രകോടി രൂപയാണ്; 2011 മാർച്ച് -31 ന് എത്രയായിരുന്നു;

(ഡി) വായ്പേതര സഹകരണ സ്ഥാപനങ്ങൾ എത്ര കോടി രൂപ സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട്; അവ ഏതൊക്കെ സ്ഥാപനങ്ങളാണെന്നും എത്ര കോടി രൂപയാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-3-2015-ലെ കണക്ക് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം 3.92 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം 189.92 കോടി രൂപയുമാണ്. 2011 മാർച്ച് 31-ന് ഇത് യഥാക്രമം 3.94 കോടി രൂപയും 84.05 കോടി രൂപയുമായിരുന്നു.

(ബി) 31-12-2015-ലെ കണക്ക് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപം 6366.56 കോടി രൂപയാണ്. ജില്ലാ സഹകരണ ബാങ്കുകൾക്ക് ടി തീയതിയിൽ 45876.25 കോടി രൂപ നിക്ഷേപമുണ്ട്. 2011 മാർച്ച് 31-ന് ഇത് യഥാക്രമം 5205. 44 കോടി രൂപയും 19232.77 കോടി രൂപയുമായിരുന്നു.

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 31-03-2015-ലെ കണക്ക് പ്രകാരം 557.78 കോടി രൂപയാണ്. 2011 മാർച്ച് 31-ന് ഇത് 414.55 കോടി രൂപയായിരുന്നു.

(ഡി) 30-9-2015-ലെ കണക്ക് പ്രകാരം പത്ത് വായ്പേതര സഹകരണ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന് കുടിശ്ശികയാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേരും കുടിശ്ശിക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കേരള കർഷക കടാശ്വാസ കമ്മിഷൻ ഉത്തരവിന് വിരുദ്ധമായി ബാങ്കുകൾ സ്വീകരിക്കുന്ന നടപടികൾ

113 (498) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കടാശ്വാസ കമ്മീഷന്റെ ഉത്തരവു പ്രകാരം കമ്മിഷൻതീർപ്പു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൽപ്പിക്കുകയും അതുപ്രകാരം കമ്മിഷൻനിശ്ചയിച്ച തുക സഹകരണ ബാങ്കുകളിൽ അടച്ചു തീർക്കുകയും ചെയ്തതിന് ശേഷവും പല കാരണങ്ങൾ കാണിച്ച് വായ്പക്കാരുടെ പ്രമാണങ്ങൾ ബാങ്കുകൾ തിരിച്ചു നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള കർഷക കടാശ്വാസ കമ്മീഷന്റെ 2007 ലെ നിയമത്തിന് വിരുദ്ധമായി പ്രവൃത്തിക്കുന്ന ഇത്തരം സഹകരണ ബാങ്കുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) കേരള കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവിന് വിധേയമായി വായ്പക്കാരന്റെ വിഹിതം, സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ലഭ്യമായ ശേഷവും വായ്പക്കാരുടെ ഈട് പ്രമാണങ്ങൾ തിരിച്ച് നൽകാത്തത് സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവിന് അനുസൃതമായി വായ്പക്കാരൻ അടയ്ക്കേണ്ട വിഹിതം അടച്ചുകഴിഞ്ഞാൽ സർക്കാർ വിഹിതത്തിനായി കാത്തിരിക്കാതെ ഈട് പ്രമാണങ്ങൾ തിരികെ നൽകണമെന്ന സർക്കാർ/സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശത്തിനെതിരെ ചില സഹകരണ സംഘങ്ങൾ/ബാങ്കുകൾ സർക്കാരിനും ഈ വകുപ്പിനും നിവേദനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നബാർഡ് റീഫിനാൻസ് പ്രകാരം പ്രവൃത്തിക്കുന്ന കാർഷിക ഗ്രാമ വികസന ബാങ്കുകൾ വായ്പാ ഈടായി സ്വീകരിച്ചിട്ടുള്ള പ്രമാണങ്ങൾ സർക്കാർ വിഹിതം കൂടി ലഭിച്ച ശേഷമേ തിരികെ നൽകാൻ കഴിയൂ എന്നതാണ് സംഘങ്ങളുടെ നിലപാട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭാവിയിലെന്തെങ്കിലും കടാശ്വാസം ലഭിച്ചാലും തിരിച്ചടവ് (മുതലും പലിശയും) പൂർണ്ണമായതിന് ശേഷമേ നബാർഡ് റീഫിനാൻസ് പ്രകാരമുള്ള വായ്പ വാങ്ങുന്നവർക്ക് പ്രമാണം തിരികെ ലഭിക്കു എന്ന കാര്യം അപേക്ഷകരെ ബോധ്യപ്പെടുത്തണമെന്നും ഇതിലേയ്ക്കായി വായ്പയ്ക്ക് കടാശ്വാസം ലഭിച്ചാലും തുക പൂർണ്ണമായും അടച്ച് തീരുന്നതുവരെ (സർക്കാർ വിഹിതവും കർഷകന്റെ വിഹിതവും ലഭിക്കുന്നതുവരെ) ഈട് പ്രമാണം തിരികെ ലഭിക്കുന്നതല്ലെന്ന് വായ്പാ വ്യവസ്ഥയിൽ പ്രത്യേകമായി ഉൾപ്പെടുത്തുവാൻ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് 19-11-2015-ലെ 32730/എജി.2/2012/കൃഷി നമ്പർ കത്ത് പ്രകാരം കൃഷി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നീതി മെഡിക്കൽ സ്റ്റോറുകൾ

114 (499) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ നീതി മെഡിക്കൽ സ്റ്റോറുകളിലും നീതി വെയർഹൗസുകളിലും എത്ര ഫാർമസിസ്റ്റുകളുടെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ എത്ര ഫാർമസിസ്റ്റുകളാണ് നിലവിൽ ജോലി ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഇവരുടെ ശമ്പള സ്കെയിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുകളെ അപേക്ഷിച്ച് കൺസ്യൂമർഫെഡിലെ ഫാർമസിസ്റ്റുകൾ വളരെ തുച്ഛമായ വേതനത്തിലാണ് ജോലി ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കൺസ്യൂമർഫെഡിന്റെ കീഴിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന ഫാർമസിസ്റ്റുകൾക്ക് സ്ഥിര നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡിന്റെ നീതി മെഡിക്കൽ സ്റ്റോറുകളിലും നീതി വെയർ ഹൗസുകളിലും നിലവിൽ ആകെ 28 ഫാർമസിസ്റ്റുകളുടെ ഒഴിവുണ്ട്.

(ബി) നിലവിൽ 131 ഫാർമസിസ്റ്റുകൾ ജോലി ചെയ്തുവരുന്നു.

(സി) ശമ്പള സ്കെയിൽ അനുവദിച്ചുനൽകിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## സാഗര ആശുപത്രിയിലെ കാത്ത് ലാബ്

115 (500) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഗര ആശുപത്രിയിൽ എച്ച്.എൽ.എൽ.-ൽ നിന്നും കാത്ത് ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടോ; ഉപകരണങ്ങൾ എന്നാണ് സാഗര ആശുപത്രിയിൽ എത്തിച്ചേർന്നത്;

(ബി) സാഗര ആശുപത്രിയിൽ എച്ച്.എൽ.എൽ.-ൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെയോ പ്രവൃത്തിക്കാതെയോ വച്ചിരിക്കുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുണ്ടോ; ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) എച്ച്.എൽ.എൽ.-ൽ നിന്നും വാങ്ങിയ ഉപകരണങ്ങൾ ദീർഘകാലം ഉപയോഗിക്കാതെ വച്ചിരുന്നതിനെ തുടർന്ന് വാറന്റി കാലാവധി കഴിഞ്ഞുപോയി പ്രവർത്തനക്ഷമമല്ലാതായി തീർന്നിട്ടുണ്ടോ; ഇക്കാര്യം സംബന്ധിച്ച് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ /ഡോക്ടർമാർ കേപ്പ് ഡയറക്ടറെ രേഖാമൂലം അറിയിച്ചിരുന്നുവോ; ഇതിന്റെ അടിസ്ഥാനത്തിൽ കേപ്പ് ഡയറക്ടർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) സാഗര ആശുപത്രി ഏതെങ്കിലും സ്വകാര്യ ആശുപത്രിയെ ഏല്പിച്ച് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഹൃദയശസ്ത്രക്രിയാ വിഭാഗം നടത്തുന്നതിന് ഏതെങ്കിലും സ്വകാര്യ ആശുപത്രിയുമായോ ഡോക്ടർമാരുമായോ ധാരണാപത്രം ഒപ്പിട്ടിരുന്നോ; ഉണ്ടെങ്കിൽ ധാരണാപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ധാരണാപത്രം അനുസരിച്ച് ഹൃദയശസ്ത്രക്രിയാ വിഭാഗം പ്രവൃത്തിപ്പിക്കുവാൻ കഴിയാതെ വന്നതിന് കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എച്ച്.എൽ.എൽ.-ൽ നിന്നും കാത്ത് ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 5-12-2011-ൽ.

(ബി) ഉണ്ട്. പരാമർശത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(സി) പ്രവർത്തനക്ഷമമല്ലാതായി തീർന്നിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ/ഡോക്ടർമാർ കേപ്പ് ഡയറക്ടറെ രേഖാമൂലം അറിയിച്ചിട്ടില്ല.

(ഡി) ഹൃദയ ശസ്ത്രക്രിയാ വിഭാഗം പ്രവർത്തനക്ഷമമാക്കുന്നതിന് ആരുമായും ധാരാണാപത്രം ഒപ്പിട്ടിട്ടില്ല. എന്നാൽ കാത്ത് ലാബ് പ്രവർത്തനക്ഷമമാക്കുന്നതിന് കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസുമായി 16-9-2015-ൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ആയി ചേർക്കുന്നു*.

(ഇ) ചില പത്രമാധ്യമങ്ങളിൽ വന്ന തെറ്റായ വാർത്തയെ തുടർന്ന് ധാരണാപത്രം പ്രകാരമുള്ള പ്രവർത്തനം ആരംഭിക്കുന്നതിൽനിന്നും അമൃതാ ആശുപത്രി പിൻമാറുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സഹകരണ ബാങ്കുകളിലെയും സൊസൈറ്റികളിലെയും നിയമനം

116 (501) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനു കീഴിൽ ഏതെല്ലാം ബാങ്കുകളിലും സൊസൈറ്റികളിലും 2011 മുതൽ നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിലെ നിയമനത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 2011 മുതൽ നിയമനം നടന്നിട്ടുള്ള ബാങ്കുകളുടെയും സൊസൈറ്റികളുടെയും പേരുവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ചീഫ് അക്കൗണ്ടന്റ്, ബ്രാഞ്ച് മാനേജർ, ഇന്റേണൽ ഓഡിറ്റർ, അക്കൗണ്ടന്റ്, ക്ലാർക്ക്/കാഷ്യർ, അപ്രൈസർ, ടൈപ്പിസ്റ്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പ്യൂൺ, അറ്റൻഡർ, സെയിൽസ്മാൻ, നൈറ്റ് വാച്ച്മാൻ, പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ വിവിധ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ഒഴിവുണ്ട്.

(സി) സബ് സ്റ്റാഫ് തസ്തികയിലേക്ക് ബന്ധപ്പെട്ട സംഘങ്ങളുടെ ഭരണസമിതി ആവശ്യമായ പത്രപരസ്യം നൽകി എഴുത്ത് പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും മുൻഗണനാക്രമത്തിൽ നിയമനം നടത്തുന്നു. ക്ലാർക്ക് മുതൽ മുകളിലേക്കുള്ള തസ്തികകളിൽ സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് മുഖേന നിയമാനുസൃതവും തസ്തികമാറ്റം വഴിയും നിമയനം നടത്തുന്നു.

## സഹകരണ സംഘം ജീവനക്കാരുടെ സ്ഥാനക്കയറ്റം

117 (502) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ സംഘം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം സഹകരണ ബാങ്ക് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് വിദ്യാഭ്യാസ യോഗ്യത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

10, പ്ലസ് 2, പ്ലസ് 3 ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതുമൂലം വിദൂര വിദ്യാഭ്യാസം വഴി ബിരുദം നേടിയ പ്രീഡിഗ്രി, പ്ലസ് 2 പാസ്സാകാത്ത ഉദ്യോഗസ്ഥർക്ക് സ്ഥനക്കയറ്റം ലഭിക്കാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മൂന്ന് വർഷം ബിരുദപഠനം നടത്തി വിദൂര വിദ്യാഭ്യാസം വഴി അംഗീകൃത യൂണിവേഴ്സിറ്റികളിൽ നിന്ന് അംഗീകൃത ബിരുദം എടുത്ത നിലവിലുള്ള സഹകരണ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിന് പ്രീഡിഗ്രി, പ്ലസ് 2 കൂടി വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1969-ലെ കേരള സഹകരണ സംഘം നിയമം/ചട്ടങ്ങൾ എന്നിവ സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് സഹകാരികളുടെ ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് ഭേദഗതി നിർദ്ദേശങ്ങൾ കമ്മിറ്റി സമർപ്പിക്കുന്ന മുറയ്ക്ക് ഇത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ**

118 (503) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി സഹകരണ മേഖല ഏതെല്ലാം രീതിയിൽ ഇടപെടലുകൾ നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) കൺസ്യൂമർഫെഡ്, ത്രിവേണി എന്നീ സംവിധാനങ്ങൾ മുഖേന ഏതെല്ലാം രീതിയിലാണ് വിപണി ഇടപെടലുകൾ നടത്തിയത്; വിശദാംശം ലഭ്യമാക്കാമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ വിവരിക്കുന്നു.

1. വായ്പാരംഗം:

സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശിക ഇളവ് നൽകുന്നതിനുമായി കുടിശ്ശിക നിവാരണ പദ്ധതിയായ 'ആശ്വാസ്' ' നടപ്പിലാക്കി.

2. നിക്ഷേപരംഗം:

നിക്ഷേപ രംഗത്ത് ഉണർവുണ്ടാക്കുന്നതിനായി നിക്ഷേപ സമാഹരണ പദ്ധതി, നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിക്ഷേപ ഗ്യാരണ്ടി സ്കീം എന്നിവ നടപ്പാക്കി. കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതി നൽകി.

3. ഉപഭോക്തൃരംഗം:

'നന്മ പദ്ധതി' ആരംഭിച്ച് നടപ്പിലാക്കുകയും വർഷംതോറും നടത്തിവരുന്ന ഉത്സവകാല വിപണികളിലൂടെ പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

4. പൊതുവായ്പ:

1. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് പ്രാതിനിധ്യം നൽകുന്നതിന് നടപടി സ്വീകരിച്ചു.
2. ടൂറിസം, ലേബർ രംഗങ്ങളിൽ അപ്പെക്സ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു.
3. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ വികസന പദ്ധതികൾ ആവിഷ്കരിച്ചു.
4. സഹകാരികൾ, ജീവനക്കാർ തുടങ്ങിയവർക്കുള്ള ധനസഹായ പദ്ധതികൾ പരിഷ്കരിച്ചു.
5. വിവിധ മേഖലയിൽ പഠന സമിതികൾ നിയമിച്ചു.
6. റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരിച്ചു.
7. ആഡിറ്റിൽ തടയപ്പെട്ടതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തുതീർക്കാതെയും നിൽക്കുന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് ഉണർവ് കാമ്പയിൻ സംഘടിപ്പിച്ചു.

8. സഹകരണ നിയമത്തിൽ ഉചിതമായ ഭേദഗതികൾ വരുത്തി

9. സഹകരണ വകുപ്പിന് തലസ്ഥാനത്ത് ആസ്ഥാന മന്ദിരം പണി പൂർത്തീകരിച്ചു.

10. ഏഴാം സഹകരണ കോൺഗ്രസ്, സഹകരണ എക്സ്പോ എന്നിവ 2012-ൽ സംഘടിപ്പിച്ചു.

11. 'വിഷൻ 2025' പദ്ധതി ആവിഷ്കരിച്ചു.

12. ഹ്രസ്വകാല വായ്പയിലെ പലിശരഹിത വായ്പാ പദ്ധതി, കാർഷിക സേവന കേന്ദ്രങ്ങൾ, സഹകാരികളുമായി ആശയവിനിമയം നടത്തുന്നതിനുള്ള മുഖാമുഖം പരിപാടി, ഓഡിറ്റ് കാലാനുസൃതമാക്കൽ, സഹകരണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കൽ, സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ട് പിടിപ്പിക്കുന്ന പദ്ധതിയായ 'ആലില', ജൈവ പച്ചക്കറി കൃഷി ലക്ഷ്യമാക്കിക്കൊണ്ടുള്ള സുവർണ്ണ കേരളം പദ്ധതി, മിഷൻ 676 പ്രകാരം നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്നിവയും സഹകരണ മേഖലയെ ശക്തിപ്പെടുത്തുവാൻ സഹായകമാകുംവിധം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ കൺസ്യൂമർ മേഖലയുടെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർഫെഡ് മുഖാന്തരം വിലക്കയറ്റത്തിന് സാദ്ധ്യതയേറിയ ഉത്സവ കാലങ്ങളിൽ (ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയവ) പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹായകമായി 13 ഇനം അവശ്യ-നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽനിന്ന് നിശ്ചിത ശതമാനം വിലക്കുറവിൽ പ്രത്യേക വിപണന മേളകളിലൂടെ വിൽപ്പന നടത്തുകയും ചെയ്തു. അതുമുഖേന പൊതുവിപണിയിൽ 20%വരെ വിലകുറയ്ക്കുവാൻ വ്യാപാരികളെ നിർബന്ധിതരാക്കാനും തദ്വാര കൃത്രിമക്ഷാമം പോലെയുള്ള ദുഷ്പ്രവണതകൾ കുറയ്ക്കുന്നതിനും കഴിഞ്ഞു. വർഷം മുഴുവനും 10 ഇനം നിത്യോപയോഗ സാധനങ്ങൾ നന്മ സ്റ്റോറുകളിലൂടെ 20% വില കുറച്ച് വിപണനം നടത്തി.

(സി) കൺസ്യൂമർഫെഡിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ നടത്തിവരുന്ന നന്മ സ്റ്റോറുകളിലൂടെ 20% വരെ വിലകുറച്ച് 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ വിപണനം നടത്തിവരുന്നു.

ഉത്സവകാലങ്ങളിൽ വിലക്കയറ്റം തടയുന്നിനായി കൺസ്യൂമർഫെഡ് സർക്കാർ സബ്സിഡി പ്രയോജനപ്പെടുത്തി പ്രത്യേക സബ്സിഡി വിപണന മേളകൾ ത്രിവേണി സ്റ്റോറുകളിലും നടത്തുന്നതിന് സൗകര്യമൊരുക്കി.

ജനങ്ങൾക്ക് പ്രാപ്തമായ സ്ഥലങ്ങളിൽ ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിന് ത്രിവേണി ഔട്ട്ലെറ്റുകളായ ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവയുടെ സേവനവും കൺസ്യൂമർഫെഡ് ലഭ്യമാക്കുന്നുണ്ട്.

## സഹകരണ റിസ്ക് ഫണ്ട് പദ്ധതി

119 (504) <u>ശ്രീ. സി. പി. മുഹമ്മദ്</u> :

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :

<u>ശ്രീ. എം. എ. വാഹീദ്</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽനിന്നും അവരെ ഒഴിവാക്കുക എന്നതാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം. അതോടൊപ്പം ക്യാൻസർ ബാധിതർ,

കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ തുടങ്ങി വായ്പയെടുത്ത ശേഷം മാരകരോഗം പിടിപെട്ടവരുടെ വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75,000 രൂപയുടെ ആനുകൂല്യം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു.

(സി) കേരള സഹകരണ നിയമത്തിൽ വകുപ്പ് 57 (ഡി) പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുകയും ആയത് നടപ്പിലാക്കുന്നതിന് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും ചെയ്തു. റിസ്ക് ഫണ്ട് പദ്ധതി 1-4-2008 മുതൽ പ്രാബല്യത്തിൽ വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതാണെന്നും റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും വായ്പ നൽകുന്നതിൽനിന്നും പ്രസ്തുത സംഘങ്ങൾ/ബാങ്കുകൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിൽ ബോർഡിന് ഒരു മേഖലാ ഓഫീസ് തുടങ്ങിയിട്ടുണ്ട്. റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച് മാധ്യമങ്ങൾ മുഖേന പ്രചരണം നൽകിയിട്ടുണ്ട്. സ്കീം സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ അംഗസംഘങ്ങൾക്കും സർക്കിൾ സഹകരണ യൂണിയനുകൾക്കും അയച്ചുകൊടുക്കുന്നത് ഉൾപ്പെടെ റിസ്ക് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം**

120 (505) ശ്രീ. പി. എ. മാധവൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുകയാണ് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയവയാണ് ബോർഡിന്റെ മുഖ്യലക്ഷ്യങ്ങൾ.

(സി) സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പാക്കാൻ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിൽനിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയും കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## സഹകരണ മേഖലയിലെ ആലില പദ്ധതി

121 (506) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആലില പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് ഭൂമിയുടെ നല്ല നാളേക്കായി 5 ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുക എന്നതാണ് ആലില പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. പരിസ്ഥിതി സംരക്ഷണത്തിൽ വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതുസ്ഥലത്തും വൃക്ഷത്തൈകൾ നട്ടുവരുന്നു. വനം വകുപ്പ്, കൃഷി വകുപ്പ്, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള എന്നിവിടങ്ങളിൽനിന്നും വൃക്ഷത്തൈകൾ താലൂക്ക് തലത്തിൽ ലഭ്യമാക്കി സംഘങ്ങൾ വഴി വിതരണം ചെയ്തുവരുന്നു. അതോടൊപ്പം വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാ ക്ലാസ്സുകളും സെമിനാറുകളും താലൂക്ക് തലങ്ങളിൽ സംഘടിപ്പിക്കുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ, വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് സംഘങ്ങൾ പ്രശംസാ പത്രങ്ങളും അവാർഡും നൽകിവരുന്നു. പദ്ധതിയുടെ ഏകോപനവും അവലോകനവും ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർമാർ നടത്തിവരുന്നുണ്ട്.

## സഹകരണ മേഖലയിലെ ആഡിറ്റ്

122 (507) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആഡിറ്റ് സമകാലികമാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 97-ാം ഭരണഘടനാ ഭേദഗതി അനുസരിച്ച് സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം പൂർത്തീകരിക്കുന്നതോടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സംഘത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് യഥാസമയം വിലയിരുത്താൻ സാധിക്കും. സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റുകൾ സമകാലികമാക്കുന്നതോടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങൾക്കാവശ്യമായ ധനസഹായങ്ങൾ ലഭ്യമാക്കുന്നതിന് കഴിയുകയും അംഗങ്ങൾക്കും പൊതുജനങ്ങൾക്കും സഹകരണ സ്ഥാപനങ്ങളിലുള്ള വിശ്വാസ്യത നിലനിർത്താൻ സഹായകമാവുകയും ചെയ്യും.

(സി) 1-4-2013 മുതൽ 31-12-2013 വരെ നടന്ന ആഡിറ്റ് കുടിശ്ശിക നിവാരണം പദ്ധതി 2013-ന്റെ ഭാഗമായി ആഡിറ്റുകൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ ആഡിറ്റർമാർ ഇല്ലാതിരുന്ന സാഹചര്യത്തിൽ നിലവിലെ ആഡിറ്റർമാർക്ക് പുറമെ വകുപ്പിലെ തന്നെ റിട്ടയർ ചെയ്ത ആഡിറ്റർമാരുടെ സേവനം ലഭ്യമാക്കിയിരുന്നു. കൂടാതെ ജനറൽ വിഭാഗത്തിലെ ഇൻസ്പെക്ടർമാരെയും ആഡിറ്റിന് നിയോഗിക്കുകയും ചെയ്തിരുന്നു. സഹകരണ ചട്ടം വകുപ്പ് 64(3) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 60 ദിവസത്തിനകം സംഘങ്ങളുടെ ഇനവും തരവും അടിസ്ഥാനമാക്കി ഓരോ വിഭാഗവും ആഡിറ്റ് ചെയ്യേണ്ട ആഡിറ്റർമാരുടെ പദവിയും നിശ്ചയിച്ച് ഒരു പാനൽ പ്രസിദ്ധീകരിക്കണമെന്ന്

വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന് കാലതാമസം ഉണ്ടാകുന്നതിനാൽ 31-12-2015 വരെ നിലവിലുള്ള രീതി തുടരുവാൻ സർക്കാരിന്റെ ജി.ഒ.(പി)നമ്പർ83/2015/സഹ. ഉത്തരവ് അനുസരിച്ച് ഇളവനുദിച്ചിട്ടുണ്ട്.

**സഹകരണ മേഖലയിലെ ബാങ്കിംഗ് സ്ഥാപനങ്ങൾ**

123 (508) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ബാങ്കിംഗ് ബിസിനസ് നടത്തുന്ന സ്ഥാപനങ്ങളും അവയുടെ ബ്രാഞ്ചുകളും എത്ര;

(ബി) കേരളത്തിലെ ഔപചാരിക ബാങ്കിംഗ് സംവിധാനത്തിന്റെ സാന്ദ്രത കൂടിക്കൊണ്ടിരിക്കുന്നത്, സഹകരണ സ്ഥാപനങ്ങളെ എങ്ങനെയാണ് ബാധിച്ചുകൊണ്ടിരിക്കുന്നതെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ ഏക ഷെഡ്യൂൾഡ് ബാങ്കായ സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും 60 അർബൻ ബാങ്കുകളുമാണ് റിസർവ് ബാങ്ക് ലൈസൻസോടുകൂടി ബാങ്കിംഗ് ബിസിനസ്സ് നടത്തുന്നത്. ഇതിനുപുറമെ 1605 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും/ സർവ്വീസ് സഹകരണ സ്ഥാപനങ്ങളും ബാങ്കിംഗ് ബിസിനസ്സ് നടത്തിവരുന്നു. സംസ്ഥാന സഹകരണബാങ്കിന്റെ 20 ശാഖകളും ജില്ലാ സഹകരണ ബാങ്കുകളുടെ 776 ശാഖകളും അർബൻ ബാങ്കുകളുടെ 403 ശാഖകളും ബാങ്കിംഗ് ബിസിനസ് നടത്തിവരുന്നു.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ/സർവ്വീസ് സഹകരണ ബാങ്കുകളുടെ 3244 ശാഖകളും ബാങ്കിംഗ് ബിസിനസ്സ് നടത്തിവരുന്നു.

കൂടാതെ ദീർഘകാല കാർഷിക വായ്പാ മേഖലയിൽ പ്രവൃത്തിക്കുന്ന കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും 75 പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും പരിമിതമായ തോതിൽ ബാങ്കിംഗ് ബിസിനസ്സ് നടത്തിവരുന്നുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകൾ മറ്റ് ബാങ്കുകളെപ്പോലെ ആധുനിക സാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തുകയും ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ ബാങ്കിംഗ് പ്രോഡക്ടുകൾ കാലതാമസം കൂടാതെ നൽകുകയും ചെയ്തില്ലെങ്കിൽ ബാങ്കിംഗ് സംവിധാനത്തിൽ സാന്ദ്രത കൂടുന്നത് സഹകരണ സ്ഥാപനങ്ങളെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇത് നേരിടാനായി സഹകരണ സ്ഥാപനങ്ങളുടെ ആധുനികവത്ക്കരണത്തിന് സർക്കാർ ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്.

## സഹകരണ മേഖലയിൽ സർക്കാരിന്റെ പ്രധാന പ്രവർത്തനങ്ങൾ

124 (509) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളെ കൂടുതൽ ജനോപകാര സ്ഥാപനങ്ങളാക്കുന്നതിന് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്ത വ്യക്തി മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ കുടുംബത്തിന് എന്തെല്ലാം ആശ്വാസ നടപടികൾ ചെയ്ത് കൊടുക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയുടെ ഉന്നമനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളെ കൂടുതൽ ജനോപകാര സ്ഥാപനങ്ങളാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

(i) എന്റെ സംഘം ക്യാമ്പയിൻ:

എന്റെ സംഘം ക്യാമ്പയിൻ 2014 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയാണ് നടപ്പാക്കിയത്. ഓരോ വ്യക്തിക്കും താൻ അംഗമായ സംഘത്തോടുള്ള ആത്മബന്ധം ശക്തിപ്പെടുത്തുന്നതോടൊപ്പം സംഘത്തിന്റെ പ്രവർത്തന തലങ്ങളിലും ആവശ്യമായ കാര്യക്ഷമത ഉറപ്പാക്കുന്നതിനും ഈ ക്യാമ്പയിനിലൂടെ ഉദ്ദേശിച്ചിരുന്നു. സംഘത്തിന്റെ അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ എന്നിവ കാലാനുസൃതമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സൂക്ഷിക്കുന്നതിനും വായ്പ, നിക്ഷേപ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും കുടിശ്ശിക നിവാരണ സംവിധാനം ക്രമീകരിക്കുന്നതിനും ലൈബ്രറികളുടെ പ്രവർത്തനം, സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനം എന്നിവ ശക്തിപ്പെടുത്തുന്നതിനും കമ്പ്യൂട്ടർവത്ക്കരണം ത്വരിതപ്പെടുത്തുന്നതിനും സാദ്ധ്യമായ മറ്റ് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ലക്ഷ്യമിട്ടിരുന്നു. സഹകരണ മേഖലയും ജനങ്ങളും തമ്മിലുള്ള ആത്മബന്ധം ശക്തിപ്പെടുത്തുന്നതിലൂടെ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കിയ ഈ പദ്ധതി സഹകരണത്തിന്റെ ആത്മാവിനെ തൊട്ടറിയുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമായിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ii) സ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം

പ്രാദേശിക കൂട്ടായ്മയും പ്രാദേശിക സമ്പദ്ഘടനയും ശക്തിപ്പെടുത്തുന്നതിന് സഹകരണ മേഖലയിൽ സ്വയം സഹായ സംഘങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ പ്രവൃത്തിച്ചുവരുന്നു. ഇവയ്ക്ക് സർക്കാർ ധനസഹായമായി പരമാവധി 2 ലക്ഷം രൂപ നൽകിവരുന്നു. 2011-12-ൽ 25,10,000 രൂപയും 2012-13-ൽ 59,48,000 രൂപയും 2013-14-ൽ 18,99,000 രൂപയും ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ മേഖലാടിസ്ഥാനത്തിൽ വിപണന മേളകൾ സംഘടിപ്പിക്കുകയും ചെയ്തു.

(iii) സംയോജിത സഹകരണ വികസന പദ്ധതി :

ഒരു പ്രദേശത്തിന്റെ സമഗ്രവികസനം സഹകരണ സംഘങ്ങളിലൂടെ സാദ്ധ്യമാക്കുന്ന സംയോജിത സഹകരണ വികസന പദ്ധതി വിജയകരമായി എല്ലാ ജില്ലകളിലും പൂർത്തിയാക്കി. ഇൻഡ്യയിലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ മാത്രം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ രണ്ടാം ഘട്ടം വയനാട് ജില്ലയിൽ പൂർത്തിയാക്കി. ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(iv) കൺസ്യൂമർഫെഡിന്റെ സേവനം:

കൺസ്യൂമർഫെഡ് വഴി കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും വിലക്കയറ്റവിരുദ്ധ വിപണികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. കൂടുതൽ ത്രിവേണി-നന്മ സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ, ഫ്ലോട്ടിംഗ് ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ഉൾപ്പെടെയുള്ള യൂണിറ്റുകൾ ആരംഭിക്കുകയും ഉത്സവകാല വിപണന കേന്ദ്രങ്ങൾ നടത്തുക വഴി ഉപഭോക്തൃമേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഈ സർക്കാർ ഇതിനകം 279.50 കോടി രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. ഇതിന് പുറമെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. ധനസഹായവും നൽകിയിട്ടുണ്ട്.

(v) ആശ്വാസ് പദ്ധതി:

സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും വായ്പാകുടിശ്ശിക കുറയ്ക്കുക, കുടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുക എന്നീ ലക്ഷ്യങ്ങളോടെ 2011, 2012, 2014, 2015 വർഷങ്ങളിൽ നടപ്പിലാക്കിയ ആശ്വാസ് പദ്ധതിയിലൂടെ 6082.19 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുന്നതിനും 935.14 കോടി രൂപയുടെ ആനുകൂല്യങ്ങൾ വായ്പക്കാർക്ക് നൽകുന്നതിനും കഴിഞ്ഞു. 2016 വർഷത്തെ പദ്ധതി ജനുവരി 1 മുതൽ മാർച്ച് 31 വരെ നടപ്പിലാക്കിവരുന്നു.

(vi) മിഷൻ 676 :

സഹകരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷികരംഗത്തും ദുർബല ജനവിഭാഗത്തിന്റെ ക്ഷേമത്തിനും സംഘങ്ങളുടെ ശാക്തീകരണത്തിനും വിവിധ ക്ഷേമ പ്രവർത്തനത്തിനും ഉതകുന്ന നിരവധി പ്രവർത്തനങ്ങൾ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

(vii) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല :

പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേപ്പിന്റെ കീഴിൽ 8 എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ. കോളേജും ഒരു ഫിനിഷിംഗ് കോളേജും ഒരു ആശുപത്രിയും പ്രവൃത്തിക്കുന്നു. തിരുവനന്തപുരത്ത് മുട്ടത്തറയിലും തൃശ്ശൂരിൽ വടക്കാഞ്ചേരിയിലും പുതിയ എഞ്ചിനീയറിംഗ് കോളേജിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിലെ കേച്ചേരിയിൽ ഒരു ഫാർമസി കോളേജും ആരംഭിച്ചിട്ടുണ്ട്.

(viii) ആലില/സുവർണ്ണ കേരളം :

സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായി 5 ലക്ഷത്തിലധികം വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുവാൻ ആലില പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി. കൂടാതെ നൂതനവും ആരോഗ്യകരവുമായ കൃഷി രീതികളിലൂടെ പച്ചക്കറി കൃഷി രംഗത്ത് സ്വയംപര്യാപ്തത ലക്ഷ്യമാക്കി സുവർണ്ണകേരളം പദ്ധതിയും സഹകരണ വകുപ്പിലൂടെ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വീടുകളിൽ അടുക്കളത്തോട്ടനിർമ്മാണം, മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവയിലൂടെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(ix) നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്:

സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും കേരള സഹകരണ നിക്ഷേപ സുരക്ഷാനിധിയും ആയത് നടപ്പിൽ വരുത്തുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡും രൂപീകരിച്ചു. ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷപങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗ്യാരന്റി നൽകിവരുന്നു. നിലവിൽ ഈ സ്കീമിൽ 1870 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട് ഇനത്തിൽ 70,60,49,032 രൂപ സമാഹരിച്ചിട്ടുണ്ട്.

(x) ഓപ്പറേഷൻ കുബേര :

സ്വകാര്യ പണമിടപാടുകാരുടെയും അമിത പലിശക്കാരുടെയും ചൂഷണത്തിൽനിന്നും സാധാരണ ജനവിഭാഗത്തെ സംരക്ഷിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച ഓപ്പറേഷൻ കുബേര പദ്ധതി വിജയിപ്പിക്കുന്നതിലേയ്ക്ക് സഹകരണ വകുപ്പ് പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. നിലവിലുള്ള വായ്പാ വിതരണ വ്യവസ്ഥകളും മാനദണ്ഡങ്ങളും കൂടുതൽ ഉദാരമാക്കി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവർക്കും ഉദാരവ്യവസ്ഥയിലും കുറഞ്ഞ പലിശ നിരക്കിലും സഹകരണ സ്ഥാപനങ്ങളിലൂടെ വായ്പ ലഭ്യമാക്കാൻ കഴിഞ്ഞത് സഹകരണ വകുപ്പിന്റെ മാതൃകാപരമായ പ്രവർത്തനമായിരുന്നു.

(xi) ഉത്തേജന പലിശ ഇളവ്:

ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഉത്തേജന പലിശയിളവ് പദ്ധതിയിൽ പലിശയിളവ് ലഭിക്കുന്നു. സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർവരെ കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്കാണ് ആനുകൂല്യത്തിന് അർഹത. 2012-ൽ ഈ പദ്ധതിയിലൂടെ 3 കോടി 63 ലക്ഷം രൂപയും 2014-15 ൽ ഒരു കോടി രൂപയും 2015-16 ൽ ഒരു കോടി രൂപയും പലിശയിളവ് കർഷകർക്ക് നൽകിയിട്ടുണ്ട്.

(xii) റിസ്ക് ഫണ്ട് പദ്ധതി:

സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് മരണപ്പെടുന്നവരുടെയും മാരകരോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെയും വായ്പാ ബാധ്യത നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളുന്ന പദ്ധതിയാണ് റിസ്ക് ഫണ്ട് പദ്ധതി. റിസ്ക് ഫണ്ടിൽനിന്നും നൽകുന്ന ധനസഹായത്തിന്റെ പരമാവധി പരിധി ഒരുലക്ഷം രൂപയിൽനിന്നും ഒന്നരലക്ഷം രൂപയായി ഈ സർക്കാർ വർദ്ധിപ്പിച്ചു. കൂടാതെ മാരക രോഗങ്ങൾമൂലം ശയ്യാവലംബരായവർക്ക് 75,000 രൂപ വരെയുള്ള വായ്പ ബാദ്ധ്യത എഴുതിത്തള്ളുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തി. ഈ സർക്കാരിന്റെ കാലത്ത് 23052 വായ്പക്കാർക്കായി 156.65 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. നിലവിലുള്ള റിസ്ക് ഫണ്ട് ആനുകൂല്യത്തിന്റെ പരിധി 2 ലക്ഷം രൂപ ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(xiii) സഹകരണ റിലീഫ് ഫണ്ട് :

സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് സഹകരണ മെമ്പർ റിലീഫ് ഫണ്ട് പദ്ധതിക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സഹകരണ സംഘങ്ങളിലെയും അർഹരായ അംഗങ്ങൾക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിലേക്കുള്ള ഫണ്ട് സ്വരൂപിച്ചുവരുന്നു.

(സി) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അനുവദിച്ച് ടി അംഗങ്ങളെ വായ്പാ ബാധ്യതയിൽനിന്നും ഒഴിവാക്കുന്നു. പ്രസ്തുത പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുന്നുമുണ്ട്.

## സഹകരണ ബാങ്കുകളുടെ പ്രവർത്തനം

125 (510) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിഭജിച്ചു നിൽക്കുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിച്ചു കൊണ്ട് സർക്കാർ നിയന്ത്രണത്തിലുള്ള ഏക ബാങ്കാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(സി) ജൈവ കാർഷിക മേഖലയിൽ പ്രവൃത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് സർക്കാർ സഹായം നൽകുമോ;

(ഡി) ജൈവ കർഷകർക്ക് പലിശ കുറച്ച് വായ്പ നൽകാൻ പദ്ധതി തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവിധ തട്ടുകളിൽ പ്രവൃത്തിച്ചുവരുന്ന സഹകരണ ബാങ്കുകളെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാർ നിയന്ത്രണത്തിലുള്ള ഏക ബാങ്കാക്കി മാറ്റുന്നത് ഇപ്പോൾ പരിഗണനയിലില്ല. ഇതിന് വിശദമായ പഠനവും ചർച്ചയും ആവശ്യമാണ്. സർക്കാർ ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(സി) ജൈവ കാർഷിക മേഖലയിൽ പ്രവൃത്തിക്കുന്ന സഹകരണ ബാങ്കുകൾ ഉൾപ്പെടെ കാർഷിക മേഖലയിൽ പ്രവൃത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് സർക്കാർ സഹായം നൽകിവരുന്നുണ്ട്.

(ഡി) ജൈവ കൃഷി ഉൾപ്പെടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്യുന്ന കാർഷിക വായ്പകൾക്ക് ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം നിലവിൽ പലിശ ഇളവ് ആനുകൂല്യം ലഭിക്കുന്നുണ്ട്.

## സഹകരണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

126 (511) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ എത്ര സഹകരണ സ്ഥാപനങ്ങൾക്കാണ് പുതിയതായി രജിസ്ട്രേഷൻ നൽകിയത്; ഏതെല്ലാം മേഖലയിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ നൽകിയതെന്ന് അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി നിയമസഭാ മണ്ഡലത്തിൽ 16 സഹകരണ സംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. മേഖല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| മേഖല | എണ്ണം |
|---|---|
| വെൽഫെയൽ സഹകരണ സംഘങ്ങൾ | 6 |
| അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘങ്ങൾ | 6 |
| മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ | 2 |
| ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ | 2 |

## റിസ്ക് ഫണ്ട് ആനുകൂല്യം

127 (512) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ കുറ്റ്യാടി ശാഖയിൽ നിന്നും വായ്പയെടുക്കുകയും റിസ്ക് ഫണ്ട് പദ്ധതിയിൽ പ്രീമിയം അടയ്ക്കുകയും പിന്നീട് മരണപ്പെടുകയും ചെയ്ത കെ. പി. വാസു എന്നയാളുടെ വായ്പക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ കുറ്റ്യാടി ശാഖയിൽനിന്നും കെ. പി. വാസു സി.എൽ.ഡി. 236 നമ്പരായി വായ്പയെടുക്കുകയും മേൽ വായ്പയ്ക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി റിസ്ക് ഫണ്ട് ബോർഡിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു.

(ബി) റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ സമർപ്പിച്ച ടിയാന്റെ വായ്പ സംബന്ധിച്ച അപേക്ഷ ആറ് മാസത്തിൽ കൂടുതൽ കാലം വായ്പാ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയതിനാൽ ധനസഹായത്തിന് അർഹതയില്ലെന്ന് കണ്ട് സഹകരണ വികസന ക്ഷേമനിധി ബോർഡ് നിരസിച്ചിട്ടുള്ളതാണ്.

## സംസ്ഥാന സഹകരണ ബാങ്കിലെ ക്ലാർക്ക് നിയമനം

128 (513) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ക്ലാർക്ക് ഗ്രേഡ് I-ന്റെ നിയമനം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) ക്ലാർക്ക് ഗ്രേഡ് I സൊസൈറ്റി കാറ്റഗറിയിൽ നിലവിൽ എത്ര ഒഴിവുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ക്ലാർക്ക് ഗ്രേഡ് I തസ്തികയിലെ 95% നിയമനം നേരിട്ടും 5% ഗ്രേഡ് II-ൽ നിന്നും സ്ഥാനക്കയറ്റം വഴിയും ആയിരിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മിഷൻഅംഗീകരിച്ച റിക്രൂട്ട്മെന്റ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്ലാർക്ക് ഗ്രേഡ് I, ഗ്രേഡ് II തസ്തികയിൽ ആകെയുള്ള 70 തസ്തികയിൽ 66 ക്ലാർക്ക് തസ്തിക ഗ്രേഡ് I-നും 4 തസ്തിക ഗ്രേഡ് II-നുമായി (22:1) അനുപാതത്തിൽ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാന സഹകരണ ബാങ്കിൽ ക്ലാർക്ക് ഗ്രേഡ് I തസ്തികയിൽ 3 ഒഴിവുകളുണ്ട്.

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ബാങ്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാന സഹകരണ ബാങ്കിൽ ക്ലാർക്ക് ഗ്രേഡ് I തസ്തികയിൽ 3 ഒഴിവുകളുണ്ട്. ഇതിൽ 50% സൊസൈറ്റി കാറ്റഗറിയിൽ ആണ്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉണർവ് പദ്ധതി**

129 (514) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഉണർവ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്തുതീർക്കാതെയും നിൽക്കുന്ന തുകകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽനിന്നും നീക്കം ചെയ്ത് സഹകരണ സ്ഥാപനങ്ങളുടെ ബാക്കി പത്രം സംശുദ്ധമാക്കി സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കുക എന്നതാണ് 'ഉണർവ് 2012' തീവ്ര പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യം. സഹകരണ നിയമം/ചട്ടം, സംഘം ബൈലാ, രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചുകൊണ്ടാണ് സഹകരണ സ്ഥാപനങ്ങൾ പ്രവൃത്തിക്കേണ്ടത്. ഇതിന് വിരുദ്ധമായും വിവിധങ്ങളായ കാരണങ്ങളാലും ഉണ്ടായ ഇടപാടുകൾ ആഡിറ്റിൽ അംഗീകരിക്കാത്ത സാഹചര്യത്തിൽ ആയതിന് സമാനമായ കരുതലുകൾ വെയ്ക്കുകയും ആയത് സഹകരണ സ്ഥാപനങ്ങളുടെ നഷ്ടത്തിനിടയാക്കുകയും ചെയ്യുന്നു. കൂടാതെ ഇപ്രകാരം ആഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെ ബാക്കി നിൽക്കുകയും ചെയ്യുന്ന അവസ്ഥ സഹകരണസ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതിന് തടസ്സമായി നിൽക്കുന്നു. നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് ഈടാക്കാൻ കഴിയുന്ന തുകകൾ ഈടാക്കുകയും കൊടുക്കാനുള്ളവ കൊടുക്കുകയും വകുപ്പുതല

അംഗീകാരം, ഭരണാനുമതി ഇവ വേണ്ട സംഗതിയിൽ ആയത് അനുവദിച്ചും ഈടാക്കാൻ കഴിയാത്തവ പൊതുയോഗ അംഗീകാരത്തിനും രജിസ്ട്രാറുടെ അനുമതിക്കും വിധേയമായി ആഡിറ്റ് സർട്ടിഫിക്കറ്റിൽനിന്നും നീക്കം ചെയ്യുന്നതിലൂടെയും സംഘങ്ങളുടെ ഇവയ്ക്കായുള്ള കരുതലുകൾ ഒഴിവാക്കി സംശുദ്ധമായ ബാക്കി പത്രം തയ്യാറാക്കുന്നതിനും സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതിനും സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സഹകരണസ്ഥാപനങ്ങളാക്കി മാറ്റുന്നതിനുമുള്ള നടപടികളാണ് ഉണർവ് 2012-ൽ നിഷ്കർഷിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം സംഘാംഗങ്ങൾക്ക് നേരിട്ട് ലഭിക്കുകയില്ലെങ്കിലും സംഘങ്ങളെ സാമ്പത്തിക അടിത്തറയുള്ള സ്ഥാപനങ്ങളാക്കി മാറ്റുന്നതിലൂടെ അംഗങ്ങൾക്ക് സംഘം നൽകുന്ന സേവനങ്ങൾ കൃത്യമായി കൂടുതൽ ഗുണമേന്മയോടെ ലഭ്യമാകുന്നതാണ്.

(സി) ഉണർവ് പദ്ധതി നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 15 മുതൽ സെപ്റ്റംബർ 15 വരെ രണ്ട് ഘട്ടങ്ങളിലായി ഉണർവ് 2012 എന്ന പേരിൽ തീവ്രയത്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ വായ്പാ സംഘങ്ങൾ/ബാങ്കുകൾ എന്നിവയേയും രണ്ടാം ഘട്ടത്തിൽ വായ്പേതര സംഘങ്ങളേയും സംബന്ധിച്ചാണ് പദ്ധതി വിഭാവനം ചെയ്തത്. തുടർന്ന് സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ പൊതുയോഗം കൂടി നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടതിനാലും സഹകാരികൾ പദ്ധതി നീട്ടുന്നതിന് അപേക്ഷകൾ നൽകിയതിനാലും ടി പദ്ധതി 31-12-2013 വരെ ദീർഘിപ്പിച്ചു. ഏറ്റവും അവസാനം ലഭ്യമായ ആഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന തുകകൾ മുൻ വർഷങ്ങളിലെ ആഡിറ്റ് സർട്ടിഫിക്കറ്റിലെ തുകകൾ കൂട്ടി എഴുതിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി ആഡിറ്റിൽ തടഞ്ഞിട്ടുള്ള തുകകളെ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതും സംഘത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ രജിസ്റ്ററുകളുമായി പരിശോധിച്ച് സംഘം പ്രസിഡന്റ്, സെക്രട്ടറി, യൂണിറ്റ് ഇൻസ്പെക്ടർ എന്നിവരുടെ ഒരു യോഗം താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ വിളിച്ചു ചേർത്ത് പട്ടിക തയ്യാറാക്കിയും പ്രസ്തുത പട്ടികയിൽ, ഈടാക്കാൻ നടപടി സ്വീകരിക്കാവുന്നവ, ഈടാക്കാൻ നിവൃത്തിയില്ലാതെ നിമയാനുസൃത നടപടികൾ സ്വീകരിച്ച് നീക്കം ചെയ്യാൻ കഴിയുന്നവ യഥായോഗ്യം കൊടുത്തുതീർക്കാവുന്നവ എന്നിങ്ങനെ പട്ടിക തരംതിരിച്ചും പൊതുയോഗത്തിന്റെ അംഗീകാരത്തോടെ ഭരണവകുപ്പിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി. ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ് ), ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)

എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകാവുന്ന പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി ആഡിറ്റ് തുക ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിൽ അംഗീകാരം നൽകാത്ത നിർദ്ദേശങ്ങൾ സഹകരണസംഘം രജിസ്ട്രാർ, ആഡിറ്റ് ഡയറക്ടർ, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), അഡീഷണൽ രജിസ്ട്രാർ (ആഡിറ്റ്), രജിസ്ട്രാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ധൻ എന്നിവരടങ്ങിയ സംസ്ഥാനതല കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി ക്യാമ്പയിന്റെ നോഡൽ ഓഫീസർ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ആണ്. സംസ്ഥാനതല കമ്മിറ്റി 5 പ്രാവശ്യം കൂടി തീരുമാനമെടുത്തിട്ടുണ്ട്.

## തിരൂർ മണ്ഡലത്തിലെ വികസനം

130 (515) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ, ഗ്രാമവ്യവസായ വകുപ്പ് മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

സഹകരണ വകുപ്പ് മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ സംസ്ഥാന പദ്ധതികൾക്കായി 24 സഹകരണ സംഘങ്ങൾക്ക് ആകെ 30.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

1. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 13.35 ലക്ഷം രൂപ (14 സംഘങ്ങൾ)
2. വനിത സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 3.90 ലക്ഷം രൂപ (4 സംഘങ്ങൾ)
3. വനിത സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന ഗ്രാന്റ് 6.90 ലക്ഷം രൂപ (4 സംഘങ്ങൾ)
4. ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 2.00 ലക്ഷം രൂപ (1 സംഘത്തിന്)
5. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 4.50 ലക്ഷം രൂപ (1 സംഘത്തിന്).

കൂടാതെ ഖാദിഗ്രാമവ്യവസായ മേഖലയിൽ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 1067325 രൂപയും ഫ്ലാഗ്ഷിപ്പ് പദ്ധതി പ്രകാരം 50,000 രൂപയും 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം 3 ലക്ഷം രൂപയും ചെലവഴിച്ച് സംരംഭക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

**ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ**

131 (516) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണവകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുതപദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിന് 66 സഹകരണ സംഘങ്ങൾക്ക് 384.39 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇടുക്കി നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചുവടെ പറയുംവിധം തുക അനുവദിച്ചിട്ടുണ്ട്:

1. ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ
2. ദുർബല പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ
3. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം - 35 ലക്ഷം രൂപ

4. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 15.05 ലക്ഷം രൂപ

5. അർബൻ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 5 ലക്ഷം രൂപ

6. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നീതി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള ധനസഹായം - 1.31 ലക്ഷം രൂപ

7. സ്കൂൾ സഹകരണ സംഘങ്ങൾക്കുള്ള ഫർണിച്ചർ സബ്സിഡി - 58,500 രൂപ

8. വനിത സഹകരണ സംഘങ്ങൾക്കുള്ള ഓഹരി ധനസഹായം - 50,000 രൂപ

9. വനിത സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന ഗ്രാന്റ് - 2 ലക്ഷം രൂപ

10. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള എസ്.എച്ച്.ജി. ഓഹരി ധനസഹായം - 12 ലക്ഷം രൂപ

11. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള എസ്.എച്ച്.ജി. ഗ്രാന്റ് - 21,000 രൂപ

12. പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ആധുനികവൽക്കരണത്തിനുള്ള ധനസഹായം - 47.50 ലക്ഷം രൂപ

13. ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ആധുനികവൽക്കരണത്തിനുള്ള ധനസഹായം-88 ലക്ഷം രൂപ

14. സഹകരണ സംഘങ്ങൾക്കുള്ള എൻ.സി.ഡി.സി. ധനസഹായം - 137.235 ലക്ഷം രൂപ.

(സി) വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാർഷിക വായ്പാ സംഘങ്ങളിൽ ധാര പദ്ധതി**

132(517) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പാ സംഘങ്ങളിൽ ധാര പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ മുഴുവൻ കാർഷിക വായ്പാ സംഘങ്ങളിലും ധാര പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് 'ധാര പദ്ധതി' നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിലോ ഉപധനാഭ്യർത്ഥനയിലോ പ്രത്യേകം തുക വകയിരുത്താത്തതിനാൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## ചടയമംഗലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

133(518) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ സഹകരണ വകുപ്പു മുഖേന ചടയമംഗലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ വിശദമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ സഹകരണ വകുപ്പ് മുഖേന ചടയമംഗലം നിയോജകമണ്ഡലത്തിൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 24 സംഘങ്ങൾക്ക് 53.90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

1. ഫാർമേഴ് സർവ്വീസ് സെന്ററിനുള്ള ധനസഹായം - 1.50 ലക്ഷം രൂപ (1 സംഘം)
2. പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം - 5 ലക്ഷം രൂപ (5 സംഘങ്ങൾക്ക്)
3. നീതി സ്റ്റോറുകൾക്കുള്ള ധനസഹായം -0.50 ലക്ഷം രൂപ (2 സംഘങ്ങൾക്ക്)
4. എസ്. സി./എസ്. റ്റി. സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള ധനസഹായം- 9 ലക്ഷം രൂപ (3 സംഘങ്ങൾക്ക്)

5. പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള (SHG Subsidy) ധനസഹായം - 0.20 ലക്ഷം രൂപ (1 സംഘം)

6. എസ്. സി./എസ്. റ്റി. സംഘങ്ങൾക്ക് (Managerial Subsidy) ധനസഹായം - 3.60 ലക്ഷം രൂപ (6 സംഘങ്ങൾക്ക്)

7. വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരിമൂലധന സഹായം - 0.85 ലക്ഷം രൂപ (1 സംഘം)

8. ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ (1 സംഘം)

9. എസ്. സി./എസ്. റ്റി. സംഘങ്ങൾക്ക് (കെട്ടിട നിർമ്മാണം) ധനസഹായം - 8 ലക്ഷം രൂപ (2 സംഘങ്ങൾക്ക്)

10. എസ്. സി./എസ്. റ്റി. സംഘങ്ങൾക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് - 5 ലക്ഷം രൂപ (1 സംഘം)

11. സ്കൂൾ സഹകരണ സംഘങ്ങൾക്കുള്ള ഫർണിച്ചർ സബ്സിഡി ധനസഹായം- 0.25 ലക്ഷം രൂപ (1 സംഘം)

**പുന്നപ്ര ത്രിവേണി കോഫി ഹൗസ്**

134 (519) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര സഹകരണ ആശുപത്രിയിൽ ത്രിവേണി കോഫി ഹൗസ് എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത ത്രിവേണി കോഫി ഹൗസ് എന്നാണ് പ്രവർത്തനം നിർത്തിയത്; ഇവിടെ എത്ര ജീവനക്കാരാണ് ജോലി ചെയ്തിരുന്നത്; കോഫി ഹൗസ് അടച്ചുപൂട്ടാൻ ഉണ്ടായ കാരണം എന്താണ്;

(സി) വില വർദ്ധനവുമൂലമാണ് കോഫി ഹൗസിൽ ആള് കയറാതായത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സബ്സിഡി നിരക്കിൽ ഭക്ഷണസാധനങ്ങൾ നൽകി സാഗര ആശുപത്രിയിലെ ത്രിവേണി കോഫി ഹൗസ് തുറന്നു പ്രവൃത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുന്നപ്ര സഹകരണ ആശുപത്രിയിൽ ത്രിവേണി കോഫി ഹൗസ് ആരംഭിച്ചിട്ടില്ല. എന്നാൽ പുന്നപ്ര എഞ്ചിനീയറിംഗ് കോളേജിന്റെ കോമ്പൗണ്ടിലാണ് 3-1-2011-ൽ ത്രിവേണി കോഫി ഹൗസ് ആരംഭിച്ചത്.

(ബി) 24-12-2015 നാണ് പ്രവർത്തനം നിർത്തിയത്. 8 ജീവനക്കാരാണ് ജോലി ചെയ്തിരുന്നത്. പ്രതിമാസം ഒരു ലക്ഷം രൂപയോളം നഷ്ടമുണ്ടായി. മുൻവർഷങ്ങളിലെ പ്രവർത്തന നഷ്ടം ഏകദേശം 25 ലക്ഷം രൂപയായിരുന്നു. എഞ്ചിനീയറിംഗ് കോളേജിൽ സ്റ്റുഡന്റ്സ് മെസ് ആരംഭിച്ചത് നഷ്ടം കൂട്ടുന്നതിനും കാരണമായി. ഇങ്ങനെയൊക്കെ നഷ്ടം സംഭവിച്ചിട്ടും 24-12-2015 വരെ സ്ഥാപനം പ്രവൃത്തിപ്പിക്കുന്നതിന് പരമാവധി ശ്രമിച്ചിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കണ്ണൂർ ജില്ലയിലെ സഹകരണ സംഘങ്ങൾ

135 (520) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും കാറ്റഗറി അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ 205 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. കാറ്റഗറി തിരിച്ചുള്ള വിവരം ചുവടെ സമർപ്പിക്കുന്നു:

| ക്രമ നമ്പർ | വിഭാഗം | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | 1 |
| 2 | എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘം | 5 |
| 3 | അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം | 2 |
| 4 | വനിതാ സഹകരണ സംഘം | 21 |
| 5 | ലേബർ കോൺട്രാക്ട് സഹകരണ സംഘം | 6 |

| (1) | (2) | (3) |
|---|---|---|
| 6 | മാർക്കറ്റിംഗ് സഹകരണ സംഘം | 3 |
| 7 | ഹൗസിംഗ് സഹകരണ സംഘം | 1 |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം | 4 |
| 9 | ഹോസ്പിറ്റൽ സഹകരണ സംഘം | 1 |
| 10 | പലവക സഹകരണ സംഘം | 147 |
| 11 | സോഷ്യൽ വെൽഫെയർ സഹകരണ സംഘം | 11 |
| 12 | ട്രാവലിംഗ് ആന്റ് ടൂറിസം സഹകരണ സംഘം | 1 |
| 13 | സ്കൂൾ/കോളേജ് സഹകരണ സംഘം (കൺസ്യൂമർ സ്റ്റോർ ) | 2 |

സംഘങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു* .

**കേപ്പിലെ നിയമനങ്ങൾ**

136 (521) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ സ്വീപ്പർ, പ്യൂൺ തസ്തികയിൽ നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) മേയ് 2011 ന് ശേഷം കേപ്പിൽ സ്വീപ്പർ, പ്യൂൺ, സ്വീപ്പർ-കം-പ്യൂൺ തസ്തികയിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ മേയ് 2011-ജൂലൈ 2014 കാലഘട്ടത്തിൽ ഏഴ് വർഷ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിൽ എത്ര പേർക്ക് സ്വീപ്പർ, പ്യൂൺ, വാച്ച്മാൻ എന്നീ തസ്തികകളിൽ സ്ഥിരപ്പെടുത്തി നിയമനം നൽകിയിട്ടുണ്ട്;

(ഡി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ മേയ് 2015 പ്രാബല്യത്തിൽ ഭരണസമിതി അംഗീകാരത്തോടുകൂടി അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര സ്ഥിരം തസ്തികകളാണ് സൃഷ്ടിച്ചിട്ടുണ്ടായിരുന്നത്; 2015-ാമാണ്ട് മേയ് മാസം കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ എത്ര പേർ അസിസ്റ്റന്റ് പ്രൊഫസറുടെ സ്ഥിരം തസ്തികയിൽ നിയമനം ലഭിച്ച് സേവനത്തിലുണ്ടായിരുന്നു; വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ സ്വീപ്പർ തസ്തികയിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത നല്ല ആരോഗ്യം ഉണ്ടായിരിക്കണമെന്നും എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ പാസ്സാകാൻ പാടില്ല എന്നതുമാണ്. പ്യൂൺ തസ്തികയ്ക്ക് എട്ടാംതരം പാസ്സായിരിക്കണം, സൈക്കിൾ സവാരി അറിഞ്ഞിരിക്കണം എന്നതുമാണ്.

(ബി) കേപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മേയ് 2011-ന് ശേഷം സ്വീപ്പർ തസ്തികയിൽ 18 പേർക്കും പ്യൂൺ തസ്തികയിൽ 9 പേർക്കും നിയമനം നൽകിയിട്ടുണ്ട്. സ്വീപ്പർ-കം-പ്യൂൺ തസ്തികയിൽ ആർക്കും നിയമനം നൽകിയിട്ടില്ല.

(സി) 2011 മേയ് മുതൽ 2014 ജൂലൈ വരെയുള്ള കാലഘട്ടത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ശ്രീമതി സി. എസ്. സിന്ധുവിനെ വിധവ എന്ന പരിഗണന നൽകിയും ടിയാളുടെ ദയനീയാവസ്ഥ കണക്കിലെടുത്തും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ട്.

(ഡി) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ 350 അസിസ്റ്റന്റ് പ്രൊഫസർമാരുടെ സ്ഥിരം തസ്തികകളുണ്ട്. കേപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമിച്ച 5 പേർ ഉൾപ്പെടെ 355 അസിസ്റ്റന്റ് പ്രൊഫസർമാർ 2015 മേയ് മാസത്തിൽ കേപ്പിന്റെ വിവിധ കോളേജുകളിൽ സേവനത്തിലുണ്ടായിരുന്നു.

**ത്രിവേണി സ്റ്റോറുകൾ**

137 (522) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ത്രിവേണി സ്റ്റോറുകൾ പൂട്ടിയെന്നറിയിക്കാമോ; അവ എവിടെയൊക്കെയാണ്; ഇവിടെ ജോലി ചെയ്തുകൊണ്ടിരുന്ന ജീവനക്കാരുടെയും താത്ക്കാലിക ജീവനക്കാരുടെയും സേവന വേതനം സംരക്ഷിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

**ഉത്തരം**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 25 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. ടി സ്റ്റോറുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ല :

1. പാറശ്ശാല
2. ബാലരാമപുരം
3. ശ്രീകാര്യം
4. പാങ്ങോട്

കൊല്ലം ജില്ല:

1. പൂയപ്പള്ളി
2. കരുനാഗപ്പള്ളി
3. പരവൂർ
4. ഇരവിപുരം
5. മുളങ്കാടകം

പത്തനംതിട്ട ജില്ല :

ഏനാത്ത്

ആലപ്പുഴ ജില്ല :

കാഞ്ഞിരത്തിൻമൂട്

കോട്ടയം ജില്ല :

വള്ളിച്ചിറ

എറണാകുളം ജില്ല :

1. പെരുമ്പാവൂർ
2. കോതമംഗലം
3. തോപ്പുംപടി
4. പുത്തൻവേലിക്കര
5. വെണ്ണല
6. കളമശ്ശേരി

തൃശ്ശൂർ ജില്ല

1. ചാലക്കുടി

2. അടിച്ചിൻ

കോഴിക്കോട് ജില്ല

1. കാരശ്ശേരി

2. വാലാട്

3. മണാശ്ശേരി

4. പന്നമുക്ക്

5. മുതലക്കുളം കോസ്മെറ്റിക്സ്

പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെയും താല്ക്കാലിക ജീവനക്കാരെയും കൺസ്യൂമർഫെഡിന്റെ മറ്റ് യൂണിറ്റുകളിൽ പുനർവിന്യസിച്ച് അവരുടെ സേവന വേതനം സംരക്ഷിച്ചിട്ടുണ്ട്.

**സുവർണ്ണകേരളം പദ്ധതി**

138 (523) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ സുവർണ്ണ കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) നൂതനവും ആരോഗ്യകരവുമായ കൃഷിരീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന പൊതു ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖല മുഖേന നടപ്പാക്കുക എന്നിവയാണ് സുവർണ്ണകേരളം പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. വിഷമില്ലാത്ത പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവത്ക്കരണവും നടത്തിവരുന്നുണ്ട്.

(സി) കേരളത്തിലുടനീളം സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങൾക്കും സുവർണ്ണകേരളം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ താലൂക്കിലുമുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ടി പ്രദേശത്ത് ഓരോ സീസണുകളിലും യോജിച്ച പച്ചക്കറി വിത്തുകൾ/തൈകൾ എന്നിവ പോളിഫാമുകളിൽ വികസിപ്പിച്ചെടുത്ത് വിതരണം ചെയ്യുക, ഗുണമേന്മയും അത്യുൽപ്പാദനശേഷിയുമുള്ള വിത്തുകൾ/ തൈകൾ എന്നിവ സർക്കാർ കൃഷിഫാം/നഴ്സറികൾ വഴി വാങ്ങി സൗജന്യമായോ/മിതമായ വിലയ്ക്കോ വ്യക്തികൾക്ക് വിതരണം ചെയ്യുക, സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻ വഴിയും സേവന സന്നദ്ധതയുള്ള സർവ്വീസിൽനിന്നും വിരമിച്ച കൃഷി ആഫീസർമാർ മുഖേനയും സേവനം ലഭ്യമാക്കുക എന്നീ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. അംഗങ്ങൾക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ കാർഷിക വായ്പ ബാങ്കുകൾ വഴി നൽകിവരുന്നു. ബ്ലോക്ക് തലത്തിൽ സഹകരണവകുപ്പിൻ കീഴിൽ പ്രവൃത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററിന്റെ സേവനവും ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്.

## ക്രെഡിറ്റ് സംഘങ്ങളിലെ തെരഞ്ഞെടുപ്പ്

139 (524) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രഡിറ്റ് സംഘങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള പുതിയ ഉത്തരവിൽ തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) വാർഡ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ രേഖകൾ ഇല്ലാത്തതിനാൽ ഈ ഉത്തരവ് അനുസരിച്ച് ക്രഡിറ്റ് സംഘങ്ങളിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഒട്ടേറെ ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് സുവ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (ആക്ട് 8/2013) പ്രകാരം 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ 14-2-2013-ൽ പ്രാബല്യത്തിൽ വന്ന വകുപ്പ് 28(1)-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ റൂറൽ ബാങ്കുകൾ, റീജിയണൽ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നീ സംഘങ്ങളിൽ ഭരണസമിതി തെരഞ്ഞെടുപ്പ് വാർഡടിസ്ഥാനത്തിൽ നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

25-11-2014-ലെ G.O.(P) No.142/14/Co-op. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കേരള സഹകരണ സംഘം ചട്ടം (രണ്ടാം ഭേദഗതി) പ്രകാരം ചട്ടം 36 (6 ബി)യിൽ മേൽ പരാമർശിച്ച പ്രകാരം വാർഡടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ സ്ഥാനാർത്ഥി, നിർദ്ദേശകൻ, പിന്താങ്ങുന്നയാൾ എന്നിവർ ഒരേ വാർഡിൽ തന്നെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സംഘം തയ്യാറാക്കി അംഗീകരിക്കുന്ന ഉപനിബന്ധനകൾ പ്രകാരം വാർഡടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ ജനറൽ, സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിൽ വിവിധതരം സംഘങ്ങളിൽ വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സഹകരണ സംഘം നിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിന് സർക്കാർ നിയമിച്ചിട്ടുള്ള ശ്രീ. കെ. ശിവദാസൻ നായർ എം.എൽ.എ. അദ്ധ്യക്ഷനായിട്ടുള്ള വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

140 (525) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം പഞ്ചായത്തിൽപ്പെട്ട താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഭരണം ആരംഭിച്ചിട്ട് എത്ര നാളായി;

(ബി) പ്രസ്തുത ഭരണകാലയളവിൽ ബാങ്കിന് കുടിശ്ശികയായി ലഭിക്കാനുള്ളതിൽ എത്ര തുക പിരിഞ്ഞുകിട്ടി;

(സി) അതിൽ എത്ര തുക നിക്ഷേപകർക്ക് നൽകി; തുക നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) ഏതെല്ലാം നിക്ഷേപകർക്കാണ് തുക നൽകിയതെന്ന് വിശദമാക്കാമോ ? (തുകയുടെ വിശദാംശങ്ങൾ സഹിതം)

ഉത്തരം

(എ) ഒരു വർഷം (30-1-2015-ൽ ചാർജ്ജെടുത്തു)

(ബി) കുടിശ്ശികയായിരുന്ന 4.11 കോടി രൂപയിൽ 83.74 ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) 30 നിക്ഷേപകർക്കായി 41.37 ലക്ഷം രൂപ തിരികെ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സഹകരണ ഓംബുഡ്സ്മാന്റെയും ഉത്തരവിന്റെയും രോഗബാധിതർ/വിവാഹാവശ്യത്തിനായി അടിയന്തരമായി തുക ആവശ്യമുള്ളവർ എന്നിവരുടെ അപേക്ഷയിന്മേലും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

(ഡി)

| ക്രമ നമ്പർ | പേര് | തുക |
|---|---|---|
| (1) | (2) | (3) |
| 1 | ശ്രീമതി വിജയകുമാരി | 6,90,000 |
| 2 | ശ്രീമതി അമ്മിണി രാജു | 72,000 |
| 3 | മൈലം പഞ്ചായത്ത്(ആശ്രയ) | 1,00,000 |
| 4 | ശ്രീ. ബാലചന്ദ്രൻ | 10,000 |
| 5 | ശ്രീമതി സജിത | 40,000 |
| 6 | ശ്രീ. നാരായണപിള്ള | 10,000 |
| 7 | ശ്രീ. പൊടിയൻ | 1,40,000 |
| 8 | ശ്രീ. രവീന്ദ്രൻപിള്ള | 50,000 |

| (1) | (2) | (3) |
|---|---|---|
| 9 | ശ്രീമതി ലില്ലി വാവച്ചൻ | 4,00,000 |
| 10 | ശ്രീമതി കുഞ്ഞുമോൾ ഡാനിയേൽ | 29,826 |
| 11 | ശ്രീമതി പ്രിയ | 50,000 |
| 12 | ശ്രീ. ഈശ്വരൻ പോറ്റി | 12,500 |
| 13 | ശ്രീ. ഗംഗാധരൻ പോറ്റി | 25,000 |
| 14 | ശ്രീമതി ഇന്ദിരാദേവി അന്തർജ്ജനം | 64,616 |
| 15 | ശ്രീ. സുബ്രഹ്മണ്യൻ പോറ്റി | 1,20,000 |
| 16 | ശ്രീ. ഗംഗാധരൻ പോറ്റി | 26,767 |
| 17 | ശ്രീ. വിജയനാഥൻ പിള്ള | 2,00,000 |
| 18 | ശ്രീ. മാധവ ശർമ്മ | 1,50,000 |
| 19 | ശ്രീമതി ഭവാനിയമ്മ | 25,000 |
| 20 | ശ്രീമതി തങ്കമ്മ അന്തർജ്ജനം | 50,000 |
| 21 | ശ്രീ. കരുണാകരൻ പിള്ള | 37,680 |
| 22 | ശ്രീമതി ദീപ്തി ബി. നായർ | 15,000 |
| 23 | ശ്രീമതി ജസ്സിൻ | 3,00,000 |
| 24 | ശ്രീമതി കുഞ്ഞുമോൾ ഡാനിയേൽ | 2,38,000 |
| 25 | ശ്രീ. ജി. രാജീവ് | 37,000 |
| 26 | ശ്രീ. പത്മനാഭ പിള്ള | 1,00,000 |
| 27 | ശ്രീമതി പുഷ്പവല്ലി അമ്മ | 29,300 |
| 28 | ശ്രീമതി ലില്ലി വാവച്ചൻ | 1,90,000 |
| 29 | ശ്രീമതി ബി. ലളിതാകുമാരി | 5,00,000 |
| 30 | ശ്രീമതി ഗിരിജകുമാരി | 4,25,000 |

## കല്‍പ്പറ്റ നിയോജകമണ്ഡലത്തില്‍ നടപ്പാക്കിയ വികസന പദ്ധതി

141 (526) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാരിന്റെ കാലയളവില്‍ സഹകരണ വകുപ്പ് മുഖേന കല്‍പ്പറ്റ നിയോജകമണ്ഡലത്തില്‍ നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികള്‍ക്കായി കഴിഞ്ഞ അഞ്ചുവര്‍ഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളില്‍ ഇനിയും പൂര്‍ത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കല്‍പ്പറ്റ നിയോജകമണ്ഡലത്തില്‍ വിവിധ സംസ്ഥാന പദ്ധതികള്‍ നടപ്പിലാക്കുന്നതിന് 20 സഹകരണ സംഘങ്ങള്‍ക്ക് 1,05,20,600 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കല്‍പ്പറ്റ നിയോജകമണ്ഡലത്തില്‍ പദ്ധതികള്‍ നടപ്പിലാക്കുന്നതിലേക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാല്‍ വിവിധ സംസ്ഥാന പദ്ധതികള്‍ നടപ്പിലാക്കുന്നതിനായി ചുവടെ പറയുംവിധം തുക അനുവദിച്ചിട്ടുണ്ട്.

1. ദുര്‍ബല മാര്‍ക്കറ്റിംഗ് സഹകരണ സംഘങ്ങള്‍ക്കുള്ള ധനസഹായം - 20 ലക്ഷം രൂപ (1 സംഘത്തിന്)
2. ദുര്‍ബല പ്രാഥമിക സഹകരണ സംഘങ്ങള്‍ക്കുള്ള ധനസഹായം - 13 ലക്ഷം രൂപ (1 സംഘത്തിന്)
3. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങള്‍ക്ക് പുനരുദ്ധാരണത്തിനുള്ള ധനസഹായം - 15 ലക്ഷം രൂപ (4 എണ്ണം)
4. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങള്‍ക്ക് (Managerial Subsidy) ധനസഹായം - 3.36 ലക്ഷം രൂപ (6 എണ്ണം)
5. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങള്‍ക്ക് കെട്ടിട നിര്‍മ്മാണത്തിനുള്ള ധനസഹായം-5.73 ലക്ഷം രൂപ (2 എണ്ണം)

6. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനസഹായം - 5 ലക്ഷം രൂപ (3 എണ്ണം)

7. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് സഹായം - 43.116 ലക്ഷം രൂപ (3 എണ്ണം)

(സി) വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പള്ളിപ്പുറം പഞ്ചായത്തിൽ പപ്പടവ്യവസായ സഹകരണ സംഘം

142 (527) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം പഞ്ചായത്തിൽ പപ്പട വ്യവസായ സഹകരണ സംഘം ആരംഭിക്കുന്നതിന് അനുവദിച്ച മൂലധന തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് സംഘം ഭാരവാഹികൾക്ക് സർക്കാർ നോട്ടീസ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യൂണിറ്റ് ഏതു വർഷമാണ് അടച്ചു പൂട്ടിയതെന്ന് വിശദമാക്കാമോ;

(ബി) അടച്ചുപൂട്ടിയതിനുശേഷം നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സംഘത്തിന്റെ നടത്തിപ്പ് അവസാനിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇക്കാലമത്രയും നടപടികൾ സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംഘം ഭാരവാഹികളിൽ ജീവിച്ചിരിക്കുന്നവർക്കെതിരെ മാത്രം നടപടി സ്വീകരിച്ച് നഷ്ടപരിഹാരത്തുക ഈടാക്കുന്നതിനുള്ള നിർദ്ദേശം പിൻവലിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

### ഉത്തരം

(എ) പള്ളിപ്പുറം പഞ്ചായത്തിൽ പപ്പട വ്യവസായ സഹകരണ സംഘം ആരംഭിക്കുന്നതിന് അനുവദിച്ച മൂലധന തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് സംഘത്തിന് കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ആസ്ഥാന ഓഫീസിൽനിന്നും 17-6-2015-ന് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ 17-10-1994, 25-01-2008, 12-1-2012 എന്നീ തീയതികളിൽ ബോർഡിന്റെ എറണാകുളം ജില്ലാ ഓഫീസിൽനിന്നും സംഘത്തിന് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്. 1982-ൽ സംഘത്തിന്റെ പ്രവർത്തനം നിലച്ചതായി കാണുന്നു.

(ബി) അടച്ചുപൂട്ടിയതിനുശേഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായുള്ള നോട്ടീസുകൾ സംഘത്തിന് അയച്ചിട്ടുണ്ട്.

(സി) സഹകരണ നിയമങ്ങൾക്കും റവന്യൂ റിക്കവറി നടപടിക്രമങ്ങൾക്കും വിധേയമായി മാത്രമേ സംഘത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. നടപടിക്രമങ്ങൾ പാലിച്ച് റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) കേരള ഖാദി ഗ്രാമവ്യവസായ ബോർഡുമായി പ്രസ്തുത സംഘം ഏർപ്പെട്ടിട്ടുള്ള വായ്പാ കരാറിൽ സംഘത്തിന് വേണ്ടി ഒപ്പുവച്ചവരിൽനിന്നാണ് വായ്പാത്തുക ഈടാക്കുന്നത്. വി. എം. സത്യൻ, എ. ജി. സഹദേവൻ എന്നീ രണ്ട് കമ്മിറ്റി അംഗങ്ങൾ തങ്ങളുടെ പേരിലുള്ള നടപടികൾ ഒഴിവാക്കണമെന്ന് കാണിച്ച് അപേക്ഷ ബോർഡിന് ലഭിച്ചിട്ടുണ്ട്. അതുകൂടി പരിശോധിച്ച ശേഷമാണ് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചത്.

## നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി

143 (528) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ സാധാരണക്കാർക്ക് ആശ്വാസകരമായ രീതിയിൽ സബ്സിഡി നൽകി നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാതിരുന്നതിന് സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) സബ്സിഡിയിനത്തിൽ എത്ര തുകയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) പൊതുവിപണിയിൽ വിലക്കയറ്റത്തിന് സാധ്യതയേറിയ ഉത്സവകാലങ്ങളിൽ സാധാരണക്കാർക്ക് ആശ്വാസകരമായ രീതിയിൽ സബ്സിഡി നൽകി നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ ബഡ്ജറ്റിൽ സബ്സിഡിയിനത്തിൽ നിശ്ചിത തുക വകയിരുത്തുകയും പ്രസ്തുത തുക കൂടാതെ അഡീഷണൽ ഓതറൈസേഷൻ വഴി തുക നൽകുകയും ചെയ്തിട്ടുണ്ട്. വിപണികളിൽ പരമാവധി സാധനങ്ങൾ തടസ്സം കൂടാതെ നൽകുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സബ്സിഡിയിനത്തിൽ 380.30 കോടി രൂപ കൺസ്യൂമർഫെഡ് ചെലവഴിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ശാഖകൾ

144 (529) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഈ സാമ്പത്തിക വർഷം എവിടെയെല്ലാമാണ് ശാഖകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഇതിൽ ഏതെല്ലാം ശാഖകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പോങ്ങനാടും നഗരൂരും ജില്ലാസഹകരണ ബാങ്കിന്റെ ശാഖകൾ വേണമെന്ന ഏറെ നാളായുള്ള ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പോങ്ങനാടും നഗരൂരും ശാഖകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഈ സാമ്പത്തിക വർഷം ജഗതി, ഒറ്റശേഖരമംഗലം, കുന്നത്തുകാൽ, ആലംകോട്, വട്ടപ്പാറ ശാഖകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ജഗതിശാഖ 3-2-2016-ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) പോങ്ങനാട് ടൗണിൽ ശാഖ ആരംഭിക്കുന്നതിന് ബാങ്ക് തീരുമാനിച്ചിട്ടില്ല. നഗരൂര് ശാഖ സംബന്ധിച്ച് അപേക്ഷ നിലവിലില്ല.

(സി) നഗരൂര്, പോങ്ങനാട് ശാഖകൾ ആരംഭിക്കുന്നതിന് അനുവാദത്തിനായി ബാങ്കിന്റെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

## വായ്പക്കാരൻ മരണപ്പെട്ടാലുള്ള ആനുകൂല്യം

145 (530) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ള വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പാ തിരിച്ചടവ് ഒഴിവാക്കുന്ന പദ്ധതി നിലവിലുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) വായ്പക്കാരൻ ഗുരുതരമായ രോഗത്തിന് അടിമപ്പെട്ടാൽ വായ്പാ തിരിച്ചടവിൽ അനുവദിച്ചിട്ടുള്ള സൗജന്യങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽനിന്നും അവരെ ഒഴിവാക്കുന്നതിനുവേണ്ടി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളാവുന്നതാണ്. ഇതിലേയ്ക്കായി വായ്പ നൽകുന്ന സംഘം/ബാങ്ക് റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരുകയും വിതരണം ചെയ്യുന്ന ഓരോ വായ്പകളിൽനിന്നും 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സംഘം/ബാങ്ക് വായ്പക്കാരനിൽനിന്നും ഈടാക്കി പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടതായിട്ടുണ്ട്. മരണപ്പെട്ട തീയതിയിൽ 70 വയസ്സ് അധികരിക്കാത്ത വായ്പക്കാരുടെ വായ്പകൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.

(ബി) വായ്പയെടുത്ത ശേഷം വായ്പക്കാരന് മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000 രൂപയുടെ ആനുകൂല്യവും ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പക്കാരൻ മരണപ്പെടുകയാണെങ്കിൽ അർഹതയുള്ള ധനസഹായത്തിൽനിന്നും (പരമാവധി ഒന്നരലക്ഷം രൂപ) ലഭിച്ച ആനുകൂല്യം കഴിച്ച് ബാക്കി സംഖ്യയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവരാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്.

## കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റ നിയന്ത്രണം

146 (531) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടലിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കൺസ്യൂമർഫെഡ് മുഖേന വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടലിനായി പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കിയിട്ടില്ല. എന്നാൽ പൊതുമാർക്കറ്റിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെയും വില വർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണനമേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തരം കാലാകാലങ്ങളിൽ നടത്തിവരുന്ന ഉത്സവ വിപണികളിലൂടെ വിലക്കയറ്റം നിയന്ത്രിക്കുകയും തൽഫലമായി പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ പ്രാപ്യമായ സ്ഥലങ്ങളിൽ ലഭ്യമാക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) കാലാകാലങ്ങളിൽ നടത്തുന്ന സബ്സിഡി വിപണനമേളകൾ സംബന്ധിച്ച് കൺസ്യൂമർഫെഡിൽനിന്നും ലഭിക്കുന്ന പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുകയും കൂടാതെ ഓരോ വർഷത്തെയും ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ സബ്സിഡി ഇനത്തിൽ കൺസ്യൂമർഫെഡിന് പൊതുവിപണി ഇടപെടലിനായി ഒരു നിശ്ചിത തുക വകയിരുത്തുകയും ആയത് അതാത് വർഷം അനുവദിച്ച് നൽകുകയും ചെയ്തുവരുന്നു.

## കൺസ്യൂമർഫെഡ് സബ്സിഡി

147 (532) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിടപെടലിന്റെ ഭാഗമായി കൺസ്യൂമർഫെഡ് സബ്സിഡി നൽകി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ എന്ത് തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) തുക സാധാരണഗതിയിൽ വിപണിയിടപെടലിന് പര്യാപ്തമായ തരത്തിലാണോ;

(സി) മുൻകാലങ്ങളിൽ നിന്നും കൂടുതൽ തുക സബ്സിഡി നൽകിയാൽ മാത്രമേ സാധാരണക്കാരന് പ്രയോജനകരമായ തരത്തിൽ വിപണിയിടപെടലിന് സാദ്ധ്യമാകു എന്ന് ബോദ്ധ്യമുണ്ടോ;

(ഡി) കൺസ്യൂമർഫെഡ് നൽകിയ സഹായം പര്യാപ്തമല്ലാത്തതിനാൽ സബ്സിഡി തുക വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ ?

ഉത്തരം

(എ) പൊതുവിപണി ഇടപെടലിന്റെ ഭാഗമായി കൺസ്യൂമർഫെഡ് സബ്സിഡി നൽകി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ 279.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പര്യാപ്തമായ തരത്തിലാണ്.

(സി&ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നൽകിയ 117.71 കോടി രൂപയുടെ സബ്സിഡി പര്യാപ്തമല്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് ഈ സർക്കാരിന്റെ കാലയളവിൽ 279.50 കോടി രൂപ സബ്സിഡിയിനത്തിൽ കൺസ്യൂമർഫെഡിന് വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത്.

## കൺസ്യൂമർഫെഡിലെ നിയമനം

148 (533) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും ഇവരുടെ നിയമനത്തിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിൽ 3989 പേരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നിയമന രീതി | എണ്ണം |
|---|---|
| സ്ഥിരം (ആശ്രിത നിയമനം) | 9 |
| ദിവസക്കൂലി | 3714 |
| കരാർ അടിസ്ഥാനം | 266 |

നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

സ്ഥിരം (ആശ്രിത നിയമനം):

വിദേശമദ്യ ഷോപ്പുകളിലെ മരണമടഞ്ഞ അബ്കാരി തൊഴിലാളികളുടെ ആശ്രിതർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 10-7-2008-ലെ ഇഎം(3)38770/07 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സെയിൽസ് ഹെൽപ്പർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

ദിവസക്കൂലി:

ഓരോ യൂണിറ്റുകളും തുടങ്ങുന്ന സന്ദർഭങ്ങളിൽ ആ യൂണിറ്റിലേക്ക് ആവശ്യമായ ഏറ്റവും ചുരുങ്ങിയ എണ്ണം ജീവനക്കാരെ അതാത് ജില്ലകളിലെ ഡയറക്ടർമാരുമായും പ്രാദേശിക ജനപ്രതിനിധികളുമായും കൂടിയാലോചിച്ച് പ്രാദേശിക പ്രാതിനിധ്യത്തിന് മുൻഗണനന നൽകി അർഹതയും യോഗ്യതയും ഉറപ്പുവരുത്തി ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമനം നൽകിയത്.

കരാറടിസ്ഥാനം :

സർക്കാർ നയത്തിന്റെ ഭാഗമായി കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുമ്പോൾ അതിനനുസൃതമായി കൂടുതൽ ജീവനക്കാരെ ആവശ്യമായി വരുന്ന സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

**സംസ്ഥാന സഹകരണ ബാങ്കുകളിലെ ക്ലാർക്ക് ഗ്രേഡ് I ഒഴിവുകൾ**

149 (534) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിലേക്ക് 5-10-2012-ൽ നിലവിൽ വന്ന ക്ലാർക്ക് ഗ്രേഡ് -I പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) അക്കൗണ്ടന്റ് തസ്തികയിൽ നിന്നും സീനിയർ അക്കൗണ്ടന്റ് തസ്തികയിലേക്കും, ക്ലാർക്ക് ഗ്രേഡ് -I തസ്തികയിൽ നിന്നും അക്കൗണ്ടന്റ് തസ്തികയിലേക്കും യഥാസമയം പ്രൊമോഷൻ നൽകാത്തതിനാൽ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) യഥാസമയം പ്രൊമോഷൻ നൽകി കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 71 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. 12 എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ 15 ഒഴിവുകൾ ഉണ്ട്. 3 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുണ്ട്.

(ബി) പ്രൊമോഷൻ നൽകാത്തതിനാൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

**ഖാദി ഗ്രാമവ്യവസായ വികസന പദ്ധതികൾ**

150 (535) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ഖാദി ഗ്രാമവ്യവസായ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

ഖാദി മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി ശിപാർശ നടപ്പിലാക്കുവാനായി 1521 ലക്ഷം രൂപ വിനിയോഗിച്ചു. ഖാദി തൊഴിലാളികൾക്ക് വേതന പൂരക പദ്ധതിയുടെ സഹായത്തോടെ മിനിമം വേതനം നടപ്പിലാക്കി. ഖാദി നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉത്സവബത്തയും നൽകുന്നു. ഉൽപ്പാദന പ്രോത്സാഹനം 2014-15 മുതൽ 100% വർദ്ധനവ് നൽകി പരിഷ്കരിച്ചിട്ടുണ്ട്. ഖാദി ഗ്രാമ വ്യവസായ മേഖലയിലെ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും പുനരുദ്ധാരണത്തിനായി തുക നൽകിവരുന്നു. ഖാദി തൊഴിലാളികളുടെ പരിശീലനത്തിനും വൈദഗ്ദ്ധ്യ വികസനത്തിനുമായി തുക അനുവദിക്കുന്നുണ്ട്. ഗ്രാമ വ്യവസായ മേഖലയിൽ

തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക തൊഴിൽദാന പദ്ധതി (എന്റെ ഗ്രാമം പദ്ധതി) കഴിഞ്ഞ അഞ്ച് വർഷങ്ങളായി നടപ്പിലാക്കിവരുന്നു. അതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയും (PMEGP) നടപ്പിലാക്കിവരുന്നു. തേനീച്ച വളർത്തൽ പദ്ധതി പരിപോഷിപ്പിക്കുന്നതിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ട്. ഖാദി ഗ്രാമ വ്യവസായങ്ങൾക്കുവേണ്ടി ഖാദി ഗ്രാമവ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**വരുമാന പൂരക പദ്ധതി**

151 (536) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി-ഗ്രാമ വ്യവസായ മേഖലയിൽ വരുമാന പൂരക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഖാദി ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം കൂലി ഉറപ്പുവരുത്തുക എന്നതാണ് വരുമാന പൂരക പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം നിലവിൽ പ്രതിദിനം നൂൽപ്പ് തൊഴിലാളിക്ക് 100 രൂപയും നെയ്ത്ത് തൊഴിലാളിക്ക് 120 രൂപയും മിനിമം വേതനം ഉറപ്പാക്കുന്നു. കൂടാതെ ഉല്പാദന ലക്ഷ്യം പൂർത്തിയാക്കുന്നവർക്ക് വേരിയബിൾ ഡി.എ.-യ്ക്കും അർഹതയുണ്ട്.

(സി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ വരുമാന പൂരക പദ്ധതിപ്രകാരം ഖാദി തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി സർക്കാർ അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

| വർഷം | അനുവദിച്ച തുക |
|---|---|
| 2010-11 | 10 കോടി രൂപ |
| 2011-12 | 14.68 കോടി രൂപ |
| 2012-13 | 20 കോടി രൂപ |
| 2013-14 | 18 കോടി രൂപ |
| 2014-15 | 22 കോടി രൂപ |
| 2015-16 | 13.50 കോടി രൂപ |

## മാവൂർ ഗ്രാസിം ഭൂമി

152 (537) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാസിം ഭൂമിയിൽ പുതിയ വ്യവസായ പദ്ധതികൾക്കായി എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും പദ്ധതി സ്ഥാപിക്കാൻ ബിർളാ മാനേജ്മെന്റ് സന്നദ്ധമായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാസിം കമ്പനിയുടെ പ്രവർത്തനം നിലച്ചതിനുശേഷം സർക്കാരും കമ്പനി അധികൃതരുമായി കമ്പനി പ്രവൃത്തിച്ചുവന്ന ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിരവധി തവണ ചർച്ചകൾ നടത്തുകയുണ്ടായി. ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച പദ്ധതികളൊന്നും തന്നെ പ്രാവർത്തിക യോഗ്യമായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 17-9-2015-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്ക് യോജിച്ചതും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതും പെട്ടെന്ന് നടപ്പിൽ വരുത്താവുന്നതുമായ ഒന്നോ രണ്ടോ പ്രവർത്തനയോഗ്യമായ പദ്ധതികളുമായി മുന്നോട്ടുവരണമെന്ന് കമ്പനി പ്രതിനിധികളോട് സർക്കാർ ആവശ്യപ്പെട്ടിരുന്നു. മാവൂർ ഗ്രാസിം ഭൂമിയിൽ വ്യവസായ പദ്ധതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര 13-1-2016-ൽ ബിർള മാനേജ്മെന്റുമായി ചർച്ചകൾ നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ ബിർള ഗ്രൂപ്പ് മാവൂർ ഭൂമിയിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇവ സമയബന്ധിതമായിത്തന്നെ നടപ്പാക്കാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്.

(ബി) 13-1-2016-ൽ ബിർള ഗ്രൂപ്പുമായി കിൻഫ്ര അധികൃതർ നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന പദ്ധതികൾ ഗ്രാസിം ഭൂമിയിൽ നടത്തുന്നതിന് ബിർള ഗ്രൂപ്പ് സമ്മതം അറിയിച്ചിട്ടുണ്ട്.

- ജനറൽ മാനുഫാക്ചറിംഗ് & സർവ്വീസ് പാർക്ക് - 100 ഏക്കർ
- ഹൈടെക് മാനുഫാക്ചറിംഗ് & സർവ്വീസ് പാർക്ക് - 50 ഏക്കർ
- നൈപുണ്യ വികസന പാർക്ക് - 75 ഏക്കർ
- സാമൂഹ്യ അടിസ്ഥാന വികസനവും അനുബന്ധ പദ്ധതികളും - 100 ഏക്കർ.

(സി) 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിനുവേണ്ടി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

**ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

153 (538) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ ലാഭത്തിൽ പ്രവൃത്തിക്കുന്നത്; ;

(ബി) അവ ഏതെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷം ചുവടെ പറയുന്ന 14 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവൃത്തിച്ചു:

| ക്രമ നമ്പർ | സ്ഥാപനങ്ങൾ |
|---|---|
| (1) | (2) |
| 1 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 2 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 3 | കിൻഫ്ര |
| 4 | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 6 | കാപ്പെക്സ് |
| 7 | കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡ് |
| 8 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |

| (1) | (2) |
|---|---|
| 9 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 10 | ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 11 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 12 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 13 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| 14 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |

**പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം**

154 (539) ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം സർക്കാർ നൽകിവരുന്നു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2011-12 മുതൽ 2015-16 (ജനുവരി 2016) വരെയുള്ള കാലയളവിൽ ഏകദേശം 849.50 കോടി രൂപ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി ഈ സർക്കാർ നൽകിയിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതിക വിദ്യ, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, മികവുറ്റ ഉല്പാദന സംവിധാനം എന്നിവ

നടപ്പിലാക്കി കാര്യക്ഷമത വർദ്ധിപ്പിച്ച് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. വിപണി വിപുലീകരിക്കുന്നതിനും ഉല്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ആവശ്യമായ പരിശോധനകൾക്കുശേഷം റിയാബ് സമർപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പദ്ധതിരേഖ സർക്കാർ വീണ്ടും പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയോടുകൂടി ധനസഹായം അനുവദിക്കുന്നു.

**കിൻഫ്ര ഏറ്റെടുത്ത സ്ഥലത്തെ വ്യവസായ സംരംഭങ്ങൾ**

155 (540) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു:
ശ്രീ. ജോസ് തെറ്റയിൽ:
ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-കളിൽ കോഴിക്കോട് സർവ്വകലാശാലയുടെ ആവശ്യത്തിന് വേണ്ടി അക്വയർ ചെയ്ത സ്ഥലത്തുനിന്നും 70 ഏക്കർ സ്ഥലം കിൻഫ്ര എങ്ങനെ, ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്തു എന്ന് വ്യക്തമാക്കാമോ; അതിനുവേണ്ടി സ്വീകരിക്കപ്പെട്ട ഭരണപരമായ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കിൻഫ്ര ഏറ്റെടുത്ത സ്ഥലത്ത് എന്തൊക്കെ വ്യവസായ സംരംഭങ്ങൾ ആരുടെയൊക്കെ ഉടമസ്ഥതയിൽ ആരംഭിച്ചു; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) അവിടെ 2.25 ഏക്കർ സ്ഥലം പാട്ടത്തിനു കൊടുക്കാൻ 2-8-2012-ന് കിൻഫ്ര ടെണ്ടർ വിളിച്ചിരുന്നോ; എങ്കിൽ അപ്രകാരം ടെൻഡർ വിളിക്കാൻ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ആരൊക്കെയാണ് ആ ടെണ്ടറിൽ പങ്കെടുത്തതെന്നും ടെൻഡർ അവാർഡ് ചെയ്യാൻ സ്വീകരിച്ച മാനദണ്ഡം എന്തെന്നും വ്യക്തമാക്കാമോ;

(ഇ) മലബാർ ഗോൾഡിന് അവിടെ സ്വർണ്ണാഭരണ നിർമ്മാണശാല സ്ഥാപിക്കാൻ സ്ഥലം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലം എന്ത് പാട്ട തുകയ്ക്ക് നൽകി എന്ന് വിശദമാക്കാമോ;

(എഫ്) മലബാർ ഗോൾഡിന്റെ ആഭരണ നിർമ്മാണശാലയ്ക്കെതിരെ സമരം നടന്നുവരുന്നുണ്ടോ; എങ്കിൽ സമരക്കാരുടെ ആവശ്യം വ്യക്തമാക്കാമോ;

(ജി) സമരക്കാരുമായി സർക്കാർ ഏതെങ്കിലും രീതിയിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് സർവ്വകലാശാലയുടെ അധീനതയിലുള്ള 28.58 ഹെക്ടർ ഭൂമി 25-8-1995-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം എസ്.) നമ്പർ 423/95/ആർ.ഡി. പ്രകാരം കിൻഫ്രയ്ക്ക് 2,86,83,800 രൂപയ്ക്ക് റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ട്.

(ബി) ടി ഭൂമിയിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ നിക്ഷേപങ്ങൾ കൂടുതലുള്ള സംരംഭങ്ങൾക്ക് വ്യവസായത്തിനായി ഭൂമി നൽകുമ്പോൾ Expression of Interest (EOI)/Request for Information (RFI) ക്ഷണിച്ചും വ്യക്തമായ മാനദണ്ഡങ്ങളുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചാണ് സംരംഭകരെ തെരഞ്ഞെടുത്ത് ഭൂമി അലോട്ട് ചെയ്യാറുള്ളത്. ടെൻഡറുകൾ വിളിക്കാറില്ല. ഇപ്രകാരം കിൻഫ്രയുടെ കാക്കാഞ്ചേരിയിലുള്ള ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ പൊതുവായ സോണിൽ ഉൾപ്പെടെ 2.25 ഏക്കർ ഭൂമി പാട്ടത്തിന് കൊടുക്കുവാൻ 02.08.2012 ന് ഒരു Request for Information (RFI) വ്യക്തമായ യോഗ്യതയും മാനദണ്ഡങ്ങളും പ്രതിപാദിച്ചുകൊണ്ട് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

RFI മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രസ്തുത ആർ.എഫ്.ഐ.-ൽ പങ്കെടുക്കുന്നത് സ്ഥാപനമോ കമ്പനിയോ വ്യവസായ സംരംഭകനോ ആയിരിക്കണം. കൂടാതെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അവർ കുറഞ്ഞത് 5 ലക്ഷം ചതുരശ്ര അടി സ്ഥലം വികസിപ്പിച്ചിട്ടുണ്ടായിരിക്കണം.

2. അവരുടെ കുറഞ്ഞ സഞ്ചിതമൂല്യം (Minimum tangible networth) (ഓഡിറ്റ് ചെയ്തത്) മുൻ സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 കോടി രൂപയായിരിക്കണം.

3. മുൻ കാലത്തെ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കമ്പനിയോ സ്ഥാപനമോ സാമ്പത്തിക നഷ്ടം ഉണ്ടാക്കരുത്.

4. ഇപ്രകാരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള മുൻകാല പരിചയവും വൈദഗ്ധ്യവും ആവശ്യമായിരിക്കണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) RFI ക്ഷണിക്കുകയും അതിൽ Malabar Gold Pvt. Ltd. എന്ന സ്ഥാപനം മാത്രമേ വിശദമായ പ്രൊപ്പോസൽ കിൻഫ്രയ്ക്ക് സമർപ്പിച്ചിരുന്നുള്ളൂ. ഇതേത്തുടർന്ന് മാർച്ച് 22, 2013-ൽ കിൻഫ്രയുടെ ബോർഡ് Malabar Gold Pvt. Ltd. എന്ന സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ വിലയിരുത്തുകയും RFI-ൽ പ്രതിപാദിച്ചിരുന്ന വ്യവസ്ഥകളിൽ Malabar Gold Pvt. Ltd. എന്ന സ്ഥാപനം യോഗ്യത നേടിയതിന്റെ അടിസ്ഥാനത്തിലും കിൻഫ്ര ബോർഡ് 2.25 ഏക്കർ സ്ഥലം അലോട്ട്മെന്റ് നടപടിക്രമങ്ങൾ പാലിച്ച് 30 വർഷത്തെ പാട്ടവ്യവസ്ഥയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നത് അലോട്ട് ചെയ്യാൻ തീരുമാനിച്ചു.

(ഇ) ഉണ്ട്. 2.25 ഏക്കർ സ്ഥലം ഏക്കർ ഒന്നിന് 1,38,21,000 രൂപ ലീസ് പ്രീമിയം പ്രകാരം പാട്ടവ്യവസ്ഥയിൽ ആണ് നൽകിയിരിക്കുന്നത്.

(എഫ്) ഉണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണം എന്നതാണ് ആവശ്യം.

(ജി) സമരവുമായി ബന്ധപ്പെട്ട് തദ്ദേശവാസികളുമായി 02.05.2014-ൽ മലപ്പുറം ജില്ലാ കളക്ടർ യോഗം വിളിച്ചിരുന്നു. തുടർന്ന് 12-3-2015-ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലും ചർച്ചകൾ നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ എല്ലാംതന്നെ Malabar Gold Pvt. Ltd. എന്ന സ്ഥാപനത്തിന്റെ പ്രതിനിധികൾ അവരുടെ കാക്കാഞ്ചേരിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആഭരണ നിർമ്മാണ ശാലയിലെ ഉല്പാദന പ്രക്രിയയുടെ ഓരോ നടപടിക്രമങ്ങളും വിശദമായി അവതരിപ്പിച്ചിരുന്നു. 21-3-2015-ലും 31-3-2015-ലും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ മലപ്പുറം ജില്ലാ കളക്ടർ ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിരുന്നു. 6-10-2015 ൽ തിരൂർ ആർ.ഡി.ഒ. മറ്റൊരു മീറ്റിംഗും ഇതുമായി ബന്ധപ്പെട്ട് നടത്തിയിരുന്നു.

**രാമനാട്ടുകര ഫുട്‌വെയർ പാർക്ക്**

156 (541) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ കീഴിൽ രാമനാട്ടുകര ഫുട്‌വെയർ പാർക്ക് നിർമ്മിക്കുന്നതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാണ് ഉദ്ദേശിച്ചത്;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) ഇന്നത്തെ അവസ്ഥയിൽ പാർക്കിന്റെ പ്രവർത്തനം ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിക്കുന്നതിന് സാദ്ധ്യമാകുമോ?

<u>ഉത്തരം</u>

(എ) 26-11-2015-ലെ ജി.ഒ. (ആർ ടി.) നമ്പർ 1250/15/വ്യവ ഉത്തരവ് പ്രകാരം രാമനാട്ടുകരയിൽ ഫുട്വെയർ പാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് കേന്ദ്ര സഹായത്തിനായി ഒരു പ്രോജക്ട് റിപ്പോർട്ട് കിൻഫ്ര കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷത്തിൽ ഫണ്ട് ലഭ്യമല്ല എന്ന വിവരം കേന്ദ്ര വാണിജ്യ മന്ത്രാലയം കിൻഫ്രയെ അറിയിച്ചിട്ടുണ്ട്.

(ബി) ഫണ്ട് വിഹിതം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പൂർത്തിയാക്കുവാൻ സാധിക്കുകയില്ല.

## കിൻഫ്രയുടെ അപ്പാരൽ പാർക്ക്

157 (542) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനായി എത്ര ഭൂമിയാണ് ലഭിച്ചിട്ടുള്ളത്; എന്നാണ് ഭൂമി ലഭ്യമായത്; ഇതിനായി പാട്ടത്തുക ഇനത്തിൽ സർക്കാരിൽ അടച്ചത് എത്ര തുക വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും വർഷത്തെ പാട്ടത്തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ സഹിതം കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ അപ്പാരൽ പാർക്ക് ഇനിയും ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) അപ്പാരൽ പാർക്ക് സാധ്യമാകുന്നില്ലെങ്കിൽ ഈ ഭൂമി ഉപയോഗിച്ച് മറ്റെന്തെങ്കിലും വ്യവസായം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) റാന്നിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി സ്ഥലം ചൂണ്ടിക്കാട്ടിയിട്ടും, ഇതേവരെ ഇതിന്മേൽ യാതൊരു നടപടിയും കിൻഫ്രായുടെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പത്തനംതിട്ട ജില്ലയിൽ വ്യാവസായിക രംഗത്ത് ഏറെ മുന്നേറാൻ സാധിക്കുമായിരുന്ന ഈ രണ്ട് പ്രോജക്ടുകളും സമയബന്ധിതമായി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നിയിൽ ആരംഭിക്കുന്ന അപ്പാരൽ പാർക്കിനായി 1.40558 ഏക്കർ സ്ഥലം പാട്ടവ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. 22-10-2011-ന് പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് ലഭ്യമായി. പ്രസ്തുത ഭൂമിക്ക് വർഷം തോറും നൽകേണ്ട പാട്ടത്തുക 24,856 രൂപയാണ്. ഇപ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള പാട്ടത്തുക അടച്ചിട്ടുണ്ട്.

(ബി) പാട്ടത്തുക അടയ്ക്കുന്നതിൽ കിൻഫ്ര വീഴ്ച വരുത്തിയിട്ടില്ല.

(സി) കുറഞ്ഞ വേതനത്തിൽ ജോലിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ല.

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 17-7-2014 ൽ കൂടിയ യോഗത്തിൽ കിൻഫ്ര മാനേജിംഗ് ഡയറക്ടർ ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യുമായി കൂടിയാലോചിച്ച് ജനറൽ ഇൻഡസ്ട്രിയൽ പാർക്ക് എന്ന രീതിയിൽ വ്യവസായം ആരംഭിക്കുന്നതിന് യോജിച്ച സ്ഥലം കണ്ടെത്തുന്നതിനും അപ്പാരൽ പാർക്കിനായി കണ്ടെത്തിയ 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പി.പി.പി. ആയി വ്യവസായം ആരംഭിക്കാൻ ഉപകരിക്കുമോ എന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ച് സിഡ്കോ മാനേജിംഗ് ഡയറക്ടർ ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി കൂടിയാലോചിച്ച് ശിപാർശ നൽകാനും തീരുമാനിച്ചു.

പ്രസ്തുത സ്ഥലത്ത് സിഡ്കോയെക്കൊണ്ട് പി.പി.പി. മാതൃകയിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരികയാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. 9-10-2015-ന് കിൻഫ്രയ്ക്ക് നൽകിയ കത്തിൽ റാന്നി താലൂക്കിൽ പെരിനാട് വില്ലേജിലുള്ള കാവനാലിൽ നൂറിലധികം ഏക്കർ ഭൂമി ഇതിന് അനുയോജ്യമാണെന്നും ഈ ഭൂമി വ്യവസായ പാർക്കിനായി ഏറ്റെടുക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി കൂടിയാലോചിച്ചശേഷം കിൻഫ്രയുടെ സാങ്കേതിക ടീമിനെ നിർദ്ദിഷ്ട ഭൂമി പരിശോധന നടത്തുന്നതിന് നിയോഗിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നവ വ്യവസായ സംരംഭങ്ങൾ

158 (543) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ വ്യവസായ സംരംഭകർക്ക് സംസ്ഥാന-കേന്ദ്ര സർക്കാരുകൾ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് എന്ന് വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 4 വർഷത്തിനിടെ സംസ്ഥാനത്ത് എത്ര പുതിയ ചെറുകിട-വൻകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) എമർജിങ് കേരള പദ്ധതിയിൽ പ്രഖ്യാപിച്ച എത്ര വ്യവസായങ്ങൾ ആരംഭിച്ചു എന്നും അവ ഏതൊക്കെയാണെന്നും ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടായി എന്നും വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്വകാര്യ ആശുപത്രികളെ വ്യവസായമായി അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൂതനമായ നവ വ്യവസായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. 25 ലക്ഷം രൂപ വരെയുള്ള മൂലധന സഹായവും ഇൻകുബേഷൻ സൗകര്യങ്ങളും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു. കേരള സർക്കാർ പുതിയ ഉല്പാദന വ്യവസായങ്ങൾക്ക് എന്റർപ്രണർഷിപ്പ് സപ്പോർട്ട് സ്കീം പദ്ധതി പ്രകാരം 30 ലക്ഷം രൂപ വരെ സഹായധനം നൽകുന്നുണ്ട്.

നവ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സ്കൂൾ/കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ED clubs) വഴി ധനസഹായം നൽകിവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, Skill Development Programme തുടങ്ങിയ പരിപാടികളും നടത്തിവരുന്നു. വ്യവസായ ക്ലസ്റ്ററുകൾ വഴി പരിശീലന പരിപാടികളും സാങ്കേതിക സഹായവും നൽകിവരുന്നു.

ബോധവത്ക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവത്ക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു.

കെ-ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി ബിസിനസ്സ് മീറ്റുകൾ, ദേശീയ/അന്തർദ്ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ബാംബൂ മേഖലയിലേയും മറ്റ് കരകൗശല മേഖലയിലേയും കരകൗശല തൊഴിലാളികൾക്ക് വിപണി സാധ്യത ലഭ്യമാക്കുന്നതിനായി കേരള ബാംബൂ ഫെസ്റ്റ്, ക്രാഫ്റ്റ് മേള തുടങ്ങിയ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്.

വ്യവസായ സംരംഭകർക്ക് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങുന്നതിനും ആരംഭിച്ചതിനുശേഷം നിക്ഷേപത്തിനുള്ള സഹായവും പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കി സംരംഭം വികസിപ്പിക്കാനുള്ള സഹായവും നൽകുന്നതിനുള്ള സംസ്ഥാന വ്യവസായ വകുപ്പിന്റെ ഒരു പദ്ധതിയാണ് സംരംഭകത്വ സഹായ പദ്ധതി. 2012 ഏപ്രിൽ മാസം മുതൽ പദ്ധതി നിലവിൽ വന്നു. സംരംഭകന് വ്യവസായം ആരംഭിക്കാൻ പരമാവധി 3,00,0000 രൂപ വരെ സ്റ്റാർട്ടപ്പ് സപ്പോർട്ടായി നൽകിവരുന്നു. സംരംഭം തുടങ്ങിയ ശേഷം അവയിലെ നിക്ഷേപത്തിന്റെ 15% (പരമാവധി 20 ലക്ഷം രൂപ) വരെ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് നൽകുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്ന വനിത, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ, യുവാക്കൾ എന്നിവർക്ക് നിക്ഷേപത്തിന്റെ 20% വരെ ടി പദ്ധതി പ്രകാരം ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് അനുവദിക്കുന്നു.(പരമാവധി 30 ലക്ഷം രൂപ). മുൻഗണനാ വിഭാഗത്തിൽ വരുന്ന വ്യവസായ യൂണിറ്റുകൾക്കും വ്യവസായ പിന്നോക്ക ജില്ലകളിലെ സംരംഭങ്ങൾക്കും പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന യൂണിറ്റുകൾക്കും 10 % അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകിവരുന്നു.

(ബി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ സംസ്ഥാനത്ത് ആരംഭിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2011-12 | 10389 |
| 2012-13 | 13051 |
| 2013-14 | 14997 |
| 2014-15 | 15455 |
| 1015-16 (സെപ്റ്റംബർ വരെ) | 6530 |

കഴിഞ്ഞ നാല് വർഷത്തിനിടെ കെ.എസ്.ഐ.ഡി.സി.യുടെ ധനസഹായത്തോടെ പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളിൽനിന്നുള്ള പദ്ധതികളുടെ സ്ഥിതി അവലോകനം ചെയ്യതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളത്. ഈ പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

(ഡി) ഇത്തരം ഒരു നിർദ്ദേശം വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല.

## എഫ്.എ.സി.ടി., എച്ച്.എം.ടി. തുടങ്ങിയ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി

159 (544) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സാജു പോൾ:
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങൾ ഏറെയും ഗുരുതരമായ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എഫ്. എ. സി. ടി., എച്ച്. എം. ടി. തുടങ്ങിയ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന പ്രമുഖ പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഈ പ്രശ്നങ്ങളിൽ കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ; സംസ്ഥാനത്തെ കേന്ദ്ര മേഖലാ നിക്ഷേപ വിഹിതം എത്ര ശതമാനം കുറവായിട്ടുണ്ട് എന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫാക്ടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. ഫാക്ടിന്റെ പുനരുദ്ധാരണം ലക്ഷ്യമാക്കി 991 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് ബോർഡ് ഫോർ റീ-കൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.ആർ.പി.എസ്.ഇ.) അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഇപ്പോൾ ചില വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര ധനവകുപ്പ് ഫാക്ടിന് 1000 കോടി രൂപ പ്ലാൻ ലോണായി അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

എൽ.എൻ.ജി.-യുടെ കൊച്ചിയിലെ വില, മറ്റ് വിപണികളിലെ വിലയുമായി ഏകീകരിച്ച് ഫാക്ടിന്റെ നഷ്ടം നികത്തുവാൻ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര പെട്രോളിയം പ്രകൃതിവാതക വകുപ്പുമന്ത്രിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 15-7-2014-ൽ കത്തയച്ചിരുന്നു.

ആർ.എൽ.എൻ.ജി.-ക്ക് മേലുള്ള 14% മൂല്യവർദ്ധിത നികുതി ഒഴിവാക്കിത്തരണമെന്ന ഫാക്ടിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കമ്പനിക്കായി കേന്ദ്രസർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിക്ക് വിധേയമായി അവർ വാങ്ങുന്ന എൽ.എൻ.ജി.-യെ 1-4-2015 മുതൽ ഒരു വർഷത്തേയ്ക്ക് KVAT-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പെറ്റ്കോക്ക് ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി FAC -യുടെ ഉപയോഗിക്കാതെ കിടക്കുന്ന 150 ഏക്കർ സ്ഥലം സൗജന്യമായി സംസ്ഥാന സർക്കാരിന് നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി FACT-യുടെ സംയുക്ത വ്യാവസായിക സംരംഭങ്ങൾക്കും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആവശ്യങ്ങൾക്കും ഭൂമി വിനിയോഗിക്കുന്നതിന് ഫ്രീഹോൾഡ് അനുമതി തത്വത്തിൽ നൽകിയിട്ടുണ്ട്.

HMT-യുടെ കളമശ്ശേരി യൂണിറ്റിന് അതിന്റെ വാർഷിക പ്രവർത്തന ലക്ഷ്യം കൈവരിക്കാൻ മതിയായ ഓർഡറുകൾ ലഭിക്കുന്നുണ്ട്. എന്നാൽ ഓർഡറുകളിൽ ഭൂരിഭാഗവും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായതിനാൽ അഡ്വാൻസ് തുക ലഭിക്കാറില്ല. ഇത് സ്ഥാപനത്തിന്റെ പ്രവർത്തന മൂലധന ലഭ്യതയെ സാരമായി ബാധിച്ചിട്ടുണ്ട്. HMT-യിൽ 1997-ന് ശേഷം ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടില്ല. കുറഞ്ഞ വേതനം ലഭിക്കുന്നതിനാൽ കമ്പനിയിലെ വിദഗ്ദ്ധ പരിശീലനം ലഭിച്ച പരിചയ സമ്പന്നരായ ജീവനക്കാർ കമ്പനി വിട്ട് പോകുന്ന സ്ഥിതി നിലവിലുണ്ട്. ഇതിനുപകരം നിയമനം നടത്താത്തതിനാൽ വിദഗ്ദ്ധ ജീവനക്കാരുടെ അഭാവം കമ്പനിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.

(ബി) FACT-ന്റെ നിലനിൽപ്പിന് വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്യുവാൻ കഴിയുന്ന എല്ലാ സഹായവും സർക്കാർ നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ കേന്ദ്ര മേഖലാ നിക്ഷേപ വിഹിതം സംബന്ധിച്ച് തോത് കണക്കാക്കിയിട്ടില്ല.

## കേരള ക്ലേയ്സ് ഫോർ സിറാമിക്സ്

160 (545) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പാപ്പിനിശ്ശേരിയിൽ പ്രവൃത്തിച്ചിരുന്ന കേരള ക്ലെയ്സ് ഫോർ സെറാമിക്സ് അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയിൽ സ്റ്റോക്കുള്ള ചൈനാ ക്ലേ ഉപയോഗിച്ച് കമ്പനി പ്രവൃത്തിപ്പിക്കണമെന്നാവശ്യപ്പെട്ട് ട്രേഡ് യൂണിയനുകൾ നിവേദനം നല്കിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡിന്റെ മാടായി യൂണിറ്റിന്റെ ഖനന പ്രവർത്തനവും പ്രോസസ്സിംഗും സർക്കാർ നിർദ്ദേശപ്രകാരം നിർത്തിവച്ചിരിക്കുകയാണ് പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവച്ചതിനാൽ അവിടത്തെ അസംസ്കൃത വസ്തു ഉപയോഗിച്ച് പ്രവൃത്തിച്ചിരുന്ന ബ്രിക്ക് നിർമ്മാണ യൂണിറ്റായ മാങ്ങാട്ടുപറമ്പ് സിറാമിക് ഡിവിഷനും പ്രവൃത്തിക്കുന്നില്ല. കൂടാതെ കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് പ്രവൃത്തിക്കുന്ന അലുമിനസ് ലാറ്ററൈറ്റ് യൂണിറ്റിന്റെ പ്രവർത്തനവും നിലച്ചിരിക്കുകയാണ്. കമ്പനിയുടെ കീഴിൽ ആകെയുണ്ടായിരുന്ന 5 യൂണിറ്റുകളിൽ 2 യൂണിറ്റുകൾ മാത്രമേ ഇപ്പോൾ പ്രവൃത്തിക്കുന്നുള്ളൂ.

(ബി) ഉണ്ട്. കമ്പനിയുടെ പഴയങ്ങാടി യൂണിറ്റിൽ ഏകദേശം 2600 ടൺ ചൈനാക്ലേ പ്രോസസ് ചെയ്യുവാൻ ബാക്കിയുണ്ട്. മാടായി പഞ്ചായത്ത് തടസ്സവാദം ഉന്നയിച്ചതിനാൽ പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്.

## ചക്ക അധിഷ്ഠിതമായ വ്യവസായ സ്ഥാപനങ്ങൾ

161 (546) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കയുടെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ;

(ബി) ചക്ക അധിഷ്ഠിതമായ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സംരംഭകർക്ക് നല്കുന്ന പരിശീലന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സംരംഭകർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സാധ്യതകൾ, ഈ രംഗത്തെ സാങ്കേതികവിദ്യ എന്നിവ സംബന്ധിച്ചും ബോധവത്ക്കരണം നടത്തിവരുന്നു. സംസ്ഥാനതലത്തിൽ ഫെബ്രുവരി 4 മുതൽ 6 വരെ എറണാകുളത്ത് സംഘടിപ്പിച്ച ബി 2 ബി മീറ്റിൽ ഫുഡ് പ്രോസസിംഗ് മേഖലയിലെ വ്യവസായ സംരംഭങ്ങളിൽ ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സാധ്യതകൾ പ്രയോജന പ്പെടുത്തുന്നതിനായി മുന്തിയ പ്രാധാന്യം നൽകിയിട്ടുണ്ട്.

(ബി) ബ്ലോക്ക്, മുനിസിപ്പാലിറ്റി, താലൂക്കുതലങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നവസംരംഭകത്വ വികസന പരിശീലന പരിപാടി, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) (1) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടിയെടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഫീൽഡ്തല ഉദ്യോഗസ്ഥരുടെ സഹായത്തോടെ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകിവരുന്നു.

(2) എക്സ് സർവ്വീസ് മെൻസ് കോ-ഓപ്പറേറ്റീവ് കോളനി ലിമിറ്റഡ് നമ്പർ 3317, വെറ്റിലപ്പാറ, തൃശ്ശൂരിന് ചക്കയിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണത്തിനുവേണ്ടി കോമൺ ഫെസിലിറ്റി സെന്റർ തുടങ്ങുന്നതിന് 13.55 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(3) ചക്കയുടെ നൂതനമായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി പ്രവർത്തനങ്ങൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെ കെ.എസ്.ഐ.ഡി.സി. പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇങ്ങനെയുള്ള കമ്പനികൾ 25 ലക്ഷം രൂപ വരെയുള്ള സീഡ് ക്യാപ്പിറ്റൽ സഹായത്തിന് അർഹരാണ്.

**പുതിയ വ്യവസായ സ്ഥാപനങ്ങൾക്ക് ആനുകൂല്യങ്ങൾ**

162 (547) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായ സ്ഥാപനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് പ്രത്യേകമായ വല്ല ആനുകൂല്യങ്ങളും നൽകി വരുന്നുണ്ടോ;

(ബി) ചെറുകിട വ്യവസായം ആരംഭിക്കുന്നവർക്ക് വൈദ്യുതി ചാർജ് ഇനത്തിൽ ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ യുവ സംരംഭകർക്കായി പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

യുവസംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യിൽനിന്നും 25 ലക്ഷം രൂപ വരെ മൂലധനം നൽകുന്ന ഒരു സീഡ് ഫണ്ടിംഗ് സ്കീം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി/ യുവസംരംഭകരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പതിനഞ്ചോളം ആശയങ്ങൾക്ക് ഇതിനോടകം സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ വിദ്യാർത്ഥി/ യുവസംരംഭകരുടെ നൂതന ആശയങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ഐ.ഡി.സി. വായ്പകളുടെ പലിശ 2% കുറച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

**പുതിയ വ്യവസായ പാർക്കുകൾ**

163 (548) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ബഡ്ജറ്റ് പ്രഖ്യാപനത്തിനുശേഷം കെ.എസ്.ഐഡി.സി. പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ഐ.ഡി.സി.-യുടെ നിർമ്മാണത്തിലിരിക്കുന്ന ഓരോ വ്യവസായ പാർക്കിന്റെയും നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) ഇവ ഓരോന്നും ഏത് വർഷമാണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചതെന്നും എന്നത്തേയ്ക്ക് പ്രവർത്തനം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടതെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ പുതിയ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനും നിർമ്മാണത്തിലിരിക്കുന്നവ പൂർത്തീകരിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഇത് കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കെ.എസ്.ഐ.ഡി.സി.-യുടെ കുറ്റ്യാടി നാളികേര പാർക്ക്, പെട്രോകെമിക്കൽ പാർക്ക് കൊച്ചി, ഇലക്ട്രോണിക് പാർക്ക് കൊച്ചി എന്നീ വ്യവസായ പാർക്കുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കെ.എസ്.ഐ.ഡി.സി.-യുടെ നിർമ്മാണത്തിലിരിക്കുന്ന മറ്റ് വ്യവസായ പാർക്കുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) പുതിയ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനും നിർമ്മാണ ത്തിലിരിക്കുന്നവ പൂർത്തീകരിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച തുക ഉപയോഗിച്ച് വിവിധ വ്യവസായ പാർക്കുകളിൽ റോഡ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗ്, ജലവിതരണ സംവിധാനം, ഇലക്ട്രിസിറ്റി, എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, മഴവെള്ള സംഭരണി, ചുറ്റുമതിൽ, കാന്റീൻ എന്നിവ സമയബന്ധിതമായി നിർമ്മിച്ചിട്ടുള്ളതാണ്. കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ ഏകദേശം 53 കമ്പനികൾ വ്യവസായം ആരംഭിക്കുകയും 87 ഓളം കമ്പനികൾ നിർമ്മാണ ഘട്ടങ്ങളിലുമാണ്. വിവിധ പാർക്കുകളിലായി ഏകദേശം രണ്ടായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

### ടാറസ് കമ്പനിക്കുള്ള പ്രവർത്തനാനുമതി

164 (549) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജർമ്മൻ-അമേരിക്കൻ കമ്പനിയായ ടാറസിന് വിദേശ നിക്ഷേപത്തോടെ പ്രവർത്തിക്കാൻ അനുമതി നല്കിയ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) നിർദ്ദിഷ്ട പദ്ധതിക്ക് എത്ര ഏക്കർ സ്ഥലം എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി നല്കിയിട്ടുണ്ട്; പ്രസ്തുത ഭൂമി ഏത് ആവശ്യത്തിനായി സർക്കാർ അക്വയർ ചെയ്തിരുന്നതായിരുന്നു എന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതിയുടെ പ്രമോട്ടർ ആരാണ്; എന്തെല്ലാം ഘടകങ്ങൾ അടങ്ങിയതാണ് പദ്ധതി; സർക്കാരിന് പ്രസ്തുത പദ്ധതിയിൽ പങ്കാളിത്തം ഉണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്തെല്ലാമാണ്; നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഏത് തീയതിക്കകം പദ്ധതി നിലവിൽ വരുമെന്ന് വിഭാവനം ചെയ്യുന്നു; പദ്ധതികാവശ്യമായ എന്തെല്ലാം അനുമതികൾ ഇതിനകം സർക്കാർ നല്കുകയുണ്ടായിട്ടുണ്ട് എന്നും വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ ഉൾപ്പെടുന്ന ഫ്രെയിം വർക്ക് ഉടമ്പടി അനുബന്ധമായി ചേർക്കുന്നു.*

(ബി) 19.73 ഏക്കർ സ്ഥലം താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നൽകിയിട്ടുണ്ട്.

i. ടെക്നോപാർക്കും M/s.TIH-ഉം M/s.THR India Ventures-ഉം ചേർന്ന ത്രികക്ഷി ഉടമ്പടി ഒപ്പുവയ്ക്കുന്നതാണ്.

ii. TIH മാത്രമായോ THR മാത്രമായോ TIH-ഉം THR-ഉം ചേർന്നോ പ്രത്യക്ഷമായോ പരോക്ഷമായോ ഓഹരി നിയന്ത്രണം വഹിക്കുന്ന ഒന്നോ അതിലധികം സബ്സിഡിയറിക്കോ, സബ്സിഡിയറി കൾക്കോ ടെക്നോപാർക്ക് മൂന്നാംഘട്ട പ്രദേശത്തുനിന്നും 19.73 ഏക്കർ ഭൂമി പാട്ടത്തിന് നൽകാവുന്നതാണ്.

iii. ഒറ്റത്തവണ പാട്ടത്തുക ഏക്കറിന് 3.10 കോടി രൂപയിൽ നിന്നും ഏക്കറിന് 5 കോടി രൂപയായി ഉയർത്തുന്നതാണ്.

iv. പാട്ടക്കാലാവധി 90 വർഷമായി നിജപ്പെടുത്തുന്നതാണ്.

v. നിബന്ധന (ii)-ൽ സൂചിപ്പിച്ചിരിക്കുന്ന TIH/THR കമ്പനികളുടെ പ്രത്യക്ഷവും പരോക്ഷവും ആയിട്ടുള്ളതായ സബ്സിഡിയറികൾ പദ്ധതി വികസനം പൂർത്തിയാകുന്നതുവരെ ടി കമ്പനികളുടെ സബ്സിഡിയറി കളായിത്തന്നെ തുടരേണ്ടതാണ്. ടെക്നോപാർക്കിന്റെ പ്രസ്തുത ഭൂമി മൂന്നാംഘട്ട വികസനത്തിന് ഐ.ടി./ഐ.ടി.ഇ.എസ്. മറ്റനുബന്ധ വ്യവസായങ്ങൾക്കും അതിനായുള്ള അടിസ്ഥാനസൗകര്യ സജ്ജീകരണങ്ങൾക്കും വേണ്ടി ഏറ്റെടുത്തിട്ടുള്ളതാണ്.

(സി) അമേരിക്കൻ കമ്പനിയായ ടോറസ് ഇൻവെസ്റ്റ്മെന്റ്സ് ഹോൾഡിംഗ്സ് എൽ.എൽ.സി. എന്ന കമ്പനിയാണ് പ്രസ്തുത പദ്ധതിയുടെ പ്രമോട്ടർ. പദ്ധതിയുടെ വിശദാംശങ്ങൾ ഫ്രെയിം വർക്ക് ഉടമ്പടിയിൽ ചേർത്തിട്ടുണ്ട്. സർക്കാരിന് പ്രസ്തുത പദ്ധതിയിൽ പങ്കാളിത്തം ഇല്ല.

(ഡി) 10-10-2014 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 26/2014/ ഐ.ടി.ഡി., 26-8-2015-ലെ സ.ഉ.(എം.എസ്.)നമ്പർ 33/2015/ ഐ.ടി.ഡി. എന്നിവയാണ് പദ്ധതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-II ആയി ചേർക്കുന്നു*. ഇതനുസരിച്ച് ടെക്നോപാർക്ക്, ടോറസ് ഇൻവെസ്റ്റ്മെന്റ്സ് ഹോൾഡിംഗ്സ് എൽ.എൽ.സി., റ്റി.എച്ച്.ആർ. ഇന്ത്യാ വെൻചർ എൽ.എൽ.സി. എന്നിവ സംയുക്തമായി ഒരു ഫ്രെയിംവർക്ക് ഉടമ്പടി 30-9-2015-ൽ ഒപ്പുവച്ചു. പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി കൈമാറുന്നതിനുള്ള കരാർ ഉടമ്പടി ഒപ്പുവച്ചതിനുശേഷമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. ഈ സാമ്പത്തികവർഷം തന്നെ കരാർ ഉടമ്പടിയിൽ ഒപ്പുവയ്ക്കാനാകുമെന്ന് കരുതുന്നു.

## കരകൗശലമേഖലയിലെ പ്രതിസന്ധി

165 (550) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല മേഖലയിൽ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഈ മേഖലയിലെ തൊഴിലാളികൾക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക തൊഴിലാളികളുടെ പുരോഗതിക്കായി ഉപയോഗപ്പെടുന്നതിന് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമൂലം ഈ മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്കും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തികസഹായം നൽകിവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശലമേഖലയിലെ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ കേരള കരകൗശല വികസന കോർപ്പറേഷൻ ന്യായവില നൽകി ശേഖരിച്ച് വിപണനം നടത്തിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൊഴിലാളികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ വഴി കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ബാംബു കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ-പനമ്പ്-നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ നടപടികളിലൂടെ കരകൗശല തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം, തൊഴിലുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുള്ള സാമ്പത്തിക സഹായം, നിശ്ചിത വരുമാനം, തൊഴിലധിഷ്ഠിത വൈദഗ്ധ്യം വർദ്ധിപ്പിക്കൽ എന്നിവ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

## കുണ്ടറ സിറാമിക്സ്

166 (551) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവൃത്തിക്കുന്ന കുണ്ടറ സിറാമിക്സിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) സിറാമിക്സ് ഉല്പന്നങ്ങൾ, കാലാനുസൃത പരിഷ്കരണവും വൈവിധ്യവത്ക്കരണവും വരുത്തി പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കി യെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) കുറെ വർഷങ്ങൾക്കുശേഷം ആദ്യമായി 2016 ജനുവരി മാസം കമ്പനി ലാഭത്തിലാണ് പ്രവൃത്തിച്ചത്. കാലാനുസൃതമായ സാങ്കേതിക വിദ്യയുടെയും പ്ലാന്റിന്റെ ആധുനികവൽക്കരണത്തിന്റെയും അഭാവവും പ്രധാന അസംസ്കൃത വസ്തുവായ ചൈനക്ലേയുടെ ലഭ്യതക്കുറവും കുണ്ടറ സിറാമിക്സിന്റെ പ്രവർത്തനങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

(ബി) പ്രധാന അസംസ്കൃത വസ്തുവായ ചൈനാക്ലേയുടെ ലഭ്യത ഉറപ്പുവരുത്താൻ പുതിയ ഖനനഭൂമി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം തന്നെ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ഭരണാനുമതി ലഭിച്ച 28.74 കോടി രൂപയുടെ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

167 (552) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കർ മാസ്റ്റർ പ്ലാനിന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതിക അനുമതിയും MOEF ക്ലിയറൻസും ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 246 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖലാ പദവി (SEZ) ലഭ്യമായിട്ടുണ്ട്. ബിൽഡിംഗ് പ്ലാനുകൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള അംഗീകാരം നൽകുന്നതിനായി സ്മാർട്ട് സിറ്റിക്കുവേണ്ടി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിനെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസിയായി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻഅംഗീകരിച്ചിട്ടുമുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിലെ 6.5 ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിൽ പാട്ടത്തിന് നൽകാൻ യോഗ്യമായ 4.5 ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണത്തിന്റെ 70%-ഓളം വിവിധ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിലുൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളായ 3.7 കി.മീ. റോഡ്, പാലം, ഡ്രെയിനേജ്, കേബിളിങ്ങ്, ട്രഞ്ച് എന്നിവയും ഇലക്ട്രിക് സബ്സ്റ്റേഷൻ, സ്വാഗത കമാനം എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള

ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, ഫോർട്ട് കൊച്ചി സബ്കളക്ടറെ സ്മാർട്ട് സിറ്റി പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെട്ട ആറര ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പ്രവർത്തനോദ്ഘാടനം 2016 ഫെബ്രുവരി 20-ന് നടത്തുന്നതാണ്. കൂടാതെ, 45 ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഐ.ടി. സ്പേസ് ഉൾക്കൊള്ളുന്ന രണ്ടാം ഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനവും ഇതോടൊപ്പം നടത്തുന്നതാണ്.

**അരൂർ മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ**

168 (553) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് അരൂർ മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി ഗ്രാമ വ്യവസായ ബോർഡ് അരൂർ മണ്ഡലത്തിൽ എന്റെ ഗ്രാമം പദ്ധതി പ്രകാരം 11 വ്യവസായ യൂണിറ്റുകൾക്കായി 30,50,000 രൂപ വായ്പയായി ദേശസാൽകൃത ബാങ്കുകൾ മുഖേന അനുവദിക്കുകയും ആയതിന്റെ മാർജിൻ മണിയായി 8,66,212 രൂപ വിതരണം ചെയ്യുകയും അതിലൂടെ 35 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 13 വ്യവസായ യൂണിറ്റുകൾക്കായി ദേശസാത്കൃത ബാങ്കുകൾ മുഖേന 1,31,88,234 രൂപ വായ്പയായി അനുവദിച്ചു. ആയതിന്റെ മാർജിൻ മണിയായി 46,15,882 രൂപയും നൽകി. ഇതിലൂടെ 148 പേർക്ക് തൊഴിൽ നൽകി. ഖാദി മേഖലയുടെ ആധുനികവത്കരണ പദ്ധതിയിലൂടെ ഉഴുവ ഖാദി സ്പിന്നിംഗ് സെന്ററിൽ 2,99,727 രൂപ നവീകരണത്തിനായി ചെലവഴിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* സിഡ്കോ, കൈത്തറി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സൂക്ഷ്മ - ഇടത്തരം - ചെറുകിട വ്യവസായ സംരംഭം

169 (554) ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ - ഇടത്തര - ചെറുകിട വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ - സി) ഉണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനും അവയെ സാമ്പത്തികമായി സഹായിക്കുന്നതിനും ലക്ഷ്യമിട്ട് അതിനുമുമ്പുണ്ടായിരുന്ന വിവിധ സ്കീമുകളെ സംയോജിപ്പിച്ചുകൊണ്ട് 1-4-2012 മുതൽ സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവഴി വ്യവസായ സംരംഭകർക്ക് ഒറ്റത്തവണ സാമ്പത്തിക സഹായം നൽകിവരുന്നു. സംരംഭകർക്ക് ആകെ നിക്ഷേപത്തിന്റെ 15%(പരമാവധി 20 ലക്ഷം രൂപ) വരെ സബ്സിഡി നൽകുന്നു. വനിതാ സംരംഭകർ, പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകർ, യുവ സംരംഭകർ മുതലായവർക്ക് 20%(പരമാവധി 30 ലക്ഷം രൂപ) വരെ സബ്സിഡി നൽകി വരുന്നു. ഇതിനുപുറമെ 9 തരം വ്യവസായങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകിവരുന്നു. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട മുതലായ ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ആകെ നിക്ഷേപത്തിന്റെ 15%-നു പുറമേ 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ കരസ്ഥമാക്കി സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) നൽകുന്നു. കൂടാതെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള ഡെവലപ്മെന്റ്

ഏരിയകളുടെ നവീകരണം, പുതിയ ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് രൂപീകരണം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ബ്ലോക്ക്-താലൂക്ക്-ജില്ലാ തലങ്ങളിൽ നടത്താറുള്ള സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, നിക്ഷേപ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷനുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലന പരിപാടികൾ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവയിലൂടെ സംരംഭകർക്ക് പ്രോൽസാഹനം നൽകിവരുന്നു.

## നാസ്കോം, സി.ഐ.ഐ. തുടങ്ങിയ സ്ഥാപനങ്ങളുമായി യോജിച്ചുള്ള വ്യവസായ സംരംഭങ്ങൾ

170 (555) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാസ്കോം, സി.ഐ.ഐ. തുടങ്ങിയ സ്ഥാപനങ്ങളുമായി യോജിച്ച് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം ഉദ്ദേശിച്ച രീതിയിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവഴി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയേണ്ടതായിരുന്നു എന്നും അവ സാദ്ധ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഉപയോഗിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പ്രകൃതി വാതക പൈപ്പ് ലൈൻ

171 (556) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി വാതകം കൊണ്ടുപോകുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സർവ്വെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ കടന്നു പോകുന്ന ഭാഗങ്ങളിലെ ജനങ്ങളിലുണ്ടായ ആശങ്ക പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തുകൂടി ബാംഗ്ലൂരിലേയ്ക്കും, മംഗലാപുരത്തേയ്ക്കും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുകൊണ്ട് സംസ്ഥാനത്തിനുണ്ടാകാവുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ GAIL-ന്റെ KKMBPL പ്രോജക്ടിന്റെ ഒന്നാം ഘട്ടത്തിൽ 45 കി.മീറ്ററിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത് ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്ത 503 കി.മീറ്ററിൽ പൂർണ്ണമായും സർവ്വേ പൂർത്തീകരിക്കുകയും Petroleum & Mineral Pipelines Act സെക്ഷൻ 6(1) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 367 കി. മീറ്ററിലും മഹസർ പൂർത്തിയാക്കിക്കഴിഞ്ഞു. നഷ്ടപരിഹാരം നൽകുവാനുള്ള ഭൂമിയുടെ അളവെടുപ്പും മഹസർ തയ്യാറാക്കലും 72% പൂർത്തിയാക്കി. എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ 100%-വും മലപ്പുറത്ത് 32%-വും കോഴിക്കോട് 9%-വും കണ്ണൂർ 86%-വും കാസർഗോഡ് 93%-വും മഹസർ പൂർത്തിയായിട്ടുണ്ട്.

(ബി) ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിന്, പഞ്ചായത്തുതലത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക, ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷിതത്വം സംബന്ധിച്ച ലഘുലേഖകൾ വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രധാനമായും ചെയ്തുവരുന്നത്. പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ച് ജനങ്ങൾക്കുള്ള ഉൽക്കണ്ഠ അകറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഒരു വിദഗ്ദ്ധ പബ്ലിക് റിലേഷൻസ് ഏജൻസിയെ ചുമതലപ്പെടുത്തുകയും വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തി വരികയും ചെയ്യുന്നു. ഇതുകൂടാതെ സർക്കാർ തലത്തിൽ പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളുടേയും ഗെയിൽ അധികൃതരുടേയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചു ചേർക്കുകയും പദ്ധതിയുടെ സുരക്ഷിതത്വ സംവിധാനങ്ങളെപ്പറ്റിയും പദ്ധതിമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവത്കരിക്കുന്നതിനും ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഭാവിയിലെ ഊർജ്ജസ്രോതസ്സായ പ്രകൃതി വാതകം പൈപ്പ്ലൈൻ വഴി ലഭ്യമാക്കുന്നതിലൂടെ 'ഗെയിൽ പൈപ്പ്ലൈൻ പദ്ധതി' വഴി വളരെയധികം വ്യവസായങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കുന്നതാണ്. സംസ്ഥാനത്തിനകത്തുതന്നെ ലഭ്യമാകുന്ന മണൽ, കളിമണ്ണ്, ജിപ്സം തുടങ്ങിയ

അസംസ്കൃത വസ്തുക്കൾ പ്രകൃതിവാതകം ഉപയോഗിച്ച് ഉന്നതനിലവാരമുള്ള refracting tiles, vitrified flooring tiles, ഗ്ലാസ്, സോപ്പ്, സാനിട്ടറി വെയേർസ് തുടങ്ങിയവ ഉൽപ്പാദിപ്പിക്കാനാകും. ഇതുവഴി സംസ്ഥാനത്തിന് വർഷത്തിൽ VAT നികുതിയിനത്തിൽ 1000 കോടിയിൽപ്പരം രൂപ വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മറ്റു ഇന്ധനങ്ങളെ അപേക്ഷിച്ച് അന്തരീക്ഷ മലിനീകരണം തുലോം കുറവായതുമൂലം ഇത് ഹരിത ഇന്ധനം എന്നറിയപ്പെടുന്നു. LPG-യെക്കാൾ ചെലവു കുറഞ്ഞ ഈ വാതകം വീടുകളിലേയ്ക്ക് പൈപ്പ് ലൈനിലൂടെ എത്തിക്കുകവഴി കേരളത്തിൽ ഇപ്പോൾ നിലവിലുള്ള പാചകവാതക ക്ഷാമം പരിഹരിക്കുവാൻ സാധിക്കും. കൂടാതെ, വാഹനങ്ങൾക്കും വളം നിർമ്മാണത്തിനും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും ഈ വാതകം ഉപയോഗിക്കാൻ സാധിക്കും. വാഹനങ്ങളിൽ പെട്രോൾ, ഡീസൽ എന്നിവയെക്കാൾ ചെലവുകുറഞ്ഞ Compressed Natural Gas(CNG) വിതരണവും ഈ പദ്ധതി ലക്ഷ്യമാക്കുന്നു.

**നിക്ഷേപ സൗഹൃദ സംസ്ഥാനം**

172 (557) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം പരിപാടികളുടെ ഭാഗമായി എന്ത് തുക സംസ്ഥാനത്ത് നിക്ഷേപമായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും സംസ്ഥാനത്തെ വ്യവസായ വികസനത്തിനും നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനും എമർജിംഗ് കേരള 2012, യെസ് 2014, യെസ് ക്യാൻ 2015, വി മിഷൻ 2015 മുതലായ പരിപാടികൾ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിട്ടുണ്ട്. 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിലാണ് എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചത്.

കേരളത്തിലെ വിദ്യാർത്ഥി/യുവസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനും അവരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിലേയ്ക്കുമായി 2014 സെപ്റ്റംബർ 12-ാം തീയതി കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ യുവ സംരംഭക സംഗമം (YES) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിന്റെ രണ്ടാം പതിപ്പായി യെസ് ക്യാൻ 2015 എന്ന പേരിൽ യുവ സംരംഭകർക്കായി ഒരു സംഗമവും കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. രൂപം കൊടുത്തതാണ് വി മിഷൻ കേരള. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശക പിന്തുണ, മീറ്റിംഗുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, അന്താരാഷ്ട്ര വനിതാ സംരംഭകത്വ ദിനമായ നവംബർ 19-ന് കൊച്ചിയിൽ വനിതാ സംരംഭകത്വസമ്മേളനം 2015 (WE Summit 2015), WE CAN (Women Entrepreneurs Collaborating and Networking) എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി.

(ബി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളത്. ഈ പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

വ്യവസായ വകുപ്പിന് കീഴിലുള്ള 14 പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി നൽകുന്നു.*

**തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

173 (558) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിൽ നിന്നും തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്കും ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

സർക്കാർ അധികാരത്തിൽ വന്നശേഷം തിരൂർ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിൽ നിന്നും നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**ചെറുകിട വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനം**

174 (559) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ രംഗത്തെ പീഡിത യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഓരോ ജില്ലയിലും നൽകിയ സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായ രംഗത്തെ പീഡിത യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന സിക്ക് യൂണിറ്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം (SURP) പദ്ധതി 2012-ലെ റിസർവ് ബാങ്കിന്റെ പുതിയ മാർഗ്ഗ നിർദ്ദേശപ്രകാരം ഇല്ലാതായി. ആർ.ബി.ഐ.-യുടെ മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായുള്ള പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) നിലവിൽ ആർ.ബി.ഐ. നേരിട്ടാണ് ധനകാര്യ സ്ഥാപനങ്ങൾ വഴി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

**വൻകിട വ്യവസായ പദ്ധതികൾക്കായി കൈമാറിയ ഭൂമി**

175 (560) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ . സാജു പോൾ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട വ്യവസായ പദ്ധതികൾക്കായി സംസ്ഥാനം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ ഭൂമിയുടെ അവസ്ഥ പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വൻകിട വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രഖ്യാപനങ്ങൾ നടത്തി, ഓരോ പദ്ധതിക്കും ആവശ്യമായതെന്ന പേരിൽ നൽകിയ ഭൂമി അതേതരത്തിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾക്ക് ഭൂമി നൽകുമ്പോൾ എന്തെങ്കിലും തരത്തിലുള്ള ധാരണാപത്രങ്ങൾ ഒപ്പ് വയ്ക്കാറുണ്ടോ;

(ഡി) എങ്കിൽ ഭൂമി നൽകുമ്പോൾ ഉണ്ടാക്കുന്ന ധാരണയ്ക്കനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ പാലക്കാട് BEML-ന് റോളിങ് സ്റ്റോക്ക് ഉത്പന്ന നിർമ്മാണത്തിനും പ്രതിരോധ ഉത്പാദന കോംപ്ലക്സ് ആരംഭിക്കുന്നതിനും 374.59 ഏക്കർ ഭൂമിയും കാസർഗോഡ് സീതാംഗേലി HAL-ന് തന്ത്രപ്രധാനമായ ഇലക്ട്രോണിക്സ് ഉത്പാദന ഫാക്ടറിക്കുവേണ്ടി 200 ഏക്കർ ഭൂമിയും കണ്ണൂർ ഇരിണാവിൽ Indian Coast Guard-ന് അക്കാഡമി സ്ഥാപിക്കുന്നതിന് വേണ്ടി 164.22 ഏക്കർ ഭൂമിയും പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. ഇവയിൽ BEML, HAL എന്നിവയുടെ ഒന്നാംഘട്ട പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. Indian Coast Guard പാട്ടക്കരാറിൽ ഏർപ്പെടുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല.

(ബി&സി) വൻകിട പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുമ്പോൾ കരാർ പ്രകാരമുള്ള ഭൂമി വിനിയോഗം ഉറപ്പാക്കാറുണ്ട്.

(ഡി) മുകളിൽ സൂചിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ BEML 174 ഏക്കർ ഭൂമിയും HAL 25 ഏക്കർ ഭൂമിയും വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ അവരുടെ പദ്ധതികൾ ഘട്ടംഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. പാട്ടക്കരാറിൽ ഭൂമിയുടെ വിനിയോഗത്തെക്കുറിച്ച് വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## മലബാർ സിമന്റ്സ്

176 (561) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിലെ അഴിമതിയുമായി ബന്ധപ്പെട്ട് എടുത്ത കേസ്സുകളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ ആർക്കെല്ലാം എതിരെ ഏതൊക്കെ തരത്തിലുള്ള കേസ്സുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മലബാർ സിമന്റ്സ് അഴിമതി കേന്ദ്രമാക്കി സ്ഥാപനത്തിന് തന്നെ തകർച്ചയുണ്ടാക്കുന്ന സംഭവങ്ങളിൽ നാമത്രമായി എടുക്കുന്ന കേസ്സുകൾപോലും യഥാവിധി നടത്തി കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭ്യമാക്കുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ അഴിമതിയുമായി ബന്ധപ്പെട്ട കേസുകൾ വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്.

(ബി) നിലവിൽ ആർക്കെല്ലാം എതിരെ ഏതൊക്കെ തരത്തിലുള്ള കേസ്സുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) അന്വേഷണം പൂർത്തിയായ കേസ്സുകളിൽ കുറ്റം തെളിഞ്ഞിട്ടുള്ള വർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**അനധികൃത കുടിവറപ്പ് കേന്ദ്രങ്ങൾ**

177 (562) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിലെ അനധികൃത കുടിവറപ്പ് കേന്ദ്രങ്ങളുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) എത്ര അനധികൃത കുടിവറപ്പ് കേന്ദ്രങ്ങൾ പ്രവൃത്തിച്ചു വരുന്നു എന്ന് അറിയിക്കാമോ;

(സി) അനധികൃത കുടിവറപ്പ് കേന്ദ്രങ്ങൾ നടത്തുന്നവർക്കെതിരെ സ്വീകരിച്ച നിയമ നടപടി വിശദമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് കാഷ്യൂ സ്പെഷ്യൽ ഓഫീസർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഇ) നിലവിലുള്ള അൺ രജിസ്റ്റേഡ് കാഷ്യൂ ഫാക്ടറീസിനെതിരെ നിയമനടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കുടിവറപ്പ് സമ്പ്രദായം ചെറുക്കുന്നതിലേയ്ക്കായി കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ നിന്നും അനധികൃത സംസ്കരണ കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ നിർത്തി വയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും സാദ്ധ്യമായ കേന്ദ്രങ്ങളിൽ നിയമപ്രകാരം റെയ്ഡ്സ്വീഷർ എന്നിവ നടത്തി കോടതികളിൽ കേസ് ചാർജ് ചെയ്യുന്നുണ്ട്. 1967-ലെ Unregistered Cashew Nut Factories Prohibition Act അനുസരിച്ച് നിരവധി റെയ്ഡുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരിശോധനകൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ജോയിന്റ് ഇൻസ്പെക്ഷൻ ടീം ഉണ്ടാക്കി 7-1-2016 മുതൽ റെയിഡുകൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലും എറണാകുളം ജില്ലയുടെ ചില ഭാഗങ്ങളിലും അനധികൃത കശുവണ്ടി സംസ്കരണം വ്യാപകമാണ്. നിയമാനുസൃതമല്ലാത്തതിനാൽ ഇവയുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) 1967-ലെ Unregistered Cashew Nut Factories Prohibition Act അനുസരിച്ച് നിരവധി റെയ്ഡുകൾ നടത്തിയിട്ടുണ്ട്. നിലവിൽ 7 മേജർ കേസ്സുകൾ കുടിവറപ്പ് നടത്തിയവർക്കെതിരെ കൊല്ലം ജില്ലയിലെ വിവിധ കോടതികളിൽ ഫയൽ ചെയ്യുകയും അതിൽ ഒരു കേസ് 29/08/2013-ൽ കുറ്റക്കാരനെതിരെ 6 മാസം തടവും 25000 രൂപ പിഴയും ഒടുക്കി വിധി വരുകയും മറ്റു കേസ്സുകൾ വിചാരണയുടെ ഘട്ടത്തിലുമാണ്.

(ഡി) കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ നിരവധി റെയ്ഡുകൾ നടത്തിയിട്ടുണ്ട്. കൂടാതെ പരിശോധനകൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ജോയിന്റ് ഇൻസ്പെക്ഷൻ ടീം ഉണ്ടാക്കി 7-1-2016 മുതൽ റെയ്ഡുകൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

(ഇ) നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു.

**വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് നടപടി**

178 (563) ഡോ. ടി. എം. തോമസ് ഐസക്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. സാജു പോൾ:
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ വ്യവസായ സ്ഥാപനങ്ങളുടെ പൊതുസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുമേഖലയിലും സ്വകാര്യമേഖലയിലും വൻപുരോഗതി കൈവരിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ പലതും പൂർണ്ണമായും അടച്ചുപൂട്ടപ്പെട്ടതും അടച്ചുപൂട്ടലിന്റെ ഘട്ടത്തിലേയ്ക്ക് എത്തപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇവയെ സംരക്ഷിച്ചു നിർത്തുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും സാദ്ധ്യമായില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തായിരുന്നു എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി) ഉണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിൽ എറണാകുളത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾ നല്ല രീതിയിലാണ് പ്രവൃത്തിച്ചുവരുന്നത്. സിഡ്കോയുടെ കീഴിൽ ഇവിടെ പ്രവൃത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളായ മുടിക്കൽ, അങ്കമാലി, വാഴക്കുളം സൗത്ത്, കോതമംഗലം, രായമംഗലം, പിറവം, ഇടത്തല എന്നിവിടങ്ങളിൽ 91 യൂണിറ്റുകൾ പ്രവൃത്തിക്കുന്നുണ്ട്. ഇവയിൽ 4 യൂണിറ്റുകൾ മാത്രമാണ് പ്രവർത്തന രഹിതമായിട്ടുള്ളത്.

കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ പ്രവൃത്തിച്ചുവരുന്ന സ്ഥാപനങ്ങളും നല്ല രീതിയിൽ പ്രവൃത്തിച്ചുവരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കൈത്തറി ഡയറക്ടറേറ്റ്, ഖാദി & വില്ലേജ് വ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിന്നും വിവരം ശേഖരിച്ചു തരുന്നതാണ്.

**വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ**

179 (564) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലരും ശ്രമിക്കുന്നുവെങ്കിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമതടസ്സങ്ങളും സാങ്കേതിക ബുദ്ധിമുട്ടുകളും ഉദ്യോഗസ്ഥരുടെ നിസ്സഹകരണവുംമൂലം അതിനു കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നു പറയാമോ;

(ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നിയമ തടസ്സങ്ങളും വിവിധ വകുപ്പുകളെ സംബന്ധിക്കുന്ന സാങ്കേതിക തടസ്സങ്ങളും ഒരു ഏകജാലക സംവിധാനത്തിലൂടെ പരിഹരിക്കുന്നതിനും ഇതിന്റെ നടപടികൾ മറ്റ് ഇടപെടലുകൾക്ക് സാദ്ധ്യതയില്ലാത്ത വിധം സുതാര്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിക്ഷേപ നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയ്ക്ക് അവതരിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായി ബന്ധപ്പെട്ട മന്ത്രിമാരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകൾ പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കി അംഗീകാരം നൽകുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും എമർജിംഗ് കേരളയിൽ ലഭിച്ച ആശയങ്ങളേയും പദ്ധതികളേയും കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിലെ മുൻ സെക്രട്ടറി ശ്രീ. മാധവൻ നമ്പ്യാർ ചെയർമാനായി ഇൻവെസ്റ്റ് പ്രൊമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി പത്രങ്ങളും ലൈസൻസുകളും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഏകജാലക ക്ലിയറൻസ് ബോർഡ് പ്രവൃത്തിച്ചുവരുന്നു. ഇതുകൂടാതെ സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്നീ പുതിയ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും പെർമിറ്റുകളും ലഭ്യമാക്കുന്നതിനു വേണ്ടി ഹാൻഡ്ഹോൾഡിംഗ് സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകിവരുന്നു. സംരംഭകത്വ സംസ്ക്കാരം വളർത്തിയെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്കും സംരംഭക വികസന ക്ലബ്ബിലെ അംഗങ്ങളായ വിദ്യാർത്ഥികൾ, പുതു സംരംഭകർ എന്നിവർക്കും വിവിധ മേഖലകളിൽ ബോധവത്ക്കരണം നടത്തിവരുന്നു.

(ബി) 1999-ൽ നിലവിൽ വന്ന കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളിൽ ഓൺലൈൻ സംവിധാനം, സേവന മേഖലയെ ഉൾപ്പെടുത്തൽ തുടങ്ങിയ ഭേദഗതികൾ സർക്കാർ പരിശോധിച്ചുവരുന്നു. ഓൺലൈൻ ഏകജാലക സംവിധാനത്തിന്റെ സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഇടത്തരം, ചെറുകിട, സൂക്ഷ്മ സംരംഭങ്ങളുടെ സംവിധാനം കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ ആലോചിക്കുന്നു.

## ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ

180 (565) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക പ്രോത്സാഹന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം ഉദ്ദേശിച്ച തരത്തിൽ പ്രാവർത്തികമാക്കിയോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതുമൂലം ഉദ്ദേശിച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;

(സി) ഇതിനായി ബഡ്ജറ്റിൽ നീക്കി വച്ച തുക പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഉപയുക്തമാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) യുവ വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കുമായി കെ.എസ്.ഐ.ഡി.സി. എറണാകുളം ജില്ലയിലെ ഇൻഫോപാർക്ക് ക്യാമ്പസിൽ ഒരു ഇൻകുബേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. വിവിധ മേഖലകളിലുള്ള പതിനഞ്ചോളം കമ്പനികൾ ഇവിടെ പ്രവൃത്തിച്ചുവരുന്നു. ഇതുകൂടാതെ വിദ്യാർത്ഥികളുടെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിലും യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് കോളേജുകളിൽ തന്നെ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, തിരുവനന്തപുരം ജില്ലയിലെ മാർ ബസേലിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി എന്നീ കോളേജുകളിൽ കെ.എസ്.ഐ.ഡി.സി.-യുമായി സഹകരിച്ച് സ്ഥാപിച്ച ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരത്ത് ടെക്നോ പാർക്കിലും എറണാകുളത്ത് ടെക്നോളജി ഇന്നവേഷൻ സോണിലും കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻകുബേറ്ററുകൾ നിലവിൽ പ്രവൃത്തിച്ചുവരുന്നു. കൂടുതൽ ഇൻകുബേറ്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(ബി) വിദ്യാർത്ഥി യുവസംരംഭകരുടെ നൂതന ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുവേണ്ടിയാണ് ബിസിനസ് ഇൻകുബേറ്ററുകൾ പ്രധാനമായും സ്ഥാപിക്കുന്നത്.

(സി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി.-ക്ക് മൊത്തം 16.35 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി ഇതുവരെ 3.35 കോടി രൂപ കെ.എസ്.ഐ.ഡി.സി. ചെലവാക്കിയിട്ടുണ്ട്.

## വ്യവസായ പാർക്കുകൾ

181 (566) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ എത്ര വ്യവസായ പാർക്കുകൾ പ്രവൃത്തിക്കുന്നുവെന്നും ഇവയുടെ പുരോഗതി വിവരം എന്തെന്നും വ്യക്തമാക്കുക; ഈ സ്ഥാപനങ്ങളിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ 22 വ്യവസായ പാർക്കുകൾ ഉണ്ട്. ഈ പാർക്കുകളിൽ എല്ലാംതന്നെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ച് അനുബന്ധ അനുമതികൾ ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. ഈ പാർക്കുകളെല്ലാം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാണ്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ അലോട്ട് ചെയ്തിട്ടുള്ള വ്യവസായ സംരംഭങ്ങളിൽ സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ടുപ്രകാരം 32734 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

## കോട്ടയം ടെക്സ്റ്റൈൽസ്

182 (567) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസിലെ നിലവിലുള്ള മെഷീനുകൾ മെയിന്റനൻസ് ചെയ്യുകയും ആധുനികവൽക്കരണം നടപ്പിലാക്കുകയും ചെയ്യണമെന്ന ആവശ്യത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കാമോ;

(ബി) കോട്ടൺ നൂൽ പൂർണ്ണതോതിൽ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; ആയതിന് ആവശ്യമായ പരുത്തി തുടർച്ചയായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോ-ഓപ്പറേറ്റീവ് ബാങ്കിൽ എത്ര രൂപയുടെ ബാദ്ധ്യതയാണ് കോട്ടയം ടെക്സ്റ്റയിൽസിന് ഉള്ളത്; ഇത് സ്ഥിരമായി അടച്ച തീർക്കുന്നുണ്ടോ; എത്ര തവണ മുടക്കം വരുത്തിയെന്ന് അറിയിക്കാമോ;

(ഡി) ഇ.എസ്.ഐ. പരിധി കഴിഞ്ഞ തൊഴിലാളികളുടെ കുടുംബത്തിന് പകരം ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) കോട്ടയം ടെക്സ്റ്റൈൽസിൽ ആധുനികവൽക്കരണം നടപ്പാക്കണമെന്നാണ് സർക്കാർ നിലപാട്.

(ബി) പ്രവർത്തന മൂലധനത്തിന്റെ കുറവുമൂലവും കോട്ടൺ സപ്ലൈയർമാർക്ക് പരുത്തി വാങ്ങിയ ഇനത്തിൽ കുടിശ്ശിക കൊടുത്തു തീർക്കുവാനുള്ളതിനാലും കോട്ടൺ നൂൽ പൂർണ്ണ തോതിൽ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ പരുത്തി ലഭ്യമാകാത്ത അവസ്ഥ സംജാതമായിട്ടുണ്ട്.

(സി) കോട്ടയം ടെക്സ്റ്റൈൽസിന് കോ-ഓപ്പറേറ്റീവ് ബാങ്കുമായി നേരിട്ട് ബാധ്യതയൊന്നുമില്ല. കോട്ടയം ടെക്സ്റ്റൈൽസിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2015 ജനുവരി മുതൽ ഏപ്രിൽ വരെയും, ഒക്ടോബർ മുതൽ ഡിസംബർ വരെയും പിടിച്ച തുകയായ 17.10 ലക്ഷം രൂപ, കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൊടുത്തു തീർക്കുവാനുണ്ട്. 2015 മെയ് മുതൽ ജൂലൈ വരെയുള്ള വിഹിതമായ 2.85 ലക്ഷം രൂപ 13-11-2015-ലും ആഗസ്റ്റ് മാസത്തെ വിഹിതമായ 1.25 ലക്ഷം രൂപ 14-10-2015-നും നൽകിയിട്ടുണ്ട്.

(ഡി) കോട്ടയം ടെക്സ്റ്റൈൽസ് ഇ.എസ്.ഐ. പരിധി കഴിഞ്ഞ തൊഴിലാളികൾക്ക് 1923-ലെ വർക്ക്മെൻസ് കോമ്പൻസേഷൻ നിയമം പ്രകാരം ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾക്കായി വർക്ക്മെൻസ് കോമ്പൻസേഷൻ പോളിസി ഇൻഷ്വറൻസ് എടുത്തിട്ടുണ്ട്. തൊഴിലാളികളുടെ കുടുംബത്തിന് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

**വ്യവസായ വകുപ്പിനുകീഴിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലുള്ള ഭൂമി**

183 (568) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള വസ്തുവിന്റെ വിശദാംശങ്ങൾ ഏത് സ്ഥാപനം,എത്ര ഭൂമി എന്നീ വിവരങ്ങൾ സഹിതം വിശദമാക്കാമോ;

(സി) ഉപയോഗിക്കാത്ത ഭൂമിയുടെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പുന്നപ്ര ഡെവലപ്മെന്റ് പ്ലോട്ടിൽ 28.28 ഏക്കർ ഭൂമിയുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രം സ്ഥിതി ചെയ്യുന്ന 1.39 ഏക്കർ സ്ഥലവും ചേർത്ത് ആകെ 29.67 ഏക്കർ ഭൂമിയുണ്ട്.

(ബി) വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള വസ്തുവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പുന്നപ്ര വികസന പ്ലോട്ടിൽ 152.3 സെന്റ് ഭൂമി ഉപയോഗിക്കാതെയുണ്ട്. ഇവിടെ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

## ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

184 (569) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായവകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) ഇടുക്കി ജില്ലയിൽ കെ.എസ്.ഐ.ഡി.സി. ഒരു ഫീഡർ വിമാനത്താവളം സ്ഥാപിക്കുന്നതിനുവേണ്ടി സാങ്കേതിക-സാമ്പത്തിക സാധ്യതാ പഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തുവാൻ ന്യൂഡൽഹിയിലെ ഐ.എഫ്.സി.ഐ.-യെ ചുമതലപ്പെടുത്തി. ഈ പദ്ധതിക്കുവേണ്ടി 37,99,577 രൂപ ചെലവായി. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള സർവ്വേ നടപടികൾ ആരംഭിച്ച അവസരത്തിൽ സ്ഥലവാസികളുടെ പ്രക്ഷോഭം കാരണം സാധ്യതാ പഠനം പൂർത്തീകരിക്കുവാൻ സാധിച്ചില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ ബോർഡ് വഴി പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി, എന്റെ ഗ്രാമം, എസ്.ടി. പൂൾ ഫണ്ട് എന്നിവ നടപ്പിലാക്കി.

ഖാദി ഗ്രാമ വ്യവസായ ബോർഡ് ഇടുക്കി നിയോജകമണ്ഡലത്തിൽ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിപ്രകാരം 20 വ്യവസായ യൂണിറ്റുകൾക്കായി 27.57 ലക്ഷം രൂപ മാർജിൻ മണിയായി അനുവദിച്ചു. എന്റെ ഗ്രാമം പദ്ധതി പ്രകാരം 12 യൂണിറ്റുകൾക്കായി 10,1,870 രൂപ സബ്സിഡി അനുവദിച്ചു. കൂടാതെ എസ്.ടി. പൂൾ ഫണ്ടിൽ നിന്നും ലഭിച്ച 10,35,400 രൂപ ഉപയോഗിച്ച് 16 തറികൾ സ്ഥാപിച്ച് 16 വനിതകൾക്ക് നെയ്ത്ത് പരിശീലനവും നൽകി.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കൈത്തറി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കണ്ണൂർ സൈബർ പാർക്ക്**

185 (570) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം -കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന " കണ്ണൂർ സൈബർ പാർക്ക്" നിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനമാണ് ഇപ്പോൾ നടക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന കണ്ണൂർ സൈബർ പാർക്കിൽ വൈദ്യുതി, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ 50,000 ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഒരു ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ബി) കണ്ണൂർ ജില്ലയിലെ ഐ.ടി. പാർക്കിൽ നിലവിൽ 11.44 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിന്റെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| Type of Work | | Amount in Crores ₹ |
|---|---|---|
| 1. Civil Works | | 8.29 |
| 2. Pre Engineered Steel | Building | 3.15 |
| | Total | 11.44 |

ഇതുകൂടാതെ 2.5 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസനങ്ങൾ കെ.എസ്.ഐ.ടി.ഐ.എൽ. ഇവിടെ നടത്തിയിട്ടുണ്ട്.

(സി) 50,000 ചതുരശ്ര അടിയുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം ഒക്ടോബർ 2016-ഓടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ചടയമംഗലം നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ**

186 (571) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജകമണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മുഖേന എന്തെങ്കിലും വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തുതലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ വ്യവസായ വകുപ്പ് മുഖേന സംരംഭകത്വ സഹായ പദ്ധതി, സംസ്ഥാന നിക്ഷേപ സഹായധനം എന്നീ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

സംരംഭകത്വ സഹായ പദ്ധതിയിൽ 6,67,367 രൂപയും സംസ്ഥാന നിക്ഷേപ സഹായധന പദ്ധതിയിൽ 8,33,151 രൂപയും സംരംഭകർക്ക് നൽകിയിട്ടുണ്ട്.

ഖാദിമേഖലയുടെ ആധുനികവത്ക്കരണത്തിന് 7,44,650 രൂപയും എന്റെ ഗ്രാമം വായ്പാ പദ്ധതി പ്രകാരം നാല് വ്യവസായ യൂണിറ്റുകൾക്ക് 2,30,107 രൂപ മാർജിൻ മണി ഗ്രാന്റായും പ്രധാനമന്ത്രിയുടെ ഗ്രാമീണ തൊഴിൽദാന പദ്ധതി പ്രകാരം പുതിയതായി അനുവദിച്ച 3 യൂണിറ്റുകൾക്ക് 12.17 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്.

കൈത്തറി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ബിസിനസ് റ്റു ബിസിനസ് എക്സിബിഷൻ

187 (572) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിസിനസ്സ് റ്റു ബിസിനസ്സ് എക്സിബിഷൻ സംഘടിപ്പിച്ചതിന്റെ ഫലമായി എന്തൊക്കെ മാറ്റങ്ങളാണ് വ്യവസായ മേഖലയിൽ വന്നിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ.-കൾക്ക് വേണ്ടി 2015 ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചിയിൽ നടത്തിയ കേരള ബിസിനസ് ടു ബിസിനസ് മീറ്റിൽ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈയിൽസ് & ഗാർമെന്റ്സ്, റബ്ബർ, മര വ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുളപോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള 150 ചെറുകിട ഉത്പാദകർക്ക് അവരുടെ ഉത്പന്നങ്ങളും സാങ്കേതികവിദ്യയും പ്രദർശിപ്പിക്കുന്നതിനും സംസ്ഥാനത്തിനു പുറത്തുള്ള ആവശ്യക്കാരുമായി നേരിട്ട് സംവദിക്കുന്നതിനുമുള്ള അവസരം ലഭിച്ചു.

ഈ മീറ്റിൽ പങ്കെടുത്ത ചെറുകിട വ്യവസായികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണന സാധ്യത കണ്ടെത്തുവാൻ സാധിക്കുകയും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുവാനുള്ള അവസരം കിട്ടുകയും ചെയ്തു.

## മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം

188 (573) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവൂരിൽ പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

മാവൂരിൽ പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കിൻഫ്ര അധികൃതരുമായി നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സന്നദ്ധത ബിർല ഗ്രൂപ്പ് അറിയിച്ചിട്ടുണ്ട്.

* ജനറൽ മാനുഫാക്ചറിംഗ് & സർവീസ് പാർക്ക്

* ഹൈടെക് മാനുഫാക്ചറിംഗ് & സർവീസ് പാർക്ക്

* നൈപുണ്യ വികസന പാർക്ക്

* സാമൂഹിക അടിസ്ഥാന വികസനവും അനുബന്ധപദ്ധതികളും

**പരമ്പരാഗത വ്യവസായ സംരക്ഷണം**

189 (574) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ പരമ്പരാഗത വ്യവസായ സംരക്ഷണത്തിനായി ഓരോ വർഷവും ചെലവിട്ട തുക വ്യക്തമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ഒട്ടേറെ ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതി പ്രകാരം പുതിയ നെയ്ത്ത് തൊഴിലാളികളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കുഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവൃത്തിപ്പിക്കുകയും ചെയ്തുവരുന്നു. ഈ നടപടികളുടെ ഫലമായി കൈത്തറി മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും ഉൽപാദനം വർദ്ധിക്കുകയും ഉൽപ്പന്നങ്ങൾക്കുള്ള ഡിമാന്റ് വർദ്ധിക്കുകയും വിപണി വളരെയധികം വർദ്ധിപ്പിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന് പ്രവർത്തന മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ 10 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്കും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികൾക്കായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖാന്തരം മിനിമം വേതനം പദ്ധതി നടപ്പാക്കിവരുന്നു.

പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം അനുവദിച്ചു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നാളികേര വികസന ബോർഡുമായുള്ള ഒരു പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർ സഹകരണ

സംഘങ്ങൾക്ക് പുനരുദ്ധാരണപദ്ധതിപ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർമേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ സ്ഥാപിക്കുവാനും ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് 10% റിബേറ്റും ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റും നൽകിവരുന്നു. ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് നൽകിയും അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ പരമ്പരാഗത വ്യവസായ സംരക്ഷണത്തിനായി ഓരോ വർഷവും ചെലവിട്ട തുക ചുവടെ ചേർക്കുന്നു:

<u>കൈത്തറി മേഖല</u>

| വർഷം | തുക |
|---|---|
| 2011-12 | 62.05 കോടി |
| 2012-13 | 53.73 കോടി |
| 2013-14 | 71.671 കോടി |
| 2014-15 | 50.91 കോടി |
| 2015-16 | 46.30 കോടി |

കശുവണ്ടി മേഖല

| വർഷം | തുക |
|---|---|
| 2011-12 | 47.5 കോടി |
| 2012-13 | 60.9 കോടി |
| 2013-14 | 87 കോടി |
| 2014-15 | 48 കോടി |
| 2015-16 | 60 കോടി |

കരകൗശല മേഖല

| വർഷം | തുക |
|---|---|
| 2011-12 | 2.51 കോടി |
| 2012-13 | 3.7819 കോടി |
| 2013-14 | 3.9099 കോടി |
| 2014-15 | 6.0768 കോടി |

കയർ മേഖല

| വർഷം | തുക |
|---|---|
| 2011-12 | 89,97,49,884 |
| 2012-13 | 102,38,39,301 |
| 2013-14 | 71,40,75,429 |
| 2014-15 | 64,35,44,632 |
| 2015-16 | 47,55,67,601 |

ഈറ്റ-പനമ്പ് നെയ്ത്ത് മേഖല

| വർഷം | തുക |
|---|---|
| 2011-12 | 1.6 കോടി |
| 2012-13 | 5.2105 കോടി |
| 2013-14 | 8.16 കോടി |
| 2014-15 | 8 കോടി |
| 2015-16 | 3.35 കോടി |

ഖാദി-ഗ്രാമവ്യവസായ മേഖല

| വർഷം | തുക |
|---|---|
| 2011-12 | 24.26 കോടി |
| 2012-13 | 32.81 കോടി |
| 2013-14 | 42.65 കോടി |
| 2014-15 | 25.416 കോടി |
| 2015-16 | 26.976 കോടി |

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭം**

190 (575) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ 2013-14, 2014-15 വർഷത്തെ ലാഭ-നഷ്ടക്കണക്ക് വ്യക്തമാക്കുമോ;

(ബി) ലാഭം കുറഞ്ഞിട്ടുണ്ടെങ്കിൽ, അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2013-14, 2014-15 കാലയളവിലെ ലാഭ-നഷ്ടകണക്കുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, വൈദ്യുതി ചാർജ്ജിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**ലൈറ്റിംഗ് ഡിവിഷൻ വികസന പദ്ധതികൾ**

191 (576) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ മൂടാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ മുൻ സർക്കാറിന്റെ കാലത്ത് നടപ്പിലാക്കിയ വികസന പദ്ധതികൾ എന്തെല്ലാം;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അതിന്റെ തുടർനടപടികളായി ഈ സർക്കാറിന്റെ കാലത്ത് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇവിടെ എൽ.ഇ.ഡി.മാനുഫാക്ചറിംഗ് &ഡെവലപ്പ്മെന്റ് സ്കീമിൽ സർക്കാർ അനുവദിച്ച പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര തുക അനുവദിച്ചു; വിശദമാക്കാമോ;

(ഡി) ലൈറ്റിംഗ് ഡിവിഷന്റെ പൊതുവികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ മുൻപിൽ സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി മൂടാടി പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന കെൽട്രോൺ യൂണിറ്റിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. എനർജി മീറ്റർ കാർഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ എസ്.എം.ടി. മെഷീൻ സ്ഥാപിച്ചു. എനർജി മീറ്റർ കാർഡുകൾ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന് നൽകിയിരുന്നെങ്കിലും സാങ്കേതിക പ്രശ്നങ്ങളാൽ പദ്ധതി ഉപേക്ഷിച്ചു.

2. ഐ.ടി. കമ്പ്യൂട്ടർ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് എൻ.ടി.ടി.എഫുമായി ചേർന്ന് പരിശീലന ക്ലാസ്സുകൾ ആരംഭിച്ചു. രണ്ടു ബാച്ചുകൾക്കുശേഷം വിദ്യാർത്ഥികൾ കുറവായതിനാൽ ക്ലാസ്സുകൾ നിർത്തലാക്കി.

(ബി) മൂടാടി യൂണിറ്റിനെ വിവിധ ശ്രേണിയിലുള്ള എൽ.ഇ.ഡി. ലൈറ്റുകൾ നിർമ്മിച്ചു നൽകുന്നതിനും അവയുടെ ഗുണപരിശോധനയ്ക്കുമുള്ള കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനായി നവീകരിച്ചും പ്രവർത്തനം നടത്തിവരുന്നു.

(സി) എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഓർഡറുകൾ കമ്പനിക്ക് ലഭിക്കുകയും അവ നടപ്പിലാക്കുകയും ചെയ്യുന്നു.

(ഡി) മറ്റു ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്.

## പാലക്കാട് മെഗാഫുഡ് പാർക്ക്

192 (577) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ കീഴിൽ പാലക്കാട് മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കും;

(സി) ഈ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി എത്ര തുകയാണ് ഈ വർഷം നൽകിയത്;

(ഡി) ഈ തുക ഫുഡ് പാർക്ക് തുടങ്ങുന്നതിനുള്ള പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന് മതിയാകുമോ;

(ഇ) പാർക്കിന്റെ നിർമ്മാണപ്രവൃത്തി ഈ സർക്കാരിന്റെ കാലയളവിൽ ഏതുഘട്ടം വരെ പൂർത്തികരിക്കാൻ സാധിക്കുമെന്ന് വ്യക്തമാകുമോ?

ഉത്തരം

(എ) പാലക്കാട് മെഗാ ഫുഡ് പാർക്കിന് കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ അന്തിമ അനുമതി 27-11-2015-ൽ ലഭിച്ചു. പദ്ധതിയുടെ പ്രാരംഭഘട്ട നിർമ്മാണ പ്രവൃത്തികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം ആരംഭിച്ചു. മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ വിളിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) മെഗാഫുഡ് പാർക്കിന്റെ പ്രവർത്തനം 2018 ഫെബ്രുവരിയിൽ പൂർത്തീകരിക്കാനാണ് കിൻഫ്ര ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാന സർക്കാർ 2015-16 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 2 കോടി രൂപ നൽകിയിട്ടുണ്ട്.

(ഡി) 2 കോടി രൂപ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് മാത്രമേ വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം ധ്രുതഗതിയിൽ നടന്നുവരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഈ കാലയളവിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

## പരമ്പരാഗത മേഖലയിലെ തൊഴിലവസരങ്ങൾ

193 (578) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ബഡ്ജറ്റിൽ നീക്കിവച്ച തുക പൂർണ്ണമായും ഈ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത വ്യവസായത്തിന് ഈ തുക ഉപയോഗിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിച്ച രീതിയിൽ തുക വിനിയോഗിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം ഈ മേഖലയിലെ നിലവിലുള്ളവ സംരക്ഷിക്കുന്നതിനും പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ബഡ്ജറ്റിൽ നീക്കിവെച്ച തുക പൂർണ്ണമായും ഈ ആവശ്യങ്ങൾക്കുമാത്രമേ ഉപയോഗിച്ചിട്ടുള്ളൂ.

(ബി) ഉണ്ട്.

(സി) ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് പരമ്പരാഗത വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപവും തൊഴിൽ അവസരങ്ങളും ഇതുമൂലം സംജാതമായിട്ടുണ്ട്.

## ഗ്യാരന്റി കമ്മിഷൻ - കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ

194 (579) ശ്രീ. കെ. രാധാകൃഷണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല സ്ഥാപനങ്ങളുടെ ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും കുടിശ്ശിക തുക എത്രയാണെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഗ്യാരന്റി കമ്മിഷൻഇനത്തിൽ 31-12-2015 വരെ പിരിഞ്ഞുകിട്ടാനുള്ള തുക 239,145,530 രൂപ (ഇരുപത്തിമൂന്ന കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്)യാണ്.

(ബി) കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും കുടിശ്ശിക തുക എത്രയാണെന്നുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

**ടെക്നോളജി ക്ലിനിക്ക്**

195 (580) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള ടെക്നോളജി ക്ലിനിക്ക് പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിപാടിക്കായി എത്ര തുക ,ഏതെല്ലാം വിധത്തിൽ ചെലവിട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ടെക്നോളജി ക്ലിനിക്ക് ചെറുകിട വ്യവസായങ്ങളെ ശാക്തീകരിക്കുന്നതിന് എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ സംസ്കരണ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ, ഭക്ഷ്യ സുരക്ഷാ നിയമം, പാക്കേജിംഗ്, കിഴങ്ങുവർഗ്ഗങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മെഷിനറി കാറ്റലോഗ് ഷോ, റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, പാരമ്പര്യേതര ഊർജ്ജ വ്യവസായങ്ങൾ, പാൽ ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങൾ, ബാർ കോഡിംഗ്, ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ക്വാളിറ്റി സ്റ്റാൻഡേർഡ്സ് എന്നീ മേഖലകളിലെ നൂതന ആശയങ്ങൾ സംരംഭകർക്ക് വിശദമാക്കുന്നതിനും അതുവഴി പുതിയ സംരംഭകരെ ഈ മേഖലകളിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് വേണ്ട കൈത്താങ്ങ് നൽകുന്നതിനും വേണ്ടിയാണ് ടെക്നോളജി ക്ലിനിക്ക് സംഘടിപ്പിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ ഇടുക്കി, വയനാട്, പത്തനംതിട്ട ജില്ലകൾക്ക് 80,000 രൂപ വീതവും മറ്റു ജില്ലകൾക്ക് 90,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കൂടാതെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഓരോ ജില്ലയ്ക്കും 1 ലക്ഷം രൂപ വീതം ടെക്നോളജി ക്ലിനിക്ക് പരിപാടിക്കായി അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. റബ്ബറിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ചക്ക ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങളുടെ ഭക്ഷ്യ സംസ്കരണം, പാരമ്പര്യേതര ഊർജ്ജ വ്യവസായം, ജനറൽ എഞ്ചിനീയറിംഗ് തുടങ്ങി വൈവിധ്യമാർന്ന വ്യവസായ മേഖലകളിലെ സംരംഭകർക്ക് ടെക്നോളജി ക്ലിനിക്കുകളിലൂടെ നൂതന പരിശീലനമാണ് നൽകിയിട്ടുള്ളത്. പരിശീലനത്തിനുശേഷം സംരംഭങ്ങൾ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പരിശോധിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാകുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും വിപണനം വർദ്ധിക്കുകയും തദ്വാര സാമ്പത്തിക പുരോഗതി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ടെക്നോളജി ക്ലിനിക്കുകൾ സംരംഭകർക്ക് പ്രയോജനകരമാകത്തക്ക രീതിയിലാണ് നടപ്പാക്കിയിട്ടുള്ളത്.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

196 (581) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ പൂട്ടിക്കിടക്കുന്നു;

(ബി) ഇപ്രകാരം പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥാവരജംഗമ വസ്തുക്കൾ ഉൾപ്പെടെയുള്ള ആസ്തിയും, കടബാധ്യതയും എത്ര എന്നുള്ള വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളോരോന്നും ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തുവെന്നും സ്ഥാപനം പൂട്ടുമ്പോൾ അവർ എടുത്ത വായ്പ എത്രയാണെന്നും പലിശ ഉൾപ്പെടെ നിലവിൽ വായ്പ എത്ര തുക എന്നും സ്ഥാപനം തിരിച്ച് വിശദമാക്കുമോ;

(ഡി) ഇപ്രകാരമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും പൂട്ടിയപ്പോൾ എത്ര തൊഴിലാളികൾ ഉണ്ടായിരുന്നു എന്നും ഇവരുടെ പുനരധിവാസത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും നിലവിലുണ്ടായിരുന്ന തൊഴിലാളികളിൽ ആത്മഹത്യ ചെയ്തവർ എത്രയെന്നും അവർ ആരെല്ലാം എന്നും അവരുടെ കുടുംബത്തിന് എന്തു സഹായം നൽകിയെന്നും സ്ഥാപനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഇത്തരത്തിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം പൂട്ടിക്കിടന്നിരുന്നോ; വിശദമാക്കുമോ;

(എഫ്) ഇത്തരത്തിൽ പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളുടെ ആസ്തികൾ വ്യാവസായിക വികസനത്തിനുവേണ്ടി ഉപയോഗിക്കാനായി എന്തു നടപടികൾ സ്വീകരിച്ചുവെന്നും പ്രസ്തുത സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിച്ച് തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചു പൂട്ടിയിട്ടില്ല. എന്നാൽ കണ്ണൂരിലെ കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ കീഴിലുള്ള പഴയങ്ങാടിയിലെ ക്ലേ യൂണിറ്റിന്റെ ഖനന പ്രോസസ്സിംഗ് പ്രവർത്തനങ്ങൾ മലിനീകരണ പ്രശ്നങ്ങൾ കാരണം നിർത്തിവച്ചിട്ടുണ്ട്.

(സി&ഡി) ബാധകമല്ല.

(ഇ&എഫ്) വ്യവസായ വകുപ്പിന്റെ അധീനതയിൽ വർഷങ്ങളായി പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. Keltron Counters Ltd - *Non operational since 2002*

2. Keltron Power Devices Ltd - *Operations stopped in 2001*

3. Keltron Rectifiers Ltd - *Operations stopped in 2003 based on BIFR decision*

4. Kerala State Detergents & Chemicals Ltd - *Non operational since 2002*

5. *A*stral Watches Ltd - *Non operational since 2002*

6. Kerala Garments Ltd - *Non operational since 2007*

7. Kerala Special Refractories Ltd - *Operations stopped in 2000*

*8.* Sidkel Televisions Ltd - *Operations stopped in 2001*

ദീർഘകാലമായി പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ

സ്ഥാപനങ്ങളുടെ പുനരുദ്ധാരണം സാദ്ധ്യമാകാത്ത സാഹചര്യത്തിൽ അവയുടെ ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇവയുടെ സ്ഥലവും കെട്ടിടങ്ങളും മറ്റ് ആസ്തികളും വ്യാവസായിക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ കെൽട്രോൺ, കിൻഫ്രാ, കെ.എസ്.ഐ.ഇ., കെ.എസ്.ഐ.ഡി.സി., ഹാൻവീവ് എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

197 (582) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയാണെന്നും; അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ലാഭത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടത്തിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവൃത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷം ലാഭത്തിൽ പ്രവൃത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) നഷ്ടത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏകദേശം 880 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

## പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

198 (583) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തിയിട്ടുണ്ടോ; അവയെ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

### ഉത്തരം

പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ഒട്ടേറെ ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതി പ്രകാരം പുതിയ നെയ്ത്ത് തൊഴിലാളികളെ ഈ മേഖലയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവൃത്തിപ്പിക്കുകയും ചെയ്തുവരുന്നു. ഈ നടപടികളുടെ ഫലമായി കൈത്തറി മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും ഉൽപ്പാദനം വർദ്ധിക്കുകയും ഉൽപ്പന്നങ്ങൾക്കുള്ള ഡിമാന്റ് വർദ്ധിക്കുകയും വിപണി വളരെയധികം വർദ്ധിപ്പിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി

വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും സഹകരണ സ്ഥാപനമായ കാപെക്സിന്റെയും നവീകരണത്തിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന് പ്രവർത്തന മൂലധനത്തിന്റെ അഭാവം പരിഹരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷത്തിൽ 10 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ എന്നിവയ്ക്കും സഹകരണ സ്ഥാപനമായ സുരഭിക്കും അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ്, തൊഴിലധിഷ്ഠിത വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്കായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിൽ വരുന്ന ആർട്ടിസാൻസ് കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ആർട്ടിസാൻസ് വനിതകൾക്കായി ഒട്ടനവധി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വിവിധ ജില്ലകളിൽ സർക്കാരിന്റെ ധനസഹായത്തോടെ കാഡ്കോ നടത്തിവരുന്നു. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിലെ തൊഴിലാളികൾക്കായി കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ മുഖാന്തിരം മിനിമം വേതനം പദ്ധതി നടപ്പാക്കിവരുന്നു.

പരമ്പരാഗത വ്യവസായമായ കയർമേഖലയിൽ ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനായി കയർഫെഡിന് ധനസഹായം അനുവദിച്ചു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നാളികേര വികസന ബോർഡുമായുള്ള ഒരു പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതിപ്രകാരം പ്രവർത്തന മൂലധനമുൾപ്പെടെയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർമേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ സ്ഥാപിക്കുവാനും ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഖാദി മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വിവിധ പരമ്പരാഗത വ്യവസായങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളേയും മറ്റ് ഖാദി സ്ഥാപനങ്ങളേയും പുനരുദ്ധരിക്കുന്നതിനായി സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് സർക്കാർ ധനസഹായത്തോടെ മിനിമം വേതനം നൽകിവരുന്നുണ്ട്. ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഖാദി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് 10% റിബേറ്റും ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റും നൽകിവരുന്നു. ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് നൽകിയും അവർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഖാദിമേഖലയുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സഹായത്തോടുകൂടി ഖാദി വസ്ത്രങ്ങളുടെ ഡിസൈൻ ആകർഷകമാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

199 (584) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിൽ പ്രവൃത്തിക്കുന്നു; അവ ഏതെല്ലാം;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മേൽ സ്ഥാപനങ്ങളിൽ ഏതെല്ലാം ലാഭത്തിൽ പ്രവൃത്തിച്ചിരുന്നു എന്ന് വിശദമാക്കുമോ;

(സി) നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ആഡിറ്റിനു മുമ്പുള്ള കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവൃത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) ലാഭത്തിൽ പ്രവൃത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 880 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകംതന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

## പട്ടുനൂൽ വ്യവസായം

200 (585) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സെറിഫെഡ് മുഖേന പട്ടുനൂൽ വ്യവസായം വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഉദ്ദേശിച്ച തരത്തിൽ പ്രാവർത്തികമാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(സി) പട്ടുനൂൽ കൃഷി പ്രോൽസാഹനത്തിനായി ബഡ്ജറ്റിൽ നീക്കിവച്ച തുക ഈ ആവശ്യത്തിലേയ്ക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമൂലം ഈ രംഗത്ത് ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) സെറിഫെഡിന് കീഴിൽ പോസ്റ്റ് കൊക്കൂൺ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ 5-8-2015-ലെ സർക്കാർ GO(MS) No.109/2015/D പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ ഖാദി ബോർഡിന് കീഴിലുള്ള പട്ടണക്കാട്, ഉദുമ എന്നിവിടങ്ങളിലെ സെറികൾച്ചർ കോംപ്ലക്സുകൾ സെറിഫെഡിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇത് കൂടാതെ കൊല്ലം ജില്ലയിലെ ഇളമാടുള്ള സെറികൾച്ചർ കോംപ്ലക്സ് നിലവിൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കൈവശമാണ്. ആയത് സെറിഫെഡിന് തിരികെ നൽകുവാനുള്ള ചർച്ചകൾ കൊല്ലം

ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് നടത്തിവരുന്നു. സെറികൾച്ചർ കോംപ്ലക്സുകളുടെ കൈമാറ്റം പൂർത്തിയാകുന്ന മുറയ്ക്ക് സെറിഫെഡിന്റെ പ്രവർത്തനം കേന്ദ്ര സർക്കാരിന്റെയും സെൻട്രൽ സിൽക്ക് ബോർഡിന്റെയും സഹായത്തോടെ പുനരാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പട്ടുനൂൽ കൃഷിക്കുവേണ്ടി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ഫണ്ട് വിഹിതം ലഭ്യമാക്കിയിട്ടില്ല. 2015-16-ൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഗ്രാമ വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന പട്ടുനൂൽ കൃഷിവികസന പദ്ധതിക്ക് കാര്യമായ പുരോഗതി ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 50 മെട്രിക് ടൺ കൊക്കൂൺ ഉല്പാദിപ്പിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഡിസംബർ മാസം വരെ 60.4 മെട്രിക് ടൺ കൊക്കൂൺ ഉല്പാദനം നടത്തിയിട്ടുണ്ട്. ഈ വർഷം ഉല്പാദനം 70 മെട്രിക് ടൺ ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

## കാസർഗോഡ് - തിരുവനന്തപുരം അതിവേഗ റെയിൽപാത

201 (586) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - തിരുവനന്തപുരം അതിവേഗ റെയിൽ പാതയുടെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവുവരും എന്നും ഈ പണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്നും എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് - തിരുവനന്തപുരം അതിവേഗ റെയിൽ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് അതിവേഗ റെയിൽ കോർപ്പറേഷന് DMRC ലഭ്യമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 526 കി.മീറ്റർ ദൈർഘ്യമുള്ള ഒരു അതിവേഗ റെയിൽപ്പാതയാണ് വിഭാവനം ചെയ്യുന്നത്. 90 കി. മീറ്റർ ഉപരിതലങ്ങളിലും 297 കി. മീറ്റർ തൂണിന് മുകളിലും 126 കി. മീറ്റർ ഭൂമിക്കടിയിൽ കൂടിയുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ ആവശ്യത്തിലേക്കുള്ള ട്രാക്കിന് 20 മീറ്റർ വീതിയിൽ സ്ഥലം

ആവശ്യമാണ്. പാതയുടെ റൂട്ട്, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ഡി.എം.ആർ.സി.-യാണ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നത്. സർവ്വേ ജോലികൾ തടസ്സപ്പെട്ടതുകാരണം പ്രതീക്ഷിച്ച സമയത്ത് പദ്ധതി രൂപരേഖ തയ്യാറാക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി സർവ്വേ ജോലികൾ പൂർത്തീകരിച്ച് പദ്ധതിരേഖ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2011-ലെ പ്രാരംഭ കണക്ക് പ്രകാരം തിരുവനന്തപുരം - കാസർഗോഡ് പാതയ്ക്ക് 1.2 ലക്ഷം കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി ചെലവിലേയ്ക്കായി വിവിധ സാമ്പത്തിക സ്രോതസ്സുകൾ പരിഗണിച്ച് വരുന്നതേയുള്ളൂ.

(സി) 2011-12 സാമ്പത്തിക വർഷത്തിൽ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് 50 കോടി രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയും അനുവദിച്ചു. ഇതുവരെ ഡി.എം.ആർ.സി.-ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 21 കോടി രൂപ നൽകിയതുൾപ്പെടെ മൊത്തം 23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## എമർജിംഗ് കേരള നിക്ഷേപ സംഗമം

202 (587) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള നിക്ഷേപ സംഗമം വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

### ഉത്തരം

(എ & സി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിംഗ് കേരള സംഗമം സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയത്.

എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികൾ കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടപ്പാക്കുന്നത്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു.

എമർജിംഗ് കേരളയിൽ അവതരിപ്പിച്ചതും ഭാവിയിൽ ലഭ്യമാകുന്നതുമായ പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നയപരമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയ്ക്ക് തുടർന്നും അവതരിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായും ബന്ധപ്പെട്ട മന്ത്രിമാരും പ്രഗല്ഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

ഇതുകൂടാതെ, പ്രോജക്റ്റുകളെ കുറിച്ച് വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറായും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചു.

എമർജിംഗ് കേരളയിൽ ലഭിച്ച ആശയങ്ങളേയും പദ്ധതികളേയും കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിലെ മുൻ സെക്രട്ടറിയായ ശ്രീ. മാധവൻ നമ്പ്യാർ ചെയർമാനായി ഇൻവെസ്റ്റ് പ്രൊമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

## നിർമ്മാണ വ്യവസായ മേഖല

203 (588) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ വ്യവസായ മേഖല പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ മണൽ, കരിങ്കല്ല്, ചല്ലി എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മണലിന്റെയും നിർമ്മാണ സാമഗ്രികളുടെയും അമിത വിലയാണ് നിർമ്മാണ മേഖലയെയും ഹോളോബ്രിക്സ് ഉൾപ്പെടെയുള്ള ചെറുകിട വ്യവസായങ്ങളെയും പ്രതികൂലമായി ബാധിക്കുന്നത്. ധാതുഖനനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കി ബഹുമാനപ്പെട്ട സുപ്രീം കോടതിയും ഹൈക്കോടതിയും ഉത്തരവായിരുന്നു. തത്ഫലമായി എൻവയോൺമെന്റൽ ക്ലിയറൻസ് ഇല്ലാതെ ഖനനാനുമതി നൽകാൻ കഴിയാതെ വന്നത് ഈ മേഖലയിൽ പ്രതിസന്ധിയുണ്ടാക്കിയിരുന്നു. അനുമതികൾ ദ്രുതഗതിയിൽ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 7-12-2015-ൽ വന്ന സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരിങ്കല്ല് ക്വാറികൾക്ക് ഒരു വർഷ കാലാവധിയിൽ ക്വാറിയിംഗ് പെർമിറ്റുകൾ നൽകിവരുന്നു. അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽ നിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കരിങ്കൽ, ഖനന മേഖലയിലെ പ്രശ്നപരിഹാരത്തിനായി ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

**കുറ്റ്യാടി നാളികേര പാർക്ക്**

204 (589) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കുറ്റ്യാടി നാളികേര പാർക്കിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് കോടതികളിൽ കേസുണ്ടായിട്ടുണ്ടോ എന്നും എങ്കിൽ വിധി വന്നിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ സംബന്ധിച്ച് സർക്കാർ കോടതിയിൽ ഹാജരാക്കിയിട്ടുള്ള രേഖകളുടെയും കൗണ്ടർ സ്റ്റേറ്റ്മെന്റുകളുടെയും വിധിപ്പകർപ്പിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) കോടതിയിൽ കേസ് വന്നതിനുശേഷം നാളികേര പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിർദ്ദിഷ്ട കുറ്റ്യാടി നാളികേര പാർക്കിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് സ്ഥലം ഉടമ ഉയർന്ന നഷ്ടപരിഹാരത്തിനുവേണ്ടി ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും കോടതി 07-10-2015-ന് സ്ഥലം ഉടമയ്ക്ക് ഉയർന്ന നഷ്ടപരിഹാരം നൽകുവാൻ വിധി പ്രസ്താവിക്കുകയും ചെയ്തു. എൽ.എ. ആക്ടിന്റെ സെക്ഷൻ 11(1) അനുസരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി മൂന്നു മാസത്തിനകം വീണ്ടും നടത്തുവാൻ കോടതി നിർദ്ദേശിച്ചു. ഈ വിധിക്കെതിരെ കെ.എസ്.ഐ.ഡി.സി. അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) ഈ കേസിൽ വ്യവസായ വകുപ്പ് ഒരു കക്ഷിയല്ല.

(സി) കോടതിയിൽ കേസ് വന്നതിനുശേഷം നാളികേര പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

## കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

205 (590) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ വ്യവസായവകുപ്പിന്റെ കീഴിൽ പ്രവൃത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; ഈ സ്ഥാപനങ്ങൾ ഏത് കാലത്താണ് ആരംഭിച്ചത്; ഉടങ്ങിയ സ്ഥാപനങ്ങൾ ഏതെങ്കിലും അടച്ച് പൂട്ടിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണ്; അവ പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതിയതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളിൽ കെ.എസ്.ഐ.ഡി.സി., കിൻഫ്ര, ഖാദി ബോർഡ് എന്നിവ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കൈത്തറി ഡയറക്ടറേറ്റ്, സിഡ്കോ എന്നിവിടങ്ങളിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

206 (591) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാത്തതു കാരണം കോടിക്കണക്കിനു രൂപയുടെ യന്ത്രസാമഗ്രികൾ തുരുമ്പ് എടുത്ത് പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് കാരണക്കാർ ആരാണെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ പൊതുമേഖലയിൽ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ & ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായ ഉദുമ ടെക്സ്റ്റയിൽ മിൽ കാസർഗോഡ് ജില്ലയിലാണ്. മില്ലിൽ ഇതുവരെ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടില്ല.

(സി) നിയമനപ്രക്രിയയുടെ നിയമസാധുത ചോദ്യം ചെയ്തുകൊണ്ട് വിവിധ കേസുകൾ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ പരിഗണനയിലായതു കൊണ്ട് ജീവനക്കാരെ നിയമിച്ച് പ്രവർത്തനം തുടങ്ങുവാൻ സാധിക്കാത്തതാണ് പ്രധാന കാരണം.

(ഡി) ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല.

## പൊതുമേഖലാ സ്ഥാപനങ്ങൾ

207 (592) ശ്രീ. എളമരം കരീം:
ശ്രീ. പി. കെ. ഗുരുദാസൻ:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനും, പുനരുദ്ധരിക്കാനും കാര്യക്ഷമമാക്കാനും ഉതകുന്ന പദ്ധതികൾ മുഖ്യപരിഗണനയിൽ ഉണ്ടോ; ഈ രംഗത്ത് മുൻ സർക്കാരിന്റെ പദ്ധതികൾക്ക് തുടർച്ച ഉണ്ടാകാതിരുന്നതാണ് പൊതുമേഖലാസ്ഥാപനങ്ങൾ പ്രതിസന്ധിയിലകപ്പെടാൻ കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ നഷ്ടത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയാണ്; ഇവയുടെ മൊത്തം നഷ്ടം എത്രയാണ്;

(സി) കഴിഞ്ഞ അഞ്ചു വർഷത്തെ ബഡ്ജറ്റുകളിലായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികൾ സാക്ഷാത്കരിക്കുവാൻ സാധ്യമായില്ല എന്നറിയിക്കുമോ;

(ഡി) നഷ്ടത്തിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് അനിവാര്യമായിട്ടുള്ള ഘടകങ്ങൾ എന്തെല്ലാമാണ്; അതിനായി പരിഗണനയിലുള്ളതും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതുമായ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഉതകുന്ന പദ്ധതികൾക്ക് മുഖ്യ പരിഗണനയാണ് സർക്കാർ നൽകിവരുന്നത്. അവയുടെ പുരോഗതിക്ക് അനുകൂലമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള മുൻസർക്കാരിന്റെ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികളും അവശ്യഘട്ടങ്ങളിൽ ധനസഹായമുൾപ്പെടെയുള്ള സഹായങ്ങളും സർക്കാർ നൽകിവരുന്നു. ഇന്ത്യയിലെ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കാഴ്ച വച്ചിട്ടുള്ളത്.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷം 30 സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവൃത്തിക്കുന്നു. ഇവയുടെ മൊത്തം നഷ്ടം 24119.00 ലക്ഷം രൂപയാണ്.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടത്തിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുവേണ്ടി ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും വിപണനരംഗം ശക്തിപ്പെടുത്തിയും ലാഭത്തിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമാവശ്യമായ പദ്ധതികളും നയസമീപനങ്ങളുമാണ് സ്വീകരിച്ചുവരുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെ പ്രവർത്തനം വിശദമായി പരിശോധിച്ച് അവയ്ക്കനുയോജ്യമായ ദീർഘ/ഹ്രസ്വകാല പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 880 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

208 (593) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട് ;

(ബി) ഇതിൽ പ്രവർത്തനക്ഷമമായവ ഏതെല്ലാമാണെന്നും പ്രവർത്തന ക്ഷമമല്ലാതെ കിടക്കുന്നത് ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(സി) പ്രവർത്തനക്ഷമമായതിൽ ലാഭകരമായി പ്രവൃത്തിക്കുന്നത് ഏതെല്ലാ മാണെന്നും ലാഭകരമല്ലാത്തത് ഏതെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതുമേഖലാ സ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുമടക്കം 44 സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. അവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* പ്രവർത്തനം നിർത്തലാക്കി ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ചുവരുന്ന എട്ട് സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. Keltron Counters Ltd - *Non operational since 2002*
2. Keltron Power Devices Ltd - *Operations stopped in 2001*
3. Keltron Rectifiers Ltd - *Operations stopped in 2003 based on BIFR decision*
4. Kerala State Detergents & Chemicals Ltd - *Non operational since 2002*
5. Astral Watches Ltd - *Non operational since 2002*
6. Kerala Garments Ltd - *Non operational since 2007*
7. Kerala Special Refractories Ltd - *Operations stopped in 2000*
8. Sidkel Televisions Ltd - *Operations stopped in 2001*

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15-ലെ കണക്കുകൾ പ്രകാരം ലാഭത്തിലും നഷ്ടത്തിലും പ്രവൃത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം**

209 (594) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവൃത്തിക്കുന്നുണ്ട്;

(ബി) നഷ്ടത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം; പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷം 14 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവൃത്തിച്ചു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവൃത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. നഷ്ടത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദ സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 880 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

## ലാഭത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

210 (595) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ എല്ലാ സ്ഥാപനങ്ങളും ഇപ്പോഴും ലാഭത്തിൽ പ്രവൃത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവൃത്തിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11 സാമ്പത്തിക വർഷം) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവൃത്തിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ 23 സ്ഥാപനങ്ങളിൽ 12 പൊതുമേഖലാ സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷം ലാഭത്തിലാണ് പ്രവൃത്തിച്ചത്.

വിദേശരാജ്യങ്ങളിൽ നിന്നുള്ള ടൈറ്റാനിയം ഡയോക്സൈഡിന്റെ അനാരോഗ്യകരമായ ഇറക്കുമതി, കെ.എം.എം.എൽ., റ്റി.റ്റി.പി. എന്നീ കമ്പനികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. എൻ.ടി.പി.സി.-മായുള്ള കരാർ പ്രകാരം വിഭാവനം ചെയ്തിരുന്ന വികസന പദ്ധതികൾ പൂർണ്ണ തോതിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ടെൽക്കിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. വ്യവസായ മേഖലയിലുണ്ടായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ ഉണ്ടായിട്ടുള്ള വിലത്തകർച്ചയും മാന്ദ്യവും ആ മേഖലയിലുള്ള സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം മൂലം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷം 14 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവൃത്തിച്ചു. സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

## കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

211 (596) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സംസ്ഥാന നിക്ഷേപ സഹായധന പദ്ധതിയിൽ 45.24 ലക്ഷം രൂപ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് സ്വയംതൊഴിൽ പദ്ധതിയിൽ 2.67 ലക്ഷം രൂപ, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയിൽ 126.25 ലക്ഷം രൂപ, വനിത വ്യവസായ സ്കീം - 5.79 ലക്ഷം രൂപ, സംരംഭകത്വ സഹായ പദ്ധതിയിൽ 72.1 ലക്ഷം രൂപ എന്നിങ്ങനെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

കൈത്തറി ഡയറക്ടറേറ്റിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) നിലവിൽ പദ്ധതികൾക്കായി അപേക്ഷകൾ ഇല്ല.

**സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ**

212 (597) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥയെക്കുറിച്ചുള്ള പൊതുമേഖലാ പുനരുദ്ധാരണ ബോർഡിന്റെ വിലയിരുത്തലുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ചയിലേയ്ക്ക് പോകുകയാണുണ്ടായതെന്ന റിയാബിന്റെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ തകർച്ച നേരിടാനുണ്ടായ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുമേഖലയെക്കുറിച്ച് അവലോകനം നടത്തുന്നതിന് ബാദ്ധ്യതപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും പൊതുമേഖലയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് വെളിപ്പെടുമ്പോഴും പൊതുമേഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവത്തന പുരോഗതി മാസംതോറും അവലോകനം ചെയ്ത് പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് മന്ത്രിയുടെയും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും റിയാബിന്റെയും നേതൃത്വത്തിൽ വിശദമായ വിലയിരുത്തൽ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ബി & സി) ഈ സർക്കാരിന്റെ കാലയളവിൽ റിയാബിന്റെ ഇത്തരത്തിലുള്ള റിപ്പോർട്ടുകളൊന്നും നിലവിലില്ല.

ഇന്ത്യയിൽ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കാഴ്ച വച്ചിട്ടുള്ളത്.

വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, വിദേശരാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം എന്നിവമൂലം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് അവയ്ക്കുന യോജ്യമായി ദീർഘ/ഹ്രസ്വകാല പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏകദേശം 849.50 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തക്ക വിധത്തിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## ഒറ്റപ്പാലത്തെ വ്യവസായ സംരംഭങ്ങൾ

213 (598) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലത്തിന്റെ വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലത്ത് ഏതെല്ലാം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കാമോ;

(സി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് വ്യവസായ മേഖലയിൽ ലക്ഷ്യമിടുന്നത്; ആയതിന്റെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലത്തെ ഓരോ വ്യവസായ സ്ഥാപനത്തിനും എത്ര തുക അനുവദിച്ചു; എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഒറ്റപ്പാലം താലൂക്കിലെ ഓരോ ബ്ലോക്കിലും ഒന്നു വിതം സംരംഭക ബോധവത്ക്കരണ പരിപാടിയും താലൂക്ക് തലത്തിൽ ഒരു വ്യവസായ സെമിനാറും സംഘടിപ്പിച്ചു. 2014-15, 2015-16 വർഷങ്ങളിൽ ഓരോ ബ്ലോക്കിലും രണ്ടു വീതം സംരംഭക ബോധവത്ക്കരണ പരിപാടിയും താലൂക്ക് തലത്തിൽ ഒരു വ്യവസായ സെമിനാറും 2 നിക്ഷേപക സംഗമവും സംഘടിപ്പിച്ചു. നിക്ഷേപക സംഗമത്തിലൂടെ സംരംഭകരെ സാമ്പത്തിക സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്തു. 2014-15-ൽ ജില്ലാ തലത്തിൽ സംഘടിപ്പിച്ച എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഒറ്റപ്പാലം താലൂക്കിൽ നിന്ന് 45 പേർ പങ്കെടുത്തു. ഉത്പന്ന വിപണനത്തിനായി ഒരു എക്സിബിഷനും സംഘടിപ്പിച്ചു.

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം പ്രോജക്ട് തുകയുടെ 35%-വും പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 40%-വും പിന്നോക്ക വിഭാഗത്തിന് 30%-വും ജനറൽ വിഭാഗത്തിന് 25%-വും സബ്സിഡിയായി നൽകിയിട്ടുണ്ട്.

കിൻഫ്രയുടെ കീഴിൽ 60 ഏക്കർ ഭൂമിയിൽ ഒരു ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) റെഡിമെയ്ഡ് ഗാർമെന്റ്സ്, ഫോട്ടോഗ്രാഫി, വർക്ക്ഷോപ്പ്, റൈസ് മിൽ, ബേക്കറി, തയ്യൽ, സ്റ്റുഡിയോ എന്നിങ്ങനെ ഈ സർക്കാരിന്റെ കാലത്ത് 2331 സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഖാദി ഗ്രാമ വ്യവസായ ബോർഡിന് 1,06,16,530 രൂപയുടെ പ്രോജക്ട് അംഗീകരിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും കിൻഫ്രയിൽ നിന്നുമുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം ഇവിടെ 13 സ്ഥാപനങ്ങൾക്ക് 35,33,030 രൂപയും പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം 8 സ്ഥാപനങ്ങൾക്ക് 5,33,844 രൂപയും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ യഥാക്രമം 11,826 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

കൈത്തറി ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതികൾ

214 (599) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ മുൻ ബഡ്ജറ്റുകളിൽ പൊതുമേഖലാ, ചെറുകിട മേഖല, പരമ്പരാഗത മേഖലകളിൽ പ്രഖ്യാപിച്ചതും ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) മുൻ ബഡ്ജറ്റുകളിൽ വ്യവസായമേഖലയിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ നിർവ്വഹണ പുരോഗതി പരിശോധിക്കാറുണ്ടോ; പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ എത്ര; അവയിൽ സാക്ഷാത്കരിച്ചവ എത്ര;

(സി) ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് അനുവദിക്കാതിരുന്നതിനാൽ ഏതെങ്കിലും പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാദ്ധ്യമാകാതിരുന്നിട്ടുണ്ടോ; അവ ഏതൊക്കെ;

(ഡി) ബഡ്ജറ്റുകളിൽ വ്യവസായത്തിന് വകയിരുത്തിയ തുകയിൽ ഓരോ വർഷവും പിൻവലിക്കാൻ കഴിയാതിരുന്നവ എത്ര വീതമായിരുന്നു?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## എന്റർപ്രണർ സപ്പോർട്ട് സ്കീം

215 (600) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റർപ്രണർ സപ്പോർട്ട് സ്കീം പ്രകാരം ഉദ്പാദനമേഖലയിൽ നൽകുന്ന സബ്സിഡി സേവനമേഖലയിൽക്കൂടി നൽകുവാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സബ്സിഡി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ ഉൽപാദന മേഖലയിൽ പ്രവൃത്തിക്കുന്ന സംരംഭകർക്കാണ് സബ്സിഡി നൽകിവരുന്നത്. സേവന മേഖലയിലെ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിന് "സ്റ്റാർട്ട് അപ് സബ്സിഡി” നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിക്കുന്നതാണ്.

## സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ

216 (601) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ പ്രാവർത്തികമാക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 12-5-2015-ലെ സ.ഉ.(കൈ) 14/2015/വി.സാ.വ. നമ്പർ ഉത്തരവ് പ്രകാരം കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. ലോകോത്തര നിലവാരമുള്ള ശാസ്ത്ര-സാങ്കേതിക പരിസരം സംസ്ഥാനത്തിനകത്ത് തന്നെ സൃഷ്ടിച്ച് യുവതലമുറയെ ശാക്തീകരിക്കുകയും അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ടെക്നോളജി സ്റ്റാർട്ട് അപ്പ് നയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

2014-ലെ കേരള സാങ്കേതിക സ്റ്റാർട്ടപ്പ് നയത്തിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. കേരളത്തിലെ സ്റ്റാർട്ടപ്പ് രംഗത്തും ഇൻകുബേഷൻ രംഗത്തുമായി 5000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുക.
2. അടുത്ത അഞ്ചു വർഷങ്ങളിലായി യുവ സംരംഭകത്വ രംഗത്ത് 2500 കോടി രൂപ വിനിയോഗിക്കുക.
3. ഭാരതീയർ ഉടമസ്ഥരായുള്ള ആഗോള സാങ്കേതിക കമ്പനികൾ കൂടുതലായി ഉയർത്തികൊണ്ടുവരിക.
4. വിവിധ വിഭാഗങ്ങളിലായി 10 സാങ്കേതിക ബിസിനസ്സ് ഇൻകുബേറ്റർ/ആക്സിലറേറ്റർ സ്ഥാപിക്കുക.

5. 10000 സാങ്കേതിക ഉത്പന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം, സൗകര്യങ്ങൾ, ഇൻകുബേഷൻ എന്നിവ നൽകുക.
6. ഒരു ദശലക്ഷം ചതുരശ്ര അടി ഇൻകുബേറ്ററിനുള്ള സൗകര്യം സൃഷ്ടിക്കുക.
7. 2000 കോടി രൂപയുടെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് ലഭ്യമാക്കുക.
8. സ്റ്റാർട്ടപ്പുകളിൽ നിന്നും 20 ദശലക്ഷം ഡോളർ മൂല്യമുള്ള ഒരു സാങ്കേതിക കമ്പനിയെങ്കിലും സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.

(സി) സ്റ്റാർട്ടപ്പ് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സ്റ്റാർട്ടപ്പ് സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി സർക്കാർ രൂപീകരിച്ച സൊസൈറ്റിയായ കേരള സ്റ്റാർട്ടപ്പ് മിഷന് ഈ വർഷം 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 30 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.
2. കാര്യക്ഷമവും സ്ഥായിയായതും ചെലവ് കുറഞ്ഞതുമായ പുതുസംരംഭങ്ങളും ആശയങ്ങളും രൂപീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.
3. സംരംകത്വ വികസനത്തിന് വേണ്ടി മാത്രം സംസ്ഥാന വാർഷിക ബഡ്ജറ്റിന്റെ ഒരു ശതമാനം നീക്കിവച്ച ആദ്യ സംസ്ഥാനമാണ് കേരളം.
4. യുവതലമുറയിൽ സംരംഭകത്വ താൽപര്യം ജനിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നേതൃത്വ പരിശീലന പരിപാടി, റാസ്പ് ബെറി പൈ പ്രോഗ്രാം, അന്തർദ്ദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി, സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്, സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയിൻ, സ്റ്റാർട്ടപ്പ് ഐ 3 തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.
5. ടെക്നോളജി ഇന്നവേഷൻ ഹബ് സ്ഥാപിക്കുന്നതിനായി കളമശ്ശേരിയിൽ 13.20 ഏക്കർ സ്ഥലം ഏറ്റെടുത്ത് പ്രവർത്തനം പുരോഗമിച്ചുവരുന്നു.
6. തിരുവനന്തപുരം ടെക്നോപാർക്കിലും കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിലും ഫാബ് ലാബുകൾ സ്ഥാപിച്ചു. 20 കോളേജുകളിൽ മിനി ഫാബ് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

7. എറണാകുളം ഇൻഫോപാർക്കിൽ 10,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാർട്ടപ്പ് വെയർ ഹൗസ് സ്ഥാപിച്ചു.

8. ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവയുടെ വികസനത്തിനായി ടെക്നോളജി ബിസിനസ് ആക്സിലറേറ്ററുകൾ കിൻഫ്രയുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ചു.

**ഓട് കമ്പനികൾക്ക് കളിമണ്ണ് ഖനനത്തിനുള്ള അനുമതി**

217 (602) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓട് കമ്പനികൾക്ക് ആവശ്യമായ കളിമണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നല്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടം (9) പ്രകാരം കളിമണ്ണ് ഖനനം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് പരിസ്ഥിതി വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് ആവശ്യമായിരുന്നു. ടി ചട്ടത്തിൽ 22-12-2015-ലെ GO(P) 175/2015/ID നമ്പർ ഉത്തരവ് പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് കളിമണ്ണ് ഖനനത്തിന് പെർമിറ്റ് അനുവദിക്കുന്നതിന് പരിസ്ഥിതി ക്ലിയറൻസ് ആവശ്യമില്ല. എന്നാൽ ടി ചട്ടങ്ങളിലെ ചട്ടം 4(2)(f) പ്രകാരം ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ നിയോഗിക്കുന്ന ജില്ലാതല വിദഗ്ധ സമിതിയുടെ ശിപാർശപ്രകാരം ജില്ലാ കളക്ടറിൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്. ജില്ലാതല വിദഗ്ദ്ധ സമിതിയിലെ സർക്കാർ നോമിനികളെ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

**കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ**

218 (603) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട് എത്ര ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ ബിസ്മി ഗ്രാനൈറ്റ്സ് പൂട്ടാൻ ഉത്തരവ് ഇറക്കിയതിനുള്ള കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിൽ നിന്നും 6 പൊതുവായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഏറനാട് താലൂക്കിൽ പെരുകമണ്ണ വില്ലേജിൽ സർവ്വേ നമ്പർ 354, 11/1-9 ൽപ്പെട്ട സ്ഥലത്ത് ബിസ്മി ഗ്രാനൈറ്റ്സ് എന്ന സ്ഥാപനത്തിന് ക്വാറീയിംഗ് ലീസ് അനുവദിച്ചതാണ്. എന്നാൽ പ്രസ്തുത സ്ഥലം പ്രത്യേകാവശ്യത്തിനായി പതിച്ചു കൊടുത്ത ഭൂമിയിൽ ആണെന്ന് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-10-2014 ന് ജില്ലാ കളക്ടർ ക്വാറി പ്രവർത്തനം നിർത്തിവയ്പിക്കുകയുണ്ടായി. തുടർന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11-11-2015-ലെ സ.ഉ.(എം.എസ്)നമ്പർ 593/15/റവന്യൂ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥലത്തെ ഖനനത്തിനെതിരായി നിലനിന്നിരുന്ന സ്റ്റേ ജില്ലാകളക്ടർ 20-11-2015 തീയതിയിലെ ഇ 7-56270/2014 നമ്പർ ഉത്തരവുപ്രകാരം പിൻവലിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ക്വാറിക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

## ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി

219 (604) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഖാദി വ്യവസായത്തെ സംരക്ഷിക്കുന്നതിനും അടച്ചുപൂട്ടിയ ഖാദി യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

ഖാദി വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് പുതിയ വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം സ്പെയർപാർട്സ് വാങ്ങൽ, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, റെഡിമെയ്ഡ് പാവ് യൂണിറ്റ് സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഇൻസെന്റീവ് നൽകൽ, ഖാദി സ്ഥാപനങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പുനരുദ്ധാരണ ഗ്രാന്റ്, എറ്റുക്കുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിന്റെ വിപുലീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഖാദി മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധി ലക്ഷ്യമാക്കി തറികളുടെയും ചർക്കകളുടെയും ആധുനികവൽക്കരണത്തിനുവേണ്ടി ഈ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച ശ്രീ. പി. ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 29.46 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകുകയും 15.21 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. വ്യത്യസ്ത ശീർഷകങ്ങളിൽപ്പെടുത്തി പദ്ധതി ഇനത്തിൽ കൂടുതൽ തുക അനുവദിച്ച് ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെന്നൈ IIT-യുടെ സാങ്കേതിക സഹായത്തോടെ ഉല്പാദക ഉപകരണങ്ങളായ ചർക്കകളുടെയും തറികളുടെയും ആധുനികവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതൊടൊപ്പം ഖാദി ക്ലസ്റ്റർ പദ്ധതികളും നടപ്പിലാക്കിവരുന്നു. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് നൽകിവരുന്ന ഉല്പാദന ഇൻസെന്റീവ് ഇരട്ടിയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഖാദി മേഖലയിൽ മിനിമം വേതനം ഫലപ്രദമായി നടപ്പിലാക്കിയത് 2011 മുതലാണ്. സംസ്ഥാനത്തെ ഖാദി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1-4-2014 മുതൽ ഖാദി തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയുടെ ഗുണഭോക്താക്കളായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമായി തുടങ്ങിയതോടെ കൂടുതൽ തൊഴിലാളികൾ ഈ മേഖലയിലേക്ക് കടന്നുവരുന്നുണ്ട്. ഇതുമൂലം കൂടുതൽ ഉൽപാദന കേന്ദ്രങ്ങൾ ആരംഭിക്കാനായിട്ടുണ്ട്. ഖാദി ഉല്പാദന കേന്ദ്രങ്ങൾ പ്രവൃത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളേയും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

## പ്രാഥമിക കൈത്തറി സംഘങ്ങൾ

220 (605) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക കൈത്തറി സംഘങ്ങളുടെ റിബേറ്റ് കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽപ്പെട്ട പ്രാഥമിക കൈത്തറി സഹകരണസംഘങ്ങളുടെ റിബേറ്റ് അപേക്ഷകൾ പ്രകാരം കുടിശ്ശിക തുക സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:

| വർഷം | കുടിശ്ശിക (രൂപ) |
|---|---|
| 2012-13 | 1,98,82,966 |
| 2013-14 | 3,41,81,758 |
| 2014-15 | 3,29,00,000 |
| ആകെ | 8,69,64,724 |

(ബി) കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് നൽകാൻ ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കിയിട്ടുണ്ട്.

**മാവേലിക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യ**

221 (606) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൗഭാഗ്യക്ക് എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് ധനകാര്യവകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചെങ്കിലും വ്യവസായ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് ധനകാര്യവകുപ്പ് ഫണ്ട് ലഭ്യമാക്കിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും തുക പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയൂ എന്ന് കാണിച്ച് പൊതുമരാമത്ത് വിഭാഗം ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർക്ക് കത്ത് നല്കിയെങ്കിലും നാളിതുവരെയും നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ തുക അടിയന്തരമായി ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി&ഡി) പ്രസ്തുത പ്രവൃത്തിക്ക് 1-11-2014-ലെ G.O(Rt) No. 1226/ 2014/ ID സർക്കാർ ഉത്തരവുപ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് MLA-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ടി പദ്ധതിക്കായി തുക അനുവദിക്കുന്നതിന് 15-9-2015 ലെ G.O(Rt) No. 956/2015/ID നമ്പർ ഉത്തരവു പ്രകാരം പ്രത്യേക ശീർഷകം (4851-105-97-Legislature Assembly Constituency Asset Development Scheme) നിശ്ചയിച്ചു നൽകിയിരുന്നു. മേൽ ശീർഷകത്തിൽ നിന്നും തുക പിൻവലിച്ച് ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്)-ന് നൽകുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

(ഇ) സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുക അടിയന്തരമായി റിലീസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**വ്യാപാരസഹായ കേന്ദ്രങ്ങൾ**

222 (607) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ കൈത്തറി, കരകൗശലം തുടങ്ങിയവയുടെ പ്രോത്സാഹനത്തിനായി വ്യാപാരസഹായ കേന്ദ്രങ്ങൾ തുടങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവഴി കൈത്തറി മേഖലയിൽ ലക്ഷ്യമിട്ടതെന്തെന്നും ആയത് സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ബഡ്ജറ്റിൽ നീക്കിവച്ച തുക പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഉപയുക്തമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 15.30 കോടി രൂപ മുടക്കി ഒരു കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം തയ്യാറായിട്ടുണ്ട്. ആയതിൽ 460 ലക്ഷം രൂപയാണ് സർക്കാർ വിഹിതമായി കണക്കാക്കിയിരിക്കുന്നത്. ഈ നിർദ്ദേശത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്

223 (608) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെൽട്രോൺ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; അവ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ഫണ്ട് ആവശ്യപ്പെട്ട് കെൽട്രോണിനു ലഭിച്ചിട്ടുള്ള അപേക്ഷകൾ ഏതെല്ലാം; വിശദമായി വ്യക്തമാക്കാമോ?

(സി) ലഭിച്ചിട്ടുള്ള അപേക്ഷകളിൽ കെൽട്രോൺ ഏതെല്ലാം പരിഗണിച്ചു; പരിഗണിച്ച അപേക്ഷകൾ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ നിന്നുള്ളതാണ്; നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. തിരുവനന്തപുരം വെള്ളയമ്പലത്ത് 'കോസ്മോ ട്വിൻ ബസ് ഷെൽട്ടർ' സ്ഥാപിച്ചു. (2014-15).

2. തിരുവനന്തപുരത്തെ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിന് ആവശ്യമായ ടാക്കിങ് ബുക്ക് സ്റ്റുഡിയോ നവീകരണത്തിനായി സംഭാവന നൽകി. (2015-16)

3. തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്റർ - പുവർ പേഷ്യന്റ് ഫണ്ടിലേക്ക് സംഭാവന നൽകി (2015-16)

(ബി) ഈ സർക്കാരിന്റെ കാലത്ത് കെൽട്രോണിന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽ നിന്നും തുക ആവശ്യപ്പെട്ട് താഴെ പറയുന്ന അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

1. തിരുവനന്തപുരത്തെ കേരള ഫെഡറേഷൻ ഒഫ് ദ ബ്ലൈൻഡിന് ആവശ്യമായ ടാക്കിങ് ബുക്ക് സ്റ്റുഡിയോ നവീകരണത്തിനുവേണ്ടി തുക ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ.

2. കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന 'ഡീപ്പ് മലബാർ എഡ്യൂ ഡ്രീംസ് പദ്ധതിക്ക് തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ. കെ. ദാസൻ, എം.എൽ.എ. (കൊയിലാണ്ടി) നൽകിയ അപേക്ഷ.

(സി) ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തിരുവനന്തപുരത്തെ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡിനു ആവശ്യമായ ടാക്കിങ് ബുക്ക് സ്റ്റുഡിയോ നവീകരണവുമായി ബന്ധപ്പെട്ട അപേക്ഷ കെൽട്രോൺ നടപ്പാക്കിയിട്ടുണ്ട്.

## ഇ-ഡിസ്ട്രിക്ട് പദ്ധതി

224 (609) ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. റ്റി. യു. കുരുവിള:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാം;

(ബി) ടി പദ്ധതിയുടെ നിർവ്വഹണത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയിലൂടെ നൽകിവരുന്ന സേവനങ്ങൾക്കു പുറമെ എന്തെല്ലാം സേവനങ്ങൾ പുതുതായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള അക്ഷയ പൊതുജന സേവന കേന്ദ്രങ്ങൾ മുഖേന നേരിട്ടോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ലഭ്യമാക്കുന്നതാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണത്തിന്റെ മികവ് പരമാവധി പ്രയോജനപ്പെടുത്തി സുതാര്യവും നിഷ്പക്ഷമായും വേഗത്തിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ബന്ധപ്പെട്ട ഓഫീസുകളിൽ പല തവണ കയറിയിറങ്ങാതെ വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നത് ഉൾപ്പെടെയുള്ള സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ലഭിക്കുന്നത്. 2010-ൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി 2013 മാർച്ച് മാസത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചു.

- 2013 ഒക്ടോബർ 18 മുതൽ ഓൺലൈൻ പബ്ലിക് പോർട്ടൽ സാധ്യമായതോടുകൂടി കേരളത്തിലെ പൊതുജനങ്ങൾക്കൊപ്പം എല്ലാ മറുനാടൻ മലയാളികൾക്കും ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിച്ചു.

- ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന നിലവിൽ റവന്യൂ വകുപ്പിന്റെ 24 സർട്ടിഫിക്കറ്റ് സേവനങ്ങൾ നൽകിവരുന്നു.
- 3000-ൽപ്പരം സർക്കാർ ജീവനക്കാർക്കും 2500-ൽ അധികം അക്ഷയ സംരംഭകർക്കും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ പരിശീലനം നൽകി.
- എല്ലാ ജില്ലകളിലും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ പരിശീലനം നടത്തുവാനുള്ള സൗകര്യം ലഭ്യമാക്കി.
- ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പല ഓഫീസുകൾ കയറിയിറങ്ങുന്നതിനുള്ള സമയവും യാത്രാചെലവും കുറയ്ക്കുവാൻ സാധിച്ചു.
- ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതിനു മുന്നോടിയായി എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യവും കമ്പ്യൂട്ടർ മുതലായ ഹാർഡ് വെയറുകളും നൽകി അടിസ്ഥാന സൗകര്യത്തിലുണ്ടായ കുറവുകൾ പരിഹരിച്ചു.
- കൂടാതെ ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഒപ്പുവയ്ക്കുന്നതിനായി സർട്ടിഫിക്കറ്റുകൾ അംഗീകരിച്ച് നൽകേണ്ട ഉദ്യോഗസ്ഥർക്കായി ഡിജിറ്റൽ സിഗ്നേച്ചർ ടോക്കണുകൾ ലഭ്യമാക്കുകയും അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്തിരുന്നു.
- ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ റവന്യൂ വകുപ്പിന്റെ 24 സർട്ടിഫിക്കറ്റ് സേവനങ്ങളും കൂടാതെ വൈദ്യുതി ബിൽ, വാട്ടർ ബിൽ, ബി.എസ്.എൻ.എൽ. ബിൽ, ടെലിഫോൺ ബിൽ, വിവിധ യൂണിവേഴ്സിറ്റി ഫീസുകൾ, മോട്ടോർ വാഹന വകുപ്പ് ഫീസുകൾ ഉൾപ്പെടെ 500-ൽ പരം സർക്കാർതല സേവനങ്ങളുടെ പണമിടപാടുകൾ എന്നിവ ഇ-ഡിസ്ട്രിക്ട് പോർട്ടലിലൂടെ അടയ്ക്കാവുന്ന സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ഇതിനോടകം ഒരു കോടി എൺപത് ലക്ഷത്തിൽപ്പരം അപേക്ഷകൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിൽ 90%-ത്തിലേറെ അപേക്ഷകൾക്ക് തീർപ്പു കല്പിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ കണക്ടിവിറ്റി, ഹാർഡ്‌വെയർ, ഡിജിറ്റൽ സിഗ്നേച്ചർ എന്നീ മേഖലകളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് പരിഹരിച്ച് വരുന്നുണ്ട്.

(സി) അടുത്ത ഘട്ടമായി ഓൺലൈൻ ആർ.ടി.ഐ., പൊതുജന പരാതി പരിഹാര സേവനങ്ങൾ, റവന്യൂ കോർട്ട് കേസ് എന്നീ സേവനങ്ങൾ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

## ഇ-ഓഫീസ്

225 (T610) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസുവരെ എല്ലാ വകുപ്പുകളും ഇ-ഓഫീസ് പ്രവർത്തന രീതിയിലേക്ക് മാറ്റാൻ കഴിയാത്തത് എന്തു കൊണ്ടാണ്;

(ബി) എല്ലാ സർക്കാർ ഓഫീസുകളും ഇ-ഓഫീസ് പ്രവർത്തന രീതിയിലേക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്; ഇതിനായി വേണ്ടി വരുന്ന തുക എത്രയാണ് ; തന്നാണ്ടിലെ ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്ര; ഇതിനകം പിൻവലിച്ച തുക എത്ര ;

(സി) ഇ-ഓഫീസ് പ്രവർത്തന രീതിയിലേക്ക് സമൂലമായി മാറ്റുന്നതിലുണ്ടായ വിഴ്ചകൾ എന്തെല്ലാമാണ്; പ്രസ്തുത ലക്ഷ്യം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാദ്ധ്യമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇ-ഓഫീസ് ഘട്ടംഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലും എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ നിലവിൽ 33 വകുപ്പുകളിലും 4 ഡയറക്ടറേറ്റുകളിലും കണ്ണൂർ കളക്ടറേറ്റിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പാക്കുന്നതിന് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് പതിനഞ്ചോളം ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നെറ്റ് കണക്ടിവിറ്റി, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഉദ്യോഗസ്ഥന്മാരുടെ ഇ-ഓഫീസ് അക്കൗണ്ട് രൂപീകരണം, ഇ-ഓഫീസ് പരിശീലനം എന്നീ അടിസ്ഥാന ജോലികൾ പൂർത്തിയായാൽ മാത്രമേ ഇ-ഓഫീസ് ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ബി) സർക്കാർ വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന് മുന്നോടിയായി കമ്പ്യൂട്ടറുകൾ, ഹൈസ്പീഡ് സ്കാനറുകൾ, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. കൂടാതെ ജീവനക്കാരുടെ വിശദാംശങ്ങൾ ശേഖരിച്ച് അവർക്ക് ഇ-മെയിൽ, ഇ-ഓഫീസ്, അക്കൗണ്ട് എന്നിവ നൽകേണ്ടതുണ്ട്. ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനായി 625 ലക്ഷം രൂപയാണ് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കൂടാതെ

T മാറ്റിവച്ച ചോദ്യത്തിനെ സൂചിപ്പിക്കുന്നു.

റവന്യൂ വകുപ്പിൽ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് 600 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലേക്കായി നടപ്പ് സാമ്പത്തിക വർഷം 600 ലക്ഷം രൂപ പിൻവലിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 462.84 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ പിന്തുടരുന്ന ഓഫീസ് മാന്വൽ അനുസരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ ആയ ഇ-ഓഫീസ് സംസ്ഥാനത്ത് നടപ്പിലാക്കിയപ്പോൾ ചില പ്രയാസങ്ങൾ തുടക്കത്തിൽ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്വൽ സമ്പ്രദായത്തിൽ നിന്നും ഇലക്ട്രോണിക്സ് സമ്പ്രദായത്തിലേക്ക് മാറുമ്പോഴുണ്ടാകുന്ന സ്വാഭാവിക ബുദ്ധിമുട്ടുകളാണ് ഇതിൽ കൂടുതലും. ഡാറ്റാ ഡിജിറ്റൈസേഷൻ, ഫയൽ മൈഗ്രേഷൻ, ജീവനക്കാർക്ക് ഇ-മെയിൽ, ഇ-ഓഫീസ് അക്കൗണ്ട്, ഡിജിറ്റൽ സിഗ്നേച്ചർ എന്നിവ അനുവദിച്ചു നൽകുക, കമ്പ്യൂട്ടറുകൾ, ഹൈസ്പീഡ് സ്കാനറുകൾ, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവ ലഭ്യമാക്കുക, ജീവനക്കാർക്ക് ഇ-ഓഫീസിൽ പരിശീലനം നൽകുക തുടങ്ങിയ അടിസ്ഥാന ജോലികൾ പൂർത്തീകരിച്ചാൽ മാത്രമേ ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

## ഐ.ടി. വ്യവസായ രംഗത്തെ കയറ്റുമതി

226 (611) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഐ. ടി. വ്യവസായരംഗത്തെ കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം എത്ര ശതമാനമാണ്;

(ബി) ടെക്നോപാർക്ക് പോലുള്ള സംരംഭങ്ങളുള്ളപ്പോഴും ഈ രംഗത്തെ കയറ്റുമതിയിൽ സംസ്ഥാനം പിന്നോക്കം നിൽക്കുന്നതിന്റെ കാരണമെന്ത്;

(സി) അടിക്കടിയുണ്ടാകുന്ന സമരങ്ങൾ, ഹർത്താലുകൾ എന്നിവ ഈ വ്യവസായ രംഗത്തെ നിക്ഷേപകരെ കേരളത്തിൽ നിന്ന് പിൻതിരിപ്പിക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിവരസാങ്കേതിക വിദ്യാ പരിജ്ഞാനം നേടുന്നവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിക്കുമ്പോഴും ഇതൊരു വ്യവസായമെന്ന നിലയിൽ കാര്യമായ പുരോഗതി രേഖപ്പെടുത്താത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2014-15 കാലയളവിൽ ഇന്ത്യയിൽ നിന്നും ഏകദേശം 5014 ബില്യൺ രൂപയുടെ ഐ.ടി. കയറ്റുമതിയിൽ ഏകദേശം 1100 കോടി രൂപയുടെ കയറ്റുമതി

കേരളത്തിൽ നിന്നുമാണ് എന്ന് കണക്കാക്കുന്നു. ഇതുപ്രകാരം രാജ്യത്തെ ഐ.ടി. കയറ്റുമതിയിൽ ഏകദേശം 2% കേരളത്തിന്റെ വിഹിതമായി കണക്കാക്കാം.

(ബി) ഐ.ടി. കയറ്റുമതിയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ പിന്നോക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. മറ്റു സംസ്ഥാനങ്ങൾക്കുള്ള ഭൂമിശാസ്ത്രപരമായ സവിശേഷതകളും പ്രയോജനങ്ങളും കേന്ദ്രത്തിൽ നിന്നും വിദൂരമായി സ്ഥിതി ചെയ്യുന്ന കേരള സംസ്ഥാനത്തിന് ലഭിക്കുന്നില്ല.

2. Tier-I സിറ്റികളിലുള്ള അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ വൻകിട കമ്പനികളുടെ സംസ്ഥാനത്തെ അസാന്നിധ്യം.

3. പൊതുസ്വകാര്യമേഖലകളിൽ മറ്റു സംസ്ഥാനങ്ങൾ സജ്ജമാക്കി യിരിക്കുന്ന മികച്ച അടിസ്ഥാന സൗകര്യങ്ങൾ.

4. രാജ്യത്തെ പ്രധാനപ്പെട്ട നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ്-വ്യോമ-റെയിൽ യാത്രാ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള മികച്ച പൊതുഗതാഗത സംവിധാനത്തിന്റെ അപര്യാപ്തത.

(സി) അടിക്കടിയുണ്ടാകുന്ന സമരങ്ങൾ, ഹർത്താലുകൾ എന്നിവ ഐ.ടി. വ്യവസായ മേഖലയിലെ കമ്പനികളുടെ പ്രവർത്തനത്തെ നേരിട്ട് ബാധിക്കുന്നില്ലെങ്കിലും ഇത് കേരളത്തിലുള്ള ഐ.ടി. നിക്ഷേപങ്ങളെ പരിമിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഐ.ടി. വ്യവസായം വളർച്ചയുടെ പാതയിലാണ്. സംസ്ഥാനത്തു നിന്നുള്ള സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ ഓരോ വർഷവും ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2004-ൽ 400 കോടി രൂപ മാത്രമായിരുന്ന ടെക്നോപാർക്കിലെ സോഫ്റ്റ് വെയർ കയറ്റുമതി 2011-12 കാലയളവിൽ 2170.63 കോടി രൂപയായും 2012-13 കാലയളവിൽ 3493 കോടി രൂപയായും 2013-14 കാലയളവിൽ 4220 കോടി രൂപയായും 2014-15-ൽ അത് 5100 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. ഇതേ സമയം ഇൻഫോപാർക്കിൽ കഴിഞ്ഞ 10 വർഷമായി സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ ശരാശരി 30% മുതൽ 40% വരെ year-on-year വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. 2014-15-ൽ 3150 കോടി രൂപയായിരുന്നു ഇൻഫോപാർക്കിലെ കമ്പനികളിൽ നിന്നുള്ള കയറ്റുമതി വരുമാനമ്പർ സൈബർ പാർക്കിലെ സോഫ്റ്റ്‌വെയർ കയറ്റുമതി 2014-15 സാമ്പത്തിക വർഷത്തിൽ 28 ലക്ഷം രൂപയായിരുന്നത് 2015-16 സാമ്പത്തിക വർഷം ഡിസംബർ വരെ 1.75 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ കമ്പനികൾ, നിക്ഷേപം, സോഫ്റ്റ്‌വെയർ കയറ്റുമതി, തൊഴിലവസരങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലും ഓരോ വർഷവും ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

## ഐ.ടി. മേഖലയിലെ പദ്ധതികൾ

227 (612) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി മേഖലയുടെ അഭിവൃദ്ധിക്കായി ഈ സർക്കാരിന്റെ കാലയളവിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ ഓരോ വർഷവും നീക്കിവച്ച തുക എത്രയാണ് എന്നും ഇത് ലക്ഷ്യമിട്ട പദ്ധതികൾക്കായി വിനിയോഗിക്കുകയുണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഐ.ടി സാങ്കേതിക മേഖലയിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) ഈ സർക്കാരിന്റെ കാലയളവിൽ ഐ.ടി. മേഖലയുടെ അഭിവൃദ്ധിക്കായി പ്രഖ്യാപിച്ച പദ്ധതികളിൽ സാങ്കേതിക അനുമതി തടസ്സങ്ങൾ ഇല്ലാത്ത പദ്ധതികൾ എല്ലാം തന്നെ നടപ്പാക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2011-12 | - | 173.39 കോടി രൂപ |
| 2012-13 | - | 219.76 കോടി രൂപ |
| 2013-14 | - | 232.58 കോടി രൂപ |
| 2014-15 | - | 313.33 കോടി രൂപ |
| 2015-16 | - | 374.57 കോടി രൂപ |

പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനാൽ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**ഐ.ടി. മേഖലയുടെ വികസനം**

228 (613) ശ്രീ. എം. വി. ശ്രേയാംസ് കുമാർ:

ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയുടെ വികസനം മുൻനിർത്തി നിലവിലെ ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വികസന പദ്ധതിയിലൂടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമായി ഉയർത്തുന്നതിന് ഉതകുന്ന കർമ്മപദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുവോ ; എങ്കിൽ അനുബന്ധമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ & ബി) മികച്ച നിലവാരമുള്ള മാനവവിഭവശേഷി, വ്യവസായത്തിന് അത്യന്താപേക്ഷിതമായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഇതിനോടനുബന്ധിച്ചുള്ള മറ്റ് അനുബന്ധ സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.ടി. മേഖലയിലെ വികസനത്തിനായി സംസ്ഥാന സർക്കാർ ഐ.ടി.നയം 2012 രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ പ്രധാന 'Hub'കളായി കേന്ദ്രീകരിച്ച മറ്റ് പ്രദേശങ്ങൾ 'Connect' ചെയ്ത് 'Spoke'കൾ ആയും പ്രവൃത്തിക്കുന്നു. ഈ രീതിയിൽ ഐ.ടി. വ്യവസായ വികസനത്തിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതുമൂലം കൂടുതൽ തൊഴിലവസരങ്ങളും ഐ.ടി. കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിന് സഹായകമാകും.

തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവ കേന്ദ്രമാക്കി HUB and Spoke മാതൃകയിൽ ഐ.ടി. പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ രീതിയിൽ തിരുവനന്തപുരം Technopark - HUB ആയി കേന്ദ്രീകരിച്ചുള്ള കൊല്ലം ജില്ലയിലെ കുണ്ടറയിൽ ആരംഭിച്ച Kollam Technopark, കൊച്ചിയിലെ ഇൻഫോപാർക്ക് കേന്ദ്രീകരിച്ചുള്ള ചേർത്തല,

കൊരട്ടി (തൃശ്ശൂർ ജില്ല) സ്പോക്ക് പാർക്കുകളും കോഴിക്കോട് സൈബർപാർക്ക് കേന്ദ്രീകരിച്ചുള്ള കാസർഗോഡ്, കണ്ണൂർ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള സ്പോക്കുകളും മുഖേന സംസ്ഥാനമൊട്ടാകെ ഐ.ടി. വികസനം വ്യാപിപ്പിക്കുവാനും കയറ്റുമതി വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ കൂടുതൽ സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക് എന്നീ പാർക്കുകളുടെ വിവിധ പദ്ധതികളിലായി നിലവിലുള്ള ആഗോള നിലവാരമുള്ള ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കൂടുതൽ സൗകര്യങ്ങൾ സജ്ജീകരിക്കുക എന്നതിനുപുറമെ കോഴിക്കോട് സൈബർപാർക്കിലും കൊല്ലം, ചേർത്തല, കൊരട്ടി, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ചെറുകിട പാർക്കുകളിലും അടിസ്ഥാനസൗകര്യ സജ്ജീകരണങ്ങളുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോട്ടയം ജില്ലയിലെ വലവൂരിൽ ഐ.ടി. പാർക്കിന് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.

കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടം 2016 ഏപ്രിൽ മാസത്തോടെ കമ്മിഷൻചെയ്യണമെന്ന ലക്ഷ്യത്തോടെ പണി പൂർത്തീകരിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം ആദ്യംതന്നെ ഐ.ടി. സംരംഭകർക്ക് പ്രവർത്തനം തുടങ്ങാൻ സാധിക്കുമെന്നും 2500-ഓളം ഐ.ടി. പ്രൊഫഷണലുകൾക്ക് നേരിട്ടും 1000 പേർക്ക് പരോക്ഷമായും തൊഴിൽ സൃഷ്ടിക്കുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

സ്മാർട്ട്സിറ്റിയുടെ 6.5 ലക്ഷം ച. അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ പണി പൂർത്തിയായി. 20-2-2016-ന് ഉദ്ഘാടനം ചെയ്യുന്നതാണ്.

ഗ്രാമപ്രദേശങ്ങളിലേക്ക് ഐ.ടി. രംഗം വ്യാപിപ്പിക്കുന്നതിനായുള്ള പദ്ധതികളാണ് ടെക്നോലോഡ്ജും RITEL-ഉം എറണാകുളം ജില്ലയിലുള്ള പിറവത്തും കൊല്ലം ജില്ലയിലുള്ള വെളിയത്തും കണ്ണൂർ ജില്ലയിലുള്ള തവക്കരയിലും (ടെക്നോലോഡ്ജ് ബ്രാന്റിന് കീഴിൽ), എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയിലും (ടെക്നോലോഡ്ജ് ബ്രാന്റിന് കീഴിൽ) ടെക്നോ ലോഡ്ജുകൾ പ്രവൃത്തിച്ചുവരുന്നു. ഇവയിലൂടെ ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നു.

ടെക്നോപാർക്കിന്റെ പദ്ധതിയായ ഏകദേശം 424 ഏക്കറിലുള്ള പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാത്തതുമായ (SEZ & Non SEZ) ടെക്നോസിറ്റിയിൽ ഭൂമി നൽകിയ കമ്പനികൾ അവരുടെ ഐ.ടി. അധിഷ്ഠിത വികസന പ്രവർത്തനങ്ങൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കഴിഞ്ഞ 3 വർഷത്തെ കാലയളവിൽ കേരളത്തിലെ എല്ലാ ഐ.ടി. പാർക്കുകളും (ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്) " Business promotion" രംഗത്ത് SME മേഖലകളുമായി കൈകോർത്തിട്ടുള്ളതായ ഒരു നൂതന മാതൃകയാണ് ഐ.ടി. മേഖലയിൽ സ്വീകരിച്ചുവരുന്നത്. ഐ.ടി. പാർക്കുകളുടെ ബ്രാൻഡ് പ്രൊമോട്ട് ചെയ്യുന്നതോടൊപ്പംതന്നെ പുതിയ ഐ.ടി. സംരംഭകരെക്കൂടി ഐ.ടി. പ്രതിനിധി സംഘത്തിലുൾപ്പെടുത്തി ഗ്ലോബൽ എക്സ്പോഷറിനുള്ള അവസരം ലഭിക്കുകയും ചെയ്തു. ദേശീയ/അന്തർദേശീയ തലത്തിൽ സംസ്ഥാനത്തെ ഐ.ടി. കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെടുവാനും നിരവധി പുതുസംരംഭങ്ങൾക്ക് അവസരം ഒരുക്കുവാനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെയും അവിടെ പ്രവൃത്തിക്കുന്ന മറ്റ് ഐ.ടി. സംരംഭങ്ങളുടെയും വിപണനത്തിനായി പല യൂറോപ്യൻ രാജ്യങ്ങളിലും ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവിടങ്ങളിലും നടന്ന ഐ.ടി. മേളകളിൽ പ്രദർശന സൗകര്യങ്ങൾ നൽകുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

ഐ.ടി. മേഖലയിൽ കൂടുതൽ ഐ.ടി. സംരംഭങ്ങളെ ഇവിടേക്ക് ആകർഷിക്കുവാനും തൻമൂലം ഈ കാലയളവിൽ ടെക്നോപാർക്കിൽ 93 പുതിയ കമ്പനികൾ, നിരവധി കമ്പനികളുടെ വികസനം, 23084 പുതിയ തൊഴിലവസരങ്ങൾ പ്രത്യക്ഷമായും ഇതിന്റെ 3 മടങ്ങ് പരോക്ഷമായും ലഭിച്ചിട്ടുണ്ട്. ഐ.ടി. കയറ്റുമതിയിലുള്ള വർദ്ധനവ് (2011-12-ൽ) 2173 കോടിയായിരുന്നത് 2014-15-ൽ 5100 കോടി രൂപയായി വർദ്ധിച്ചു.

ഇൻഫോപാർക്കിന്റെ ചേർത്തല ക്യാമ്പസിൽ 50,000 ത്തോളം ചതുരശ്രഅടി ചെറുകിട സംരംഭങ്ങൾക്കായി Plug n Play Model ൽ Fitout ചെയ്തു പൂർത്തിയാക്കി. 100 പേർക്കിരിക്കാവുന്ന Multi Purpose Hall, Sports Ground എന്നിവയും പൂർത്തിയാക്കി. കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ ഐ.ടി മിഷന്റെ കൈവശമുണ്ടായിരുന്ന ITES Habitat-നെ ഇൻഫോപാർക്കിന് കൈമാറുവാൻ നടപടികളായി. Nasscom -ന്റെ 10000 Startups initiatives ഇൻഫോപാർക്കിൽ ആരംഭിക്കുകയും World Trade Centre തുടങ്ങുന്നതിന് അനുമതി ലഭിക്കുകയും ചെയ്തു. പ്രസ്തുത വികസന പ്രവർത്തനങ്ങളിലൂടെ 140 ഓളം കമ്പനികൾ പുതുതായി

ഇൻഫോപാർക്കിൽ ആരംഭിക്കുകയും 11,000 ത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. ഇൻഫോപാർക്കിന്റെ ഐ.ടി. കയറ്റുമതി 1000 കോടിയിൽ നിന്ന് 3150 കോടിയിലെത്തി. വർഷംതോറും 30%-32% വരെ വളർച്ചയുണ്ടായി. ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കൂടുതൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിനായി കൊരട്ടി ഇൻഫോപാർക്കിൽ ബഹുനില ഐടി സമുച്ചയം സമയബന്ധിതമായി പൂർത്തിയാക്കി. രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 220 KV Substation, 24 മീറ്റർ വീതിയിൽ Internal Roads, ജലവിതരണം എന്നിവ നടപ്പിലാക്കി. സ്വകാര്യ വ്യക്തികൾക്ക് വ്യവസായ ആവശ്യങ്ങൾക്കായി 90 ശതമാനത്തോളം ഭൂമി പാട്ടത്തിന് നൽകി കഴിഞ്ഞു.

സംസ്ഥാന ഐ.ടി. നയം 2012-ൽ ഉൾപ്പെടുത്തിയ ഐ.ടി. പാർക്കുകൾക്ക് പുറമെ സ്വകാര്യ മേഖലയിലും ഐ.ടി. വികസനം ലക്ഷ്യമാക്കി സ്വകാര്യ-സംയുക്ത ഐ.ടി./ഹൈടെക് പാർക്കുകൾ വിഭാവനം ചെയ്തിട്ടുണ്ട്.

ഐ.ടി. മേഖലയുടെ വികസനം മുൻനിർത്തി ഐ.ടി. മിഷൻ നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണ് ഇ ഡിസ്ട്രിക്ട്. ഈ പദ്ധതിയുടെ പ്രയോജനം സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള പബ്ലിക് പോർട്ടൽ സംവിധാനം ഏർപ്പെടുത്തി. കൂടാതെ ഇ-സംഭരണം, ഇ-ഓഫീസ് പദ്ധതികളും, സ്റ്റേറ്റ് ഡാറ്റ സെന്റർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികളുടെ വികസനവും, അക്ഷയയിലൂടെ ബാങ്കിംഗ് കിയോസ്ക്, ഇൻഷ്വറൻസ് തുടങ്ങി കൂടുതൽ സേവനങ്ങളും നൽകാൻ സാധിച്ചു. ആധാർ ജനറേഷൻ 94 ശതമാനത്തോളം പൂർത്തിയാക്കാൻ സാധിച്ചു. പെൻഷൻ ലഭിക്കുന്നതിന് ആധാർ അധിഷ്ഠിത ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം നിലവിൽ വന്നു. സിറ്റിസൺ കാൾ സെന്ററിന്റെ പ്രവർത്തനം വിപുലീകരിച്ചു. ഡിപ്പാർട്ട്മെന്റ് WAN, Sec WAN പദ്ധതികൾ നടപ്പിലാക്കി. കൂടാതെ ഇ-ഹെൽത്ത്, സാധാരണക്കാരനെ ശാക്തീകരിക്കുന്നതിനുള്ള ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പയിൻ, ഓൺലൈൻ പോക്കുവരവ് തുടങ്ങിയ പദ്ധതികൾക്ക് തുടക്കമിട്ടു. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ വില്ലേജ് ഓഫീസിൽ നിന്നും നൽകുന്ന 23 സർട്ടിഫിക്കറ്റ് സേവനങ്ങൾ ഓൺലൈൻ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കി. ഒന്നരക്കോടിയിൽപ്പരം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് മുഖേന ലഭ്യമാക്കി കഴിഞ്ഞു. ഇ-സംഭരണം എന്ന പദ്ധതി പ്രകാരം സർക്കാരിന്റെ സംഭരണ പ്രക്രിയ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി. ഇ-സംഭരണം മുഖേന 65,779 (ഡിസംബർ 2011 മുതൽ 31/12/2015 വരെ) ദർഘാസുകൾ പ്രസിദ്ധീകരിക്കാൻ സാധിച്ചു.

ഇ-ഓഫീസ് പദ്ധതി സെക്രട്ടേറിയറ്റിൽ നടപ്പിലാക്കാൻ സാധിച്ചതിനാൽ ഫയൽ നീക്കങ്ങൾ വേഗത്തിലാക്കാൻ സാധിച്ചു. 1,67,046 ഫയലുകൾ (മാർച്ച് 2014 മുതൽ 04/02/2016 വരെ) ഇലക്ട്രോണിക് ആക്കുന്നതിനും സാധിച്ചു. സ്റ്റേറ്റ് ഡാറ്റ സെന്റർ-2 സ്ഥാപിച്ചതിനാൽ 210 ഡിപ്പാർട്ട്മെന്റുകൾക്ക് തങ്ങളുടെ ആപ്ലിക്കേഷനുകൾ അവിടെ ഹോസ്റ്റ് ചെയ്യാൻ സാധിച്ചു. Digital Literacy through Student Police Cadets എന്ന പൈലറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 10 സ്കൂളുകളിലെ Student Police Cadet കൾക്ക് 100 ടാബ്ലറ്റ് പി.സി.കൾ നൽകുന്നതിനും ടാബ്ലെറ്റിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള സോഫ്റ്റ് വെയർ ഉപയോഗിച്ച് പൊതുജനത്തിന് ഡിജിറ്റൽ വിദ്യാഭ്യാസം നൽകുന്നതിനും സാധിച്ചു.

സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സാങ്കേതിക സ്റ്റാർട്ടപ് നയം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. റാസ്പ് ബെറി പൈ പ്രോഗ്രാം മുഖേന തെരഞ്ഞെടുക്കപ്പെട്ട പതിനായിരം സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്പ് ബെറി പൈ കിറ്റും 2160 ഇലക്ട്രോണിക് കിറ്റുകളും വിതരണം നടത്തിയിട്ടുണ്ട്. ജില്ലാ സംസ്ഥാനതലത്തിൽ അദ്ധ്യാപകർക്ക് പരിശീലനവും നൽകിവരുന്നു. സംരംഭകത്വ പരിപാടികളിലൂടെയും വികസന ക്ലബ്ബുകളിലൂടെയും വളർന്നുവന്ന വിവിധ വിദ്യാർത്ഥികളിൽ നേതൃത്വ പരിശീലന പാടവം വളർത്തുവാനായി നേതൃത്വ പരിശീലന പരിപാടി, വിദ്യാർത്ഥികളെ വിവിധ അന്തർദേശീയ കോൺഫറൻസുകളിൽ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി, കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്ക് പ്രോത്സാഹനം നൽകുവാനുമായി രൂപം നൽകിയ സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പ്, ഇലക്ട്രോണിക്സ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുമായി ടെക്നോപാർക്കിലും കൊച്ചിയിലെ ടെക്നോളജി ഇന്നവേഷൻ സോണിലും ആരംഭിച്ച ഫാബ് ലാബുകൾ, കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംരംഭകരായി വളർത്തിയെടുക്കുന്നതിനുവേണ്ടി ആരംഭിച്ച സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയിൻ, ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവരുടെ വികസനത്തിനായി കിൻഫ്രയുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ച് പ്രവൃത്തിച്ചുവരുന്ന കീ ആക്സിലറേറ്റർ, ആശയ രൂപീകരണം മുതൽ ഉല്പന്നമാകുന്നതുവരെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി കോളേജ് തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന സ്റ്റാർട്ടപ്പ് ഐ 3, സാങ്കേതിക മേഖലയിൽ നൂതന ആശയങ്ങളുമായി സമീപിക്കുന്ന

സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങളും പരിശീലനവും നൽകുന്ന എന്റർ അടിസ്ഥാന സൗകര്യങ്ങളും പരിശീലനവും നൽകുന്ന എന്റർപ്രണർഷിപ്പ് ഡ്രൈവിംഗ് പ്രോഗ്രാം, മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സഹായം നൽകുന്ന പെർഫോർമൻസ് ലിങ്ക്ഡ് സപ്പോർട്ട് സ്കീം എന്നിവ പേറ്റന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ/സംരംഭകർ എന്നിവർക്ക് ധനസഹായം ലഭ്യമാക്കുന്ന പേറ്റന്റ് സപ്പോർട്ട് സ്കീം എന്നിവ കൂടാതെ എറണാകുളം കളമശ്ശേരിയിൽ 210 കോടിയോളം മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്നതിന് 13.20 ഏക്കർ സ്ഥലത്ത് പ്രവർത്തനവും പുരോഗമിച്ചുവരുന്നു.

(സി) സുസ്ഥിര സാമ്പത്തിക വളർച്ച മുൻനിർത്തി നമ്മുടെ സംസ്ഥാനത്തെ ഒരു ഡിജിറ്റൽ പരിജ്ഞാനമുള്ള സമൂഹമാക്കി മാറ്റുക, ഡിജിറ്റൽ പരിജ്ഞാനമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിലേയ്ക്കായി ചെലവു കുറഞ്ഞ രീതിയിൽ വിവര സാങ്കേതിക വിദ്യ ലഭ്യമാക്കുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും വേണ്ടുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക. ഐ.ടി. മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടുന്ന കാര്യങ്ങൾ നടപ്പിലാക്കുക എന്നീ കാര്യങ്ങളാണ് ഡിജിറ്റൽ കേരളയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## ഐ.ടി. മേഖലയിലെ പ്രവർത്തനങ്ങൾ

229 (614) <u>ശ്രീ. എം. പി. വിൻസെന്റ്</u>:
<u>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി</u>:
<u>ശ്രീ. വർക്കല കഹാർ</u>:
<u>ശ്രീ. ടി.എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിലെ ത്വരിതവികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഐ.ടി. മേഖലയിലെ ത്വരിത വികസനത്തിനായി ഐ.ടി. വികസനം, സംരംഭകത്വ വികസനം, ഇ-ഗവേണൻസ് എന്നീ പ്രധാന മേഖലകളിലായി സർക്കാർ നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതത് മേഖലകളിലുള്ള കർമ്മപദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

ഐ.ടി. വികസനം

• ഐ.ടി. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ഭൂമി, അടിസ്ഥാന സൗകര്യ സജ്ജീകരണം.

• ഐ.ടി. വ്യവസായ സ്ഥാപനത്തിന് ഏകജാലക സംവിധാനം, ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി സ്വകാര്യ പങ്കാളിത്തത്തോടു കൂടിയുള്ള പാർക്കുകൾ

• ഐ.ടി. പാർക്കുകളുടെ സ്ഥാപനത്തിനും അടിസ്ഥാന സൗകര്യ സജ്ജീകരണത്തിനുമായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന കമ്പനിയുടെ സ്ഥാപനമ്പർ

• തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നീ പ്രധാന ഐ.ടി. പാർക്കുകളെ ഹബ്ബ് ആയും കൊല്ലം, ചേർത്തല, കൊരട്ടി, പാലാ, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചെറുകിട ഐ.ടി. പാർക്കുകളെ സ്പോക്കുകളായും മാറ്റിക്കൊണ്ട് സംസ്ഥാനത്താകെ ഐ.ടി. വികസനം എത്തിക്കുവാനുള്ള പദ്ധതി.

• ഗ്രാമീണ കേരളത്തിനെയും ഐ.ടി. വികസനത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാനുള്ള റൂറൽ ഐ.ടി. പാർക്കുകൾ, ടെക്നോലോഡ്ജുകൾ എന്നിവയുടെ സ്ഥാപനമ്പർ

• പുതിയ ഐ.ടി. സംരംഭകർക്ക് ഗ്ലോബൽ എക്സ്പോഷറിനുള്ള അവസരം.

• പുതുതായി തുടങ്ങുന്ന വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനാർത്ഥം ഇൻവെസ്റ്റ്മെന്റ് സബ്സിഡി.

• നിലവിലുള്ള 3 ഐ.ടി. പാർക്കുകളെയും പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുകയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുള്ള പദ്ധതികൾ.

<u>സംരംഭകത്വ വികസനം</u>

ഐ.ടി. മേഖലയുടെയുംകൂടി വികസനം ലക്ഷ്യമിട്ട് സർക്കാർ ചുവടെ പറയുന്ന കർമ്മപരിപാടികൾ സംരംഭകത്വ വികസന മേഖലയിൽ നടപ്പാക്കിവരുന്നു.

- കേരള സ്റ്റേറ്റ് സ്റ്റാർട്ട് അപ്പ് മിഷന്റെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട പതിനായിരം സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്പ്ബറി പൈ കിറ്റ് നൽകുന്ന പദ്ധതി
- നേതൃത്വ പരിശീലന പരിപാടി
- അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി
- സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പ്
- ഇലക്ട്രോണിക്സ് മേഖലയുടെ വികസനത്തിനായുള്ള ഫാബ് ലാബ്
- സ്റ്റാർട്ട് അപ്പ് ബോക്സ് ക്യാമ്പയിൻ
- നാസ്കോം വെയർ ഹൗസ്, കീ ആക്സിലറേറ്റർ എന്നിവയുടെ സ്ഥാപനം
- സ്റ്റാർട്ട് അപ്പ് ഐ 3
- എന്റർപ്രണർഷിപ്പ് ഡ്രൈവിംഗ് പ്രോഗ്രാം
- പെർഫോമൻസ് ലിങ്ക്ഡ് സപ്പോർട്ട് സ്കീം
- പേറ്റന്റ് സപ്പോർട്ട് സ്കീം
- ടെക്നോളജി ഇന്നവേഷൻ സോണിന്റെ സ്ഥാപനം

<u>ഇ-ഗവേണൻസ്</u>

ഐ.ടി. മേഖലയുടെ വികസനം ഇ-ഗവേണൻസിന്റെ വികസനത്തോടുകൂടി മാത്രമേ പൂർണ്ണമാകുകയുള്ളൂ. ഈ ഉദ്ദേശലക്ഷ്യത്തോടുകൂടി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രധാനപ്പെട്ട കർമ്മപരിപാടികൾ ചുവടെ ചേർക്കുന്നു:

- ഫയൽനീക്കം വേഗത്തിലാക്കുന്നതിനും സുതാര്യത ഉറപ്പ് വരുത്തുന്നതിനുമായി ഇ-ഓഫീസ്
- ഇ-ഡിസ്ട്രിക്ട് പദ്ധതികളാണ്
- വിവിധ ഇ-സേവനങ്ങൾ ലഭ്യമാക്കുന്നതിനായി അക്ഷയ കേന്ദ്രങ്ങളുടെ വ്യാപനം
- കേരളത്തെ ഒരു ഡിജിറ്റൽ സമൂഹമായി മാറ്റിയെടുക്കുന്നതിന് ഡിജിറ്റൽ കേരള പദ്ധതി
- എം-ഗവേണൻസ് പദ്ധതി

- പ്രാദേശിക ആസൂത്രണത്തിന് സഹായകരമായ ഭൂമിശാസ്ത്രപരമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് സ്പാഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ പദ്ധതി
- ട്രഷറി കമ്പ്യൂട്ടർവൽക്കരണം
- പഞ്ചായത്ത് തലം വരെയുള്ള സർക്കാർ ഓഫീസുകൾ ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിക്കുന്ന കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (കെ.എസ്.വാൻ) പദ്ധതി

(ബി) സർക്കാർ നടപ്പാക്കിവരുന്ന കർമ്മ പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

- ഐ.ടി. മേഖലയിൽ കൂടുതൽ പുതിയ ഐ.ടി. സംരംഭങ്ങൾ
- നിലവിലുള്ള കമ്പനികളുടെ വികസനം, ദേശീയ - അന്തർദേശീയ കമ്പനികളുടെ നിക്ഷേപം
- പ്രത്യക്ഷമായും പരോക്ഷമായും സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ, ഐ.ടി. കയറ്റുമതി
- സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക സാംസ്കാരിക തലങ്ങളിൽ നിർണ്ണായകമായ പുരോഗതി ഉറപ്പാക്കൽ
- അഭ്യസ്തവിദ്യർക്ക് താല്പര്യമുള്ള മേഖലകളിൽ ലഭ്യമാകുന്ന തൊഴിൽ സാധ്യതകൾ
- ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾ/ സ്വകാര്യ നിക്ഷേപങ്ങൾ എന്നിവയിലെ വിവിധ പദ്ധതികളിലൂടെ കൈവരിക്കുന്ന സംസ്ഥാനത്തെ സാമ്പത്തിക വളർച്ച
- സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ
- മെച്ചപ്പെട്ട വാർത്താ വിനിമയ സംവിധാനങ്ങൾ
- നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടിയ ആരോഗ്യ സ്ഥാപനങ്ങൾ, വിനോദോപാധികൾ തുടങ്ങിയവ ലഭ്യമാക്കുക
- സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഐ.ടി. വികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
- സുസ്ഥിര സാമ്പത്തിക വളർച്ച മുൻനിർത്തി നമ്മുടെ സംസ്ഥാനത്തെ ഒരു ഡിജിറ്റൽ പരിജ്ഞാനമുള്ള സമൂഹമാക്കി മാറ്റുക

- വിവിധ സേവനങ്ങളുടെ ഇലക്ട്രോണിക്സ്‌വൽക്കരണത്തിലൂടെ കാര്യക്ഷമത ഉയർത്തുകയും അഴിമതി കുറയ്ക്കുകയും ചെയ്യുക
- ഡിജിറ്റൽ പരിജ്ഞാനമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിലേയ്ക്കായി ചെലവു കുറഞ്ഞ രീതിയിൽ വിവര സാങ്കേതിക വിദ്യ ലഭ്യമാക്കുക
- സേവനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ഉദ്യോഗസ്ഥർക്കായി വിവിധ ഐ.ടി. പരിശീലന പരിപാടികൾ നൽകുക
- സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും ഐ.ടി. മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിലെ സ്റ്റാർട്ടപ്പ് രംഗത്തും ഇൻകുബേഷൻ രംഗത്തുമായി 5000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുക
- അടുത്ത അഞ്ചു വർഷങ്ങളിലായി യുവ സംരംഭകത്വ രംഗത്ത് 2500 കോടി രൂപ വിനിയോഗിക്കുക
- ഭാരതീയരുടെ ഉടമസ്ഥതയിലുള്ള ആഗോള സാങ്കേതിക കമ്പനികൾ കൂടുതലായി ഉയർത്തിക്കൊണ്ടുവരിക
- വിവിധ ഭാഗങ്ങളിലായി 10 സാങ്കേതിക ബിസിനസ് ഇൻകുബേറ്റർ / ആക്സിലേറ്റർ സ്ഥാപിക്കുക
- 10000 സാങ്കേതിക ഉല്പന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം, സൗകര്യങ്ങൾ, ഇൻകുബേഷൻ എന്നിവ പ്രദാനം ചെയ്യുക
- ഒരു ദശലക്ഷം ചതുരശ്ര അടി ഇൻകുബേറ്ററിനുള്ള സൗകര്യം സൃഷ്ടിക്കുക
- 2000 കോടി രൂപയുടെ വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് ലഭ്യമാക്കുക
- സ്റ്റാർട്ടപ്പുകളിൽ നിന്നും 20 ദശലക്ഷം ഡോളർ മൂല്യമുള്ള ഒരു സാങ്കേതിക കമ്പനിയെങ്കിലും സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.

(സി) മേൽ വിവരിച്ച കർമ്മ പരിപാടികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി, സാമ്പത്തിക സഹായം എന്നിവയും വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി പദ്ധതി നിർവ്വഹണ സമിതി, ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അപെക്സ് കമ്മിറ്റി, മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സ്റ്റിയറിംഗ് കമ്മിറ്റി എന്നിവയുടെ രൂപീകരണം തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കെ.പി.പി. നമ്പ്യാർക്ക് സ്മാരകം

230 (615) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ. പി.പി. നമ്പ്യാരുടെ സ്മരണാർത്ഥം കല്ല്യാശ്ശേരിയിൽ ഗവേഷണ പാർക്ക്, ലൈബ്രറി തുടങ്ങിയവ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മരണാർത്ഥം കല്ല്യാശ്ശേരി കെൽട്രോണിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കുവാൻ കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## എല്ലാ ഗ്രാമങ്ങളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം

231 (616) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഓപ്റ്റിക്കൽ ഫൈബർ കേബിൾ നെറ്റ് വർക്ക് സ്ഥാപിക്കുന്നതിന് സംസ്ഥാനത്ത് എത്ര രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ പ്രവൃത്തി സംസ്ഥാനത്ത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലും ബ്രോഡ് ബാന്റ് ഇന്റർനെറ്റ് സൌകര്യം ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഡി) ഇ-ഗവേണൻസ് രംഗത്തും ഗ്രാമീണ മേഖലയിൽ ബ്രോഡ് ബാന്റ് ഇന്റർ നെറ്റ് സൗകര്യമെത്തിക്കുന്നതിലും സംസ്ഥാനം കൈവരിച്ച നേട്ടം മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ ദേശീയ ഓപ്റ്റിക്കൽ ഫൈബർ കേബിൾ നെറ്റ് വർക്ക് (എൻ.ഒ.എഫ്.എൻ) സ്ഥാപിക്കുന്നതിന് വേണ്ടിവരുന്ന ചെലവ് കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. ഭാരത് ബ്രോഡ്ബാന്റ് നെറ്റ് വർക്ക് ലിമിറ്റഡ് (ബി.ബി.എൻ.എൽ) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) എൻ.ഒ.എഫ്.എൻ. പദ്ധതി ജൂൺ 2015-ഓടെ സംസ്ഥാനത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. എൻ.ഒ.എഫ്.എൻ. പദ്ധതി പൂർത്തിയാക്കുന്ന ഭാരതത്തിലെ ആദ്യ ജില്ലയായി ഇടുക്കി ജില്ലയെ കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. 2015 ജൂൺ മാസത്തോടുകൂടി സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഗ്രാമപഞ്ചായത്തിലും ബ്രോഡ്ബാന്റ് കണക്ഷൻ പൂർത്തീകരിച്ച ആദ്യ സംസ്ഥാനമാണ് കേരളം. കേരളം കൂടാതെ കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരി, ചണ്ഡീഗഢ് എന്നിവിടങ്ങളിലാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്.

## ഡിജിറ്റൽ ഇന്ത്യാ പദ്ധതി

232 (T617) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എന്തെല്ലാം നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഡിജിറ്റൽ ഇന്ത്യാ പദ്ധതി പ്രകാരം സംസ്ഥാനത്തിന്റെ ഭരണ നിർവ്വഹണ രംഗത്ത് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി കേരള സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ കേരള എന്ന പദ്ധതിയിൽ നിരവധി ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഡിജിറ്റൽ ഇന്ത്യ വിഭാവനം ചെയ്ത എല്ലാവർക്കും അടിസ്ഥാനസൗകര്യമായി ഇന്റർനെറ്റ് ലഭ്യമാക്കുക, ഭരണ നിർവ്വഹണവും സേവനവും പൊതുജനത്തിന്റെ അവകാശമാക്കുക, ഡിജിറ്റൽ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി എല്ലാവർക്കും ഡിജിറ്റൽ ശാക്തീകരണം നൽകുക എന്നിവയാണ് പ്രധാന ലക്ഷ്യം. ഡിജിറ്റൽ കേരളയുടെ ഭാഗമായി ഇ-ഡിസ്ട്രിക്ട്, ഇ-ഓഫീസ്, ഇ-സംഭരണം, ആധാർ തുടങ്ങി വിവിധ ഇ-ഗവേണൻസ് പദ്ധതികൾ ആസൂത്രണം ചെയ്ത് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഇന്റർനെറ്റ് കണക്ടിവിറ്റി സ്ഥാപിക്കുന്നതിനായി NOFN, Bharatnet, public Wi-Fi hotspot സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വാണിജ്യനികുതി, വിദ്യാഭ്യാസം, മോട്ടോർ വാഹനം, റവന്യൂ, തദ്ദേശസ്വയംഭരണം, ട്രഷറി, പൊതുവിതരണം, കേരള പോലീസ്, സർവ്വേ, ആരോഗ്യം, കൃഷി, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളിൽ ഓൺലൈൻ ആയി സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഡിജിറ്റൽ കേരളയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ടെക്നോളജി സ്റ്റാർട്ട് അപ്പ് പോളിസിക്ക് രൂപം നൽകുകയും അതനുസരിച്ച് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. ഡിജിറ്റൽ എനേബ്ലിംഗിന്റെ (e-literacy) ഭാഗമായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനായി ഒരു പൈലറ്റ് പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം ഇതു മറ്റു ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതാണ്.

(ബി) ഡിജിറ്റൽ കേരള പദ്ധതി സംസ്ഥാനം നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഡിജിറ്റൽ ഇന്ത്യക്ക് വേണ്ടി ഭരണ നിർവ്വഹണ രംഗത്ത് പ്രത്യേകിച്ച് മാറ്റം വരുത്തേണ്ട സാഹചര്യമില്ല.

**കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.ടി. പാർക്ക്**

233 (618) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.ടി പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിലെ ചീമേനി ഐ.ടി. പാർക്കിൽ 50,000 ചതുരശ്ര അടിയുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഒക്ടോബർ 2016-ഓടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം**

234 (619) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ബി) ഇത് മുഖേന നേരിട്ടും, അല്ലാതെയും എത്രപേർക്ക് തൊഴിൽ സാധ്യതയുണ്ടാകുമെന്ന് വിശദമാക്കുമോ;

(സി) കേരളത്തിലെ ഐ.ടി. മേഖലയുടെ ഉയർച്ചയ്ക്ക് ഇതിന് എത്രത്തോളം പങ്ക് വഹിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കൊച്ചി സ്മാർട്ട് സിറ്റി ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനോദ്ഘാടനം 2016 ഫെബ്രുവരി 20-ാം തീയതി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ 6.5 ലക്ഷം ച. അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിൽ ഏകദേശം 5000-ത്തിൽപ്പരം ഐ.ടി. ജീവനക്കാർക്ക് നേരിട്ട് ജോലി ലഭിക്കും. നേരിട്ട് ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിൽ അധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും ലഭ്യമാകുമെന്ന് കണക്കാക്കുന്നു.

(സി) സ്മാർട്ട് സിറ്റിയുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിക്കുമ്പോൾ ഐ.ടി., മറ്റ് അനുബന്ധ മേഖലകളിൽ ആഗോള നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുവാനും സംസ്ഥാനത്തിന്റെ ഐ.ടി. കയറ്റുമതി വരുമാനം വർദ്ധിക്കുവാനും ഇടയാകുന്നതാണ്.

**സംസ്ഥാനത്തെ ഇലക്ട്രോണിക്സ് അധിഷ്ഠിത ഇടപാടുകൾ**

235 (620) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് അധിഷ്ഠിത ഇടപാടുകളിൽ കേരളത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പൊതു സേവനങ്ങൾ ഇലക്ട്രോണിക്സ് അധിഷ്ഠിതമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഏതെല്ലാം പ്രധാന സേവനങ്ങൾ ഇ-സേവനങ്ങളാക്കി മാറ്റിയിട്ടുണ്ട്; ഇനി ഏതെല്ലാം സേവനങ്ങൾ ഇ-സേവനം വഴി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇ-ഗവേണൻസ് രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണ്; ഇത് നേരിടുന്നതിനും പൂർണ്ണമായി ഇ-ഗവേണൻസിലേക്ക് മാറുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്. ഇലക്ട്രോണിക്സ് അധിഷ്ഠിത ഇടപാടുകളിൽ ദേശീയതലത്തിൽ കേരളം 2015-ൽ മൂന്നാം സ്ഥാനത്തായിരുന്നു.

(ബി) പൊതുസേവനങ്ങൾ ഇലക്ട്രോണിക്സ് അധിഷ്ഠിതമാക്കുന്നതിനായി സർക്കാർ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മിഷൻ 676-ന്റെ കീഴിൽ വിവിധ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റാ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, എം-ഗവേണൻസ്, വീഡിയോ കോൺഫറൻസ് മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ.ടി. മിഷൻ കൺസൾട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്.

വിവിധ വകുപ്പുകളുടെ സർട്ടിഫിക്കറ്റ് സേവനങ്ങൾ ഓൺലൈനായി സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സർവ്വീസ് പ്ലസ് എന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എല്ലാ സർക്കാർ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (എസ്.എസ്.ഡി.ജി.) എന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. എസ്.എസ്.ഡി.ജി. വഴിയുള്ള ആദ്യഘട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി രൂപം നൽകിയ പോർട്ടൽ http://eservices.kerala.gov.in എന്ന വിലാസത്തിൽ നിലവിൽ വന്നിട്ടുണ്ട്. ഈ പോർട്ടൽ വഴി വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഗ്രാമവികസനം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളുടെ ചുവടെ ചേർത്തിരിക്കുന്ന 6 സേവനങ്ങൾ നിലവിൽ ലഭ്യമാണ്.

| Sl. No | Department | Service |
|---|---|---|
| 1 | Kerala Water Authority | Application for new water connection |
| 2 | VHSE | Application for Migration Certificate |
| 3 | VHSE | Application for Equivalency Certificate |
| 4 | VHSE | Application for Duplicate Certificate |
| 5 | Rural Development | Application for NREGA Job |
| 6 | Rural Development | Application for IAY |

വിവിധ വകുപ്പുകളുടെ 57 സേവനങ്ങളാണ് എസ്.എസ്.ഡി.ജി.യിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി 25 സേവനങ്ങൾ ഓൺലൈനായി നൽകിവരുന്നു. അടുത്ത ഘട്ടമായി ഓൺലൈൻ ആർ.ടി.ഐ. പൊതുജന പരാതി പരിഹാര സേവനങ്ങൾ, റവന്യൂ കോർട്ട് കേസ് എന്നീ സേവനങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പ്, നികുതി വകുപ്പ്, രജിസ്ട്രേഷൻ, തദ്ദേശസ്വയംഭരണം, ട്രഷറി, ആരോഗ്യം, പോലീസ് തുടങ്ങിയ വകുപ്പുകളുടെ നിരവധി സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാണ്.

(സി) ഇ-ഗവേണൻസ് നടപ്പാക്കുന്നതിന് മുമ്പ് അടിസ്ഥാനസൗകര്യങ്ങളായ കമ്പ്യൂട്ടർ, നെറ്റ്‌വർക്ക് സംവിധാനം തുടങ്ങിയവ സജ്ജമാക്കുക, പൊതുജനങ്ങളെയും ജീവനക്കാരെയും ബോധവൽക്കരിക്കുക, ആവശ്യമായ പരിശീലനം നൽകുക തുടങ്ങിയവ പൂർത്തീകരിക്കേണ്ടതുണ്ട്.

വിവിധ ഇ-ഗവേണൻസ് കർമ്മ പദ്ധതികളുടെ നിർവ്വഹണത്തിനായി നടപടിക്രമങ്ങളും മാനുവലുകളും ഉത്തരവുകളും മാറ്റം വരുത്തേണ്ടതുണ്ട്. ഉദാ:- ഇ-ഓഫീസിന്റെ നിർവ്വഹണത്തിനുവേണ്ടി സെക്രട്ടേറിയറ്റ് മാനുവലിൽ മാറ്റം വരുത്തുന്നതിലേയ്ക്കായി പ്രത്യേക കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്.

വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണം, ഡിജിറ്റൈസേഷൻ, നെറ്റ് വർക്ക് കണക്ടിവിറ്റി ലഭ്യമാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

വിവിധ വകുപ്പുകളുടെ കീഴിലുള്ള പദ്ധതികൾ, അതാത് വകുപ്പുകൾ തന്നെയാണ് നിർവ്വഹണ നിയന്ത്രണം നടത്തുന്നത്. നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേയ്ക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപെക്സ് കമ്മിറ്റിയും ഉണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതികളായ 'ഇ-ഹെൽത്ത്', സി.സി.ടി.എൻ.എസ് (Crime and Criminal Tracking Networking System), ഇ-പി.ഡി.എസ്. (Electronic Public Delivery System), വാഹന സാരഥി, തുടങ്ങിയവയുടെ നിർവ്വഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

**വിവരസാങ്കേതിക മേഖലയ്ക്കായി വകയിരുത്തിയ തുക**

236 (621) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക മേഖലക്കായി നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; പദ്ധതി വിഹിതത്തിന് പുറമേ പ്രഖ്യാപിച്ച തുക എത്ര;

(ബി) ആകെ പ്രഖ്യാപിച്ച തുകയിൽ എന്തു തുക ഇതിനകം ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചിതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിവര സാങ്കേതിക മേഖലയ്ക്കായി 374.57 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പദ്ധതി വിഹിതത്തിന് പുറമെ 138 കോടി രൂപ വിവിധ പദ്ധതികൾക്കായി (സംരംഭകത്വ വികസനത്തിന് ഉൾപ്പെടെ) ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചു.

(ബി) ആകെ പ്രഖ്യാപിച്ച തുകയിൽ 225.84 കോടി രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. അനുബന്ധത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളത്.

## ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി സിസ്റ്റം

237 (622) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. എ. റ്റി. ജോർജ്:

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി സിസ്റ്റത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ (SSDG) എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ നൽകുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുക എന്ന ആശയം മുൻനിർത്തിയാണ് സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ എന്ന പ്രോജക്ട് വികസിപ്പിച്ചിരിക്കുന്നത്. ഈ സംവിധാനത്തിലൂടെ കാര്യക്ഷമത, സുതാര്യത, വിശ്വസ്തത എന്നിവ ഉറപ്പുവരുത്തുകയും സാധാരണക്കാരന് അവരുടെ ആവശ്യങ്ങൾ ചുരുങ്ങിയ ചെലവിൽ ഇത്തരം സേവനങ്ങൾ വഴി ലഭ്യമാകുകയും ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ സംവിധാനം വികസിപ്പിക്കുന്നതിലൂടെ ഒരു സാധാരണ പൗരന് ആവശ്യമായ

സേവനങ്ങളുടെ അപേക്ഷാ ഫോറങ്ങൾ ഡൗൺലോഡ് ചെയ്തെടുക്കാനും അപേക്ഷകൾ സമർപ്പിക്കാനുമുള്ള സൗകര്യം ഉണ്ടാകും. വിവിധ വകുപ്പുകളുടെ 57 സേവനങ്ങളാണ് എസ്.എസ്.ഡി.ജി.യിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ കേരള വാട്ടർ അതോറിറ്റി, റൂറൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, വി.എച്ച്.എസ്.ഇ. എന്നീ മൂന്ന് വകുപ്പുകളുടെ ആറ് സേവനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. 25 ഇ-ഡിസ്ട്രിക്ട് സേവനങ്ങളും ഇതുവഴി ലഭ്യമാക്കുന്നുണ്ട്.

(സി) എസ്.എസ്.ഡി.ജി. പദ്ധതിയുൾപ്പെടെയുള്ള ഇ-ഗവേണൻസ് പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി ഭരണതലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അപെക്സ് കമ്മിറ്റിയും മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാൻ KSITM ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സ്മാർട്ട് സിറ്റി പദ്ധതി

238 (623) ശ്രീ. എം. എ. ബേബി:
ശ്രീ. എസ്. ശർമ്മ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി പദ്ധതിയിൽ കരാർ പ്രകാരമുള്ള ഐ.ടി/ ഐ.ടി.ഇ.എസ്/ഐ.ടി പ്രാഥമിക സൗകര്യങ്ങളും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതിയുടെ നിർവ്വഹണ പുരോഗതി ഏറ്റവും ഒടുവിൽ വിലയിരുത്തപ്പെട്ടത് എപ്പോഴാണ്; അതിന്റെയടിസ്ഥാനത്തിലുള്ള, ലക്ഷ്യവും നേട്ടവും സംബന്ധമായ വിശദാംശം വെളിപ്പെടുത്താമോ;

(സി) ചട്ടക്കൂട് കരാറിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചിത സമയത്തിനകം പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാദ്ധ്യമായിട്ടുണ്ടോ; ഏതെല്ലാം കാര്യങ്ങളിലാണ് വ്യതിയാനം ഉണ്ടായിട്ടുള്ളത്; കരാർ പ്രകാരം 2016 മാർച്ച് ആകുമ്പോൾ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കേണ്ടതായിരുന്നു; ഇതുവരെ കൈവരിച്ച പുരോഗതി, വികസന പദ്ധതിയുടെ പൂർത്തീകരണത്തിനായി തയ്യാറാക്കിയ കാര്യപരിപാടിക്ക് യോജിച്ച നിലയിലാണോ;

(ഡി) പദ്ധതി നടത്തിപ്പ് ദ്രുതഗതിയിലാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13-05-2007-ൽ ഒപ്പു വച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച.അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. അതിൽ ആദ്യഘട്ടത്തിലെ 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിൽ പാട്ടത്തിന് നൽകാൻ യോഗ്യമായ 4.5 ലക്ഷം ച.അടി. വിസ്തീർണ്ണത്തിന്റെ 70%-ഓളം വിവിധ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇങ്ങനെ സ്ഥലം ലഭിച്ച കമ്പനികൾ അവരുടെ fitout ജോലികൾ പൂർത്തീകരിച്ചു വരുന്നു. ഒന്നാം ഘട്ടത്തിലുൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളായ 3.7 കി.മീ. റോഡ്, പാലം, ഡ്രെയിനേജ്, കേബിളിങ്ങ്, ട്രഞ്ച് എന്നിവയും ഇലക്ട്രിക് സബ്സ്റ്റേഷൻ, സ്വാഗത കമാനം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യ ഐടി കെട്ടിടത്തിൽ ഏകദേശം 5000-ൽ പരം ഐ.ടി ജീവനക്കാർക്ക് നേരിട്ട് ജോലി ലഭിക്കും. നേരിട്ട് ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിൽ അധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങൾ ലഭ്യമാകുന്നതാണ്.

(ബി) വിവധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. അവസാനമായി 6-2-2016-ന് ചീഫ് സെക്രട്ടറി ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിച്ച് ചേർത്തിട്ടുണ്ട്. കൂടാതെ, ഫോർട്ടുകൊച്ചി സബ്കളക്ടറെ സ്മാർട്ട് സിറ്റി പദ്ധതിയുടെ ശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി യുടെ ഒന്നാംഘട്ട പ്രവർത്തനോദ്ഘാടനവും, രണ്ടാംഘട്ട നിർമ്മാണോദ്ഘാടനവും ത്വരിതപ്പെടുത്തുവാൻ ഇതിനാൽ സാധിച്ചിട്ടുണ്ട്.

(സി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13-05-2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8 മില്യൺ ച.അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000

തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. അതിൽ ആദ്യഘട്ടത്തിലെ 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിൽ പാട്ടത്തിന് നൽകാൻ യോഗ്യമായ 4.5 ലക്ഷം ച.അടി. വിസ്തീർണ്ണത്തിന്റെ 70%-ഓളം വിവിധ കമ്പനികൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിലുൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളായ 3.7 കി.മീ. റോഡ്, പാലം, ഡ്രെയിനേജ്, കേബിളിങ്ങ്, ട്രഞ്ച് എന്നിവയും ഇലക്ട്രിക് സബ്സ്റ്റേഷൻ, സ്വാഗത കമാനം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടത്തിൽ 45 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. സ്പേസ് ഉൾപ്പെടുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്.

(ഡി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കർ മാസ്റ്റർ പ്ലാനിന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതിക അനുമതിയും MOEF ക്ലിയറൻസും ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ 246 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖലാ പദവി (SEZ) ലഭ്യമായിട്ടുണ്ട്. ബിൽഡിംഗ് പ്ലാനുകൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള അംഗീകാരം നൽകുന്നതിനായി സ്മാർട്ട് സിറ്റിക്കുവേണ്ടി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിനെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസിനായി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻഅംഗീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, ഫോർട്ടുകൊച്ചി സബ്കളക്ടറെ സ്മാർട്ട് സിറ്റി പദ്ധതിയുടെ അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായുള്ള നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

**അക്ഷയ കേന്ദ്രങ്ങൾ**

239 (624) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള അക്ഷയകേന്ദ്രങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 136 |
| 2. | കൊല്ലം | 57 |
| 3. | ആലപ്പുഴ | 110 |
| 4. | പത്തനംതിട്ട | 37 |
| 5. | കോട്ടയം | 89 |
| 6. | ഇടുക്കി | 49 |
| 7. | എറണാകുളം | 151 |
| 8. | തൃശ്ശൂർ | 3 |
| 9. | പാലക്കാട് | 0 |
| 10. | മലപ്പുറം | 130 |
| 11. | കോഴിക്കോട് | 39 |
| 12. | വയനാട് | 5 |
| 13. | കണ്ണൂർ | 7 |
| 14. | കാസർഗോഡ് | 50 |

അക്ഷയകേന്ദങ്ങൾ അനുവദിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിൽ കുടുംബങ്ങളുടെ എണ്ണത്തിന് അനുപാതികമായും, കോർപ്പറേഷന്റെ പ്രമേയവും അനുസരിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകുന്നത്. 2 അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 2 കി.മി. ദൂരപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഒരു ത്രിതല തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ്

(ആപ്ലിക്കേഷൻ സ്ക്രീനിംഗ്, എഴുത്തു പരീക്ഷ, ഇന്റർവ്യൂ) അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുന്നത്. പ്ലസ് ടു വോ തത്തുല്യ യോഗ്യതയുള്ള 18 വയസ്സു പൂർത്തിയാക്കിയ ആർക്കുവേണമെങ്കിലും ഇതിനായി അപേക്ഷിക്കാവുന്നതാണ്. അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിനായി കുറഞ്ഞത് 300 sq ft ചുറ്റളവുള്ള ഒരു മുറിയും 3 കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും, ഇന്റർനെറ്റ് കണക്ഷനും തിരഞ്ഞെടുക്കപ്പെട്ട സംരംഭകന് ഉണ്ടായിരിക്കേണ്ടതാണ്. ഒരു അക്ഷയകേന്ദ്രം റദ്ദുചെയ്യുന്നതും അതിന്റെ ലൊക്കേഷൻ മാറ്റുന്നതിന് അനുമതി നൽകുന്നതും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തീരുമാനത്തിന്റെ വെളിച്ചത്തിലാണ്. സംരംഭക തിരഞ്ഞെടുപ്പിന്റെ ഇന്റർവ്യൂ ബോർഡിൽ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ അംഗങ്ങളാണ്.

## ഹജ്ജ് തീർത്ഥാടനം സംബന്ധിച്ച്

240 (625) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം ഒരുക്കങ്ങളാണ് സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇപ്രാവശ്യം കൂടുതൽ പേർക്ക് ഹജ്ജിന് പോകുന്നതിനുള്ള അനുമതിക്കായി കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ;

(സി) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനയാത്ര കരിപ്പൂർ വിമാന ത്താവളം വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഈ വർഷവും ഹജ്ജ് അപേക്ഷ സ്വീകരിക്കുന്നതിന് വിപുലമായ ഒരുക്കങ്ങളാണ് ചെയ്തിട്ടുള്ളത്. അപേക്ഷകർക്ക് അപേക്ഷ ഫോറങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സൗകര്യമുണ്ട്. അക്ഷയ കേന്ദ്രം സംരംഭകർക്ക് ഈ വിഷയത്തിൽ വിശദമായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഓഫ്‌ലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് സൗജന്യ സേവനം നൽകുന്നതിന് സംസ്ഥാനത്തൊട്ടാകെ ട്രെയിനർമാരെ നിയോഗിക്കുകയും അവരുടെ മൊബൈൽ നമ്പരുകൾ പത്രത്തിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 70 വയസ്സിനു മുകളിൽ

പ്രായമുള്ളവരും, 5-ാം വർഷം അപേക്ഷിക്കുന്നവരും പാസ് പോർട്ട് ഹാജരാക്കണമെന്നുള്ളതിനാൽ അവ നേരിട്ടു സ്വീകരിക്കുവാൻ ഹജ്ജ് കമ്മിറ്റി ഓഫീസിൽ വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടന്നുവരികയാണ്. കവർ നമ്പരുകൾ അയച്ചുകൊടുക്കാൻ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ വർഷം കൂടുതൽ ക്വാട്ട അനുവദിച്ചു കിട്ടുന്നതിന് കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലും കേന്ദ്ര സർക്കാരിലും ശക്തമായ സമ്മർദ്ദം സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെലുത്തുന്നുണ്ട്. ഹജ്ജ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ഒരു നിവേദക സംഘം കേന്ദ്ര വിദേശകാര്യ സഹമന്ത്രിയെ നേരിട്ടു കാണുകയും വിഷയം ചർച്ച ചെയ്യുകയും ചെയ്തു. അനുകൂലമായ പ്രതികരണമാണ് കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും ഉണ്ടായിട്ടുള്ളത്.

(സി) കരിപ്പൂർ വിമാനത്താവളത്തിലെ അറ്റകുറ്റപ്പണികൾ ഉടനെ തീരാൻ സാദ്ധ്യതയുള്ളതിനാൽ ഈ വർഷം ഹജ്ജ് വിമാനങ്ങൾ കരിപ്പൂരിൽ നിന്നുതന്നെ ആരംഭിക്കുവാനാവശ്യമായ അനുവാദം നൽകാൻ നടപടികൾ എടുക്കണമെന്ന് വ്യോമയാന മന്ത്രിയോടും മറ്റു ബന്ധപ്പെട്ടവരോടും സംസ്ഥാന ഹജ്ജ് കമ്മിറ്റി അഭ്യർത്ഥിച്ചിട്ടുണ്ട്.

**സിക്കിൾസെൽ അനീമിയ-ധനസഹായം**

241 (626) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക്കിൾസെൽ അനീമിയ രോഗം ബാധിച്ച ആദിവാസി-ഗോത്രവർഗ ജനവിഭാഗങ്ങൾക്ക് മരുന്നും മറ്റു ജീവനോപാധികളും വാങ്ങുന്നതിന് പ്രതിമാസം ആയിരം രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിക്കായി എത്ര തുക വകയിരുത്തുകയുണ്ടായി;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചു;

(സി) ധനസഹായം അനുവദിച്ചു തുടങ്ങിയത് എന്നു മുതലാണ്;

(ഡി) എത്ര മാസത്തെ ധനസഹായം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതി നടത്തിപ്പിലേയ്ക്കായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| 2012-13 | 28,36,000 |
| 2013-14 | 1,15,00,000 |
| 2014-15 | 1,20,00,000 |
| 2015-16 | 1,20,00,000 |

(ബി) 593 പേർക്ക്

(സി) ആഗസ്റ്റ് 2012 മുതൽ

(ഡി) കുടിശ്ശികയില്ല.

**ജനനി ജന്മരക്ഷ**

242 (627) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) " ജനനി ജന്മരക്ഷാ " പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; എത്രപേർക്കാണ് ഇതിന്റെ ഗുണം ലഭിച്ചത്; എന്തു തുകയാണ് പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് "ജനനി ജന്മരക്ഷ" പദ്ധതി. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ഗർഭിണികൾക്കും ശിശുക്കൾക്കും ആരോഗ്യ സംരക്ഷണം ഉറപ്പാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ടി പദ്ധതിയിലൂടെ 11850 പേർക്ക് ഗുണം ലഭിച്ചിട്ടുണ്ട്.

ടി പദ്ധതിക്കായി ചുവടെ ചേർത്തിരിക്കും പ്രകാരം സർക്കാർ തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| 2013-14 | 415 ലക്ഷം |
| 2014-15 | 150 ലക്ഷം |
| 2015-16 | 655 ലക്ഷം |
| ആകെ | 1220 ലക്ഷം |

## ഭൂമിയും വീടും ഇല്ലാത്ത പട്ടികവർഗ്ഗക്കാർ

243 (628) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ കേരളത്തിലുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഇവർക്ക് ഭൂമിയും വീടും നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിനുള്ള തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) വീടില്ലാത്ത എത്ര പട്ടിക വർഗ്ഗ കുടുംബങ്ങൾ കേരളത്തിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) ഭൂരഹിതരായ 9208 കുടുംബങ്ങൾ കേരളത്തിലുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇവർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി" റ്റി.ആർ.ഡി.എം. മുഖേന ഭൂമി വാങ്ങി നൽകൽ പദ്ധതി, വനാവകാശ നിയമം, റവന്യൂ വകുപ്പിന്റെ ഭൂരഹിത കേരളം പദ്ധതി, കെ.എസ്.റ്റി. ആക്ട് പ്രകാരം ഭൂമി നൽകുന്ന പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30197 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത് അനുബന്ധമായി* കൊടുത്തിരിക്കുന്നു.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നിർമ്മാണ ഗ്രാന്റ് തുക 3,50,000 രൂപയായി 14-05-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 36/2015/ പജപവവിവ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പ് 2014-15 ൽ ശേഖരിച്ച സ്ഥിതി വിവിരക്കണക്കുകൾ പ്രകാരം 30308 ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ കേരളത്തിൽ ഉണ്ട്. ഇവരിൽ 24335 കുടുംബങ്ങൾക്ക് ഭവനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 5973 കുടുംബങ്ങൾക്കും പുതിയ കുടുംബങ്ങൾക്കും ഭവനങ്ങൾ നൽകേണ്ടതുണ്ട്. 30308 ഭവനരഹിതരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അടിസ്ഥാന സൗകര്യ വികസനം

244 (629) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ കീഴിൽ ഏതെങ്കിലും കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രവൃത്തികൾ നടക്കുന്നുണ്ടോ; എങ്കിൽ ഏത് പദ്ധതി പ്രകാരമാണ് ഈ പ്രവൃത്തികൾ നടക്കുന്നത്;

(ബി) ഈ പ്രവൃത്തിയുടെ നിർമ്മാണം തുടങ്ങിയിട്ട് എത്ര കാലമായി; നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; പ്രവൃത്തി എന്ന് പൂർത്തീകരിക്കും; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരമാണ് ഈ പ്രവൃത്തികൾ നടക്കുന്നത്:

1. മോഡൽ കോളനി പദ്ധതി
2. ഹാംലറ്റ് വികസന പദ്ധതി
3. അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി

(ബി) ഓരോ പദ്ധതിയേയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. മോഡൽ കോളനികൾ:

2011-12 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി സംസ്ഥാനത്തെ 3 കോളനികളെ മോഡൽ കോളനികളാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരിയോട്ടുമല, വയനാട് ജില്ലയിലെ നെല്ലറച്ചാൽ, കുഞ്ഞോം എന്നീ കോളനികളിലാണ് മോഡൽ കോളനി പദ്ധതി നടപ്പാക്കുന്നത്. മോഡൽ കോളനി പദ്ധതിക്ക് ഓരോ ഊരുകൾക്കുംവേണ്ടി 25 വീടുകൾ വീതം (ആകെ 75 വീടുകൾ) 5.32 ലക്ഷം രൂപ നിരക്കിൽ നിർമ്മാണ ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള കുഞ്ഞോം എന്ന സ്ഥലത്ത് 25 വീടുകളുടെ പണി പൂർത്തിയാക്കി. 2015 ആഗസ്റ്റ് 20 ന് ഉദ്ഘാടനം നടത്തി. സുൽത്താൻ ബത്തേരിയിലെ നെല്ലറച്ചാലിൽ പണിയുന്ന 25 വീടുകളിൽ 20 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൊല്ലം ജില്ലയിൽ കരിയോട്ടുമലയിൽ നിർമ്മിക്കുന്ന 25 വീടുകൾ നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലാണ്.

2. ഹാംലറ്റ് വികസന പദ്ധതി:

2013-14 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി നടപ്പാക്കി വരുന്നു. ഹാംലറ്റ് വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി അനുബന്ധമായി* ചേർത്തിരിക്കുന്നു.

3.അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി :

2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി. ടി പദ്ധതി പ്രകാരം 135.75 കോടി രൂപ അനുവദിച്ച് പിന്നോക്കാവസ്ഥയിലുള്ള 134 പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സുസ്ഥിര വികസന പ്രവൃത്തികൾ ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു.

ടി പദ്ധതി മുഖേന ബന്ധപ്പെട്ട ജില്ലകൾക്ക് അനുവദിച്ച തുകയുടെയും നാളിതുവരെ ചെലവഴിച്ച തുകയുടെയും വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

2015-16 വർഷത്തിൽ കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറ എന്നീ ജില്ലകളിലെ പിന്നോക്കാവസ്ഥയിലുള്ള 50 പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികനസനത്തിന് 65 കോടി രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകൽ**

245 (630) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് എത്ര തുകയാണ് ഈ സർക്കാരിന്റെ കാലയളവിൽ നീക്കിവച്ചിരുന്നത്;

(ബി) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി ലഭ്യമാക്കുന്നതിന് ഈ തുക പര്യാപ്തമായിരുന്നുവോ;

(സി) ബഡ്ജറ്റിൽ നീക്കിവച്ച തുക മുഴുവനും ഈ ആവശ്യത്തിനായി ഉപയുക്തമാക്കിയിട്ടുണ്ടോ;

(ഡി) നിലവിൽ ഭൂരഹിതരായ എത്ര ആദിവാസികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാന ബഡ്ജറ്റിലെ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം.മുഖേന) എന്ന ശീർഷകത്തിൽ നിന്നുമാണ് ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് തുക അനുവദിക്കുന്നത് നടപ്പാക്കുന്നത്. ഇത് "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതിയിലൂടെയാണ് നടപ്പിലാക്കുന്നത്. 2013-14 സാമ്പത്തികവർഷം ആരംഭിച്ച ടി പദ്ധതിയ്ക്കായി 2013-14,2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ, വർഷത്തിൽ 20 കോടി രൂപ വീതം ആകെ 60 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) ടി തുക പര്യാപ്തമായിരുന്നില്ല.

(സി) ഉപയുക്തമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നിലവിൽ 9208 ഭൂരഹിതരായ ആദിവാസികൾ ഉണ്ട്.

## വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടികൾ

246 (631) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കുടിശ്ശികയായുള്ള വായ്പ എഴുതിതള്ളുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) കടം എഴുതിത്തള്ളുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവിൽ ഭവനനിർമ്മാണത്തിനായി എടുത്ത വായ്പകൾ എഴുതി തള്ളുന്നതിന് നടപടിയുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഭവനനിർമ്മാണ വായ്പകൾകൂടി ഒഴിവാക്കുന്നതിനുള്ള പരിഷ്കരിച്ച ഉത്തരവ് പുറത്തിറക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 1-10-2015 തീയതിയിലെ സ.ഉ.(അ)നമ്പർ 71/2015/പജപവവിവ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 01-04-2014-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപ്പലിശയും മറ്റു ചെലവുകളും ഉൾപ്പെടെ) എഴുതിതള്ളുന്ന പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാരുടെ യഥാർത്ഥ ബാധ്യതാ വിവരങ്ങൾ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദ്രുതഗതിയിൽ ശേഖരിച്ചു വരികയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

30-03-2015-തീയതിയിലെ സ.ഉ.(അ) നമ്പർ 24/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2010 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളുടെ ഒരു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യത എഴുതിത്തള്ളുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയിൽ തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ടും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ 2225-80-190-94-NP എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 40 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന ലഭ്യമായിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ കൃത്യമായ വായ്പാ വിവരങ്ങൾ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത പ്രൊഫോർമയിൽ ലഭിക്കാനുള്ള കാലതാമസം മാത്രമാണുള്ളത്.

(സി) പട്ടികവർഗ്ഗക്കാരുടെ കൃത്യമായ വായ്പ എഴുതിത്തള്ളു ന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പാ വിവരങ്ങൾ ലഭ്യമാകുന്നതിന്റെ കാലതാമസം ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ സഹകരണത്തോടെ വായ്പാ വിവരങ്ങൾ ശേഖരിച്ച് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പട്ടികജാതി വിഭാഗക്കാരുടെ 31-03-2010 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ, സഹകരണ സ്ഥാപനങ്ങളിലെയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെയും കുടിശ്ശികയായിട്ടുള്ള വായ്പകളും 30-03-2015 -ലെ സ.ഉ. (അ) നമ്പർ 24/15/പജപവവിവ നമ്പർ ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്. എന്നാൽ പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളുന്ന വായ്പകളിൽ ഉൾപ്പെട്ടിട്ടില്ല.

(ഇ) 14-05-2015- തീയതിയിലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 36/15/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ഗ്രാന്റായി മൂന്നരലക്ഷം രൂപ നൽകി വരുന്നതിനാൽ പട്ടികവർഗ്ഗക്കാർ ഭവന നിർമ്മാണത്തിനായി എടുത്ത വായ്പകൾ എഴുതിത്തള്ളുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## മിശ്രവിവാഹിതരാകുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സഹായം

247 (632) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നു വരാൻ വേണ്ട എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) മിശ്രവിവാഹിതരാകുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജീവിതത്തിൽ നേരിടേണ്ടിവരുന്ന സാമൂഹ്യ വെല്ലുവിളികളിൽ അവരെ സഹായിക്കുവാൻ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാൻവേണ്ടി ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

- കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ഗ്രാന്റ് ഇൻ-എയ്ഡ് അണ്ടർ ആർട്ടിക്കിൾ 275(1) പ്രത്യേക കേന്ദ്ര സഹായ പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയുള്ള വികസനത്തിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നു. ഗതാഗത സൗകര്യമായ റോഡ്, പാലം ഉൾപ്പെടെയുള്ള പദ്ധതികളും, കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റുകൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ, സ്കൂൾ കെട്ടിടം തുടങ്ങിയവ നിർമ്മിക്കുന്നതിനായി ആവശ്യമായ തുക അതാത് വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിലുൾപ്പെടുത്തി 2013-14 വർഷം പട്ടികവർഗ്ഗ പുനരധിവാസ മിഷൻ മുഖേന 490 ഗുണഭോക്താക്കൾക്ക് 178.95 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. നടപ്പു വർഷവും ടി പദ്ധതി നടപ്പിലാക്കിവരുന്നു.

- സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി: ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണത്തിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി കാലയളവിൽ ശേഖരിച്ച കണക്ക് പ്രകാരം ഭവനരഹിതരും ഭവനനിർമ്മാണത്തിന് സ്ഥലസൗകര്യമുള്ളവരുമായ 30308 പട്ടികവർഗ്ഗ കുടുംബങ്ങളാണുണ്ടായിരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി, എ.ടി.എസ്.പി. പദ്ധതി, ഹഡ്കോ വായ്പ തുക വിനിയോഗിച്ചുള്ള ഭവന നിർമ്മാണം, ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഐ.എ.വൈ പദ്ധതി എന്നിവയിലൂടെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു. 2014-15 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 2907 പേർക്ക് വീടുകൾ അനുവദിക്കുകയും, 2015-16 വർഷം ഹഡ്കോ ഹൗസിംഗ് പദ്ധതി പ്രകാരം 2000 വീടുകളും.

എ.ടി.എസ്.പി. പദ്ധതിപ്രകാരം 10000 വീടുകളും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് മുഖേനയുള്ള ഐ.എ.വൈ പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാർക്ക് 2014-15 -ൽ 9337 വീടുകളും 2015-16 -ൽ അത്രയും പേർക്കുകൂടി വീടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പി.വി.ടി.ജി പദ്ധതിയിൽ ഉൾപ്പെടുത്തി 2018 പേർക്ക് ഭവന നിർമ്മാണ ധനസഹായവും നൽകിയിട്ടുണ്ട്.

- ഹാംലറ്റ് വികസന പദ്ധതി: പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി നാളിതുവരെ 47 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഓരോ കോളനിയ്ക്കും 100 ലക്ഷം രൂപ ചെലവിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

- നബാർഡ്: പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി 181.71 കോടി രൂപ ചെലവഴിച്ച് 193 റോഡുകളും 5 പാലങ്ങളും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസായി 28.23 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- ജനനി ജന്മരക്ഷ: 2013-14 വർഷം ആരംഭിച്ച ടി പദ്ധതിയിൽ നാളിതുവരെ 11850 പേർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ നൽകിവരുന്നു.

- ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി ചികിത്സാ ധനസഹായം, സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പ് എന്നിവ നടപ്പിലാക്കിവരുന്നു.

- മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി മോഡൽ റസിഡൻഷ്യൽ സ്കൂൾ/ആശ്രമ സ്കൂൾ/ഹോസ്റ്റലുകൾ എന്നിവയുടെ നടത്തിപ്പ്, സ്കോളർഷിപ്പുകൾ എന്നിവ നടപ്പിലാക്കിവരുന്നു.

- 2013-14 വർഷത്തിൽ ആരംഭിച്ച ഗോത്ര സാരഥി പദ്ധതി വഴി നാളിതുവരെ 25445 കുട്ടികൾക്ക് യാത്രാ സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്.

- 2013-14 വർഷത്തിൽ ആരംഭിച്ച കൈതാങ്ങ് പദ്ധതി വഴി നാളിതുവരെ 979 കുട്ടികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

• എ.റ്റി.എസ്.പി. 2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭിക്കുകയും പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക് പഞ്ചായത്തുകളിലെ 89 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 135.75 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. 2015-16 വർഷത്തിൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് 65 കോടി രൂപ ചെലവിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

• 13-ാം ധനകാര്യ കമ്മിഷൻപ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 148 കോടി രൂപ ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

• മോഡൽ കോളനി: പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മോഡൽ കോളനി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുരിയോട്ടുമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ നെല്ലറച്ചാൽ, പരുർക്കുന്ന്, കഞ്ഞോം എന്നീ കോളനികളിലാണ് മോഡൽ കോളനി പദ്ധതി നടപ്പിലാക്കുന്നത്. മോഡൽ കോളനി പദ്ധതിക്ക് ഓരോ ഊരുകൾക്കും വേണ്ടി 25 വീടുകൾ വീതം (ആകെ 125 വീടുകൾ) 5.32 ലക്ഷം രൂപ നിരക്കിൽ ആകെ 6.65 കോടി രൂപ നിർമ്മാണ ഏജൻസിയായ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള കുഞ്ഞോം എന്ന സ്ഥലത്ത് 25 വീടുകളുടെ പണി പൂർത്തിയാക്കി. 2015 ആഗസ്റ്റ് 20 -ന് ഉദ്ഘാടനം നടത്തി. സുൽത്താൻ ബത്തേരിയിലെ നെല്ലറച്ചാലിൽ മോഡൽ കോളനിയിലെ 20 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൊല്ലം ജില്ലയിൽ കരിയോട്ടുമലയിൽ ഭവന നിർമ്മാണം അവസാന ഘട്ടത്തിലാണ്. പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ പരുർക്കുന്ന് എന്നീ കോളനികളുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്.

• പട്ടികവർഗ്ഗ യുവജനങ്ങൾക്കുള്ള സ്വയംതൊഴിലിനായി വൈദഗ്ദ്ധ്യ പരിശീലന പരിപാടി.

• അവിവാഹിതരായ അമ്മമാരെ പുനരധിവസിപ്പിക്കുതിനായി 2011-12 വർഷം സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. അവിവാഹിതരായ അമ്മമാർക്ക് സ്നേഹസ്പർശം എന്ന പേരിൽ പെൻഷൻ പദ്ധതിയിൽ പ്രതിമാസം 1000 രൂപ വീതം നൽകി വരുന്നു.

(ബി) മിശ്രവിവാഹിതരാകുന്ന പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിനായി വാർഷിക വരുമാന പരിധി 40,000 രൂപ വരെയുള്ളവർക്ക് 50,000 രൂപ ധനസഹായം നൽകി വരുന്നുണ്ട്.

**മോഡൽ കോളനി പദ്ധതി**

248 (633) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ കോളനി പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം കോളനികളിലാണ് നടപ്പാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ഏറ്റവും അവസാനം (2015-ൽ) തയ്യാറാക്കിയ വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മോഡൽ കോളനി പദ്ധതിക്ക് ഓരോ ഊരുകൾക്കും വേണ്ടി എത്ര രൂപ വീതം ചെലവഴിക്കാനായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കുരിയോട്ടുമല, വയനാട് ജില്ലയിലെ നെല്ലറച്ചാൽ, കുഞ്ഞോം എന്നീ കോളനികളിലാണ് മോഡൽ കോളനി പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഏറ്റവും അവസാനം വിലയിരുത്തിയ റിപ്പോർട്ട് (2015) ചുവടെ ചേർക്കുന്നു:

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള കുഞ്ഞോം എന്ന സ്ഥലത്ത് 25 വീടുകളുടെ പണി പൂർത്തിയാക്കി. 2015 ആഗസ്റ്റ് 20 -ന് ഉദ്ഘാടനം നടത്തി. സുൽത്താൻ ബത്തേരിയിലെ നെല്ലറച്ചാലിൽ മോഡൽ കോളനിയിൽ പണിയുന്ന 25 വീടുകളിൽ 20 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൊല്ലം ജില്ലയിൽ കരിയോട്ടുമലയിൽ നിർമ്മിക്കുന്ന 25 വീടുകൾ നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലാണ്.

(സി) ഓരോ ഊരുകൾക്കും ചെലവായ തുക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഊരുകളുടെ പേര് | ചെലവായ തുക |
|---|---|---|
| 1 | കുരിയോട്ടുമല | 6610872 രൂപ |
| 2 | നെല്ലറച്ചാൽ (വാകേരി) | 10813907 രൂപ |
| 3 | കുഞ്ഞോം | 14180847 രൂപ |
| | ആകെ | 31605626 രൂപ |

**പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യവസായസംരംഭകർക്ക് ധനസഹായം**

249 (634) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽലഭ്യത വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത വിഭാഗത്തിലെ വ്യവസായ സംരംഭകർക്ക് ധനസഹായം നൽകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച് എത്ര വ്യവസായ സംരംഭകർക്ക് ധനസഹായം നൽകിയെന്നും ആയത് ആർക്കൊക്കെയാണ് നൽകിയത് എന്നുമുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യവസായ സംരംഭകർക്ക് ധനസഹായം നല്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്താൻ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയത് വകയിരുത്തിയിട്ടില്ല. എന്നിരുന്നാലും 2014-15-ലെ '2225-02-277-42 പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം' എന്ന ശീർഷകത്തിൽ സംരഭകത്വ വികസനത്തിനും തുക അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗുജറാത്തിലെ IRMA എന്ന സ്ഥാപനത്തിൽ നിന്നും 3 വിദഗ്ധരെ നിയമിക്കുകയും അവർ പട്ടികവർഗ്ഗക്കാർ താമസിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇടുക്കി, പാലക്കാട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ സന്ദർശനം നടത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരുന്നത്. ടി പ്രവർത്തകരെ ഒരു വർഷത്തേക്ക് നിയമിച്ചിരുന്നു. കൂടാതെ ടി ശീർഷകത്തിൽ അനുവദിച്ച 400 ലക്ഷം

രൂപ വിനിയോഗിച്ച് ചുവടെ ചേർത്തിരിക്കുന്ന നൈപുണ്യ വികസന പദ്ധതികൾ നടപ്പാക്കിയിരുന്നു.

1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന 2014-15-ൽ 300 പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് വിവിധ സെന്ററുകളിൽ 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായുള്ള പദ്ധതി അംഗീകരിച്ചു. നാളിതുവരെ പരിശീലനം തുടർന്നുവരുന്ന 203 വിദ്യാർത്ഥികൾക്ക് 588.82 ലക്ഷം രൂപ 2 വർഷത്തെ ഫീസായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 251 വിദ്യാർത്ഥികളെ നവംബർ മാസത്തിലും(ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിനും) 120 വിദ്യാർത്ഥികളെ മാർച്ച് മാസത്തിലും (ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിനും) തെരഞ്ഞെടുത്തു. ടി വിദ്യാർത്ഥികളിൽ 332 വിദ്യാർത്ഥികൾ പരിശീലനം തുടർന്നു വരുന്നു.
2. 2014-15-ൽ 60 വിദ്യാർത്ഥികൾക്കായി 12.65 ലക്ഷംരൂപ വിവിധ കോഴ്സുകൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ്, കോവളത്തിന് അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

## പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ

250 (635) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്കുവേണ്ടി വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ; ഹോസ്റ്റൽ പ്രവർത്തനമാരംഭിച്ചോ;

(ബി) പ്രസ്തുത ഹോസ്റ്റലുകൾക്കുവേണ്ടി നീക്കിവച്ച തുക എത്ര; ട്രഷറിയിൽ നിന്ന് പിൻവലിക്കാതെ ബാക്കിക്കിടക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ;

(സി) ഹോസ്റ്റൽ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ സഹായം ലഭിച്ചിരുന്നോ; എങ്കിൽ ലഭിച്ച തുകയുടെ കണക്ക് നൽകാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾ, വനിതകൾ എന്നിവർക്കായി എറണാകുളം ജില്ലയിലെ ഫോർഷോർ, മാരംപള്ളി എന്നിവിടങ്ങളിലായി രണ്ട് വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

നഗരങ്ങളിലും ഗ്രാമപ്രദേശത്തും പ്രശസ്ത സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന, വനിതകൾക്കും അപ്രന്റീസ് പരിശീലകർക്കും, തൊഴിൽ ചെയ്യുന്ന വനിതകൾക്കും അവരുടെ 18 വയസ്സുവരെയുള്ള പെൺമക്കൾക്കും 5 വയസ്സുവരെയുള്ള ആൺമക്കൾക്കും അമ്മമാർക്കൊപ്പം സുരക്ഷിതമായ താമസസൗകര്യം ഒരുക്കുക എന്നതാണ് ടി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) 100% കേന്ദ്ര സഹായ പദ്ധതിയായ ടി ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി 299.82 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തി പ്രാരംഭഘട്ടത്തിലായതിനാൽ ടി തുക ട്രഷറിയിൽ നിക്ഷേപിച്ചിരിയ്ക്കുകയാണ്. നിർമ്മാണം പുരോഗമിയ്ക്കുന്ന മുറയ്ക്ക് ടി തുക ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതാണ്.

(സി) 100% കേന്ദ്ര സഹായം ഉപയോഗിച്ചുള്ള പദ്ധതിയാണിത്. അതനുസരിച്ച് ഓരോ ഹോസ്റ്റലിനും കേന്ദ്രം അനുവദിക്കുവാനായി അംഗീകരിച്ചതും ലഭ്യമാക്കിയിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>ഫോർഷോർ, എറണാകുളം:</u>

അംഗീകൃത തുക - 667.89826 ലക്ഷം രൂപ

ലഭ്യമായ തുക - 333.95 ലക്ഷം രൂപ

2. <u>മാരംപള്ളി, എറണാകുളം:</u>

അംഗീകൃത തുക - 622.77364 ലക്ഷം രൂപ

ലഭ്യമായ തുക - 311.38682 ലക്ഷം രൂപ

**ഭൂരഹിത-ഭവനരഹിത പട്ടികവർഗ്ഗക്കാർ**

251 (636) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ ഭൂരഹിതരുടെയും ഭവനരഹിതരുടെയും ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചു നൽകിയ ഭൂമിയുടെയും വീടുകളുടെയും ജില്ല തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിൽ 10517 ഭൂരഹിത പട്ടികവർഗ്ഗക്കാരും 36170 ഭവനരഹിത പട്ടികവർഗ്ഗക്കാരും ഉണ്ടായിരുന്നു. വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ചികിത്സാ ഫണ്ട്**

252 (637) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയതിന് പട്ടികവർഗ്ഗ വികസന വകുപ്പ് കോഴിക്കോട് മെഡിക്കൽ കോളേജിന് എത്ര തുക അനുവദിക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ടി തുക അനുവദിച്ച് നൽകാൻ ഉണ്ടായ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചികിത്സ ചെലവിനുള്ള തുക യഥാസമയം ബന്ധപ്പെട്ട ആശുപത്രികൾക്ക് അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1,37,48,572

(ബി) നടപ്പ് സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 13 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുക പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകൾ, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, പരിയാരം മെഡിക്കൽകോളേജ് ഹോസ്പിറ്റൽ, വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാർ, വിവിധ പ്രോജക്ട് ഓഫീസർമാർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ എന്നിവർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക നൽകേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(സി) യഥാസമയം നടപടി സ്വീകരിച്ച് പോരുന്നു.

**ദുർബല ഗോത്ര വിഭാഗങ്ങളുടെ ക്ഷേമം**

253 (638) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദുർബല ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക വകയിരുത്തിയെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തുക അനുവദിച്ച ഇനങ്ങളും പരിപാടികളും പദ്ധതികളും വിശദമാക്കുമോ ;

(സി) പ്രസ്തുത തുകയിൽ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ഭവന നിർമ്മാണം എന്നിവ നിർവ്വഹിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് രൂപീകരിച്ചിട്ടുള്ളതെന്നും ഇവ മോണിറ്ററിംഗ് ചെയ്യുന്നത് ഏത് ഏജൻസിയാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ ദുർബല ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തിയതും, വിനിയോഗിച്ചതുമായ തുകയുടെ കണക്ക് താഴെ ചേർക്കുന്നു:

13-ാം ധനകാര്യ കമ്മിഷൻഅവാർഡ് തുക

| Year | Allotment | Expenditure |
|---|---|---|
| 2011-12 | 97680000 | 97680000 |
| 2012-13 | 369303977 | 369303977 |
| 2013-14 | 568261859 | 568261859 |
| 2014-15 | 325384649 | 325384649 |
| 2015-16 | 49692000 | 41842227 |
| | 1410322485 | 1402472712 |

കൺസർവേഷൻ കം ഡെവലപ്മെന്റ് പദ്ധതി തുക

| Year | Allotment | Expenditure |
|---|---|---|
| 2013-14 | 121000000 | 8711610 |
| 2014-15 | - | 38585963 |
| 2015-16 | - | 25162610 |
| | 121000000 | 72460183 |

(ബി) ഭവന നിർമ്മാണം, കുടിവെള്ള പദ്ധതികൾ, മണ്ണ്-ജല സംരക്ഷണം, റോഡ് നിർമ്മാണം, വൈദ്യുതി ലൈൻ വലിക്കൽ, ഭക്ഷ്യ സുരക്ഷാ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രത്യേക അംഗൻവാടികൾ, പെരിപ്പറ്ററ്റിക് സെന്ററുകൾ എന്നിവയാണ് പദ്ധതികൾ.

(സി) ആരോഗ്യ സുരക്ഷയ്ക്കായി പ്രത്യേക മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എല്ലാ സെക്ടറിലും പ്രവൃത്തിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിനായി പെരിപ്പതറ്റിക് സ്കൂളുകളും, അംഗൻവാടികളും നിലവിലുണ്ട്. തൊഴിൽ പരിശീലനം ഈ പദ്ധതിയുടെ കീഴിൽ വരുന്നില്ല. വീടൊന്നിന് 3.5 ലക്ഷം രൂപ പ്രകാരം 2018 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1789 വീടുകൾ പൂർത്തിയായി. ശേഷിച്ച വീടുകളുടെ പണി പുരോഗമിച്ചുവരുന്നു. ജില്ലാകളക്ടർ ചെയർമാനായി ടി പദ്ധതികൾക്ക് മോണിറ്ററിംഗ് കമ്മിറ്റി, പദ്ധതി നടപ്പിലാക്കുന്ന എല്ലാ ജില്ലയിലും നിലവിലുണ്ട്. ടി കമ്മിറ്റി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

**തിരൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ ക്ഷേമവകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

254 (639) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെയും വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

തിരൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ നിലനിൽക്കുന്നില്ല. എന്നാൽ തിരൂർ മുനിസിപ്പാലിറ്റിയിൽ കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട 4 കുടുംബങ്ങൾ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്നുണ്ട്. ഇവർക്ക് വകുപ്പിന്റെ ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി അരി, പയർ എന്നിവ നൽകാറുണ്ട്. അതോടൊപ്പം "ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതിയിൽ ഭൂമി കണ്ടെത്തി അപേക്ഷ സമർപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**സംയോജിത സുസ്ഥിര വികസന പദ്ധതി**

255 (640) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗവിഭാഗത്തിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന തെരഞ്ഞെടുത്ത കോളനികളിൽ സംയോജിത സുസ്ഥിര വികസന പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 ലെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്ന തുക വിനിയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന 14 കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

എ.റ്റി.എസ്.പി:

2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മേഖലകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സ്ഥായിയായ സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബജറ്റ് വിഹിതത്തിൽ നിന്നും ലഭിച്ചതിൽ തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ പഞ്ചായത്ത്, ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്ക്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, ചിറ്റൂർ താലൂക്ക്, വയനാട് ജില്ലയിലെ മൂപ്പൈനാട്, മേപ്പാടി, നൂൽപ്പുഴ, പുൽപ്പള്ളി, പനമരം, തിരുനെല്ലി എന്നീ പഞ്ചായത്തുകളിലും കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്കിലും കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിലും, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിലും ഉൾപ്പെടെ പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക്/പഞ്ചായത്തുകളിലായി 134 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതി, കമ്മ്യൂണിറ്റി സെന്ററുകൾ, നടപ്പാലങ്ങൾ, റോഡുകൾ, ജീവനോപാധി പ്രവർത്തനങ്ങൾ, നൈപുണ്യ വികസനം, കൃഷി, മൃഗസംരക്ഷണം, ആരോഗ്യ പരിപാലനം, ശുചിത്വമിഷനിലൂടെ ടോയ് ലെറ്റുകൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും അടിസ്ഥാന സൗകര്യവും മുതലായ വികസന പ്രവർത്തനങ്ങൾക്ക് 135.75 കോടി രൂപ ജില്ലകൾക്ക് അനുവദിച്ച് വിവിധ ഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കിവരുന്നു. പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു*. സുസ്ഥിരവികസന പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത 134 കോളനികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ആദിവാസി മേഖലകൾ**

256 (641) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകൾ വിജ്ഞാപനം (പെസ) ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതിലൂടെ ആദിവാസി സമൂഹത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി ഗ്രാമസഭാ നിയമം (പെസ ആക്റ്റ്) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ ഇടുക്കി, കണ്ണൂർ, പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ 2445 പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് പെസ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരാണ് തയ്യാറാക്കിത്തരുന്നത്. ആയതിനാൽ പെസ നിയമം വിജ്ഞാപനം ചെയ്യുമ്പോൾ അതുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗ്ഗരേഖകൾ കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്നതാണ്.

(സി) ടി നിയമം പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനവും, ശാക്തീകരണവും ഉറപ്പാക്കുന്നതാണ്.

**ആദിവാസി മേഖലയിലെ പദ്ധതികൾ**

257 (642) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ആദിവാസി മേഖലയിൽ പദ്ധതി നടപ്പിലാക്കുന്നതിന് നൽകിയ തുകയിൽ വിനിയോഗിക്കപ്പെടാതെ തിരിച്ചടക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വർഷവും ഏതെല്ലാം പദ്ധതികൾക്കായി നൽകിയ തുകയാണ് തിരിച്ചടയ്ക്കേണ്ട സ്ഥിതിയുണ്ടായത്;

(സി) തുക തിരിച്ചടച്ച പദ്ധതി നടപ്പിലാക്കാത്തത് ആദിവാസികളുടെ പുരോഗതിക്ക് വിഘാതമായതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസി മേഖലയിൽ പദ്ധതി നടപ്പിലാക്കുന്നതിന് നല്കിയ തുക തിരിച്ചടയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

## നെന്മാറ അയിലൂർ പട്ടികവർഗ്ഗ ഹോസ്റ്റൽ കെട്ടിടം

258 (643) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ അയിലൂർ പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന പട്ടികവർഗ്ഗ ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(സി) സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിന് ജില്ലാകളക്ടർക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ തഹസീൽദാർ മുഖേന അന്വേഷണം നടത്തുകയും പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് അയിലൂർ വില്ലേജിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ സമീപത്ത് റോഡ്, വൈദ്യുതി, കുടിവെള്ളം യാത്രാസൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സർക്കാർ ഭൂമി ലഭ്യമല്ലായെന്ന് റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തിയുടെ 0.4486 ഹെക്ടർ ഭൂമി വില നിശ്ചയിച്ച് വാങ്ങുന്നതിന് പാലക്കാട് ജില്ലാകളക്ടർ വഴി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സ്ഥലം ലഭ്യമായാൽ ഉടൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

## ആദിവാസി കോളനിയിലെ ജനങ്ങൾക്ക് ഭൂമി നൽകുന്നത്

259 (644) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ ആദിവാസി കോളനിയിലെ ജനങ്ങൾക്ക് കൃഷിയ്ക്കും, വീട് വയ്ക്കുന്നതിനും ആവശ്യമായ ഭൂമി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കംപുഴ തുടങ്ങിയ ആദിവാസി കോളനികളിലെ ജനങ്ങൾക്ക് ഭൂമി നല്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് ഭൂമി വിതരണം ചെയ്യുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽ 9 പേർക്ക് 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ 25 സെന്റ് ഭൂമി വീതം ആകെ 2.25 ഏക്കർ ഭൂമി 92,48,490 രൂപ ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്. നിലവിൽ 14 അപേക്ഷകളിൽ ലീഗൽ സ്ക്രൂട്ടിനി ലഭ്യമായിട്ടുണ്ട്. ആയതിൽ പർച്ചേസിംഗ് കമ്മിറ്റി ചേർന്ന് അർഹരായവർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കമ്പുഴ തുടങ്ങിയ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വനാവകാശ നിയമപ്രകാരം കൈവശരേഖ നൽകിയിട്ടുണ്ട്. ഇനിയും തീർത്തും ഭൂമി ഇല്ലാത്തവർക്ക് നിലവിലെ 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## മോഡൽ റസിഡൻഷ്യൽ സ്കൂൾ

260 (645) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവൃത്തിക്കുന്നുണ്ട്;പ്രസ്തുത സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടിസ്ഥാന സൗകര്യവികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എത്ര ഫണ്ട് ചെലവഴിച്ചു; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവ്യത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു.

വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യോദയം എന്ന പദ്ധതിയിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകി അവരെ വിദ്യാസമ്പന്നരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും അതുവഴി ഒരു ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും കെട്ടിടം, ടോയ് ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി, റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്, കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവ്യത്തിക്കുന്ന പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി സംവിധാനം നിലവിൽ ഇല്ലാത്ത 7 സ്കൂളുകളിൽ കൂടി സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്. എന്നീ പദ്ധതികളും 'സർഗ്ഗോത്സവം' എന്ന പേരിൽ സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നുണ്ട്.

(ബി) പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 48 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി ടി സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളിന്റെ ഹയർസെക്കന്ററി വിഭാഗത്തിന്റെ ഒന്നാം നില നിർമ്മാണം നടത്തുന്നതിന് 1.15 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിരുന്നു. ഇതു സംബന്ധിച്ച പ്രവൃത്തികൾ നടന്നു വരികയാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നവീകരണ പ്രവർത്തനത്തിനും അറ്റകുറ്റപ്പണിക്കും ക്വാർട്ടേഴ്സ് നിർമ്മാണത്തിനും വേണ്ടി 4.11 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

## ആദിവാസി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം

261 (646) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ആയിരം ആദിവാസി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി രണ്ടര ലക്ഷം രൂപ വീതം സർക്കാർ നീക്കിവച്ചിരുന്നതു വിനിയോഗിച്ച് എത്ര ആദിവാസി കുടുംബങ്ങൾക്ക് പ്രസ്തുത സഹായം നൽകി എന്നുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ 1000 പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം നടത്തുന്നതിനുവേണ്ടി രണ്ടര ലക്ഷം രൂപ വീതം നീക്കിവച്ചിരുന്നു. എന്നാൽ ടി മേഖലയിൽ 2907 വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടിയാണ് കൈക്കൊണ്ടത്. മാത്രമല്ല ടി ധനസഹായം പിന്നീട് മൂന്നരലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

## ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

262 (647) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്ഷേമവകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

ഹാംലറ്റ് ഡെവലപ്മെന്റ് സ്കീം

ഫുഡ് സപ്പോർട്ട്

കോർപ്പസ് ഫണ്ട്

ഭവന നിർമ്മാണം

വീട് അറ്റകുറ്റപ്പണി

എസ്.സി.എ. ടു ടി.എസ്.പി

(ബി)

| പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ഹാംലറ്റ് ഡെവലപ്മെന്റ് സ്കീം | 2 കോടി | 50 ലക്ഷം |
| ഫുഡ് സപ്പോർട്ട് | 1014876 | 1014876 |
| കോർപ്പസ് ഫണ്ട് | 17888565 | 17888565 |
| ഭവന നിർമ്മാണം | 270100000 | 239072500 |
| വീട് അറ്റകുറ്റപ്പണി | 85 ലക്ഷം | 75 ലക്ഷം |
| എസ്.സി.എ.ടു ടി.എസ്.പി | 6533825 | 6533825 |

(സി) ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയിൽ 2 ഹാംലറ്റുകളെ തെരഞ്ഞെടുത്തിരുന്നു.

1. കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് - ഉമ്മൻചാണ്ടി കോളനി
2. കാഞ്ചിയാർ പഞ്ചായത്ത് - കോഴിമല

ഓരോ ഹാംലറ്റിനും ഒരു കോടി രൂപവീതം 2 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പദ്ധതി പ്രാരംഭഘട്ടത്തിൽ 25% അഡ്വാൻസ് തുകയായി 25 ലക്ഷം രൂപ വീതം 50 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ അവസാന ഘട്ടത്തിലാണ്.

## പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര ഫണ്ട്

263 (648) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്രയായിരുന്നു; മുഴുവൻ തുകയും ലഭ്യമായിട്ടുണ്ടോ; എന്ന് വരെയായിരുന്നു പദ്ധതിയുടെ കാലാവധി; എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ ഫണ്ട് ഉപയോഗിച്ച് ഓരോ ITDP പ്രോജക്ട് മേഖലയിലും നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുവദിച്ച തുക, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് ആകെ 148 കോടി രൂപ പതിമൂന്നാം ധനകാര്യ കമ്മിഷൻഅവാർഡ് തുകയായി നീക്കിവച്ചിട്ടുണ്ട്. മുഴുവൻ തുകയും ലഭ്യമായിട്ടില്ല. 31-3-2016 വരെയാണ് പദ്ധതിയുടെ കാലാവധി. 140,24,72,712 രൂപ ഇതേവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) ടി പദ്ധതിയിൽ ഓരോ ഐ.ടി.ഡി.പി മേഖലയിലും വരുന്ന പദ്ധതികൾ താഴെ ചേർക്കുന്നു:

1. പ്രോജക്ട് ഓഫീസ്, ഐ.ടി.ഡി.പി. കല്പറ്റ :

ഭവന നിർമ്മാണം, കോളനി വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, മണ്ണുജല സംരക്ഷണ പദ്ധതികൾ, റോഡ് നിർമ്മാണം, ഭക്ഷ്യ സുരക്ഷാ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, എന്നീ പദ്ധതികൾക്കായി ആകെ 716 കുടുംബങ്ങൾ ഗുണഭോക്താക്കളാണ്. ഇതിലേയ്ക്കായി ആകെ 13,62,80,120 രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് സുൽത്താൻ ബത്തേരി (ഐ.റ്റി.ഡി.പി കൽപ്പറ്റ പ്രോജക്ട് മേഖല):

ഭവന നിർമ്മാണം, കോളനി വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, മണ്ണുജല സംരക്ഷണ പദ്ധതികൾ, ഭക്ഷ്യ സുരക്ഷാ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നീ പദ്ധതികൾക്കായി ആകെ 3412 കുടുംബങ്ങൾ ഗുണഭോക്താക്കളാണ്. ഇതിലേയ്ക്കായി ആകെ 27,19,88,100 രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

3. ട്രൈബൽ ഡെവലെപ്മെൻറ് ഓഫീസ് മാനന്തവാടി (ഐ.റ്റി.ഡി.പി കൽപ്പറ്റ പ്രോജക്ട് മേഖല) :

ഭവന നിർമ്മാണം, കോളനി വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, മണ്ണുജല സംരക്ഷണ പദ്ധതികൾ, റോഡ് നിർമ്മാണം, ഭക്ഷ്യ സുരക്ഷാ പദ്ധതി,

മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പെരിപ്പറ്ററ്റിക് സെന്ററുകൾ എന്നീ പദ്ധതികൾക്കായി ആകെ 1260 കുടുംബങ്ങൾ ഗുണഭോക്താക്കളാണ്. ഇതിലേയ്ക്കായി ആകെ 27,19,88,100 രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

4. <u>പ്രോജക്ട് ഓഫീസ് ഐ.റ്റി.ഡി.പി.,നിലമ്പൂർ:</u>

ഭവന നിർമ്മാണം, കോളനി വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, മണ്ണുജല സംരക്ഷണ പദ്ധതികൾ, റോഡ് നിർമ്മാണം, ഭക്ഷ്യ സുരക്ഷാ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, എന്നീ പദ്ധതികൾക്കായി ആകെ 790 കുടുംബങ്ങൾ ഗുണഭോക്താക്കളാണ്. ഇതിലേയ്ക്കായി ആകെ 13,36,69,760 രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

5. <u>പ്രോജക്ട് ഓഫീസ് ഐ.റ്റി.ഡി.പി., അട്ടപ്പാടി:</u>

ഭവന നിർമ്മാണം, കോളനി വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, മണ്ണുജല സംരക്ഷണ പദ്ധതികൾ, റോഡ് നിർമ്മാണം, ഭക്ഷ്യ സുരക്ഷാ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നീ പദ്ധതികൾക്കായി ആകെ 765 കുടുംബങ്ങൾ ഗുണഭോക്താക്കളാണ് ഇതിലേക്കായി ആകെ 11,34,82,207 രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

6. <u>ട്രൈബൽ ഡെവലെപ്മെൻറ് ഓഫീസ്, പാലക്കാട്:</u>

ഭവന നിർമ്മാണം, കോളനി വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, മണ്ണുജല സംരക്ഷണ പദ്ധതികൾ, റോഡ് നിർമ്മാണം, ഭക്ഷ്യ സുരക്ഷാ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, എന്നീ പദ്ധതികൾക്കായി ആകെ 245 കുടുംബങ്ങൾ ഗുണഭോക്താക്കളാണ്. ഇതിലേയ്ക്കായി ആകെ 1,79,85,650 രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

7. <u>ട്രൈബൽ ഡെവലെപ്മെൻറ് ഓഫീസ്, ചാലക്കുടി:</u>

ഭവന നിർമ്മാണം, കോളനി വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, മണ്ണുജല സംരക്ഷണ പദ്ധതികൾ, റോഡ് നിർമ്മാണം, ഭക്ഷ്യ സുരക്ഷാ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, എന്നീ പദ്ധതികൾക്കായി ആകെ 348 കുടുംബങ്ങൾ ഗുണഭോക്താക്കളാണ് ഇതിലേയ്ക്കായി ആകെ 6,90,46,000 രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

8. ട്രൈബൽ ഡെവലെപ്മെൻറ് ഓഫീസ്, കാസറഗോഡ്

ഭവന നിർമ്മാണം, കോളനി വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ, മണ്ണുജല സംരക്ഷണ പദ്ധതികൾ, റോഡ് നിർമ്മാണം, ഭക്ഷ്യ സുരക്ഷാപദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, എന്നീ പദ്ധതികൾക്കായി ആകെ 565 കുടുംബങ്ങൾ ഗുണഭോക്താക്കളാണ് ഇതിലേയ്ക്കായി ആകെ 7,22,70,140 രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## ഹാംലറ്റ് പദ്ധതി

264 (649) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ.വി.പി.സജീന്ദ്രൻ:

ശ്രീ. സി.പി.മുഹമ്മദ്:

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹാംലറ്റ് വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി)ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി)പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, നടപ്പാത എന്നിവയുടെ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം തുടങ്ങിയ പൊതു സൗകര്യങ്ങൾ, ജലസേചനം, അടുക്കളതോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം നടപ്പിലാക്കുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) 2013-14 സാമ്പത്തിക വർഷം മുതൽ 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 സാമ്പത്തിക വർഷം മുതൽ 25 പട്ടികവർഗ്ഗ സങ്കേതങ്ങളിലും പദ്ധതി നടപ്പാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ഹാംലറ്റ് വികസന പദ്ധതിക്കായി തെരഞ്ഞെടുത്ത പത്ത് പട്ടികവർഗ്ഗ കോളനികളിൽ 4 കോളനികളിൽ പദ്ധതി നടപ്പാക്കൽ പ്രാരംഭഘട്ടത്തിലാണ്. ജില്ലാ കളക്ടർ പദ്ധതി അവലോകനം ചെയ്തുവരുന്നു.

## ഹാംലറ്റ് പദ്ധതി

265 (650) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉന്നമനത്തിനായി തയ്യാറാക്കിയ ഹാംലറ്റ് പദ്ധതി , റാന്നി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇവിടെ നടപ്പാക്കിയിട്ടുള്ളത്; ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇനിയും ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; ഏത് ഏജൻസിയ്ക്കാണ് ഇതിന്റെ നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്; കരാർ പ്രകാരം എന്നാണ് പദ്ധതി പൂർത്തിയാക്കേണ്ടിയിരുന്നത്; കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; എന്നത്തേക്ക് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിലെ കരുമ്പൻമൂഴി - മണക്കയം പട്ടികവർഗ്ഗ സങ്കേതങ്ങളാണ് ഹാംലറ്റ് പദ്ധതിയിൽ തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി)

| ക്രമ നമ്പർ | പദ്ധതി | സങ്കേതം | നിലവിലെ സ്ഥിതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കമ്മ്യൂണിറ്റി ഹാൾ നവീകരണം | കരുമ്പൻമൂഴി | ഒന്നാം നില കോൺക്രീറ്റ് കഴിഞ്ഞു. രണ്ടാം നില പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു |
| 2 | ജീവനോപാധി പ്രവർത്തനങ്ങൾ | കരുമ്പൻമൂഴി മണക്കയം | പൂർത്തീകരിച്ചു. പശു ആട് എന്നിവ വിതരണം ചെയ്തു. |
| 3 | വീട് വൈദ്യുതീകരണം | കരുമ്പൻമൂഴി | ഗുണഭോക്താക്കൾ അവ സ്വന്തമായി ചെയ്യാൻ തീരുമാനിച്ചതു പ്രകാരം ഏജൻസിയുമായി തർക്കത്തിലായതിനാൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ് |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | കാർഷിക പദ്ധതികൾ | കരുമ്പൻമൂഴി | ഭാഗീകമായി പൂർത്തീകരിച്ചു. |
| 5 | ശുചിമുറി നിർമ്മാണം | കരുമ്പൻമൂഴി | ഗുണഭോക്താക്കൾസ്വന്തമായി ചെയ്യാൻ തീരുമാനിച്ചു. ഭാഗീകമായി ചെയ്തു. |
| 6 | റബ്ബർ റോളർ വിതരണം | കരുമ്പൻമൂഴി മണക്കയം | ടെണ്ടർ ചെയ്ത് കരാർ വച്ചിട്ടുണ്ട്. |
| 7 | ഹെൽത്ത് സെന്ററിൽ സാനിട്ടേഷൻ സൗകര്യം | മണക്കയം | നിർമ്മാണം പുരോഗമിക്കുന്നു. |
| 8 | റോഡ് നിർമ്മാണം | കരുമ്പൻമൂഴി | പൂർത്തീകരിച്ചു. |
| 9 | കമ്മ്യൂണിറ്റി ഹാൾ നവീകരണം | മണക്കയം | ടെണ്ടർ ചെയ്ത് കരാർ വച്ചിട്ടുണ്ട്. |
| 10 | അംഗൻവാടിക്ക് അടുക്കള | മണക്കയം | ടെണ്ടർ ചെയ്ത് കരാർ വച്ചിട്ടുണ്ട്. |

കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എന്ന സ്ഥാപനത്തിനാണ് നിർവ്വഹണ ചുമതല ഏല്പിച്ചിട്ടുള്ളത്. കരാർപ്രകാരം 2014 മാർച്ച്31 ന് പൂർത്തീകരിക്കേണ്ടതാണ്.

നിർവ്വഹണ ഏജൻസിയും കോളനി നിവാസികളും തമ്മിലുള്ള തർക്കങ്ങളും ഏജൻസിയുടെ അനാസ്ഥയും കാലതാമസത്തിന് കാരണമായിട്ടുണ്ട്. കാലതാമസം പരിഹരിക്കാൻ ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2016 മാർച്ച് 31 ന് മുമ്പ് പൂർത്തീകരിക്കാമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

## പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി

266 (651) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം

ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പള്ളി പഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ തുടങ്ങിയ ആദിവാസി കാടർ കോളനികളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഭവന നിർമ്മാണമടക്കമുള്ള പ്രസ്തുത പദ്ധതിയിലുൾപ്പെട്ട വികസന പ്രവർത്തനങ്ങൾ എന്ന് ആരംഭിച്ചു എന്നും, ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിലുണ്ടായ കാലതാമസവും, കെടുകാര്യസ്ഥതയും, പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) അതിരപ്പിള്ളി പഞ്ചായത്തിൽ കാടർ വിഭാഗത്തിൽപ്പെട്ട പി.വി.ടി.ജി. കുടുംബങ്ങൾക്കുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതി | ഗുണഭോക്താക്കളുടെ വിവരം |
|---|---|
| ഭവനനിർമ്മാണം | 104 എണ്ണം |
| വൈദ്യുതീകരണം | 2 കോളനികൾ (വാച്ചുമരം, മുക്കംപുഴ) |
| മണ്ണ്/ജലസംരക്ഷണ പ്രവർത്തനം | 3 കോളനികൾ (പെരുമ്പാറ, ഷോളയാർ, ആനക്കയം) |
| പ്രത്യേക പോഷകാഹാര വിതരണ പദ്ധതി | പ്രതിമാസം (360 കുടുംബങ്ങൾ) |
| മൊബൈൽ മെഡിക്കൽ യൂണിറ്റ് | 1 എണ്ണം (പ്രതിമാസം 2 തവണ) |

(ബി) എല്ലാ പദ്ധതികളും 2012-13 വർഷത്തിലാണ് ആരംഭിച്ചത്. വൈദ്യുതീകരണം, മണ്ണ്/ജല സംരക്ഷണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പ്രത്യേക പോഷകാഹാര വിതരണം/മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്നിവയുടെ പ്രവർത്തനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഭവന നിർമ്മാണ പദ്ധതിയിൽ 94 എണ്ണം പൂർത്തീകരിച്ചു. ശേഷിച്ച 10 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

(സി) പദ്ധതി നിർവ്വഹണത്തിൽ കാലതാമസവും കെടുകാര്യസ്ഥതയും ഉണ്ടായിട്ടില്ല. ജില്ലാ കളക്ടർ ചെയർമാനായ പി.വി.ടി.ജി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതി പ്രവർത്തനവും പുരോഗതിയും വിലയിരുത്തി വരുന്നുണ്ട്.

## ഹാംലറ്റ് പദ്ധതി

267 (652) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഹാംലെറ്റ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ ഡയറക്ടർ ചെയർമാനായ കമ്മിറ്റി 2015 അവസാനം തയ്യാറാക്കിയ വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഹാംലെറ്റ് പദ്ധതിയിൽ ഭവനനിർമ്മാണം അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം ഏജൻസികൾക്ക് എത്ര രൂപയുടെ കരാർ അനുവദിച്ചുവെന്നും ഓരോ ഏജൻസിയും , പൂർത്തിയാക്കിയതും ഇനിയും പൂർത്തിയാക്കാനുള്ളതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ ഏജൻസിക്കും എത്ര രൂപ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായ കമ്മിറ്റി നിലവിലില്ല. വകുപ്പിലെ ജില്ലാതല ഓഫീസർമാരാണ് പദ്ധതികൾ അവലോകനം ചെയ്യുന്നതും ആയത് വിലയിരുത്തുന്നതും. ആയതിനാൽ ജില്ലാതല ഓഫീസുകളിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു* .

(ബി & സി) വിവരം അനുബന്ധമായി ചേർക്കുന്നു*.

## ചികിത്സാ ധനസഹായം

268 (653) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും എത്ര ആളുകൾക്ക് ചികിൽസാ ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പു വഴി ലഭിച്ചിട്ടുണ്ട്; അവരുടെ പേര് വിവരവും, അനുവദിച്ച തുകയും, സർക്കാർ ഉത്തരവിന്റെ കോപ്പിയും ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും 9 പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് വഴി ചികിത്സാ ധനസഹായം ലഭിച്ചിട്ടുണ്ട്. ടി വ്യക്തികളുടെ പേരുവിവരവും അനുവദിച്ച തുകയും ആയതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പും അനുബന്ധമായി* ചേർക്കുന്നു.

**ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകൽ**

269 (654) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് മുഴുവനും ഭൂമി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് മുഴുവനും ഭൂമി നൽകണമെന്ന ലക്ഷ്യത്തിൽ "ആശിക്കും ഭൂമി ആദിവാസി സ്വന്തം" പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷം മുതൽ ഇതുവരെ 524 പേർക്ക് 184.901 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. കൂടാതെ ടി.ആർ.ഡി.എം. മുഖേന നാളിതുവരെ 7033 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 9161.49 ഏക്കർ ഭൂമി വിതരണവും വനാവകാശ നിയമപ്രകാരം നാളിതുവരെ 24898 കുടുംബങ്ങൾക്ക് 350.73 ഏക്കർ ഭൂമിയും, റവന്യൂ വകുപ്പ് 'ഭൂരഹിത കേരളം' പദ്ധതിയിലൂടെ 450 പേർക്ക് 3 സെന്റ് വീതവും കെ.എസ്.ടി ആക്ട് പ്രകാരം 785 കുടുംബങ്ങൾക്ക് 611.61 ഏക്കർ ഭൂമിയും അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്കുകൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ സ്വീകരിച്ച് വരികയാണ്.

(ബി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**പഞ്ചായത്ത് രാജ് വ്യവസ്ഥകൾ പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കൽ നിയമം**

270 (656) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കൽ) നിയമം അഥവാ പെസ (PESA)- നടപ്പിലാക്കുന്നത് സംബന്ധിച്ച്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേന്ദ്രസർക്കാരിലേക്ക് റിപ്പോർട്ട് നൽകിയത് എന്നാണ്; പ്രസ്തുത റിപ്പോർട്ടിൽ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം ആദിവാസി മേഖലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നൽകിയ കത്തിന്റെയും റിപ്പോർട്ടിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കൽ) നിയമം അഥവാ 'പൈസ' നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയത് 7-04-2015- ലാണ് പ്രസ്തുത റിപ്പോർട്ടിൽ ഇടുക്കി, കണ്ണൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ 2445 ഊരുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു* .

## ഭവനരഹിതരായ ആദിവാസികൾ

271 (658) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ ആദിവാസികളുടെ എണ്ണം എത്രയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഐ.ടി.ഡി.പി. പ്രോജക്ട് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലൂടെ ഓരോ വർഷവും അനുവദിച്ച വീടുകളുടെ എണ്ണവും അതിൽ പണി പൂർത്തിയാക്കിയ വീടുകളുടെ എണ്ണവും ഐ.ടി.ഡി.പി. പ്രോജക്ട് തിരിച്ച് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലൂടെ ഓരോ വർഷവും പണി പൂർത്തിയാക്കിയ സ്പിൽ ഓവർ വീടുകളുടെ വിശദാംശങ്ങൾ ഐ.ടി.ഡി.പി. പ്രോജക്ട് തിരിച്ച് വിശദമാക്കുമോ;

(ഡി) വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് 2014-15 സാമ്പത്തിക വർഷം ശേഖരിച്ച കണക്കുകൾ പ്രകാരം ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ എണ്ണം 30308 ആണ്. ഐ.ടി.ഡി.പി പ്രോജക്ട് തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി &സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) നിർമ്മാണം മുടങ്ങിക്കിടക്കുന്നതും പുനരുദ്ധാരണം ആവശ്യമായതുമായ വീടുകൾക്ക് ഭവന പുനരുദ്ധാരണ ധന സഹായമായി ഒരു ലക്ഷം രൂപ വീതം നൽകി പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

## പട്ടികജാതി കോളനികളിലെ വൈദ്യുതീകരണം

272 (659) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി കോളനികളാണ് നിലവിലുള്ളത്; ഇതിൽ എത്ര കോളനികളിൽ വൈദ്യുതീകരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) പട്ടികജാതി കോളനികളിൽ വൈദ്യുതീകരണം നടപ്പാക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ ;വിശദാംശം വ്യക്തമാക്കുമോ;

(സി) പട്ടികജാതി കുടുംബങ്ങളിലെ വൈദ്യുതീകരണത്തിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുക ചെലവഴിച്ചു ; ഓരോ കോളനികളിലും എത്ര തുക വീതം ചെലവഴിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നൽകിയ ധനസഹായം

273 (660) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012 മുതൽ 2015-2016 വരെയുള്ള കാലയളവിൽ ഭവനരഹിതരായ എത്ര പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്;

(ബി) ഓരോ സാമ്പത്തികവർഷവും എത്ര തുക വീതം നൽകിയിട്ടുണ്ട്;

(സി) ഓരോ സാമ്പത്തികവർഷവും ഓരോ ജില്ലയിലും എത്ര പേർക്ക് വിതം ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ധനസഹായം വിതരണം ചെയ്തതെന്നും ഓരോ ഏജൻസി മുഖേനയും എത്ര തുക വീതമാണ് വിതരണം ചെയ്തതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെ 30197 പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട്.

(ബി &സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഗുണഭോക്താക്കൾ നേരിട്ടാണ് ഭവനനിർമ്മാണം നടത്തുന്നത്. ഭവനനിർമ്മാണത്തിനായി ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല.

**സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി**

274 (661) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിനായി സമ്പൂർണ്ണ പട്ടികവർഗ്ഗ ഭവന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭവനരഹിതരായ പട്ടികവർഗ്ഗക്കാരിൽ സ്വന്തമായി വീടു വയ്ക്കുവാൻ സ്ഥലസൗകര്യമുള്ളവർക്കെല്ലാം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 'സ്നേഹവീട് ' സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതിയിലൂടെ 2907 വീടുകളും, ഐ.എ.വൈ ഹൗസിംഗ് പദ്ധതി മുഖാന്തിരം 9337 വീടുകളും, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി പ്രകാരം 10091 വീടുകളും ഹഡ്കോ വായ്പതുകയുടെ ആദ്യഗഡു 50 കോടി രൂപ വിനിയോഗിച്ച് സംസ്ഥാനത്ത് 2000 വീടുകളും അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഭവനരഹിതർക്ക് ഹഡ്കോ വായ്പാ തുകയുടെ രണ്ടാംഗഡു, ജനറൽ ഹൗസിംഗ്, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ എന്നീ ഫണ്ടുകൾ വിനിയോഗിച്ച് ഭവനനിർമ്മാണം നടത്തുവാനായി സ്വീകരിച്ചു വരുന്നു.

## കടപ്പാറയിലെ പട്ടികവർഗ്ഗ സമരം

275 (662) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കടപ്പാറയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾ സമരം നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമരം നടത്തുന്നവരുമായി സർക്കാർ ചർച്ചകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(സി) സമരം നടത്തിവരുന്ന ആദിവാസി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(ഡി) സമരം നടത്തുന്ന വിഭാഗങ്ങളുടെ ന്യായമായ ആവശ്യങ്ങൾ ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 19-01-2016 ന് പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറും 20-01-2016 -ന് പാലക്കാട് ജില്ലാ കളക്ടറും സമരക്കാരുമായി ചർച്ചകൾ നടത്തിയിരുന്നു.

(സി) ഉണ്ട്. കടപ്പാറ കോളനിയിലെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും കൃഷി ചെയ്യാനാവശ്യമായ ഭൂമി, വാസയോഗ്യമായ വീട്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, വനവിഭവശേഖരണത്തിനും വിപണനത്തിനും ആവശ്യമായ പട്ടികവർഗ്ഗ സഹകരണ സംഘം രൂപീകരിക്കുക, ചികിത്സാ സൗകര്യം, ക്ഷേമ പെൻഷൻ, വിദ്യാഭ്യാസ സൗകര്യം, റോഡ്, കുടിവെള്ളം എന്നിവയാണ് ആവശ്യങ്ങൾ

(ഡി) വനാവകാശ നിയമം അനുസരിച്ച് അർഹമായ ഭൂമി നൽകുന്നതിനും, മറ്റ് ആവശ്യങ്ങൾ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപടി സ്വീകരിച്ചു വരുന്നു.

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

276 (663) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ, എയ്ഡഡ്, സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആകെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുപ്രവേശന പരീക്ഷാലിസ്റ്റിൽ നിന്നും സെൽഫ്-ഫൈനാൻസിംഗ് കോളേജിൽ പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ, എയ്ഡഡ്, സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആകെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സർക്കാർ | - | 2225 |
| എയ്ഡഡ് | - | 2620 |
| സെൽഫ് ഫൈനാൻസിംഗ് | - | 1200 |

(ബി&സി) ഇല്ല. വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് വരുന്നു കുടിശ്ശികയില്ല.

(ഡി&ഇ) ഇല്ല.

## ആദിവാസികളുടെ പൊതുസ്ഥിതി

277 (664) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആദിവാസി മേഖലയായ അട്ടപ്പാടിയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗക്കാരുടെ തൊഴിൽ, വിദ്യാഭ്യാസം, താമസം എന്നീ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 1/7/2011 മുതൽ 31/12/15 വരെ എന്തു തുക ചെലവഴിച്ചു; വാർഷികാടിസ്ഥാനത്തിൽ മേഖല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) ആദിവാസികളുടെ പൊതുസ്ഥിതി നാൾക്കുനാൾ പരിതാപകരമായി മാറുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ&ബി) അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) ഇല്ല പട്ടികവർഗ്ഗ യുവതി-യുവാക്കളിൽ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസപരമയ പുരോഗതി, മുഖ്യധാരാ സമൂഹത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടപെടലുകളിലുണ്ടായ പുരോഗതി, ഭരണപരമായ കാര്യങ്ങളെപ്പറ്റിയുള്ള അവബോധം, അവകാശബോധം, ആരോഗ്യരംഗത്തെ പുരോഗതി, സർവ്വീസ് മേഖലയിലെ പുതിയ തലമുറയുടെ കടന്നുവരവ് തുടങ്ങിയവയെല്ലാം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത സ്ഥിതിയിൽ ഉണ്ടായിട്ടുള്ള പുരോഗതിയുടെ അടയാളമായി കണക്കാക്കാവുന്നതാണ്.

നൂറ്റാണ്ടുകളോളം സാമൂഹികവും, സാമ്പത്തികവും, അധികാരപരവുമായ അടിച്ചമർത്തലുകൾക്ക് വിധേയമായി കഴിഞ്ഞിട്ടുള്ള പട്ടികവർഗ്ഗ സമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള തുടർനടപടികളുടെ ഭാഗമാകുന്നതിന് ഈ സർക്കാർ കാലയളവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്കും സ്വീകരിച്ചിട്ടുള്ള നടപടികൾക്കും കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രീമെട്രിക് ഹോസ്റ്റലുകൾ

278 (665) ശ്രീ. എ. കെ. ശശീന്ദ്രൻ:

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ മതിയായ കുടിവെള്ളവും ശൗചാലയവും ലഭ്യമാക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ലഭിക്കുന്ന റിപ്പോർട്ടുകൾ കൃത്യമായി അവലോകനം നടത്താറുണ്ടോ; കഴിഞ്ഞ ഒരു കൊല്ലത്തെ അവലോകന റിപ്പോർട്ടുകളുടെ വിശദാംശം വെളിപ്പെടുത്താമോ;

(സി) അട്ടപ്പാടിയിലെ 52 പെൺകുട്ടികൾ താമസിക്കുന്ന ആനവായിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ മതിയായ ശൗചാലയ സൗകര്യം ഇല്ലെന്നുള്ള പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിൽ പ്രവൃത്തിക്കുന്ന ഹോസ്റ്റലുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ശുദ്ധജല വിതരണം സാധ്യമാക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള പൈപ്പുകൾ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാകുന്നു എന്ന് വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം ലഭ്യമാകാത്ത സ്ഥലങ്ങളിൽ കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ കുഴൽക്കിണർ നിർമ്മിച്ച് അതിൽ നിന്ന് ജലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഹോസ്റ്റലുകളിലും ആവശ്യമായ ടോയ്‌ലെറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. ടോയ്‌ലെറ്റുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിലായി നടത്തിവരുകയും മതിയായ ടോയ്‌ലെറ്റുകൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ സ്ഥലം എം.എൽ.എ.- യുടെ അദ്ധ്യക്ഷതയിൽ വിവിധ ജനപ്രതിനിധികൾ അംഗങ്ങളായിട്ടുള്ള ഉപദേശക സമിതി യോഗം ചേർന്ന് ഹോസ്റ്റലുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) അവലോകനം നടത്തിവരുന്നു. പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, എന്നിവർ ഹോസ്റ്റലുകളിൽ സന്ദർശനം നടത്തി ശുദ്ധജല ലഭ്യത, ടോയ്‌ലെറ്റുകളുടെ അറ്റകുറ്റപ്പണി എന്നിവയിന്മേൽ നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പ് ഡയറക്ടറും, സർക്കാർ തലത്തിലും വിളിച്ചു ചേർക്കുന്ന ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗങ്ങളിലും ടി വിഷയങ്ങൾ അവലോകനം നടത്താറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിനുകീഴിൽ പ്രവൃത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഏറ്റവും ദുർഘട ഉൾപ്രദേശത്താണ് ആനവായ് പ്രീമെട്രിക് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നത്. 10 ഊരുകളിലെ കുറുംബ വിഭാഗത്തിൽപ്പെട്ട കുട്ടികളാണ് ടി ഹോസ്റ്റലുകളിൽ പഠിക്കുന്നത്. പ്രധാന റോഡിൽ നിന്നും ഏകദേശം 12 കി.മി. അകലെ സൈലന്റ് വാലി ബഫർസോണിലാണ് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നത്. റോഡ്, വൈദ്യുതി സൗകര്യങ്ങൾ ലഭ്യമല്ല. 1986-ൽ വെൽഫയർ ഓഫീസർക്കുവേണ്ടി നിർമ്മിച്ച കെട്ടിടത്തിലാണ് ഹോസ്റ്റൽ അടുക്കള സ്ഥിതിചെയ്യുന്നത്. ടി 52 കുട്ടികളിൽ 6 കുട്ടികൾ മാത്രം ഹോസ്റ്റലിനടുത്തുള്ള വിദ്യാഭ്യാസ വകുപ്പിന്റെ ക്വാർട്ടേഴ്സിൽ താമസിക്കുന്നു. ടി ക്വാർട്ടേഴ്സിൽ ഒരു ശൗചാലയമുണ്ട്. പ്രധാന റോഡിൽ നിന്നും 12 കിലോമീറ്ററോളം നടന്നു വേണം ഹോസ്റ്റലിൽ എത്തുവാൻ. റോഡ് സൗകര്യമില്ലാത്തതിനാൽ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ ചെയ്യാൻ സാധിച്ചിട്ടില്ല.

ഇപ്പോൾ പി.വി.ടി.ജി പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. റോഡ് നിർമ്മാണം പൂർത്തിയായാൽ ഉടൻതന്നെ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ഹോസ്റ്റൽ നിർമ്മാണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 1.6 കോടി രൂപ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥലം വനംവകുപ്പ് ഡിമാർക്ക് ചെയ്തു നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനം

279 (666) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനം സംബന്ധിച്ച് എന്റെ അപേക്ഷയിന്മേൽ മന്ത്രി വിളിച്ചുചേർത്ത 17.12.2014-ലെ യോഗത്തിന്റെ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത യോഗം കഴിഞ്ഞ് മാസങ്ങളായിട്ടും പ്രസ്തുത വിഷയത്തിൽ നാളിതുവരെ നടപടി സ്വീകരിക്കാത്തത് ഗൗരവതരമായി കാണുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ച പറ്റിയിട്ടുണ്ടോ; എങ്കിൽ ആയതിന് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനത്തിനായി ബഹുമാനപ്പെട്ട പട്ടികവർഗ്ഗ ക്ഷേമവകുപ്പുമന്ത്രിയുടെ നിയമസഭാ സമുച്ചയത്തിലെ ചേമ്പറിൽ 17-12-2014 -ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16 പേർക്ക് അഡീഷണൽ ട്രൈബൽ സബ്പ്ലാൻ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീടിന്റെ ഒന്നാം ഗഡു തുക അനുവദിച്ചിട്ടുണ്ട്.

നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയിൽ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ടി കോളനിയിൽ പ്രമോട്ടർമാരായി ജോലി ചെയ്യുന്നതിന് സന്നദ്ധരായവരില്ലാത്തതിനാൽ മറ്റ് കോളനിയിൽ നിന്നും താൽപ്പര്യമുള്ളവരെ പ്രൊമോട്ടർമാരായി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വനം, എക്സൈസ്, ആരോഗ്യം, പഞ്ചായത്ത് എന്നീ വകുപ്പുകളുടെ സാന്നിദ്ധ്യത്തിൽ മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ആരോഗ്യ സംബന്ധമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.

ടി കോളനിയിലെ കുട്ടികൾക്കായി 'ഗോത്രസാരഥി' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി കോളനിയിലെ 19 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിന്മേൽ പ്രസ്താവിച്ച പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വീഴ്ച പറ്റിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തെരഞ്ഞെടുത്തസങ്കേതങ്ങളിലെ/മേഖലകളിലെ പട്ടിവകവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്ര വികസന പദ്ധതി

280 (667) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത സാങ്കേതങ്ങളിലെ/മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്രവികസന പദ്ധതിക്ക് എന്തു തുക വകയിരുത്തുകയുണ്ടായി;

(ബി) പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങൾ എതെല്ലാമാണ്;

(സി) എന്തെല്ലാമാണ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ ;

(ഡി) പദ്ധതി പ്രദേശങ്ങളെ തെരഞ്ഞെടുക്കുവാൻ നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ/മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്ര വികസന പദ്ധതിക്ക് 150 കോടി രൂപ ബഡ്ജറ്റ് വിഹതമായി വകയിരുത്തിയിരിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ/ മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്ര വികസന പദ്ധതിക്ക് 150 കോടി രൂപ വകയിരുത്തിയതിൽ 85 കോടി രൂപ ഭവന നിർമ്മാണത്തിനും, 65 കോടി രൂപ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയിരിക്കുന്നു.

(ബി) 2014-15 വർഷത്തിൽ 134 പട്ടികവർഗ്ഗ സങ്കേതങ്ങളും, 2015-16 വർഷത്തിൽ 50 പട്ടികവർഗ്ഗ സങ്കേതങ്ങളെയും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു* .

(സി) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും മുൻതൂക്കം നൽകുന്ന പദ്ധതികളാണ് ടി പദ്ധതി വഴി നടപ്പിലാക്കി വരുന്നത്.

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, വൈദ്യുതി, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും, അടിസ്ഥാന സൗകര്യ വികസനവും, മെച്ചപ്പെട്ട ആരോഗ്യ പ്രവർത്തനങ്ങൾ, പോഷകാഹാരം നൽകുക, കൃഷി, മൃഗസംരക്ഷണം, സ്വയം തൊഴിൽ പദ്ധതി വഴി ജീവനോപാധി പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുതലായ വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എസ്.റ്റി.എസ്.പി. യുമായി സംയോജിച്ച് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) പട്ടികവർഗ്ഗക്കാർ താരതമ്യേന കൂടുതലുള്ള പ്രദേശം, സാമ്പത്തിക-ഭൗതിക സാഹചര്യങ്ങളിൽ പിന്നോക്കാവസ്ഥയുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് സുസ്ഥിരവികസന പദ്ധതിയിൽ തെരഞ്ഞെടുക്കുന്നത്.

### ആദിവാസികളുടെ ആരോഗ്യരക്ഷാ പദ്ധതികൾ

281 (668) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള വകുപ്പിലെ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; അവ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആദിവാസികളുടെ ആരോഗ്യരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതികളുടെയും വിശദാംശങ്ങളും അവ നടപ്പാക്കുന്ന രീതിയും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സഹായിക്കാൻ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ/ഹെൽത്ത് പ്രൊമോട്ടർമാർ എന്നിവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

ആരോഗ്യ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പട്ടികവർഗ്ഗ വികസന വകുപ്പ് മോണിറ്ററിംഗ് നടത്തിവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി എല്ലാ മാസവും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ അദ്ധ്യക്ഷതയിൽ അവലോകന യോഗം, ജില്ലാ മെഡിക്കൽ ഓഫീസർ കൺവീനറായി ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി, പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സർക്കാർതല മോണിറ്ററിംഗ് കമ്മിറ്റി എന്നിവ യോഗം ചേർന്ന് ആരോഗ്യ പദ്ധതികൾ കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ സംസ്ഥാനത്ത് അഞ്ച് ഒ.പി. ക്ലിനിക്കുകളും 18 ആയുർവേദ ഡിസ്പെൻസറികളും, 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവൃത്തിക്കുന്നുണ്ട്.

ആദിവാസികളുടെ ആരോഗ്യരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു:

1. <u>സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി:</u>

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. എ.പി.എൽ./ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാർക്കും 10,000 രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ. വിഭാഗത്തിലെ

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾക്കും, കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി ടി പദ്ധതി നടപ്പാക്കുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിച്ചുവരുന്നുണ്ട്.

2. ജനനി ജന്മരക്ഷാ പദ്ധതി:

ഈ പദ്ധതിയിലൂടെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പ്രതിമാസം 1,000 രൂപ ധന സഹായം അനുവദിച്ചു വരുന്നു. ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സ് പൂർത്തിയാക്കുന്നതുവരെ (പരമാവധി 18 മാസം) സഹായം ലഭിയ്ക്കുന്നു.

3. സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം.:

ഈ പദ്ധതി പ്രകാരം അരിവാൾ രോഗികളായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രതിമാസം 1,000 രൂപ സമാശ്വാസ ധന സഹായമായി നൽകിയിരുന്നത് ജനുവരി 2016 മുതൽ 2,000 രൂപയായി ഉയർത്തി അനുവദിച്ചു നൽകി വരുന്നു.

**കുന്ദമംഗലത്ത് പ്രീ-മെട്രിക് ഹോസ്റ്റൽ**

282 (669) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് അനുവദിച്ച പ്രീ-മെട്രിക് ഹോസ്റ്റലിന്റെ പ്രവൃത്തി ഏതു ഘട്ടം വരെയെത്തി; വിശദമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ എന്ന് വിദ്യാർത്ഥികൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

(ബി) കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായശേഷം മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉടൻ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് തുറന്ന് കൊടുക്കുന്നതാണ്.

**പട്ടികവർഗ്ഗ ക്ഷേമവകുപ്പ് ചടയമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

283 (670) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസം മുതൽ 2015 ഡിസംബർ മാസം വരെ പട്ടികവർഗ്ഗ ക്ഷേമ വകുപ്പു മുഖേന ചടയമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1. ചടയമംഗലത്തിൽ ഉൾപ്പെട്ട ഇടപ്പണ്ണ, വഞ്ചിയോട്, കൊച്ചരിപ്പ എന്നീ പട്ടികവർഗ്ഗ കോളനികളിൽ 2012-13 വർഷം എസ്.സി.എ.റ്റു., റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി റബ്ബർ കൃഷി, ഏത്തവാഴ കൃഷി, വനിതകൾക്ക് സ്വയം തൊഴിൽ നടത്തുന്നതിലേയ്ക്ക് പശു വിതരണം, കിടാരി വിതരണം എന്നിവയ്ക്കുള്ള സഹായം നല്കി.

2. വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കാലയളവിൽ 34 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകി.

(ബി) എസ്.സി.എ.റ്റു., റ്റി.എസ്.പി പദ്ധതി നടപ്പിലാക്കുന്നതിനായി 14 ലക്ഷം രൂപയും ഭവനനിർമ്മാണ പദ്ധതികൾക്കായി ആകെ 68,97,500 രൂപ ടി കാലയളവിൽ അനുവദിച്ചു നൽകി.

## പട്ടികവർഗ്ഗ വികസന വകുപ്പ് ഏറനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

284 (671) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏറനാട് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ; പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക ഗുണഭോക്താക്കളുടെ എണ്ണം എന്നിവ അറിയിക്കുമോ;

(സി) വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പുവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് കൂടി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി)

| വർഷം | പദ്ധതികൾ | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 2011-12 | ഭവനനിർമ്മാണം | 7 | 1475000 | പൂർത്തീകരിച്ചു. |
| | SCA to TSP<br>റബ്ബർ കൃഷി ധനസഹായം 2-ാം വർഷം | 53 | 156615 | പൂർത്തീകരിച്ചു. |
| | മൈലാടി കോളനി റബ്ബർകൃഷി ധനസഹായം 1-ാം വർഷം | 15 | 119175 | പൂർത്തീകരിച്ചു. |
| | പാവൽ കൃഷി | 15 | 121470 | പൂർത്തീകരിച്ചു. |
| | വാഴകൃഷി | 15 | 39750 | പൂർത്തീകരിച്ചു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | ആട് വളർത്തൽ യൂണിറ്റ് | 29 | 362500 | പൂർത്തീകരിച്ചു. |
| | കോർപ്പസ് ഫണ്ട് പുളപ്പെട്ടികോളനി റോഡ് നിർമ്മാണം | 28 | 500000 | പൂർത്തീകരിച്ചു. |
| | കല്ലുണ്ടകോളനി റോഡ് നിർമ്മാണം | 22 | 500000 | പൂർത്തീകരിച്ചു. |
| | ഭക്ഷ്യധാന്യവിതരണ പദ്ധതി | 604 | 142725 | പൂർത്തീകരിച്ചു. |
| | ഓണക്കിറ്റ് വിതരണം | 1032 | 237360 | പൂർത്തീകരിച്ചു. |
| | | ആകെ | | 3654595 |

| വർഷം | പദ്ധതികൾ | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2012-13 | ഭവനനിർമ്മാണം | 9 | 1825000 | 6 വീടുകൾ പൂർത്തീകരിച്ചു. |
| | റബ്ബർ കൾട്ടിവേഷൻ 3-ാം ഘട്ടം | 53 | 120151 | പൂർത്തിയായിട്ടില്ല. |
| | അടിയ, പണിയ SCA to TSP ഭവന നിർമ്മാണം | 1 | 212500 | പൂർത്തീകരിച്ചു. |
| | ഭക്ഷ്യധാന്യ വിതരണ പദ്ധതി | 614 | 162710 | പൂർത്തീകരിച്ചു. |
| | ഓണക്കിറ്റ് വിതരണം | 1168 | 692624 | പൂർത്തീകരിച്ചു. |
| | ആകെ | | 3012985 | |

| വർഷം | പദ്ധതികൾ | ഗുണ ഭോക്താക്കളുടെ എണ്ണം | അടങ്കൽ തുക | നിലവിലെ പുരോഗതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 2013-14 | കോർപ്പസ് ഫണ്ട് വീമ്പുംകുഴികോളനി കുടിവെള്ള പദ്ധതി | 10 | 1350000 | പൂർത്തീകരിച്ചു. |
| | വൈലാശ്ശേരി കോളനി കുടിവെള്ള പദ്ധതി | 22 | 1680000 | പൂർത്തീകരിച്ചു. |
| | അത്തിക്കാട് കോളനി കുടിവെള്ള പദ്ധതി | 16 | 1750000 | പൂർത്തീകരിച്ചു. |
| | അകമ്പാടം കോളനി കുടിവെള്ള പദ്ധതി | 18 | 1655000 | പൂർത്തീകരിച്ചു. |
| | കല്ലുണ്ട കുടിവെള്ള പദ്ധതി | 22 | 1800000 | പൂർത്തീകരിച്ചു. |
| | പെരുവമ്പാടം കുടിവെള്ള പദ്ധതി | 61 | 2100000 | പൂർത്തീകരിച്ചു. |
| | വീമ്പും കുഴിറോഡ് കോൺക്രീറ്റ് | 16 | 800000 | പൂർത്തീകരിച്ചു. |
| | ചോലാറ കുടിവെള്ള പദ്ധതി | 65 | 2300000 | ആരംഭിച്ചിട്ടില്ല KWA ടെണ്ടർ നടപടികൾ സ്വീകരിച്ചു. |
| | SCA to TSP റബ്ബർകൃഷി ധനസഹായം 1-ാം വർഷം | 127 | 2210435 | നടപ്പാക്കി. |
| | റബ്ബർ കൾട്ടിവേഷൻ 4-ാം വർഷം തുടർ ധനസഹായം | 53 | 106159 | നടപ്പാക്കി |
| (1) | പാവൽ കൃഷി ധന സഹായം | 10 | 80000 | നടപ്പാക്കി. |

| | (2) | (3) | (4) | (5) |
|---|---|---|---|---|
| | <u>അടിയ, പണിയ പാക്കേജ്</u><br>അവശരും രോഗികളുമായവർക്ക് കട്ടിൽ വിതരണം | 2 | 14000 | നടപ്പാക്കി |
| | ഭവനനിർമ്മാണം പദ്ധതി (2.5 ലക്ഷം രൂപ നിരക്കിൽ) | 17 | 3687500 | 2 പേർ വീട് പണി പൂർത്തിയാക്കി ശേഷിച്ച വീടുകൾ 3-ാം ഘട്ടം പൂർത്തിയാക്കി പണി തുടരുന്നു |
| | ഭക്ഷ്യധാന്യവിതരണ പദ്ധതി | 614 | 170078 | പൂർത്തീകരിച്ചു. |
| | ഓണക്കിറ്റ് വിതരണം | 1264 | 774832 | പൂർത്തീകരിച്ചു. |
| | | ആകെ | | 20478004 |

| വർഷം | പദ്ധതികൾ | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ തുക | നിലവിലെ പുരോഗതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 2014-15 | <u>കോർപ്പസ് ഫണ്ട്</u><br>പ്ലാക്കൽ ചോല സാംസ്കാരിക നിലയം | 27 | 810000 | വർക്ക് നടന്നുവരുന്നു. |
| | പുളപ്പെട്ടി എസ്.ടി.കോളനി സാംസ്കാരിക നിലയം | 28 | 810000 | |
| | പുളപ്പെട്ടി എസ്.ടി.കോളനി മണ്ണിടിച്ചിൽ തടയൽ | 28 | 1242000 | പൂർത്തീകരിച്ചു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | പുളപ്പെട്ടി എസ്.ടി.കോളനി റോഡ് നിർമ്മാണം | 28 | 1311000 | പൂർത്തീകരിച്ചു. |
| | നെല്ലിയായി എസ്.ടി. റോഡിന് കുറുകെ പാലം അധിക തുക നൽകൽ | | 60000 | പൂർത്തീകരിച്ചു. |
| | നല്ലുണ്ട കോളനി ഭവന സുരക്ഷാ പദ്ധതി | 19 | 643000 | പൂർത്തിയായി |
| | പ്ലാക്കൽ കോളനി ഭവന സുരക്ഷാ പദ്ധതി | 29 | 1312000 | വർക്ക് നടന്നു വരുന്നു. |
| | SCA to TSP മലബാർ മിൽമ മുഖേന പശു വിതരണം | 5 | 3750000 | നടപ്പാക്കി |
| | റബ്ബർ കൾട്ടിവേഷൻ 1-ാം ഘട്ടം | 53 | 710412 | നടപ്പാക്കി |
| | അടിയ പണിയ പാക്കേജ് മരംവെട്ട് മെഷീൻ | 4 | 108570 | നടപ്പാക്കി. |
| | പാവൽ കൃഷി | 1 | 8000 | നടപ്പാക്കി. |
| | ഭവനനിർമ്മാണം പദ്ധതി | 13 | 1680000 | പണി നടന്നു വരുന്നു |
| | ഭക്ഷ്യധാന്യ വിതരണ പദ്ധതി | 605 | 182710 | പൂർത്തീകരിച്ചു. |
| | ഓണക്കിറ്റ് വിതരണം | 1348 | 752184 | പൂർത്തീകരിച്ചു. |
| | ഹാംലെറ്റ് വികസന പദ്ധതി | 69 | 6500000 | പണി നടന്നു വരുന്നു. |
| | | ആകെ | 19919876 | |

| വർഷം | പദ്ധതികൾ | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2015-16 | കോർപ്പസ് ഫണ്ട് മൈലാടി കോളനി വൈദ്യുതീകരണം | 12 | 900000 | വർക്ക് നടന്നുവരുന്നു. |
| | കോടാമ്പുഴ കോളനി കലുങ്ക് നിർമ്മാണം | 35 | 1200000 | വർക്ക് നടന്നു വരുന്നു. |
| | SCA to TSP റബ്ബർ കൾട്ടിവേഷൻ 2-ാം ഘട്ടം | 122 | 344040 | നടപ്പാക്കി വരുന്നു. |
| | റബ്ബർ കൾട്ടിവേഷൻ 5-ാം ഘട്ടം | 53 | 78652 | നടപ്പാക്കി വരുന്നു. |
| | ആശിക്കും ഭൂമി ആദിവാസിക്ക സ്വന്തം | 17 | 16470000 | പൂർത്തീകരിച്ചു. |
| | ഭവന നിർമ്മാണ പദ്ധതി | 126 | 44100000 | പദ്ധതി നടപ്പിലാക്കി വരുന്നു. |
| | ഭക്ഷ്യധാന്യവിതരണ പദ്ധതി | 614 | 229636 | പൂർത്തീകരിച്ചു. |
| | ഓണക്കിറ്റ് വിതരണം | 1372 | 943154 | പൂർത്തീകരിച്ചു. |
| | അടിയ, പണിയ പാക്കേജ് കട്ടിൽ വിതരണം | 3 | 29820 | പൂർത്തീകരിച്ചു |
| | വയറിംഗ് ഗ്രാന്റ് | 6 | 27000 | നടപ്പാക്കി വരുന്നു. |
| | ചോലാറ കോളനി ഹാംലെറ്റ് വികസനം | 60 | 1 കോടി | പദ്ധതി ആരംഭിച്ചിട്ടില്ല |
| | ആകെ | | 7,43,22,302 | |

(സി)

| വർഷം | പദ്ധതികൾ | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2015-16 | കോർപ്പസ് ഫണ്ട് മൈലാടി കോളനി വൈദ്യുതീകരണം | 12 | 9,00,000 | വർക്ക് നടന്നു വരുന്നു. |
| | കോടമ്പുഴ കോളനി കലുങ്ക് നിർമ്മാണം | 35 | 12,00,000 | വർക്ക് നടന്നു വരുന്നു. |
| | SCA to TSP<br>റബ്ബർ കൾട്ടിവേഷൻ 2-ാം ഘട്ടം | 122 | 3,44,040 | നടപ്പാക്കി വരുന്നു. |
| | റബ്ബർ കൾട്ടിവേഷൻ 5-ാം ഘട്ടം | 53 | 78,652 | നടപ്പാക്കി വരുന്നു. |
| | ആശിക്കും ഭൂമി ആദിവാസിക്ക സ്വന്തം | 17 | 16470000 | പൂർത്തീകരിച്ചു. |
| | ഭവന നിർമ്മാണ പദ്ധതി | 126 | 4,41,00,000 | പദ്ധതി നടപ്പാക്കി വരുന്നു. |
| | ഭക്ഷ്യധാന്യ വിതരണ പദ്ധതി | 614 | 229636 | പൂർത്തീകരിച്ചു. |
| | ഓണക്കിറ്റ് വിതരണം | 1372 | 943154 | പൂർത്തീകരിച്ചു. |
| | അടിയ,പണിയ പാക്കേജ് കട്ടിൽ വിതരണം വയറിംഗ് ഗ്രാന്റ് | 3 | 29820 | പൂർത്തീകരിച്ചു. |
| | വയറിംഗ് ഗ്രാന്റ് | 6 | 27000 | നടപ്പാക്കി വരുന്നു. |
| | ചോലാറ കോളനി ഹാംലെറ്റ് വികസനം | 60 | 1 കോടി | പദ്ധതി ആരംഭിച്ചിട്ടില്ല. |
| | ആകെ | | 7,43,22,302 | |

## പട്ടികവർഗ്ഗ യുവതി-യുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതി

285(672) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതി-യുവാക്കൾക്ക് നൈപുണ്യ വികസനത്തിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. 2013-14 സാമ്പത്തിക വർഷം 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും ചെയ്തു.
2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ തുടങ്ങിയ സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകിയ പദ്ധതി.
3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ ട്രേഡിലുള്ള ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കിവരുന്നു.
4. കെൽട്രോൺ മുഖേന വിദ്യാർത്ഥികൾക്കായി വിവിധ പരിശീലനങ്ങൾ നൽകുന്നു.
5. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി മുഖേന ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ് മെന്റ് എന്നീ കോഴ്സുകൾ നടത്തി.
6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ വച്ച് തുന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകി.
7. 2014-15 വർഷത്തിൽ തിരുവനന്തപുരത്തെ ഗവൺമെന്റ് ആയുർവേദ കോളേജിൽ വച്ച് 30 പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിൽ പരിശീലനം നൽകി.

8. സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക്കുകളിൽ വച്ച് 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ പരിശീലനം നൽകി.

9. 2014-15 വർഷം കാസർഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം നൽകി.

10. ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സരപരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ നൽകിവരുന്നു.

11. 2015-16 -ൽ 75 പട്ടികവർഗ്ഗക്കാർക്ക് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം & ക്വാളിറ്റി കൺട്രോൾ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഡിസൈൻ & ഡെവലപ്മെന്റ് എന്നീ കോഴ്സുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

12. 2015-16-ൽ അട്ടപ്പാടിയിൽ 25 പട്ടികവർഗ്ഗക്കാർക്ക് 6 മാസത്തെ കമ്പ്യൂട്ടർ പരിശീലനം (DCA) ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) തൊഴിൽ സാധ്യതയുള്ള വിവിധ ട്രേഡുകളിൽ പരിശീലനം നൽകി സ്വകാര്യ മേഖലയിലെ വർദ്ധിച്ചുവരുന്ന തൊഴിൽ മേഖലകളിൽ സ്ഥിര വരുമാനമുള്ള തൊഴിലിൽ ഏർപ്പെടുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളെ സജ്ജരാക്കുകയാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി)

1. 2013-14 സാമ്പത്തിക വർഷം 500 പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും ഓട്ടോറിക്ഷ നൽകുന്നതിനുമായി 6,82,25,000 രൂപ വകയിരുത്തുകയും ആയതിൽ 6,74,64,460 രൂപ ചെലവഴിക്കുകയും ചെയ്തു.

2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ, ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സര പരീക്ഷകൾക്കുമുള്ള പരിശീലനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ ജില്ലകളുടെ അടിസ്ഥാനത്തിൽ 2013-14-ൽ ആർട്ടിക്കിൾ 275(1) ഉൾപ്പെടുത്തി 375 ഗുണഭോക്താക്കൾക്ക് 200 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ SCA to TSP -ൽ ഉൾപ്പെടുത്തി ജില്ലകൾക്ക് അനുവദിക്കുന്ന തുകയിൽ ഒരു ഭാഗം 500 ഗുണഭോക്താക്കൾക്കായി 300 ലക്ഷംരൂപ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ലഭിക്കുന്ന പദ്ധതികൾക്ക് അനുവദിച്ചു വരുന്നു.

3. നെട്ടൂർ ടെക്നിക്കൽ ട്രയിനിംഗ് ഫൗണ്ടേഷൻ മുഖേന 2013-14 -ൽ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതികൾ ഉൾപ്പെടുത്തി വിവിധ സെന്ററുകളിൽ 100 വിദ്യാർത്ഥികൾക്ക് 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി 218.73 ലക്ഷംരൂപ 2 വർഷത്തെ ഫീസായി അനുവദിച്ചിട്ടുണ്ട്. 2014-15-ൽ 300 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വിവിധ സെന്ററുകളിൽ 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി 588.82 ലക്ഷം രൂപ 2 വർഷത്തെ ഫീസായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 251 വിദ്യാർത്ഥികളെ നവംബർ മാസത്തിലും (ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്) 120 വിദ്യാർത്ഥികളെ മാർച്ച് മാസത്തിലും (ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്) തെരഞ്ഞെടുത്ത് പരിശീലനം നൽകി വരുന്നു. തുക നടപ്പു സാമ്പത്തിക വർഷം തന്നെ അനുവദിക്കുന്നതാണ്.

2013-14 മുതൽ നാളിതുവരെ 778 വിദ്യാർത്ഥികളെ പരിശീലനത്തിനായി തെരഞ്ഞെടുത്തതിൽ നിലവിൽ പരിശീലനം തുടർന്നുവരുന്ന 619 വിദ്യാർത്ഥികൾക്ക് 807.55 ലക്ഷംരൂപ ചെലവഴിച്ച് വിവിധ ഘട്ടങ്ങളായി പരിശീലനം നൽകി വരുന്നു.

4. കെൽട്രോൺ മുഖേന 2012-13-ൽ 371 വിദ്യാർത്ഥികൾക്ക് വിവിധ പരിശീലനങ്ങൾക്കായി 106.16 ലക്ഷംരൂപയും 2015-16-ൽ 40 വിദ്യാർത്ഥികൾക്കായി 37.46 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

5. 2013-14 സാമ്പത്തിക വർഷം 100 പട്ടികവർഗ്ഗക്കാർക്ക് 2 മാസത്തെ ഫുഡ് പ്രോസസിംഗ് ആന്റ് ബിവറേജ് കോഴ്സിനായി 1,27,486 രൂപയും 2014-15-ൽ 60 വിദ്യാർത്ഥികൾക്കായി 12.65 ലക്ഷം രൂപയും കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെ ന്റ് & കാറ്ററിംഗിന് അനുവദിച്ചിരുന്നു.

6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ വച്ച് തുന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി 2013-14-ൽ 140 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഫസ്റ്റ് ഇൻസ്റ്റാൾമെന്റായി 22 ലക്ഷം രൂപ അനുവദിച്ചിരുന്നു.

7. 2014-15 വർഷത്തിൽ 30 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിനായി 24.53 ലക്ഷം രൂപ ഗവൺമെന്റ് ആയുർവേദ കോളേജിന് അനുവദിച്ചിരുന്നു.

8. സംസ്ഥാനത്തെ ഗവ.പോളിടെക്നിക്കുകളിൽ വച്ച് 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ പരിശീലനം നൽകുന്നതിനായി 40.04 ലക്ഷംരൂപ 2014-15-ൽ അനുവദിച്ചിരുന്നു.

9. 2014-15 വർഷം കാസർഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം നൽകുന്നതിനായി 1.38 ലക്ഷംരൂപ ഡിസ്ട്രിക് സൈനിക് വെൽഫെയർ ഓഫീസർ, കാസർഗോഡിന് അനുവദിച്ചിരുന്നു.

10. 2015-16 -ൽ 75 പട്ടികവർഗ്ഗക്കാർക്ക് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം & ക്വാളിറ്റി കൺട്രോൾ, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഡിസൈൻ & ഡെവലപ്മെന്റ് എന്നീ കോഴ്സുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

11. 2015-16-ൽ അട്ടപ്പാടിയിൽ 25 പട്ടികവർഗ്ഗക്കാർക്ക് 6 മാസത്തെ കമ്പ്യൂട്ടർ പരിശീലനം (DCA) ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

**പട്ടികവർഗ്ഗ ഭൂരഹിതർ**

286 (673) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. ഐ.സി.ബാലകൃഷ്ണൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ അധികരിക്കാതെയും ഉള്ള ഭൂമി പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് വിലക്കുവാങ്ങി നൽകുന്ന 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി വഴി നടപ്പിലാക്കുന്നു.

(ബി) ടി പദ്ധതിയിലൂടെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ സ്ഥലം ലഭ്യമാക്കുക. അടിസ്ഥാന സൗകര്യം ലഭ്യമല്ലാത്ത ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ പ്രദേശത്ത് അധിവസിപ്പിക്കുക വഴി അവരുടെ സമഗ്ര വികസനത്തിന് വഴിയൊരുക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളാണ് ടി പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2015 ഡിസംബർ 31 വരെ ഭൂരഹിതരായ 524 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 184.901 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.

## പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

287 (674) ശ്രീ. വി. പി .സജീന്ദ്രൻ:

ശ്രീ.ഐ.സി.ബാലകൃഷ്ണൻ:

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മോഡൽ കോളേജ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വകുപ്പിന് കീഴിൽ മോഡൽ കോളേജ് എന്നൊരു പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മോഡൽ കോളനി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 3 കോളനികളെയാണ് മോഡൽ കോളനി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൊല്ലം ജില്ലയിലെ കരിയോട്ടുമല, വയനാട് ജില്ലയിലെ നെല്ലറച്ചാൽ, കഞ്ഞോം എന്നിവയാണ് മോഡൽ കോളനി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാർപ്പിടം, ഗതാഗത സൗകര്യം, വൈദ്യുതി, കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാനാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി)പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള കഞ്ഞോം എന്ന സ്ഥലത്ത് 25 വീടുകളുടെ പണി പൂർത്തിയാക്കി. 2015 ആഗസ്റ്റ് 20- ന് ഉദ്ഘാടനം നടത്തി. സുൽത്താൻ ബത്തേരിയിൽ പണിയുന്ന 25 വീടുകളിൽ 20 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. കൊല്ലം ജില്ലയിലെ കരിയോട്ടുമലയിൽ നിർമ്മിക്കുന്ന 25 വീടുകൾ നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്.

## പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട്

288 (675) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളിൽ വീടില്ലാത്തവർക്കെല്ലാം വീട് നിർമ്മിച്ച് നൽകുന്ന പ്രഖ്യാപനം ഈ സർക്കാരിന്റെ കാലയളവിൽ സാദ്ധ്യമാക്കാൻ സാധിച്ചിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാറിന്റെ കാലയളവിൽ വീട് ഇല്ലാത്ത എത്ര ആദിവാസി വിഭാഗങ്ങളുണ്ട് എന്ന് കണക്കായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭവന നിർമ്മാണം നടത്തുന്നതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ടി കാലയളവിൽ ശേഖരിച്ച കണക്ക് പ്രകാരം ഭവനരഹിതരായ 30308 പട്ടികവർഗ്ഗ കുടുംബങ്ങളാണുണ്ടായിരുന്നത്. 2014-15 മുതൽ നാളിതുവരെ 24,335 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് ഭവന നിർമ്മാണം നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാരുടെ കുറവും, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിദഗ്ധരായ കൈത്തൊഴിലുകാരുടെ അഭാവവും മൂലം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തികവർഷം വീടില്ലാത്തവരായി കണക്കാക്കിയിരുന്ന 30308 കുടുംബങ്ങളിൽ 24335 പേർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 5973 പേർക്കും പുതുതായി അപേക്ഷിക്കുന്ന കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകുവാനുണ്ട്.

## പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡ്

289 (676) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് നബാർഡ് മുഖേന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ എത്ര റോഡുകൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ തെരെഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(സി) പട്ടികവർഗ്ഗ കോളനികളിലേക്കുള്ള നിലവിലെ റോഡുകളുടെ ശോചനീയാവസ്ഥയും കോളനി നിവാസികളുടെ ആവശ്യവും പരിഗണിച്ചാണ് റോഡുകൾ നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്.

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി

290 (677) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1751 പേർക്ക് വകുപ്പിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ വീട് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനായി ആകെ 27,07,70,989 രൂപ (ഇരുപത്തിയേഴ് കോടി ഏഴ് ലക്ഷത്തി എഴുപതിനായിരത്തി തൊള്ളായിരത്തി എൺപത്തിയൊൻപത് രൂപ) ചെലവഴിച്ചു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

291 (678) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിലായി ഗവേഷണം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യർത്ഥികളുടെ ആകെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ ഗവേഷണ സ്കോളർഷിപ്പ് യഥാസമയം വിതരണം ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കോളർഷിപ്പ് എത്ര മാസം കുടിശ്ശികയാണ് എന്നത് വ്യക്തമാക്കാമോ;

(ഡി) സ്കോളർഷിപ്പ് ഇനത്തിൽ എത്ര രൂപ വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിലായി ആകെ 9 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഗവേഷണം നടത്തി വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കുടിശ്ശികയില്ല.

(ഡി) സ്കോളർഷിപ്പ് ഇനത്തിൽ തുക വിതരണം ചെയ്യാനില്ല.

**പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ**

292 (680) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി എത്ര പ്രീ-മെട്രിക് ഹോസ്റ്റൽ നിലവിലുണ്ടെന്ന് വിശദീകരിക്കാമോ ;

(ബി) ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിൽ പുതിയതായി പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ ;

(ഡി) അടുത്ത അദ്ധ്യയന വർഷാരംഭം മുതൽ ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി നിലവിൽ പ്രീമെട്രിക് ഹോസ്റ്റലുകൾ ഇല്ല.

(ബി) പരിഗണനയിലുണ്ട്.

(സി) പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ഒരു ഏക്കർ സ്ഥലം റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിയ്ക്കുന്നതാണ്.

**ആദിവാസികൾക്കുള്ള ഭൂമി വിതരണം**

293 (681) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഭൂരഹിതരായ എത്ര ആദിവാസികൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന്ഐ. റ്റി. ടി. പി. പ്രോജക്ട് ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് ഏതെല്ലാം പദ്ധതികളിലൂടെ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; ഓരോവർഷവും ഓരോ പദ്ധതി പ്രകാരം അനുവദിച്ച ഭൂമി, ഗുണഭോക്താക്കളുടെ എണ്ണം, റൈറ്റിൽ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, പട്ടയം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ഐ. റ്റി. ടി. പി. പ്രോജക്ട് തിരിച്ച് വ്യക്തമാക്കുമോ;

(സി) വിവിധ പദ്ധതികളിലായി ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ നിലവിൽ ഉണ്ട്; ഐ. റ്റി. ടി. പി. പ്രോജക്ട് ഓഫീസ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇനിയും ഭൂമി ലഭിക്കാനുള്ളവർക്ക് ഭൂമി ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 9208 ഭൂരഹിതരായ ആദിവാസികൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസ് തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് ഓരോ വർഷവും വിവിധ പദ്ധതികൾ പ്രകാരം ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഐ.റ്റി.ഡി.പി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭ്യമായ അപേക്ഷകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഇനിയും ഭൂമി ലഭിക്കാനുള്ളവർക്ക് ഭൂമി ലഭിക്കുന്നതിന് 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതി വനാവകാശ നിയമം റ്റി.ആർ.ഡി.എം. മുഖേന ഭൂമി എന്നിവയിലൂടെ ഭൂമി ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു

### പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

294 (682) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് വിനിയോഗിച്ച തുകയുടെ വിശദാംശം വ്യക്തമാക്കുമോ; ഏതൊക്കെയിനങ്ങളിൽ തുക വിനിയോഗിച്ചുയെന്നും വ്യക്തമാക്കുമോ;

(ഡി) വിനിയോഗിക്കാതെ മിച്ചം വന്ന തുക എത്രയെന്നും ഏതൊക്കെയിനങ്ങളിൽ ചെലവഴിക്കാൻ കഴിഞ്ഞില്ല എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-ഡി) ഈ സർക്കാർ അധികാരമേറ്റശേഷം (201-12 വർഷം മുതൽ 2015-16) പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് പ്ലാൻ ഇനത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെയും ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയുടേയും ചെലവഴിക്കാത്ത തുകയുടേയും വിവരം വർഷം തിരിച്ച്, പദ്ധതി തിരിച്ച്, അനുബന്ധമായി ചേർത്തിരിക്കുന്നു*.

**പട്ടികവർഗ്ഗക്ഷേമം**

295 (683) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഓരോ സാമ്പത്തിക വർഷവും നീക്കിവെച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കാതെ പോയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 2015-2016 സാമ്പത്തിക വർഷത്തിൽ നീക്കിവച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)പട്ടികവർഗ്ഗ ക്ഷേമത്തിന് പ്ലാൻ ശീർഷകത്തിൽ ബജറ്റ് വിഹിതമായി ലഭിക്കുന്ന തുക പൊതുമരാമത്ത് വകുപ്പിനും, റൂറൽ ഡെവലപ്മെന്റ് വകുപ്പിനും പട്ടികവർഗ്ഗ വികസന വകുപ്പിനും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക വർഷം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു:

(രൂപ ലക്ഷം)

| വർഷം | ബജറ്റ് വിഹിതം |
|---|---|
| 2011-12 | 19771.44 |
| 2012-13 | 25027.46 |
| 2013-14 | 35846.81 |
| 2014-15 | 52199.20 |
| 2015-16 | 58066.27 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി)

(രൂപ ലക്ഷം)

| വർഷം | ബജറ്റ് വിഹിതം | ചെലവഴിക്കാത്ത തുക |
|---|---|---|
| 2011-12 | 19771.44 | 3027.04 |
| 2012-13 | 25027.46 | 4754.76 |
| 2013-14 | 35846.81 | 5512.44 |
| 2014-15 | 52199.20 | 10155.58 |
| 2015-16 | 58066.27 | 24528.96 |

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി ആകെ 58066.27 ലക്ഷംരൂപ ലഭിച്ചതിൽ 31-1-2016 വരെ 33537.31 ലക്ഷംരൂപ ചെലവഴിച്ചു. (57.76%)

പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്ന പദ്ധതി വിഹിതമായ 46366.30 ലക്ഷംരൂപ വിഹിതമായി ലഭിച്ചതിൽ 31-1-2016 വരെ 31958.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (68.93%)

**പട്ടികവർഗ്ഗക്കാർക്ക് കടാശ്വാസം**

296 (684) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കടാശ്വാസം നൽകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച്അൻപതിനായിരം രൂപ വരെയുള്ള എത്ര വായ്പകൾക്ക് കടാശ്വാസം നൽകിയെന്നും അത് ആർക്കൊക്കെ ആണെന്നുമുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പട്ടികവർഗ്ഗക്കാരുടെ കടമെഴുതിത്തള്ളുന്ന പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ 2 കോടി രൂപ വകയിരുത്തിയതായി പരാമർശിച്ചിരുന്നു. എന്നാൽ ടി തുക ബന്ധപ്പെട്ട കണക്കെഴുത്ത് ശീർഷകത്തിൽ ലഭ്യമായരുന്നില്ല. പ്രസ്തുത തുക ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ടി പദ്ധതി നടത്തിപ്പിനായി 1-10-2015 തീയതിയിലെ സ.ഉ(പി) നമ്പർ 71/2015/പജപവവിവ ഉത്തരവ് പ്രകാരം കടം

എഴുതിതള്ളുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പട്ടികവർഗ്ഗക്കാർ എടുത്ത വായ്പ സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തിവരികയാണ്. പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപ വരെയുള്ള (മുതൽ+പലിശ) വായ്പ എഴുതിതള്ളുന്നതിനായി 22-1-06 ലെ സ.ഉ(ആർ.ടി) നമ്പർ 51/16 നമ്പർ ഉത്തരവ് പ്രകാരം ഈ സാമ്പത്തിക വർഷം 39.5241 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി വിവരങ്ങൾ ലഭ്യമാക്കി പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിയ വികസന പദ്ധതികൾ

297 (685) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പ്രത്യേകമായി ഉള്ളടക്കം ചെയ്യുന്നു.*

## 2011-12 മുതൽ 2015-16 വരെയുള്ള പട്ടികവർഗ്ഗക്ഷേമ വിഹിതം

298 (686) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012 ൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി എത്ര തുക വകയിരുത്തി; എത്ര തുക ചെലവഴിച്ചു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2012-2013 ൽ പട്ടികവർഗ്ഗക്ഷേമത്തിനായി എത്ര തുക വകയിരുത്തി; എത്ര തുക ചെലവഴിച്ചു;

(സി) 2013-2014 ൽ പട്ടികവർഗ്ഗക്ഷേമത്തിനായി എത്ര തുക വകയിരുത്തി; എത്ര തുക ചെലവഴിച്ചു;

(ഡി) 2014-2015 ൽ പട്ടികവർഗ്ഗക്ഷേമത്തിനായി എത്ര തുക വകയിരുത്തി; എത്ര തുക ചെലവഴിച്ചു;

(ഇ) 2015-2016 ൽ പട്ടികവർഗ്ഗക്ഷേമത്തിനായി എത്ര തുക വകയിരുത്തി; എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ-ഇ) പട്ടികവർഗ്ഗ ക്ഷേമത്തിന് ബഡ്ജറ്റ് വിഹിതമായി തുക ലഭിക്കുന്നത് പൊതുമരാമത്ത് വകുപ്പിനും, റൂറൽ ഡെവലെപ്മെൻറ് വകുപ്പിനും പട്ടികവർഗ്ഗ വികസന വകുപ്പിനും ഉൾപ്പെടുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയാണ്. 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ള തുകയും ചെലവഴിച്ച തുകയുടെയും വിവരം വർഷം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

(രൂപ ലക്ഷം)

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2011-12 | 19771.44 | 16744.40 | 84.69 |
| 2012-13 | 25027.46 | 20272.70 | 81.00 |
| 2013-14 | 35846.81 | 30334.37 | 84.62 |
| 2014-15 | 52199.20 | 42043.62 | 8054 |
| 2015-16 | 58066.27 | 33537.31 | 57.76 |

പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്ന പദ്ധതി വിഹിതവും ചെലവഴിച്ച തുകയും ചുവടെ ചേർത്തിരിക്കുന്നു: (ഇതിൽ പൊതുമരാമത്ത് വകുപ്പിനും, റൂറൽ ഡെവലപ്മെന്റ് വകുപ്പിനും അനുവദിച്ച ഫണ്ട് ഒഴികെ)

(രൂപ ലക്ഷം)

| വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2011-12 | 16263.02 | 15316.76 | 94.18 |
| 2012-13 | 19650.76 | 19500.21 | 99.23 |
| 2013-14 | 29980.1 | 29092.21 | 97.04 |
| 2014-15 | 46449.2 | 40922.4 | 88.10 |
| 2015-16 | 46366.34 | 31958.59 | 68.93 |

**യുവജന നയം**

299 (687) ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. വി.റ്റി.ബൽറാം:

ശ്രീ. പി.സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് നയം വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നയം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2013 മാർച്ച് 4-ാം തീയതി കേരളത്തിലെ യുവജനങ്ങളുടെ ക്ഷേമത്തിനായി കേരള സർക്കാർ യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) വ്യത്യസ്ഥ ചുറ്റുപാടുകളിൽ ജീവിക്കുന്ന യുവജനങ്ങളെ വിദ്യാഭ്യാസം, തൊഴിൽ, കൃഷി, മൃഗസംരക്ഷണം, ആരോഗ്യം-കായികം, കലയും സംസ്കാരവും, സാമൂഹികധർമ്മം, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പൊതുവായുള്ളവ എന്നീ 9 പ്രത്യേക സാമൂഹിക വിഭാഗങ്ങളിലായി തരം തിരിച്ച് പദ്ധതികൾ

ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഊന്നൽ നൽകികൊണ്ടാണ് യുവജനനയം രൂപീകരിച്ചിട്ടുള്ളത്. പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ സാഹചര്യങ്ങളിൽ അതിദ്രുതം സംഭവിക്കുന്ന മാറ്റങ്ങൾക്ക് അനുപൂരകമായി യുവജനങ്ങളുടെ സമഗ്രവികസനം സാധ്യമാക്കുന്നതരത്തിൽ കാലോചിതമായ നയമാണ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളത്. സാമൂഹിക നീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനം എന്ന തത്വം അടിസ്ഥാനപ്പെടുത്തിയാണ് ഈ നയം രൂപീകരിച്ചിരിക്കുന്നത്. നിയമസഭയിലെ യുവ സാമാജികർ, യുവാക്കളായ ജനപ്രതിനിധികൾ, യുവജനസംഘടനാ പ്രതിനിധികൾ, യുവ മാധ്യമ പ്രവർത്തകർ, യുവ കലാസാഹിത്യകാരൻമാർ, വിവിധ മേഖലകളിലെ വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിലും എല്ലാ ജില്ലകളിലും നടത്തിയ വിശദമായ ചർച്ചകളിലൂടെ ഉയർന്നു വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ചാണ് ഈ നയം നിർമ്മിച്ചിട്ടുള്ളത്. യുവജനങ്ങളുടെ വികസനവും യുവജനങ്ങളിലൂടെ നാടിന്റെ വികസനവും സാധ്യമാക്കുന്നതിന് പുതിയ നയം പ്രത്യേകം ഊന്നൽ നൽകുന്നു.

(സി) യുവജനനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തൊഴിൽരഹിതർക്കു വേണ്ടി ജോബ്ഫെസ്റ്റുകൾ, യുവസംരംഭകത്വ പരിശീലനങ്ങൾ എന്നിവയും ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായി ബ്രെയിലി ലൈബ്രറിയും കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം, പ്രകൃതി-ദുരന്തത്തിനിരയാകുന്നവർക്കായി ദുരന്ത നിവാരണസേന, മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹ്യ സേവനത്തിന് സജ്ജമാക്കുന്നതിന് പുനർജ്ജനി, രക്തദാനസേന- ജീവദായിനി, കാർഷിക സാക്ഷരത, യുവജനങ്ങളിൽ ദേശീയബോധം വളർത്തുന്നതിനായി ദേശീയോദ്ഗ്രഥന ക്യാമ്പ്, PSC/IBPS സൗജന്യപരീക്ഷാ പരിശീലന പദ്ധതി, DTP/PSC Online പരിശീലനം, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, സാഹിത്യ ക്യാമ്പ്, ചലച്ചിത്ര ക്യാമ്പ്, സ്ത്രീശാക്തീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതാ ശില്പശാലകൾ, നാടൻ കലാമേളകൾ, ഗോത്രവർഗ്ഗ കലാമേളകൾ, പെയിന്റിംഗ്, ശില്പശാല, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, വ്യക്തിത്വ വികസന പരിശീലനങ്ങൾ മുതലായ പരിപാടികൾ ബോർഡ് നടപ്പിലാക്കിവരുന്നു. കൂടാതെ വിവിധ യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾക്കും പ്രോജക്ടുകൾക്കുമായി ധനസഹായം നൽകിവരുന്നു.

**യുവജന കമ്മീഷൻ**

300 (688) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി.സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന കമ്മിഷൻരൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കമ്മിഷൻവഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) യുവജന നയം നടപ്പാക്കാൻ ഭരണതലത്തിൽ കമ്മിഷൻഎന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്?

ഉത്തരം

(എ) ഉണ്ട്. 20-07-2013-ലെ സ.ഉ (സ) നമ്പർ 134/13/കാ.യു.വ ഉത്തരവ് പ്രകാരം കമ്മിഷൻചെയർപേഴ്സനേയും. 20-01-2014 -ലെ സ. ഉ(അ) നമ്പർ 6/2014/കാ.യു.വ ഉത്തരവ് പ്രകാരം മറ്റ് അംഗങ്ങളേയും നിയമിച്ചുകൊണ്ട് കേരള സംസ്ഥാന യുവജന കമ്മിഷൻരൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരി- ക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകരായി വർത്തിക്കുകയും ചെയ്യുക എന്നതാണ് കമ്മീഷന്റെ ഉദ്ദേശലക്ഷ്യങ്ങളായി നിശ്ചയിച്ചിട്ടുള്ളത്. മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും, തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക, യുവാക്കളുടെ കഴിവ് വികസിപ്പിക്കുക യുവാക്കൾക്ക് തൊഴിലവസരങ്ങൾ നേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ നിർദ്ദേശിക്കുക, പ്രത്യേകിച്ച് ദുർബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലുമുള്ള യുവാക്കളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ ആസൂത്രണത്തിൽ സർക്കാരിനെ ഉപദേശിക്കുക, അസംഘടിത മേഖലയിൽ യുവാക്കൾ നേരിടുന്ന തൊഴിൽപരമായ ദുരിതങ്ങൾ ശ്രദ്ധിച്ച് റിപ്പോർട്ട് ചെയ്യുക, യുവാക്കളുടെ അവകാശ നിഷേധം സംബന്ധിച്ച പരാതികളിന്മേലും പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന ഇത്തരം പ്രശ്നങ്ങളിലും അന്വേഷണം നടത്തുകയും ബന്ധപ്പെട്ട അധികാരികളുടെ പരിഗണനയിൽ കൊണ്ടുവരികയും ചെയ്യുക, പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യ ബോധം, സാമൂഹിക ബോധം തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നിവയും കമ്മീഷന്റെ ചുമതലകളിൽപ്പെടുന്നതാണ്.

(സി) യുവജന നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയും, റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ കമ്മിഷൻനടത്തിവരുന്നു. മേൽ വിഷയങ്ങൾ കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടേയും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുടേയും അവകാശങ്ങളെ സംബന്ധിച്ചും മറ്റു പ്രസ്തുത വിഭാഗങ്ങൾക്കിടയിൽ പ്രത്യേകമായും കമ്മിഷൻബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. യുവാക്കളുടെ അവകാശങ്ങൾ, യുവാക്കളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തി സെമിനാറുകളും യോഗങ്ങളും നാഷണൽ യൂത്ത് മീറ്റ് ഉൾപ്പെടെയുള്ള കൂട്ടായ്മകളും കമ്മിഷൻസംഘടിപ്പിക്കുന്നുണ്ട്. സാഹിത്യം, കല, സാമൂഹ്യസേവനം, കൃഷി, വ്യവസായം, കായികം തുടങ്ങിയ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനായി യൂത്ത് ഐക്കൺ അവാർഡും കമ്മിഷൻനടപ്പിലാക്കി വരുന്നുണ്ട്.

**യുവഹരിതം പദ്ധതി**

301 (689) ശ്രീ. ഹൈബി ഈഡൻ:

ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'യുവഹരിതം ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി &സി) ബാധകമല്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന യുവജനങ്ങൾക്കായുള്ള പദ്ധതികൾ

302 (690) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനകാര്യ വകുപ്പ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന യുവജനങ്ങൾക്കായി മാത്രം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള വിശദ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗത്തിൽ പ്പെട്ടവരുടെ അവകാശങ്ങളെ സംബന്ധിച്ചും മറ്റുമായി പ്രസ്തുത വിഭാഗങ്ങളിലെ യുവാക്കൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഒരു പദ്ധതി കേരള സംസ്ഥാന യുവജന കമ്മീഷൻആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ നടത്തിപ്പിനായി യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് സംസ്ഥാനത്തെ വിവിധ/ആദിവാസി/പിന്നോക്ക മേഖലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ഭാരതദർശൻ എന്ന പരിപാടി ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്.

## പോസിറ്റീവ് കേരള മിഷൻ പദ്ധതി

303 (691) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് പോസിറ്റീവ് കേരള മിഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനു ദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മന:ശക്തിയുടെയും, വ്യക്തിത്വ വികസനത്തിന്റെയും അനന്തമായ സാധ്യതകൾ തുറന്ന് നൽകി ജീവിതോന്നതി ആഗ്രഹിക്കുന്നവർക്കായി സമഗ്രമായ ഒരു വിജയ പദ്ധതിയാണ് പോസിറ്റീവ് കേരളാ മിഷൻ. ജീവിത വിജയത്തെക്കുറിച്ച് തികച്ചും പോസിറ്റീവായ ദർശനം പകർന്ന് നൽകുക, വ്യക്തി ജീവിതം, കുടുംബ ജീവിതം, തൊഴിൽ ജീവിതം, സാമൂഹ്യ ജീവിതം, സാമ്പത്തിക ജീവിതം എന്നീ സുപ്രധാനമായ മേഖലകൾക്ക് ശക്തി പകരുക, ഓരോരുത്തരുടെയും ശാരീരികവും മാനസികവുമായ ആരോഗ്യം, ഭദ്രമായ കുടുംബ ബന്ധം, കരിയറിന്റെ വിവിധ ഘട്ടങ്ങൾ, സുതാര്യവും, അന്യോന്യാശ്രിതവുമായ സാമൂഹിക ബന്ധം, വളരുന്ന സമ്പത്ത് മുതലായവയിൽ മാനസിക ശാക്തീകരണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) പോസിറ്റീവ് കേരളാ മിഷൻ പ്രോഗ്രാം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 10 ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്. ലൈഫ് ലൈൻ ഫൗണ്ടേഷൻ എന്ന സംഘടനയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. അന്താരാഷ്ട്ര പ്രശസ്തനും, മന:ശക്തി പരിശീലകനും, ഗ്രന്ഥകാരനുമായ ഡോ. പി.പി. വിജയനാണ് നേതൃത്വം നൽകിയത്. വ്യക്തിവികസനം, മോട്ടിവേഷൻ, ശുഭചിന്തകൾ, പോസിറ്റീവ് മനോഭാവം എന്നീ വിഷയങ്ങളിൽ ആർട്ട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിൽ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട്.

**ഭാരതദർശൻ യാത്ര**

304 (692) ശ്രീ. പി. സി വിഷ്ണുനാഥ്:

<u>ശ്രീ. വി. റ്റി. ബൽറാം:</u>

<u>ശ്രീ. ഹൈബി ഈഡൻ:</u>

<u>ശ്രീ.കെ.എസ്. ശബരീനാഥൻ :</u> താഴെ കാണുന്നചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് ഭാരതദർശൻ യാത്രാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട ഭാരത് ദർശൻ യാത്ര, എസ്.റ്റി ഭാരത് ദർശൻ യാത്ര എന്നിങ്ങനെ രണ്ടുതരം ഭാരതദർശൻ യാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ യുവാക്കൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും, വിവിധ ഭാഷാ സംസ്കാരങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് ഭാരതദർശൻ യാത്ര സംഘടിപ്പിക്കുന്നത്.

(സി) ജനറൽ വിഭാഗങ്ങൾക്കുള്ള ഭാരതദർശന് യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകർ, കേരളോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ, ദേശീയ യുവോത്സവ വിജയികൾ എന്നിവരെയാണ് തെരഞ്ഞെടുക്കുന്നത്. എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 18- നും 40- നും മദ്ധ്യേ പ്രായമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയാണ് തെരഞ്ഞെടുക്കുന്നത്.

ജനറൽ കാറ്റഗറിയിലുള്ള ഭാരതദർശൻ 2013 ഫെബ്രുവരി 20-ന് തിരുവനന്തപുരത്ത് നിന്ന് ട്രെയിൻ യാത്ര ആരംഭിച്ച് ഗോവ, അഹമ്മദാബാദ്, ജോധ്പൂർ, ജയ്പൂർ, ഉദയ്പൂർ, ഹൈദ്രബാദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 2013 മാർച്ച് 6- ന് തിരുവനന്തപുരത്ത് തിരിച്ചെത്തി. ആദ്യ പട്ടിക വർഗ്ഗ ഭാരതദർശൻ 2013 നവംബർ 22 മുതൽ 26 വരെയും രണ്ടാമത് പട്ടിക വർഗ്ഗ ഭാരതദർശൻ 2014 നവംബർ 19 മുതൽ 25 വരെയും സംഘടിപ്പിച്ചു.

**യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ്**

305 (694) <u>ശ്രീ. വി. ടി. ബൽറാം :</u>

<u>ശ്രീ.ഹൈബി ഈഡൻ:</u>

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>

<u>ശ്രീ. ഷാഫി പറമ്പിൽ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണം ചെയ്യാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ-സി) യുവജനകാര്യവകുപ്പ് വഴി സംസ്ഥാനത്തെ യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**കേരളോൽസവങ്ങളിലെ പങ്കാളിത്തം**

306 (695) <u>ശ്രീ. സാജുപോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോൽസവങ്ങളിലെ പങ്കാളിത്തക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2015-ൽ ഗ്രാമപഞ്ചായത്ത് തലത്തിൽ കേരളോൽസവം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കേരളോൽസവത്തിൽ എത്ര പേർ മത്സരാർത്ഥികളായി പങ്കെടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) സംസ്ഥാനതല കേരളോൽസവത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുന്നവർക്ക് സർക്കാർ ജോലി കിട്ടാൻ വെയിറ്റേജ് നൽകാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളോത്സവത്തിന്റെ പ്രാഥമിക തലങ്ങളിൽ കലാമത്സര വിഭാഗത്തിൽ ആണ് പങ്കാളിത്ത കുറവ് വന്നിട്ടുള്ളത്. ദേശീയ യുവോത്സവ ഇനങ്ങളായ വീണ, കഥക്, മണിപ്പൂരി, ഒഡീസി, സിത്താർ, ഹാർമോണിയം, വായ്പ്പാട്ട് തുടങ്ങിയ ഇനങ്ങളിലും ഇതേ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ദേശീയ യുവോത്സവ ഇനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രാഥമിക തലത്തിൽ മത്സരിച്ച് വിജയിക്കുന്നവരോടൊപ്പം മറ്റ്

മത്സരാർത്ഥികൾക്ക് ജില്ലാതലത്തിൽ നേരിട്ട് രജിസ്റ്റർ ചെയ്ത് മത്സരിക്കുവാൻ അവസരം ഒരുക്കിയിട്ടുണ്ട്. ഇതുമൂലം പങ്കാളിത്തം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

(ബി) കേരളോത്സവ പ്രാഥമികതല മത്സരങ്ങൾ ഓണാഘോഷങ്ങളുടെ ഭാഗമായാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുന്നത്. എന്നാൽ 2015 വർഷത്തിലെ പ്രാഥമികതല മത്സരങ്ങൾ സംഘടിപ്പിക്കുന്ന സമയത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ പ്രാഥമികതല മത്സരങ്ങൾ നടത്തുവാൻ അനുവദിച്ച സമയപരിധിക്കുള്ളിൽ നാമമാത്രമായ ഗ്രാമപഞ്ചായത്തുകൾ മാത്രമേ സംഘടിപ്പിച്ചിരുന്നുള്ളൂ. ഈ സാഹചര്യം പരിഗണിച്ചും പുതിയ ഭരണസമിതി ചുമതലയെടുത്തശേഷം ഗ്രാമപഞ്ചായത്തു തലത്തിൽ കേരളോൽസവം സംഘടിപ്പിച്ച് ഡിസംബറിൽ സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുവാൻ കഴിയില്ല എന്നുള്ളത് വിലയിരുത്തി ബ്ലോക്ക് തലം മുതൽ കേരളോത്സവം നടത്തുവാൻ തീരുമാനം എടുക്കുകയും കേരളോത്സവം ബ്ലോക്ക് തലത്തിൽ ആരംഭിക്കുന്നതിനാൽ വർദ്ധിച്ച പങ്കാളിത്തം ഉണ്ടാകുമെന്നതിനാൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും അനുവദിക്കുന്ന ഗ്രാന്റ് തുകയായ 30,000 രൂപ, 60,000 രൂപയായി വർദ്ധിപ്പിച്ചു നൽകുകയും ചെയ്തു.

(സി) സർക്കാർ അധികാരമേറ്റശേഷമുള്ള കേരളോത്സവത്തിൽ പങ്കാളികളായവരുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു. 2015- ലെ വിവരങ്ങൾ ലഭ്യമായത് ഉൾപ്പെടുത്തിയിട്ടുണ്ട്:

| ജില്ല | 2011 | 2012 | 2013 | 2014 | 2015 |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| തിരുവനന്തപുരം | 41270 | 39666 | 43160 | 53060 | - |
| കൊല്ലം | 31364 | 31000 | 32364 | 30728 | - |
| പത്തനംതിട്ട | 54509 | 63270 | 57160 | 42966 | - |
| ആലപ്പുഴ | 37940 | 39930 | 43500 | 46170 | - |
| കോട്ടയം | 39654 | 41500 | 39680 | 42800 | 4750 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| ഇടുക്കി | 24600 | 32400 | 35500 | 38500 | 5963 |
| എറണാകുളം | 113850 | 15325 | 15810 | 104180 | 13700 |
| തൃശ്ശൂർ | 66352 | 67168 | 52111 | 59687 | - |
| പാലക്കാട് | 7015 | 7000 | 6800 | 2500 | - |
| മലപ്പുറം | 8345 | 8435 | 8685 | 4211 | 134697 |
| കോഴിക്കോട് | 47350 | 50125 | 52075 | 55410 | 57404 |
| വയനാട് | 6120 | 6325 | 6300 | 6600 | 4238 |
| കണ്ണൂർ | 56500 | 57000 | 57000 | 65900 | 42539 |
| കാസർഗോഡ് | 25665 | 27294 | 27595 | 28891 | 22450 |

(ഡി) കേരളോത്സവ വിജയികൾക്ക് സർക്കാർ ജോലികൾക്ക് വെയിറ്റേജ് മാർക്ക് നൽകേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്.

## മൃഗശാലകളിലെ അടിസ്ഥാന സൗകര്യം

307 (696) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സാദ്ധ്യമായില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത കാരണം മൃഗങ്ങൾ ചത്തൊടുങ്ങുന്ന സാഹചര്യം ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായതായി കരുതുന്നുണ്ടോ;

(സി) ഈ ആവശ്യങ്ങൾക്കായി മതിയായ തുക വകയിരുത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;

(ഡി) ഇപ്രകാരം വകയിരുത്തിയ തുകകൾ യഥാർത്ഥമായി ഉപയുക്തമാക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മൃഗശാലകളിൽ ആവശ്യം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം നവീകരണ പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

(ബി) അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത കാരണം മൃഗങ്ങൾ ചത്തൊടുങ്ങുന്ന അവസ്ഥ ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിട്ടില്ല.

(സി) മൃഗങ്ങളുടെ മെച്ചപ്പെട്ട സംരക്ഷണ പ്രവർത്തനങ്ങൾക്കും മൃഗശാലയുടെ അടിസ്ഥാന നവീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

(ഡി) ടി തുകകൾ യഥാർത്ഥമായി ഉപയുക്തമാക്കാൻ സാധിച്ചിട്ടുണ്ട്.

## മൃഗശാലകളുടെയും മ്യൂസിയങ്ങളുടേയും നവീകരണം

308(697) ശ്രീ. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരിത്രമ്യൂസിയത്തിന്റെ നവീകരണം, മൃഗശാലകളിലും മ്യൂസിയങ്ങളിലും ഇന്ററാക്ടീവ് ഡിസ്പ്ലേ യൂണിറ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 14.5 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

മ്യൂസിയവും മൃഗശാലയും വകുപ്പിന്റെ 2014-15 വർഷത്തെ ആകെയുള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി 14.50 കോടി രൂപ അനുവദിച്ചിരുന്നു. അതിൽ നിന്നും വിവിധ പദ്ധതികൾക്കായി 1007.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ബഡ്ജറ്റ് തുക 2014-15 സാമ്പത്തിക വർഷം ചെലവഴിച്ചതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി* ചേർക്കുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 655,657,679,693 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

9.30 AM

## II ചരമോപചാരം

മി. സ്പീക്കർ: മുൻ കേരള നിയമസഭാംഗങ്ങളായിരുന്ന കല്ലടി മുഹമ്മദ്, കെ. മൂസക്കുട്ടി, മുൻ ലോക്സഭാ സ്പീക്കർ ബൽറാം ഝക്കർ എന്നിവർ അടുത്തകാലത്ത് നിര്യാതരായി.

കല്ലടി മുഹമ്മദ്

മുൻ കേരള നിയമസഭാംഗം കല്ലടി മുഹമ്മദ് 2016 ജനുവരി 21-ന് അന്തരിച്ചു. പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് അബ്ദുഹാജിയുടെയും അയിഷയുടെയും മകനായി 1949 ഒക്ടോബർ 20-ന് കല്ലടി മുഹമ്മദ് ജനിച്ചു. മുസ്ലീം ലീഗിന്റെ പ്രവർത്തകനായി പൊതുപ്രവർത്തനരംഗത്ത് എത്തി.

1987-ൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നിന്നും എട്ടാം കേരള നിയമസഭയിലേയ്ക്ക് മുസ്ലീം ലീഗ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1991-ൽ ഒൻപതാം കേരള നിയമസഭയിലേയ്ക്ക് അതേ നി.ോജകമണ്ഡലത്തിൽ നിന്നും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി അംഗം എന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്.

മുസ്ലീം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ്, പാലക്കാട് ജില്ലാ പ്രസിഡന്റ്, കോട്ടോപ്പാടം പഞ്ചായത്ത് പ്രസിഡന്റ്, കേരള വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയർമാൻ, കേരള പിന്നോക്ക വികസന കോർപ്പറേഷൻ ഡയറക്ടർ, അരിയൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ, കെൽ എംപ്ലോയീസ് ഓർഗനൈസേഷൻ പ്രസിഡന്റ്, മണ്ണാർക്കാട് മുസ്ലീം ഓർഫനേജ് കമ്മിറ്റി പ്രസിഡന്റ് എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്. മുസ്ലീം ലീഗ് ദേശീയ സമിതി അംഗമായി പ്രവർത്തിച്ചു വരികയായിരുന്നു.

കല്ലടി മുഹമ്മദിന്റെ നിര്യാണത്തോടെ കഴിവുറ്റ ഒരു സംഘാടകനേയും മികച്ച ഒരു പൊതു പ്രവർത്തകനേയുമാണ് നഷ്ടമായിട്ടുള്ളത്.

കെ. മൂസക്കുട്ടി

മുൻ കേരള നിയമസഭാംഗം കെ. മൂസക്കുട്ടി 2016 ജനുവരി 22-ന് അന്തരിച്ചു. കോഴിക്കോട് താമരശ്ശേരി പരപ്പൻപൊയിൽ കുഞ്ഞായ്യൻ കുട്ടിയുടെ മകനായി 1938 ജൂലൈ 1-ന് കെ. മൂസക്കുട്ടി ജനിച്ചു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലൂടെ പൊതുരംഗത്ത് എത്തിയ അദ്ദേഹം മലയോര മേഖലയിലെ തൊഴിലാളി സമരങ്ങളിലൂടെ പൊതുപ്രവർത്തനരംഗത്ത് സജീവമായി.

1982-ൽ ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും ഏഴാം കേരള നിയമസഭയിലേക്ക് സി.പി.ഐ.(എം) പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

താമരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗം, സി.പി.ഐ.(എം) സംസ്ഥാന സമിതി അംഗം, സി.ഐ.റ്റി.യു. അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം, സി.ഐ.റ്റി.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, മിനിമം വേജസ് അഡ്വൈസറി ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

കെ. മൂസക്കുട്ടിയുടെ നിര്യാണത്തോടെ കഴിവുറ്റ ഒരു സംഘാടകനേയും മികച്ച ട്രേഡ് യൂണിയൻ പ്രവർത്തകനേയുമാണ് നഷ്ടമായിട്ടുള്ളത്.

## ബൽറാം ഝാക്കർ

മുൻ ലോക്സഭാ സ്പീക്കർ ബൽറാം ഝാക്കർ 2016 ഫെബ്രുവരി 3-ന് അന്തരിച്ചു.

പഞ്ചാബിലെ ഫിറോസ്പൂരിൽ 1923 ആഗസ്റ്റ് 23-ന് ബൽറാം ഝക്കർ ജനിച്ചു. 1972-ൽ പഞ്ചാബ് നിയമസഭയിൽ അംഗമായ അദ്ദേഹം തുടർന്ന് പഞ്ചാബിലെ ജലസേചന വകുപ്പുമന്ത്രിയായും പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചു. 1980-ൽ ഏഴാം ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ആ വർഷം തന്നെ ലോക്സഭാ സ്പീക്കറായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. 1984-ൽ എട്ടാം ലോക്സഭയുടെ സ്പീക്കറായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടതോടെ രണ്ട് തവണ സ്പീക്കറായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയും തുടർച്ചയായി രണ്ട് ലോക്സഭകളിൽ പൂർണ്ണ കാലയളവിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്ത സ്വതന്ത്ര ഇന്ത്യയിലെ ഒരേയൊരു സ്പീക്കർ എന്ന അപൂർവ്വ ബഹുമതിക്ക് ഉടമയായി തീർന്നു ബൽറാം ഝക്കർ. പാർലമെന്റ് മ്യൂസിയം സ്ഥാപിച്ചതും പാർലമെന്റ് ലൈബ്രറി ആധുനികവൽക്കരിച്ചതും സഭാപ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. ലോക്സഭാ സ്പീക്കറായിരിക്കെ 1985-ൽ കേരള നിയമസഭാ കോംപ്ലക്സിൽ പുതിയ ഭരണ നിർവ്വഹണ കാര്യാലയത്തിന്റെ ഉദ്ഘാടനം അദ്ദേഹം നിർവ്വഹിച്ചിട്ടുള്ളത് ഇത്തരുണത്തിൽ സ്മരണീയമാണ്.

1991-1996 കാലയളവിൽ നരസിംഹറാവു മന്ത്രിസഭയിൽ കൃഷി മന്ത്രിയായും 2004-2009 കാലയളവിൽ മദ്ധ്യപ്രദേശ് ഗവർണ്ണറായും ബൽറാം ഝാക്കർ പ്രവർത്തിച്ചിട്ടുണ്ട്. എ.ഐ.സി.സി. ജനറൽ സെക്രട്ടറി, കോൺഗ്രസ് പ്രവർത്തക സമിതി അംഗം എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്.

ബൽറാം ഝാക്കറുടെ നിര്യാണത്തോടെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഭരണകർത്താവിനെയും മികച്ച ഒരു പാർലമെന്റേറിയനേയുമാണ് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നില്ക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭ ഒന്നടങ്കം അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## III അടിയന്തരപ്രമേയം

<u>സോളാർ അന്വേഷണ കമ്മീഷനുമുന്നിൽ നൽകിയ സാക്ഷിമൊഴി</u>

<u>മി. സ്പീക്കർ:</u> റൂൾ 50 അനുസരിച്ച് ഇന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിലോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയിലോ കമ്മീഷനിലോ പരിഗണിക്കുന്ന ഒരു വിഷയം സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കുവാൻ സാധാരണഗതിയിൽ അനുവദിക്കാൻ പാടില്ലായെന്ന് നിയമസഭാ ചട്ടം 53-ൽ അനുശാസിക്കുന്നുണ്ട്. എന്നാലും ചെയറിന്റെ പ്രത്യേകമായ വിവേചനാധികാരം ഉപയോഗിച്ച് ഇത് അവതരിപ്പിക്കാനുള്ള അവതരണാനുമതി നല്കുകയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ചട്ടത്തിൽ ഭേദഗതി വരുത്താൻ ചെയറിന് വിവേചനാധികാരം ഉണ്ടോ? റൂളിംഗ് വേണം.

<u>മി. സ്പീക്കർ:</u> ചട്ടത്തിൽ ഞാൻ ഭേദഗതി വരുത്തിയില്ല. (..... ബഹളം......) ബഹുമാനപ്പെട്ട മിനിസ്റ്റർ, ചട്ടത്തിൽ ഭേദഗതി വരുത്തിയല്ല ഞാൻ അനുവദിക്കുന്നത്. ചെയറിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ചാണ് അനുവദിക്കുന്നത്. (.....ബഹളം.....) പ്ലീസ്...... പ്ലീസ്... കോടതിയുടെയോ കമ്മീഷന്റെയോ മുമ്പിലിരിക്കുന്ന ഒരു പ്രശ്നം നിയമസഭയിൽ ചർച്ചചെയ്യാൻ പാടില്ലായെന്ന് നമുക്കെല്ലാവർക്കുമറിയാം. നമുക്ക് വേണമെങ്കിൽ അവതരണാനുമതി കൊടുക്കാതിരിക്കാം. പക്ഷേ ചെയർ അത് ചെയ്യുന്നില്ല. പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് ചെയർ ഇത് അനുവദിക്കുകയാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> സർ, ഏതെങ്കിലും കോടതിയുടെയോ കമ്മീഷന്റെയോ മുമ്പിലിരിക്കുന്ന വിഷയത്തെക്കുറിച്ച് ചർച്ചചെയ്യാൻ പാടില്ലായെന്ന് ചട്ടം നിഷ്കർഷിക്കെ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി

വിവേചനാധികാരം ഉപയോഗിക്കാൻ കഴിയുന്നത് എങ്ങനെയാണ്? ഓരോ പ്രൊവൈസോയിലും പറഞ്ഞിട്ടുള്ള ചട്ടത്തിനകത്തെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി നമുക്ക് പ്രവർത്തിക്കാൻ കഴിയുമോ; എങ്ങനെയാണ് ഇത് അനുവദിക്കാൻ കഴിയുക? (.....ബഹളം.....).......... (മൈക്ക് ഓഫ്)....... സ്വാധീനിക്കാൻ ഇടയുണ്ട് എന്നുള്ളതുകൊണ്ടുതന്നെയാണ് ഈ ചട്ടം വന്നത്. ആ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വിവേചനാധികാരം എങ്ങനെ ഉപയോഗിക്കാൻ കഴിയും? (.....ബഹളം.....)

<u>മി. സ്പീക്കർ</u>: ഇവിടെ ചർച്ച ചെയ്യാൻ പാടില്ലാത്ത വിഷയമാണെന്ന് ചെയർതന്നെ വ്യക്തമാക്കി. എന്നാലും ചെയർ ഇത് അനുവദിക്കുന്നു. യെസ്... യെസ്.... പ്ലീസ്.... പ്ലീസ്... ഇത് ഒരു ചർച്ചയിലേയ്ക്ക് കൊണ്ടുപോകേണ്ട.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ഒരു കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. Residual powers (വിവേചനാധികാരം) ഏതിലാണെന്നുള്ളത്...... 314. ചട്ടങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടില്ലാത്ത എല്ലാ സംഗതികളും ഈ ചട്ടങ്ങളുടെ വിശദമായ നിർവ്വഹണം സംബന്ധിക്കുന്ന എല്ലാ പ്രശ്നങ്ങളും സ്പീക്കർ അപ്പപ്പോൾ നിർദ്ദേശിക്കാവുന്ന വിധത്തിൽ ക്രമപ്പെടുത്തേണ്ടതാണ്. ചട്ടത്തിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു എന്നുമാത്രമേയുള്ളൂ.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ചട്ടം 53-ൽ അവസാനം പറയുന്നത്, 'എന്നാൽ സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയോ കമ്മീഷനോ അന്വേഷണ കോടതിയോ അങ്ങനെയുള്ള സംഗതി പരിഗണിക്കുന്നതിന് ഹാനികരമാകാൻ സാധ്യതയില്ലെന്ന് സ്പീക്കർക്ക് ബോധ്യം വരുന്നപക്ഷം അദ്ദേഹത്തിന് തന്റെ വിവേചനാധികാരം ഉപയോഗിച്ച് അന്വേഷണ വിചാരണയുടെ നടപടിക്രമങ്ങളെയോ വിഷയത്തെയോ അവസ്ഥയെയോ സംബന്ധിക്കുന്ന വിധത്തിലുള്ള സംഗതി സഭയിൽ ഉന്നയിക്കുന്നതിന് അനുമതി നല്കാവുന്നതാണ്.' ഇത് കമ്മീഷന്റെ മുമ്പിലിരിക്കുന്ന വിഷയമായതുകൊണ്ട് ചർച്ച ചെയ്യുമ്പോൾ അതിന്റെ പരിധിയ്ക്കകത്തുനിന്നുകൊണ്ടുവേണം സംസാരിക്കാനെന്ന് ആദ്യമേ ചെയർ ശ്രദ്ധയിൽപ്പെടുത്തുന്നു. (.....ബഹളം.....) അതാണ് ചെയർ ആദ്യം സൂചിപ്പിച്ചത്, ചർച്ചചെയ്യാൻ പാടില്ലാത്ത ഒരു കാര്യത്തിനാണ് അനുവാദം നല്കുന്നത്. ഒരു പരിധിക്കകത്തുനിന്നുകൊണ്ടുമാത്രമേ സംസാരിക്കാവൂ എന്ന് ചെയർ ആദ്യമേ സൂചിപ്പിച്ചത് അതുകൊണ്ടാണ്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, സഭയിൽ ചർച്ചചെയ്യാൻ പാടില്ലായെന്ന സമീപനം ശരിയല്ല. ചർച്ചചെയ്യാം; അതിനകത്ത് യാതൊരു കുഴപ്പവുമില്ല.

<u>മി. സ്പീക്കർ:</u> ഈ വിഷയം നമ്മൾ ചർച്ചയ്ക്കെടുക്കുകയാണ്. പിന്നെ വിവാദത്തിലേയ്ക്ക് പോകണോ?

<u>ശ്രീ. എസ്. ശർമ്മ:</u> സർ, ഈ വിഷയത്തെക്കുറിച്ച് നടന്നിട്ടുള്ള ചർച്ചകൾ കൂടി കമ്മീഷന്റെ അന്വേഷണപരിധിയിൽ ബാധകമാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

<u>മി. സ്പീക്കർ:</u> യെസ്......... യെസ്.......സോളാർ അന്വേഷണ കമ്മീഷനുമുന്നിൽ നൽകിയ മൊഴികളുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതായും മുഖ്യമന്ത്രിക്കും ഊർജ്ജവകുപ്പ് മന്ത്രിക്കും കൈക്കൂലി നൽകിയതായും ആരോപിച്ചിട്ടുള്ളതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് നിയമസഭയ്ക്കകത്തും പുറത്തും ഉയർന്നുവന്ന മുഴുവൻ ആരോപണങ്ങളും സമഗ്രമായി അന്വേഷിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ജസ്റ്റിസ് ശിവരാജൻ കമ്മീഷനെ നിയമിക്കുകയുണ്ടായി. ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ തികച്ചും സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിച്ചുവരികയാണ്. കമ്മീഷൻ തെളിവെടുപ്പുമായി മുന്നോട്ടുപോകുമ്പോൾ കമ്മീഷന്റെ മുന്നിൽ ഹാജരാകുന്ന ഓരോ വ്യക്തികളും പല കാര്യങ്ങളെ സംബന്ധിച്ചും മൊഴി നൽകുക എന്നുള്ളത് സ്വാഭാവികമായ പ്രക്രിയയാണ്. അത്തരത്തിൽ കമ്മീഷനുമുന്നിൽ മൊഴി നൽകുന്ന വ്യക്തികളുടെ വിശ്വാസ്യത, അവരുടെ വ്യക്തിനിഷ്ഠമായ താല്പര്യങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം സമഗ്രമായി വിലയിരുത്തി കമ്മീഷൻ അന്തിമ നിഗമനത്തിൽ എത്തിച്ചേരും. കമ്മീഷന്റെ കാലാവധി അവസാനിക്കുന്ന 2016 ഏപ്രിൽ 27-ന് മുമ്പുതന്നെ റിപ്പോർട്ട് സമർപ്പിക്കുമെന്ന് കമ്മീഷൻ നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. വസ്തുത ഇതായിരിക്കേ ബഹുമാനപ്പെട്ട കമ്മീഷനുമുന്നിൽ ഏതെങ്കിലുമൊരാൾ സാക്ഷി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പുറത്തുവരുന്ന കാര്യങ്ങളുടെ പേരിൽ ഇത്തരമൊരു അടിയന്തരപ്രമേയം കൊണ്ടുവരുന്നത് ബഹുമാനപ്പെട്ട

കമ്മിഷനെത്തന്നെ ബാധിക്കുന്നതിന് തുല്യമാണ്. ഇപ്പോൾ ഈ അടിയന്തരപ്രമേയത്തിന് ആധാരമായിരിക്കുന്ന ആരോപണങ്ങൾ ഉന്നയിച്ച സാക്ഷികളുടെ വിസ്താരം സോളാർ കമ്മീഷനിൽ ഇതുവരെ പൂർത്തിയായിട്ടില്ല. തൃശ്ശൂർ വിജിലൻസ് കോടതിയിൽ പത്രവാർത്തയുടെയും മറ്റും അടിസ്ഥാനത്തിൽ, ഒരു വ്യക്തി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ Crl. M.P 135/2016 എന്ന പ്രസ്തുത പരാതി 156 (3)CrPC പ്രകാരം നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർക്ക് അയയ്ക്കുവാൻ 28-01-2016-ൽ കോടതി ഉത്തരവായി. എന്നാൽ ഈ ഉത്തരവിനെതിരെ 29-01-2016-ൽ വന്ന O.P. (Crl) No.50 of 2016 ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിക്കുകയുണ്ടായി. തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിൽ 'However, it is made clear that while forwarding a complaint under section 156(3) CrPC, the Magistrate or Special Judge is acting as a Post office', എന്നും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൽ, 'The Special Judge discharging functions under the P.C Act, and acting on a complaint bought alleging acceptance of bribe is not expected to simply act as a post office' എന്നും പ്രസ്താവിച്ചിട്ടുണ്ട്. മാത്രമല്ല, 'The Complainant bought the complaint simply on the basis of a lady revealed or stated before a Judicial Commission. It appears that quite mechanically without knowing the nature and extent of his powers under the law, the learned trail Judge simply saying that he is acting only as a post office immediately forwarded the complaint to the Police for investigation' എന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിലയിരുത്തുകയുണ്ടായി. ഇത്തരം കാരണങ്ങൾ പരിഗണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് രണ്ട് മാസത്തേയ്ക്ക് സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുകയും ചെയ്തു. ചുരുക്കത്തിൽ സോളാർ കമ്മീഷനിലെ മൊഴിയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിക്കോ മറ്റ് മന്ത്രിമാർക്കോ എതിരായി ഒരു കേസും ഇപ്പോൾ നിലവിലില്ല. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, സംസ്ഥാനത്ത് അസാധാരണമായ ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. ഒരു മുഖ്യമന്ത്രിക്കെതിരായി ആദ്യമായാണ് ഇത്തരത്തിലൊരു സംഭവം നമ്മുടെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് മുതൽ സഖാവ് വി. എസ്. അച്യുതാനന്ദൻവരെ ഇരുന്ന കസേരയിലാണ് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഇപ്പോൾ ഇരിക്കുന്നത്. അദ്ദേഹം 2004-ൽ മുഖ്യമന്ത്രിയായ

സന്ദർഭത്തിൽ ഇത്തരമൊരു ആക്ഷേപം ഉണ്ടായിട്ടില്ല. ഒരു മുഖ്യമന്ത്രിക്കെതിരെ വെറുതെ ഒരാൾ ആരോപണം ഉന്നയിക്കുമോ? സോളാർ കമ്മീഷനകത്ത് നടക്കുന്ന പ്രശ്നങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. സോളാർ കുംഭകോണം സംബന്ധിച്ച വിഷയം നിയമസഭയിൽ വിവിധ സന്ദർഭങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. 2013 ജൂൺ 13 മുതൽ വിവിധ സന്ദർഭങ്ങളിൽ സഭ അത് പരിശോധിച്ചിട്ടുമുണ്ട്. ഈ കുംഭകോണം ഗവൺമെന്റിനെ ഒരു നിഴൽ പോലെ പിൻതുടരുകയാണ്. ഇപ്പോഴും ഈ പ്രശ്നം സഭയ്ക്ക് മുമ്പാകെ വരേണ്ട സാഹചര്യമുണ്ടായിരുന്നോ? ടീം സോളാർ കമ്പനി നടത്തിയ തട്ടിപ്പിന്റെ ഉറവിടം മുഖ്യമന്ത്രിയുടെ ഓഫീസ് ആണെന്നും മുഖ്യമന്ത്രി അറിഞ്ഞ് ഈ സംഘത്തെ സഹായിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങൾ ശരിവയ്ക്കുന്ന വിധത്തിലുള്ള തെളിവുകളാണ് ഇപ്പോൾ പുറത്തുവന്നു കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവനയാണ് നമ്മൾ ആധികാരികമായി എടുക്കുന്നത്. അതിന് നേരെ വിരുദ്ധമായിട്ടുള്ള കാര്യങ്ങളാണ് കമ്മീഷന്റെ മുമ്പിൽ മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. നിയമസഭയിലും കമ്മീഷനുമുന്നിലും വ്യത്യസ്ത അഭിപ്രായങ്ങൾ. നിയമസഭയെയാണോ കമ്മീഷനെയാണോ അദ്ദേഹം യഥാർത്ഥത്തിൽ തെറ്റിദ്ധരിപ്പിക്കുന്നത്? മുഖ്യമന്ത്രിയെ ശ്രീധരൻ നായരും സരിതാ നായരും ഒന്നിച്ച് കണ്ടോ ഇല്ലയോ എന്നുള്ളത് വലിയ പ്രശ്നമായിരുന്നു. അങ്ങനെ കണ്ടിട്ടേയില്ലെന്നാണ് ഇതുസംബന്ധിച്ച് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത്. എന്നാൽ കമ്മീഷന്റെ മുന്നിൽ പറഞ്ഞത് കണ്ടിട്ടുണ്ടായിരിക്കാം എന്നാണ്. അപ്പോൾ ഈ പ്രസ്താവന പൊളിഞ്ഞില്ലേ? ഡൽഹിയിലെ വിജ്ഞാൻ ഭവനിലെ യോഗവുമായി ബന്ധപ്പെട്ട് ഇവിടെ ഏറ്റവും വലിയ ചർച്ച നടന്നതല്ലേ? യോഗം ഡിസംബർ 27-ന് അല്ല ഡിസംബർ 29-ന് ആണെന്ന് പറഞ്ഞു. ഇവിടെ തർക്കം വന്നപ്പോൾ 29-ന് തന്നെയാണെന്ന് മുഖ്യമന്ത്രി ഉറപ്പിച്ചുപറഞ്ഞു. എന്നാൽ കമ്മീഷനുമുന്നിൽ പോയപ്പോൾ വേറൊന്നല്ലേ പറഞ്ഞിരിക്കുന്നത്? ഇതുസംബന്ധിച്ച് വരുന്ന കാര്യങ്ങൾ വിശദമായി പരിശോധിച്ചാൽ പല കാര്യങ്ങളും വ്യക്തമാകും. ഇപ്പോൾ തൃശ്ശൂർ വിജിലൻസ് കോടതിയിൽ കേസുണ്ട്. തൃശ്ശൂർ വിജിലൻസ് കോടതി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ശ്രീ. ആര്യാടൻ മുഹമ്മദിനും എതിരായി വന്ന ആക്ഷേപങ്ങളെ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കണമെന്നാണ് പറഞ്ഞത്. മുഖ്യമന്ത്രിക്കും (ഒരു കോടി 90 ലക്ഷം രൂപ) ശ്രീ. ആര്യാടൻ മുഹമ്മദിനും (40 ലക്ഷം രൂപ) വേണ്ടി പണം കൊടുത്ത സ്ഥലം, അത് ആരെ ഏല്പിച്ചു, എവിടെവച്ച് ഏല്പിച്ചു എന്നിങ്ങനെ വിശദാംശങ്ങളോടുകൂടിയുള്ള കാര്യമാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. വെറുതെ കൊടുത്തു എന്ന് പറയുകയല്ല ചെയ്തിട്ടുള്ളത്. അതിന്റെ

അടിസ്ഥാനത്തിലാണ് തൃശ്ശൂർ വിജിലൻസ് കോടതി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കണമെന്ന് ഉത്തരവ് കൊടുത്തത്. ലളിതകുമാരി കേസിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഈ ഉത്തരവ്. സുപ്രീം കോടതി പറഞ്ഞത്, 'Other considerations are not relevant at the stage of registration of F.I.R, such as, whether the information is falsely given, whether the information is genuine, whether the information is credible etc.' എന്നാണ്. ഇതൊന്നും ഈ ഘട്ടത്തിൽ പരിശോധിക്കേണ്ട പ്രശ്നമേയല്ല എന്നാണ് സുപ്രീംകോടതി പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിലാണ് തൃശ്ശൂർ വിജിലൻസ് കോടതി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ഉത്തരവിട്ടത്. നിയമം നിയമത്തിന്റെ വഴിക്ക്, ധാർമ്മികത, ഏത് അന്വേഷണത്തെയും നേരിടുമെന്നൊക്കെയാണ് മുഖ്യമന്ത്രി എപ്പോഴും പറയാറുള്ളത്. ശരിമാത്രം ചെയ്താൽ പോരാ, അത് ശരിയാണെന്ന് ജനങ്ങൾക്ക് തോന്നണമെന്ന് അദ്ദേഹം പല പ്രാവശ്യം പറഞ്ഞ് കേട്ടിട്ടുണ്ട്. ധാർമ്മികതയുടെ ആൾ രൂപമായിട്ടായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടിയെ എല്ലാവരും ഇവിടെ അവതരിപ്പിച്ചുകൊണ്ടിരുന്നത്. ധാർമ്മികത എനിക്കില്ല ഞാൻ മനസ്സാക്ഷിയെ വിശ്വസിക്കുന്നുവെന്നാണ് ഇപ്പോൾ അദ്ദേഹം പറയുന്നത്. സ്വന്തം തടി രക്ഷിക്കാനല്ലേ അദ്ദേഹം ഇത് പറഞ്ഞത്. തൃശ്ശൂർ വിജിലൻസ് കോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിന് മുഖ്യമന്ത്രി എന്തിനാണ് ഭയപ്പെടുന്നത്; അന്വേഷണത്തെ നേരിടാൻ തയ്യാറാണെന്ന് പറഞ്ഞ മുഖ്യമന്ത്രി എന്തുകൊണ്ടാണ് ഹൈക്കോടതിയിൽ അപ്പീൽ കൊടുത്ത് സ്റ്റേ വാങ്ങിച്ചത്? ഇതേ നിയമസഭയിൽ, ശ്രീ. കെ. പി. വിശ്വനാഥനെതിരെ പത്മനാഭൻ നായർ ഒരു പരാമർശം നടത്തിയപ്പോൾ പത്മനാഭൻ നായരുടെ വിധിക്കെതിരെ ശ്രീ. കെ. പി. വിശ്വനാഥനോട് അപ്പീൽ പോകാൻ മുഖ്യമന്ത്രി അന്ന് സമ്മതിച്ചോ; ശ്രീ. കെ. പി. വിശ്വനാഥൻ രാജി വച്ചില്ലേ; ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർക്കെതിരെ ലോകായുക്ത ഒരു പരാമർശം നടത്തി. ശ്രീ. രാമചന്ദ്രൻ മാസ്റ്ററെ അന്നുതന്നെ രാജി വയ്പിച്ചില്ലേ? ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററെ അപ്പീൽ പോകാൻ സമ്മതിച്ചോ; അതിലൊന്നും അപ്പീൽ പോകേണ്ടതില്ല, കോൺഗ്രസിന്റെ ധാർമ്മികത യെന്നുപറഞ്ഞ് അവർ രാജി വച്ചില്ലേ; ആ ധാർമ്മികത ഇപ്പോൾ എവിടെ പോയി? മുഖ്യമന്ത്രി അന്വേഷണത്തെ നേരിടാൻ തയ്യാറല്ല, ഇപ്പോൾ കോടതിയിൽനിന്നും സ്റ്റേ വാങ്ങി. രണ്ടു മാസത്തെ സ്റ്റേ മാത്രമേ കിട്ടിയിട്ടുള്ളൂ, തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയിട്ടില്ല. ഈ ഗവൺമെന്റ് നിൽക്കുന്നത് ഒരു സ്റ്റേയുടെ ബലത്തിലാണ്. ആ സ്റ്റേ ഇല്ലെങ്കിൽ ഈ ഗവൺമെന്റില്ല. 1991 കാലത്ത് ഇവിടെ കാസ്റ്റിംഗ് ഗവൺമെന്റ് ഉണ്ടായിരുന്നു

ഇപ്പോൾ കേരളത്തിൽ കാസ്റ്റിംഗ് ഗവൺമെന്റിനെപ്പോലെ സ്റ്റേ ഗവൺമെന്റാണ്. സ്റ്റേ എന്ന വെന്റിലേറ്ററിൽ ജീവിക്കുന്ന ഒരു മന്ത്രിസഭയാണ് ഉമ്മൻചാണ്ടി മന്ത്രിസഭ. നിയമസഭയിൽ പ്രതിപക്ഷം ഉന്നയിച്ച ആക്ഷേപങ്ങൾക്കുമുഴുവൻ തെളിവ് വന്നു കൊണ്ടിരിക്കുകയല്ലേ; ഇത് ഞങ്ങൾ ഉണ്ടാക്കുന്ന ഗൂഢാലോചനയാണോ? തട്ടിപ്പിൽപ്പെട്ട ഒരു സ്ത്രീയുടെ വാക്ക് കേട്ട് നടക്കേണ്ട കാര്യമുണ്ടോയെന്ന് പലരും ചോദിക്കുന്നു. സരിതാ നായർ എന്ന തട്ടിപ്പുകാരിയുടെ വാക്ക് കേട്ടല്ല ഞങ്ങളിത് ഉന്നയിക്കുന്നത്. ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നങ്ങൾക്ക് ഉപോൽബലകമായ തെളിവുകൾ നമ്മുടെ സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥന്മാർ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. ജയിൽ ഡി.ജി.പി.യായിരുന്ന ശ്രീ. അലക്സാണ്ടർ ജേക്കബിന്റെ മൊഴി ഞങ്ങൾ അവിശ്വസിക്കണമെന്നാണോ പറയുന്നത്. 42 പേജുള്ള കത്തുണ്ടായിരുന്നുവെന്നും മന്ത്രിമാരും കേന്ദ്രമന്ത്രിമാരും എം.പി.മാരും എം.എൽ.എ.മാരും അടക്കം 13 ആളുകളുടെ പേരുണ്ടെന്നുമാണ് അലക്സാണ്ടർ ജേക്കബ് കൊടുത്ത മൊഴിയിൽ പറയുന്നത്. ഈ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച ജയിൽ ഡി.ജി.പി.യുടെ മൊഴിയാണിത്. സരിതാ നായരുമായി ബന്ധപ്പെട്ട മൊബൈൽ ഫോണിന്റെ ഡീറ്റെയിൽസ് കണ്ടെടുക്കാൻ കഴിയാത്ത വിധത്തിൽ നശിപ്പിച്ചിരിക്കുന്നുവെന്ന് ഇപ്പോഴത്തെ ഡി.ജി.പി. കമ്മീഷന് മുൻപിൽ പോയി പറഞ്ഞില്ലേ. അത് നശിപ്പിച്ച ഐ. ജി. ജോസ് ഇപ്പോഴും ഐ. ജി. ആയിട്ടു തന്നെ നിൽക്കുന്നു. ഈ സംസ്ഥാനത്ത് നടന്ന ഏറ്റവും വലിയ കുംഭകോണത്തിന്റെ തെളിവുകൾ ഐ.ജി.ക്ക് എങ്ങനെ നശിപ്പിക്കാൻ സാധിച്ചു? ആ ഐ.ജി. വേറൊരു കേസ്സിൽപ്പെട്ടപ്പോൾ അതിന്റെ പേരിൽ നടപടിയില്ല. കേരളത്തിലെ പോലീസിനുതന്നെ നാണക്കേടായതുകൊണ്ട് കേസ് ഏതാണെന്ന് ഞാൻ പറയുന്നില്ല. കേസ്സിൽപ്പെട്ട ഐ.ജി.ക്കെതിരെ എന്തുകൊണ്ട് നടപടിയില്ല. തങ്ങൾക്കുവേണ്ടി തെളിവുകൾ നശിപ്പിച്ച ഐ.ജി. ക്ക് സംരക്ഷണം. ഇതല്ലേ ഇവിടെ നടന്നിരിക്കുന്നത്. ഇവിടെ ഈ കേസിന്റെ തലവനായിട്ടുണ്ടായിരുന്ന ഇന്റലിജൻസിന്റെ എ.ഡി.ജി.പി.യുടെ മൊഴിയും കമ്മീഷന്റെ മുൻപിൽ കൊടുത്തില്ലേ? ആ മൊഴിയും നേരത്തെ പറഞ്ഞ കാര്യങ്ങളും തമ്മിൽ സാമ്യപ്പെടുത്താൻ കഴിയാത്ത വിധത്തിലല്ലേ വന്നിരിക്കുന്നത്. ഉന്നതന്മാരായ വ്യക്തികളുടെ മൊഴി എങ്ങനെ അവിശ്വസിക്കാൻ സാധിക്കും? സരിതാ നായർ ജയിലിൽ കിടന്ന സന്ദർഭത്തിൽ അവരുടെയടുത്ത് തോക്കുധാരികളായ ആളുകൾ വന്നുവെന്ന് മൊഴി കൊടുത്തത് ജയിൽ ഡി.ജി.പി.യായിരുന്ന ആളല്ലേ? സർക്കാരിന്റെ ഉന്നത ഉദ്യോഗസ്ഥന്മാർ നൽകിയ മൊഴി അവിശ്വസിക്കണോ; പ്രതിപക്ഷം ഇതൊന്നും കണക്കിലെടുക്കേണ്ടതില്ല എന്നാണോ ഈ ഗവൺമെന്റിന്റെ നിലപാട്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ

സംസ്ഥാനത്ത് ഒരാൾ കൈക്കൂലി വാങ്ങിയാൽ കേസ് എടുക്കില്ലേ; വില്ലേജ് ഓഫീസർ കൈക്കൂലി വാങ്ങിയാൽ അയാൾക്കെതിരെ കേസ് എടുക്കില്ലേ? കഴക്കൂട്ടത്ത് ഒരു സർക്കിൾ ഇൻസ്പെക്ടർ കൈക്കൂലി വാങ്ങിയപ്പോൾ അയാളെ അറസ്റ്റ് ചെയ്ത് ജയിലിൽ ഇട്ടില്ലേ; ഇവിടെ ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആക്ഷേപം വന്നപ്പോൾ കേസ് എടുത്തില്ലേ? കൈക്കൂലി വാങ്ങിയെന്ന പേരിൽ വില്ലേജ് ഓഫീസറുടെ പേരിൽ കേസ് എടുക്കുന്നത് സംസ്ഥാന ഗവൺമെന്റിന് നഷ്ടം ഉണ്ടാക്കിയെന്ന പേരിലാണോ? ഈ തട്ടിപ്പുകൊണ്ട് ഗവൺമെന്റിന് ഒരു നഷ്ടവുമില്ലെന്ന് മുഖ്യമന്ത്രി എപ്പോഴും പറയുന്നതു കേൾക്കാം. എസ്.ഐ. കൈക്കൂലി വാങ്ങിയതിന് കേസ് എടുക്കുന്നത് സംസ്ഥാന സർക്കാരിന് നഷ്ടം ഉണ്ടായിട്ടാണോ? ഇവിടെ കൈക്കൂലി ചോദിക്കാനോ വാങ്ങാനോ പാടില്ലായെന്ന അഴിമതി നിരോധന നിയമത്തിലെ വകുപ്പ് മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും എം.എൽ.എ.മാർക്കും നമുക്കെല്ലാവർക്കും ബാധകമല്ലേ? ഉദ്യോഗസ്ഥന്മാർക്ക് മാത്രമാണോ ബാധമായിട്ടുള്ളത്. 'പ്രിവൻഷൻ ഓഫ് ആന്റികറപ്ഷൻ ആക്ട്' ഇവിടെ നടപ്പിലാക്കാൻ തയ്യാറുണ്ടോ. അതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ വിജിലൻസ് കോടതി കേസ് എടുത്ത് അന്വേഷണം നടത്തണമെന്നുപറഞ്ഞാൽ കേസ് എടുക്കാനുള്ള ബാധ്യത വിജിലൻസിനു വരും. അതുകൊണ്ടാണ് വിജിലൻസിനെ അനുവദിക്കാത്ത തരത്തിൽ പിറ്റേദിവസം തന്നെ ഹൈക്കോടതിയിൽ പോയി സ്റ്റേ വാങ്ങിയത്. ജഡ്ജി പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഇന്നിവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. നിയമകാര്യങ്ങളെ സംബന്ധിച്ച് ജുഡീഷ്യറി പരിശോധിക്കട്ടെ. അതിലേയ്ക്ക് ഇപ്പോൾ കടക്കേണ്ട സമയമല്ല. പൊതുപ്രവർത്തകരുടെ ജീവിതം സംബന്ധിച്ചുള്ള പ്രശ്നമാണ് ഇവിടെ ഉയർന്നുവന്നിരിക്കുന്നത്. തെറ്റായ ആക്ഷേപമാണെങ്കിൽ അത് തെറ്റാണെന്ന് തെളിയിച്ച് പൊതുജന മധ്യത്തിൽ ഉയർന്നുനിൽക്കാൻ പൊതുപ്രവർത്തകർക്ക് കഴിയണം. ശ്രീ. ഉമ്മൻചാണ്ടിക്കും ശ്രീ. ആര്യാടൻ മുഹമ്മദിനും എതിരായിട്ട് വന്ന ആക്ഷേപം തെറ്റാണെങ്കിൽ അത് തെറ്റാണെന്ന് സ്ഥാപിക്കണം. ഒരു മുഖ്യമന്ത്രിയെ ഇങ്ങനെ നിഴലിൽ നിർത്താൻ പാടുണ്ടോ; സ്റ്റേയുടെ ബലത്തിൽ നിൽക്കുമ്പോൾ രണ്ടുമാസം മുഖ്യമന്ത്രി ആരോപണത്തിനധീതനല്ലല്ലോ? ഉടൻ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് ഈ ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണെന്ന് കേരളീയ സമൂഹത്തെ ബോധ്യപ്പെടുത്താൻ എന്തുകൊണ്ട് നിങ്ങൾക്ക് കഴിയുന്നില്ല? തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസ് എടുത്ത് മുഖ്യമന്ത്രിക്കും ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിനും എതിരെവന്ന ആരോപണങ്ങളെല്ലാം നിരർത്ഥകമാണെന്നും വസ്തുതാവിരുദ്ധമാണെന്നും സ്ഥാപിച്ച് ഊതിക്കാച്ചിയ

പൊന്നുപോലെ ഉയർന്നു നിൽക്കാമായിരുന്നു. നിങ്ങൾക്ക് എന്തുകൊണ്ട് അതിന് സാധിച്ചില്ല? ചാരക്കേസ് ഉണ്ടായിരുന്ന കാലത്ത് കെ. കരുണാകരന്റെ പേരിൽ കേസ് ഉണ്ടായിട്ടുണ്ടോ; എന്തെല്ലാമായിരുന്നു അന്നിവിടെ കേട്ടത്. അതിന്റെ ഡീറ്റെയിൽസ് എന്റെ കയ്യിലുണ്ടെങ്കിലും സമയ പരിമിതിമൂലം ഞാനത് വായിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇന്ത്യയെ പിടിച്ചുകുലുക്കിയ ചാരക്കേസിൽ നാടിനും കോൺഗ്രസിനും കെ. കരുണാകരൻ അപമാനം ഉണ്ടാക്കിവച്ചു എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കോൺഗ്രസിന് അവമതിപ്പും ബാദ്ധ്യതയും വരുത്തി; ചാരക്കേസ് കരുണാകരന്റെ മാത്രം പാപമാണ്; ആ പാപത്തിന്റെ വിഴുപ്പ് ചുമക്കാൻ കോൺഗ്രസിൽ ആരെയും കിട്ടില്ല. 'കരുണാകരൻ രാജി വയ്ക്കണം' മലയാള മനോരമയിൽ വന്ന വാർത്തയാണ്.

10.00 AM]

അന്ന് കരുണാകരൻ രാജിവയ്ക്കണമെന്ന നിലപാടെടുത്ത മുഖ്യമന്ത്രി ഇപ്പോൾ പറയുന്നു ഞാൻ അങ്ങനെ പറഞ്ഞിട്ടില്ലെന്ന്. അങ്ങനെ പറഞ്ഞതിന്റെ രേഖ, മലയാള മനോരമ, ഞാൻ മേശപ്പുറത്ത് വയ്ക്കാം. കരുണാകരനോടൊപ്പം ജനാധിപത്യവിരുദ്ധരീതിയും മാറുമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി അന്ന് പ്രസംഗിച്ചില്ലേ? ഒരു കേസും അന്ന് കരുണാകരന്റെ പേരിൽ ഇല്ലായിരുന്നുവെങ്കിലും അവസാനം ധാർമ്മികതയും ആദർശവും ഉയർത്തിപ്പിടിച്ച് അദ്ദേഹം രാജിവച്ചു. അന്ന് കരുണാകരൻ പ്രസംഗിച്ചു 'ഇതുപോലെ ചതിയന്മാരുണ്ടായിട്ടില്ല. ഇത്രയും നാളത്തെ ജീവിതത്തിനിടയിൽ ഇതുപോലുള്ള രാഷ്ട്രീയ നപുംസകങ്ങളെ ഞാൻ കണ്ടിട്ടില്ല. ഒരുമണിക്കൂറിനകം ഗവർണറെ കണ്ട് ഞാൻ രാജി സമർപ്പിക്കുകയാണ്. 110 കൊല്ലം ജനങ്ങളെ സേവിച്ച കോൺഗ്രസ്സിൽ ഇതുപോലെ ചതിയന്മാരുണ്ടായിട്ടില്ല. ചരിത്രം ഇവർക്ക് മാപ്പ് കൊടുക്കില്ല. ജനങ്ങൾ ഇവരോട് പൊറുക്കില്ല.' കരുണാകരന്റെ അന്നത്തെ ആ പ്രസംഗം ഞാൻ ഇപ്പോൾ ഇവിടെ ഓർമ്മിപ്പിക്കുകയാണ്. കരുണാകരന്റെ ആ വാക്കുകൾ ശ്രീ. ഉമ്മൻ ചാണ്ടിയെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ചതിയന്മാരുണ്ടെന്ന് ഇന്ന് ശ്രീ. കെ. എം. മാണി പറയുന്നു. ഇത് ചതിയന്മാരുടെ ഒരു മന്ത്രിസഭയാണ്. ഇത് ചതിയന്മാരുടെ ഒരു കൂടാണെന്ന് തെളിഞ്ഞില്ലേ? ഇതിന്റെ മറവിൽ ഉയർന്നുവന്നിരിക്കുന്ന ആക്ഷേപങ്ങളെല്ലാം ഗൗരവമുള്ളതല്ലേ? സരിതാ നായരുടെ കയ്യിൽ നിന്നുപോലും കൈക്കൂലി വാങ്ങുന്ന ഒരു ഗവൺമെന്റാണിത്. മലബാറിൽ ഒരു പ്രയോഗമുണ്ട്, അത് ഇവിടെയുണ്ടോയെന്ന് എനിക്കറിയില്ല - 'ഇല നക്കിയവന്റെ ചിറി നക്കുക', ഇതല്ലേ ഇവിടെ നടന്നിരിക്കുന്നത്. ഇങ്ങനെയുള്ള ആളുകളിൽ നിന്നുപോലും കൈക്കൂലി വാങ്ങിയെന്ന ആക്ഷേപത്തിന് ഇവരൊക്കെ വിധേയരാകേണ്ടി

വന്നില്ലേ? ഇത് രാഷ്ട്രീയക്കാർക്കുപോലും നാണക്കേടല്ലേ? മറ്റു ചില ആളുകളുടെ പേരും അവർ പറഞ്ഞിട്ടുണ്ട്. അതൊന്നും ഞാനിവിടെ പറയുന്നില്ല. ഇവിടെ വന്നിട്ടുള്ള ആക്ഷേപങ്ങൾ കോൺഗ്രസ്സിന്റെ ഗ്രൂപ്പിസത്തിനുവേണ്ടി ഉപയോഗിച്ചില്ലേ? ഒരു എം.എൽ.എ.-യ്ക്ക് എതിരെ പരാതി കൊടുപ്പിച്ചില്ലേ? ഇത്തരത്തിൽ ഈ കേസ്സിനുവേണ്ടി പലഘട്ടത്തിലും ഈ സ്ത്രീയെ ഉപയോഗിച്ചുവെന്ന വസ്തുത ഈ വിവാദത്തിന്റെ ഫലമായി പുറത്തുവന്നില്ലേ? നമ്മുടെ നിയമസഭയിൽ മന്ത്രിമാരുടെ ഫോൺവിളിയുടെ ലിസ്റ്റ് വന്നതുപോലെ ഞെട്ടിപ്പിക്കുന്ന ലിസ്റ്റല്ലേ വന്നിരിക്കുന്നത്. ഈ സ്ത്രീയെ 1736 പ്രാവശ്യം വിളിച്ചതിന്റെ ലിസ്റ്റ് പോലും വന്നില്ലേ? എന്ത് കാര്യമാണ് ഈ സ്ത്രീയെ ആയിരത്തിലധികം പ്രാവശ്യം വിളിച്ച് സംസാരിക്കാനുള്ളത്? രാത്രികാലത്ത് ഇവരെ വിളിച്ചത് ഭരണഘടന പഠിപ്പിക്കാനാണോ, ഭാഗവതം പഠിപ്പിക്കാനാണോ എന്ന ശ്രീ. കെ. മുരളീധരന്റെ ചോദ്യം ഞാനിവിടെ ആവർത്തിക്കുകയാണ്. ഇവരൊക്കെ എന്തിനുപോയി; ക്ലിഫ് ഹൗസിലെ ലാന്റ് ഫോണിൽനിന്നും വിളിച്ചത് എത്ര തവണയാണ്? 180 തവണയെന്ന് റിക്കോർഡ് വന്നില്ലേ; മുഖ്യമന്ത്രിയുടെ ഓഫീസ് മിസ്‌യൂസ് ചെയ്തുവെന്ന് ഇവിടെ അദ്ദേഹംതന്നെ ഒരു ഘട്ടത്തിൽ സമ്മതിച്ചു. എന്നാൽ കമ്മീഷന്റെ മുന്നിൽ മുഖ്യമന്ത്രി പറഞ്ഞത് മിസ് യൂസ് ചെയ്തതായി ഞാൻ കണക്കാക്കുന്നില്ലായെന്നാണ്. ഇതിൽ ഏതാണ് ശരി. ഓരോ തെളിവും പുറത്തുവരുമ്പോഴും മുഖ്യമന്ത്രി പിന്നേയും ചോദിക്കുകയാണ് ഇതിന് തെളിവുണ്ടോയെന്ന്, ഇനിയെന്ത് തെളിവാണ് വേണ്ടത്? ടീം സോളാർ കമ്പനിയെ അവിഹിതമായി സഹായിച്ചുവെന്നതിന്റെ എല്ലാ തെളിവുകളും പുറത്തുവന്നില്ലേ? ഈ കമ്പനിയുടേയും അതിന്റെ ഓഫീസുകളുടെയും ഉദ്ഘാടനം മന്ത്രിമാർ തന്നെ നിർവ്വഹിച്ച് ഇതിന് വിശ്വസ്തതയുണ്ടാക്കി, തട്ടിപ്പ് നടത്താൻ അവസരമുണ്ടാക്കിക്കൊടുത്തു. ഇങ്ങനെ ആളുകളിൽ നിന്നും 25 കോടി രൂപ സമാഹരിച്ചുവെന്ന് തെളിവുകൾ വന്നുകഴിഞ്ഞില്ലേ? പക്ഷേ നമ്മുടെ പോലീസ് പറയുന്ന 6 കോടി രൂപയേ സമാഹരിച്ചിട്ടുള്ളൂവെന്ന്, എന്തിനാണ് ആറ് കോടി രൂപയാക്കി കുറച്ചത്. അതിനേക്കാൾ കൂടുതൽ കൊടുത്തുവെന്ന വാർത്തകൾ പുറത്തുവരുമ്പോൾ..... ആറ് കോടി രൂപ കിട്ടിയ ആൾക്കെങ്ങനെ കൈക്കൂലി കൊടുക്കാൻ സാധിക്കുമെന്ന് പ്രചരിപ്പിക്കാനല്ലേ കേസ് ആറ് കോടി രൂപയിലേയ്ക്ക് ഒതുക്കിയത്. 25 കോടി രൂപ ഞങ്ങൾ പിരിച്ചിട്ടുണ്ടെന്ന് അവർ തന്നെ പറയുന്നു. 25 കോടി രൂപയുടെ കേസ് എങ്ങനെ ആറ് കോടിരൂപയാക്കി ഒതുക്കി. രണ്ട് ലക്ഷം രൂപ ദുരിതാശ്വാസ ഫണ്ടിൽ തരാൻ പറ്റാത്ത ആളാണോ കൈക്കൂലി തരുന്നതെന്ന് ഇവിടെ ചോദിച്ചതായി കേട്ടു. രണ്ട് ലക്ഷം രൂപയുടെ വണ്ടിച്ചെക്ക് മുഖ്യമന്ത്രിക്ക് കൊടുത്തവർക്കെതിരെ എന്തുകൊണ്ട് ചീറ്റിംഗിന്

കേസ് കൊടുത്തില്ല? വണ്ടിച്ചെക്ക് മറ്റാരെങ്കിലുമാണ് കൊടുത്തതെങ്കിൽ കേസ്സെടുക്കുകയില്ലേ? നിയമസഭയിൽ മുഖ്യമന്ത്രി പറഞ്ഞത് ദുരിതാശ്വാസ നിധിയിലേയ്ക്ക് വന്ന ഫണ്ടിൽ ഒറ്റ വണ്ടിച്ചെക്കേയുണ്ടായിട്ടുള്ളൂ എന്നാണ്. അത് നൽകിയത് തങ്ങളുടെ വേണ്ടപ്പെട്ടവരായതുകൊണ്ടല്ലേ കേസ്സെടുക്കാതിരുന്നത്. ഇവിടെ നിയമ വാഴ്ചയുണ്ടോ? നിയമവാഴ്ചയുണ്ടെങ്കിൽ ഇങ്ങനെയാണോ നടക്കേണ്ടത്? മൊഴിമാറ്റിക്കാൻ മുഖ്യമന്ത്രിക്കുവേണ്ടി കെ.പി.സി.സി. സെക്രട്ടറി ഇടപെട്ടതിന്റെ തെളിവായി അവരുടെ തന്നെ ശബ്ദം അടങ്ങുന്ന ശബ്ദരേഖ പുറത്തുവന്നു. അതിന്റെ അടിസ്ഥാനത്തിൽ, തെളിവ് നശിപ്പിച്ചതിന്റെ പേരിൽ കേസ്സെടുക്കാൻ ഗവൺമെന്റ് തയ്യാറല്ല. നീതിന്യായ നിർവ്വഹണത്തിൽ സ്വീകരിക്കുന്ന സമീപനമാണിത്. സി.ഡി. മാറ്റുമോ എന്നുപറഞ്ഞ് സി.ഡി. മാറ്റിക്കുന്നു. ഇങ്ങനെ എല്ലാ കാലത്തും ചെയ്തിട്ടുള്ള കാര്യങ്ങൾ പുറത്തുവന്നില്ലേ; യു.ഡി.എഫ്. കൺവീനർ ശ്രീ. പി. പി. തങ്കച്ചൻ ഒരു കാര്യം പറഞ്ഞു, സരിത കാലുമാറിക്കളഞ്ഞുവെന്ന്, ശ്രീ. പി. പി. തങ്കച്ചനായതുകൊണ്ട് അത് തുറന്നുപറഞ്ഞു. അവർ കാര്യങ്ങൾ തുറന്നുപറയാൻ തുടങ്ങിയപ്പോൾ യു.ഡി.എഫ്.-ന് നിൽക്കക്കള്ളിയില്ലാതായി. അവരെ ഉപയോഗിച്ചുകൊണ്ടല്ലേ ഞങ്ങളെ ഇത്രയും കാലം നേരിട്ടത്. ബിജു രാധാകൃഷ്ണന്റെ മൊഴി വന്നപ്പോൾ മുഖ്യമന്ത്രിയെ രക്ഷിക്കാൻ ആരാണ് രംഗത്തിറങ്ങിയത്; സരിതാ നായർ. പാർലമെന്റ് ഇലക്ഷന്റെ സന്ദർഭത്തിൽ ഇടതുപക്ഷത്തിന് പരാജയം സംഭവിച്ചപ്പോൾ ടീം സോളാറിനെക്കുറിച്ച് പറഞ്ഞിട്ടും ജനങ്ങൾ അത് കേട്ടോയെന്ന് നിങ്ങൾ ചോദിച്ചില്ലേ? മുഖ്യമന്ത്രിയും അതുതന്നെ ചോദിച്ചില്ലേ? തെളിവുകൾ സഹിതം ആളെ പിടികിട്ടുന്ന അവസ്ഥ ഇപ്പോൾ വന്നില്ലേ? ഈ സർക്കാരിന് അധികാരത്തിൽ തുടരാൻ എന്താണവകാശം? അഴിമതിക്കൂടായ മന്ത്രിസഭ കേരളം ഭരിച്ചാൽ ഇതുപോലുള്ള ഏതെങ്കിലും കേസ്സുകൾ തെളിയിക്കാൻ കഴിയുമോ? കമ്മീഷൻ റിപ്പോർട്ട് വരുമ്പോഴാണ് തുടർനടപടിയെടുക്കേണ്ടതെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഏപ്രിൽ മാസത്തിലാണ് റിപ്പോർട്ട് സമർപ്പിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അത് വരുന്നതുവരെ കാത്തിരിക്കണ്ടേയെന്ന് നിങ്ങൾ ചോദിച്ചു. കമ്മീഷൻ റിപ്പോർട്ട് വരട്ടെ, അതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ നടപടിയെടുക്കട്ടെ; 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിന്റെ അധികാരം ഉപയോഗിച്ച് നൽകുന്ന കമ്മീഷൻ റിപ്പോർട്ട് ലഭിക്കട്ടെ. ആ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള കാര്യമല്ല ഇവിടെ പറയുന്നത്. വിജിലൻസ് കോടതി എടുത്തിട്ടുള്ള നിർദ്ദേശം, അതിന്മേൽ നേടിയിട്ടുള്ള താൽക്കാലിക സ്റ്റേ, അതുമാത്രമാണ് ഈ സർക്കാർ ഇപ്പോൾ

ആശ്വാസമായി പറയുന്നത്. അതിനർത്ഥം ഉന്നയിക്കപ്പെട്ടിരിക്കുന്ന ആരോപണങ്ങളെ സംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറല്ല എന്ന കാര്യം വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്.

മി. സ്പീക്കർ: ഇരുപത്തിയൊന്ന് മിനിട്ടായി ..പ്ലീസ്........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ആക്ഷേപങ്ങളെ സംബന്ധിച്ച് ഞാൻ ഒന്നും പറഞ്ഞില്ല. സോളാർ കമ്പനിക്കാർ തയ്യാറാക്കിക്കൊടുത്ത സോളാർ നയം 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയില്ലേ? ശ്രീ. കെ.എം. മാണിയെപ്പോലും പറ്റിച്ചില്ലേ? 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 39-ാമത് നിർദ്ദേശം, അത് ഞങ്ങൾ എഴുതിക്കൊടുത്തതാണെന്ന് കമ്മീഷന്റെ മുന്നിൽ മൊഴി വന്നിരിക്കുകയല്ലേ? സബ്സിഡി, ഇതൊക്കെ അന്ന് പ്രഖ്യാപിച്ചതല്ലേ? ധനസഹായ പദ്ധതി, പാലക്കാട് കിൻഫ്ര പാർക്കിൽ 113 ഏക്കർ ഭൂമി, ഇവയെല്ലാം ഉൾപ്പെടുത്തി കമ്പനി തയ്യാറാക്കിക്കൊടുത്ത നോട്ട് ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി. ഇവിടെ ബഡ്ജറ്റുപോലും തയ്യാറാക്കുന്നതിൽ സരിതാ നായർ ആന്റ് കമ്പനിക്ക് ഇടപെടാൻ അവസരമുണ്ടായിരുന്നു. അങ്ങനെയൊരു കാലഘട്ടംവരെ കേരളത്തിന്റെ ഭരണം ഈ കമ്പനി നിയന്ത്രിച്ചു. അവർ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നേടിയെടുക്കുന്ന അവസ്ഥ കേരളത്തിലുണ്ടായി. അവർ തട്ടിപ്പുകാരാണെന്ന് മനസ്സിലാക്കാൻ വൈകിപ്പോയിയെന്ന് മുഖ്യമന്ത്രി പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സോളാർ തട്ടിപ്പല്ല, മറ്റുചില തട്ടിപ്പിൽ ഇവർ പ്രതിയായില്ലേ; അവർ ജയിലിൽ കിടന്നില്ലേ; ആ സ്ത്രീ മുഖ്യമന്ത്രിയുടെ ആഫീസിൽ കയറിയിറങ്ങുന്നത്, ഇവരെപ്പറ്റി മുന്നറിയിപ്പ് കൊടുത്തിട്ടും എന്തുകൊണ്ട് അവഗണിച്ചു. വൈകിപ്പോയി എന്നുപറയുന്നത് ആരെങ്കിലും വിശ്വസിക്കുമോ; ഈ സാഹചര്യത്തിൽ ഈ ഗവൺമെന്റിന്, മുഖ്യമന്ത്രിക്ക് അധികാരത്തിൽ തുടരാൻ അർഹതയില്ല. ധാർമ്മികതയിൽ മുഖ്യമന്ത്രി വിശ്വസിക്കുന്നുണ്ടെങ്കിൽ, കോൺഗ്രസ്സിന്റെ മൂല്യങ്ങളിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ മുഖ്യമന്ത്രി രാജിവയ്ക്കണം, ശ്രീ. ആര്യാടൻ മുഹമ്മദ് രാജിവയ്ക്കണം. സോളാർ കുംഭകോണത്തിൽപ്പെട്ടിട്ടുള്ള, വിജിലൻസ് കോടതിയിൽ വന്നിട്ടുള്ള മൊഴിയുടെ അടിസ്ഥാനത്തിൽ തന്നെ തുടർനടപടിയുണ്ടാകണം. സാങ്കേതികത്വം പറഞ്ഞ് ഞാൻ ഒരിക്കലും നിലപാട് എടുക്കില്ലായെന്നു പറയുന്ന മുഖ്യമന്ത്രിയുടെ എല്ലാ നിലപാടും പൊളിഞ്ഞിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ മുഖംമൂടി വലിച്ചു കീറപ്പെട്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ, കേരളത്തിലെ ജനങ്ങളോട്, എനിക്ക് തെറ്റുപറ്റിപ്പോയി എന്നുപറയാൻ തയ്യാറുണ്ടോ; അങ്ങനെയല്ല, ഇതൊന്നും എനിക്ക് ബാധകമല്ല, എനിക്ക് ഞാനാണ് വലുത്, എന്റെ മനസ്സാക്ഷിയാണ് വലുത് എന്നുപറഞ്ഞ് പിടിച്ചുതൂങ്ങാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങൾ അത് അനുഭവിക്കുക എന്നുമാത്രമേ പറയാനുള്ളൂ. ജനങ്ങൾ ഇത് സമ്മതിക്കാൻ

പോകുന്നില്ല. അതുകൊണ്ട് ഇക്കാര്യങ്ങൾ ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ; ചർച്ച ചെയ്യണം എന്നു ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ഗവൺമെന്റ് അഞ്ചുവർഷം പൂർത്തിയാക്കാൻ പോകുന്ന ഒരു ഗവൺമെന്റാണ്.....(ബഹളം)........

മി. സ്പീക്കർ: യെസ്...യെസ്..പ്ലീസ്...പ്ലീസ്....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ ഗവൺമെന്റിനെതിരായി ഒരു ആരോപണവും പ്രതിപക്ഷം ഇതുവരെയും ഉന്നയിച്ചിട്ടില്ല. ഈ ഗവൺമെന്റിനെതിരായി ഈ സഭയിലോ പുറത്തോ വസ്തുനിഷ്ഠമായ ഒരു ആരോപണവും ഉന്നയിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. അറുപതോളം ക്രിമിനൽ കേസ്സുകളിൽ പ്രതിയായ ഒരു വ്യക്തിയുടെ അപൂർണ്ണമായ മൊഴിയെ പ്രതിപക്ഷത്തിന് ആശ്രയിക്കേണ്ടി വന്നിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും വലിയ ഗതികേട്. ....(ബഹളം)........ 60 ക്രിമിനൽ കേസ്സുകളിൽ പ്രതിയായ ഒരാൾ ഉന്നയിച്ചിരിക്കുന്ന അർത്ഥമില്ലാത്ത ആരോപണങ്ങളും നിറംപിടിപ്പിച്ച നുണകളെയും പ്രതിപക്ഷത്തിന് ആശ്രയിക്കേണ്ടി വന്നത് കേരളത്തിലെ പ്രതിപക്ഷത്തിന് അപമാനകരമാണ് എന്നാണ് എനിക്ക് പറയാനുള്ളത്. അഴിമതിയാരോപണങ്ങളെ ഏറ്റവും ഗൗരവമായി കാണേണ്ട ഒരു കാര്യമാണ്. ....(ബഹളം)........

മി. സ്പീക്കർ: മിനിസ്റ്റർ പ്ലീസ്.....ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിച്ച സമയത്ത് .........(ബഹളം)........പറയട്ടെ.... ഒരു ശബ്ദവും ഇപ്പുറത്തുനിന്നും ഉണ്ടായില്ല. വേണമെങ്കിൽ അവർക്ക് ശബ്ദമുണ്ടാക്കാമായിരുന്നു. ഒരാൾപോലും അനങ്ങിയില്ല. അവർ നിശ്ശബ്ദരായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് മറുപടി പറയാൻ ഗവൺമെന്റിന് അവകാശമുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സംസാരിക്കുമ്പോൾ നിശ്ശബ്ദരായിരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ ഗവൺമെന്റുകൾക്കെതിരെ അഴിമതിയാരോപണങ്ങൾ ഉന്നയിക്കുന്നത് ഗൗരവമായിത്തന്നെ കാണേണ്ട ഒരു കാര്യമാണ്. അതാണ് ഗവൺമെന്റിന്റെ സമീപനം. എന്നാൽ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നത് ഉത്തരവാദിത്വബോധത്തോടുകൂടിയായിരിക്കണം. ദീർഘകാലം സ്വാർത്ഥ

താൽപ്പര്യങ്ങൾക്കുവേണ്ടി തട്ടിപ്പുനടത്തുന്ന ആളുകൾ, അവരുടെ ശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ ഉന്നയിക്കുന്ന ഇത്തരം ആരോപണങ്ങൾ ഒരു കാരണവശാലും ജനങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല. ദീർഘകാലത്തെ പൊതുജീവിതമുള്ള ഒരു വ്യക്തിയാണ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി. അദ്ദേഹത്തെ പോലെ ഒരു വ്യക്തി ഒരു കോടി നാൽപ്പതുലക്ഷം രൂപ വാങ്ങി എന്നുപറഞ്ഞാൽ കേരളജനത പുച്ഛിച്ചുതള്ളുകയില്ലേ; ആരെങ്കിലും വിശ്വസിക്കുമോ; കേരളരാഷ്ട്രീയത്തിൽ ഏതാണ്ട് 50 വർഷത്തിലധികം പാരമ്പര്യമുള്ള ശ്രീ. ഉമ്മൻ ചാണ്ടിയെപ്പോലൊരു വ്യക്തിക്കെതിരെ ഇത്തരം ബാലിശമായ ഒരു ആരോപണം ഉയർന്നുവന്നാൽ കേരളജനത ഒരു കാരണവശാലും അംഗീകരിക്കാൻ പോകുന്നില്ല. എന്റെ പ്രായത്തെക്കാൾ കൂടുതൽ പൊതുജീവിതത്തിന്റെ ഉടമയാണ് ശ്രീ. ആര്യാടൻ മുഹമ്മദ്. അദ്ദേഹം 40 ലക്ഷം രൂപ വാങ്ങി എന്നുപറഞ്ഞാൽ ആര് വിശ്വസിക്കും; ഇത് നിന്ദ്യവും ക്രൂരവുമായ ആരോപണമാണെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ആരോപണങ്ങൾ ഉന്നയിക്കുന്ന ആളുകളുടെ വിശ്വാസ്യതയും പ്രധാനപ്പെട്ട കാര്യമാണ്. വിശ്വാസ്യത ഇല്ലാത്ത ആളുകളുടെ ആരോപണങ്ങൾ ഏറ്റുപിടിക്കേണ്ടിവരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന് നാളെ ദുഃഖിക്കേണ്ടി വരും എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. .....(ബഹളം)......

ശ്രീ. ഇ. പി. ജയരാജൻ: സർ, സത്യസന്ധമായിട്ടാണോ ഇതൊക്കെ പറയുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, നമ്മൾ തമ്മിൽ വേണോ ശ്രീ. ജയരാജൻ; ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്ന ആളുകൾ ആരാണ്; അവരുടെ വിശ്വാസ്യത എന്താണ്; അവരുടെ പ്രവർത്തനം എന്താണ്; അവരുടെ മൊഴികളിലുള്ള വൈരുദ്ധ്യം എന്താണ്; ഇക്കാര്യങ്ങൾ എല്ലാം ജനങ്ങൾ കാണുന്നുണ്ട് എന്നുള്ള കാര്യം പ്രതിപക്ഷം മറക്കരുത്. അന്വേഷണത്തെ ഭയപ്പെടുന്നുവെന്ന് ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. അന്വേഷണത്തെ ആരാണ് ഭയപ്പെടുന്നത്; ഈ ഗവൺമെന്റ് അന്വേഷണത്തെ ഭയപ്പെടാത്തതുകൊണ്ടല്ലേ നിയമസഭയ്ക്കുത്തും പുറത്തും പറഞ്ഞ മുഴുവൻ കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടേംസ് ഓഫ് റഫറൻസ് വച്ച് ഒരു അന്വേഷണ കമ്മീഷനെ നിയോഗിച്ചത്; ഗവൺമെന്റ് ഏതെങ്കിലും ഘട്ടത്തിൽ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ ഇടപെട്ടിട്ടുണ്ടോ; നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ അന്വേഷണം നടക്കുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉന്നതമായ മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് 14 മണിക്കൂർ സോളാർ കമ്മീഷന്റെ മുമ്പിൽ മൊഴി കൊടുക്കാൻ തയ്യാറായി. ഈ മന്ത്രിസഭയിൽ ഞാനടക്കമുള്ള

പലരും അഭിപ്രായവ്യത്യാസം പറഞ്ഞതാണ്. പക്ഷേ, അദ്ദേഹം ഉന്നതമായ മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് 14 മണിക്കൂർ നേരം കമ്മീഷന്റെ മുമ്പിൽചെന്ന് ചോദിച്ച മുഴുവൻ കാര്യങ്ങൾക്കും മറുപടി പറഞ്ഞു. ഉന്നതമായ മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ബഹുമാന്യനായ മുഖ്യമന്ത്രി സോളാർ കമ്മീഷന്റെ മുമ്പിൽ 14 മണിക്കൂർ നേരം മൊഴി നൽകാൻ തയ്യാറായത്. എന്തെങ്കിലും മറച്ചുവയ്ക്കാനോ ഭയപ്പെടാനോ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം അതിന് മുതിരുമായിരുന്നോ; തൃശ്ശൂർ വിജിലൻസ് കോടതിയുടെ നടപടിയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞു. നിങ്ങളും ഈ നാട് ഭരിച്ചവരാണ്. എല്ലാവരും പൊതുജീവിതത്തിൽ ഉള്ളവരാണ്. ഒരു വിജിലൻസ് കോടതിയുടെ മുമ്പിൽ, ഒരു ജഡ്ജിയുടെ മുമ്പിൽ ആരെങ്കിലും ഒരു പരാതി കൊടുക്കുന്നു. ആ ജഡ്ജി അപ്പോൾത്തന്നെ നിരവധി കമന്റുകൾ പറഞ്ഞുകൊണ്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ പറയുന്നു. ആ നടപടി അസ്വാഭാവികമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെയാണെങ്കിൽ നാളെ കേരളം ആർക്കും ഭരിക്കാൻ പറ്റില്ല. ഏത് മന്ത്രിയുടെ പേരിലും ഏത് എം.എൽ.എ.യുടെ പേരിലും എഫ്.ഐ.ആർ. ഇടാം. ഇങ്ങനെയൊരു നടപടി ശരിയാണോ; ലളിതകുമാരി v/s. ഗവൺമെന്റ് ഓഫ് യു.പി. എന്ന കേസ് ഇവിടെ ക്വാട്ട് ചെയ്തു. അതിൽ എന്താണ് പറയുന്നത്, 'it will be obligatory to cause a preliminary enquiry on a complaint made under the PC Act before the complaint is forwarded to the police with the direction to register a case and investigate it. Of course, it is true that it is always not a must. Even without such report of enquiry, court can forward the complaint'. Magisterial power ഉണ്ട്. 'provided that complaint contains definite material', definite material ഉണ്ടാകണം, 'and acceptable materials with the knowledge of the complainant or some material showing the source of information constituting the offence alleged', മനോരമയിലും മാതൃഭൂമിയിലും വന്ന ചില വാർത്തകളുടെ അടിസ്ഥാനത്തിൽ ആ പത്രകട്ടിംഗും വച്ച് കേട്ടപാതി കേൾക്കാത്ത പാതി വിജിലൻസ് കോടതിയിൽ കേസ് കൊടുക്കുന്നു. കോടതി അപ്പോൾ തന്നെ എഫ്.ഐ.ആർ. ഇടുന്നു. ഇതെന്താണ് വെള്ളരിക്കാപ്പട്ടണമാണോ; ഈ നാട്ടിൽ നിയമങ്ങളില്ലേ; വിജിലൻസ് കോടതിയുടെ ആ അസ്വാഭാവികമായ നടപടിയെയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തത്. ഇങ്ങനെയൊരു കീഴ്വഴക്കം ഈ നാട്ടിലുണ്ടായാൽ ഏതെങ്കിലും ഒരു പൊതുപ്രവർത്തകന് തന്റെ ഡ്യൂട്ടീസ് ഡിസ്ചാർജ് ചെയ്യാൻ കഴിയുമോ; ഇത് സ്റ്റേ ഗവൺമെന്റാണെന്ന് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് എടുത്ത നടപടിയാണ് നാളെ

കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനമായ സംഭവമായി മാറിയിട്ടുള്ളത്. നാളെഏതെങ്കിലും ഒരു മന്ത്രിക്കോ എം.എൽ.എ.ക്കോ പ്രവർത്തിക്കാൻ കഴിയുമോ; പത്രത്തിൽ എത്രയോ വാർത്തകൾ വരാറുണ്ട്. ആ പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ആരെങ്കിലും ഒരു പരാതി കൊടുത്താൽ, അതിന്റെ പേരിൽ എഫ്.ഐ.ആർ. ഇടാൻ തുടങ്ങിക്കഴിഞ്ഞാൽ നമ്മൾ എവിടെ ചെന്നെത്തും? അതുകൊണ്ട് ഇത്തരം വാദങ്ങൾ ഉന്നയിക്കുന്നത് വളരെ നിരർത്ഥകമായ കാര്യമാണ്. അതുകൊണ്ടാണ് തൃശ്ശൂർ വിജിലൻസ് കോടതിയുടെ നടപടിക്കെതിരായി അപ്പീൽ പോയത്. 'എന്തിനാണ് നിങ്ങൾ അപ്പീൽ പോയത്' എന്ന് അദ്ദേഹം ചോദിച്ചു. ഞങ്ങൾ അപ്പീൽ പോയത് കേരളത്തിലെ ജനാധിപത്യ സംവിധാനത്തിൽ അസ്വാഭാവികമായ ഇത്തരം നടപടികൾ ഉണ്ടാകരുത് എന്ന് കണ്ടുകൊണ്ടുതന്നെയാണ്. അത് ഞങ്ങളുടെ ഉത്തരവാദിത്വമാണ്. ഹൈക്കോടതി വളരെ വ്യക്തമായിത്തന്നെ പറഞ്ഞു, വിജിലൻസ് കോടതി ജഡ്ജി ഒരു പോസ്റ്റോഫീസായിട്ടല്ല പ്രവർത്തിക്കേണ്ടത് എന്ന്. അദ്ദേഹം പ്രവർത്തിക്കേണ്ടത് എങ്ങനെയാണ് എന്നും വ്യക്തമായി സൂചിപ്പിക്കുകയുണ്ടായി.

<u>ശ്രീ. ഇ. പി. ജയരാജൻ</u> : ....... (മൈക്ക് ഓഫ്)...........

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഉന്നയിച്ച എല്ലാ ആരോപണങ്ങളും കമ്മീഷന്റെ മുമ്പാകെയുണ്ട്. കമ്മീഷൻ അതിന്റെ സത്യാവസ്ഥ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. കമ്മീഷന്റെ റിപ്പോർട്ട് വരുന്നതുവരെ എന്തുകൊണ്ട് പ്രതിപക്ഷത്തിന് കാത്തിരുന്നുകൂടാ? റിപ്പോർട്ട് വരട്ടെ. വ്യവസ്ഥാപിതമായ കമ്മീഷന്റെ മുന്നിൽ ധാരാളം ആളുകൾ മൊഴി കൊടുക്കും. ഡി.ജി.പി., എ.ഡി.ജി.പി.-മാർ, മുൻ ജയിൽ ഡി.ജി.പി. തുടങ്ങിയവരെല്ലാം മൊഴി കൊടുക്കും. അവർ കൊടുക്കുന്ന മൊഴികളെല്ലാം സത്യസന്ധമാകണമെന്നില്ല. അവരുടെ അഭിപ്രായങ്ങളാകാം. ഞാൻ അതിനെ ഡിസ്പ്യൂട്ട് ചെയ്യുന്നില്ല. പക്ഷെ, കമ്മീഷൻ ആത്യന്തികമായി പരിശോധിച്ച് ഒരു റിപ്പോർട്ട് നൽകുമ്പോൾ മാത്രമേ അതിന്റെ സത്യാവസ്ഥ ബോദ്ധ്യപ്പെടുകയുള്ളൂ. ഒരു കമ്മീഷനെ നിയോഗിച്ചാൽ ആ കമ്മീഷന്റെ റിപ്പോർട്ട് വരുന്നതുവരെ കാത്തിരിക്കേണ്ടത് ഒരു സാമാന്യ മര്യാദയാണ്. അതുകൊണ്ട് കമ്മീഷന്റെ റിപ്പോർട്ട് വരുന്നതുവരെ കാത്തിരിക്കണമെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്. കമ്മീഷന്റെ നടപടികൾ പൂർത്തിയാകട്ടെ, കമ്മീഷൻ പറയുന്ന കാര്യങ്ങൾ ജനങ്ങളുടെ മുന്നിൽ വരട്ടെ. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഇത് ചെലവാകാൻ പോകുന്നില്ല. കേരളത്തിലെ ജനങ്ങൾക്ക് വസ്തുതകൾ ബോധ്യമാകുന്നതാണ്.

ഇതിനെ യു.ഡി.എഫ്. ഒറ്റക്കെട്ടായിത്തന്നെ നേരിടും. ഇത്തരം ആരോപണങ്ങൾ ഉന്നയിച്ച് യു.ഡി.എഫ്.ഗവൺമെന്റിനെ അട്ടിമറിക്കാമെന്നും ദുർബ്ബലപ്പെടുത്താമെന്നും പ്രതിപക്ഷവും മറ്റുള്ളവരും കരുതണ്ട. ഈ രാഷ്ട്രീയ ആരോപണങ്ങളെ മനസ്സിലാക്കാനുള്ള പ്രബുദ്ധത കേരളത്തിലെ ജനങ്ങൾക്കുണ്ട്. അതുകൊണ്ട് ഈ ആരോപണങ്ങൾ വിലപ്പോകില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ 40 ലക്ഷം രൂപ കൈക്കൂലി വാങ്ങി എന്നൊരു ആരോപണം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ ഉന്നയിച്ചു. ഞാൻ ആദ്യംതന്നെ അത് നിഷേധിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനോട് ഒരു കാര്യം മാത്രമാണ് പറയാനുള്ളത്. എന്ത് ആവശ്യത്തിനാണ് നിങ്ങൾ പറയുന്ന ആൾ എനിക്ക് പണം തന്നതെന്നോ, എന്നോട് എന്താണ് ആവശ്യപ്പെട്ടിരുന്നതെന്നോ ഇന്നുവരെ ഒരു പത്രത്തിലും ഞാൻ വായിച്ചിട്ടില്ല. എന്ത് ആവശ്യമാണ് എന്നോട് ഉന്നയിച്ചതെന്നോ, ആവശ്യം ഞാൻ ചെയ്തുകൊടുത്തോ എന്നൊന്നുമില്ല. ഒരു കാര്യം കൂടി ഞാൻ പറയുന്നു, ടീം സോളാർ എന്ന കമ്പനി അനെർട്ടുമായി യാതൊരു ഇടപാടും നടത്തിയിട്ടില്ല. പക്ഷെ 2010-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് 42 വീടുകളിൽ സോളാർ വാട്ടർ ഹീറ്റർ വച്ചുവെന്നും അതിന് സബ്സിഡി നൽകണമെന്നുംപറഞ്ഞ് 26-3-2011-ന് അനെർട്ടിൽ ടീം സോളാർ കമ്പനി ഒരു ആപ്ലിക്കേഷൻ കൊടുത്തിരുന്നു. അന്ന് ഞാനല്ല വകുപ്പുമന്ത്രി. അന്ന് ബഹുമാനപ്പെട്ട എ. കെ. ബാലനാണ് മന്ത്രി. അവർ ശ്രീ. എ. കെ. ബാലനെ കണ്ടുവെന്നോ, ശ്രീ. എ. കെ. ബാലന് അപേക്ഷ കൊടുത്തുവെന്നോ ഞാൻ പറയുന്നില്ല. അവർ അനെർട്ടിൽ അപേക്ഷ കൊടുത്തു. തെരഞ്ഞെടുപ്പ് വന്നപ്പോൾ ആ അപേക്ഷ അവിടെ കിടന്നു. ആ അപേക്ഷ അനെർട്ട് പരിശോധിച്ചത് ഞാൻ മന്ത്രിയായിരുന്നപ്പോഴാണ്. എന്റെ കയ്യിൽ ആ ഫയൽ വന്നിട്ടില്ല. ശ്രീ. എ. കെ. ബാലന്റെ കയ്യിലും ആ ഫയൽ പോയിട്ടില്ല. അവർക്ക് സബ്സിഡി അനുവദിക്കാമെന്ന് മുൻകൂട്ടി ഓർഡർ കൊടുത്തിട്ടില്ലെന്നും അതിനുള്ള അപേക്ഷ നൽകിയിട്ടില്ലെന്നും മാത്രമല്ല, ഐ.എസ്.ഐ. സ്റ്റാൻഡേർഡ് ആ കമ്പനിക്കില്ലെന്നും കാണിച്ച് അനെർട്ടുതന്നെ അത് ഡിസ്പോസ് ചെയ്തു. ഞാൻ മന്ത്രിയായിരുന്നപ്പോഴാണ് അങ്ങനെ പറഞ്ഞത്. ഫയൽ ഞാൻ കണ്ടിട്ടില്ല. അനെർട്ടാണ് ചെയ്തത്. ടീം സോളാറിനോട് പല ക്ലാരിഫിക്കേഷനും ആവശ്യപ്പെട്ടെങ്കിലും ആ ക്ലാരിഫിക്കേഷനൊന്നും അവർ കൊടുത്തില്ല. അതിന്റെ ഫലമായി 04-2-2012-ന് റിജക്ട് ചെയ്യുകയാണ് അനെർട്ട് ചെയ്തത്. അല്ലാതെ ഒരിടപാടും അനെർട്ടുമായി ഉണ്ടായിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊടുത്ത അപേക്ഷ തള്ളി എന്നല്ലാതെ മറ്റൊന്നും ഈ

ഗവൺമെന്റ് ചെയ്തിട്ടില്ല. ഇതുകൂടാതെ അനെർട്ടുമായി ഉണ്ടായി എന്നുപറയുന്ന ഒരു കാര്യം, ഒരു ഇന്റർനാഷണൽ സെമിനാർ നടത്തിയിരുന്നു, ആ സെമിനാറിൽ മറ്റ് രാജ്യങ്ങളിലെ ആളുകളും ഉണ്ടായിരുന്നു. അവിടെ ഇവർ ഒരു സ്റ്റാൾ നടത്തിയിരുന്നു. മസ്കറ്റ് ഹോട്ടലിൽ 24 റൂം എടുത്താണ് സ്റ്റാൾ നടത്തിയത്. അതിൽ ആദ്യമാദ്യം അപേക്ഷിച്ചവർക്ക് റൂം കൊടുത്തു. 23 അപേക്ഷകരെ ഉണ്ടായിരുന്നുള്ളു. അതിൽ ഇവർ അപേക്ഷിക്കുകയും പണം കൊടുത്ത് ഒരു സ്റ്റാൾ ഏറ്റെടുക്കുകയും നടത്തുകയും ചെയ്തു. ഇതാണ് ഉണ്ടായത്. ഇതല്ലാതെ ഒരു ഇടപാടും അനെർട്ടുമായോ പവർ ഡിപ്പാർട്ടുമെന്റുമായോ ടീം സോളാറിന് ഉണ്ടായിട്ടില്ല. അതില്ലാത്ത കാലത്തോളം എന്തിനാണ് എനിക്ക് 40 ലക്ഷം രൂപ തരുന്നത്; 40 ലക്ഷം രൂപ തന്ന് എന്താണ് എന്നിൽനിന്നും നേടാനുള്ളതെന്ന കാര്യം ഇതുവരെ പറഞ്ഞിട്ടില്ല. 40 ലക്ഷം രൂപ തന്നുവെന്നുപറയുന്നത് ഞാൻ നിഷേധിക്കുന്നു.

സോളാർ പോളിസിയുടെ കാര്യം ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞു. സോളാർ പോളിസി ഞാൻ മന്ത്രിയായതിനുശേഷം ഉണ്ടാക്കിയതാണ്. ആ പോളിസി ഉണ്ടാക്കാൻ ഞാൻ ആരോടെല്ലാമാണ് ഡിസ്കസ് ചെയ്തതെന്ന് അറിയാമോ; 1. ശ്രീ. ആർ. വി. ജി. മേനോൻ, 2. സെക്രട്ടറി, പവർ ഡിപ്പാർട്ടുമെന്റ്, 3. അനെർട്ടിന്റെ ഡയറക്ടർ, 4. ഇ.എം.സി. ഡയറക്ടർ, 5. സി.എം.ഡി., കെ.എസ്.ഇ.ബി. എന്നിവരോടാണ്. ഇവിടെ സോളാർ പോളിസി പ്രഖ്യാപിച്ചത് 25-11-2013-ലാണ്. സോളാർ പോളിസി ഉണ്ടാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചത് ശ്രീ. ആർ. വി. ജി. മോനോനാണ്. ഈ ആളുകളുമായല്ലാതെ സരിത എസ്. നായരുമായോ മറ്റാരെങ്കിലുമായോ ഞാൻ ഒരു സംസാരവും നടത്തിയിട്ടില്ല. ശ്രീ. ആർ. വി. ജി. മോനോനെപ്പോലുള്ള ഒരാൾ ഈ പോളിസി സരിത എസ്. നായർക്കുവേണ്ടി ഉണ്ടാക്കിയ പോളിസിയാണെന്നുപറഞ്ഞാൽ, അത് വിശ്വസിക്കാൻ ഇവിടെ ആരെയും കിട്ടില്ല എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട അംഗങ്ങൾ ആലോചിക്കേണ്ട ഒരു കാര്യം, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ, വിശ്വസിക്കാൻ പറ്റുന്ന ആളുകളിൽനിന്ന് കിട്ടുന്ന ഇൻഫർമേഷൻ കൂടി കണക്കിലെടുത്തുവേണം സഭയിൽ ഇതുപോലുള്ള കാര്യങ്ങൾ പറയാൻ എന്ന ഒരപേക്ഷ മാത്രമാണ് എനിക്ക് ഈ സഭയുടെ മുമ്പാകെ വയ്ക്കാനുള്ളത്. ഇതുകൊണ്ടൊന്നും ഈ ഗവൺമെന്റിനെ പൊളിക്കാൻ കഴിയില്ല, നിങ്ങൾ ഈ ഗവൺമെന്റിനെ പൊളിക്കാൻ എത്ര കാലമായി ശ്രമിക്കുന്നു. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗിച്ചതല്ലേ, മാസങ്ങൾ, ദിവസങ്ങൾ. എന്തെങ്കിലും നടന്നോ? അഞ്ച് കൊല്ലം പൂർത്തീകരിച്ചേ ഞങ്ങൾ ഇറങ്ങിപ്പോകു എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അതിന് കേരളത്തിലെ ജനങ്ങളുടെ പിന്തുണയുണ്ട്. ഇതുപോലുള്ള ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ, ആ ആരോപണം

ഉന്നയിച്ചവരെക്കുറിച്ച് ഒന്നുകൂടി ആലോചിക്കണം എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. എന്നെക്കുറിച്ച് പറഞ്ഞ ഈ ആരോപണം ഞാൻ പൂർണ്ണമായി നിഷേധിക്കുന്നു.

മറ്റൊരു കാര്യംകൂടി ഞാൻ പറയട്ടെ, നിങ്ങൾ ആവശ്യപ്പെട്ടപ്പോൾ ഞങ്ങൾ അന്വേഷണ കമ്മീഷനെ വച്ചു. ആ അന്വേഷണ കമ്മീഷൻ അന്വേഷിക്കുന്നു. അതിന്റെ മുന്നിൽ ഞങ്ങളുടെ വക്കീലും അവരുടെ വക്കീലും നിങ്ങളുടെ ആളുകളുമുണ്ട്. ആ കമ്മീഷന്റെ റിപ്പോർട്ട് വരുന്നതുവരെയെങ്കിലും ഒന്ന് ക്ഷമിക്കാൻ നിങ്ങൾ തയ്യാറാകേണ്ടതല്ലേ; തൃശ്ശൂർ വിജിലൻസ് കോടതി ജഡ്ജി പറഞ്ഞതിനെ അനുകൂലിക്കുന്നു. അതേയവസരത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിയെക്കുറിച്ച് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത് രേഖയിൽ വരാത്തതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. എല്ലാ കോടതിയേയും മാനിക്കുന്നവരാണ് ഞങ്ങൾ. ഞാൻ ഈ ആരോപണങ്ങൾ നിഷേധിക്കുന്നു. തൃശ്ശൂർ വിജിലൻസ് കോടതിയുടെ വിധി ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അവസാന തീരുമാനവും എൻക്വയറി കമ്മീഷന്റെ ഫൈൻഡിംഗ്സും വരുമ്പോൾ അതിനനുസരിച്ച് കാര്യങ്ങൾ ചെയ്യുമെന്നുമാത്രമേ പറയുന്നുള്ളു. ഏതായാലും ഇത് ദൗർഭാഗ്യകരമായിപ്പോയി എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ഉമ്മൻ ചണ്ടി</u> : സർ, ഒരു കേസിലെ പ്രതി കൊടുത്ത അപൂർണ്ണമായ മൊഴി മുഴുവൻ വിശ്വസിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത്. മൊഴി പൂർത്തിയാക്കാനുള്ള ക്ഷമപോലും കാണിച്ചില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അവർ വേറെ പലതും പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റിനെ അട്ടിമറിക്കാൻ സി.പി.എം. 10 കോടി രൂപ കൊടുത്തുവെന്ന് ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രസിദ്ധീകരണത്തിൽ വാർത്ത വന്നിരുന്നു. ........(ബഹളം)........

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, അങ്ങനെ പറയണമെന്ന് നിങ്ങളാണ് സരിതയോട് പറഞ്ഞത്. (..ബഹളം..).......

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്.... ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംസാരിക്കാൻ അനുവദിക്കണം. അദ്ദേഹം സംസാരിക്കട്ടെ. ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. പി. ശ്രീരാമകൃഷ്ണൻ ......പ്ലീസ്.. പ്ലീസ്.......

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, സോളാർ കേസ് കത്തിനിൽക്കുന്ന സമയത്താണ് ഇങ്ങനെ ഗുരുതരമായ ഒരു ആരോപണം ഉന്നയിക്കപ്പെട്ടത്. ആ വാർത്ത

ഉപയോഗിച്ച് ഞങ്ങളാരെങ്കിലും ഞങ്ങളുടെ കേസ് ഡിഫന്റ് ചെയ്തോ; ഇങ്ങനെ ഒരു വെളിപ്പെടുത്തൽ വന്നിട്ടും ഞങ്ങൾ അതിനെ മറയാക്കാൻ ശ്രമിച്ചോ? എന്താണ് കാരണം, ഒരു കേസിലെ പ്രതി പറയുന്നത് മുഴുവനും വിശ്വസിച്ചുകൊണ്ട് മുമ്പോട്ടുപോയാൽ പോകുന്നവർ ഇടയ്ക്ക് വെള്ളത്തിലാകും. ബിജു രാധാകൃഷ്ണൻ സി.ഡി.യുണ്ടെന്ന് പറഞ്ഞപ്പോൾ അതിന്റെ പുറകേ പോയവരെല്ലാം നാണം കെട്ടില്ലേ? അതുകൊണ്ട് ആക്ഷേപം പറയുന്നത് ഏത് സാഹചര്യത്തി ലാണെന്നുകൂടി നോക്കേണ്ടതായിരുന്നു.

ഞാൻ സോളാർ കമ്മീഷന്റെ മുൻപിൽ മൊഴി കൊടുക്കാൻ പോയി. രണ്ട് മണിക്കൂർകൊണ്ട് കമ്മീഷന്റെ മൊഴിയെടുക്കൽ കഴിഞ്ഞു. അതുകഴിഞ്ഞുള്ള ക്രോസ് വിസ്താരത്തിൽ എല്ലാവരുടെയും ചോദ്യങ്ങൾക്കുള്ള മറുപടികൾ പറഞ്ഞ് 14 മണിക്കൂർ കഴിഞ്ഞാണ് ഞാനിറങ്ങുന്നത്. ഞാനൊരു പരിമിതിയും പറഞ്ഞില്ല. ഇന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ വിശ്വസിച്ചിരിക്കുന്ന ആ കേസിലെ പ്രതിയുടെ അഡ്വക്കേറ്റ് ഈ സമയം മുഴുവൻ ആ കമ്മീഷൻ ഹാളിലുണ്ട്. അദ്ദേഹം എന്നോട് ഒരു ചോദ്യംപോലും ചോദിച്ചില്ല. അവർക്ക് എന്നോട് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ, എന്റെ നടപടിയിൽ എന്തെങ്കിലും പ്രതിഷേധമുണ്ടെങ്കിൽ എന്നോട് ചോദിക്കാനുള്ള ചോദ്യങ്ങൾ കമ്മീഷനിൽ ചോദിക്കുകയല്ലേ വേണ്ടത്; കമ്മീഷന്റെ Terms of reference വളരെ വിപുലമാണ്. ഈ നിയമസഭയ്ക്കകത്തും പുറത്തും പറഞ്ഞ എല്ലാ കാര്യങ്ങളും വളരെ വിപുലമാണ്. മുഖ്യമന്ത്രിയുടെ ഓഫീസിനെ ഇതിൽ ഉൾപ്പെടുത്തണമെന്നാണ് നിങ്ങളാവശ്യപ്പെട്ടത്. ഓഫീസിനെ ഉൾപ്പെടുത്തിയാൽ പറയും ഞാൻ ലിഫ്റ്റിൽവച്ചും കോറിഡോറിൽ വച്ചും കണ്ടിരുന്നുവെന്ന്. ഇത്രയും വിപുലമായ Terms of reference-ഓടുകൂടി ഒരു ജുഡീഷ്യൽ അന്വേഷണം നടന്നിട്ടുണ്ടോ; എന്നിട്ടും ആദ്യം നിങ്ങൾ ആ കമ്മീഷനോട് സഹകരിച്ചില്ല, നിങ്ങൾ കക്ഷി ചേർന്നില്ല. നിങ്ങളെ വിളിച്ചപ്പോഴാണ് നിങ്ങൾ വന്നത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, മുഖ്യമന്ത്രിയേയും മുഖ്യമന്ത്രിയുടെ ഓഫീസിനേയും ഉൾപ്പെടുത്തില്ല എന്നതായിരുന്നു ആദ്യം നിങ്ങളെടുത്ത നിലപാട്. ഞങ്ങൾ എതിർത്തപ്പോഴാണ് പിന്നീടത് ഉൾപ്പെടുത്തിയത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: Terms of reference അനുസരിച്ചാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്. അതനുസരിച്ചുള്ള എല്ലാ കാര്യങ്ങളും ചർച്ചചെയ്യു. ഇവിടെ ആക്ഷേപം ഉന്നയിച്ച ഒരു കാര്യവും Terms of reference-ൽനിന്നും അന്വേഷണ പരിധിയിൽനിന്നും വിട്ടുപോകരുത് എന്നുള്ളൊരു നിലപാട് സ്വീകരിച്ചിരുന്നു. അതുപോല ഒരു സമീപനമാണ് ഞാൻ കമ്മീഷനിലും എടുത്തത്. ഒരാളുടെപോലും

ചോദ്യത്തിന് ഉത്തരം പറയാതെ, അല്ലെങ്കിൽ ഒരാൾക്കുപോലും ചോദ്യങ്ങൾ ചോദിക്കാൻ സാധിച്ചില്ല എന്ന ആക്ഷേപം ഉണ്ടാകരുതെന്ന നിലപാടാണ് ഞാൻ സ്വീകരിച്ചത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യങ്ങളിൽ തുറന്ന മനസ്സാണുള്ളത്. ഏത് കാര്യവും അന്വേഷിക്കുകയും ചോദിക്കുകയും ചെയ്യട്ടെ. അതിനൊക്കെ മറുപടി പറയാം. ഞാൻ കൂടുതലൊന്നും പറയുന്നില്ല.

രണ്ട് പ്രതികൾ പറഞ്ഞ മൊഴികളും കാര്യങ്ങളുമാണ് ഇന്ന് അന്തരീക്ഷത്തിലുള്ളത്. അങ്ങനെ മൊഴി പറഞ്ഞതിൽ എനിക്കവരോട് യാതൊരു പരിഭവവുമില്ല. കാരണം, അവർ ചെയ്ത തെറ്റിനെതിരെ കർശനമായ നടപടിയെടുത്ത ഒരു ഗവൺമെന്റാണിതെന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും. 498 (A) പ്രകാരം സ്ത്രീപീഡനക്കേസിൽ പ്രതിയായി, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന അഞ്ച് വർഷവും ഇവിടെ വിലസിനടന്ന് തട്ടിപ്പുകൾ നടത്തുകയായിരുന്നു ശ്രീ. ബിജു രാധാകൃഷ്ണൻ. പക്ഷേ ഈ ഗവൺമെന്റ് വന്നപ്പോൾ പ്രത്യേക അന്വേഷണ സംഘത്തെവച്ച് അന്വേഷണം നടത്തുകയും സ്ത്രീപീഡനക്കേസ് കൊലക്കേസ്സാവുകയും ചെയ്തു. സ്പെഷ്യൽ പ്രോസിക്യൂട്ടറെവച്ച് ഏറ്റവും ശക്തമായ നിയമനടപടികളുമായി മുൻപോട്ടുപോയി പരമാവധി ശിക്ഷ വാങ്ങിക്കൊടുത്തു. ശ്രീ. ബിജു രാധാകൃഷ്ണന് ഈ ഗവൺമെന്റിനോടും എന്നോടും വിരോധം തോന്നിയതിൽ എനിക്ക് പരിഭവമൊന്നുമില്ല. ഇതുപോലെതന്നെയാണ് ഈ പ്രതിയും. 33 കേസിലെ പ്രതിയാണ്. ഇതിന് മുൻപും അവർ കേസിൽ പ്രതിയായിരുന്നു. പക്ഷേ അന്ന് പറഞ്ഞു, ഇതിന് സിവിൽ നേച്ചറാണെന്ന്. അത് കൊടുക്കൽ വാങ്ങൽ എന്നുപറഞ്ഞ് ആ കേസ്സുകളിൽനിന്നൊക്കെ അവർ രക്ഷപ്പെട്ടുപോയി. പക്ഷേ ഈ ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയും ചെയ്യാതെ കർശനമായ നിയമനടപടികളെടുത്തു. അതിന്റെ പേരിൽ അവരെന്നോട് പരിഭവപ്പെട്ടാലും ഗവൺമെന്റിനെതിരായാലും ഞാൻ കുറ്റപ്പെടുത്തില്ല.

പക്ഷേ, ഒരു കോടി നാല്പതുലക്ഷം, തൊണ്ണൂറ് ലക്ഷം, അമ്പത് ലക്ഷം എന്നുപറയുമ്പോൾ നിങ്ങൾ ഒന്നാലോചിക്കണം, എന്റെ ഓഫീസിൽനിന്ന് ഒരു കത്തും ഒരു ലറ്റർപാഡും കിട്ടിയിട്ടില്ല. കൃത്രിമമായി ലറ്റർപാഡുണ്ടാക്കിയതിന്റെ പേരിൽ പത്തനംതിട്ട കോടതി ശിക്ഷിച്ചിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഈ തട്ടിപ്പിന് ആരൊക്കെ ഏതൊക്കെ വിധത്തിൽ സഹായിച്ചിട്ടുണ്ടെന്ന് ആ ജഡ്ജ്മെന്റിനകത്തുണ്ട്, അതുമാത്രം വായിച്ചുനോക്കിയാൽ മതി. അതുകൊണ്ടു തന്നെ അവർ പറഞ്ഞ കാര്യങ്ങളിൽ എനിക്ക് പ്രയാസമില്ല, കാരണം, അവർ ഈ ഗവൺമെന്റിന്റെ ശക്തമായ നടപടിയുടെ വിക്ടിംസാണ്, അത് സഹിച്ചേ പറ്റൂ.

പക്ഷേ ഈ സഭയിൽ നിങ്ങൾ എടുത്തിട്ടുള്ള നിലപാട് എന്നെ വേദനിപ്പിച്ചിട്ടുണ്ട്. എനിക്ക് മുഖ്യമന്ത്രിയെന്നുള്ള പരിഗണനയൊന്നും വേണ്ട, ഒരു പൊതുപ്രവർത്തകൻ എന്നുള്ള പരിഗണന എനിക്കും ഇവിടെ ആക്ഷേപമുന്നയിക്കുന്നവർക്കുംഉണ്ടായിരുന്നുവെങ്കിൽ.......നിങ്ങൾ ഒന്നാലോചിക്കുമായിരുന്നു. ഈ ആരോപണമുന്നയിച്ചത് ആരാണ്? അവർ ഉന്നയിക്കാനുള്ള സാഹചര്യമെന്താണ്, ഇതിനകത്ത് എന്തെങ്കിലും സത്യമുണ്ടോ എന്ന് നിങ്ങൾ അന്വേഷിക്കുമായിരുന്നു, അത് അന്വേഷിച്ചില്ല, ആ കാര്യം നോക്കിയില്ല എന്നതിൽ എനിക്ക് പ്രയാസമുണ്ട്. ആരേയും ഞാൻ കുറ്റപ്പെടുത്തുന്നില്ല, പക്ഷേ നിങ്ങൾ അത് നോക്കേണ്ടതായിരുന്നു. ഞാൻ ഈ സഭയിൽ വന്നിട്ട് 46 വർഷമാകുകയാണ്. അന്ന് ഉണ്ടായിരുന്ന ഊഷ്മളമായ ബന്ധങ്ങളും ധാരണകളും പരസ്പരമുള്ള വിശ്വാസവുമൊക്കെ ഞാൻ ഓർക്കുന്നു. ഇന്ന് എല്ലാം അന്ധമായ രാഷ്ട്രീയ കണ്ണിലൂടെ കണ്ട്, ഏത് വടി കിട്ടിയാലും അടിക്കാൻ പറ്റുമോ എന്നാണ് നോക്കുന്നത്. പക്ഷേ പലപ്പോഴും അതിന്റെ തിരിച്ചടിയും കിട്ടും, സംശയമില്ല. കാരണം, യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാതെ, സത്യം എന്തെന്നറിയാതെ, മുമ്പോട്ടുപോയാൽ ചിലപ്പോൾ അതിന് തിരിച്ചടികിട്ടും. ഈ ഒരു സമീപനമാണ് എന്നെ വേദനിപ്പിച്ചിട്ടുള്ളത്. എനിക്ക് രണ്ടു കോടിയോളം രൂപ തന്നു എന്നുപറയുമ്പോൾ, 6500 രൂപയുടെ ഒരു ചെക്ക് മടങ്ങിയ സമയത്താണ് എനിക്ക് ഒരു കോടി തൊണ്ണൂറ് ലക്ഷം രൂപ തന്നു എന്നുപറയുന്നത്. ഇവർ തട്ടിച്ചത് അനേക കോടി രൂപയാണ്, പോലീസ് 6 കോടി രൂപയിൽ ഒതുക്കി എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. പോലീസിന് പരാതി കിട്ടിയിരിക്കുന്നത് 6 കോടി രൂപയ്ക്കാണ്. പരാതി കിട്ടിയ ഒരെണ്ണം പോലും പോലീസ് വിട്ടിട്ടില്ല. കിട്ടാത്ത പരാതിയുടെ പുറത്ത് പോലീസിന് കേസ്സെടുക്കാൻ പറ്റുമോ, അതെല്ലാം അന്വേഷിച്ച് അതിന്റെ നിയമപരമായ നടപടികളുമായി മുന്നോട്ടുപോയിട്ടുണ്ട്. ഈ കാര്യങ്ങളിൽ ഞാൻ ഈ സഭയ്ക്ക് മൂന്ന് കാര്യങ്ങൾ ഉറപ്പു തന്നിട്ടുണ്ട്. ഇതിന്റെ പേരിൽ ഗവൺമെന്റിന് നഷ്ടം ഉണ്ടായിട്ടില്ല. ഇതിന്റെ പേരിൽ ഒരു രൂപയുടെ ആനുകൂല്യംപോലും ഈ തട്ടിപ്പുകാർക്ക് ചെയ്തുകൊടുത്തിട്ടില്ല. ഈ തട്ടിപ്പിനെതിരെ, ഈ ഗവൺമെന്റ് എടുത്തിട്ടുള്ള നിയമപരമായ നടപടികളിൽ എന്തെങ്കിലും ഒരു ചെറിയ വീഴ്ച വന്നിട്ടുണ്ടെങ്കിൽ നിങ്ങൾ ചൂണ്ടിക്കാണിച്ചാൽ ഞങ്ങൾ എന്തു പ്രായശ്ചിത്തം ചെയ്യാനും തയ്യാറാണ്. ..........(ബഹളം)........... ശ്രീ. സുനിൽകുമാർ അങ്ങനെ ഒച്ച വെച്ച് സംസാരിച്ചതുകൊണ്ട് സത്യം സത്യമല്ലാതാകുകയില്ല. അദ്ദേഹത്തിന്റെ കയ്യിൽ കിട്ടിയ നമ്പരുകൾ അദ്ദേഹം നശിപ്പിച്ചു എന്നുപറഞ്ഞു. പോലീസ് അന്വേഷിച്ച് കണ്ടെത്തിയ ഒരു നമ്പരും ഒരു രേഖയും ഇല്ലാതായിട്ടില്ല, എല്ലാം ഉണ്ട്. ....(ബഹളം)......... ശ്രീ. കോടിയേരി

ബലകൃഷ്ണൻ ഞങ്ങൾ കീഴ് കോടതി വിധിക്കെതിരെ ഒരു സ്റ്റേ വാങ്ങിച്ചത് വലിയ കുറ്റമായിട്ട് അങ്ങ് പറഞ്ഞു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ആരൊക്കെയാണ് ഇന്ന് സ്റ്റേയിൽ നിൽക്കുന്നതെന്ന് കേരളത്തിൽ എല്ലാപേർക്കും അറിയാം. അതൊന്നും ഞങ്ങളെക്കൊണ്ട് പറയിപ്പിക്കരുത്. ഞങ്ങൾ ഒരിക്കലും രാഷ്ട്രീയ പകപോക്കലിനുവേണ്ടി ഗവൺമെന്റിനെ ഉപയോഗിച്ചിട്ടില്ല, ഉപയോഗിക്കുകയുമില്ല. നിങ്ങൾ ആക്ഷേപങ്ങൾ പറയുമ്പോൾ അതു തിരിഞ്ഞുകൊള്ളും എന്ന കാര്യം നിങ്ങൾ മറക്കരുത്. ആക്ഷേപങ്ങളും ആരോപണങ്ങളും രാഷ്ട്രീയ ആയുധമാക്കുന്ന ഇടതുപക്ഷത്തിന്റെ നിലപാട് നിശ്ചയമായും കേരളത്തിലെ ജനങ്ങൾ പുച്ഛിച്ച് തള്ളും എന്ന് എനിക്കുറപ്പുണ്ട്. ............(ബഹളം)............

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു. ..........(ബഹളം)....

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>) : സർ, ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്നതും സഭാനടപടികളിൽ പങ്കെടുക്കുന്നതും ഞങ്ങളെ തെരഞ്ഞെടുത്ത ജനങ്ങളോടുള്ള കടപ്പാടുകൊണ്ടാണ്. ഇതുപോലെ നാണംകെട്ട മുഖ്യമന്ത്രിക്കെതിരെയുള്ള സീറ്റിൽ പ്രതിപക്ഷ നേതാവായി ഇരിക്കേണ്ടിവന്നതിൽ ഞാൻ ലജ്ജിക്കുന്നു. ജനങ്ങളോടുള്ള ഉത്തരവാദിത്തം നിറവേറ്റുന്നതിനുവേണ്ടി പ്രതിപക്ഷം ഗതികേടുകൊണ്ടാണ് ഇവിടെ ഇരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ രണ്ടുമാസത്തെ സ്റ്റേയിൽ തൂങ്ങുന്ന ഒരു മുഖ്യമന്ത്രിയാണ് നമുക്കുള്ളത്. മുഖ്യമന്ത്രി മാത്രമാണോ? ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. കെ. ബാബുവും ഒരേ അവസ്ഥയിലല്ലേ എത്തിച്ചേർന്നിരിക്കുന്നത്.... (ബഹളം..)

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഭരണപക്ഷം ബഹളമുണ്ടാക്കി തടസ്സപ്പെടുത്തുകയാണെങ്കിൽ അതുകഴിഞ്ഞിട്ട് സംസാരിക്കാം.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : ബഹുമാനപ്പെട്ട സ്പീക്കർ, എന്റെ പ്രസംഗം തടസ്സപ്പെടുത്താൻ അങ്ങ് അനുമതി നൽകിയിരിക്കുകയാണോ? ഞാൻ എന്ത് ചെയ്യണമെന്ന് അങ്ങ് പറഞ്ഞാൽ മതി.

<u>മി. സ്പീക്കർ</u>: എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സീറ്റിലിരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ സംസാരിക്കാൻ അനുവദിക്കണം.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗം ബഹളം കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കേൾക്കാൻ കഴിയുന്നില്ല, പ്രസംഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കേൽക്കുന്നതിനുള്ള സൗകര്യമൊരുക്കണം.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: മുടന്തൻ താറാവിനെപ്പോലെ ഇഴഞ്ഞുനീങ്ങുന്ന ഈ സർക്കാരിനെപ്പറ്റി എന്താണ് പറയേണ്ടതെന്ന് എനിക്ക് അറിയില്ല. എന്തിനാണ് ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും സർക്കാർ ആണെന്നുപറഞ്ഞ് ഞെളിഞ്ഞിരിക്കുന്നത്. ഇത്രത്തോളം അപമാനിക്കപ്പെട്ട ഒരു കാലഘട്ടം കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? എന്തെല്ലാം വൃത്തികേടുകളാണ് ഈ സർക്കാരിനെപ്പറ്റി മാദ്ധ്യമങ്ങളിൽ വന്നു കൊണ്ടിരിക്കുന്നത്. എത്ര ഭീകരമായ ശാസനകളാണ് കോടതികളിൽനിന്നും ഈ സർക്കാരിന്റെ ദുഷ്ചെയ്തികൾക്കെതിരെ ദിവസേന വന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയും ഈ മന്ത്രിസഭയിലെ സീനിയർ മന്ത്രിയായ ശ്രീ.ആര്യാടൻ മുഹമ്മദുൾപ്പെടെയുള്ള ഭരണപക്ഷ നേതാക്കന്മാർക്കെതിരെയും വന്നുകൊണ്ടിരിക്കുന്നത്. ആക്ഷേപങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. അത് ഈ സാക്ഷര സുന്ദര കേരളത്തിനും സർക്കാരിനും ഭൂഷണമാണോ എന്ന് ആലോചിച്ചാൽ മതി. ഈ സർക്കാരിന്റെ തുടക്കംമുതൽ ഉയരുന്ന ആരോപണങ്ങളും അഴിമതിക്കഥകളുമല്ലേ സർക്കാരിന്റെ അഞ്ചുകൊല്ലത്തെ നേട്ടം. ഏതാണ്ട് എല്ലാ മന്ത്രിമാരും ഒന്നിനൊന്ന് മികച്ച അഴിമതികളിലല്ലേ കുടുങ്ങിയിരിക്കുന്നത്. അപ്പുറത്തിരിക്കുന്ന മന്ത്രിമാരിൽ മഷിയിട്ട് നോക്കിയാൽപ്പോലും ആരോപണ വിധേയനാകാത്ത ഒരു മന്ത്രിയെ കണ്ടുപിടിക്കാൻ വലിയ പ്രയാസമാണ്. ചിലപ്പോൾ ശ്രീമതി പി. കെ. ജയലക്ഷ്മിയെ എങ്ങാനും കിട്ടിയെന്നുവരാം.

ബാർ കോഴ നിറഞ്ഞാടാൻ തുടങ്ങിയിട്ട് എത്ര നാളായി? ബാർ കോഴയിൽ തെന്നി പാവം കെ. എം. മാണി ഒരു വഴിക്കായി. ശ്രീ. കെ. എം. മാണിക്ക് പിന്നാലെ ശ്രീ. കെ. ബാബുവും രാജിവച്ച് പുറത്തുപോയതാണ്. പക്ഷേ ശ്രീ. ഉമ്മൻ ചാണ്ടിയുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരനായതുകൊണ്ട് ശ്രീ. കെ. ബാബുവിന് മന്ത്രിസഭയിൽ തിരിച്ചുവരാൻ കഴിഞ്ഞു. എന്നാലും ശ്രീ. കെ. ബാബുവിന്റെ സ്ഥിതി സ്വസ്ഥമല്ല, വെന്റിലേറ്ററിലായിരുന്ന ശ്രീ. കെ. ബാബുവിനെ തൽക്കാലം ഇന്റൻസീവ് കെയർ യൂണിറ്റിലേയ്ക്ക് മാറ്റിയെന്നുമാത്രം. ഈ കാര്യത്തിൽ കൂടെനിന്ന ഉമ്മൻ ചാണ്ടിയും കൂട്ടരും കുതികാൽ വെട്ടുകയായിരുന്നുവെന്നാണല്ലോ അടുത്ത ദിവസം ശ്രീ. കെ. എം. മാണി മൊഴിഞ്ഞത്. കാര്യങ്ങൾ പലതും ഇനിയും പുറത്തുവരുമ്പോൾ മാണിയുടെ മൊഴികൾ ഇനിയും ഉണ്ടായിക്കൂടെന്നില്ല.

ബാർ കോഴയിൽ കൈകാലിട്ടടിക്കുന്നതിനിടയിലാണല്ലോ സോളാർ കുംഭകോണം ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ കത്തിപ്പടരുന്നത്. സോളാർ കേസിൽ ഇതിനകം വന്നിട്ടുള്ള വെളിപ്പെടുത്തലുകളിൽ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ.

ആര്യാടൻ മുഹമ്മദും മറ്റു ചില മന്ത്രിമാരും കോൺഗ്രസ്സിന്റെ അപ്പുറത്തിരിക്കുന്ന ചില വീരശൂരപരാക്രമികളായ വിദ്വാൻമാരും ഉണ്ടല്ലോ, അവരുടെയൊക്കെ വീരശൂര പരാക്രമം പറഞ്ഞ് അവരെയൊക്കെ ഇനിയും മഹാൻമാരാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. സോളാർ കേസിലെ പ്രതി ശ്രീ. ഉമ്മൻ ചാണ്ടിക്ക് അനുകൂലമായ മൊഴി നൽകാൻവേണ്ടി അവരെ ഒരു പ്രമുഖ കോൺഗ്രസ് നേതാവ് ഫോണിലൂടെ സ്വാധീനിച്ചതിന്റെ ശബ്ദരേഖ പുറത്തുവന്നിട്ടുണ്ട്. മറ്റൊരു ശബ്ദരേഖ വേറൊരു കോൺഗ്രസ് നേതാവുമായുള്ളതാണ്. ആ നേതാവാകട്ടെ, നമ്മുടെ ഈ സഭയിലെ ഒരു ബഹുമാന്യ അംഗമാണ്. അദ്ദേഹം സഭയിൽ ശ്രീ. ഉമ്മൻ ചാണ്ടിക്കുവേണ്ടി ഘോരഘോരം പ്രസംഗിക്കുന്ന ആളുമാണ്. പക്ഷേ ആ സോളാർ കേസിലെ പ്രതിയായ വനിതയുമായി സംസാരിക്കുമ്പോൾ അവരുടെ ചോദ്യങ്ങളോട് അദ്ദേഹം പ്രതികരിക്കുന്ന രീതി നമ്മളൊക്കെ കണ്ടതല്ലേ. എത്ര പതുങ്ങിപ്പതുങ്ങി അടഞ്ഞ ശബ്ദത്തിൽ വിനീതവിധേയനായല്ലേ അവരുടെ ചോദ്യങ്ങളെ നേരിട്ടത്. സിംഹത്തിന്റെ ജാഡയും സടയുമൊക്കെ കൊഴിഞ്ഞ് ഒരു പൂച്ചയെപ്പോലെ സരിതയുടെ മുന്നിൽനിന്ന് പരുങ്ങുന്നത് നമ്മൾ കണ്ടതല്ലേ. എന്ത് നാണക്കേടാണിത്? ഈ പുകിലുകളൊക്കെ ഉണ്ടായപ്പോൾ ശ്രീ. കെ. എം. മാണി മുതൽ ശ്രീ കെ. ബാബു, ശ്രീ ഉമ്മൻ ചാണ്ടി വരെയുള്ളവർ പറഞ്ഞത് എല്ലാ ആരോപണങ്ങൾക്ക് പിന്നിലും ഗൂഢലോചനയാണെന്നാണ്. പണ്ടൊക്കെ നാട്ടിൻപുറങ്ങളിൽ ചില ആളുകൾ ഈയം പൂശാനുണ്ടോ ഈയം പൂശാനുണ്ടോയെന്ന് ചോദിച്ചുകൊണ്ട് നമ്മുടെയൊക്കെ ഭവനങ്ങളിൽ വരാറുണ്ടായിരുന്നു. ഏതാണ്ട് ഇതുപോലെയാണ് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയും ഗൂഢലോചനയുണ്ടോ ഗൂഢാലോചയുണ്ടോയെന്നുപറഞ്ഞ് ഏത് ഗൂഢോലചനയും ഏറ്റെടുക്കുമെന്നമട്ടിലാണ് നടക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി നാണമെന്ന വാക്കിന്റെ അർത്ഥം ശബ്ദതാരാവലിയിലെങ്കിലും ഒന്ന് നോക്കണമായിരുന്നു. അങ്ങനെ നോക്കിയിരുന്നെങ്കിൽ താങ്കൾ എന്നേ രാജി വച്ച് പുറത്ത് പോകുമായിരുന്നേനെ. കാരണം, നാട്ടിലെ ജനങ്ങളെ മുഴുവൻ പോഴൻമാരാക്കിക്കൊണ്ടല്ലേ ഇപ്പോഴും മുഖ്യമന്ത്രിയായി തുടരുന്നത്. ഇങ്ങനെ നുണകൾ മാത്രം പറയുകയും നുണകളിൽ ഉണ്ണുകയും നുണകളിൽ ഉറങ്ങുകയും ചെയ്യുന്ന ഒരു മുഖ്യമന്ത്രി ലോകത്തിൽ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? ഏതായാലും നുണകൾ പറയുന്ന കാര്യത്തിൽ നമ്മുടെ മുഖ്യമന്ത്രി എന്നേ ലിംകാ ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. ഇനി ആരുവിചാരിച്ചാലും ഈ കാര്യത്തിൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ റെക്കോർഡ് തകർക്കാൻ പറ്റില്ല.

14 മണിക്കൂർ സോളാർ കമ്മീഷനു മുമ്പിൽ ചോദ്യം ചെയ്യലിന് ഇരുന്നുകൊടുത്തത് ഒരു വലിയ കാര്യമെന്നാണ് മുഖ്യമന്ത്രി ഇപ്പോഴും പറയുന്നത്. അഴിമതിക്കേസിൽ ചോദ്യം ചെയ്യപ്പെടുന്നത് എങ്ങനെയാണ് വലിയ കാര്യമാകുന്നത്? അത് മാത്രമാണോ, പതിനാല് മണിക്കൂറും തുടർച്ചയായി

കള്ളങ്ങൾ മാത്രം പറയുന്നതിൽ ഒരു സങ്കോചവും കാട്ടാതിരുന്നയാളും ഈ മുഖ്യമന്ത്രിയല്ലേ. സോളാർ കേസ് ആരംഭിച്ച സമയത്ത് തുടങ്ങിയ നുണയല്ലേ ഇപ്പോഴും തുടരുന്നത്. ആദ്യം സരിതയെ അറിയുകയോ കാണുകയോ ചെയ്തിട്ടില്ലെന്ന് പറയുകയും കമ്മീഷനുമുമ്പിൽ മൂന്നു പ്രാവശ്യം കണ്ടു, കാണാം എന്നാണ് നമ്മുടെ **** മുഖ്യമന്ത്രി പറഞ്ഞത്. പിറ്റേന്ന് സരിത കൊടുത്ത മൊഴിയിലും രേഖയിലും എല്ലാം .... (ബഹളം..)

ശ്രീ. കെ. ശിവദാസൻ നായർ : സർ, ആ വാക്ക് സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യണം. ഒരു മുഖ്യമന്ത്രിയെപ്പറ്റി എന്തും പറയാമെന്നാണോ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ ആ വാക്ക് സഭയുടെ രേഖകളിൽ നിന്നും നീക്കം ചെയ്യുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നീക്കം ചെയ്യുന്നത് അവസാനം പറഞ്ഞാൽ മതി.

മി. സ്പീക്കർ : ആ വാക്ക് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കരുത്.

ശ്രീ . വി. എസ്. അച്യുതാനന്ദൻ : നുണയെ പച്ചക്കള്ളമെന്നോ നുണയെന്നോ അല്ലാതെ എങ്ങനെയാണ് വിശേഷിപ്പിക്കേണ്ടത്? അവസാനം എന്താണ് ഉണ്ടായത്. സരിതയെ കാണുകയും അറിയുകയും മാത്രമല്ല, സരിതയെ ശരിക്കും അറിഞ്ഞ ആളാണ് നമ്മുടെ മുഖ്യമന്ത്രി എന്നാണ് പുറത്തുവന്നിരിക്കുന്ന വാർത്ത. ക്ലിഫ് ഹൗസിന്റെ അടുക്കളയിൽവരെ കയറിച്ചെല്ലാൻ തനിക്ക് അനുവാദം ഉണ്ടായിരുന്നുവെന്നാണ് സരിത പറയുന്നത്. ക്ലിഫ് ഹൗസിലേയ്ക്ക് കടക്കാൻ സരിതയ്ക്ക് പാസ്സിന്റെ ആവശ്യമില്ലായിരുന്നു. 2012 ആഗസ്റ്റിൽ ക്ലിഫ് ഹൗസിൽ നടത്തിയ പ്രാർത്ഥനായോഗത്തിൽ പങ്കെടുത്ത ചുരുക്കം ആളുകളിൽ ഒരാളായിരുന്നു സരിത. മുഖ്യമന്ത്രിയുടെ സഹധർമ്മിണിയെ ശുശ്രൂഷിക്കാനും സരിത തയ്യാറായിരുന്നു. സരിത പറയുന്നതനുസരിച്ച് ശ്രീ. ഉമ്മൻ ചാണ്ടിയുടെ കുടുംബവുമൊത്ത് ..... (ബഹളം).....

ശ്രീ. എ. കെ. ബാലൻ: പ്രതിപക്ഷ നേതാവിനെ സംസാരിക്കാൻ അനുവദിക്കണം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: എനിക്ക് സംസാരിക്കണ്ടേ? ഇതെല്ലാം സരിത പറഞ്ഞ കാര്യങ്ങളാണ്. അത് ഒന്നുകൂടി ആവർത്തിച്ചെന്നേയുള്ളൂ.

ശ്രീ. എം. എ. വാഹീദ്: മുഖ്യമന്ത്രിയേയും അദ്ദേഹത്തിന്റെ കുടുംബത്തേയുകുറിച്ച് മാന്യമായി സംസാരിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: മുഖ്യമന്ത്രിയെപ്പറ്റി മര്യാദയോടുകൂടി സംസാരിക്കണം. ..........(ബഹളം..)

---

* രേഖയിൽ നിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ : ദയവായി എല്ലാ അംഗങ്ങളും സീറ്റിലിരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ സംസാരിക്കാൻ അനുവദിക്കണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ഇതെല്ലാം സോളാർ കമ്മീഷന്റെ മുമ്പിൽ കൊടുത്ത മൊഴികളാണ്. സരിത പറയുന്നതനുസരിച്ച് ശ്രീ. ഉമ്മൻ ചാണ്ടിയുടെ കുടുംബവുമൊത്ത് തിരുവനന്തപുരത്ത് ക്ലിഫ് ഹൗസിൽ വച്ച് .....(ബഹളം...)

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് സംസാരിച്ചുകഴിഞ്ഞു. പ്ലീസ്......ദയവായി എല്ലാ അംഗങ്ങളും അവരവരുടെ സീറ്റുകളിൽ ഇരിക്കണം. സഭാനടപടികൾ അൽപനേരത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽവന്ന് മുദ്രാവക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ 11.03-ന് ബഹുമാനപ്പെട്ട സ്പീക്കർ സഭാനടപടികൾ നിർത്തിവച്ചു.)

11.00 AM]

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 11.03-ന് നിർത്തിവച്ച സഭ 11.50-ന് പുനരാരംഭിച്ചു)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ....... അപ്രതീക്ഷിതമായുണ്ടായ സംഭവവികാസങ്ങളെത്തുടർന്ന് സഭ അൽപ്പസമയം നിർത്തിവച്ചിരുന്നു. ഞാൻ രണ്ട് ഭാഗത്തെയും നേതാക്കന്മാരുമായി സംസാരിച്ചെങ്കിലും യോജിച്ച ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ആവശ്യപ്പെട്ടത് അടിയന്തരപ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ്. പക്ഷേ, അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിന്റെ അടിസ്ഥാനത്തിലാണ് വാക്കൗട്ടിന് മുമ്പുള്ള പ്രസംഗം ആരംഭിച്ചത്. ഈ സാഹചര്യത്തിൽ ക്ലോസ് ചെയ്ത ഒരു വിഷയം റീ ഓപ്പൺ ചെയ്ത് വീണ്ടും ചർച്ചയിലേയ്ക്ക് പോകുന്നത് ശരിയല്ല. സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണമെന്നാണ് അംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. ...(ബഹളം)....

ശ്രീ. സി. ദിവാകരൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗം പൂർത്തിയാക്കിയിട്ടില്ല, പൂർത്തിയാക്കാൻ അനുവദിച്ചില്ല. പ്രസ്തുത സാഹചര്യത്തിലാണ് ഞങ്ങൾക്ക് ഇടപെടേണ്ടി വന്നത്. അദ്ദേഹത്തിന്റെ പ്രസംഗത്തിലൂടെ എന്താണോ അദ്ദേഹം പറയാൻ ഉദ്ദേശിച്ചത് അത് പറയാൻ അദ്ദേഹത്തെ അനുവദിക്കണം. .....(ബഹളം).........

<u>മി. സ്പീക്കർ:</u> ഇരുവിഭാഗക്കാരും ഇത്തരത്തിൽ ബഹളത്തിലേയ്ക്ക് പോകരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ച് ഇരുന്നുകഴിഞ്ഞു. ഇനി ശ്രീ. സി. ദിവാകരന് വാക്കൗട്ട് പ്രസംഗം നടത്താം. ......... (ബഹളം).........

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u>: ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് ശരിയല്ല. ഇനിയും ഒന്നര പേജോളം എനിക്ക് പ്രസംഗിക്കാനുണ്ട്. അതേസമയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാകട്ടെ അവസാനത്തെ വാചകം വരെ പറഞ്ഞുതീർത്തു. പ്രതിപക്ഷ നേതാവിനെയാകട്ടെ അവസാന വാചകം പറഞ്ഞുതീർക്കാൻ സമ്മതിച്ചതുമില്ല. അതാണ് സ്ഥിതി. അതിനുമുമ്പേ ബഹളം തുടങ്ങുകയാണുണ്ടായത്. ഇന്നയിന്ന വാക്കുകൾ വേണമെന്നാണ് അപ്പുറത്തിരിക്കുന്ന മാന്യന്മാർ പറഞ്ഞത്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങ് സീറ്റിലിരുന്നതിന് ശേഷമാണ്,...... (ബഹളം)..........അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. വാക്കൗട്ട് പ്രസംഗവും തുടങ്ങിക്കഴിഞ്ഞു. ഇനി അത് റീ-ഓപ്പൺ ചെയ്യാൻ സാധിക്കില്ല. ...(ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽനിന്നും എഴുന്നേറ്റ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു മുന്നിൽവന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോകണം. ദയവായി അവരവരുടെ സീറ്റുകളിൽ ഇരിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങ് പത്ത് മിനിട്ട് സംസാരിച്ചു. അങ്ങയെ വീണ്ടും സംസാരിക്കാൻ ക്ഷണിക്കുകയാണ്. വളരെ ചുരുങ്ങിയ സമയമെടുത്ത് അങ്ങ് സംസാരിക്കണം.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u>: ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞ കള്ളങ്ങളുടെ പട്ടിക ഇനിയും തീരുന്നില്ല. ഇങ്ങനെ കള്ളങ്ങളിലും അധാർമികതയിലും നിയമവിരുദ്ധനടപടികളിലും മുഴുകിയ ഒരു മുഖ്യമന്ത്രിയും സഹപ്രവർത്തകന്മാരും നമുക്ക് വേണോ? ഇതൊക്കെ മാധ്യമങ്ങളെടുത്ത് അലക്കുമ്പോഴും ഒരു ഉളുപ്പുമില്ലാതെ ശ്രീ. ഉമ്മൻചാണ്ടി പറയുന്നത് തനിക്ക് ഏറ്റവും വലുത് മന:സാക്ഷിയാണെന്നാണ്. ഇത് എന്ത് മന:സാക്ഷിയാണ് സർ? ഐ.എസ്.ഒ. മന:സാക്ഷി വല്ലതുമാണോ സർ? ഏതായാലും വല്ലാത്ത മന:സാക്ഷി തന്നെ. കോഴിയെ കട്ടത് എന്തിനാണെന്ന് ചോദിക്കുമ്പോൾ അത് പൊരിച്ചുതിന്നാനായിരുന്നുവെന്നുപറയുന്ന കള്ളന്റെ മന:സാക്ഷിയല്ലേ നമ്മുടെ മുഖ്യമന്ത്രിയുടേത്. ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ന് ഇവിടെ അവതരിപ്പിക്കപ്പെട്ട അടിയന്തരപ്രമേയം ചർച്ച ചെയ്താൽ വൃത്തികേടുകളുടെ ഭീകരത മുഴുവനും വെളിച്ചത്തുവരും. അതുകൊണ്ട് അത് തടയാനാണല്ലോ നിങ്ങൾ അടിയന്തരപ്രമേയത്തിന് അവതരാണാനുമതി നിഷേധിച്ചത്. അടിയന്തരപ്രമേയം ചർച്ച ചെയ്തേ മതിയാകൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചതിനുശേഷമാണ് അങ്ങ് വാക്കൗട്ട് പ്രസംഗം നടത്തിയത്. ക്ലോസ് ചെയ്ത അടിയന്തരപ്രമേയം തിരിച്ചെടുക്കാൻ പറ്റില്ല. ......(ബഹളം).... ഇല്ല..... അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചുകഴിഞ്ഞു. ഇനി അതുസംബന്ധിച്ച് ചർച്ച ചെയ്യാൻ പറ്റില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. എ. കെ. ആന്റണി പറഞ്ഞ കാര്യമാണ് ഞങ്ങളിവിടെ ആവശ്യപ്പെടുന്നത്. സോളാർ വിഷയം നിയമസഭ ചർച്ച ചെയ്യണമെന്ന് ശ്രീ. എ.കെ. ആന്റണി ഇന്നലെ പറഞ്ഞതാണ്. പിന്നെ എന്തിനാണ് അതിൽനിന്നും ഭരണപക്ഷം ഒഴിഞ്ഞുമാറുന്നത്? ശ്രീ. എ. കെ. ആന്റണി പറഞ്ഞ കാര്യം നിങ്ങൾക്ക് കേട്ടുകൂടേ? സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, അങ്ങ് പ്രസംഗം നടത്തുന്നുണ്ടോ? .... (ബഹളം)......

(അടിയന്തരപ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്ന് മുദ്രാവാക്യം മുഴക്കി ബഹളം വച്ചുകൊണ്ടിരുന്നു. )

മി. സ്പീക്കർ: സഭ നടത്തിക്കൊണ്ടുപോകേണ്ടത് ആവശ്യമാണ്. അതിന് അംഗങ്ങൾ ദയവായി സഹകരിക്കണം. . . . . (ബഹളം). . . . .ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിലേയ്ക്ക് പോകണം. ദയവായി സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും ക്യാൻസൽ ചെയ്യുന്നു. ബഹുമാനപ്പെട്ട മന്ത്രിമാർ ശ്രദ്ധ ക്ഷണിക്കലിന്റെയും സബമിഷന്റെയും മറുപടി അംഗങ്ങൾക്ക് കൊടുക്കേണ്ടതാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം നടുത്തളത്തിലിരുന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേക്ക് കടക്കുകയും ചെയ്തു. )

## IV ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീമതി കെ. കെ. ലതിക എന്നിവരെ XIII-ാം കേരള നിയമസഭയുടെ XVI-ാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ലിസ്റ്റ് I പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

2016-ലെ കേരള സ്റ്റാമ്പ് (ഭേദഗതി) ഓർഡിനൻസ് (2016-ലെ 1-ാം നമ്പർ ഓർഡിനൻസ്).

2.റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

2016-ലെ കേരള ഭൂനികുതി (ഭേദഗതി) ഓർഡിനൻസ് (2016-ലെ 2-ാം നമ്പർ ഓർഡിനൻസ്).

3. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

1. 2016- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (2016-ലെ 3-ാം നമ്പർ ഓർഡിനൻസ്).
2. 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ഓർഡിനൻസ് (2016-ലെ 5-ാം നമ്പർ ഓർഡിനൻസ്).

ചട്ടം 47 (2) പ്രകാരം

1. സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 4680-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3360, 3362, 3377, 3396, പതിനഞ്ചാം സമ്മേളനത്തിലെ 587 എന്നീ നമ്പരുകളിലുള്ള

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

3. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3401, 3412, 5936 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

ചട്ടം 236(5) പ്രകാരം

1. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V-മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2014-15 | 4 | 127 |

2. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV-വ്യവസായവും ധാതുക്കളും | 2011-12 | 1 | 71 |
| V-മരാമത്തും ഗതാതവും വാർത്താവിനിമയവും | 2014-15 | 4 | 110, 117, 118, 128 |

3. സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV-വ്യവസായവും ധാതുക്കളും | 2014-15 | 4 | 10-19 |

4. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴിഅലി):സർ, താഴെപ്പറയുന്ന കടലാസുകൾ വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV-വ്യവസായവും ധാതുക്കളും | 2014-15 | 4 | 1, 2, 4, 5, 6, 7, 8, 9, 20, 25, 26, 35, 36, 37 |

5. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2014-15 | 4 | 11, 18 |

6. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, താഴെപ്പറയുന്ന കടലാസുകൾ തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2014-15 | 4 | 68, 69 |

7. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| വിഷയനിർണ്ണയ സമിതി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V-മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2014-15 | 4 | 111 |

## VI റിപ്പോർട്ട് സമർപ്പണം

### കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതി അംഗമായ ഞാൻ സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## VII റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

## VIII ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. കെ. മുരളീധരൻ: സർ, " 2016 ഫെബ്രുവരി മാസം 5-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നന്ദി പ്രമേയത്തിന് ഭേദഗതി നൽകിയിട്ടുള്ള അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

(നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കാൻ നോട്ടീസ് നൽകിയിരുന്ന അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ, അങ്ങ് പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞു. ഈ സാഹചര്യത്തിൽ അങ്ങ് പ്രസംഗിക്കുന്നത് ശരിയല്ല. അതുകൊണ്ട് പ്രസംഗമെല്ലാം ഒഴിവാക്കുന്നു. അങ്ങേക്ക് നാളെ നന്ദിപ്രമേയത്തിന്മേലുള്ള പ്രസംഗം നടത്താവുന്നതാണ്. ഒരു കാര്യംകൂടി ചെയർ ശ്രദ്ധയിൽപ്പെടുത്തുന്നു, കാര്യോപദേശക സമിതി ചർച്ച ചെയ്തതനുസരിച്ച് ഗവർണ്ണറുടെ നന്ദിപ്രമേയത്തിനുള്ള ചർച്ച മൂന്നുദിവസം എന്നാണ് തീരുമാനിച്ചിരുന്നത്. ഇന്നത്തെ ചർച്ച നഷ്ടപ്പെടുകയാണ്. അതുകൊണ്ട് ആ ചർച്ച രണ്ടുദിവസം ഉണ്ടായിരിക്കും. നാളെയും മറ്റെന്നാളുമായുള്ള ദിവസങ്ങളിൽ ആ ചർച്ച നടത്തുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ...., സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 12.10-ന് പിരിഞ്ഞു.)

*******

## അനുബന്ധം

## 8-2-2016-ലെ ചോദ്യോത്തരങ്ങൾ

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തുറമുഖങ്ങളിലെ മണലെടുപ്പ്

1 (*1) ശ്രീമതി ഗീതാ ഗോപി:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങൾ കേന്ദ്രീകരിച്ച് മണലെടുപ്പ് നടത്താറുണ്ടോ; ഇത്തരം മണൽ വാരൽ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത മണലെടുപ്പുമായി ബന്ധപ്പെട്ട് ടെണ്ടർ വിളിക്കാറുണ്ടോ; എങ്കിൽ അവസാനമായി ടെണ്ടർ വിളിച്ചതെന്നാണ്;

(സി) പ്രസ്തുത രംഗത്ത് എത്ര സൊസൈറ്റികളെ ലിസ്റ്റ് ചെയ്തിട്ടുണ്ട്; ഇത്തരം സൊസൈറ്റികളെ ലിസ്റ്റിൽപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ലിസ്റ്റ് കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ഡി) തുറമുഖങ്ങളിലെ മണലെടുപ്പുമായി ബന്ധപ്പെട്ട് വൻ അഴിമതികൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത്തരം അഴിമതികൾ അവസാനിപ്പിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) തുറമുഖങ്ങൾ കേന്ദ്രീകരിച്ച് മണലെടുപ്പ് നടത്താറില്ല. എന്നാൽ ജലയാനങ്ങളുടെ സുഗമമായ യാത്രയ്ക്കും അപകടങ്ങൾ ഒഴിവാക്കുന്നതിനുംവേണ്ടി തുറമുഖ ചാനൽ, ബേസിൻ എന്നിവയുടെ ആഴം എല്ലായ്പ്പോഴും ഒരേ അളവിൽ

നിലനിർത്തേണ്ടതുണ്ട്. വിവിധ അവസാദങ്ങൾ (Sediments) അടിഞ്ഞുകൂടുന്നത് വഴി അവയുടെ ആഴം കുറയുകയും ഇത് ജലയാനങ്ങളുടെ അപകടങ്ങൾക്ക് കാരണമാകുകയും ചെയ്യും. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പ്രക്രിയയാണ് ഡ്രഡ്ജിംഗ്. ഡ്രഡ്ജിംഗ് പ്രധാനമായും മെക്കാനിക്കൽ ഡ്രഡ്ജിംഗ്, മാന്വൽ ഡ്രഡ്ജിംഗ് എന്നിങ്ങനെ രണ്ടുവിധത്തിലുള്ളവ തുറമുഖ വകുപ്പ് നടത്തിവരുന്നു. മണൽവാരൽ തുറമുഖ വകുപ്പിന്റെ പ്രവർത്തനോദ്ദേശ്യങ്ങളിൽ വരുന്ന വിഷയമല്ല. എങ്കിലും തുറമുഖങ്ങളുടെ ആഴം ഒരേ അളവിൽ നിലനിർത്തുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന മാന്വൽ ഡ്രഡ്ജിംഗിന്റെ ഫലമായി ലഭിക്കുന്ന പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നുണ്ട്. ഇതുവഴി സർക്കാരിന് വരുമാനവും നിരവധി പേർക്ക് തൊഴിലും ലഭിക്കുന്നുണ്ട്. 18-3-2010-ലെ ജി.ഒ.(എം.എസ്.) നമ്പർ 17/2010/മ.തു.വ. പ്രകാരം തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിലും ജീവജാലങ്ങളെ ബാധിക്കാത്ത തരത്തിലും തീരത്തിന് കേടുപാട് സംഭവിക്കാതെയും ചാനലിൽ മണ്ണ് അടിഞ്ഞുകൂടാതെയും മാന്വൽ ഡ്രഡ്ജ് ചെയ്യുവാൻ 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾക്കുമാത്രം ഡ്രഡ്ജിംഗ് നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ വിളിക്കാറുണ്ട്. അവസാനമായി ടെണ്ടർ വിളിച്ചത് 2015 ജനുവരിയിലാണ്.

(സി) തുറമുഖാടിസ്ഥാനത്തിൽ ടെണ്ടറിൽ നിന്നും തെരഞ്ഞെടുത്ത സൊസൈറ്റികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കൊടുങ്ങല്ലൂർ | - | 8 |
| പൊന്നാനി | - | 20 |
| ബേപ്പൂർ | - | 4 |
| വടകര | - | 1 |
| അഴീക്കൽ | - | 20 |
| കാസർഗോഡ് | - | 12 |

സൊസൈറ്റികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. സൊസൈറ്റിയുടെ മാനുവൽ ഡ്രഡ്ജിംഗിലുള്ള പരിചയം
2. മാനുവൽ ഡ്രഡ്ജിംഗ് മേഖലയിലെ തൊഴിലാളികളുടെ എണ്ണം
3. മാനുവൽ ഡ്രഡ്ജിംഗ് മേഖലയിലെ തൊഴിലാളികളുടെ ശതമാനം
4. സൊസൈറ്റിക്കുള്ള ഹാർബർ ക്രാഫ്റ്റുകൾ
5. ഡ്രഡ്ജ് ചെയ്ത പദാർത്ഥങ്ങൾ ഇടുന്നതിനുള്ള സ്ഥല സൗകര്യം
6. മുമ്പ് മാനുവൽ ഡ്രഡ്ജിംഗ് നടത്തിയ സൊസൈറ്റികൾ ഫൈൻ അടച്ചത് സംബന്ധിച്ച വിശദാംശങ്ങൾ
7. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള വിവരം.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെയാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ സൊസൈറ്റിയുടെ പ്രവൃത്തിപരിചയം ആവശ്യപ്പെടുന്ന നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെടുകയാണ് ചെയ്തത്.

(ഡി) മാനുവൽ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കാസർഗോഡ് തുറമുഖത്തെ 2013-ലെ മാനുവൽ ഡ്രഡ്ജിംഗ് ടെൻഡറുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. മാനുവൽ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കുറ്റമറ്റ രീതിയിൽ മണൽ ബുക്കിംഗ് നടത്തുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

2 (*2) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റുഡൻസ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സംസ്ഥാനത്ത് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 29-5-2010-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ121/2010/ ആഭ്യന്തരം പ്രകാരം, സർക്കാർ/സർക്കാർ എയ്ഡഡ്/അൺ എയ്ഡഡ് എന്നീ വിഭാഗങ്ങളിലായി 430 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതുതായി 100 സ്കൂളുകളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.
2. വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.
3. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുക.
4. സാമൂഹിക തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.
5. ആഭ്യന്തര സുരക്ഷ, കുറ്റകൃത്യനിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

6. എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെപോലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.

7. വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തിയെടുക്കുക.

8. സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്നു പ്രവർത്തി ക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.

9. സ്വഭാവശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.

10. സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥ മായി പ്രവർത്തിക്കുന്ന ഒരു യുവസമൂഹത്തെ സൃഷ്ടിക്കുക.

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. എസ്.പി.സി. പദ്ധതി ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി പോലീസ് ആസ്ഥാനത്തിന്റെ ചുമതലയുള്ള ഐ.ജി.യുടെയും എസ്.പി.സി. പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുടെയും പേരിൽ എസ്.ബി.റ്റി.യുടെ തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചു.

2. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പ്രോജക്റ്റിൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ/അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ ആയി പ്രവർത്തിച്ചുവരുന്ന അദ്ധ്യാപകരെ 5 വർഷത്തേക്ക് സ്ഥലം മാറ്റാൻ പാടില്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

3. എസ്.പി.സി. പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75% അറ്റൻഡൻസോടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി., ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചു.

4. എസ്.പി.സി. പദ്ധതിയിൽ സി.പി.ഒ./എ.സി.പി.ഒ.മാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 500 രൂപ നിരക്കിൽ ഓണറേറിയം നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചു.

5. എസ്.പി.സി. പദ്ധതിയിൽ സി.പി.ഒ./എ.സി.പി.ഒ.മാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടവിച്ചു.

6. തിരുവനന്തപുരം ചാല ഗവ. ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ എസ്.പി.സി അക്കാദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സൗകര്യം അനുവദിക്കുകയും 12-12-2014-ന് ഡയറക്ടറേറ്റിന്റെ ഉദ്ഘാടനകർമ്മം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിക്കുകയുമുണ്ടായി.

7. എസ്.പി.സി. പദ്ധതിയിൽ, ഡ്രിൽ ഇൻസ്ട്രക്ടർമാരായി സർവ്വീസിൽ നിന്ന് വിരമിച്ച 60 വയസ്സിനുതാഴെ പ്രായമുള്ള മികച്ച ശാരീരിക ക്ഷമതയുള്ളവരും താൽപ്പര്യമുള്ളവരുമായ പോലീസ് ഉദ്യോഗസ്ഥരെ, പ്രതിമാസം 3000 രൂപ (മൂവായിരം) നിരക്കിൽ, നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

8. പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.പി.സി. പദ്ധതി പ്രവർത്തനങ്ങൾക്കായി 2011-12 സാമ്പത്തിക വർഷം 59,80,000 രൂപയും 2012-13 സാമ്പത്തിക വർഷം 2,20,00,000 രൂപയും 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ആറ് കോടി രൂപ വീതവും 2015-16 സാമ്പത്തിക വർഷം പത്ത് കോടി രൂപയും അനുവദിച്ചു നൽകുകയുണ്ടായി.

9. സംസ്ഥാന വ്യാപകമായി പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള 10 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

10. 2011-12, 2014-15 സാമ്പത്തിക വർഷങ്ങളിൽ കേരള റോഡ് സേഫ്റ്റി അതോറിറ്റി സംസ്ഥാന വ്യാപകമായി ട്രാഫിക് നിയമ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഓരോ കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

11. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ആറാമത് വാർഷികാഘോഷം ഇന്ത്യാ ഫെസ്റ്റ് - എസ്.പി.സി. ഡേ സെലിബ്രേഷൻ 2016 തിരുവനന്തപുരം ജില്ലയിലെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് 27-1-2016-ാം തീയതി സമുചിതമായി ആഘോഷിക്കുകയുണ്ടായി. ബഹുമാനപ്പെട്ടകേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിങ് ഈ വർഷത്തെ എസ്.പി.സി. ദിനാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യുകയും സംസ്ഥാന മന്ത്രിമാർ, എം.പി., എം.എൽ.എ.മാർ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്ന വിശിഷ്ട വ്യക്തികൾ എന്നിവർ പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. കൂടാതെ ആറായിരത്തിൽപ്പരം കേഡറ്റുകൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരടങ്ങിയ വലിയ സദസ്സ് ഇതിന് സാക്ഷ്യം വഹിച്ചു. എല്ലാ പോലീസ് ജില്ലകളിൽ നിന്നും എസ്.പി.സി. കേഡറ്റുകൾ ഓരോ എക്സിബിഷൻ സ്റ്റാൾ വീതം തയ്യാറാക്കി പ്രദർശിപ്പിക്കുകയുമുണ്ടായി.

**സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ**

3 (*3) ശ്രീ. പി. തിലോത്തമൻ:

ശ്രീ. വി. എസ്. സുനിൽ കുമാർ:

ശ്രീ. കെ. രാജു:

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആൻറ് റെസ്ക്യൂ സർവ്വീസസ് വകുപ്പ്, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ കെട്ടിട ഉടമകൾക്കെതിരെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര ഉടമകൾക്ക് നോട്ടീസ് നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച ബഹുനില മന്ദിരങ്ങൾ, ഫ്ലാറ്റുകൾ, മാളുകൾ, തിയേറ്ററുകൾ തുടങ്ങിയവ കണ്ടെത്തിയിട്ടുണ്ടോ;

(സി) ബഹുനില മന്ദിരങ്ങളുടെ സുരക്ഷയ്ക്കുള്ള നാഷണൽ ബിൽഡിംഗ് കോഡ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ & ബി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന 1589 കെട്ടിടങ്ങളുടെ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ (fire protection requirements) നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണമെന്ന് കെ.എം.ബി.ആർ.-ലെ ചട്ടം 44, കെ.പി.ബി.ആർ.-ലെ ചട്ടം 49 എന്നിവയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിട ഉടമകൾക്ക്, അപാകത ചൂണ്ടിക്കാണിച്ച്, ആയത് പരിഹരിക്കുന്നതിനായി നോട്ടീസ് നൽകിവരുന്നു. ഒരു മാസത്തെ സമയപരിധിക്കുള്ളിൽ അപാകത പരിഹരിക്കപ്പെടാത്തപക്ഷം പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാരിയെ അറിയിച്ചുവരുന്നു.

**ക്ലബ്ബുകളുടെയും ഹോട്ടലുകളുടെയും ബാർ ലൈസൻസ്**

4 (*4) ശ്രീ. കെ. കെ. നാരായണൻ:
ശ്രീ. പി. കെ. ഗുരുദാസൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യലഭ്യത കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്വകാര്യ ക്ലബ്ബുകൾക്ക് അനുവദിച്ചിട്ടുള്ള ബാർ ലൈസൻസുകൾ ഘട്ടംഘട്ടമായി റദ്ദു ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ എത്ര ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നല്കിയിട്ടുണ്ട്;

(സി) പുതിയ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് നല്കുന്നതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ഡി) ടൂറിസം ഡെസ്റ്റിനേഷനുകളിലെ പുതിയ ഹോട്ടലുകൾക്ക് ബാർ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; സർക്കാരിനു ലഭിച്ച എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിശോധിച്ചുവരുന്നത്;

(ഇ) സർക്കാർ ലൈസൻസ് നല്കിയ ഹോട്ടലുകൾക്കും ക്ലബ്ബുകൾക്കും മദ്യവില്പനയ്ക്ക് പരിധി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും മദ്യഉല്പാദന കമ്പനികൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) നിലവിലെ അബ്കാരി നയത്തിൽ ക്ലബ്ബ് ലൈസൻസ് റദ്ദ് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ മദ്യനയത്തിന്റെ ഭാഗമായി ഇത്തരം കാര്യങ്ങൾ ഓരോ വർഷവും വിലയിരുത്താവുന്നതാണ്.

(ബി) 33 ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

(സി) വിദേശമദ്യ നിയമം ചട്ടം 13(3) പ്രകാരം പഞ്ചനക്ഷത്ര ഹോട്ടലുകളുടെ അർഹത പരിശോധിച്ച് ബാർ ലൈസൻസ് നൽകാവുന്നതാണ്. പ്രധാനമായും ഹോട്ടലിന് ഇന്ത്യാ ഗവൺമെന്റിന്റെ ടൂറിസം വകുപ്പ് നൽകുന്ന ഫൈവ് സ്റ്റാർ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. ടി ഹോട്ടൽ നോൺ ഒബ്ജക്ഷണബിൾ സൈറ്റിൽ ആയിരിക്കണം. ഹോട്ടലിന് ബാർ ലൈസൻസ് അനുവദിക്കുന്നതിന് ആക്ഷേപം ഇല്ലായെന്ന് ഹോട്ടൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ നിരാക്ഷേപ പത്രം വേണം. കൂടാതെ വിദേശ മദ്യനിയമം ചട്ടം 13 A-യിൽ നിഷ്കർഷിക്കുന്ന നിബന്ധനകളും പാലിച്ചിരിക്കണം.

(ഡി) ടൂറിസം ഡെസ്റ്റിനേഷനുകളിലെ പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നുണ്ട്.

(ഇ) നിലവിലെ നയം അനുസരിച്ച് മദ്യവിൽപ്പനയ്ക്ക് പരിധി നിശ്ചയിക്കുവാൻ വ്യവസ്ഥയില്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല. നിലവിലെ നയത്തിൽ മദ്യ ഉൽപ്പാദന കമ്പനികൾ പൂട്ടുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് അവയുടെ ഉൽപ്പാദന അളവ് വർദ്ധിപ്പിച്ച് നൽകിയിട്ടില്ല.

**എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പാക്കേജ്**

5 (*5) ശ്രീ. തോമസ് ചാണ്ടി:

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കായി മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരമുള്ള പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) സെക്രട്ടേറിയറ്റിനുമുന്നിൽ നിരാഹാര സമരം നടത്തുന്ന എൻഡോസൾഫാൻ ദുരിതബാധിതരായ 130 കുട്ടികളും അവരുടെ അമ്മമാരും ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് സർക്കാർ നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ പാലിച്ച് അടിയന്തരമായി നിരാഹാര സമരം തീർക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): (എ) പ്രഖ്യാപിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്കായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരമുള്ള പാക്കേജ് നടപ്പിലാക്കിവരുന്നു.

(ബി) എൻഡോസൾഫാൻ വിരുദ്ധ സംയുക്ത സമിതി, കാസർഗോഡ് എന്ന സംഘടന 29-12-2015 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ നൽകിയ സമര അറിയിപ്പ് പ്രകാരം സമരക്കാരുടെ ആവശ്യങ്ങൾ താഴെപ്പറയും പ്രകാരമാണ്:

- ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത സാമ്പത്തിക സഹായ വിതരണം പൂർണ്ണമായി നടന്നിട്ടില്ല.

  | | |
  |---|---|
  | നിലവിലെ ലിസ്റ്റിൽപ്പെട്ട ദുരിതബാധിതർ | -5837 |
  | ഭാഗികമായ സാമ്പത്തിക സഹായം ലഭിച്ചവർ | -2791 |
  | ലഭിക്കാനുള്ളവർ | -3046 |

- കടങ്ങൾ എഴുതിത്തള്ളാൻ തീരുമാനമെടുത്തിരുന്നു. ഒരാളുടേയും കടം തള്ളിയിട്ടില്ല.
- ആവശ്യമായ ചികിത്സ ലഭിക്കുന്നില്ല. സൗജന്യ മരുന്ന് വിതരണം 8 മാസമായി മുടങ്ങിക്കിടക്കുന്നു.
- പെൻഷൻ തുക 200 രൂപ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇത് മുഴുവൻ പേർക്കും ലഭിച്ചിട്ടില്ല. നിലവിൽ വിതരണം ചെയ്യുന്ന പെൻഷൻ ലഭിക്കാത്തവരും പട്ടികയിലുണ്ട്.
- ഗോഡൗണുകളിലെ എൻഡോസൾഫാൻ നീക്കം ചെയ്ത് നിർവീര്യമാക്കൽ ഇതുവരെ നടന്നിട്ടില്ല.

- നെഞ്ചംപറമ്പിലെ കിണറ്റിലിട്ട എൻഡോസൾഫാൻ പരിശോധിക്കുമെന്ന് ഉറപ്പിച്ചതാണ്. നടന്നിട്ടില്ല.
- വർഷത്തിലൊരിക്കൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാൻ തീരുമാനമെടുത്തെങ്കിലും നടത്തിയിട്ടില്ല.
- ബഡ്സ് സ്കൂളുകൾ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. നിരോധിക്കപ്പെട്ട ആസ്ബസ്റ്റോസ് ഷീറ്റിന്റെ അടിയിലാണ് പല സ്കൂളുകളും പ്രവർത്തിക്കുന്നത്.
- മരിച്ചവരുടെ കുടുംബങ്ങൾക്ക് പലർക്കും സഹായധനം ലഭിച്ചിട്ടില്ല. ഭാഗികമായ തുകയാണ് മരിച്ചവരുടെ ആശ്രിതർക്ക് കിട്ടിയത്.

(സി) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയെത്തുടർന്ന് സമരം അവസാനിപ്പിച്ചു.

**ദേശീയ ഗെയിംസ്**

6 (*6) ശ്രീ. ജോസഫ് വാഴയ്ക്കൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. വി. റ്റി. ബൽറാം:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ദേശീയ ഗെയിംസ് നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ബി) സ്പോർട്സ് രംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് ഇതുമൂലം കൈവരിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം അടിസ്ഥാന സൌകര്യങ്ങളാണ് സ്പോർട്സ് രംഗത്ത് ഇത് മൂലം ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) 35-ാമത് ദേശീയ ഗെയിംസ് 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ വേദികളിൽ വച്ച് നടക്കുകയുണ്ടായി. (ദേശീയ ഗെയിംസ് നടന്ന വേദികളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.)*

(ബി&സി) കേരളത്തിലെ കായിക പ്രേമികളും, സാധാരണക്കാരും ഒരേ മനസ്സോടെയാണ് ദേശീയ ഗെയിംസിന്റെ ഭാഗമായത്. മെഡൽ നിലയിൽ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 54 സ്വർണ്ണം ഉൾപ്പെടെ 162 മെഡലുകളോടെ കേരളം ഒന്നാമതെത്തിയത് കായികമേഖലയ്ക്ക് ഒരു നവോന്മേഷം പകർന്നിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ സജ്ജമാക്കുകയും ഉന്നതനിലവാരമുള്ള കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുതിലൂടെ ഭാവിയിൽ പരിശീലനം നടത്താനും ഇതര അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കുവാനും സംസ്ഥാനത്തെ കായികതാരങ്ങൾക്ക് അവസരമൊരുക്കി. 9 പുതിയ സ്റ്റേഡിയങ്ങളും 17 നവീകരിച്ച സ്റ്റേഡിയങ്ങളും 35 കോടി രൂപയുള്ള കായിക ഉപകരണങ്ങളും 35-ാം ദേശീയ ഗെയിംസിലൂടെ കേരളത്തിന്റെ കായികമേഖലയ്ക്ക് കൈമുതലായി ഭവിച്ചതിനാൽ അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച വിജയം നേടുന്നതിന് കേരള താരങ്ങളെ പ്രാപ്തരാക്കും എന്ന് ഉറപ്പാണ്. ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ഹോക്കി, വോളീബോൾ, സ്ക്വാഷ്, ഷൂട്ടിംഗ് തുടങ്ങിയ ഇനങ്ങളിലെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് ഈ സ്റ്റേഡിയങ്ങൾ വേദികളാകുന്നതിലൂടെ ഈ ഇനങ്ങളിൽ കേരളത്തിലെ കായികതാരങ്ങൾക്കും, പൊതുജനങ്ങൾക്കും പുതിയ ഉണർവ് കൈവരുന്നതാണ്.

ദേശീയ ഗെയിംസിനായി പുതുതായി നിർമ്മിച്ചതും നവീകരിച്ചതുമായ സ്റ്റേഡിയങ്ങളുടെ ലിസ്റ്റ് അനുബന്ധം -2* ആയി ചേർത്തിരിക്കുന്നു.

**സംസ്ഥാന വിജിലൻസ് സംവിധാനം**

7(*7) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :</u>
<u>ശ്രീ. ജി. സുധാകരൻ :</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി :</u>
<u>ശ്രീ. കെ. വി. വിജയദാസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിജിലൻസ് സംവിധാനത്തെ സംബന്ധിച്ച കേരള ഹൈക്കോടതിയുടെ വിമർശനം ഗൗരവതരമായി കണക്കിലെടുത്തിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഗുരുതരമായ ആരോപണങ്ങളിൽ ജാഗ്രതയോടെയുള്ള അന്വേഷണങ്ങൾ ആവശ്യമാണെന്ന് കോടതി നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മന്ത്രിമാരെക്കുറിച്ചുള്ള അഴിമതി ആരോപണങ്ങളിന്മേൽ വിജിലൻസ് അന്വേഷിച്ചാൽ ഒന്നും സംഭവിക്കില്ലെന്ന കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അഴിമതികേസുകളിൽ സത്യം പുറത്തു കൊണ്ടുവരുന്നതിൽ വിജിലൻസ് വിജിലന്റ് അല്ലെന്നും, കോഴ ഇടപാടുകൾ രഹസ്യമായതിനാൽ ജാഗ്രതയോടെയുള്ള അന്വേഷണമാണാവശ്യമെന്നും കോടതി ചൂണ്ടിക്കാട്ടിയിട്ടുള്ളതായി അറിയാമോ;

(ഇ) ഈ സാഹചര്യങ്ങളിൽ കോഴ ഇടപാടുകൾ സംബന്ധിച്ച പരാതികളിൽ ജാഗ്രതയോടെയും സത്യസന്ധവുമായ അന്വേഷണം ഉറപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വിശദമാക്കാമോ;

(എഫ്) വിജിലൻസ് അന്വേഷണം സമഗ്രവും സത്യസന്ധവും ആണെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രസ്തുത വിഷയം സംബന്ധിച്ച ഉത്തരവുകളിൽ അത്തരത്തിൽ ഒരു വിമർശനം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി അപ്രകാരം നിർദ്ദേശിച്ച് ഉത്തരവ് നൽകിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) അഴിമതിക്കേസ്സുകളിൽ സത്യം പുറത്തുകൊണ്ടുവരുന്നതിൽ വിജിലൻസ് വിജിലന്റ് അല്ലെന്നും, കോഴ ഇടപാടുകൾ രഹസ്യമായതിനാൽ ജാഗ്രതയോടെയുള്ള അന്വേഷണമാണാവശ്യമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകളിൽ സൂചിപ്പിച്ചിട്ടില്ല. അഴിമതിക്കേസ്സുകൾ അന്വേഷിക്കാൻ ചുമതലയുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കാര്യക്ഷമതയോടും സത്യസന്ധമായും പ്രവർത്തിച്ചുവരുന്നുണ്ട്.

(എഫ്) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സത്യസന്ധമായും കാര്യക്ഷമമായും ഉത്തരവാദിത്വപരമായും ജോലി നിർവ്വഹിക്കുന്നതിനാൽ മറ്റു നടപടികൾ സ്വീകരിക്കേണ്ട ആവശ്യം ഇല്ല.

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

8(*8) ശ്രീ. കെ. ദാസൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. പി. ശ്രീരാമകൃഷ്ണൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും ജീവിത നിലവാരവും പരിതാപകരമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥിതിവിശേഷത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുവാൻ പ്രഖ്യാപിത പദ്ധതികൾ നടപ്പാക്കാമോ;

(സി) കഴിഞ്ഞ 5 ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്തവയും ഭാഗികമായി മാത്രം നടപ്പാക്കിയതുമായ പദ്ധതികൾ ഏതൊക്കെയായിരുന്നു; അവയെല്ലാം നടപ്പാക്കാനാവശ്യമായ വിഹിതം തന്നാണ്ടിലെ ബഡ്ജറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):
(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരവും തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(സി) കഴിഞ്ഞ 5 ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 8 പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികളുടെയും, ഭാഗികമായി നടപ്പിലാക്കിയതുമായ പദ്ധതികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശീയ സമുദ്ര മത്സ്യമേഖലാ നയപരിഷ്കരണം

9(*9) ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. സി.മോയിൻ കുട്ടി:

ശ്രീ. കെ.എം.ഷാജി:

ശ്രീ. പി.ബി. അബ്ദുൾ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമുദ്രമത്സ്യ മേഖലാനയം പരിഷ്കരിക്കാൻ കേന്ദ്രം നടപടി സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നയപരിഷ്കരണംമൂലം നിലവിലെ സ്ഥിതിവിശേഷത്തിൽ എന്തൊക്കെ വ്യതിയാനങ്ങൾ വരുത്തുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മത്സ്യമേഖലയുടെ താല്പര്യങ്ങൾക്ക് ഹാനികരമാവാത്ത വിധം പരിഷ്കരണ സാഹചര്യങ്ങൾ അനുകൂലമാക്കിയെടുക്കാൻ ഏതൊക്കെ നീക്കങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) നിലവിലെ കമ്മിറ്റിയിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി പ്രതിനിധികളെയോ സ്റ്റേക്ക്ഹോൾഡേഴ്സിനെയോ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരെയോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇവരെക്കൂടി ദേശീയ സമുദ്ര മത്സ്യമേഖലാ നയത്തിന്റെ കരട് റിപ്പോർട്ട് രൂപീകരിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

## നികുതി ചോർച്ച

10 (*10) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് നികുതിയിനത്തിൽ വലിയ തോതിലുള്ള വരുമാന നഷ്ടം ഉണ്ടാക്കുന്ന ഘടകങ്ങളും വീഴ്ചകളും എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) നികുതി സമാഹരണ പരിപാടികളിലെ, സി എ.ജി ചൂണ്ടിക്കാണിച്ച പോരായ്മകൾ എന്തെല്ലാമായിരുന്നു; തനത് നികുതി വരുമാനത്തിന്റെയും റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്ക് കുറയുന്ന പ്രവണതയ്ക്ക് കാരണം വെളിപ്പെടുത്താമോ;

(സി) നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിനുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് വാണിജ്യനികുതി, ആർ.ടി.ഒ, എക്സൈസ് ചെക്ക് പോസ്റ്റുകളിൽ നിന്ന് വിജിലൻസ് അധികൃതർ കണക്കിൽപ്പെടാത്ത പണം കണ്ടെത്തുകയുണ്ടായിട്ടുണ്ടോ ; റെയ്ഡുകളിലൂടെ ഏതെല്ലാം രീതിയിലുള്ള അഴിമതികളും കെടുകാര്യസ്ഥതകളും കണ്ടെത്തുകയുണ്ടായി ;

(ഇ) ഈ നിലയിൽ നടത്തിയ റെയ്ഡുകളുടെ വിശദാംശം ലഭ്യമാക്കുമോ ; അഴിമതിക്കാരായ ചില ഉദ്യോഗസ്ഥന്മാർ വീണ്ടും ചെക്ക് പോസ്റ്റുകളിൽ നിയോഗിക്കപ്പെട്ടത്, നികുതിവരുമാനത്തിൽ പ്രതിഫലിച്ചിട്ടുള്ളതായി അറിയാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) 2014-15 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലഘട്ടത്തിലെ മൊത്തം നികുതി വരുമാനം 28609.28 കോടി രൂപയായിരുന്നത് 2015-16-ൽ അതേ കാലയളവിൽ 31848.31 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അതായത് 11.32% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. ഇതിനുള്ള കാരണങ്ങൾ ചുവടെ കൊടുക്കുന്നു:

1. റബ്ബർ, മറ്റ് നാണ്യവിളകൾ എന്നിവയുടെ വിലത്തകർച്ച, പൊതുവെ സമ്പദ്വ്യവസ്ഥയിൽ നിലനിൽക്കുന്ന മാന്ദ്യം, ബാറുകൾ, ബിവറേജസ് റീട്ടെയിൽ ഔട്ട് ലെറ്റ് എന്നിവ അടച്ചതിനെത്തുടർന്നുള്ള നികുതി നഷ്ടം എന്നീ ഘടകങ്ങൾ നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

2. വസ്തുവിന്റെ രജിസ്ട്രേഷനിൽവന്ന കുറവ്.

3. ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി വിദേശ മദ്യഷാപ്പുകൾ നിർത്തലാക്കിയതുമൂലം

ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യ വിൽപ്പനയിൽ കുറവുവന്നിട്ടുണ്ട്.

4. വാഹന രജിസ്ട്രേഷൻ കുറയുന്നത്.

(ബി) നികുതി സമാഹരണ പരിപാടികളിലെ സി. ആന്റ് എ.ജി. ചൂണ്ടിക്കാണിച്ച പോരായ്മകൾ ചുവടെ ചേർക്കുന്നു:

1. വാങ്ങൽ ക്രയവിക്രയം/വില്പന ക്രയവിക്രയം പൂർണ്ണമായി കണക്കിൽ കാണിക്കാതിരുന്നത്, തെറ്റായ നികുതി നിരക്ക് പ്രയോഗിച്ചതുമൂലമുണ്ടായ കുറഞ്ഞ നികുതി ചുമത്തൽ, ഇൻപുട്ട് നികുതി/സ്പെഷ്യൽ റിബേറ്റിനുള്ള തെറ്റായ അവകാശവാദം അംഗീകരിച്ചതുമൂലമുണ്ടായ കുറഞ്ഞ നികുതി ചുമത്തൽ, നികുതി നിർണ്ണയത്തിൽ നിന്നും ക്രയവിക്രയം വിട്ടുപോയതുമൂലമുണ്ടായ കുറഞ്ഞ നികുതി ചുമത്തൽ, ന്യൂനതകൾ/പോരായ്മകൾ ഉള്ള സ്വയം നികുതി നിർണ്ണയങ്ങൾ.

2. ഫെയർ വാല്യൂ നിലവിലില്ലാതിരുന്ന സമയത്തെ അണ്ടർ വാല്യുവേഷൻ കേസുകളുടെ ആധിക്യം; ഡെവലപ്പ്മെന്റ്/കൺസ്ട്രക്ഷൻ എഗ്രിമെന്റുകൾ രജിസ്റ്റർ ചെയ്യപ്പെടാത്തതുമൂലമുള്ള റവന്യൂ നഷ്ടം എന്നിവയും ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അണ്ടർവാല്യുവേഷൻ, ഷെയർ, കോൺട്രാക്ട് ബ്രോക്കർ, ഡെവലപ്പർ, ബോണ്ടുകൾ, ഡിബഞ്ചറുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടി നഷ്ടം.

3. C&AG യുടെ റിപ്പോർട്ടിൻപ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ എക്സൈസ് റവന്യൂ വരുമാനം ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ കുറഞ്ഞതും, മദ്യ വില്പന കുറഞ്ഞതും പുതുതായി എഫ്.എൽ-1 ലൈസൻസുകൾ അനുവദിക്കാത്തതും റവന്യൂ വരുമാനത്തിൽ കുറവു വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. തനത് നികുതി വരുമാനത്തിന്റെയും റവന്യൂ വരുമാനത്തിന്റെയും വളർച്ചാ നിരക്ക് കുറയുന്ന പ്രവണതയ്ക്കുള്ള കാരണം (എ) വിഭാഗത്തിന്റെ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

(സി) 1. നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിശകലനം നടത്തുന്നുണ്ട്. നികുതി നിർണ്ണയം ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്കൂട്ടിനി ശക്തമാക്കി. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണ അടിസ്ഥാനത്തിൽ അമരവിളയിൽ ഇതിനകം നടപ്പിലാക്കി. സി.സി.ടി.വി. ക്യാമറാ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അമരവിളയിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കി. അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ആഡംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി. ട്രെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. ആഡിറ്റ് അസസ്മെന്റ് വിംഗ് പുനസ്ഥാപിച്ചിട്ടുണ്ട്. കേന്ദ്രീകൃതമായ ഡാറ്റാ മൈനിംഗ് സെല്ലിന്റെ പ്രവർത്തനവും ശക്തിപ്പെടുത്തി.

2. മോട്ടോർ വാഹനവകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിനായി വികലാംഗരുടെ പേരിൽ രജിസ്റ്റർ ചെയ്യാവുന്ന വാഹനത്തിന്റെ വിലയുടെ പരിധി 5 ലക്ഷമാക്കുന്ന കാര്യവും റീജിയണൽ, സബ് റീജിയണൽ ഓഫീസുകളിൽ ടാക്സേഷൻ വിംഗ് രൂപീകരിക്കുന്ന വിഷയവും പരിശോധിച്ചുവരുന്നു.

3. മദ്യത്തിൻമേലുള്ള വില്പന നികുതി, എക്സൈസ് ഡ്യൂട്ടി എന്നിവ വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അനധികൃത

മദ്യത്തിന്റെ ഉല്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

4. രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളിലൂടെയുള്ള അണ്ടർ വാല്യുവേഷനും റവന്യൂ നഷ്ടവും തടയുന്നതിനായി 1.4.2010 മുതൽ ഫെയർ വാല്യു നടപ്പിലാക്കി. കുടിശ്ശിക മൂലമുള്ള റവന്യൂ നഷ്ടം ഈടാക്കുന്നതിനായി കോമ്പൗണ്ടിംഗ് പദ്ധതി നടപ്പിലാക്കി. യുക്തമായ ഭേദഗതി ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ട്, 1932-ൽ വരുത്തുകയുണ്ടായി. ലീസ് ഡീഡുകൾ ലൈസൻസ് ഡീഡായി എഴുതുന്നതുമൂലമുള്ള റവന്യൂ നഷ്ടം തടയുന്നതിന് കേരള മുദ്രപത്രനിയമം, 1959 ഷെഡ്യൂളിലെ ആർട്ടിക്കിൾ 35-ൽ ഭേദഗതി വരുത്തി.

(ഡി)1. റെയ്ഡുകളിലൂടെ കണക്കിൽപ്പെടാത്ത പണം, വാഹനങ്ങൾ ശരിയായ രീതിയിൽ പരിശോധിച്ച് കൃത്യമായി നികുതി കണക്കാക്കാതെ കടത്തിവിടുന്നത്, ക്യാഷ് ബുക്കും മറ്റ് രജിസ്റ്ററുകളും ശരിയായ രീതിയിൽ കൈകാര്യം ചെയ്യാത്തത്, കൈക്കൂലി, അനധികൃതമായി വാഹനങ്ങൾ തടഞ്ഞുവയ്ക്കൽ, പേഴ്സണൽ ക്യാഷ് ഡിക്ളറേഷൻ രജിസ്റ്ററിലെ അപാകതകൾ, മുൻകൂർ അനുമതി ഇല്ലാതെ അവധി എടുക്കുന്നത്, അറ്റൻഡൻസ് രജിസ്റ്ററുകളിൽ ഹാജർ/ഡ്യൂട്ടി ഓഫ് എന്നിവ കൃത്യമായി രേഖപ്പെടുത്താൻ വിട്ടുപോകുന്നത്.

2. എക്സൈസ് ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് അധികൃതർ നടത്തിയ വിവിധ പരിശോധനകളിലായി 91,045 രൂപ കണ്ടെത്തിയിട്ടുണ്ട്. ക്യാഷ് ഡിക്ലറേഷൻ ശരിയായ രീതിയിൽ നടത്താത്തതിനും വാഹനപരിശോധനയിൽ അലംഭാവം കാണിച്ചതിനും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

3. വിജിലൻസ് റെയ്ഡുകളുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന ചെക്ക് പോസ്റ്റിൽ നിന്നും 68,270 രൂപ കണ്ടെത്തുകയുണ്ടായി.

(ഇ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ വിവിധ വാണിജ്യനികുതി, ആർ.ടി.ഒ., എക്സൈസ് ചെക്ക് പോസ്റ്റുകളിൽ വിജിലൻസ്

ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ 168 മിന്നൽ പരിശോധനകൾ നടത്തുകയും 3,84,590 രൂപ കണക്കിൽപ്പെടാത്തതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കാര്യക്ഷമതയും സത്യസന്ധതയുമുള്ള ഉദ്യോഗസ്ഥരെത്തന്നെ ചെക്ക്പോസ്റ്റുകളിൽ നിയമിക്കുന്നതിന് ശ്രദ്ധചെലുത്തിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.യിൽ കൊറിയർ-കം-പാഴ്സൽ സർവ്വീസ്**

11 (*11) ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. കെ. അജിത് :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ-കം-പാഴ്സൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ എന്നറിയിക്കുമോ;

(ബി) പ്രസ്തുത സേവനത്തിനായി ഏതെല്ലാം തരത്തിലുള്ള എത്ര ബസ്സുകൾ വീതം ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സേവനത്തിൻെറ നടത്തിപ്പ് സ്വകാര്യ കമ്പനിയെ ഏല്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഏല്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം കെ.എസ്.ആർ.ടി.സി.- ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഉരുപ്പടികൾ ഡോർ ഡെലിവറി നടത്താറുണ്ടോ; ഏതു വിധത്തിലാണ് ഉരുപ്പടികൾക്ക് ചാർജ്ജ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. 7-7-2015 ൽ ബഹുമാനപ്പെട്ടമുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് 23-10-2015 മുതൽ കൊറിയർ പാഴ്സൽ സർവ്വീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 27 ബസ് സ്റ്റേഷനുകളിലാണ് കൊറിയർ/പാഴ്സൽ സർവ്വീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(ബി) 3727 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്:

| | | |
|---|---|---|
| ഓർഡിനറി | - | 2024 എണ്ണം |
| ഫാസ്റ്റ് പാസഞ്ചർ | - | 1111 എണ്ണം |
| സൂപ്പർ ഫാസ്റ്റ് | - | 291 എണ്ണം |
| എക്സ്പ്രസ് | - | 87 എണ്ണം |
| സൂപ്പർ ഡീലക്സ് | - | 50 എണ്ണം |
| സിറ്റി ഫാസ്റ്റ് | - | 153 എണ്ണം |
| വോൾവോ | - | 11 എണ്ണം |

(സി) ഉണ്ട്. 16-3-2015 ൽ ലേലം/ടെണ്ടർ നടപടികളിലൂടെ സ്വകാര്യ കമ്പനിയായ ട്രാക്കോൺ കൊറിയേഴ്സിന് (റീച്ചോൺ ഫാസ്റ്റ് ബസ് സർവ്വീസ്) ലൈസൻസ് നൽകിയിട്ടുണ്ട്. പ്രതിമാസം കുറഞ്ഞ അടിസ്ഥാന ലൈസൻസ് ഫീ തുകയായിട്ടുള്ള 2,00,000 (രണ്ടു ലക്ഷം രൂപ മാത്രം) രൂപയോ വരുമാന വിഹിതമോ ഏതാണോ കൂടുതൽ എന്ന രീതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ 1-11-2015 മുതൽ പ്രതിമാസം രണ്ട് ലക്ഷം രൂപ വീതം കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിച്ചുവരുന്നുണ്ട്. കൂടാതെ 2007 മുതൽ കെ.എസ്.അർ.ടി.സി. ബസ്സുകളിൽ നിർമ്മിച്ച കൊറിയർ ബോക്സുകൾ ഉപയോഗിക്കുന്നതിനും വരുമാനം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ബസ് സ്റ്റേഷനുകളിലും കൊറിയർ പാഴ്സൽ സംവിധാനം ഏർപ്പെടുത്തുന്നതോടെ പ്രതിമാസം ഒരു കോടി രൂപയ്ക്ക് മേൽ ആകെ വരുമാനവും അതിൽ 40% വരെ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന വിഹിതവും പ്രതീക്ഷിക്കുന്നു.

(ഇ) കൊറിയർ പാഴ്സൽ സർവ്വീസിന് ലൈസൻസ് കരസ്ഥമാക്കിയിട്ടുള്ള കമ്പനി ഹോം ഡെലിവറി അടക്കം സംവിധാനങ്ങൾ ഭാവിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൊറിയർ പാഴ്സലിന്റെ നിരക്ക് നിലവിൽ നിശ്ചയിച്ചിരിക്കുന്നത് ഡോക്കുമെന്റ്സിന് കേരളത്തിനകത്ത് 100 ഗ്രാം വരെ 15 രൂപ + സർവ്വീസ് ടാക്സ്, പാഴ്സൽ/ഡോക്കുമെന്റ്സിന് ഒരു കിലോഗ്രാം വരെ 10 രൂപ + സർവ്വീസ് ടാക്സ്.

## സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം

12 (*12) ശ്രീ. റ്റി. യു. കുരുവിള:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -ന് ശേഷം സംസ്ഥാനത്ത് എക്കാലത്തെയും കൂടിയ നിയമനം പി.എസ്.സി. വഴി നടത്തുവാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. വഴി നിയമിക്കപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് കൃത്യമായ പരിശീലനം നൽകുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗതയും കൃത്യതയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി വിജ്ഞാപനം മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വരെയുള്ള നടപടി ക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയുന്നു. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി നിയമനം ലഭിക്കുന്ന തസ്തികകളായ LGS, LDC, Assistant/Auditor തസ്തികകളുടെ നിയമനത്തിൽ, ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തന്നെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. യൂണിഫോംഡ് ഫോഴ്സ് തസ്തികകളുടെ നിയമനം വർഷാവർഷം നടത്തിവരുന്നു. One Time Registration, One Time Verification എന്നീ സംവിധാനങ്ങളിലൂടെ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ സൗകര്യം ലഭിച്ചു. ഇതുവഴി അപേക്ഷകൾ പരിശോധന നടത്തുന്നതിന് പി.എസ്.സി.-ക്ക് കൂടുതൽ വേഗതയും കൃത്യതയും കൈവരിക്കുവാൻ സാധിച്ചു. ഓൺലൈൻ പരീക്ഷാ സമ്പ്രദായം ആവിഷ്കരിക്കുകയും തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഇത് തെരഞ്ഞെടുപ്പിന്റെ വേഗതയും കൃത്യതയും കൂടുതൽ ഉറപ്പുവരുത്തുവാൻ ഇടവരുത്തുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നൽകുന്നതുവരെയുള്ള മേഖലയിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വ്യാപിപ്പിക്കുക എന്ന ലക്ഷ്യം

മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടന്നുവരുന്നു. 27 വർഷത്തോളം പഴക്കമുണ്ടായിരുന്ന 3000-ലേറെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം2015 ഡിസംബർ വരെ ആകെ 1,43,103 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക് വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്. കാലാകാലങ്ങളിൽ വേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി ഭരണ സംവിധാനത്തിലെ നൂതന ആശയങ്ങൾ, നിയമങ്ങൾ തുടങ്ങിയവ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്റ്റ് സ്കിൽസ് ട്രെയിനിംഗ് തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. പി.എസ്.സി. വഴി നിയമനം ലഭിച്ച ഉദ്യോഗസ്ഥർക്ക് 18 ദിവസം നീണ്ടുനിൽക്കുന്ന ഇൻഡക്ഷൻ പരിശീലന പരിപാടി കേരള സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) നടത്തുന്നു. കൂടാതെ ഗവൺമെന്റ് ഓഫ് ഇന്ത്യാ പദ്ധതി പ്രകാരവും ഇൻഡക്ഷൻ പരിശീലനം നടത്തുന്നു. ഈ പരിശീലനം പുതുതായി നിയമനം ലഭിച്ച എല്ലാപേർക്കും എത്തിക്കാൻ ഉദ്ദേശിക്കുന്നു.

**വിജിലൻസ് അന്വേഷണരീതിയെക്കുറിച്ച് കോടതികൾ ഉയർത്തിയ വിമർശനങ്ങൾ**

13 (*13) <u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>ശ്രീ. ജി. സുധാകരൻ:</u>
<u>ശ്രീ. എം. ഹംസ:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് അന്വേഷണരീതിയേയും അതിന്റെ നടപടികളെയും കുറിച്ച് കോടതികൾ ഉയർത്തിയ വിമർശനങ്ങൾ ഉൾക്കൊള്ളാനും വിജിലൻസിനെ ശരിയായ നിലയിൽ നിയമാനുസൃതം പ്രവർത്തിപ്പിക്കാനും സർക്കാർ തയ്യാറാകുമോ;

(ബി) കേസുകൾ തേച്ചുമാച്ച് കളയാൻ വിജിലൻസിനെ ഉപയോഗിച്ച് ശ്രമിച്ച

എന്നതുമായി ബന്ധപ്പെട്ടു കോടതി അതിനിശ്ചിതമായി വിമർശിച്ചിട്ടുള്ളതായി അറിയാമോ;

(സി) "വിജിലൻസിനു സത്യസന്ധതയും ആത്മാർത്ഥതയും ഇല്ലെന്നും തട്ടിപ്പുകൾ കാട്ടി കോടതിയെ മണ്ടനാക്കരുതെന്നും വിജിലൻസ് കോടതിയെ വിജിലൻസ് കൊഞ്ഞനം കുത്തുകയാണെന്നും" കോടതി നിരീക്ഷിച്ചിരിക്കുന്നതായുള്ള സ്ഥിതിവിശേഷത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ;

(ഡി) തൃശ്ശൂർ വിജിലൻസ് കോടതിയിൽ നിന്നും ഈ നിലയിലുള്ള വിമർശനങ്ങൾ ഏറ്റുവാങ്ങാനിടയായെങ്കിൽ , അത് ഏത് കേസിന്റെ പരിഗണനാവേളയിലായിരുന്നു; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സർക്കാർ അംഗീകരിച്ച വിജിലൻസ് മാനുവലിന്റെയും ക്രിമിനൽ നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പല വിധത്തിലുള്ള അന്വേഷണങ്ങൾ നടത്തിവരുന്നത്. വിജിലൻസ് മാനുവലിൽ പ്രതിപാദിച്ചിട്ടുള്ള വ്യക്തമായ നടപടിക്രമങ്ങൾ പാലിക്കപ്പെട്ട് നിയമപരമായി തന്നെയാണ് ബ്യൂറോ പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട കോടതികളിൽ നിന്നുണ്ടായ ഒരു ഉത്തരവിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനത്തെ വിമർശിച്ചിട്ടില്ല. ചുരുക്കം ചില കേസ്സുകളിൽ അന്വേഷണങ്ങളിൽ ഉണ്ടാകുന്ന കാലതാമസം ബഹുമാനപ്പെട്ട കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(ബി-ഡി) ബഹുമാനപ്പെട്ട കോടതിയിൽ നിന്നും ലഭിച്ച ഉത്തരവുകളിലൊന്നും അത്തരത്തിലുള്ള ഒരു നിരീക്ഷണവും ഉണ്ടായിട്ടില്ല.

**വർഗ്ഗീയതയ്ക്കെതിരെ നടപടി**

14 (*14) ശ്രീമതി കെ. കെ. ലതിക:

ശ്രീ. എളമരം കരീം:

ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എസ്.എസ്. 2015 നവംബർ മാസത്തിൽ കണ്ണൂരിൽ സംസ്ഥാനതല ബൈഠക് സംഘടിപ്പിച്ചതും ആർ.എസ്.എസ്. തലവൻ മോഹൻ ഭഗവത് പങ്കെടുത്ത് സംസാരിച്ചതും സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായോ ;

(ബി) സംസ്ഥാനത്തെ പ്രധാന ക്ഷേത്രപരിസരങ്ങളിൽ നിന്ന് ക്രൈസ്തവ-മുസ്ലിം കച്ചവടക്കാരെ ഒഴിപ്പിക്കണം, അഹിന്ദുക്കളുടെ ജനസംഖ്യാ വർദ്ധന ഇല്ലാതാക്കാൻ ഹിന്ദു രക്ഷാ ജാഗ്രത സമിതി രൂപീകരണം എന്നിങ്ങനെ മതസൗഹാർദ്ദം തകർക്കാനും, ജാതിസ്പർദ്ധയും വർഗീയതയും രൂപപ്പെടുത്തുവാനും പ്രസ്തുത യോഗത്തിൽ തീരുമാനം എടുത്തതായിട്ടുള്ള വിവരം ഇന്റലിജൻസ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇന്റലിജൻസ്, മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ; ഇത്തരം നടപടികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇന്റലിജൻസ് റിപ്പോർട്ടുകൾ രഹസ്യ സ്വഭാവമുള്ളതാണ്.

(സി) സംസ്ഥാനത്ത് സാമുദായിക ധ്രുവീകരണം ഉണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം**

15 (*15) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കേണ്ടത്; വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനുള്ള ടെണ്ടർ നടപടികളും പ്രവൃത്തികളും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) 1. 2009 ഡിസംബറിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി രൂപീകരിച്ചു. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച 2200 ഏക്കർ ഭൂമിയിൽ 1278.89 ഏക്കർ ഭൂമി സർക്കാരിനുവേണ്ടി റവന്യൂ ഡിപ്പാർട്ടുമെന്റും സർക്കാരിന്റെ നോഡൽ ഏജൻസിയായ കിൻഫ്രയും ഒന്നും രണ്ടും ഘട്ടങ്ങളിൽ ഏറ്റെടുത്തു. മൂന്നാംഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ടായിരുന്നതിനാൽ ഇതുവരെയായി 612.12 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കിവരുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2. റൺവേ നിർമ്മാണത്തിന് വേണ്ടി അടിയന്തിരമായി 10.25 ഏക്കർ ഭൂമി കിയാൽ നേരിട്ട് ഏറ്റെടുത്തു. എമർജൻസി റോഡിനുവേണ്ടി 40 സെന്റ് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു. റൺവേ 3400 മീറ്റർ നീട്ടാനുള്ള സർവ്വേ പൂർത്തിയാക്കി. ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കണ്ണൂർ എയർപോർട്ടിന്റെ മൂലധന സമാഹരണം ത്വരിതപ്പെടുത്തുന്നതിന് 4-4-2012 ൽ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റി (കിയാപ്സ്) രൂപീകരിച്ചു.

4. എയ്കോം ഏഷ്യാ കമ്പനിയെയും അവരുടെ സാമ്പത്തിക പങ്കാളികളായ ക്രിസലിനെയും കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് കൺസൾട്ടന്റായി 2012 നവംബറിൽ നിയമിച്ചു.

5. എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ റൺവേ എയർസൈഡ് പ്രവർത്തികൾക്ക് 694 കോടി രൂപയുള്ള കരാർ 25-11-2013 നും ടെർമിനൽ ബിൽഡിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികളുടെ 498.70 കോടി രൂപയുള്ള കരാർ 25-6-2014 നും ലാർസൺ & ട്യൂബ്രോ കമ്പനിക്ക് നൽകി പ്രവർത്തികൾ നടന്നുവരികയാണ്. ഇതുവരെയായി ഏകദേശം 62% പണികൾ പൂർത്തിയായി പരീക്ഷണപ്പറക്കലിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായി. ഡി.ജി.സി.യുടെ ഇൻസ്പെക്ഷൻ കഴിഞ്ഞു.

6. വായ്പ ഇനത്തിലുള്ള 892 കോടി രൂപ സമാഹരിക്കുന്നതിന് ബാങ്കുകളുമായി ധാരണാപത്രം 21.5.2015 ന് ഒപ്പുവച്ചു. (കാനറ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യം)

7. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 100 കോടി രൂപയുടെ ധാരണാപത്രം 24.6.2015 ൽ ഒപ്പുവച്ചു.

8. മെറ്റീരിയോളജിക്കൽ സർവ്വീസിനുവേണ്ടി മെറ്റീരിയോളജിക്കൽ വകുപ്പുമായി ധാരണാപത്രം ഒപ്പുവച്ചു.

9. എ.ടി.എഫ്. എയർക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ.-കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചു (ബി.പി.സി.എൽ. 76%, കിയാൽ 24%)

10. ബാക്കിയുള്ള നിർമ്മാണ പ്രവർത്തികളായ ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെണ്ടർ തുടങ്ങിയവയുടെ വർക്ക് അവാർഡ് ചെയ്തു. വാണിജ്യാടിസ്ഥാനത്തിൽ എയർപോർട്ട് 2016 സെപ്തംബറിൽ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഡി.ജി.സി.എ. ലൈസൻസും ടെലികമ്മ്യൂണിക്കേഷൻ മന്ത്രാലയത്തിന്റെയും BCAS-ന്റെയും ക്ലിയറൻസും ലഭിക്കണം. കൂടാതെ കസ്റ്റംസുമായും CISF -മായും ധാരണാപത്രം ഒപ്പുവയ്ക്കേണ്ടതായിട്ടുണ്ട്.

(സി) റൺവേ, ടാക്സിവേ, ഏപ്രൺ, അനുബന്ധ സൗകര്യങ്ങളായ സബ് സ്റ്റേഷൻ, സി.സി.ആർ.ബിൽഡിംഗ്, ഫയർ സ്റ്റേഷൻ, ചുറ്റുമതിൽ, ഓവുചാൽ, നിലവിലുള്ള റോഡിൽ നിന്നുള്ള പ്രധാന കവാടം, കാർ പാർക്കിംഗ് മുതലായവയുടെ പ്രവൃത്തിക്ക് 5-11-2013 ന് സാമ്പത്തിക ബിഡ് തുറക്കുകയും ഏറ്റവും കുറഞ്ഞ കരാർ തുക (694 കോടി രൂപ) രേഖപ്പെടുത്തിയ എൽ&ടി.ക്ക് 5-11-2013 ന് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. പ്രവൃത്തി 75% പൂർത്തിയായി.

ഇന്റഗ്രേറ്റഡ് ടെർമിനൽ ബിൽഡിംഗ്, എ.ടി.സി. ടവർ, ടെക്നിക്കൽ ബിൽഡിംഗും ഇ&എം ഉപകരണങ്ങളും മറ്റ് പ്രധാന സേവനങ്ങൾ ഉൾപ്പെടുന്ന പണിക്ക് ടെണ്ടർ നടപടികൾക്കുശേഷം ഏറ്റവും കുറഞ്ഞ തുകയായ 498 കോടി രൂപ ക്വാട്ട് ചെയ്ത് ബിഡ് സമർപ്പിച്ച ലാർസൺ & ട്യൂബ്രോ കമ്പനിക്ക് 25-6-2014 ന് വർക്ക് അവാർഡ് ചെയ്തു. പ്രവൃത്തി 62% പൂർത്തിയായി.

മറ്റു പ്രവർത്തികളായ ലിഫ്റ്റ്, എലിവേറ്റർ, എസ്കലേറ്റർ, കൺവേയർ, ഫയർ ടെണ്ടർ മുതലായവയുടെ ടെണ്ടർ അവാർഡ് ചെയ്തുകഴിഞ്ഞു. മൊത്തം പണിയുടെ ഏകദേശം 62% പൂർത്തിയായി.

**സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ**

16 (*16) ശ്രീ. എം. എ. ബേബി:
ശ്രീ. എ. കെ. ബാലൻ:
ശ്രീ. പി. ടി. എ. റഹീം:
പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സംസ്ഥാനം കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ച പ്രമുഖമായ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; ഇക്കാര്യങ്ങളിലെ കേന്ദ്ര നിലപാട് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം അനുവദിക്കുകയുണ്ടായിട്ടുണ്ട്;

(സി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചെങ്കിലും നാളിതുവരെ നടപ്പിലാക്കി യിട്ടില്ലാത്തവ ഏതൊക്കെയാണ്;

(ഡി) ഇപ്പോഴും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന ആവശ്യങ്ങൾ വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; സംസ്ഥാനത്തോട് കേന്ദ്ര സർക്കാർ രാഷ്ട്രീയമായി വിവേചനം കാണിക്കുന്നതായി അഭിപ്രായം ഉണ്ടോ; വിശദമാക്കാമോ;?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ തലത്തിൽ നടന്നുവരുന്നത്. സംസ്ഥാനം കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ച ആവശ്യങ്ങളുടെ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു. പ്രധാനപ്പെട്ട എല്ലാ ആവശ്യങ്ങളോടും അനുകൂലമായ നിലപാടാണ് കേന്ദ്രസർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി-ഡി) കൊച്ചി മെട്രൊ റെയിൽ പദ്ധതി, അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻകടകളുടെ നവീകരണത്തിന് പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം, സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യസാധനങ്ങളുടെ വിതരണം, സിൽക്കും എച്ച്.ഇ.എൽ.-മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായി ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd., SCL ഉം SAIL-മായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തുനിന്നും തിരുവനന്തപുരത്തേക്ക് വാതക പൈപ്പ് ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, രാജീവ് ഗാന്ധി ഏവിയേഷൻ സെന്റർ പരിശീലനത്തിനായി ഇന്ത്യൻ എയർഫോഴ്സിന്റെ പഴയ വിമാനം അനുവദിക്കുന്നതിന് നടപടി, ജൻറം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് കൂടുതൽ ബസ്സുകൾ വാങ്ങാനുള്ള തുക അനുവദിക്കാൻ നടപടി, എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയും സ്ഥാപിക്കുന്നതിന് അനുമതി, മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണത്തിനുള്ള അനുമതി, കോൾ കൃഷിയുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതികൾ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാർ അനുവദിച്ച മിക്ക പദ്ധതികളുടെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൊച്ചി മെട്രോ റെയിലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പാലങ്ങളുടെ പണി തുടങ്ങുകയും കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖ പദ്ധതി, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക്, കാസർഗോഡ് ചീമേനി 1200 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് ബേസ്ഡ് പവർ പ്ലാന്റ് തുടങ്ങിയ പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് ആരംഭിക്കുകയും KSIDC, GAIL-മായി ചേർന്ന് ഒരു Joint Venture Contract (JVC) പ്രകാരം 'Kerala GAIL Gas Limited Company' ഉണ്ടാക്കുകയും ഗ്യാസ് പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ Pipe laying ജോലികൾ ആരംഭിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ എല്ലാ ആവശ്യങ്ങളും കേന്ദ്ര സർക്കാർ അനുവദിച്ച് തന്നിട്ടില്ലെങ്കിലും സംസ്ഥാനം ഉന്നയിച്ച പുതിയ പദ്ധതികൾ അടക്കമുള്ള മിക്കവാറും എല്ലാ പദ്ധതികളും കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**മദ്യനയം**

17 (*17) ശ്രീ. പി. ഉബൈദുള്ള:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ .എ. നെല്ലിക്കുന്ന്:

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയോടെ സർക്കാരിന്റെ മദ്യനയത്തിന് അംഗീകാരം ലഭിച്ച സാഹചര്യത്തിൽ തുടർനടപടികൾ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മദ്യത്തിനെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മദ്യലഭ്യത കുറച്ചുകൊണ്ടുവരാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) സുപ്രീം കോടതി വിധി സർക്കാർ നയത്തിന് അനുകൂലമായാണ് ഉണ്ടായത്. തുടർ നടപടികൾ ആലോചിച്ച് നടപ്പിലാക്കും.

(ബി) മദ്യ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ലഹരി വിരുദ്ധ സെമിനാർ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്, ലഹരി വിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, കോളനികൾ കേന്ദ്രീകരിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷനുകളിലും സി.സി.ടി.വി. മുഖേനയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, സംസ്ഥാന തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സ് തുടങ്ങിയ പരിപാടികളാണ്

ഇതോടനുബന്ധിച്ച് എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നത്. ലഹരിക്ക് അടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. 2016 മുതൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി 'സുബോധം' പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു. ജില്ലാ തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എം.എസ്.ഡബ്ല്യു. ബിരുദധാരികളെ താൽക്കാലികാടിസ്ഥാനത്തിൽ നോഡൽ ഓഫീസർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(സി) മദ്യത്തിന്റെ ലഭ്യത പരമാവധി കുറച്ചുകൊണ്ടുവരാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ കഴിഞ്ഞ സർക്കാർ അനുവദിച്ചിരുന്ന KSBC യുടെ 12 എഫ്.എൽ.1 ഷോപ്പുകൾ തുടങ്ങേണ്ടതില്ലായെന്ന് തീരുമാനിച്ചിരുന്നു. 2014-15 വർഷത്തെ മദ്യനയം പ്രകാരം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ 328 എഫ്.എൽ.1 ഷോപ്പുകളുടെയും കൺസ്യൂമർ ഫെഡിന്റെ 46 എഫ്.എൽ.1 ഷോപ്പുകളുടെയും 10% ഷോപ്പുകൾ വീതം 2014 ഒക്ടോബർ 2 മുതൽ ഓരോ വർഷവും നിർത്തലാക്കാൻ തീരുമാനിച്ചിരുന്നു. അതനുസരിച്ച് 78 എഫ്.എൽ.1 ഷോപ്പുകൾ സർക്കാർ കഴിഞ്ഞ 2 വർഷങ്ങളിലായി നിർത്തലാക്കിയിട്ടുണ്ട്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കണമെന്ന ഉദ്ദേശ്യത്തോടെ ബാറുകളുടെ പ്രവൃത്തി സമയം 5½ മണിക്കൂർ വെട്ടിക്കുറച്ചു. ബാർ ലൈസൻസ് നൽകുന്നത് അഞ്ച് നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്ക് മാത്രമായിരിക്കുമെന്ന് സർക്കാർ മദ്യനയത്തിൽ തീരുമാനിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

## അന്യസംസ്ഥാന ലോട്ടറി

18 (*18) ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യ സംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത നടപടിയിലൂടെ സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാനത്തിൽ എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(സി) അന്യ സംസ്ഥാന ലോട്ടറി തട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15-12-2011-ലെ GSR 883(E) നമ്പർ നോട്ടിഫിക്കേഷൻ മുഖാന്തിരം സിക്കിം ലോട്ടറിയുടെ വിൽപ്പന കേരളത്തിൽ രണ്ട് വർഷത്തേക്ക് നിരോധിക്കുകയും 14-12-2013-ന് അവസാനിച്ച താൽക്കാലിക നിരോധനം ഇപ്പോഴും അനിശ്ചിതമായി തുടരുന്നുമുണ്ട്. ഭൂട്ടാൻ ലോട്ടറിയെ സംബന്ധിച്ച കേസ്സുകൾ സി.ബി.ഐ.-യ്ക്ക് നൽകിയിരിക്കുന്നതിനാൽ അവയുടെ വിൽപ്പനയും താൽക്കാലികമായി തടഞ്ഞിട്ടുണ്ട്. 07-01-2012-ലെ ജി.ഒ. (ആർ.ടി) നമ്പർ26/12/റ്റി.ഡി. ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിൽ അഡീഷണൽ ഡയറക്ടർ ഓഫ് പോലീസ് (ഇന്റലിജൻസ്) അദ്ധ്യക്ഷനായും ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായും മോണിറ്ററിംഗ് സെല്ലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറിയെ സംബന്ധിച്ച പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) അന്യസംസ്ഥാന ലോട്ടറികൾ നിരോധിച്ചത് 2011 ഡിസംബർ മുതലാണ്. അന്യസംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാന വർദ്ധനവിന് കാരണ മായിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം മുതൽ ലോട്ടറി വിൽപ്പനയിലൂടെയുള്ള വിറ്റുവരവ്, വർദ്ധനവിന്റെ ശതമാനം എന്നിവ ചുവടെ ചേർക്കുന്നു:

| വർഷം | ലോട്ടറിയിൽ നിന്നുള്ള വരുമാനം (കോടിരൂപയിൽ) | മുൻസാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഓരോ സാമ്പത്തിക വർഷവും വരുമാനത്തിൽ വന്ന വർദ്ധനവിന്റെ ശതമാനം |
|---|---|---|
| 2010-11 | 557.69 | – |
| 2011-12 | 1287.22 | 130.81 |
| 2012-13 | 2778.80 | 115.87 |
| 2013-14 | 3793.84 | 36.52 |
| 2014-15 | 5445.84 | 43.54 |

(സി) നിലവിലുള്ള നിയമപ്രകാരം ലോട്ടറി തട്ടിപ്പിനെതിരെ സ്വന്തം നിലയിൽ നടപടി സ്വീകരിക്കുന്നതിന് ഭാഗ്യക്കുറി വകുപ്പിന് അധികാരമില്ലാത്തതിനാൽ അന്യ സംസ്ഥാന ലോട്ടറി തട്ടിപ്പിനെ സംബന്ധിച്ച് പരാതികളോ പത്രവാർത്തയോ ലഭിച്ചാൽ ഉടൻ തന്നെ ആയത് പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ മേധാവിക്ക് കൈമാറി തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## പി.എസ്.സി.യിൽ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ

19 (*19) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി. നിയമനത്തിന് റിക്കാർഡ് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പരിഷ്കാരങ്ങളാണ് ഇതിനായി പരീക്ഷാ സമ്പ്രദായത്തിലും നടത്തിപ്പിലും വരുത്തിയിട്ടുള്ളത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആധുനിക സാങ്കേതികവിദ്യ ഉപയുക്തമാക്കി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗതയും കൃത്യതയും വർദ്ധിപ്പിച്ച് മുന്നോട്ടുപോകുകയാണ്. ഇതിന്റെ ഫലമായി വിജ്ഞാപനം മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വരെയുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി നിയമനം ലഭിക്കുന്ന തസ്തികകളായ എൽ.ജി.എസ്., എൽ.ഡി.സി., അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളുടെ നിയമനത്തിൽ ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തന്നെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുണ്ട്. യൂണിഫോംഡ് ഫോഴ്സ് തസ്തികകളുടെ നിയമനം വർഷാവർഷം നടത്തിവരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചരിത്ര നേട്ടം എന്ന്

വിശേഷിപ്പിക്കാവുന്ന വിധത്തിൽ അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികയുടെ നിയമനത്തിനായി അപേക്ഷ സമർപ്പിച്ച 5,17,364 പേർക്ക് 16-5-2015 ന് OMR പരീക്ഷ നടത്തി. 4-7-2015 ന് 5,30,157 അപേക്ഷകർ ഉണ്ടായിരുന്ന Secretary-Block/Panchayat തസ്തിക, 489941 (4,89,610 + 316+15) അപേക്ഷകർ ഉണ്ടായിരുന്ന Municipal Secretary Grade III തസ്തിക എന്നിവയ്ക്കായി common OMR പരീക്ഷ നടത്തുകയുണ്ടായി. 27 വർഷത്തോളം പഴക്കമുണ്ടായിരുന്ന 3000 ലേറെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. NCA ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. 18-5-2006 മുതൽ 31-12-2015 വരെയുള്ള പി.എസ്.സി.യുടെ പ്രവർത്തന അവലോകന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓൺലൈൻ പരീക്ഷാ സമ്പ്രദായം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷയിലൂടെ തെരഞ്ഞെടുപ്പിന്റെ വേഗതയും കൃത്യതയും കൂടുതൽ ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. വനിതാ ഉദ്യോഗാർത്ഥികൾക്ക് അവരവർ ആവശ്യപ്പെടുന്ന താലൂക്കിൽത്തന്നെ പരീക്ഷയെഴുതുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. വിജ്ഞാപനങ്ങളിൽ തന്നെ പരീക്ഷാ തീയതി പ്രസിദ്ധീകരിക്കുന്ന സംവിധാനം നിലവിൽവന്നു.

(സി) സാങ്കേതിക വിദ്യയുടെ ഉപയോഗം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നൽകുന്നതുവരെയുള്ള മേഖലയിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുന്നോട്ട് പോകുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ പി.എസ്.സി. സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഓൺലൈൻ പരീക്ഷാ കേന്ദ്ര നിർമ്മാണം പുരോഗമിക്കുന്നു. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് വികേന്ദ്രീകൃതമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് (ആസ്ഥാന ആഫീസിൽ എത്തണമെന്ന ആവശ്യം വേണ്ടിവരുന്നില്ല.) One Time Registration, One Time Verification എന്നീ സംവിധാനങ്ങൾ പി.എസ്.സി. ആവിഷ്കരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എസ്.എൻ.ഡി.പി. മൈക്രോഫിനാൻസ് പദ്ധതി തട്ടിപ്പ്

20 (*20) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ.ഡി.പിയുടെ മൈക്രോഫിനാൻസ് പദ്ധതിയിൽ തട്ടിപ്പ് നടത്തിയിട്ടുണ്ടെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ക്രമക്കേടുകളും ആരെല്ലാമാണ് ഇതിന് ഉത്തരവാദികളെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തട്ടിപ്പുകൾ സംബന്ധിച്ച് ആർക്കെല്ലാമെതിരെയാണ് അന്വേഷണം നടത്തണമെന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് പ്രസ്തുത കേസിൽ കൈകൊള്ളാനുദ്ദേശിക്കുന്നത് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ-ഡി) എസ്.എൻ.ഡി.പി.യുടെ മൈക്രോഫിനാൻസ് പദ്ധതിയിൽ തട്ടിപ്പ് നടന്നതായി ആരോപിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ സമർപ്പിച്ച സി.എം.പി. 431/2015 നമ്പർ പരാതിയിൽ താഴെ പറയുന്നവർക്കെതിരെ അന്വേഷണം നടത്തുന്നതിനാണ് ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതി 20-1-2016 തീയതിയിൽ ഉത്തരവായിട്ടുള്ളത്.

(1) ശ്രീ. വെള്ളാപ്പള്ളി നടേശൻ
(ജനറൽ സെക്രട്ടറി, എസ്.എൻ.ഡി.പി. യോഗം)

(2) ശ്രീ. എം. എൻ. സോമൻ
(പ്രസിഡന്റ്, എസ്.എൻ.ഡി.പി. യോഗം)

(3) ശ്രീ. കെ. കെ. മഹേശൻ,
(സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എസ്.എൻ.ഡി.പി. യോഗം
മൈക്രോ ഫിനാൻസ് സ്കീം)

(4) ശ്രീ. എൻ. നജീബ്

(റിട്ടയേർഡ്, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്)

പ്രസ്തുത കോടതി ഉത്തരവിൻ പ്രകാരം ഒരു സത്വരാന്വേഷണം നടന്നുവരുന്നു.

**അജ്ഞാതവാഹനങ്ങൾ തട്ടി അപകടത്തിൽപ്പെടുന്നവർ**

21 (*21) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജ്ഞാതവാഹനങ്ങൾ തട്ടി അപകടത്തിൽപ്പെടുന്നവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങളിൽ അപകടത്തിൽപ്പെട്ടവർക്കോ കുടുംബത്തിനോ നഷ്ടപരിഹാരം ലഭ്യമാക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) നിയമാനുസൃത നഷ്ടപരിഹാരം ലഭ്യമാക്കാൻ നിശ്ചിത സമയപരിധി ഇല്ലാത്ത സാഹചര്യത്തിൽ, അപകടത്തിൽപ്പെടുന്നവരുടെ അടിയന്തര ചികിത്സ, പുന:രധിവാസം തുടങ്ങിയവയ്ക്ക് പ്രത്യേക ഫണ്ട് സ്വരൂപിക്കാൻ നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഇല്ല. അത്തരത്തിലുള്ള വാഹനാപകടങ്ങളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നത്. കണക്ക് താഴെ പറയും പ്രകാരമാണ്:

| വർഷം | | |
|---|---|---|
| 2013 | - | 242 |
| 2014 | - | 240 |
| 2015 | - | 203 |

(ബി) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 163 (1) വകുപ്പ് അനുസരിച്ച് S.O.440 (E) തീയതി 12.06.1989 പ്രകാരം കേന്ദ്ര ഗവൺമെന്റ് സൊലേഷ്യം സ്കീം 1989 പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ടി സ്കീമിലെ ഖണ്ഡിക 11 പ്രകാരം ജില്ലാതല കമ്മിറ്റി രൂപീകരിക്കണമെന്നും ജില്ലാ കളക്ടർ സെറ്റിൽമെന്റ് കമ്മീഷണർ, ആയിരിക്കുമെന്നും പുറമേ 4 അംഗങ്ങൾ കൂടി അടങ്ങിയതായിരിക്കും ജില്ലാതല കമ്മിറ്റിയെന്നും ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ ഡിവിഷണൽ മാനേജർ ഒരു അംഗം ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്ലെയിംസ് എൻക്വയറി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റിയുടെ യോഗത്തിൽ അജ്ഞാതവാഹനം തട്ടിയുള്ള കേസ്സുകളിൽ ഭൂരിപക്ഷാഭിപ്രായ പ്രകാരം തീരുമാനമെടുക്കുകയും ഫാറം നമ്പർ IV-ൽ ക്ലെയിം സെറ്റിൽമെന്റ് കമ്മീഷണർ, മരണപ്പെടുന്ന കേസ്സുകളിൽ പരമാവധി 25,000 രൂപയും (ഇരുപത്തി അയ്യായിരം രൂപ മാത്രം) പരിക്കുപറ്റുന്ന കേസ്സുകളിൽ പരമാവധി 12500 രൂപയും (പന്തീരായിരത്തി അഞ്ഞൂറ് രൂപ മാത്രം) നഷ്ടപരിഹാരം അനുവദിക്കുകയും മരണം സംഭവിക്കുന്ന കേസ്സുകളിൽ മരിച്ചവരുടെ നിയമപരമായ അവകാശികൾക്കും, അല്ലാത്ത കേസ്സുകളിൽ പരിക്ക് പറ്റുന്നവർക്കും നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനിക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഇൻഷ്വറൻസ് കമ്പനി ഉത്തരവ് ലഭിച്ച് ദിവസത്തിനുള്ളിൽ അനുവദിച്ചിട്ടുള്ള സംഖ്യ ചെക്കായോ ഡിമാന്റ് ഡ്രാഫ്റ്റായോ ബന്ധപ്പെട്ട കക്ഷികൾക്ക് അയച്ചുകൊടുക്കുന്നു.

(സി) അത്തരം നിർദ്ദേശങ്ങൾ നിലവിലില്ല.

## പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശനത്തിൽ നൽകിയ നിവേദനം

22 (*22) ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ആദ്യ കേരള സന്ദർശന വേളയിൽ സംസ്ഥാനത്തിന്റെ എതെല്ലാം ആവശ്യങ്ങൾ സർക്കാർ ശ്രദ്ധയിൽ കൊണ്ടു വരികയുണ്ടായി; ഇതിനായി,കൂടിക്കാഴ്ച നടത്തിയത് എവിടെ വച്ചായിരുന്നു;

(ബി) രണ്ടു ദിവസം കേരളത്തിലുണ്ടായിരുന്ന പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ചയ്ക്ക് മന്ത്രിമാർക്ക് എത്ര സമയം അനുവദിച്ചു കിട്ടി; ആവശ്യങ്ങൾ എല്ലാം ബോധിപ്പിക്കാൻ സാദ്ധ്യമായോ;

(സി) കൂടിക്കാഴ്ചയിൽ മന്ത്രിമാർ മുന്നോട്ടുവച്ച എന്തെല്ലാം കാര്യങ്ങളിൽ പ്രധാനമന്ത്രിയിൽ നിന്നും ഉറപ്പ് ലഭിച്ചിട്ടുണ്ട്;

(ഡി) നിവേദനത്തിലെ ഏതെങ്കിലും ആവശ്യത്തിന്മേൽ പിന്നീട് തീരുമാനം ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ഇ) പ്രധാനമന്ത്രിയുടെ സംസ്ഥാനത്തെ സന്ദർശനവുമായി ബന്ധപ്പെട്ട് തനിക്കുണ്ടായ അപമാനത്തിലുള്ള പ്രതിഷേധം കൂടിക്കാഴ്ചാവേളയിൽ മുഖ്യമന്ത്രി രേഖാമൂലം അറിയിക്കുകയുണ്ടായോ?

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>):

(എ) 2015 ഡിസംബർ 14, 15 തീയതികളിലാണ് പ്രധാനമന്ത്രി കേരളത്തിലുണ്ടായിരുന്നത്. 15-ാം തീയതി വൈകുന്നേരം 5.20 മുതൽ 5.40 വരെയുള്ള സമയത്തിലാണ് മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും തിരുവനന്തപുരത്ത് വച്ച് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾ മുഖ്യമന്ത്രി നിവേദനത്തിലൂടെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. അവ ചുവടെ ചേർക്കുന്നു:

1. മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട വിഷയങ്ങൾ.
2. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അന്തിമ നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ
3. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കൽ
4. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ
5. സംസ്ഥാനത്തേക്കുള്ള ഭക്ഷ്യധാന്യ ലഭ്യത 14.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 16.25 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുക.
6. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുമ്പോൾ അനാഥരുടെയും സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെയും താത്പര്യം സംരക്ഷിക്കുക.

7. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി

8. കേരളത്തിലെ സബർബൻ റയിൽവേ

9. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുനരധിവാസത്തിന് സാമ്പത്തിക സഹായം

10. കേരളത്തിൽ എയിംസ് (AIIMS) അനുവദിക്കുക.

11. നിലമ്പൂർ-നഞ്ചംകോട് റെയിൽവേ ലൈൻ

12. തിരുവനന്തപുരത്തുള്ള ആർ.സി.സി.യെ നാഷണൽ ക്യാൻസർ സെന്ററായി ഉയർത്തുക.

13. മലബാർ ക്യാൻസർ സെന്ററിനെ റീജിയണൽ ക്യാൻസർ സെന്ററായി ഉയർത്തുക.

14. കേരളത്തിൽ എയർ കേരള എക്സ്പ്രസ് നടത്തിപ്പ് സംബന്ധിച്ച്.

15. ഗൾഫ് സെക്ടറിലേയ്ക്കുള്ള യാത്രാക്കൂലിയുടെ നിയന്ത്രണം.

16. പാലോട് JNTBGRI കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച്.

(സി&ഡി) സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറിയ്ക്ക് മുമ്പേതന്നെ അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാനം മുന്നോട്ടുവച്ച മറ്റ് ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അവ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

(ഇ) കൂടിക്കാഴ്ചയിൽ അദ്ദേഹത്തിനോട് നേരിട്ട് അറിയിച്ചു.

**അഴിമതി**

23 (*23) ശ്രീ. കെ. കെ. ജയചന്ദ്രൻ:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. എ. എം. ആരിഫ്:

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി എന്ന മഹാവിപത്ത് സർക്കാർ സംവിധാനങ്ങളെ നിശ്ചലമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വികസനത്തിനായി ചെലവഴിക്കുന്ന പണത്തിന്റെ ഗുണഫലങ്ങൾ ജനങ്ങളിൽ പൂർണ്ണമായും എത്തുന്നില്ലെന്ന് അറിയാമോ;

(സി) വൻ തുക കോഴ നൽകിയാൽ മാത്രമെ പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ അനുമതി ലഭിക്കുകയുള്ളൂ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സംരംഭകർ പിന്തിരിഞ്ഞിട്ടുള്ളതായി മനസ്സിലാക്കിയിട്ടുണ്ടോ;

(ഡി) ഈ സ്ഥിതിവിശേഷം ഏതെങ്കിലും സംരംഭകരെ സംസ്ഥാനത്ത് നിന്നും അകറ്റിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) വിജിലൻസ് സംവിധാനം കാര്യക്ഷമമല്ലാത്തതാണ് ഇതിനെല്ലാം കാരണമായിട്ടുള്ളതെന്നറിയാമോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ&ബി) അഴിമതി എന്ന മഹാവിപത്ത് സർക്കാർ സംവിധാനങ്ങളെ നിശ്ചലമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വികസനത്തിനായി ചെലവഴിക്കുന്ന തുക യഥാക്രമം ജനങ്ങളിൽ എത്തിക്കാൻ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തുമ്പോൾ ഉണ്ടാകുന്ന പരാതികളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷിച്ച് നടപടി സ്വീകരിക്കാറുണ്ട്. പ്രസ്തുത പരാതികളിന്മേൽ മാത്രമേ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്താറുള്ളൂ. എന്നാൽ പദ്ധതികളുടെ നടത്തിപ്പിൽ സാങ്കേതിക അപാകതയോ വീഴ്ചയോ ശ്രദ്ധയിൽപ്പെട്ടാൽ അന്വഷണം നടത്താറുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കാര്യക്ഷമമായും സത്യസന്ധമായുമാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തുടനീളം ലഭിക്കുന്ന പരാതികളിന്മേൽ വിജിലൻസ് അന്വേഷണ പരിധിയിൽപ്പെടുന്നവയാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിക്കുന്നത്. ഇതുകൂടാതെ അഴിമതി വർദ്ധിക്കുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കൽ, വിവിധ ഓഫീസുകൾ കേന്ദ്രീകരിച്ച് ഇടയ്ക്കിടെ മിന്നൽ പരിശോധനകളും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാനവ്യാപകമായി നടത്തുന്നുണ്ട്.

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

24(*24) ഡോ. എൻ. ജയരാജ്:

ശ്രീ. എം. വി. ശ്രേയാംസ് കുമാർ:

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള പദ്ധതി ഏതുഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിമാനത്താവളത്തിൽ ഏർപ്പെടുത്തിയ സാങ്കേതിക സംവിധാനങ്ങളുടെ പരിശോധന എന്ന് നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ;

(സി) നിലവിലുള്ള നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ പരീക്ഷണ പറക്കൽ എന്ന് നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ വിമാനത്താവളത്തിൽ രാജ്യാന്തര വിമാനസർവ്വീസ് എന്ന് മുതൽ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സ്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) 1. 2009 ഡിസംബറിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി രൂപീകരിച്ചു. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച 2200 ഏക്കർ ഭൂമിയിൽ 1278.89 ഏക്കർ ഭൂമി സർക്കാരിനുവേണ്ടി റവന്യൂ ഡിപ്പാർട്ടുമെന്റും സർക്കാരിന്റെ നോഡൽ ഏജൻസിയായ കിൻഫ്രയും ഒന്നും രണ്ടും ഘട്ടങ്ങളിൽ ഏറ്റെടുത്തു. മൂന്നാം ഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ടായിരുന്നതിൽ ഇതുവരെയായി 612.12 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കിവരുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

2. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി.-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 25 ന് ലാർസൺ ആന്റ് ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. പ്രവൃത്തി ഇപ്പോൾ 75% പൂർത്തിയായിട്ടുണ്ട്.

3. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരം വരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ലൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ ആന്റ് ട്യൂബ്രോ ലിമിറ്റഡിന്റെ ബി & എഫ് വിഭാഗത്തിന് 22.07.2014-ന് നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 62% പൂർത്തിയായിട്ടുണ്ട്. ലിഫ്റ്റ്, എലിവേറ്റർ, എയ്റോബ്രിഡ്ജ്, കൺവെയർ ബെൽറ്റ് എന്നിവയുടെ ടെണ്ടർ തുറന്നു. ഏപ്രൺ, കൺട്രോൾ ടവർ എന്നിവ 80% പൂർത്തീകരിച്ചു.

4. പദ്ധതി നടത്തിപ്പിനാവശ്യമായ തുക ഓഹരിമൂലധനമായും ബാങ്കുവായ്പയായും സമാഹരിച്ചുകൊണ്ടിരിക്കുകയാണ്. എയർപോർട്ട് പി.എസ്.യു.-വിനുവേണ്ടി നീക്കിവച്ച 100 കോടിരൂപയിൽ 100 കോടി രൂപയ്ക്കുള്ള ധാരണാപത്രം 24.6.2015 ന് ഒപ്പുവച്ചു. സ്വകാര്യ മേഖലയ്ക്കുള്ള 300 കോടിരൂപയിൽ 178.30 കോടി രൂപയ്ക്കുള്ള ഷെയർ വിറ്റഴിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ 892 കോടി രൂപ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനായി കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകൾ ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യവുമായി ധാരണാപത്രം 20-5-2015 ന് ബാങ്കുകളും കിയാലും ഒപ്പുവച്ചു. മെറ്റീരിയോളജിക്കൽ ഡിപ്പാർട്ടുമെന്റും എയർപോർട്ട് അതോറിറ്റിയുമായുള്ള ധാരണാപത്രത്തിലും ഒപ്പുവച്ചു.

5. പവർ സപ്ലൈ - എയർപോർട്ടിനുവേണ്ടി പവർ സപ്ലൈയ്ക്കും അനുബന്ധ പ്രവർത്തികൾക്കും വേണ്ടി 19.6 കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് കിയാൽ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. ഇതുവരെ 80% പണി പൂർത്തിയായി.

6. ജലവിതരണം - എയർപോർട്ടിനുവേണ്ടി ജലവിതരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ 10 കോടി രൂപ കിയാൽ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. ഇതിനായുള്ള പണി 80% പൂർത്തിയായി.

7. ബി.പി.സി.എൽ.-കിയാൽ സംയുക്ത സംരംഭത്തിൽ ഫ്യൂവൽ ഫാം ആരംഭിക്കുന്നതിന് സംയുക്ത കമ്പനി രൂപീകരിച്ച പ്രവൃത്തി നടത്തി മൊത്തത്തിൽ എയർപോർട്ട് പദ്ധതിയുടെ 62% പൂർത്തിയായി.

(ബി) കോഡ് ബി എയർക്രാഫ്റ്റിനുള്ള പരീക്ഷണപ്പറക്കലിനുള്ള സാങ്കേതിക പരിശോധന 30-1-2016-ന് ഡി.ജി.സി.എ. ഉദ്യോഗസ്ഥൻ നടത്തി.

(സി) 2016 ഫെബ്രുവരിയിൽ പരീക്ഷണപ്പറക്കൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. (ഡി.ജി.സി.എ.-യുടെ ക്ലിയറൻസും മിനിസ്റ്ററി ഓഫ് ഡിഫൻസിൽ നിന്നും എയർക്രാഫ്റ്റിന്റെ ലഭ്യതയ്ക്കനുസരിച്ചും)

(ഡി) കണ്ണൂർ വിമാനത്താവളത്തിൽ നിന്നും 2016 സെപ്റ്റംബറിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി**

25(*25) ശ്രീ. വി. ടി. ബൽറാം:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ് ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 13-6-2014 ന് മുഖ്യമന്ത്രി നിർവ്വഹിച്ചു. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ആരോഗ്യ കുടുംബക്ഷേമ ദേവസ്വം വകുപ്പുമന്ത്രി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

(ബി) വിദ്യാഭ്യാസം, ആഭ്യന്തരം, ആരോഗ്യം, എക്സൈസ് എന്നീ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന ക്ലീൻ കാമ്പസ് സേഫ് കാമ്പസ് എന്ന പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ലഹരിമുക്തമായതും ആരോഗ്യവും അച്ചടക്കവുമുള്ള ഒരു ഭാവി തലമുറയെ വാർത്തെടുക്കുക എന്നതാണ്. ഈ പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസരങ്ങളിലും The Narcotic Drugs and Psychotropic Substances Act, The Cigarettes and other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act 2003, Motor Vehicles Act, Abkari Act, The Kerala Police Act, Juvenile Justice Act, Protection of Children from Sexual Offences Act എന്നിവയുടെ ഫലപ്രദമായ നടപ്പിലാക്കൽ;
2. സാമൂഹ്യവിരുദ്ധരുടെ അതിക്രമങ്ങളിൽ നിന്നും ചൂഷണത്തിൽ നിന്നും നമ്മുടെ കുട്ടികളുടെ സംരക്ഷണം;
3. കുട്ടികളുടെ ഇടയിലുള്ള പുകയില ഉൽപ്പന്നങ്ങൾ/ലഹരി മരുന്നുകൾ/മറ്റു നിരോധിത വസ്തുക്കൾ എന്നിവയുടെ ഉപയോഗവും വിൽപ്പനയും തടയൽ;
4. വിദ്യാലയ പരിസരങ്ങളിലെ ഗതാഗത സുരക്ഷ ഉറപ്പാക്കൽ;
5. കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നത് തടയൽ;
6. വിദ്യാലയങ്ങളിൽ സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കൽ;
7. നിയമങ്ങളെ അനുസരിക്കുന്നതും സാമൂഹ്യ പ്രതിബദ്ധതയുള്ളതും മൂല്യങ്ങളുള്ളതുമായ കുട്ടികളെ വാർത്തെടുക്കൽ;
8. കുട്ടികൾക്കുനേരെയുള്ള വിവിധയിനം ചൂഷണങ്ങളെ മനസ്സിലാക്കി അതിനെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കൽ;
9. കുട്ടികൾ ക്ലാസ്സുകളിൽ ഹാജരാകാതെ മറ്റു കാര്യങ്ങളിൽ ഏർപ്പെടുന്നത് തടയൽ;
10. അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും സമൂഹത്തിന് മൊത്തത്തിലും കൂടുതൽ ഉത്തരവാദിത്വബോധത്തോടെ കുട്ടികളെ വളർത്താനുള്ള മാർഗ്ഗദർശനവും പ്രോത്സാഹനവും നൽകൽ;
11. മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളായ പോലീസ്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, വിവിധ NGOs എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കൽ.

(സി) 1. സ്കൂൾ, ജില്ല, സംസ്ഥാനതലത്തിൽ പദ്ധതി അവലോകനത്തിനായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് നിരന്തരം വിലയിരുത്തിവരുന്നു; കൂടാതെ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി അദ്ധ്യക്ഷനായി ജില്ലാ കളക്ടർമാർ ഉൾപ്പെടെ പങ്കെടുക്കുന്ന വീഡിയോ കോൺഫറൻസുകൾ നടത്തി പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തിവരുന്നു;

2. പോലീസ്, എക്സൈസ് ഡിപ്പാർട്ടുമെന്റുകൾ നിരന്തരം റെയ്ഡുകൾ നടത്തി നിരോധിക്കപ്പെട്ട ലഹരി ഉല്പന്നങ്ങൾ പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

3. ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി നടപ്പിലാക്കിയതിനുശേഷം നാളിതുവരെ (01-02-2016) 47313 റെയ്ഡുകൾ നടത്തുകയും, 13048 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 12667 പേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്;

4. School Protection Groups, Student Police Cadet, Road Safety Clubs, Anti Narcotic Clubs, Jagratha Samithis എന്നീ പ്രോജക്ടുകളെ സജീവമാക്കിയും ഏകോപിപ്പിച്ചും, മദ്യത്തിനും മയക്കുമരുന്നിനും എതിരായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുന്നു;

5. ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായ ശ്രീ. മമ്മൂട്ടിയും ബഹുമാനപ്പെട്ടമന്ത്രിമാർ, അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, വിവിധ സാമൂഹ്യ സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവർ പങ്കെടുത്ത മേഖലാ തലത്തിലുള്ള രണ്ട് മഹാ സമ്മേളനങ്ങൾ നടത്തുകയുണ്ടായി. രണ്ട് സമ്മേളന ങ്ങളിലുമായി 25,000-ത്തിലധികം പേർ പങ്കെടുക്കുകയുണ്ടായി. വിദ്യാർത്ഥി സമൂഹത്തിലേക്കും രക്ഷിതാക്കൾക്കിടയിലേക്കും പൊതുജന ങ്ങളിലേക്കും ഈ പദ്ധതിയുടെ ഉദ്ദേശ്യം എത്തിക്കുന്നതിനായി ഈ സമ്മേളനങ്ങൾ വഴി സാധിച്ചു. കൂടാതെ കോഴിക്കോട് മേഖലാ സമ്മേളനം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ ചെയ്തുവരുന്നു;

6. മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉത്പാദനം, കടത്തൽ, വിതരണം, വിപണനം എന്നിവയെപ്പറ്റി അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും തുടർ അന്വേഷണത്തിന് സഹായിക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനുമായി Special Investigation Team (SIT)-ന്റെ കീഴിൽ സംസ്ഥാന പോലീസിലെ തെരഞ്ഞെടുക്കപ്പെട്ട സമർത്ഥരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Kerala Anti Narcotic Squad രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ടീമിന്റെ പ്രവർത്തനഫലമായി, കഴിഞ്ഞ മൂന്നു മാസം കൊണ്ട് ഏകദേശം 120 കിലോഗ്രാം കഞ്ചാവ്, 700 Nitrasun ടാബ്‌ലെറ്റ്, ബ്രൗൺഷുഗർ, കൊക്കെയ്ൻ തുടങ്ങിയവ പിടികൂടാൻ സാധിച്ചു. ലഹരി-മയക്കുമരുന്ന് ശൃംഖലയെ പരിപൂർണ്ണമായി ഉന്മൂലനം ചെയ്യുകയാണ് ഈ ടീമിൽ നിക്ഷിപ്തമായ ചുമതല;

7. 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതിയുടെ കൂടുതൽ ഫലപ്രദമായ നടത്തിപ്പിനായി ഗവൺമെന്റിൽ നിന്നും പത്ത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ബാർ കോഴ സംബന്ധിച്ച വിജിലൻസ് കേസ്സുകൾ

26 (*26) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> :
<u>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ വിജിലൻസിനുണ്ടായ വീഴ്ചകൾ എന്തെല്ലാമാണ്;

(ബി) കോഴ വാങ്ങിയവർക്കെതിരെ കേസെടുക്കാൻ പര്യാപ്തമായ തെളിവുകൾ ലഭിച്ചിട്ടും അവയൊന്നും വിജിലൻസ് പരിഗണിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു;

(സി) നിയമാനുസൃതവും മുഖം നോക്കാതെയും നടപടി സ്വീകരിക്കാതിരുന്നത് മൂലം വിജിലൻസിനു സ്വന്തം വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്നതും കോടതികളിൽ നിന്ന് നിരന്തര വിമർശനം ഏറ്റുവാങ്ങേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിജിലൻസ് സംവിധാനത്തെ അഴിമതിക്കെതിരായ സംവിധാനമായി തന്നെ പ്രവർത്തിപ്പിക്കാൻ തയ്യാറാകുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ബാർ കോഴക്കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല.

(ബി) അഴിമതി നിരോധന നിയമത്തിൽ വിവക്ഷിച്ചിട്ടുള്ള കുറ്റങ്ങൾക്ക് ആസ്പദമായ ഘടകങ്ങളും അതിലേക്ക് ഉപോൽബലകമായ തെളിവുകളും വെളിവാകാതെ വന്നതുമൂലം ആരോപണങ്ങൾ മാത്രം മുഖവിലയ്ക്കെടുത്ത് കേസ്സുമായി മുന്നോട്ട് പോകാൻ സാധിക്കുകയില്ല. ആയതിനാലാണ് കേസ്സുകൾ നിലനിൽക്കുന്നില്ലെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുള്ളത്.

(സി) വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ആരോപിക്കുന്നതുപോലെ ബഹുമാനപ്പെട്ട കോടതി യാതൊരു വിമർശനവും നടത്തിയിട്ടില്ല.

(ഡി) അഴിമതിക്കെതിരായ ശക്തമായ സംവിധാനമായിത്തന്നെയാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിച്ചുവരുന്നത്.

**വികസന-ക്ഷേമ പ്രവർത്തനങ്ങൾ**

27(*27) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നിരവധി വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വികസന-ക്ഷേമ പ്രവർത്തനങ്ങൾ വിപുലമായി നടപ്പാക്കുന്നതിന് ഇനിയും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും പ്രാവർത്തികമാക്കാൻ സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതി, മെട്രോ റെയിൽ പദ്ധതി, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം, ഭീകരാക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ മക്കൾക്ക് എം.ബി.ബി.എസ്.-ന് അപേക്ഷിക്കാം, ഹീമോഫീലിയ രോഗികൾക്ക് മരുന്ന് ആജീവനാന്തം സൗജന്യം, മുന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്ക് പഠന പരിശീലന ധനസഹായം, ഇ-ട്രഷറി റീഫണ്ട് സംവിധാനം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കേരളം ഒന്നാമത്, കാഴ്ച വൈകല്യമുള്ളവർക്ക് ക്ഷേമ പദ്ധതി, 24 മണിക്കൂറും പ്രവർത്തിക്കുന്ന മുഖ്യമന്ത്രിയുടെ കോൾ സെന്റർ, കെ.എസ്.ആർ.ടി.സി. കൂടുതൽ അന്തർ സംസ്ഥാന പദ്ധതികൾ, ശരണ്യ തൊഴിൽ പദ്ധതി, 18 വയസ്സിന് താഴെയുള്ളവർക്ക് സൗജന്യ ക്യാൻസർ ചികിത്സ, ക്യാൻസർ രോഗികൾക്ക് ബസ് യാത്രാ നിരക്കിൽ ഇളവ്, കാരുണ്യാ ബെനവലന്റ് പദ്ധതി, പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതി, കായികതാരങ്ങൾക്ക് സർക്കാർ ജോലി, കയർ വ്യവസായ യൂണിറ്റുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, തൈക്കാട് ആശുപത്രിയിൽ വന്ധ്യതാ ചികിത്സാ കേന്ദ്രം, പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളാൻ നടപടി, യെമനിൽനിന്ന് നെടുമ്പാശ്ശേരിയിൽ എത്തിയവരെ സൗജന്യമായി നാട്ടിലെത്തിക്കൽ, ഫ്രണ്ട്സ് സേവനകേന്ദ്രത്തിലെ ഫീസീടാക്കാനുള്ള നിർദ്ദേശം പിൻവലിച്ചത്, ആശാ പ്രവർത്തകർക്ക് ഇൻഷ്വറൻസ് പരിരക്ഷ, കേരളത്തിന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരം, എല്ലാ വിദ്യാലയങ്ങളിലും സഹായപ്പെട്ടികൾ സ്ഥാപിക്കാനുള്ള നിർദ്ദേശം, പോളിഹൗസ് കർഷകർക്ക് വൈദ്യുതി സബ്സിഡി, ജനജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കാത്ത ജൈവ വൈവിധ്യ സംരക്ഷണം, കേരളം മികച്ച ഇ-ഗവേണൻസ് സംസ്ഥാനം, കായിക വൈകല്യമുള്ളവർക്ക് വോട്ട് രേഖപ്പെടുത്താൻ പ്രത്യേക സൗകര്യം, ഗുണനിലവാരമില്ലാത്ത മരുന്നുകൾക്ക് നിരോധനം, സിവിൽ സർവ്വീസ് മെയിൻ സൗജന്യ പരിശീലനം, IITF 2015 Make in Kerala -യുമായി കേരള പവലിയൻ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രൊട്ടക്ഷൻ സെൽ, വിമുക്തഭടന്മാരുടെയും ആശ്രിതരുടെയും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത്, ദേശീയപാതയിൽ അപകടപ്പെടുന്നവരുടെ

ചികിത്സാ ചെലവ് സർക്കാർ വഹിക്കും, പ്രമുഖ പത്രപ്രവർത്തക പെൻഷൻ വർദ്ധിപ്പിച്ചു, വിതുരയിൽ ഐസർ കാമ്പസ് പ്രവർത്തനം ആരംഭിച്ചു, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ സെക്യൂരിറ്റി കാർഡും പ്രോസ്പെക്ടസും, പ്രതിരോധസേന സൗജന്യ പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം, രണ്ടു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ അമ്മമാരെ തെരഞ്ഞെടുപ്പ് ജോലിയിൽ നിന്ന് ഒഴിവാക്കി, കൈപ്പാട്-പൊക്കാളി സംയോജിത മത്സ്യ നെൽ കൃഷിക്ക് ധനസഹായം, വികസന വാർത്തകൾ ഇനി ദൃശ്യങ്ങളായി സ്മാർട്ട് ഫോണിൽ, സെക്രട്ടേറിയറ്റ് അനക്സ് - II ഉദ്ഘാടനം തുടങ്ങിയ സുപ്രധാനമായ വികസന ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ കാലാകാലങ്ങളിൽ ക്രിയാത്മകമായി നടപ്പിലാക്കിയിട്ടുണ്ട്. വികസന ക്ഷേമപ്രവർത്തനങ്ങൾ ഇനിയും കാലാകാലങ്ങളിൽ നടപ്പിലാക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്ന് നടപടികൾ കൈക്കൊണ്ടുവരുന്നു.

**ക്രമസമാധാന രംഗത്ത് കേരളം കൈവരിച്ച നേട്ടം**

28 (*28) ശ്രീ. വർക്കല കഹാർ:

ശ്രീ. കെ. ശിവദാസൻ നായർ:

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന രംഗത്ത് കേരളം ദേശീയ തലത്തിൽ ഉന്നത സ്ഥാനത്ത് എത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടേയും സർവ്വേകളുടേയും വിശാദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഉണ്ട്. ഇന്ത്യയിൽ ക്രമസമാധാന നില ഏറ്റവും ഭദ്രമായ സംസ്ഥാനങ്ങളിൽ ഒന്നാമത് കേരളമാണെന്ന് പ്രമുഖ മാധ്യമ സർവ്വേകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഗുരുതര സ്വഭാവമുള്ള ക്രിമിനൽ കുറ്റങ്ങൾ കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറച്ച് മാത്രമേ രേഖപ്പെടുത്തി

കാണുന്നുള്ളുവെന്ന് മാധ്യമങ്ങളുടെ പഠനങ്ങളിലൂടെ വ്യക്തമായിട്ടുണ്ട്. സംസ്ഥാനത്തെ ഉയർന്ന സാക്ഷരതയും, കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പോലീസിന്റെ പ്രവർത്തന മികവും, പോലീസിന്റെ സാന്നിദ്ധ്യം സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ഉറപ്പുവരുത്തിയതും ഇതിന് സഹായകരമായിട്ടുണ്ട്. ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രി സുരക്ഷ, സ്ത്രീ-സുരക്ഷ എന്നീ പദ്ധതികളുടെ നടത്തിപ്പിലൂടെ പോലീസിന്റെ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിലൂടെ കുറ്റകൃത്യങ്ങൾ ഉണ്ടാകുന്നത് മുൻകൂട്ടി തടയുന്നതിനും സാധിക്കുന്നുണ്ട്. ഇതിനുപുറമേ, കർശനമായ വാഹന പരിശോധന, കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണം എന്നീ പ്രവർത്തന ങ്ങളിലൂടെ ഒരു മികച്ച ക്രമസമാധാന അന്തരീക്ഷം സംസ്ഥാനത്ത് രൂപപ്പെടുത്തി എടുക്കുവാൻ കേരള പോലീസിന് സാധിച്ചിട്ടുണ്ട്.

ഇന്ത്യയിൽ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള ഇന്ത്യാ ടുഡേ സർവ്വേയിൽ, കേരളത്തിന് മികച്ച ഭരണത്തിനുള്ള ഒന്നാം സ്ഥാനം ലഭിച്ചതായി 2015 നവംബർ മാസത്തെ വാരികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മികച്ച ഭരണത്തിന്റെ മുഖമുദ്രയാണ് കാര്യക്ഷമമായ പോലീസ് പ്രവർത്തനങ്ങൾ എന്ന് ഇന്ത്യാ ടുഡേയിൽ ഊന്നി പറഞ്ഞിട്ടുണ്ട്. ദേശീയ തലത്തിൽ ഐ.പി.സി. പെൻഡിംഗ് കേസ്സുകളുടെ വർദ്ധനവ് 12 ശതമാനം കണ്ട് വർദ്ധിച്ചപ്പോൾ കേരളത്തിൽ രണ്ട് ശതമാനം കുറഞ്ഞുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഐ.പി.സി. കേസ്സുകളുടെ കൺവിക്ഷൻ നിരക്കിന്റെ തോത് 2012-ൽ 65.4 ശതമാനമായിരുന്നപ്പോൾ ആയത് 2013-ൽ 69.7 ആയും, 2014-ൽ 77.8 ആയും വർദ്ധിക്കുകയുണ്ടായി. കൂടാതെ, സ്റ്റേറ്റ് ലോക്കൽ ലാ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ കൺവിക്ഷൻ നിരക്കിന്റെ തോത് 2012-ൽ 95.4 ശതമാനമായിരുന്നപ്പോൾ ആയത് 2013-ൽ 95.7 ആയും, 2014-ൽ 95.8 ആയും വർദ്ധിക്കുകയുണ്ടായി. ഇതിൽ നിന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് നിയമം അനുശാസിക്കുന്ന തരത്തിലുള്ള പരമാവധി ശിക്ഷ ലഭിക്കുന്ന തരത്തിൽ പോലീസിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടുവെന്ന് മനസ്സിലാക്കാവുന്നതാണ്.

മികച്ച ക്രമസമാധാന പാലനം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ഡെസ്ക്, ജനമൈത്രി പോലീസ് സംവിധാനം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്

നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ സ്വീകരിക്കുന്ന കർശന നിയമ നടപടികൾ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ എന്നിവയുൾപ്പെടെയുള്ള സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ഇത്തരം സർവ്വേകളിൽ കേരളത്തിന് മികച്ച സ്ഥാനം നേടിത്തന്നതെന്ന് അനുമാനിക്കാവുന്നതാണ്.

(ബി) ഇന്ത്യാ ടുഡേയുടെ 2015 നവംബർ 16-ലെ വാരികയിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളതിൽ മികച്ച ഗവേർണൻസിന് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ടി ഒന്നാം സ്ഥാനം ലഭിക്കുന്നതിന് പോലീസിന്റെ പ്രവർത്തന മികവ് ഒരു പ്രധാന മാനദണ്ഡമാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ക്രമസമാധാനരംഗത്ത് ഉന്നതനേട്ടം കൈവരിക്കുന്നതിനായി പൊതുജന സുരക്ഷ ഉറപ്പാക്കിയും, പൊതുജനങ്ങളുടെ പരാതികൾ ഉടനടി പരിഹരിച്ചും നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുജന സുരക്ഷയ്ക്ക് ഭംഗം വരുത്തുന്ന സാമൂഹ്യദ്രോഹികൾ ക്കെതിരെ IPC, KP Act, KAAPA പ്രകാരം നടപടികൾ സ്വീകരിച്ചും കരുതൽ തടങ്കലിൽവച്ചും നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്ത്രീകൾ/കുട്ടികൾ/വയോജനങ്ങൾ എന്നിവർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയവയ്ക്ക് കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി വിദ്യാലയങ്ങളിലും പരിസര ങ്ങളിലും പൂർണ്ണമായും ലഹരി വിമുക്തമാക്കുവാൻ സഹായിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ എന്നീ പദ്ധതികൾ, ബ്ലേഡ് മാഫിയകളേയും, ഗുണ്ടാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും നിയന്ത്രിക്കുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. കോമ്പിംഗ് ഓപ്പറേഷനുകളിലൂടെ പിടികിട്ടാപ്പുള്ളികൾ ഉൾപ്പെടെയുള്ള കുറ്റവാളികളെ കണ്ടുപിടിക്കുവാൻ സാധിക്കുന്നുണ്ട്.

ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുക, ട്രാഫിക് ബോധവൽക്കരണം നടത്തുക എന്നിവയ്ക്ക് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് ശുഭയാത്ര. സംസ്ഥാനത്ത് റോഡപകടങ്ങളിൽപ്പെടുന്ന വ്യക്തികൾക്ക് അടിയന്തരമായ പ്രഥമ ശുശ്രൂഷ നൽകി ജീവൻ രക്ഷിക്കുന്നതിന് സഹായകമായ ഒരു പദ്ധതിയാണ് സ്മൈൽ (SMILE). പോലീസ് ഉദ്യോഗസ്ഥരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആരോഗ്യ വകുപ്പും ആഭ്യന്തര വകുപ്പും സംയുക്തമായി നടത്തിയ പദ്ധതിയാണ് ഷെയ്പ്പ്.

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതിയും 'സ്ത്രീ സുരക്ഷാ' പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

ഓരോ സ്ഥലത്തേയും ജനസംഖ്യയും, കുറ്റകൃത്യങ്ങളുടെ നിരക്കും, ദൂരപരിധിയും കണക്കാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുവാൻ പോലീസിന് സാധിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ എത്രയും പെട്ടെന്ന് നിയമ നടപടികൾ സ്വീകരിക്കുവാനും ഇതുമൂലം സാധിക്കുന്നു. ഇക്കാര്യത്തിൽ ഇതര സംസ്ഥാന ങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ കേരളം ബഹുദൂരം മുന്നിലാണ്. ഇതിനുപുറമേ ക്രമസമാധാന നില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ പോലീസ് സ്റ്റേഷൻ തലം മുതൽ റേഞ്ച് തലംവരെ അവലോകനയോഗം കൂടി നടപടികൾ സ്വീകരിക്കാറുമുണ്ട്.

**ഹരിതശ്രീ പദ്ധതി**

29(*29) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സംരക്ഷണത്തിന് ഹരിതശ്രീ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. പ്രസ്തുത പദ്ധതി 2014-15 വർഷത്തിൽ രൂപീകരിച്ച നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

മനുഷ്യന്റെ നിലനിൽപ്പിനുതന്നെ കാരണമായ അന്യാദൃശ പാരിസ്ഥിതിക ഘടകങ്ങൾ, ജൈവവ്യവസ്ഥ എന്നിവ ഭാവിതലമുറയ്ക്ക് അന്യമാകാതിരിക്കാനായി അടിസ്ഥാനപരമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ താഴ്ന്നതലം മുതൽ പൊതുജന പങ്കാളിത്തത്തോടെയും ജനപിന്തുണയോടെയും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ള പങ്കാളിത്ത പാരിസ്ഥിതിക പരിപാലന (PEAP) പദ്ധതിക്ക് സർക്കാർ അനുമതിയും മാർഗ്ഗരേഖയും 24-5-2014 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 89/2014 മുഖേന പുറപ്പെടുവിച്ചിരുന്നു.

ഒരു മനുഷ്യന് ഒരു മരം എന്ന പേരിൽ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം പ്രത്യേകിച്ച് ഒഴിഞ്ഞു കിടക്കുന്ന പൊതുസ്ഥലങ്ങൾ, പുറമ്പോക്കുകൾ, വിദ്യാലയ പരിസരങ്ങൾ, റോഡരികുകൾ, സ്വകാര്യ കൈവശ സ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം പൊതുജന പങ്കാളിത്തത്തോടെ സംസ്ഥാനത്തുടനീളം വൃക്ഷത്തൈകൾ നടുവാനും ആയത് ബന്ധപ്പെട്ട വ്യക്തികൾ പരിപാലിച്ച് വളർത്തിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഉദ്ദേശിച്ചുള്ളതാണ് ഹരിതശ്രീ പദ്ധതി.

2014-15 വർഷത്തിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ-5 ന് സംസ്ഥാനമൊട്ടാകെ പത്തു ലക്ഷം വൃക്ഷത്തൈകൾ വിദ്യാർത്ഥികൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ, ആർമി, നേവി, പോലീസ്, റെയിൽവേ, തപാൽവകുപ്പ്, വിവിധ വകുപ്പുകൾ എന്നിവ മുഖേനയും വിവിധ തുറകളിലുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയും രാവിലെ 10.30 നും 11.30 നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് നട്ടുപരിപാലിച്ചുവരുന്നു.

(ബി) 2014-15 വർഷത്തിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് രാവിലെ 10.30- നും 11.30- നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിനും, ടി തൈകൾ നഷ്ടപ്പെട്ടു പോകാതെ തുടർച്ചയായി പരിപാലിക്കുന്നതിന് അതാത് സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയെ ചുമതലപ്പെടുത്തുന്നതിനും ആയതുവഴി ടി തൈകളെല്ലാം വൃക്ഷമായി മാറി സംസ്ഥാനത്തെ പരിസ്ഥിതിയെ പരിപോഷിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ് ടി പദ്ധതി. പരിസ്ഥിതി പരിപോഷണം ഉറപ്പുവരുത്തുക

എന്നത് കൂടാതെ വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, മത സ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തവും യത്നവും ഇപ്രകാരമുള്ള പരിസ്ഥിതി പരിപാലന പദ്ധതികളിൽ ഉറപ്പുവരുത്തുവാനാണ് ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) 2014 വർഷത്തിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5 - ന് രാവിലെ 10.30 -നും 11.30 -നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് സമൂഹത്തിലെ നാനാ തുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്തൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും അവയെ പരിപാലിച്ച് വളർത്തുകയും ചെയ്തുവരുന്നു. ടി ഹരിത സമയത്ത് 19.55 ലക്ഷം തൈകൾ വിജയകരമായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം**

30(*30) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി)

1. മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുക.
2. ദേശീയപാതകളിലെയും അപകട സാധ്യത കൂടിയ സ്ഥലങ്ങളിലെയും വാഹന പരിശോധനകൾക്ക് പ്രത്യേക ഊന്നൽ നൽകുക.
3. വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക.
4. ജി ഫോറത്തിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ സർവ്വീസ് നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തുക.
5. പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി ഇന്റർസ്റ്റേറ്റ് ആയി സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക.

(സി) എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതിനായി ഒരു എൻഫോഴ്സ്മെന്റ് വിഭാഗവും അതിന് കീഴിൽ 39 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. മേഖലാതലത്തിൽ നാല് ആർ.ടി.ഒ.-മാർക്കാണ് ഇതിന്റെ ചുമതല. സംസ്ഥാനതലത്തിൽ എൻഫോഴ്സ്മെന്റ് നടപടികൾ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ആണ് ഏകോപിപ്പിക്കുന്നത്. ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡിലും 2 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ വീതവും ഓരോ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ വീതവും ആണുള്ളത്. ഗതാഗത കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒന്നും 4 ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ നാലും നാഷണലൈസ്ഡ് സെക്ടർ ആർ.ടി.ഒ. ഒഴികെയുള്ള 17 ആർ.ടി.ഒ.മാരുടെ കീഴിൽ 34-ഉം സ്ക്വാഡുകളാണ് പ്രവർത്തിക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പേഴ്സണൽ സ്റ്റാഫ് സംബന്ധിച്ച വിവരം

31 (1) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ഏതെല്ലാം തസ്തികകളിലായി ആരെല്ലാം പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ; ഇതിൽ നേരിട്ട് നിയമിക്കപ്പെട്ടവർ ആരൊക്കെയാണ് ;

(ബി) മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ഭാഗമായിട്ടുള്ള ഇതര സംവിധാനങ്ങൾ എന്തെല്ലാമാണ്; ഈ സംവിധാനത്തിൽ നിയോഗിക്കപ്പെട്ടവർ ഏതെല്ലാം തസ്തികകളിലായി ആരെല്ലാമാണ്; ഇതിൽ നേരിട്ട് നിയമിക്കപ്പെട്ടവർ ആരൊക്കെയാണ്?

<u>ഉത്തരം</u>

(എ) അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ, 24 മണിക്കൂർ കാൾ സെന്റർ, മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയുടെ ഓഫീസ് എന്നിവയാണ് മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട ഇതര സംവിധാനങ്ങൾ. വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## സ്വാതന്ത്ര്യ-റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഫണ്ട്

32 (2) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ലെ റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് ചെലവായ തുക ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ തുക ജില്ലാ ഭരണകൂടത്തിന് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ അനുവദിക്കും ;

(ബി) കഴിഞ്ഞ കാലങ്ങളിൽ സ്വാതന്ത്ര്യ - റിപ്പബ്ലിക് ദിന ആഘോഷ പരിപാടികൾക്ക് ജില്ലാ ഭരണകൂടങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഏതെങ്കിലും ജില്ലകൾക്ക് ഈ വകയിൽ ഫണ്ട് അനുവദിക്കാൻ ബാക്കിയുണ്ടോ;

(സി) സ്വാതന്ത്ര്യ - റിപ്പബ്ലിക് ദിന പരേഡുകളിൽ പങ്കെടുക്കുന്നവരെ പരേഡ് സ്ഥലത്ത് എത്തിക്കുന്നതിന് ഉപയോഗിച്ച പ്രൈവറ്റ് വാഹനങ്ങൾക്ക് വാടക ഇനത്തിൽ കുടിശ്ശിക ബാക്കിയുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയ ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ അതാത് ജില്ലാ കളക്ടർമാരുടെ ഫണ്ടിൽ നിന്നാണ് നിർവ്വഹിച്ചുവരുന്നത്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ചു നടത്തുന്ന സംസ്ഥാനതല സ്വാതന്ത്ര്യദിന-

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റിപ്പബ്ലിക് ദിനാഘോഷങ്ങൾക്കായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് പ്രത്യേകമായി ഫണ്ട് അനുവദിക്കാറുണ്ട്. 2016-ലെ റിപ്പബ്ലിക് ദിനാഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലാ ഭരണകൂടങ്ങൾക്ക് അഡ്വാൻസായി തുക അനുവദിക്കാറില്ല. ജില്ലാ കളക്ടർമാർ അധിക ഫണ്ട് ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി കൂടുതൽ തുക അനുവദിക്കാറുണ്ട്.

(സി) സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതുൾപ്പെടെയുള്ള ചെലവുകൾ ജില്ലാ കളക്ടർമാരുടെ ഫണ്ടിൽ നിന്നാണ് നിർവ്വഹിച്ചുവരുന്നത്.

**ജനസമ്പർക്ക പരിപാടിയിലെ വാഗ്ദാനം**

33 (3) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കഴിഞ്ഞ തവണ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ പൊന്നാനി മണ്ഡലത്തിലെ പൂർണ്ണമായി തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിന് 18 കോടിരൂപ അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതിനുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് വഴി സർക്കാരിനു ലഭിച്ചിട്ടുണ്ടോ; അവ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) തീരദേശ റോഡുകൾ അടക്കം കടൽ കവർന്ന് ഗതാഗതം സ്തംഭിച്ച തീരദേശ മേഖലയിൽ അടിയന്തരമായി പദ്ധതി നടപ്പാക്കുമോ?

ഉത്തരം

(എ-സി) പൊന്നാനി മണ്ഡലത്തിലെ തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിന് 18 കോടി രൂപയുടെ എസ്റ്റിമേറ്റ് ജലവിഭവ വകുപ്പിൽ ലഭിക്കുകയുണ്ടായി. എന്നാൽ കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-2014) യുടെ തീരുമാനപ്രകാരം കേരളത്തിന്റെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കടൽക്ഷോഭങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുവാനും കടൽക്ഷോഭത്തെ തടയുന്നതിന് പുലിമുട്ടുകൾ ഫലപ്രദമാണോ എന്ന് പരിശോധിക്കുന്നതിനുംവേണ്ടി കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൂനെയിലെ CWPRS -നെ (Central Water Power Research Station) ചുമതലപ്പെടുത്തുകയും, ആയതുപ്രകാരം ലഭ്യമായ CWPRS-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തി/പുലിമുട്ടുകളുടെഡിസൈൻ തയ്യാറാക്കിയതിനു ശേഷം ഈ പ്രവൃത്തി ഉൾപ്പെടെയുള്ള തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാൻ ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദ്ദേശം നല്കിയിട്ടുണ്ട്.

## ഐ.പി.എസ്. സെലക്ഷൻ ലിസ്റ്റ്

34(4) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഐ.പി.എസ്. സെലക്ഷനുവേണ്ടി തയ്യാറാക്കിയവരുടെ ലിസ്റ്റ് കേന്ദ്ര ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ടോ; കൈമാറിയ ലിസ്റ്റിൽ എത്ര പേരുണ്ട്; ആരെല്ലാം;

(ബി) ഐ.പി.എസ്. സെലക്ഷന് അർഹമായിട്ടുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയത് ഏത് മാനദണ്ഡ പ്രകാരം ആയിരുന്നു;

(സി) കേന്ദ്ര സർക്കാരിന് അയച്ച് കൊടുത്ത ലിസ്റ്റിനെതിരെയും ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിനെതിരെയും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇവ പരിഗണിക്കുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം IPS സെലക്ഷനുവേണ്ടി, 2010 വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി 23 പേർ അടങ്ങിയ പട്ടികയും 2011 വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി 24 പേർ അടങ്ങിയ പട്ടികയും 2012 വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി 10 പേർ അടങ്ങിയ പട്ടികയും 2013 വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി 9 പേർ അടങ്ങിയ പട്ടികയും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 2014 വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി 16 പേർ അടങ്ങുന്ന പട്ടിക തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയുണ്ടായി.

(ബി) I.P.S. (Appointment by promotion) Regulation, 1955, DoPT Notification dated 17-3-2015, O.M.No.F.No.14015/30/, 2015- AIS-I dated 20-3-2015 എന്നീ മാനദണ്ഡങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഐ.പി.എസ്. സെലക്ഷന് അർഹമായിട്ടുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടി**

35(5) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ജില്ലകളിൽ നടത്തിയ ജനസമ്പർക്ക പരിപാടികൾ എത്രയായിരുന്നു;

(ബി) എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; ഓരോ ജനസമ്പർക്ക പരിപാടിയിലും ഇതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) ഇതിൽ, എത്ര പേരുടെ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റി എന്ന് അറിയിക്കാമോ;

(ഡി) ഇക്കാര്യത്തിൽ, കളക്ടർമാർക്ക് അധികാരം നൽകി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എപ്പോൾ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) നിലവിൽ ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള എ.പി.എൽ.-കാരുടെ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നില്പുണ്ടോ; എങ്കിൽ എത്ര;

(എഫ്) ഇക്കാര്യത്തിൽ, സമയബന്ധിതമായി തീരുമാനം എടുക്കാത്തതിന്റെ പേരിൽ ഏതെങ്കിലും കളക്ടർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, വ്യക്തമാക്കാമോ;

(ജി) ഇപ്രകാരം താഴെത്തട്ടിലുള്ള അധികാരം മുഖ്യമന്ത്രി ഉപയോഗിക്കാൻ തുടങ്ങിയതിൽ പിന്നെ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥന്മാർ പ്രസ്തുത അധികാരം ഇപ്പോൾ വിനിയോഗിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും 2011, 2013, 2015 എന്നീ വർഷങ്ങളിലായി 3 തവണ വീതം ഈ പരിപാടി നടത്തിയിട്ടുണ്ട്.

(ബി) 2,60,728 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 42,892 പേരുടെ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റിയിട്ടുണ്ട്.

(ഡി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു*.

(ഇ) 36,329 പേരുടെ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നില്പുണ്ട്.

(എഫ് & ജി) ഇല്ല.

**ശമ്പള കമ്മീഷൻ ശിപാർശ**

36(6) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ശമ്പള സ്കെയിലുകളും മറ്റാനുകൂല്യങ്ങളും പരിമിതപ്പെടുത്തി എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലെ ശമ്പള സ്കെയിലുകളും ആനുകൂല്യങ്ങളുമാണ് പരിമിതപ്പെടുത്തിയതെന്നും, ഇവർക്ക് ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത ആനുകൂല്യങ്ങളും പരിമിതപ്പെടുത്തിയ ആനുകൂല്യങ്ങളും എത്ര വീതമാണെന്ന് വിശദമാക്കുമോ;

(ബി) പരിമിതപ്പെടുത്തിയ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമായി ശമ്പള കമ്മീഷൻ എന്തെങ്കിലും തരത്തിലുള്ള ശിപാർശകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ശുപാർശകൾ എന്തെല്ലാം; ഈശിപാർശകൾ നടപ്പാക്കുന്നതു സംബന്ധിച്ചുള്ള തീരുമാനം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം എ-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ശിപാർശകളടങ്ങുന്ന പത്താം ശമ്പള കമ്മീഷൻ രണ്ടാംഘട്ട റിപ്പോർട്ട് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട് (അനുബന്ധമായി ചേർത്തിരിക്കുന്നു.)*

പത്താം ശമ്പള കമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20-02-2016-ലെ സ.ഉ.(അച്ചടി) നമ്പർ 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി.) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാത്ത ഫയലുകൾ

37(7) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏറ്റവും ഒടുവിലത്തെ കണക്കു പ്രകാരം ഓരോ മന്ത്രിയുടെയും പരിഗണനയ്ക്ക് വന്ന ഫയലുകളിൽ ഇനിയും തീരുമാനമെടുക്കാൻ ബാക്കി നിൽപ്പുള്ളവ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലുകളിൽ മൂന്ന് മാസം, ആറ് മാസം, ഒരു വർഷം, രണ്ട് വർഷം എന്നീ കാലയളവുകൾക്ക് ശേഷവും തീർപ്പാകാതെ കെട്ടികിടക്കുന്ന എത്ര ഫയലുകൾവീതം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മുഖ്യമന്ത്രിയുടെ ഓഫീസിൽ മന്ത്രിസഭായോഗ തീരുമാനത്തിന് മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായ എത്ര ഫയലുകൾ 2016 ജനുവരി 31 ന് ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) മന്ത്രിസഭയുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ട എത്ര ഫയലുകൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ 2016 ജനുവരി 31 ന് ബാക്കിയുണ്ടായിരുന്നെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2015 ഡിസംബർ മാസത്തിലെ റിപ്പോർട്ട് പ്രകാരം സെക്രട്ടേറിയറ്റിൽ ആകെ 1,37,732 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നു. അവയിൽ 28,115 ഫയലുകൾ ആ മാസം തീർപ്പാക്കുകയുണ്ടായി. ബാക്കി 1,09,617 ഫയലുകളാണ് തീർപ്പാക്കാതെ ഉണ്ടായിരുന്നത്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

**കർഷക ആത്മഹത്യകൾ**

38(8) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കർഷക ആത്മഹത്യകളാണ് സംസ്ഥാനത്ത് ആകെ ഉണ്ടായതെന്ന് വർഷം, ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ബി) റബ്ബർ വിലയിടിവ് മൂലമുള്ള സാമ്പത്തിക പ്രയാസം കാരണം എത്ര കർഷകരാണ് ആത്മഹത്യ ചെയ്തതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവർക്ക് സർക്കാർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ 66 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വർഷം, ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി)റബ്ബർ വിലയിടിവ് മൂലമുള്ള സാമ്പത്തിക പ്രയാസം കാരണം കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

**റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പരിഷ്കരിക്കാൻ നടപടി**

39(9) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) P.S.C.-യുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) P.S.C.-യുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗ രേഖകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഉദ്യോഗാർത്ഥികളെ താത്ക്കാലിക അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്ന രീതി അവസാനിപ്പിച്ച് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് പ്രസ്തുത മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ P.S.C. സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒരു തസ്തികയുടെ റാങ്ക് പട്ടികാ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗത വർദ്ധിപ്പിക്കുവാൻ പി.എസ്.സി. നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി One time Registration, One time Verification എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പരീക്ഷ നടത്തിപ്പിന്റെ വേഗത, കാര്യക്ഷമത, കൃത്യത എന്നിവ വർദ്ധിപ്പിക്കുന്നതിനായി Online പരീക്ഷ ആരംഭിച്ചു. ഡോക്ടർമാർ, LDC, LGS, അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്/പി.എസ്.സി.) പോലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിവയുടെ റാങ്ക് പട്ടികകൾ സമയബന്ധിതമായി പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. Uniformed Force-ലെ വിവിധ തസ്തികകൾക്ക് വാർഷിക നിയമനം സാധ്യമായിട്ടുണ്ട്. എല്ലാ തസ്തികകളിലും സമയബന്ധിതമായി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച്, റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത കാരണത്താൽ ജീവനക്കാരുടെ അഭാവം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുക എന്നതും, അതുവഴി പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കുക എന്നതുമാണ് ലക്ഷ്യം.

(സി) കോടതി ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രത്യേക സാഹചര്യത്തിലല്ലാതെ റാങ്ക് പട്ടികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്ന രീതി ഇപ്പോൾ നിലവിലില്ല. Absolute basis-ൽ മാത്രമാണ് റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നത്.

(ഡി) ഓൺലൈൻ പരീക്ഷ നടത്തുന്നതിനായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിലായി Online പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ Online പരീക്ഷാ കേന്ദ്രനിർമ്മാണം പുരോഗമിക്കുന്നു.

**കേന്ദ്ര അവഗണന**

40 (10) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കേന്ദ്ര ഗവൺമെന്റിന് വിവിധ ഘട്ടങ്ങളിലായി സമർപ്പിച്ച നിവേദനങ്ങളിലെ എന്തെല്ലാം ആവശ്യങ്ങളാണിപ്പോഴും പരിഗണിക്കപ്പെടാതെ അവശേഷിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രധാനമന്ത്രി സംസ്ഥാനത്ത് രണ്ട് ദിവസം ഉണ്ടായിരുന്നപ്പോൾ ഇവയിൽ ഏതെങ്കിലും പ്രശ്നത്തിൽ വീണ്ടും നിവേദനം നൽകി വിശദമായി സംസാരിച്ച് ബോധ്യപ്പെടുത്താനോ നേടിയെടുക്കാനോ സാധ്യമായിട്ടുണ്ടോ;

(സി) നിരന്തരമായുള്ള കേന്ദ്ര അവഗണന, സംസ്ഥാനത്തിന്റെ വികസനത്തെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു?

<u>ഉത്തരം</u>

(എ) സംസ്ഥാനം മുന്നോട്ടുവച്ച എല്ലാ ആവശ്യങ്ങളും കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) 2015 ഡിസംബർ 14, 15 തീയതികളിലാണ് പ്രധാനമന്ത്രി കേരളത്തിലുണ്ടായിരുന്നത്. 15-ാം തീയതി വൈകുന്നേരം 5.20 മുതൽ 5.40 വരെയുള്ള സമയത്തിലാണ് മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും തിരുവനന്തപുരത്ത് വച്ച് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്. കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾ മുഖ്യമന്ത്രി നിവേദനത്തിലൂടെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. അവ ചുവടെ ചേർക്കുന്നു:

1. മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട വിഷയങ്ങൾ.
2. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അന്തിമ നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ.
3. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കൽ
4. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ

5. സംസ്ഥാനത്തേക്കുള്ള ഭക്ഷ്യധാന്യ ലഭ്യത 14.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 16.25 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുക.

6. 2013 -ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ അനാഥരുടെയും സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെയും താത്പര്യം സംരക്ഷിക്കുക.

7. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി

8. കേരളത്തിലെ സബർബൻ റെയിൽവേ

9. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുനരധിവാസത്തിന് സാമ്പത്തിക സഹായം.

10. കേരളത്തിൽ എയിംസ് (AIIMS) അനുവദിക്കുക.

11. നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈൻ

12. തിരുവനന്തപുരത്തുള്ള ആർ.സി.സി.യെ നാഷണൽ ക്യാൻസർ സെന്ററായി ഉയർത്തുക.

13. മലബാർ ക്യാൻസർ സെന്ററിനെ റീജിയണൽ ക്യാൻസർ സെന്ററായി ഉയർത്തുക

14. കേരളത്തിൽ എയർ കേരള എക്സ്പ്രസ് നടത്തിപ്പ് സംബന്ധിച്ച്

15. ഗൾഫ് സെക്ടറിലേയ്ക്കുള്ള യാത്രാക്കൂലിയുടെ നിയന്ത്രണം.

16. പാലോട് JNTBGRI കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച്

17. എൽ.എൻ.ജി.-ക്കുവേണ്ടി ഗെയിലിന്റെ പൈപ്പിടൽ സംബന്ധിച്ച്.

ഇപ്രകാരം നിവേദനം നൽകി വിവരം ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർതലത്തിൽ നടന്നുവരുന്നത്. പ്രധാനപ്പെട്ട എല്ലാ ആവശ്യങ്ങളോടും അനുകൂലമായ നിലപാടാണ് കേന്ദ്ര സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്.

## ജനങ്ങളെ നേരിൽക്കണ്ട് പ്രശ്നങ്ങൾ അറിയുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള പരിപാടി

41 (11) ശ്രീ. ഹൈബി ഈഡൻ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളെ നേരിൽ കണ്ട് പ്രശ്നങ്ങൾ അറിയാനും അവയ്ക്ക് പരിഹാരം കാണാനുള്ള പരിപാടി നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര ഘട്ടങ്ങളിലായാണ് ഈ പരിപാടി നടത്തിയത്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഈ പരിപാടിക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) സാധാരണക്കാരുടെ വിവിധ ജീവിതപ്രശ്നങ്ങൾ നേരിട്ടറിയാനും അവയ്ക്ക് പരിഹാരം കാണുന്നതും ലക്ഷ്യമിട്ട് സംസ്ഥാനത്തെ 14 ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും 2011, 2013, 2015 എന്നീ വർഷങ്ങളിലായി 3 തവണ വീതം ഈ പരിപാടി നടത്തിയിട്ടുണ്ട്. ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച അനേകം പരാതികളിൽ പലതും ഉടൻ പരിഹാരം കാണാൻ കഴിയുന്നതായിരുന്നില്ല. അതിന് ഭരണപരമായ ചില നടപടിക്രമങ്ങളിൽ മാറ്റം വരുത്തേണ്ടതായോ അയവുവരുത്തേണ്ടതായോ ഉണ്ടായിരുന്നു. ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച അനുഭവത്തിന്റെ വെളിച്ചത്തിൽ ജനങ്ങൾ നേരിടുന്ന ചില ബുദ്ധിമുട്ടുകൾ സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിൽ ചർച്ച ചെയ്യുകയും പലതും മാറ്റങ്ങൾക്കു വിധേയമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ ഉത്തരവുകൾ പുറപ്പെടുവിക്കുകയും കഴിയുന്നത്ര പരാതികൾക്ക് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്.

(സി) ഐക്യരാഷ്ട്ര സംഘടന ആഗോളതലത്തിൽ പബ്ലിക് സർവ്വീസിനു നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചിട്ടുണ്ട്.

## അടിസ്ഥാന വികസന പദ്ധതികൾ

42 (12) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചറൽ പ്രോജക്ടിൻകീഴിൽ പതിനാല് ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള പദ്ധതികൾക്ക് എത്ര കോടി രൂപ അനുവദിക്കുമെന്നായിരുന്നു 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്; ഇതിനായി പൊതു വിപണിയിൽ നിന്ന് കണ്ടെത്തിയ പണം എത്ര; ഇതിനായി പിൻവലിച്ച തുക എത്ര;

(ഡി) പ്രസ്തുത പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കിയത് ഏതു ഏജൻസികളാണ്; ഓരോ പദ്ധതിയുടെയും പ്രോജക്ട് റിപ്പോർട്ടു പ്രകാരം കണക്കാക്കപ്പെട്ട പദ്ധതി ചെലവ് എത്ര കോടി രൂപ വീതമാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചറൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പദ്ധതികൾക്കും സ്ഥലമെടുപ്പ് ആവശ്യമില്ല. ചില പദ്ധതികളുടെ സ്ഥലമെടുപ്പ് പുരോഗമിച്ചു വരുന്നു. സ്ഥലമെടുപ്പ് ആവശ്യമുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സർക്കാർ പൊതു വിപണിയിൽ നിന്നും സമാഹരിക്കുന്ന ഫണ്ടിൽ നിന്നും 1400 കോടി രൂപ ഈ പദ്ധതികൾക്കായി മാറ്റി വയ്ക്കുമെന്നായിരുന്നു 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. എന്നാൽ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഡീസലിന്റെയും പെട്രോളിന്റെയും ഒരു രൂപ ക്രമത്തിലുള്ള അധിക വിൽപ്പന നികുതിയുടെ 50% ഈ പദ്ധതികളുടെ നടത്തിപ്പിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യപാദത്തിലുള്ള അധിക വിൽപ്പന നികുതി വിഹിതമായ 50 കോടി രൂപ പദ്ധതിയുടെ ധനസമാഹരണ ചുമതലയുള്ള കേരള റോഡ് ഫണ്ട് ബോർഡിന് അനുവദിക്കണമെന്ന ശിപാർശ പരിഗണിച്ചു വരികയാണ്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്. 15 പദ്ധതികളുടെ റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. റിപ്പോർട്ട് തയ്യാറാക്കിയ ഏജൻസികളുടെ പേരും ഓരോ പദ്ധതിക്കും കണക്കാക്കപ്പെട്ടിട്ടുള്ള അടങ്കൽ ചെലവും അനുബന്ധമായി ചേർക്കുന്നു. * മറ്റ് പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**പഞ്ചിംഗ് സംവിധാനം**

43 (13) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരാഫീസുകളിൽ പഞ്ചിംഗ് സംവിധാനം (Computerised Attendance Management System) നടപ്പിലാക്കുവാൻ ഉത്തരവ് ഇറക്കിയതെന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എത്ര ഓഫീസുകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാനുണ്ടെന്നും, സമയബന്ധിതമായി അവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ഓഫസുകളിൽ പഞ്ചിംഗ് സംവിധാനവുമായി ബന്ധപ്പെടുത്തി ശമ്പള ബിൽ തയ്യാറാക്കാൻ (spark) നടപടി സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ, അത്തരം സംവിധാനം നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ എല്ലാ ഡയറക്ടറേറ്റുകളിലും ബയോമെട്രിക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫിംഗർ പ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) നടപ്പാക്കുന്നതിന് നിർദ്ദേശിച്ച് 13-9-2010-ൽ സ.ഉ.(എം.എസ്.) നമ്പർ 315/10/പൊഭവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടേറിയറ്റ് ഒഴികെയുള്ള എല്ലാ സർക്കാർ ഓഫീസുകളിലും പഞ്ചിംഗ് സംവിധാനം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

സംസ്ഥാനത്ത് പഞ്ചിംഗ് സമ്പ്രദായം നിലവിലുള്ള സർക്കാർ ഓഫീസുകളെ സംബന്ധിച്ച് 9-7-2013 വരെ സമാഹരിച്ചിട്ടുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

വകുപ്പ് തലവന്മാർ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി യുക്തമായ തീരുമാനമെടുക്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് അനുബന്ധമായി ചേർത്തിട്ടുള്ള ഓഫീസുകളിൽ പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളത്. പഞ്ചിംഗ് സിസ്റ്റം ഇനിയും നടപ്പാക്കാത്ത ഓഫീസുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വകുപ്പ് തലവൻമാർക്കുതന്നെ തീരുമാനമെടുക്കാവുന്നതാണ്.

(ഡി) നിലവിൽ ഇത്തരത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പഞ്ചിംഗ് സംവിധാനവുമായി ബന്ധപ്പെടുത്തി ശമ്പള ബിൽ തയ്യാറാക്കണമെന്ന നിർദ്ദേശം പരിശോധിച്ചുവരുന്നു.

## മലപ്പുറം ക്യാൻസർ ആശുപത്രി

44(14) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ച മലപ്പുറത്ത് ക്യാൻസർ ആശുപത്രിയെന്ന പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ജില്ലയിൽ എവിടെയാണ് ആരംഭിക്കുന്നതെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ മലപ്പുറത്ത് ക്യാൻസർ സെന്റർ ആശുപത്രിയെന്ന പദ്ധതി പ്രാരംഭഘട്ടത്തിലാണ്. ഈ പദ്ധതിയ്ക്ക് വേണ്ടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആദായ നികുതി വകുപ്പിൽ നിന്നും വാങ്ങേണ്ട സർട്ടിഫിക്കറ്റുകൾ ലഭ്യമായിട്ടുണ്ട്. പദ്ധതിക്ക് സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും മലപ്പുറത്ത് ഒരു താല്ക്കാലിക ഓഫീസ് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഈ പദ്ധതി മലപ്പുറം ജില്ലയിൽ പാണക്കാടാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ആവശ്യമായ 25 ഏക്കർ സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതി 4 കൊല്ലം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം

45 (15) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സെക്രട്ടേറിയറ്റിൽ എസ്. സി., എസ്. ടി., തദ്ദേശസ്വയം ഭരണം, റവന്യൂ, വിദ്യാഭ്യാസം എന്നീ വകുപ്പുകളിലെ അധിക ജോലി ഭാരം പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ജീവനക്കാർക്ക് പബ്ലിക് റിലേഷൻസിൽ പരിശീലനം നൽകുമോ;

(സി) ജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ഫ്രണ്ട് ഓഫീസിൽ നിന്നുതന്നെ ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ സെക്രട്ടേറിയറ്റിലെ എസ്.സി., എസ്.ടി., തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിലെ ജോലി ഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ ജോലിഭാരം സംബന്ധിച്ച് ഒരു ത്വരിതപഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പഠന റിപ്പോർട്ട് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ പരിശോധനയിലാണ്.

(ബി) പൊതുഭരണ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ കീഴിൽ 'മികവിന്റെ കേന്ദ്രം' എന്ന പേരിൽ ഒരു പരിശീലന കേന്ദ്രം

സ്ഥാപിതമായിട്ടുണ്ട്. ഇവിടെ പൊതുജന സമ്പർക്കത്തിൽ ജീവനക്കാർക്ക് മികവ് പുലർത്തുന്നതിനായി "Motivation and Inter Personal Relationship, Good governance through e-governance, Yoga and Stress Management" എന്നീ വിഷയങ്ങളിൽ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു.

(സി) ഫ്രണ്ട് ഓഫീസിൽ ലഭ്യമായ ഇൻഫർമേഷൻ സംവിധാനം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങൾ സന്ദർശകർക്ക് നൽകുന്നു. ആവശ്യമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ /സെക്ഷനുകളിൽ നിന്നും സന്ദർശകർക്ക് ഫോൺ മുഖേന വിവരങ്ങൾ ശേഖരിച്ചും നൽകിവരുന്നു.

**പാലക്കാട് ജില്ലയിലെ ജനസമ്പർക്ക പരിപാടി**

46 (16) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ച പരാതികൾ എത്രയാണ്; നേരിട്ട് ലഭിച്ചതും നേരത്തെ രജിസ്റ്റർ ചെയ്തതും പ്രത്യേകം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതികളിൽ എത്ര എണ്ണത്തിൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ട്;

(സി) ചികിത്സാ ധനസഹായത്തിനു വേണ്ടി ഈ ജില്ലയിൽ ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച അപേക്ഷകൾ എത്ര;

(ഡി) ഇതിൽ എത്ര പേർക്ക് എത്ര തുക വിതരണം ചെയ്തു എന്നു വ്യക്തമാക്കാമോ;

(ഇ) അർഹരായ പലർക്കും ധനസഹായം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 30,852 അപേക്ഷകളും രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 37,761 അപേക്ഷകളും മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി 'കരുതൽ 2015'-ൽ ഓൺലൈനായി 15,023 അപേക്ഷകളും നേരിട്ട് 18,234 അപേക്ഷകളും കൂടി ആകെ 1,01,870 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ടത്തിലെയും രണ്ടാം ഘട്ടത്തിലെയും മുഴുവൻ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. മൂന്നാംഘട്ടമായ 'കരുതൽ 2015'-ൽ 28,120 അപേക്ഷകളിൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ട്.

(സി) മൂന്ന് ഘട്ടങ്ങളിലായി 25,477 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) 13,107 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്.

(ഇ) മൂന്ന് ഘട്ടങ്ങളിലുമായി ചികിത്സാ ധനസഹായത്തിന് വേണ്ടി ആകെ ലഭിച്ച അപേക്ഷകൾ 25,477 ആയിരുന്നു. അവയിൽ 13107 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ടെന്നു മറുപടി നൽകിയിരുന്നു. എന്നാൽ DBT വഴി 3,383 പേർക്ക് തുക വിതരണം ചെയ്തതുകൂടി ഉൾപ്പെടുത്തി ആകെ 16,490 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലുമായി 7487 പേർ ധനനസഹായത്തിന് അനർഹരാണ്. ബാക്കിവരുന്ന 1500 പേർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

## പ്രതിപക്ഷനേതാവിന്റെ ഔദ്യോഗികവസതി മോടിപിടിപ്പിക്കുന്നതിന് വിനിയോഗിച്ച തുക

47 (17) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ;

(സി) ഔദ്യോഗിക വസതിയിലേയ്ക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 61,47,625 രൂപയും ഇലക്ട്രിക്കൽ ഇനത്തിൽ 17,79,811 രൂപയും ഫർണിച്ചർ റിപ്പയറിംഗിനും, പോളിഷിംഗിനും 1,62,736 രൂപയും കർട്ടൻ ഫിറ്റിംഗ്സ് ഇനത്തിൽ 1,39,806 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ടെലിഫോൺ ചാർജ്ജിനത്തിൽ 31-12-2015 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഓഫീസ് | - | 4,41,063 രൂപ |
| വസതി | - | 2,55,395 രൂപ |
| മൊബൈൽ ഫോൺ | - | 33,546 രൂപ |
| ആകെ | | 7,30,004 രൂപ |

അതിഥി സൽക്കാരത്തിനായി 1,54,798 രൂപയും, യാത്രാ ബത്ത ഇനത്തിൽ 6,38,680 രൂപയും ചെലവായിട്ടുണ്ട്.

(സി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി നാളിതുവരെ ആകെ 12,93,472 രൂപ ചെലവായിട്ടുണ്ട്.

## ഭരണമികവിന് ദേശീയ അന്തർദ്ദേശീയ അംഗീകാരം

48(18) ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണമികവിന് സംസ്ഥാനത്തിന് ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അംഗീകാരം ഏതെല്ലാം മേഖലകളിലാണ് ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലകളാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാന ഭരണത്തിന്റെ മികവിന് യു.എൻ.ഡി.പി.-യുടെ പ്രശംസ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും സുതാര്യമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.-യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പു രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലെയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. ഇതിനു പുറമേ സുസ്ഥിര ടൂറിസം വികസനത്തിനുള്ള ഐക്യരാഷ്ട്ര സംഘടനയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന തിരുവനന്തപുരം നഗരത്തിലെ റോഡ് വികസന പദ്ധതിക്ക് വാഷിംഗ്ടൺ ആസ്ഥാനമായ ഇന്റർനാഷണൽ റോഡ് ഫെഡറേഷന്റെ 2015-ലെ ഗ്ലോബൽ റോഡ് അച്ചീവ്മെന്റ് അവാർഡ് സംസ്ഥാനത്തിന് ലഭിച്ച മറ്റൊരു അന്താരാഷ്ട്ര അംഗീകാരമാണ്. കൃഷി, പൊതുഭരണം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യവികസനം എന്നീ മേഖലകളിലെ മികവിന് 2012-13 വർഷത്തെ ഇന്ത്യാ ടുഡേ സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ്സ് അവാർഡ്, സംസ്ഥാനത്തെ അദ്ധ്യാപന രീതിയ്ക്ക് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ച സെൻട്രൽ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം 2011, 2012, 2014, 2015 എന്നീ വർഷങ്ങളിൽ വിവര പൊതുജന സമ്പർക്ക വകുപ്പിന് ലഭിച്ച IITF മെഡലുകൾ എന്നിവ സംസ്ഥാനത്തിന് കിട്ടിയ ചില ദേശീയ അംഗീകാരങ്ങളാണ്.

ഇവ കൂടാതെ സംസ്ഥാനത്തെ ഐ.ടി. വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പ്രമുഖ e-governance പദ്ധതികളായ അക്ഷയ, e-district, e-procurement, e-office, ആധാർ എന്നീ പദ്ധതികൾക്ക് ദേശീയ പുരസ്കാരങ്ങളായ ഇ വേർഡ് അവാർഡ്, CSI നിഹിലന്റ് അവാർഡ്, Geospatial Leadership Award, Data Quest CMR e-Readiness Award, e-India അവാർഡ്, Skoch Award എന്നീ ദേശീയ പുരസ്കാരങ്ങൾ വിവിധ വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗത്തിന് സർക്കാർ വകുപ്പുകളിൽ PRICE എന്ന സോഫ്റ്റ്‌വെയർ നടപ്പാക്കിയതിന് നാഷണൽ അപ്രീസിയേഷൻ അവാർഡും

CSI-യുടെ സ്പെഷ്യൽ ജ്യൂറി അവാർഡും ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ പെർഫോമൻസ് മോണിറ്ററിംഗ് ഇവാല്യുവേഷൻ സിസ്റ്റം (പി.എം.ഇ.എസ്) നടപ്പിലാക്കിയത് ദേശീയ അന്തർദേശീയ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. പ്രസ്തുത പി.എം.ഇ.എസ്. മോഡൽ യു.എൻ.ഡി.പി. ആസ്ഥാനത്തും ലോകബാങ്ക് ആസ്ഥാനത്തും അവതരിപ്പിക്കുന്നതിന് കേരളത്തെ ക്ഷണിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ടൂറിസം വകുപ്പിന് 2012-2015 വർഷങ്ങളിൽ പ്രശസ്തമായ Golden City - ITB Berlin Award, 2012-2014 വർഷങ്ങളിൽ Lonely Planet-Travel Award, 2011, 2013-2015 വർഷങ്ങളിൽ PATA എന്നീ അന്താരാഷ്ട്ര പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ഐക്യരാഷ്ട്രസഭയുടെ ഉപസംഘടനയായ United Nation World Tourism Organisation ഏർപ്പെടുത്തിയ Excellence and Innovation in Tourism, ULYSSES Award എന്നിവ ടൂറിസം വകുപ്പിന് ലഭിച്ചിട്ടുണ്ട്.

ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ കുടുംബക്ഷേമവകുപ്പ് 2014 ജൂലൈ 02 മുതൽ 04 വരെ മികച്ചതും അനുകരണീയവുമായ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ കണ്ടെത്താനായി നടത്തിയ ദേശീയ ഉച്ചകോടിയിൽ കേരളത്തിന് കുഞ്ഞുങ്ങളുടെ ജനിതകരോഗങ്ങൾ കണ്ടുപിടിക്കാനുള്ള പ്രോഗ്രാം, മെച്ചപ്പെട്ട കിടത്തി ചികിത്സാസേവനങ്ങൾക്കും ഓപ്പറേഷൻ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള എംപവേഡ് ആക്ഷൻ ഗ്രൂപ്പിൽപ്പെടാത്ത (നോൺ ഇ.എ.ജി.) സംസ്ഥാനങ്ങൾക്കുള്ള അവാർഡ് എന്നിവയിൽ ഒന്നാം സ്ഥാനവും പാലിയേറ്റീവ് കെയർ പ്രോഗ്രാമിന് മൂന്നാം സ്ഥാനവും ലഭിക്കുകയുണ്ടായി. ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 2013 ജൂലൈ 03 മുതൽ 05 വരെ മികച്ചതും അനുകരണീയവുമായ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ കണ്ടെത്താനായി നടത്തിയ ദേശീയ ഉച്ചകോടിയിൽ പൊതുജനാരോഗ്യരംഗത്തെ ശ്രേഷ്ഠവും അനുകരണീയവുമായ നൂതന പദ്ധതികൾ ആവിഷ്കരിച്ചതിനും സംസ്ഥാനത്ത് നടപ്പിലാക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടിക്കും അവാർഡുകൾ കേരളത്തിന് ലഭിക്കുകയുണ്ടായി. മെഡ്സ്കാപ്പ് ഇൻഡ്യയുടെ പൊതുജനാരോഗ്യ രംഗത്തെ മികവിനുള്ള ഒന്നാം സമ്മാനം കേരള സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രിക്ക് ലഭിക്കുകയുണ്ടായി. കൂടാതെ ഇൻഡ്യൻ സൊസൈറ്റി ഫോർ ലെഡ് അവയർനെസ് ആന്റ് റിസർച്ചിന്റെ 2015-ലെ അവാർഡും ആർ.എൻ.റ്റി.സി.പി.-യുടെ പ്രവർത്തനത്തിനുള്ള ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള ഡോ. കെ. സി. മൊഹന്റി അവാർഡും 2013-ൽ ലഭിക്കുകയുണ്ടായി.

(സി&ഡി) സംസ്ഥാന ഭരണത്തിന്റെ എല്ലാ മേഖലകളിലും മുൻവർഷങ്ങളിലേക്കാൾ സമഗ്രമായ മികവ് വരും വർഷങ്ങളിലും നേടിയെടുക്കുന്ന തിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നടന്നുവരുന്നത്. വിഷൻ 2030, എമർജിംഗ് കേരള, സേവനാവകാശ നിയമം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സംസ്ഥാന ഭരണത്തിൽ സമഗ്രമായ മികവ് നേടിയെടുക്കുന്നതിന് ശ്രമിച്ചുവരുന്നു. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തിവരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി നടന്നുവരുന്നു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കാസർഗോഡ് ജില്ലയ്ക്കായി പദ്ധതി

49(19) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയ്ക്കായി മുൻ ചീഫ് സെക്രട്ടറി ഡോ. പി. പ്രഭാകരന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്നതിന് എത്ര കോടി രൂപ ആവശ്യമുള്ളതായി കണക്കാക്കിയിരുന്നു ;

(ബി) തന്നാണ്ടിൽ പദ്ധതിക്കായി വകയിരുത്തിയ തുകയിൽ എന്തു തുക പിൻവലിച്ചിട്ടുണ്ട്; വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു;

(സി) തുക വിനിയോഗിക്കാൻ കഴിയാതിരുന്നിട്ടുണ്ടെങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആകെ 11123.07 കോടി രൂപ ചെലവുവരുന്ന പദ്ധതികളാണ് ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) തന്നാണ്ടിൽ വകയിരുത്തപ്പെട്ട 85 കോടി രൂപയിൽ നിന്നും 79.64 കോടി രൂപ പിൻവലിക്കുന്നതിനുള്ള ഉത്തരവായിട്ടുണ്ട്.

(സി) വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന ഡി.പി.ആർ-ന്റെ അടിസ്ഥാനത്തി ലാണ് തുക വിനിയോഗിക്കുന്നത്. അനുവദിച്ച എല്ലാ പദ്ധതികളുടേയും ഡി.പി.ആർ തയ്യറാക്കിയിട്ടില്ല. അത് തയ്യാറാക്കുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിച്ച് തുക വിനിയോഗ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

## വികലാംഗരുടെ ഉദ്യോഗ സംവരണം

50 (20) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരിപക്ഷം വികലാംഗർക്കും വളരെ വൈകിയാണ് ജോലി ലഭിക്കുന്നത് എന്ന കാര്യം പരിഗണനയിലെടുത്ത് വികലാംഗരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) വികലാംഗർക്ക് ഉദ്യോഗ സംവരണം നൽകണമെന്ന 1981- ലെ ശുപാർശ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഹരിയാന പോലുള്ള സംസ്ഥാനങ്ങളിൽ വികലാംഗരുടെ പെൻഷൻ പ്രായം വൈകല്യം കുറഞ്ഞവർക്ക് 60 വയസ്സും 70%-ൽ കൂടുതൽ വൈകല്യം ഉള്ളവർക്ക് 62 വയസ്സുമാണെന്നിരിക്കെ, ഇത് കേരളത്തിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) വികലാംഗർക്ക് നിയമനങ്ങളിൽ 3% സംവരണം നൽകി വരുന്നുണ്ട്.

(സി) പരിഗണനയിലില്ല

## ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജീവനക്കാർ

51(21) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മൊത്തം എത്ര ജീവനക്കാരുണ്ട്; അതിൽ അണ്ടർ സെക്രട്ടറിയും അതിനു മുകളിലും ഉള്ള തസ്തികകളിൽ ജോലി ചെയ്യുന്നവർ എത്ര;

(ബി) ഇതിൽ, എത്രപേർ സെക്രട്ടേറിയറ്റിന് പുറത്ത് ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്; ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവർ എത്ര;

(സി) ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുടെ തസ്തികകളിലേയ്ക്ക് പ്രൊമോട്ട് ചെയ്ത് നിയോഗിക്കപ്പെട്ടവർ എത്രപേർ;

(ഡി) ഡെപ്യൂട്ടേഷനിൽ പോകുന്നവരുടെ ഒഴിവിലേക്ക് പ്രമോഷൻ നല്കുന്നതു സംബന്ധമായി അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ച തടസ്സം എന്തായിരുന്നു; ഇക്കാര്യത്തിൽ നിലപാട് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിന് കീഴിൽ 3931 സ്ഥിരം ജീവനക്കാരും പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ) വകുപ്പിന് കീഴിലായി 41 ദിവസ വേതന ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. ഇതിൽ അണ്ടർ സെക്രട്ടറിയും അതിനു മുകളിലുമായി 468 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്. പൊതുഭരണ സെക്രട്ടേറിയറ്റിൽ നിന്നും അണ്ടർ സെക്രട്ടറിയും അതിനു മുകളിലുമുള്ള തസ്തികകളിലായി 156 ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു. ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുടെ തസ്തികകളിലേയ്ക്ക് 156 പേരെ പ്രൊമോട്ട് ചെയ്ത് നിയോഗിച്ചിട്ടുണ്ട്.

നിയമ വകുപ്പിന് കീഴിൽ മൊത്തം 456 ജീവനക്കാർ (ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) ജോലി ചെയ്യുന്നു. അതിൽ സ്പെഷ്യൽ സെക്രട്ടറിമാർ 4 പേരും അഡീഷണൽ നിയമ സെക്രട്ടറിമാർ 24 പേരും ജോയിന്റ് സെക്രട്ടറിമാർ 26 പേരും ഡെപ്യൂട്ടി സെക്രട്ടറിമാർ 38 പേരും അണ്ടർ സെക്രട്ടറിമാർ 26 പേരും ജോലി നോക്കിവരുന്നു. ഇവരിൽ സ്പെഷ്യൽ സെക്രട്ടറിമാർ 2 പേരും അഡീഷണൽ നിയമ സെക്രട്ടറിമാർ 12 പേരും ജോയിന്റ് സെക്രട്ടറിമാർ 8 പേരും ഡെപ്യൂട്ടി സെക്രട്ടറിമാർ 8 പേരും അണ്ടർ സെക്രട്ടറിമാർ 2 പേരും സെക്രട്ടേറിയറ്റിന് പുറത്ത് ഡെപ്യൂട്ടേഷനിൽ ജോലി നോക്കിവരുന്നു. ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുടെ തസ്തികകളിലേക്ക് 32 പേരെ പ്രൊമോട്ട് ചെയ്ത് നിയോഗിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പിൽ ആകെ 1146 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ അണ്ടർ സെക്രട്ടറിയും അതിനു മുകളിലുള്ള തസ്തികകളിലുമായി 230 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും 107 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 80 പേർ ധനകാര്യ വകുപ്പിലെ ജീവനക്കാർക്കായി നീക്കിവച്ചിട്ടുള്ള തസ്തകകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ്. ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവരുടെ തസ്തികകളിലേക്ക് 103 പേരെ പ്രൊമോട്ട് ചെയ്ത് നിയോഗിച്ചിട്ടുണ്ട്.

(ഡി) ധനകാര്യ വകുപ്പിലും പൊതുഭരണ വകുപ്പിലും നിയമ വകുപ്പിലും ഡെപ്യൂട്ടേഷനിൽ പോകുന്നവരുടെ ഒഴിവിലേക്ക് പ്രൊമോഷൻ നല്കുന്ന കാര്യത്തിൽ അക്കൗണ്ടന്റ് ജനറൽ യാതൊരു തടസ്സവും ഉന്നയിച്ചിട്ടില്ല.

**അസിസ്റ്റന്റ് ഗ്രേഡ് തസ്തികയ്ക്ക് മെയിൻ പരീക്ഷ പുനഃസ്ഥാപിക്കൽ**

52 (22) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. നടത്തുന്ന അസിസ്റ്റന്റ് ഗ്രേഡ്, കേരള സെക്രട്ടേറിയറ്റ്/പി.എസ്.സി/ലോക്കൽ ഫണ്ട് പരീക്ഷയ്ക്ക് മാതൃഭാഷ പരിജ്ഞാനം, ഉപന്യാസം ഇവ ഉൾപ്പെട്ട മെയിൻ സമ്പ്രദായം പുനഃസ്ഥാപിക്കുമോ;

(ബി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പോലെയുള്ള തസ്തികകളിൽ ജോലിയുടെ ഭാഗമായി വിവർത്തനം, മലയാള ഭാഷാ പരിജ്ഞാനം, ഇംഗ്ലീഷ് പ്രാവീണ്യം ഇവ ആവശ്യമുള്ളതാണെന്ന് പി.എസ്.സി.-യെ നിയമപരമായി അറിയിക്കുമോ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റ്, പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് തസ്തികകളുടെ പ്രാധാന്യം കണക്കിലെടുത്ത് മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള അവഗാഹം കൂടി പരിശോധിക്കുന്നതിന്, ടി തസ്തികകളിലേയ്ക്ക് വിവരണാത്മക പരീക്ഷ കൂടി ഉൾപ്പെടുത്തുന്നതിന് PSC-Rules of Procedure പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേരളാ പബ്ലിക് കമ്മീഷന് സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടി**

53(23) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി വിവിധ ജില്ലകളിലായി എത്ര ജനസമ്പർക്ക പരിപാടികൾ നടത്തി;

(ബി) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി ചെലവായ തുകയെത്ര; ഓരോന്നിന്റെയും വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) ജനസമ്പർക്ക പരിപാടിയിൽ പരിഗണിക്കപ്പെടുന്ന ഒരു അപേക്ഷകൻ എത്ര ദിവസങ്ങൾക്ക് മുമ്പ്, ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത്;

(ഡി) ചികിത്സാ സഹായത്തിനായി തുക അനുവദിക്കുന്നതിനുള്ള അർഹതയും തുകയും നിശ്ചയിച്ചിരുന്നതാരാണ്; മാനദണ്ഡം എന്താണ്;

(ഇ) ജനസമ്പർക്ക പരിപാടികൾ വഴി ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ടിരുന്നതിൽ കുടിശ്ശിക നൽകുവാനുള്ള തുകയെത്ര;

(എഫ്) അപേക്ഷ സമർപ്പിക്കുന്നതു മുതൽ പരിഗണിക്കുന്നതുവരെയുള്ള നടപടിക്രമം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ജി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിരുന്ന മാർഗ്ഗരേഖയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ;

<u>ഉത്തരം</u>

(എ) 2011, 2013, 2015 വർഷങ്ങളിലായി 14 ജില്ലകളിലും മൂന്നു തവണ വീതം ജനസമ്പർക്ക പരിപാടികൾ നടത്തി.

(ബി) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി നാളിതുവരെ പൊതുമരാമത്ത്, റവന്യൂ, വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ, ഐ&പി.ആർ.ഡി., കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളിലായി ആകെ 20,95,31,467 രൂപ ചെലവഴിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല.

(സി) ജനസമ്പർക്ക പരിപാടി നടത്തിയ ദിവസത്തിന് 30 ദിവസം മുമ്പ് വരെ അക്ഷയ കേന്ദ്രങ്ങൾ വഴിയും പരിപാടിയുടെ തലേ ദിവസം ജില്ലാ കളക്ടറേറ്റുകളിലെ പ്രത്യേക കൗണ്ടറുകളിൽ നേരിട്ടും പരിപാടി ദിവസം ബഹുമാനപ്പെട്ടമുഖ്യമന്ത്രിക്ക്/ ജില്ലയിൽ നിന്നുള്ള മന്ത്രിക്ക് വേദിയിൽ നേരിട്ടും അപേക്ഷകൾ സമർപ്പിക്കാൻ സൗകര്യം ഒരുക്കിയിരുന്നു.

(ഡി) വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തഹസീൽദാറുടെ ശിപാർശയിന്മേലും ചുമതലയുള്ള മന്ത്രി, മുഖ്യമന്ത്രി, ജില്ലാകളക്ടർ എന്നിവരുടെ മേൽനോട്ടത്തിൽ സ്ക്രീനിംഗ് കമ്മിറ്റി ചേർന്നും മെഡിക്കൽ സംഘം രോഗികളെ നേരിട്ട് സന്ദർശിച്ചും തയ്യാറാക്കി നൽകിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും മറ്റുമാണ് ചികിത്സാസഹായവും തുകയും നിശ്ചയിച്ചിരുന്നത്.

(ഇ) തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലായി ചികിത്സാ ധനസഹായമിനത്തിൽ 23,59,61,000 രൂപ കുടിശ്ശിക നൽകാനുണ്ട്.

(എഫ്) നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(ജി) പകർപ്പ് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

**ജനസമ്പർക്ക പരിപാടി**

54(24) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടികളിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷകളിൽ ഇതുവരെയും പരിഹാരം കാണാത്ത എത്ര അപേക്ഷകളുണ്ടെന്ന് പേരും, മേൽവിലാസവും സഹിതം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൂന്നു ജനസമ്പർക്ക പരിപാടികളിലായി 56,145 അപേക്ഷകൾ ലഭിച്ചു.

(ബി) ഇവയിൽ 3,188 അപേക്ഷകൾ തീർപ്പാകാതെ ശേഷിക്കുന്നുണ്ട്. ടി അപേക്ഷകരുടെ പേരും മേൽവിലാസവും ജനസമ്പർക്ക പരിപാടിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

**വകുപ്പുകളിലെ വാഹനങ്ങൾ**

55(25) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വകുപ്പുകളിലുമായി മൊത്തം എത്ര വാഹനങ്ങൾ ഉണ്ട്; അവയിൽ പ്രവർത്തന ക്ഷമമായിട്ടുള്ളവ എത്ര; എല്ലാ വകുപ്പുകളിലും കൂടി എത്ര ഡ്രൈവർ അല്ലെങ്കിൽ അതിനു സമാനമായ തസ്തികകൾ ഉണ്ട്;

(ബി) ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര പേരെ ഡ്രൈവർ ജോലിയിൽ നിയോഗിക്കപ്പെട്ടിട്ടുണ്ട്?

<u>ഉത്തരം</u>

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മന്ത്രിമാർ ചെലവഴിച്ച തുക

56(26) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ഔദ്യോഗിക വസതികൾ അറ്റകുറ്റപണി നടത്തുന്നതിനും മോടി പിടിപ്പിക്കുന്നതിനുമായി ആകെ എത്ര രൂപ ചെലവഴിച്ചു എന്ന് മന്ത്രി, തുക, വർഷം എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ ചായ സൽക്കാരത്തിന് എത്ര രൂപ ചെലവഴിച്ചു എന്ന് മന്ത്രി, തുക, വർഷം എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർ എത്ര വിദേശയാത്ര നടത്തിയെന്നും ഓരോ യാത്രയിലും ആരൊക്കെയാണ് അനുഗമിച്ചതെന്നും വിദേശയാത്രകൾക്ക് ആകെ എത്ര രൂപ ചെലവഴിച്ചുവെന്നും മന്ത്രി, തുക, രാജ്യം, അനുഗമിച്ച വ്യക്തികൾ, തസ്തിക എന്നിവ ഇനംതിരിച്ച് വിശദമാക്കാമോ;

(ഡി) ഇക്കാലയളവിൽ മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവരുടെ ഔദ്യോഗിക വസതികളിലെ ഫോൺ ബില്ല് എത്രയാണെന്ന് മന്ത്രി, വർഷം, തുക തിരിച്ച് വിശദമാക്കാമോ?

### ഉത്തരം

(എ) മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ഔദ്യോഗിക വസതികൾ അറ്റകുറ്റപ്പണി നടത്തുന്നതിന് ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. മോടിപിടിപ്പിക്കുന്നതിന് ചെലവായ തുക സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ ചായ സൽക്കാരത്തിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരുടെ വിദേശയാത്രകൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

(ഡി) മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലെ ഫോൺ ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ജനസമ്പർക്ക പരിപാടികൾ**

57(27) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി വിവിധ ജില്ലകളിൽ എത്ര ജനസമ്പർക്ക പരിപാടികൾ നടത്തിയിരുന്നു;

(ബി) ഒന്നാം ജനസമ്പർക്കപരിപാടിയിൽ ലഭിച്ചതും നാളിതുവരെ പരിഹാരം ഉണ്ടാക്കാൻ സാധിക്കാതെ അവശേഷിക്കുന്നതുമായ ഹർജികൾ എത്ര;

(സി) രണ്ടാം ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച എത്ര പരാതികളാണ് ഇനിയും തീർപ്പാക്കാനായി അവശേഷിക്കുന്നത്;

(ഡി) മൂന്നാം ജനസമ്പർക്ക പരിപാടിയിൽ ലഭിച്ചതും നാളിതുവരെ പരിഹാരം ഉണ്ടാക്കാൻ സാധിക്കാതെ അവശേഷിക്കുന്നതുമായ ഹർജികൾ എത്ര എന്ന വ്യക്തമാക്കാമോ?

ഉത്തരം

(എ) 2011, 2013, 2015 വർഷങ്ങളിലായി ഓരോ ജില്ലയിലും മൂന്നുതവണ വീതം ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലായി 15,064 അപേക്ഷകൾ ശേഷിക്കുന്നുണ്ട്.

(സി) കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി 728 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ഡി) 14 ജില്ലകളിലുമായി 62,614 അപേക്ഷകൾ തീർപ്പാകാതെ ശേഷിക്കുന്നുണ്ട്.

**ജനസമ്പർക്ക പരിപാടിയുടെ ഭാഗമായിട്ടുള്ള പദ്ധതികൾ**

58(28) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഓരോ ജില്ലകളിലും മുഖ്യമന്ത്രി പ്രഖ്യാപനം നടത്തിയ ഇരുന്നൂറിലധികം വരുന്ന പദ്ധതികളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ നല്കാമോ;

(സി) നടപടികളൊന്നും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ജില്ലകളിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാതല വകുപ്പു മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇവയിൽ പല പദ്ധതികൾക്കും ഭരണാനുമതി നൽകുന്നതിനും മറ്റും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. ചില പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയിൽ പലതും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന എല്ലാ പദ്ധതികളും പ്രാവർത്തികമാക്കുന്നതിന് വിവിധ തലങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു.

## ഗവൺമെന്റ് സെക്രട്ടേറിയറ്റ്

59(29) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ സെക്രട്ടേറിയറ്റ് പ്രവർത്തിക്കുന്നത് ഇപ്പോൾ എത്ര സ്ക്വയർ മീറ്റർ കെട്ടിടത്തിലാണ്; മൊത്തം ജീവനക്കാരും ഗവൺമെന്റ് സെക്രട്ടറിമാരും മന്ത്രിമാരും അവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും ഇതര വിഭാഗങ്ങളും എത്ര;

(ബി) പുതുതായി നിർമ്മിച്ച കെട്ടിടം കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ഏതെല്ലാം മന്ത്രിമാരെയും അവരുടെ വകുപ്പുകളുടെയും ആപ്പീസ് ഒരേ സ്ഥലത്ത് ഒരുക്കിയിട്ടുണ്ട്; ഏറ്റവും കൂടുതൽ ജീവനക്കാരും ഇതരവിഭാഗങ്ങളും ഉള്ള വകുപ്പുകൾക്കും അവയുടെ മന്ത്രിമാർക്കും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നതിന് നിലവിൽ സാധ്യമാണോ; ആ നിലയിൽ ക്രമീകരണം നടന്നിട്ടുണ്ടോ;

(സി) നിലവിൽ ഏതെല്ലാം മന്ത്രിമാർക്കും അവരുടെ ആപ്പീസുകൾക്കും വകുപ്പുകൾക്കും നടത്തിയിട്ടുള്ള അലോട്ട്മെന്റും, മിച്ചമായിട്ടുള്ള കെട്ടിട സൗകര്യങ്ങളെ സംബന്ധിച്ചും വിശദമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിൽ മന്ത്രിമാരുൾപ്പെടെ മൊത്തം ആളുകളുടെ എണ്ണവും കെട്ടിട സൗകര്യവും പരിഗണിച്ചുകൊണ്ട് ഒരാൾക്ക് എത്ര സ്ക്വയർഫീറ്റ് കെട്ടിട സൗകര്യം ഉണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

**ശമ്പള പരിഷ്കരണം**

60 (31) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്കരണംമൂലം സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത എത്രയെന്ന് വിശദമാക്കുമോ;

(ബി) ജീവനക്കാരുടെ വേതന വർദ്ധനവിനോടൊപ്പം അവർ ചെയ്യുന്ന സേവനങ്ങൾ തൃപ്തികരമായും വേഗത്തിലും ജനങ്ങൾക്ക് ലഭ്യമാകുവാൻ ശമ്പളകമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇവയിൽ ഏതെല്ലാം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും പെൻഷനും പരിഷ്കരിച്ചതിലൂടെ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പ്രതിവർഷം ഏകദേശം 7,222 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്.

(ബി) ജീവനക്കാർ ചെയ്യുന്ന സേവനങ്ങൾ തൃപ്തികരമായും വേഗത്തിലും ജനങ്ങൾക്ക് ലഭ്യമാക്കുവാൻ ശമ്പള കമ്മീഷൻ മുന്നോട്ടുവച്ച ശിപാർശകൾ രണ്ടാംഘട്ട റിപ്പോർട്ടിൽ ലഭ്യമാണ്. (അനുബന്ധമായി ചേർത്തിരിക്കുന്നു)*

(സി) പത്താം ശമ്പളകമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20-2-2016-ലെ സ.ഉ.(അച്ചടി) നമ്പർ7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെന്റിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ(ഐ.എം.ജി) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സേവനാവകാശ നിയമം

61 (32) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ ആണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) നിയമം നടപ്പിലാക്കിയപ്പോൾ അതു വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(ഡി) സേവനാവകാശനിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചതിന് ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സേവനങ്ങൾ ജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം 2012 നവംബർ ഒന്നാം തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. ടി നിയമം 2012, 3-ാം വകുപ്പ് പ്രകാരം ഓരോ വകുപ്പും, വകുപ്പു മേധാവിയും, പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ), നിയുക്ത ഉദ്യോഗസ്ഥൻ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ നിർദ്ദേശം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിലാക്കിയ 121 വകുപ്പുകൾ/സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. *

(സി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്ന തിലേയ്ക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും വേണ്ടിയാണ് കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നടപ്പിലാക്കിയിട്ടുള്ളത്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

15-11-2014-ലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലായെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 21-10-2014-ലെ 16203/എ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേക്കും അഴിമതി കുറയ്ക്കുന്നതിലേക്കും വേണ്ടിയാണ് കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നടപ്പിലാക്കിയിട്ടുള്ളത്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി സംബന്ധിച്ച ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കുവാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.എം.ജി. ഒരു പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിൽ മുന്നോട്ടുവച്ചിരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സേവനാവകാശ നിയമ പ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആയത് വ്യക്തമാക്കിക്കൊണ്ട്, 15-11-2014-ലെ 16203/ ഏ.ആർ.12(1)/13/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലായെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 21-10-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ.നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മന്ത്രിസഭായോഗം**

62 (33) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബർ 17ന് രാത്രി സംസ്ഥാന മന്ത്രിസഭായോഗം ചേരുകയുണ്ടായോ; പ്രസ്തുത യോഗത്തിൽ ചീഫ് സെക്രട്ടറി

പങ്കെടുക്കുകയുണ്ടായോ; പങ്കെടുത്ത മന്ത്രിമാർ എത്രയായിരുന്നു; മന്ത്രിസഭാ യോഗത്തിന്റെ അറിയിപ്പ് എല്ലാ മന്ത്രിമാർക്കും നല്കുകയുണ്ടായോ; മന്ത്രിസഭാ യോഗം ചേർന്നത് എവിടെവെച്ചായിരുന്നു;

(ബി) എത്ര അജണ്ട ഐറ്റങ്ങളിൽ മന്ത്രിസഭായോഗത്തിൽ തീരുമാനം എടുക്കുകയുണ്ടായി;

(സി) മന്ത്രിസഭായോഗം എത്ര മണിക്ക് ആരംഭിച്ച് എത്ര മണിക്ക് അവസാനിപ്പിക്കുകയുണ്ടായി;

(ഡി) 18-12-2015-ന് രാവിലെ വീണ്ടും മന്ത്രിസഭായോഗം ചേരുകയുണ്ടായോ; അന്നത്തെ അജണ്ടയിലെ എത്ര ഐറ്റങ്ങളിൽ തീരുമാനം എടുക്കുകയുണ്ടായി ?

ഉത്തരം

(എ) 2015 ഡിസംബർ 17-ന് രാത്രി പ്രത്യേക മന്ത്രിസഭായോഗം നിയമസഭാ മന്ദിരത്തിൽ മുഖ്യമന്ത്രിയുടെ ചേംബറിൽ വച്ച് ചേരുകയുണ്ടായി. യോഗത്തിൽ മുഖ്യമന്ത്രിയെ കൂടാതെ 17 മന്ത്രിമാരും ചീഫ് സെക്രട്ടറിയും പങ്കെടുത്തു. 17-12-2015-ന് നിയമസഭായോഗം അവസാനിച്ച ശേഷം പ്രത്യേക മന്ത്രിസഭായോഗം ഉണ്ടായിരിക്കുന്നതാണെന്ന് എല്ലാ മന്ത്രിമാരെയും അറിയിച്ചിരുന്നു.

(ബി) പ്രത്യേക മന്ത്രിസഭാ യോഗത്തിന് അജണ്ട ഇല്ല.

(സി&ഡി) 17-12-2015-ന് രാത്രി 11.50-ന് ആരംഭിച്ചു. യോഗനടപടികൾ അവസാനിക്കുന്ന സമയം രേഖപ്പെടുത്താറില്ല. 18-12-2015-ന് രാവിലെ വീണ്ടും മന്ത്രിസഭായോഗം കൂടുകയുണ്ടായില്ല.

## മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

63 (34) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളോടനുബന്ധിച്ച് 14 ജില്ലകളിലും മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ ഏതെങ്കിലും നടപ്പിലാക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) നടപ്പിലാക്കിയിട്ടില്ലാത്തവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) പ്രവർത്തനം അനുവദിച്ച പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്താമോ ;

(ഡി) മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്ന പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കപ്പെട്ടിരുന്നത് ഏത് തലത്തിലായിരുന്നു ;

(ഇ) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ പ്രഖ്യാപനങ്ങളിൽ ഏതെങ്കിലും പൂർത്തിയാകുമോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ - സി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ജില്ലകളിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാതല വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇവയിൽ പല പദ്ധതികൾക്കും ഭരണാനുമതി നൽകുന്നതിനും മറ്റും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. ചില പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയിൽ പലതും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന എല്ലാ പദ്ധതികളും പ്രാവർത്തികമാക്കുന്നതിന് വിവിധ തലങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ജനസമ്പർക്ക പരിപാടിയിൽ സംസ്ഥാനത്തിന്റെ സമഗ്രവികസന ത്തിനായി ബന്ധപ്പെട്ട വകുപ്പുമേധാവികളേയും ജനപ്രതിനിധികളേയും സാങ്കേതിക വിദഗ്ദ്ധരേയും ജില്ലാകളക്ടർമാരേയും ഉൾപ്പെടുത്തി ചർച്ചകൾ നടത്തുകയും അതിൽ നിന്നും രൂപംകൊണ്ട വ്യത്യസ്ത അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ചാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്.

(ഇ) പ്രഖ്യാപിച്ചിട്ടുള്ള പല പദ്ധതികളും ഇതിനകം നടപ്പിലാക്കിയിട്ടുള്ള താണ്. മറ്റു പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടി**

64 (35) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ കരുതൽ 2015-ൽ ഉൾപ്പെടുത്തി പരാതി നമ്പർ കെ. കെ. ബി. എച്ച്. 204635 (രജി. നമ്പർ 240651)

ആയി ലഭിച്ച ശ്രീ. കബീറിന്റെ അപേക്ഷയിൻമേൽ ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ബന്ധപ്പെട്ടവർക്ക് തുക വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. കബീറിന് പതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ടി തുക D.B.T. വഴി അപേക്ഷന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

## ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ

65 (36) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ അഴിമതി കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ കാലയളവിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇത്തരം ജീവനക്കാരിൽ എത്രപേർക്കെതിരെ വിജിലൻസ് കേസുകൾ എടുത്തിട്ടുണ്ടെന്ന പറയാമോ; ഡിപ്പാർട്ട്മെന്റ്, തസ്തിക എന്നിവ തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) സർക്കാർ ജീവനക്കാർക്കെതിരെ അഴിമതിയുടെ പേരിൽ ഉണ്ടായിട്ടുള്ള കേസുകളിൽ എത്രകാലമെടുത്താണ് തീർപ്പുണ്ടാകുന്നത് എന്ന പറയാമോ;

(ഡി) തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസുകൾ എടുക്കുകയും ജീവനക്കാരെ തലങ്ങും വിലങ്ങും കേസിന്റെ പേരിൽ സ്ഥലംമാറ്റുകയും കേസിന്റെ തീർപ്പിന് കാലവിളംബം ഉണ്ടാക്കി ജീവനക്കാരെ വഴിയാധാരമാക്കുകയും ചെയ്യുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാനും ജീവനക്കാരെ അകാരണമായി കേസുകളിൽപ്പെടുത്താതിരിക്കാനും എന്തെല്ലാം നടപടികൾകൈക്കൊണ്ടുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവിധ വകുപ്പുകളിലെ അഴിമതികളെക്കുറിച്ചുള്ള ആരോപണ ങ്ങളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന, സത്വരാന്വേഷണം, വിജിലൻസ് അന്വേഷണം എന്നിവ നടത്തി കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യുകയോ കേസ്

രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയോ ചെയ്യു. കേസ്സുകളുടെ വകുപ്പുതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വിജിലൻസ് കേസ്സുകളുടേയും വിവിധ അന്വേഷണങ്ങളുടെയും ബാഹുല്യം, അന്വേഷണ ഉദ്യോഗസ്ഥരുടെ അപര്യാപ്തത എന്നിവയും കുറ്റാരോപിതർ, സാക്ഷികൾ, എന്നിവരുടെ മൊഴികൾ യഥാസമയം ലഭിക്കാതെ വരിക, തെളിവുകളുടെ രേഖകൾ യഥാസമയം ലഭിക്കാതിരിക്കുക എന്നിവ കാരണവും വിജിലൻസ് കേസ്സുകളുടെ അന്വേഷണം പൂർത്തിയാകുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം വിജിലൻസ് കോടതികളിൽ സമർപ്പിച്ച കേസ്സുകളിൽ വിചാരണ നടപടികൾ പൂർത്തിയാക്കുന്നതിന് ശരാശരി ഒരു വർഷം മുതൽ 20 വർഷം വരെ സമയം എടുക്കാറുണ്ട്. ഇപ്രകാരം വിജിലൻസ് കോടതികളിലെ കാലതാമസം ഒഴിവാക്കാൻ സർക്കാർ രണ്ടു കോടതികൾ കൂടി അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തീർപ്പാക്കുന്നതിന് ശരാശരി ഒന്നു മുതൽ 8 വർഷം വരെ സമയം എടുക്കുന്നുണ്ട്. തുടർന്ന് സുപ്രീം കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലുകളിൽ തീർപ്പുകൾ കൽപ്പിക്കുന്നതിന് ഒന്നു മുതൽ അഞ്ചു വർഷം വരെ ശരാശരി സമയം എടുക്കുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കരുതൽ 2015 പദ്ധതി

66 (37) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുതൽ 2015-ന്റെ ഭാഗമായി കൊല്ലത്തിന് വേണ്ടി പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദമാക്കുമോ;

(ബി) കോടതി സമുച്ചയത്തിന് സ്ഥലം കണ്ടെത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പുള്ളിക്കട കോളനിക്ക് റെയിൽവേയിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) കയർ-മത്സ്യമേഖലയ്ക്ക് പ്രഖ്യാപിച്ച പ്രത്യേക പദ്ധതി എന്തെല്ലാമെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച 10 പദ്ധതികളിലും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇക്കാര്യത്തിൽ കോടതിയിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ ലാന്റ് വാല്യു സംബന്ധിച്ച വിശദമായ റിപ്പോർട്ട് റെയിൽവേ ഡിവിഷണൽ മാനേജർക്ക് നൽകിയിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തുനിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല.

(ഡി) കയർ-മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച പ്രത്യേക പദ്ധതികളായ തൊണ്ട് സംഭരണത്തിനും ചകിരി ഉല്പാദനത്തിനും കൊല്ലം കയർ പ്രോജക്ട് ഓഫീസിന്റെ പരിധിയിലുള്ള അഞ്ച് സംഘങ്ങൾക്ക് മിനി ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിക്കുവാനുള്ള ധനസഹായം നൽകിയിട്ടുണ്ട്. എ.എസ്.എം. ഇലക്ട്രോണിക് റാട്ടുകൾ, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങൾക്ക് സൗജന്യമായി അനുവദിക്കാനും പദ്ധതിക്കുവേണ്ടി സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**മന്ത്രിമാർക്കും ചീഫ് വിപ്പിനുമായി 2015-16 വർഷത്തിൽ ചെലവഴിച്ച തുക**

67 (38) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർക്കായി ടി.എ., ഡി.എ, ശമ്പളം എന്നീ ഇനത്തിലും മൊബൈൽ ഫോൺ ചാർജ്ജ്, ഓഫീസ്/ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലഫോൺ ചാർജ്ജിനത്തിലും എത്ര തുക വീതം ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഇവരുടെ ഓരോരുത്തരുടേയും ഔദ്യോഗിക വസതികളിൽ എത്ര തവണ വീതം അറ്റകുറ്റപ്പണിയും മോടിപിടിപ്പിക്കലും നടത്തിയിട്ടുണ്ട്; ഇതിനായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; ഔദ്യോഗിക വസതിയ്ക്കായി സർക്കാർ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ നടത്തിയ വർക്കുകളുടേയും വാങ്ങിയ സാധനങ്ങളുടേയും ചെലവ് എത്ര വീതം; വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ,

ചീഫ് വിപ്പ് എന്നിവർക്കായി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; ഏതെല്ലാം ഇനത്തിൽപ്പെട്ട വാഹനങ്ങളാണ് വാങ്ങിയത്; ഇതിനായി എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ; പ്രസ്തുത വാഹനങ്ങൾ ഓരോന്നും ഇപ്പോൾ ആരെല്ലാമാണ് ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും മന്ത്രിയും മന്ത്രി ഓഫീസും അവരുടെ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വാഹനം ഉപയോഗിച്ചു വരുന്നുണ്ടോ; ഇത് നിലവിലുള്ള നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണോ; വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) മേൽപ്പറഞ്ഞ ഓരോ ഇനത്തിലുമായി 2015-16 സാമ്പത്തിക വർഷം ഇതുവരെ എത്ര തുക സർക്കാരിന് ചെലവായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർക്കായി ടി.എ., ഡി.എ., ശമ്പളം എന്നീ ഇനത്തിലും, മൊബൈൽ ഫോൺ ചാർജ്ജ്, ഓഫീസ്/ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലിഫോൺ ചാർജ്ജിനത്തിലും ചെലവഴിക്കപ്പെട്ടിട്ടുള്ള തുക അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) അത്യാവശ്യഘട്ടങ്ങളിൽ ഓഫീസ് കാര്യങ്ങൾക്കും ഭരണ നിർവ്വഹണത്തിനും, പ്രത്യേകിച്ച് നിയമസഭാ സമ്മേളനം നടക്കുന്ന സന്ദർഭങ്ങളിൽ, കീഴ്വഴക്ക പ്രകാരം ഇത്തരത്തിൽ വാഹനം ഉപയോഗിക്കാറുണ്ട്. ഈ സമ്പ്രദായം നിയമവ്യവസ്ഥയ്ക്ക് അനുസൃതമാണോയെന്നത് പരിശോധിക്കുന്നതാണ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ കൈപ്പറ്റിയ തുകയുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

(എഫ്) 2015-16 സാമ്പത്തിക വർഷം ഇതുവരെ ഈ ഇനങ്ങളിൽ സർക്കാരിന് ചെലവായ തുക അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥര്‍

68 (39) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നാളിതുവരെ എത്ര ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥര്‍ ഡെപ്യൂട്ടേഷനില്‍ പോയിട്ടുണ്ടെന്നും അവര്‍ ആരെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഈ കാലയളവില്‍ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥര്‍ അവധിയെടുത്ത് പോയിട്ടുണ്ട്; അവര്‍ ആരെല്ലാം; എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥര്‍ രാജിവെച്ചും വോളന്ററി റിട്ടയര്‍മെന്റ് വാങ്ങിയും സര്‍വ്വീസ് അവസാനിപ്പിച്ചു; അവര്‍ ആരെല്ലാം; വ്യക്തമാക്കാമോ;

(സി) ഇതേ കാലയളവില്‍ സംസ്ഥാനത്തെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥര്‍ക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്; ആര്‍ക്കെല്ലാം എതിരെ; എന്തെല്ലാം കാരണങ്ങള്‍കൊണ്ട്; ഏതെല്ലാം തരത്തിലുള്ള അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ഏതൊക്കെ ഐ.എ.എസ്, ഐ.പി.എസ്. ഉദ്യോഗസ്ഥര്‍ക്കെതിരെ കേസുകള്‍ നിലവിലുണ്ടെന്നും ഏതൊക്കെ ഉദ്യോഗസ്ഥരെ സസ്പെന്‍ഡ് ചെയ്തെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന് നാളിതുവരെ 34 ഐ.എ.എസ്. ഉദ്യോഗസ്ഥരും 15 ഐ.പി.എസ്. ഉദ്യോഗസ്ഥരും അന്യത്രസേവന വ്യവസ്ഥയില്‍ പോയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങള്‍ അനുബന്ധത്തില്‍ ചേര്‍ക്കുന്നു*

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന് നാളിതുവരെ 82 ഐ.എ.എസ്. ഉദ്യോഗസ്ഥരും 57 ഐ.പി.എസ്. ഉദ്യോഗസ്ഥരും പത്ത് ദിവസത്തിലധികം അവധിയെടുത്ത് പോയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങള്‍ അനുബന്ധത്തില്‍ ചേര്‍ക്കുന്നു*. ഈ കാലയളവില്‍ ഐ.എ.എസ്. ഉദ്യോഗസ്ഥര്‍ ആരും തന്നെ രാജിവച്ചോ വോളണ്ടറി റിട്ടയര്‍മെന്റ് വാങ്ങിയോ സര്‍വ്വീസ്

* ലൈബ്രറിയില്‍ വച്ചിട്ടുണ്ട്.

അവസാനിപ്പിച്ചിട്ടില്ല. ഐ.പി.എസ്.-ൽ ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ്. (KL:1983), വോളണ്ടറി റിട്ടയർമെന്റ് എടുത്തും ശ്രീ. ദീപക് രഞ്ജൻ ഐ.പി.എസ്. (KL:2009), ശ്രീ. ധീരജ് കുമാർഗുപ്ത ഐ.പി.എസ്. (KL:2010), ശ്രീ. കല്ലിഗോട്ടാ നാഗരാജു ഐ.പി.എസ്. (KL:2012) എന്നിവർ 'technical resignation' വഴിയും ശ്രീ. വിനോദ് തോമസ് ഐ.പി.എസ്. (KL:1993), ശ്രീ. സുനിൽ അസ്ലാനി ഐ.പി.എസ്. (KL:1999) എന്നിവർ 'Deemed Resignation' വഴിയും സർവ്വീസ് അവസാനിപ്പിക്കുകയുണ്ടായി.

(സി) 4 ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെയും, 10 ഐ.പി.എസ്. ഉദ്യോസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു*.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഇ-ഗവേണിംഗിന്റെ ഭാഗമായുള്ള ഫയൽനീക്കം**

69 (40) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗവേണിംഗിന്റെ ഭാഗമായി വില്ലേജ് ആഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെ, ഫയൽ കൈകാര്യം ചെയ്യുന്നതിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിയ്ക്ക് നല്കുന്ന ഒരു അപേക്ഷയിൽ തീരുമാനം എടുക്കാൻ വില്ലേജ് ആഫീസറുടെ റിപ്പോർട്ട് ആവശ്യമാകുന്ന പക്ഷം അത്തരമൊരു ഫയൽ കൈകാര്യം ചെയ്യുന്നതിൽ ഇൗ-ഗവേണിംഗ്സിന്റെ ഭാഗമായുണ്ടായ മാറ്റങ്ങളും അതുവഴി ഉണ്ടായ സൗകര്യങ്ങളും വിശദമാക്കാമോ;

(സി) സർക്കാർ വകുപ്പ് തലവൻമാർ, ഡയറക്ടർമാരിൽ നിന്ന് ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ഫയൽ സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടാൽ, ക്വറികളും, കത്തിടപാടുകളും കുറക്കുവാനും, കാലവിളംബമില്ലാതെ ഫയലിൽ തീരുമാനം കൈക്കൊള്ളുവാനും സാധ്യമാകുമെന്നറിയാമോ; സർക്കാരിൽ നൽകുന്ന റിപ്പോർട്ടുകൾക്കൊപ്പം ബന്ധപ്പെട്ട ഫയലുകൾ കൂടി സമർപ്പിക്കുന്ന നില സ്വീകരിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പരമ്പരാഗത രീതിയിൽ ഫയൽ കൈകാര്യം ചെയ്യുന്നതിനു പകരമായി പൂർണ്ണമായും ഡിജിറ്റലായി ഫയൽ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാകുന്ന കടലാസ് രഹിത സംവിധാനമാണ് ഇ-ഓഫീസ്. ഓൺലൈനായി ഏത് സമയത്തും ഫയൽ കൈകാര്യം ചെയ്യാനും സർക്കാർ ഉത്തരവുകളും കത്തുകളും മറ്റും ഡിജിറ്റൽ ഒപ്പോടുകൂടി ഇലക്ട്രോണിക്ക് ആയി അയയ്ക്കുവാനും ഇതിൽ സംവിധാനമുണ്ട്. എൻ.ഐ.സി. വികസിപ്പിച്ചെടുത്ത ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലും എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ നിലവിൽ 33 വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും, സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ കളക്ടറേറ്റിൽ പദ്ധതി നിലവിൽ വന്നു കഴിഞ്ഞു.

(ബി) സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും, സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസുകളിലേയ്ക്കുകൂടി പദ്ധതി വ്യാപിപ്പിക്കുന്നതോടെ കാലവിളംബം കൂടാതെ ഓൺലൈനായി ഫയലുകളും റിപ്പോർട്ടുകളും താലൂക്ക് ഓഫീസുകളിലേക്കും മറ്റ് ഉയർന്ന തലങ്ങളിലേക്കും അയയ്ക്കുവാൻ സാധിക്കും. ഇ-മെയിൽ വഴി ഏത് ഓഫീസിലേക്കും വിവരങ്ങൾ കൈമാറുവാനും കഴിയും. കൂടാതെ ഫയൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ഏത് തലത്തിലാണ് കാലതാമസം ഉണ്ടാകുന്നത് എന്നുള്ള വിവരം പൊതുജനങ്ങൾക്കുകൂടി അറിയുവാൻ കഴിയും. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ ഫയൽ നീക്കം തടസ്സപ്പെടുന്ന അവസ്ഥ ഓൺലൈൻ സംവിധാനത്തിൽ ഒഴിവാക്കാനാകും. ഭൂരിഭാഗം സർക്കാർ ഓഫീസുകളിലും ഇന്റർനെറ്റ് സംവിധാനം നിലവിലുണ്ട്. അതിനാൽ വേഗത്തിൽ ഇ-മെയിൽ മുഖാന്തരം റിപ്പോർട്ടുകൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുവാനും കഴിയുന്ന സാഹചര്യമാണ് നിലവിലുള്ളത്. റവന്യൂ വകുപ്പിലെ സർട്ടിഫിക്കറ്റ് വിതരണം ഉൾപ്പെടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന നിരവധി സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ഓൺലൈനായി നൽകിവരുന്നു.

(സി) അനാവശ്യ ക്വറികളും, കത്തിടപാടുകളും ഒഴിവാക്കുവാൻ ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, പദ്ധതിമാർഗ്ഗരേഖകൾ എന്നിവയിൽ അവബോധം വളർത്തുവാൻ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്. നിലവിലുള്ള ചട്ടപ്രകാരം വകുപ്പ് തലവൻമാർ, ഡയറക്ടർമാർ എന്നിവർ ആവശ്യമുള്ള സന്ദർഭങ്ങളിൽ മാത്രമേ ഫയലുകൾ സർക്കാരിലേയ്ക്ക് അയയ്ക്കേണ്ടതുള്ളൂ. മാത്രവുമല്ല വകുപ്പുകൾ, ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിലേയും സർക്കാരിലേയും ഫയൽ നടപടി ക്രമങ്ങൾ വ്യത്യസ്തവുമാണ്.

## തീർപ്പാക്കാനുള്ള കേസ്സുകൾ

70 (41) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കോടതികളിലുമായി നിലവിൽ എത്ര കേസുകൾ തീർപ്പാക്കാനായി ബാക്കി നില്പുണ്ട്;

(ബി) കേരള ഹൈക്കോടതിയിൽ മാത്രം ബാക്കി നില്പുള്ള കേസുകൾ എത്ര;

(സി) കേരള സർക്കാർ കക്ഷിയായിട്ടുള്ള എത്ര കേസുകൾ ഇപ്പോഴും കെട്ടിക്കിടപ്പുണ്ട്; ഇവയിൽ, എത്ര വർഷം വരെ പഴക്കമുള്ള കേസുകൾ ഉണ്ട് ;

(ഡി) ആഭ്യന്തര-വിജിലൻസ് വകുപ്പുകളുമായി ബന്ധപ്പെട്ട എത്ര കേസുകൾ തീർപ്പാക്കാൻ ബാക്കി നില്പുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-12-2015-ലെ കണക്ക് പ്രകാരം ഹൈക്കോടതിയിലും സബോർഡിനേറ്റ് കോടതികളിലുമായി 553030 സിവിൽ കേസ്സുകളും 949466 ക്രിമിനൽ കേസ്സുകളും തീർപ്പാക്കാനായി കെട്ടിക്കിടപ്പുണ്ട്.

(ബി) 31-12-2015-ലെ കണക്ക് പ്രകാരം കേരള ഹൈക്കോടതിയിൽ 1,21,306 സിവിൽ കേസ്സുകളും 36063 ക്രിമിനൽ കേസ്സുകളും തീർപ്പാക്കാനായി ബാക്കി നിൽപ്പുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## പ്രകൃതി ദുരന്ത പഠനം

71(42) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിൻെറ മേൽനോട്ടത്തിൽ നടക്കുന്ന പ്രകൃതി ദുരന്ത പഠനപ്രവർത്തനങ്ങളെക്കുറിച്ച് വിലയിരു ത്തിയിട്ടുണ്ടോ;എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പ്രകൃതി ദുരന്ത പഠന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. താഴെ പറയുന്നവ അവയിൽ പ്രധാനപ്പെട്ട ചിലതാണ്.

1. പരിസ്ഥിതി റിപ്പോർട്ട് വാല്യം 2, "പ്രകൃതി വിപത്തുകൾ"
2. കേരള തീരപ്രദേശത്തെ സുനാമി പരിസ്ഥിതി പ്രത്യാഘാത റിപ്പോർട്ട്.

പ്രകൃതി ദുരന്തങ്ങളായ ഉരുൾപ്പൊട്ടൽ, വെള്ളപ്പൊക്കം, ഇടിമിന്നൽ, ഭൂമികുലുക്കം, വർണ്ണമഴ തുടങ്ങിയ ദുരന്തങ്ങളെയും പ്രതിഭാസങ്ങളെയും കുറിച്ചുള്ള പഠനങ്ങൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്. അത്തരം പഠനങ്ങൾ അതാത് ഗവേഷണ സ്ഥാപനത്തിന്റെ ഗവേഷണ ഉപദേശക സമിതികളിൽ വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ ഗവേഷണ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളുടെ രത്നച്ചുരുക്കം അതാത് ഗവേഷണ കേന്ദ്രങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നു. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ പരിസ്ഥിതി വിഷയങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പരിസ്ഥിതി വിവരകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

**പുതുവൈപ്പിനിലെ എൽ.പി.ജി. ഇംപോർട്ട് ടെർമിനലിന്റെ സ്ഥാപനം**

72 (43) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ)പുതുവൈപ്പിനിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ നടത്താനുദ്ദേശിക്കുന്ന ഏതെങ്കിലും നിർമ്മാണ പ്രവർത്തനത്തിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിരുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിരുന്ന രേഖകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

**കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി**

73 (44) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനുവരി മാസത്തിനുശേഷം വൈപ്പിൻ മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിൽ നിന്നും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതോറിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച ആകെ 439 അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളതായി 17-12-15-ൽ നൽകിയ നിയമസഭാ മറുപടിയിൽ വ്യക്തമാക്കിയിരുന്നു. ഈ 311 അപേക്ഷകളിൽ എത്രയെണ്ണം നിലവിൽ തീർപ്പുകൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ;

(സി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ മെല്ലെപ്പോക്കുമൂലം സർക്കാർ, സർക്കാരിതര ഏജൻസികളിൽ നിന്നുമുള്ള ധനസഹായത്തോടെ ഭവനനിർമ്മാണത്തിനായി അപേക്ഷിക്കുന്ന നിർധന വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അപേക്ഷകളിന്മേലുള്ള പുരോഗതി സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും ഫോൺ മുഖാന്തരം വിവരങ്ങൾ അറിയുന്നതിന് ജനപ്രതിനിധികൾ പോലും ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 65 എണ്ണം.

(ബി) പ്രതിദിനം നൂറുകണക്കിന് അപേക്ഷകൾ ലഭിക്കുന്നതുകൊണ്ടും ഈ വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണം പരിമിതമായതുകൊണ്ടും അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ കഴിയാതെ വരുന്നുണ്ട്. എന്നാൽ അപേക്ഷ സ്വീകരിക്കുന്നത് ഓൺലൈൻ ആകുന്ന മുറയ്ക്ക് കാലതാമസം ഒഴിവാകുന്നതാണ്. കൂടാതെ 2016-ഫെബ്രുവരി 1 മുതൽ 10 വരെ ഫയൽ അദാലത്ത് നടത്തി കഴിയുന്നത്ര അപേക്ഷകൾ തീർപ്പാക്കാനുള്ള ശ്രമം നടത്തിവരുന്നു. ഫെബ്രുവരി മാസം 26-ാം തീയതി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കാലതാമസം മൂലം അർഹതപ്പെട്ടവർക്ക് ആനുകൂല്യം നഷ്ടപ്പെടാതിരിക്കുന്നതിനായി ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരത്തിലുള്ള പരാതി ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ**

74 (45) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമേഴ്സ് ഹയർ സെക്കണ്ടറി (ജൂനിയർ/സീനിയർ) നോൺ വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ വകുപ്പുകളിൽ കോമേഴ്സ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇവരിൽ എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്;

(സി) ഇതുവരെ അയച്ച കോമേഴ്സ് ഹയർ സെക്കണ്ടറി ജൂനിയർ/സീനിയർ അദ്ധ്യാപകരുടെ അഡ്വൈസ് ലിസ്റ്റും ഇനി അയക്കുവാൻ പോകുന്ന അഡ്വൈസ് ലിസ്റ്റിന്റേയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പി.എസ്.സി.യിലെ സാമ്പത്തിക പ്രതിസന്ധി**

75 (46) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. എം. ഉമ്മർ
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ പി.എസ്.സി. തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളായ 04(1) Tour TA, 28 PPSS, 34 OC എന്നീ ശീർഷകങ്ങളിലും 02 wages, 06 RRT എന്നീ ശീർഷകങ്ങളിലും 2015-16 സാമ്പത്തിക വർഷം - ബഡ്ജറ്റ് വിഹിതത്തേക്കാൾ (Non plan – charged) കൂടുതൽ ചെലവ് വന്നതിനാലും പരീക്ഷാ ചെലവുകൾ, വാടക എന്നിവ വർദ്ധിച്ചതിനാലും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ സാമ്പത്തിക പ്രയാസം ഉണ്ടായിട്ടുണ്ട്.

(ബി &സി) സാമ്പത്തിക പ്രയാസം തരണം ചെയ്യുന്നതിന് കമ്മീഷനിലെ 4 അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സാമ്പത്തിക അവലോകന സമിതി രൂപീകരിക്കുകയും ടി സമിതിയുടെ നിർദ്ദേശാനുസരണം ചെലവ് ചുരുക്കൽ നടപടികൾ കൈക്കൊണ്ടു വരികയുമാണ്.

## പി.എസ്.സി. റാങ്ക് ലിസ്റ്റ്

76 (47) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-5-2015-ൽ നിലവിൽ വന്ന എസ്.ഐ. (കെ.സി.പി), എസ്.ഐ. (ആംഡ്പോലീസ് ബറ്റാലിയൻ), എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ജയിലർ ഗ്രേഡ് -I, തസ്തികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി വിജ്ഞാപനം മുതൽ റാങ്ക് പ്രസിദ്ധീകരണം വരെ കേരള പി.എസ്.സി.-ക്ക് എത്ര രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീയതിയിൽ നിലവിൽവന്ന എസ്.ഐ (കെ.സി.പി), എസ്.ഐ (ആംഡ്പോലീസ് ബറ്റാലിയൻ) റാങ്ക് ലിസ്റ്റുകളിൽ നിന്നും ഒരാളെപോലും നിയമിച്ചിട്ടില്ലായെന്നപോലെ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ 7 പേർക്കും, അസിസ്റ്റന്റ് ജയിലർ തസ്തികയിൽ 15 പേർക്കും മാത്രം നിയമനം ലഭിച്ച സാഹചര്യത്തിൽ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കു ന്നതുകൊണ്ട് സർക്കാരിനും, ഉദ്യോഗാർത്ഥികൾക്കും ഉണ്ടാകുന്ന പ്രയോജനം സംബന്ധിച്ച വിശദാംശം അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ തുടർ പ്രക്രിയയാണ്. ആയത് വിവിധ ഘട്ടങ്ങളിലായി നിർവ്വഹിക്കുന്നതിനാൽ ഒരു പ്രത്യേക തസ്തികയുടെ തെരഞ്ഞെടുപ്പിനായി മൊത്തം ചെലവായ തുക കണക്കാക്കുന്നതിന് പകരം ഓരോ വർഷവും പരീക്ഷകൾക്ക് പൊതുവായി ചെലവാകുന്ന തുകയാണ് കണക്കാക്കിവരുന്നത്.

(ബി) കാര്യക്ഷമതയുള്ളതും യോഗ്യരുമായ കൂടുതൽ യുവാക്കളെ യൂണിഫോം ഫോഴ്സുകൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് വാർഷിക തെരഞ്ഞെടുപ്പ് സമ്പ്രദായം കമ്മീഷൻ നടപ്പിലാക്കിയിട്ടുള്ളത്. ഇത് പ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് ഒരു വർഷം മാത്രമേ കാലാവധിയുള്ളൂ. റാങ്ക് പട്ടിക ലൈവായിരിക്കുന്നതിനും ഉദ്യോഗാർത്ഥികളെ യഥാസമയം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

## പി.എസ്.സി.-ക്ക് കൂടുതൽ ജീവനക്കാരെ അനുവദിക്കൽ

77(48) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ ജോലിഭാരം പരിഗണിച്ച് കൂടുതൽ ജീവനക്കാരെ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 36000 ത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടും പി.എസ്.സി.യുടെ ജോലി ഭാരത്തിന് അനുസൃതമായി അവശ്യമായ ജീവനക്കാരെ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) യുണി ഫോംഡ് ഫോഴ്സിന്റെ വാർഷിക സെലക്ഷൻ പരീക്ഷകൾ, സർവ്വീസ് വെരിഫിക്കേഷൻ,സർവകലാശാല ഉൾപ്പെടെ കൂടുതൽ സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് തുടങ്ങിയവ പി.എസ്.സി.-ക്ക് നൽകിയ സാഹചര്യങ്ങൾ പരിഗണിച്ച് പി.എസ്.സി.-ക്ക് അവശ്യത്തിന് ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പി.എസ്.സി.-ക്ക് ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പി.എസ്.സി.-യോ, ഏതെങ്കിലും സംഘടനകളോ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പികൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) കഴിഞ്ഞ അഞ്ചുവർഷത്തിനകം പി.എസ്.സി.-യിൽ താഴെപ്പറയുംപ്രകാരം 34 അധിക തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്:

14-12-2012-ലെ G.O(Ms.)No.371/2012/GAD പ്രകാരം ആകെ 30 തസ്തികകൾ.

| ക്രമ നമ്പർ | തസ്തിക | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | അഡീഷണൽ സെക്രട്ടറി | 1 |
| 2 | അണ്ടർ സെക്രട്ടറി | 1 |
| 3 | സെക്ഷൻ ഓഫീസർ | 2 |
| 4 | അസിസ്റ്റന്റ് | 20 |
| 5 | കമ്പ്യൂട്ടർപ്രോഗ്രാം/ടെക്നിക്കൽ അസിസ്റ്റന്റ് | 6 |
| | ആകെ | 30 |

7-11-2015-ലെ G.O(Ms.)No.276/2015/GAD പ്രകാരം ആകെ 4 തസ്തികകൾ.

| ക്രമ നമ്പർ | തസ്തിക | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജോയിന്റ് സെക്രട്ടറി | 1 |
| 2 | ഡെപ്യൂട്ടി സെക്രട്ടറി | 1 |
| 3 | അണ്ടർ സെക്രട്ടറി | 1 |
| 4 | സിസ്റ്റം അനലിസ്റ്റ് | 1 |
| | ആകെ | 4 |

ഇതുകൂടാതെ അധിക തസ്തികകൾ അനുവദിക്കുന്നതിനുവേണ്ടി പി.എസ്.സി. സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയുമാണ്.

(ഡി) ഉണ്ട്. കേരള പി.എസ്.സി. എംപ്ലോയീസ് യൂണിയൻ, പി.എസ്.സി. എംപ്ലോയീസ് അസ്സോസിയേഷൻ എന്നീ സംഘടനകൾ നൽകിയ നിവേദനങ്ങളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഭരണപരിഷ്കരണം

78(49) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ പരിഷ്കരണത്തിനായുള്ള ഏതെല്ലാം കമ്മീഷനുകളുടെ ശിപാർശകളാണ് ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഏതെങ്കിലും കമ്മീഷൻ ശിപാർശ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഭരണ രംഗത്ത് ഏതെല്ലാം തരത്തിലുള്ള പരിഷ്കാരങ്ങൾ അനിവാര്യമായിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ട്; പരിഗണനയിലുള്ള പരിഷ്കരണനിർദ്ദേശങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് ചെയർമാനായും 1965-ൽ എം.കെ. വെള്ളോടി ഐ.സി.എസ്.-ന്റെ നേതൃത്വത്തിലും 1997-ൽ ഇ.കെ. നായനാർ ചെയർമാനായും മൂന്ന് ഭരണ പരിഷ്കാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ മൂന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ ശിപാർശകൾ സർക്കാർ പരിഗണിച്ചുവരുന്നു.

(ബി) ഭരണം സുതാര്യമായും വേഗത്തിലും നീതിപൂർവ്വവും ആക്കുന്നതിനായി മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1,2,3,4,6,7,8,10,11,12,13 നമ്പരുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശിപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. മൂന്നാം ഭരണപരിഷ്കാര കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ 5 ശിപാർശകളും സർക്കാർ അംഗീകരിച്ച് 21-12-1999-ലെ ജി.ഒ.(എം.എസ്.)നമ്പർ 30/99/ഉ.ഭ.പ.വ. പ്രകാരം ഉത്തരവിറക്കുകയും ആയത് പ്രാവർത്തികമാക്കുന്നതിന് അതത് ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ അതത് വകുപ്പുകളിൽ നിന്നും ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

## എസ്.ഐ./എക്സൈസ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

79(50) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ വാർഷിക നിയമനവുമായി ബന്ധപ്പെട്ട് കേരള പി.എസ്.സി. 26-5-2015 -ൽ പ്രസിദ്ധീകരിച്ച എസ്.ഐ. (കെ.സി.പി.) എസ്.ഐ. (ആംഡ് പോലീസ് ബറ്റാലിയൻ) റാങ്ക് ലിസ്റ്റുകളിൽ നിന്നും റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് 7 മാസമായിട്ടും ഒരു നിയമനം പോലും നടത്തുവാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമനം നടത്തുന്നതിലേയ്ക്കായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) 26-5-15 -ന് നിലവിൽ വന്ന എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഏഴുമാസ കാലാവധിക്കുള്ളിൽ ഏഴ് നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നിയമനങ്ങൾ തുടർന്നും നടത്തുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എസ്.ഐ.(കെ.സി.പി)യുടെ റാങ്ക് ലിസ്റ്റ് 26-5-2015-ലാണ് പ്രസിദ്ധീകരിച്ചത്. എന്നാൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആരെയും നാളിതുവരെ പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടില്ല. ഇതുവരെയുള്ള എല്ലാ അഡ്വൈസും എസ്.ഐ (ജി.ഇ) റാങ്ക് ലിസ്റ്റിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്. പി.എസ്.സി. ഒരു ഭരണഘടനാ സ്ഥാപനമായതിനാൽ ടി കാര്യത്തിൽ പോലീസ് വകുപ്പിനുമാത്രമായി നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. വിവിധ കോടതി ഉത്തരവുകൾ പ്രകാരം എസ്.ഐ.-മാരുടെ ഒഴിവുകൾ അധികമായിട്ടാണ് (Excess vacancy) റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി ഒഴിവുകളിൽ എല്ലാംതന്നെ പി.എസ്.സി. അഡ്വൈസ് നൽകിയിട്ടുണ്ട്. അധിക ഒഴിവുകളിലെ നിയമനം സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. ആംഡ് പോലീസ് ബറ്റാലിയനിലെ എ.പി.എസ്.ഐ.(നേരിട്ടുള്ള നിയമനം)-മാരുടെ എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പടെയുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 26-5-2015-ന് നിലവിൽ വന്ന എക്സൈസ് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും 7 ഉദ്യോഗാർത്ഥികൾക്കു മാത്രമേ നിയമനം നൽകിയിട്ടുള്ളൂ. കേരള സ്റ്റേറ്റ് എക്സൈസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ തസ്തിക 1:1 അനുപാതത്തിൽ പ്രൊമോഷൻ വഴിയും നേരിട്ടുള്ള നിയമനം വഴിയുമാണ് നികത്തേണ്ടത്. നിലവിൽ മേൽ അനുപാതം 7 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് പൂരിതമായിരിക്കുക യാണ്. നേരിട്ട് നിയമനം ലഭിച്ച എക്സൈസ് ഇൻസ്പെക്ടർമാരിൽ നിന്നും മരണം/വിരമിക്കൽ എന്നിവയിലൂടെ ഉണ്ടാകുന്ന ഒഴിവുകളും പുതിയ തസ്തിക സൃഷ്ടിക്കുന്നതിലൂടെ ഉണ്ടാകുന്ന ഒഴിവുകളും മാത്രമേ ഇനി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ കഴിയുകയുള്ളൂ.

## ഇൻ-സർവ്വീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

80 (51) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാർക്കും ഉന്നത നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന് തിരുവനന്തപുരം ആസ്ഥാനമാക്കി പി.എസ്.സി. യുടെ ആഭിമുഖ്യത്തിൽ ഒരു ഇൻ-സർവ്വീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പി.എസ്.സി.യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഇത്തരം ഒരു സ്ഥാപനത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർക്ക് ഉൾപ്പടെ ഏറ്റവും മികച്ച പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ വിഷയം സംബന്ധിച്ച് ഒരു പ്രൊപ്പോസലും പിഎസ്.സി. സർക്കാരിന് നൽകിയിട്ടില്ല.

## വനിതാ എസ്.ഐ. റാങ്ക് ലിസ്റ്റ്

81(52) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾ ഉൾപ്പെട്ട ആദ്യത്തെ എസ്.ഐ. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്തിരുന്നോ എന്നറിയിക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര വനിതകളെ നാളിതുവരെ നിയമിച്ചു; നിയമിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 26-5-2015.

(ബി) വിജ്ഞാപനത്തിനുമുമ്പ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നില്ല.

(സി) 26-5-2015-ൽ നിലവിൽ വന്ന സബ് ഇൻസ്പെക്ടർ (കാറ്റഗറി നമ്പർ 253/14) റാങ്ക് ലിസ്റ്റ് വനിതകളും പുരുഷന്മാരും ഉൾപ്പെട്ട സംയോജിത (integrated) റാങ്ക് ലിസ്റ്റാണ്. ഇതിൽ നിന്നും ക്രമപ്രകാരം മാത്രമേ നിയമനം നടത്തുവാൻ കഴിയുകയുള്ളൂ. വനിതകൾക്ക് മാത്രമായി നിയമനം നടത്തുവാൻ കഴിയുകയില്ല. 09.10.2014-ൽ റിപ്പോർട്ട് ചെയ്ത 30 വനിതാ സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി പ്രത്യേക വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

## കാലാവധി നീട്ടിയ പി.എസ്.സി. ലിസ്റ്റുകൾ

82(53) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധിയാണ് നീട്ടി നൽകിയത്; ഇതിലൂടെ എത്ര പേർക്കാണ് നിയമനം ലഭിച്ചത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദീർഘിപ്പിച്ച റാങ്ക് പട്ടികകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

As on 31/03/2013-815

As on 29/06/2014-1170

As on 30/09/2015-815

ടി റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെട്ടവരുടെ എണ്ണം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

## സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വിവരങ്ങൾ

83 (54) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തവരുടെ എണ്ണം ലഭ്യമാക്കുമോ; പ്രസ്തുത വിവരം ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ;ഇല്ലെങ്കിൽ വിശദാംശങ്ങൾ ശേഖരിച്ച് വെളിപ്പെടുത്താമോ?

ഉത്തരം

സ്പാർക്കിൽനിന്നും ലഭ്യമാക്കിയ വിവരമനുസരിച്ച് 31-5-2011 മുതൽ 31-1-2016 വരെ സർവ്വീസിൽ നിന്നും 84418 പേർ റിട്ടയർ ചെയ്തിട്ടുണ്ട്.

## സിവിൽ സർവ്വീസ് ഉദ്യോഗസ്ഥമേഖല

84 (55) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥമേഖല അഴിമതി രഹിതവും കാര്യക്ഷമവും ആക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് സെക്രട്ടറി, ഡി.ജി.പി. എന്നിവരെ ആരെയെങ്കിലും സംബന്ധിച്ച് സംസ്ഥാന സിവിൽ സർവ്വീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതി നൽകിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ പരാതികൾ എന്തെല്ലാം ; വിശദമാക്കാമോ;

(സി) നിലവിൽ ഡി.ജി.പി. റാങ്കിൽ എത്തിയ എത്ര ഐ.പി.എസ് ഉദ്യോഗസ്ഥരുണ്ട്; ഇവരിൽ ഡി.ജി.പി. റാങ്കിലെ വേതനം ലഭിക്കുന്ന തസ്തികകളിൽ നിയമനം നൽകിയത് ആർക്കെല്ലാം; നിയമനം നൽകാതിരുന്നത് ആർക്കെല്ലാം; വ്യക്തമാക്കാമോ;

(ഡി) ഡി.ജി.പി. റാങ്കിലുള്ളവരെ നിയമിക്കേണ്ട തസ്തികകളിൽ എ.ഡി.ജി.പി റാങ്കിലുള്ളവരെ നിയമിച്ചത് സംബന്ധിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർ ചീഫ് സെക്രട്ടറിയ്ക്കും മുഖ്യമന്ത്രിക്കും ആഭ്യന്തര മന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്; ഇതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനായി കേന്ദ്ര സർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്നുണ്ട്. കൂടാതെ സിവിൽ സർവ്വീസ് മേഖല അഴിമതിരഹിതമാക്കാനും ആഭ്യന്തര പ്രശ്നങ്ങൾ ഒഴിവാക്കാനും ഉദ്യോഗസ്ഥരെ നിരീക്ഷിക്കുകയും അഴിമതിക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) മുഖ്യമന്ത്രിക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡി.ജി.പി.യും കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (KL:1985) ഒരു പരാതി സമർപ്പിച്ചിരുന്നു. പരാതി അടിസ്ഥാന രഹിതമാണെന്ന് കണ്ടതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് പരാതി തീർപ്പാക്കുകയുണ്ടായി.

(സി) സംസ്ഥാനത്ത് ഡി.ജി.പി. റാങ്കിൽ 4 ഐ.പി.എസ്. ഉദ്യോഗസ്ഥരുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഡി.ജി.പി. റാങ്കിലെ വേതനം ലഭിക്കുന്ന തസ്തികകളിൽ തന്നെയാണ് നിയമനം നൽകിയിരിക്കുന്നത്.

(ഡി) ഡി.ജി.പി. റാങ്കിലുള്ള കേഡർ തസ്തികയായ ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഒഴിച്ചിട്ടുകൊണ്ട് ex-cadre തസ്തികകളിൽ നിയമനം നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. ലോക്നാഥ് ബെഹ്റ ഐ.പി.എസ്., ശ്രീ. ഋഷിരാജ് സിംഗ് ഐ.പി.എസ്. എന്നിവർ പരാതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ സർക്കാരിന്റെ പരിശോധനയിലാണ്.

**സേവനാവകാശ നിയമം**

85 (56) <u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2012 നവംബർ ഒന്ന് മുതൽ നിലവിൽ വന്ന സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്രകാരമാണ്. സേവനാവകാശ നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 3-ാം വകുപ്പ് പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ 6 മാസത്തിനകം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2 (ജി)വകുപ്പിന്റെ പരിധിയിൽപ്പെട്ടവ), നിയുക്ത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുകയെന്നതും അഴിമതി കുറയ്ക്കുകയെന്നതുമാണ് സേവനാവകാശ നിയമം നടപ്പിലാക്കുന്നതുവഴി ലക്ഷ്യമിടുന്നത്. 23-11-2012, 19-2-2013 എന്നീ തീയതികളിലെ 21145/ഏ.ആർ.12 (1)/12/ഉ.ഭ.പ.വ., 20-12-2012-ലെ 14944/ ഏ.ആർ12(1)/12/ ഉ.ഭ.പ.വ., 4-10-2013-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21-10-2014-ലെ

സർക്കുലർ നമ്പർ. 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ് മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ഭരണവകുപ്പുകളും അവരുടെ നിയന്ത്രണത്തിലുള്ള വകുപ്പുകൾ/ സ്ഥാപനങ്ങളിൽ നിന്നും സേവനാവകാശനിയമ പ്രകാരം നൽകിയ സേവനങ്ങളെ സംബന്ധിച്ചുള്ള പ്രതിമാസ പ്രവർത്തന പത്രികയുടെ സമാഹൃത റിപ്പോർട്ട് എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് 2-9-2015-ലെ 2062/ഏ.ആർ.12(1)/2015/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പേഴ്സണൽ സ്റ്റാഫ് നിയമനത്തിനായുള്ള സ്പെഷ്യൽ റൂൾസ്

86 (57) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ നേരിട്ടും വിവിധ ബോർഡ്, കോർപ്പറേഷൻ എന്നിവയിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ നിയമപ്രകാരം വിവിധ വകുപ്പ്, കോർപ്പറേഷൻ എന്നിവയിൽ നിന്നും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവരുടെ കാര്യത്തിൽ അതു സാധാരണ ഡെപ്യൂട്ടേഷൻ നിയമനമായി കണക്കാക്കുന്നതുകൊണ്ട് അവർക്ക് സ്പെഷ്യൽ റൂൾസിൽ വിവക്ഷിക്കുന്ന സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യം പരിശോധിച്ച് പേഴ്സണൽ സ്റ്റാഫിലെ നിയമനങ്ങളും സേവനവും അതിനുള്ള സ്പെഷ്യൽ റൂൾസ് പ്രകാരമായി മാത്രം നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിലുള്ള നിയമപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർക്ക് മാതൃവകുപ്പിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാണ് ലഭിക്കുക. പേഴ്സണൽ സ്റ്റാഫിനായുള്ള സ്പെഷ്യൽ റൂൾസിൽ ഡെപ്യൂട്ടേഷൻ പ്രകാരം ജോലി ചെയ്യുന്നവർക്ക് പ്രത്യേകം ആനുകൂല്യങ്ങളൊന്നും വിവക്ഷിക്കുന്നില്ല. പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം സർക്കാരിന്റെ പരിഗണനയിലാണ്.

## പേഴ്സണൽ സ്റ്റാഫുകളെ നിയമിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾസ് പരിഷ്കരണം

87 (58) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫുകളെ നിയമിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾസ് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ പ്രസ്തുത പരിഷ്കരണം പൂർത്തീകരിക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ?

ഉത്തരം

(എ&ബി) പേഴ്സണൽ സ്റ്റാഫിനുള്ള സ്പെഷ്യൽ റൂൾസ് പരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതിലേക്കായി നടപടികൾ നടന്നുവരികയാണ്. അവ പൂർത്തിയാകുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാരുടെ സംവരണം

88 (59) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് 1996 മുതൽ പ്രാബല്യത്തോടെ സംവരണം നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പെൻഷൻകാർ

89 (60) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അധ്യാപകർ ഉൾപ്പെടെ മൊത്തം സർക്കാർ ജീവനക്കാർ എത്രയായിരുന്നു; ഈ സർക്കാരിന്റെ കാലയളവിൽ റിട്ടയർ ചെയ്തവർ എത്ര; പുതുതായി സൃഷ്ടിച്ച തസ്തികകൾ എത്ര; ഇപ്പോൾ എത്ര ജീവനക്കാരും അധ്യാപകരും പെൻഷൻകാരും ഉണ്ട്;

(ബി) മേല്പറഞ്ഞ വിശദാംശങ്ങൾ എല്ലാ വകുപ്പുകളിൽ നിന്നും ശേഖരിച്ചത് സെക്രട്ടേറിയറ്റിൽ ലഭ്യമാണോ; ഏറ്റവും ഒടുവിൽ ശേഖരിക്കപ്പെട്ടത് എപ്പോഴാണ്; വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബഡ്ജറ്റ് രേഖകൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അദ്ധ്യാപകർ ഉൾപ്പെടെ മൊത്തം സർക്കാർ ജീവനക്കാരുടെ എണ്ണം- 499563 ആയിരുന്നു. 31-5-2011 മുതൽ 31-1-2016 വരെ റിട്ടയർ ചെയ്തവരുടെ എണ്ണം 84418 ആണ്. പുതുതായി സൃഷ്ടിച്ച തസ്തികകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. 2015-16 ലെ ബഡ്ജറ്റ് രേഖകൾ പ്രകാരമുള്ള അധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം 511487 ആണ്. നിലവിൽ സംസ്ഥാനത്താകെ 427691 പെൻഷൻകാരുണ്ട്.

(ബി) ലഭ്യമല്ല.

## സർക്കാർ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ് നിയമനം

90 (61) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് നിയമന രീതി പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ തസ്തികയിൽ നിയമനം ലഭിക്കാൻ പരമാവധി വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏതെന്ന് വിശദാംശം നൽകാമോ;

(സി) അധിക യോഗ്യതയുള്ളവരെ ഒഴിവാക്കാൻ ചട്ടം ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ഡി) പുതിയ വിജ്ഞാപന പ്രകാരം അധിക യോഗ്യത ഉള്ളവരെ അപേക്ഷ സമർപ്പിക്കുന്നതിൽനിന്നും അയോഗ്യരാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) Kerala Last Grade Service Special Rules- ൽ നിലവിലുള്ള വ്യവസ്ഥ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മിനിമം യോഗ്യത "Must be able to read and write Malayalam, Tamil or Kannada" എന്നാണ്. എന്നാൽ വിവിധ തസ്തികകളിലെ യോഗ്യത പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 01-07-2011 -ലെ G.O.(Ms)21/11/P&ARD നമ്പർ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ യോഗ്യത "Should have passed Standard VII and should not have acquired any Degree" എന്നാക്കിയിട്ടുണ്ട്. ടി യോഗ്യത ഉൾപ്പെടുത്തി Kerala Last Grade Service Special Rules-ൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച കരട് വിജ്ഞാപനം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

**ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നേരിട്ടുള്ള നിയമനം**

91 (62) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ പി. എസ്. സി. പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളാ ജനറൽ സർവ്വീസിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി 2016-ൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയുടെ സ്പെഷ്യൽ റൂൾ പ്രകാരം ടി തസ്തികയിലേയ്ക്ക്

1. കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ സെലക്ട് ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റം മുഖേനയും
2. മറ്റ് സർവ്വീസ്/ക്ലാസ്/കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥരിൽനിന്നും പി.എസ്.സി. മുഖേനയുള്ള തസ്തികമാറ്റം വഴിയുമാണ് നിയമനം നൽകണമെന്ന് നിഷ്കർഷിച്ചിരിക്കുന്നത്. ആയതിനാൽ ഒഴിവുവരുന്ന മുറയ്ക്ക് നിലവിലെ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നുണ്ട്. നേരിട്ടുള്ള നിയമനത്തിന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്യുന്നില്ല.

## ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണം

92 (63) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും അധ്യാപകർ ഉൾപ്പെടെ സർക്കാർ ജീവനക്കാരുടെ എണ്ണം എത്ര വീതമായിരുന്നു; ഈ കാലയളവിൽ മുൻ വർഷത്തേതിനേക്കാൾ എത്ര ശതമാനം ജീവനക്കാർ കുറയുകയോ കൂടുകയോ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തെ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെയും അധ്യാപകരുടെയും എണ്ണത്തിൽ വർദ്ധനവാണോ കുറവാണോ ഉണ്ടായിട്ടുള്ളത്; എങ്കിൽ അവ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-ബി) ബഡ്ജറ്റ് രേഖകൾ പ്രകാരം കഴിഞ്ഞ 10 വർഷത്തെ അധ്യാപകരുൾപ്പെടെ യുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം, എണ്ണത്തിലുണ്ടായ വർദ്ധനവ്/കുറവ് എന്നിവയുടെ ശതമാന കണക്കുകൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | ആകെ ജീവനക്കാർ | വർദ്ധനവ്/കുറവിന്റെ ശതമാനം |
|---|---|---|
| 2006-07 | 496529 | 2.14% |
| 2007-08 | 498138 | 0.32% |
| 2008-09 | 503206 | 1% |
| 2009-10 | 507085 | 0.77% |
| 2010-11 | 488691 | (-)3.76% |
| 2011-12 | 499563 | 2.22% |
| 2012-13 | 502675 | 0.62% |
| 2013-14 | 502557 | (-)0.02% |
| 2014-15 | 506556 | 0.8% |
| 2015-16 | 511487 | 0.97% |

## വോട്ടിംഗ് മെഷീനുകൾ

93 (64) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ടിങ്ങ് മെഷീനുകൾ കേടുവന്നത് സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിരുന്നുവോ;

(ബി) എങ്കിൽ ആരെല്ലാമായിരുന്നു അന്വേഷണ ഉദ്യോഗസ്ഥരെന്നും, ഇവർ ഏതെല്ലാം തരത്തിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ;

(സി) ഇവരുടെ അന്വേഷണത്തിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ മാത്രം ഒട്ടേറെ മെഷീനുകൾ കേടുവരാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത മെഷീനുകൾ ഭാവിയിൽ ഉപയോഗിക്കുന്നതിന് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉത്തരവിട്ടിരുന്നു.

(ബി) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി മുൻ പ്രോ വൈസ്ചാൻസിലർ ആയ പ്രൊഫ. ഡോ. കെ. ആർ. ശ്രീവത്സൻ, സി-ഡാക്കിന്റെ ഡയറക്ടർ ജനറലായ പ്രൊഫ. രജത് മൂന, സി-ഡാക്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ. രമണി ബി. എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ 05-11-2015-ൽ നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ടിംഗ് മെഷീനുകൾക്ക് തകരാറ് സംഭവിക്കാനുണ്ടായ കാരണം പരിശോധിക്കാനും, പരിഹാരം നിർദ്ദേശിക്കുവാനുമായി 19-11-2015-ലെ 795/2015/സം.തി.ക. നമ്പർ ഉത്തരവിൻ പ്രകാരം നിയോഗിച്ചിരുന്നു.

(സി) ഉണ്ട്. അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഹൈലെവൽ ഫാക്ട് ഫൈന്റിംഗ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഇ.വി.എം. നിർമ്മിച്ച നൽകിയ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക്, കേടായ മെഷീനുകൾ പ്രവർത്തനസജ്ജമാക്കി കമ്മീഷന് ലഭ്യമാക്കാനായുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ കേടായ മെഷീനുകൾ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ നന്നാക്കി നൽകുന്ന മുറയ്ക്ക് പ്രസ്തുത മെഷീനുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനായി തിരുവനന്തപുരം നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിലെ സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസറായ ശ്രീ. റ്റി. മോഹൻദാസ് കൺവീനറായും, തിരുവനന്തപുരം സി-ഡാക്കിലെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയ ശ്രീമതി രമണി ബി., തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് വിഭാഗം മേധാവി ശ്രീ. ജിജി സി. വി. എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഹൈലെവൽ ഫാക്ട് ഫൈന്റിംഗ് കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച്, മേൽപ്പറഞ്ഞ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ, ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതുമാണ്.

**അപകടമരണം**

94 (65) <u>പ്രൊഫ. സി. രവീന്ദ്രനാഥ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടമരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് പരമാവധി എത്ര രൂപയാണ് നൽകുന്നത്;

(ബി) പ്രസ്തുത തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എത്ര രൂപ വരെയാണെന്ന് വിശദമാക്കാമോ;

(സി) അപകടത്തിൽപ്പെട്ടവർക്ക് അടിയന്തര സഹായം നൽകുവാനായി കളക്ടർ അനുവദിക്കുന്ന തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും, അപകടമരണം സംഭവിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കുന്നതുമായ അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ വിവേചനാധികാരമുപയോഗിച്ച് പരമാവധി ഒരു ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം അനുവദിക്കുന്നു. മന്ത്രിസഭയുടെ തീരുമാനപ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതലും അനുവദിക്കുന്നുണ്ട്.

വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി രണ്ട് ലക്ഷം രൂപാവീതം എന്ന നിരക്കിൽ ധനസഹായം നല്കുന്നു.

സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ദുരിതാശ്വാസ നിധി വിതരണം**

95 (66) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ നിന്നും 2015 -ൽ എം.എൽ.എ. മുഖാന്തിരം ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചു കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ എത്ര അപേക്ഷ പാസാക്കിയിട്ടുണ്ട്; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്; എത്ര പേർക്ക് തുക വിതരണം ചെയ്യേണ്ടതായിട്ടുണ്ട്; പ്രസ്തുത തുക എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും സംബന്ധിച്ച് നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

## ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷ

96 (67) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ-നിലിശ്വരം പഞ്ചായത്തിൽ കൊറ്റമം കരയിൽ ആട്ടോക്കാരൻ ജോസും ഈറ്റക്കടവ് ഊഴത്തുക്കാരൻ വീട്ടിൽ ഒ. പി. ഡേവിഡും കളക്ടറുടെ റിപ്പോർട്ട് സഹിതം 18-05-2015-ാം തീയതി ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ടിയാളുകളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത അപേക്ഷ പാസാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ – സി) അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ-നിലിശ്വരം പഞ്ചായത്തിൽ കൊറ്റാമം കരയിൽ ആട്ടോക്കാരൻ ജോസിന് 27-11-2015 തീയതിയിലെ സ.ഉ.(സാധ)നമ്പർ 6331/15/റവ പ്രകാരം 10,000 രൂപ അനുവദിച്ചിട്ടുണ്ട്. (ക്രമ നമ്പർ 13)

ഈറ്റക്കടവ് ഊഴത്തുക്കാരൻ വീട്ടിൽ ഒ. പി. ഡേവിസിന്റെ മകൾ ഗ്രീന ഡേവിസിന്റെ ചികിത്സയ്ക്കായി 27.11.2015-ലെ സ.ഉ.(സാധ) നമ്പർ 6331/15/റവ പ്രകാരം അനുവദിച്ച 10,000 രൂപയ്ക്ക് (ക്രമ നമ്പർ 14) പുറമെ 04-02-2016-ലെ സ.ഉ. (സാധ)നമ്പർ 850/16/റവ പ്രകാരം 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം)യും കൂടി അനുവദിച്ചിട്ടുണ്ട്. തുക ലഭ്യമാക്കുന്നതിന് സർക്കാർ ഉത്തരവിന്റെ പകർപ്പ് എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം

97 (69) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർ എന്തെല്ലാം കാര്യങ്ങളാണ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്;

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ ഏതെല്ലാം ആവശ്യങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് പരിഹാരം കണ്ടിട്ടുള്ളത്;

(സി) സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസമുൾപ്പെടെ മുഴുവൻ കാര്യങ്ങളും അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെ പറയുന്ന കാര്യങ്ങൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്:

- ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത സാമ്പത്തിക സഹായ വിതരണം പൂർണ്ണമായും നടന്നിട്ടില്ല.
- കടങ്ങൾ എഴുതിത്തള്ളാൻ തീരുമാനമെടുത്തിരുന്നു. ഒരാളുടെയും കടം തള്ളിയിട്ടില്ല.
- ആവശ്യമായ ചികിത്സ ലഭിക്കുന്നില്ല. സൗജന്യമരുന്ന് വിതരണം 8 മാസമായി മുടങ്ങിക്കിടക്കുന്നു.
- പെൻഷൻതുക 200 രൂപ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇത് മുഴുവൻ പേർക്കും ലഭിച്ചിട്ടില്ല. നിലവിൽ വിതരണം ചെയ്യുന്ന പെൻഷൻ ലഭിക്കാത്തവരും പട്ടികയിലുണ്ട്.
- ഗോഡൗണുകളിലെ എൻഡോസൾഫാൻ നീക്കം ചെയ്ത് നിർവീര്യമാക്കൽ ഇതുവരെ നടന്നിട്ടില്ല.
- നെഞ്ചംപറമ്പിലെ കിണറ്റിലിട്ട എൻഡോസൾഫാൻ പരിശോധിക്കണ മെന്ന് ഉറപ്പിച്ചതാണ്, നടന്നിട്ടില്ല.
- വർഷത്തിലൊരിക്കൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാൻ തീരുമാനമെടുത്തെങ്കിലും നടത്തിയിട്ടില്ല.

- ബഡ്സ് സ്കൂളുകൾ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. നിരോധിക്കപ്പെട്ട ആസ്ബസ്റ്റോസ് ഷീറ്റിന്റെ അടിയിലാണ് പല സ്കൂളുകളും പ്രവർത്തിക്കുന്നത്.
- മരിച്ചവരുടെ കുടുംബങ്ങൾക്ക് പലർക്കും സഹായധനം ലഭിച്ചിട്ടില്ല. ഭാഗികമായ തുകയാണ് മരിച്ചവരുടെ ആശ്രിതർക്ക് കിട്ടിയത്.

(ബി)

- ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം ദുരിതബാധിതരുടെ പട്ടികയിലുൾപ്പെട്ട 3 കാറ്റഗറിയിലുള്ളവർക്കും (പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ശാരീരികവൈകല്യം സംഭവിച്ചവർക്കും) കൂടാതെ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കാത്ത ക്യാൻസർ രോഗികൾക്കും എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക ധനസഹായത്തിന്റെ 3-ൽ 2 ഗഡുക്കൾ നൽകി കഴിഞ്ഞു.
- പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും പ്രത്യേക ധനസഹായത്തിന്റെ 1.5 ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും ശാരീരിക വൈകല്യമുള്ളവർക്കും ക്യാൻസർ രോഗികൾക്കും ഒരു ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും നൽകി കഴിഞ്ഞു.
- ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള വിദഗ്ധ ഡോക്ടർമാരുടെ പാനലാണ് ദുരിബാധിതരെ ഇപ്രകാരം കാറ്റഗറിയായി തിരിച്ചത്.
- ഇപ്രകാരം ആകെ 89.925 കോടി രൂപ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രത്യേക ധനസഹായമായി അനുവദിച്ച് നല്കിയിട്ടുണ്ട്.
- പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറെയാണ് സർവ്വേ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.
- എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ

അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 2011 മുതൽ 1,000, 2,000 രൂപ വീതം പ്രതിമാസം നൽകി വന്ന പെൻഷൻ 1-4-2015 മുതൽ 200 രൂപ വീതം വർദ്ധിപ്പിച്ച് 1200, 2200 രൂപ എന്നിങ്ങനെ നൽകി വരുന്നുണ്ട്.

- എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി സൗജന്യമായി ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകൾ അടക്കം 17 എംപാനൽഡ് ആശുപത്രികളിലും സൗജന്യമായി വിദഗ്ദ്ധ ചികിത്സയും നൽകിവരുന്നുണ്ട്.

- എൻഡോസൾഫാൻ ദുരിതബാധിതപട്ടികയിൽ ഉൾപ്പെട്ടവരിൽ അപേക്ഷ സമർപ്പിച്ചവർക്ക് റേഷൻകാർഡ് ബി.പി.എൽ. ആക്കി മാറ്റിയിട്ടുണ്ട്. ദുരിതബാധിതരായ മുഴുവൻ കുടുംബാംഗങ്ങൾക്കും സൗജന്യമായി റേഷൻ നൽകി വരുന്നുണ്ട്.

- എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തരം സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നുണ്ട്. പ്രൈമറി ക്ലാസ്സുകളിൽ 2,000 രൂപ വീതവും ഹൈസ്കൂളുകളിൽ 3,000 രൂപ വീതവും ഹയർസെക്കന്ററികളിൽ 4,000 രൂപ വീതവും ആണ് സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചു വരുന്നത്.

- മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നീലേശ്വരം മുൻസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് (സ്പെഷ്യൽ) സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

- നബാർഡ്-ആർ.ഐ.ഡി.എഫ് എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി 10 ദുരിതബാധിത പഞ്ചായത്തുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ബഡ്സ് സ്കൂളുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 6 ബഡ്സ് സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ പുല്ലൂർ പെരിയ പഞ്ചായത്തിൽ നിർമ്മിച്ചുവരുന്ന ബഡ്സ് സ്കൂൾ മോഡൽ ബഡ്സ് സ്കൂളായി ഉയർത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

- നിലവിൽ ബഡ്സ് സ്കൂളുകൾക്ക് നൽകിയിട്ടുള്ള വാഹനങ്ങൾക്ക് പുറമെ പുതുതായി ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്കായി അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിഷ്കരിച്ച സ്പെഷ്യൽ വാഹനങ്ങൾ മനോരമ സ്നേഹനിധിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ജില്ല കളക്ടറുടെ പേരിൽ വാങ്ങി നൽകിവരുന്നു.
- ആശുപത്രികളിലേയ്ക്കും തിരിച്ചും സൗജന്യമായി യാത്രാസൗകര്യം.
- ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൗജന്യമായി മരുന്നുകളും ലഭ്യമാക്കിവരുന്നു.
- എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(സി) സർക്കാർ നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കിവരുന്നു.

(ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസമുൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും അടിയന്തര പ്രാധാന്യത്തോടുകൂടിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

### എൻഡോസൾഫാൻ ദുരിതബാധിതർ

98 (70) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കായി ഏതെല്ലാം കാര്യങ്ങൾ നടപ്പാക്കാനാണ് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുള്ളത്; ഇതിൽ നടപ്പിലാക്കിയവയും നടപ്പാക്കാത്തവയും ഏതെല്ലാം എന്ന് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പിലാക്കിയ പദ്ധതികളും അവർക്ക് നൽകിയ ആനുകൂല്യങ്ങളും എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ; പ്രഖ്യാപിച്ച ആനുകൂല്യങ്ങളും പദ്ധതികളും നടപ്പിലാക്കാൻ ബാക്കിയുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണ് എന്ന് വിശദീകരിക്കാമോ;

(സി) 2006-11 കാലയളവിൽ അധികാരത്തിൽ ഉണ്ടായിരുന്ന സർക്കാർ എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികളും അവർക്ക് നൽകിയ ആനുകൂല്യങ്ങളും എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിന് നൽകിയ ശിപാർശകൾ താഴെ പറയുന്നതാണ്:

1. The state should pay at least Rs. Five Lakhs to the next of kin of those who died and to those who were full bedridden/unable to move without help or mentally retarded and Rs. Three Lakhs to those who have got other disability. A panel of doctors may assess the extent of physical disability to classify the categories of victim. The Union of India shall give adequate financial help to the State Government.

2. Conduct a survey of other populations that might also have been affected by the use of Endosulphan including in Palakkad where there are reports of similar problems faced by villagers.

3. Increase the quantum of relief and rehabilitation for victims and their families, and ensure that it is paid regularly and in full.

4. Improve the facilities for diagnosis, treatment and therapy available at hospitals and health centres that tend to the victims, while ensuring that at least one of them is equipped and staffed to offer advanced care and at primary Health Centres in the eleven villages which are seriously affected may be upgraded to Community Health Centres.

ടി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്:

- ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം ദുരിതബാധിതരുടെ പട്ടികയിലുൾപ്പെട്ട 3 കാറ്റഗറിയിലുള്ളവർക്കും (പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ശാരീരിക വൈകല്യം സംഭവിച്ചവർക്കും) കൂടാതെ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കാത്ത ക്യാൻസർ രോഗികൾക്കും എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പ്രത്യേക ധനസഹായത്തിന്റെ 3-ൽ 2 ഗഡുക്കൾ നൽകിയിട്ടുണ്ട്.

- പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും പ്രത്യേക ധനസഹായത്തിന്റെ 1.5 ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും ശാരീരിക വൈകല്യമുള്ളവർക്കും ക്യാൻസർ രോഗികൾക്കും ഒരു ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും നൽകിയിട്ടുണ്ട്.

- ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള വിദഗ്ധ ഡോക്ടർമാരുടെ പാനലാണ് ദുരിതബാധിതരെ കാറ്റഗറി തിരിച്ചത്.

- ആകെ 89.925 കോടി രൂപ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രത്യേക ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

- സർവ്വേ നടത്തുന്നതിനായി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

- എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 2011 മുതൽ 1,000, 2,000 രൂപ വീതം പ്രതിമാസം നൽകി വന്ന പെൻഷൻ 01-04-2015 മുതൽ 200 രൂപ വീതം വർദ്ധിപ്പിച്ച് 1,200, 2,200 രൂപ എന്നിങ്ങനെ നൽകി വരുന്നുണ്ട്.

- എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി സൗജന്യമായി ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകളടക്കം 17 എംപാനൽഡ് ആശുപത്രികളിലും സൗജന്യമായി വിദഗ്ദ്ധ ചികിത്സയും നൽകിവരുന്നുണ്ട്.
- എൻഡോസൾഫാൻ ദുരിതബാധിതപട്ടികയിൽ ഉൾപ്പെട്ടവരിൽ അപേക്ഷ സമർപ്പിച്ചവർക്ക് റേഷൻകാർഡ് ബി.പി.എൽ. ആക്കി മാറ്റിയിട്ടുണ്ട്. ദുരിതബാധിതരായ മുഴുവൻ കുടുംബാംഗങ്ങൾക്കും സൗജന്യമായി റേഷൻ നൽകിവരുന്നുണ്ട്.
- എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തരം സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നുണ്ട്. പ്രൈമറി ക്ലാസ്സുകളിൽ 2000 രൂപ വീതവും ഹൈസ്കൂളുകളിൽ 3000 രൂപ വീതവും ഹയർസെക്കന്ററികളിൽ 4000 രൂപ വീതവും ആണ് സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചുവരുന്നത്.
- മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നീലേശ്വരം മുൻസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് (സ്പെഷ്യൽ) സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.
- നബാർഡ് - ആർ.ഐ.ഡി.എഫ് എൻഡോസൾഫാൻ പാക്കേജിലുൾപ്പെടുത്തി 10 ദുരിതബാധിത പഞ്ചായത്തുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ബഡ്സ് സ്കൂളുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 6 ബഡ്സ് സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ പുല്ലൂർ പെരിയ പഞ്ചായത്തിൽ നിർമ്മിച്ചുവരുന്ന ബഡ്സ് സ്കൂൾ മോഡൽ ബഡ്സ് സ്കൂളായി ഉയർത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

- നിലവിൽ ബഡ്സ് സ്കൂളുകൾക്ക് നൽകിയിട്ടുള്ള വാഹനങ്ങൾക്ക് പുറമെ പുതുതായി ആരംഭിച്ച ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്കായി അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിഷ്കരിച്ച സ്പെഷ്യൽ വാഹനങ്ങൾ മനോരമ സ്നേഹനിധിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് ജില്ലാ കളക്ടറുടെ പേരിൽ വാങ്ങി നൽകിവരുന്നു.
- എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശുപത്രികളിലേക്കും തിരിച്ചും സൗജന്യമായി യാത്രാസൗകര്യം.
- ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൗജന്യമായി മരുന്നുകളും ലഭ്യമാക്കിവരുന്നു.

(സി) 2006-2011 കാലയളവിൽ എൻഡോസൾഫാൻ ദുരിത ബാധിതർക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിരുന്നു.

- എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ട 486 പേരുടെ ആശ്രിതർക്ക് 2006-11 കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.
- ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിനായി ജില്ലയിലെ ജനപ്രതിനിധികളെയും പരിസ്ഥിതി പ്രവർത്തകരെയും ഉൾപ്പെടുത്തി 2006-ൽ എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് & റെമഡിയേഷൻ സെൽ രൂപീകരിച്ചു.
- മെഡിക്കൽ ക്യാമ്പ് - ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 2010-11 വർഷങ്ങളിൽ 17 സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. തുടർന്ന് പട്ടികയിൽ ഉൾപ്പെട്ട ദുരിതബാധിതർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി സ്മാർട്ട് കാർഡുകൾ വിതരണം ചെയ്തു. വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള എംപാനൽഡ് ആശുപത്രി വഴി ചികിത്സ ലഭ്യമാക്കി.

- സാന്ത്വനപരിചരണം – കിടപ്പിലായ രോഗികൾക്ക് അവരുടെ വീട്ടുകളിൽ ചെന്ന് ഡോക്ടർമാർ, സ്റ്റാഫ് നഴ്സ് എന്നിവർ ഉൾപ്പെടെയുള്ള മെഡിക്കൽ ടീം ദുരിതബാധിതർക്ക് ചികിത്സ നൽകി.
- ഫിസിയോതെറാപ്പി യൂണിറ്റ് - 11 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ ആശുപത്രികളിൽ ഫിസിയോതെറാപ്പി സേവനം ലഭ്യമാക്കി. കാസർഗോഡ് ജില്ലയിൽ വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നതിനായി ജനറൽ ആശുപത്രിയിൽ പി.എം.ആർ. യൂണിറ്റിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി.
- പ്രതിമാസ സാമ്പത്തിക സഹായം – ദുരിതബാധിതർക്ക് രോഗാവസ്ഥ അനുസരിച്ച് 2000, 1000 രൂപ എന്നീ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചു.
- സൗജന്യ യാത്രാ സൗകര്യം– എൻഡോസൾഫാൻ ദുരിതബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിനായി 11 ഗ്രാമപഞ്ചായത്തുകളിൽ പ്രത്യേക വാഹനസൗകര്യം ഏർപ്പെടുത്തി.
- ദുരിതബാധിത കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതർ**

99 (71) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കടം എഴുതിത്തള്ളുന്നതിനായി എത്ര പേരുടെ ലിസ്റ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന് എത്ര തുകയാണ് വേണ്ടത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നാളിതുവരെയായി കടം എഴുതിത്തള്ളുന്നതിലേക്കായി പ്രത്യേക ഫണ്ട് എന്ന നിലയിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നത് സംബന്ധിച്ച ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ 10-10-2014-ലെ സ.ഉ.(എം.എസ്)നമ്പർ298/2014/ആകുവ പ്രകാരം ഉത്തരവായിട്ടുണ്ട്. കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

- സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, വാഹന വായ്പ, ഗൃഹനിർമ്മാണ വായ്പ, ഗൃഹോപകരണങ്ങൾ, ആഡംബര വസ്തുക്കൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള വായ്പകൾ എന്നിവ ഒഴികെ ദുരിതബാധിതരുടെ/ കുടുബാംഗങ്ങളുടെ 50,000 രൂപ വരെയുള്ള കടങ്ങൾ മറ്റു പരിഗണനകൾ ഇല്ലാതെ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടും.

- കുട്ടികളുടെയും ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെയും കാര്യത്തിൽ അച്ഛനമ്മമാരുടെയും അവരുടെ അഭാവത്തിൽ രക്ഷിതാക്കളുടെയും പേരിലും മറ്റുള്ളവരുടെ കാര്യത്തിൽ ഭാര്യ/ഭർത്താവ്, അച്ഛൻ, അമ്മ, മക്കൾ എന്നിവരുടെ പേരിലും ഉള്ള കടങ്ങൾ കടാശ്വാസത്തിന്റെ പരിധിയിൽ ഉൾപ്പെടും.

- ദുരിതബാധിതനായ ആളിന്റെ പേരിൽ ഒന്നിൽ കൂടുതൽ വായ്പകൾ എടുത്തിട്ടുള്ള പക്ഷം 50,000 രൂപ പരിധിക്കുള്ളിൽ പൂർണ്ണമായും അടച്ചുതീർക്കാൻ കഴിയുന്ന വായ്പകൾക്കുമാത്രം കടാശ്വാസ പദ്ധതി ബാധകമാക്കുന്നതാണ്.

- 2011 ജൂലൈ മാസമോ അതിന് ശേഷമോ എടുത്ത കടങ്ങൾ അതിന് മുമ്പെടുത്ത കടങ്ങളുടെ തുടർച്ചയായി പുതുക്കി എടുത്തിട്ടുള്ളതായി ബന്ധപ്പെട്ട ബാങ്കുകൾ സാക്ഷ്യപ്പെടുത്തിയാൽമാത്രം കടാശ്വാസ പദ്ധതിക്കായി പരിഗണിക്കുന്നതാണ്.

കൂടാതെ ദുരിതബാധിതരുടെ വായ്പകളുടെ മുതൽ തുക സർക്കാർ അനുവദിക്കാമെന്നും പലിശ ബന്ധപ്പെട്ട ബാങ്കുകൾ ഒഴിവാക്കി നൽകണമെന്നുമുള്ള ബഹുമാനപ്പെട്ടമുഖ്യമന്ത്രിയുടെ നിർദ്ദേശം ജില്ലയിലെ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ അംഗീകരിക്കുകയും എന്നാൽ വായ്പയുടെ പലിശബാധ്യത ഏറ്റെടുക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന

സഹകരണ ബാങ്കുകളുടെ ആവശ്യം സർക്കാരിലേക്ക് അറിയിക്കുകയും ആയതിന്റെ അടിസ്ഥാന ത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ വായ്പകളിന്മേലുള്ള പലിശ അതാതു ബാങ്കുകൾ എഴുതിത്തള്ളുന്നതിനും അതുമൂലം ഉണ്ടാകുന്ന പലിശ നഷ്ടം ഏറ്റെടുക്കുന്നതിനും ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകി സ.ഉ.(സാധാ)നമ്പർ 56/16/സഹ തീയതി 29-01-16 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കടം എഴുതിത്തള്ളുന്നതിലേക്കായി പ്രാഥമികമായി 1191 പേരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്കായി 10,90,76,648 രൂപ (പലിശ തുക അടക്കം) ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) കടം എഴുതിത്തള്ളുന്നതിലേയ്ക്കായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല.

## മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ നിധി

100 (72) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ചികിത്സാ ധന സഹായനിധിയിൽ നിന്നും വയനാട് ജില്ലയിൽ അനുവദിച്ചിരിക്കുന്ന ചികിത്സാ ധനസഹായത്തിന്റെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായനിധിയിൽ നിന്നും കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ വയനാട് ജില്ലയിൽ അനുവദിച്ച തുകയുടെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ലഭ്യമാക്കാം.

| വർഷം | | തുക |
|---|---|---|
| 2011-2012 | - | 1,30,00,000 |
| 2012-2013 | - | 1,61,00,000 |
| 2013-2014 | - | 3,50,00,000 |
| 2014-2015 | - | 5,61,00,000 |
| 2015-2016 | - | 7,15,00,000 |

(ബി) താലൂക്കുതല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| താലൂക്ക് | തുക |
|---|---|
| വൈത്തിരി | 7,20,98,550 |
| സുൽത്താൻ ബത്തേരി | 5,55,64,439 |
| മാനന്തവാടി | 6,33,14,445 |

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

101 (73) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏതെല്ലാം ഇനത്തിൽ തുക അനുവദിക്കാറുണ്ട്;

(ബി) പാവപ്പെട്ടവർക്ക് ആശ്വാസമേകേണ്ട ദുരിതാശ്വാസ നിധിയിലെ തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സമാഹരിക്കുന്നതെങ്ങനെയാണ്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിധിയിലേക്ക് ബജറ്റിലൂടെ ഓരോ വർഷവും എത്ര തുക ലഭിച്ചു; വിശദമാക്കാമോ;

(ഇ) ഈ ഓരോ വർഷവും ബഡ്ജറ്റ് വിഹിതമല്ലാതെ ഏതൊക്കെ രീതിയിലായി എത്ര തുക ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിക്കാനായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗുരുതരമായ രോഗബാധിതർക്ക് ചികിത്സാ ധനസഹായം, അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾ, വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾ, സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽ പ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബങ്ങൾ, തീപിടുത്തത്തിൽ നാശനഷ്ടം നേരിട്ടവർ എന്നിവർക്ക് ആശ്വാസ ധനസഹായം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിവേചനാധികാര പ്രകാരമുള്ള മറ്റു ധനസഹായങ്ങൾ എന്നിവ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുവരുന്നു.

(ബി) തുക വക മാറ്റി ചെലവഴിച്ചിട്ടില്ല.

(സി) പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നുമാണ് നിധിയിലേക്ക് പണം സമാഹരിക്കുന്നത്. ഈ സംഭാവനയോടൊപ്പം സർക്കാർ സംഭാവനയും ലഭിക്കാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ നിധിയിലേയ്ക്ക് ബഡ്ജറ്റിലൂടെ 730,10,00,000 (എഴുന്നൂറ്റി മുപ്പത് കോടി പത്ത് ലക്ഷം രൂപ മാത്രം) ലഭിച്ചു. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

| വർഷം | തുക |
|---|---|
| 2011-12 (18-5-11-31-3-12) | 55,10,00,000 |
| 2012-13 | 70,00,00,000 |
| 2013-14 | 130,00,00,000 |
| 2014-15 | 165,00,00,000 |
| 2015-16 | 310,00,00,000 |
| ആകെ | 730,10,00,000 |

(ഇ)ബഡ്ജറ്റ് വിഹിതമല്ലാതെ പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സമാഹരിക്കാനായ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

| വർഷം | തുക |
|---|---|
| 2011-12 (18-5-11-31-3-12) | 3,35,03,788 |
| 2012-13 | 4,64,45,081 |
| 2013-14 | 3,41,75,205 |
| 2014-15 | 52,07,459 |
| 2015-16 (upto 31.1.16) | 70,92,126 |

## ഒഫിഷ്യൽ കറസ്പോണ്ടൻസുകളുടെ ആധുനികവൽക്കരണം

102 (74) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ടെലിഫോൺ കോളിലൂടെയോ, ഈ -മെയിലിലൂടെയോ പരിഹരിക്കാവുന്ന ഫയലുകളിലെ വിഷയം സംബന്ധിച്ച സംശയങ്ങൾക്ക്

താഴേതട്ടിലുള്ള ഓഫീസുകളിലേക്ക് കത്തയച്ച് മറുപടി വരുവാൻ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് താഴേ തട്ടിൽ ഉള്ള ഓഫീസുകളിൽ നിന്നും നേരിട്ട് സെക്രട്ടേറിയറ്റിൽ ഉടനടി വിവരം ലഭിക്കത്തക്ക വിധം സർക്കുലർ പുറപ്പെടുവിക്കുമോ?

<u>ഉത്തരം</u>

എല്ലാ സർക്കാർ ഓഫീസുകളും ഇന്റർനെറ്റ് വഴി പൂർണ്ണമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ഇക്കാര്യം പൂർണ്ണമായി നടപ്പാക്കാൻ ഇപ്പോൾ കഴിയില്ല. എന്നാൽ കഴിയുന്ന എല്ലാ കാര്യങ്ങളും ഫോൺ മുഖേനയും ഇ-മെയിൽ വഴിയും ഓഫീസുകളുമായി ബന്ധപ്പെടുത്തി സർക്കാർ പ്രവർത്തനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. വീഡിയോ കോൺഫറൻസുകൾ നടത്തുന്നുണ്ട്. താഴെ തട്ടിൽ ഉള്ള ഓഫീസുകളിൽ നിന്നും നേരിട്ട് സെക്രട്ടേറിയറ്റിൽ സന്ദേശം കൈമാറുന്നതിനുള്ള സർക്കുലർ ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

## റവന്യൂ കമ്മി

103 (75) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് റവന്യൂ കമ്മി നികത്തുന്നതിലേക്ക് എത്ര കോടി രൂപ അനുവദിച്ചു ; ഇതിനകം നേടിയെടുത്തത് എത്ര;

(ബി) 2015-16 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കണക്കാക്കപ്പെട്ട റവന്യൂ കമ്മി എത്ര കോടിരൂപയുടേതാണ്; കേന്ദ്രം അനുവദിച്ച തുക എന്തെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിച്ചത്;

(സി) ഇന്നത്തെ സ്ഥിതിയിൽ തന്നാണ്ടിലെ റവന്യൂ കമ്മി എത്ര കോടി രൂപ ആയി ഉയരും; ധനകമ്മി എത്ര ആയിരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) 2011-12 വർഷം മുതൽ 2015-16 വർഷം വരെയുള്ള ഓരോ വർഷവും ബഡ്ജറ്റിൽ കണക്കാക്കിയിരുന്ന റവന്യൂ കമ്മിയും ധനകമ്മിയും പൊതുകടവും അധികവിഭവ സമാഹരണവും മൂലധനചെലവും എത്ര കോടി വീതമായിരുന്നു; എന്നാലിവ ഓരോ വർഷവും എത്ര കോടി വീതമായിരുന്നു; സ്ഥിതി വിവരക്കണക്കുകൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) റവന്യൂ കമ്മി നികത്തുന്നതിലേയ്ക്ക് 2015-16 സാമ്പത്തിക വർഷത്തിൽ ലഭിക്കാനർഹതയുണ്ടായിരുന്നത് 4640 കോടി രൂപയാണ്. ഇതിൽ നിന്നും 2016 ജനുവരി വരെ 3866.7 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) റവന്യൂ കമ്മി (-)7831.92 കോടി രൂപ (BE 2015-16) കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച വരവുകൾ നടപ്പുസാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കു മായാണ് പ്രധാനമായും വിനിയോഗിക്കുന്നത്.

(സി) 2015 ഡിസംബർ വരെയുള്ള കണക്കുകൾ പ്രകാരം റവന്യൂ കമ്മി 4867.68 കോടി രൂപയും ധനകമ്മി 9331.30 കോടി രൂപയുമാണ്. ഈ കണക്കുകൾ പ്രകാരം വർഷാന്ത്യ റവന്യൂ കമ്മിയും ധനകമ്മിയും പ്രതീക്ഷിച്ചതിനേക്കാൾ വർദ്ധിക്കുമെന്നാണ് വിലയിരുത്തുന്നത്.

(ഡി) അനുബന്ധമായി ചേർക്കുന്നു. *

**സംസ്ഥാനത്തിന്റെ കടബാധ്യത**

104 (76) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യതകൾ എത്ര കോടി രൂപയായിരിക്കുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ബി) ഈ കടബാദ്ധ്യതകളിൽ 2016-17 മുതലുള്ള അഞ്ച് വർഷത്തിൽ ഓരോ വർഷവും കടവും പലിശയും ഇനത്തിൽ കൊടുത്തുതീർക്കേണ്ടതായ തുക എത്ര കോടി രൂപ വീതമായിരിക്കും; 2020-21 വരെയുള്ള ഓരോ വർഷവും നിലവിലുള്ള കടബാദ്ധ്യതകളിൽ കൊടുത്തുതീർക്കേണ്ടുന്ന മുതലും പലിശയും എത്ര; വിശദമാക്കാമോ;

(സി) നിലവിലുള്ള കടബാധ്യതകളിൽ ഈ സർക്കാരിന്റെ കാലത്ത് വാങ്ങിയ മൊത്തം കടം എത്ര; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നാളിതുവരെ സംസ്ഥാനത്തിനുണ്ടായിരുന്ന കടം എത്ര ആയിരുന്നു എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2016 മാർച്ച് അവസാനമുള്ള സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത അക്കൗണ്ടന്റ് ജനറലിന്റെ 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ കണക്കാക്കുവാൻ കഴിയുകയുള്ളൂ.

(ബി) 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും മാർക്കറ്റ് ബോറോയിംഗ്സ്, LIC, GIC, NABARD (NRCLTO), NABARD (RIDF), NSSF കേന്ദ്രസർക്കാർ വായ്പ എന്നീയിനങ്ങളിൽ എടുത്ത കടത്തിന്റെ തിരിച്ചടക്കേണ്ട തുക (മുതൽ), പലിശ എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | തിരിച്ചടയ്ക്കേണ്ട മുതൽ | തിരിച്ചടയ്ക്കേണ്ട പലിശ # | ആകെ തുക |
|---|---|---|---|
| 2016-17 | 4340.56 | 8426.96 | 12767.52 |
| 2017-18 | 6119.97 | 8117.22 | 14237.19 |
| 2018-19 | 7439.56 | 7682.53 | 15122.09 |
| 2019-20 | 7331.71 | 7143.41 | 14475.12 |
| 2020-21 | 7292.08 | 6682.13 | 13974.21 |

(# അക്കൗണ്ടന്റ് ജനറൽ അറിയിക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാർ വായ്പയുടെ പലിശ തിരിച്ചടവ് നടത്തുന്നത്. ആയതിനാൽ കേന്ദ്ര സർക്കാർ വായ്പയുടെ പലിശ ഇതിൽ ഉൾപ്പെട്ടിട്ടില്ല.)

(സി) ഈ സർക്കാരിന്റെ കാലത്ത് (2011-2015) 31-3-2015 വരെ 56,767 കോടി രൂപ കടമെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ കടം 78673.24 കോടി രൂപയായിരുന്നു.

**ഇ-ട്രാൻസ്ഫർ ഓഫ് മണി വഴി പി.എഫ്. പെൻഷൻ സംബന്ധിച്ച്**

105 (77) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും ബോർഡ്/കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലേയ്ക്ക് നിയമിക്കപ്പെടുന്നവർക്ക് അവരുടെ മാതൃസ്ഥാപനത്തിലേക്ക് അയക്കുന്ന പി.എഫ്.,പെൻഷൻ എന്നിവ

ഇ-ട്രാൻസ്ഫർ ഓഫ് മണി വഴി നടത്തുന്ന കാര്യം പരിഗണിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ; അങ്ങനെ ഉറപ്പ് നൽകിയിട്ടും ഇപ്പോഴും ഉയർന്ന ചാർജ്ജ് നൽകി ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന പണമിടപാട് നടത്തുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) താഴ്ന്ന വരുമാനക്കാരിൽ നിന്നും ഉയർന്ന നിരക്കിലെ ഡിമാന്റ് ഡ്രാഫ്റ്റ് ഈടാക്കി പണമയയ്ക്കുന്നതിലെ നീതിരാഹിത്യം ബോധ്യമായിട്ടുണ്ടോ ;

(സി) ഉറപ്പ് നൽകിയ പ്രകാരമുള്ള നടപടി എന്നുണ്ടാവുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സർക്കാർ നടപ്പിലാക്കി വരുന്ന Integrated Financial Management System എന്ന പദ്ധതിയിൽ ഈ വിഷയവും പരിശോധിച്ച് വരുന്നു.

(ബി) ബോധ്യമായിട്ടുണ്ട്.

(സി) പരിശോധനയിലാണ്.

**കെ.എസ്. എഫ്.ഇ.-യെ ശക്തിപ്പെടുത്താൻ കർമ്മ പദ്ധതി**

106 (78) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ശ്രീ.വി. ഡി. സതീശൻ</u> :

<u>ശ്രീ. എം. എ. വാഹീദ്</u> :

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ യെ ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) കെ.എസ്.എഫ്.ഇ യുടെ നിക്ഷേപം ഇത് മൂലം എത്ര കണ്ട് വർദ്ധിക്കുകയുണ്ടായി;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചിട്ടി ബിസിനസ് 31-3-2011-ൽ 626 കോടി രൂപയായിരുന്നത് ഇപ്പോൾ 1426 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. (128% വർദ്ധനവ്). വിവിധ വായ്പാ പദ്ധതികളിലായി 31-3-11-ൽ 1711 കോടിരൂപ വായ്പ നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ഇത് 3762 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. (120% വർദ്ധനവ്). നിക്ഷേപ പദ്ധതികൾ 31-03-11 വരെ 3110 കോടി രൂപ ആയിരുന്നത് ഇപ്പോൾ 8191 കോടി രൂപയായി വർദ്ധിച്ചു. (163% വർദ്ധനവ്). കമ്പനിയുടെ മൊത്തം ബിസിനസ്സ് ടേണോവർ 2010-11-ൽ 12333 കോടി രൂപ ആയിരുന്നത് ഇപ്പോൾ 28337 കോടി രൂപയായി വർദ്ധിച്ചു. (130%വർദ്ധനവ്) 31-03-2011-ൽ 366 ശാഖകൾ ആയിരുന്നത് ഇപ്പോൾ 545 ആയി ഉയർന്നിട്ടുണ്ട്. 2010-11-ൽ കമ്പനിയുടെ ലാഭം 52 കോടി രൂപയായിരുന്നത് ഇപ്പോൾ 209 കോടി രൂപയായി വർദ്ധിച്ചു. 2010-11-ൽ കമ്പനിയുടെ അറ്റാസ്തി 191 കോടി രൂപയായിരുന്നത് ഇപ്പോൾ 476 കോടി രൂപയായി വർദ്ധിച്ചു.

(സി) ചിട്ടി ബിസ്സിനസ് വർദ്ധിപ്പിക്കുന്നതിനായി സമ്മാനാധിഷ്ഠിത ചിട്ടി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വായ്പാ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി വായ്പാമേളകൾ നടത്തിവരുന്നു.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

107 (79) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിൽ 2014-2016 വരെയുള്ള കാലയളവിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള എത്ര അപേക്ഷകൾ കെ.ബി.എഫ് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ തീർപ്പാക്കാതെ നിലനിൽക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ തീർപ്പാക്കാതെ നിൽക്കുന്ന അപേക്ഷകളിൽ ഏറനാട് നിയോജകമണ്ഡലത്തിൽ നിന്നുള്ള അപേക്ഷകരുടെ പേര്, മേൽവിലാസം, ഫയൽ നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകരിച്ചിട്ടും ധനസഹായം വിതരണം ചെയ്യാത്ത കേസുകൾ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ; കാരുണ്യ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല.

(സി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകരിച്ചിട്ടും ധനസഹായം വിതരണം ചെയ്യാത്ത അപേക്ഷകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഗവ.ആശുപത്രികൾ | - | 9683 |
| സ്വകാര്യ ആശുപത്രികൾ | - | 35523 |
| പ്രത്യേകാനുമതി പ്രകാരമുള്ള അപേക്ഷകൾ | - | 830 |
| ആകെ | - | 46036 |

കാരുണ്യ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

1. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽനിന്നും മൂന്ന് ലക്ഷം രൂപയാക്കിയിട്ടുണ്ട്.
2. സർക്കാർ ആശുപത്രികളിൽ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് അടിയന്തര ഓപ്പറേഷൻ ആവശ്യമായിരുന്നുവെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ഓപ്പറേഷൻ കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
3. ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കും ധനസഹായം അനുവദിക്കുന്നതാണ്.
4. ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ആവശ്യാനുസരണം ചികിത്സാ ധനസഹായം നൽകുന്നുണ്ട്.
5. സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികളിൽ ഡയാലിസിസ് ചികിത്സ നടത്തുന്നവർക്കും ധനസഹായം ലഭിക്കുന്നതാണ്.
6. ധനസഹായത്തിന് ആർ.എസ്.ബി.വൈ, ചിസ് പ്ലസ് പ്രകാരം ലഭിക്കുന്ന ചികിത്സാ ധനസഹായം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുകയിൽ നിന്നും കുറവു ചെയ്യുന്നതു ഒഴിവാക്കി അർഹമായ മുഴുവൻ തുകയും പരമാവധി രണ്ട് ലക്ഷം രൂപ എന്ന പരിധിയിൽ അനുവദിക്കുന്നതാണ്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

108 (80) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും സഹായത്തിനായി സമർപ്പിച്ച എത്ര അപേക്ഷകൾ കോഴിക്കോട് ജില്ലയിൽ നിന്നുള്ളത് തീർപ്പാവാതെ കിടപ്പുണ്ട് എന്നത് വിശദമാക്കാമോ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ സഹായധനം ലഭിക്കുന്നതിന് വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് ജില്ലയിൽ നിന്നും അയച്ച അപേക്ഷകളിൽ ഇനിയും ധനസഹായം അനുവദിച്ചിട്ടില്ലാത്ത എത്ര അപേക്ഷകൾ ഉണ്ട് എന്നും എപ്പോൾ തീർപ്പാക്കും എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഗവൺമെന്റ് ആശുപത്രികളിലെ അപേക്ഷകൾ - 3025

സ്വകാര്യ ആശുപത്രികളിലെ അപേക്ഷകൾ - 1428

ആകെ തീർപ്പാക്കാനുള്ള അപേക്ഷകൾ - 4453

(ബി) നടപടി ക്രമങ്ങൾ പൂർത്തിയാക്കുവാനുള്ള കാലതാമസം വരാറുണ്ട്.

(സി) ആകെ തീർപ്പാക്കാനുള്ള അപേക്ഷകൾ - 4453

14 ജില്ലകളിൽ നിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാതിരുന്നതുകൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തിവരുന്നു.

## ബഡ്ജറ്റ് ചെലവും യഥാർത്ഥ ചെലവും

109 (81) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും പൊതുഭരണം, റവന്യൂ, പോലീസ്, നീതിനിർവ്വഹണം, നികുതി, ഫിനാൻസ് തുടങ്ങിയ റെഗുലേറ്ററി

മേഖലകളിലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച ചെലവും, യഥാർത്ഥ ചെലവും എത്ര വീതമാണെന്ന് വിശദമാക്കാമോ;

(ബി) 2011-12 ലെ ചെലവിനെ അപേക്ഷിച്ച് 2014-15 വർഷത്തിൽ ഓരോ ഇനത്തിലും എത്ര ശതമാനം വർധന നേടുകയുണ്ടായിട്ടുണ്ട്;

(സി) 2015-16 വർഷം മേൽപ്പറഞ്ഞവയ്ക്ക് ഓരോന്നിനും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക 2011-12-നെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലാണ്; യഥാർത്ഥ ചെലവ് എത്ര ശതമാനമായി വർദ്ധിക്കാൻ സാധ്യതയുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർക്കുന്നു.*

**പതിനാലാം ധനകാര്യ കമ്മീഷൻ- കേന്ദ്രാവിഷ്കൃത പദ്ധതികൾ**

110 (82) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണ്; ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും തമ്മിലുള്ള അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്; കേന്ദ്രവിഹിതം പകുതിയാക്കിയ പദ്ധതികൾ ഏതെല്ലാം;

(ബി) നിർത്തലാക്കിയതും, കേന്ദ്രവിഹിതം പകുതി ആക്കിയതുമായ പദ്ധതികൾ സംസ്ഥാനത്ത് തുടർന്നും നടപ്പാക്കുന്നതിന് മൊത്തം എത്ര കോടി രൂപ ആവശ്യമാണ്; പദ്ധതികൾ എല്ലാം സംസ്ഥാനത്ത് തുടർന്നും നടപ്പിലാക്കിയിട്ടുണ്ടോ; തന്നാണ്ടിൽ ഇതിനകം ഈ പദ്ധതികൾക്കുവേണ്ടി എന്തു തുക ചെലവഴിച്ചു ;

(സി) പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് ആയി ലഭിക്കുന്ന തുകയുടെ എത്ര ശതമാനം വേണ്ടി വരും ഈ പദ്ധതികൾ തുടർന്നും നടപ്പിലാക്കാൻ ; വിശദാംശം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2015-16-ലെ കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ Funding Pattern ൽ മാറ്റം വരുത്തുകയും ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാന ആസൂത്രണ ബോർഡ് Funding Pattern-ൽ മാറ്റമുള്ളതും നിർത്തലാക്കിയതുമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 1806.61 കോടി രൂപ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം (30-11-2015 വരെ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി പദ്ധതിയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കേന്ദ്ര സർക്കാർ നിർത്തലാക്കിയതും കേന്ദ്രവിഹിതം വെട്ടിക്കുറച്ചതുമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ തുക ധനകാര്യ കമ്മീഷൻ നടപ്പു സാമ്പത്തിക വർഷം ശിപാർശ ചെയ്തിട്ടുള്ള തുകയുടെ 10 ശതമാനമാണ്.

**ബേപ്പൂർ മണ്ഡലം ആസ്തി വികസന ഫണ്ട്**

111 (83) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലം എം.എൽ.എ.-യുടെ 2014-15-ലെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ മറ്റൊരു എം,എൽ.എ.-യുടെ പദ്ധതിക്കായി വക മാറ്റി നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗുരുതരമായ പിഴവ് കോഴിക്കോട് ട്രഷറിയിൽ എങ്ങനെ സംഭവിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പിഴവ് വരുത്തിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) വകമാറ്റിയ ഫണ്ടിന് പകരം ബേപ്പൂർ എം.എൽ.എ.യുടെ ഫണ്ടിലേക്ക് തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ആസ്തിവികസന പദ്ധതിയുടെ പ്രവൃത്തികൾക്ക് ആദ്യമായി അലോട്ട്മെന്റ് കൈകാര്യം ചെയ്യുന്നത് കൊണ്ടു സംഭവിച്ച പിഴവാണെന്ന് കോഴിക്കോട് ട്രഷറി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അധിവർഷം കാരണമുള്ള അധികദിനങ്ങൾ സർവ്വീസായി പരിഗണിക്കുന്നത് സംബന്ധിച്ച്**

112 (84) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അതിവർഷം കാരണമുള്ള അധിക ദിനങ്ങൾ സർവ്വീസായി പരിഗണിക്കണമെന്നുള്ള ഹൈക്കോടതി നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പെരുമ്പാവൂർ കുറുപ്പപ്പടി ഗണപതി വിലാസം ഹൈസ്കൂളിൽ നിന്നും വിരമിച്ച അദ്ധ്യാപകൻ ശ്രീ. എം. വി. മത്തായിക്ക് എന്തൊക്കെ ആനുകൂല്യം പുനർ നിർണ്ണയിക്കാനാണ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്;

(സി) 81027/2015/പെൻഷൻ-ബി/ഫിനാൻസ് നമ്പർ ഫയൽ പരിശോധിച്ച് ധനകാര്യ വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) എല്ലാ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പ്രസ്തുത ആനുകൂല്യം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. എം. വി. മത്തായി ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.10405 of 2009(u) കേസിൽ 22-9-2015-ാം തീയതി പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരന്റെ യോഗ്യ സേവനകാലം അധിവർഷം കാരണം അധികമായി വരുന്ന 6 ദിവസങ്ങൾ കൂടി ചേർത്ത് പുനർനിർണ്ണയം ചെയ്യണം

എന്ന ഉത്തരവ് പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത വിധി നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്ക് എതിരായതിനാലും കേസിൽ ധനവകുപ്പിനെ കക്ഷി ചേർത്തിട്ടില്ലാത്തതിനാലും ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ കേസിലെ ഒന്നാം എതിർകക്ഷിയായ കേരള അക്കൗണ്ടന്റ് ജനറൽ (എ&ഇ) യ്ക്ക് നിർദ്ദശം നല്കിയിട്ടുണ്ട്.

(ബി) പെൻഷൻ ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും പുനർനിർണ്ണയിക്കണം എന്നാണ് ഹൈക്കോടതി ഉത്തരവിട്ടത്.

(സി) തീരുമാനം എടുത്തിട്ടുണ്ട്. WP(C)No.10405/2009 എന്ന കേസിലെ ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ അക്കൗണ്ടന്റ് ജനറൽ ധനവകുപ്പിന്റെ അഭിപ്രായമാരാഞ്ഞ പ്രസ്തുത ഫയലിന്മേൽ കോടതി ഉത്തരവ് നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്ക് എതിരാകയാൽ അപ്പീൽ ഫയൽ ചെയ്യണം എന്ന് അക്കൗണ്ടന്റ് ജനറലിന് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ധനകാര്യ വകുപ്പിനെ കൂടി പ്രസ്തുത കേസിൽ കക്ഷി ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നത് നിലവിലുള്ള ചട്ടങ്ങൾക്ക് എതിരാകയാൽ മേൽക്കോടതിയിൽ നിന്ന് അന്തിമവിധി വരുന്നതുവരെ ഇക്കാര്യം പരിശോധിക്കുവാൻ കഴിയില്ല.

## ബഡ്ജറ്റ് മിച്ചം

113 (85) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെങ്കിലും കണക്കിനത്തിൽ ബഡ്ജറ്റ് പാസ്സാക്കിയ മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാതെ മിച്ചം വരുകയുണ്ടായോ ;

(ബി) ഇപ്രകാരം ധനകാര്യ വകുപ്പിന് സറണ്ടർ ചെയ്ത തുക എത്രയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇപ്രകാരം അടുത്ത വർഷത്തെ കണക്കിൽ ഉൾപ്പെടുത്താവുന്ന സേവിംഗ്സ് എത്ര കോടി രൂപയാണ് ?

ഉത്തരം

2015 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തേയ്ക്കുള്ള ചെലവ് നേരിടുന്നതിലേക്കായി വിവിധ വകുപ്പുകൾക്ക് ഓരോ ധനാഭ്യർത്ഥന മുഖേനയും വകയിരുത്തിയ തുക ചെലവഴിക്കേണ്ട സമയ പരിധി 2016 മാർച്ച് 31 വരെയാണ്. ആയതിനാൽ സാമ്പത്തിക വർഷാവസാനം മാത്രമേ ചെലവഴിക്കാത്ത തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. ഇതേവരെയുള്ള ചെലവുകളുടെ അടിസ്ഥാനത്തിൽ വകുപ്പ് തലവന്മാരിൽ നിന്ന് സറണ്ടർ ശിപാർശകൾ ലഭിച്ചിട്ടില്ല.

**ആസ്തി വികസന ഫണ്ട്**

114 (86) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടിൽ പൂർത്തിയാക്കിയ ജോലികൾക്ക് പണം ലഭിക്കുവാൻ വൈകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് പണം ലഭിക്കുന്നതിന് വൈകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പ്രവൃത്തികൾക്ക് എത്ര ശതമാനം തുകയാണ് മുൻകൂർ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ വകുപ്പുവഴിയും പൊതുമേഖലാസ്ഥാപനങ്ങൾ വഴിയുമുള്ള പ്രവൃത്തികൾക്ക് ഏതുവിധേനയാണ് ബില്ലുകൾ നൽകേണ്ടതെന്നും ഇതിന് പണം ലഭിക്കുവാൻ എത്ര കാലതാമസമാണ് ഉണ്ടാകുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. അക്രഡിറ്റഡ് ഏജൻസികൾ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് പണം അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ധനകാര്യവകുപ്പ് ജി.ഒ.(പി) നമ്പർ 213/2015/ഫിൻ തീയതി 05-06-2015 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ധനകാര്യവകുപ്പിൽ ലഭിക്കുന്ന പ്രൊപ്പോസലുകൾക്ക് താമസംവിനാ ഫണ്ട് അനുവദിച്ച് വരുന്നുണ്ട്.

(സി) 30-7-2014-ലെ ജി.ഒ.(പി) നമ്പർ 311/14/ഫിൻ പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് പദ്ധതി ചെലവിന്റെ 20%-ൽ കവിയാത്ത തുക മുൻകൂറായി നൽകുന്നുണ്ട്. പ്രവർത്തന പുരോഗതിയനുസരിച്ച് ബാക്കി തുകയും ഇൻസ്റ്റാൾമെന്റായി അനുവദിക്കുന്നു.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പ് വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് LSGD ചീഫ് എഞ്ചിനീയറാണ് ബിൽ തുക മാറി നല്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്ന പ്രവൃത്തികൾക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നത് LSGD ചീഫ് എഞ്ചിനീയർ തന്നെയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലല്ലാതെയുള്ള വകുപ്പുകളിൽ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവൃത്തി ചെയ്യുകയാണെങ്കിൽ അവയുടെ ബില്ലുകൾ മാറി നൽകുന്നതിനുള്ള ശിപാർശ, ഭരണവകുപ്പ്/വകുപ്പ് തലവൻമാർ മുഖേന ധനകാര്യവകുപ്പിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക മാറി നൽകാൻ ധനകാര്യവകുപ്പിൽ നിന്നും ഉത്തരവ് നൽകിവരുന്നുണ്ട്. ഇതിന് കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള പദ്ധതികൾ

115 (87) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്താനുള്ള കേരളത്തിലെ പദ്ധതികൾ ഏതെല്ലാമെന്ന് കാണിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നുവോ;

(ബി) സംസ്ഥാനം മുൻഗണന നൽകിയിരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ & ബി) 2016-17-ലെ കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ പല ഘട്ടങ്ങളിലായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച സുപ്രധാന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ മൊത്തം കടം

116 (88) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണകളിലായി കടപ്പത്രങ്ങൾ വഴി എത്ര കോടി രൂപ സമാഹരിച്ചിട്ടുണ്ട്; ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റുമായി വായ്പയെടുത്ത തുക എത്ര;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സംസ്ഥാനത്തിന്റെ മൊത്തം കടം എത്ര; 2016 മാർച്ച് 31 ആകുമ്പോൾ ഈ കടം ഇന്നത്തെ നിലയിൽ എത്ര കോടിയായി വർദ്ധിക്കും;

(സി) നിലവിലുള്ള കടം മുതൽ ഇനത്തിലും അതിന്റെ മുതലും പലിശയും ഉൾപ്പെടെയും അടുത്ത അഞ്ച് വർഷങ്ങളിലായി ഓരോ വർഷവും തിരിച്ച് നല്കേണ്ടതായിവരുന്ന തുക എത്ര കോടി വീതമായിരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 67 കടപ്പത്രങ്ങളിലായി 58713 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതുകൂടാതെ നബാർഡിൽ നിന്ന് 2364.01 കോടി രൂപയും വിദേശ വായ്പയിനത്തിൽ 2541.57 കോടി രൂപയും എടുത്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31.03.2011 വരെ സംസ്ഥാനത്തിന്റെ മൊത്തം കടം 78673.24 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ 2016 മാർച്ച് 31 -ലെ പൊതുകടം കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## എ.ഡി.എഫ്. പ്രൊപ്പോസലുകളുടെ ഭരണാനുമതി

117 (89) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 വർഷത്തിൽ ആസ്തി വികസന ഫണ്ട് വഴി നടപ്പാക്കുന്നതിനായി എം.എൽ.എ.-മാർ സമർപ്പിച്ച നിർദ്ദേശങ്ങളിൽ, തദ്ദേശസ്വയംഭരണ വകുപ്പ് വഴി അനുമതി നൽകേണ്ട ഫയലുകൾ ധനകാര്യ വകുപ്പിൽ നിന്നും സോഫ്റ്റ്‌വെയർ സംവിധാനം വഴി തദ്ദേശസ്വയംഭരണ വകുപ്പിന് അയച്ച് ആഴ്ചകൾ പിന്നിട്ടിട്ടും പ്രസ്തുത ഇ- ഫയലുകൾ ഓപ്പൺ ചെയ്യുന്നതിനോ, നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുവാൻ വളരെ കുറച്ച് സമയം മാത്രം ബാക്കി നിൽക്കുന്ന സമയത്തുണ്ടായ ഈ ഗുരുതരമായ കാലതാമസവും സാങ്കേതിക തടസ്സവും ഒഴിവാക്കുന്നതിനും ഇത്തരം എ.ഡി.എഫ്. പ്രൊപ്പോസലുകളുകൾ അടിയന്തരമായി പരിഗണിച്ച് ഭരണാനുമതി നൽകുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭരണവകുപ്പുകളിലെ ആസ്തിവികസന ഫണ്ട് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ ഓഫീസിൽവച്ച് സോഫ്റ്റ്‌വെയർ സംബന്ധമായ ട്രെയിനിംഗ് നൽകുകയുണ്ടായി. കൂടാതെ സോഫ്റ്റ്‌വെയർ സംവിധാനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് ജീവനക്കാരെ സഹായിക്കാൻ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ രണ്ട് ടെക്നീഷ്യൻമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. അതോടൊപ്പം സോഫ്റ്റ്‌വെയർ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്.

**കെ.എസ്.എഫ്.ഇ. ബഡ്ജറ്റ് വിഹിതം**

118 (90) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് വഴിയും കെ.എഫ്.സി. വഴിയും നടപ്പിലാക്കാൻ ഉദ്ദേശിച്ച കാര്യങ്ങളിൽ അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാമാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിനും കെ.എഫ്.സി.-യ്ക്കും വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയിൽ എത്രശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) K.S.F.E.-യുടെ ശാഖകൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തുടങ്ങുന്നതിന് പദ്ധതിയിട്ടിരുന്നു. അതിൽ 163 ശാഖകൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പരിസ്ഥിതി സൗഹൃദ/ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ, നൈപുണ്യ വികസന കോഴ്സുകളിൽ ചേരാൻ വായ്പ, എജ്യൂകെയർ വിദ്യാഭ്യാസ പദ്ധതി, വിദ്യാധനം പദ്ധതി എന്നിവയ്ക്കും രൂപം നൽകിയിരുന്നു. എല്ലാ പദ്ധതികളും ഘട്ടംഘട്ടമായി നടപ്പാക്കിവരികയാണ്.

ഈ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റുകളിലൂടെ കെ.എഫ്.സി. വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ച കാര്യങ്ങൾ അതത് വർഷങ്ങളിൽ പൂർണ്ണമായി നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടുണ്ട്.

(ബി) സർക്കാർ ബഡ്ജറ്റിൽ കെ.എസ്.എഫ്.ഇ.-യ്ക്കായി പദ്ധതി തുക വകയിരുത്താറില്ല.

കഴിഞ്ഞ 5 ബഡ്ജറ്റുകളിലായി കെ.എഫ്.സി. വഴി കെ.എസ്.ഇ.ഡി.എം. പദ്ധതിക്ക് അതത് വർഷം ലഭിച്ച തുകയും ചെലവഴിച്ച തുകയും അടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | പദ്ധതി തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2011-12 | 250000000 | 100000000 | 1728818 |
| 2012-13 | 250000000 | - | 2495972 |
| 2013-14 | -- | 50000000 | 38346029 |
| 2014-15 | -- | -- | 70625613 |
| 2015-16 (31-12-2015 വരെ) | -- | -- | 78024584 |
| ആകെ | 500000000 | 150000000 | 213678016 |

2013-14 ബഡ്ജറ്റിൽ ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതിയ്ക്ക് ലഭിച്ച തുകയും ചെലവഴിച്ച തുകയും അടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | പദ്ധതി തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2013-14 | 100000000 | 46400000 | 62400000 |

ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവനും പിൻവലിച്ചു. ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽക്കുന്നില്ല.

(സി) ബാധകമല്ല.

## എം.എൽ.എ. ആസ്തി വികസന ഫണ്ട്

119 (91) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ നിന്നും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തികവർഷങ്ങളിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ, അനുവദിച്ച തുക, ഭരണാനുമതിയുടെ വിശദാംശങ്ങൾ എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വനംവകുപ്പ് പദ്ധതികൾ

120 (92) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും വനം വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി വനം വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര;

(സി) ഓരോ വർഷവും റി-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും വനം വകുപ്പുവഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ ചുവടെ ചേർക്കുന്നു.

| വർഷം | അതതു വർഷങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലാത്ത പദ്ധതികളുടെ/ പരിപാടികളുടെ എണ്ണം | അതതു വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിക്കാത്ത പദ്ധതികൾ/ പരിപാടികൾ |
|---|---|---|
| 2011-12 | 2 | 1.കൺവീനർ സമ്പ്രദായത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തൽ<br>2. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മരം നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി |
| 2012-13 | 2 | 1. പുത്തൂരിലെ സുവോളജിക്കൽ പാർക്കും വന്യജീവിസംരക്ഷണ കേന്ദ്രവും<br>2. ഗാന്ധിസ്മൃതി വനം പദ്ധതി |
| 2013-14 | Nil | Nil |
| 2014-15 | 1 | ട്രീഗ്രോവേഴ്സ് കോപ്പറേറ്റീവ്സ് എന്ന പദ്ധതി |

(ബി)

| വർഷം | വനം വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുക | അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുക | ചെലവഴിക്കാൻ കഴിയാതിരുന്ന തുക | വകയിരുത്തിയ തുകയുടെ പിൻവലിച്ച് വിനിയോഗിച്ച ശതമാനം | ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2011-12 | 11616.68 | 9423.18 | 2193.5 | 81.12% | ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അതാത് വർഷം വിനിയോഗിക്കാത്ത തുക ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽക്കാറില്ല. |
| 2012-13 | 14722.04 | 12748.28 | 1973.76 | 86.59% | |
| 2013-14 | 17025.01 | 11658.26 | 5366.75 | 68.48% | |
| 2014-15 | 20554.62 | 12935.57 | 7619.05 | 62.93% | |
| 2015-16 | 19853.00 | 7977.93 (Present) | ongoing | 40.19% | |

(സി)

| വർഷം | സർക്കാർ ഉത്തരവ് | തുക |
|---|---|---|
| (1) | (2) | (3) |
| 2011-12 | G.O(Rt)No.2708/2012/Fin dated 28-3-2012 | 1,00,00,000 |
| | G.O(Rt)No.2959/2012/Fin dated 30-3-2012 | 1,31,00,000 |
| | G.O(Rt)No.2960/2012/Fin dated 30-3-2012 | 3,97,72,000 |
| | G.O(Rt)No.4254/2012/Fin dated 31-3-2012 | 4,51,54,000 |
| | G.O(Rt)No.4252/2012/Fin dated 31-3-2012 | 20,36,70,000 |

| (1) | (2) | (3) |
|---|---|---|
| | G.O(Rt)No.4253/2012/Fin dated 31-3-2012 | 19,15,53,000 |
| | G.O(Rt)No.4255/2012/Fin dated 31-3-2012 | 16,22,000 |
| | G.O(Rt)No.1051/2014/Fin dated 14-02-2014 | 1,08,49,000 |
| | G.O(Rt)No.2284/2014/Fin dated 20-3-2014 | 26,77,000 |
| 2013-14 | G.O(Rt)No.2849/2014/Fin dated 31-3-2014 | 1,08,23,000 |
| | G.O(Rt)No.3034/2014/Fin dated 31-3-2014 | 11,35,65,000 |
| | G.O(Rt)No.3068/2014/Fin dated 31-03-2014 | 23,23,27,000 |
| | G.O(Rt)No.8494/2014/Fin dated 12-11-2014 | 1,00,000 |
| | G.O(Rt)No.222/2015/Fin dated 12-1-2015 | 35,00,000 |
| 2014-15 | G.O(Rt)No.2578/2015/Fin dated 24-03-2015 | 1,88,07,000 |
| | G.O(Rt)No.3623/2015/Fin dated 31-03-2015 | 10,48,64,000 |
| 2015-16 | G.O(Rt)No.565/2016/Fin dated 20-01-2016 | 3,63,17,000 |

## വനംവകുപ്പിലെ ഡ്രൈവർമാരുടെയും ബോട്ട് ഡ്രൈവർമാരുടെയും ശമ്പളപരിഷ്കരണം

121 (93) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഡ്രൈവർമാരുടെയും ബോട്ട് ഡ്രൈവർമാരുടെയും യോഗ്യത ഉയർത്തുന്നതിനും കോമൺ കാറ്റഗറിയിൽ നിന്നു മാറ്റി പരിശീലനം നൽകി നിയമനം നടത്തുന്നതിനും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ ശമ്പള സ്കെയിൽ ഉയർത്തുന്നതിന് പത്താം ശമ്പള കമ്മീഷൻ ശിപാർശ നൽകിയിരുന്നോ;

(സി) കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള ശമ്പളമാണോ പ്രസ്തുത ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഇല്ലായെങ്കിൽ, പ്രസ്തുത തസ്തികകളുടെ യോഗ്യത ഉയർത്തിയതിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള സ്കെയിൽ അനുവദിച്ച് നൽകിയിട്ടുള്ളത് ടി പരിഷ്കരണ ഉത്തരവിലെ അപാകം ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത അപാകം പരിഹരിച്ച് കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള ശമ്പള സ്കെയിൽ അനുവദിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വനംവകുപ്പിലെ ഡ്രൈവർമാരുടെയും ബോട്ട് ഡ്രൈവർമാരുടെയും യോഗ്യത ഉയർത്തുന്നതുമായി ബന്ധപ്പെട്ട് 20.09.2014-ലെ സ.ഉ.(പി)84/2014/വനം നമ്പരായി എസ്.ആർ.ഒ. 574/2014 ആയി കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്.

(ബി) യോഗ്യതകൾ പരിശോധിച്ചാണ് കമ്മീഷൻ ശമ്പള സ്കെയിൽ ശിപാർശ ചെയ്തിട്ടുള്ളത്.

(സി) അല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ**

122 (94) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ പദ്ധതി ഈ സർക്കാർ ഏത് വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു;

(ബി) ഒരു തദ്ദേശസ്ഥാപനത്തിൽ നിന്ന് എത്ര യുവാക്കളെ വീതം തെരഞ്ഞെടുത്തു; എത്ര പേർക്ക് പരിശീലനം നൽകി; ഇതിൽ നിന്നും അഞ്ചിൽ കുറയാത്ത അംഗങ്ങൾ ചേർന്ന് എത്ര ചെറുകിട-മെട്രോ വ്യവസായ സംരംഭങ്ങൾക്ക് രൂപം നൽകുമെന്നായിരുന്ന പ്രഖ്യാപനം നടത്തിയിരുന്നത്; ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി)ഈ പദ്ധതി പ്രകാരം കെ.എഫ്.സി. എത്ര സംരംഭകർക്ക് സഹായം നൽകുകയുണ്ടായി; കെ.എഫ്.സി. നൽകിയ പലിശരഹിത വായ്പ എത്ര; ജില്ല തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കാമോ; മാനേജീരിയൽ സബ്സിഡിയായി നൽകിയ തുക എത്ര;

(ഡി) ഒരു ലക്ഷം പേർക്ക് പുതുതായി തൊഴിൽ ലഭിക്കും എന്ന് പ്രഖ്യാപിച്ച് നടത്തിയ ഈ പദ്ധതി വഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചു;

(ഇ) ഈ പദ്ധതി പ്രഖ്യാപിച്ചതിനുശേഷം പദ്ധതിയുടെ ഉദ്ഘാടനത്തിനും പരസ്യങ്ങൾക്കും മറ്റുമായി നാളിതുവരെ സർക്കാർ ഖജനാവിൽ നിന്ന് ചെലവായ തുക എത്ര?

ഉത്തരം

(എ) കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ ഈ സർക്കാർ 2011-12 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു.

(ബി) 50,000 യുവജനങ്ങളെ തെരഞ്ഞെടുത്ത് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച്, ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ നൽകും എന്നായിരുന്നു ബഡ്ജറ്റ് പ്രഖ്യാപനമ്പർ

(സി) ഈ പദ്ധതി മുഖേന 31-12-2015-ലെ കണക്കുകൾ പ്രകാരം 3134 സംരംഭകർക്ക് സഹായം നൽകുകയുണ്ടായി. (കെ.എഫ്.സി. 2460, മറ്റ് ധനകാര്യ സ്ഥാപനം 674). കെ.എഫ്.സി. പലിശരഹിത വായ്പ ഇനത്തിൽ 13299.27 ലക്ഷം രൂപ അനുവദിക്കുകയും 10329.65 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേന 2024.33 ലക്ഷം രൂപ വായ്പ ഇനത്തിൽ അനുവദിക്കുകയും 1820.8 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. 31-12-2015 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു: മാനേജീരിയൽ സബ്സിഡിയായി രൂപയൊന്നും നൽകിയിട്ടില്ല.

| | കെ.എഫ്.സി. | | | | മറ്റ് ധനകാര്യ സ്ഥാപനങ്ങൾ | | | | മൊത്തം | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ജില്ല | സംരംഭങ്ങൾ | സംരംഭകർ | വായ്പ അനുവദിച്ച തുക | വായ്പ വിതരണം ചെയ്ത തുക | സംരംഭങ്ങൾ | സംരംഭകർ | സ്വായ്പ അനുവദിച്ച തുക | വായ്പ വിതരണം ചെയ്ത തുക | സംരംഭങ്ങൾ | സംരംഭകർ | വായ്പ അനുവദിച്ച തുക | വായ്പ വിതരണം ചെയ്ത തുക |
| തിരുവനന്തപുരം | 157 | 371 | 2106.30 | 1702.83 | 70 | 53 | 408.34 | 402.39 | 227 | 524 | 2514.64 | 2105.22 |
| കൊല്ലം | 43 | 75 | 536.10 | 403.79 | 10 | 6 | 76.39 | 74.31 | 53 | 91 | 612.49 | 478.10 |
| പത്തനംതിട്ട | 23 | 52 | 231.36 | 163.76 | 5 | 9 | 49.46 | 47.26 | 28 | 61 | 280.82 | 211.02 |
| കോട്ടയം | 55 | 128 | 712.21 | 579.84 | 29 | 70 | 340.23 | 298.37 | 84 | 198 | 1052.44 | 878.21 |
| ആലപ്പുഴ | 30 | 51 | 288.99 | 214.48 | 35 | 68 | 216.26 | 204.62 | 65 | 119 | 505.25 | 419.10 |
| എറണാകുളം | 140 | 301 | 1768.82 | 1434.49 | 28 | 65 | 154.96 | 130.26 | 168 | 366 | 1923.78 | 1564.75 |
| ഇടുക്കി | 119 | 261 | 1198.32 | 939.66 | 1 | 2 | 0 | 0 | 120 | 263 | 1198.32 | 939.66 |
| തൃശ്ശൂർ | 33 | 71 | 383.47 | 243.38 | 16 | 29 | 115.69 | 108.89 | 49 | 100 | 499.16 | 352.27 |
| മലപ്പുറം | 139 | 334 | 1753.80 | 1394.52 | 46 | 113 | 327.89 | 311.35 | 185 | 447 | 2081.69 | 1705.87 |
| പാലക്കാട് | 66 | 129 | 723.12 | 621.54 | 25 | 50 | 96.33 | 60.87 | 91 | 179 | 819.45 | 682.41 |
| കോഴിക്കോട് | 106 | 223 | 1245.22 | 740.71 | 16 | 40 | 90.49 | 53.09 | 122 | 263 | 1335.71 | 793.80 |
| വയനാട് | 74 | 168 | 909.04 | 674.88 | 9 | 24 | 44.30 | 37.40 | 83 | 192 | 953.34 | 712.28 |
| കണ്ണൂർ | 76 | 192 | 918.14 | 770.65 | 8 | 18 | 37.49 | 33.49 | 84 | 210 | 955.63 | 804.14 |
| കാസർഗോഡ് | 47 | 104 | 524.38 | 445.12 | 6 | 17 | 66.50 | 58.50 | 53 | 121 | 590.88 | 503.62 |
| മൊത്തം | 108 | 2460 | 13299.27 | 10329.65 | 304 | 674 | 2024.33 | 1820.8 | 1412 | 3134 | 15323.6 | 12150.45 |

(ഡി) ഈ പദ്ധതി പ്രകാരം ഇതുവരെ 7346 പേർക്ക് തൊഴിൽ ലഭിച്ചു. (3134 സംരംഭകർ).

(ഇ) ഈ പദ്ധതിയുടെ ഉദ്ഘാടനത്തിനും പരസ്യങ്ങൾക്കും മറ്റ് ചെലവുകൾക്കുമായി നാളിതുവരെ 1,14,94,048 രൂപ ചെലവായിട്ടുണ്ട്.

**കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ട് ബോർഡ്**

123 (95) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2000 കോടി രൂപ കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ട് ബോർഡിന് മൂലധനമായി നല്കിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(ബി) ബോർഡിന്റെ പെയ്ഡ് ക്യാപിറ്റൽ നിലവിൽ എത്ര; ബോർഡിന്റെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമാക്കാമോ;

(സി) ബോർഡ് നാളിതുവരെ പൊതുവിപണിയിൽ നിന്നും ശേഖരിച്ച തുക എത്ര; ഈ നിക്ഷേപങ്ങൾക്ക് പ്രഖ്യാപിച്ച നികുതി ഇളവുകൾ ഏതൊക്കെയാണ്;

(ഡി) ബോർഡിൻ കീഴിൽ നിലവിൽ ഏതെല്ലാം അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കുന്നു എന്നും പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ബോർഡുവഴി എത്ര കോടി രൂപ മൂലധനമായി ഉപയോഗിച്ച് 2015-16-ൽ എത്ര പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് എന്നു അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 2015-16 ബഡ്ജറ്റിൽ "5475-00-800-92- മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ" എന്ന ശീർഷകത്തിൽ 2000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഘടനയും പ്രവർത്തനവും പരിഷ്കരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ടി തുക കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന ചെലവഴിക്കേണ്ട സാഹചര്യം ആയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക സംസ്ഥാനത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സർക്കാർ വിഹിതമായി ആവശ്യാനുസരണം വിനിയോഗിച്ച് വരുന്നു. ഈ

സാമ്പത്തികവർഷാവസാനം ഇതിൽ അവശേഷിക്കുന്ന തുക കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് കമ്പനീസ് ആക്ടിന്റെ പരിധിയിൽ വരാത്തതിനാൽ ഓതറൈസ്ഡ് ക്യാപിറ്റൽ, പെയ്ഡ് അപ് ക്യാപിറ്റൽ എന്നിവ ബാധകമല്ല. 1999-ലെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട് പ്രകാരം 11-11-1999-ൽ ആണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകൃതമായത്. സംസ്ഥാനത്തിന്റെ പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ആവശ്യമായ നിക്ഷേപം സ്വരൂപിക്കുക എന്നതാണ് ഇതിന്റെ പ്രവർത്തനലക്ഷ്യം. നിലവിലെ ഘടനപ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുമരാമത്ത്), സെക്രട്ടറി (ഇറിഗേഷൻ), സെക്രട്ടറി (പ്ലാനിംഗ്), സെക്രട്ടറി (റവന്യൂ), സെക്രട്ടറി (ഫിനാൻസ് റിസോഴ്സസ്) എന്നിവരും വികസന ബാങ്കിംഗ് മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള രണ്ടുപേരും അംഗങ്ങളായിട്ടുള്ള ബോർഡാണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത്. സെക്രട്ടറി (ഫിനാൻസ് റിസോഴ്സസ്) ഇതിന്റെ ഫണ്ട് മാനേജരായും പ്രവർത്തിക്കുന്നു.

(സി) മൂന്ന് ബോണ്ട് സീരീസുകളിലൂടെ 1999-2003 കാലയളവിൽ 1023.71 കോടി രൂപ ബോർഡ് സമാഹരിച്ചിരുന്നു. ടി തുക നിക്ഷേപകർക്ക് തിരികെ നൽകിയിട്ടുണ്ട്. ടി ബോണ്ടുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകിയിട്ടുണ്ട്.

(ഡി) കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ കീഴിൽ നിലവിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഒന്നും നേരിട്ട് നടപ്പിലാക്കുന്നില്ല. എന്നാൽ ഇപ്പോൾ നടന്നുവരുന്നതോ സമീപഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതോ ആയ വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ രണ്ടാം ഘട്ടം, തിരുവനന്തപുരവും കോഴിക്കോടും ലൈറ്റ് മെട്രോ, തിരുവനന്തപുരം-ചെങ്ങന്നൂർ അതിവേഗ റെയിൽ ഇടനാഴി, വൈറ്റില മൊബിലിറ്റി ഹബ് രണ്ടാം ഘട്ടം മുതലായ പദ്ധതികൾക്കാവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

(ഇ) ഇപ്പോൾ നടന്നുവരുന്ന പ്രാരംഭ നടപടികൾ പൂർത്തിയാക്കിയതിനു ശേഷമേ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുകയുള്ളൂ.

**പ്രീ-ബഡ്ജറ്റ് ചർച്ചകൾ**

124 (96) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിന് രൂപം നൽകുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി നേരിട്ട് നടത്തിയ പ്രീ-ബഡ്ജറ്റ് ചർച്ചകൾ ഏതൊക്കെയാണ്;

(ബി) ഏതെല്ലാം സംഘടനകളും വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് ചർച്ച നടത്തുകയുണ്ടായിട്ടുണ്ട്;

(സി) ബഡ്ജറ്റിൽ പരിഗണിക്കുന്നതിലേക്ക് എത്ര നിർദ്ദേശങ്ങൾ രേഖാമൂലം ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) 29-1-2016-ൽ നടന്ന പ്രീ-ബഡ്ജറ്റ് സമ്മേളനത്തിൽ വാണിജ്യ-വ്യവസായ ടൂറിസം നികുതി മേഖലയിലെ വിവിധ പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ചർച്ച ചെയ്യുകയുണ്ടായി. വിവിധ സംഘടനകളെയും പ്രസ്ഥാനങ്ങളെയും പ്രതിനിധീകരിച്ച് മുപ്പതോളം വ്യക്തികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

(സി) പതിനൊന്ന് സംഘടനകളിൽ നിന്നും ധനകാര്യ വിദഗ്ദ്ധരിൽ നിന്നുമായി നാൽപ്പതിലധികം നിർദ്ദേശങ്ങൾ രേഖാമൂലം ലഭിക്കുകയുണ്ടായി.

**വിദേശ വായ്പ**

125 (97) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ട്; ഓരോ പദ്ധതിയുടേയും വിശദാംശങ്ങളും ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കാമോ;

(ബി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്; പദ്ധതികളുടെ വിശദാംശങ്ങളും ആവശ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കാമോ;

(സി) പുതുതായി വിദേശ സഹായം വാങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം; ആയതിന് സ്വീകരിച്ച് വരുന്ന തുടർനടപടികൾ എന്തെല്ലാം വ്യക്തമാക്കാമോ?

(ഡി) ഏതെല്ലാം വിദേശ വായ്പകൾ ആണ് ഇപ്പോൾ തിരിച്ചടച്ചു കൊണ്ടിരിക്കുന്നത്; പദ്ധതിയുടെ പേര്, വായ്പാത്തുക, ഫണ്ടിംഗ് ഏജൻസി എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ ഏജൻസികളിൽ നിന്ന് 16-5-2011 മുതൽ 31-12-2015 വരെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ലഭിച്ച വായ്പയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ആസ്തി വികസന ഫണ്ട് പദ്ധതി പ്രകാരം ചെലവഴിച്ച തുക**

126 (98) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം അഞ്ച് കോടിയിൽ കവിയാത്ത മേജർ വർക്കുകൾ ഏറ്റെടുക്കത്തക്ക വിധം, അഞ്ച് വർഷം കൊണ്ട് 25 കോടി വീതം ഓരോ അസംബ്ലി മണ്ഡലത്തിലും ലഭിക്കുന്ന നിലയിൽ പ്രഖ്യാപിച്ച നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് പദ്ധതിയിൻ കീഴിൽ നാളിതുവരെ ഓരോ വർഷവും ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര കോടി വീതമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിലേക്ക് മാറ്റിവച്ച തുക എത്ര കോടി വീതമായിരുന്നു എന്ന് അറിയിക്കുമോ;

(സി) പിന്നിട്ട നാല് വർഷംകൊണ്ട് ചെലവഴിക്കേണ്ടിയിരുന്ന 2820 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുകയും ട്രഷറിയിൽ നിന്നും തുക പിൻവലിക്കുകയു മുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) 2012-13 സാമ്പത്തിക വർഷം ജി.ഒ.(പി) 332/2012/ധന തീയതി 11-6-2012 പ്രകാരമാണ് ആസ്തി വികസന പദ്ധതിക്ക് രൂപം നലകിയിട്ടുള്ളത്. ഒരു എം.എൽ.എ.-യ്ക്ക് 5 കോടി രൂപ വീതം മൊത്തം 705 കോടി രൂപയാണ് പ്രതിവർഷം ഈയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എം.എൽ.എ-മാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർദ്ദേശിക്കുന്നതും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതവുമായ പ്രവൃത്തികൾക്ക് ചട്ടപ്രകാരം അനുമതി നൽകിവരുന്നു. പൂർത്തിയായ പ്രവൃത്തികൾക്ക് നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായതിനാൽ പുരോഗതിക്ക് അനുസൃതമായാണ് റിലീസ് നൽകി വരുന്നത്. ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ള തുക സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

**ആസ്തി വികസന ഫണ്ടിലെ പദ്ധതികൾ**

127 (99) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജക മണ്ഡലത്തിൽ 2011-2016 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിക്കാൻ എത്ര പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്നും ഇവ ഏതെല്ലാം ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതി ആരംഭിച്ച 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ഏറനാട് നിയോജകമണ്ഡലത്തിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ടതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രവൃത്തികളുടെ ഭരണാനുമതിക്കായുള്ള ഭരണവകുപ്പ് ശിപാർശകളൊന്നും ധനകാര്യ വകുപ്പിൽ നിലവിലില്ല. ഭരണ വകുപ്പുകളിൽ ഭരണാനുമതിക്കായി ശേഷിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) ധനാനുമതി ലഭ്യമാക്കിയ പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി പുറപ്പെടുവിക്കാനുള്ള നിർദ്ദേശം എല്ലാ ഭരണ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗതാഗത വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ

128 (100) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ഗതാഗത വകുപ്പ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ഗതാഗത വകുപ്പിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും, അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും, ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്രശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്രവീതമായിരുന്നു; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## കായികവകുപ്പ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതിയും ബഡ്ജറ്റ് വിഹിതവും

129 (101) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും കായിക വകുപ്പ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി കായിക വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച

തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിനിൽപ്പുള്ള തുക എത്രയാണ്;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) 2011-12-ൽ 1,84,99,000 രൂപയും

2012-13-ൽ 9,99,69,900 രൂപയും

2013-14-ൽ 5,67,99,000 രൂപയും

2014-15-ൽ 3,92,31,000 രൂപയും പുനർ വിന്യാസം മുഖേന കായിക യുവജനകാര്യാലയം ചെലവഴിച്ചിട്ടുണ്ട്.

സർക്കാരിന്റെ ആദ്യ വർഷങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട മിക്ക പദ്ധതികളും ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കായിക വികസന നിധിയുടെ പ്രവർത്തനത്തിനായി ട്രസ്റ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട ചില പ്രധാന സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. 35-ാം ദേശീയ കായികമേള വിജയകരമാക്കാൻ കാര്യവട്ടം യൂണിവേഴ്സിറ്റി സ്റ്റേഡിയം, വട്ടിയൂർക്കാവ് പോളിടെക്നിക് സ്റ്റേഡിയം, കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം എന്നിവയെ ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കാൻ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇതിനായി 120 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്രഖ്യാപിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ദേശീയ ഗെയിംസിനു വേദിയാകുന്നതിനുവേണ്ടി ചില പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ളവയുടെ നവീകരണത്തിനും തുടക്കം കുറിച്ചു. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം ആന്വിറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിനുള്ള പ്രവർത്തനം 2011-12-ൽ ഊർജ്ജിതമായി മുന്നോട്ടു പോകുകയും ചെയ്തു. മറ്റു 3 ആന്വിറ്റി സ്റ്റേഡിയങ്ങളുടെയും നിർമ്മാണം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു.

ആന്വിറ്റി അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം പൂർത്തീകരിച്ച് ദേശീയ കായികമേളയുടെ ഉദ്ഘാടന സമാപന ചടങ്ങുകളുടെ വേദിയാക്കുകയുണ്ടായി. മറ്റു മൂന്നു സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും ആവശ്യമായ പ്രതികരണം ലഭ്യമാകാത്തതിനാൽ ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

35-ാം ദേശീയ ഗെയിംസിന്റെ തീയതി പ്രഖ്യാപിക്കുന്നതിലുണ്ടായ കാലതാമസം കാരണം ദേശീയ ഗെയിംസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2011-2012, 2012-2013 വർഷങ്ങളിൽ അധികം തുക ചെലവഴിക്കുകയുണ്ടായില്ല. 2012-2013 വർഷം മുതൽ ദേശീയ ഗെയിംസിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തുകയും ആവശ്യമുള്ള തുക 5475-00-800-92- (Plan) Major Infrastructure Development Projects എന്ന ശീർഷകത്തിൽ നിന്ന് തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ സംസ്ഥാനത്ത് വിജയകരമായി സംഘടിപ്പിക്കപ്പെട്ട 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി നവീകരിച്ച/നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ വിശദാംശം അനുബന്ധം-3-ൽ* കാണാവുന്നതാണ്.

**വിവിധ ഫണ്ടുകൾക്കായി വകയിരുത്തിയ തുക**

130 (102) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം തൊഴിൽ സംരംഭകർക്കായി 2015-16 വർഷ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട്, സീഡ് ഫണ്ട്, ഏയ്ഞ്ചൽ ഫണ്ട്, ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചർ ചലഞ്ച് ഫണ്ട് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്ര; വകയിരുത്തിയ ഫണ്ടിൽ നിന്ന് ഇതിനകം പിൻവലിച്ച തുക എത്ര;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം ഫണ്ടുകൾ ഇതിനകം രൂപീകരിക്കുകയുണ്ടായി;

(സി) വ്യവസായ ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിന് വകയിരുത്തപ്പെട്ട തുക എത്ര; പിൻവലിച്ച തുക എത്ര;

(ഡി) സർവ്വകലാശാലകളിൽ ഇൻകുബേഷൻ സപ്പോർട്ട് സെന്ററുകൾ നടത്തുന്നതിന് മൊത്തം വകയിരുത്തപ്പെട്ട തുക എത്ര; ഇതിനകം പിൻവലിച്ച തുക എത്ര;

(ഇ) സ്റ്റാർട്ട് അപ്പുകൾക്ക് പെർഫോമൻസ് ലിങ്ക്സ് സപ്പോർട്ട് സ്കീം പദ്ധതി നടപ്പാക്കാൻ വകയിരുത്തിയ തുക എത്ര; ഇതിനകം പിൻവലിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) സ്വയം തൊഴിൽ സംരംഭകർക്കായി 2015-16 ബഡ്ജറ്റിൽ സീഡ് ഫണ്ട്, ഏയ്ഞ്ചൽ ഫണ്ട് എന്നിവയ്ക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ ഇതിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) സീഡ് ഫണ്ട്/ഏയ്ഞ്ചൽ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

(സി) വ്യവസായ ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിനായി 2015-16 സാമ്പത്തികവർഷം 3.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പു വർഷം തുകയൊന്നും ഇതിനായി ചെലവഴിച്ചിട്ടില്ല.

(ഡി) സർവ്വകലാശാലകളിൽ ഇൻകുബേഷൻ സപ്പോർട്ട് സെന്ററുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യ്ക്ക് വകയിരുത്തിയിട്ടുള്ള 16.35 കോടിരൂപയിൽ നിന്നും 11.35 കോടി രൂപ KSIDC-യ്ക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ കുസാറ്റിന് ഇക്കാര്യത്തിനായി ഒരു കോടി രൂപ നൽകിയിട്ടുണ്ട്.

(ഇ) ഈ പദ്ധതിക്കായി തുക നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടില്ല. ഭരണാനുമതി ഉത്തരവിനനുസൃതമായി തുക വകയിരുത്തുന്നതാണ്.

## സഹകരണ വകുപ്പ് ബഡ്ജറ്റ് വിഹിതം

131 (103) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും സഹകരണ വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി സഹകരണ വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്രശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

| വർഷം | പ്രഖ്യാപിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കാൻ പറ്റാത്തവയുടെ എണ്ണം |
|---|---|---|
| 2011-12 | 3 | 1 |
| 2012-13 | 4 | ... |
| 2013-14 | 10 | 2 |
| 2014-15 | 2 | 1 |
| 2015-16 | 1 | 1 |
| ആകെ | 20 | 5 |

പൂർണ്ണമായും നടപ്പിലാക്കാൻ പറ്റാത്ത ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ വിവരം അനുബന്ധം ഒന്നായി ചേർക്കുന്നു.*

(ബി) അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

(സി)

| വർഷം | റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ച തുക |
|---|---|
| 2011-12 | ... |
| 2012-13 | 1100.00 ലക്ഷം |
| 2013-14 | ... |
| 2014-15 | ... |
| 2015-16 | ... |
| ആകെ | 1100.00 ലക്ഷം |

**പദ്ധതി വിഹിതം**

132 (104) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തേക്കുള്ള പദ്ധതി വിഹിതം എത്ര കോടിയുടേതാണ്;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും കണക്കാക്കപ്പെട്ട പദ്ധതി വിഹിതം എത്രയായിരുന്നു;

(സി) ഓരോ വർഷവും കണക്കാക്കപ്പെട്ട പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ പിൻവലിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്;

(ഡി) മേൽപറഞ്ഞ വർഷങ്ങളിൽ പദ്ധതി തുക ഇനത്തിൽ പിൻവലിച്ച തുകയിൽ ഇപ്പോഴും ചെലവഴിക്കാതെ ട്രഷറിയിൽ വിവിധ അക്കൗണ്ടുകളിലായി കിടക്കുന്ന തുക മൊത്തം എത്ര കോടിയാണ്;

(ഇ) കേന്ദ്രസഹായം, സംസ്ഥാന നികുതി വരുമാനം തുടങ്ങി ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം അധിക വരുമാനം പ്രതീക്ഷിച്ചുകൊണ്ടാണ് 2016-17 ലെ പദ്ധതി തുക വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) സംസ്ഥാന നികുതി വരുമാനത്തിലെ തുടർച്ചയായുള്ള കുറവിന്റെ പശ്ചാത്തലത്തിൽ കൂടിയ നിലയിൽ വരുമാനം പ്രതീക്ഷിച്ചതും അപ്രകാരം പദ്ധതിക്ക് രൂപം നല്കിയതും എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും സംസ്ഥാന വാർഷിക പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് പ്രതീക്ഷിച്ച വരുമാനവും യഥാർത്ഥത്തിൽ ലഭിച്ച വരുമാനവും എത്ര കോടി വീതമായിരുന്നു; ഓരോ വർഷവും പിന്നിട്ട വർഷത്തിന്റെ എത്ര ശതമാനം വർദ്ധനയുണ്ടായി; 2016-17 ൽ ഈ വർദ്ധന എത്ര ശതമാനം കൂട്ടുതലായി പ്രതീക്ഷിക്കുന്നു?

<u>ഉത്തരം</u>

(എ) 24000 കോടി രൂപ.

(ബി)

| വർഷം | അടങ്കൽ തുക(കോടിയിൽ) |
|---|---|
| 2011-12 | 12010 |
| 2012-13 | 14010 |
| 2013-14 | 17000 |
| 2014-15 | 20000 |
| 2015-16 | 20000 |

(സി) ചെലവ് കണക്കുകളുടെ വിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.* പിൻവലിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ&എഫ്) സംസ്ഥാനത്തിന്റെ എല്ലാവിധ വരുമാനവും വായ്പാപരിധിയും കണക്കിലെടുത്തുകൊണ്ടും സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന് രൂപം നൽകുന്നത്.

(ജി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും സംസ്ഥാന വാർഷിക പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് പ്രതീക്ഷിച്ച തുകയും ലഭിച്ച തുകയും ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(തുക കോടിയിൽ)

| പദ്ധതി ധനസഹായം | | | | | |
|---|---|---|---|---|---|
| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
| സംസ്ഥാനം പ്രതീക്ഷിച്ച തുക | 1855.80 | 2217.59 | 2457.55 | 2730.42 | 53.65 |
| സംസ്ഥാനത്തിന് ലഭിച്ച തുക | 1380.17 | 1269.79 | 1154.23 | 2050.34 | - |
| വർദ്ധനനിരക്ക് ശതമാനം | 48 | -8% | -9% | 78% | - |

**സഞ്ചിതനിധിയിൽനിന്നും പിൻവലിച്ച തുകകൾ**

133 (105) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും, സാമ്പത്തിക വർഷത്തിന്റെ അവസാന മാസം സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച തുക എത്ര കോടി വീതമായിരുന്നു;

(ബി) പ്രസ്തുത തുക അതാത് വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത പദ്ധതി തുകയുടെ എത്ര ശതമാനം വീതമായിരുന്നു;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാന ആഴ്ചയിലെ പ്രവൃത്തി ദിവസങ്ങളിൽ പിൻവലിച്ച തുകകൾ, ട്രഷറി സേവിംങ്ങ് ബാങ്ക് അക്കൗണ്ടുകളിലോ,മറ്റ് ബാങ്ക് അക്കൗണ്ടുകളിലോ നിലനിർത്തുകയായിരുന്നുവോ;എങ്കിൽ, ഓരോ വർഷവും അത് എത്ര കോടി വീതമായിരുന്നു?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അവസാന മാസം സഞ്ചിത നിധിയിൽ നിന്നും പിൻവലിച്ച തുക ചുവടെ ചേർക്കുന്നു:

| വർഷം | അക്കൗണ്ടന്റ് ജനറലിന്റെ തനി കണക്കുകൾ പ്രകാരം മാർച്ച് മാസത്തിൽ സഞ്ചിത നിധിയിലെ ചെലവ് (തുക കോടിയിൽ) |
|---|---|
| 2011-12 | 8941.78 |
| 2012-13 | 11260.75 |
| 2013-14 | 10407.59 |
| 2014-15 | 10960.42 |

(ബി)

| വർഷം | സഞ്ചിതനിധിയിൽ നിന്നും മാർച്ച് മാസം ചെലവഴിച്ച പദ്ധതി തുക മൊത്തം പദ്ധതി വിഹിതത്തിന്റെ ശതമാനത്തിൽ |
|---|---|
| 2011-12 | 38% |
| 2012-13 | 37% |
| 2013-14 | 24% |
| 2014-15 | 19% |

(സി) വിവരം ശേഖരിച്ചുവരുന്നു.

**തുറമുഖ വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും ചെലവഴിച്ച തുകയും**

134 (106) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും തുറമുഖ വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്രയാണ്; അവ ഏതൊക്കെ; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി തുറമുഖ വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതിതുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര:

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വക മാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ-സി) മറുപടി അനുബന്ധമായി ചേർക്കുന്നു*.

**സംസ്ഥാന സംരംഭക വികസന മിഷൻ പദ്ധതി**

135 (107) ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സംരംഭക വികസന മിഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വസ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യവ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. 50000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി 10000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പുവരുത്തുന്ന ഒരു ബൃഹത് പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ.

ആഭ്യന്തര വളർച്ച, സമഗ്ര വികസനം, വ്യാവസായിക മുന്നേറ്റം, മൊത്തം ആഭ്യന്തര ഉല്പാദനത്തിലെ വളർച്ച, കൂടുതൽ സ്വയംപര്യാപ്തത, വൈദഗ്ദ്ധ്യ വികസനം, പ്രാദേശികമായ തൊഴിൽ ലഭ്യത, സംരംഭകത്വ വർദ്ധനവ്, വാണിജ്യ സംസ്കാര വികസനം, ആരോഗ്യപരമായ സാമൂഹികഐക്യം, സർവ്വോപരി വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്കിടയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നവവ്യവസായികളാകാനുള്ള പുത്തൻ ഉണർവ് ഉണ്ടാക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. യുവതീയുവാക്കൾക്കിടയിൽ കാര്യപ്രാപ്തിയും ആത്മവിശ്വാസവും സംരംഭകത്വവും വളർത്തി, അഭ്യസ്തവിദ്യരായ ലക്ഷക്കണക്കിന് യുവാക്കളുടെ തൊഴിലില്ലായ്മയ്ക്ക് ക്രിയാത്മകമായ പരിഹാരം ഉണ്ടാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയർമാനും, ധന-വ്യവസായ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സെക്രട്ടറിമാരും, നബാർഡ്, കെ.എഫ്.സി., പരിശീലന കേന്ദ്രങ്ങൾ, ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു അപ്പെക്സ് കമ്മിറ്റി രൂപീകരിച്ച്, മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കെ.എഫ്.സി.-യിൽ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രതിനിധി, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പ്രതിനിധി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചീഫ് മാനേജർ മുതലായവർ അടങ്ങിയ കമ്മിറ്റി എല്ലാ ജില്ലാകേന്ദ്രങ്ങളിലും വച്ച് അഭിമുഖം നടത്തുകയും, ഇതിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് രണ്ടാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം നൽകുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പരമാവധി 20 ലക്ഷം രൂപ വരെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ അനുവദിക്കും.

### തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

136 (108) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂർ നിയോജക മണ്ഡലത്തിൽ ധനവകുപ്പ് മുഖാന്തിരം നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്കും ലഭ്യമാക്കുമോ?

ഉത്തരം

പദ്ധതികൾ സംബന്ധിച്ചുള്ള അഭിപ്രായവും ധനാനുമതിയും മാത്രമാണ് ധനവകുപ്പ് ലഭ്യമാക്കുന്നത്. ധനകാര്യ വകുപ്പ് മുഖാന്തരം പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

## കേന്ദ്ര ബഡ്ജറ്റ് - സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ

137 (109) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര ബഡ്ജറ്റുകൾ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അവഗണനാപരമായിരുന്നുവോ; കഴിഞ്ഞ അഞ്ചു വർഷത്തെ കേന്ദ്രബഡ്ജറ്റ് സംസ്ഥാനത്തെ സംബന്ധിച്ച് എന്തെല്ലാം നിലയിലുള്ള അവഗണനയാണ് സൃഷ്ടിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഓരോ കേന്ദ്ര ബഡ്ജറ്റിലും സംസ്ഥാനത്തിന്റെ പ്രമുഖമായ എന്തെല്ലാം ആവശ്യങ്ങളായിരുന്നു അവഗണിക്കപ്പെട്ടിരുന്നത്;

(സി) പ്രസ്തുത ആവശ്യങ്ങൾ ഉൾപ്പെടെ 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കിട്ടുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്; പുതുതായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തുന്നതിലേക്കായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശിപാർശകൾ നൽകാറുണ്ട്. എന്നാൽ ഇത്തരത്തിൽ നൽകിയ ശിപാർശകൾ എല്ലാം തന്നെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെട്ടിട്ടില്ല. അക്കാരണത്താൽ കേന്ദ്രബഡ്ജറ്റുകൾ സംസ്ഥാനത്തെ സംബന്ധിച്ച് തികച്ചും അവഗണനാപരമായിരുന്നുവെന്ന് വിലയിരുത്താനാവില്ല.

(ബി) വിവിധ വകുപ്പുകൾ മുഖാന്തരം കേന്ദ്ര ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തുവാൻ സമർപ്പിച്ച ശിപാർശകളിൽ അവഗണിക്കപ്പെട്ടവയെ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

(സി) 2016-17 കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാനത്തെ സംബന്ധിച്ച് പ്രയോജനപ്രദമായ നികുതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട പദ്ധതി അതാത് വകുപ്പുകൾ പ്രത്യേകമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 06.02.2016-ൽ കേന്ദ്ര ധനമന്ത്രി വിളിച്ചു ചേർത്ത കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായുള്ള സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

(ഡി) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിന് സമർപ്പിച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കാരുണ്യ ചികിത്സാ സഹായ പദ്ധതി

138 (110) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ വിവിധതരം രോഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് കാരുണ്യ ചികിത്സാ സഹായ പദ്ധതി പ്രകാരം അപേക്ഷിച്ചവരിൽ ഇനിയും സഹായം നൽകാത്ത എത്ര കേസ്സുകൾ ഉണ്ടെന്നു പറയാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭിക്കുമോ;

(ബി) എന്തുകൊണ്ടാണ് സഹായം അനുവദിക്കുന്നതിന് ഇനിയും കാലതാമസം നേരിടുന്നത് എന്നു വ്യക്തമാക്കാമോ;

(സി) സാമ്പത്തിക സഹായം യഥാസമയം ലഭിക്കാത്തതുമൂലം ഗുരുതരമായ രോഗം പിടിപെട്ടവരും ചികിത്സിക്കാൻ പണമില്ലാത്തവരുമായ ഒട്ടേറെ രോഗികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗുരുതരമായ വിവിധതരം രോഗങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് കാരുണ്യ ചികിത്സാ സഹായ പദ്ധതി പ്രകാരം അപേക്ഷിച്ചവരിൽ ഇനിയും സഹായം നൽകാത്ത 45206 കേസ്സുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) 14 ജില്ലകളിൽനിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാതിരുന്നതു കൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചികിത്സാ ധനസഹായം എത്രയും പെട്ടെന്ന് നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

139 (111) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് കൂടുതൽ ഗുരുതരമായ രോഗങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സങ്കീർണ്ണതകൾ പരിഗണിച്ച് അതാതു ആശുപത്രി വഴി നേരിട്ട് അപേക്ഷ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള ചികിത്സാ പാക്കേജുകൾ/ പ്രൊസീജിയർ പുതുക്കുന്നതിനും ആവശ്യമെങ്കിൽ ഗുരുതരമായ, രോഗങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനുമുള്ള പ്രൊസീജിയറുകൾ കൈകാര്യം ചെയ്യുന്നതിനുമായി ഒരു പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കാരുണ്യ ചികിത്സാ പദ്ധതി

140 (112) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി വില്പനയിലൂടെ ഇതുവരെ എന്ത് തുക സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കാരുണ്യചികിത്സാ പദ്ധതിയിലൂടെ നിർദ്ധനരായ രോഗികൾക്ക് എന്ത് തുക വിതരണം ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടു കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ- സ്വകാര്യ ആശുപത്രികൾക്ക് എന്ത് തുക വീതം കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) യഥാസമയം ചികിത്സാ തുക ലഭിക്കാത്തതുമൂലം എത്ര സ്വകാര്യ ആശുപത്രികൾ ഈ പദ്ധതിയിൽ നിന്നും ഇതുവരെ പിന്മാറിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ ചെലവുകൾ കഴിച്ചുള്ള അറ്റാദായമാണ് കാരുണ്യ ചികിത്സാ സഹായ പദ്ധതിക്കായി വിനിയോഗിക്കുന്നത്. കാരുണ്യ ലോട്ടറിയുടെ അറ്റാദായം 546.30 കോടി രൂപയും, കാരുണ്യ പ്ലസ് ലോട്ടറിയുടെ അറ്റാദായം 250.37 കോടി രൂപയുമാണ്.

(ബി) നാളിതുവരെ കാരുണ്യ ചികിത്സാ പദ്ധതിപ്രകാരം 698.59 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ സർക്കാർ ആശുപത്രികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കുടിശ്ശികയായി നൽകാനുള്ള തുക എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. സ്വകാര്യ ആശുപത്രികൾക്ക് 24.51 കോടി രൂപ കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

(ഡി) യഥാസമയം ചികിത്സാ തുക ലഭിക്കാത്തതുമൂലം നാളിതുവരെ ഒരു സ്വകാര്യ ആശുപത്രിയും പദ്ധതിയിൽനിന്നും പിന്മാറിയിട്ടില്ല.

**കാരുണ്യ ബെനവലന്റ് പദ്ധതി**

141 (113) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ അപേക്ഷ നൽകിയവരിൽ നിന്നും ഉത്തരവിന് കാത്ത് നിൽക്കാതെ ആശുപത്രി അധികൃതർ ബില്ലടയ്ക്കാൻ നിർബന്ധിക്കുന്നതായും ബ്ലാങ്ക് ചെക്കുകൾ വാങ്ങിവെക്കുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കാരുണ്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടും ആശുപത്രി ബില്ലടയ്ക്കേണ്ടി വന്ന എത്ര പേർക്ക് തുക തിരിച്ച് (റീ-ഇംബേഴ്സ്) നൽകാനുണ്ട് :

(ഡി) റീ ഇംബേഴ്സ് ചെയ്യുന്നതിലെ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഇ) തുക എന്നത്തേക്ക് മടക്കി നൽകാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിലവിലുള്ള അപേക്ഷകളിൽ 737 അപേക്ഷകൾക്കാണ് റീ ഇംബേഴ്സ്മെന്റ് നൽകാനുള്ളത്.

(ഡി) ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലും രോഗിയുടെ പേരിലുള്ള ബാങ്ക് പാസ്സ്ബുക്ക് കോപ്പിയും ഡിസ്ചാർജ്ജ് സമ്മറിയും, രോഗി മരണപ്പെട്ട സാഹചര്യത്തിൽ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, അഫിഡവിറ്റ് എന്നിവ റീഇംബേഴ്സ്മെന്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അപേക്ഷ പരിശോധിക്കുന്ന മുറയ്ക്ക് പൂർണ്ണമല്ലാത്ത അപേക്ഷകളെ സംബന്ധിച്ച് അപേക്ഷകനെ അറിയിക്കുകയും പൂർണ്ണമായ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അത് പരിശോധിക്കുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം വളരെയധികം അപേക്ഷകളിൽ ആവശ്യമായ രേഖകൾ ലഭിക്കേണ്ടതുണ്ട്. അതുപോലെ ആശുപത്രികളിൽനിന്നും റീഫണ്ട് തുക ലഭിക്കാനുമുണ്ട്. മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ പാലിക്കേണ്ടതുകൊണ്ടാണ് റീഇംബേഴ്സ്മെന്റ് തുക അനുവദിക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളത്.

(ഇ) ആവശ്യമായ രേഖകൾ ലഭിച്ചാൽ ഉടൻതന്നെ തുക മടക്കി നൽകുന്നതാണ്.

**സംസ്ഥാന വാർഷിക പദ്ധതി അടങ്കൽ തുകയും ചെലവഴിക്കലും**

142 (114) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സംസ്ഥാന വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്ര കോടി ആയിരുന്നു; വിവധ വകുപ്പുകൾ ഓരോന്നിനും നിശ്ചയിക്കപ്പെട്ട അടങ്കൽ എത്ര ;

(ബി) വാർഷിക പദ്ധതി ഓരോ ക്വാർട്ടറിലും എത്ര ശതമാനം വീതം ചെലവഴിക്കേണ്ടതായിട്ടുണ്ട് ; ഇത് സംബന്ധമായ തീരുമാനം എന്തായിരുന്നു ;

(സി) വാർഷിക പദ്ധതി അടങ്കലിന്റെ എത്ര ശതമാനം ആദ്യ ക്വാർട്ടറിൽ ചെലവഴിച്ചു; രണ്ടാം ക്വാർട്ടറിൽ ചെലവഴിച്ചത് എത്ര ശതമാനം, മൂന്നാം ക്വാർട്ടറിൽ ചെലവഴിച്ചത് എത്ര ശതമാനം, 2015 ജനുവരി 31- ന്റെ കണക്കുകൾ പ്രകാരം മൊത്തം അടങ്കലിന്റെ എത്ര ശതമാനം വീതം ചെലവഴിച്ചു;

(ഡി) ഓരോ വകുപ്പ് തിരിച്ച് അതിന്റെ അടങ്കൽ തുകയും അടങ്കലിന്റെ എത്ര ശതമാനം തുക ചെലവഴിക്കുകയുണ്ടായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 2015-16-ലെ സംസ്ഥാന വാർഷിക പദ്ധതിയുടെ മൊത്തം അടങ്കൽ തുക 20000 കോടി രൂപയായിരുന്നു. വിവിധ വകുപ്പുകളുടെ അടങ്കൽ തുക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വാർഷിക പദ്ധതി ഓരോ ക്വാർട്ടറിലും ചെലവഴിക്കേണ്ടതിന്റെ വിശദാംശങ്ങൾ താഴെചേർക്കുന്നു:

| പാദം | ശതമാനം |
|---|---|
| ഒന്ന് | 10% |
| രണ്ട് | 20% |
| മൂന്ന് | 30% |
| നാല് | 40% |

(സി) വാർഷിക പദ്ധതി അടങ്കലിന്റെ വിവിധ ക്വാർട്ടറുകളിൽ ചെലവഴിച്ച ശതമാനത്തിന്റെ വിശദ വിവരങ്ങൾ താഴെചേർക്കുന്നു:

| പാദം | ശതമാനം |
|---|---|
| ഒന്ന് | 5% |
| രണ്ട് | 23% |
| മൂന്ന് | 4% |
| നാല് | 55% |

(പ്രൊവിഷണൽ)

(ഡി) ഓരോ വകുപ്പ് തിരിച്ച് അതിന്റെ അടങ്കൽ തുകയും അടങ്കലിന്റെ എത്ര ശതമാനം തുക ചെലവഴിക്കുകയുണ്ടായിട്ടുണ്ടെന്നുമുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് പദ്ധതിപ്രകാരം സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള തുക

143 (115) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് ചെലവേറിയ ചികിത്സനടത്തുന്നതിന് സഹായം ലക്ഷ്യമിട്ട കാരുണ്യ ലോട്ടറി നടത്തിപ്പുവഴി ഇതു വരെ എത്ര കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുകയിൽ നിന്നും കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം എത്ര പേർക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; ഇതിൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് അനുവദിച്ച തുക എത്രയാണ്; ബാക്കി തുക എന്തിനുപയോഗിച്ചു എന്ന് വിശദമാക്കുമോ;

(സി) എത്ര സ്വകാര്യ ആശുപത്രികളിലെ ഏതൊക്കെ വിഭാഗം ചികിത്സകളാണ് കാരുണ്യ ബെനവലന്റ്് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്; പട്ടിക ലഭ്യമാക്കാമോ;

(ഡി) കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം സ്വകാര്യ ആശുപത്രികളിൽ നടത്തിയ ചികിത്സയ്ക്ക് ആശുപത്രികൾക്ക് പണം ലഭ്യമാക്കാൻ കാലതാമസം നേരിട്ടിട്ടുണ്ടോ; ആയതിന്റെ പേരിൽ സംസ്ഥാനത്തെ പല ആശുപത്രികളിലും കാരുണ്യ ബെനവലന്റ് സ്കീമിൽ രോഗികൾക്ക് ചികിത്സ നിഷേധിക്കുന്നതായ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കാരുണ്യ ബെനവലന്റ് പദ്ധതിപ്രകാരം സ്വകാര്യ ആശുപത്രികൾക്ക് ഇനിയും തുക നൽകേണ്ടതായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ആശുപത്രികൾക്കായി എന്തു തുക വീതമാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത തുക നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ ചെലവുകൾ കഴിച്ചുള്ള അറ്റാദായമാണ് കാരുണ്യചികിത്സാ സഹായ പദ്ധതിക്കായി വിനിയോഗിക്കുന്നത്. കാരുണ്യ ലോട്ടറിയുടെ അറ്റാദായം 546.30 കോടി രൂപയും, കാരുണ്യ പ്ലസ് ലോട്ടറിയുടെ അറ്റാദായം 250.37 കോടി രൂപയുമാണ്.

(ബി) കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം -എ ആയി ചേർത്തിട്ടുണ്ട്*. ഇതിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന 14130 രോഗികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ ആശുപത്രികൾക്കുള്ള തുക ചികിത്സ നടത്തിയ ക്ലെയിം ലഭിച്ചതിനുശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ 61.70 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കാരുണ്യ പദ്ധതിയിൽനിന്നും സർക്കാർ/സ്വകാര്യ ആശുപത്രികളുടെ ചികിത്സാ ചെലവിനു പുറമെ റീഇംബേഴ്സ്മെന്റ്, പ്രത്യേകാനുമതി പ്രകാരമുള്ള അപേക്ഷകർക്ക് തുക, ഹീമോഫീലിയ, ഒറ്റത്തവണ സമാശ്വാസ ചികിത്സ എന്നിവയ്ക്കും തുക അനുവദിച്ചിട്ടുണ്ട്.

(സി) ലിസ്റ്റ് ഇതോടൊപ്പം (അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ഡി) 14 ജില്ലകളിൽനിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പ്രോസസ്സ് ചെയ്ത് പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാത്തതുകൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. എന്നാൽ കാലതാമസം നേരിടുന്നതിനാൽ കെ.ബി.എഫ്. പദ്ധതി പ്രകാരമുള്ള രോഗികൾക്ക് ചികിത്സ നിഷേധിക്കുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

(ഇ) ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു *.

(എഫ്) ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും കുടിശ്ശികയായിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

**കാരുണ്യ ബെനവലന്റ് ഫണ്ട് ഒരു സ്വതന്ത്ര ട്രസ്റ്റ്**

144 (116) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന സ്ഥാപനത്തെ ഒരു സ്വതന്ത്ര ട്രസ്റ്റ് ആക്കി ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

നടപടി സ്വീകരിച്ചിട്ടില്ല.

**കാരുണ്യ ബെനവലന്റ് ഫണ്ട് ഉദ്യോഗസ്ഥർ**

145 (117) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ഓഫീസിൽ താൽക്കാലികമായും, കോൺട്രാക്ട് വ്യവസ്ഥയിലും ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരുണ്ട് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ഹെഡ് ഓഫീസിലും ജില്ലാതലത്തിലുമായി താല്ക്കാലികാടിസ്ഥാനത്തിൽ 74 പേരും കോൺട്രാക്ട് വ്യവസ്ഥയിൽ 18 പേരും ജോലി ചെയ്യുന്നു.

(ബി) ഇല്ല.

**കാരുണ്യ ബെനവലന്റ് പദ്ധതി**

146 (118) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി 26-2-2012 മുതൽ നടപ്പാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 7/2012/ ടി.ഡി. തീയതി, 30-1-2012 പ്രകാരം കാരുണ്യ ബെനവലന്റ് പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് നിശ്ചിത രോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് ധനസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള ചികിത്സാ ധനസഹായ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടപ്പാക്കിവരുന്ന പ്രതിവാര ഭാഗ്യക്കുറികളായ കാരുണ്യ, കാരുണ്യ പ്ലസ് എന്നിവയിൽ നിന്നുള്ള വരുമാനമാണ് ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ളത്. ഫണ്ടിന്റെ കൈകാര്യ ചുമതല സംസ്ഥാന ലോട്ടറി വകുപ്പിനാണ്. തുടക്കത്തിൽ ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നീ രോഗങ്ങളുടെ ചികിത്സ, കരൾ/ തലച്ചോർ സർജറി, വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ എന്നിവയായിരുന്നു പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ഇപ്പോൾ മാരകമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ആവശ്യാനുസരണം ചികിത്സാ ധനസഹായം നൽകുന്നുമുണ്ട്. എല്ലാ ബി.പി.എൽ. കുടുംബങ്ങളും കൂടാതെ വാർഷിക വരുമാനം 3 ലക്ഷം രൂപവരെയുള്ള എ.പി.എൽ. കുടുംബങ്ങളും ഈ പദ്ധതിയുടെ ധനസഹായം ലഭിക്കുവാൻ അർഹരാണ്.

(സി) ചികിത്സാസഹായത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലാണ് സ്വീകരിക്കുന്നത്. ജില്ലാകളക്ടർ ചെയർമാനും ജില്ലാ ഭാഗ്യക്കുറി ഓഫീസർ കൺവീനറുമായുള്ള ഒരു ജില്ലാതല സമിതി അപേക്ഷ പരിശോധിച്ച് സംസ്ഥാനതല സമിതിക്ക് ശിപാർശ ചെയ്യുന്നു. ജില്ലാ സമിതിയുടെ അംഗങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

ചെയർമാൻ : ജില്ലാ കളക്ടർ

കൺവീനർ : ജില്ലാ ഭാഗ്യക്കുറി ഓഫീസർ

അംഗങ്ങൾ : ജില്ലാ മെഡിക്കൽ ഓഫീസർ, സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, സൂപ്രണ്ട്, ജില്ലാ ആശുപത്രി, വിദഗ്ദ്ധ ഡോക്ടർമാർ (വിവിധ മേഖലയിൽ നിന്നുള്ളവർ), കോ-ഓർഡിനേറ്റർ, ആർ.എസ്.ബി.വൈ, ജില്ലാ ലെയ്സൺ ഓഫീസർ.

ഇപ്രകാരം ജില്ലാതലത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ഓൺലൈനായി കാരുണ്യ ഹെഡ് ഓഫീസിലേക്ക് അയയ്ക്കുന്നു. ഇവിടെ ഇത് പ്രോസസ്സ് ചെയ്ത് സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. സംസ്ഥാനതല സമിതിയുടെ അംഗീകാരം ലഭിച്ച് ചികിത്സാ ധനസഹായത്തുക ബന്ധപ്പെട്ട ആശുപത്രികളിലേക്ക് അയയ്ക്കുന്നു.

സംസ്ഥാനതല സമിതി അംഗങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

ചെയർമാൻ : ബഹു. ധനകാര്യ വകുപ്പുമന്ത്രി

കൺവീനർ : കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർ

അംഗങ്ങൾ : അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്), സെക്രട്ടറി (ആരോഗ്യ വകുപ്പ്), പ്രിൻസിപ്പൽ സെക്രട്ടറി (നികുതി വകുപ്പ്), ഡയറക്ടർ, സ്റ്റേറ്റ് ലോട്ടറീസ്, മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ഡയറക്ടർ, ആരോഗ്യ വകുപ്പ്, ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം, ചെയർമാൻ, സംസ്ഥാന ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് വെൽഫെയർ ബോർഡ്, ഡോ. പി. കുസുമകുമാരി, അഡീഷണൽ ഡയറക്ടർ, ആർ.സി.സി., തിരുവനന്തപുരം, ഡോ. എബ്രഹാം ജോസഫ്, മാർഇവാനിയസ് കോളേജ്, തിരുവനന്തപുരം, ശ്രീമതി ലക്ഷ്മി രാജീവ്, കവടിയാർ, തിരുവനന്തപുരം.

കാരുണ്യ ബെനവലന്റ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറാണ്. കാരുണ്യ ഹെഡ് ഓഫീസിൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിൽ നോഡൽ ഓഫീസറായിട്ടുള്ള ഉദ്യോഗസ്ഥനാണ് കാരുണ്യയുടെ ഭരണനിർവ്വഹണം നടത്തുന്നത്. ജില്ലാതലത്തിൽ ജില്ലാഭാഗ്യക്കുറി ഓഫീസറും ജില്ലാ ഭാഗ്യക്കുറി ആഫീസിനോടനുബന്ധിച്ച് ലെയ്സൺ ആഫീസറും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ നടത്തിവരുന്നു.

**എക്സൈസ് വകുപ്പിന് ചെലവഴിച്ച തുകയും വകയിരുത്തിയ തുകയും**

147 (119) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും എക്സൈസ് വകുപ്പിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി എക്സൈസ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും, അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ട്രഷറി അക്കൗണ്ടിൽ ബാക്കി നില്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലെ 412-ാം നമ്പർ പ്രഖ്യാപനമായ വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽകൂടി വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതായിരിക്കും. ഇതിനായി ഒരു കോടി രൂപ വകയിരുത്തുന്നതാണ് എന്ന പ്രഖ്യാപനത്തിന്മേൽ ഫണ്ട് വകയിരുത്തിയിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല.

(ബി) എക്സൈസ് വകുപ്പിന് പദ്ധതി ഫണ്ട് ആദ്യമായി അനുവദിച്ചത് 2012-13 സാമ്പത്തിക വർഷത്തിലാണ്.

<u>2012-13:</u>

| | | |
|---|---|---|
| വകയിരുത്തപ്പെട്ട പദ്ധതി തുക | - | 1,37,00,000 രൂപ |
| ചെലവഴിച്ച തുക | - | 59,60,958 രൂപ |
| ചെലവഴിക്കാൻ കഴിയാതിരുന്ന തുക | - | 77,39,042 രൂപ |
| പിൻവലിക്കൽ ശതമാനം | - | 43.51% |

<u>2013-14:</u>

| | | |
|---|---|---|
| വകയിരുത്തപ്പെട്ട പദ്ധതിതുക | - | 1,90,00,000 രൂപ |
| ചെലവഴിച്ച തുക | - | 78,51,712 രൂപ |
| ചെലവഴിക്കാൻ കഴിയാതിരുന്ന തുക | - | 1,11,48,288 രൂപ |
| പിൻവലിക്കൽ ശതമാനം | - | 41.32% |

2014-15:

| | | |
|---|---|---|
| വകയിരുത്തപ്പെട്ട പദ്ധതിതുക | - | 3,25,00,000 രൂപ |
| ചെലവഴിച്ച തുക | - | 3,11,62,508 രൂപ |
| ചെലവഴിക്കാൻ കഴിയാതിരുന്ന തുക | - | 13,37,492 രൂപ |
| പിൻവലിക്കൽ ശതമാനം | - | 95.88% |

2015-16 (31-1-2016 വരെ):

| | | |
|---|---|---|
| വകയിരുത്തപ്പെട്ട പദ്ധതിതുക | - | 3,50,00,000 രൂപ |
| ചെലവഴിച്ച തുക | - | 92,20,839 രൂപ |
| ചെലവഴിക്കാൻ കഴിയാതിരുന്ന തുക | - | 2,57,79,161 രൂപ |
| പിൻവലിക്കൽ ശതമാനം | - | 26.7% |

എക്സൈസ് വകുപ്പിൽ ട്രഷറി അക്കൗണ്ടിൽ ഒരു തുകയും നിക്ഷേപിച്ചിട്ടില്ല.

(സി) 31-3-2015-ലെ G.O.(Rt) No. 3646/2015/Fin. നമ്പർ ഉത്തരവ് പ്രകാരം റീ-അപ്രോപ്രിയേഷൻ വഴി 2014-15 കാലയളവിൽ 2039-00-001-91-വാർത്താവിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽനിന്നും 2039-00-800-96-എക്സൈസ് അക്കാദമിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പ്ലാൻ) എന്ന ശീർഷകത്തിൽ റീ അപ്രോപ്രിയേഷൻ വഴി 1,00,00,000 രൂപ വകമാറ്റി ചെലവഴിച്ചിരുന്നു.

**ധനകാര്യ കമ്മീഷൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട്**

148 (120) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷനുകളുടെ ശിപാർശപ്രകാരം അനുവദിക്കപ്പെട്ട ഫണ്ട് അതാത് വർഷത്തിൽ തന്നെ പൂർണമായും ചെലവഴിച്ചിട്ടുണ്ടോ; 2011-12 വർഷം മുതൽ ഓരോ വർഷവും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന മൊത്തം ഫണ്ടും ഈ ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ചിരുന്ന തുകയും എത്രയായിരുന്നു;

(ബി) ട്രഷറി അക്കൗണ്ടുകളിലേക്കോ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടു കളിലേക്കോ ഓരോ വർഷവും മാറ്റിയ തുക എത്ര വീതം;

(സി) തദ്ദേശസ്ഥാപനങ്ങൾക്ക് തന്നാണ്ടിൽ ചെലവഴിക്കാൻ കഴിയാതിരുന്ന തുക അടുത്ത വർഷം പൂർണമായി ചെലവഴിക്കാൻ സാദ്ധ്യമായിട്ടുണ്ടോ; ഇപ്രകാരം ചെലവഴിക്കാൻ കഴിയാതെ പോയിട്ടുള്ള തുക ഓരോ വർഷവും എത്ര വീതമായിരുന്നു;

(ഡി) തന്നാണ്ടിൽ മുൻവർഷം ചെലവഴിക്കാൻ കഴിയാതിരുന്ന എത്ര തുക ചെലവഴിച്ചു; ഈ വർഷം ചെലവഴിക്കേണ്ടതായ മൊത്തം തുക എത്ര; ഇതിനകം പിൻവലിച്ച തുക എത്ര?

ഉത്തരം

(എ) തദ്ദേശ സ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരം അനുവദിക്കപ്പെടുന്ന ഫണ്ട് അതാത് വർഷത്തിൽ തന്നെ പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. 2011-12 വർഷം മുതൽ ഓരോ വർഷവും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന മൊത്തം ഫണ്ടും ഈ ഇനത്തിൽ ട്രഷറിയിൽനിന്നും പിൻവലിച്ചിരുന്ന തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -1 -ൽ ചേർക്കുന്നു*.

(ബി) പ്രാദേശിക സർക്കാരുകളുടെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയ തുക

| | | |
|---|---|---|
| 2011-12 | - | 3884.59 കോടി രൂപ |
| 2012-13 | - | 4867.76 കോടി രൂപ |
| 2013-14 | - | 6234.79 കോടി രൂപ |
| 2014-15 | - | 7453.74 കോടി രൂപ |

ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടില്ല.

(സി) ഇല്ല. തുടർന്നുള്ള വർഷങ്ങളിലേക്ക് ക്യാരിഓവർ ചെയ്യുന്നു. ഓരോ വർഷവും അനുവദിക്കുന്ന തുകയിൽ ചെലവാകാതെ വരുന്ന തുകയുടെ കണക്കും അനുബന്ധം 1-ൽ ചേർക്കുന്നു*

(ഡി) അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഓഡിറ്റ് വകുപ്പിലേയും സെക്രട്ടേറിയറ്റിലേയും ഒഴിവുകൾ

149 (121) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ മന്ത്രിസഭാ തീരുമാനപ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് റിപ്പോർട്ട് ചെയ്യും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ മന്ത്രിസഭാ തീരുമാനപ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. ഓഡിറ്റർ തസ്തികയിലെ ഒഴിവുകൾ 19-12-2015-ലെ കെ.എസ്.എ.5(പി)/എസ്റ്റാ.1/2015 നമ്പർ കത്തിലൂടെ പി.എസ്.സി.-ക്ക് സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായ ലഭ്യത

150 (122) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷത്തെയും കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായം വിശദമാക്കാമോ ;

(ബി) ഓരോ വർഷവും, പദ്ധതിയേതര ധനസഹായം, സംസ്ഥാന പദ്ധതിക്കുള്ള ധനസഹായം, കേന്ദ്ര പദ്ധതികൾക്കുള്ള ധനസഹായം, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം എന്നിവയുടെ സാമ്പത്തിക കണക്കുകൾ വിശദമാക്കാമോ ;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായ ലഭ്യതയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവണത ശതമാന കണക്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിലെ ഓരോ സാമ്പത്തിക വർഷത്തെയും കേന്ദ്ര ധനസഹായം ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 (ബഡ്ജറ്റ് എസ്റ്റിമേറ്റ്) |
|---|---|---|---|---|---|
| ധനസഹായം (Grand-in-Aid) | 3709.22 | 3021.53 | 4138.21 | 7508.00 | 9946.28 |

(ബി) ഓരോ വർഷത്തെയും പദ്ധതിയേതര ധനസഹായം, സംസ്ഥാന പദ്ധതിക്കുള്ള ധനസഹായം, കേന്ദ്ര പദ്ധതി/കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവക്കുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 (ബഡ്ജറ്റ് എസ്റ്റിമേറ്റ്) |
|---|---|---|---|---|---|
| സംസ്ഥാന പദ്ധതിക്കുള്ള ധനസഹായം | 1380.18 | 1269.80 | 1154.23 | 4928.90 | 53.65* |
| പദ്ധതിയേതര ധനസഹായം | 957.54 | 551.12 | 1679.40 | 1984.11 | 5563.42 |
| കേന്ദ്ര പദ്ധതി/ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം | 1371.50 | 1200.61 | 1304.58 | 594.99 | 4329.21 |
| ആകെ | 3709.22 | 3021.53 | 4138.21 | 7508.00 | 9946.28 |

(*14-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32%-ൽ നിന്നും 42% ആയി വർദ്ധിപ്പിക്കുകയും പദ്ധതി ധനസഹായത്തിൽ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്.)

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ധനസഹായ ലഭ്യതയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവണത ശതമാന കണക്കിൽ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|---|
| ധനസഹായം (Grand-in-Aid) | 3709.22 | 3021.53 | 4138.21 | 7508.00 | 9946.28 |
| വളർച്ചാ നിരക്ക് | 68.86% | -18.54% | 36.96% | 81.43% | 32.48% |

**നിലവിലെ സർക്കാരിന്റെ നികുതി വരുമാനത്തുക**

151 (123) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജനങ്ങളിൽ നിന്ന് അധിക വിഭവം സമാഹരിക്കുന്നതിനായി ഓരോ ബഡ്ജറ്റ് വഴിയും ഓർഡിനൻസുകൾ, എക്സിക്യൂട്ടീവ് ഉത്തരവുകൾ എന്നിവയിലൂടെയും നികുതി നിരക്കുകളിലെ വർധന, നികുതിയേതര ഇനങ്ങളിലെ വർദ്ധനവ് എന്നിവ വഴിയും പ്രതിവർഷം എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇവ മൊത്തം എത്ര കോടി രൂപയാണ്;

(ബി) ഈ നടപടികൾ എല്ലാം സ്വീകരിക്കപ്പെട്ടിട്ടും ഈ സർക്കാരിന്റെ ഒരോ വർഷത്തിലും റവന്യൂ വരുമാനത്തിന്റെ ടാർജറ്റിലേക്കെത്താൻ സാധിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(സി) ഈ സർക്കാരിന്റെ ഓരോ വർഷവും തനത് നികുതി-നികുതിയേതര വരുമാനത്തിന്റെ ലക്ഷ്യം എത്ര കോടി വീതമായിരുന്നു; ലക്ഷ്യത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ അതത് വർഷത്തിൽ ലഭിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(എ) <u>എക്സൈസ് വകുപ്പ്</u>

| വർഷം | നികുതി പിരിവ് ( രൂപ കോടിയിൽ) |
|---|---|
| 2011-12 | 1888.88 |
| 2012-13 | 2249.75 |
| 2013-14 | 1931.89 |
| 2014-15 | 1778.07 |
| 2015-16 (2016 ജനുവരി വരെ) | 1577.74 |

(ബി) <u>രജിസ്ട്രേഷൻ വകുപ്പ്</u>

| സാമ്പത്തിക വർഷം | വരുമാനം (രൂപ കോടിയിൽ) |
|---|---|
| 2011-12 | 2773.06 |
| 2012-13 | 2747.58 |
| 2013-14 | 2353.49 |
| 2014-15 | 2390.23 |
| 2015-16 (2016 ജനുവരി വരെ) | 2072.95 |

(സി) <u>മോട്ടോർവാഹന വകുപ്പ്</u>

| വർഷം | നികുതി പിരിവ് ( രൂപ കോടിയിൽ) |
|---|---|
| 2011-12 | 1500.91 |
| 2012-13 | 1831.15 |
| 2013-14 | 2091.77 |
| 2014-15 | 2306.14 |
| 2015-16 (2016 ജനുവരി വരെ) | 2163.67 |

(ഡി) <u>ലാന്റ് റവന്യൂ വകുപ്പ്</u>

| സാമ്പത്തിക വർഷം | പിരിച്ച തുക ( രൂപ കോടിയിൽ) |
|---|---|
| 2011-12 | 155.77 |
| 2012-13 | 212.08 |
| 2013-14 | 179.52 |
| 2014-15 | 239.19 |
| 2015-16 | 221.85 (2015 ഡിസംബർ മാസം വരെ) |
| ആകെ | 1008.41 |

വാണിജ്യ നികുതി വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) 1. സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 712 എഫ്-എൽ-3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 78 എഫ്-എൽ-1 വിദേശമദ്യ ഔട്ട്ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 712 എഫ്-എൽ.-3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.76 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ പിഴയിനത്തിലും മറ്റും ടി ലൈസൻസികളിൽനിന്നും ലഭിച്ചിരുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളിലെ വിദേശമദ്യ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാനിരക്കിൽ കുറവ് വന്നിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിനുശേഷം

കെ.എസ്.ബി.സി. വഴിയുള്ള മദ്യ വിൽപ്പനയിൽ കുറവ് വന്നിട്ടുണ്ട്. മദ്യ വിൽപ്പന സംബന്ധിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| വിൽപ്പന (കെയ്സുകളിൽ) | കെയ്സുകളുടെ എണ്ണം (ലക്ഷത്തിൽ) | | |
|---|---|---|---|
| | 2012-13 | 2013-14 | 2014-15 |
| ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം | 244.33 | 240.67 | 220.58 |
| ബിയർ | 101.64 | 107.96 | 95.59 |

2. ഓരോ വർഷവും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായതും കൈമാറ്റം നടത്തിയ ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവുണ്ടായതും രജിസ്ട്രേഷൻ വകുപ്പിന് റവന്യൂ വരുമാനത്തിന്റെ ടാർജറ്റിലെത്താൻ സാധിക്കാത്തതിന് കാരണമായി.

3. പുതിയതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെ എണ്ണം വർഷം തോറും കുറഞ്ഞുവരികയാണ്. ഇതും വരുമാനക്കുറവിന് ഒരു കാരണമാണ്. എങ്കിലും മോട്ടോർ വാഹന വകുപ്പിന്റെ റവന്യൂ വരുമാനത്തിൽ വർഷം തോറും വർദ്ധനവാണ് കാണിക്കുന്നത്.

4. റബ്ബർ, മറ്റ് നാണ്യ വിളകൾ എന്നിവയുടെ വിലയിൽ മുൻ വർഷങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കാര്യമായ കുറവുണ്ടായി. ഇത് നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്.

5. മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

6. പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വന്ന കുറവും ബിറ്റുമിൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപ്പനയിൽ വന്ന കുറവും നികുതി വരുമാനം കുറയാൻ കാരണമായി.

(സി)

| സാമ്പത്തിക വർഷം | തനത് നികുതി വരുമാനം | | തനത് നികുതി യേതര വരുമാനം | |
|---|---|---|---|---|
| | ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ) | ലഭിച്ച വരുമാനം (ശതമാനത്തിൽ) | ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ) | ലഭിച്ച വരുമാനം (ശതമാന ത്തിൽ) |
| 2011-12 | 26,641.53 | 96.53 | 2,530.94 | 102.41 |
| 2012-13 | 32,122.21 | 93.66 | 3,495.41 | 120.11 |
| 2013-14 | 38,771.10 | 82.52 | 4,921.57 | 113.27 |
| 2014-15 | 42,467.49 | 82.96 | 6337.47 | 114.93 |

**ബഡ്ജറ്റ്**

152 (124) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച് നടപ്പാക്കിയിട്ടില്ലാത്ത പദ്ധതികളുടെ തുടർ നിർവ്വഹണത്തിന് മതിയായ ബഡ്ജറ്റ് വിഹിതം 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നോ;

(ബി) മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് 2015-16 വർഷത്തെ ബഡ്ജറ്റിൽ തുടർ പദ്ധതി നിർവ്വഹണത്തിന് പണം വകയിരുത്താൻ കഴിയാതെ പോയിട്ടുള്ളതെന്ന് വിശദമാക്കാമോ; തുക വകയിരുത്തിയിട്ടും നടപ്പിലാക്കിയിട്ടില്ലാത്ത ഈ സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ;

(സി) ഈ സർക്കാർ പ്രഖ്യാപിച്ച എത്ര പദ്ധതികൾ തുടർന്നുള്ള ബഡ്ജറ്റുകളിൽ മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിന്റെ പേരിൽ നടപ്പിലാക്കുവാൻ സാധിക്കാതെ പോയിട്ടുണ്ട്; അവ ഏതൊക്കെ; വിശദമാക്കാമോ;

(ഡി) 2016-17 വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഈ സർക്കാർ ഇതിനകം പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കാൻ സാദ്ധ്യമാകുംവിധം മതിയായ ബഡ്ജറ്റ് വിഹിതം വകയിരുത്തിക്കൊണ്ടുള്ളതായിരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭരണാനുമതി നേടിയ പദ്ധതികൾക്ക് ഭരണ വകുപ്പ് നിർദ്ദേശങ്ങൾ പരിഗണിച്ച് 2015-16 വർഷം വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും നടപ്പിലാക്കാൻ കഴിയാതെ പോയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് ബഡ്ജറ്റ് വിഭാഗത്തിൽ ഇപ്പോൾ സൂക്ഷിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് അനുമതി ഉത്തരവുകൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പദ്ധതി വിഹിതം 2015-16 വർഷം അനുവദിച്ചുവരുന്നു.

(സി) മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിന്റെ പേരിൽ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കാതെ പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രഖ്യാപിച്ച പദ്ധതികൾ വിവിധ ഭരണ വകുപ്പുകൾ മുഖേനയാണ് നിർവ്വഹിക്കപ്പെടുന്നത്. ഈ വകുപ്പിൽനിന്നും ലഭിച്ചിട്ടുള്ള ശിപാർശ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും പൂർത്തീകരിക്കുകയും ചിലത് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ആവശ്യമായ ഭരണാനുമതിയും വിശദാംശങ്ങളും സഹിതം ഭരണവകുപ്പ് ശിപാർശ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്.

(ഡി) പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികൾക്കും പുതുതായി ആവിഷ്കരിക്കുന്ന പദ്ധതികൾക്കും വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് വിഹിതം വകയിരുത്തുന്നത്. 2016-17 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഫെബ്രുവരി 12-ാം തീയതി നിയമസഭയിൽ സമർപ്പിക്കുന്നതാണ്.

**ബഡ്ജറ്റ് വിഹിതം**

153 (125) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെയുള്ള ഓരോ ബഡ്ജറ്റിലും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും, അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ബഡ്ജറ്റുകളിലായി ഇവയ്ക്കോരോന്നിനുമായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്രയാണ്; വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം ഉറമുഖ പദ്ധതി, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ പദ്ധതി, കണ്ണൂർ വിമാനത്താവളം, നാഷണൽ ഗെയിംസ്, കൊച്ചിൻ എയർപോർട്ട്, മലയോര വികസന അതോറിറ്റി, വർക്കലയുടെ സമഗ്ര വികസനം, വള്ളുവനാട് വികസന അതോറിറ്റി, ഭരണങ്ങാനം വികസന അതോറിറ്റി, ഹിൽ ഹൈവേ, മൊബിലിറ്റി ഹബ്ബുകൾ, കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ തുടങ്ങിയവയാണ് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിഗണന നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവ. ഈ വൻകിട അടിസ്ഥാന വികസന പദ്ധതികൾ എല്ലാംതന്നെ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) 2011-12 സാമ്പത്തിക വർഷം മുതൽ പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം, യഥാർത്ഥ ചെലവ്, മിച്ചം, ചെലവിന്റെ ശതമാനം എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച വിഹിതത്തിൽ നിന്നും മറ്റ് ആവശ്യങ്ങൾക്കായി തുക റീഅപ്രോപ്രിയേറ്റ് ചെയ്തിട്ടില്ല.

**പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാന വിഹിതം**

154 (126) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷനോട് സംസ്ഥാന സർക്കാർ എന്തെല്ലാം പ്രധാന ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടായിരുന്നു; അവയിൽ അംഗീകരിച്ച് അവാർഡ് ചെയ്തിട്ടുള്ളവ എന്തെല്ലാമായിരുന്നു;

(ബി) റവന്യൂ കമ്മി നികത്തുന്നതിന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന തുക എത്രയായിരുന്നു;

(സി) സംസ്ഥാനങ്ങളുടെ നികുതി വിഹിതം 50%മായി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം ഏത് വർഷം മുതൽ ആവശ്യപ്പെട്ട് വരുന്നുണ്ട്; ഇത് എത്ര ശതമാനമായിട്ടാണിപ്പോൾ പരിമിതപ്പെടുത്തിയിരിക്കുന്നത്;

(ഡി) പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ പ്രമുഖമായ എന്തെല്ലാം ആവശ്യങ്ങൾ അവഗണിക്കുകയുണ്ടായി;

(ഇ) കേന്ദ്ര ആവിഷ്കൃതമായ എത്ര പദ്ധതികളാണ് കേന്ദ്രം നിർത്തലാക്കിയിരിക്കുന്നത്; അത് വഴി സംസ്ഥാനത്തിന് പ്രതിവർഷം നഷ്ടപ്പെടുന്ന തുക എത്ര കോടിയാണ് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽനിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.
2. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടുവരണം.

3. കേന്ദ്ര റവന്യൂ വരുമാനത്തിൽ വിവിധ ഇളവുകൾക്കായി മാറ്റി വയ്ക്കുന്ന തുകയുടെ (Revenue forgone) തോത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കണം.

4. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണം.

5. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവ കൂടി കണക്കിലെടുത്തുകൊണ്ട് 1971-ലെ ജനസംഖ്യയെ ക്രമപ്പെടുത്തണം.

6. മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിത്തള്ളണം.

7. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം.

8. യഥാർത്ഥ വരുമാന കമ്മി (മൂലധന ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) എന്ന ആശയത്തിന് മതിയായ അംഗീകാരം നൽകണം.

9. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.5% ആയി നിജപ്പെടുത്തിക്കൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുനഃക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം ചെയ്യാവുന്നതുമാണ്.

10. വന വിഭവങ്ങളിൽനിന്നുള്ള വരുമാന നഷ്ടവും, ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വന സംരക്ഷണം നടത്തുന്നതിന് കേരളത്തിന് അർഹമായ നഷ്ടപരിഹാരം നൽകണം.

11. ചതുപ്പ് നിലങ്ങളുടെ സംരക്ഷണത്തിനും തീരദേശ പരിപാലനത്തിനും വേണ്ടത്ര പരിഗണന നൽകണം.

12. പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിനും ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

15574.69 കോടി രൂപയുടെ ധനസഹായം അനുച്ഛേദം 275 പ്രകാരം അനുവദിക്കണം.

13. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് 30 ശതമാനം കണ്ട് വർദ്ധിപ്പിക്കണമെന്നും നിവാരണ ഫണ്ടിലെ കേന്ദ്രവിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങളിൽ അംഗീകരിച്ചവ ചുവടെ ചേർക്കുന്നു:</u>

സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശനമാനത്തിൽനിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണമെന്നത് 42 ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. വനവിഭവങ്ങളിൽനിന്നുള്ള വരുമാന നഷ്ടവും ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വന സംരക്ഷണം നടത്തണമെന്ന ആവശ്യം പരിഗണിച്ചുകൊണ്ട് വനമേഖലയുടെ പരിധിക്ക് ഒരു വെയിറ്റേജ് നൽകിയിട്ടുണ്ട്. റവന്യൂ കമ്മി ഗ്രാന്റ് ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത പ്രകാരം 9519 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കണമെന്ന ആവശ്യം കമ്മീഷൻ പരിഹരിച്ചില്ല. എന്നാൽ കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് 30 ശതമാനം കണ്ട് വർദ്ധിപ്പിക്കണമെന്നും നിവാരണ ഫണ്ടിലെ കേന്ദ്ര വിഹിതം നിലവിലെ 75 ശനമാനത്തിൽനിന്നും 90 ശതമാനമായി വർദ്ധിപ്പിച്ചുവെങ്കിലും നിലവിലെ സ്ഥിതി തുടരുവാൻ ആവശ്യപ്പെട്ടു.

(ബി) റവന്യൂ കമ്മി നികത്തുന്നതിന് 169289 കോടി രൂപ സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു.

(സി) സംസ്ഥാനങ്ങളുടെ നികുതിവിഹിതം 50 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് പതിമൂന്നാം ധനകാര്യ കമ്മീഷൻ (2010-15) കാലയളവു മുതൽ സംസ്ഥാനം ആവശ്യപ്പെട്ടുവരുന്നുണ്ട്. ഇത് 42 ശതമാനമായി പതിനാലാം ധനകാര്യ കമ്മീഷൻ പരിമിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്രനികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടുവരണം എന്നുള്ളതും, കേന്ദ്ര റവന്യൂ വരുമാനത്തിൽ വിവിധ

ഇളവുകൾക്കായി മാറ്റിവയ്ക്കുന്ന തുകയുടെ (Revenue forgone) തോത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽനിന്നും 3 ശതമാനമായി കുറയ്ക്കണം എന്നുള്ളതും സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണമെന്നതും, വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവ കൂടി കണക്കിലെടുത്ത് കൊണ്ട് 1971-ലെ ജനസംഖ്യയെ ക്രമപ്പെടുത്തണമെന്നതും, മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിത്തള്ളണമെന്നതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണമെന്നതും, യഥാർത്ഥ വരുമാന കമ്മി (മൂലധന ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) എന്ന ആശയത്തിന് മതിയായ അംഗീകാരം നൽകണമെന്നതും, റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.5% ആയി നിജപ്പെടുത്തികൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുനഃക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം ചെയ്യണമെന്നുള്ളതും സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും യാതൊരു ധനസഹായം ലഭിച്ചിട്ടില്ലായെന്നും പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിനും ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യവും പരിഗണിക്കുകയുണ്ടായില്ല.

(ഇ) 38 കേന്ദ്രാവിഷ്കൃത പദ്ധതികൾ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. Funding pattern-ൽ മാറ്റമുള്ളതും നിർത്തലാക്കിയതുമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് പ്രതിവർഷം 1806.61 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് തിട്ടപ്പെടുത്തിയിട്ടുണ്ട്.

## നബാർഡ് അംഗീകരിച്ച പദ്ധതികൾ

155 (127) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ഉയർന്ന മുതൽമുടക്ക് ഉണ്ടാകുന്നതിന് നബാർഡും സഹകരണ സംഘങ്ങളുമായി ചേർന്ന് വിശദമായ പദ്ധതി നടപ്പിലാക്കുമെന്ന് 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ ; ഈ പദ്ധതിക്ക് വകയിരുത്തപ്പെട്ട മൊത്തം തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നബാർഡ് അംഗീകരിച്ച പദ്ധതികൾ എന്തൊക്കെ; അവയിൽ നടപ്പാക്കിയവ ഏതൊക്കെ; ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നു എന്തു തുക ഇതിനകം പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചു; വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. ഇതിന് ധനാഭ്യർത്ഥന നമ്പർ 27-ലും 29-ലും തുക വകയിരുത്തിയതായി കാണുന്നില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പിലായതായി കാണുന്നില്ല.

**അടിസ്ഥാന സൗകര്യവികസന പദ്ധതി വിഹിതം**

156 (128) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് വേണ്ടി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ടിരുന്ന തുകകളിൽ ഓരോ വർഷവും എത്ര തുകവീതം ട്രഷറിയിൽ നിന്നും പിൻവലിക്കുകയുണ്ടായി; ഓരോ വർഷവും വകയിരുത്തപ്പെട്ട തുക എത്ര; പിൻവലിച്ച തുക എത്ര?

ഉത്തരം

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുവേണ്ടി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ യഥാക്രമം 1225 കോടി രൂപ, 2000 കോടി രൂപ വീതം വകയിരുത്തിയിരുന്നു. ഇതിൽ 2014-15-ൽ 921 കോടി രൂപയും 2015-16 സാമ്പത്തിക വർഷം 4-2-2016 വരെ 307.87 കോടി രൂപയും ട്രഷറിയിൽ നിന്നും പിൻവലിക്കുകയുണ്ടായി.

**സ്വകാര്യ സംരംഭങ്ങളിലെ ഓഹരി പങ്കാളിത്തം**

157 (129) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന് ഓഹരി പങ്കാളിത്തം ഉള്ള സ്വകാര്യ സംരംഭങ്ങൾ നിലവിലുണ്ടോ; 49 ശതമാനമോ അതിൽ കുറവോ ഓഹരി പങ്കാളിത്തമുള്ള സംരംഭങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) സർക്കാരിന് ഓഹരി പങ്കാളിത്തമുള്ള സ്ഥാപനങ്ങളിലെ സർക്കാർ പ്രതിനിധികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) സർക്കാർ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭങ്ങളിലെ സർക്കാർ പ്രതിനിധികൾ ആരൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻകെലിൽ 25% ഓഹരി പങ്കാളിത്തമുണ്ട്. മറ്റ് വകുപ്പുകളിലെ സംരംഭങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഇൻകെലിലെ സർക്കാർ പ്രതിനിധികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

1. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
   മിനിസ്റ്റർ ഇൻഡസ്ട്രീസ് & ഐ.റ്റി.
   ചെയർമാൻ ഇൻകെൽ ലിമിറ്റഡ്.
2. ശ്രീ. പി. എച്ച് കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി,
   ഇൻഡസ്ട്രീസ് & ഐ.റ്റി., ഡയറക്ടർ ഇൻകെൽ ലിമിറ്റഡ്.
3. ശ്രീ. ടി. ബാലകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ,
   ഇൻകെൽ ലിമിറ്റഡ്.

മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

**പുനലൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

158 (130) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പുനലൂർ നിയോജകമണ്ഡലത്തിൽ 2011-2012, 2012-2013, 2013-2014, 2014-2015, 2015-2016 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച ബഡ്ജറ്റ് പ്രവൃത്തികൾ, അനുവദിച്ച തുക, ഭരണാനുമതിയുടെ വിശദാംശങ്ങൾ എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

## ബഡ്ജറ്റ്

159 (131) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12-നും അതിന് ശേഷമുള്ള സംസ്ഥാന ബഡ്ജറ്റുകളിലും പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി വകയിരുത്തുകയും ട്രഷറിയൽ നിന്ന് പിൻവലിക്കപ്പെടുകയും ചെയ്ത തുകയിൽ ഏതെല്ലാം വകുപ്പുകളുടെ തുകയാണ് ചെലവാകാതെ ട്രഷറിയിൽ തന്നെ കിടക്കുന്നതെന്ന് വിശദമാക്കാമോ; ഇപ്രകാരം ട്രഷറി അക്കൗണ്ടുകളിൽ തന്നെ നിക്ഷേപിക്കപ്പെട്ട മൊത്തം തുക എത്ര; ട്രഷറിയിൽ നിന്ന് പിൻവലിച്ച് മറ്റേതെങ്കിലും ബാങ്കുകളിൽ നിക്ഷേപിക്കപ്പെട്ട തുക ഏതൊക്കെ; മൊത്തം എത്ര;

(ബി) 2011-12 മുതൽ 2015-16 വരെയുള്ള പദ്ധതി ചെലവുകളിലും പദ്ധതിയേതര ചെലവുകളിലും അൻപത് ശതമാനത്തിൽ കുറഞ്ഞ പെർഫോർമെൻസ് കാഴ്ചവച്ച വകുപ്പുകൾ ഏതൊക്കെ; ഇക്കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതായ വകുപ്പുകൾ ഏതൊക്കെ; വിശദമാക്കാമോ?

### ഉത്തരം

(എ) വിവിധ വകുപ്പുകളിൽനിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ 2011-12 മുതൽ ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെടുകയും ട്രഷറിയിലും മറ്റു ബാങ്കുകളിലും ചെലവാകാതെ കിടക്കുകയും ചെയ്യുന്ന തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സമർപ്പിച്ച കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ പിന്നോക്കം നിൽക്കുന്ന റവന്യൂ, ജലവിഭവം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 34 ശതമാനം, 44 ശതമാനം എന്നിങ്ങനെ ആയിരുന്നു. 2012-13 സാമ്പത്തിക വർഷം ഭവന നിർമ്മാണം, റവന്യൂ, പൊതുഭരണം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 43 ശതമാനവും 40 ശതമാനവും 11 ശതമാനവും ആയിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ നിയമ വകുപ്പിലെ പദ്ധതി ചലവ് 17 ശതമാനവും ആസൂത്രണ വകുപ്പിലേത് 8 ശതമാനവും റവന്യൂ വകുപ്പിലേത് 32 ശതമാനവും, പബ്ലിക് റിലേഷൻസ് വകുപ്പിലേത് 43 ശതമാനവുമായിരുന്നു. 2014-15 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ കുറവ് രേഖപ്പെടുത്തിയ വകുപ്പുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിസ്ഥിതി (41 ശതമാനം), ഭക്ഷ്യ പൊതു വിതരണം (28 ശതമാനം), വ്യവസായം (38 ശതമാനം), തുറമുഖം (48 ശതമാനം), റവന്യൂ (20 ശതമാനം), ജലവിഭവം (46 ശതമാനം), ഭവന നിർമ്മാണം (42 ശതമാനം) എന്നിവയായിരുന്നു. വിവിധ ധനാഭ്യർത്ഥനകളിലെ പദ്ധതിയേതര ചെലവിന്റെ വകുപ്പുതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. എന്നാൽ ധനാഭ്യർത്ഥനകളിലെ ചെലവ് കണക്കുകൾ പ്രകാരം പദ്ധതിയേതരയിനത്തിൽ കുറഞ്ഞ ചെലവ് രേഖപ്പെടുത്തിയ ധനാഭ്യർത്ഥനകളുടെ വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്.

2011-12 സാമ്പത്തിക വർഷം തെരഞ്ഞെടുപ്പ്, പൊതുമരാമത്ത്, പലവക സാമ്പത്തിക സർവ്വീസുകൾ, ക്ഷീര വികസനം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2012-13 സാമ്പത്തിക വർഷം പൊതുമരാമത്ത്, നഗര വികസനം, തുറമുഖം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2013-14-ൽ തുറമുഖം, പലവക സാമ്പത്തിക സർവ്വീസുകൾ, ഗതാഗതം, കുടുംബക്ഷേമം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണം, പലവക സാമ്പത്തിക സർവ്വീസുകൾ, ജലസേചനം, വിനോദസഞ്ചാരം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലുമാണ് പദ്ധതിയേതര ചെലവ് കുറവ് രേഖപ്പെടുത്തിയത്. 2015-16 സാമ്പത്തിക വർഷത്തെ നവംബർ മാസം വരെയുള്ള ചെലവിന്റെ താൽക്കാലിക കണക്കുകൾ മാത്രമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ചെലവിന്റെ പ്രവണത വിലയിരുത്തുന്നത് പ്രായോഗികമല്ല.

**കടപ്പത്രം**

160 (132) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കടപ്പത്രം വഴി എത്ര കോടി രൂപ കടം എടുക്കാനാണ് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) നാളിതുവരെ എത്ര കടപ്പത്രങ്ങൾ വഴി എത്ര കോടി രൂപ സമാഹരിച്ചു; വ്യക്തമാക്കാമോ;

(സി) ഇപ്രകാരം കടമെടുക്കുന്ന തുക റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ചിട്ടുണ്ടോ; കടപ്പത്രം പുറപ്പെടുവിക്കുമ്പോൾ പറഞ്ഞിരുന്ന ആവശ്യം എന്തായിരുന്നു; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഏഷ്യൻ വികസന ബാങ്ക്, വിദേശ ഏജൻസികൾ മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവകളിൽ നിന്നും എത്ര തുക വായ്പയായി സ്വീകരിച്ചു; ഏതൊക്കെ ഏജൻസികളിൽ നിന്ന് എത്ര രൂപ വീതം; അവയുടെ തിരിച്ചടവ് തുടങ്ങുന്നതെന്ന്; പലിശ നിരക്ക് എത്ര ശതമാനം; സബ്സിഡികൾ ലഭ്യമാണോ; വ്യക്തമാക്കാമോ;

(ഇ) പ്രതിവർഷം എന്തു തുക സംസ്ഥാന വായ്പയുടെ പലിശയും മുതലും ഇനത്തിൽ തിരിച്ച് നൽകേണ്ടതായിട്ടുണ്ട്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയമാണ് കടപ്പത്രം പുറപ്പെടുവിക്കാൻ സംസ്ഥാനങ്ങൾക്ക് അനുമതി നൽകുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 61463 കോടി രൂപ വായ്പയെടുക്കാനുള്ള അനുമതിയാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 67 കടപ്പത്രങ്ങളിലായി 58713 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ വിവിധ വികസന ആവശ്യങ്ങൾക്ക് വേണ്ടിയാണ് കടപ്പത്രം വഴി ധനസമാഹരണം നടത്തുന്നത്. ഇപ്രകാരം വായ്പ എടുത്ത മുഴവൻ തുകയും 'consolidated fund'-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. 'Consolidated fund'-ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

(ഡി) വിശദാംശം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു*.

(ഇ) വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു*.

**ചാലക്കുടി മണ്ഡലം-ആസ്തി വികസന ഫണ്ട്**

161 (133) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ ചാലക്കുടി മണ്ഡലം ആസ്തി വികസന ഫണ്ട് - പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും ഭരണാനുമതി ലഭിച്ചവ ഏതാണെന്നും അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇനിയും ഭരണാനുമതി ലഭിക്കാത്ത എ. ഡി. എഫ്. പ്രൊപ്പോസലുകൾക്ക് അടിയന്തരമായി അനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) 2012-13 വർഷം മുതൽ 2015-16 വർഷം ഉൾപ്പെടെ നാളിതുവരെ ചാലക്കുടി മണ്ഡലം ആസ്തി വികസന ഫണ്ടുവഴി നടപ്പാക്കുന്നതിനായി അനുമതി നൽകിയ പദ്ധതികളുടെ വിശദ വിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ ആസ്തിവികസന പദ്ധതിയിൻകീഴിൽ ചാലക്കുടി നിയോജക മണ്ഡലത്തിൽ ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ടതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*. ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഭരണവകുപ്പിൽ നിന്നും ശിപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനാനുമതി നൽകുന്നതാണ്.

**ചികിത്സാ ധനസഹായം**

162 (134) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിൽസാ ധനസഹായത്തിന് അപേക്ഷ നൽകിയിരുന്ന താഴെപ്പറയുന്ന ആളുകളുടെ തുക അനുവദിച്ചിട്ടുണ്ടോ; ഇവയുടെ ജി.ഒ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ; ഇവരിൽ ആർക്കൊക്കെ തുക കൈമാറിയിട്ടുണ്ട്; ബാക്കിയുള്ളവരുടെ തുക എന്ന് കൈമാറും എന്ന് വ്യക്തമാക്കാമോ?

(ബി) 1. ശ്രീ. പി. കെ. പുരോഷത്തമൻ, പഞ്ചമി വീട്, വെള്ളൂർ, കോട്ടയം,No. 13510/15/dated, 17-3-2015

2. ശ്രീ കുഞ്ഞുമോൻ. കെ. സി, കൊച്ചുതറ, രാമങ്കരി, കുട്ടനാട്, കോട്ടയം, No. 56762/CM/15 dated 15-9-2015

3. ശ്രീമതി ഗിരിജ ശിവദാസ്, ആശാരി പറമ്പിൽ, പൂഴിക്കോൾ, കടുതുരുത്തി, കോട്ടയം.

4. ശ്രീമതി രാധമ്മ, അനിൽ ഭവൻ, ശ്രീകാര്യം , തിരുവനന്തപുരം, No. 39509 dated 17-7-2015

5. ശ്രീമതി ലക്ഷ്മികുട്ടി, ഉണ്ണിക്കുഴിയോരത്ത്, നസ്രത്ത് ഹിൽ, തോട്ടുവ, കുറവിലങ്ങാട്;

6. ശ്രീ കൊച്ചുപിള്ള, അജിതാ നിവാസ്, ബ്രഹ്മമംഗലം, കോട്ടയം;

7. ശ്രീ. റ്റി. കെ. ദാമോധരൻ, തത്തകത്തി പറമ്പിൽ, മാഞ്ഞൂർ, കോട്ടയം;

8. ശ്രീമതി തങ്കമ്മ, കൊച്ചുതറയിൽ, ഉദയനാപുരം(പി.ഒ) വൈക്കം, കോട്ടയം.

<u>ഉത്തരം</u>

(എ&ബി) ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള അപേക്ഷകർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 10-9-2015-ലെ സ.ഉ.(സാധാ) 4739/15/ റവ. പ്രകാരം ശ്രീ. പി. കെ. പുരുഷോത്തമന് 25,000 രൂപയും, 22-12-2015-ലെ സ.ഉ.(സാധാ) 6805/15/റവ. പ്രകാരം ശ്രീ. കുഞ്ഞുമോൻ കെ.സി.-ക്ക് 50,000 രൂപയും, 10-9-2015-ലെ സ.ഉ. (സാധാ) 4727/15/റവ. പ്രകാരം ശ്രീമതി ഗിരിജാ ശിവദാസന് 3000 രൂപയും, 1-10-2015-ലെ സ.ഉ.(സാധാ) 5162/15/റവ. പ്രകാരം ശ്രീമതി രാധമ്മയ്ക്ക് 10,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ കളക്ടറേറ്റുവഴി താലൂക്കിൽനിന്നും അവ അപേക്ഷകർക്ക് വിതരണം ചെയ്യുന്നതാണ്.

മറ്റ് അപേക്ഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടില്ല.

**അദ്ധ്യാപക പാക്കേജിലെ വ്യവസ്ഥകൾ മൂലമുണ്ടാകുന്ന ബാധ്യത**

163 (135) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിലെ വ്യവസ്ഥകൾ റദ്ദാക്കിയ ഹൈക്കോടതി വിധി നടപ്പിൽ വരുത്തുന്നതിന് പ്രതി വർഷം എത്ര കോടി രൂപയുടെ ബാധ്യതയുണ്ടാകും എന്നാണ് ധനകാര്യ വകുപ്പ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ബാധ്യത ഏതെല്ലാം നിലയിലാണ് വരുന്നതെന്ന് വിശദമാക്കാമോ;

(സി) എയ്ഡഡ് മേഖലയ്ക്ക് മാത്രമായി വരുന്ന അധിക ബാധ്യത എത്ര കോടിയാണ്;

(ഡി) ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാർ ഉന്നതതല യോഗത്തിലെടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ;

(ഇ) ഇക്കാര്യത്തിൽ, ധനവകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അദ്ധ്യാപക പാക്കേജിലെ വ്യവസ്ഥകൾ റദ്ദാക്കിയ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി നടപ്പിലാക്കുമ്പോൾ സർക്കാരിന് പ്രതിവർഷം ഏകദേശം 1347 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത വരുമെന്ന് ധനകാര്യ വകുപ്പ് കണക്കാക്കിയിട്ടുണ്ട്.

(ബി) പേ റിവിഷൻ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരമുള്ള കണക്കുകൾ പ്രകാരം നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണം - 152137 (33,86,000 കുട്ടികൾ)

1:45 പ്രകാരം ആവശ്യമുള്ള അദ്ധ്യാപകരുടെ എണ്ണം - 74844

1:30 പ്രകാരം ആവശ്യമുള്ള അദ്ധ്യാപകരുടെ എണ്ണം - 112267

അധികമായി ആവശ്യമായി വരുന്ന തസ്തികകളുടെ എണ്ണം - 39870

1:45-ൽ നിന്നും 1:30-ലേയ്ക്ക് മാറുമ്പോൾ ആവശ്യമായി വരുന്ന അധിക തസ്തികകളുടെ എണ്ണം - 37423

അധിക സാമ്പത്തിക ബാധ്യത - 37423x12x30,000

13472280000 രൂപ

(സി) എയ്ഡഡ് മേഖലയ്ക്ക് മാത്രമായി വരുന്ന അധിക ബാധ്യത - 8981520000 രൂപ

(ഡി) ബഹുമാനപ്പെട്ട കോടതിയുടെ കണ്ടെത്തലുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുവാനും എന്നാൽ 2011-12 മുതലുള്ള അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച അനിശ്ചിതത്വം തുടരുന്നതിനാൽ സർക്കാർ ഫയൽ ചെയ്യുന്ന അപ്പീലിന്റെ അന്തിമ തീരുമാനത്തിന് വിധേയമായി മേൽ ഉത്തരവ് കോടതി വിധിയനുസരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചു.

(ഇ) ഈ കാര്യത്തിൽ ധനകാര്യ വകുപ്പിൽ തയ്യാറാക്കിയ നോട്ടിന്റെ പകർപ്പ് ടി വിവരങ്ങളോടൊപ്പം ലഭ്യമാക്കുന്നു*.

**മാവേലിക്കര ആസ്തി വികസന പദ്ധതി**

164 (136) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് സബ്ട്രഷറിയ്ക്ക് കെട്ടിടം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണത്തിന് നാളിതുവരെയും ഭരണാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടത്തിന് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ.-യുടെ കത്ത് ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നൂറനാട് സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 4059-60-051-72-projects under LAC-ADS (NP) എന്ന ശീർഷകത്തിൽനിന്നും ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിൽനിന്നും അനുവാദം നൽകുകയും, എന്നാൽ മേൽ ശീർഷകം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലായതിനാൽ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി 20-01-2016-ലെ ഇ-60178/Ind&Pw.B2/2015/ ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം പൊതുമരാമത്ത് വകുപ്പിനു നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച ഹെൽത്ത്-ഇ 2-76/15-ഹെൽത്ത് ഫയൽ ധനകാര്യ വകുപ്പിൽ (e-66096) പരിശോധിക്കുകയും പ്രസ്തുത ശിപാർശയിൽ തസ്തിക സൃഷ്ടിക്കലിന്റെയും അധിക സാമ്പത്തിക ബാധ്യതയുടെയും ആവശ്യകതയുള്ളതായി കണ്ടതിനെത്തുടർന്ന് നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്.

**മങ്കടയിൽ പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ച്**

165 (137) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കട ടൗണിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മങ്കടയിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ച് തുറക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മങ്കട ടൗണിൽ ബ്രാഞ്ച് തുടങ്ങുന്നതിന് പ്രായോഗികതാ പഠനം നടത്തിയിട്ടുണ്ട്.

(ബി) ബ്രാഞ്ച് തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മംഗല്യനിധി പദ്ധതി**

166 (138) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗല്യനിധി പദ്ധതി ആരംഭിച്ചിന് ശേഷം ഇതുവരെയുള്ള ഓരോ വർഷവും എത്ര തുക വീതം പദ്ധതിയിലേയ്ക്ക് സമാഹരിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ വർഷവും മംഗല്യനിധി വഴിയുള്ള ധനസഹായത്തിന് അപേക്ഷിച്ചവർ എത്ര; ധനസഹായത്തിന് അർഹരെന്ന് കണ്ടെത്തിയവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വർഷവും അർഹരെന്ന് കണ്ടെത്തിയവരിൽ ആനുകൂല്യം പൂർണമായും ലഭ്യമാകാത്തവർ എത്ര വീതം; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) മംഗല്യനിധി പദ്ധതിയിൽ നിലവിൽ അവശേഷിക്കുന്ന തുക എത്ര; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) 2013 മുതലാണ് ആഡംബര നികുതി നിയമ പ്രകാരം കല്യാണമണ്ഡപങ്ങൾക്ക് മംഗല്യനികുതി സെസ് ഏർപ്പെടുത്തിയത്. ഇതിൽനിന്നും ലഭ്യമായ നികുതി താഴെപ്പറയും പ്രകാരമാണ്.

2013 - 14 - 4.09 കോടി രൂപ

2014 - 15 - 3.57 കോടി രൂപ

പ്രസ്തുത പദ്ധതി നിലവിൽ വന്നതിനെ തുടർന്ന് ധാരാളം റിട്ട് പെറ്റീഷനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. റിട്ട് പെറ്റീഷനുകളുടെ അഡ്മിഷൻ സ്റ്റേജിൽ തന്നെ മംഗല്യനിധി സെസ്സ് പിരിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തു. തുടർന്ന് 26-8-2014-ലെ അന്തിമവിധി ന്യായത്തിൽ മംഗല്യനിധി സെസ്സ് ഭരണഘടനാ വിരുദ്ധമാണെന്ന് വിധിച്ചുകൊണ്ട് റദ്ദാക്കി.

**വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉറപ്പാക്കിയിട്ടുള്ള പദ്ധതികൾ**

167 (139) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംങ്ങിന് വേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിലേക്ക് ശിപാർശ ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ നല്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉറപ്പാക്കിയിട്ടുണ്ട്?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പ്രഖ്യാപിത പദ്ധതികളുടെ പൂർത്തീകരണം**

168 (140) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ബഡ്ജറ്റുകളിലൂടെ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതൊക്കെയായിരുന്നു; അവയിൽ പൂർണ്ണമായും നടപ്പിലാക്കപ്പെട്ടവ എത്ര; ഭരണാനുമതി നൽകിയെങ്കിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവ എത്ര; ഓരോ വർഷവും നടപ്പിലാക്കാൻ സാധിക്കാതെ പോയവ എത്ര; വിശദമാക്കാമോ;

(ബി) എല്ലാ ബഡ്ജറ്റുകളിലും കൂടിയുള്ള മൊത്തം ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക എത്ര; ഇതിൽ പദ്ധതി നടത്തിപ്പുകൾക്കായി പിൻവലിക്കപ്പെട്ട തുക എത്ര; പിൻവലിക്കപ്പെട്ട തുകയിൽ ഇപ്പോഴും വിനിയോഗിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ കിടക്കുന്നവ മൊത്തം എത്ര കോടി രൂപയാണ്; വിശദമാക്കാമോ;

(സി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏറ്റവും പിന്നോക്കമായിരുന്ന വകുപ്പുകൾ ഏതൊക്കെയായിരുന്നു?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സർവ്വീസ് പെൻഷൻകാർക്കുള്ള ഇൻഷ്വറൻസ് സ്കീമുകൾ**

169 (141) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് പെൻഷൻകാർക്കായി 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന രണ്ട് ഇൻഷ്വറൻസ് സ്കീമുകൾ നടപ്പിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് ഇത് നടപ്പിലാക്കിയത്; 2014 ജൂലൈ ഒന്നിന് നടപ്പിൽ വരുത്തുമെന്ന പ്രഖ്യാപനം പാലിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്കീമുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; നിലവിൽ ഇവയിലോരോന്നിലും എത്ര അംഗങ്ങൾ വീതമുണ്ട്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്കീമുകളിൽ നിന്നുള്ള ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്; ഇതിൽ ആനുകൂല്യത്തിന് അർഹതയുള്ളവർ എത്ര; വ്യക്തമാക്കാമോ;

(ഇ) ഓരോ സ്കീം വഴിയും ഇതുവരെ എത്ര തുകയുടെ ആനുകൂല്യം വിതരണം ചെയ്തു; ആനുകൂല്യം ലഭ്യമാക്കുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ അർഹരായ എത്ര പേർക്ക് എത്ര തുക വീതം ഓരോ സ്കീം വഴിയും ഇനിയും ആനുകൂല്യം ലഭ്യമാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ പത്താം ശമ്പള കമ്മീഷൻ ശിപാർശയനുസരിച്ച് സർവ്വീസ് പെൻഷൻകാർക്കും/കുടുംബ പെൻഷൻകാർക്കുമായി ഒരു മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനുവേണ്ടി വിശദമായ ഉത്തരവുകൾ പ്രത്യേകമായി പുറപ്പെടുവിക്കുമെന്ന് 20-1-2016-ലെ G.O.(P) No. 9/16/Fin. നമ്പർ പെൻഷൻ പരിഷ്കരണം ഉത്തരവിന്റെ 8-ാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനുള്ള നടപടികൾ ധനകാര്യ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

(ബി-ഇ) ബാധകമല്ല.

**പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള സെസ്സ്**

170 (142) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൾപ്പന്നങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള സെസ് എത്ര രൂപ വീതമാണെന്നും ഏതെല്ലാം ഉൽപ്പന്നങ്ങളിൽമേലാണ് സെസ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പെട്രോളിയം ഉൽപ്പന്നങ്ങളിൽ ചുമത്തിയ സെസിൽ നിന്നും ഇതുവരെ എത്ര തുക പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പെട്രോളിയം സെസ് വഴി സ്വരൂപിക്കുന്ന പണം ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിക്കുന്നതെന്നും ആയിനത്തിൽ ഇതുവരെ എന്തു തുക പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പെട്രോളിയം സെസ് വഴി എത്ര തുക പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടതെന്നും ഇതുവരെ എത്രശതമാനം പിരിഞ്ഞു കിട്ടിയെന്നും ലക്ഷ്യം പൂർത്തീകരിക്കാനാകുമെന്ന് വകുപ്പ് ഉറപ്പു വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനം ഏർപ്പെടുത്തിയിട്ടുള്ള സെസ് വില്പന നികുതിയുടെ ഒരു ശതമാനമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോളിയം ഉൽപ്പന്നങ്ങളിൽ ചുമത്തിയ സെസ്സിൽനിന്നും 215.85 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(സി) സർക്കാരിന്റെ വികസന/കരുതൽ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നു.

(ഡി) വില്പന നികുതിയുടെ ഒരു ശതമാനമാണ് സാമൂഹ്യ സുരക്ഷാ സെസ്സായി പെട്രോളിയം ഉൽപ്പന്നങ്ങളിന്മേൽ ഈടാക്കിവരുന്നത്. തുടങ്ങിയ വർഷം 100 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നും ലഭിക്കുന്ന വില്പന നികുതിയുടെ ഒരു ശതമാനമാണ് സെസ്സായി ലഭിച്ചിട്ടുള്ളത്.

## സാമാജികരുടെ മണ്ഡലം ആസ്തി വികസന പദ്ധതി

171 (144) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമയബന്ധിതമായി ഭരണാനുമതി ലഭ്യമാക്കേണ്ട സാമാജികരുടെ മണ്ഡല ആസ്തി വികസന പദ്ധതി നിർദ്ദേശങ്ങളുടെ ഫയൽ തീർപ്പുകൾ ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) വിവിധ തട്ടുകളിലൂടെ നടപ്പിലാക്കേണ്ടതിനാൽ അനുബന്ധ ഫയൽ തീർപ്പുകൾക്ക് കാലവിളംബം നേരിടുന്നത് പരിഹരിക്കുന്നതിനായി ഫയൽ നടപടി സംബന്ധിച്ചുള്ള ഒരു കലണ്ടർ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അനുബന്ധ കലണ്ടർ സമയക്രമം പാലിച്ച് യഥാസമയം ഫയൽ തീർപ്പ് നടപ്പിലാക്കുന്നുണ്ടോയെന്ന് ബോദ്ധ്യപ്പെടുന്നതിന് ഒരു പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനം സാദ്ധ്യമാക്കുന്നതിന് സഹായകമായി പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിൽ നിലവിലുള്ള തടസ്സം എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് സമയക്രമം നിശ്ചയിച്ച് 28-12-2012-ലെ സർക്കുലർ നമ്പർ73/2012/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. അതിനുപുറമേ ടി പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ തലങ്ങളിൽ ഫയൽ തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ധനാനുമതി നൽകിയ ശിപാർശകളിൽ സമയബന്ധിതമായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(ബി) സമയക്രമം നിശ്ചയിച്ചുകൊണ്ട് 22-7-2015-ൽ 67/2015/ധന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

(ഡി) ഒരു വകുപ്പിന്റെ പരിധിയിൽവരുന്ന പ്രവൃത്തികൾ മറ്റു വകുപ്പുകൾ വഴി നടത്തണമെന്ന ആവശ്യം, ചില ഏജൻസികളുടെ അക്രെഡിറ്റേഷൻ പിൻവലിച്ചതും പുനഃസ്ഥാപിച്ചതുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പൊതുമരാമത്ത് വകുപ്പുവഴി നടത്തപ്പെടുന്ന പ്രവൃത്തികളുടെ ബില്ലുകൾക്കുള്ള സീനിയോറിറ്റി, ഏജൻസികൾക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്തു നൽകുന്നതിലെ കാലതാമസം ഇവയൊക്കെയാണ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് തടസ്സമാകുന്നത്.

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ലഭ്യമാകുന്ന പ്രവർത്തി നിർദ്ദേശങ്ങളിൽ കാലവിളംബം കൂടാതെ തന്നെ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**യുവാക്കളുടെ സ്വയം തൊഴിൽ സംരംഭ പദ്ധതി**

172 (145) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പത്ത് ശതമാനം വരെ പങ്കാളിത്ത സഹായം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; ഇതിനായി ബഡ്ജറ്റിൽ നീക്കിവെച്ച തുകയിൽ നിന്ന് ഇതിനകം പിൻവലിച്ച തുക എത്ര; വകയിരുത്തിയ തുക എത്ര;

(ബി) ഇതിനായി തയ്യാറാക്കിയ പദ്ധതിക്ക് ഭരണാനുമതി നൽകിയത് എപ്പോഴാണ്;

(സി) വിദ്യാർത്ഥി സംരംഭകർക്കിടയിൽ പേറ്റന്റ് നേടുന്നവർക്ക് പേറ്റന്റ് അടിസ്ഥാനത്തിലുള്ള പദ്ധതികളുടെ നടത്തിപ്പിനായി സബ്സിഡി നൽകുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളുടെ ഭരണാനുമതി ആയിട്ടുണ്ടോ; ഈ പദ്ധതിക്ക് വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചിട്ടുണ്ട്;

ഉത്തരം

(എ&ബി) യുവാക്കളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പത്ത് ശതമാനം വരെ പങ്കാളിത്ത സഹായം നൽകുന്നതിന് ഒരു ഫണ്ട് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിക്ക് ഭരണാനുമതിക്കനുസൃതമായി ബഡ്ജറ്റിൽ തുക വകയിരുത്തുന്നതാണ്.

(സി) വിദ്യാർത്ഥി സംരംഭകർക്കിടയിൽ പേറ്റന്റ് നേടുന്നവർക്ക് സബ്സിഡി നൽകുന്നതിനായി പ്രഖ്യാപിച്ച പദ്ധതി നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുകയൊന്നും ഇതുവരെ ചെലവഴിച്ചിട്ടില്ല.

**ബഡ്ജറ്റിൽ പദ്ധതി/പദ്ധതി ഇതര ചെലവുകൾക്ക് വകയിരുത്തപ്പെട്ട തുക**

173 (146) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07 മുതൽ 2015-2016 വരെയുള്ള ഓരോ വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതിഇതര ചെലവുകൾക്ക് മൊത്തം വകയിരുത്തപ്പെട്ട തുകയും അതിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം പിൻവലിക്കപ്പെട്ട യഥാർത്ഥ തുകയും എത്രയാണെന്നും വകയിരുത്തപ്പെട്ട തുകയുടെ എത്രശതമാനം തുക യഥാർത്ഥത്തിൽ ചെലവായിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) 2006-07 മുതൽ 2015-16 വരെയുള്ള ഓരോ സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ എത്രശതമാനം തുക വീതം നീക്കി വച്ചിട്ടുണ്ടായിരുന്നു; ഓരോ വർഷവും നീക്കിവെക്കപ്പെട്ട തുകയുടെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ പിൻവലിക്കപ്പെട്ടിട്ടുണ്ട്; അക്കൗണ്ടന്റ് ജനറലിന്റെ കണക്കിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2006-07 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതി ഇതര ചെലവുകൾക്ക് മൊത്തം വകയിരുത്തപ്പെട്ട തുകയും ചെലവും സംബന്ധിച്ച വിശദാംശം അടങ്ങിയ സ്റ്റേറ്റ് മെന്റ് അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2006-07 മുതൽ 2015-16 വരെയുള്ള ഓരോ സാമ്പത്തിക വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ വിഹിതം താഴെ ചേർക്കുന്നു:

| വർഷം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പദ്ധതി വിഹിതം (ശതമാനത്തിൽ) | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|
| 2006-07 | 20.96 | 100.00 |
| 2007-08 | 22.16 | 99.90 |
| 2008-09 | 22.00 | 98.58 |
| 2009-10 | 20.90 | 98.80 |
| 2010-11 | 20.45 | 98.05 |
| 2011-12 | 22.90 | 91.52 |
| 2012-13 | 23.04 | 90.41 |
| 2013-14 | 23.53 | 88.42 |
| 2014-15 | 23.50 | 98.40 |
| 2015-16 | 24.00 | 12.94 |

**മത്സ്യബന്ധന വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ**

174 (147) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും മത്സ്യബന്ധന വകുപ്പ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാമാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി മത്സ്യബന്ധന വകുപ്പിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്രശതമാനം പിൻവലിച്ചു; ആയതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ -അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ഫിഷറീസ് വകുപ്പുവഴിയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴിയുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങളും ഇവയിൽ അതത് വർഷം പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവയുടെയും വിശദാംശങ്ങൾ അനുബന്ധം എ ആയി ചേർക്കുന്നു*.

(ബി) മത്സ്യബന്ധന വകുപ്പിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും വകയിരുത്തിയ തുകയിൽ പിൻവലിച്ചതിന്റെ ശതമാനവും ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുകയുടെയും വിശദവിവരം അനുബന്ധം (ബി) ആയി ചേർക്കുന്നു*.

(സി) ഫിഷറീസ് വകുപ്പ്:

| സാമ്പത്തിക വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 217.43 |
| 2012-13 | 2525.29 |
| 2013-14 | 1082.42 |
| 2014-15 | 9476.06 |
| 2015-16 | 1644.00 |

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് :

2011-12-ൽ 85.86 ലക്ഷം, 2012-13-ൽ 209 ലക്ഷം, 2013-14-ൽ 298.76 ലക്ഷം, 2014-15-ൽ 97.02 ലക്ഷം രൂപ വീതം റീ-അപ്രോപ്രിയേഷൻ വഴി വക മാറ്റി ഈ വകുപ്പിൽ ചെലവഴിച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

175 (148) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് പ്രതിവർഷം എത്ര കോടി രൂപ അധിക ചെലവ് വരുമെന്ന് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള 1-7-2014 മുതലുള്ള കുടിശ്ശിക നല്കുന്നതിനുമാത്രം എത്ര തുക ആവശ്യമായി വരും;

(സി) 2014-15 വർഷത്തിലും 2015-16 വർഷത്തിലും ബഡ്ജറ്റിൽ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ഉണ്ടാകാവുന്ന അധിക ചെലവ് നേരിടുന്നതിന് പ്രത്യേകമായി പണം വകയിരുത്തിയിട്ടുണ്ടായിരുന്നോ; എങ്കിൽ എത്ര കോടി വീതം; പ്രസ്തുത തുക പ്രത്യേകം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുക ഉണ്ടായിട്ടുണ്ടോ;

(ഡി) പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക ജീവനക്കാർക്കും, അദ്ധ്യാപകർക്കും, പെൻഷൻകാർക്കും എന്നു നല്കുവാൻ സാധിക്കും; അതിനാവശ്യമായ അത്രയും തുക 2016-17-ലെ ബഡ്ജറ്റിൽ വകയിരുത്തുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം/ പെൻഷൻ പരിഷ്കരണംമൂലം പ്രതിവർഷം ഏകദേശം 7222 കോടി രൂപയുടെ അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) ശമ്പള/പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള 1-7-2014 മുതലുള്ള കുടിശ്ശിക നൽകുന്നതിലേക്കായി ഏകദേശം 9451 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) പത്താം ശമ്പള കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത നേരിടുന്നതിലേയ്ക്കായി 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അധിക തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ടി ആവശ്യത്തിലേക്കായി 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകളുടെ ബഡ്ജറ്റ് ശീർഷകങ്ങളിലായി ശമ്പളയിനത്തിൽ അധികമായി 1750 കോടി രൂപയും പെൻഷൻ ഇനത്തിൽ ഉണ്ടാകുന്ന അധിക ബാധ്യത നേരിടുന്നതിലേയ്ക്കായി പെൻഷൻ ശീർഷകത്തിൽ 300 കോടി രൂപയും അധികമായി വകയിരുത്തിയിരുന്നു. ടി തുകകൾ പ്രത്യേകം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല.

(ഡി) പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും 1-4-2017 മുതൽ നാല് അർദ്ധ വാർഷിക ഗഡുക്കളായി വിതരണം ചെയ്യുന്നതാണ്. ആയതിനാൽ ഇതിലേയ്ക്ക് 2016-17-ലെ ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതില്ല.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകിയ സാമ്പത്തിക സഹായം

176 (149) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂളുകളും കോളേജുകളും ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ 5 വർഷം നൽകിയ സാമ്പത്തിക സഹായം മൊത്തം എത്ര കോടിയാണ്; വിശദമാക്കാമോ?

ഉത്തരം

എയ്ഡഡ് സ്കൂളുകളും കോളേജുകളും ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ 5 വർഷം നൽകിയ സാമ്പത്തിക സഹായം ആകെ 62475.19 കോടി രൂപയാണ്.

## കേരളത്തിന്റെ പൊതുകടം

177 (151) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കേരളത്തിന്റെ മൊത്തം കടം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ പൊതു കടം എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ പൊതുകടം 78673.24 കോടി രൂപയായിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31-3-2015 വരെ സംസ്ഥാനത്തിന്റെ പൊതുകടം 135440.24 കോടി രൂപയാണ്.

**അന്താരാഷ്ട്ര വിപണിയിലെ ഇന്ധനവില**

178 (152) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വിപണിയിൽ ഇന്ധനവിലയിൽ വൻ കുറവുണ്ടായിട്ടും സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുന്നവിധം പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് തീരുവ വർദ്ധിപ്പിച്ച കേന്ദ്ര ഗവൺമെന്റ് നടപടിയെ സർക്കാർ എതിർത്തിട്ടുണ്ടോ;

(ബി) കേന്ദ്രം പെട്രോളിന്റെയും ഡീസലിന്റെയും തീരുവ വർദ്ധിപ്പിക്കുമ്പോൾ അതിനനുസൃതമായി സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിക്കുന്നുണ്ടോ; വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത വർദ്ധന വേണ്ടെന്നു വയ്ക്കാനും, അതിനനുസൃതമായി സംസ്ഥാനത്തിന്റെ നികുതി കുറയ്ക്കാനും നടപടി സ്വീകരിക്കുമോ;

(സി) ഏറ്റവും ഒടുവിലത്തെ പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനയിലൂടെ സംസ്ഥാനത്തിന് പ്രതിവർഷം എത്ര കോടി രൂപയുടെ അധിക വരുമാനം ലഭിക്കും?

ഉത്തരം

(എ) ഉണ്ട്.

(ബി) തീരുവ വർദ്ധിക്കുമ്പോൾ അതിനനുസൃമായി അടിസ്ഥാന വില കുറയ്ക്കുകയും ടാക്സബിൾ ടേണോവറിൽ മാറ്റം വരാതിരിക്കുകയും ചെയ്യുന്നതിനാൽ നികുതി വരുമാനത്തിൽ മാറ്റം വരുന്നില്ല.

(സി) ഏറ്റവും ഒടുവിലത്തെ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവ് ഉണ്ടായത് 16-11-2015-ൽ ആണ്. പ്രസ്തുത വർദ്ധനവിൽ പെട്രോളിന് പ്രതിവർഷം 18.96 കോടി രൂപയും ഡീസലിന് 45.12 കോടി രൂപയും അധിക വരുമാനം ലഭിക്കും എന്ന് കണക്കാക്കിയിരിക്കുന്നു.

**കേന്ദ്ര വിഹിതം**

179 (153) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി, കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വാർഷിക പദ്ധതി കേന്ദ്രാനുമതിക്കായി സമർപ്പിച്ചത് എന്നായിരുന്നു; കേന്ദ്ര ഗവൺമെന്റിന്റെ

അനുമതിക്ക് സമർപ്പിച്ച പദ്ധതി നീതി ആയോഗിന് അനുസൃതമല്ലാത്തതിനാൽ തിരിച്ചയച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) വാർഷിക പദ്ധതിക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം എത്രയായിരിക്കും ; കേന്ദ്രവിഹിതം സംബന്ധിച്ച അന്തിമധാരണയോടുകൂടിയാണോ 2016-17-ലേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്;

(സി) നീതി ആയോഗ് നിലവിൽ വന്നതിന് ശേഷം 2015-16 വർഷത്തെ കേന്ദ്രവിഹിതത്തിൽ കുറവുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ;

(ഡി) അടുത്ത വർഷത്തെ കേന്ദ്രവിഹിതമായി എന്തു തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആസൂത്രണ കമ്മീഷന് പകരം നീതിആയോഗ് നിലവിൽ വന്നതിനാൽ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന വാർഷിക പദ്ധതിക്ക് ആസൂത്രണ കമ്മീഷന്റെ/കേന്ദ്ര സർക്കാരിന്റെ അംഗീകാരം ആവശ്യമില്ല.

(ബി) 2016-17-ൽ പ്രതീക്ഷിക്കുന്ന കേന്ദ്ര വിഹിതം 6534.17 കോടി രൂപയാണ്. ഇതിന് അനുസൃതമായാണ് വാർഷിക പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

(സി) 14-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽനിന്ന് 42 ശതമാനമായി വർദ്ധിപ്പിക്കുകയും സംസ്ഥാന പദ്ധതിക്കുള്ള എൻ.സി.എ. നിർത്തലാക്കുകയും മറ്റ് പദ്ധതി ധനസഹായം കുറവുവരുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) 2016-17-ലെ കേന്ദ്ര ബഡ്ജറ്റ് പ്രഖ്യാപനത്തിനുശേഷമേ കേന്ദ്ര വിഹിതമായി എന്തു തുക ലഭിക്കുമെന്ന് വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ.

**വാണിജ്യനികുതി വകുപ്പിൽ നടപ്പാക്കാത്ത പദ്ധതികൾ**

180 (154) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും വാണിജ്യനികുതി വകുപ്പിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച പദ്ധതികളും പരിപാടികളും ഏതൊക്കെയാണ്; അവയിൽ അതതുവർഷങ്ങളിൽ പൂർണ്ണമായും

നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാമാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ചു ബഡ്ജറ്റുകളിലായി വാണിജ്യ നികുതി വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതിതുകയും അതത് വർഷം യഥാർത്ഥത്തിൽ ചെവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വക മാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2011-12-ലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ വാണിജ്യനികുതി വകുപ്പിനെ സംബന്ധിച്ച് 358 മുതൽ 374 വരെയുള്ള ഖണ്ഡികകളിൽ 27 നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 368-ാമത്തെ ഖണ്ഡിക നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 352-ാമത്തെ ഖണ്ഡിക നടപ്പിലാക്കിയിട്ടില്ല.

2012-13 ബഡ്ജറ്റിൽ 371 മുതൽ 402 വരെയുള്ള ഖണ്ഡികകളിൽ 32 നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 398, 399 ഖണ്ഡികകൾ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഇതിൽ പാലക്കാട് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയായി. വയനാട്, കോട്ടയം, എറണാകുളം അഡീഷണൽ കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2013-14 ബഡ്ജറ്റിൽ 428 മുതൽ 469 വരെയുള്ള ഖണ്ഡികകളിൽ 42 നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 462, 468, 469 എന്നീ ഖണ്ഡികകൾ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.

2014-15 ബഡ്ജറ്റിൽ 342 മുതൽ 405 വരെയുള്ള ഖണ്ഡികകളിൽ 51 നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 380, 389, 391, 392, 394, 398, 399, 400, 402, 403, 404, 405 ഖണ്ഡികകൾ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.

ഖണ്ഡിക 401-ലെ നിർദ്ദേശം KVATIS സോഫ്റ്റ്‌വെയറിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത വർഷങ്ങളിൽ വാണിജ്യ നികുതി വകുപ്പിന് പദ്ധതിയിനത്തിൽ തുക വകയിരുത്തിയിട്ടില്ല.

(സി) പ്രസ്തുത വർഷങ്ങളിൽ പദ്ധതിയിനത്തിൽ റീ-അപ്രോപ്രിയേഷൻ വഴി ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല.

**സ്പാർക്കുമായി ബന്ധപ്പെട്ട ബുദ്ധിമുട്ട്**

181 (155) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്കുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഉപയോഗിക്കുന്നതിനുള്ള പരിചയക്കുറവുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു പരിഹരിക്കാനായി സ്പാർക്ക് സംബന്ധിച്ച പരിശീലന പരിപാടികൾ, ആവശ്യപ്പെടുന്നതനുസരിച്ച്, ധനകാര്യ വകുപ്പിന്റെ പരിശീലന കേന്ദ്രം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്തെ സ്പാർക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഇതുസംബന്ധമായ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. നേരിട്ടോ, ഫോൺ മുഖാന്തരമോ ഇ-മെയിൽ വഴിയോ, ചാറ്റ് വഴിയോ സംശയ നിവാരണം നടത്തുവാനുള്ള സംവിധാനം നിലവിൽ ഉണ്ട്. കണ്ണൂർ കളക്ടറേറ്റിലും ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. പുതുതായി, മേഖലാടിസ്ഥാനത്തിൽ എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ട്രഷറികളിൽ ഓരോ ഹെൽപ്പ് ഡെസ്കുകൾ തുടങ്ങാനും ക്രമേണ എല്ലാ ട്രഷറികളിലും ഹെൽപ്പ് ഡെസ്കുകൾ തുടങ്ങാനും തീരുമാനമായിട്ടുണ്ട്. നിലവിൽ 2016 ജനവരി 29 മുതൽ ഫെബ്രുവരി 10 വരെ ജില്ലാതലങ്ങളിൽ ദ്വിദിന പരിശീലന പരിപാടി ക്രമീകരിച്ചിട്ടുണ്ട്. ഇതിനൊക്കെപുറമേ സ്പാർക്ക് ഉപയോഗം സംബന്ധിച്ച യൂസർ മാനുവൽ, ട്യൂട്ടോറിയൽ എന്നിവ സ്പാർക്കിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ബഡ്ജറ്റ് വിഹിതം

182 (156) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റുകളിലൂടെ ഇതിനകം പ്രഖ്യാപിച്ച പദ്ധതികൾക്കും സ്കീമുകൾക്കും അടുത്ത അഞ്ച് വർഷത്തേക്കാവശ്യമായ ചെലവുകൾ കൃത്യമായി കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം തുക കണക്കാക്കുമെന്ന് 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നുവോ; സാമ്പത്തിക ദൃഢീകരണത്തിന്റെ ഭാഗമായുള്ള പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) പ്രഖ്യാപിത പദ്ധതികൾക്ക് തുടർ വർഷത്തിൽ മതിയായ ബഡ്ജറ്റ് വിഹിതം ലഭിക്കാതെ വരുന്നത് മൂലം ഉണ്ടാകുന്ന പ്രതിസന്ധി പരിഗണിച്ച് 2016-17 വർഷത്തെ ബഡ്ജറ്റിൽ മുൻകാല പദ്ധതികളുടെ തുടർ പ്രവർത്തനത്തിന് ആവശ്യമായ തുക വകയിരുത്തുമെന്ന് ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) 2016-17-ലെ ബഡ്ജറ്റിൽ ഇതിന് മുൻപ് പ്രഖ്യാപിച്ച പദ്ധതികളുടെ തുടർ പ്രവർത്തനത്തിനായി മാത്രം എത്ര കോടി രൂപ വകയിരുത്തേണ്ടതുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ) കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) സർക്കാർ പദ്ധതികൾക്കും സ്കീമുകൾക്കും അടുത്ത 5 വർഷത്തെ ചെലവുകൾ കൃത്യമായി കണക്കാക്കിയശേഷം മാത്രം പദ്ധതിക്ക് അനുമതി നൽകുന്ന സാമ്പത്തിക ദൃഢീകരണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി National Informatics Centre-ന്റെ സാങ്കേതിക സഹായത്തോടെ 'Five Year Fiscal Impact' എന്ന പേരിൽ ഒരു വെബ് ആപ്ലിക്കേഷൻ തയ്യാറാക്കി വരികയാണ്.

(സി&ഡി) പ്രഖ്യാപിത പദ്ധതികൾക്ക് തുടർ വർഷത്തിൽ മതിയായ വിഹിതം ഉൾപ്പെടുത്തിക്കൊണ്ട് തന്നെയാണ് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ രൂപീകരിച്ചുവരുന്നത്.

## വാർഷിക പദ്ധതി

183 (157) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വാർഷിക പദ്ധതികളിൽ വകുപ്പുകൾ തിരിച്ച് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷങ്ങളിൽ വകുപ്പ് തിരിച്ച് പിൻവലിക്കപ്പെട്ട തുകയും സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഓരോ വർഷവും പദ്ധതി തുക ഇനത്തിൽ വകുപ്പ് അടിസ്ഥാനത്തിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ ഖജനാവിൽ നിന്നും പിൻവലിക്കുകയുണ്ടായിട്ടുണ്ട്?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ വകുപ്പ് തിരിച്ച് വകയിരുത്തപ്പെട്ട തുകയുടെ വിവരങ്ങൾ അനുബന്ധമായി കൊടുക്കുന്നു*. പിൻവലിക്കപ്പെട്ട തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും

184 (159) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ 83 സ്കൂളുകൾക്ക് കംപ്യൂട്ടറും പ്രിന്ററും നൽകുന്നതിന് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ.-യുടെ കത്ത് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ധനകാര്യവകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി അടിയന്തിരമായി ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) ഉണ്ട്. പ്രസ്തുത ശിപാർശ e-file no. 133318 ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരുന്നു. പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ആസ്തികളുടെ സൃഷ്ടിയാണ് ആസ്തി വികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. എന്നതിനാൽ പ്രസ്തുത ശിപാർശയിൽ ഉൾപ്പെട്ട എയ്ഡഡ് സ്കൂളുകളെ ഒഴിവാക്കി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗവൺമെന്റ് സ്കൂളുകൾക്ക് മാത്രമായുള്ള ശിപാർശ സമർപ്പിക്കുവാൻ പൊതു വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ശിപാർശയ്ക്ക് പ്രത്യേകാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിച്ച കത്ത് പരിശോധിച്ചു വരികയാണ്.

## സർക്കാരിന്റെ കാലാവധിക്കകം പൂർത്തീകരിക്കാൻ സാധിക്കുന്ന പദ്ധതികൾ

185 (160) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടങ്ങിവച്ച പദ്ധതികൾ എല്ലാം പൂർത്തീകരിക്കുന്നതിന് ചെലവിനത്തിൽ എന്തു തുക ഇനിയും ആവശ്യമായിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും അതിന് മുമ്പ് തുടർന്ന് വരുന്നതുമായ എത്ര പദ്ധതികൾ പൂർത്തീകരിക്കാൻ ബാക്കി നില്പുണ്ട്; ഇവയെല്ലാം ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ തീർപ്പാക്കാൻ സാധ്യമാണോ; അതിനാവശ്യമായ തുക തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടിട്ടുണ്ടോ;

(സി) വകയിരുത്തപ്പെട്ട തുക കൊണ്ട് പൂർത്തീകരിക്കാതെ അവശേഷിക്കുന്ന എത്ര ശതമാനം പദ്ധതികൾ ഈ സർക്കാരിന്റെ കാലാവധിക്കകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ബഡ്ജറ്റുകളിലൂടെ വന്യജീവി സംരക്ഷണം നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച തുക

186 (161) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും വന്യജീവി സംരക്ഷണം നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി വന്യജീവി സംരക്ഷണത്തിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവവിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ

തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ- അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്രവീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ ബഡ്ജറ്റുകളിലും വന്യജീവി സംരക്ഷണത്തിനായി പ്രഖ്യാപിച്ചതും അതതു വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തേണ്ടതുമായ പദ്ധതികളിൽ നടപ്പിൽ വരുത്താത്ത പദ്ധതികൾ ഒന്നും തന്നെയില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയുള്ള സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്ക് വന്യജീവി വിഭാഗവുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്യുന്ന പദ്ധതി ശീർഷകങ്ങളിൽ ഓരോ വർഷവും വകയിരുത്തപ്പെട്ട തുകയുടേയും യഥാർത്ഥ ചെലവുകളുടേയും വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ശതമാനത്തിൽ |
|---|---|---|---|
| 2011-12 | 4868.32 | 3226.732 | 66.28 |
| 2012-13 | 5451.00 | 4498.690 | 82.52 |
| 2013-14 | 4858.91 | 4663.612 | 95.98 |
| 2014-15 | 9046.02 | 6072.055 | 67.12 |
| 2015-16 ഇതുവരെ | 4465.55 | 2466.49 | 55.24 |

ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ തുക നീക്കിയിരിപ്പില്ല.

(സി) തുകകളൊന്നുംതന്നെ റീ-അപ്രോപ്രിയേഷൻവഴി വകമാറ്റി ചെലവഴിച്ചിട്ടില്ല.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്**

187 (162) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണോ; എങ്കിൽ എന്തെല്ലാം അടിസ്ഥാനപ്പെടുത്തിയാണ് ഇത് അവകാശപ്പെടുന്നതെന്ന് വിശദമാക്കാമോ;

(ബി) സാമ്പത്തിക സ്ഥിതി പ്രതിസന്ധിയിലാണെങ്കിൽ ആയതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ; പ്രതിസന്ധി ഏതെല്ലാം നിലയിൽ ഇന്ന് സംസ്ഥാനം നേരിടുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ധനകാര്യവകുപ്പ് സെക്രട്ടറി സർക്കാരിന് സമർപ്പിച്ച ഏറ്റവും ഒടുവിലത്തെ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അപ്രകാരം ഒരു കുറിപ്പ് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായിട്ടില്ലെങ്കിൽ, നിലവിലെ സാമ്പത്തിക സ്ഥിതിഗതികൾ, ബാധ്യതകളും, സാധ്യതകളും എന്നിവ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണെങ്കിലും നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാലും വിവിധ അടിസ്ഥാന ചെലവിനങ്ങൾക്ക് വൻതോതിൽ പണം ചെലവിടേണ്ടി വരുന്നതിനാലും നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്.

(സി&ഡി) നിലവിലെ സാമ്പത്തിക സ്ഥിതിഗതികൾ, ബാധ്യതകളും സാധ്യതകളും എന്നിവ വിശകലനം ചെയ്തുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

## നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്ത പ്രഖ്യാപിത പദ്ധതികൾ

188 (163) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ശാസ്ത്ര-സാങ്കേതികശാസ്ത്ര-സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട് വകുപ്പ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതെല്ലാം; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ശാസ്ത്ര - സാങ്കേതികശാസ്ത്ര - സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട്സ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2012-13-ൽ മൂന്നാറിലെ പാർവ്വതി മലയാറിൽ ഒരു ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുമെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുമെന്നും പ്രഖ്യാപിച്ചു. 2013-14-ൽ കരമന റിവർ മാനേജ്മെന്റ് പ്രോജക്ട് - (5 കോടി രൂപ), സയൻസ് സിറ്റി - (1 കോടി രൂപ), ശ്രീനിവാസ രാമാനുജ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ് സെന്റർ - (10 കോടി രൂപ), സ്റ്റേറ്റ് ടെക്നോളജി ട്രാൻസ്ഫർ ഇൻസ്റ്റിറ്റ്യൂട്ട് - (5 കോടി രൂപ) എന്നിവ പ്രഖ്യാപിച്ചു. 2014-15-ൽ കേന്ദ്രസംസ്ഥാന ടെക്നോളജി പാർട്ട്ണർഷിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. യുവ ശാസ്ത്രജ്ഞന്മാർക്കായുള്ള അവാർഡ്, ശാസ്ത്ര സാങ്കേതിക മാനേജ്മെന്റ് പരിശീലനം തുടങ്ങിയ വിവിധ പദ്ധതികൾക്കായി 22.51 കോടി രൂപ വകയിരുത്തിയിട്ടുള്ളതായി പ്രഖ്യാപിച്ചു. ഈ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

(ബി) വകയിരുത്തപ്പെട്ട പദ്ധതി തുകയും അതിന്റെ ചെലവും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*. ട്രഷറി അക്കൗണ്ടിൽ ബാക്കി തുക നീക്കിയിരിപ്പില്ല.

(സി) റീ-അപ്രോപ്രിയേഷൻ വഴി തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

**ബഡ്ജറ്റ് പദ്ധതികൾ**

189 (164) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഈ സർക്കാരിന്റെ കഴിഞ്ഞ അഞ്ച് ബഡ്ജറ്റ്ുകളിലായി പ്രഖ്യാപിച്ചിരുന്നതും ബഡ്ജറ്റിൽ വിഹിതം വകയിരുത്തിയിട്ടുള്ളതുമായ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതിരുന്നത്; പ്രസ്തുത പദ്ധതികളുടെയും ബഡ്ജറ്റ് വിഹിതത്തിന്റെയും ഓരോ വർഷത്തേയും വിശദാംശം വിശദമാക്കാമോ;

(ബി) ഇപ്രകാരം കഴിഞ്ഞ നാല് ബഡ്ജറ്റുകളിലായി പ്രഖ്യാപിച്ചിരുന്നതും നടപ്പിലാക്കിയിട്ടില്ലാതിരുന്നതുമായ പദ്ധതികൾക്കെല്ലാം ഈ ആണ്ടിൽ ആവശ്യമായപണം ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായോ ഇല്ലെങ്കിൽ ആ പദ്ധതികൾ ഏതൊക്കെയായിരുന്നു;

(സി) നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തതും ഭാഗികമായി മാത്രം നടപ്പിലാക്കിയതുമായ പ്രഖ്യാപിത പദ്ധതി സംബന്ധിച്ച് ഇപ്പോഴുള്ള സമീപനം എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും എന്നാൽ നടപ്പിലാക്കാൻ സാധിക്കാത്തതുമായ പദ്ധതികൾക്ക് ഭരണാനുമതി ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർ ബഡ്ജറ്റുകളിൽ ആവശ്യമായ തുക ഉചിത മാർഗ്ഗത്തിലൂടെ അനുവദിച്ചുനൽകാറുണ്ട്.

(സി) പ്രഖ്യാപിച്ച പദ്ധതികളെല്ലാംതന്നെ പൂർണ്ണമായും നടപ്പിലാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

**കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം**

190 (165) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിനാൻസ് കമ്മീഷന്റെ തീർപ്പ് പ്രകാരം 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും നികുതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി, ഗ്രാന്റുകൾ, പദ്ധതി ധനസഹായം, ഡിസ്ക്രീഷനറി ഗ്രാന്റ് തുടങ്ങിയവ എത്ര കോടി രൂപ വീതമായിരുന്നു;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഇവ ഓരോന്നും എത്ര രൂപ വീതം പ്രതീക്ഷിക്കുന്നു;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ മേല്പറഞ്ഞ ഓരോ വർഷവും സംസ്ഥാനത്തിനർഹതയുണ്ടായിരുന്ന തുക എത്ര; ഓരോ വർഷവും ലഭിച്ചത് എത്ര; വിശദമാക്കാമോ;

(ഡി) സർവ്വശിക്ഷാ അഭിയാൻ, എൻ.ആർ.എച്ച്.എം., ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നീ പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ മേല്പറഞ്ഞ ഓരോ വർഷവും സംസ്ഥാനത്തിനർഹമായ തുക എത്രവീതമായിരുന്നു; അവയിൽ സംസ്ഥാനത്തിന് ലഭിച്ചത് എത്ര വീതം ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-12 മുതൽ 2015-16 വർഷം വരെയുള്ള ഓരോ വർഷത്തെയും കേന്ദ്ര നികുതി വിഹിതം, പദ്ധതിയേതര ഗ്രാന്റുകൾ, കേന്ദ്രാവിഷ്കൃത പദ്ധതി ഗ്രാന്റുകൾ, പദ്ധതി ധനസഹായം എന്നീ ഇനങ്ങളിൽ ലഭിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 (ബഡ്ജറ്റ് എസ്റ്റിമേറ്റ്) |
|---|---|---|---|---|---|
| കേന്ദ്ര നികുതി വിഹിതം | 5990.36 | 6840.65 | 7468.68 | 7926.29 | 13121.77 |
| പദ്ധതിയേതര ധനസഹായം | 957.54 | 551.12 | 1679.39 | 1488.63 | 5563.42 |
| പദ്ധതി ധനസഹായം | 1380.17 | 1269.79 | 1154.22 | 2050.34 | 53.65 |
| കേന്ദ്ര പദ്ധതി/ കേന്ദ്രാവിഷ്കൃത പദ്ധതി ധനസഹായം | 1371.50 | 1200.61 | 1304.58 | 3969.02 | 4329.21 |

(ബി) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പൂർത്തിയാകുന്ന മുറയ്ക്കേ ഇതുസംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ മേൽപ്പറഞ്ഞ ഓരോ വർഷവും പ്രതീക്ഷിച്ച തുകയും ലഭിച്ച തുകയും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | കേന്ദ്ര പദ്ധതി/കേന്ദ്രാവിഷ്കൃത പദ്ധതി | | | | |
|---|---|---|---|---|---|
| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 |
| സംസ്ഥാനം പ്രതീക്ഷിച്ച തുക | 1400.39 | 2155.08 | 2620.71 | 2680.53 | 4329.21 |
| സംസ്ഥാനത്തിന് ലഭിച്ച തുക | 1371.50 | 1200.61 | 1304.58 | 6170.01 | 5694.99* |

* സി.പി.എസ്.എം.എസ്. പ്രകാരം ലഭിച്ച കണക്ക് (5-2-2016 വരെ)

(സി) സർവ്വശിക്ഷാ അഭിയാൻ, എൻ.ആർ.എച്ച്.എം., ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ 2011-12 മുതൽ 2015-16 വരെ ലഭിച്ച തുകകൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | സർവ്വശിക്ഷാ അഭിയാൻ | | എൻ.ആർ.എച്ച്.എം. | | ദേശീയ തൊഴിലുറപ്പ് പദ്ധതി | |
|---|---|---|---|---|---|---|
| | പ്രതീക്ഷിച്ചത് | ലഭിച്ചത് # | പ്രതീക്ഷിച്ചത് | ലഭിച്ചത് # | പ്രതീക്ഷിച്ചത് | ലഭിച്ചത് # |
| 2011-12 | - | 170.22 | - | 579.83 | - | 951.05 |
| 2012-13 | - | 134.49 | - | 489.25 | - | 1311.18 |
| 2013-14 | - | 208.01 | - | 354.14 | - | 1277.11 |
| 2014-15 | - | 223.04 | - | 517.82 | - | 1587.58 |
| 2015-16 | 259.23 | 102.18 | - | 269.16 | 1590.00 | 348.26 ## |

# സി.പി.എസ്.എം.എസ്. പ്രകാരം ലഭിച്ച കണക്ക്

## 05-02-2016 വരെയുള്ള കണക്ക്.

**കാർഷികാധിഷ്ഠിത വ്യവസായം**

191 (166) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2015-നുശേഷം ഉല്പാദനം തുടങ്ങുന്ന കാർഷികാധിഷ്ഠിത വ്യവസായത്തിൽ 75 ശതമാനത്തിലധികം മൂല്യവർദ്ധനയുള്ളവയ്ക്ക് പലിശ സബ്സിഡി നല്കുന്നതിൽ 2015-16 ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു; അതിൽ എത്ര തുക ഇതിനകം പിൻവലിക്കുകയുണ്ടായി, വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത വായ്പയുടെ പിലിശ തുകയുടെ 50 ശതമാനം എത്ര സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതാണ്.

**ജലഗതാഗത വകുപ്പിലെ നടപ്പിലാക്കാത്ത പദ്ധതികൾ**

192 (167) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റിലൂടെയും ജലഗതാഗത വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേൽവിവരം വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ജലഗതാഗത വകുപ്പിൽ വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കിയുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത്തരത്തിൽ അതതു വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ലാത്തവ ഒന്നും തന്നെയില്ല.

(ബി)

| വർഷം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ചെലവഴിക്കാൻ സാധിക്കാതിരുന്ന തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2011-12 | 1150.00 | 932.06 (81.05%) | 217.94 |
| 2012-13 | 609.00 | 544.49 (89.41%) | 64.51 |
| 2013-14 | 725.00 | 556.75 (76.79%) | 168.25 |
| 2014-15 | 760.00 | 452.18 (59.50%) | 307.82 |
| 2015-16 | 760.00 | 154.66 (20.35%) 31-1-16 വരെ | 605.34 31-1-16 വരെ |

അതതു വർഷം ചെലവഴിച്ച തുക അതത് സാമ്പത്തിക വർഷംതന്നെ പിൻവലിച്ചു. ഇത്തരത്തിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ഒരു തുകയും ബാക്കിയില്ല.

(സി) റീ-അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2011-12 | 420 ലക്ഷം |
| 2012-13 | 70 ലക്ഷം |
| 2013-14 | 140 ലക്ഷം |
| 2014-15 | ഇല്ല |

**നിക്ഷേപകർക്ക് സംരംഭങ്ങൾ**

193 (168) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ

സംസ്ഥാനത്ത് വിവിധ മേഖലകളിലേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിന് നടത്തിയ സംരംഭങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ സംരംഭത്തിന്റെയും ഫലമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പുതിയ സ്വകാര്യ നിക്ഷേപങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും അവ ഓരോന്നും ഏതെല്ലാം മേഖലയിലാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിക്ഷേപങ്ങളുടെ ഫലമായി സംസ്ഥാനത്തിന് ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ വളർച്ചയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും, സംസ്ഥാനത്തെ വ്യവസായ വികസനത്തിനും, നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനുമായി, വ്യവസായ വകുപ്പ് എമർജിംഗ് കേരള 2012, യെസ്, വി മിഷൻ 2015 മുതലായ പരിപാടികൾ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി 2015, 2016 എന്നീ വർഷങ്ങളിൽ കൊച്ചിയിൽ വച്ച് 'ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് ' സംഘടിപ്പിച്ചു. 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിലാണ് എമർജിംഗ് കേരള സംഗമം സംഘടിപ്പിച്ചത്.

കേരളത്തിലെ വിദ്യാർത്ഥി/യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനും അവരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിലേക്കുമായി 2014 സെപ്റ്റംബർ 12-ാം തീയതി കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ യുവ സംരംഭക സംഗമം (YES) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിന്റെ രണ്ടാം പതിപ്പായി 'യെസ് ക്യാൻ 2015 ' എന്ന പേരിൽ യുവസംരംഭകർക്കായി ഒരു സംഗമവും സംഘടിപ്പിച്ചു.

വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. രൂപം കൊടുത്തതാണ് വി മിഷൻ കേരള. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശക പിന്തുണ, മീറ്റിംഗുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, അന്താരാഷ്ട്ര വനിതാ സംരംഭകത്വ ദിനമായ നവംബർ 19-ന് കൊച്ചിയിൽ വനിതാ സംരംഭകത്വ സമ്മേളനം 2015 (WE Summit 2015), WE CAN (Women Entrepreneurs Collaborating and Networking) എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. കിൻഫ്രയുടെ Electronic Manufacturing Cluster

പദ്ധതിയുമായി ബന്ധപ്പെട്ട് Indian Electronic Semi Conductor Association-നുമായി ചേർന്ന് 2015 നവംബറിൽ ബാംഗ്ലൂരിൽ ഒരു ബി ടു ബി മീറ്റ് സംഘടിപ്പിച്ചിരുന്നു. മറ്റു വകുപ്പുകൾ നടത്തിയ നിക്ഷേപക സംഗമങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി&സി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. ഇതിൽ 56 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികൾ കെ.എസ്.ഐ.ഡി.സി.-യുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ്. ഈ പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ 209 കോടി രൂപയുടെ നിക്ഷേപമുള്ള രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു.

2013-14 സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 2314 ചെറുകിട/ഇടത്തരം സംരംഭകരെ കണ്ടെത്തുകയും ആയതിൽ 759 പേർ യൂണിറ്റ് ആരംഭിക്കുകയും 100.015 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും ആയതുവഴി 16325 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 2270 നിക്ഷേപകരെ കണ്ടെത്തുകയും ആയതിൽ 802 പേർ യൂണിറ്റ് ആരംഭിക്കുകയും 101.789 കോടി രൂപയുടെ നിക്ഷേപമുണ്ടാവുകയും അതിലൂടെ 10759 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. Electronic Manufacturing Cluster പദ്ധതിയുമായി ബന്ധപ്പെട്ട് കിൻഫ്ര ബാംഗ്ലൂരിൽ നടത്തിയ ബി ടു ബി മീറ്റിൽ Electronic, Semi Conductor മേഖലയിലുള്ള രണ്ട് നിക്ഷേപകരുമായി നിക്ഷേപ സാദ്ധ്യതകളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരുന്നുണ്ട്. നിക്ഷേപ തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ചർച്ചയുടെ അന്തിമ ഘട്ടത്തിലേ വ്യക്തമാകുകയുള്ളൂ. ഇവ കൂടാതെ കൊല്ലം ജില്ല ചെറുകിട വ്യവസായ അസോസിയേഷനുമായി ചേർന്ന് 2016 ജനുവരിയിൽ കൊല്ലത്ത് ഒരു നിക്ഷേപ സംഗമവും സംഘടിപ്പിച്ചിരുന്നു. മറ്റു വകുപ്പുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

## 2014-15 സാമ്പത്തിക വർഷം ചെലവഴിക്കാത്ത തുകയുടെ വിശദാംശം

194 (169) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാതെ ഓരോ വകുപ്പും സറണ്ടർ ചെയ്ത തുക എത്ര ; വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ തുക ട്രഷറി അക്കൗണ്ടുകളിലേക്ക് ഏതെങ്കിലും വകുപ്പ് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ എത്ര കോടി രൂപ വീതം ട്രഷറി അക്കൗണ്ടുകളിലേക്ക് മാറ്റിയിട്ടുണ്ട്; എല്ലാ വകുപ്പുകളും കൂടി മാറ്റിയിട്ട മൊത്തം തുക എത്ര;

(സി) തദ്ദേശ സ്ഥാപനങ്ങൾ ഇലക്ട്രോണിക് ലെഡ്ജറിലോ ട്രഷറി അക്കൗണ്ടുകളിലേക്കോ മാറ്റിയിട്ട മൊത്തം തുക എത്ര?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാതെ ഓരോ വകുപ്പും വിവിധ ധനാഭ്യർത്ഥനകളിൽ സറണ്ടർ ചെയ്ത തുക ധനാഭ്യർത്ഥന അനുസരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## വിവിധ വികസന പദ്ധതികൾക്കായി 2014-15, 2015-16 വർഷങ്ങളിൽ ചെലവഴിച്ച തുക

195 (170) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ശിശു വികസന പദ്ധതി, ഇന്ദിരാ ആവാസ് യോജന, ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; ഈ പദ്ധതികൾക്ക് 2014-15, 2015-16 വർഷങ്ങളിൽ ചെലവാക്കിയ തുക എത്ര;

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് വഴി ലഭിക്കുന്ന തുകയിൽ നിന്ന് മേൽപ്പറഞ്ഞ പദ്ധതിക്കായി തന്നാണ്ടിൽ ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## 2015-16 സാമ്പത്തിക വർഷത്തിലെ റവന്യൂ വരുമാനം

196 (171) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം ഓരോ വകുപ്പ് വഴി പ്രതിക്ഷിച്ച റവന്യൂ വരുമാനം എത്രയായിരുന്നുവെന്നും ആയതിൽ ഓരോവകുപ്പിലും 2016 ജനുവരി 31 വരെ എത്ര തുക വീതം റവന്യൂ വരുമാനം ഉണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നടപ്പുവർഷം ലോട്ടറി, മോട്ടോർ വാഹന രജിസ്ട്രേഷൻ വകുപ്പുകളിൽ നിന്നും എത്ര തുക നികുതിയിനത്തിൽ പിരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്; പ്രസ്തുത വകുപ്പുകളിൽ നിന്ന് 2016 ജനുവരി 31 വരെ പിരിഞ്ഞു കിട്ടിയ തുക എത്ര; വ്യക്തമാക്കാമോ;

(സി) നടപ്പുസാമ്പത്തിക വർഷം നികുതിയിനത്തിൽ മദ്യവിപണനം വഴി ഉദ്ദേശിച്ച വരുമാനം എത്ര; ആയതിൽ 2016 ജനുവരി 31 വരെ എത്ര തുക പിരിഞ്ഞ് കിട്ടി; വിശദമാക്കാമോ;

(ഡി) സ്വർണ്ണ വിപണന രംഗത്ത് നിന്നും നടപ്പുവർഷം നികുതിയിനത്തിൽ ഉദ്ദേശിച്ച വരുമാനം എത്ര;നാളിതുവരെ എത്ര തുക പിരിഞ്ഞ് കിട്ടി?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു*.

(ബി) (1) <u>ലോട്ടറി വകുപ്പ്</u> : 2015-16 സാമ്പത്തിക വർഷം ഭാഗ്യക്കുറി വകുപ്പ് പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം 6365 കോടി രൂപയാണ്. ആയതിൽ 2016 ജനുവരി 31 വരെ 5153.61 കോടി രൂപ സമാഹരിക്കുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

(2) <u>മോട്ടോർ വാഹന വകുപ്പ്</u> : മോട്ടോർ വാഹന വകുപ്പ് 3087.35 കോടി രൂപയാണ് വരുമാനമായി ലക്ഷ്യമിട്ടിരുന്നത്. അതിൽ 2016 ജനുവരി 31 വരെ 2163.17 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(3) <u>രജിസ്ട്രേഷൻ വകുപ്പ്</u> : 2015-16 സാമ്പത്തിക വർഷം രജിസ്ട്രേഷൻ വകുപ്പിൽനിന്ന് 4311.33 കോടി രൂപ വരുമാനം പ്രതീക്ഷിച്ചിരുന്നു. ഇതിൽ 2016 ജനുവരി മാസം വരെ 2072.95 കോടി രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പ് വഴി പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം 2600.66 കോടി രൂപയാണ്. 2016 ജനുവരി 31 വരെ സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത് 2054.53 കോടി രൂപയാണ്. 2016 ജനുവരി 31 വരെ സമാഹരിക്കാൻ ആയത് 1577.74 കോടി രൂപയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വാണിജ്യ നികുതി വകുപ്പിൽ സ്വർണ്ണ വിപണന രംഗത്തുനിന്നുള്ള നികുതിയിനത്തിന് പ്രത്യേകമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 2015 ഡിസംബർ 31 വരെ ഈയിനത്തിൽ 408.68 കോടി രൂപ ലഭിച്ചിട്ടുണ്ട്.

## 2015-16 സാമ്പത്തിക വർഷത്തെ പദ്ധതികൾ

197 (172) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വകുപ്പ് തിരിച്ചുള്ള പുതിയ പദ്ധതികളുടെ എണ്ണവും അവയ്ക്ക് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തുകയും, ബഡ്ജറ്റിൽ വകയിരുത്തിയ തുകയും, പദ്ധതികൾക്കായി പിൻവലിച്ച തുകയും സംബന്ധിച്ച സാമ്പത്തിക കണക്കുകൾ ലഭ്യമാക്കുമോ;

(സി) 2015-16 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ എത്രയായിരുന്നു; അതിൽ പൂർണ്ണമായും സാക്ഷാത്ക്കരിക്കപ്പെട്ടവ എത്ര; ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തപ്പെടാത്തതിനാൽ നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്തവ എത്ര; ബന്ധപ്പെട്ട വകുപ്പുകൾ പദ്ധതി നിർവ്വഹണത്തിൽ മുൻകൈ എടുക്കാതിരുന്നതും ഫണ്ടുകൾ നല്കുന്നതിൽ ധനകാര്യ വകുപ്പിൽ നിന്നുണ്ടായ വീഴ്ചയും കാരണം സാക്ഷാത്ക്കരിക്കപ്പെടാതെ പോയ പദ്ധതികൾ എത്ര; വിശംദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## 2015-16 സാമ്പത്തിക വർഷത്തിലെ പ്ലാൻ & നോൺ പ്ലാൻ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം

198 (173) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2015 ൽ അവസാനിക്കുന്ന തീയതിൽ 2015-16 സാമ്പത്തിക വർഷത്തിലെ പ്ലാൻ & നോൺ പ്ലാൻ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതവും ചെലവും വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ & നോൺ പ്ലാൻ ഇനത്തിൽ ആകെ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതവും ചെലവും സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് നൽകുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് വ്യത്യസ്ഥ ധനാഭ്യർത്ഥനകളിലായി പദ്ധതി ഇതര ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതവും 2015 നവംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരമുള്ള ചെലവും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ & നോൺ പ്ലാൻ ഇനത്തിൽ ഉപധനാഭ്യർത്ഥന ഉൾപ്പെടെ ആകെ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതവും ചെലവും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് |
|---|---|---|
| 2011-12 | 48553.44 | 45215.94 |
| 2012-13 | 56915.06 | 52941.42 |
| 2013-14 | 67850.98 | 58882.72 |
| 2014-15 | 79813.82 | 67813.44 |
| 2015-16 | 86031.38 | 44491.38* |

* 2015 നവംബർ വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം.

### 2015-16 ബഡ്ജറ്റിൽ പശ്ചാത്തല വികസന പദ്ധതികൾക്ക് പ്രഖ്യാപിച്ച തുക

199 (174) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ബഡ്ജറ്റിൽ പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്ക് പ്രഖ്യാപിച്ച 2000 കോടി, വിഴിഞ്ഞം പദ്ധതിക്ക് പ്രഖ്യാപിച്ച 600 കോടി, കൊച്ചിമെട്രോ റെയിൽ പദ്ധതിക്ക് പ്രഖ്യാപിച്ച സംസ്ഥാന വിഹിതമായ 940 കോടി ഇവ ഓരോന്നിനും നാളിതുവരെ തന്നാണ്ടിൽ ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മേല്പറഞ്ഞ പദ്ധതികൾ ഓരോന്നും പൂർത്തിയാക്കുമ്പോൾ ആവശ്യമായി വരുന്ന തുക എത്ര എന്ന് അറിയിക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഓരോ പദ്ധതിക്കും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം വകയിരുത്തിയ 2000 കോടി രൂപയുടെ സമാഹൃത ഫണ്ടിൽനിന്നും 706.10 കോടി രൂപ വിവിധ പദ്ധതികൾക്ക് ഇതിനകം അനുവദിച്ചിട്ടുണ്ട്. ഇതിൽ വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് അനുവദിച്ച 150 കോടി രൂപയും കൊച്ചി മെട്രോയ്ക്ക് അനുവദിച്ച 172.35 കോടി രൂപയും ഉൾപ്പെടുന്നു. ഇതുകൂടാതെ കൊച്ചി മെട്രോയ്ക്ക് 46.70 കോടി രൂപയും ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(ബി) വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച് നിലവിൽ പുറപ്പെടുവിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ.(കൈ) നമ്പർ 31/2015/മതുവ തീയതി 12-6-2015) പുതുക്കിയ പദ്ധതി ചെലവ് 5552 കോടി രൂപയാണ്. എന്നാൽ വസ്തുവിന്റെ വില, മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, റെയിൽവേ എന്നിവയ്ക്കും ഭരണച്ചെലവുകൾ മറ്റുള്ളവയ്ക്കുമായി 2148 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആകെ പദ്ധതി തുക 7700 കോടി രൂപ വരുമെന്ന് കണക്കാക്കുന്നു.

(സി) 2013-14 സാമ്പത്തിക വർഷം മുതൽ മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി വകയിരുത്തുന്ന സമാഹൃത ഫണ്ടിൽനിന്നാണ് ഓരോ പദ്ധതിക്കും ആവശ്യകത അനുസരിച്ച് തുക റീ അലോട്ട് ചെയ്യുന്നത്. ഇപ്രകാരം നടപ്പു വർഷം മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി വകയിരുത്തിയ വിഹിതത്തിൽനിന്നും 35.31% ഇതിനകം വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്.

## 2015-16 വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഏഴ് സുപ്രധാന മേഖലകളിൽ സർക്കാർ വകയിരുത്തിയിരുന്ന തുകയും ചെലവഴിച്ച തുകയും

200 (175) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തേക്കുള്ള ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏഴ് സുപ്രധാന മേഖലകളിൽ സർക്കാർ വകയിരുത്തിയിരുന്ന തുകയും മേഖലകളും വിശദമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ ഇതിനകം ചെലവഴിച്ച തുക മേഖല തിരിച്ച് വിശദമാക്കാമോ;

(സി) സുപ്രധാന മേഖലയായി ബഡ്ജറ്റിൽ പരാമർശിച്ച ഏഴ് മേഖലയ്ക്കും കൂടി വകയിരുത്തപ്പെട്ട മൊത്തം തുകയുടെ എത്ര ശതമാനം തുക ബന്ധപ്പെട്ട പദ്ധതികൾക്കായി നാളിതുവരെ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്; പദ്ധതിയടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ഡി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏഴ് മേഖലകളിലെ പദ്ധതികളുടെ മേൽനോട്ടത്തിനായി രൂപീകരിച്ച ക്യാബിനറ്റ് സബ് കമ്മിറ്റികൾ എത്ര;ഓരോ സബ് കമ്മിറ്റിയും എത്ര തവണ യോഗം ചേരുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർക്കുന്നു*.

(ഡി) 7-4-2015-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 132/2015/ധന പ്രകാരം ഏഴ് മേഖലയ്ക്കും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള പ്രത്യേക എംപവേർഡ് കമ്മിറ്റികൾ രൂപീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കെ.എസ്.എഫ്.ഇ.

201 (176) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ (കെ.എസ്.എഫ്.ഇ. ) പെൻഷൻ പ്രായം 58 ആയിരിക്കെ 58 വയസ്സ് കഴിഞ്ഞവർ ഇപ്പോഴും ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ, ഇങ്ങനെ എത്രപേർ സർവ്വീസിൽ തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കെ. എസ്. എഫ്. ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ, പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതി, ഒഴിവിന്റെ സ്വഭാവം (Fresh, Anticipated, NJD) എന്നിവ എണ്ണം തിരിച്ച് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 7-8-2011 മുതൽ 31-12-2011 വരെ , 1-1-2012 മുതൽ 31-12-2012 വരെ, 1-1-2013 മുതൽ 31-12-2013 വരെ, 1-1-2014 മുതൽ 31-12-2014 വരെ,1-1-2015 മുതൽ 31-12-2015 ഈ കാലയളവിൽ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ തരംതിരിച്ച് വ്യക്തമാക്കാമോ;

(ഇ) 1-1-2016 മുതൽ ഇന്നേവരെ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.എഫ്.ഇ.-യിലെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 58 വയസ്സ് കഴിഞ്ഞവർ ജോലി ചെയ്യുന്നില്ല.

(സി) കെ. എസ്. എഫ്. ഇ.-യിൽ 30-9-2015-ൽ നടത്തിയ ബിസിനസ്സ് പുനരവലോകന പ്രകാരം അസിസ്റ്റന്റ് തസ്തികയിൽ കണക്കാക്കപ്പെട്ട ഒഴിവുകളുടെ എണ്ണം 337 ആണ്.

ഇതിൽ 201 ഒഴിവുകളിലേയ്ക്ക് പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിക്കുകയും 142 ഉദ്യോഗാർത്ഥികൾ 11-1-2016-ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതിൽ നിയമനം പൂർത്തിയാകാത്ത 55 ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു;

| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1. | 12-7-2011 | 5 | NCA |
| 2. | 9-12-2011 | 1 | NCA |
| 3. | 20-11-2014 | 8 | B/T |
| 4. | 24-4-2015 | 25 | Fresh |
| 5. | 24-4-2015 | 11 | B/T |
| 6. | 4-1-2016 | 5 | NJD |
| | ആകെ | 55 | |

(ഡി) പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിന്റെ വിശദവിവരം താഴെകൊടുക്കുന്നു :

7-8-2011 മുതൽ 31-12-2011 വരെ

| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | 22-8-2011 | 1 |
| 2. | 30-9-2011 | 96 |
| 3. | 9-12-2011 | 1 |
| 4. | 23-11-2011 | 81 |

1-1-2012 മുതൽ 31-12-2012 വരെ

| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | 6-2-2012 | 58 |
| 2. | 21-6-2012 | 76 |
| 3. | 30-6-2012 | 68 |
| 4. | 1-9-2012 | 3 |
| 5. | 5-11-2012 | 214 |

1-1-2013 മുതൽ 31-12-2013 വരെ

| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | 24-5-2013 | 212 |

1-1-2014 മുതൽ 31-12-2014 വരെ

| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | 19-2-2014 | 114 |
| 2. | 13-5-2014 | 185 |
| 3. | 20-11-2014 | 50 |

1-1-2015 മുതൽ 31-12-2015 വരെ

| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | 24-4-2015 | 78 |

(ഇ) പ്രസ്തുത കാലയളവിൽ 5 NJD ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഓൺലൈൻ വിപണി**

202 (177) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വിപണിയിലൂടെ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നതും, സംസ്ഥാനത്തു നിന്ന് പുറത്തേക്ക് വിറ്റഴിക്കപ്പെടുന്നതുമായ പ്രധാന ഉല്പന്നങ്ങൾ സംബന്ധിച്ച് നികുതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഫ്ളിപ്പ് കാർട്ട് ഉൾപ്പെടെ ഓൺലൈൻ വിപണനം നടത്തുന്ന ഏജൻസികളിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോ;

(ബി) ഓൺലൈൻ വിപണിയുമായി ബന്ധപ്പെട്ട നികുതി പിരിവിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തു നിന്ന് ഓൺലൈൻ വിപണിയിലൂടെ പുറത്തേക്ക് വിപണനം ചെയ്യപ്പെടുന്നവ പ്രധാനമായും എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഡി) ഓൺലൈൻ വിപണിയിലൂടെ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും സംസ്ഥാനത്തിന് ലഭിച്ച നികുതി വരുമാനം വിശദമാക്കാമോ?

ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തേയ്ക്ക് വിറ്റഴിക്കപ്പെടുന്നത് പ്രധാനമായും മൊബൈൽ ഫോൺ, വിവിധ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, ലെതർ ഐറ്റംസ്, കോസ്മെറ്റിക്സ്, വാച്ചുകൾ, റെഡിമെയ്ഡ് തുണിത്തരങ്ങൾ, പുസ്തകങ്ങൾ എന്നിവയാണ്. കേരളത്തിൽനിന്നും പുറത്തേയ്ക്കുള്ള ഓൺലൈൻ വ്യാപാരം അത്ര വ്യാപകമായിട്ടില്ല.

കേരളത്തിനുപുറത്തുനിന്നും പ്രവർത്തിക്കുന്ന ഫ്ലിപ്പ്കാർട്ട്, ആമസോൺ, സ്നാപ്പ്ഡീൽ എന്നീ പ്രമുഖ ഓൺലൈൻ സ്ഥാപനങ്ങൾ നടത്തുന്ന 'cash on Delivery' വ്യാപാരങ്ങൾ സംസ്ഥാനത്തിനകത്ത് വ്യാപാരം നടക്കുന്നതായി പരിഗണിച്ച് ഇത്തരം വ്യാപാര സ്ഥാപനങ്ങളിൽ വാണിജ്യ നികുതി വകുപ്പ്

നികുതിയും പിഴയും ചുമത്തുവാനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനെതിരെ ഇത്തരം ഓൺലൈൻ സ്ഥാപനങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ആയതിൽ അവർക്ക് അനുകൂലമായി വിധിവരികയും ഉണ്ടായി. ഇതിനെത്തുടർന്ന് അന്യ സംസ്ഥാനങ്ങളിൽനിന്നും പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) കേരളത്തിനുപുറത്തുനിന്നും പ്രവർത്തിക്കുന്ന ഫ്ലിപ്പ് കാർട്ട്, ആമസോൺ, സ്നാപ്പ് ഡീൽ എന്നീ പ്രമുഖ ഓൺലൈൻ സ്ഥാപനങ്ങൾ ഉപഭോക്താവിന്റെ പേരിൽ അന്തർ സംസ്ഥാന വിൽപ്പനയായി കാണിച്ചാണ് സാധനങ്ങൾ എത്തിക്കുന്നത്. ആയതിനാൽ ഇത്തരം വിൽപ്പനകൾക്ക് കേരളത്തിൽ നികുതി ലഭ്യമാകുകയില്ല. ഇവർ 'cash on Delivery' എന്ന system അനുസരിച്ചാണ് വ്യാപാരം നടത്തുന്നത്. ഓൺലൈൻ വ്യാപാരവുമായി ബന്ധപ്പെട്ട നികുതി നിരക്ക് ഏതു സംസ്ഥാനത്തു നിന്നാണോ വിൽപ്പന നടത്തുന്നത് ആ സംസ്ഥാനത്ത് ബാധകമായ നികുതി നിരക്കാണ് ഈടാക്കുന്നത്.

(സി) കൈത്തറി തുണിത്തരങ്ങൾ, റെഡിമെയ്ഡ് തുണിത്തരങ്ങൾ, സ്വർണ്ണാഭരണങ്ങൾ തുടങ്ങിയ സാധനങ്ങളാണ് കേരളത്തിൽനിന്നും പ്രധാനമായും വിപണനം ചെയ്യുന്ന സാധനങ്ങൾ. ഇത്തരം ഓൺലൈൻ വ്യാപാര സ്ഥാപനങ്ങൾ കേരളത്തിൽ അധികം പ്രചാരം നേടിയിട്ടില്ല.

(ഡി) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് ഓൺലൈൻ വ്യാപാരം നടത്തുന്ന സ്ഥാപനങ്ങളിൽനിന്നും യാതൊരു നികുതിയും ലഭ്യമായിട്ടില്ല. മാത്രവുമല്ല കേരളത്തിൽനിന്നും പുറത്തേക്കുള്ള ഓൺലൈൻ വ്യാപാരം വലിയ പ്രചാരം നേടിയിട്ടില്ല. ഇതിൽനിന്നും ലഭിക്കുന്ന നികുതി സാധാരണ വാറ്റ് നികുതി, സി.എസ്.റ്റി. നികുതി എന്നിവയാണ്. ഇതിന്റെ പ്രത്യേകമായ കണക്ക് ലഭ്യമല്ല.

**മൊബൈൽ ഫോൺ വിപണനം**

203 (178) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം വിവിധ ബ്രാന്റുകളിൽപ്പെട്ട എത്ര മൊബൈൽ ഫോണുകൾ വിറ്റഴിക്കപ്പെടുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) മൊബൈൽ ഫോൺ വ്യാപാരത്തിന്റെ സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് വിശദമാക്കാമോ; പ്രസ്തുത ഇനത്തിൽ പ്രതിവർഷം ലഭിക്കുന്ന നികുതി വരുമാനം എത്ര കോടിയാണ്;

(സി) ദിനംപ്രതി വർദ്ധിച്ച് വരുന്ന ഓൺലൈനിലൂടെയുള്ള മൊബൈൽ ഫോൺ വിപണനം വഴി നികുതി വരുമാനം വർദ്ധിക്കുന്നുണ്ടോ;

(ഡി) ഓൺലൈൻ വഴിയുള്ള വിപണനം നിയന്ത്രിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള നികുതി റിട്ടേൺ പ്രകാരം മൊബൈൽ ഫോണുകളുടെ വിറ്റുവരവ് മാത്രം വ്യാപാരികൾ നൽകിയാൽ മതിയാകും. വിവിധ ബ്രാൻഡുകളിൽപ്പെട്ട മൊബൈൽ ഫോണുകളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമല്ല.

(ബി) കമോഡിറ്റി ഗ്രൂപ്പ് അനുസരിച്ച് ആ ഗ്രൂപ്പിന്റെ സ്ഥിതിവിവരക്കണക്കുകൾ മാത്രമേ ലഭ്യമാവുകയുള്ളൂ, അതായത് 5% നികുതി നിരക്കിൽ വരുന്നവ. അതിൽനിന്നും മൊബൈൽ ഫോണുകളുടെ വിവരം പ്രത്യേകമായി ലഭ്യമല്ല.

(സി) പ്രധാനപ്പെട്ട ഓൺലൈൻ വ്യാപാരികളെല്ലാം സംസ്ഥാനത്തിന് പുറത്തുനിന്നു പ്രവർത്തിക്കുന്നവരാണ്. ഇത് അന്തർ സംസ്ഥാന വിൽപ്പന ആയതിനാൽ സംസ്ഥാനത്തിന് നികുതി ഒന്നും ലഭിക്കുന്നില്ല.

(ഡി) നിലവിലുള്ള നിയമപ്രകാരം ഓൺലൈൻ വഴിയുള്ള വിപണനം ഫലപ്രദമായി നിയന്ത്രിക്കുവാൻ പ്രത്യേക നിയമനിർമ്മാണം ഇല്ലാത്തതിനാൽ സംസ്ഥാനത്തിന് അധികാരം ഇല്ല. കൂടാതെ ഇവ അന്തർ സംസ്ഥാന വിൽപ്പനയായി കാണിക്കുന്നതിനാൽ കേന്ദ്ര നിയമനിർമ്മാണം വഴി മാത്രമേ ഇത് ഫലപ്രദമായി നിയന്ത്രിക്കാനും സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കാനും കഴിയുകയുള്ളൂ.

## സ്വർണ്ണ വിൽപ്പനയിലൂടെ ലഭിക്കുന്ന നികുതി വരുമാനം

204 (179) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങളെയും അവയിലൂടെ പ്രതിവർഷം നടക്കുന്ന വില്പനയേയും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സ്വർണ്ണാഭരണ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ എത്ര; പ്രതിവർഷം ശരാശരി എത്ര കോടി രൂപയുടെ സ്വർണ്ണവില്പന നടക്കുന്നുണ്ട്;

(സി) സ്വർണ്ണ വില്പനയിലൂടെ കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും സർക്കാരിനു ലഭിച്ച നികുതി വരുമാനം എത്ര കോടി വീതമാണ്;

(ഡി) സ്വർണ്ണാഭരണങ്ങളുടെ വില്പന വർദ്ധിച്ച് കൊണ്ടിരിക്കുമ്പോഴും അതിന് അനുസൃതമായി നികുതി വരുമാനം ലഭിക്കാതിരിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം 5392 സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അവയിലൂടെ പ്രതിവർഷം 30079.89 കോടി രൂപയുടെ വിൽപ്പന നടക്കുന്നുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിലെ കണക്ക് പ്രകാരം 5392 സ്വർണ്ണാഭരണ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ വ്യാപാര സ്ഥാപനങ്ങളുടെ ബ്രാഞ്ച് ആയാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ആയതിനാൽ അതിന്റെ കൃത്യമായ വിവരം ലഭ്യമല്ല. 2014-15 സാമ്പത്തിക വർഷം 30079.89 കോടി രൂപയുടെ സ്വർണ്ണ വിൽപ്പന നടന്നിട്ടുണ്ട്.

(സി) സ്വർണ്ണ വിൽപ്പനയിലൂടെ കഴിഞ്ഞ 10 വർഷത്തിൽ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച നികുതി വരുമാനം (തുക കോടിയിൽ) |
|---|---|
| 2005-06 | 21.21 |
| 2006-07 | 97.90 |
| 2007-08 | 120.93 |
| 2008-09 | 143.51 |
| 2009-10 | 163.04 |
| 2010-11 | 225.40 |
| 2011-12 | 302.20 |
| 2012-13 | 393.54 |
| 2013-14 | 471.53 |
| 2014-15 | 456.76 |

(ഡി) സ്വർണ്ണാഭരണ മേഖലയിൽനിന്നും ലഭിക്കുന്ന നികുതി വരുമാനത്തിന്റെ 70% കോമ്പൗണ്ടിംഗ് വ്യാപാരികളിൽനിന്നുമാണ് ലഭ്യമാകുന്നത്. ഈ നികുതി അവർ തലേ വർഷം അടച്ച നികുതിയുടെ ഒരു നിശ്ചിത ശതമാനം വർദ്ധനയുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ വിറ്റുവരവിന്റെ തോത് കൃത്യമായ അളവിൽ നികുതി പിരിവിൽ പ്രകടമാകണമെന്നില്ല. നികുതി വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന കേന്ദ്രങ്ങളിൽ വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്താറുണ്ട്. ഇതിന്റെ ഫലമായി കണക്കിൽപ്പെടാത്ത സ്വർണ്ണാഭരണങ്ങൾ കണ്ടെത്തുകയും പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.

1393/17

## റവന്യൂ വരുമാനവും ചെലവായ തുകയും

205 (180) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തെ റവന്യൂ വരുമാനവും ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഉൾപ്പെടെ ശമ്പളത്തിനായി ചെലവായ തുകയും അതിന്റെ ശതമാനവും വിശദമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തെ റവന്യൂ വരുമാനവും പെൻഷൻ നൽകുന്നതിനായി ഓരോ വർഷവും ചെലവായ തുകയും അതിന്റെ ശതമാനവും വിശദമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ റവന്യൂ വരുമാനത്തിന്റെ ശരാശരി എത്ര ശതമാനം ശമ്പളത്തിനും, പെൻഷനും ചെലവഴിക്കേണ്ടി വരുന്നു;

(ഡി) കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും റവന്യൂ വരുമാനത്തിലുണ്ടായ വർദ്ധന ശതമാന കണക്കിൽ വിശദമാക്കാമോ;

(ഇ) കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും ശമ്പളത്തിനും പെൻഷനും നൽകിയ തുകയിലെ വർദ്ധന ശതമാന കണക്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ-ഇ) കഴിഞ്ഞ പത്ത് വർഷത്തെ റവന്യൂ വരുമാനവും ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പളത്തിനായി ചെലവായ തുകയുടെയും പെൻഷൻ നൽകുന്നതിനായി ഓരോ വർഷവും ചെലവായ തുകയുടെയും അതിന്റെ ശതമാന കണക്കിന്റെയും റവന്യൂ വരുമാനത്തിലുണ്ടായ വളർച്ചാ നിരക്കിന്റെയും വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## പ്ലാന്റേഷൻ നികുതി ഒഴിവാക്കിയ നടപടി

206 (181) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ പ്ലാന്റേഷൻ നികുതി പൂർണമായും ഒഴിവാക്കിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തീരുമാനം വഴി സർക്കാരിനുണ്ടായ റവന്യൂ നഷ്ടം എത്ര കോടി രൂപയുടേതായിരിക്കും;

(സി) പ്ലാന്റേഷൻ നികുതി ഇനത്തിൽ 2011-12 മുതൽ 2015-16 വരെ ലഭിച്ച തുകയുടെ കണക്കുകൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2015-ലെ കേരള ധനകാര്യ ആക്റ്റിൽ 1960-ലെ കേരള തോട്ട നികുതി നിയമം ഭേദഗതി ചെയ്തുകൊണ്ട് 'വ്യക്തികൾ' എന്ന വിഭാഗത്തിനെ തോട്ട നികുതി ഈടാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി&സി) വിവരങ്ങൾ ജില്ലാ കളക്ടർമാരിൽനിന്നും ശേഖരിച്ചുവരുന്നു.

**പദ്ധതി അടങ്കൽ തുക**

207 (182) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം പദ്ധതി അടങ്കൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി അടങ്കൽ പ്രകാരം വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക എത്രയാണെന്നും ട്രഷറിയിൽ നിന്നും പിൻവലിച്ച തുക മൊത്തം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് നാളിതുവരെ അനുവദിക്കപ്പെട്ട തുകയുടേയും പിൻവലിക്കപ്പെട്ട തുകയുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വകുപ്പുകൾ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും വകയിരുത്തിയ തുകയും ഇതുവരെ വിനിയോഗിച്ച തുകയും എത്രയാണെന്ന് പ്രത്യേകം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പ് സാമ്പത്തിക വർഷം (2015-16-ൽ) 20000 കോടി രൂപയാണ് പദ്ധതി അടങ്കൽ.

(ബി) പദ്ധതി അടങ്കൽ പ്രകാരം വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. പിൻവലിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് വകയിരുത്തപ്പെട്ട തുകയുടെയും ചെലവഴിച്ച തുകയുടെയും 31-01-2016 വരെയുള്ള താല്ക്കാലിക കണക്ക് ചുവടെ ചേർക്കുന്നു:

| | വകയിരുത്തിയത് | ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| ത്രിതല പഞ്ചായത്തുകൾ | 3931.57 | 1025.17 | 26% |
| മുനിസിപ്പാലിറ്റികൾ | 491.38 | 123.77 | 25% |
| കോർപ്പറേഷനുകൾ | 377.05 | 88.66 | 24% |

പിൻവലിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി വകയിരുത്തപ്പെട്ട തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| പട്ടികജാതി വകുപ്പ് | 1040.92 | 647.93 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 927.58 | 187.09 |

പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി.)

(തുക കോടിയിൽ)

| | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| പട്ടികവർഗ്ഗ വികസനവകുപ്പ് | 465.28 | 253.82 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 139.22 | 25.8 |

വിനിയോഗിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇ-ട്രഷറി പദ്ധതി

208 (183) ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ട്രഷറി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിയ്ക്കാനുദ്ദേശിയ്ക്കുന്നത് ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) സർക്കാരിലേക്കുള്ള പണം ഒടുക്കലുകളും സർക്കാരിൽനിന്ന് പണം നൽകലും ഓൺലൈനായി നിർവ്വഹിക്കുന്നതിന് സൗകര്യമൊരുക്കുന്ന ഇ-ട്രഷറി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. നെറ്റ് ബാങ്കിംഗ് അക്കൗണ്ടുള്ള ഉപഭോക്താക്കൾക്ക് ട്രഷറി സന്ദർശിക്കാതെ തന്നെ ലോകത്തെവിടെനിന്നും ഏതു സമയത്തും ഓൺലൈനായി ഗവൺമെന്റിലേക്ക് പണമടയ്ക്കുവാൻ ഇതുവഴി സാധിക്കുന്നു. സർക്കാരിൽനിന്നും നൽകുന്ന പണം ഗുണഭോക്താക്കളുടെ ട്രഷറി/ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇലക്ട്രോണിക് സംവിധാനം വഴി നൽകുന്നതിനും ഇ-ട്രഷറി വഴി കഴിയുന്നതാണ്. പണം കൈമാറ്റത്തിൽ ഇലക്ട്രോണിക് സംവിധാനം നടപ്പിൽ വരുത്തണമെന്ന കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും നിർദ്ദേശങ്ങളും ഇ-ട്രഷറി സംവിധാനം വഴി പ്രാപ്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇ-ട്രഷറി സംവിധാനത്തിന്റെ വിശദമായ നടപടിക്രമങ്ങൾ 30-7-2014-ലെ സ.ഉ. (പി) നമ്പർ 310/2014/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. യാതൊരുവിധ സർവ്വീസ് ചാർജ്ജുകളോ അധിക ചാർജ്ജുകളോ ഇല്ലാത്ത ഇ-ട്രഷറി സംവിധാനം തികച്ചും സുതാര്യവും സൗകര്യപ്രദവുമാണ്. എസ്.ബി.റ്റി., എസ്.ബി.ഐ., കാനറാ ബാങ്ക് എന്നീ മൂന്ന് ഏജൻസി ബാങ്കുകളെയായിരുന്നു തുടക്കത്തിൽ ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിരുന്നത്. ഇ-ട്രഷറി സംവിധാനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഉപഭോക്താക്കൾക്ക് പ്രസ്തുത സൗകര്യമൊരുക്കുന്നതിനുമായി 9 ബാങ്കുകളെക്കൂടി ഇ-ട്രഷറി സംവിധാനത്തിൽ ഉൾപ്പെടുത്തി 28-2-2014-ലെ സ.ഉ. (പി) നമ്പർ 89/2014/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നെറ്റ് ബാങ്കിംഗ് അക്കൗണ്ടില്ലാത്തവർക്ക് ഇ-ട്രഷറി സംവിധാനം ഉപയോഗപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ അക്ഷയ സെന്ററുകളെ ഇ-ട്രഷറി സംവിധാനം വഴി പണമടയ്ക്കുന്നതിലേക്കായി 27-6-2015-ലെ സ.ഉ. (സാധാ) നമ്പർ 258/15/ധന പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്.

## പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം

209 (184) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-1-2011-ന് ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിൽ നിന്നും ഇൻകെൽ പിൻമാറിയ സാഹചര്യത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം 27-1-2011-ൽ ഭരണാനുമതി നൽകിയതും എന്നാൽ ഇൻകെൽ ഉപേക്ഷിച്ചതുമായ പദ്ധതികളിൽ ഉൾപ്പെട്ടതാണ്. ഇൻകെൽ ഉപേക്ഷിച്ചതും പുതുതായി തുടങ്ങേണ്ടതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനും ട്രഷറി കെട്ടിടനിർമ്മാണം സംബന്ധിച്ച് വസ്തുനിഷ്ഠമായി പഠിച്ച് ഈ സാമ്പത്തിക വർഷത്തിൽ ട്രഷറി കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയ്ക്ക് അനുസരിച്ച് കൃത്യവും വ്യക്തവുമായ ശിപാർശ ലഭ്യമാക്കാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

## സംസ്ഥാന ഭാഗ്യക്കുറി

210 (185) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ നിന്നും എജന്റുമാർ, വിൽപ്പനക്കാർ എന്നിവരിൽ നിന്നും ഉയർന്ന് വന്ന പരാതികളും വകുപ്പ് നേരിടുന്ന മറ്റ് പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഏകാംഗ കമ്മിഷനെ നിയോഗിച്ചിരുന്നോ;എങ്കിൽ ആരെയാണ് നിയമിച്ചിരിക്കുന്നത്;

(ബി) കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാഗ്യക്കുറി വകുപ്പിലോ മേഖലയിലോ പുതിയ പരിഷ്കാരങ്ങളോ നിർദ്ദേശങ്ങളോ നടപ്പിൽ വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കേരള ലോട്ടറിയുടെ വിജയികളിൽ എത്ര പേർക്ക് 31-1-2016 വരെ സമ്മാനത്തുക നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഇ) സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് എത്ര കേസ്സുകൾ ഏതെല്ലാം കോടതികളിൽ സംസ്ഥാന ലോട്ടറി വകുപ്പിനെതിരെ നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതികളും വകുപ്പ് നേരിടുന്ന മറ്റ് പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ടയേർഡ് ജില്ലാ സെഷൻസ് ജഡ്ജി ശ്രീ. ഡി. പ്രേമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയോഗിച്ചിരുന്നു.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ചെറുകിട ഏജന്റുമാർക്ക് വേണ്ടത്ര ഭാഗ്യക്കുറി ടിക്കറ്റുകൾ ലഭിക്കാനായി താലൂക്കുതല ഓഫീസുകൾ ആരംഭിക്കുക, ഭാഗ്യക്കുറി ടിക്കറ്റുകളുടെ കൗണ്ടർഫോയിൽ സമ്പ്രദായം നിർത്തലാക്കുക, മറ്റു സംസ്ഥാനങ്ങളിലേക്ക് ഭാഗ്യക്കുറി ടിക്കറ്റുകൾ കടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുക, വ്യാജ ലോട്ടറികൾക്കെതിരെ നടപടി സ്വീകരിക്കുക, ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി വർദ്ധിപ്പിക്കുക തുടങ്ങിയ നിരവധി ശിപാർശകൾ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പ്രേമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ പരിഷ്കാരങ്ങളോ നിർദ്ദേശങ്ങളോ നടപ്പിൽ വരുത്തിയിട്ടില്ല.

(ഡി) കേരള ലോട്ടറിയുടെ വിജയികളിൽ 259 പേർക്ക് 31-01-2016 വരെയുള്ള കാലയളവിൽ സമ്മാനവിതരണം നടത്താനുണ്ട്. ആവശ്യമായ രേഖകൾ യഥാസമയം ലഭ്യമാകാത്തതിനാലും, പാൻകാർഡ് ലഭ്യമാകാത്തതു കൊണ്ടുമാണ് ചില ക്ലെയിമുകളിൽ കാലതാമസം നേരിടുന്നത്. നിയമപ്രകാരമുള്ള രേഖകൾ കൃത്യമായി സമർപ്പിക്കുന്നവർക്ക് ഒരുമാസത്തിനുള്ളിൽത്തന്നെ സമ്മാനവിതരണം നടത്തുന്നുണ്ട്.

(ഇ) സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ ഫയൽചെയ്ത ഒരു കേസ് മാത്രമേ നിലവിലുള്ളൂ.

**മുദ്രപ്പത്ര വിൽപ്പന രീതികളിൽ മാറ്റങ്ങളും ഇ-സ്റ്റാമ്പിംഗും നടപ്പാക്കാൻ നടപടി**

211 (186) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള മുദ്രപ്പത്ര വില്പന രീതികളിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശമുണ്ടോ; ഇ-സ്റ്റാമ്പിംഗ് എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്;

(ബി) സ്റ്റാമ്പ് വെണ്ടർമാരിൽ ഏത് പ്രായത്തിലുള്ളവർ മരണമടഞ്ഞാലും ആശ്രിതർക്ക് വെണ്ടർലൈസൻസ് നല്കിവന്നിരുന്ന നടപടി 2002 ലെ ജി.ഒ(പി) 156 പ്രകാരം എടുത്തുകളഞ്ഞത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കേരളത്തിൽ എല്ലാ ജില്ലകളിലും എഗ്രിമെന്റുകൾക്ക് ആവശ്യമായ 100 രൂപയുടെ മുദ്രപത്രം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള മുദ്രപ്പത്ര സംവിധാനത്തോടൊപ്പം ഇ-സ്റ്റാമ്പിംഗ് സംവിധാനം കൂടി ഉപയോഗിക്കാനുതകുംവിധം കേരള മുദ്രപ്പത്ര നിയമത്തിൽ ഓർഡിനൻസിലൂടെ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് പദ്ധതി എന്നുമുതൽക്ക് നടപ്പിൽ വരുത്തണമെന്ന് ഇതുവരെയും തീരുമാനിച്ചിട്ടില്ല.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിരുന്നു. ക്ഷാമം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ടി മൂല്യമുള്ള മുദ്രപ്പത്രങ്ങൾ ആവശ്യത്തിന് സ്റ്റോക്കുണ്ടായിരുന്ന ട്രഷറികളിൽനിന്നും ദൗർലഭ്യം അനുഭവപ്പെട്ട ട്രഷറികളിലേയ്ക്ക് ലഭ്യമാക്കി ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. ടി മുദ്രപ്പത്രത്തിന്റെ ദൗർലഭ്യം ട്രഷറി വകുപ്പ് ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, ആയത് നാസിക് സെക്യൂരിറ്റി പ്രസ്സിൽനിന്നും അടിയന്തരമായി എത്തിക്കുന്നതിനുള്ള നടപടികൾ ലാന്റ് റവന്യൂ കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്.

## നിയമ ഉപദേശത്തിനായി ചെലവഴിച്ച തുക

212 (187) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് ഇനത്തിലും നിയമോപദേശത്തിനുമായി എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വക്കീൽ ഫീസിനത്തിലും നിയമോപദേശത്തിനുമായി നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## ചട്ടങ്ങളുടെ രൂപീകരണം

213 (188) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്ക് ചട്ടം രൂപീകരിച്ചിട്ടില്ലാത്തവ ഏതെല്ലാം; വിശദമാക്കാമോ;

(ബി) ചട്ടങ്ങൾ കാലോചിതമാക്കുന്നതിനും ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് പൊതുജനാഭിപ്രായം സ്വീകരിക്കുന്നതിനും നിലവിൽ സംവിധാനം ഉണ്ടോ;

(സി) സർക്കാർ രൂപം നല്കുന്ന ചട്ടങ്ങൾ കുറ്റമറ്റ നിലയിലാണെന്നുറപ്പ് വരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ചട്ടങ്ങൾ രൂപീകരിക്കുന്ന നിലവിലുള്ള രീതിയിൽ എന്തെങ്കിലും മാറ്റം പരിഗണനയിലുണ്ടോ; നിലവിൽ സംസ്ഥാനത്ത് എത്ര നിയമങ്ങളും ചട്ടങ്ങളും ഉണ്ട്; ഇവയിൽ കാലാഹരണപ്പെട്ടതായി കരുതാവുന്നവ എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**കമ്മീഷനുകൾ**

214 (189) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയോഗിച്ച എത്ര കമ്മീഷനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; അതിൽ സ്ഥിരം കമ്മീഷനുകൾ എത്ര; അല്ലാത്തവ എത്ര ;അവ ഏതൊക്കെ;

(ബി) മനുഷ്യാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ തുടങ്ങിയ സർക്കാർ നിയോഗിച്ച സ്ഥിരം കമ്മീഷനുകൾ ഓരോന്നിന്റെയും പ്രതിവർഷ ശരാശരി ചെലവ് എത്ര;

(സി) നിലവിലുള്ള കമ്മീഷനുകളുടെ ചെയർമാൻ, അംഗങ്ങൾ എത്ര; ഏതെല്ലാം ഇനങ്ങളിലാണ് കമ്മീഷനുകൾക്ക് ചെലവ് നേരിടുന്നത്;

(ഡി) ഓരോ കമ്മീഷനുകളുടെയും പ്രവർത്തനം വഴി നാടിനുണ്ടായിക്കൊണ്ടിരിക്കുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2009-10 കാലയളവുമുതൽ 2014-15 വരെ നോൺപ്ലാൻ ഇനത്തിൽ 20576264 രൂപയും പ്ലാൻ ഇനത്തിൽ 12031542 രൂപയും വനിതാ കമ്മീഷന് പ്രതിവർഷം ശരാശരി ചെലവായിട്ടുണ്ട്. മറ്റു കമ്മീഷനുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) വനിതാ കമ്മീഷന് ഒരു ചെയർപേഴ്സണും നാല് അംഗങ്ങളും ഒരു മെമ്പർ സെക്രട്ടറിയുമാണ് നിലവിലുള്ളത്. വനിതാ കമ്മീഷൻ ചുവടെ ചേർക്കുന്ന ഇനങ്ങളിലാണ് ചെലവ് നേരിടുന്നത്.

1. 2235-02-103-95 (NP)
2. 2235-02-103-95-34-OC Plan
3. 2235-02-103-90 (03) Plan

മറ്റു കമ്മീഷനുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും അവർക്കെതിരായി ഉണ്ടാകുന്ന നീതിരഹിതവും വിവേചനപരവുമായ നടപടികളിൽ ആവശ്യമായ അന്വേഷണം നടത്തി അവയ്ക്ക് പരിഹാരം കാണുന്നതിനും ഇക്കാര്യത്തിൽ ഉചിതമായ ശിപാർശകൾ സർക്കാരിന് നല്കുന്നതിനും കേരള വനിതാ കമ്മീഷന്റെ പ്രവർത്തനംകൊണ്ട് സാധിച്ചുവരുന്നുണ്ട്. മറ്റു കമ്മീഷനുകളുടെ പ്രവർത്തനം വഴി ഉണ്ടാകുന്ന നേട്ടങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**വികസനമാന്ദ്യവും സാമ്പത്തിക അച്ചടക്കമില്ലായ്മയും**

215 (190) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലരവർഷക്കാലം സംസ്ഥാനത്തു നിലനിന്നു പോന്ന വികസന മാന്ദ്യവും സാമ്പത്തിക അച്ചടക്കമില്ലായ്മയും ജനങ്ങളെ ദുരിതത്തിലാഴ്ത്തിയിരിക്കുന്ന വിവരം അറിയാമോ;

(ബി) എല്ലാവർക്കും വീടും, തൊഴിലും, ചികിത്സയും, വിദ്യാഭ്യാസവും ഉറപ്പു വരുത്തുന്ന നിലയിലുള്ള ഒരു വികസന കാഴ്ചപ്പാടോ, നടപടികളോ ഇല്ലാതിരുന്നതു കൊണ്ട് സാധാരണക്കാരായ ജനങ്ങൾ അസംതൃപ്തരും, ജീവിത പ്രയാസങ്ങളുള്ള വരുമാണെന്നറിയാമോ;

(സി) ഈ നിലയിലുള്ള ഒരു വികസന കാഴ്ചപ്പാടും അതനുസരിച്ചുള്ള നടപടികളും സ്വീകരിക്കാൻ കഴിയാതെ പോയത് ഒരു വീഴ്ചയായി കാണുന്നുണ്ടോ;

(ഡി) സ്വന്തമായി വീടും, ഭൂമിയും, തൊഴിലും ഇല്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) സംസ്ഥാന പാർപ്പിട നയത്തിനുകീഴിൽ ഓരോ കുടുംബത്തിനും ഒരു പാർപ്പിടം ഉറപ്പുവരുത്തുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പുവർഷത്തെ ബഡ്ജറ്റിൽ മൂന്ന് പുതിയ ഭവന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കുകീഴിൽ 1.75 ലക്ഷം വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ ഈ സാമ്പത്തിക വർഷംതന്നെ 7000 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിവിധ പദ്ധതികളിലൂടെ സ്വന്തമായി വീടും ഭൂമിയും തൊഴിലും ഇല്ലാത്തവരുടെ കാര്യത്തിൽ തീരുമാനമുണ്ടാകുമെന്ന് കരുതുന്നു.

**ഭവന നിർമ്മാണ വകുപ്പ് വഴി പ്രഖ്യാപിച്ച പദ്ധതികൾ**

216 (191) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ഭവന നിർമ്മാണ വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ഭവനനിർമ്മാണ വകുപ്പിൽ വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിർക്കുന്ന തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയോഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പാർപ്പിട പദ്ധതികൾ**

217 (192) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ. കുടുംബങ്ങൾക്കുവേണ്ടി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂരഹിതരും അല്ലാത്തവരുമായ ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള കുടുംബങ്ങൾക്കുമായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പ്രത്യേക പദ്ധതിയും ഉൾപ്പെട്ട "എല്ലാവർക്കും വീട്" പദ്ധതി നടപ്പിലാക്കുന്നതിന് സ.ഉ. (എം.എസ്.) നമ്പർ 06/2016/ഭവനം തീയതി 1-2-2016 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഭവനരഹിതരും താഴ്ന്ന വരുമാനക്കാരുമായ കേരളത്തിലെ എല്ലാവർക്കും മൂന്നുവർഷത്തിനുള്ളിൽ 1.72 ലക്ഷം വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് ഹൗസിംഗ് സൊസൈറ്റിയും 14 ജില്ലകളിൽ ഡിസ്ട്രിക്ട് ഹൗസിംഗ് സൊസൈറ്റികളും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സൊസൈറ്റികൾ പൂർണ്ണമായും പ്രവർത്തനം ആരംഭിക്കുന്നതുവരെ "എല്ലാവർക്കും വീട്" പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## പാർപ്പിട പദ്ധതി പ്രകാരം വകയിരുത്തിയ തുക

218 (193) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 1.75 ലക്ഷം കുടുംബങ്ങൾക്കായി 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എല്ലാവർക്കും പാർപ്പിട പദ്ധതിയിൻ കീഴിൽ സർക്കാർ വിഹിതമായി ബഡ്ജറ്റിൽ വകയിരുക്കിയ തുക എത്രയായിരുന്നു; സബ്സിഡി നൽകുന്നതിനായി വകയിരുത്തിയിരുന്ന തുക എത്ര;

(ബി) പ്രസ്തുത ഹൗസിംങ് ഫണ്ടുകളിൽ നിന്നും സർക്കാർ വിഹിതമായി എത്ര കോടി രൂപ തിരിച്ചടവിൽ സബ്സിഡിക്കുവേണ്ടി ഖജനാവിൽ നിന്നും പിൻവലിച്ചിട്ടുണ്ട്;

(സി) ഈ സർക്കാരിന്റെ സബ് ബഡ്ജറ്റുകളിലായി ഹൗസിംഗിനുവേണ്ടി വകയിരുത്തിയ തുകയും, പിൻവലിക്കപ്പെട്ട തുകയും എത്ര വീതം;

(ഡി) നിലവിൽ പാർപ്പിടം ഇല്ലാത്തവർ എത്ര എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പാർപ്പിടമില്ലാത്തവരായി കണക്കാക്കപ്പെട്ടവർ എത്രയായിരുന്നു;

(ഇ) ഡീസലിനും പെട്രോളിനും ഒരു രൂപ നിരക്കിൽ അധികമായി പിരിച്ചെടുത്ത നികുതിയിൽ നിന്നും ഹൗസിംങിനായി എത്ര കോടി പിൻവലിക്കുകയുണ്ടായി; പിരിച്ചെടുത്ത അധിക നികുതി എത്ര?

ഉത്തരം

(എ) തുക വകയിരുത്തിയിട്ടില്ല. പെട്രോൾ, ഡീസൽ വില്പനയിൽ ഒരു രൂപയുടെ അധിക വിൽപ്പന നികുതിയുടെ 50% തുക "എല്ലാവർക്കും വീട്" പദ്ധതിക്കായി മാറ്റി വയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) തുകയൊന്നും പിൻവലിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) പാർപ്പിടമില്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച വിവരശേഖരണം ഭവന നിർമ്മാണ വകുപ്പ് നടത്തിയിട്ടില്ല. ലാന്റ് റവന്യൂ കമ്മീഷണറുടെ 26-11-2013-ലെ റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങൾ ഉണ്ട്.

(ഇ) തുകയൊന്നും പിൻവലിച്ചിട്ടില്ല. ഡിസംബർ 2015 വരെ 328.82 കോടി രൂപ അധിക വിൽപ്പന നികുതിയിനത്തിൽ ലഭിച്ചിട്ടുണ്ട്.

## ശാന്തിനഗർ കോളനി

219 (194) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി കോഴിക്കോട് നഗരത്തിലെ ശാന്തിനഗർ കോളനിയിൽ 115 വീടുകൾ കൂടി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ഇതുവരെയും ഈ പദ്ധതി ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഭവന നിർമ്മാണ വകുപ്പിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ കോഴിക്കോട് ശാന്തി നഗർ (ബംഗ്ലാദേശ് കോളനി) കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി ഉൾപ്പെടുത്തിയിരുന്നു.

(ബി&സി) കോഴിക്കോട് ശാന്തിനഗറിലെ (ബംഗ്ലാദേശ് കോളനി) കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിയുടെ ഒന്നാംഘട്ട പണികൾ (218 വീടുകളുടെ നിർമ്മാണം) 28-2-2014-ന് പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലൂടെ 115 വീടുകൾ പുനർനിർമ്മിക്കുന്നതിനും 25 വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുന്നതിനും മറ്റ് അടിസ്ഥാന വികസന സൗകര്യ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുമായി 2015-16-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക വകയിരുത്തുന്നതിന് പ്ലാനിംഗ് ബോർഡിനോട് അഭ്യർത്ഥിച്ചുവെങ്കിലും 2015-16-ലെ ബഡ്ജറ്റിലൂടെ തുക വകയിരുത്തി ലഭ്യമായില്ല. ടി പദ്ധതി 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിന് പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

## തദ്ദേശ സ്ഥാപനങ്ങളുടെ ഓരോ വാർഡിലും ഒരു വീട് പദ്ധതി

220 (195) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപന പങ്കാളിത്തത്തോടെ നടപ്പിലാക്കുമെന്ന് 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിരുന്ന, തദ്ദേശസ്ഥാപനങ്ങളുടെ ഓരോ വാർഡിലും ഒരു വീട് പദ്ധതിക്കായി വകയിരുത്തപ്പെട്ട തുക എത്ര;

(ബി) സംസ്ഥാന വിഹിതമായി വകയിരുത്തപ്പെട്ട തുകയിൽ നിന്നും വീടുകൾ നിർമ്മിക്കുന്നതിനായി ഇതിനകം പിൻവലിച്ച തുക എത്ര;

(സി) നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച 22000 വീടുകളിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) തുക വകയിരുത്തിയിട്ടില്ല. പെട്രോൾ, ഡീസൽ ഇവയുടെമേൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വിൽപ്പന നികുതി ചുമത്തിയിട്ടുണ്ട്. പ്രസ്തുത അധിക വിൽപ്പന നികുതിയുടെ 50% തുക തദ്ദേശ സ്ഥാപനങ്ങളുടെ ഓരോ വാർഡിലും ഒരു വീട് പദ്ധതി ഉൾപ്പെട്ട "എല്ലാവർക്കും വീട്" പദ്ധതിക്കായി മാറ്റിവയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) നിലവിലുള്ള ഹൗസിംഗ് പദ്ധതികൾക്കുവേണ്ടി തുകയൊന്നും പിൻവലിച്ചിട്ടില്ല.

(സി) നിർമ്മാണം ആരംഭിച്ചിട്ടില്ല.

## കേന്ദ്ര ഗവൺമെന്റിന് നൽകിയ നിവേദനം

221 (196) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയും മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന സംഘം എത്ര തവണ ഡൽഹി സന്ദർശിച്ച് പ്രധാനമന്ത്രിയേയും കേന്ദ്രമന്ത്രിമാരെയും കണ്ട് നിവേദനങ്ങൾ നൽകുകയുണ്ടായി;

(ബി) ഈ സന്ദർശനങ്ങളുടെ ഭാഗമായി എന്തല്ലാം ആവശ്യങ്ങൾ നിവേദനമായി സമർപ്പിച്ചു.; ഈ ആവശ്യങ്ങളിൽ അംഗീകരിച്ച് നടപ്പിൽ വരുത്തിയവ എന്തൊക്കെയാണ്;

(സി) കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റുകളിലൂടെയും മറ്റ് നിലയിലും നേരത്തെ സംസ്ഥാനത്തിന് പ്രഖ്യാപിച്ചതോ, ഉറപ്പ് നല്കിയതോ ആയ എന്തെല്ലാം ആവശ്യങ്ങൾ നടപ്പിലാക്കാതെ അവശേഷിക്കുന്നു;

(ഡി) ഈ സർക്കാർ സമർപ്പിച്ച നിവേദങ്ങളിൽ ഏതെല്ലാം ആവശ്യങ്ങൾ ഇപ്പോഴും തീരുമാനത്തിനായി കേന്ദ്ര ഗവൺമെന്റ് പരിഗണനയിലിരിക്കുന്നു; വിശദാംശങ്ങൾ നല്കുമോ ?

<u>ഉത്തരം</u>

(എ) 11 തവണ.

(ബി) സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള നിവേദനങ്ങളാണ് പല തവണയായി കേന്ദ്ര സർക്കാരിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ളത്. അവസാനമായി 2015 ഡിസംബർ 15-ാം തീയതി മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾ നിവേദനത്തിലൂടെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. അവ ചുവടെ ചേർക്കുന്നു:

1. മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട വിഷയങ്ങൾ
2. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അന്തിമ നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ
3. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കൽ
4. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ
5. സംസ്ഥാനത്തേയ്ക്കുള്ള ഭക്ഷ്യധാന്യ ലഭ്യത 14.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 16.25 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുക.
6. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുമ്പോൾ അനാഥരുടെയും സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെയും താത്പര്യം സംരക്ഷിക്കുക.
7. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി
8. കേരളത്തിലെ സബർബൻ റെയിൽവേ
9. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുനരധിവാസത്തിന് സാമ്പത്തിക സഹായം
10. കേരളത്തിൽ എയിംസ് (AIIMS) അനുവദിക്കുക
11. നിലമ്പൂർ-നഞ്ചംകോട് റെയിൽവേ ലൈൻ
12. തിരുവനന്തപുരത്തുള്ള ആർ.സി.സി.-യെ നാഷണൽ ക്യാൻസർ സെന്ററായി ഉയർത്തുക.

13. മലബാർ ക്യാൻസർ സെന്ററിനെ റീജിയണൽ ക്യാൻസർ സെന്ററായി ഉയർത്തുക.

14. കേരളത്തിൽ 'എയർ കേരള എക്സ്പ്രസ്സ്' നടത്തിപ്പ് സംബന്ധിച്ച്

15. ഗൾഫ് സെക്ടറിലേക്കുള്ള യാത്രാക്കൂലിയുടെ നിയന്ത്രണം

16. പാലോട് JNTBGRI കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച്

17. എൽ.എൻ.ജി.-ക്കുവേണ്ടി ഗെയിലിന്റെ പൈപ്പിടൽ സംബന്ധിച്ച്.

(സി&ഡി) സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അവ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

## നിയമസഭാ ചോദ്യങ്ങൾക്ക് ഉത്തരം നൽകാത്ത ഉദ്യോഗസ്ഥനെതിരെ നടപടി

222 (197) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികന്മാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം തന്നെ ഉത്തരം നൽകാൻ കഴിയുംവിധം വകുപ്പുകളിൽ ഏർപ്പെടുത്തപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കാതിരിക്കുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, സാമാജികരുടെ ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം നൽകാത്തതിന്റെ പേരിൽ സംസ്ഥാനത്തെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി കഴിവതും യഥാസമയം തന്നെ ലഭ്യമാക്കാറുണ്ട്. മറുപടി യഥാസമയം നൽകുന്നതിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ ഇതിനായി വകുപ്പുകളിൽ

ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന് ഓരോ വകുപ്പിലും പാർലമെന്റ് സെക്ഷന്റെ ചുമതലയുള്ള അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരിൽ ഒരാളെ ലെയ്സൺ ഓഫീസറായി ഓരോ വകുപ്പിലും നിയമിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ**

223 (198) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ ഈ സർക്കാർ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ കമ്മീഷൻ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് പ്രസ്തുത റിപ്പോർട്ടിലൂടെ ആവശ്യപ്പെട്ടത്;

(സി) ഇതിൻപ്രകാരം നാളിതുവരെ ഈ ഇനത്തിൽ ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ തുക ഉപയോഗിച്ച് ഇതുവരെ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ മുൻ ചീഫ് സെക്രട്ടറിയായിരുന്ന ഡോ. പി. പ്രഭാകരനെ 31-5-2012-ലെ സ.ഉ. (കൈ) 220/12/റവ. നമ്പർ ഉത്തരവ് പ്രകാരം നിയോഗിക്കുകയും 2012 ഒക്ടോബർ മാസത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ടി റിപ്പോർട്ടിൽ കാസർഗോഡ് വികസന പാക്കേജ് എന്ന പേരിൽ 11123.07 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കാൻ ശിപാർശ ചെയ്യുകയുമുണ്ടായി. കൃഷിയും അനുബന്ധ മേഖലകളും, മത്സ്യബന്ധനം, മൃഗസംരക്ഷണവും ക്ഷീരവികസനവും, വ്യവസായം, തൊഴിൽ, നൈപുണ്യം, വിനോദ സഞ്ചാരം, വൈദ്യുതി, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യം, വിദ്യാഭ്യാസം, എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം തുടങ്ങിയ കാര്യങ്ങൾ വികസന പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 11123.07 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് പ്രസ്തുത റിപ്പോർട്ടിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) 2013-14 സാമ്പത്തികവർഷത്തിൽ 25 കോടി രൂപയും 2014-15 വർഷത്തിൽ 75 കോടി രൂപയും 2015-16 വർഷത്തിൽ 85 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർക്കുന്നു*.

(ഡി) കാസർഗോഡ് പാക്കേജിൽ2013-14,2014-15,2015-16 വർഷങ്ങളിൽ അനുവദിക്കപ്പെട്ട 139 പദ്ധതികളിൽ 27 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ബാറുകൾ/റീട്ടെയിൽ ഔട്ട്ലെറ്റുകളിലൂടെയുള്ള മദ്യവിൽപ്പന

224 (201) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ബാറുകൾ/റീട്ടെയിൽ ഔട്ട് ലെറ്റുകൾ എന്നിവിടങ്ങളിലൂടെയുള്ള മദ്യ വിൽപനയിൽ ലഭ്യമായ റവന്യൂ വരുമാനം വാർഷിക ക്രമത്തിൽ ജില്ലാടിസ്ഥാനത്തിലുള്ളവ ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിലെ പ്രഥമ വർഷത്തിൽ നിലവിലുണ്ടായിരുന്ന ബാർ/റീട്ടെയിൽ ഔട്ട് ലെറ്റുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) നിലവിലുള്ള ബാർ/റീട്ടെയിൽ ഔട്ട് ലെറ്റുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ബിവറേജസ് കോർപ്പറേഷൻ വെയർഹൗസിൽ നിന്നും കൺസ്യൂമർഫെഡ് എഫ്.എൽ-1, ബാർ എന്നിവയ്ക്ക് വിൽപ്പന നടത്തിയ മദ്യത്തിൽനിന്നും കെ.എസ്.ബി.സി. എഫ്.എൽ.- 1 ഷോപ്പുകളിൽ കൂടി നടത്തിയ മദ്യവിൽപ്പനയിൽനിന്നും ലഭ്യമായ റവന്യൂ വരുമാനം വാർഷിക ക്രമത്തിൽ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന പ്രഥമ വർഷം സംസ്ഥാനത്ത് ആകെ 680 ബാർ ഹോട്ടലുകളും 384 റീട്ടെയിൽ ഔട്ട്ലെറ്റുകളും ഉണ്ടായിരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ബാർ/റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | ബാർ | റീട്ടെയിൽ ഔട്ട്ലെറ്റ് |
|---|---|---|
| തിരുവനന്തപുരം | 6 | 39 |
| കൊല്ലം | 2 | 32 |
| പത്തനംതിട്ട | 0 | 16 |
| ആലപ്പുഴ | 2 | 22 |
| കോട്ടയം | 2 | 27 |
| ഇടുക്കി | 1 | 22 |
| എറണാകുളം | 11 | 46 |
| തൃശ്ശൂർ | 1 | 27 |
| പാലക്കാട് | 0 | 23 |
| മലപ്പുറം | 1 | 9 |
| കോഴിക്കോട് | 1 | 14 |
| വയനാട് | 0 | 6 |
| കണ്ണൂർ | 0 | 15 |
| കാസർഗോഡ് | 1 | 8 |
| ആകെ | 28 | 306 |

## വ്യാജമദ്യത്തിന്റെ ഉപഭോഗം

225 (202) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-മുതൽ 2015 വരെ ഓരോ വർഷവും ഡിസംബർ 31-ന് സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട മദ്യത്തിന്റെ വിറ്റുവരവ് എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഇക്കഴിഞ്ഞ പുതുവത്സര തലേന്ന് സംസ്ഥാനത്തെങ്ങും സെക്കൻസ് ഉൾപ്പെടെയുള്ള അനധികൃത മദ്യം വ്യാപകമായി വിറ്റഴിക്കപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എക്സൈസ് അധികൃതർ പിടിച്ചെടുത്ത വ്യാജമദ്യത്തിന്റെ കണക്ക് വ്യക്തമാക്കാമോ ;

(സി) വ്യാജമായി വിറ്റഴിക്കപ്പെട്ട മദ്യത്തിൻെറ കണക്കുകൾകൂടി പരിഗണിച്ചാൽ പുതുവത്സര തലേന്ന് മദ്യത്തിന്റെ ഉപഭോഗം വൻതോതിൽ വർദ്ധിച്ചിട്ടുള്ളതായി അറിയാമോ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷനിൽ നിന്നും 2011 മുതൽ 2015 വരെ ഓരോ വർഷവും ഡിസംബർ 31-ന് സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട മദ്യത്തിന്റെ വിറ്റുവരവ് ചുവടെ ചേർക്കുന്നു:

| വർഷം | ഡിസംബർ 31-ാം തീയതിയിലെ മദ്യത്തിന്റെ വിറ്റുവരവ് (രൂപ കോടിയിൽ ) |
|---|---|
| 2011 | 32.50 |
| 2012 | 30.98 |
| 2013 | 35.82 |
| 2014 | 42.01 |
| 2015 | 44.60 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴിക്കോട് ഡിവിഷനിൽ ഇക്കഴിഞ്ഞ പുതുവൽസരത്തലേന്ന് 26.5 ലിറ്റർ മാഹി വിദേശ മദ്യവും 10.5 ലിറ്റർ ഗോവൻ വിദേശമദ്യവും പിടിച്ചെടുത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ പാലക്കാട് ഡിവിഷനിൽ 5 ലിറ്റർ ചാരായം കണ്ടെടുത്ത് കേസ്സാക്കിയിട്ടുള്ളതാണ്.

(സി) വൻതോതിൽ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ബാർ തൊഴിലാളികളുടെ പുനരധിവാസം**

226 (203) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചു പൂട്ടിയ ബാറുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കാനെന്ന നിലയിൽ മദ്യവില്പനയിലൂടെ ഇതിനകം സമാഹരിച്ച മൊത്തം തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) സമാഹരിച്ച തുക ഇതിനകം എന്തെല്ലാം കാര്യങ്ങൾക്കായി വിനിയോഗിക്കുകയുണ്ടായി ;

(സി) പുനരധിവാസത്തിനർഹതയുള്ളവർ എത്ര; ഇവരെയെല്ലാം പുനരധിവസിപ്പിക്കാനാവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) അടച്ചുപൂട്ടിയ ബാറുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് "പുനർജനി" എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മദ്യവിൽപ്പന നികുതിയിന്മേൽ 5 ശതമാനം റീഹാബിലിറ്റേഷൻ സെസ്സ് ഇനത്തിൽ ശേഖരിക്കുന്ന തുകയാണ് ഈ പദ്ധതിക്കായി സമാഹരിക്കുന്നത്. ഈ ഇനത്തിൽ 2015 ഡിസംബർ വരെ 335.88 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ അബ്കാരി നയത്തിന്റെ ഭാഗമായി അടച്ചുപൂട്ടിയ ബാറുകളിലെ രജിസ്റ്റേർഡ് തൊഴിലാളികൾക്ക് ഇടക്കാലാശ്വാസധനമെന്ന നിലയിൽ ആദ്യഗഡുവായി 5,000 രൂപയും രണ്ടാം ഗഡുവായി 10,000 രൂപയും അനുവദിച്ചു നൽകുകയുണ്ടായി. കൂടാതെ ബാറുകൾ അടച്ചു പൂട്ടിയതുമൂലം ആത്മഹത്യ ചെയ്ത രജിസ്റ്റേർഡ് തൊഴിലാളികളുടെ ആശ്രിതർക്ക് 2 ലക്ഷം രൂപാ വീതം ആശ്വാസധനമായും അനുവദിച്ചിട്ടുണ്ട്.

(സി) അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയാണ് ടി ഹോട്ടലുകളിൽ ബിയർ/വൈൻ പാർലറുകൾ അനുവദിച്ചത്. പ്രസ്തുത ബിയർ/വൈൻ പാർലറുകളിൽ ടി തൊഴിലാളികൾക്ക് എല്ലാം തന്നെ ജോലി നൽകണം എന്ന് വ്യവസ്ഥയും ചെയ്തിരുന്നു.

## സമഗ്രമായ മദ്യനയം

227 (204) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്രമായ മദ്യനയം നടപ്പാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതിൽ നിന്നും ഉടലെടുക്കുന്ന ഗുരുതരമായ ആരോഗ്യ സാമൂഹ്യപ്രശ്നങ്ങളും കണക്കിലെടുത്ത്, മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നത് ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് 22-8-2014-ലെ ജി.ഒ.(എം.എസ്)139/2014/നി.വ. പ്രകാരവും 20-12-2014-ലെ ജി.ഒ.(എം.എസ്.) 205/2014/നി.വ. പ്രകാരവും പ്രഖ്യാപിച്ച് മദ്യനയത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്.

(ബി) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുട്ടുള്ള ഘട്ടംഘട്ടമായ മദ്യ നിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനനുസൃതമായ ഒരു മദ്യനയമാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യ ശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരണ പ്രവർത്തന ങ്ങളിലൂടെ മദ്യവിമുക്തമാക്കി മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതികളാണ് മദ്യനയത്തിൽ പ്രഖ്യാപിച്ച് നടപ്പാക്കി കൊണ്ടിരിക്കുന്നത്.

(സി) 2014-15 വർഷത്തിലെ അബ്കാരിനയത്തിലെ ആദ്യപടിയായാണ് പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ-1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10 ശതമാനം കുറയ്ക്കുന്നതിനും സർക്കാർ തീരുമാനമെടുത്തത്. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തി നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മദ്യം കൈവശം വച്ച് കൈകാര്യം ചെയ്യാതിരിക്കാൻ, കൈവശം വയ്ക്കാവുന്ന വിവിധയിനം (ബിയർ, വൈൻ ഉൾപ്പെടെ) മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും സൂര്യോദയം മുതൽ അർദ്ധരാത്രിവരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടെയും ബിയർ വൈൻ പാർലറുകളുടെയും പ്രവർത്തന സമയം 5 മണിക്കൂർ കുറയ്ക്കുകയുമുണ്ടായി. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി. കൂടാതെ ദുഃഖവെള്ളിയാഴ്ചയും അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചു.

**ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വിറ്റുവരവ്**

228 (205) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടച്ചുപൂട്ടിയ ബാറുകൾ എത്ര; ഈ സർക്കാർ തന്നാണ്ടിൽ എത്ര ബിയർ-വൈൻ പാർലറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും സംസ്ഥാനത്ത് ബിയറും വൈനും വിറ്റഴിക്കപ്പെട്ടത് എത്ര കോടി വിറ്റുവരവോടുകൂടിയായിരുന്നു;

(സി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷത്തെയും ശരാശരി പ്രതിമാസ വൈൻ-ബിയർ വിറ്റുവരവ് എത്ര കോടി രൂപയുടേതുവീതമായിരുന്നു; വിശദമാക്കാമോ;

(ഡി) 2013-14 വർഷത്തെ അപേക്ഷിച്ച് 2015-16 വർഷത്തിൽ ബീവറേജസ് കോർപ്പറേഷൻ വഴിയുള്ള ബിയർ-വൈൻ വിറ്റുവരവ് എത്ര കോടി രൂപയുടേത് വീതമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 720 ബാറുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. തന്നാണ്ടിൽ (2015 ഏപ്രിൽ മുതൽ 2016 ജനുവരി വരെ) 18 ബിയർ/വൈൻ പാർലറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) 2011-12-ൽ 647.49 കോടി രൂപയുടെയും 2012-13-ൽ 721.18 കോടി രൂപയുടെയും 2013-14-ൽ 801.14 കോടി രൂപയുടെയും 2014-15-ൽ 818.80 കോടി രൂപയുടെയും 2015-16-ൽ (2015 ഡിസംബർ വരെ) 1012.6 കോടിരൂപയുടെയും ബിയറും വൈനും സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടിട്ടുണ്ട്.

(സി) 2011-12 മുതൽ 2015-16 വരെ സംസ്ഥാനത്ത് വിറ്റഴിച്ച ബിയറിന്റെയും വൈനിന്റെയും പ്രതിമാസ വിറ്റുവരവ് അനുബന്ധം-എ* ആയി ചേർത്തിട്ടുണ്ട്.

(ഡി) 2013-14 വർഷത്തിൽ 801.14 കോടി രൂപയുടെയും 2015-16 വർഷത്തിൽ (2015 ഡിസംബർ വരെ) 1012.60 കോടി രൂപയുടെയും വിറ്റുവരവ് ലഭിച്ചിട്ടുണ്ട്.

**എക്സൈസിൽ നിന്നുള്ള വരുമാനം**

229 (206) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസിൽ നിന്നുള്ള പ്രതിമാസ ശരാശരി വരുമാനം 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും എത്ര കോടി രൂപ വീതമായിരുന്നു എന്ന് വിശദമാക്കാമോ;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ് മൊത്തം എത്ര കോടി രൂപയുടേതായിരുന്നു എന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ബിവറേജസ് കോർപ്പറേഷന്റെ പത്ത് ശതമാനം ഔട്ട് ലെറ്റുകൾ അടച്ചുപൂട്ടിയത് ഏത് തീയതി മുതലാണ്; അവ അടച്ചുപൂട്ടുന്നതിന് മുൻപത്തെ ഡിസംബർ മാസത്തെ കോർപ്പറേഷന്റെ വിറ്റുവരവ് എത്ര കോടിയായിരുന്നു; 2015 ഡിസംബർ മാസത്തെ കോർപ്പറേഷന്റെ വിറ്റുവരവ് എത്ര കോടി രൂപയുടേതായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) എക്സൈസിൽ നിന്നുള്ള വരുമാനം സംബന്ധിച്ച വിവരം അനുബന്ധം-എ* ആയി ചേർത്തിരിക്കുന്നു.

(ബി) 2011-12-ൽ 7861 കോടി രൂപയും 2012-13-ൽ 8818.18 കോടിരൂപയും 2013-14-ൽ 9350 കോടിരൂപയും 2014-15-ൽ 10013 കോടിരൂപയും 2015-16-ൽ (2015 ഡിസംബർ വരെ) 8569 കോടിരൂപയുമാണ് വിറ്റുവരവ്.

(സി) 10 ശതമാനം ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടി തുടങ്ങിയത് 2014 ഒക്ടോബർ മുതലാണ്. 2013 ഡിസംബറിൽ 814.30 കോടിരൂപയും 2015 ഡിസംബറിൽ 1000.19 കോടിരൂപയുമായിരുന്നു വിറ്റുവരവ്.

**സമ്പൂർണ്ണ മദ്യനിരോധനം**

230 (207) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിനകം സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം നിയമ നിർമ്മാണങ്ങൾ നടത്തുകയുണ്ടായി എന്നറിയിക്കാമോ;

(സി) ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് ഇതിനായി കൈക്കൊണ്ടത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും മദ്യം കേരളത്തിന്റെ സാമൂഹ്യവിപത്തായി തുടരുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വരുന്ന 10 വർഷം കൊണ്ട് 'മദ്യരഹിത കേരളം' എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ

ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെ യുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ-1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10 ശതമാനം കണ്ട് കുറയ്ക്കുന്നതിനും തീരുമാനമെടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തി നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മദ്യം കൈവശം വച്ച് കൈകാര്യം ചെയ്യാതിരിക്കാൻ വേണ്ടി കൈവശം വയ്ക്കാവുന്ന വിവിധയിനം (ബിയർ, വൈൻ ഉൾപ്പെടെ) മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും സൂര്യോദയം മുതൽ അർദ്ധരാത്രിവരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടെയും ബിയർ/വൈൻ പാർലറുകളുടെയും പ്രവർത്തന സമയം 5½ മണിക്കൂർ കുറയ്ക്കുകയും ചെയ്തു. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി. യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു. കൂടാതെ ദുഃഖവെള്ളിയാഴ്ചയും അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചു.

പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദ് ചെയ്യുന്നതിനും ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുന്നതിനും ബാർ ഹോട്ടലുകളുടെയും ബിയർ/വൈൻ പാർലറുകളുടെയും പ്രവർത്തനസമയം 5½ മണിക്കൂർ കുറയ്ക്കുന്നതിനും മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21-ആയി ഉയർത്തുന്നതിനും ദുഃഖവെള്ളിയാഴ്ചയും അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിക്കുന്നതിനും അബ്കാരി നിയമങ്ങളിൽ മതിയായ നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. മുകളിൽ പരാമർശിച്ചിട്ടുള്ള എല്ലാ പദ്ധതികളിലും ഭരണതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ബോധവൽക്കരണത്തിൽക്കൂടി മദ്യവർജ്ജനം പ്രാവർത്തികമാക്കുന്നതിന് എക്സൈസ് വകുപ്പിൽ ബോധവൽക്കരണ വിഭാഗം രൂപീകരിച്ച് ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ നടപടികൾ നടന്നുവരുന്നു. കൂടാതെ സുബോധം എന്ന പദ്ധതിയും ബോധവൽക്കരണത്തിനു വേണ്ടി ആവിഷ്കരിച്ചിട്ടുണ്ട്.

**ക്ലബ്ബുകൾക്ക് ബാർ ലൈസൻസ്**

231 (208) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നല്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ബാർ ലൈസൻസ് ഉള്ള ബാറുകളിലൂടെ കഴിഞ്ഞ 5 വർഷത്തിൽ ഓരോ വർഷവും ഉണ്ടായ മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ഫൈവ് സ്റ്റാർ ഹോട്ടലുകൾ എത്ര; ഫൈവ് സ്റ്റാർ ഹോട്ടലുകളിലൂടെയുള്ള മദ്യ വില്പനകളുടെ കണക്കുകൾ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര വീതമായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 33 ക്ലബ്ബുകൾക്ക് നിലവിൽ ബാർ ലൈസൻസുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് നിലവിൽ 28 ഫൈവ് സ്റ്റാർ ഹോട്ടലുകൾ ഉണ്ട്. ടി ഹോട്ടലുകളിലൂടെയുള്ള മദ്യവില്പനയുടെ കണക്കുകൾ ശേഖരിച്ചുവരുന്നു.

## കൊണ്ടോട്ടിയിൽ പുതിയ എക്സൈസ് ഓഫീസ്

232 (209) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി താലൂക്ക് കേന്ദ്രമായി പുതിയ എക്സൈസ് സർക്കിൾ ഓഫീസും റേഞ്ച് ഓഫീസും സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് കേന്ദ്രമാക്കി എക്സൈസ് സർക്കിൾ ഓഫീസ് രൂപീകരിക്കുന്നതിന് എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

## തുറമുഖ വകുപ്പിന്റെ ഫണ്ടുകൾ പ്രകാരമുള്ള റോഡുകൾ

233 (210) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് സംസ്ഥാനത്ത് നിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്ത റോഡുകൾ എത്രയാണെന്നും അതിനായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചുവെന്നും പറയാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചേർത്തല മണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ പ്രസ്തുത ഇനത്തിൽ പുനരുദ്ധരിച്ച റോഡുകൾ ഏതെല്ലാമാണെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നും പറയാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറമുഖ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 5 (അഞ്ച്) റോഡുകളുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികളാണ് നടപ്പിലാക്കിയത്. ആയതിന് ആകെ 3,26,28,814 രൂപ (മൂന്ന കോടി ഇരുപത്താറു ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി എണ്ണൂറ്റി പതിനാല് രൂപ) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഫിഷറീസ് സെക്ടറിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1596 റോഡുകൾക്ക് ഭരണാനുമതി നൽകി പുനരുദ്ധരിക്കുകയോ നിർമ്മിക്കുകയോ ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 21791.20 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ചേർത്തല മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി 45 റോഡുകൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

**പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ**

234 (211) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്ക് നടപടികൾ ആരംഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി എത്ര രൂപ നാളിതുവരെ അനുവദിച്ചുവെന്നും, ആയത് എന്തൊക്കെ ആവശ്യത്തിന് വിനിയോഗിച്ചുവെന്നും അറിയിക്കാമോ;

(സി) നിലവിൽ നടന്നുവരുന്ന പഠനങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് മിനി ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കൊല്ലം പരവൂർ തെക്കുംഭാഗത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേക്ക് 2008-ൽ നടപടികൾ ആരംഭിച്ചു.

(ബി) കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 81 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ, മാതൃകാപഠനം, പാരിസ്ഥിതികാഘാത പഠനം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായി. മാതൃകാപഠനം നടന്നുവരുന്നു. മാതൃകാപഠനം പൂർത്തിയാകുന്ന മുറയ്ക്ക് ശേഷിക്കുന്ന പഠനം ഏർപ്പാടാക്കുന്നതാണ്.
(സി) മാതൃകാപഠനം പൂർത്തിയായ ശേഷം പാരിസ്ഥിതികാഘാതപഠനം, CRZ ക്ലിയറൻസ്, പാരിസ്ഥിതികാനുമതി എന്നിവയാണ് പൂർത്തീകരിക്കുവാനുള്ളത്. ഇവ പൂർത്തീകരിക്കുവാൻ ഏകദേശം ഒന്നരവർഷം ആവശ്യമാണ്. ടി പഠനങ്ങൾ പൂർത്തിയായശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

235 (212) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ നിർവ്വഹണ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര ഏജൻസിയെ നിയോഗിക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യവസ്ഥ വിശദമാക്കാമോ;

(ബി) സർക്കാർ നിയോഗിച്ച സ്വതന്ത്ര ഏജൻസി ഏതാണെന്നും, അതിന്റെ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്നും, ഏജൻസിക്ക് ഫീസ് നൽകുന്നത് ആരാണെന്നും, സ്വതന്ത്ര ഏജൻസിയെ കണ്ടെത്തിയത് ഏത് നിലയിൽ ആരാണെന്നും വെളിപ്പെടുത്താമോ;

(സി) സർക്കാർ കണ്ടെത്തിയ ആഡിറ്റർ പാനലിൽ ആരൊക്കെയുണ്ടെന്നും അവരെ കണ്ടെത്തിയത് ഏത് നടപടിക്രമത്തിലൂടെയാണെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ മേൽനോട്ടത്തിനായി കരാർ കാലാവധിയിൽ ഒരു സ്വതന്ത്ര ഏജൻസിയെ (Independent Engineer) നിയമിക്കുവാൻ കൺസഷൻ കരാറിലെ ആർട്ടിക്കിൾ 23 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വതന്ത്ര ഏജൻസി നിർമ്മാണ കാലയളവിലും നടത്തിപ്പ് കാലയളവിലും മേൽനോട്ടം നിർവ്വഹിക്കുന്നതാണ്. അവരുടെ മേൽനോട്ടത്തിന്റെ വിശദമായ Terms & Reference കരാറിലെ ഷെഡ്യൂൾ P-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർട്ടിക്കിൾ 23-ഉം Schedule P-യും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇൻഡിപെൻഡന്റ് എഞ്ചിനീയറെ (സ്വതന്ത്ര ഏജൻസിയെ) നിയമിക്കാനുള്ള ടെണ്ടർ 2015 സെപ്റ്റംബർ 21-ന് വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് വിജ്ഞാപനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര ഏജൻസിയെ നിയമിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. കരാറിൽ നിഷ്കർഷിച്ചിട്ടുള്ള 'ഷെഡ്യൂൾ O' പ്രകാരം കേന്ദ്ര സർക്കാർ അംഗീകിച്ച മാതൃക RFP (Request For Proposal) അവലംബിച്ച് നടത്തുന്ന ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് സ്വതന്ത്ര ഏജൻസിയെ നിയമിക്കുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതുവരെയുള്ള കാലയളവിലേയ്ക്കായി തുറമുഖ വിദഗ്ദ്ധരും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ സാങ്കേതിക ഉപദേഷ്ടാക്കളുമായ ശ്രീ. ശശികുമാറും ശ്രീ. അബ്ദുൾ റഹിമും സ്വതന്ത്ര ഏജൻസിയുടെ ചുമതലകൾ കരാറിലെ വ്യവസ്ഥ 23.7 പ്രകാരം വഹിക്കുന്നതാണ്.

കരാറിലെ ആർട്ടിക്കിൾ 23.3 പ്രകാരം സ്വതന്ത്ര ഏജൻസിക്കുള്ള ഫീസ് നൽകുന്നത് സംസ്ഥാന സർക്കാർ ആയിരിക്കും. പ്രസ്തുത ഫീസിന്റെ 50 ശതമാനം കൺസഷനയർ (അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്) സംസ്ഥാന സർക്കാരിന് നൽകുന്നതാണ്.

(സി) ഓഡിറ്റർമാരുടെ പാനൽ തയ്യാറാക്കുന്നതിന് 16-09-2015-ൽ കൂടിയ Project Implementation Committee വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് താഴെപ്പറയുന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് ഫേമുകളുടെ യോഗ്യതാ ലിസ്റ്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തയ്യാറാക്കുകയും ചെയ്തു:

1. എസ്.ആർ.ബി.സി. & കോ. എൽ.എൽ.പി., അഹമ്മദാബാദ്
2. വർമ്മ & വർമ്മ, തിരുവനന്തപുരം
3. ഗ്യാനേന്ദർ & അസോസിയേറ്റ്സ്, ന്യൂഡൽഹി
4. എം.കെ.പി.എസ് & അസോസിയേറ്റ്സ്, ബാംഗ്ലൂർ
5. ശ്രീധർ & കോ., തിരുവനന്തപുരം.

യോഗ്യത നേടിയ ടി ഫേമുകളുടെ പട്ടിക എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി സമർപ്പിച്ചതിനുശേഷം മാത്രമേ സർക്കാർ അംഗീകാരം നൽകുകയുള്ളൂ.

ഓഡിറ്റർമാരുടെ പാനൽ തയ്യാറാക്കുന്നതിന് താഴെപ്പറയുന്ന നടപടി ക്രമങ്ങളാണ് സ്വീകരിച്ചത്:

1. പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി പാനൽ തയ്യാറാക്കുന്നതിനുള്ള നടപടികൾക്കായി VISL-നെ ചുമതലപ്പെടുത്തി. ഇത് കമ്പനിയുടെ ബോർഡും അംഗീകരിച്ചിട്ടുണ്ട്.
2. VISL ഈ നടപടികൾ കൺസഷൻ കരാറിന്റെ ആർട്ടിക്കിൾ 34 ഉം Schedule T യും പ്രകാരമാണ് പൂർത്തിയാക്കിയത്.
3. പാനൽ തയ്യാറാക്കുന്നത് സംബന്ധിച്ച് മലയാള മനോരമ, മാതൃഭൂമി, ദി ഹിന്ദു, ഇക്കണോമിക് ടൈംസ് എന്നീ പത്രങ്ങളിൽ പരസ്യം നൽകുകയുണ്ടായി. ഇതോടൊപ്പം തന്നെ ഇതുമായി ബന്ധപ്പെട്ട ടേംസ് ഓഫ് റഫറൻസും അപേക്ഷയും കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ കേരളം, തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലേയ്ക്ക് അതതു സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ചാർട്ടേർഡ് അക്കൗണ്ടന്റ് ഫേമുകളെ അറിയിക്കുന്നതിനായി അയച്ചുകൊടുത്തു. (ഈ മൂന്നു സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഫേമുകളെ മാത്രമേ പാനലിൽ ഉൾപ്പെടുത്തുകയുള്ളൂ.)
4. ചാർട്ടേർഡ് അക്കൗണ്ടന്റുമാർ ഇതു സംബന്ധിച്ച് ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി.

5. പാനൽ തയ്യാറാക്കുന്നതിന് താഴെപ്പറയുന്ന യോഗ്യതയാണ് കൺസഷൻ കരാറിൽ നിശ്ചയിച്ചിരുന്നത്.

(a) ഫേമുകൾക്ക് 10 വർഷം വീതം പ്രവൃത്തി പരിചയമുള്ള 5 ചാർട്ടേർഡ് അക്കൗണ്ടന്റുമാരുണ്ടായിരിക്കണം.

(b) 100 കമ്പനി ഓഡിറ്റുകൾ ചെയ്തിരിക്കണം. അവയിൽ 10 എണ്ണമെങ്കിലും പൊതു മേഖലാ കമ്പനികളായിരിക്കണം.

(c) ഫേമിന് കേരളത്തിലോ തമിഴ്നാട്ടിലോ കർണ്ണാടകത്തിലോ ഓഫീസുണ്ടായിരിക്കുകയും രണ്ടു ചാർട്ടേർഡ് അക്കൗണ്ടന്റുമാരെങ്കിലും ഈ സംസ്ഥാനത്തെ ഓഫീസുകളിൽ ഉണ്ടായിരിക്കണം.

6. അപേക്ഷകർക്ക് തങ്ങൾ ഓഡിറ്റ് ചെയ്ത കമ്പനികളുടെ തൊട്ടുമുന്നിലത്തെ 5 വർഷത്തെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് നിശ്ചയിക്കപ്പെടുന്നത്. ഓരോ 100 കോടി വിറ്റുവരവുള്ള ഓഡിറ്റുകൾക്കും ഒരു പോയിന്റ് വീതം നൽകുകയും ആദ്യം റാങ്ക് ചെയ്യുന്ന 5 ഫേമുകളാണ് പാനലിൽ വന്നിട്ടുള്ളത്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

236 (213) ശ്രീ. കെ. മുരളീധരൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി ക്കഴിഞ്ഞു. തികച്ചും സുതാര്യമായ രണ്ടുഘട്ട ആഗോള ടെൻഡറുകൾക്ക് ഒടുവിൽ തെരഞ്ഞെടുത്ത കൺസഷനയറായ അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോൺ, പദ്ധതിക്കായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യകമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി സർക്കാർ 2015 ആഗസ്റ്റ് 17-ാം തീയതി കൺസഷൻ കരാർ ഒപ്പുവച്ചു. 2015 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു. ഒന്നാം ഘട്ടം പൂർത്തിയാക്കാൻ കരാർ പ്രകാരം കണക്കാക്കിയിട്ടുള്ള സമയം നാലു വർഷമാണ് (2019 ഡിസംബർ 4). കരാർ പ്രകാരം നാലുവർഷത്തെ സമയം ഉണ്ടെന്നിരിക്കെ സംസ്ഥാന സർക്കാരും കരാറുകാരനും ആയിരം ദിന കർമ്മപരിപാടി പദ്ധതിയുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം 2018 ആഗസ്റ്റ് 31-ന് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>VGF:</u>

2014 ഏപ്രിൽ മാസത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (V.G.F) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ധനമന്ത്രാലയത്തിന് സമർപ്പിക്കുകയും 2015 ഫെബ്രുവരി 3-ാം തീയതി അംഗീകാരം ലഭിക്കുകയും ചെയ്തു. അതുപ്രകാരം പി.പി.പി. ഘടകമായ 4089 കോടിരൂപയുടെ 20 ശതമാനമായ 817.8 കോടിരൂപയുടെ സഹായധനം ലഭിക്കും.

<u>പാരിസ്ഥിതികാനുമതി:</u>

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക പഠനം നടത്തുന്നതിനായുള്ള "Terms of Reference" -നു 2011 ജൂലൈ മാസം അംഗീകാരം ലഭിച്ചതിനെ തുടർന്ന് രണ്ടുവർഷം നീണ്ടുനിന്ന പാരിസ്ഥിതിക പഠനം, പബ്ലിക് ഹിയറിംഗ് എന്നിവയ്ക്ക് ഒടുവിൽ 2014 ജനുവരി 3-ാം തീയതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിച്ചു.

<u>അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ:</u>

<u>സ്ഥലമേറ്റെടുപ്പും പുനരധിവാസവും:</u>

റെയിൽവേ ഒഴികെ പദ്ധതിക്ക് ആവശ്യമുള്ള ഭൂമിയുടെ 90 ശതമാനം ഏറ്റെടുത്തുകഴിഞ്ഞു. ഇതിൻപ്രകാരം പദ്ധതിക്കായി ഇതുവരെ ആകെ 212.04.278 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. തുറമുഖ പരിധിയിലും കോട്ടുകാലിലുമായി വീട് നഷ്ടപ്പെട്ട 69 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു കഴിഞ്ഞു. റെയിൽവേ ഒഴികെ പദ്ധതിക്ക് ആവശ്യമായ ബാക്കി ഭൂമി കൂടി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ബാഹ്യ അടിസ്ഥാന സൗകര്യ വികസനം:

- വൈദ്യുതി:- നിർമ്മാണഘട്ടത്തിലേക്കാവശ്യമായ വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി കഴിഞ്ഞു. നടത്തിപ്പു കാലഘട്ടത്തിൽ ആവശ്യമുള്ള വൈദ്യുതിക്കായുള്ള പ്രസരണ സംവിധാനങ്ങളുടെ നിർമ്മാണം കെ.എസ്.ഇ.ബി.യുടെ സഹായത്തോടെ പൂർത്തിയാക്കി വരുന്നു.
- വെള്ളം:- പദ്ധതി പ്രദേശത്തേയ്ക്ക് 3.3 MLD ജലം എത്തിക്കുന്നതിനുള്ള പണി 2013 ഏപ്രിലിൽ പൂർത്തീകരിച്ചു. ഇതിൽ 1.5 MLD ശുദ്ധജലം പ്രദേശവാസികൾക്ക് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ സാമൂഹിക പ്രതിബദ്ധതാ പരിപാടിയുടെ ഭാഗമായി വിതരണം ചെയ്തുവരുന്നു.
- റെയിൽ :- നേമത്തു നിന്നും ആരംഭിച്ച് വിഴിഞ്ഞത്തെത്തുന്ന തരത്തിലുള്ള റെയിൽ പാതയുടെ വിശദമായ കരട് പ്രോജക്ട് റിപ്പോർട്ട് ആർ.വി.എൻ.എൽ. തയ്യാറാക്കികഴിഞ്ഞു. ഇതിന് റെയിൽവേയുടെ അംഗീകാരം ലഭിച്ച ശേഷം ഭൂമി ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്.

(ബി) കേന്ദ്രസർക്കാരിന്റെ Viability Gap Funding (VGF) സ്കീമിൽ ഉൾപ്പെടുത്തി വിഴിഞ്ഞം പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചുകഴിഞ്ഞു. അതുപ്രകാരം പി.പി.പി. ഘടകമായ 4089 കോടിരൂപയുടെ 20 ശതമാനമായ 817.8 കോടിരൂപയുടെ സഹായധനം ലഭിക്കും. കൺസഷനയർ സ്വന്തം ഓഹരി (Equity) പദ്ധതിയിൽ പൂർണ്ണമായി നിക്ഷേപിച്ച ശേഷം മാത്രമേ മേൽപ്പറഞ്ഞ സഹായധനം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുകയുള്ളൂ.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. തികച്ചും സുതാര്യമായ രണ്ടുഘട്ട ആഗോള ടെൻഡറുകൾക്ക് ഒടുവിലാണ് അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോണിനെ (Special Economic Zone) തെരഞ്ഞെടുത്തത്. തുടർന്ന് അദാനി പോർട്ട്സ് പദ്ധതിക്കായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി 2015 ആഗസ്റ്റ് മാസം 17-ാം തീയതി സർക്കാർ കൺസഷൻ കരാർ ഒപ്പുവച്ചു. 2015 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു.

## വിഴിഞ്ഞം തുറമുഖം

237 (214) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള വർക്കുകൾ എല്ലാം പൂർത്തീകരിച്ച്, പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന തീയതി വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി അക്വയർ ചെയ്ത് തുടങ്ങിയത് ഏത് വർഷത്തിലായിരുന്നു; പദ്ധതികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നല്കി കൊണ്ട്, നിർമ്മാണം ആരംഭിച്ചത് എപ്പോഴായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇന്നത്തെ നിലയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് എന്ത് തുക ഇനിയും ചെലവഴിക്കേണ്ടതായിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി ഇനിയും ഭൂമി അക്വയർ ചെയ്യേണ്ടതായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഡീറ്റെയിൽഡ് പദ്ധതി റിപ്പോർട്ടും മാസ്റ്റർ പ്ലാനും പ്രകാരം പദ്ധതിയുടെ നിർമ്മാണം നാലുഘട്ടങ്ങളിലായാണ് പൂർത്തിയാക്കേണ്ടത്. ഒന്നാംഘട്ടത്തിൽ 800 മീറ്റർ നീളത്തിലുള്ള ബെർത്തും പത്തുലക്ഷം ടി.ഇ.യു. വാർഷിക സ്ഥാപിത ശേഷിയും ഉണ്ടായിരിക്കും. ഒന്നാംഘട്ടം പൂർത്തിയാകാൻ കരാർ പ്രകാരം കണക്കാക്കിയിട്ടുള്ള സമയം നാലുവർഷമാണ് (2019 ഡിസംബർ 4). കരാർ പ്രകാരം നാലുവർഷത്തെ സമയം ഉണ്ടെന്നിരിക്കെ സംസ്ഥാന സർക്കാരും കരാറുകാരനും ആയിരം ദിന കർമ്മ പരിപാടി പദ്ധതിയുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം 2018 ആഗസ്റ്റ് 31-ന് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ട്, മൂന്ന്, നാല് ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയിലെ കണ്ടെയ്നർ ഗതാഗതം വളരുന്ന തനുസരിച്ച് കരാറിലെ വ്യവസ്ഥ 12.8 പ്രകാരം നിർവ്വഹിക്കുന്നതായിരിക്കും. ഇതിന് ഏതാണ്ട് 30 വർഷത്തെ കാലയളവാണ് പ്രതീക്ഷിക്കുന്നത്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ഭൂമി അക്വയർ ചെയ്തു തുടങ്ങിയത് 2010 ആഗസ്റ്റ് മാസമാണ്. പദ്ധതിയുടെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളുടെ

നിർമ്മാണം ആരംഭിച്ചതും 2010 ആഗസ്റ്റ് മാസമാണ്. കോവളം-പൂവാർ റോഡിനെ പ്രോജക്ടുമായി ബന്ധിപ്പിക്കുന്ന 600 മീറ്റർ 2 വരി റോഡിന്റെ നിർമ്മാണ പ്രവർത്തനം 2010 ആഗസ്റ്റിൽ തുടങ്ങുകയുണ്ടായി. പദ്ധതിക്ക് ആവശ്യമുള്ള ജല ലഭ്യത ഉറപ്പുവരുത്താൻ 3.3 എം.എൽ.ഡി. സ്ഥാപിതശേഷിയുള്ള പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചത് 2012 ഫെബ്രുവരി മാസം ആണ്. പദ്ധതിക്ക് ആവശ്യമുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രസരണ സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് 2013 മെയ് മാസം ആണ്. തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് 2015 ഡിസംബർ മാസം ആണ് .

(സി) ഇന്നത്തെ നിലയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് 3699 കോടിരൂപ സർക്കാരിന്റെ ഭാഗത്തുനിന്നും ചെലവ് പ്രതീക്ഷിക്കുന്നു. ഈ തുകയിൽ ബ്രേക്ക് വാട്ടർ കെട്ടുന്നതിനും റെയിലിന്റെ ചെലവും കൺസഷനയർക്ക് നൽകാനുള്ള ഗ്രാന്റും സാഗർ മാല പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഏകദേശം 500 കോടിരൂപ പ്രതീക്ഷിക്കുന്ന റെയിൽ വികസനവും ഉൾപ്പെടുന്നു.

(ഡി) ഉണ്ട്. താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾക്കാണ് ഇനി ഭൂമി അക്വയർ ചെയ്യേണ്ടത്:

1. പദ്ധതിക്കായി നിശ്ചയിച്ചിട്ടുള്ള ബാക്ക്-അപ് ഏരിയയിൽ ശേഷിക്കുന്ന ഭൂമി.
2. റോഡ് നിർമ്മാണത്തിന് ആവശ്യമായുള്ള ബാക്കി ഭൂമി.
3. വെയർ ഹൗസ് ഏരിയയിൽ ആവശ്യമായുള്ള ബാക്കി ഭൂമി.
4. റെയിൽ നിർമ്മാണത്തിനായുള്ള മൊത്തം ഭൂമി.

## ബേപ്പൂർ പോർട്ടിന്റെ നവീകരണം

238 (215) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ പോർട്ടിൽ 2011 മുതൽ നടന്നിട്ടുള്ള വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ബേപ്പൂർ പോർട്ടിന്റെ നവീകരണത്തിനായി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏതെങ്കിലും കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ എത്രത്തോളമായെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ബേപ്പൂർ തുറമുഖത്ത് 2011 മുതൽ നടന്നിട്ടുള്ള വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(a) 2.35 കോടി രൂപ ചെലവിൽ റീച്ച് സ്റ്റാക്കർ വാങ്ങി സ്ഥാപിച്ചു.

(b) 6 കോടി രൂപ ചെലവിൽ 750 എച്ച്.പി. ടഗ്ഗ് വാങ്ങി കമ്മീഷൻ ചെയ്തു.

(c) 20 ലക്ഷം രൂപ ചെലവിൽ പിക്ക്-ആന്റ്-ക്യാരി ക്രെയിൻ വാങ്ങി സ്ഥാപിച്ചു.

(d) 1.5 കോടി രൂപ ചെലവിൽ വി.റ്റി.എം.എസ്. സ്ഥാപിച്ചു.

(e) 19 കോടി രൂപ ചെലവിൽ കണ്ടെയ്നർ ഹാന്റ് ലിംഗ് ക്രെയിൻ വാങ്ങിസ്ഥാപിക്കുന്നതിനായി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

(f) ബേപ്പൂർതുറമുഖത്ത് വാർഫ് നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള ഇൻവെസ്റ്റിഗേഷൻ ആന്റ് സ്റ്റഡീസ് നടത്തുന്നതിന് 61 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഐ.ഐ.റ്റി. ചെന്നൈ പ്രസ്തുത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ബേപ്പൂരിൽ നിലവിലുള്ള പഴയ വാർഫിനും ഫിഷറീസ് ഹാർബറിനുമിടയിൽ ലക്ഷദ്വീപ് ഭരണകൂടത്തിനായി നിർമ്മിക്കുന്ന വാർഫിന്റെ പരിസ്ഥിതി പഠനം പുരോഗമിക്കുന്നു.

(g) ജനറേറ്റർ റൂം പുതുതായി നിർമ്മിച്ചു.

(h) ബേപ്പൂർ തുറമുഖത്തേയ്ക്കുള്ള അപ്രോച്ച് റോഡ് നവീകരിച്ചു.

(i) ബേപ്പൂർ തുറമുഖത്തെ ട്രാൻസിറ്റ് ഷെഡ് നവീകരിച്ചു.

(j) ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗത്തിനായി പുതിയ ഓഫീസ് കെട്ടിടം നിർമ്മിച്ചു.

(k) ബേപ്പൂർ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ ഓഫീസിനോട് അനുബന്ധിച്ച് ടൂവീലർ ഷെഡ് നിർമ്മിച്ചു.

(l) ബേപ്പൂർ തുറമുഖത്തിന്റെ ചുറ്റുമതിൽ ഉയർത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(m) പോർട്ട് ഓഫീസിന്റെ അറ്റകുറ്റപ്പണികളും കെട്ടിടത്തിന് മുകളിൽ റൂഫിംഗ് ഷീറ്റ് ഇടുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു.

(n) പോർട്ട് ഓഫീസ് ഡോർമിറ്ററിയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

(o) സിൽക്ക് കോമ്പൗണ്ടിലെ കിണർ വൃത്തിയാക്കലും പമ്പ് സെറ്റ്, പൈപ്പ് ലൈൻ സ്ഥാപിക്കലും പൂർത്തീകരിച്ചു.

(p) ബി.സി. റോഡ് ക്വാർട്ടേഴ്സിൽ പുതിയ വാട്ടർ ടാങ്ക് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(q) പോർട്ട് വാർഫിലെ കിണറിന്റെ അറ്റകുറ്റപ്പണികൾ നടത്തി.

(r) 180 മീറ്റർ തുറമുഖ വാർഫിന് പിന്നിലെ യാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്തി.

(s) തുറമുഖ ഗേറ്റ് ഹൗസിന്റെ അറ്റകുറ്റപ്പണികൾ നടത്തി.

(t) ബേപ്പൂർ തുറമുഖത്തെ സീനിയർ പോർട്ട് കൺസർവേറ്റർ ആഫീസിന്റെ നവീകരണ പ്രവൃത്തികൾ നടത്തി.

(u) പോർട്ട് ഓഫീസിന്റെ ചുറ്റുമതിലിന്റെ അറ്റകുറ്റപ്പണികളും കോമ്പൗണ്ടിൽ ഇന്റർലോക്ക് കട്ടകൾ പാകുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു.

(v) വാർഫിൽ പുതിയ ടയർ ഫെൻഡർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(w) തുറമുഖ വാർഫിൽ 100 ടൺ വേബ്രിഡ്ജ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(x) പഴയ വാർഫിന് പിന്നിലെ യാർഡ് കോൺക്രീറ്റിംഗും ഇന്റർലോക്ക് കട്ടകൾ പതിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചു.

(ബി) ബേപ്പൂർ തുറമുഖം വികസിപ്പിക്കുന്നതിന് കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസസ് എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിരുന്നു.

(സി) ബേപ്പൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് 3.83 ഏക്കർ കോവിലകം ഭൂമി നെഗോഷ്യബിൾ പർച്ചേസ് പ്രകാരമാണ് ഏറ്റെടുക്കുന്നത്. ഏറ്റെടുക്കേണ്ടതായ ഭൂമിയുടെ സ്കെച്ച് റവന്യൂ വകുപ്പിന് തുറമുഖ വകുപ്പ് കൈമാറിയിട്ടുണ്ട്. താലൂക്ക് സർവ്വേയർ ഈ ഭൂമിയുടെ അളന്ന് തിട്ടപ്പെടുത്തൽ പ്രക്രിയ ആരംഭിച്ചിട്ടുണ്ട്.

## കാസർഗോഡ് മത്സ്യബന്ധന തുറമുഖം

239 (216) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഉദ്ഘാടനം എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധന തുറമുഖത്തിന്റെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്; ഇത് പൂർത്തീകരിക്കാൻ വൈകിയിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖ നിർമ്മാണം ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. ഫെബ്രുവരി അവസാനത്തോടെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ടി തുറമുഖത്തിലെ പുലിമുട്ടുകൾക്കിടയിലെ വീതി കുറവാണെന്ന് മത്സ്യത്തൊഴിലാളികൾ പരാതിപ്പെട്ടതിനാൽ ടി വിവരം ടി പദ്ധതിയുടെ മാതൃകാപഠനം നടത്തിയ പൂനെയിലെ CWPRS എന്ന സ്ഥാപനത്തെ അറിയിക്കുകയുണ്ടായി. പുലിമുട്ടുകൾക്കിടയിലെ മണ്ണിടിയുന്നതിന്റെ വിശദാംശങ്ങളും വെള്ളത്തിന്റെ ഒഴുക്കും കൃത്യമായ ഇടവേളകളിൽ പരിശോധിക്കാനും CWPRS നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ഡ്രെഡ്ജിംഗ് പ്രവൃത്തി ആരംഭിച്ചിരിക്കുകയാണ്. പുലിമുട്ടുകൾക്കിടയിലെ നിലവിലെ വീതി മൂന്ന് ബോട്ടുകൾക്ക് ഒരേ സമയം പ്രവേശിക്കുന്നതിന് പര്യാപ്തമാണെന്നാണ് CWPRS അറിയിച്ചിരിക്കുന്നത്. എന്നാൽ രണ്ട് പുലിമുട്ടുകളും ദീർഘിപ്പിച്ച് അതിന്റെ അറ്റത്തെ ഗ്യാപ് വർദ്ധിപ്പിച്ചാൽ മാത്രമേ പദ്ധതി കമ്മീഷൻ ചെയ്യാൻ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ അനുവദിക്കുകയുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ., ജില്ലാ കളക്ടർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗങ്ങൾ ചേരുകയും സംയുക്തമായി സ്ഥലം പരിശോധിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ ഇതുസംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ബി) ഇലക്ട്രിഫിക്കേഷനും ഡ്രഡ്ജിംഗുമാണ് ഇപ്പോൾ നടന്നുവരുന്നത്. ടി പ്രവൃത്തികൾ ഈ മാസം പൂർത്തീകരിക്കുന്നതാണ്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

240 (217) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ഇുറമുഖ പദ്ധതി നിർമ്മാണം പൂർത്തിയാകുമ്പോൾ പദ്ധതിയും കരാറും പ്രകാരം സംസ്ഥാന ഖജനാവിൽ നിന്നും ചെലവാകുന്നതായി കണക്കാക്കപ്പെട്ട തുക എത്രയാണ്; പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് വഴി ലഭിക്കുന്ന സഹായം എത്രയായിരിക്കും;

(ബി) പദ്ധതിക്കാവശ്യമായ ഭൂമി, ബന്ധപ്പെട്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, കമ്പനി ചെലവ് തുടങ്ങി പദ്ധതി നിർമ്മാണം പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന മൊത്തം ചെലവ് തുകയും അതിന്റെ ഇരുപത് വർഷം വരെയുള്ള ശരാശരി പലിശ ചെലവും മൊത്തം എത്ര കോടി രൂപയായിരിക്കും എന്ന് പരിശോധിക്കുക യുണ്ടായിട്ടുണ്ടോ; എങ്കിൽ അത് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നിർമ്മാണം പൂർത്തിയാകുമ്പോൾ കരാറുകാരനായ അദാനി ചെലവഴിക്കേണ്ടുന്ന മൊത്തം തുക കരാറനുസരിച്ച് എത്ര കോടിയാണ്;

(ഡി) ഇരുപതാം വർഷം സംസ്ഥാനത്തിന് പദ്ധതിയിൽ നിന്നുള്ള മൊത്തം വരുമാനത്തിന്റെ എത്ര ശതമാനം കിട്ടും; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടിരൂപയാണ്. ഇതിൽ 4089 കോടിരൂപ പി.പി.പി. ഘടകവും 1463 കോടിരൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടിരൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. പി.പി.പി. ഘടകത്തിൽ വി.ജി.എഫ് സ്കീം അനുസരിച്ച് സ്വകാര്യ പങ്കാളിക്ക് 40 ശതമാനം വരെ സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടിരൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30 ശതമാനം സഹായധനം 1226.7 കോടിരൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും 408.3 കോടിരൂപ "O&M Support" ആയി നടത്തിപ്പ് കാലയളവിലും സ്വകാര്യ പങ്കാളിക്ക് നൽകേണ്ടതാണ്. കേന്ദ്ര സർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടിരൂപ ചെലവ് സഹായധനമായി നൽകും. (പി.പി.പി. ഘടകത്തിന്റെ 20 ശതമാനം). സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടിരൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടിരൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10 ശതമാനം) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടിരൂപയാണ് (1463+408.9). സംസ്ഥാന സർക്കാർ നടത്തിപ്പു കാലയളവിൽ 408.3 കോടിരൂപ സഹായധനമായി നൽകും.

സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി നിലവിൽ കണക്കാക്കിയതനുസരിച്ച് 1973 കോടിരൂപ ചെലവ് വഹിക്കും. സ്വകാര്യ പങ്കാളി നിർമ്മാണ കാലയളവിൽ 2862.3 കോടി രൂപ അതായത് ഏതാണ്ട് 51 ശതമാനം തുക പദ്ധതിയുടെ തുടക്കത്തിൽ മുടക്കേണ്ടി വരും. ഇതിൽ കൺസഷനയർ ബാങ്കുമായി ഉണ്ടാക്കുന്ന വായ്പാ കരാറിൽ (Financing Agreement) നിഷ്കർഷിക്കുന്ന വായ്പാ ഓഹരി അനുപാതത്തിന് (Debt Equity) അനുസൃതമായ തുക സ്വന്തം നിലയിൽ (Equity) മുതൽമുടക്കും ബാക്കി തുക വായ്പാ കരാറിന് അനുസൃതമായി ബാങ്ക് കൺസഷനയർക്ക് വായ്പയായി നൽകും (Debt). വിഴിഞ്ഞം തുറമുഖ പദ്ധതിപോലുള്ള ബൃഹത്തായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ പലിശ കണക്കുകളിലൂടെയല്ല സർക്കാർ വിലയിരുത്തുന്നത്. അതിനാൽ പലിശ എത്ര കോടിരൂപ ആയിരിക്കുമെന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടില്ല.

(സി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടിരൂപയാണ്. ഇതിൽ 4089 കോടിരൂപ പി.പി.പി. ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടിരൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. സ്വകാര്യ പങ്കാളി നിർമ്മാണ കാലയളവിൽ 2862.3 കോടിരൂപ (അതായത് ഏതാണ്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ 51 ശതമാനം തുക) പദ്ധതിയുടെ തുടക്കത്തിൽ മുടക്കേണ്ടിവരും. ഇതിൽ കൺസഷനയർ ബാങ്കുമായി ഉണ്ടാക്കുന്ന വായ്പാ കരാറിൽ (Financing Agreement) നിഷ്കർഷിക്കുന്ന വായ്പാ ഓഹരി അനുപാതത്തിന് (Debt Equity) അനുസൃതമായ തുക സ്വന്തം നിലയിൽ (Equity) മുതൽ മുടക്കും ബാക്കി തുക വായ്പാ കരാറിന് അനുസൃതമായി ബാങ്ക് കൺസഷനയർക്ക് വായ്പയായി നൽകും (Debt).

(ഡി) കൺസഷൻ എഗ്രിമെന്റ് പ്രകാരം തുറമുഖം പ്രവർത്തനം തുടങ്ങി 15-ാം വർഷം പൂർത്തിയാകുമ്പോൾ (ഇരുപതാം വർഷത്തെ) ആ വർഷത്തെ വരുമാനത്തിന്റെ ഒരു ശതമാനം സംസ്ഥാന സർക്കാരിന് കൈമാറണമെന്നും തുടർന്ന് ഓരോ വർഷവും ഒരു ശതമാനം വീതം കൂട്ടി പരമാവധി 40 ശതമാനം വരെ വരുമാന വിഹിതം ലഭ്യമാകുന്ന തരത്തിലാണ് റവന്യൂ ഷെയറിംഗ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിനുപുറമേ നടത്തിപ്പുകാരൻ സ്വന്തം ചെലവിൽ ചെയ്യുന്ന തുറമുഖേതര വാണിജ്യ പ്രവർത്തനങ്ങളിൽ നിന്നുമുള്ള വരുമാനത്തിന്റെ 10 ശതമാനം സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനം തുടങ്ങി 7-ാം വർഷം പൂർത്തീകരിക്കുന്നതുമുതൽ നൽകുവാനും വ്യവസ്ഥയുണ്ട്.

## തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ

241 (218) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഹാർബറിൽ നിന്ന് ഡ്രഡ്ജ് ചെയ്തു കിട്ടുന്ന മണ്ണ് ആർക്കാണ് നൽകുന്നത് ; മാനദണ്ഡമെന്താണ്; വിശദമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം 2011-ൽ കമ്മീഷൻ ചെയ്തുവെങ്കിലും ഹാർബർ ബേസിനിൽ മണ്ണടിഞ്ഞുകൂടുന്നത് കാരണം മത്സ്യബന്ധന യാനങ്ങൾക്ക് ഹാർബറിൽ അടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. തുടർച്ചയായി ഡ്രഡ്ജിംഗ് നടത്തിയിട്ടും ഹാർബർ ബേസിനിന്റെ ആഴം നിലനിർത്താൻ സാധിക്കുന്നില്ല. ഇപ്രകാരം ഹാർബർ ബേസിനിലും സമീപ പ്രദേശങ്ങളിലും ക്രമാതീതമായി മണ്ണ് അടിയുന്ന പ്രവണത തടയുന്നതിനായി സെൻട്രൽ വാട്ടർ പവർ റിസർച്ച് സെന്റർ പൂനെ നടത്തിയ മാതൃകാ പഠന റിപ്പോർട്ട് പ്രകാരം 77.72 കോടിരൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തിനും അനുമതിക്കുമായി സമർപ്പിച്ചിട്ടുണ്ട്. ടി പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കുന്ന മുറയ്ക്ക് ഹാർബർ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതാണ്.

(ബി) തോട്ടപ്പള്ളി ഹാർബറിൽ നിന്നും ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണ്ണിൽ ധാതുമണൽ അടങ്ങിയിട്ടുള്ളതിനാൽ അത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.ആർ.ഇ.എൽ., ചവറ-യ്ക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) 348/14/എഫ്.&പി.ഡി. തീയതി 16-5-2014 പ്രകാരം 41,900 ഘനമീറ്റർ മണൽ ക്യൂബിക്ക് മീറ്ററിന് 556 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് 657/15/മതുവ. തീയതി 10-8-2015 പ്രകാരം 72000 ക്യു.മീ. മണ്ണ് ഐ.ആർ.ഇ.എൽ. ചവറയ്ക്ക് ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്. ധാതുമണൽ വേർതിരിച്ചതിനുശേഷം ലഭിക്കുന്ന 20000 ഘനമീറ്റർ വേസ്റ്റ് മണൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള

പുറക്കാട് പഞ്ചായത്ത് ചതുപ്പ് സ്ഥലം മണ്ണിട്ട് നികത്തുന്നതിന് അനുവദിച്ചിട്ടുള്ളതാണ്. പുറക്കാട് വില്ലേജിൽ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട് വിവിധ ക്യാമ്പുകളിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള പുറക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 21-ൽ റീസർവ്വേ 123/2-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് ഭൂമി താമസയോഗ്യമാക്കുന്നതിനാണ് പ്രസ്തുത വേസ്റ്റ് മണ്ണ് ഉപയോഗിക്കുന്നതിന് അനുവദിച്ചിട്ടുള്ളത്. ഐ.ആർ.ഇ.എൽ. ചവറയ്ക്ക് അനുവദിച്ചിട്ടുള്ള 72000 ഘനമീറ്റർ മണ്ണിൽ നിന്നും 20000 ഘനമീറ്റർ വേസ്റ്റ് മണ്ണ് വേർതിരിക്കുന്നതിനാവശ്യമായ മിനറൽ കലർന്ന മണ്ണിന് 556 രൂപ ഘനമീറ്റർ നിരക്കിലും റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലേക്ക് നീക്കം ചെയ്തതിനു ശേഷം ബാക്കി വരുന്ന മിനറൽ കലർന്ന മണ്ണിന് 660 രൂപ നിരക്കിലും വില നൽകി സ്വന്തം ചെലവിൽ ധാതു കലർന്ന മണ്ണ് നീക്കം ചെയ്യുന്നതിനാണ് ഐ.ആർ.ഇ.-എല്ലിനെ അനുവദിച്ചിട്ടുള്ളത്.

## ഹാർബർ എഞ്ചിനീയറിംഗ്

242 (219) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരാ ബഡ്ജറ്റുകളിലൂടെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര ;അവ ഏതൊക്കെയാണ് ; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ് ; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു. ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര ;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വക മാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു ;വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ ഇതുവരെയുള്ള ബഡ്ജറ്റിൽ മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങളും ഇവയിൽ അതത് വർഷം പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | പ്രഖ്യാപനം | പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാത്തവയുടെ വിശദാംശവും എണ്ണവും |
|---|---|---|
| 2011-12 | താനൂരിൽ ഒരു പുതിയ മത്സ്യ ബന്ധന തുറമുഖത്തിന്റെ നിർമ്മാണം ആരംഭിക്കും. | ഈ പ്രഖ്യാപനം 2011-12 വർഷത്തിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. (1 എണ്ണം) |
| 2012-13 | തലായ്, ചേറ്റുവ, മുതലപ്പൊഴി, ചെറുവത്തൂർ, എന്നീ മത്സ്യ ബന്ധന തുറമുഖങ്ങളുടെ നിർമ്മാണം നടപ്പുവർഷം പൂർത്തീകരിക്കും. താനൂരിൽ 20 കോടിരൂപ ചെലവിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം നടപ്പുവർഷം വികസിപ്പിക്കും. | ഇതിൽ തലായ്, ചേറ്റുവ, മുതലപ്പൊഴി, ചെറുവത്തൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം 2012-13 വർഷത്തിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. താനൂരിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി 2012-13 സാമ്പത്തിക വർഷം അവസാനം ഭരണാനുമതി ലഭിച്ച പ്രകാരം 2013-14 വർഷത്തിൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടുള്ളൂ. (5 എണ്ണം) |
| 2013-14 | കേന്ദ്രസഹായത്തോടുകൂടി അർത്തുങ്കൽ, വെള്ളയിൽ, താനൂർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനം നടപ്പുവർഷം ആരംഭിക്കും. പരപ്പനങ്ങാടിയിൽ 65 കോടിരൂപ ചെലവിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കും. | പരപ്പനങ്ങാടിയിൽ 65 കോടിരൂപ ചെലവിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളായ ഇൻവെസ്റ്റിഗേഷൻ, മോഡൽസ്റ്റഡി, പരിസ്ഥിതി ആഘാത പഠനം എന്നിവ മാത്രമാണ് തനത് വർഷം നടപ്പിലാക്കിയിട്ടുള്ളത്. (1 എണ്ണം) |
| 2014-15 | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും മറ്റുമായി ഒരു കോടിരൂപ വകയിരുത്തുന്നതാണ്. | ------ |
| 2015-16 | പ്രഖ്യാപനങ്ങളൊന്നുമില്ല. | ------ |

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ (ഫിഷറീസ് മേഖല, പോർട്ട് മേഖലയ്ക്കായി) വകയിരുത്തിയ പദ്ധതിവിഹിതം സംബന്ധിച്ച വിശദാംശം.

<u>ഫിഷറീസ് മേഖല</u>

(തുക ലക്ഷത്തിൽ)

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവഴിക്കാൻ കഴിയാത്ത തുക | പിൻവലിച്ച തുക ശതമാനം |
|---|---|---|---|---|
| 2011-12 | 4582.03 | 4234.47 | 347.56 | 92.41% |
| 2012-13 | 5933.76 | 3961.97 | 1971.79 | 66.76% |
| 2013-14 | 7046.29 | 5556.71 | 1489.58 | 78.86% |
| 2014-15 | 7662.51 | 5955.73 | 1706.78 | 77.72% |
| 2015-16 (31-12-2015 വരെ) | 7058.00 | 6344.65 | 713.35 | 90% |

<u>തുറമുഖ മേഖല :</u>

(തുക ലക്ഷത്തിൽ)

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ചെലവ് | ചെലവഴിക്കാൻ കഴിയാത്ത തുക | പിൻവലിച്ച തുക ശതമാനം |
|---|---|---|---|---|
| 2011-12 | 2174.40 | 329.26 | 1845.14 | 15.14% |
| 2012-13 | 2280.00 | 371.28 | 1908.72 | 16.28% |
| 2013-14 | 1250.00 | 592.43 | 657.57 | 47.39% |
| 2014-15 | 930.00 | 320.19 | 609.81 | 34.42% |
| 2015-16 (31-12-2015 വരെ) | 1370.00 | 260.66 | 1109.34 | 19% |

ഈ വകുപ്പിൽ ചെലവഴിക്കാൻ കഴിയാത്ത തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്ന രീതിയല്ല, മറിച്ച് റീ-അപ്രോപ്രിയേഷൻ/സറണ്ടർ മുഖാന്തിരം ചെലവഴിക്കാത്ത തുക വകമാറ്റുന്ന രീതിയാണ് അവലംബിക്കുന്നത്.

(സി) 2011-12-ൽ 85.86 ലക്ഷം, 2012-13-ൽ 209 ലക്ഷം, 2013-14-ൽ 298.76 ലക്ഷം, 2014-15-ൽ 97.02 ലക്ഷം രൂപ വീതം റീ-അപ്രോപ്രിയേഷൻ വഴി വക മാറ്റി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ ചെലവഴിച്ചിട്ടുണ്ട്.

## മത്സ്യവിപണനശാലയും മണ്ണെണ്ണ ലഭ്യതയും

243 (220) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യവിപണനശാല നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കുമെന്ന 2014-15 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ;

(ബി) എത്ര തദ്ദേശസ്ഥാപനങ്ങളിൽ പ്രസ്തുത രീതിയിലുള്ള വിപണന ശാലകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിലൂടെ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സബ്സിഡി നിരക്കിൽ മണ്ണെണ്ണയ്ക്ക് അർഹതയുള്ള എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട്; ഇവരിൽ എത്ര പേർക്ക് ഇനിയും സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാനുണ്ട്; വ്യക്തമാക്കാമോ;

(ഇ) ഈ രണ്ട് പദ്ധതികൾക്കുംവേണ്ടി 2014-15-ൽ എത്ര തുക വീതം വകയിരുത്തിയിരുന്നുവെന്നും അനുവദിച്ചിരുന്നുവെന്നും വിശദമാക്കാമോ; തന്നാണ്ടിൽ പിൻവലിക്കാതെ എത്ര തുക വീതം ട്രഷറിയിൽ അവശേഷിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) 2015-16 ബഡ്ജറ്റിൽ പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയതും അനുവദിച്ചതുമായ തുക എത്രയാണ്; ചെലവഴിക്കാതെ ഇപ്പോഴും അവശേഷിക്കുന്ന തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മത്സ്യഫെഡിലൂടെ (മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷൻ) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി 2015 ജൂലൈ മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മത്സ്യഫെഡ് നേരിട്ട് തീരദേശ ജില്ലകളിൽ 12 ബങ്കുകൾ സ്ഥാപിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) 2012-ലെ സംയുക്ത എൻജിൻ പരിശോധനയിൽ അർഹരായ 15278 മത്സ്യത്തൊഴിലാളികളും സബ്സിഡി നിരക്കിലുള്ള വെള്ള മണ്ണെണ്ണയ്ക്ക് അർഹതയുള്ളവരാണ്. എന്നാൽ ഇവരിൽ 13317 പേരാണ് മത്സ്യഫെഡ് വഴിയുള്ള സബ്സിഡി വെള്ള മണ്ണെണ്ണയ്ക്ക് അപേക്ഷിച്ചിട്ടുള്ളതും മത്സ്യഫെഡിന്റെ പെർമിറ്റ് കാർഡ് ലഭ്യമായിട്ടുള്ളതും. 2015-ൽ നടന്ന സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹരായ 20314 പേർക്ക് സബ്സിഡി ഇനത്തിൽ വെള്ള മണ്ണെണ്ണ അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) വെള്ള മണ്ണെണ്ണ സബ്സിഡിക്കും അടിസ്ഥാന വികസനത്തിനുമായി 2014-15-ൽ 15 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3.25 കോടി രൂപ അടിസ്ഥാന വികസനത്തിനും 11.75 കോടിരൂപ സബ്സിഡി നൽകുന്നതിനുമാണ്. തന്നാണ്ടിൽ അനുവദിച്ച തുക മുഴുവൻ പിൻവലിച്ചിട്ടുണ്ട്.

(എഫ്) 2015-16-ൽ പദ്ധതിയുടെ നടത്തിപ്പിനായി പദ്ധതി ഇതരയിനത്തിൽ ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്നു. 2015-16 സാമ്പത്തിക വർഷം 4836 ലക്ഷം രൂപ മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത ഉപധനാഭ്യർത്ഥനയിൽ ടി തുക അനുവദിക്കുന്ന തിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഫിഷ് മെയ്ഡ് കിയോസ്കുകൾ**

244 (221) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം ഉപയോഗിച്ച് മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ എത്ര കിയോസ്കുകൾ സ്ഥാപിക്കുമെന്നായിരുന്നു 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്;

(ബി) ഈ പദ്ധതിയുടെ ലോഞ്ചിങ്ങിനും മറ്റുമായി നാളിത് വരെ എത്ര കോടി രൂപ ചെലവഴിച്ചു; പരസ്യത്തിന് വിവിധ ഘട്ടങ്ങളിൽ ചെലവായ തുക എത്രയായിരുന്നു;

(സി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ എത്ര കിയോസ്കുകൾ പ്രവർത്തിച്ച് വരുന്നു; പിന്നിട്ട വർഷങ്ങളിലെ കിയോസ്കുകൾ വഴിയുള്ള വിറ്റുവരവ് എത്ര കോടിയുടേതാണ്; വിശദമാക്കാമോ;

(ഡി) ഈ പദ്ധതിക്ക് വകയിരുത്തപ്പെട്ട മൊത്തം തുക എത്ര; പിൻവലിച്ച തുക എത്ര?

ഉത്തരം

(എ) മത്സ്യം ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ്മെയ്ഡ് എന്ന ബ്രാൻഡിൽ കേരളത്തിലുടനീളം 100 കിയോസ്കുകൾ സ്ഥാപിക്കുമെന്നായിരുന്നു 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ഒരു കിയോസ്കിന് 3.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പുതിയ ഭരണാനുമതി നൽകിയ ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട്‌ലെറ്റിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ലോഞ്ചിംഗിന് 68,001 രൂപയും പരസ്യത്തിന് 6,49,035 രൂപയും ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാന സർക്കാരിൽ നിന്നും പുതിയ ഭരണാനുമതി നൽകിയ ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട്‌ലെറ്റിൽ ആദ്യത്തെ ഔട്ട്‌ലെറ്റ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു. ഇതുവഴി നാളിതുവരെ 3,68,722 രൂപയുടെ വിറ്റുവരവ് നടന്നിട്ടുണ്ട്. കൂടാതെ വിവിധ ഫെയറുകളിലായി ഫിഷ്മെയ്ഡ് ഉൽപ്പന്നങ്ങളുടെ വിപണനം നടത്തിയ വകയിൽ 13,96,634 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയുടെ അടങ്കൽ തുക 350.00 ലക്ഷം രൂപയാണ്. ഇതിൽ 300 ലക്ഷം രൂപ കേന്ദ്ര വിഹിതവും 35 ലക്ഷം രൂപ സംസ്ഥാന വിഹിതവും 15 ലക്ഷം രൂപ കോർപ്പറേഷൻ വിഹിതവുമാണ്. പ്രസ്തുത പദ്ധതി പ്രായോഗിക മല്ലാത്തതിനാൽ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഫിഷ്മെയ്ഡ് പ്രീമിയം ഔട്ട്‌ലെറ്റ് സ്ഥാപിക്കൽ എന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. ആയതിനാൽ മേൽപ്പറഞ്ഞ പദ്ധതിയിൽ തുകയൊന്നും ചെലവായിട്ടില്ല.

**മറൈൻ ആംബുലൻസുകൾ**

245 (222) ശ്രീ. എ. കെ. ശശീന്ദ്രൻ:

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര വൈദ്യ സഹായം നൽകുന്നതിനായി സർക്കാർ പ്രഖ്യാപിച്ച ആംബുലൻസ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) അതിവേഗത്തിൽ ഓടിക്കാവുന്ന മൂന്ന് മറൈൻ ആംബുലൻസുകൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഈ പ്രഖ്യാപനം എന്നത്തേയ്ക്ക് നടപ്പിൽ വരുത്തുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി 2 കോടി രൂപ നിരക്കിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി തുക വകയിരുത്താത്തതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ അവസാനഘട്ട എസ്.ഡി.ജി.-യിൽ 6 കോടി രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(സി) മറൈൻ ആംബുലൻസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്.

**പഞ്ഞമാസ സമാശ്വാസ പദ്ധതി**

246 (223) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും സംസ്ഥാനത്ത് പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു; ഇവരിൽ ഓരോവർഷവും ഈ ആനുകൂല്യം യഥാസമയം തന്നെ പൂർണ്ണമായും ലഭ്യമാകാത്ത എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു; വ്യക്തമാക്കാമോ;

(ബി) ഇതുവരെ ഏതെല്ലാം വർഷങ്ങളിൽ പഞ്ഞമാസ സമാശ്വാസ പദ്ധതിയിലേക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫണ്ടിലേക്കുള്ള അടുത്ത വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ മത്സ്യത്തൊഴിലാളി പെൻഷൻ വാങ്ങുന്ന എത്ര തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്രതവണ മത്സ്യത്തൊഴിലാളി പെൻഷൻ വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) നിലവിൽ മത്സ്യത്തൊഴിലാളി പെൻഷൻ വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എത്രമാസത്തെ തുകയാണ് കുടിശ്ശികയായിട്ടുള്ളത്; ഇത് എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ജി) 2015-16-ലെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവതികൾക്കും പെൺകുട്ടികൾക്കുമായി പ്രഖ്യാപിച്ച തീര നൈപുണ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഓരോ ജില്ലയിലും എത്ര വീതം യുവതികൾക്കും പെൺകുട്ടികൾക്കും തൊഴിൽ വൈദഗ്ധ്യവും പ്ലെയ്സ്മെന്റും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദവിവരം ചുവടെ ചേർക്കുന്നു:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം പൂർണ്ണമായും ലഭ്യമാകാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2010-11 | 179043 | 3 |
| 2011-12 | 185843 | 810 |
| 2012-13 | 175401 | 472 |
| 2013-14 | 184071 | 521 |
| 2014-15 | 187769 | 485 |

(ബി) കഴിഞ്ഞ വർഷങ്ങളിൽ (2010-11 മുതൽ 2015-16 വരെ) ഗുണഭോക്തൃ വിഹിതം അടച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് എല്ലാം തന്നെ കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിൽ വീഴ്ചയൊന്നും വന്നിട്ടില്ല.

(സി) 2016-17 വർഷം പദ്ധതി തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ വാങ്ങുന്നവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

(1) മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ - 47900

(2) മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ

ഭാര്യമാർക്ക് നൽകുന്ന പെൻഷൻ വിധവ പെൻഷൻ - 9765

(3) അനുബന്ധത്തൊഴിലാളി പെൻഷൻ - 6585

ആകെ പെൻഷണർമാർ 64250

(ഇ) മത്സ്യത്തൊഴിലാളി പെൻഷൻ വർഷത്തിൽ മൂന്ന് തവണ കളിലായിട്ടാണ് വിതരണം ചെയ്യാറുള്ളത്. 2015 ഡിസംബർ മാസം ഉൾപ്പെടെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(എഫ്) നിലവിൽ 2016 ജനുവരി മാസത്തെ പെൻഷൻ മാത്രമേ കുടിശ്ശികയായിട്ടുള്ളൂ. ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ജി) തീരനൈപുണ്യ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ 10 ജില്ലകളിലായി മത്സ്യമേഖലയിലെ യുവതികൾക്ക് തീരനൈപുണ്യ പദ്ധതി പ്രകാരം പരിശീലനം ആരംഭിച്ചിട്ടുണ്ട്. ടി വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 60 |
| 2 | കൊല്ലം | 60 |
| 3 | ആലപ്പുഴ | 60 |
| 4 | എറണാകുളം | 60 |
| 5 | കോട്ടയം | 60 |
| 6 | തൃശ്ശൂർ | 60 |
| 7 | മലപ്പുറം | 60 |
| 8 | കോഴിക്കോട് | 60 |
| 9 | കണ്ണൂർ | 60 |
| 10 | കാസർഗോഡ് | 60 |
| | ആകെ | 600 |

## തിരൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

247 (224) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യബന്ധന/തുറമുഖ വകുപ്പ് തിരുർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെ ; ഓരോ പദ്ധതിയ്ക്കും ഇതേവരെ എന്തു തുക ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധന/തുറമുഖ വകുപ്പ് തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

## അമ്പലപ്പുഴ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

248 (225) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളത്; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തീരദേശ വികസന കോർപ്പറേഷൻ മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്കാണ് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളത്;

(സി) അമ്പലപ്പുഴയ്ക്ക് തീരദേശ വികസന കോർപ്പറേഷന്റെ 5.5 കോടിയുടെ പദ്ധതികൾ എന്ന വിധത്തിലുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തീരദേശ വികസന കോർപ്പറേഷൻ മണ്ഡലത്തിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ മണ്ഡലത്തിലെ എം.എൽ.എ.യെ ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ തീരദേശ വികസന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

സമഗ്ര തീരദേശ വികസന പദ്ധതി, ആലപ്പുഴ

| പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) |
|---|---|
| കുടിവെള്ള പദ്ധതി, തോട്ടപ്പള്ളി | 20.38 |
| കുടിവെള്ള പദ്ധതി, അമ്പലപ്പുഴ സൗത്ത് | 3.25 |
| കുടിവെള്ള പദ്ധതി, അമ്പലപ്പുഴ നോർത്ത് | 5.50 |
| കുടിവെള്ള പദ്ധതി, പുന്നപ്ര സൗത്ത് | 2.9 |
| മൊബൈൽ മാവേലി സ്റ്റോർ, അമ്പലപ്പുഴ | 12.00 |

സമഗ്ര കുടിവെള്ള പദ്ധതി, ആലപ്പുഴ

| പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) |
|---|---|
| കുടിവെള്ള പദ്ധതി, പുറക്കാട്-അമ്പലപ്പുഴ | 217.84 |

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13-പുറക്കാട് മത്സ്യഗ്രാമം

| പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) |
|---|---|
| കുടിവെള്ള പദ്ധതി | 128.25 |
| വ്യക്തിഗത ടോയ്ലെറ്റ് (200 എണ്ണം) | 40.00 |
| വൈദ്യുതീകരണം | 40.38 |

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14-പുന്നപ്ര മത്സ്യഗ്രാമം

| പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) |
|---|---|
| കുടിവെള്ള പദ്ധതി | 93.53 |
| വൈദ്യുതീകരണം | 18.83 |
| ജീവനോപാധി സഹായം | 40.00 |

| നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനപദ്ധതി 2013-14 | |
|---|---|
| പദ്ധതി | അടങ്കൽ തുക (ലക്ഷം രൂപ) |
| സബ്സെന്റർ, പുറക്കാട് | 42.00 |
| അംഗൻവാടി നമ്പർ 72, പുറക്കാട് | 18.50 |
| അംഗൻവാടി നമ്പർ 73, പുറക്കാട് | 18.50 |
| ഫിഷറീസ് സ്റ്റേഷൻ, തോട്ടപ്പള്ളി | 50.00 |

'ഫ്രഷ് ഫിഷ് ടു ആൾ' പദ്ധതിയിൽ ഉൾപ്പെടുത്തി 50000 രൂപ വീതം വില വരുന്ന ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച 2 ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്തു. (ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.)*

(ബി) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി പുറക്കാട് മത്സ്യഗ്രാമത്തിൽ അംഗൻവാടി നമ്പർ 72, അംഗൻവാടി നമ്പർ 73 എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഓരോന്നിനും 18.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) അമ്പലപ്പുഴക്ക് തീരദേശ വികസന കോർപ്പറേഷന്റെ 5.5 കോടി രൂപയുടെ പദ്ധതികൾ എന്ന വിധത്തിലുള്ള പത്രവാർത്തകൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭാവി നടത്തിപ്പും പരിപാലനവും ഉറപ്പു വരുത്തേണ്ടതുള്ളതിനാൽ ഗ്രാമപഞ്ചായത്ത് തലത്തിലാണ് പദ്ധതി രൂപീകരണം സംബന്ധിച്ച തീരുമാനങ്ങൾ സാധാരണ ലഭ്യമാക്കാറുള്ളത്. മണ്ഡലത്തിലെ എം.എൽ.എ.-യെ ഒഴിവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക്**

249 (226) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും എൻ. ഒ .സി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ എൻ. ഒ .സി. ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത ബങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും 8-12-2015-ൽ എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്.

(ബി) ബങ്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള അനുമതി (Initial approval) ചെന്നൈയിലുള്ള പെട്രോളിയം & എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷനിൽ നിന്നും 8-01-2016-ന് ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ 2016 ഫെബ്രുവരി മാസം തുടങ്ങുന്നതാണ്.

**മത്സ്യത്തൊഴിലാളി ഭവന പദ്ധതി**

250 (227) ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ ത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചു നൽകാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി, മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച എണ്ണം |
|---|---|---|
| 1 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - മാതൃകാ മത്സ്യഗ്രാമം യൂണിറ്റ് കോസ്റ്റ് 2.5 ലക്ഷം രൂപ (തെരഞ്ഞെടുത്ത 11 മത്സ്യഗ്രാമങ്ങൾ) | 2106 |
| 2 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - മറ്റ് മത്സ്യഗ്രാമങ്ങൾ- യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപ | 2867 |
| 3 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2012-13 | 800 |
| 4 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2013-14 | 800 |
| 5 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2014-15 | 800 |
| 6 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15 | 1800 |
| 7 | മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന വികസന സൗകര്യവും മാനവശേഷി വികസനവും 2015-16 | 4990 |
| | ആകെ | 14163 |

മേൽപ്പറഞ്ഞത് കൂടാതെ ഫിഷർമെൻ കോളനികളിൽ താമസിക്കുന്നതും എന്നാൽ താമസയോഗ്യമല്ലാത്തതുമായ ഭവനങ്ങളുണ്ടായിരുന്ന 654 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് വീട്ടുനിർമ്മാണത്തിനായി 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു. ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താമസിക്കുന്നതിന് ഫ്ലാറ്റ് നിർമ്മിക്കാനായി 2014-15 സാമ്പത്തികവർഷം 48.75 കോടിരൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി വലിയതുറയിൽ 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഫ്ലാറ്റുകളിൽ 8 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് സ്വന്തമായി സുരക്ഷിത പാർപ്പിട സൗകര്യം ഒരുക്കി, സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ടി പദ്ധതി വഴി സർക്കാർ ലക്ഷ്യമാക്കുന്നത്.

(സി) പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ ഫണ്ട് അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനും അതാത് വർഷം തന്നെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ആവശ്യാനുസരണം യഥാസമയം അനുവദിച്ചുനൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിരീക്ഷണവും നിർദ്ദേശങ്ങളും സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് സ്വന്തമായി സുരക്ഷിത പാർപ്പിട സൗകര്യം ഒരുക്കി, സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ടി പദ്ധതി വഴി സർക്കാർ ലക്ഷ്യമാക്കുന്നത്.

**മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതി**

251 (228) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധന സമയത്ത് ധനസഹായം നൽകുന്ന സമാശ്വാസ പദ്ധതി പ്രകാരമുള്ളതാകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനസഹായം യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമനിധി പെൻഷൻ കുടിശ്ശിക എത്രയാണ്; ഈ ക്ഷേമനിധി പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തതിന് എന്താണ് കാരണമെന്ന് അറിയിക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ സഹായം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എന്താണ് കാരണം;

(ഡി) മേൽ പരാമർശിച്ചതുൾപ്പടെയുള്ള മത്സ്യത്തൊഴിലാളികൾക്കുള്ള എല്ലാ പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

<u>ഉത്തരം</u>

(എ) സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസക്കാലയളവായ മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലുമാണ് തുക വിതരണം ചെയ്യുന്നത്. 2015-16 വർഷത്തിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ഗുണഭോക്തൃ വിഹിതമായ 900 രൂപ മേയ് മാസത്തിലും ഗവൺമെന്റ് വിഹിതം ഒന്നാം ഗഡു തുകയായ 900 രൂപ ജൂൺ മാസത്തിലും രണ്ടാംഗഡു തുകയായ 900 രൂപ

സെപ്റ്റംബർ മാസത്തിലും വിതരണം ചെയ്തിട്ടുണ്ട്. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ മാസത്തിൽ നൽകേണ്ടതായ അവസാന ഗഡു നൽകുന്നതിന് ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 8.82 കോടിരൂപ അനുവദിക്കുകയും ആയത് സെപ്റ്റംബർ മാസം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷനായി തുക ലഭിച്ചത് 2015 ആഗസ്റ്റ് മാസം 24-ന് ആയതിനാലാണ് ജൂലൈ മാസം വിതരണം ചെയ്യേണ്ട തുക സെപ്റ്റംബർ ആദ്യവാരം വിതരണം ചെയ്യേണ്ടിവന്നത്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗുണഭോക്തൃ വിഹിതമായ 900 രൂപ ആഗസ്റ്റ് മാസത്തിലും ഗവൺമെന്റ് വിഹിതം ഒന്നും രണ്ടും ഗഡുക്കൾ സെപ്റ്റംബർ മാസത്തിലും നൽകിയിട്ടുണ്ട്.

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന മത്സ്യത്തൊഴിലാളി പെൻഷൻ, മരണപ്പെട്ട മത്സ്യ തൊഴിലാളികളുടെ ഭാര്യമാർക്കുള്ള വിധവാ പെൻഷൻ, അനുബന്ധത്തൊഴിലാളി പെൻഷൻ എന്നിവ 2015 ഡിസംബർ മാസംവരെ വിതരണം ചെയ്തിട്ടുണ്ട്. 2016 ജനുവരി മാസത്തെ പെൻഷനാണ് കുടിശ്ശികയായിട്ടുള്ളത്.

(സി) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത ബോട്ടിലെ തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ, ഹാർബറുകളിലെ തൊഴിലാളികൾ എന്നിവർക്ക് ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യ തൊഴിലാളികൾക്ക് ഒരു രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതി സിവിൽ സപ്ലൈസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ഡി) എല്ലാ ക്ഷേമപദ്ധതികളും കാലതാമസം കൂടാതെ, ധനസഹായം അർഹരായവരുടെ കൈകളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമപദ്ധതികളായ പെൻഷൻ, സമ്പാദ്യ സമാശ്വാസ പദ്ധതി, തണൽ എന്നിവയുടെ ആനുകൂല്യം ഡയറക്ട് ബെനിഫിഷറി ട്രാൻസ്ഫർ (DBT) മുഖാന്തരമാണ് ഗുണഭോക്താക്കൾക്ക് നൽകിവരുന്നത്.

## മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസ സമാശ്വാസ പദ്ധതി

252 (229) ശ്രീ. എ. കെ. ശശീന്ദ്രൻ:

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന, പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകാറുള്ള 2700 രൂപ പകുതിയിലേറെപ്പേർക്കും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരം തൊഴിലാളികളുടെ വിഹിതം കഴിഞ്ഞകൊല്ലം തന്നെ അടച്ചെങ്കിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവരുടെ വിഹിതം മുടക്കിയതിനാൽ തൊഴിലാളികളുടെ പഞ്ഞമാസ സമാശ്വാസ പദ്ധതി മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത പദ്ധതി മുടങ്ങിയതിനാൽ മത്സ്യത്തൊഴിലാളികളുടെ പെൻഷൻ, തണൽ പദ്ധതി, അംഗത്വ അംശദായപിരിവ്, ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവയും മുടങ്ങിയത് ശ്രദ്ധ്യയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഹിതം മുടക്കിയിട്ടില്ല. സമ്പാദ്യ സമാശ്വാസ പദ്ധതി 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാന ഗവൺമെന്റിൽ നിന്നും തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം കേന്ദ്ര സർക്കാരിന്റെ വിഹിതം റീഇംബേഴ്സ്മെന്റായിട്ടാണ് ലഭിക്കുന്നത്.

2015-16 വർഷത്തിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ, സെപ്റ്റംബർ മാസങ്ങളിലായും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലുമായി സമ്പാദ്യ സമാശ്വാസ തുക വിതരണം ചെയ്തിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അനുബന്ധത്തൊഴിലാളി പെൻഷൻ എന്നിവ 2015 ഡിസംബർ മാസത്തേത് ഉൾപ്പെടെ വിതരണം ചെയ്തുകഴിഞ്ഞു.

മത്സ്യബോർഡ് മുഖേന നൽകുന്ന തണൽ പദ്ധതി പ്രകാരമുള്ള 1350 രൂപയുടെ ധനസഹായം ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് അവരവരുടെ അക്കൗണ്ടിലേയ്ക്ക് ബാങ്ക് മുഖേന നേരിട്ട് വിതരണം ചെയ്തുവരുന്നു. 2015-16 സാമ്പത്തിക വർഷങ്ങളിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും അനുബന്ധത്തൊഴിലാളികളിൽ നിന്നും അംഗത്വ അംശദായ പിരിവ് യഥാസമയം പിരിച്ചുവരുന്നുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് 2405-00-800-92-12 (എൻ.പി.) ശീർഷകത്തിൽ 10 കോടിരൂപ വകയിരുത്തിയിരുന്നു. ഈ തുക അപര്യാപ്തമായതിനാൽ 15.40 കോടിരൂപ അധികമായി അനുവദിച്ചുനൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് വൈദ്യസഹായം

253 (230) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് കടലിൽവെച്ചുണ്ടാകുന്ന അപകടങ്ങളിൽ ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ വൈദ്യസഹായം നൽകുന്നതിന് മറൈൻ ആംബുലൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്;

(സി) പദ്ധതി നടത്തിപ്പിന്റെ കാലതാമസം ഒഴിവാക്കി അടിയന്തരമായി മറൈൻ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തീരദേശ നിയോജക മണ്ഡലമായ വള്ളിക്കുന്നിൽ പ്രസ്തുത സേവനം ലഭ്യമാക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി 2 കോടി രൂപ നിരക്കിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി തുക വകയിരുത്താത്തതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ അവസാനഘട്ട എസ്.ഡി.ജി.-യിൽ 6 കോടി രൂപ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(സി) മറൈൻ ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്.

(ഡി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലായിട്ടാണ് മറൈൻ ആംബുലൻസിന്റെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്.

## റൺവേ നിർമ്മാണം

254 (231) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ നിർമ്മാണം പൂർത്തീകരിച്ചു കൊണ്ട് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന ഏജൻസി കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയുണ്ടായോ; പ്രസ്തുത കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ബി) കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേയിൽ വിമാനം ഇറക്കുന്നതിന് അനുമതിയാവശ്യപ്പെട്ട് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ എന്നാണ് കത്തെഴുതിയത്; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സംസ്ഥാന സർക്കാർ അഭ്യർത്ഥന പ്രകാരം കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം അധികൃതർ കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ നിർമ്മാണം വിലയിരുത്താൻ എത്തുകയുണ്ടായോ;

(ഡി) റൺവേ കമ്മീഷൻ ചെയ്യുന്നതിന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം അനുമതി നൽകുകയുണ്ടായോ; പ്രസ്തുത അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ നിർമ്മാണം 2400 മീറ്റർ പൂർത്തീകരിച്ചു. 3050 മീറ്റർ പൂർത്തീകരിച്ചതിനുശേഷം മാത്രമേ കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുകയുള്ളൂ.

(ബി) കണ്ണൂർ വിമാനത്താവളത്തിൽ പരീക്ഷണപ്പറക്കൽ നടത്തുന്നതിനു വേണ്ടിയുള്ള അനുമതിക്കായി 28-11-2015-ൽ കത്തെഴുതിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ ഉദ്യോഗസ്ഥൻ 30-1-2016-ന് പരീക്ഷണപ്പറക്കലിന് വേണ്ടിയുള്ള 1540 മീറ്റർ റൺവെയുടെയും അനുബന്ധപണികളുടെയും പരിശോധന നടത്തി.

(ഡി) പണി പൂർത്തിയാക്കുന്ന മുറയ്ക്ക് എയർപോർട്ട് കമ്മീഷൻ ചെയ്യുന്നതിന് അനുമതിക്ക് അപേക്ഷിക്കും. പരീക്ഷണപ്പറക്കലിനാണ് അപേക്ഷിച്ചത്. അതിനുവേണ്ടി ഡി.ജി.സി.എ. ഉദ്യോഗസ്ഥൻ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധന കഴിഞ്ഞ സ്ഥിതിക്ക് പരീക്ഷണപ്പറക്കലിന്റെ അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റൺവേയുടെ അറ്റകുറ്റപ്പണികൾ

255 (232) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിലെ റൺവേയുടെ അറ്റകുറ്റപ്പണികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) അറ്റകുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(സി) വിമാന സർവ്വീസുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും വലിയ വിമാനങ്ങൾക്ക് ഇറങ്ങാൻ കഴിയുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 26 ശതമാനം പുരോഗതി ലക്ഷ്യമിട്ട സ്ഥലത്ത് അറ്റകുറ്റപ്പണികൾ 27 ശതമാനം ചെയ്തുതീർത്തു.

(ബി) അറ്റകുറ്റപ്പണികളുടെ കരാർ തീയതി ഫെബ്രുവരി 2017 ആണ്. കാലാവസ്ഥ ഡി.ജി.സി.എ.-യുടെ സുരക്ഷാ അനുമതി മുതലായവ അനുകൂലമാണെങ്കിൽ അറ്റകുറ്റപ്പണി 2016 നവംബറിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) Code E Operations തുടങ്ങാൻ വേണ്ടിയുള്ള നിയമാനുസൃതമായ ആവശ്യങ്ങൾ കണക്കിലെടുത്ത് ആവശ്യമായ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് ഒരു വിഭാഗം സ്ഥലം ഉടമകൾ എതിർപ്പ് പ്രകടിപ്പിക്കുന്ന സാഹചര്യത്തിൽ ചർച്ചകളിലൂടെ പ്രശ്നം പരിഹരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കണ്ണൂർ വിമാനത്താവള നിർമ്മാണം

256 (233) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്നതും പൂർത്തീകരിക്കേണ്ടിയിരുന്നതുമായ ടാക്സി ട്രാക്ക് നിർമ്മാണം, പാരലൽ ടാക്സി അപ്രോച്ച്റോഡ് നിർമ്മാണം, ഇന്റേണൽ റോഡ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, ഓപ്പറേഷണൽ വാൾ നിർമ്മാണം, സ്റ്റോം വാട്ടർ ഡ്രെയിൻ, കാർ പാർക്കിംഗ്, റൺവെ ലൈറ്റിംഗ്, നാവിഗേഷണൽ ബിൽഡിംഗ്, അപ്രോച്ച് ലൈറ്റ്, ടെർമിനൽ ബിൽഡിംഗ്, കൺട്രോൾ ടവർ, ടെക്നിക്കൽ ബ്ലോക്ക് എന്നീ പ്രവൃത്തികൾ എപ്പോൾ ആരംഭിച്ചുവെന്നും ഇപ്പോൾ ഓരോ പ്രവൃത്തിയും ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കണ്ണൂർ വിമാനത്താവള നിർമ്മാണ പ്രവൃത്തികളുടെ ഇനവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തി തുടങ്ങിയത് | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| 1 | ടാക്സി ട്രാക്ക് | സെപ്റ്റംബർ 2015 | 60% |
| 2 | പാരലൽ ടാക്സിവേ | സെപ്റ്റംബർ2015 | 55% |
| 3 | അപ്രോച്ച് റോഡ് | മാർച്ച് 2015 | 30% |
| 4 | ഇന്റേണൽ റോഡ് | ജനുവരി 2015 | 5% |
| 5 | പ്രോപ്പർട്ടി ബൗണ്ടറിവാൾ | ഫെബ്രുവരി 2014 | 62% |
| 6 | ഓപ്പറേഷൻ ബൗണ്ടറിവാൾ | സെപ്റ്റംബർ 2015 | 12% |
| 7 | സ്റ്റോം വാട്ടർ ഡ്രെയിൻ | ജൂൺ 2015 | 20% |
| 8 | കാർ പാർക്കിംഗ് | നവംബർ 2015 | 5% |
| 9 | റൺവെ ലൈറ്റിംഗ് | സെപ്റ്റംബർ 2015 | 10% |
| 10 | നാവിഗേഷൻ ഉപകരണ ബിൽഡിംഗ് | ജനുവരി 2016 | 5% |
| 11 | അപ്രോച്ച് ലൈറ്റ് | ജനുവരി 2016 | 5% |
| 12 | ടെർമിനൽ ബിൽഡിംഗ് | 16-08-2014 | 62% |
| 13 | കൺട്രോൾ ടവർ & ടെക്നിക്കൽ ബ്ലോക്ക് | 16-08-2014 | 80% |

**കണ്ണൂർ വിമാനത്താവള നിർമ്മാണം**

257 (234) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) അനുസരിച്ച് നിശ്ചയിച്ച് അംഗീകരിച്ച റൺവെയുടെ ദൈർഘ്യം എത്രയായിരുന്നു;

(ബി) ഇപ്പോൾ പൂർത്തിയായി വരുന്ന റൺവെയുടെ ദൈർഘ്യം എത്രയാണ്;

(സി) കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് അംഗീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം അംഗീകരിച്ചതു പ്രകാരമുള്ള റൺവെയുടെ ദൈർഘ്യം കുറക്കാനിടയായ സാഹചര്യമെന്താണെന്നു വിശദമാക്കമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനുള്ള ഡി.പി.ആർ. അനുസരിച്ച് റൺവേയുടെ നീളം ഒന്നംഘട്ടത്തിൽ 3050 മീറ്ററും രണ്ടാംഘട്ടത്തിൽ 3400 മീറ്ററുമാണ്.

(ബി) ഇപ്പോൾ പൂർത്തിയായി വരുന്ന റൺവേയുടെ ദൈർഘ്യം 3050 മീറ്ററാണ്.

(സി) ഡി.പി.ആർ.-ന് ഡി.ജി.സി.എ.-യുടെ അനുമതി ആവശ്യമില്ല. എയർപോർട്ടിന്റെ മാസ്റ്റർ പ്ലാനും ഡി.പി.ആറും ഡി.ജി.സി.എ.-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഡി.ജി.സി.എ.-യ്ക്ക് സമർപ്പിച്ച മാസ്റ്റർ പ്ലാനിൽ കാണിച്ചിരിക്കുന്ന റൺവേ നീളത്തിൽ കുറവ് വരുത്തിയിട്ടില്ല.

## കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് കോസ്റ്റ്

258 (235) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് കോസ്റ്റ് മൊത്തം എത്ര കോടിയെന്നും ഭൂമിക്ക വേണ്ടിവരുന്ന തുക എത്രയെന്നും; എത്ര ഭൂമി ഇതിനകം അക്വയർ ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) റൺവേയുടേയും എയർസൈഡ് വർക്കിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) പാസഞ്ചർ ടെർമിനലിന്റെ എസ്റ്റിമേറ്റ് തുക, എസ്റ്റിമേറ്റ് ചെയ്ത റൺവേയുടെ നീളം, നിലവിലുള്ള നീളം എന്നിവ എത്രയെന്നും റൺവേയുടെ എത്ര ശതമാനം വർക്ക് പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) എയർപോർട്ട് പദ്ധതിക്ക് ഭൂമി ഉൾപ്പെടെ ഇതിനകം സർക്കാർ ഖജനാവിൽ നിന്നും ഓരോ വർഷവും ചെലവഴിച്ച തുക എത്ര കോടി വീതമാണ്;

(ഇ) നിർദ്ദിഷ്ട എയർപോർട്ടിന്റെ വിഭാവനം ചെയ്തിട്ടുള്ള പൂർണ്ണ നിലയിലുള്ള മൊത്തം നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(എഫ്) പദ്ധതി റിപ്പോർട്ട് പ്രകാരം, എയർപോർട്ട് കമ്മീഷൻ ചെയ്തതിന് ശേഷം ഓരോ വർഷവും പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം സംബന്ധിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ എയർപോർട്ടിന്റെ നിർമ്മാണത്തിനായി പ്രതീക്ഷിക്കുന്ന പ്രോജക്ട് കോസ്റ്റ് മൊത്തം 1892 കോടിരൂപയാണ്. കണ്ണൂർ എയർപോർട്ടിന്റെ ഭൂമിക്ക് വേണ്ടിവരുന്ന തുക 690.09 കോടിരൂപയാണ്. ഇതുവരെയായി 1888 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(ബി) എയർസൈഡ് വർക്ക് അതായത് റൺവേ, ഏപ്രൺ മുതലായവയുടെ എസ്റ്റിമേറ്റ് 700 കോടിരൂപയാണ്.

(സി) പാസഞ്ചർ ടെർമിനൽ ബിൽഡിംഗിന്റെ എസ്റ്റിമേറ്റ് 450 കോടിരൂപയും എസ്റ്റിമേറ്റ് ചെയ്ത റൺവേയുടെ നീളം 3050 മീറ്ററും ആണ്. റൺവേയുടെ നിർമ്മാണം 75 ശതമാനം പൂർത്തിയായി. 3400 മീറ്ററായി വർദ്ധിപ്പിക്കുവാനുള്ള സ്ഥലമേറ്റെടുക്കൽ നടപടി നടന്നുവരുന്നു.

(ഡി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ചെലവാക്കിയ തുക

| | |
|---|---|
| 2007-08 | 500.00 ലക്ഷം രൂപ |
| 2010-11 | 1500.00 ലക്ഷം രൂപ |
| 2011-12 | 7281.00 ലക്ഷം രൂപ |
| 2012-13 | 5746.00 ലക്ഷം രൂപ |
| 2013-14 | 20802.02 ലക്ഷം രൂപ |
| 2014-15 | 1044.00 ലക്ഷം രൂപ |
| 2015-16 | 5980.04 ലക്ഷം രൂപ |

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിക്ക് നൽകിയ തുക

2010-11 34.06 കോടി രൂപ

(ഇ) 2016 സെപ്റ്റംബറിൽ എയർപോർട്ടിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനമാരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(എഫ്)

| | | |
|---|---|---|
| 2016-17 | സാമ്പത്തിക വർഷം | 155.60 കോടിരൂപ |
| 2017-18 | സാമ്പത്തിക വർഷം | 177.80 കോടിരൂപ |
| 2018-19 | സാമ്പത്തിക വർഷം | 202.70 കോടിരൂപ |
| 2019-20 | സാമ്പത്തിക വർഷം | 230.70 കോടിരൂപ |
| 2020-21 | സാമ്പത്തിക വർഷം | 274.50 കോടിരൂപ |
| 2021-22 | സാമ്പത്തിക വർഷം | 311.90 കോടിരൂപ |
| 2022-23 | സാമ്പത്തിക വർഷം | 352.00 കോടിരൂപ |
| 2023-24 | സാമ്പത്തിക വർഷം | 397.50 കോടിരൂപ |
| 2024-25 | സാമ്പത്തിക വർഷം | 446.70 കോടിരൂപ |
| 2025-26 | സാമ്പത്തിക വർഷം | 518.60 കോടിരൂപ |
| 2026-27 | സാമ്പത്തിക വർഷം | 587.80 കോടിരൂപ |
| 2027-28 | സാമ്പത്തിക വർഷം | 663.80 കോടിരൂപ |

## കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണം

259 (236) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ വിമാനത്താവളത്തിന്റെ പാസഞ്ചർ ടെർമിനൽ, റൺവേ, ഏപ്രൺ , എയർ ട്രാഫിക് കൺട്രോൾ എന്നിവയുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവയുടെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്നും അറിയിക്കുമോ?

ഉത്തരം

പാസഞ്ചർ ടെർമിനൽ ബിൽഡിംഗ്, എയർ ട്രാഫിക് എന്നിവ ഉൾപ്പെടുന്ന പ്രവൃത്തിയുടെ 498 കോടിരൂപയുടെള്ള കരാർ എൽ&ടി ബിൽഡിംഗ് ഡിവിഷന് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 62 ശതമാനം പൂർത്തിയായി. 2016 സെപ്റ്റംബറിൽ പണി പൂർത്തീകരിക്കത്തക്ക രീതിയിൽ നിർമ്മാണം പുരോഗമിക്കുന്നു. റൺവേ, ഏപ്രൺ എന്നിവയുൾപ്പെട്ട ഇ.പി.സി.-1 പ്രവൃത്തി എൽ&ടി-ക്ക് (ഇൻഫ്രാസ്ട്രക്ചർ)ക്ക് 694 കോടിരൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 75 ശതമാനം പൂർത്തിയായി. 2016 സെപ്റ്റംബറിൽ പണി പൂർത്തീകരിക്കത്തക്ക രീതിയിൽ പ്രവൃത്തി പുരോഗമിക്കുന്നു.

## കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ

260 (237) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ അപ്രോപ്രിയേഷൻ വഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് കേരളാ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ ഒന്നും അതത് വർഷം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷവും അനുവദിച്ച പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

<u>2011-12:</u>

1. <u>ഒരു 500 ടൺ പെട്രോളിയം ടാങ്കർ ബാർജിന്റെ നിർമ്മാണം</u>: അടങ്കൽ തുക 500 ലക്ഷം രൂപ. ബഡ്ജറ്റിൽ അനുവദിച്ചത് 300 ലക്ഷം രൂപ. ബാർജിന്റെ നിർമ്മാണം പൂർത്തിയാക്കിയത് 2013 നവംബർ മാസം. ചെലവായ തുക - 552 ലക്ഷം രൂപ.
2. <u>ഒരു റോ റോ ബാർജിന്റെ നിർമ്മാണം</u> : അടങ്കൽ തുക 500 ലക്ഷം രൂപ. ബഡ്ജറ്റിൽ അനുവദിച്ചത് 300 ലക്ഷം രൂപ. പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2012-13:

1. കടൽ യാത്രയ്ക്ക് ഉതകുന്ന പെട്രോളിയം ടാങ്കർ ബാർജ് 1000 ടൺ കപ്പാസിറ്റിയുള്ളത്: അടങ്കൽ തുക 800 ലക്ഷം രൂപ.അനുവദിച്ചത് 600 ലക്ഷം രൂപ. ഇതിന്റെ നിർമ്മാണത്തിന് മൂന്നുതവണ ടെണ്ടർ ചെയ്തു. തുകകൂടുതലായതിനാൽ ഉറപ്പിക്കാൻ കഴിഞ്ഞില്ല. ഏറ്റവും കുറഞ്ഞ ടെണ്ടർ തുകയായ 1534 ലക്ഷം രൂപയായി അടങ്കൽതുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

2. ഒരു കണ്ടെയ്നർ ബാർജിന്റെ നിർമ്മാണം: അടങ്കൽ തുക 650 ലക്ഷം രൂപ. അനുവദിച്ചത് 600 ലക്ഷം രൂപ. 2011-12 വർഷത്തെ തുകയും മറ്റും കൂട്ടിച്ചേർത്ത് കടൽയാത്രയ്ക്ക് ഉതകുന്ന തരത്തിലുള്ള കണ്ടെയ്നർ ബാർജ് (മൊത്തം ചെലവ് 1642 ലക്ഷം രൂപ) നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

2013-14:

1. ഫാസ്റ്റ് ഫെറി ബോട്ടുകൾ: അടങ്കൽ തുക 500 ലക്ഷം രൂപ. ബഡ്ജറ്റിൽ അനുവദിച്ചത് 250 ലക്ഷം രൂപ. കൊച്ചിയിൽ ആധുനിക രീതിയിലുള്ളതും വേഗതയുള്ളതുമായ ഫെറി ബോട്ടുകൾ സർവ്വീസിനിറക്കുന്നതിനുള്ള പദ്ധതിയായിരുന്നു. ബോട്ടുകളുടെ ഡിസൈൻതയ്യാറാക്കുന്നതിലും മാതൃക പരീക്ഷിക്കുന്നതിലും കാലതാമസം വന്നു. ഇത്തരം രണ്ട് ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള പണികൾ പുരോഗമിക്കുന്നു. 2016 ആഗസ്റ്റ്-നവംബർ മാസത്തോടെ രണ്ടു ബോട്ടുകളും സർവ്വീസിനിറക്കാം എന്ന് പ്രതീക്ഷിക്കുന്നു.
2. 200 യാത്രക്കാരെ വഹിക്കാവുന്ന കടൽ യാത്രയ്ക്കുതകുന്ന ടൂറിസ്റ്റ് വാഹനം : അടങ്കൽ തുക 1400 ലക്ഷം രൂപ. അനുവദിച്ചത് 850 ലക്ഷം രൂപ. 2014 സെപ്റ്റംബർ മാസം കീലിട്ട് നിർമ്മാണം തുടങ്ങിയെങ്കിലും തുടർനിർമ്മാണം നടക്കാത്തതിനാൽ പ്രസ്തുതവർക്ക് ക്യാൻസൽ ചെയ്ത് പുതിയ ടെണ്ടർ വിളിച്ച് ഗോവയിലുള്ള വിജയ്മറീൻ എന്നകമ്പനിക്ക് പണി നൽകി. ഇപ്പോൾ അതിന്റെ ഡിസൈൻ പണികൾ നടന്നു വരികയാണ്.

3. ഫെറി ടെർമിനലിന്റെ പുനർനിർമ്മാണം: അടങ്കൽ തുക 150 ലക്ഷം രൂപ. അനുവദിച്ചത് 100 ലക്ഷം രൂപ. കൊച്ചിയിൽ ഹൈക്കോടതിക്ക് സമീപമുള്ള കമ്പനിയുടെ ബോട്ട് ജെട്ടി പുനർ നിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കൊച്ചി കോർപ്പറേഷന്റെ കെട്ടിടനിർമ്മാണാനുമതിയും തീരസംരക്ഷണ നിയമപ്രകാരമുള്ള അനുമതിയും വൈകിയതിനാൽ പദ്ധതി നടത്തിപ്പ് വൈകി. ഇപ്പോൾ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി വർക്ക് ഓർഡർ നൽകാവുന്ന സ്ഥിതിയിലാണ്.

2014-15:

1. LNG ബാർജിന്റെ നിർമ്മാണം: അടങ്കൽ തുക 60 കോടിരൂപ. ബഡ്ജറ്റിൽ വകയിരുത്തിയത് 2.00 കോടിരൂപ. ഇതു സംബന്ധിച്ച് നടത്തിയ വിശദമായ പഠനത്തിൽ ഇത് ലാഭകരമാവില്ല എന്ന് കണ്ടതിനാൽ പദ്ധതി ഉപേക്ഷിച്ചു.
2. ഡ്രൈഡോക്കിന്റെ നിർമ്മാണം : അടങ്കൽ തുക 20 കോടിരൂപ. ബഡ്ജറ്റിൽ വകയിരുത്തിയത് 10 കോടിരൂപ. കൊടുങ്ങല്ലൂരിൽ ഈ ഡ്രൈഡോക്ക് സ്ഥാപിക്കാനായിരുന്നു പദ്ധതി. എന്നാൽ ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയ "കിറ്റ്കോ" ഈ സ്ഥലം അനുയോജ്യമല്ല എന്നും പദ്ധതി ലാഭകരമാകില്ലെന്നും കണ്ടെത്തിയതിനാൽ ഇത് ഉപേക്ഷിച്ചു.

2015-16:

1. ഡ്രൈഡോക്കിന്റെ നിർമ്മാണം: അടങ്കൽ തുക 20 കോടിരൂപ. വകയിരുത്തിയത് 5 കോടിരൂപ. കൊടുങ്ങല്ലൂരിലെ ഡ്രൈഡോക്ക് ലാഭകരമാവില്ല എന്ന് കണ്ടതിനുശേഷം ഹൗസ് ബോട്ടുകളുടെ റിപ്പയറിംഗിനായി ആലപ്പുഴ കുമരകം ഭാഗത്ത് ഒരുഡ്രൈഡോക്ക് സ്ഥാപിക്കുന്നതിന് പദ്ധതിയിട്ടു. അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അത് ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.
2. 500 ടൺ ശേഷിയുള്ള ബൾക്ക് ബാർജിന്റെ നിർമ്മാണം: അടങ്കൽ തുക 500 ലക്ഷം രൂപ. ബഡ്ജറ്റിൽ വകയിരുത്തിയത് 500 ലക്ഷം രൂപ. ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ പണികൾ പുരോഗമിക്കുന്നു.
3. ക്രൂയിസ് വെസ്സലിന്റെ നിർമ്മാണം : 2012-14-ൽ ഭരണാനുമതി നൽകിയപദ്ധതിക്ക് രണ്ടുകോടിരൂപ കൂടി വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 2011-12-ൽ ആകെ 600 ലക്ഷം രൂപ വകയിരുത്തിയതിൽ തൻവർഷം ഒന്നും ചെലവാക്കിയില്ല. തുടർ വർഷങ്ങളിൽ 559 ലക്ഷം രൂപ ചെലവാക്കി. 41 ലക്ഷം രൂപ ചെലവാക്കാൻ ഉണ്ട്. ചെലവഴിച്ച ശതമാനം 93.17 ശതമാനമ്പർ 2012-13-ൽ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയതിൽ തൻവർഷം ഒന്നും ചെലവാക്കിയില്ല. തുടർ വർഷങ്ങളിൽ 3 ലക്ഷം രൂപ ചെലവാക്കി. 1197 ലക്ഷം രൂപ ചെലവാക്കാൻ ഉണ്ട്. 2013-14-ൽ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയതിൽ തൻവർഷം ഒന്നും ചെലവാക്കിയില്ല. തുടർ വർഷങ്ങളിൽ 118 ലക്ഷം രൂപ ചെലവാക്കി. 1082 ലക്ഷം രൂപ ചെലവാക്കാൻ ഉണ്ട്. ചെലവഴിച്ച ശതമാനം 9.83 ശതമാനമ്പർ 2014-15-ൽ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ടി തുക സർക്കാരിൽ നിന്നും കമ്പനി വാങ്ങുകയുണ്ടായില്ല. 2015-16-ൽ ആകെ 1200 ലക്ഷം രൂപ വകയിരുത്തിയെങ്കിലും ഇതുവരെ തുകയൊന്നും കമ്പനി വാങ്ങിയിട്ടില്ല. ഇപ്രകാരം മൊത്തം 30 കോടിരൂപ കൈപ്പറ്റിയതിൽ 6.80 കോടിരൂപ ചെലവാക്കി. അതായത് 22.67 ശതമാനമ്പർ ബാക്കി 23.20 കോടിരൂപ ട്രഷറിയിൽ ഉണ്ട്. വർക്ക് ഓർഡർ നൽകി നടന്നുവരുന്ന പണികൾക്ക് 820 ലക്ഷം രൂപ ആവശ്യമായിവരും.

(സി) തുകകൾ ഒന്നും വക മാറ്റി ചെലവഴിച്ചിട്ടില്ല.

**തീരദേശ കപ്പൽ ഗതാഗത പദ്ധതി**

261 (238) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗതം നടപ്പാക്കുവാൻ പദ്ധതി രൂപികരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റോഡ് മാർഗ്ഗവും റെയിൽ മാർഗ്ഗവുമുള്ള ചരക്കുനീക്കം കടൽ മാർഗ്ഗത്തിലൂടെ കേരളത്തിലെ ചെറുകിട തുറമുഖങ്ങൾ വഴി തിരിച്ച് വിടുന്നതിനാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതി വിഭാവനം ചെയ്യുന്നത്. ചരക്കുഗതാഗതത്തിന്റെ 15 ശതമാനം 2015-ഓടുകൂടിയും 40 ശതമാനം 2020-ഓടെയും 50 ശതമാനം 2030-ഓടുകൂടിയും തീരദേശക്കപ്പൽ ഗതാഗതം വഴി ഉയർത്താനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഡിലോയിറ്റ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ കർമ്മ പദ്ധതി സർക്കാർ അംഗീകരിക്കുകയും പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം തുറമുഖത്ത് 09-11-2013-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നടത്തുകയും ചെയ്തു. ആദ്യഘട്ടത്തിൽ കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ കൂടിയാണ് ചരക്കുഗതാഗതം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഈ പദ്ധതി വടക്കൻ കേരളത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 30-10-2014-ന് അഴീക്കൽ പോർട്ടിലും കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായുള്ള കണ്ടെയ്നർ ചരക്കുകളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. ഘട്ടംഘട്ടമായി ഈ പദ്ധതി ബേപ്പൂർ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ തുറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തീരദേശ ചരക്കു ഗതാഗതത്തിന് ഉതകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. തീരദേശക്കപ്പൽ ഗതാഗത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ തുറമുഖങ്ങളിലും അടിസ്ഥാന സൗകര്യവികസനത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുറമുഖങ്ങളിലെ ചാനലിന്റേയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി 20 കോടിരൂപ മുതൽ മുടക്കിൽ കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. ഡ്രഡ്ജറിന്റെ കമ്മീഷനിംഗ് അവസാനഘട്ടത്തിലാണ്.

കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലം തുറമുഖത്ത് മൊബൈൽ ക്രെയിനും വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ റീച്ച് സ്റ്റാക്കറുകളും വാങ്ങിയിട്ടുണ്ട്. കണ്ടെയ്നർ നീക്കം ചെയ്യുന്നതിനും യാർഡിൽ അടുക്കി വയ്ക്കുന്നതിനുമായി ഒരു കണ്ടെയ്നർ ഹാൻഡ്ലിംഗ് ഫോർക്ക് ലിഫ്റ്റ് കൊല്ലം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്. വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിൽ ക്രെയിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കപ്പൽ വാർഫിൽ അടുപ്പിക്കുന്നതിനും വലിച്ച് മാറ്റുന്നതിനുമായി ടഗ്ഗുകൾ കൊല്ലം, ബേപ്പൂർ പോർട്ടുകളിൽ കമ്മീഷൻ ചെയ്തു. ഇവയുടെ നിർമ്മാണത്തിന് 9 കോടിരൂപയോളം ചെലവായി. 100 ടൺ കപ്പാസിറ്റിയുള്ള വേയ് ബ്രിഡ്ജിന്റെ നിർമ്മാണം കൊല്ലം തുറമുഖത്ത് പൂർത്തിയാക്കിയിട്ടുണ്ട്. സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ, അഴീക്കൽ എന്നീ പോർട്ടുകളിൽ ഗോഡൗണുകൾ നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യമാംസാദികൾ, പച്ചക്കറികൾ തുടങ്ങി പെട്ടെന്ന് നശിക്കുവാൻ സാദ്ധ്യതയുള്ള ചരക്കുകൾ സംഭരിച്ച് കേടുപാട് കൂടാതെ സൂക്ഷിക്കുന്നതിനായി വിഴിഞ്ഞം, കൊല്ലം, വലിയതുറ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ശീതീകരണ സംവിധാനം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം തുറമുഖത്തിന്റെ ആഴം 9 മീറ്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**എസ്.ഐ. നിയമനം**

262 (239) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ എസ്.ഐ.(ജി.ഇ) തസ്തികയിലേക്ക് 2015 നവംബർ 11-ന് പി.എസ്.സി. അഡ്വൈസ് ചെയ്ത 339 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയോ എന്ന് അറിയിക്കാമോ ;

(ബി) നിയമനം നൽകിയിട്ടില്ലെങ്കിൽ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ നിയമനം എപ്പോൾ ആകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പി.എസ്.സി. അഡ്വൈസ് ചെയ്ത 339 ഉദ്യോഗാർത്ഥികളിൽ ആദ്യത്തെ 84 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പുരോഗമിക്കുന്നു.

(ബി&സി) കത്ത് നമ്പർ RIC(1)16113/13/GW തീയതി 11-11-2015 പ്രകാരം പി.എസ്.സി. 339 പേർക്ക് എസ്.ഐ. തസ്തികയിലേക്ക് നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഒഴിവുകളിൽ 84 എണ്ണം മാത്രമേ പോലീസ് വകുപ്പിൽ നിലവിലുള്ളൂ. ബാക്കിയുള്ള 255 എണ്ണം വിവിധ കോടതി ഉത്തരവുകൾ പ്രകാരം റിപ്പോർട്ട് ചെയ്ത അധിക ഒഴിവുകളാണ് (Excess Vacancy). അധിക ഒഴിവുകളിൽ നിയമനം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## സൈബർ കുറ്റകൃത്യങ്ങൾ

263 (240) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിനു കീഴിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇത്തരത്തിൽ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ലഭിച്ചതും കണ്ടെത്തിയതുമായ കേസുകൾ എത്രയെണ്ണമെന്നും ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയെന്നും എത്ര കേസുകളിൽ പ്രതികളെ കണ്ടെത്താനുണ്ട് എന്നും വ്യക്തമാക്കുക;

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര ഓൺലൈൻ പെൺവാണിഭക്കേസുകൾ രജിസ്റ്റർ ചെയ്തു; ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടി നിയമത്തിൻ കീഴിലെത്തിച്ചു; വിശദാംശം വ്യക്തമാക്കുക;

(സി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര ഹോംസ്റ്റേ പെൺവാണിഭകുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുകയുണ്ടായി; എത്ര കേസുകളിൽ പ്രതികളെ പിടികൂടി നിയമത്തിനു മുന്നിൽ എത്തിച്ചു; വിശദാംശം വ്യക്തമാക്കുക;

(ഡി) സംസ്ഥാനത്തു ഓൺലൈൻ/ഹോം സ്റ്റേ പെൺവാണിഭം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിനു കീഴിലും, സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ വിഭാഗങ്ങളിൽ നിന്നും പ്രതികളായി കണ്ടെത്തിയവർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലേക്കായി സംസ്ഥാന സൈബർ

പോലീസ് സ്റ്റേഷൻ, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ, എല്ലാ പോലീസ് ജില്ലകളിലുമുള്ള സൈബർ സെല്ലുകൾ എന്നിവ മുഖാന്തരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്കിടയിൽ വിവിധ മേഖലകളിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി ആവശ്യമായ ബോധവൽക്കരണം നടത്തിവരുന്നു. ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 പ്രകാരം എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളിലും കേസ്സുകൾ രജിസ്റ്റർ ചെയ്ത് സൈബർ സെൽ, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ എന്നിവയുടെ സഹായത്തോടെ അന്വേഷണം നടത്തിവരുന്നു. അതീവ ഗുരുതര സ്വഭാവമുള്ള കേസ്സുകൾ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച ആകെ കേസ്സുകൾ-1663, പ്രതികളെ പിടികൂടിയ കേസ്സുകൾ-846, പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള കേസ്സുകൾ-636. 181 കേസ്സുകളിൽ പ്രതികളെ തിരിച്ചറിയുവാനുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് 4 ഓൺലൈൻ പെൺവാണിഭ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒരു കേസ്സിൽ കുറ്റപത്രം തയ്യാറാക്കി കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും 3 കേസ്സുകൾ അന്വേഷണാവസ്ഥയിലുമാണ്.

(സി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഓൺലൈൻ/ഹോംസ്റ്റേ പെൺവാണിഭം വർദ്ധിച്ചുവരുന്നില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ പെൺവാണിഭ കേസ്സിൽ കെ.എസ്.ആർ.ടി.സി. യിൽ ജോലി ചെയ്തുവരുന്ന ഒരാൾ പ്രതിയാണ്. ടിയാനെ അറസ്റ്റു ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതാണ്.

**കൊലപാതക കേസ്സുകളിലെ പ്രതികൾ**

264 (241) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ ശ്രീ. ഹനീഫ്, മധു, ഈച്ചരത്, ലാൽജി എന്നിവർ കൊല ചെയ്യപ്പെട്ടതിലെ പ്രതികൾ ആരൊക്കെയാണ്; ഇവരുടെ രാഷ്ട്രീയബന്ധം വ്യക്തമാക്കാമോ; കൊല ചെയ്യപ്പെട്ട മൂന്നു പേരുടെ വീടുകളിൽ മരണത്തിനു ശേഷം എത്ര മന്ത്രിമാർ സന്ദർശിച്ചു; വിശദമാക്കാമോ;

(ബി) നിലമ്പൂർ കോൺഗ്രസ്സ് ബ്ലോക്ക് കമ്മിറ്റി ഓഫീസിൽ രാധ എന്ന സ്ത്രീ കൊല ചെയ്യപ്പെട്ടതിലെ പ്രതികൾ ആരൊക്കെയാണ്; ഇവരുടെ രാഷ്ട്രീയബന്ധം വ്യക്തമാക്കാമോ; കൊലചെയ്യപ്പെട്ട സ്ത്രീയുടെ സഹോദരൻ ഭാസ്കരൻ ഈ കൊലപാതകം C.B.I.-യെ കൊണ്ട് അന്വേഷിപ്പിക്കണം എന്ന ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൻമേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) തൃശ്ശൂരിൽ ശ്രീ. ഹനീഫ്, മധുഈച്ചരത്, ലാൽജി എന്നിവരുടെ കൊലപാതകവുമായി ബന്ധപ്പെട്ട കേസ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) ശ്രീ. ഹനീഫിന്റെ കൊലപാതകം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിന്റെ ക്രൈം നമ്പർ 1264/15 ലെ പ്രതികൾ.

1. ഷെമീർ, S/o. ഉബൈദ്
2. അൻസാർ, S/o. ഹനീഫ
3. അഫ്സൽ, S/o. നൂറുദ്ദീൻ
4. ഷംസീർ, S/o. ഷാഹു
5. റിൻഷാദ്, S/o. റസാഖ്
6. ഫസലു @ ഫസലുദ്ദീൻ, S/o. സെയ്ദ് മുഹമ്മദ്
7. സിദ്ധീഖ്, S/o. അബ്ദുള്ളക്കുട്ടി
8. സൈനുൽ അബിദ് @ അബിദ്, S/o. സൈനുദ്ദീൻ

പ്രതികളെല്ലാവരും കോൺഗ്രസ് അനുഭാവികളാണ്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. കെ. ബാബു, ഡോ. എം. കെ. മുനീർ, ശ്രീ. കെ.സി. ജോസഫ് എന്നീ മന്ത്രിമാരാണ് കൊലചെയ്യപ്പെട്ട ഹനീഫയുടെ വീട് സന്ദർശിച്ചിട്ടുള്ളത്.

(2) മധു ഈച്ചരത്തിന്റെ കൊലപാതകം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സായ വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 771/13 ലെ പ്രതികൾ.

1. പ്രേംജി, S/o. ജോർജ്ജ്
2. മാർട്ടിൻ, S/o. പൊറിഞ്ചു

3. ഷിനോജ്, S/o. ജോഷി
4. പ്രവീൺ, S/o. പരമേശ്വരൻ
5. പ്രജിത്ത്, S/o. പ്രഭാകരൻ
6. സുരേഷ്, S/o. സുബ്രഹ്മണ്യൻ
7. സന്തൂപ്, S/o. ഗോപി

പ്രസ്തുത കേസ്സിലെ ഒന്നും നാലും പ്രതികൾ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകരും മറ്റ് പ്രതികൾ ഏതെങ്കിലും രാഷ്ട്രീയ സംഘടനയുമായി ബന്ധമില്ലെന്നും അന്വേഷണത്തിൽ അറിവായിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ മധു ഈച്ചരത്തിന്റെ കൊലപാതകത്തിന് ശേഷം ഒരു പ്രാവശ്യം മധു ഈച്ചരത്തിന്റെ വീട് സന്ദർശിച്ചിട്ടുണ്ട്.

(3) ലാൽജിയുടെ കൊലപാതകം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിന്റെ ക്രൈം നമ്പർ വെസ്റ്റ് പോലീസ് സ്റ്റേഷൻ 1180/2013-ലെ പ്രതികൾ.

1. വൈശാഖ്, S/o. മാണിക്കുട്ടി
2. റിജേഷ്, S/o. അശോകൻ
3. പ്രശാന്ത്, S/o. കുഞ്ഞുകുട്ടൻ
4. സതീശൻ@നടത്തറ സതീശൻ, S/o. രാമു
5. അനൂപ്, S/o. രാജൻ
6. രവി@ ബണ്ണരവി, S/o. ഗോവിന്ദൻകുട്ടി
7. രാജേഷ്, S/o. ഗോപാലകൃഷ്ണൻ
8. രാജേന്ദ്രൻ, S/o. വേലായുധൻ
9. സജീഷ്, S/o. വിജയൻ
10. ജോമോൻ, S/o. ജോണി

ടി കൊലപാതക കേസ്സിലെ പ്രതികൾക്ക് രാഷ്ട്രീയ ബന്ധം ഉള്ളതായി അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതാണ്.

(ബി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത നിലമ്പൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 194/2014-ാം നമ്പർ കേസ്സിൽ (1) ബി. കെ. ബിജു, S/o.കൃഷ്ണൻ നായർ, (2) ഷംസുദ്ദീൻ @ ബാപ്പുട്ടി, S/o. ഉമ്മർ എന്നിവർ പ്രതികളായിട്ടുള്ളതും ടി പ്രതികളിലെ ഒന്നാം പ്രതി നിലമ്പൂർ ബ്ലോക്ക് കോൺഗ്രസ് ഓഫീസിലെ ഓഫീസ് സെക്രട്ടറിയായിരുന്നു. കൊലചെയ്യപ്പെട്ട രാധയുടെ സഹോദരൻ ഭാസ്കരൻ, ടി കേസ്സിൽ നീതിയുക്തമായ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രി, മനുഷ്യാവകാശ കമ്മീഷൻ എന്നിവർക്ക് പരാതി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കേസ്സിന്റെ അന്വേഷണം എ.ഡി.ജി.പി. ശ്രീമതി സന്ധ്യ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ നടത്തുകയും അന്വേഷണാനന്തരം രണ്ട് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തിട്ടുള്ളതും ടി കേസ്സിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും പ്രതികളെ ശിക്ഷിച്ചിട്ടുള്ളതുമാകയാൽ മറ്റൊരു അന്വേഷണം പരിഗണനയിലില്ല.

സി.ബി.ഐ.-യ്ക്ക് കേസ് കൈമാറണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വർഗ്ഗീയത ചെറുക്കാൻ നടപടികൾ**

265 (242) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർഗ്ഗീയത ആളിപ്പടർത്തുന്നതിന് ചില ശക്തികൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തിവരുന്നതായുള്ള എത്ര സംഭവങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; ഇവ ചെറുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

വർഗ്ഗീയത പടർത്തുന്നതിനുള്ള ശ്രമങ്ങൾ തുടക്കത്തിൽ തന്നെ ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. ജാതി മത മൗലിക സംഘടനകളുടെയും മറ്റും പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് ജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. എല്ലാ മാസവും ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെയും വകുപ്പ് മേധാവികളുടെയും പ്രതിനിധികളുടെയും യോഗം ചേർന്ന് സംഭവങ്ങൾ അവലോകനം ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ തേടുന്നു. കൂടാതെ വർഗ്ഗീയ സംഘർഷങ്ങൾ നേരിടുന്നതിന് സുശക്തമായ പോലീസ് നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി വേണ്ടത്ര മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നു.

**റോഡപകടങ്ങൾ**

266 (243) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം റോഡപകടങ്ങളിൽ മരിച്ചവരുടെ എണ്ണം കാൽനടയാത്രക്കാർ, ബൈക്ക് യാത്രികർ, മറ്റ് വാഹനങ്ങളിലെ യാത്രക്കാർ എന്നിങ്ങനെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) രാത്രി യാത്രയിൽ വാഹനങ്ങൾ ലൈറ്റ് ഡിം ആക്കാത്തതും ഹാലജൻ ലൈറ്റുകൾ ഉപയോഗിക്കുന്നതും രാത്രി അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ റോഡപകടങ്ങൾക്ക് കാരണമാകുന്ന ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം (2015) റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെ തരംതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കാൽനടയാത്രക്കാർ | 1300 |
| ബൈക്ക് യാത്രക്കാർ | 1886 |
| മറ്റ് വാഹനങ്ങളിലെ യാത്രക്കാർ | 1010 |
| ആകെ | 4196 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) രാത്രികാലങ്ങളിൽ ഹൈവേ, മറ്റ് പ്രധാന റോഡുകൾ എന്നിവ കേന്ദ്രീകരിച്ച് ഹൈവേ പോലീസിലേയും അതാത് സ്റ്റേഷനുകളിലേയും വാഹനങ്ങൾ ഉപയോഗിച്ച് ഡിപ്പ് ആന്റ് ഡിം ചെയ്യാത്ത വാഹനങ്ങൾക്കും ഹാലജൻ ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കുമെതിരെ പെറ്റി കേസ്സുകൾ ചുമത്തിയും ഡ്രൈവർമാർക്ക് ഇക്കാര്യത്തെപ്പറ്റി ബോധവൽക്കരണം നടത്തിയും റോഡുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെടുമ്പാശ്ശേരി വിമാനത്താവളം പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതി

267 (244) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും വിദേശത്തേക്ക് സ്ത്രീകളെ ജോലിക്കായി കൊണ്ടുപോയി പീഡിപ്പിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വെങ്ങോല പഞ്ചായത്തിൽ മാത്തിപ്പടി ഭാഗത്ത് പാറയ്ക്കാട്ടുകുടി വീട്ടിൽ ബാബു ഭാര്യ ഓമന എന്നയാളെ ബഹ്റിനിൽ വച്ച് ഭീകരമായി ഉപദ്രവിച്ചത് സംബന്ധിച്ച് നെടുമ്പാശ്ശേരി വിമാനത്താവളം പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രതികൾ നാട്ടിൽ എത്തിയശേഷം വിദേശത്തേക്ക് കടന്ന് പോകാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രതികളെ നാട്ടിൽ കൊണ്ടുവന്ന് നിയമ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിൽ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 103/16 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി&ഡി) ആവലാതിക്കാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മേൽ നമ്പറായി കേസ് രജിസ്റ്റർ ചെയ്തത് 19-01-2016 തീയതിയാണ്. പ്രതികളിൽ ഒരാളായ രഞ്ജു മത്തായി 18-01-2016 തീയതിയും രണ്ടാമത്തെയാൾ സനു പീറ്റർ 20-1-2016 തീയതിയും വിദേശത്തേയ്ക്ക് തിരിച്ചു പോയിട്ടുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. ടിയാന്മാരെ തിരികെ കൊണ്ടുവന്ന് അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ലൈംഗികാതിക്രമങ്ങൾ

268 (245) ഡോ. കെ. ടി. ജലീൽ:
ശ്രീമതി കെ. എസ്. സലീഖ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം ഒരു പെൺകുട്ടിയെങ്കിലും ലൈംഗികാതിക്രമത്തിന് വിധേയായിക്കൊണ്ടിരിക്കുന്ന പൊതുസ്ഥിതിവിശേഷം ഗൗരവമായി പരിഗണിക്കുമോ;

(ബി) സ്ത്രീകൾ അരക്ഷിതാവസ്ഥയിലായിരിക്കുന്ന സ്ഥിതിയിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ; വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കാനുള്ള നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ സ്ത്രീപീഡന കേസുകളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ലൈംഗികാതിക്രമ കേസുകളിൽ പ്രതികൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിദിനം ഒരു പെൺകുട്ടി ലൈംഗികാതിക്രമത്തിന് വിധേയമാകുന്നു എന്ന പൊതുസ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ലൈംഗികാതിക്രമങ്ങൾക്ക് വിധേയമായതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന്റെ ഭാഗമായി ജനമൈത്രീ പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ എന്നിവ മുഖേന അവബോധം നൽകി വരുന്നുണ്ട്.

(ബി) സ്ത്രീകൾ അരക്ഷിതാവസ്ഥയിലായിരിക്കുന്ന ഒരു അവസ്ഥ കേരളത്തിൽ സംജാതമായിട്ടില്ല. സുരക്ഷിതവും സമാധാന പൂർണ്ണവുമായ ജീവിത അന്തരീക്ഷം കെട്ടിപ്പടുക്കുവാൻ സംസ്ഥാന പോലീസ് സേനയ്ക്ക് ക്രമസമാധാനപാലനത്തിന്റെ ഭാഗമായി സാധിച്ചിട്ടുണ്ട്. വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കാനുള്ള നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ സ്ത്രീ പീഡന കേസ്സുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | Total number of cases Registered |
|---|---|
| Rape with Murder | 14 |
| Rape | 5615 |
| Molestation | 18917 |
| Eve-teasing | 1732 |
| Kidnapping & Abduction | 871 |
| 304(B) | 96 |
| 498(A) | 22172 |
| Others | 12103 |

(ഡി) ലൈംഗികാതിക്രമ കേസ്സുകളിലെ പ്രതികൾക്കെതിരെ നിലവിലെ നിയമവ്യവസ്ഥകൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

**യു.എ.പി.എ., കാപ്പ**

269 (246) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. ശ്രീരാമകൃഷ്ണൻ:
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ ഉപയോഗിക്കുന്നത് അവസാനിപ്പിക്കുമോ;

(ബി) ഈ സർക്കാർ നിലവിലുള്ള ഏതെല്ലാം കൊലപാതക കേസുകളിൽ യു.എ.പി.എ. നിയമം ചുമത്തുകയുണ്ടായിട്ടുണ്ട്; ഈ സർക്കാരിന്റെ കാലത്തുണ്ടായ കൊലപാതകങ്ങൾ എത്രയാണ്; ഇതിൽ രാഷ്ട്രീയ കൊലപാതകങ്ങളായി സർക്കാർ കരുതുന്നവ എത്രയാണ്; ഇവയിൽ ഏതെങ്കിലും കേസിൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ടോ; ഇവയിൽ ഏതെല്ലാം കേസുകൾ സി.ബി.ഐ.-ക്ക് വിടുകയുണ്ടായിട്ടുണ്ട്;

(സി) കൊലപാതക കേസുകൾ സി.ബി.ഐ.-ക്ക് വിടുന്നതും, യു.എ.പി.എ. ചുമത്തുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ;

(ഡി) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ രാഷ്ട്രീയപ്രേരിതമായി ദുർവിനിയോഗം ചെയ്യുന്നതായും കേന്ദ്ര-സംസ്ഥാന അന്വേഷണ ഏജൻസികളുടെ മേൽ ഇതിനായി സമ്മർദ്ദം ചെലുത്തുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഈ സർക്കാർ കാപ്പ നിയമപ്രകാരം പുറപ്പെടുവിച്ച എത്ര കരുതൽ തടങ്കൽ/സഞ്ചലന നിയന്ത്രണ ഉത്തരവുകൾ കോടതി റദ്ദ് ചെയ്യുകയുണ്ടായിട്ടുണ്ട് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നിലവിലുള്ള മൂന്ന കൊലപാതക കേസ്സുകളിൽ യു.എ.പി.എ. നിയമം ചുമത്തുകയുണ്ടായി. (കതിരൂർ പി.എസ്. ക്രൈം നമ്പർ 780/14, കണ്ണവം പി.എസ്. ക്രൈം നമ്പർ 165/15, കൊളവല്ലൂർ പി.എസ്. ക്രൈം നമ്പർ 364/15)

ഈ സർക്കാരിന്റെ കാലയളവിൽ 1686 കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 29 എണ്ണം രാഷ്ട്രീയ കൊലപാതകം ആയി കണക്കാക്കപ്പെടുന്നു. ഇവയിൽ മൂന്നു കേസ്സുകളിൽ യു.എ.പി.എ. നിയമം ചുമത്തുകയുണ്ടായി. അവയിൽ ഒരെണ്ണം സി.ബി.ഐ.-ക്ക് വിടുകയുണ്ടായി (കതിരൂർ പി.എസ്. ക്രൈം നമ്പർ 780/14).

(സി) കേസ്സിന്റെ അന്തർ സംസ്ഥാന ബന്ധം കണക്കിലെടുത്തുകൊണ്ട് സർക്കാർ തീരുമാന പ്രകാരവും കോടതി ഉത്തരവുകൾ പ്രകാരവുമാണ് കേസ്സുകൾ സി.ബി.ഐ.-യ്ക്ക് വിടുന്നത്. പ്രമാദമായതും കോളിളക്കം സൃഷ്ടിക്കുന്നതുമായ കേസ്സുകൾ സി.ബി.ഐ.-യ്ക്ക് വിടാറുണ്ട്. കുറ്റകൃത്യങ്ങളുടെ സ്വഭാവം അനുസരിച്ചും ദേശവിരുദ്ധ പ്രവർത്തനങ്ങൾ രാജ്യസുരക്ഷയെ ബാധിക്കുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങൾ, ഭീകര പ്രവർത്തനങ്ങളുടെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾ തുടങ്ങിയ സ്വഭാവങ്ങളിലുള്ള കേസ്സുകളിലും യു.എ.പി.എ. നിയമം ചുമത്തുന്നു.

(ഡി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഈ സർക്കാരിന്റെ കാലത്ത് കാപ്പ നിയമപ്രകാരം പുറപ്പെടുവിച്ച 94 കരുതൽ തടങ്കൽ ഉത്തരവുകളും 21 സഞ്ചലന നിയന്ത്രണ ഉത്തരവുകളും കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

## സബ് ഇൻസ്പെക്ടർ നിയമനം

270 (247) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ നിലവിൽ വന്ന സബ് ഇൻസ്പെക്ടർ (ജി.ഇ.) റാങ്ക് ലിസ്റ്റിൽ നിന്ന് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ച 339 പേർക്ക് നിയമനം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സബ് ഇൻസ്പെക്ടർ നിയമനം നടത്തുന്നതിൽ തടസ്സമില്ലായെന്ന് കാണിച്ച് ബഹുമാനപ്പെട്ട മുൻ ഡി.ജി.പി കത്ത് (ഇ.2/5923/2012 തീയതി 16-2-2015) നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് ഒന്നര വർഷത്തിന് ശേഷം ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ നൽകിയശേഷം കോടതികളിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) 2013 -ൽ നിലവിൽ വന്ന എസ്.ഐ. റാങ്ക് പട്ടികയിൽ നിന്നും ആദ്യ ബാച്ചിലേക്ക് 292 പേരെ കോടതികളിൽ കേസ്സ് നിലനിന്നിരുന്നതിനാൽ കണ്ടീഷണൽ പോസ്റ്റിംഗ് (ബോണ്ട് നൽകി) ആയി നിയമനം നൽകിയ കീഴ്വഴക്കം പോലെ അഡ്വൈസ് മെമ്മോ ലഭിച്ച 339 പേർക്കും നിയമനം നൽകുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കത്ത് നമ്പർ RIC (1) 16113/13/GW തീയതി 11-11-2015 പ്രകാരം പി.എസ്.സി. 339 പേർക്ക് എസ്.ഐ. തസ്തികയിലേക്ക് നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞവയിൽ 84 ഒഴിവുകൾ മാത്രമേ പോലീസ് വകുപ്പിൽ നിലവിലുള്ളൂ. ബാക്കിയുള്ള 255 എണ്ണം വിവിധ കോടതി ഉത്തരവുകൾ പ്രകാരം റിപ്പോർട്ട് ചെയ്ത അധിക ഒഴിവുകളാണ്. നിലവിലുള്ള 84 ഒഴിവുകളിൽ ട്രെയിനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അധിക ഒഴിവുകളിൽ നിയമനം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ബി) OP(KAT)200/2014-ൽ 26-8-2014 തീയതിയിലെ ഹൈക്കോടതി ഉത്തരവ് പ്രകാരം 137 എസ്.ഐ. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. എന്നാൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ അധിക ഒഴിവുകൾ (Excess vacancy) ആയതിനാലാണ് കോടതിവിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകാൻ പിന്നീട് സർക്കാർ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയത്. അത് പ്രകാരമാണ് സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തത്.

(സി) 2013-ൽ നിലവിൽ വന്ന എസ്.ഐ.(ജി.ഇ.) റാങ്ക് ലിസ്റ്റിന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന തരത്തിൽ അന്ന് കേസ്സുകൾ നിലവിലുണ്ടായിരുന്നു. മാത്രമല്ല നിയമന നിർദ്ദേശം ലഭിച്ച പലരുടെയും നിയമനം തന്നെ തടസ്സപ്പെടാൻ ഇടയുണ്ടായിരുന്നതിനാലാണ് അന്ന് കണ്ടീഷണൽ പോസ്റ്റിംഗ് നൽകിയത്. ആയത് ഒരു കീഴ്‌വഴക്കമല്ല. മാത്രമല്ല അന്ന് റിപ്പോർട്ട് ചെയ്ത 292 ഒഴിവുകളും വകുപ്പിൽ നിലവിലുള്ളവ ആയിരുന്നു. എന്നാൽ ഇപ്പോൾ നിയമന നിർദ്ദേശം ലഭിച്ചിട്ടുള്ള 339 ഒഴിവുകളിൽ 84 എണ്ണം മാത്രമേ നിലവിലുള്ളൂ. ബാക്കിയുള്ള 255 എണ്ണം വിവിധ കോടതി ഉത്തരവുകൾ പ്രകാരം റിപ്പോർട്ട് ചെയ്ത അധിക ഒഴിവുകളാണ്. നിലവിലുള്ള 84 ഒഴിവുകളിൽ ട്രെയിനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മറ്റുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## എസ്.ഐ.-മാരുടെ ബ്യൂറോ ഓഫ് എമിഗ്രേഷനിലെ ഡെപ്യൂട്ടേഷൻ

271 (248) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് എസ്.ഐ.-മാരിൽ നിന്നും ബ്യൂറോ ഓഫ് എമിഗ്രേഷനിലേക്ക് 100 സബ് ഇൻസ്പെക്ടർമാരെ ഡെപ്യൂട്ടേഷനിൽ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഡെപ്യൂട്ടേഷനിൽ എസ്.ഐ.- മാരെ അയയ്ക്കുന്നത് ജനറൽ എക്സിക്യൂട്ടീവിൽ നിന്നാണോ; ഡിസ്ട്രിക്ട് ആംഡ് റിസർവ്വിൽ നിന്നാണോ എന്ന് വ്യക്തമാക്കുമോ;

(സി) 100 എസ്.ഐ.-മാർ ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ പോലീസ് സേനയിൽ ഉണ്ടാകുന്ന കുറവ് എപ്രകാരമാണ് നികത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബ്യൂറോ ഓഫ് എമിഗ്രേഷനിലേക്ക് ഡെപ്യൂട്ടേഷനിൽ പോകാൻ താൽപ്പര്യം പ്രകടിപ്പിക്കുന്ന എസ്.ഐ. (ജി.ഇ./ആർ.എസ്.ഐ./ എ.പി.എസ്.ഐ)മാരുടെ വിവരങ്ങൾ സംസ്ഥാന പോലീസ് മേധാവി ബ്യൂറോ ഓഫ് എമിഗ്രേഷന് അയച്ചു കൊടുക്കും. അതിൽ നിന്ന് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് ബ്യൂറോ ഓഫ് എമിഗ്രേഷൻ അധികാരികളാണ്.

(സി) നേരിട്ട് നിയമനം ലഭിച്ച എസ്.ഐ.(ജി.ഇ.)-മാർ 6 മാസത്തിൽ കൂടിയ കാലാവധിയിൽ ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

## എസ്.ഐ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വനിതകളുടെ നിയമനം

272 (249) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-5-2015-ന് നിലവിൽ വന്ന എസ്.ഐ. (കാറ്റഗറി നമ്പർ 253/14) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വനിതകൾക്ക് നിയമനം നൽകുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത കാറ്റഗറിയിൽ നിയമനം നടത്തുന്നതിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 26-5-2015-ൽ നിലവിൽ വന്ന സബ് ഇൻസ്പെക്ടർ (കാറ്റഗറി നമ്പർ 253/14) റാങ്ക് ലിസ്റ്റ് വനിതകളും പുരുഷന്മാരും ഉൾപ്പെട്ട സംയോജിത (integraged) റാങ്ക് ലിസ്റ്റാണ്. ഇതിൽ നിന്നും ക്രമപ്രകാരം മാത്രമേ നിയമനം നടത്തുവാൻ കഴിയുകയുള്ളൂ. വനിതകൾക്ക് മാത്രമായി നിയമനം നടത്തുവാൻ കഴിയുകയില്ല. 9-10-2014-ൽ റിപ്പോർട്ട് ചെയ്ത 30 വനിതാ സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി പ്രത്യേക വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

## ലാവ്‌ലിൻ കേസ്സിലെ പ്രതികൾ

273 (250) ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാവ്‌ലിൻ കേസ് പരിഗണിക്കുന്നത് വേഗത്തിൽ ആക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ലാവ്‌ലിൻ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ലാവ്‌ലിൻ കേസിൽ ആരെയൊക്കെയാണ് പ്രതികളായി കണ്ടെത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ലാവ്‌ലിൻ കേസിൽ ഓരോരുത്തർക്കുമെതിരെ ഏതെല്ലാം വകുപ്പുകളാണ് ചാർജ്ജ് ചെയ്യപ്പെട്ടിട്ടുള്ളത് എന്നറിയിക്കുമോ?

## ഉത്തരം

(എ&ബി) തിരുവനന്തപുരം സി.ബി.ഐ. കോടതി, ശ്രീ. പിണറായി വിജയൻ ഉൾപ്പെടെ 7 പേരെ ഡിസ്ചാർജ് ചെയ്ത എസ്.എൻ.സി. ലാവ്ലിൻ അഴിമതി കേസ്സിലെ 5-11-2013-ലെ വിധിക്കെതിരെ സി.ബി.ഐ.-യും രണ്ട് സ്വകാര്യ വ്യക്തികളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിവിഷൻ ഹർജി ബോധിപ്പിച്ചിട്ടുണ്ട്. ക്രൈം വാരിക പത്രാധിപർ ശ്രീ. നന്ദകുമാർ ബോധിപ്പിച്ച Crl.Rp 2306/2013-ാം നമ്പർ ഹർജിയിലും കെ.എം. ഷാജഹാൻ ബോധിപ്പിച്ച Crl.Rp 73/2015-ാം നമ്പർ ഹർജിയിലും സംസ്ഥാന സർക്കാർ കക്ഷിയാണ്. സി.ബി.ഐ. ഫയൽ ചെയ്ത Crl.Rp 206/2014-ാം നമ്പർ ഹർജിയിൽ സംസ്ഥാന സർക്കാരിനെ കക്ഷി ചേർത്തിരുന്നില്ല. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ ജലവൈദ്യുത പദ്ധതി നവീകരണ പ്രവൃത്തികൾ ക്രമം തെറ്റിച്ച് ടെണ്ടർ പോലും വിളിക്കാതെ നിർമ്മാതാക്കൾ പോലുമല്ലാത്ത കാനഡയിലെ ലാവ്ലിൻ കമ്പനിക്ക് നൽകിയതുവഴി സംസ്ഥാന സർക്കാരിന് ചുരുങ്ങിയത് 374 കോടിരൂപയോളം നഷ്ടമുണ്ടായെന്ന് കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറലിന്റെ റിപ്പോർട്ടിൽ പോലും റിപ്പോർട്ട് ചെയ്ത ഒരു വൻ അഴിമതി കേസ്സിൽ സംസ്ഥാന സർക്കാരിന് ഭീമമായ തുക നഷ്ടം സംഭവിച്ചതിനാൽ സി.ബി.ഐ. ബോധിപ്പിച്ച റിവിഷൻ ഹർജിയിൽ സർക്കാരിന്റെ വാദം കേൾക്കേണ്ടത് ആവശ്യമാണെന്ന സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ ഉപദേശമനുസരിച്ച് സി.ബി.ഐ. ഫയൽ ചെയ്ത Crl.Rp 206/ 2014-ൽ സംസ്ഥാന സർക്കാരിനെ കക്ഷി ചേർക്കാനായി 1½ വർഷം മുമ്പെ ഹർജി ബോധിപ്പിച്ചിട്ടുണ്ടായിരുന്നു. പൊതുഖജനാവിന് വൻനഷ്ടം സംഭവിച്ച ഈ അഴിമതിക്കേസ്സിൽ വിചാരണ കൂടാതെ പ്രതികൾ കീഴ്ക്കോടതിയിൽ നിന്ന് 4 പ്രതികൾ ഹർജി ബോധിപ്പിച്ച് മറ്റ് ഹർജി പോലും നൽകാത്ത മുഴുവൻ പ്രതികളേയും കുറ്റവിമുക്തമാക്കിയ കേസ് അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നത് നീതിക്ക് നിരക്കുന്നതല്ലെന്ന കാരണത്താൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ മേൽ നമ്പർ റിവിഷൻ ഹർജിയുടെ വാദം കാലതാമസം കൂടാതെ കേൾക്കണമെന്ന് അപേക്ഷിച്ച് ഹൈക്കോടതിയിൽ ഹർജി ബോധിപ്പിച്ചിട്ടുണ്ടായിരുന്നതും ആയതിൽ സർക്കാരിന്റെ വാദം കഴമ്പുള്ളതാണെന്നും ഹൈക്കോടതിയുടെ ക്രമമനുസരിച്ച് അഴിമതി കേസ്സുകൾ കഴിയുന്നത്ര വേഗത്തിൽ വാദം കേൾക്കുന്നതോടൊപ്പം പരിഗണന നൽകി ലാവ്ലിൻ കേസ്സിലെ വാദം കേൾക്കാൻ സാധിക്കുമോയെന്ന് ശ്രമിക്കണമെന്നും ആയതിനായി കേസ് ഫെബ്രുവരി അവസാനം പോസ്റ്റ് ചെയ്യാനായി ഇടക്കാല ഉത്തരവ് ഉണ്ടായിട്ടുള്ളതുമാണ്.

(സി) ലാവ്‌ലിൻ കേസ്സിൽ തിരുവനന്തപുരം സി.ബി.ഐ. കോടതിയിൽ സി.ബി.ഐ. ബോധിപ്പിച്ച കുറ്റപത്രമനസരിച്ച് താഴെ പറയുന്നവർ പ്രതികളാണ്.

1. ശ്രീ. കെ. മോഹനചന്ദ്രൻ, മുൻ പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.
2. ശ്രീ. കെ. ജി. രാജശേഖരൻ നായർ, റിട്ട. ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ഇ.ബി.
3. ശ്രീ. എം. എം. മാത്യൂ റോയി, റിട്ട. മെമ്പർ (ഇലക്ട്രിക്കൽ), കെ.എസ്.ഇ.ബി.
4. ശ്രീ. ആർ. ശിവദാസൻ, മുൻ മെമ്പർ, അക്കൗണ്ട്സ് & ചെയർമാൻ, കെ.എസ്.ഇ.ബി.
5. ശ്രീ.കസ്തൂരി രങ്ക അയ്യർ, റിട്ട. ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.
6. ശ്രീ. ആർ. ഗോപാലകൃഷ്ണൻ, റിട്ട. മെമ്പർ, കെ.എസ്.ഇ.ബി.
7. ശ്രീ. പി. എ. സിദ്ധാർത്ഥ് മേനോൻ, റിട്ട. ചെയർമാൻ, കെ.എസ്.ഇ.ബി.
8. Klaus ടെണ്ടൽ, വൈസ് ചെയർമാൻ, ലാവ്‌ലിൻ കമ്പനി.
9. ശ്രീ. പിണറായി വിജയൻ, മുൻ വൈദ്യുതി മന്ത്രി.
10. ശ്രീ. എ. ഫ്രാൻസിസ്, റിട്ട. ജോയിന്റ് സെക്രട്ടറി, ഊർജ്ജവകുപ്പ്.

(ഡി) 120B, 409, 420, 465, 468, 471 IPC, 13(1)(c), 2(d) read with 13(2) of prevention of Corruption Act.

**ബീഫ് വില്പന തടഞ്ഞ കേസ്സുകൾ**

274 (251) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ബീഫ് വില്പന തടഞ്ഞുകൊണ്ട് സാമുദായിക സംഘർഷം സൃഷ്ടിക്കാൻ ശ്രമിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; ബീഫ് വില്പന തടഞ്ഞവർക്കെതിരെ പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലതിരിച്ച് വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുമില്ല.

**വീട് തീയിട്ട് നശിപ്പിച്ച സംഭവം**

275 (252) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ പഞ്ചായത്തിൽ ആം ആദ്മി പാർട്ടി സ്ഥാനാർഥിയായി പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിച്ച ഉദുമ മിത്തൽ മാങ്ങാട്ടെ ഇബ്രാഹിമിന്റെ വീട് തീയിട്ട് നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ, വിശദാംശങ്ങൾ അറിയിക്കാമോ; ആരെയെങ്കിലും ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) വീട് നഷ്ടപ്പെട്ട ഇബ്രാഹിമിന് വീട് പുതുക്കി പണിയുന്നതിന് സാമ്പത്തിക സഹായം അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 714/15 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾ

(1) പ്രജിത്. എം. @കുട്ടാപ്പി, S/o.ബാബു

(2) നാഗേഷ്.കെ. S/o. നാരായണൻ,

(3) പ്രജീഷ്.കെ. S/o. പ്രഭാകരൻ,

(4) വിജേഷ്.എ, S/o. രാമചന്ദ്രൻ,

(5) അൻവർ സാദിഖ്, S/o. കുഞ്ഞാമു

(6) ഫർഷാദ്. ഇതിൽ ആറാം പ്രതി ഒഴികെ എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) പ്രതികൾ യു.ഡി.എഫ്. അനുഭാവികളാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല.

**ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസ്**

276 (253) ശ്രീ. കെ. അച്ചുതൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാനുദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കേസിൻമേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ടി വിഷയവുമായി ബന്ധപ്പെട്ട വി.സി. 01/12/കെ.എസ്.ഡി. നമ്പർ കേസ്സിന്റെ അന്വേഷണം പൂർത്തിയായി. ഈ കേസ്സുമായി ബന്ധപ്പെട്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നൽകിയ ഹർജിയുടെ അടിസ്ഥാനത്തിൽ കേസ്സിന്റെ തുടർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

**ലഹരി പദാർത്ഥങ്ങളുടെ അനധികൃത വില്പന**

277 (254) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ-കോളേജ് പരിസരം കേന്ദ്രീകരിച്ച് പുകയില ഉൽപന്നങ്ങൾ, കഞ്ചാവ്, മയക്കുമരുന്ന് എന്നിവ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ-കോളേജ് പരിസരം കേന്ദ്രീകരിച്ച് പുകയില ഉല്പന്നങ്ങൾ, കഞ്ചാവ്, മയക്കുമരുന്ന് എന്നിവ വ്യാപകമായി വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ചില മേഖലകളിലെ സ്കൂളുകളുടെ പരിസരത്ത് പുകയില ഉൽപ്പന്നങ്ങൾ വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കളുടെ വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, അദ്ധ്യാപക-രക്ഷാകർതൃ സമിതി, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും റെയ്ഡുകൾ നടത്തിയും കുറ്റക്കാരെ കണ്ടെത്തി കർശനമായ നിയമ നടപടികൾ സ്വീകരിച്ചും ലഹരിവസ്തുക്കൾ വില്പന നടത്തുന്ന സംഘങ്ങളെ നിയന്ത്രിക്കുന്നതിനായി രഹസ്യ നിരീക്ഷണം നടത്തി വിവരങ്ങൾ ശേഖരിച്ചും ഇക്കാര്യത്തിൽ മുമ്പ് ശിക്ഷിക്കപ്പെട്ടവരെ നിരീക്ഷിച്ചും ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, ജനമൈത്രി പോലീസിംഗ് എന്നിവയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തിയും ഇത്തരം പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിച്ചു വരുന്നു.

**ആർ. എസ്. എസ്. ബൈഠക്**

278 (255) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എസ്. എസ്. തലവൻ മോഹൻ ഭാഗവത് പങ്കെടുത്തുകൊണ്ട് നവംബറിൽ കണ്ണൂരിൽ ബൈഠക്ക് നടന്നതായുള്ള വിവരം സംസ്ഥാന പോലീസിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ;

(ബി) പ്രസ്തുത ബൈഠക്കിൽ, പ്രധാന ക്ഷേത്രപരിസരങ്ങളിൽ നിന്ന് ക്രൈസ്തവ-മുസ്ലീം കച്ചവടക്കാരെ ഒഴിപ്പിക്കണം, ഹിന്ദുരക്ഷാ ജാഗ്രതാ സമിതി

രൂപീകരിക്കണം എന്നിങ്ങനെയുള്ള തീരുമാനം എടുത്തതായുള്ള റിപ്പോർട്ടുകൾ ഇന്റലിജൻസ് വിഭാഗം ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ ; ഇതേ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇന്റലിജൻസ് റിപ്പോർട്ടുകൾ രഹസ്യ സ്വഭാവമുള്ളവയാണ്. സംസ്ഥാനത്ത് സാമുദായിക ധ്രുവീകരണം ഉണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**വനിതാ പോലീസ്**

279 (256) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനിതാ പോലീസുകാരാണ് നിലവിൽ ഉള്ളത്;

(ബി) ഇവരിൽ അദർ ഡ്യൂട്ടി നോക്കുന്നവരെത്ര പേരാണ്;

(സി) അദർ ഡ്യൂട്ടിയിൽ കൂടുതൽ പേർ ജോലി ചെയ്യുന്ന ജില്ല ഏതാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2905 വനിതാ പോലീസുകാരാണ് നിലവിലുള്ളത്.

(ബി&സി) ഇവരിൽ 138 പേർ ഭരണപരമായ സൗകര്യാർത്ഥം അദർ ഡ്യൂട്ടി ചെയ്തു വരുന്നുണ്ട്. ടി ഡ്യൂട്ടി നോക്കി വരുന്നതിൽ കൂടുതൽ പേർ തിരുവനന്തപുരം ജില്ലയിലാണ് (37 പേർ).

**ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ട്**

280 (257) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപതിനായിരം ജനങ്ങൾക്ക് ഒരു പോലീസ് സ്റ്റേഷനും 500 പേർക്ക് ഒരു പോലീസ് ഉദ്യോഗസ്ഥനും എന്ന അനുപാതത്തിൽ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ദേശീയ പോലീസ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഏകീകൃത പോലീസ് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പോലീസിന്റെ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ നിലവിലുണ്ടായിരുന്ന എല്ലാ പോലീസ് ഔട്ട് പോസ്റ്റുകളും പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഇല്ല.

## റോഡ് ഗതാഗതം തടസ്സപ്പെടുത്തിയുള്ള റാലികളും സമരങ്ങളും

281 (258) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിന് മുമ്പിലും പരിസരത്തും നടത്തപ്പെടുന്ന സമരങ്ങൾ, റോഡ് ഗതാഗതം തടസ്സപ്പെടുത്തിയുള്ള റാലികൾ ഇവ മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളെ ബുദ്ധിമുട്ടിക്കാത്തവിധം ഇവ ക്രമീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വിശദമാക്കുമോ; ആയതു നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തലസ്ഥാന നഗരിയിൽ പ്രത്യേകിച്ച് സെക്രട്ടേറിയറ്റിനു മുമ്പിലും പരിസരത്തും വിവിധ സമരങ്ങൾ മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും 27-01-2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ പങ്കെടുത്ത മുഖ്യധാരാ രാഷ്ട്രീയ കക്ഷികളെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങൾ ടി വിഷയത്തിൽ തങ്ങളുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. ഇതുസംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർ യോഗങ്ങൾ കൂടി തീരുമാനങ്ങളെടുക്കുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

## വധശ്രമ കേസ്സുകൾ

282 (259) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറു മാസത്തിനിടെ കൊയിലാണ്ടി, പേരാമ്പ്ര, പയ്യോളി, മേപ്പയ്യൂർ എന്നീ പോലീസ് സ്റ്റേഷനുളിൽ എത്ര വധശ്രമ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ കേസിലേയും പരാതിക്കാരും പ്രതികളും ആരൊക്കെയാണെന്നും, ഓരോ കേസിന്റെയും അന്വേഷണ ഉദ്യോഗസ്ഥൻ ആരായിരുന്നു എന്നും വിശദമാക്കുമോ;

(സി) ഇതിൽ എത്ര കേസുകളിൽ കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചു എന്നും എത്ര പേരെ അറസ്റ്റു ചെയ്തു എന്നും വ്യക്തമാക്കുമോ;

(ഡി) നിസ്സാരമായ വാക്കു തർക്കങ്ങൾ നടന്ന കാര്യത്തിൽ പോലും രാഷ്ട്രീയ പക്ഷപാതത്തോടെ വധശ്രമത്തിനു കേസെടുത്തു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ ആറുമാസത്തിനിടെ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ രണ്ടും പേരാമ്പ്ര, പയ്യോളി, മേപ്പയ്യൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോന്നും വീതം വധശ്രമകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി* കൊടുത്തിരിക്കുന്നു.

(ഡി) രാഷ്ട്രീയ പക്ഷപാതത്തോടെ വധശ്രമത്തിന് കേസ്സെടുത്തുവെന്ന പരാതി കഴിഞ്ഞ 6 മാസക്കാലയളവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ട പോലീസ് റെയ്ഡ്

283 (260) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ടവരിൽ പോലീസ് റെയ്ഡുകളിലൂടെ അറസ്റ്റ് ചെയ്യപ്പെട്ടവർ എത്ര; അറസ്റ്റ് ചെയ്തവരിൽ എത്രപേരെ റിമാന്റ് ചെയ്യുകയുണ്ടായി; എത്ര ആളുകളുടെ പേരിൽ കോടതികളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; ശിക്ഷിക്കപ്പെട്ടവർ എത്ര;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബ്ലേഡ് മാഫിയകൾക്കെതിരെ പോലീസ് നടത്തിയ റെയ്ഡുകളിൽ കണ്ടെത്തിയ മൊത്തം തുക എത്ര കോടിയായിരുന്നു എന്നും ഇതിൽ എത്ര തുക തിരികെ നൽകുകയുണ്ടായി എന്നും അറിയിക്കാമോ ;

(സി) പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ നാളിതുവരെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തവർ എത്രയാണെന്ന അറിയിക്കാമോ ;

(ഡി) ബ്ലേഡ് മാഫിയക്ക് ഒത്താശ ചെയ്തതിന്റെ പേരിൽ എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ടവരിൽ പോലീസ് റെയ്ഡുകളിലൂടെ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം-2594. അറസ്റ്റ് ചെയ്തവരിൽ റിമാന്റ് ചെയ്യപ്പെട്ടവരുടെ എണ്ണം-1373. കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടവരുടെ എണ്ണം-2459. അതിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം-3.

(ബി) ബ്ലേഡ് മാഫിയകൾക്കെതിരെ പോലീസ് നടത്തിയ റെയ്ഡുകളിൽ കണ്ടെത്തിയ മൊത്തം തുക 4,94,71,715 (നാലുകോടി തൊണ്ണൂറ്റി നാല് ലക്ഷത്തി എഴുപത്തൊന്നായിരത്തി എഴുന്നൂറ്റി പതിനഞ്ച്) രൂപ. തുക തിരികെ നൽകിയിട്ടില്ല.

(സി) പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ നാളിതുവരെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തവരുടെ എണ്ണം-535.

(ഡി) ബ്ലേഡ് മാഫിയയ്ക്ക് ഒത്താശ ചെയ്തതിന്റെ പേരിൽ 7 പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം**

284 (261) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റികൾക്ക് എല്ലാമായി നാളിതുവരെ എന്ത് തുക ചിലവാക്കി; ഏതെല്ലാം ഇനത്തിൽ; പട്ടിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അതോറിറ്റി സ്ഥാപിതമായതു മുതൽ എത്ര പരാതികൾ പൊതുജനങ്ങളിൽ നിന്ന് ലഭിച്ചു; അവയിൽ എത്ര എണ്ണത്തിന് തീർപ്പുണ്ടാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പോലീസ് കംപ്ലയിന്റ് അതോറിറ്റി നിലവിലുണ്ടെങ്കിലും അതിൽ ലഭിക്കുന്ന പരാതികളിൽ ഏറിയ പങ്കും പോലീസുകാർക്ക് അനുകൂലമായി തീർപ്പാക്കുകയോ പരാതിക്കാരെയും കുറ്റക്കാരെയും തമ്മിൽ സമന്വയം ഉണ്ടാക്കി ഒത്തുതീർപ്പാക്കുകയോ ചെയ്യുന്നതിനാൽ പൊതുജനങ്ങൾ പോലീസ് കംപ്ലയിന്റ് അതോറിട്ടിയെ സമീപിക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് എന്ത് പരിഹാരനടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**അടൂർ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രം**

285 (262) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ അഗ്നിബാധ സംബന്ധിച്ച് നിലവിലുള്ള കേസ്സന്വേഷണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) അനുബന്ധ അന്വേഷണത്തിന്റെ ഭാഗമായുള്ള ശാസ്ത്രീയ പരിശോധന സംബന്ധിച്ച് നിലനിൽക്കുന്ന കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ;

(സി) കേസന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അടൂർ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ അഗ്നിബാധ സംബന്ധിച്ച അന്വേഷണം ക്രൈംബ്രാഞ്ച് CID OCW-I പത്തനംതിട്ട സബ് യൂണിറ്റ് ഡിവൈ.എസ്.പി. അന്വേഷിച്ചുവരുന്നു. നാളിതുവരെയുള്ള അന്വേഷണത്തിൽ അഗ്നിബാധ സംബന്ധിച്ച് വ്യക്തമായ സൂചനകളോ തെളിവുകളോ ലഭിച്ചിട്ടില്ല.

(ബി) ടി ക്ഷേത്രത്തിന്റെ താഴികക്കുടം ഫോറൻസിക് സയൻസ് ലാബിൽ പരിശോധനയ്ക്കായി 13-4-2015-ൽ അയയ്ക്കുകയും കേസ്സിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മുൻഗണനാക്രമം മറികടന്ന് പരിശോധന നടത്തി അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഫോറൻസിക് സയൻസ് ലാബ് ഡയറക്ടർക്ക് കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഫോറൻസിക് ലാബിൽ നിന്നും പരിശോധനാ ഫലം ലഭിച്ചാലുടൻ തുടരന്വേഷണം നടത്തി താമസംവിനാ അന്വേഷണം പൂർത്തിയാക്കുന്നതാണ്.

## ഇടുക്കി നിയോജകമണ്ഡലത്തിൽ അഗ്നിശമന വകുപ്പും ആഭ്യന്തരവകുപ്പും നടത്തിയ വികസന പ്രവർത്തനങ്ങൾ

286 (263) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഗ്നിശമന വകുപ്പും ആഭ്യന്തരവകുപ്പും ഇടുക്കി നിയോജക മണ്ഡലത്തിൽ നാളിതുവരെ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് ഇതിനോടകം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ മൂലമറ്റം അഗ്നിരക്ഷാ നിലയം 21-2-2014-ന് തുറന്ന് പ്രവർത്തനം ആരംഭിച്ചു. കട്ടപ്പന നിലയത്തിന് ഒരു എം.ടി.യു. ജീപ്പും മൂലമറ്റം നിലയത്തിന് ഒരു ആംബുലൻസ്, ഒരു ജീപ്പ്, ഒരു വാട്ടർ ടെണ്ടർ എന്നീ വാഹനങ്ങൾ നൽകിയിട്ടുണ്ട്. കട്ടപ്പന നിലയത്തിന് കെട്ടിടം പണിയുന്നതിന് കട്ടപ്പന വില്ലേജിൽ 20 സെന്റ് സ്ഥലം അനുവദിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എം.ഒ.പി.എഫ്. 2011-12-ൽ ഉൾപ്പെടുത്തി കുളമാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനും എം.ഒ.പി.എഫ്. 2013-14 (സെൻട്രൽ ഷെയർ) മുഖേന കാഞ്ഞാർ പോലീസ് സ്റ്റേഷൻ, കഞ്ഞിക്കുഴി പോലീസ് സ്റ്റേഷൻ, മുരുക്കശ്ശേരി പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ വനിതാ വിശ്രമ മുറികൾ നിർമ്മിക്കുന്നതിനും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇടുക്കി ഡിസ്ട്രിക്റ്റ് ഫോറിനേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, കട്ടപ്പനയിൽ കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പതിമൂന്നാമത് ധനകാര്യ കമ്മീഷൻ തുക അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇടുക്കി എ.ആർ. ക്യാമ്പിന് പുതിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഉദ്ഘാടനവും ചെയ്തിട്ടുണ്ട്.

(ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഏകദേശം 165 ലക്ഷം രൂപയുടെയും പോലീസ് വകുപ്പ് ഏകദേശം 184 ലക്ഷം രൂപയുടെയും വികസന പ്രവർത്തനങ്ങളാണ് ഇടുക്കി നിയോജകമണ്ഡലത്തിൽ ചെയ്തിട്ടുള്ളത്.

## തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

287 (264) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിൽനിന്നും തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെയും കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തരവകുപ്പിൽ നിന്നും തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. എം.ഒ.പി.എഫ്. 2013-14-ൽ ഉൾപ്പെടുത്തി കൽപ്പകഞ്ചേരി പോലീസ് സ്റ്റേഷനിൽ വനിതാ പോലീസ് വിശ്രമ മുറി നിർമ്മിക്കുവാൻ 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. പതിമൂന്നാമത് ധനകാര്യ കമ്മീഷൻ അനുവദിച്ച നിർമ്മാണ പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തിരൂരിൽ നിർമ്മിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| (എ) | ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റന്റ് സെന്റർ | 20 ലക്ഷം രൂപ |
| (ബി) | എ ടൈപ്പ് ഡോർമിറ്ററി | 100 ലക്ഷം രൂപ |
| (സി) | ബി ടൈപ്പ് ഡോർമിറ്ററി | 25 ലക്ഷം രൂപ |
| (ഡി) | കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ | 25 ലക്ഷം രൂപ |

## പോലീസ് മർദ്ദനം

288 (265) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ബേസിൽ മത്തായി, ഇലഞ്ഞിക്കമാലി വീട്, ആലാട്ടുചിറ പി.ഒ., പെരുമ്പാവൂർ, എറണാകുളം എന്നയാളെ വീട്ടിൽ നിന്നും ബലമായി ഇറക്കി സ്വകാര്യ വാഹനത്തിൽ കയറ്റിയശേഷം കോതമംഗലം സബ് ഇൻസ്പെക്ടർ സുധീർ മനോഹർ, കാലടി പോലീസ് സ്റ്റേഷനിലെ ഡ്രൈവർ അനീഷ് റ്റി. എസ്. തുടങ്ങി ആറ് പേർ ചേർന്ന് ഭീകരമായി മർദ്ദിച്ചത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമെന്ന് അറിയിക്കുമോ;

(സി) അനീഷ് റ്റി .എസ്.-ന് എതിരെ ശ്രീ. ബേസിൽ മത്തായി മുൻപ് എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) മർദ്ദന ആവശ്യത്തിന് ബേസിൽ മത്തായിയെ കയറ്റിക്കൊണ്ടുപോയ സ്വകാര്യ വാഹനം തിരിച്ചറിഞ്ഞിട്ടുണ്ടോ;

(ഇ) ഈ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ എത്രയെന്നും ഉടമ ആരെന്നും വ്യക്തമായിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതിയെപ്പറ്റി അന്വേഷണം നടത്തുകയും പരാതിയിൽ പറയുന്ന സംഭവസ്ഥലം മൂവാറ്റുപുഴ സബ് ഡിവിഷൻ പരിധിയിൽ ആണ് എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് മൂവാറ്റുപുഴ ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) ഇല്ല. ടി പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ പരാതിയിൽ പറയുന്ന പ്രകാരം മർദ്ദനം നടന്നിട്ടില്ല എന്ന് വെളിവായിട്ടുള്ളതാണ്.

(സി) പരാതി നൽകിയിട്ടുണ്ട്. പരാതിയിൽ പറയുന്ന കാര്യങ്ങൾ അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതും അന്വേഷണത്തോട് പരാതിക്കാരൻ സഹകരിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കെ.എൽ-43 എ/8904 ഇന്നോവ. അമ്മിണി റെജി, പാലക്കുന്നേൽ വീട്, കുരംകുന്ന്, പോത്താനിക്കാട് എന്നയാളുടെ ഉടമസ്ഥതയിലാണ് ഈ വാഹനം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്.

**സിവിൽ കേസ്സുകളിൽ പോലീസിന്റെ നിഷ്ക്രിയത്വം**

289 (266) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സ്വഭാവത്തിലുള്ള തർക്കങ്ങൾ സംബന്ധിച്ച പരാതികൾ പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത്തരം നിർദ്ദേശം നൽകാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(സി) സിവിൽ കേസ്സുകൾ മുഴുവൻ നേരിട്ട് കോടതിയിലേക്ക് പോകുന്നത് മൂലം കോടതികളിൽ കേസ്സുകൾ കുന്നുകൂടുകയും, സിവിൽ തർക്കങ്ങളെ തുടർന്നുണ്ടാകുന്ന അക്രമ സംഭവങ്ങളിൽ പോലീസ് നിഷ്ക്രിയത്വം പാലിക്കുകയും ചെയ്യുന്നതു മൂലം ഉണ്ടാകാവുന്ന പ്രശ്നങ്ങളെ സർക്കാർ ഗൗരവമായി കണ്ടിട്ടുണ്ടോ;

(ഡി) സിവിൽ തർക്കങ്ങൾ പരിഹരിക്കുന്നതിൽ നിന്ന് പോലീസ് പിന്മാറുമ്പോൾ പ്രശ്നപരിഹാരത്തിന് ഗുണ്ടകളുടെയോ മറ്റ് സംഘങ്ങളുടെയോ ഇടപെടൽ ഉണ്ടാകാനുള്ള സാധ്യതയും ഇത് ഉണ്ടാക്കുന്ന മറ്റ് പ്രശ്നങ്ങളും സർക്കാർ ഗൗരവമായി കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സിവിൽ സ്വഭാവത്തിലുള്ള തർക്കങ്ങൾ സംബന്ധിച്ച പരാതികൾ പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടില്ല. എന്നാൽ സിവിൽ തർക്കങ്ങളിൽ സിവിൽ കോടതികളുടെ ഉത്തരവുകൾ ശ്രദ്ധിക്കാതെയുള്ള പോലീസിന്റെ ഇടപെടൽ ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഏതെങ്കിലും വ്യക്തികളോ സംഘങ്ങളോ തമ്മിലുള്ള തർക്കം എത്രയും പെട്ടെന്ന് പരിഹരിക്കാത്തപക്ഷം ഒരു കൊഗ്നൈസബിൾ കുറ്റമായി പരിണമിക്കുവാൻ സാദ്ധ്യതയുള്ള സാഹചര്യം ആരെങ്കിലും ശ്രദ്ധയിൽ പ്പെടുത്തിയാൽ 2011-ലെ കേരള പോലീസ് നിയമം 63-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ മാത്രമേ സ്വീകരിക്കാവൂ എന്നും ഒരു പ്രത്യേക കോടതി നടപടിക്കുവേണ്ടിയോ കക്ഷികൾക്ക് പോലീസ് സംരക്ഷണം നൽകുന്നതിനു വേണ്ടിയോ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റേയോ സിവിൽ കോടതിയുടെയോ ഉത്തരവ് കിട്ടിയാൽ അത്തരം ഉത്തരവുകൾ പാലിക്കാൻ പോലീസ് ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 23-9-1983-ലെ ഒ.പി. നമ്പർ 2032/83 എന്ന കേസ്സിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിവിൽ കോടതികളുടെ ഉത്തരവുകൾ ഗൗനിക്കാതെ പോലീസ് പ്രവർത്തിക്കുന്നതിനെതിരെ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച വിധിന്യായം അനുവർത്തിച്ചുകൊണ്ടാണ് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ് അതോറിറ്റി എന്നിവ നൽകിയ ശിപാർശകൾ പരിഗണിച്ചുകൊണ്ടാണ് സംസ്ഥാന പോലീസ് മേധാവി മേൽ വിഷയത്തിന്മേൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) നിയമപരമായി പോലീസ് ഇടപെടരുതെന്ന് നിഷ്കർഷിക്കുകയും അതേസമയം പോലീസ് ഇടപെടണമെന്ന ആവശ്യം ഉണ്ടാകുകയും ചെയ്യുമ്പോൾ കോടതികൾ, മനുഷ്യാവകാശ കമ്മീഷൻ, പോലീസ് കംപ്ലയിന്റ് അതോറിറ്റി എന്നിവിടങ്ങളിൽ നിന്നും പോലീസിനെതിരെ നടപടികൾ ഉണ്ടാകുന്നുണ്ട്. 12588/2012-ാം നമ്പർ റിട്ട് ഹർജിയിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 17-11-2012-ലെ വിധിന്യായത്തിൽ 2011-ലെ കേരള പോലീസ് നിയമം 4(j), 63 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പോലീസ് പ്രവർത്തിക്കാവൂ എന്നും സിവിൽ തർക്കങ്ങളിൽ പോലീസ് മധ്യസ്ഥത വഹിച്ച് വിചാരണ നടത്തി തീർപ്പുകൽപ്പിക്കുന്ന തരത്തിലുള്ള നടപടിക്രമം മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ ഉദ്ദേശിച്ചിട്ടില്ല എന്നും നിരീക്ഷിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് ഇത്തരം കേസ്സുകളിൽ പോലീസ് നടപടി സ്വീകരിക്കുന്നത്.

(ഡി) സിവിൽ തർക്കങ്ങൾ പരിഹരിക്കുന്നതിൽ Sec.63 KP Act പ്രകാരം നിയമവിധേയമായി പോലീസ് ഇടപെടുന്നുണ്ട്.

**കാണാതായ കുട്ടികളുടെ എണ്ണം**

290 (267) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011, 2012, 2013, 2014, 2015 എന്നീ വർഷങ്ങളിൽ കാണാതായ കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇതിൽ പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും എണ്ണം പ്രത്യേകം നൽകാമോ?

ഉത്തരം

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**സോളാർ കേസ്**

291 (269) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കേസിലെ പ്രതി സരിതാ നായരെ പെരുമ്പാവൂർ പോലീസ് കസ്റ്റഡിയിൽ എടുത്ത ഘട്ടത്തിലും വീട് പരിശോധന നടത്തിയ ഘട്ടത്തിലും പോലീസ് പിടിച്ചെടുത്ത ലാപ്ടോപ്പ്, സി.ഡികൾ, മൊബൈൽ ഫോണുകൾ തുടങ്ങിയവ എത്ര വീതമായിരുന്നു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പിടിച്ചെടുത്തവ പൂർണ്ണമായും മഹസറിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(സി) അറസ്റ്റ് ചെയ്ത സമയം വീട്ടിൽ നിന്നും പോലീസ് പിടിച്ചെടുത്തതായി പറയുന്ന എല്ലാ ലാപ്ടോപ്പുകളും മൊബൈൽ ഫോണുകളും, കംപ്യൂട്ടർ ഹാർഡ് ഡിസ്കുകളും സോളാർ ബിസിനസ് സംബന്ധമായ രേഖകളും സോളാർ അന്വേഷണ കമ്മീഷൻ മുമ്പാകെ ഹാജരാക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ-സി) ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവിധ കോടതികളുടെ പരിഗണനയിലായതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

## ടിപ്പർ ലോറി അപകടങ്ങൾ

292 (270) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ടിപ്പർ ലോറി അപകടങ്ങളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) എത്ര മരണങ്ങൾ ഈ അപകടങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുണ്ടെന്നുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ടിപ്പർ ലോറികളുടെ അമിതവേഗത നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) വാർഷിക അടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. (18-05-2011 മുതൽ 2016 ജനുവരി 31 വരെ)

(സി) തിരക്കേറിയ സമയങ്ങളിൽ (പീക്ക് ടൈം) ടിപ്പർ ലോറികൾ രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും നഗരത്തിനുള്ളിലും തിരക്കുള്ള റോഡുകളിലും പ്രവേശിക്കുന്നത് തടഞ്ഞിട്ടുണ്ട്. നിരീക്ഷണ ക്യാമറകളിലൂടെയും സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്റർ, വേഗപ്പൂട്ട് മുതലായ ആധുനിക സംവിധാനങ്ങളുടെയും ട്രാഫിക് പോയിന്റ് ഡ്യൂട്ടിക്കാരുടെയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സഹായത്തോടെ ടിപ്പർ ലോറികളുടെ അമിതവേഗതയ്ക്ക് കുറവ് വരുത്തിയിട്ടുണ്ട്. അമിതവേഗത്തിൽ ഓടിക്കുന്ന ടിപ്പർ ഡ്രൈവർമാരുടെ പേരിൽ എം.വി. ആക്റ്റ് പ്രകാരം പിഴ ചുമത്തുകയും മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അമിത വേഗതയ്ക്ക് കുറവു വരുത്തുന്നതിനായി ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും മറ്റും നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ ടിപ്പർ ലോറികൾ ഉണ്ടാക്കുന്ന അപകടങ്ങളുടെ വിശദ വിവരങ്ങൾ പരിശോധിച്ചശേഷം നഗരത്തിനുള്ളിലും തിരക്കുള്ള റോഡുകളിലും ഇവയെ പ്രവേശിപ്പിക്കാതിരിക്കുന്ന സമയം രാവിലെ 8.30 മുതൽ 10.30 വരെയും വൈകുന്നേരം 3.30 മുതൽ 5.30 വരെയുമാക്കി പുനഃക്രമീകരിക്കുന്ന കാര്യം സർക്കാർ ആലോചിച്ചുവരികയാണ്.

## സോളാർ അന്വേഷണ കമ്മീഷന്റെ സുഗമമായ പ്രവർത്തനം

293 (271) ശ്രീ. എ. കെ. ബാലൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ അന്വേഷണ കമ്മീഷനുമായി സഹകരിച്ചുകൊണ്ട്, കമ്മീഷന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാമോ; പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിക്കൊണ്ട് കമ്മീഷനെ സമ്മർദ്ദത്തിലാക്കാൻ ചില കേന്ദ്രങ്ങളിൽ നിന്ന് ശ്രമം നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്മീഷൻ മുമ്പാകെ സ്വതന്ത്രമായി മൊഴി നൽകാൻ കഴിയാതെ ചിലർ ഭയപ്പെടുന്നതായുള്ള റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ? പോലീസ് ഉദ്യോഗസ്ഥരിൽ ആരെല്ലാമാണ് കമ്മീഷൻ മുമ്പാകെ മൊഴി നൽകാതെ വിട്ടുനിന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ? കമ്മീഷന് മൊഴി നൽകുന്നതിന് തലേ ദിവസം ശ്രീമതി സരിതാ നായരെ സ്വാധീനിക്കാൻ, കെ. പി. സി. സി ജനറൽ സെക്രട്ടറി ശ്രീ തമ്പാനൂർ രവി ശ്രമിച്ചതായി പുറത്തു വന്നിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇദ്ദേഹത്തിനെതിരെ ക്രിമിനൽ നടപടി നിയമപ്രകാരം കേസെടുത്തിട്ടുണ്ടോ;

(സി) ശ്രീമതി സരിത സത്യം പറയുന്നത് ഭയപ്പെടുന്നവർ ആരോ, അവർ ശ്രീമതി സരിതയെ തടയുന്നതായുള്ള കമ്മീഷന്റെ തന്നെ പരാമർശം സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ ? അന്വേഷണത്തിന്റെ ഭാഗമായി ഉന്നത ഉദ്യോഗസ്ഥൻ ശേഖരിച്ചിരുന്ന ഫോൺരേഖ, പിന്നീട് അപ്രത്യക്ഷമാക്കിയ നടപടിയെക്കുറിച്ച് പോലീസ് അന്വേഷിച്ചിരുന്നോ;

(ഡി) കമ്മീഷന് സ്വതന്ത്രമായി പ്രവർത്തിക്കാൻ വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ച് തിരുത്താമോ?

ഉത്തരം

(എ) സോളാർ കമ്മീഷന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതായുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) സോളാർ കമ്മീഷന്റെ മുമ്പാകെ സ്വതന്ത്രമായി മൊഴി നൽകാൻ കഴിയാതെ ഭയപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. കമ്മീഷനു മുമ്പാകെ മൊഴി നൽകേണ്ട പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ വിട്ടുനിന്നിട്ടില്ല. ശ്രീ. തമ്പാനൂർ രവിക്കെതിരെ ക്രിമിനൽ നടപടി പ്രകാരം കേസ് എടുക്കുന്നത് സംബന്ധിച്ച് ലഭിച്ച നിയമോപദേശം, ഫോൺ സംഭാഷണത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭീഷണിയോ അതല്ലെങ്കിൽ ഒരു cognizable കുറ്റകൃത്യം നടത്തുന്നതിനായി പ്രേരിപ്പിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല എന്നതാണ്. ഇന്ത്യൻ ശിക്ഷാനിയമം അനുസരിച്ചോ മറ്റേതെങ്കിലും special അല്ലെങ്കിൽ Local Laws അനുസരിച്ചോ ഒരു കുറ്റകൃത്യം നടന്നിട്ടില്ലാത്തതുകൊണ്ട് കേസ് രജിസ്റ്റർ ചെയ്യുന്നതിന് അടിസ്ഥാനമില്ലെന്ന നിയമോപദേശമാണ് ലഭിച്ചിട്ടുള്ളത്.

(സി) കമ്മീഷൻ ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. സോളാർ കമ്മീഷന്റെ ഭാഗമായി അന്വേഷിച്ച ഒരു രേഖയും നഷ്ടപ്പെട്ടിട്ടില്ല.

(ഡി) കമ്മീഷന്റെ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആഭ്യന്തര വകുപ്പുമന്ത്രിയുടേതായി മാധ്യമങ്ങൾ പ്രസിദ്ധീകരിച്ച കത്തിന്റെ ഉറവിടം സംബന്ധിച്ച അന്വേഷണം**

294 (272) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രതിച്ഛായ പൂർണ്ണമായും തകർന്നെന്ന് കാണിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെതായി മാധ്യമങ്ങൾ പ്രസിദ്ധികരിച്ച കത്തിന്റെ ഉറവിടം സംബന്ധിച്ച് അന്വേഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം കത്തയച്ചിട്ടില്ലെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിൽ കത്തിന്റെ ഉറവിടം സംബന്ധിച്ച് അന്വേഷണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ കെ.പി.സി.സി. പ്രസിഡന്റിന്റെ ആവശ്യം പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ പോലീസ് അന്വേഷണം നിലവിലില്ല.

## സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ നിയമനം

295 (273) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ശ്രീധരൻ നായർ, ചെറിയാല ഹൗസ്, മോരിക്കര പി.ഒ., കക്കോടി എന്നയാൾ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള (File No. 54/397/C/Home 2015) ഹർജിയിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ;

(ബി) അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് എപ്പോൾ പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഈ വിഷയം 54397/സി4/2015/ആഭ്യന്തരം നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## മൈക്രോ ഫിനാൻസ്

296 (274) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ ഫിനാൻസ് ഇടപാടിൽ സംസ്ഥാനത്ത് നടന്ന ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) മൈക്രോ ഫിനാൻസിന്റെ മറവിൽ എന്തെല്ലാം നിലയിലുള്ള തട്ടിപ്പുകൾ നടന്നതായിട്ടാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത തട്ടിപ്പുകളുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം എൻ.ജി.ഒ.കളുടെയും മറ്റ് സംഘടനകളുടേയും പേരുകളിൽ കേസ്സെടുക്കുകയുണ്ടായി ;

(സി) വെള്ളാപ്പള്ളി നടേശനെതിരെ സർക്കാരിന് ലഭിച്ച പരാതികളിൽ അന്വേഷണം നടത്തുന്നത് ഏത് ഏജൻസിയാണ് ; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് തട്ടിപ്പ് നടത്തിയവർ ആരൊക്കെയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ-സി) എസ്.എൻ.ഡി.പി.-യുടെ മൈക്രോ ഫിനാൻസ് പദ്ധതിയിൽ ക്രമക്കേട് നടന്നതായി ആരോപിച്ച ശ്രീ. വി. എസ്. അച്യുതാനന്ദൻ സി.എം.പി. 1431/15 നമ്പരായി സമർപ്പിച്ച പരാതിയിൽ താഴെപ്പറയുന്നവർക്കെതിരെ ഒരു പ്രാഥമികാന്വേഷണം നടത്തുവാൻ ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതി 20-1-2016-ൽ ഉത്തരവിട്ടു.

1. ശ്രീ. വെള്ളാപ്പള്ളി നടേശൻ, ജനറൽ സെക്രട്ടറി, എസ്.എൻ.ഡി.പി. യോഗം
2. ഡോ. എം. എൻ. സോമൻ, പ്രസിഡന്റ്, എസ്.എൻ.ഡി.പി. യോഗം
3. ശ്രീ. സി. കെ. മഹേശൻ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എസ്.എൻ.ഡി.പി. യോഗം, മൈക്രോ ഫിനാൻസ് സ്കീം.
4. ശ്രീ. എൻ. നജീബ്, എം.ഡി.(റിട്ട.), കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്.

കോടതി നിർദ്ദേശിച്ചത് പ്രകാരം ക്യൂ.വി. 02/16/എസ്.ആർ.ടി. നമ്പരായി അന്വേഷണം നടക്കുന്നു. അന്വേഷണം പ്രാഥമിക ഘട്ടത്തിലാണ്.

**അരിയിൽ ഷുക്കൂർ കൊലക്കേസ്**

297 (275) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയിൽ ഷുക്കൂർ കൊലക്കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സിലെ പ്രതികളെയെല്ലാം പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇനി ഏതെല്ലാം പ്രതികളെ പിടികൂടാനുണ്ട്; വിശദവിവരം നൽകുമോ?

(സി) പ്രസ്തുത കേസിന്റെ വാദം ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ-സി) കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കേസ് കോടതിയിൽ വിചാരണയിലാണ്. പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്.

## ആഭ്യന്തര വകുപ്പിന്റെ പുതിയ നടപടികൾ

298 (276) ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ പുതിയ നടപടികൾ മൂലം സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും വിദ്യാർത്ഥികളും യുവാക്കളും കുറ്റകൃത്യങ്ങളിൽ നിന്നും അകന്നു നിൽക്കുന്നതിനുമായി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കൗൺസിലിംഗ് സെന്ററുകളും സ്കൂൾ കോളേജ് തലങ്ങളിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആഭ്യന്തര വകുപ്പിന്റെ നടപടികൾ മൂലം കുറ്റകൃത്യങ്ങൾ ഒരു പരിധി വരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കൗൺസിലിംഗ് സെന്ററുകൾ, സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിച്ച് വരുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ ജനമൈത്രി പോലീസിന്റെയും സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവയുടെയും ആഭിമുഖ്യത്തിലും ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, ജാഗ്രതാ സമിതി എന്നിവയുടെയും മറ്റും ഭാഗമായും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകളും കൗൺസിലിംഗ് സെന്ററുകളും സെമിനാറുകളും നടത്തിവരുന്നു.

## ഉന്നതരായ ഉദ്യോഗസ്ഥരിലെ ക്രിമിനൽ പ്രവർത്തനങ്ങൾ

299 (277) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതരായ ഉദ്യോഗസ്ഥരും, അവരുടെ ബന്ധുക്കളും ക്രിമിനൽ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നുണ്ടോ;

(ബി) കേസ് രജിസ്റ്റർ ചെയ്യുന്നതിലും, മറ്റു നിയമ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും ഇവർക്ക് വിവേചനപരമായ പരിഗണന ലഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ കാര്യത്തിൽ വിവേചന രഹിതമായ നിയമനടപടി ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഉന്നതരായ ഉദ്യോഗസ്ഥരും അവരുടെ ബന്ധുക്കളും ക്രിമിനൽ പ്രവർത്തനങ്ങളിൽ പങ്കാളികളായതുമായി ബന്ധപ്പെട്ട് 9 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ കാര്യത്തിൽ നിലവിലുള്ള നിയമ വ്യവസ്ഥകൾക്കനുസരിച്ച് കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് വിവേചനപരമായ നടപടികളൊന്നും പോലീസ് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ധർമ്മടം-ഹരിജൻ സ്ത്രീയെ മാനഭംഗപ്പെടുത്തിയത് സംബന്ധിച്ച പരാതി**

300 (278) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ പടിഞ്ഞിറ്റാമുറി (മമ്പറം) എന്ന സ്ഥലത്ത് ഹരിജൻ സ്ത്രീയെ മാനഭംഗപ്പെടുത്തിയത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിലെ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അറസ്റ്റ് ചെയ്യാഞ്ഞത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രതി മറ്റേതെങ്കിലും കേസ്സുകളിൽ പ്രതിയാണോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) അറസ്റ്റ് ചെയ്തിട്ടില്ല.

(സി) പ്രതി ഒളിവിൽ കഴിഞ്ഞുവരികയാണ്.

(ഡി) പ്രസ്തുത കേസ്സിലെ പ്രതി കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2120/15, കതിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 97/14, 117/15, 1265/15 എന്നീ കേസ്സുകളിലും പ്രതിയാണ്.

**വെച്ചൂർ പോലീസ് സ്റ്റേഷൻ**

301 (279) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ;

(ബി) കോട്ടയം ജില്ലയിലെ വെച്ചൂർ പോലീസ് ഔട്ട് പോസ്റ്റിന് പൂർണ പോലീസ് സ്റ്റേഷൻ പദവി നൽകണമെന്ന നിർദ്ദേശത്തിന്റെ പുരോഗതി എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) വെച്ചൂർ പോലീസ് ഔട്ട് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30 പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ചത്. അവ ഏതൊക്കെ എന്നുള്ള വിവരം ചുവടെ ചേർക്കുന്നു:

1. മരട് (കൊച്ചി സിറ്റി)
2. അരുവിക്കര (തിരുവനന്തപുരം റൂറൽ)
3. അയിരൂർ (തിരുവനന്തപുരം റൂറൽ)
4. മാരായമുട്ടം (തിരുവനന്തപുരം റൂറൽ)
5. കല്ലടിക്കോട് (പാലക്കാട്)
6. പൂക്കോട്ടുംപാടം (മലപ്പുറം)

7. മീനാക്ഷിപുരം (പാലക്കാട്)
8. നരുവാമൂട് (തിരുവനന്തപുരം റൂറൽ)
9. വാഗമൺ (ഇടുക്കി)
10. എളമക്കര (കൊച്ചി സിറ്റി)
11. ഗുരുവായൂർ ടെമ്പിൾ (തൃശ്ശൂർ സിറ്റി)
12. മുളംകുന്നത്തുകാവ് (തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ, തൃശ്ശൂർ സിറ്റി)
13. മുല്ലപ്പെരിയാർ (ഇടുക്കി)
14. സൈബർ പോലീസ് സ്റ്റേഷൻ (കൊച്ചി സിറ്റി)
15. വനിത പോലീസ് സ്റ്റേഷൻ (കൊല്ലം സിറ്റി)
16. വനിത പോലീസ് സ്റ്റേഷൻ (ആലപ്പുഴ)
17. വനിത പോലീസ് സ്റ്റേഷൻ (കോട്ടയം)
18. വനിത പോലീസ് സ്റ്റേഷൻ (തൃശ്ശൂർ റൂറൽ)
19. വനിത പോലീസ് സ്റ്റേഷൻ (മലപ്പുറം)
20. വനിത പോലീസ് സ്റ്റേഷൻ (കണ്ണൂർ)
21. ട്രാഫിക് പോലീസ് സ്റ്റേഷൻ (കാസർഗോഡ്)
22. ട്രാഫിക് പോലീസ് സ്റ്റേഷൻ (മണ്ണാർക്കാട്)
23. ചിതറ പോലീസ് സ്റ്റേഷൻ (കൊല്ലം റൂറൽ)
24. മലയാലപ്പുഴ (പത്തനംതിട്ട)
25. മാഞ്ഞൂർ (കോട്ടയം)
26. മുട്ടം (ഇടുക്കി)
27. തങ്കമണി (ഇടുക്കി)
28. എടത്തല (എറണാകുളം റൂറൽ)
29. ചെറുപുഴ (കണ്ണൂർ)
30. കാടാമ്പുഴ (മലപ്പുറം).

(ബി & സി) സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ശിപാർശ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## ട്രൈബൽ ക്വിക്ക് റിയാക്ഷൻ ടീം

302 (280) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ട്രൈബൽ ക്യൂക്ക് റിയാക്ഷൻ ടീം എന്ന സ്പെഷ്യൽ ടീം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ടീം രൂപീകരിച്ചിട്ടുള്ളത്; പ്രസ്തുത ടീമിൽ എത്ര അംഗങ്ങൾ വീതമുണ്ട്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടീമിന്റെ വിവിധ ജില്ലകളിലെ ഇതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) പ്രസ്തുത ടീമിന്റെ രൂപീകരണത്തിനായി 2014-15-ൽ എത്ര തുക വകയിരുത്തിയിരുന്നു; എത്ര തുക അനുവദിച്ചു; അതിൽ എത്ര തുക പിൻവലിക്കാതെ ട്രഷറിയിൽ ബാക്കി നിൽപ്പുണ്ടായിരുന്നു; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിൽ ട്രൈബൽ ക്വിക്ക് റിയാക്ഷൻ ടീം രൂപീകരിക്കുന്നതിന് സർക്കാർ ഭരണപരമായ അനുമതി നൽകിയിരുന്നു. എന്നാൽ ഈ ജില്ലകളിൽ ട്രൈബൽ ക്വിക്ക് റിയാക്ഷൻ ടീം ഇതുവരെ രൂപീകരിച്ചിട്ടില്ല.

## ലോക്കപ്പ് മർദ്ദനം

303 (281) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നടന്ന ലോക്കപ്പ് മർദ്ദനം, ആത്മഹത്യ, കൊലപാതകം ഇവ ഓരോന്നും എത്ര വീതമെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പോലീസ് കസ്റ്റഡിയിൽ (1)വനിതകൾ കൊല്ലപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; (2) പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൊല്ലപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പോലീസ് കസ്റ്റഡിയിലെ മരണവും ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് എത്ര പോലീസുകാർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്; എത്ര പേർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പോലീസ് പീഡനത്തെത്തുടർന്ന് എത്ര ആത്മഹത്യകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതേ തുടർന്ന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കാലയളവിൽ പോലീസ് കസ്റ്റഡിയിൽ വനിതകളോ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരോ കൊല്ലപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത കാലയളവിൽ പോലീസ് കസ്റ്റഡിയിലെ മരണവും ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് 6 പോലീസുകാർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. 10 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പോലീസ് പീഡനത്തെ തുടർന്ന് ആരും ആത്മഹത്യ ചെയ്തിട്ടില്ല.

## പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരായി നിയമനം

304 (282) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിൽ നിന്ന് എത്ര പോലീസുകാരാണ് പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരായി വിവിധ തലങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളതെന്നതിന്റെ വിവരം അറിയിക്കുമോ;

(ബി) 2011 മുതൽ ഈ ജോലിയിൽ സ്ഥിരമായി തുടരുന്നവർ എത്ര പേർ ഉണ്ടെന്നതിന്റെ വിശദാംശം നൽകുമോ;

(സി) പോലീസ് വകുപ്പിൽ നിന്ന് ചിലരെ മാത്രം ഇത്തരം പോസ്റ്റുകളിൽ സ്ഥിരമായി നിലനിർത്തുന്നത് മററുള്ളവർക്ക് അവസരം നിഷേധിക്കുമെന്നതിനാൽ ഇത്തരം നിയമനങ്ങൾക്ക് പ്രത്യേക മാനദണ്ഡം ഉണ്ടാക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സംസ്ഥാന ഗവർണർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മുൻ കേന്ദ്രമന്ത്രിമാർ, എം.പി.-മാർ, എം.എൽ.എ.-മാർ, രാഷ്ട്രീയ നേതാക്കൾ, സുരക്ഷാ കാറ്റഗറി അനുസരിച്ച് സംരക്ഷണം നൽകേണ്ടുവന്ന വ്യക്തികൾ എന്നിവരുടെ സംരക്ഷണത്തിനായി (PG/RR/PSO) സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് സുരക്ഷാ വിഭാഗത്തിൽ നിന്നും ആകെ 224 സേനാംഗങ്ങളെ നിയോഗിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 156.

(സി) ഇപ്പോൾ പരിഗണനയിലില്ല. ഉന്നത ഉദ്യോഗസ്ഥരും മറ്റു വിശിഷ്ട വ്യക്തികളും ശിപാർശ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരെ നിലവിലെ നിയമങ്ങൾക്കനുസൃതമായി അവരുടെ പോലീസ് സുരക്ഷാ ഓഫീസർമാരായി നിയോഗിച്ചുവരുന്നു.

**രാഷ്ട്രീയ കൊലപാതകങ്ങൾ**

305 (283) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൊലപാതകങ്ങളിൽ പ്രതികളായി ശിക്ഷിക്കപ്പെട്ട് സംസ്ഥാനത്തെ ജയിലുകളിൽ കഴിഞ്ഞുവരുന്ന തടവുകാർ എത്രയാണ്;

(ബി) ഏതെല്ലാം രാഷ്ട്രീയ കൊലപാതകങ്ങളിൽ ശിക്ഷിക്കപ്പെട്ടവർ ഏതെല്ലാം ജയിലുകളിൽ കഴിയുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) തടവുകാരുടെ രാഷ്ട്രീയ ബന്ധം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താറില്ല. ആയതിനാൽ ഏതെല്ലാം പ്രതികളാണ് രാഷ്ട്രീയ കൊലപാതകവുമായി ബന്ധപ്പെട്ട് ജയിലുകളിൽ കഴിയുന്നതെന്ന വിവരം ലഭ്യമല്ല.

(ബി) ബാധകമല്ല.

**ഓപ്പറേഷൻ കുബേര**

306 (284) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 11-5-2014 മുതൽ ബ്ലേഡ് മാഫിയക്കെതിരെ 'ഓപ്പറേഷൻ കുബേര' പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) അമിത പലിശ ഈടാക്കുന്ന വ്യക്തികളെയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളേയും നിയന്ത്രിക്കുക, അമിത പലിശയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തടയുക, അമിത പലിശ ഈടാക്കുന്നവരുടെ ചൂഷണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് 'ഓപ്പറേഷൻ കുബേര' നടപ്പിലാക്കിവരുന്നത്.

(സി) ജില്ലകളിൽ ഒരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ 'ഓപ്പറേഷൻ കുബേര' പദ്ധതി പോലീസ് നടപ്പിലാക്കി വരുന്നു. പൗരന്മാർ, പൊതുപ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷനുകൾ, ജനമൈത്രി, കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. പരാതിയുടെയും അന്വേഷണങ്ങളുടെയും അടിസ്ഥാനത്തിൽ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**മഞ്ജൂഷയുടെ മരണം**

307 (285) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ പുല്ലയിൽ മഞ്ജുളാലയത്തിൽ മഞ്ജൂഷയുടെ മരണവുമായി ബന്ധപ്പെട്ട് ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മരണം കൊലപാതകമാണെന്ന് കാണിച്ച് വകുപ്പിന് നിവേദനം കിട്ടിയിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കിളിമാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 71/15 u/s 174 CrPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ്സിന്റെ അന്വേഷണം തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ടി കേസ്സിൽ ഇപ്പോൾ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നതുമാണ്.

## സബ്സിഡൈസ്ഡ് പോലീസ് ക്യാന്റീനുകൾ

308 (286) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് സബ്സിഡൈസ്ഡ് ഉല്പന്നങ്ങൾ വാങ്ങാൻ കഴിയുന്ന നിലയിൽ നടപ്പാക്കിയ ക്യാന്റീനുകൾ എത്രയാണ്; അവ ഏതൊക്കെ;

(ബി) 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ പോലീസ് ക്യാന്റീനുകളിലൂടെ നടന്ന മൊത്തം വിപണനം എത്ര കോടിയുടേതാണ്;

(സി) മൊത്തം ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ നികുതി ഇനത്തിൽ ലഭിച്ച കിഴിവ് എത്ര കോടി രൂപയുടേതായിരിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ പോലീസ് സേനയിലുള്ളവർ എത്ര; അതിൽ എത്ര പേർ പോലീസ് ക്യാന്റീനുകളിൽ സ്മാർട്ട് കാർഡ് എടുത്തിട്ടുണ്ട്;

(ഇ) പോലീസ് ക്യാന്റീനിലൂടെ വില്ക്കുന്ന ഏതെങ്കിലും ഉല്പന്നങ്ങൾക്ക് നികുതി ഈടാക്കുന്നുണ്ടോ; നികുതി ഒഴിവ് നൽകിയതുവഴി പ്രതിവർഷം മൊത്തം എത്ര കോടി രൂപ പോലീസുകാർക്ക് ലഭിക്കുന്നുണ്ട്?

ഉത്തരം

(എ) 14 എണ്ണം. ഓരോ ജില്ലയിൽ ഓരോന്നുവീതം.

(ബി) 2014-15 - 142,39,21,539.72 രൂപ.
2015-16 - 143,37,28,634.15 രൂപ.
(31-12-2015 വരെ)

(സി) 2014-15 - 4,83,83,951 രൂപ
2015 ഡിസംബർ വരെ 5,57,03,722 രൂപ.

(ഡി) നിലവിൽ 56355 തസ്തികകളുണ്ട്. പെൻഷൻകാർ ഉൾപ്പെടെ 57737 പേർ പോലീസ് ക്യാന്റീൻ സ്മാർട്ട് കാർഡ് കരസ്ഥമാക്കിയിട്ടുണ്ട്.

(ഇ) മാസ്റ്റർ ക്യാന്റീനിൽ നിന്നും വാങ്ങി പോലീസ് ക്യാന്റീൻ വഴി വിൽക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഒഴികെ മറ്റെല്ലാ ഉൽപ്പന്നങ്ങൾക്കും KVAT Act 2003 പ്രകാരം നികുതി ഈടാക്കുന്നുണ്ട്. 50 ശതമാനം നികുതിയിളവ് നൽകുന്നത് വഴി 2014-15-ൽ - 4,83,83,951 രൂപയും 2015 ഡിസംബർ വരെ 5,57,03,722 രൂപയും പോലീസുകാർക്ക് കിഴിവായി ലഭിച്ചു.

## ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

309 (287) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് 1989 പ്രകാരം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ്; ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസ്സുകളിൽ ഇപ്പോഴും കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്ര; അന്വേഷണം പൂർത്തിയാക്കാത്തവ എത്ര; അതിൽ ഒരു വർഷവും രണ്ട് വർഷവും മൂന്ന് വർഷവും നാല് വർഷവും പിന്നിട്ട കേസ്സുകൾ എത്ര; വ്യക്തമാക്കാമോ;

(സി) ഈ കേസ്സുകളിലെല്ലാമായി ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ഉള്ളവരെത്ര;

(ഡി) ഇവയിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടന്ന അതിക്രമങ്ങൾ, കൊലപാതകങ്ങൾ, പീഡനക്കേസ്സുകൾ, ബലാൽസംഗക്കേസുകൾ എന്നിവ ഓരോന്നും എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4,366 കേസ്സുകൾ ആണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി)

| | |
|---|---|
| കുറ്റപത്രം നൽകിയിട്ടില്ലാത്ത കേസ്സുകൾ | 2,469 |
| അന്വേഷണം പൂർത്തിയാക്കാത്ത കേസ്സുകൾ | 551 |

അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളിൽ

| | |
|---|---|
| ഒരു വർഷത്തിന് താഴെയുള്ളത് | 465 |
| ഒരു വർഷത്തിനും രണ്ടു വർഷത്തിനും ഇടയിലുള്ളത് | 65 |
| രണ്ടുവർഷത്തിനുംമൂന്നും വർഷത്തിനും ഇടയിലുള്ളത് | 17 |
| മൂന്ന് വർഷത്തിനും നാലു വർഷത്തിനും ഇടയിലുള്ളത് | 3 |
| നാലുവർഷത്തിന് മുകളിലുള്ളത് | 1 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 644 പേരെ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി)

| കേസ്സുകളുടെ എണ്ണം | സ്ത്രീകൾക്കെതിരെ നടന്നത് (പെൺകുട്ടികൾ ഉൾപ്പെടെ) | കുട്ടികൾക്കുനേരെ നടന്ന അതിക്രമങ്ങൾ (All Crime against Children cases under SC/ST POA) |
|---|---|---|
| കൊലപാതകകേസ്സുകൾ | 11 | 1 |
| ബലാത്സംഗകേസ്സുകൾ | 645 | 194 |
| മറ്റ് പീഡന കേസ്സുകൾ | 1191 | 137 |
| അതിക്രമങ്ങൾ | 1847 | 332 |

**പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾ**

310 (288) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങളെ ഗൗരവത്തോടെയാണ് കാണുന്നതെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പോലീസിനു കീഴിൽ മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളോടുള്ള സമീപനത്തിൽ കാലോചിതമായ രീതിയിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റാന്വേഷണത്തിനും ക്രമസമാധാനപാലനത്തിനും നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് പോലീസ് നടപടികൾ സ്വീകരിക്കുമ്പോൾ ആയത് നിയമത്തിന്റെ പരിധി ലംഘിക്കുന്നുവെന്ന പരാതികൾ അപൂർവ്വം ചില സന്ദർഭങ്ങളിൽ ഉണ്ടാകാറുണ്ട്. അപ്രകാരം ഉണ്ടാകുന്ന പരാതികളിൽ അവയുടെ സ്വഭാവവും ഗൗരവവും പരിഗണിച്ച് അന്വേഷിച്ച് ഉചിതമായ തിരുത്തൽ നടപടികൾ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കാറുണ്ട്. അതിനാൽ മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച് പോലീസിന് എതിരായ പരാതികൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ബി) സമീപകാലത്തൊന്നും ഇത്തരം നിരീക്ഷണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കാലോചിതമായ മാറ്റങ്ങൾ പോലീസ് സേനയുടെ പരിശീലനത്തിലും പ്രവർത്തനരീതികളിലും കൊണ്ടുവരുന്നുണ്ട്.

**നിയമവിരുദ്ധ പ്രവർത്തനം തടയൽ (ഭേദഗതി) നിയമം**

311 (289) ശ്രീ. ഇ. പി. ജയരാജൻ:

ശ്രീ. കെ. കെ. നാരായണൻ:

ശ്രീ. എളമരം കരീം:

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവിരുദ്ധ പ്രവർത്തനം തടയൽ (ഭേദഗതി) നിയമം (യു.എ.പി.എ) പ്രകാരം സംസ്ഥാനത്ത് ദേശവിരുദ്ധ ഭീകര പ്രവർത്തനങ്ങൾക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ;

(ബി) ഈ സർക്കാർ യു.എ.പി.എ. വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ ഏതൊക്കെയാണ്; ഇതിൽ ഏതെല്ലാം കേസുകളാണ് പിന്നീട് സി.ബി.ഐ.-യുടെ അന്വേഷണത്തിന് വിട്ടുകൊടുത്തിരിക്കുന്നത്; കേന്ദ്ര ആഭ്യന്തരമന്ത്രി കതിരൂർ കൊലപാതക കേസ് സി.ബി.ഐ.-യെ ഏല്പിക്കണമെന്ന് കണ്ണൂരിൽ വന്ന് ആവശ്യപ്പെടുകയുണ്ടായോ; ഇക്കാര്യം ഉന്നയിച്ച് ആർ.എസ്.എസ്.- ബിജെപി നേതാക്കൾ മുഖ്യമന്ത്രിയേയും ആഭ്യന്തര മന്ത്രിയേയും നേരിൽ കാണുകയോണ്ടായോ;

(സി) യു.എ.പി.എ. നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം എന്താണെന്ന് വിശദമാക്കാമോ;

(ഡി) യു,എ.പി.എ. പോലുള്ള നിയമനങ്ങൾ സങ്കുചിത രാഷ്ട്രീയ നേട്ടങ്ങൾക്ക് വേണ്ടിയും നിരപരാധികൾക്കെതിരെ കള്ളക്കേസ് എടുക്കുന്നതിനും ഉപയോഗിക്കാതിരിക്കാൻ സർക്കാർ എന്തെല്ലാം നിലപാടുകൾ സ്വീകരിച്ചിരുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) 134 കേസ്സുകൾ (ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*) ഇതിൽ ക്രൈം നമ്പർ 780/14 കതിരൂർ പി.എസ്. കേസ് സി.ബി.ഐ. അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ദേശസുരക്ഷയ്ക്കും പരമാധികാരത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളെ കാര്യക്ഷമമായി തടയുന്നതിനും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്ന സംഘടനകൾക്കും വ്യക്തികൾക്കുമെതിരെ നിയമനടപടികൾ സ്വീകരിക്കുകയും തദ്വാര ഭീകര പ്രവർത്തനങ്ങളുടെ പരിധിയിൽ വരുന്ന പ്രവൃത്തികൾ പ്രതിരോധിക്കുക എന്നതാണ് യു.എ.പി.എ. നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം.

(ഡി) യു.എ.പി.എ. നിയമങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വെള്ളാപ്പള്ളി നടേശനെതിരെയുള്ള കേസ്സിന്റെ അന്വേഷണം

312 (290) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മതനിരപേക്ഷതയും സാഹോദര്യവും തകർക്കുന്ന നിലയിൽ, 2015 നവംബർ 29-ന് ആലുവയിൽ പ്രസംഗം നടത്തിയതിനെതിരെ വെള്ളാപ്പള്ളി നടേശനെതിരെ പോലീസ് എടുത്ത കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) വിവാദ പരാമർശങ്ങൾ, ആവർത്തിച്ച് നടത്തുക വഴി മതസ്പർദ്ധ വളർത്താൻ ബോധപൂർവ്വം ശ്രമിക്കുകയായിരുന്നു എന്ന കാര്യം പോലീസിന് ബോദ്ധ്യമായിട്ടുണ്ടോ;

(സി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; നടേശന്റെ മുൻകൂർജാമ്യഹർജിയെ ഹൈക്കോടതിയിൽ സർക്കാർ എതിർക്കുകയുണ്ടായോ; പ്രസ്തുത കേസിൽ ഹൈക്കോടതിയിൽ സർക്കാർ നല്കിയ വിശദീകരണം എന്തായിരുന്നു?

ഉത്തരം

(എ) പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) ഉണ്ട്.

(സി) ശ്രീ. വെള്ളാപ്പള്ളി നടേശനെതിരെ 153(A)(a) IPC പ്രകാരമുള്ള കുറ്റം ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ടിയാന് മുൻകൂർ ജാമ്യം നൽകുന്നതിനെ എതിർത്ത് ബഹുമാനപ്പെട്ട കോടതിയിൽ വസ്തുതാ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത പ്രസംഗത്തിന്റെ വീഡിയോ ക്ലിപ്പ് സഹിതം ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്.

## വ്യക്തിപരമായ വിരോധം ഉള്ള ഉദ്യോഗസ്ഥരുടെ കേസ് അന്വേഷണം

313 (291) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരാളുമായി വ്യക്തിപരമായോ നിയമപരമായോ എതിർകക്ഷിയായ പോലീസ് ഉദ്യോഗസ്ഥൻ അയാൾക്കെതിരെയുള്ള കേസ് അന്വേഷിക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഡി.വൈ.എസ്.പി. തസ്തികയിൽ നേരിട്ടു നിയമനം നടത്തുന്ന തമിഴ്നാട് മാതൃകയിൽ കേരളത്തിൽ നിയമന പരിഷ്കാരം കൊണ്ടുവരുന്നതു പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസ് അന്വേഷണ ചുമതല മറ്റൊരു ഉദ്യോഗസ്ഥന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

## കുറ്റവാളികളെ കണ്ടെത്തുന്നതിന് ആധുനിക കുറ്റാന്വേഷണ രീതികൾ

314 (292) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റവാളികളെ കണ്ടെത്തുന്നതിന് ആധുനികമായ കുറ്റാന്വേഷണ രീതികൾ പരിശീലിപ്പിക്കാനും യഥാർത്ഥ കുറ്റവാളികളെ എളുപ്പം കണ്ടെത്താനും എന്തെല്ലാം കാര്യങ്ങളാണ് പോലീസ് വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയതെന്ന് പറയാമോ;

(ബി) ഇത്തരം പരിശീലനങ്ങൾ കൊണ്ട് കേരളത്തിലെ പോലീസ് സേനയ്ക്കുണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണെന്നു പറയാമോ?

<u>ഉത്തരം</u>

(എ) കുറ്റവാളികളെ കണ്ടെത്തുന്നതിന് ആധുനികമായ കുറ്റാന്വേഷണ രീതികൾ പരിശീലിപ്പിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ കേസ്, ക്രിമിനൽ

ഇന്റലിജൻസ് കളക്ഷൻ ആന്റ് പ്രൊഫഷണലിസം, സൈബർ ക്രൈംസ്, സയന്റിഫിക് ഇൻവെസ്റ്റിഗേഷൻ തുടങ്ങിയ വിഷയങ്ങളിൽ പോലീസുദ്യോഗസ്ഥർക്ക് ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ ഫിംഗർ പ്രിന്റ് ബ്യൂറോ, ഫോറൻസിക് സയൻസ് വിഭാഗം, ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം (CCTNS), സൈബർ സെൽ, ഹൈടെക് സെൽ, സെക്യൂരിറ്റി അലർട്ട് സിസ്റ്റം, ചൈൽഡ് ട്രാക്കിംഗ് നെറ്റ്‌വർക്കിംഗ് സിസ്റ്റം, ഡോഗ് സ്ക്വാഡ് എന്നിവയുടെ പ്രവർത്തനവും ശക്തമാക്കി കുറ്റവാളികളെ എളുപ്പം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം പരിശീലനങ്ങൾ കൊണ്ട് കുറ്റവാളികളെ എളുപ്പത്തിൽ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിനും കുറ്റമറ്റ രീതിയിൽ കേസന്വേഷണം നടത്തുന്നതിനും സാധിക്കുന്നു.

**ഹെലിക്യാമറകൾ**

315 (293) <u>ശ്രീ. സി. മോയിൻ കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെലിക്യാമറകൾ വ്യാപകമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇവ ഉപയോഗിക്കുന്നതിന് അനുമതി ആവശ്യമുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) 2015-ൽ ഇതുപ്രകാരമുള്ള അനുമതി ആർക്കെങ്കിലും നല്കിയിട്ടുണ്ടോ; അനുമതി ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) ദൃശ്യമാധ്യമങ്ങൾക്ക് ഹെലിക്യാമറ ഉപയോഗിക്കാൻ അനുമതി നല്കിയിട്ടുണ്ടോ; മാധ്യമങ്ങൾക്ക് പൊതു അനുമതിക്ക് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആ സൗകര്യം ദുരുപയോഗം ചെയ്യാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുമെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ചില ആഘോഷപരിപാടികളിലും ചില ആൽബങ്ങൾ, സിനിമകൾ എന്നിവയുടെ ചിത്രീകരണത്തിലും ഹെലിക്യാമറകൾ ഉപയോഗിച്ചതായ ഒറ്റപ്പെട്ട അനുഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻകരുതലുകൾ ഇല്ലാതെയുള്ള ഹെലിക്യാമറകളുടെ ഉപയോഗം വളരെയധികം സുരക്ഷാപ്രശ്നങ്ങൾക്കും അപകടങ്ങൾക്കും കാരണമായേക്കാവുന്നതാണ്. മുൻകൂർ അനുമതിയില്ലാതെ ഹെലിക്യാമറ പോലുള്ള ഉപകരണങ്ങളുടെ ഉപയോഗം വിധ്വംസക പ്രവർത്തനങ്ങൾക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ചേക്കാവുന്നതിനാൽ അത്തരം വസ്തുക്കളുടെ ഏത് കാര്യങ്ങൾക്ക് വേണ്ടിയുള്ള ഉപയോഗത്തിനും മുൻകൂർ അനുമതി വാങ്ങേണ്ടത് ആവശ്യമാണ്. അതീവ സുരക്ഷാ മേഖലകളിൽ നിരോധിക്കപ്പെടേണ്ടതുമാണ്.

(സി&ഡി) അനുമതി ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷകളൊന്നും ആഭ്യന്തര വകുപ്പിൽ ലഭിച്ചിട്ടില്ല. ഹെലി ക്യാമറകൾ Unmanned Aerial Vehicle (UAV)/ Unmanned Aircraft System (UAS) എന്നിവയുടെ പരിധിയിൽപ്പെടുന്നവയാണ്. ഈ വിഭാഗത്തിൽ വരുന്ന ഉപകരണങ്ങളുടെ ഇന്ത്യൻ സിവിൽ എയർ സ്പേസിലുള്ള അനുമതിയില്ലാതെ ഉപയോഗം നിരോധിച്ചുകൊണ്ട് 7-10-2014-ൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വ്യോമ മന്ത്രാലയം ഒരു പബ്ലിക് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഇത് 26-10-2015-ൽ സംസ്ഥാനങ്ങൾക്ക് നടപ്പാക്കാനായി അയച്ചുതന്നിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കുറ്റാന്വേഷണവും ക്രമസമാധാനവും**

316 (294) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിക്കാനുള്ള ആലോചന സർക്കാരിനുണ്ടോ; ഈ കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പാസ്പോർട്ട് വെരിഫിക്കേഷൻ പോലീസ് സ്റ്റേഷനിൽ ക്രമസമാധാനത്തിന് നിയോഗിക്കപ്പെട്ട പോലീസുകാർ തന്നെ നിർവ്വഹിക്കേണ്ടതിനാൽ ഈ കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം വിദേശ രാജ്യങ്ങളിലേക്കുള്ള തൊഴിൽ അന്വേഷകരെ ബാധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നപരിഹാരത്തിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ക്രമസമാധാനപാലനം കൂടുതൽ മികവുറ്റതാക്കി മാറ്റാൻ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27-12-2006-ലെ സർക്കാർ

ഉത്തരവ് (ആർ.റ്റി)നമ്പർ 3069/2006/ ആഭ്യന്തരം, പ്രകാരം ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വേഗത്തിലും മികച്ച രീതിയിലുമുള്ള കുറ്റാന്വേഷണം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായിട്ടാണ് ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് കൊണ്ട് ഉത്തരവായത്. ക്രമസമാധാന പരിപാലനചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് ഇതിനകം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പാസ്പോർട്ട് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് പരമാവധി ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

## കുറ്റകൃത്യങ്ങൾ

317 (295) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കവർച്ചകൾ, ഭവനഭേദനങ്ങൾ, പൊതുസ്ഥലങ്ങളിലെ പിടിച്ചുപറിക്കൽ, കള്ളനോട്ട് കേസ്സുകൾ, ചെക്ക് തട്ടിപ്പ്, മണിചെയിൻ തട്ടിപ്പ്, മറ്റ് ഓൺലൈൻ തട്ടിപ്പ് എന്നിവ എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 വർഷത്തിൽ മാത്രം ഇവ എത്രവീതം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേസ്സുകളിലോരോന്നിലും പ്രതികളായിട്ടുള്ളവർ എത്ര; ഇതിൽ ഓരോന്നിലും അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവർ എത്ര; വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് കവർച്ചകൾ 3651, ഭവനഭേദനങ്ങൾ 13065, പൊതുസ്ഥലങ്ങളിലെ പിടിച്ചുപറി 3030, കള്ളനോട്ട് കേസ്സുകൾ 250 , ചെക്ക് തട്ടിപ്പ് 201, മണിചെയിൻ തട്ടിപ്പ് 746, ഓൺലൈൻ തട്ടിപ്പ് 113 എന്നിങ്ങനെ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2015, 2016 വർഷങ്ങളിൽ കവർച്ചകൾ, ഭവനഭേദനങ്ങൾ, പൊതുസ്ഥലങ്ങളിലെ പിടിച്ചുപറി, കള്ളനോട്ട് കേസുകൾ, ചെക്ക് തട്ടിപ്പ്,

മണിചെയിൻ തട്ടിപ്പ്, ഓൺലൈൻ തട്ടിപ്പ് എന്നിവ എത്രവീതം റിപ്പോർട്ട് ചെയ്തുവെന്നുള്ള വിവരം പട്ടിക പ്രകാരം ചുവടെ ചേർക്കുന്നു:

| | 2015 No. of cases Regd. | 2016 upto Jan 31 No.of cases Regd. |
|---|---|---|
| കവർച്ചകൾ | 763 | 119 |
| ഭവനഭേദനങ്ങൾ | 2858 | 187 |
| പൊതുസ്ഥലങ്ങളിലെ പിടിച്ചുപറി | 637 | 40 |
| കള്ളനോട്ട് കേസുകൾ | 61 | 2 |
| ചെക്ക് തട്ടിപ്പ് | 51 | 2 |
| മണിചെയിൻ തട്ടിപ്പ് | 5 | 1 |
| ഓൺലൈൻ തട്ടിപ്പ് | 36 | 2 |

(സി) പ്രസ്തുത കേസ്സുകളിലോരോന്നിലും പ്രതികളായിട്ടുള്ളവർ, അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവർ എന്നിവരുടെ വിവരം ചുവടെ ചേർക്കുന്നു :

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഇതുവരെ
(18-5-2011 മുതൽ 31-1-2016 വരെ)

| | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | പ്രതികളായിട്ടുള്ളവരുടെ എണ്ണം | അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുള്ളവരുടെ എണ്ണം |
|---|---|---|---|
| കവർച്ചകൾ | 3651 | 4234 | 814 |
| ഭവനഭേദനങ്ങൾ | 13065 | 11131 | 2635 |
| പൊതുസ്ഥലങ്ങളിലെ പിടിച്ചുപറി | 3030 | 3101 | 914 |
| കള്ളനോട്ട് കേസുകൾ | 250 | 290 | 123 |
| ചെക്ക് തട്ടിപ്പ് | 201 | 249 | 60 |
| മണിചെയിൻ തട്ടിപ്പ് | 746 | 2202 | 563 |
| ഓൺലൈൻ തട്ടിപ്പ് | 113 | 112 | 89 |

## കേസ്സുകളിന്മേലുള്ള അന്വേഷണം

318 (296) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിയുടെ പേരിലും മറ്റ് കുറ്റകൃത്യങ്ങളുടെ പേരിലും വിജിലൻസ് കേസിൽപെട്ടിട്ടുള്ള എത്ര മന്ത്രിമാർ ഈ മന്ത്രിസഭയിൽ ഉണ്ടെന്നു പറയാമോ;

(ബി) ഇവർക്കെതിരെ എന്തെല്ലാം കുറ്റങ്ങളുടെ പേരിലാണ് കേസ്സുകൾ എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്കെതിരെയുള്ള കേസുകളിന്മേലുള്ള അന്വേഷണവും നിയമ നടപടികളും ഏതു ഘട്ടത്തിലാണെന്ന് പറയാമോ?

ഉത്തരം

(എ) രണ്ട് മന്ത്രിമാർ.

(ബി&സി) (i) ശ്രീ. അടൂർ പ്രകാശ് 2004-05 കാലയളവിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി അനധികൃത മൊത്തവ്യാപാര ഡിപ്പോലൈസൻസ് നൽകുന്നതിന് കൈക്കൂലി ആവശ്യപ്പെട്ടതായ ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 2/2008/എൻ.ആർ.കെ നമ്പരിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം നടന്നുവരുന്നു.

(ii) ശ്രീ. പി. ജെ. ജോസഫ് എം.എൽ.എ. ആയിരുന്നപ്പോൾ വനം കയ്യേറി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 6/2012/ എൻ.ആർ.കെ. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 19-3-2015-ൽ കോട്ടയം വിജിലൻസ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്മേൽ കോടതി ഉത്തരവ് ലഭിച്ചിട്ടില്ല. കൂടാതെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി അനധികൃതമായി കുടിവെള്ള കണക്ഷൻ നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. പി. ജെ. ജോസഫിനെതിരെ വി.സി. 7/13/ ടി. എസ്. ആർ. നമ്പരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് 10-12-2013-ൽ കോടതിയിൽ സമർപ്പിച്ചു. കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല.

## കുട്ടികൾക്കെതിരെ വീടുകളിലും വിദ്യാലയങ്ങളിലും നടക്കുന്ന അതിക്രമങ്ങൾ

319 (297) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് കുട്ടികൾ, പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ എന്നിവർക്കെതിരെ ലൈഗിംകമോ അല്ലാത്തതോ ആയ അതിക്രമങ്ങൾ എത്രവീതം നടന്നിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ കുട്ടികൾക്കെതിരെ വീടുകളിലും വിദ്യാലയങ്ങളിലും നടന്ന അതിക്രമങ്ങൾ എത്ര വീതം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അതിക്രമങ്ങൾക്ക് ഇരയായതിനെത്തുടർന്ന് ഇക്കാലയളവിൽ മരണപ്പെട്ട കുട്ടികളുടെയും, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെയും എണ്ണം കുറ്റകൃത്യങ്ങളുടെ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ ഓരോ ഇനം കേസ്സുകളിലും

1. അന്വേഷണം പൂർത്തിയായവ എത്ര;
2. പൂർത്തിയാക്കാത്തവ എത്ര;
3. കുറ്റപത്രം സമർപ്പിച്ചവ എത്ര; സമർപ്പിക്കാത്തവ എത്ര;
4. വിചാരണ പൂർത്തിയായവ എത്ര;
5. ശിക്ഷിക്കപ്പെട്ട പ്രതികളെത്ര;
6. ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളെത്ര;വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് കുട്ടികളെ കാണാതായത് സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഇവരിൽ എത്ര കുട്ടികളെ ഇനിയും കണ്ടെത്താൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദവിവരം പട്ടികപ്രകാരം ചുവടെ ചേർക്കുന്നു:

| കുറ്റകൃത്യങ്ങളുടെ ഇനം | ആൺകുട്ടികൾ | പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ |
|---|---|---|
| ലൈംഗികാതിക്രമം | 676 | 4910 |
| മറ്റ് അതിക്രമങ്ങൾ | 1820 | 1330 |

(ബി) വിശദവിവരം പട്ടികപ്രകാരം ചുവടെ ചേർക്കുന്നു:

| കുറ്റകൃത്യങ്ങളുടെ ഇനം | ആൺകുട്ടികൾ | പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ |
|---|---|---|
| വീടുകളിൽ | 242 | 1364 |
| വിദ്യാലയങ്ങളിൽ | 103 | 157 |

(സി) വിശദവിവരം ഇനം തിരിച്ച് പട്ടിക പ്രകാരം ചുവടെ ചേർക്കുന്നു:

| കുറ്റകൃത്യങ്ങളുടെ ഇനം | ആൺകുട്ടികൾ | പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ |
|---|---|---|
| ലൈംഗികാതിക്രമം | 1 | 3 |
| മറ്റ് അതിക്രമങ്ങൾ | 67 | 57 |

(ഡി) വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*.

(ഇ&എഫ്) ജില്ലതിരിച്ചുള്ള വിശദവിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*.

**ട്രാൻസ്പോർട്ട് ജീവനക്കാരുടെ പണിമുടക്ക്**

320 (298) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ചു എന്നാരോപിച്ച് ഡ്രൈവറെ ഫോർട്ട് പോലീസ് കസ്റ്റഡിയിലെടുത്തതിനെത്തുടർന്ന് തലസ്ഥാനത്ത് ട്രാൻസ്പോർട്ട് ജീവനക്കാർ പണിമുടക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഡ്രൈവറുടെ രക്തപരിശോധന നടത്തിയിരുന്നോ; പരിശോധനയിൽ ഡ്രൈവർ മദ്യപിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരോപണം തെറ്റാണെന്ന് ബോദ്ധ്യപ്പെട്ട ഉടനെ ഡ്യൂട്ടിയിലായിരുന്ന ഡ്രൈവറെ മോചിപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മദ്യപിച്ചെന്നാരോപിച്ച് ഫോർട്ട് പോലീസ് കസ്റ്റഡിയിലെടുത്തയാളെ ട്രാഫിക് സ്റ്റേഷന് കൈമാറിയിരുന്നോ; എങ്കിൽ എന്തിനുവേണ്ടിയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) നിസ്സാര പ്രശ്നത്തിന്റെ പേരിൽ തലസ്ഥാന നഗരിയിലെ നൂറുകണക്കിനു സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള ജനസഞ്ചയം ദുരിതമനുഭവിക്കാൻ ഇടയാക്കിയതിന് ഉത്തരവാദികൾ ആരെന്നു കണ്ടെത്താൻ സമഗ്രമായ അന്വേഷണം നടത്തുമോ;

(ഇ) ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ ക്രിമിനൽ കേസിൽ പ്രതിയായ മകന് രക്ഷപ്പെടാൻ അവസരമൊരുക്കിയെന്ന് ആരോപണം നേരിടുന്ന പോലീസ് സേനയിലെ ഒരു വിഭാഗം ശ്രദ്ധ തിരിക്കാനും ജനങ്ങളെ ദുരിതത്തിലാക്കാനും സർക്കാരിനെ അപമാനിക്കാനും നടത്തുന്ന ഇത്തരം ഹീനപ്രവൃത്തികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിൽ വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്നതിനാൽ വാഹന പരിശോധന നടത്തി വരവേ മദ്യപിച്ച് വാഹനം ഓടിച്ചു വരുന്നതായി സംശയം തോന്നിയതിനാൽ കെ.എസ്.ആർ.ടി.സി. പാപ്പനംകോട് ഡിപ്പോയിലെ RT721 ബസ് കൈ കാണിച്ച് നിർത്തിയപ്പോൾ ഗതാഗത തടസ്സമുണ്ടാക്കി ടി വാഹനം നിർത്തിയിട്ടശേഷം ഡ്രൈവർ ഇറങ്ങിപ്പോയതിന് ടിയാനെ പ്രതിയാക്കി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 4746/15/u/s 283 പ്രകാരം 29-12-2015-ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് അന്നേ ദിവസം വൈകി കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ മുടക്കി ബസുകൾ റോഡിലുപേക്ഷിച്ച് പണിമുടക്കിയ കണ്ടാലറിയാവുന്ന 75 കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2855/2015 u/s 143,147,149,283 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ബി) രക്ത പരിശോധന നടത്തിയിട്ടില്ല. ആൽക്കോമീറ്റർ ടെസ്റ്റ് നടത്തിയതിൽ മദ്യപിച്ചിട്ടില്ലായെന്ന് ബോധ്യമായതിനാൽ ടിയാനെ വിട്ടയച്ചു.

(സി) മദ്യപിച്ചു എന്നാരോപിച്ച് ഫോർട്ട് പോലീസ് കെ.എസ്.ആർ.ടി.സി. ഡ്രൈവറെ കസ്റ്റഡിയിൽ എടുത്തിട്ടില്ല. 29-12-2015 തീയതി കിഴക്കേകോട്ടയിൽ ഗതാഗതതടസ്സം സൃഷ്ടിച്ചതിന് സിറ്റി ട്രാഫിക് പോലീസ് ഒരു കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാണ്.

(ഡി) ഗതാഗത തടസ്സമുണ്ടാക്കി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കത്തക്ക വിധം പണിമുടക്കിയ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2855/2015 u/s 143,147,149,283 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ഇ) പോലീസ് നിയമപരമായ നടപടികൾ മാത്രമാണ് ഈ സംഭവത്തിൽ സ്വീകരിച്ചിട്ടുള്ളത്.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം

321 (299) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പ്രായ പൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; 2011, 2012, 2013, 2014, 2015 എന്നീ വർഷങ്ങളിലെ കണക്കുകൾ പ്രത്യേകം വെളിപ്പെടുത്താമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് 5887 കേസുകൾ 31-12-2015 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2011 മുതൽ 2015 വരെ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2011 (18-5-2011 മുതൽ 31-12-2011 വരെ) | 544 |
| 2012 | 885 |
| 2013 | 1283 |
| 2014 | 1560 |
| 2015 | 1615 |
| ആകെ | 5887 |

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

322 (300) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15, 2015-16 വർഷത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

ഉത്തരം

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 2014-ൽ 13,852 കേസ്സുകളും 2015-ൽ 12173 കേസ്സുകളും 2016 ജനുവരി 30 വരെ 934 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## രാഷ്ട്രീയകക്ഷികളിൽപ്പെട്ടവർ പ്രതിചേർക്കപ്പെട്ട കേസ്സുകൾ

323 (301) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധവും പേരുൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; ഓരോ കേസിലേയും പ്രതികൾ ഏത് രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ്സുകളിൽ സി.ബി.ഐ. അന്വേഷണത്തിന് കൈമാറിയ കേസ്സുകൾ ഏതെല്ലാം;

(ഡി) പ്രതികൾക്കുമേൽ യു.എ.പി.എ. ചുമത്തിയ കേസ്സുകൾ ഏതെല്ലാം;

(ഇ) സംസ്ഥാന പോലീസ് അന്വേഷിച്ച ഏതെല്ലാം കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു; ഏതെല്ലാം കേസ്സുകളിൽ ഇനിയും പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാനുണ്ട്;

(എഫ്) പ്രസ്തുത കാലയളവിൽ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്; ഇതിൽ വിവിധ രാഷ്ട്രീയ കക്ഷികളിൽപ്പെട്ട എത്ര പേർക്ക് വീതം പരിക്ക് പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ജി) ഇതേ കാലയളവിൽ വിവിധ സമരങ്ങൾക്കും പ്രകടനങ്ങൾക്കുമെതിരെ പോലീസ് നടത്തിയ ബലപ്രയോഗത്തെ തുടർന്ന് വിവിധ രാഷ്ട്രീയ കക്ഷികളിൽപ്പെട്ട എത്ര പേർക്ക് വീതം പരിക്ക് പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രകടനങ്ങളിലും സമരങ്ങളിലും പങ്കെടുത്തതിനെത്തുടർന്ന് വിവിധ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട എത്ര പേർക്കെതിരെ വീതം ഇക്കാലയളവിൽ കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 29 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) കൊല്ലപ്പെട്ടവരുടെയും പ്രതികളുടെയും വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*:

(സി) പ്രസ്തുത കേസുകളിൽ ഒരെണ്ണം സി.ബി.ഐ അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്. (ക്രൈം നമ്പർ 780/2014 കതിരൂർ പി.എസ്)

(ഡി) മൂന്ന് കേസുകളിൽ പ്രതികൾക്കുമേൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ട്.

1. ക്രൈം നമ്പർ 780/2014 കതിരൂർ പി.എസ്.

2. ക്രൈം നമ്പർ 165/2015 കണ്ണവം പി.എസ്.

3. ക്രൈം നമ്പർ 364/2015 കൊളവല്ലൂർ പി.എസ്.

(ഇ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(എഫ്) പ്രസ്തുത കാലയളവിൽ 5504 രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ വിവിധ രാഷ്ട്രീയ കക്ഷികളിൽപ്പെട്ട 6021 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(ജി) വിവിധ സമരങ്ങൾക്കും പ്രകടനങ്ങൾക്കുമെതിരെ പോലീസ് നടത്തിയ ബലപ്രയോഗത്തെ വിവിധ രാഷ്ട്രീയകക്ഷികളിൽപ്പെട്ട 34 പേർക്ക് വീതം പരിക്ക് പറ്റിയിട്ടുണ്ട്. പ്രകടനങ്ങളിലും സമരങ്ങളിലും പങ്കെടുത്തതിനെത്തുടർന്ന് വിവിധ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട 473593 പേർക്കെതിരെ കേസെടുത്തിട്ടുമുണ്ട്.

**ക്രൈം നമ്പർ 668/2015-ാം നമ്പർ കേസ്**

324 (302) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം തോപ്പുംപടി പോലീസ് സ്റ്റേഷനിൽ ക്രൈം 668/2015-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസിന്റെ F.I.R ഏത് കോടതിയിലാണ് ഫയൽ ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിലെ പ്രതി ആരാണെന്നും, പ്രതിയെ അറസ്റ്റ് ചെയ്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ;

(സി) ഇതിലെ പ്രതിസ്ഥാനത്തുള്ള ആർക്കെങ്കിലും മുൻകൂർ ജാമ്യം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതു കോടതിയിൽ നിന്നാണ് മുൻകൂർ ജാമ്യം അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) തോപ്പുംപടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 668/2015-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസിന്റെ എഫ്.ഐ.ആർ. കൊച്ചി JFCM-II കോടതി യിലാണ് സമർപ്പിച്ചിരിക്കുന്നത്. ടി കേസ് എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിലേക്ക് തുടരന്വേഷണത്തിനായി ട്രാൻസ്ഫർ ചെയ്തിരുന്നതും പ്രസ്തുത സ്റ്റേഷനിൽ ക്രൈം നമ്പർ. 750/2015 ആയി കേസ് റീ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി എഫ്.ഐ.ആർ. എറണാകുളം ACJM(EO) കോടതിയിലാണ് സമർപ്പിച്ചിട്ടുള്ളത്.

(ബി) ടി കേസിലെ പ്രതി കൃഷ്ണദേവ ഗൗർ S/o. ദേവേന്ദ്രപാൽ ഗൗർ എന്നയാളാണ്. ടിയാനെ ഈ കേസിലേക്ക് അറസ്റ്റ് ചെയ്തിട്ടില്ല.

(സി) മുൻകൂർ ജാമ്യം ലഭിച്ചിട്ടില്ല.

**റമീസ് എ. പി. എന്ന കുട്ടിയെ അകാരണമായി പോലീസ് മർദ്ദിച്ച സംഭവം**

325 (303) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ നല്ലത്ത് ശ്രീ. എ. പി. മുഹമ്മദ് ബഷീറിന്റെ മകൻ റമീസ്. A. P. (16 വയസ്സ്) എന്ന കുട്ടിയെ അകാരണമായി പോലീസ് മർദ്ദിച്ചത് സംബന്ധിച്ച് രക്ഷിതാവിന്റെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) മർദ്ദനമേറ്റ റമീസ്.A.P. എന്ന കുട്ടി അവശനിലയിൽ കിടപ്പിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുറ്റക്കാരായ പോലീസുകാരെ കണ്ടെത്തി നടപടി സ്വീകരിക്കുമോ;

(ഡി) മർദ്ദനത്തിനിരയായി ചികിത്സയിൽ കഴിയുന്ന റമീസ് എന്ന കുട്ടിക്ക് ചികിത്സാ സഹായം അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചെറുവണ്ണൂർ പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർ ആരെങ്കിലും കുറ്റക്കാരാണെന്ന് കണ്ടെത്തുകയാണെങ്കിൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച് തീരുമാനമൊന്നും ആയിട്ടില്ല.

## പരവൂർ ഫയർസ്റ്റേഷന് കെട്ടിടം

326 (304) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും 30 സെന്റ് ഭൂമി ലഭ്യമാക്കുവാൻ ബഹു. ആഭ്യന്തരമന്ത്രി നിർദ്ദേശിച്ചതിൻപ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിലേക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കുമോ; കാലതാമസം ഒഴിവാക്കി ഭൂമി എന്നത്തേക്ക് കൈമാറി ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിലെ പരവൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും നിശ്ചിത ഭൂമി ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് കൈമാറുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ് മന്ത്രി നിർദ്ദേശിച്ചതിൻപ്രകാരം പരവൂർ പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള മുപ്പത് സെന്റ് സ്ഥലം ഫയർ ആന്റ് റസ്ക്യൂ വകുപ്പും പോലീസ് വകുപ്പും ചേർന്ന് 30-11-2015 -ൽ പരിശോധന നടത്തുകയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം ഫയൽ സ്റ്റേഷൻ നിർമ്മാണത്തിന് യോജിച്ചതാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു. സ്ഥലം കൈമാറുന്നതിനായി പോലീസ് വകുപ്പിൽനിന്നും സമ്മതപത്രം അടിയന്തരമായി ലഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലം കൈമാറി ലഭിക്കുന്ന മുറക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഫ്ലാറ്റുകളുടെ ഫയർ ലൈസൻസ് ഫീസ്

327 (305) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലാറ്റുകൾക്ക് ഫയർ ലൈസൻസ് എടുക്കേണ്ടുന്ന ചുമതല ആരുടേതാണ്; അത് നിർമ്മാണത്തിനു മുമ്പ് എടുക്കേണ്ടതാണോ;

(ബി) ഫയർ ലൈസൻസ് ഫീസിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ , എത്രയിൽ നിന്ന് എത്രയായി കുറച്ചുവെന്നും അതിന് ഏത് തീയതി മുതൽ പ്രാബല്യം ഉണ്ടെന്നും ആരുടെ അപേക്ഷയിന്മേലാണ് ഇപ്രകാരമൊരു തീരുമാനം എടുത്തിരിക്കുന്നതെന്നും വ്യക്തമാക്കുമോ:

(സി) പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ ആവശ്യം ഉയർന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെട്ടിട ഉടമയ്ക്കാണ് ഫ്ലാറ്റുകൾക്ക് ഫയർ എൻ.ഒ.സി. എടുക്കേണ്ട ചുമതല. നിർമ്മാണത്തിന് മുമ്പ് സൈറ്റ് എൻ.ഒ.സി. എടുക്കേണ്ടതാണ്.

(ബി) ഉണ്ട്. CREDAI എന്ന ബിൽഡേഴ്സ്/അസോസിയേഷന്റെ അപേക്ഷയിന്മേൽ 23-12-2014-ലെ സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 267/2014/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഉയർത്തിയ ഫീസ് 26-8-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 185/15/ആഭ്യന്തരം ഉത്തരവുപ്രകാരം ഇളവ് വരുത്തുകയും 23-12-2014- ലെ സർക്കാർ ഉത്തരവുപ്രകാരം സൈറ്റ് NOC-ക്കായി ഉയർന്ന ഫീസ് ഒടുക്കിയ അപേക്ഷകർക്ക് 26-8-2015 ലെ സർക്കാർ ഉത്തരവുപ്രകാരം ഫൈനൽ എൻ.ഒ.സി. ഫീസിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഉയർത്തിയ നിരക്കും കുറവ് വരുത്തിയ നിരക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഉണ്ട്. ഈ വിഷയത്തിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

## ഫയർസ്റ്റേഷന് സ്വന്തമായ കെട്ടിടം

328 (306) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർസ്റ്റേഷന് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ആ സ്ഥലം എവിടെയാണെന്നും, ഏതു വകുപ്പിന്റെ സ്ഥലമാണെന്നും വ്യക്തമാക്കാമോ;

(സി) സ്ഥലം കൈമാറ്റം ചെയ്തു ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കാമോ?

ഉത്തരം

(എ& ബി) കുഴൽമന്ദം വില്ലേജ് ബ്ലോക്ക് 17 -ൽ റീസർവ്വേ നമ്പർ 672/6 ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുണ്ട്.

(സി) സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായി ഡയറക്ടർ ജനറൽ ഒപ്പിട്ട റിക്വസിഷൻ ഫോറം ജില്ലാകളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കൂടാതെ സ്ഥലം അനുവദിക്കുന്നതിന് എൻ.ഒ.സി. നൽകുന്നതിനായി തിരുവനന്തപുരം ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സബ് ഇൻസ്പെക്ടർ ഡിസ്ട്രിക്ട് ആംഡ് റിസർവ്**

329 (307) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സബ്ഇൻസ്പെക്ടർ ഡിസ്ട്രിക്ട് ആംഡ് റിസർവ്വിന്റെ അംഗീകൃത അംഗബലം 10-12-2010 തീയതി വരെ എത്രയായിരുന്നു;

(ബി) ടി വകുപ്പിൽ സബ് ഇൻസ്പെക്ടർ ഡിസ്ട്രിക്ട് ആംഡ് സർവ്വീസിന്റെ എത്ര പുതിയ തസ്തികകൾ 10-12-2010-ന ശേഷം സൃഷ്ടിച്ചിട്ടുണ്ട്; എത്ര നിയമനങ്ങൾ ടി തീയതിയ്ക്കു ശേഷം നടത്തിയിട്ടുണ്ട്;

(സി) പോലീസ് വകുപ്പിലെ ടി തസ്തിക നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 236.

(ബി) 10-12-2010-ന് ശേഷം ആംഡ് റിസർവ്വിൽ സബ് ഇൻസ്പെക്ടർമാരുടെ പുതിയ തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ടി തീയതിക്ക് ശേഷം ടി തസ്തികയിൽ 130 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 10-12-2010-ലെ സ.ഉ.(പി) നമ്പർ 268/2010 ആഭ്യന്തരം ഉത്തരവിന് 1-4-2010 മുതൽ നോഷണൽ ഇഫക്ട് ഉള്ളതാണ്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്വിക് വെരിഫിക്കേഷൻ

330 (308) ശ്രീ. എ. കെ. ബാലൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവു പ്രകാരം എക്സൈസ് വകുപ്പുമന്ത്രി ബാറുടമകളിൽ നിന്ന് കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിൽ വിജിലൻസ് ക്വിക് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; എപ്പോൾ;

(ബി) ഇക്കാര്യത്തിൽ വിജിലൻസ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ് അന്വേഷണം നടത്തിയത്; പ്രാഥമിക വിവരങ്ങൾ കോടതിയെ അറിയിച്ചത് എപ്പോൾ ;

(സി) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(ഡി) വിജിലൻസിന്റെ പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിലുള്ള തടസ്സവാദങ്ങൾ തള്ളിക്കൊണ്ടാണോ ക്വിക് വെരിഫിക്കേഷന് വിജിലൻസ് കോടതി ഉത്തരവിട്ടിരുന്നത്; കോടതി വിധി എന്തായിരുന്നു; വിശദമാക്കാമോ;

(ഇ) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന വിജിലൻസ് കോടതി ഉത്തരവ് നടപ്പിലാക്കാതെ, സ്റ്റേ ചെയ്യാൻ ഹൈക്കോടതിയെ സർക്കാർ സമീപിക്കാനിടയായ സാഹചര്യം എന്തായിരുന്നു; ഇക്കാര്യം സർക്കാർ തീരുമാനിച്ചത് ഏത് തലത്തിലായിരുന്നു; ഹർജിയിൽ സ്റ്റേ ലഭിക്കുകയുണ്ടായോ;

(എഫ്) വിജിലൻസ് കോടതി വിധി പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിൽ വിജിലൻസ് ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 2015 ഡിസംബർ മാസം മുതൽ പ്രസ്തുത സത്വരാന്വേഷണം (ക്വിക് വെരിഫിക്കേഷൻ )നടന്നുവരുന്നു.

(ബി) പ്രസ്തുത സത്വരാന്വേഷണ റിപ്പോർട്ട് (ക്വിക് വെരിഫിക്കേഷൻ ) വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചിട്ടില്ല. എറണാകുളം മേഖലാ വിജിലൻസ് പോലീസ് സൂപ്രണ്ട് ശ്രീമതി നിശാന്തിനി ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ അന്വേഷിച്ചുവരുന്ന പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമെ കോടതിയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഇല്ല. പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാനുള്ള തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് ശ്രീ. കെ. ബാബു (ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി)

സമർപ്പിച്ച ഹർജി പരിഗണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി രണ്ട് മാസത്തേയ്ക്ക് സസ്പെന്റ് ചെയ്തിട്ടുണ്ട്. അതുകൂടാതെ വിജിലൻസ് കോടതികളുടെ ഉത്തരവിൽത്തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ നിലവിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജിയുടെ ഉത്തരവിനുവിധേയമായിരിക്കും എന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി കേസിൽ അന്തിമവാദത്തിനായി നാല് ആഴ്ചക്കുശേഷം പരിഗണിക്കാമെന്ന് ഉത്തരവായതിനാൽ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവുപ്രകാരം പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യേണ്ടിയിരുന്നില്ല.

(ഡി) അല്ല. പരാതിക്കാരൻ ഹാജരാക്കിയ സി.ഡി.-യിലെ ആരോപണങ്ങളിൽ സത്വരാന്വേഷണം (ക്വിക് വെരിഫിക്കേഷൻ ) നടത്താനാണ് ഉത്തരവ്.

(ഇ) സർക്കാർ സ്റ്റേ ഉത്തരവിനായി കോടതിയിൽ ഹർജി സമർപ്പിച്ചിട്ടില്ല. ശ്രീ. കെ. ബാബു സമർപ്പിച്ച ഹർജി പരിഗണിച്ച് തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് രണ്ട് മാസത്തേയ്ക്ക് സസ്പെന്റ് ചെയ്തിട്ടുണ്ട്.

(എഫ്) ഇല്ല.

**എക്സൈസ് വകുപ്പുമന്ത്രിക്ക് എതിരെയുള്ള അന്വേഷണം**

331 (309) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പുമന്ത്രിക്ക് എതിരെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ വന്ന ഹർജിയിൽ, വാദം കേട്ട കോടതി Cr PC സെക്ഷൻ 156(3) അനുസരിച്ച് 156(1) പ്രകാരമുള്ള അന്വേഷണത്തിനുത്തരവിട്ടത് ഏത് തീയതിയിലായിരുന്നു;

(ബി) മന്ത്രിക്ക് കൈക്കൂലി നൽകിയത് സംബന്ധിച്ചുള്ള തെളിവുകൾ മുഖവിലയ്ക്കെടുത്തുകൊണ്ട് ക്വിക് വെരിഫിക്കേഷൻ കോടതി ഇട്ട ഉത്തരവ് പ്രകാരം അന്വേഷണം ആരംഭിച്ചത് എന്നായിരുന്നു; ആരുടെ അന്വേഷണത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ് അന്വേഷിച്ചത്;

(സി) കോടതി നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ തന്നെ (23-1-2016) അന്വേഷണം നടത്തി റിപ്പോർട്ട് കോടതിക്ക് സമർപ്പിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു;

(ഡി) മന്ത്രിക്ക് എതിരെ കേസെടുക്കാൻ പര്യാപ്തമായ തെളിവുകൾ വിജിലൻസിന്റെ ഫയലുകളിൽ തന്നെ ഉണ്ടായിരുന്നിരിക്കേ, അദ്ദേഹത്തെ പ്രതി ചേർത്ത് ഉടൻ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതിരുന്നത് വിജിലൻസ് കോടതിയുടെ വിമർശനങ്ങൾക്കിടയാക്കിയിട്ടുണ്ടോ ; കോടതിയുടെ വിമർശനങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ) വിമർശനങ്ങൾ ഉൾക്കൊള്ളാനും കോടതി നിർദ്ദേശിച്ച അന്വേഷണം ത്വരിതഗതിയിൽ നടത്താനും വിജിലൻസ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏത് തീയതിക്കകം റിപ്പോർട്ട് നൽകാനാണ് കോടതി അന്തിമ നിർദ്ദേശം നൽകിയിരിക്കുന്നത്;

(എഫ്) കോടതി നിർദ്ദേശത്തെത്തുടർന്ന് ആരെയെല്ലാം പ്രതികളാക്കി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയുണ്ടായി; ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ; അന്വേഷണ റിപ്പോർട്ട് ഏത് തീയതിയിൽ കോടതിയിൽ സമർപ്പിക്കാൻ സാധ്യമാകും എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള അന്വേഷണത്തിന് ഉത്തരവിട്ടത് 23-1-2016 -ലായിരുന്നു.

(ബി) പ്രസ്തുത സത്വരാന്വേഷണം 17-12-2015-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഉത്തരവുപ്രകാരം ശ്രീ. കെ. എം. ആന്റണി (പോലീസ് സൂപ്രണ്ട്, സെൻട്രൽ റെയ്ഞ്ച്, എറണാകുളം) യാണ് അന്വേഷിച്ചത്. ശ്രീ. കെ. എം. ആന്റണി ട്രാൻസ്ഫർ ആയതിനുശേഷം 1-1-2016 തീയതി മുതൽ ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ പ്രസ്തുത അന്വേഷണം പുരോഗമിക്കുന്നു.

(സി) ബഹുമാനപ്പെട്ട കോടതി പ്രസ്തുത അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ തീയതി നിശ്ചയിച്ചിരുന്നില്ല.

(ഡി) ബഹുമാനപ്പെട്ട കോടതിയുടെ ക്വിക്ക് വെരിഫിക്കേഷനുള്ള ഉത്തരവിന് മുമ്പ് പ്രസ്തുത ആരോപണങ്ങളിൽ അന്വേഷണം നടത്തി ലഭിച്ച റിപ്പോർട്ട് അടിസ്ഥാനമാക്കി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് വിജിലൻസ് കേസന്വേഷണം നടത്താൻ സാധിക്കുമായിരുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട വിജിലൻസ് കോടതി ക്വിക് വെരിഫിക്കേഷന് ഉത്തരവിട്ട് ഒന്നരമാസമായിട്ടും പൂർത്തിയാക്കാത്തതിനാലാണ് എഫ്.ഐ. രജിസ്റ്റർ ചെയ്യാൻ ഉത്തരവായത്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കെതിരെ വിമർശനങ്ങൾ ഒന്നും ഉത്തരവിലില്ല.

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിവരുന്ന പ്രസ്തുത അന്വേഷണം 10 ദിവസത്തിനകം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) 23-1-2016-ലെ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൽത്തന്നെ പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളുടെ ഉത്തരവിന് വിധേയമായിരിക്കും എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി ഹർജിയിൽ അന്തിമവാദം നാലാഴ്ച കഴിഞ്ഞു നടത്താൻ നിശ്ചയിച്ചിട്ടുള്ളതിനാൽ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവുപ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ കഴിയുമായിരുന്നില്ല. അതിനാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല.

**വിജിലൻസ് അന്വേഷണം**

332 (310) <u>ശ്രീ. ബെന്നി ബെഹനാൻ:</u>

<u>ശ്രീ. സി. പി. മുഹമ്മദ്:</u>

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ:</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദന്റെ മകൻ വി.എ. അരുൺകുമാറിനെതിരെ വിജിലൻസ് നടത്തുന്ന വി.ഇ.4/2011/എസ്.ഡി.റ്റി., വി.ഇ.20/2011/എസ്.ഐ.യു.11 എന്നീ നമ്പരിലുള്ള വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(ബി) വി. എ. അരുൺകുമാറിനെതിരെ അതീവ ഗുരുതരമായ പതിമൂന്ന് അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഇപ്പോഴത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ 1-3-2011-ൽ അന്നത്തെ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദന് രേഖാമൂലം പരാതി നൽകിയെങ്കിലും വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യാത്തതിനെ തുടർന്ന് 16-6-2011 ൽ ജി.ഒ. (എം.എസ്.)19/2011/വി.ജി. നമ്പർ പ്രകാരം ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയതിനുശേഷം ഉത്തരവിട്ട വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിൽ പരാതിക്കാരനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വി.ഇ. 04/2011/ എസ്.സി.റ്റി:

ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിവിധ ആരോപണങ്ങളെക്കുറിച്ച് 16-6-2011-ലെ സ.ഉ. (എം.എസ്) നമ്പർ 19/11/വിജി. പ്രകാരം നടത്തുന്ന അന്വേഷണം പൂർത്തിയായി റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

(ബി) വി.ഇ. 20/2011/എസ്.ഐ.യു..II :

ശ്രീ. വി. എ. അരുൺകുമാർ, മുൻ ഗവൺമെന്റ് പ്ലീഡർ ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പ് നിലം നികത്തുവാൻ ഒത്താശ ചെയ്യാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചു എന്ന ആരോപണത്തിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടത്താൻ 20-9-2011-ലെ 7967/ഇ 3/2011/വിജി. നമ്പർ സർക്കാർ കത്ത് പ്രകാരം ഉത്തരവിട്ടതനുസരിച്ച് വി.ഇ.2/11/എസ്.ഐ.യു.II നമ്പരായി അന്വേഷണം നടത്തി മേൽ നടപടികൾ ആവശ്യമില്ലെന്ന ശുപാർശയോടുകൂടി 6-6-2012-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിന്മേൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (വിജിലൻസ്) നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 16-6-2011-ലെ സ.ഉ. (എംഎസ്.)നമ്പർ 19/11/വിജി നമ്പർ ഉത്തരവുപ്രകാരം വി.ഇ.4/11/എസ്.സി.ടി എന്ന നമ്പരിൽ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

(സി) മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയിട്ടില്ല.

**അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം**

333 (311) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 18-12-2014-ൽ വി.സി. 3/14/എസ്.സി.ടി. നമ്പറിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 6/1999 മുതൽ 2/2001 വരെയുള്ള കാലയളവിൽ ശ്രീ.വി.എ. അരുൺകുമാർ കയർഫെഡ് എം.ഡി. ആയിരിക്കെ, ചേർത്തലയിൽ കയർഫെഡിന് വേണ്ടിയുള്ള ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടം വരുത്തി എന്ന ആരോപണമാണ് അന്വേഷിക്കുന്നത്.

(സി) പ്രസ്തുത വിജിലൻസ് കേസിന്റെ പ്രഥമവിവരറിപ്പോർട്ട് 18-12-2014 -ൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചു.

(ഡി) പ്രസ്തുത കേസന്വേഷണം പുരോഗമിച്ചുവരുന്നു.

## വി. എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങൾ

334 (312) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എ. അരുൺകുമാറിനെതിരെ വിജിലൻസ് എത്ര അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു; ഓരോ കേസ്സും രജിസ്റ്റർ ചെയ്ത തീയതി വ്യക്തമാക്കുമോ;

(സി) കെ.പി.പി. നമ്പ്യാരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അരുൺകുമാറിനെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും എങ്കിൽ എന്നായിരുന്നു എന്നും അറിയിക്കുമോ:

(ഡി) ഈ കേസ്സുകളിൽ അന്വേഷണം നീണ്ടുപോകുന്നതിന്റെ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അഞ്ച് വിജിലൻസ് അന്വേഷണങ്ങൾ നടത്തി പൂർത്തിയാക്കുകയും രണ്ട് വിജിലൻസ് അന്വേഷണങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(ബി) രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു.

1. വി.സി.3/2014/ എസ്.സി.റ്റി.18-12-2014-ൽ രജിസ്റ്റർ ചെയ്തു.

2. വി.സി.01/2015/എസ്.ഐ.യു.-II 20-4-2015 -ൽ രജിസ്റ്റർ ചെയ്തു.

(സി) ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിവിധ ആരോപണങ്ങളെ ക്കുറിച്ച് വി.ഇ.4-2011/എസ്.സി.റ്റി നമ്പരിൽ നടത്തുന്ന വിജിലൻസ് അന്വേഷണ ത്തിൽ ശ്രീ. കെ. പി. പി. നമ്പ്യാരോട് കണ്ണൂർ പവർ പ്രോജക്ടിന്റെ മൊത്തം തുകയായ 1500 കോടി രൂപയുടെ 5% ആയ 75 കോടി രൂപ ശ്രീ. വി. എ. അരുൺകുമാർ ആവശ്യപ്പെട്ടു എന്ന ആരോപണവും ഉൾപ്പെട്ടിട്ടുണ്ട്. ഈ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

1. വി.സി.3/2014/എസ്.സി.റ്റി. നമ്പർ കേസിന്റെ അന്വേഷണം അന്തിമ ഘട്ടത്തിലാണ്.

2. വി.സി. 1/2015 എസ്.ഐ.യു-II -ൽ ശ്രീ. വി. എ. അരുൺകുമാറിന്റെ നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ കേരളത്തിന് പുറത്തായതിനാൽ ഇവരിൽനിന്നും മൊഴി രേഖപ്പെടുത്താൻ കഴിയാത്തതു കാരണമാണ് കാലതാമസം നേരിടുന്നത്.

**ബാർ കോഴ**

335 (313) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ധനമന്ത്രി ഒന്നാം പ്രതിയായിരുന്ന ബാർ കോഴ കേസിൽ, വിജിലൻസ് റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ട്, തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി നിർദ്ദേശിച്ചത് പ്രകാരമുള്ള തുടർ നടപടി അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം ആരിൽ നിന്നെല്ലാം തെളിവുകൾ ശേഖരിക്കുകയുണ്ടായി; പണം കൈമാറിയവരെയും ആരോപിക്കപ്പെട്ട ആളിന്റെയും ആ ദിവസത്തെ, ടെലിഫോൺ സന്ദേശങ്ങളും, ടവർ ലൊക്കേഷനുകളും മറ്റും സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ?

<u>ഉത്തരം</u>

(എ) മുൻധനമന്ത്രി ശ്രീ. കെ. എം. മാണി കുറ്റാരോപിതനായ ബാർ കോഴക്കേസിന്റെ അന്തിമറിപ്പോർട്ട് 13-1-2016-ൽ ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചു.

(ബി) പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലുള്ളതിനാൽ പ്രസ്തുത ചോദ്യത്തിനുള്ള വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

**ബാർ കോഴ-വിജിലൻസ് അന്വേഷണം**

336 (314) <u>ശ്രീ. എം. എ. ബേബി:</u>
<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u>
<u>ശ്രീ. എം. ചന്ദ്രൻ:</u>
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണങ്ങളുടെ നിജസ്ഥിതി വെളിപ്പെടുത്താമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെല്ലാം ആരോപണങ്ങളും വെളിപ്പെടുത്തലുകളും പരാതികളും സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിരിക്കുന്നത്;

(ബി) തൃശ്ശൂർ, തിരുവനന്തപുരം, വിജിലൻസ് കോടതികളിൽ നിന്നുള്ള ഏതെല്ലാം ഉത്തരവുകളെ തുടർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; തുടർന്നു വരുന്ന നടപടികൾ എന്തെല്ലാം;

(സി) ആർക്കെല്ലാം എതിരായിട്ടുള്ള ഏതെല്ലാം പരാതികളിൽ വിജിലൻസ് ഇതിനകം ആരെയെല്ലാം പ്രതികളാക്കി; എത്ര എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ആരോപിതരായിട്ടുള്ള ആർക്കെല്ലാമാണ് ഔദ്യോഗിക സ്ഥാനത്തുനിന്ന് ഒടുവിൽ രാജിവെക്കേണ്ടി വന്നിട്ടുള്ളത്; അവശേഷിക്കുന്ന ആരോപിതർ ആരെല്ലാമാണ്;

(ഇ) വിജിലൻസ് അന്വേഷണത്തിലെ വീഴ്ചകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഏതെല്ലാം കോടതികളിൽ നിന്ന് എന്തെല്ലാം നിലയിലുള്ള വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്; അന്വേഷണത്തിലെ വീഴ്ചകളും നിയമവിരുദ്ധ നടപടികളും ചൂണ്ടിക്കാട്ടി വിജിലൻസ് കോടതികളിലും ഹൈക്കോടതിയിലും ഫയൽ ചെയ്യപ്പെട്ട ഹർജികൾ എത്ര; ഏതൊക്കെ;

(എഫ്) ഏതെല്ലാം കോടതി ഉത്തരവുകൾക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ ഹർജി നൽകി; സ്റ്റേ ലഭിക്കുന്നതിനുവേണ്ടി കോടതിയിൽ ആവശ്യപ്പെട്ടത് ഏത് കേസിൽ വ്യക്തമാക്കുമോ;

(ജി) അഴിമതി നടത്തിയതായി തെളിവ് സഹിതം ആരോപിക്കപ്പെട്ട വർക്കെതിരായി ഹർജി നൽകേണ്ടിയിരുന്ന വിജിലൻസും സർക്കാരും പ്രതികൾക്കനുകൂലമായി കോടതികളെ സമീപിച്ചിട്ടുണ്ടോ ;എങ്കിൽ ഉചിതമായ നടപടികളായിരുന്നുവോ?

<u>ഉത്തരം</u>

(എ) ശ്രീ. കെ. എം. മാണിക്കെതിരെയുള്ള വിജിലൻസ് കേസിന്റെ തുടരന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതിയിൽ 13-1-2016-ൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ശ്രീ. കെ. ബാബുവിന്റെ പേരിൽ (ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി) ശ്രീ. ബിജു രമേശ് Sec.164 മൊഴിയിൽ ഉന്നയിച്ച ആരോപണങ്ങളിൽ പ്രാഥമിക അന്വേഷണം നടത്തിയ എറണാകുളം സെൻട്രൽ റെയ്ഞ്ച് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ അന്വേഷണത്തിൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കണ്ട് 13-1-2016-ൽ റിപ്പോർട്ട് കോടതിയിൽ നൽകിയിട്ടുണ്ട്. ഇതിനുപുറമെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ശ്രീ. ജോർജ് വട്ടക്കുളം എന്ന വ്യക്തി ശ്രീ. ബാബുവിനെതിരെ നൽകിയ പരാതിയിൽ അന്വേഷണം നടന്നുവരുന്നു.

(ബി) വിജിലൻസ് അന്വേഷണം നടത്തി സമർപ്പിച്ച വി.സി. 6/2014/ എസ്.ഐ.യു-I എന്ന കേസിലെ അന്തിമറിപ്പോർട്ട്, തുടരന്വേഷണം നടത്തണമെന്ന തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണം പൂർത്തിയാക്കി ആരോപണങ്ങൾക്ക് അടിസ്ഥാനമില്ലെന്ന നിലയ്ക്കുള്ള അന്തിമറിപ്പോർട്ട്, ടി കോടതിയിൽ 13-1-2016 തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ, ശ്രീ. ബിജു രമേശിന്റെ

ക്രിമിനൽ നടപടിക്രമം 164-ാം വകുപ്പ് പ്രകാരമുള്ള മൊഴിയെ തുടർന്ന് വിജിലൻസ് ഡയറക്ടറുടെ തന്നെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നുള്ള നിലയ്ക്കുള്ള റിപ്പോർട്ടും 13-1-2016 തീയതിയിൽ ടി കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പൂർത്തിയാക്കിയ ടി പ്രാഥമിക അന്വേഷണത്തിലെ ആരോപണങ്ങൾക്ക് ശ്രീ. ജോർജ്ജ് വട്ടക്കുളം നൽകിയ പരാതിയിൽ അന്വേഷണം പൂർത്തിയാക്കുന്നതിന് മുമ്പ് 23-1-2016 തീയതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ ഉത്തരവായി. ഈ ഉത്തരവിനെ ചോദ്യം ചെയ്ത് ശ്രീ. കെ. ബാബു (ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോടതിയുടെ നിർദ്ദേശാനുസരണം അന്വേഷണം നടത്തി വരുന്നു. മേൽ സൂചിപ്പിച്ച റിപ്പോർട്ടുകൾ കോടതിയുടെ പരിഗണനയിൽ വരുന്നതാണ്.

(സി) മുൻ ധനമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ വി. സി. 6/2014/ എസ്.ഐ.യു.-ആയി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു.

(ഡി) ധനമന്ത്രി ശ്രീ. കെ. എം. മാണി രാജിവച്ചു. അവശേഷിക്കുന്ന ആരോപിതൻ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവാണ്.

(ഇ) ബഹുമാനപ്പെട്ട കോടതിയിലെ ഉത്തരവുകളിൽ വിജിലൻസ് അന്വേഷണത്തിൽ വീഴ്ചകൾ ഉണ്ടായതായി പറഞ്ഞിട്ടില്ല.

(എഫ്) വി.സി.6/2014/എസ്.ഐ.യു-I എന്ന വിജിലൻസ് കേസിൽ അന്തിമ റിപ്പോർട്ട് പരിഗണിച്ച തിരുവനന്തപുരം വിജിലൻസ് കോടതി, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളെ പരിശോധനാ വിധേയമാക്കാൻ അധികാരമില്ലെന്ന ഉത്തരവിനെ ചോദ്യം ചെയ്ത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നു. ഈ ഹർജിയിൽ സ്റ്റേ ഉത്തരവ് ആവശ്യപ്പെട്ടിരുന്നു. മറ്റൊരു ഹർജിയും നൽകിയിട്ടില്ല.

(ജി) സമീപിച്ചിട്ടില്ല.

**ബാർ കോഴക്കേസ്**

337 (315) ശ്രീ. സി. ദിവാകരൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് പ്രോസിക്യൂഷൻ നടപടികളുമായി മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കേസ്സ് അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് വിജിലൻസ് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് വിജിലൻസ് എത്ര റിപ്പോർട്ടുകൾ കോടതിയിൽ സമർപ്പിച്ചു; ആദ്യം സമർപ്പിച്ച വസ്തുതാറിപ്പോർട്ടും, അന്തിമ റിപ്പോർട്ടും വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വൈരുദ്ധ്യം ഉണ്ടാകാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബാർ കോഴക്കേസിൽ തുടരന്വേഷണ റിപ്പോർട്ട് ബഹു. തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ്.

(സി) പ്രസ്തുത കേസിന്റെ തുടരന്വേഷണ റിപ്പോർട്ടാണ് കോടതിയിൽ സമർപ്പിച്ചിരിക്കുന്നത്.

(ഡി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് വിജിലൻസ് ബ്യൂറോ രണ്ട് റിപ്പോർട്ടുകൾ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത രണ്ട് റിപ്പോർട്ടുകളിലും വൈരുദ്ധ്യം ഇല്ല.

## മുൻ ധനമന്ത്രിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

338 (316) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. സി. കെ. സദാശിവൻ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ധനമന്ത്രി പ്രതിയായിരുന്ന ബാർ കോഴക്കേസിൽ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി പുനരന്വേഷണം നടത്തുവാൻ ഉത്തരവിട്ടിരുന്നുവോ;

(ബി) ഈ കേസിന്റെ ആദ്യ വിജിലൻസ് റിപ്പോർട്ട് കോടതി അംഗീകരിക്കാതിരുന്നത് എന്തെല്ലാം കാരണങ്ങൾ കൊണ്ടായിരുന്നു; വിധിയുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) വിജിലൻസ് കോടതിയുടെ ഉത്തരവിന്റെയടിസ്ഥാനത്തിൽ എന്നാണ് പുനരന്വേഷണം ആരംഭിച്ചത്; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്നതാണ് അന്വേഷണ സംഘം;

(ഡി) പുനരന്വേഷണത്തിന്റെ ഭാഗമായി ആരിൽ നിന്നെല്ലാം മൊഴി എടുത്തിട്ടുണ്ട്;

(ഇ) പുനരന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇതേ തുടർന്നുള്ള കോടതി നിർദ്ദേശം എന്തായിരുന്നു?

### ഉത്തരം

(എ) പ്രസ്തുത കേസിൽ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി പുനരന്വേഷണത്തിനല്ല തുടരന്വേഷണത്തിനാണ് ഉത്തരവിട്ടിരിക്കുന്നത്.

(ബി) കൂടുതൽ അന്വേഷണം നടത്തണമെന്ന കോടതിയുടെ കണ്ടെത്തലുകൾ കാരണമാണ് അംഗീകരിക്കാതിരുന്നത്.

(സി) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 9-11-2015 മുതൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I പോലീസ് സൂപ്രണ്ട് ശ്രീ. ആർ. സുകേശന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരാണ് അന്വേഷണം നടത്തിയത്.

(ഡി) പ്രസ്തു കേസ് കോടതിയുടെ പരിഗണനയിലുള്ളതിനാൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഇ) തുടരന്വേഷണ റിപ്പോർട്ട് ബഹു മാനപ്പെട്ട കോടതിയിൽ സമർപ്പിച്ചു. ബാക്കി നടപടികൾ കോടതിയുടെ പരിഗണനയിലാണ്.

**പീച്ചി വനഗവേഷണ ഡയറക്ടറുടെ നിയമനം**

339 (317) ശ്രീ. ബെന്നി ബെഹനാൻ:

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചി വന ഗവേഷണ ഡയറക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട കേസിൽ മുൻ മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദന് എതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ;

(ബി) വി.എസ്. അച്ചുതാനന്ദനെതിരെയുള്ള എന്തെല്ലാം ആരോപണങ്ങളാണ് അന്വേഷിക്കാൻ ഉത്തരവിട്ടിട്ടുള്ളത്;

(സി) ആരെയെല്ലാമാണ് ഈ കേസിൽ കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്;

(ഡി) ഈ കേസിൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ഇ) ഈ കേസുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേടുകൾ വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി-ഇ) പീച്ചി വനഗവേഷണ കേന്ദ്രത്തിലെ ഡയറക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട വി.ഇ.3/11/എസ്.ഐ.യു-1 നമ്പരായി നടത്തിയ വിജിലൻസ് അന്വേഷണത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വി.സി.1/13/ എസ്.ഐ. യു.-1 നമ്പരായി താഴെപ്പറയുന്നവർക്കെതിരെ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

1. സെക്രട്ടറി , കേരള സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ്

2. ഇ. പി. യശോധരൻ, മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, കേരള സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ്

3. കെ.വി. ശങ്കരൻ, ഡയറക്ടർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

4. സി. എം. ജോയി, മുൻ രജിസ്ട്രാർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

വസ്തുതാ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

## സിറ്റി കോർപ്പറേഷൻ ഓഫീസ്-വിജിലൻസ് റെയ്ഡ്

340 (318) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന സിറ്റി കോർപ്പറേഷൻ ഓഫീസിൽ കഴിഞ്ഞ അഞ്ചുവർഷ കാലത്തിനിടയിൽ എത്ര വിജിലൻസ് റെയ്ഡുകൾ നടത്തി;

(ബി) ഈ റെയ്ഡുകളിൽ മൊത്തം ഏതൊക്കെ റാങ്കിലുള്ള എത്ര ഉദ്യോഗസ്ഥർ പങ്കെടുത്തു;

(സി) ഈ റെയ്ഡുകളിൽ ഓരോന്നിലും കണ്ടെത്തിയ ക്രമക്കേടുകൾ, അതിൽ ഉൾപ്പെട്ട കോർപ്പറേഷൻ ഉദ്യോഗസ്ഥർ എന്നിവരുടെ വിവരം വെളിപ്പെടുത്തുമോ;

(ഡി) ഓരോ റെയ്ഡിലും കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ സസ്പെന്റ് ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട്; രജിസ്റ്റർ ചെയ്ത കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത ഓഫീസിൽ 17 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) മിന്നൽ പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ റാങ്കും എണ്ണവും ചുവടെ ചേർക്കുന്നു:

സീനിയർ സൂപ്രണ്ട് -7

അസിസ്റ്റന്റ് ടൗൺ പ്ലാനർ -1

അസിസ്റ്റന്റ് എഞ്ചിനീയർ -3

എക്സിക്യൂട്ടീവ് എഞ്ചിനീയർ -1

ഡെപ്യൂട്ടി തഹസിൽദാർ -2

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്-5

ഇൻസ്പെക്ടർ ഓഫ് പോലീസ്-12

അക്കൗണ്ട്സ് ഓഫീസർ -2

ഡെപ്യൂട്ടി ടൗൺ പ്ലാനർ -1

അസിസ്റ്റന്റ് എഞ്ചിനീയർ -1

ഡിവിഷണൽ അക്കൗണ്ടന്റ്-1

(സി) മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ, ഉൾപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | എസ്.സി.29/11/എസ്.ആർ.ടി. സിനിമാ പോസ്റ്ററുകൾ, ടിക്കറ്റുകൾ എന്നിവയിൽ സീൽ പതിക്കുന്നതിലെ നികുതി വെട്ടിപ്പ്. | ടി.എസ്. സുമൻ, ക്ലാർക്ക്, ഗോപാലകൃഷ്ണൻനായർ, സൂപ്രണ്ട് |
| 2 | എസ്.സി. 7/12/ ടി.വി.എം. Personal Cash Declaration Register-ൽ ക്യാഷ് രേഖപ്പെടുത്തിയിട്ടില്ല. ഹാജർ ബുക്ക് കൃത്യമായി സൂക്ഷിച്ചില്ല. | പി.അനിൽകുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, സി.എം.ഫിറോസ്, ഹെൽത്ത് ഇൻസ്പെക്ടർ, ശിവശങ്കരൻ നായർ, ഓഫീസ് അറ്റൻഡന്റ് |
| 3 | എസ്.സി. 7/12/ ടി.വി.എം(എ) Personal Cash Declaration Register-ൽ ക്യാഷ് രേഖപ്പെടുത്തിയിട്ടില്ല. ഹാജർ ബുക്ക് കൃത്യമായി സൂക്ഷിച്ചില്ല. | എസ്.ബിനോജ്, ഹെൽത്ത് ഇൻസ്പെക്ടർ, ബി. മോഹനൻ, വർക്കർ |
| 4 | എസ്.സി. 67/13/ ടി.വി.എം അപേക്ഷകൾ നടപടി എടുക്കാതെ വയ്ക്കുക, മുൻഗണനാക്രമം തെറ്റിച്ച് നടപടി എടുക്കുക, അപേക്ഷകർ വാഹന സൗകര്യം ഏർപ്പെടുത്തിയാൽ മാത്രം സൈറ്റ് സന്ദർശിക്കുക തുടങ്ങിയവ. Personal Cash Declaration Register-ൽ രേഖപ്പെടുത്താത്ത 2250 രൂപ റവന്യൂ ഇൻസ്പെക്ടർ സുമയുടെ കൈവശം കാണപ്പെട്ടു. | സുരേന്ദ്രൻ, റവന്യൂ ഇൻസ്പെക്ടർ സുമ, റവന്യൂ ഇൻസ്പെക്ടർ |

| | | |
|---|---|---|
| 5 | എസ്.സി. 89/13/ ടി.വി.എം<br>Personal Cash Declaration Register സൂക്ഷിച്ചില്ല | കെ .എസ്.ജയചന്ദ്രകുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, വി.ആശ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 6 | എസ്.സി. 1/14/ ഐഎസ്.ഐ.യു.-II<br>കോർപ്പറേഷന്റെ കീഴിൽ നിർമ്മാണത്തിലുള്ള റോഡ് വർക്കിലെ ക്രമക്കേടുകൾ | 1.ശിശുപാലൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>2.മോഹനൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>3. വിജയലക്ഷ്മി, 3rd ഗ്രേഡ് ഓവർസിയർ<br>4. പ്രമീള,3rd ഗ്രേഡ് ഓവർസിയർ |
| 7 | എസ്.സി. 6/14/ എസ്.ഐ.യു-I<br>ടെണ്ടർ ചെയ്തതിലെ ക്രമക്കേടുകൾ | കവിത ബി.എസ്, ഫസ്റ്റ് ഗ്രേഡ് ഓവർസിയർ |
| 8 | എസ്.സി. 9/14/ എസ്.ഐ.യു-I<br>അപേക്ഷകളിൽ നടപടി സ്വീകരിക്കാത്തതും ഇംപ്രോപ്പർ ആയി റിക്കോർഡുകൾ സൂക്ഷിച്ചതും | പ്രത്യേകിച്ച് ഉത്തരവാദികളൊന്നുമില്ല . മേലിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഒഴിവാക്കുന്നതിന് പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. |
| 9 | എസ്.സി. 27/14/ എസ്.ഐ.യു-II<br>കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയത്. | 1. രമാകുമാർ സി.ആർ, ബിൽഡിംഗ് ഇൻസ്പെക്ടർ<br>2.ശശികുമാർ, ടൗൺ പ്ലാനിംഗ് ഓഫീസർ |

| | | |
|---|---|---|
| 10 | എസ്.സി. 46/14/ ടി.വി.എം<br>കെട്ടിടനിർമ്മാണ പെർമിറ്റുകൾ നൽകുന്നതിലെ അപാകതകൾ, കെട്ടിടനികുതി കണക്കാക്കുന്നതിലെ ക്രമക്കേടുകൾ | കെ.എസ്. ജയചന്ദ്രകുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അൻസാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 11 | എസ്.സി. 8/15/എസ്.ഐ.യു-II<br>തിരുവനന്തപുരം കോർപ്പറേഷന്റെ ഫോർട്ട് സോണൽ ഓഫീസിൽ അധികാര ദുർവിനിയോഗം നടത്തി കെ.എം.ബി.ആർ മാനദണ്ഡങ്ങൾ നിഷ്കർഷിക്കാതെ നിയമ വിരുദ്ധമായി കെട്ടിടങ്ങൾക്ക് ഇളവുകൾ ചെയ്തു കൊടുത്തോയെന്ന് കണ്ടെത്തേണ്ടതിനാൽ ഒരു സത്വരാന്വേഷണം ഇതുസംബന്ധിച്ച് നടന്നു (ക്യൂ.വി. 23/15/എസ്.ഐ.യു-II) | സത്വരാന്വേഷണം പൂർത്തിയായാൽ മാത്രമെ ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരെന്ന് കണ്ടെത്തുവാൻ കഴിയുകയുള്ളൂ. |
| 12 | എസ്.സി. 11/15/ ടി.വി.എം<br>മിന്നൽ പരിശോധനാ സംഘം ആവശ്യപ്പെട്ട ഫയലുകൾ നൽകിയില്ല. | പവിത്രൻ,സൂപ്രണ്ട്, സൈമൺ,ഓഫീസ് അറ്റൻഡന്റ് |

മറ്റ് അഞ്ച് മിന്നൽ പരിശോധനകളിൽ ക്രമക്കേടുകളൊന്നും കണ്ടെത്തിയില്ല.

(ഡി) ആർക്കെതിരെയും കേസ്സുകൾ രജിസ്റ്റർ ചെയ്യുകയോ സസ്പെന്റ് ചെയ്യാൻ ശിപാർശ ചെയ്യുകയോ ചെയ്തിട്ടില്ല.

**വാണിജ്യനികുതി, ആർ.ടി.ഒ, എക്സൈസ് ചെക്ക് പോസ്റ്റുകളിലെ വിജിലൻസ് റെയ്ഡ്**

341 (319) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി, ആർ.ടി.ഒ., എക്സൈസ് ചെക്ക് പോസ്റ്റുകളിൽ, ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് എത്ര തവണ റെയ്ഡ് നടത്തുകയുണ്ടായിട്ടുണ്ട്;

(ബി) റെയ്ഡുകളിൽ ക്രമക്കേടുകൾക്കുത്തരവാദികളായി ഏതെല്ലാം തസ്തികയിൽപ്പെട്ട എത്ര പേരെയാണ് കണ്ടെത്തിയത്;

(സി) ഇതിന്റെ പേരിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ടവർ എത്ര ; എത്ര പേരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്; സസ്പെൻഷൻ അവസാനിപ്പിച്ച് തിരികെ നേരത്തെ ജോലി ചെയ്തിരുന്ന സ്ഥലത്ത് തന്നെ നിയോഗിക്കപ്പെട്ടവർ ആരൊക്കെ; ചെക്ക് പോസ്റ്റിൽ നിന്ന് കണക്കിൽപ്പെടാത്ത എത്ര രൂപ റെയ്ഡിൽ കണ്ടെത്തുകയുണ്ടായി?

ഉത്തരം

(എ) 168

(ബി) എക്സൈസ് പ്രിവന്റീവ് ഓഫീസർ -24

എക്സൈസ് സിവിൽ ഓഫീസർ -35

എക്സൈസ് ഇൻസ്പെക്ടർ -7

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ -1

മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ -33

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ -39

ഓഫീസ് അറ്റൻഡന്റ് -56

ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ -1

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ -3

ക്ലാർക്ക്-24

കൊമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ -62

കൊമേഴ്സ്യൽ ടാക്സ് ഓഫീസർ -19

അസിസ്റ്റന്റ് കൊമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ -1

എൽ.ഡി.ക്ലാർക്ക്-8

കൊമേഴ്സ്യൽ ടാക്സ് അസിസ്റ്റന്റ് കമ്മീഷണർ-1

ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ-3

ക്ലറിക്കൽ അറ്റൻഡന്റ്-2

(സി) വിവരം ശേഖരിച്ചുവരുന്നു.

**അരുൺകുമാറിനെതിരായ വിജിലൻസ് അന്വേഷണം**

342 (320) ശ്രീ. ബെന്നി ബെഹനാൻ:

ശ്രീ. ജോസഫ് വാഴയ്ക്കൻ:

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവ് V.S. അച്യുതാനന്ദന്റെ മകൻ V.A. അരുൺകുമാറിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ വിദേശ യാത്രകളുടെ വിശദാംശങ്ങളും, സ്വത്ത് സംബന്ധിച്ച ആരോപണവും സംബന്ധിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ഗോൾഫ് ക്ലബിലും, കോഴിക്കോട് കോസ്മോപോളിറ്റൻ ക്ലബിലും അംഗത്വമുള്ള V.A. അരുൺകുമാറിന്റെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച ആരോപണത്തെ കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം വ്യക്തമാക്കുമോ;

(സി) ചെറി എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി V.A.അരുൺകുമാറിന്റെ ബിസിനസ്സ് ബന്ധങ്ങൾ സംബന്ധിച്ച ആരോപണത്തെ കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം ലഭ്യമാക്കുമോ;

(ഡി) V.A. അരുൺകുമാർ, ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പ് നിലം നികത്തുവാൻ ഒത്താശ ചെയ്യാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചത് സംബന്ധിച്ച് സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച പരാതിയിൽ മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് 20-9-2011-ൽ 7967/ഇ 3/2011/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിവിധ അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പ്രതിപക്ഷ നേതാവായിരുന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രിക്ക് നൽകിയിരുന്ന പരാതിയിൽ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായ ശേഷം 26/6/2011 തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 19/2011/വിജി നമ്പർ ഉത്തരവിട്ടതനുസരിച്ച് നടത്തിയ വി. ഇ.

4/2011/എസ്.സി.റ്റി. എന്ന വിജിലൻസ് അന്വേഷണത്തിൽ ശ്രീ. അരുൺ കുമാറിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ വിദേശയാത്രകളുടെ വിശദാംശങ്ങളും സ്വത്തുസമ്പാദനവും സംബന്ധിച്ച ആരോപണവും അന്വേഷിച്ചു. അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സൂക്ഷ്മപരിശോധനയിലാണ്.

(ബി) വി.ഇ. 4/2011/ എസ്.സി.റ്റി. എന്ന വിജിലൻസ് അന്വേഷണത്തിൽ തിരുവനന്തപുരം ഗോൾഫ് ക്ലബ്ബിലും കോഴിക്കോട് കോസ്മോപൊളിറ്റൻ ക്ലബ്ബിലും അംഗത്വമുള്ള ശ്രീ. വി. എ. അരുൺകുമാറിന്റെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച ആരോപണത്തെക്കുറിച്ചും അന്വേഷിച്ചു.

(സി) ചെറി എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി ശ്രീ. വി. എ. അരുൺ കുമാറിന്റെ ബിസിനസ്സ് ബന്ധങ്ങൾ സംബന്ധിച്ച ആരോപണത്തെക്കുറിച്ചും വി.ഇ. 4/2011/ എസ്.സി.റ്റി. എന്ന വിജിലൻസ് അന്വേഷണത്തിൽ അന്വേഷണം നടത്തി.

(ഡി) ശ്രീ. വി. എ. അരുൺകുമാർ, ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പുനിലം നികത്തുവാൻ ഒത്താശ ചെയ്യാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചത് സംബന്ധിച്ച് ശ്രീ. സന്തോഷ് മാധവൻ ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച പരാതിയിൽ 20-9-2011-ലെ 7967/ ഇ 3/2011/ വിജി നമ്പർ സർക്കാർ കത്തുപ്രകാരം ഉത്തരവിട്ടതിൻ പ്രകാരം വി.ഇ. 20/2011 എസ്.ഐ.യു. -II എന്ന അന്വേഷണം നടത്തി. മേൽ നടപടികൾ ആവശ്യമില്ലെന്ന ശിപാർശയോടെ 6-6-2012-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിന്മേൽ പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടർ (വിജിലൻസ്) നൽകിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ആഭ്യന്തരവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പാറ്റൂർ ഫ്ലാറ്റ് ഭൂമി തട്ടിപ്പ്

343 (321) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ്റൂർ ഫ്ളാറ്റ് ഭൂമി തട്ടിപ്പ് സംബന്ധിച്ച് വിജിലൻസ് അധികൃതർ ലോകായുക്തയ്ക്ക് ഏതെല്ലാം തീയതികളിലായി എത്ര റിപ്പോർട്ടുകൾ നല്കുകയുണ്ടായിട്ടുണ്ട്;

(ബി) വിജിലൻസ് റിപ്പോർട്ടുകളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകൾ മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് എപ്പോഴെങ്കിലും സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) മുഖ്യമന്ത്രിയെ സംബന്ധിച്ച പ്രസ്തുത റിപ്പോർട്ടുകളിലെ പരാമർശങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ലോകായുക്തയുടെ നിർദ്ദേശപ്രകാരം ലോകായുക്ത ആക്ട് സെക്ഷൻ 16 (3) പ്രകാരം എ.ഡി.ജി.പി. ജേക്കബ്ബ് തോമസിനെ പാറ്റൂർ ഭൂമി ഇടപാട് സംബന്ധിച്ച് അന്വേഷണം നടത്താൻ ലോകായുക്ത ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ റിപ്പോർട്ട് ടിയാൻ ലോകായുക്തയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അത് ലോകായുക്തയിൽ കേസ്സിന്റെ അന്വേഷണത്തിൽ ഉള്ളതായതുകൊണ്ട് ലോകായുക്ത ആക്ട് സെക്ഷൻ 17 പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ നിർവ്വാഹമില്ല.

(സി&ഡി) ലോകായുക്ത മുൻപാകെ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

**ടൈറ്റാനിയം അഴിമതി കേസ്**

344 (322) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈറ്റാനിയം അഴിമതി കേസിൽ ഹൈക്കോടതി നല്കിയിരുന്ന സ്റ്റേ പിൻവലിക്കപ്പെട്ട സാഹചര്യത്തിൽ, വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ, കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ 28-8-14-ൽ എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ് പുറപ്പെടുവിച്ച ഉത്തരവ് നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ആരോപിതരായവരെ പ്രതിയാക്കി, കേസ് രജിസ്റ്റർ ചെയ്യുന്നതിന് തടസ്സങ്ങൾ നിലനില്ക്കുന്നുണ്ടോ;

(സി) ആരോപിതരായിട്ടുള്ള എല്ലാവരെയും പ്രതിചേർത്ത് കേസ് രജിസ്റ്റർ ചെയ്യേണ്ട ചുമതല ആർക്കാണ്; ചുമതല നിയമാനുസൃതം പാലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) എന്തെല്ലാം പരാതികളാണ് അന്വേഷണ വിധേയമാക്കിയിരുന്നത്; പരാതികളിൽ ആരോപിതർ ആരൊക്കെയായിരുന്നു; നിലവിൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ പ്രതികൾ ആരൊക്കെയാണ്; എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 28-8-2014-ലെ ബഹുമാനപ്പെട്ട തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 25-11-2014-ലെ WP(C) No. 31497/2014, 19-11-2014-ലെ Crl.R.P.No. 1568/2014 എന്നീ ഉത്തരവുകൾക്ക് വിധേയമായും Crl.M.P.No. 845/2006 നമ്പരായി തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത അന്യായത്തിന്റെ അടിസ്ഥാനത്തിലും വി.സി.1/2015/എസ്.ഐ.യു.-1 നമ്പരായി 20-1-2015-ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയുടെ C.M.P.No.845/2006 നമ്പർ ഉത്തരവു പ്രകാരം നിലവിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1, പോലീസ് സൂപ്രണ്ട് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) C.M.P.No 845/2006 പരാതിയിന്മേൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സിൽ കുറ്റാരോപിതരായ വ്യക്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. മാനേജിംഗ് ഡയറക്ടർ (ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം)
2. ശ്രീ. ഈപ്പൻ ജോസ് (മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്)
3. ശ്രീ. സന്തോഷ് കുമാർ (ചീഫ് മാനേജർ, മാർക്കറ്റിംഗ്, ടി.ടി.പി. ലിമിറ്റഡ്)
4. ശ്രീ. എം. എം. ഭാസ്കരൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്)
5. ശ്രീ. തോമസ് മാത്യു (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്)
6. ശ്രീ. ബി. ഗോപകുമാരൻ നായർ (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്)

എഫ്.ഐ.ആർ-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിജിലൻസ് അന്വേഷണം

345 (323) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ശ്രീ. വി.എ. അരുൺ കുമാറിനെതിരെ ഉയർന്ന അഴിമതി ആരോപണം സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണത്തിന്റെയും ; ഐ. എച്ച് . ആർ. ഡി അഡീഷണൽ ഡയറക്ടർ ആയുള്ള നിയമനത്തിന് യോഗ്യതയില്ലാത്ത ശ്രീ വി.എ. അരുൺകുമാറിനെ നിയമിച്ചതായ ആരോപണം സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെയും ഇതുവരെയുള്ള പൂർണ്ണ വിവരം വെളിപ്പെടുത്തുമോ;

(ബി) ശ്രീ. വി. എ. അരുൺ കുമാറിനെ കുറിച്ച് ഉയർന്നിട്ടുള്ള മേൽ പറഞ്ഞ മുഴുവൻ ആരോപണങ്ങളെ കുറിച്ചും വിജിലൻസ് നടത്തുന്ന അന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥർ പ്രതിപക്ഷനേതാവ് ശ്രീ വി.എസ്. അച്ചുതാനന്ദനെ ചോദ്യം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ശ്രീ. വി. എ. അരുൺ കുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണത്തോടനുബന്ധിച്ച് ഇദ്ദേഹത്തെ എത്ര പ്രാവശ്യം അന്വേഷണ ഉദ്യോഗസ്ഥർ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ശ്രീ. വി. എ. അരുൺ കുമാറിനെതിരെ,ചേർത്തലയിലെ കയർഫെഡിന്റെ ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്ന പരാതിയുടെ അടിസ്ഥാനത്തിൽ വി.ഇ.11 /2013/എസ്.സി.റ്റി. എന്ന വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായി. വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വി.സി. 3/2014/എസ്.സി.റ്റി. എന്ന നമ്പറിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു. വിജിലൻസ് കേസന്വേഷണം അന്തിമ ഘട്ടത്തിലാണ്. ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടറായിട്ടുള്ള നിയമനവുമായി ബന്ധപ്പെട്ട വിജിലൻസ് കേസന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത ആരോപണങ്ങളിന്മേലുള്ള വിജിലൻസ് കേസന്വേഷണങ്ങളിൽ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ ചോദ്യം ചെയ്തിട്ടില്ല.

(സി) ശ്രീ. വി. എ. അരുൺ കുമാറിനെ ഒരു പ്രാവശ്യം ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

## വിജിലൻസ് കേസ്സുകൾ

346 (324) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ സംസ്ഥാന സർക്കാർ വിജിലൻസിന് വിട്ട കേസ്സുകൾ എത്ര; കോടതികൾ വിജിലൻസിന് വിട്ട കേസ്സുകൾ എത്ര; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പിൻവലിക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് നൽകിയ വിജിലൻസ് കേസ്സുകൾ എത്ര; അവ ഏതെല്ലാം; വ്യക്തമാക്കാമോ;

(സി) നിലവിൽ വിജിലൻസിൽ തീർപ്പാക്കാത്ത എത്ര കേസ്സുകൾ ഉണ്ട്; ഇവയിൽ എത്ര വർഷം വരെ പഴക്കം ചെന്നവയുണ്ട്; വ്യക്തമാക്കാമോ;

(ഡി) ഇക്കാലയളവിൽ ടോൾഫ്രീ നമ്പർ വഴി വിജിലൻസിന് ലഭിച്ച പരാതികൾ എത്ര; വ്യക്തമാക്കാമോ; ഇവയിൽ തുടരന്വേഷണത്തിന് ഉത്തരവിട്ട കേസ്സുകൾ എത്ര; അവ ഏതെല്ലാം; വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെയുള്ള കാലയളവിൽ എത്ര കേസ്സുകൾ സി.ബി.ഐ. അന്വേഷണത്തിന് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാം; വിശദമാക്കാമോ;

(എഫ്) ഇവയിൽ സി.ബി.ഐ. അന്വേഷണത്തിന് വിജ്ഞാപനം പുറപ്പെടുവിച്ച കേസ്സുകൾ ഏതെല്ലാം; വിജ്ഞാപനം പുറപ്പെടുവിക്കാത്തവ ഏതെല്ലാം; വ്യക്തമാക്കാമോ;

(ജി) ഈ സർക്കാരിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെ ഏതെല്ലാം തരത്തിലുള്ള അന്വേഷണമാണ് നിലവിൽ നടക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ ഇതുവരെ സംസ്ഥാനത്തെ എത്ര കേസ്സുകൾ പിൻവലിക്കുന്നതിന് പ്രോസിക്യൂഷൻ ഉത്തരവ് നൽകിയിട്ടുണ്ട്; ഇപ്രകാരം പിൻവലിക്കപ്പെട്ട കേസ്സുകൾ ഏതെല്ലാം; ഇവ ഏതെല്ലാം സെക്ഷൻസ് ഉൾപ്പെടുത്തിയിരുന്നവയും ഏതെല്ലാം കോടതിയിൽ ഉള്ളവയും ആയിരുന്നു; വ്യക്തമാക്കാമോ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണം നടത്തുന്നതിന് മാത്രമേ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി കുറ്റകൃത്യം തെളിഞ്ഞാൽ മാത്രമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്. സ്വകാര്യ അന്യായത്തിന്മേൽ കോടതി പ്രാഥമിക അന്വേഷണത്തിന് ഉത്തരവിടുകയും പ്രാഥമികാന്വേഷണം നടത്തി കുറ്റകൃത്യം നടന്നുവെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 765 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 12 കേസ്സുകൾ പിൻവലിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. അവ അനുബന്ധമായി ചേർക്കുന്നു*.

(സി) നിലവിൽ അന്വേഷണം പൂർത്തിയാകാത്ത 526 കേസ്സുകൾ ഉണ്ട്. ഇതിൽ ഏറ്റവും പഴക്കമുള്ളത് 2003-ലേതാണ്.

(ഡി) സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ടോൾഫ്രീ മുഖാന്തിരം 11026 പരാതികൾ ലഭിച്ചു. ടി പരാതികളുടെ അടിസ്ഥാനത്തിൽ കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ&എഫ്) കേസ്സുകൾ കൈമാറിയിട്ടില്ല.

(ജി) ശ്രീ. അടൂർപ്രകാശിനെതിരെ വി. സി. 02/2008/എൻ.ആർ.കെ. നമ്പരിൽ വിജിലൻസ് അന്വേഷണം നടക്കുന്നു. പിൻവലിക്കാൻ ഉത്തരവ് നൽകിയ വിജിലൻസ് കേസ്സുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

**വിജിലൻസ് ഡയറക്ടറുടെ സേവന കാലം**

347 (325) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് ഡയറക്ടറായി ആരെയെല്ലാമാണ് നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഓരോരുത്തരുടേയും സേവനകാലം വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

| ക്രമ നമ്പർ | പേര് | കാലയളവ് |
|---|---|---|
| 1. | ശ്രീ. നെറ്റോ ഡെസ്മണ്ട് എ. ഐ. | 18-5-2011<br>30-9-2011 |
| 2. | ശ്രീ. എൻ. ശങ്കർ റെഡ്ഡി (ഡയറക്ടർ ഇൻ-ചാർജ്ജ്) | 30-9-2011<br>6-1-2012 |
| 3. | ശ്രീ. വേണുഗോപാൽ കെ. നായർ | 6-1-2012<br>31-10-2012 |
| 4. | ശ്രീമതി ആർ. ശ്രീലേഖ (ഡയറക്ടർ ഇൻ-ചാർജ്ജ്) | 31-10-2012<br>14-11-2012 |
| 5. | ശ്രീ. മഹേഷ് കുമാർ സിംഗ്ള | 14-11-2012<br>10-3-2014 |
| 6. | ശ്രീ. വിൻസൻ എം. പോൾ | 10-3-2014<br>30-11-2015 |
| 7. | ശ്രീ. എൻ. ശങ്കർ റെഡ്ഡി (ഡയറക്ടർ ഇൻ-ചാർജ്ജ്) | 30-11-2015<br>തുടരുന്നു. |

## ഹാൻ്റക്സിലെ വിജിലൻസ് അന്വേഷണം

348 (326) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാൻ്റക്സിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് അന്വേഷണം നിലവിലുണ്ട്: വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഹാൻ്റക്സുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണമൊന്നും നിലവിലില്ല.

## ഗവൺമെന്റ് ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

349 (327) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ഗവൺമെന്റ് ഉദ്യോഗസ്ഥർക്കെതിരെ എത്ര വിജിലൻസ് അന്വേഷണങ്ങൾ നടന്നിട്ടുണ്ട്; എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി; വ്യക്തമാക്കാമോ;

(ബി) ഈ അന്വേഷണങ്ങളിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവരിൽ ആർക്കെല്ലാമെതിരെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ കാലയളവിൽ അഴിമതി, കൈക്കൂലി, വിവിധ തരം തട്ടിപ്പുകൾ, ഓപ്പറേഷൻ കുബേര തുടങ്ങിയവയുമായി ബന്ധപ്പെട്ട കേസ്സുകളിൽ പ്രതികളായിട്ടുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ എണ്ണം വ്യക്തമാക്കാമോ;

(ഇ) ഇതിൽ എത്ര ജീവനക്കാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് മുൻ സർക്കാർ ശിക്ഷണ നടപടി സ്വീകരിച്ച ഏതെല്ലാം ജീവനക്കാരെ ഈ സർക്കാർ ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ജി) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിൽ വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്; ഈ വകുപ്പുകളിലെല്ലാം വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ; നിലവിൽ വിജിലൻസ് വിഭാഗം രൂപീകരിച്ചിട്ടില്ലാത്ത വകുപ്പുകളിൽ വിജിലൻസ് വിഭാഗം രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 683 വിജിലൻസ് അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിട്ടുണ്ട്. അതിൽ 531 എണ്ണത്തിൽ അന്വേഷണം പൂർത്തിയായി.

(ബി&സി) കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ വിവിധ നടപടികൾ ശിപാർശ ചെയ്തു. അവരുടെ പേരുവിവരം അനുബന്ധം (1) ആയി ചേർക്കുന്നു*.

(ഡി) അഴിമതി നിരോധന നിയമവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ 1519 സർക്കാർ ഉദ്യോഗസ്ഥർ ഉണ്ട്. വിവിധ തരം തട്ടിപ്പുകൾ, ഓപ്പറേഷൻ കുബേര തുടങ്ങിയവ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഇ) അഴിമതി, കൈക്കൂലി ഇവ സംബന്ധിച്ച് നടപടി ശിപാർശ ചെയ്തിട്ടുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം വകുപ്പ് തിരിച്ച് അനുബന്ധം (2) ആയി ചേർക്കുന്നു*.

(എഫ്&ജി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണം

350 (328) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. വി. ശിവൻകുട്ടി:
ശ്രീ. ബി. സത്യൻ:
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കാൻ 258 കോടി രൂപയുടെ കരാർ നൽകിയതിലെ അഴിമതി ആരോപണത്തെ കുറിച്ച് വിജിലൻസ് അന്വേഷണം നടത്താനുള്ള വിജിലൻസ് കോടതിയുടെ ഉത്തരവ് താൽക്കാലികമായി തടഞ്ഞുകൊണ്ടുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; ഇതേ തുടർന്ന് വിജിലൻസ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ; ഹൈക്കോടതിയുടെ വിധി പ്രസ്താവം എന്തായിരുന്നു;

(ബി) ഈ വിഷയത്തിൽ തിരുവനന്തപുരത്തെ വിജിലൻസ് പ്രത്യേക കോടതി ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച വിധി പ്രസ്താവം എന്തായിരുന്നു ? വിശദമാക്കാമോ; വിജിലൻസ് സമർപ്പിച്ചിരുന്ന പ്രാഥമിക അന്വേഷണ റിപ്പോർട്ട് വിജിലൻസ് കോടതി തള്ളിയതിന്റെ കാരണം വിശദമാക്കുമോ ;

(സി) വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ കേസ് രജിസ്റ്റർ ചെയ്തു തുടർ അന്വേഷണം നടത്താനുള്ള 28-8-2014 -ലെ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ (തിരുവനന്തപുരം) ഉത്തരവ് നടപ്പാക്കുന്നത് തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഹർജി നൽകിയ ആളിന് അനുകൂലമായി അഡ്വക്കേറ്റ് ജനറൽ നിലപാട് സ്വീകരിച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഹൈക്കോടതി വിധിയിൽ സ്റ്റേ നീക്കിയ സാഹചര്യത്തിൽ തുടർ അന്വേഷണത്തിന് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘത്തെയാണ് വിജിലൻസ് നിയോഗിച്ചിട്ടുള്ളത്? എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു അന്വേഷണം ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പ്രസ്തുത കേസ്സിലെ ആറ് കുറ്റാരോപിതരിൽ മൂന്നാം പ്രതി ഒഴികെയുള്ളവരുടെ സ്റ്റേ ഉത്തരവാണ് 19-1-2016-ൽ ബഹുമാനപ്പെട്ട കോടതി പിൻവലിച്ചിട്ടുള്ളത്. കേസന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) ശ്രീ. സെബാസ്റ്റ്യൻ ജോർജ്, ശ്രീ. സുനിൽ, ശ്രീ. ജയൻ എന്നിവർ നൽകിയ പരാതിയിന്മേൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുവാനാണ് വിജിലൻസ് കോടതി ഉത്തരവായിട്ടുള്ളത്. വിജിലൻസ് സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ട് കോടതിക്ക് സ്വീകാര്യമാകാത്തതിനാലാണ് തള്ളിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത തുടരന്വേഷണം ശ്രീ. ടി. അജിത് കുമാറിന്റെ (ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1) നേതൃത്വത്തിലാണ് നടത്തുന്നത്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്താണ് അന്വേഷണം ആരംഭിച്ചിട്ടുള്ളത്.

**ടൈറ്റാനിയം അഴിമതി**

351 (329) ഡോ. ടി. എം. തോമസ് ഐസക്:
ശ്രീ. സാജു പോൾ:
ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ 256 കോടി രൂപയുടെ മലിനീകരണനിവാരണ പദ്ധതി നടപ്പാക്കുന്നതിലെ, മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്കെതിരായുള്ള അഴിമതി ആരോപണം സംബന്ധിച്ച വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സി.എം.പി. നമ്പർ 802/2011 എന്ന കേസിൽ തിരുവനന്തപുരം എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ് 28-8-2014-ന പുറപ്പെടുവിച്ച വിധിയിൽ പ്രതികൾക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന് ഉത്തരവുണ്ടായിരുന്നുവോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഹൈക്കോടതിയുടെ താത്കാലിക ഉത്തരവ് പിന്നീട് പിൻവലിക്കുകയും, ഇതിനാധാരമായ ഹർജി തള്ളുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(ഇ) ആരോപണവുമായി ബന്ധപ്പെട്ട് ആരുടെയെല്ലാം പരാതികളായിരുന്ന അന്വേഷണ വിധേയമാക്കിയിട്ടുണ്ടായിരുന്നത്; പരാതികളിൽ ആരോപണ വിധേയരായിട്ടുള്ളവർ ആരൊക്കെയായിരുന്ന വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിജിലൻസ് അന്വേഷണത്തിന്റെ (വി.ഇ.30/2006/ എസ്.ഐ. യു-1) റിപ്പോർട്ട് ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ സമർപ്പിച്ചു.

(ബി) പ്രസ്തുത വിജിലൻസ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതിൽ 28-8-2014 തീയതിയിൽ ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം പുറപ്പെടുവിച്ച വിധിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്ന് ഉത്തരവിട്ടിരുന്നു.

(സി) ടി ഉത്തരവിനെതിരെ വിജിലൻസ് കേസ്സിലെ കുറ്റാരോപിതനായ ശ്രീ. ടി. ബാലകൃഷ്ണൻ സമർപ്പിച്ച ഹർജിയിൽ ഉത്തരവ് നടപ്പാക്കുന്നത് തടഞ്ഞുകൊണ്ടുള്ള താൽക്കാലിക ഉത്തരവ് 19.12.2014-ൽ പിൻവലിക്കുകയും ചെയ്തു.

(ഡി) Crl M.P. 845/2006 എന്ന പരാതിയിൽ പ്രതികളായി ചേർത്തിട്ടുള്ളവരുടെ പേരിൽ 20-1-2015 തീയതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് വി.സി. 01/2015/എസ്.ഐ.യു.-1 എന്ന നമ്പരിൽ വിജിലൻസ് അന്വേഷണം ആരംഭിച്ചു. പ്രസ്തുത വിജിലൻസ് കേസന്വേഷണത്തിലെ കുറ്റാരോപിതരായവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് (ടി.ടി.പി.) ലിമിറ്റഡ്
2. ശ്രീ. ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്

3. ശ്രീ. സന്തോഷ് കുമാർ, ചീഫ് മാനേജർ, ടി.ടി.പി. ലിമിറ്റഡ്
4. ശ്രീ. എ. എം. ഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്
5. ശ്രീ. തോമസ് മാത്യു, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്
6. ശ്രീ. ബി. ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്

(ഇ) ശ്രീ. സെബാസ്റ്റ്യൻ പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിൽ സർക്കാർ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും അന്വേഷണം നടന്നുവരവെ 2006-ൽ ശ്രീ. സുനിൽ കുമാർ എന്ന വ്യക്തി ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ച Crl. MP 845/2006 നമ്പർ പരാതിയും, 2011-ൽ ശ്രീ. ജയൻ എന്ന വ്യക്തി ബഹുമാനപ്പെട്ട എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം കോടതിയിൽ സമർപ്പിച്ച Crl. MP 802/2011 നമ്പർ പരാതിയും ടി വിജിലൻസ് അന്വേഷണത്തിനോടൊപ്പം കൂട്ടിച്ചേർത്തന്വേഷിച്ചു. പ്രസ്തുത പരാതികൾ പ്രകാരം ആരോപണവിധേയരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ശ്രീ. ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്
2. ശ്രീ. സന്തോഷ് കുമാർ, ചീഫ് മാനേജർ (marketing), ടി.ടി.പി. ലിമിറ്റഡ്
3. ശ്രീ. എ. എം. ഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്
4. ശ്രീ. തോമസ് മാത്യു, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്
5. ശ്രീ. ബി. ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്
6. ശ്രീ. ഉമ്മൻ ചാണ്ടി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി
7. ശ്രീ. ടി. ബാലകൃഷ്ണൻ ഐ.എ.എസ്., മുൻ ചെയർമാൻ, ഡയറക്ടർ ബോർഡ്, ടി.ടി.പി. ലിമിറ്റഡ്, തിരുവനന്തപുരം

8. ശ്രീ. രമേശ് ചെന്നിത്തല, മുൻ കെ.പി.സി.സി. പ്രസിഡന്റ്

9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, മുൻ വ്യവസായ വകുപ്പുമന്ത്രി

10. ശ്രീ. രാജീവൻ, പ്രൊപ്രൈറ്റർ, M/s. Grintex Enterprises

11. ശ്രീ. ഗംഗാധരൻ, ചീഫ് എഞ്ചിനീയർ (Rtd.) & Chief Project Manger, TTPL

12. ശ്രീ. ഡി. കെ. ഭാസു, General Manager, M/s. Meccon India Ltd.

13. ശ്രീ. സുജനപാൽ, മുൻ മന്ത്രി, ആരോഗ്യ പരിസ്ഥിതി വകുപ്പ്

**ജയിൽപ്പുള്ളികൾക്ക് അനർഹമായ സൗകര്യങ്ങൾ**

352 (330) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ പുള്ളികളിൽ ഒരു വിഭാഗത്തിന് അനർഹവും അന്യായവുമായ സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാകുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള പ്രവണതകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**കാസർഗോഡ് ജില്ലയിൽ ജില്ലാ ജയിലിന് കെട്ടിടം**

353 (331) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജില്ലാ ജയിലിന് കെട്ടിടം നിർമ്മിക്കുന്നതിന് പെരിയയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതുവരെയായിയെന്ന് വിശദമാക്കുമോ;

(ബി) സ്ഥലം വിട്ടുനൽകുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷന് പ്രായോഗിക

ബുദ്ധിമുട്ടുകളുണ്ടെങ്കിൽ ഏറ്റെടുക്കുന്ന സ്ഥലത്തിനു പകരം ചീമേനി തുറന്ന ജയിലിൽ നിന്നും ഭൂമി വിട്ടു നൽകുന്നത് പരിഗണിക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെടൽ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുവാൻ പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉദ്ദേശിച്ചിരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥലം ജയിൽ വകുപ്പിന് വിട്ടുതരുവാൻ വിസമ്മതം അറിയിച്ചിട്ടുണ്ട്.

(ബി) പ്ലാന്റേഷൻ കോർപ്പറേഷൻ ഹോസ്ദുർഗ്ഗ് താലൂക്കിൽ പെരിയ വില്ലേജിൽ 10 ഏക്കർ സ്ഥലം ജയിലിന് നൽകുകയാണെങ്കിൽ ചീമേനി തുറന്ന ജയിലിലെ പ്ലാന്റേഷൻ ഭൂമിയോട് ചേർന്നു കിടക്കുന്ന 10 ഏക്കർ സ്ഥലം കൈമാറാമെന്ന് അറിയിച്ചിരുന്നെങ്കിലും സ്ഥലം വിട്ടുനൽകാൻ നിർവ്വാഹമില്ലെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(സി-ഇ) ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനായി ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ജില്ലാ ജയിൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥല സൗകര്യം ഇതുവരെയും ലഭ്യമായിട്ടില്ല.

**വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

354 (332) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇടുക്കി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് മാത്രമായി ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. വനം വകുപ്പിലെ വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അലോട്ട്മെന്റ് ലഭിച്ച തുകകളിൽ നിന്നാണ് ചെലവ് നടത്തിയിട്ടുള്ളത്. പദ്ധതികൾക്കായി ഡിവിഷൻ തലത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം-II ആയി ചേർക്കുന്നു*.

(സി) <u>മൂന്നാർ ഡിവിഷൻ</u> - ഇടമലക്കുടി സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളിൽ 23 വീടുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലും 124 വീടുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലുമാണ്. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 ചെക്ക് ഡാമുകളുടെ നിർമ്മാണം, ട്രെക്ക് പാത്ത് (40 കി.മീ.), ഒരു സുരക്ഷാ ഭവൻ, 20 വാലായ്മ പുര, ഇക്കോ ഷോപ്പ്, ട്രെഞ്ച്, 10 സത്രം, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആയതിലേക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 130 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 149 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇടമലക്കുടി സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പെട്ടിമുടി-ഇഡ്ഡലിപ്പാറ റോഡിന്റെ ബാക്കി ജോലികൾ തുടർന്ന് വരുന്നതുമാണ്. ആയതിലേക്കായി 135 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. നബാർഡ് (RIDF) XVII Scheme-ൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ അനുവാദം ലഭ്യമായിരുന്ന മൂന്നാർ റെയ്ഞ്ചിലെ പെട്ടിമുടി ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സിൽ ഉൾപ്പെടുത്തിയിരുന്ന ഫോറസ്റ്റ് സ്റ്റേഷൻ ബിൽഡിംഗ്, ഡെപ്യൂട്ടി റെയിഞ്ചർ ക്വാർട്ടേഴ്സ്, തൊണ്ടി ഷെഡ് എന്നിവയുടെ ജോലികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്.

<u>ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ</u> - പദ്ധതികൾ പ്രകാരമുള്ള തൈകളുടെ ഉത്പാദനവും വിതരണവും എല്ലാ വർഷങ്ങളിലും സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വനം വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ**

355 (333) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനം വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ അവഗണന നേരിട്ടു എന്ന ജീവനക്കാരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് സമാന വകുപ്പുകളിലെ സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ അപേക്ഷിച്ച് കുറഞ്ഞ ശമ്പള സ്കെയിലാണ് ലഭിച്ചിട്ടുള്ളതെന്ന പരാതിയിൽ എന്തു പരിഹാരമാണ് സർക്കാർ നിർദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ശമ്പള പരിഷ്കരണ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വന്യജീവികൾ ഉൾപ്പെടെയുള്ളവയുടെ ഭീഷണിയിൽ 24 മണിക്കൂറും ജോലി ചെയ്യാൻ നിയോഗിക്കപ്പെട്ട വനം വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സമാന വകുപ്പിലെ സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുമായി ശമ്പളതുല്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) പരിശോധിച്ചുവരുന്നു.

**വനം കയ്യേറ്റം ഒഴിപ്പിക്കൽ**

356 (334) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം ഒഴിപ്പിക്കണമെന്ന് വനം വകുപ്പിനോട് 2015 -ൽ ഹൈക്കോടതി ആവശ്യപ്പെട്ടത് എന്നാണ്;

(ബി) വനം വകുപ്പ് നടത്തിയ കണക്കെടുപ്പനുസരിച്ച് എത്ര ഏക്കർ വനഭൂമി കയ്യേറിയെന്നാണ് കോടതിക്ക് റിപ്പോർട്ട് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) കയ്യേറ്റത്തിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഹൈക്കോടതി ഉത്തരവനുസരിച്ച് കയ്യേറ്റവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട് വകുപ്പ് ഇറക്കിയ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒ.പി. നമ്പർ 18467/02 & 1947/03 എന്നീ കേസ്സുകളിലെ 4-9-2015-ലെ വിധി പ്രകാരമാണ് കയ്യേറ്റം ഒഴിപ്പിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളത്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിൽ 7289.3377 ഹെക്ടർ (18012.318 ഏക്കർ) ഭൂമി കയ്യേറിയതായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്.

(സി)

| ഡിവിഷൻ | വിസ്തീർണ്ണം (ഏക്കർ) |
|---|---|
| തെന്മല | 17.881 |
| കോന്നി | 26.168 |
| റാന്നി | 2.795 |
| കോട്ടയം | 300.197 |
| കോതമംഗലം | 364.717 |
| മൂന്നാർ | 2717.297 |
| മാങ്കുളം | 885.687 |
| മലയാറ്റൂർ | 319.473 |
| തൃശ്ശൂർ | 362.677 |
| നെന്മാറ | 603.394 |
| പാലക്കാട് | 142.469 |
| മണ്ണാർക്കാട് | 6672.663 |
| നിലമ്പൂർ നോർത്ത് | 1686.554 |
| സൗത്ത് വയനാട് | 2968.960 |
| നോർത്ത് വയനാട് | 424.823 |
| കണ്ണൂർ | 27.241 |
| വൈൽഡ് ലൈഫ് ഇടുക്കി സാങ്ച്വറി | 12.355 |
| പെരിയാർ ടൈഗർ റിസർവ് | 0.015 |
| പീച്ചി വൈൽഡ് ലൈഫ് സാങ്ച്വറി | 476.951 |
| ആകെ | 18012.318 |

(ഡി) കേരള ലാന്റ് കൺസർവൻസി ആക്ട് 1957 പ്രകാരം നോട്ടീസ് നൽകി കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരായുകയും അത് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയം 20-1-2016-ൽ കൂടിയ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിലും ചർച്ച ചെയ്തു. ഈ ചർച്ചയുടെയും അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

**വനാവകാശ നിയമം**

357 (335) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമം നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് വരെ; സമയപരിധി കഴിഞ്ഞു എങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശത്തിന് എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്ര അപേക്ഷകൾ ഗ്രാമസഭ, ഡിവിഷൻ, ജില്ലാ സമിതികൾ പാസ്സാക്കി; ഇതിൽ എത്ര അപേക്ഷകൾക്ക് റൈറ്റിലുകൾ നൽകി; ഇതിൽ എത്ര അപേക്ഷകൾക്ക് പട്ടയം നൽകി; വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും വനാവകാശ നിയമപ്രകാരം സാമൂഹ്യാവശ്യങ്ങൾക്കും, ഊരുകളുടെ വികസന ആവശ്യങ്ങൾക്കും വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ എത്ര അപേക്ഷകൾ ഗ്രാമസഭ, ഡിവിഷൻ, ജില്ലാ സമിതികൾ പാസ്സാക്കി; ഇതിൽ എത്ര അപേക്ഷകൾക്ക് റൈറ്റിലുകൾ നൽകി; ഇതിൽ എത്ര അപേക്ഷകൾക്ക് പട്ടയം നൽകി; വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ഡി) 2011 ജൂണിന് ശേഷം വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി നൽകുന്നതിനായി ഭൂസർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി സർവ്വേ നടത്തി; ഇതിൽ എത്ര ഏക്കർ ഭൂമി എത്ര പേർക്ക് വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

ഉത്തരം

(എ) വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി വനാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിന്മേൽ 2015 ഡിസംബറിനകം തീർപ്പു കൽപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്മേൽ നോഡൽ ഏജൻസിയായ പട്ടികവർഗ്ഗ വികസന വകുപ്പ് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(ബി) 31-5-2011 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 36123 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 32911 അപേക്ഷകൾ ഗ്രാമസഭയും, 24846 അപേക്ഷകൾ സബ് ഡിവിഷണൽ സമിതിയും, 22443 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 16723 റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു*.

2011 മേയ് മുതൽ 31-12-2015 വരെ വ്യക്തിഗത അവകാശങ്ങൾക്കായി 67 അപേക്ഷകൾ അധികമായി ലഭിച്ചിട്ടുണ്ട്. ഇക്കാലയളവിൽ 969 അപേക്ഷകൾ ഗ്രാമസഭയും, 2543 അപേക്ഷകൾ സബ് ഡിവിഷൻ സമിതിയും, 3835 അപേക്ഷകൾ ജില്ലാതല സമിതിയും അംഗീകരിച്ച് ആകെ 8175 റൈറ്റിലുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*. വനാവകാശ നിയമപ്രകാരം പട്ടയം നൽകുന്നതിന് വ്യവസ്ഥയില്ല.

(സി) ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**സഞ്ജീവനി ഔഷധ സസ്യത്തോട്ടം**

358 (336) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധിനതയിലുള്ള സഞ്ജീവനി വനം എന്ന ഔഷധ സസ്യ തോട്ടത്തിന്റെ പരിപാലനത്തിന് എന്തൊക്കെ ഫണ്ടുകളാണ് വിനിയോഗിക്കുന്നതെന്നും എന്ത് പരിപാലന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ; ടി ഔഷധ സസ്യതോട്ടം ഇപ്പോൾ നാശത്തിന്റെ വക്കിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; കൂടുതൽ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അത് സംരക്ഷിക്കുന്നതിനും പ്രോജക്ട് തയ്യാറാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഔഷധ സസ്യതോട്ടത്തിന് ബജറ്റിൽ പ്രത്യേക ഫണ്ട് നീക്കി വെച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയുർവേദ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രസ്തുത കേന്ദ്രം ഒരു സുപ്രധാന ഗവേഷണ കേന്ദ്രമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1988-ലെ ലോകബാങ്ക് സഹായത്തോടെ കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴയ്ക്കു സമീപം 18.8 ഹെക്ടറിൽ സജ്ജീവനി വനം ഔഷധ സസ്യത്തോട്ടം സ്ഥാപിച്ചിട്ടുണ്ട്. ഔഷധ സസ്യത്തോട്ടങ്ങളുടെ പ്രചാരണവും, സംരക്ഷണവും ലക്ഷ്യമാക്കിയാണ് ടി ഔഷധ സസ്യത്തോട്ടം നിർമ്മിച്ചിട്ടുള്ളത്. ടി തോട്ടത്തിന്റെ ദൈനംദിന പരിചരണത്തിനും, സംരക്ഷണത്തിനുമായി ഇപ്പോൾ വാച്ചറുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

ഔഷധ സസ്യങ്ങളുടെ തൈകൾ ഉല്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ഔഷധ സസ്യത്തോട്ടത്തിനു ചുറ്റും സൗരോർജ്ജവേലി കെട്ടി സംരക്ഷിക്കുന്നതിനും ഔഷധ സസ്യങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും ദിനപരിചരണത്തിനായി ഒരു വാച്ചറുടെ സേവനം തുടർന്നും ഉപയോഗപ്പെടുത്തുന്ന തിനുമായി 30 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) സജ്ജീവനി വനം ഔഷധ സസ്യത്തോട്ടത്തിന്റെ പരിചരണത്തിനായി പ്രത്യേകമായി ഇപ്പോൾ ഫണ്ട് നീക്കിവച്ചിട്ടില്ലാത്തതാണ്.

(സി) സജ്ജീവനി വനം ഔഷധ സസ്യത്തോട്ടം ഗവേഷണ കേന്ദ്രമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിലെ സൂപ്പർ ന്യൂമററി നിയമനം

359 (337) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിൽ ട്രെയിനിംഗിന് അയയ്ക്കപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എത്രയെന്നും ഇവരുടെ ട്രെയിനിംഗ് എന്നു പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ;

(ബി) ട്രെയിനിംഗിന് അയയ്ക്കപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് പകരം താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി പ്രസ്തുത തസ്തികയിലെ ഒഴിവുകൾ നികത്തിയിട്ടുണ്ടോ എന്നും എങ്കിൽ എത്ര തസ്തികകളിലാണ് പ്രസ്തുത രീതിയിൽ താത്ക്കാലികമായി നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഫോറസ്റ്റ് റെയിഞ്ചുകളിൽ ഇപ്പോൾ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികകളിൽ ട്രെയിനിംഗിന് അയയ്ക്കപ്പെട്ടവരുടെ ഉൾപ്പെടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിൽ എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിൽ നിലവിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ പരിശീലനത്തിനായി 20 റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പരിശീലനത്തിനായി തെലുങ്കാന ഫോറസ്റ്റ് അക്കാദമിയിൽ നിയോഗിച്ച 6 പേരുടെ ട്രെയിനിംഗ് 21-4-2015-ന് ആരംഭിച്ചിട്ടുണ്ട്. കൂടാതെ തമിഴ്നാട് ഫോറസ്റ്റ് അക്കാദമിയിൽ നിയോഗിച്ച പതിമൂന്ന് പേരുടെ ട്രെയിനിംഗ് 23-11-2015-ന് ആരംഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് റെയ്ഞ്ചേഴ്സ് ട്രെയിനിംഗും പ്രായോഗിക പരിശീലനവും ഉൾപ്പെടെ ട്രെയിനിംഗ് പൂർത്തിയാക്കുവാൻ 30 മാസത്തെ കാലയളവ് വേണ്ടി വരും. പ്രായോഗിക പരിശീലനം തൃപ്തികരമായി പൂർത്തിയാക്കാത്ത ഒരു റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറേയും ട്രെയിനിംഗിനായി നിയോഗിച്ചിട്ടുണ്ട്.

(ബി) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് നിയമനം നൽകി ട്രെയിനിംഗിനു നിയോഗിച്ചതുമൂലമുണ്ടായ എല്ലാ ഒഴിവുകളിലും ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി താൽകാലികമായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(സി) പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നൽകിയതിനു ശേഷമാണ് ട്രെയിനിംഗിന് നിയോഗിക്കുന്നത്. ട്രെയിനിംഗിന് നിയോഗിച്ചിട്ടുള്ളത് മൂലമുണ്ടായ ഒഴിവുകളിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് താല്ക്കാലികമായി സ്ഥാനക്കയറ്റം നൽകി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ നിലവിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 7 ഒഴിവുകൾ ഉണ്ട്.

(ഡി) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

360 (338) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വനം വകുപ്പു മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലഘട്ടത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(ബി) കല്പറ്റ നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് മാത്രമായി ബഡ്ജറ്റിൽ പ്രത്യേക തുകകൾ വകയിരുത്തിയിട്ടില്ല. വനം വകുപ്പിലെ വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകകളിൽനിന്നും അലോട്ട്മെന്റ് മുഖേന ലഭിച്ച തുകകളിൽ നിന്നാണ് ചെലവ് നടത്തിയിട്ടുള്ളത്. പദ്ധതികൾക്കായി ഡിവിഷൻ തലത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം-2 ആയി ചേർക്കുന്നു*.

(സി) 1. സോളാർ പവർ ഫെൻസ് പ്രവൃത്തിയിൽ കല്പറ്റ, മേപ്പാടി റെയ്ഞ്ചുകളിലായി 18.2 കി.മീറ്റർ പ്രവൃത്തി പൂർത്തീകരിക്കാനുള്ളതാണ്. ആയതിന് 32.70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തി 31-3-2016-ന് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. NABARD – RIDF XX പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകൾ പൂർത്തീകരിക്കാനുണ്ട്.

(a) മേപ്പാടി റെയ്ഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ

(b) മേപ്പാടി റെയ്ഞ്ചിലെ മുണ്ടക്കൈ ഫോറസ്റ്റ് സ്റ്റേഷൻ

ടി പദ്ധതിക്ക് 1.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഒരു കോടിയോളം രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. 31-3-2016-ന് ചെലവ് പ്രതീക്ഷിക്കുന്നു. ശേഷിക്കുന്ന പ്രവൃത്തി, പദ്ധതി അംഗീകാരം ലഭിച്ചത് പ്രകാരം, 2016-17-ൽ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

## ഇടുക്കിയിലെ വനഭൂമി കുടിയേറ്റ ക്രമീകരണ ചട്ടങ്ങൾ

361 (339) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ 10 ചെയ്ൻ പ്രദേശത്തെ ഭൂമി 1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരണ ചട്ടങ്ങൾ അനുസരിച്ചാണോ വിതരണം ചെയ്യുന്നതെന്നും എങ്കിൽ ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) കേന്ദ്രാനുമതി ലഭിച്ചത് 1997 ജനുവരി ഒന്നിന് മുമ്പുള്ള കൈയ്യേറ്റം ക്രമീകരിയ്ക്കുന്നതിന് വേണ്ടിയാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഡാമിന് വേണ്ടി ഏറ്റെടുത്ത വനഭൂമിയിൽ 1997-ന് മുമ്പ് കയ്യേറ്റം നടന്നിരുന്നോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇടുക്കി ജില്ലയിലെ 10 ചെയ്ൻ പ്രദേശം ഇടുക്കി താലൂക്ക് രൂപീകരിക്കുന്നതിന് മുമ്പുള്ള ഉടുമ്പൻചോല താലൂക്കിന്റെ പരിധിയിൽ ഉൾപ്പെട്ടു വരുന്നതാണ്. മുൻ ഉടുമ്പൻചോല താലൂക്കിന്റെ പരിധിയിലുള്ള ഭൂമിയിൽ നിലവിൽ 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരണ ചട്ടങ്ങൾ പ്രകാരമാണ് പട്ടയം നൽകിവരുന്നത്. പ്രദേശത്ത് ഇപ്പോൾ നടത്താൻ നിശ്ചയിച്ചിരിക്കുന്ന സർവ്വെ നടപടികൾ പൂർത്തിയായാൽ മാത്രമേ ടി സ്ഥലത്തെ പതിവിന് കേന്ദ്രാനുമതി ആവശ്യമാണോ, കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്ന കാര്യങ്ങൾ വ്യക്തമാവുകയുള്ളൂ.

(ബി) അല്ല. കേന്ദ്രാനുമതി ലഭിച്ചത് 1-1-1977-ന് മുമ്പുള്ള വനഭൂമി കുടിയേറ്റം ക്രമീകരിക്കുന്നതിനുവേണ്ടിയാണ്.

(സി) ഇടുക്കി ഡാമിന്റെ 10 ചെയ്ൻ പ്രദേശങ്ങൾക്കുള്ളിൽ 1997-ന് മുമ്പ് തന്നെ കുടിയേറ്റം നടന്നിരുന്നു.

**ജാനകിക്കാട് ഇക്കോടൂറിസം പദ്ധതി**

362 (340) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ?

ഉത്തരം

(എ) ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നുണ്ട്.

(ബി) ജാനകിക്കാട് ഇക്കോടൂറിസം പദ്ധതി സംസ്ഥാന ടൂറിസം ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിച്ച 15.188 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തോടുകൂടിയാണ് നടപ്പാക്കിയത്. കൂടാതെ 2015-16 വർഷത്തിലെ വനം വകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും 4406-01-800-91 ഇക്കോടൂറിസം (പ്ലാൻ) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 30 ലക്ഷം രൂപ ജാനകിക്കാട് ഇക്കോടൂറിസം പദ്ധതി പ്രവർത്തനങ്ങളുടെ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള പ്രവൃത്തികൾ ടി പ്രദേശത്ത് നടന്നുവരുന്നു.

**ആനവേട്ട**

363 (341) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ആനവേട്ട നടത്തിയതിന് വനം വകുപ്പ് എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര ആനകളെ ആനവേട്ട സംഘം സംസ്ഥാനത്ത് നിന്നും വേട്ടയാടി കൊന്നെന്ന് വ്യക്തമാക്കാമോ;

(സി) ആനവേട്ട വ്യാപകമാകുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ സമ്മേളനം കോവളത്ത് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പ്രസ്തുത യോഗം ഇത് സംബന്ധിച്ച് എന്തെല്ലാം ഭാവി പദ്ധതികൾക്കാണ് രൂപം കൊടുത്തിരുന്നത്; ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത യോഗത്തിനായി എത്ര തുക സർക്കാരിന് ചെലവു വന്നിട്ടുണ്ട്; ഇത് സംബന്ധിച്ച് ഇനം തിരിച്ച് വിശദമാക്കാമോ;

(എഫ്) ആനവേട്ടക്കേസിന്റെ നിലവിലെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത കേസുകൾ ഇപ്പോൾ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 19 കേസ്സുകൾ.

(ബി) 18 ആനകൾ.

(സി) വനം-വന്യജീവി സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, അന്തർ-സംസ്ഥാന തലത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുമായുള്ള വിഷയങ്ങൾ ചർച്ച ചെയ്യുവാനായി 2015 ആഗസ്റ്റ് മാസം 6-ാം തീയതി തിരുവനന്തപുരം കോവളത്ത് വച്ച് ദക്ഷിണേന്ത്യൻ വനം മന്ത്രിമാരുടെ ഒരു യോഗം കൂടിയിട്ടുണ്ട്. മറ്റു പല വിഷയങ്ങളോടൊപ്പം ആനവേട്ടയും മറ്റു മൃഗവേട്ടയും തടയുന്നതിന് വിവിധ സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും പ്രസ്തുത യോഗം ചർച്ച ചെയ്യുകയുണ്ടായി. യോഗത്തിൽ കേരളത്തിനുപുറമെ ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ മന്ത്രിമാർ/ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

(ഡി) ആനവേട്ടയോ മറ്റു വന്യജീവി വേട്ടയോ തടയുന്നതിന് ടി യോഗത്തിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് പ്രധാനമായും വിഭാവന ചെയ്തിട്ടുള്ളത്.

> (എ) അന്തർ സംസ്ഥാന ഏകോപനത്തിനായി Southern Forest Ministers' Co-ordination Council രൂപീകരിക്കുകയും വർഷാവർഷം കൗൺസിൽ യോഗം കൂടി വിവിധ വിഷയങ്ങൾ അവലോകനം ചെയ്യുകയും ചെയ്യുക.
>
> (ബി) 6 മാസത്തിലൊരിക്കൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം വകുപ്പുദ്യോഗസ്ഥതല യോഗം കൂടി വന സംരക്ഷണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക.

(സി) സംയുക്ത പട്രോളിംഗ് കൂടുതൽ ശക്തമായി നടത്തുക.

മേൽപ്പറഞ്ഞവയുടെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(എ) ഒരു വർഷത്തിനുശേഷമാണ് അടുത്ത യോഗം കൂടുവാനുള്ളത്.

(ബി) അന്തർ സംസ്ഥാന ഉദ്യോഗസ്ഥതലയോഗം 19-01-2016-ൽ ബന്ദിപ്പൂർ, കർണ്ണാടകയിൽ നടക്കുകയുണ്ടായി. കൂട്ടായ ശ്രമഫലമായി ആനവേട്ട യടക്കമുള്ള കേസ്സുകൾ മൊത്തത്തിൽ കുറഞ്ഞുവെന്ന് യോഗം വിലയിരുത്തി. തുടർന്നും കൂട്ടായ ശ്രമങ്ങൾ നടത്തുവാനും, വനത്തിനുള്ളിലും, പുറത്തുമുള്ള പ്രധാന ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി ക്യാമറകൾ വയ്ക്കുന്ന കാര്യം പരിഗണിക്കാനും, വേട്ടക്കാരുടെ വിവരങ്ങൾ പരസ്പരം കൈമാറാനും, മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ചുള്ള തിരച്ചിൽ വനപ്രദേശത്ത് ഇടയ്ക്കിടെ നടത്തുന്ന കാര്യം പരിഗണിക്കുവാനും യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) സംയുക്ത പട്രോളിംഗ് ആവശ്യമുള്ള മേഖലകളിൽ അതിനായുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത യോഗത്തിനായി 29,51,623 രൂപ (ഇരുപത്തി ഒൻപതു ലക്ഷത്തി അൻപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തിമൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്. ആയത് ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോഗ്രാം കമ്മിറ്റി | 1,89,168.00 രൂപ |
| ലോജിസ്റ്റിക് കമ്മിറ്റി (ഉപഹാരം, ഗതാഗതം ഉൾപ്പെടെ) | 3,66,144.00 രൂപ |
| പരസ്യ പ്രചാരണം - കലാസന്ധ്യ | 10,70,480.00 രൂപ |
| താമസം, ഭക്ഷണം | 13,25,861.00 രൂപ |
| ആകെ | 29,51,623.00 രൂപ |

(എഫ്) ആനവേട്ടയുമായി ബന്ധപ്പെട്ട് 2015-ൽ മലയാറ്റൂർ, വാഴച്ചാൽ, മൂന്നാർ മേഖലകളിൽ എടുത്ത കേസ്സുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മലയാറ്റൂർ, വാഴച്ചാൽ, തേക്കടി, മൂന്നാർ വനം ഡിവിഷനുകളിലായി മൊത്തം 19 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൊത്തം 18 ആനകളുടെ ജഡാവശിഷ്ടം കണ്ടെത്തുകയും 84 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസ്സുകളുമായി ബന്ധപ്പെട്ട് 10 വാഹനങ്ങളും 15 തോക്കുകളും പിടിച്ചെടുത്തു. ഡൽഹിയിൽ നിന്നുൾപ്പെടെ മൊത്തം 489.292 കിലോഗ്രാം ആനക്കൊമ്പ്/ ആനക്കൊമ്പിൽ തീർത്ത കരകൗശല വസ്തുക്കൾ എന്നിവ പിടിച്ചെടുത്തു. കേസ്സന്വേഷണം കേരള വനം വകുപ്പാണ് നടത്തിവരുന്നത്.

## സുസ്ഥിര കേരളം പദ്ധതി

364 (342) ശ്രീ. പി. എ. മാധവൻ:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന് സുസ്ഥിര കേരളം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നു :

I. പാരിസ്ഥിതിക വിഷയങ്ങളിൽ വിവര വിജ്ഞാനം വിപുലപ്പെടുത്താനായിസംസ്ഥാനത്തിന്റെ പരിസ്ഥിതി സംബന്ധിക്കുന്ന ഒരു വിജ്ഞാന വേദി, വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി രൂപപ്പെടുത്തുക.

II. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സ്ഥിതി, ജൈവവൈവിധ്യം മുതലായവ രേഖപ്പെടുത്തുന്നതിനായി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, മറ്റു സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവരുടെ സഹായത്തോടെ ഒരു 'സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട്' പ്രസിദ്ധീകരിക്കുക.

(സി) സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട്-2015 തയ്യാറാക്കുന്നതിനായി 18-5-2015-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (ആർ.റ്റി.) 69/2015/ പരിസ്ഥിതി പ്രകാരം, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം ഡയറക്ടർ കൺവീനറായും ഒരു പത്തംഗ

കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. 13-7-2015-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നമ്പർ 99/2015/പരിസ്ഥിതി പ്രകാരം പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കാനായി 15 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകി. അതിൻ പ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റി പ്രവർത്തനം ആരംഭിക്കുകയും റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ 8/13/2015-E1 നമ്പർ കത്ത് പ്രകാരം സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് 2015 കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയ പട്ടികയിലുള്ള വിദഗ്ദ്ധ സ്ഥാപനങ്ങൾ വഴി മാത്രമേ തയ്യാറാക്കാവൂ എന്ന് നിർദ്ദേശിച്ച സാഹചര്യത്തിൽ സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി അക്രഡിറ്റഡ് ഏജൻസി മുഖേന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കോ-ഓർഡിനേഷൻ കമ്മിറ്റി കൺവീനർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ധനസഹായവും ലഭ്യമാണ്.

**അനാവശ്യ ശബ്ദശല്യംമൂലമുള്ള പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങൾ**

365 (343) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാവശ്യ ശബ്ദശല്യം ഉയർത്തുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്ത് ഒഴിവാക്കാവുന്ന ശബ്ദശല്യങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ശബ്ദശല്യങ്ങൾ ഒഴിവാക്കുന്ന കാര്യത്തിൽ പരിസ്ഥിതി വകുപ്പിന്റെ പങ്കാളിത്തം വിശദമാക്കുമോ ;

(സി) വി.ഐ.പി. വാഹനങ്ങളിൽ നിന്നുൾപ്പെടയുള്ള ശബ്ദശല്യം നിയന്ത്രിക്കുന്ന കാര്യത്തിൽ മറ്റു സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന നടപടികളെക്കുറിച്ചുകൂടി പരിശോധിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശബ്ദമലിനീകരണ നിയന്ത്രണ ചട്ടങ്ങൾ കർശനമായി പാലിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 28-4-2015-ലെ സ.ഉ. (അച്ചടി) നമ്പർ 06/2015/പരി. നമ്പരായി പരിസ്ഥിതി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുറപ്പെടുവിക്കപ്പെടുന്ന ശബ്ദത്തിന്റെ തീവ്രത അനുവദനീയ പരിധിക്കുള്ളിലാണോ എന്ന് പരിശോധിക്കാനുള്ള ചുമതല പരിസ്ഥിതി വകുപ്പിന്റെ കീഴിൽ വരുന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണുള്ളത്. വാഹനങ്ങൾ മൂലമുള്ള ശബ്ദമലിനീകരണം നിയന്ത്രിക്കാനുള്ള ചുമതല വാഹന വകുപ്പിനും ഉച്ചഭാഷിണി മൂലമുള്ള ശബ്ദശല്യം നിയന്ത്രിക്കുന്നതിനുള്ള ചുമതല പോലീസ് വകുപ്പിനുമാണ്.

(സി) വി. ഐ. പി. വാഹനങ്ങൾ ഉൾപ്പെടെ എല്ലാത്തരം വാഹനങ്ങളിൽ നിന്നുമുള്ള ശബ്ദശല്യം നിയന്ത്രിക്കുന്നതിനായി 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ പ്രകാരം, സംസ്ഥാനത്ത് വാഹന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിവരങ്ങൾ ലഭ്യമല്ല.

**പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി**

366 (344) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ.പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രാഥമിക പരിസ്ഥിതി സംരക്ഷണ പരിപാടികൾ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ നിർബന്ധ പദ്ധതിയായി ഉൾപ്പെടുത്തി നടപ്പാക്കുക, പ്രാദേശിക തലങ്ങളിലും സംസ്ഥാന തലത്തിലും സംസ്ഥാനത്തെ പരിസ്ഥിതി ശാസ്ത്രജ്ഞർ, ഈ മേഖലയിലെ മറ്റ് വിദഗ്ദ്ധർ എന്നിവരുടെ സഹായത്തോടെ അതത് പഞ്ചായത്ത് തലത്തിലും സംസ്ഥാന തലത്തിലും അനുയോജ്യവും ആവശ്യമുള്ളതുമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ നടപ്പാക്കുക എന്നിവയാണ് മുഖ്യലക്ഷ്യം.

ഇത്തരം പദ്ധതികളുടെ നടത്തിപ്പിന് ഉപയുക്തമാക്കാവുന്ന കുടുംബശ്രീ, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മുതലായവ സർക്കാർ ആവിഷ്കൃത പദ്ധതികളുമായി യോജിപ്പിച്ചും പരിസ്ഥിതി സംരക്ഷണ മുൻകരുതലുകൾ വികസന പദ്ധതികളിൽ അവശ്യം ഉൾപ്പെടുത്തിയും പാരിസ്ഥിതിക ശോഷണം ഒഴിവാക്കുകയും പരിസ്ഥിതി പരിപാലനം സംബന്ധിച്ച അവബോധം എല്ലാ വിഭാഗം ജനങ്ങളിലും സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് അടുത്ത ലക്ഷ്യം.

കാലാവസ്ഥാ വ്യതിയാനം പോലെ ഏറ്റവും രൂക്ഷവും ദീർഘകാലാടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തേണ്ടതുമായ മേഖലകളിൽ ലഭ്യമാക്കാവുന്ന വിദേശ സഹായം ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുകയും പരിസ്ഥിതി സൗഹൃദപരമായ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതും ഒരു ലക്ഷ്യമാണ്.

(സി) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ സംസ്ഥാനതല ഔദ്യോഗിക പ്രഖ്യാപനത്തിന്റേയും ഹരിതശ്രീ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന്റെയും സംഘാടന ചുമതല പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിനായിരുന്നു. ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ 2014 ജൂൺ 5-ന് രാവിലെ 10.30-നും 11.30-നും ഇടയിൽ 10 ലക്ഷത്തിലധികം വൃക്ഷത്തൈകൾ കേരളമൊട്ടാകെ നട്ടുപരിപാലിക്കുന്ന ചുമതല സംസ്ഥാന വനം വകുപ്പിനും കുടുംബശ്രീ യൂണിറ്റുകൾക്കും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായിരുന്നു. പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട വനം പരിസ്ഥിതി വകുപ്പുമന്ത്രി ചെയർമാനും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും ശ്രീ. ജോൺ സാമുവൽ വൈസ് ചെയർമാനുമായി കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി (KECC) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**ജലസമൃദ്ധ കേരളം പദ്ധതി**

367 (345) ശ്രീ. ആർ . സെൽവരാജ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന് ജലസമൃദ്ധകേരളം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 24-5-2014-ലെ സ.ഉ. (സാധാ) നമ്പർ 89/2014/പരി വഴി സംസ്ഥാനത്ത് പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ഭാഗമായ ജലസമൃദ്ധ കേരളം പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നുമുള്ള മലിനീകരണമാണ് വ്യാവസായിക മലിനീകരണത്തേക്കാൾ ഗുരുതരമായി സംസ്ഥാനത്ത് അനുഭവപ്പെടുന്നത്. അതിനാൽ ജനപിന്തുണയോടെ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ജല സുരക്ഷയ്ക്കും ജലസ്രോതസ്സുകളുടെ സമഗ്ര സംരക്ഷണത്തിനും ഒരു തുടർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതി നടത്തിപ്പിനും ഏകോപനത്തിനുമായി വനം, പരിസ്ഥിതി വകുപ്പുമന്ത്രി ചെയർമാനായി സംസ്ഥാന തലത്തിൽ കേരള എൻവയോൺമെന്റൽ കൺസൽട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ സംബന്ധിച്ച വിശദമായ പ്ലാൻ ഓഫ് ആക്ഷൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കസ്തൂരിരംഗൻ റിപ്പോർട്ട്

368 (346) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിനായി തയ്യാറാക്കിയ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇതേവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതി ലോല മേഖല എന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തപ്പെട്ട ജനവാസ കേന്ദ്രങ്ങളെ ഇതിൽ നിന്നും ഒഴിവാക്കുന്നതിനും, കർഷകരുടെ ഭൂമിയും, കൃഷിയും, വീടുൾപ്പെടെയുള്ള സമ്പാദ്യങ്ങളും സംരക്ഷിക്കുന്നതിനും, സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(സി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഈ റിപ്പോർട്ട് നടപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കുടിയേറ്റ മേഖലകളിൽ 60 വർഷത്തിലേറെയായി പട്ടയം പോലും ലഭിച്ചിട്ടില്ലാത്ത ഭൂമിയിൽ ജീവിച്ചുവരുന്ന കർഷകർക്ക് തങ്ങളുടെ കൈവശഭൂമിയിൽ നിന്നും എല്ലാമുപേക്ഷിച്ച് ഇറങ്ങിപോകേണ്ട സ്ഥിതി, റിപ്പോർട്ട് നടപ്പാക്കുന്നതുവഴി ഉണ്ടാകാനുള്ള സാധ്യതയില്ലേ; ഇതിന് എന്ത് പരിഹാരമാണ് സർക്കാരിന്റെ മുൻപിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലെ എത്ര ഏക്കർ ഭൂമിയാണ് ESA പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിൽ വനഭൂമി എത്ര; ജനങ്ങൾ താമസിച്ചുവരുന്ന ഭൂമി എത്ര ?

<u>ഉത്തരം</u>

(എ&ബി) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ലോലപ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വില്ലേജ് ഓഫീസർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, സർവ്വെ ഉദ്യോഗസ്ഥർ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായി ഒരു പഞ്ചായത്ത് തല

സമിതി രൂപീകരിച്ചു. ടി സമിതി തയ്യാറാക്കിയ റിപ്പോർട്ടാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ഇതിനുപുറമെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്ന അധിക വിവരങ്ങൾക്കും സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ട്. റിസർവ് വനം, ലോക പൈതൃക പ്രദേശം, സംരക്ഷിത പ്രദേശങ്ങൾ എന്നിവ മാത്രമേ പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താവൂ എന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) പരിസ്ഥിതി ലോലപ്രദേശങ്ങൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 10-3-2014-ലെ S.O.733(E) നമ്പരായി പുറപ്പെടുവിച്ച കരട് വിജ്ഞാപനം 4-9-2015-ലെ S.O.2435(E) പ്രകാരം വീണ്ടും പുതുക്കിയ കരട് വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സാധ്യതയില്ല.

(ഇ) കേന്ദ്രസർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ വില്ലേജ് അടിസ്ഥാനത്തിലാണ് പരിസ്ഥിതിലോല പ്രദേശങ്ങളെ നിർണ്ണയിച്ചിട്ടുള്ളത്. റാന്നി താലൂക്കിലെ കൊല്ലമുള, പെരുനാട്, വടശ്ശേരിക്കര എന്നീ വില്ലേജുകളാണ് ESA പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തുതല സമിതി തയ്യാറാക്കിയ റിപ്പോർട്ടിൽ സർവ്വേ നമ്പർ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കിയിട്ടില്ല.

**കായികമേഖലയുടെ വളർച്ച**

369 (347) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം കായിക മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ; എത്ര തുക വീതം ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ബി) സൈക്കിൾ വെലോഡ്രോമിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇടുക്കി നിയോജക മണ്ഡലത്തിലെ കട്ടപ്പന കാൽവരി മൗണ്ട് എച്ച്.എസ്.എസ്-ൽ 5,41,984 രൂപ ചെലവിൽ ലോംഗ്ജമ്പ് പിറ്റ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി വോളീബോൾ അക്കാഡമിക്കുവേണ്ടി ഓഫീസ്, ഹോസ്റ്റൽ കെട്ടിടം, മൾട്ടി പർപ്പസ് ഇൻഡോർ കോർട്ട് എന്നിവ നിർമ്മിക്കുന്നതിനായി 2.97 കോടി രൂപക്കുള്ള ഭരണാനുമതി നൽകുകയും 95% പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ഇതേവരെ 2,17,30,586 രൂപ ചെലവഴിച്ചിട്ടുണ്ട്. പൈക്ക പദ്ധതിയിലുൾപ്പെടുത്തി ഇടുക്കി നിയോജകമണ്ഡലത്തിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും 3,30,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) സൈക്കിൾ വെലോഡ്രോം നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലം കയ്യേറ്റമൊഴിപ്പിച്ച് റവന്യൂ വകുപ്പ് കൈമാറുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ദേശീയ ഗെയിംസിന് ഉപയോഗിച്ച ഉപകരണങ്ങൾക്ക്**

**പൊതു ഉപയോഗ സൗകര്യം ഏർപ്പെടുത്തൽ**

370 (348) <u>ശ്രീ. പി. ബി. അബ്ദുൽ റസാക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ദേശീയ ഗെയിംസ് നടന്ന വേദികളിൽ ഇപ്പോൾ പരിശീലനം നടത്തുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദവിവരം നൽകാമോ;

(ബി) കഴിഞ്ഞ ദേശീയ ഗെയിംസിന് ഉപയോഗിച്ച ഉപകരണങ്ങളും കോർട്ടുകളും, ഇൻഡോർ സ്റ്റേഡിയങ്ങളും സമൂഹത്തിലെ ഒരു വിഭാഗം ഉദ്യോഗസ്ഥരുടെയോ അവർക്ക് വേണ്ടപ്പെട്ടവർക്കോ മാത്രമായി ഉപയോഗിക്കാൻ തക്കവിധത്തിൽ മാറ്റിയിട്ടുണ്ടോ;

(സി) അവയ്ക്ക് പൊതു ഉപയോഗ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 35-ാം ദേശീയ ഗെയിംസ് നടന്ന ചുവടെ പറയുന്ന സ്റ്റേഡിയങ്ങൾ/ഇൻഡോർ സ്റ്റേഡിയം/നീന്തൽക്കുളം എന്നിവിടങ്ങളിൽ ഇപ്പോൾ പരിശീലനം നടന്നുവരുന്നു.

1. ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ
2. ഡോ.അംബേദ്കർ നീന്തൽക്കുളം, പിരപ്പൻകോട്, തിരുവനന്തപുരം
3. ശ്രീപാദം ഇൻഡോർ സ്റ്റേഡിയം, ആറ്റിങ്ങൽ, തിരുവനന്തപുരം
4. വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
5. ഹോക്കി സ്റ്റേഡിയം, കൊല്ലം.

(ബി&സി) ഇല്ല. 35-ാം ദേശീയ ഗെയിംസിന്റെ വേദികളായിരുന്ന വിവിധ സ്റ്റേഡിയങ്ങളുടെ പരിപാലനം, ക്രമീകരണം എന്നിവ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച ഉത്തരവുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ദേശീയ ഗെയിംസിനായി വാങ്ങിയ സാമഗ്രികളും ഉപകരണങ്ങളും കായിക ആവശ്യങ്ങൾക്കും വിവിധ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമായി അനുവദിച്ചിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിനായി ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങൾ പൊതു ഉപയോഗ സൗകര്യം കൂടി ഉൾപ്പെടുത്തി പരിപാലിക്കുന്നതിനുള്ള ലെഗസി പ്ലാൻ സർക്കാർ പരിശോധിച്ചുവരുന്നു.

**സർക്കാർ ഉടമസ്ഥതയിലുള്ള തിയേറ്ററുകളുടെ നവീകരണം**

371 (349) ശ്രീ. എം. എ. വാഹീദ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള തിയേറ്ററുകൾ നവീകരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.എഫ്.ഡി. സി.-യുടെ തിരുവനന്തപുരത്തെ കൈരളി/ശ്രീ, കലാഭവൻ എന്നീ തീയേറ്ററുകൾ കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലെ കൈരളി/ശ്രീ തീയേറ്ററുകൾ, ചേർത്തല ചിത്രാഞ്ജലി തീയേറ്റർ എന്നിവ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടെ നവീകരണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു.

(ബി) അത്യാധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് നിർമ്മിക്കുന്ന സിനിമകളും കലാമൂല്യമുള്ള സിനിമകളും സാധാരണ പ്രേക്ഷകർക്ക് കുറഞ്ഞ ചെലവിൽ ആസ്വദിക്കുന്നതിനുവേണ്ടിയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) തീയേറ്ററുകൾ നവീകരിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം പദ്ധതി വിഹിതമായും ലോണായും കെ.എസ്.എഫ്.ഡി.സി.-ക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിലെ ഇലക്ട്രോണിക് ഡാറ്റാപ്രോസസ്സിംഗ് സെന്ററിലെ നിയമനം

372 (350) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം അധിക തുക നല്കിയതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ വിതരണത്തിലും ഇത്തരം അബദ്ധം പറ്റിയ കാര്യം അറിവുണ്ടോ;

(സി) ഇലക്ട്രോണിക് ഡാറ്റാ പ്രോസസിംഗ് സെന്ററിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരെയല്ല നിയമിച്ചിട്ടുള്ളതെന്നും, അതാണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണമെന്നും കരുതുന്നുണ്ടോ;

(ഡി) കമ്പ്യൂട്ടർ അടിസ്ഥാനയോഗ്യതയുള്ളവർ എല്ലാ സർട്ടിഫിക്കറ്റുകളും സഹിതം അപേക്ഷ നല്കിയിട്ടും അവരെ പരിഗണിക്കാതെ, അവിഹിത സ്വാധീനമുള്ളവരെ നിയമിച്ചതിന്റെ ദുരന്തമാണ് കെ.എസ്.ആർ.ടി.സി. നേരിടുന്നതെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ;

(ഇ) സെക്രട്ടേറിയറ്റ് ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നിന്നും ട്രാൻസ്ഫർ ചെയ്ത തുകയുടെ വ്യക്തമായ അക്കൗണ്ട് വിവരങ്ങൾ പോലും കെ.എസ്.ആർ.ടി.സി.-യിൽ ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) ഇലക്ട്രോണിക് ഡാറ്റാ പ്രോസസിംഗ് സെന്ററിലേക്ക് നടത്തിയ നിയമനങ്ങൾ പ്രസ്തുത സാഹചര്യത്തിൽ അടിയന്തരമായി പുനപരിശോധിക്കുകയും അടിസ്ഥാന യോഗ്യത ഇല്ലാത്തവരെ ഒഴിവാക്കി അടിസ്ഥാന യോഗ്യതയും പരിജ്ഞാനവുമുള്ളവരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം അധിക തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2015 ആഗസ്റ്റ് മാസം സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ്, ബോണസ്, അഡ്വാൻസ്, പെർഫോമൻസ് അലവൻസ് എന്നിവ 2689 ജീവനക്കാർക്ക് 19779882 രൂപ അധികമായി നൽകിയിട്ടുണ്ട്. ഇതിൽ 2656 ജീവനക്കാരിൽ നിന്നും 19577574 രൂപ തിരികെ പിടിച്ചിട്ടുണ്ട്. 33 ജീവനക്കാരിൽ നിന്നുമായി 202308 രൂപ തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പെൻഷൻ വിതരണത്തിൽ അബദ്ധം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇ.ഡി.പി. സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കോ-ഓർഡിനേറ്റർ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ആളല്ല. ഇ.ഡി.പി. സെന്ററിൽ സീനിയർ പ്രോഗ്രാമറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചവർ ആരും തന്നെ ടി തസ്തികയിൽ തുടരുവാൻ തയ്യാറായിട്ടില്ല. നിലവിൽ ഇ.ഡി.പി. സെന്ററിൽ പ്രോഗ്രാമിംഗ് ഒന്നും നടക്കുന്നില്ല. ആയതു കൊണ്ട് കമ്പ്യൂട്ടർ യോഗ്യതയുള്ളവരുടെ ആവശ്യമില്ല.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ ഇ.ഡി.പി. സെന്ററിന്റെ പ്രവർത്തനം മൂലം ദുരന്തം ഒന്നുമുണ്ടായിട്ടില്ല.

(ഇ) സർക്കാരിൽനിന്നും പദ്ധതി വിഹിതമായും വായ്പയായും ഗ്രാന്റായും സബ്സിഡിയായും ലഭ്യമാകുന്ന തുക കെ.എസ്.ആർ.ടി.സി.-യുടെ കണക്കുകളിൽ കൃത്യമായി രേഖപ്പെടുത്തി വരുന്നുണ്ട്.

(എഫ്) ഇ.ഡി.പി. സെന്ററിൽ ഡെപ്യൂട്ടേഷൻ വഴി സീനിയർ പ്രോഗ്രാമറെ നിയമിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇ.ഡി.പി. സെന്ററിൽ ജോലി ചെയ്യുന്ന പലരും M.C.A അടക്കമുള്ള ഉന്നത യോഗ്യതയുള്ളവരാണ്.

**റോഡ് സുരക്ഷാ വാരാചരണം**

373 (351) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016- ൽ റോഡ് സുരക്ഷാവാരാചരണം നടന്നിരുന്നോ; ഈ വർഷത്തെ റോഡ് സുരക്ഷാവാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികൾ എന്തെല്ലാമായിരുന്നു;

(ബി) കഴിഞ്ഞ റോഡ് സുരക്ഷാവാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികളിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം പരിപാടികൾ ഇപ്രാവശ്യത്തെ റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി;

(സി) റോഡ് മര്യാദകൾ പാലിക്കാൻ യാത്രക്കാരെ ബോധവത്ക്കരിക്കാനും മര്യാദകൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും നിയമനടത്തിപ്പ് പുനഃക്രമീകരിക്കുമോ;

(ഡി) ഈ പ്രാവശ്യത്തെ വാരാചരണത്തിലെ വിവിധ ചെലവുകൾക്കായി എന്ത് തുക വേണ്ടി വന്നു?

ഉത്തരം

(എ) നടന്നിരുന്നു. 2016 ജനുവരി 9-ന് വൈകിട്ട് 3 മണിക്ക് എറണാകുളം, കളമശ്ശേരി സെന്റ് പോൾസ് കോളേജ് അങ്കണത്തിൽ വച്ച് പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നിർവ്വഹിച്ചു. സുപ്രീം കോടതി റോഡ് സുരക്ഷാ സമിതിയുടെ അദ്ധ്യക്ഷൻ ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. റോഡ് സുരക്ഷാ സന്ദേശ തെരുവുനാടകം, തേർഡ് ഐ ഫോട്ടോ പ്രദർശനം, റോഡ് സുരക്ഷാ കാർട്ടൂൺ പ്രദർശനം, ലഘുലേഖ വിതരണം എന്നീ പരിപാടികൾ വിജയകരമായി സംഘടിപ്പിച്ചിരുന്നു. ഈ വർഷത്തെ മുദ്രാവാക്യം 'Road Safety- Time for Action' എന്നായിരുന്നു. ജനുവരി 10 മുതൽ 16 വരെയായിരുന്നു വാരാചരണം. വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവരുടെ പ്രാതിനിധ്യം ഉറപ്പാക്കി ബോധവൽക്കരണത്തിലൂടെയുള്ള എൻഫോഴ്സ്മെന്റ്, എൻ.സി.സി., സ്കൗട്ട്സ് & ഗൈഡ്സ്, റോഡ് സുരക്ഷാ ക്ലബ്ബുകൾ, തദ്ദേശ സ്വയംഭരണ പ്രതിനിധികൾ എന്നിവരെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ, റോഡ് സുരക്ഷാ പ്രശ്നോത്തരി, വൈദ്യപരിശോധന, രക്തദാനക്യാമ്പ്, അവയവദാന ക്യാമ്പ്, വാഹന പരിശോധനയിലൂടെ നിയമം പാലിക്കുന്നവരെ അഭിനന്ദിക്കുക, നിയമലംഘകരെ ബോധവൽക്കരിച്ച് പിഴ ഈടാക്കുക തുടങ്ങിയ പരിപാടികൾ വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

(ബി) റോഡ് സുരക്ഷാ സന്ദേശ തെരുവുനാടകം, ചിത്രപ്രദർശനം, ചിത്രരചന, നിശ്ചല ദൃശ്യം, പരിക്കേറ്റവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന ഒത്തുചേരൽ എന്നീ പരിപാടികൾ സംഘടിപ്പിച്ചു.

(സി) നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിൽനിന്നും 17.50 ലക്ഷം രൂപ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പുനലൂർ ഡിപ്പോ

374 (352) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ കോമ്പൗണ്ട് സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോ;

(ബി) ഗ്രൗണ്ട് ടാർ ചെയ്ത് സൗകര്യപ്രദമാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബസുകൾ നിർത്തിയിട്ടിരിക്കുന്ന ഗ്രൗണ്ടിന്റെ നടുക്ക് നിൽക്കുന്ന പഴയ മൂത്രപ്പുര പൊളിച്ചു മാറ്റണമെന്ന യാത്രക്കാരുടെയും ജനപ്രിതിനിധികളുടെയും ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിർദ്ദേശിച്ചിട്ടും മേൽ വിഷയത്തിൽ ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ സ്വന്തം നിലയിൽ പദ്ധതികൾ ഏറ്റെടുക്കുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയുകയില്ല. ധനസഹായം ലഭ്യമായാലേ ടി പദ്ധതികളിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) ഗ്രൗണ്ട് ടാർ ചെയ്യാൻ എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രവൃത്തിക്കായി നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പുനലൂർ മുനിസിപ്പാലിറ്റി നിർമ്മിച്ച കെട്ടിടത്തിൽ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ മുനിസിപ്പാലിറ്റിയുടെ ചെലവിൽ ടോയ്‌ലറ്റ് ആയി പുനർനിർമ്മിച്ച് ജീവനക്കാരുടെ ഉപയോഗത്തിനായി നൽകുന്ന മുറക്ക് കെ.എസ്.ആർ.ടി.സി.-യുടെ ടോയ്‌ലറ്റ് ബ്ലോക്ക് പൊളിച്ച് നീക്കുന്നതാണ്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യിലെ തപാൽ രജിസ്ട്രേഷൻ

375 (353) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഹെഡ് ഓഫീസ്, സബ് ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന തപാലുകൾ രജിസ്റ്റർ ചെയ്ത് നമ്പർ നൽകാറുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിട്ടില്ലെന്നതുകൊണ്ടാണോ തപാൽ രജിസ്റ്റർ ചെയ്യാത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) കത്തുകളും, പരാതികളും മറ്റു തപാലുകളും ഏത് വിധത്തിലാണ് തീർപ്പാക്കിയതെന്ന് കണ്ടെത്തണമെങ്കിൽ രജിസ്റ്റർ ചെയ്ത നമ്പർ ഉണ്ടായിരിക്കണ മെന്നതിനാൽ എല്ലാ പേപ്പറുകളും ഏതെങ്കിലും സംവിധാനം ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത നമ്പർ നല്കണമെന്ന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) എല്ലാ തപാലുകളിലും നമ്പർ രേഖപ്പെടുത്തിയല്ല വിവിധ സെക്ഷനുകളിലേക്ക് നൽകുന്നത്. തപാൽ സെക്ഷൻ കമ്പ്യൂട്ടറൈസ് ചെയ്യുവാനും എല്ലാ തപാലുകളും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കമ്പ്യൂട്ടർവത്കരണം പൂർത്തിയാകുന്ന മുറക്ക് എല്ലാ തപാലുകളും നമ്പറിട്ട് നൽകുവാനും കൃത്യത ഉറപ്പാക്കുവാനും കഴിയുന്നതാണ്.

**കെ.എസ്.ആർ.ടി.സി. അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ റാങ്ക് ലിസ്റ്റ്**

376 (354) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് 31 ന് കാലാവധി അവസാനിക്കുന്ന കെ.എസ്.ആർ.ടി.സി. അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) നിയമന ഉത്തരവ് നൽകിയിട്ടുള്ള സുജിത്ത് കുമാർ ഉത്തരവിന്റെ കാലാവധി കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) റാങ്ക് ലിസ്റ്റിൽ ഓപ്പൺ കാറ്റഗറിയിൽ 90-ാം റാങ്കുള്ള തുറവൂർ പഞ്ചായത്തിൽ പാലമറ്റം വീട്ടിൽ ലിന്റോ പൗലോസ് നിയമനം ലഭിക്കുന്നതിനും പി.എസ്.സി.-ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ഇ) ടിയാൾക്ക് എന്നത്തേക്ക് നിയമനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 99 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 4 എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്.

(ബി&സി) ഉണ്ട്. പ്രസ്തുത ഒഴിവ് എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ശ്രീ. ലിന്റോ പൗലോസ് സമർപ്പിച്ച അപേക്ഷയിൽ സുജിത് കുമാർ പി.-യുടെ ഒഴിവ് പി.എസ്.സി.-യെ അറിയിക്കണമെന്നായിരുന്നു. ടി ഒഴിവ് എൻ.ജെ.ഡി. ഒഴിവായി പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. അതേസമയം 90-ാം റാങ്ക്കാരനായ ലിന്റോ പൗലോസിന് നിയമന ശിപാർശ നൽകുവാൻ വേണ്ട ഒഴിവുകളൊന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) ഒഴിവുകൾക്കനുസൃതമായാണ് റൊട്ടേഷൻ തയ്യാറാക്കുന്നത് എന്നതിനാൽ നിയമന ശിപാർശ സംബന്ധിച്ച വിവരം മുൻകൂട്ടി പറയുവാൻ സാധിക്കുകയില്ല.

**കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ പ്രതിഷേധം**

377 (355) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനനഗരിയിൽ മദ്യപിച്ചതായി ആരോപിച്ച് കെ.എസ്.ആർ.ടി.സി. ഡ്രൈവറെ പോലീസ് കസ്റ്റഡിയിൽ എടുത്തതിനെ തുടർന്ന് ബസ് ഡ്രൈവർമാർ ബസ് നടുറോഡിൽ നിർത്തിയിട്ട് പ്രതിഷേധിച്ച സംഭവം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) നിയമവിരുദ്ധമായി റോഡ് മദ്ധ്യത്തിൽ വാഹനങ്ങൾ നിർത്തിയിട്ട് ഗതാഗത തടസ്സമുണ്ടാക്കി ജനജീവിതം സ്തംഭിപ്പിച്ചവർതിരെ സ്വീകരിച്ച ശിക്ഷാ നടപടികളുടെ വിശദവിവരം നല്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1960-ലെ KCS (CCA) 15 ചട്ടപ്രകാരം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി.-അക്കൗണ്ടുകൾ

378 (356) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി./ കെ.യു.ആർ.ടി.സി. ഏതൊക്കെ ബാങ്കുകൾ/ മറ്റു സ്ഥാപനങ്ങൾ എന്നിവയിൽ അക്കൗണ്ട് നിലനിർത്തുന്നുണ്ട്;

(ബി) ഇതിൽ അല്ലാതെ ഏതെല്ലാം സ്വകാര്യ ബാങ്കുകളിലോ, പണമിടപാട് സ്ഥാപനങ്ങളിലോ അക്കൗണ്ട് തുറക്കുന്നതിന് കെ.എസ്.ആർ.ടി.സി/ കെ.യു.ആർ.ടി.സി എന്നിവയ്ക്ക് ഉദ്ദേശമുണ്ടോ; എങ്കിൽ, അത് സംബന്ധമായ പൂർണ്ണവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, യൂണിയൻ ബാങ്ക്, ആന്ധ്രാ ബാങ്ക്, ലക്ഷ്മിവിലാസ് ബാങ്ക്, വിജയാ ബാങ്ക്, കേരളാ ഗ്രാമീൺ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദ്, കാനറാ ബാങ്ക്, പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്ക്, ആക്സിസ് ബാങ്ക്, ഇൻഡസ് ഇൻഡ് ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക്, ധനലക്ഷ്മി ബാങ്ക്, കോർപ്പറേഷൻ ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക് എന്നീ ബാങ്കുകളിൽ KSRTC-യ്ക്ക് അക്കൗണ്ട് ഉണ്ട്. KURTC-യ്ക്ക് ഇൻഡ്യൻ ബാങ്കിലാണ് അക്കൗണ്ട് ഉള്ളത്.

(ബി) നിലവിൽ ഉദ്ദേശിക്കുന്നില്ല.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി.എ. കുടിശ്ശിക

379 (357) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം ഇപ്പോൾ എത്ര ശതമാനം ഡി.എ.-യാണ് നൽകുന്നത് ;

(ബി) സർക്കാർ ജീവനക്കാരുടെ തോതിൽ ഡി.എ. നൽകാൻ കുടിശ്ശിക എത്രയാണുള്ളതെന്ന് അറിയിക്കാമോ; എന്നത്തേയ്ക്ക് പൂർണ്ണമായി കുടിശ്ശിക തീർത്ത് ഡി.എ. നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 53% ഡി.എ.-യാണ് അനുവദിച്ചിട്ടുള്ളത്.

(ബി) സർക്കാർ ജീവനക്കാരുമായി തുലനം ചെയ്യുമ്പോൾ കെ.എസ്.ആർ. ടി.സി.-യിൽ ഡി.എ. കുടിശ്ശിക 39% ആണ്.

അംഗീകൃത തൊഴിലാളി സംഘടനകളുമായി 14-1-2016-ന് ചേർന്ന ചർച്ചാ യോഗത്തിൽ നിലവിലുള്ള 39% ഡി.എ. കുടിശ്ശികയിൽ ആദ്യ ഗഡുവായ 10% ഫെബ്രുവരി മാസത്തെ ശമ്പളത്തിലും പെൻഷനിലും അടുത്ത ഗഡുവായ 10% ഏപ്രിൽ മാസത്തെ ശമ്പളത്തിലും പെൻഷനിലും നൽകുമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും കാരണവശാൽ 2016 ജൂലൈയ്ക്ക് മുൻപായി കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പുതിയ ശമ്പളപരിഷ്കരണം പ്രാബല്യത്തിൽ വരുന്നില്ലായെങ്കിൽ അടുത്ത ഗഡുക്കളായ 7% ജൂലൈ മാസത്തെ ശമ്പളത്തിലും 6% ഒക്ടോബർ മാസത്തെ ശമ്പളത്തിലും അവസാന ഗഡുവായ 6% ഡിസംബർ മാസത്തെ ശമ്പളത്തിലും അനുവദിക്കുമെന്നും ഇതിനിടയിൽ ശമ്പള പരിഷ്കരണം നടപ്പാക്കുകയാണെങ്കിൽ ടി ഡി.എ.-കൾ സർക്കാരിലേതുപോലെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുകയോ പുതിയ സ്കെയിലിൽ അനുവദിക്കുകയോ ചെയ്യുമെന്നും ടി കാലയളവിൽ സർക്കാർ ജീവനക്കാർക്ക് പുതുതായി പ്രഖ്യാപിക്കുന്ന ഡി.എ. അനുവദിക്കുന്ന കാര്യം അപ്പോൾ ചർച്ച ചെയ്യാമെന്നും തീരുമാനമെടുത്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്**

380 (358) ശ്രീ. വി. റ്റി. ബൽറാം:
ശ്രീ. പി. എ. മാധവൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് പുനരുദ്ധരിച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി വരികയാണ്.

(ബി) KTDFC-യിൽ നിന്നും കുറഞ്ഞ തിരിച്ചടവ് കാലയളവിലും കൂടിയ പലിശ നിരക്കിലും KSRTC എടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ മറ്റ് ബാങ്കുകളിലേയ്ക്ക് മാറ്റുക, KSRTC-യുടെ ആസ്തിമൂല്യം പുനർ നിർണ്ണയിച്ച് ആസ്തി വിപണിമൂല്യം വർദ്ധിപ്പിക്കുക, പെൻഷൻ ബാധ്യതയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തുക, 2008-09 മുതൽ 2013-14 വരെ KSRTC-ക്ക് സർക്കാർ അനുവദിച്ച വായ്പ സർക്കാരിന്റെ മൂലധനമാക്കി മാറ്റുക, ലാഭകരമല്ലാത്ത റൂട്ടുകൾ പുനഃക്രമീകരിച്ച് ലാഭകരമാക്കുക തുടങ്ങിയ ഉദ്ദേശ ലക്ഷ്യങ്ങളാണ് പുനരുദ്ധാരണ പാക്കേജ് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) KTDFC-യിൽ നിന്നും കുറഞ്ഞ തിരിച്ചടവ് കാലയളവിലും കൂടിയ പലിശ നിരക്കിലും KSRTC എടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ മറ്റ് ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റുന്നതിന് M/s. SBI CAPITAL MARKETS Ltd.-നെ ഉപദേശക സ്ഥാപനമായി നിയോഗിക്കുകയും ടി സ്ഥാപനം പൊതുമേഖലാ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് വായ്പ ലഭ്യമാക്കുന്നതിനായി KSRTC-യെ സംബന്ധിച്ച് Financial Information Memorandum തയ്യാറാക്കി വിവിധ ബാങ്കുകൾക്ക് സമർപ്പിക്കുകയുമുണ്ടായി. ഒൻപത് പൊതുമേഖലാ/വാണിജ്യ ബാങ്കുകൾ, കെ.റ്റി.ഡി.എഫ്.സി-യിൽ നിന്നും എടുത്ത വായ്പ തിരിച്ചടവിനായി 1300 കോടി രൂപ അനുവദിച്ചു. ഇത്തരത്തിൽ കെ.ടി.ഡി.എഫ്.സി.-യിൽ നിന്നുള്ള വായ്പാ ബാദ്ധ്യത പൂർണ്ണമായി മറ്റ് ബാങ്കുകൾ ഏറ്റെടുത്തത് വഴി KSRTC-യ്ക്ക് പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 35 കോടിയിൽപ്പരം രൂപ ലാഭിക്കാൻ കഴിയുന്നതാണ്.

2015 ഏപ്രിൽ മാസം മുതൽ KSRTC-യിലെ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത

ഫണ്ടിലേയ്ക്ക് പ്രതിമാസം KSRTC നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കാമെന്ന് തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം 2015 ഏപ്രിൽ മാസം മുതലുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്ത് വരികയാണ്. പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി KSRTC-ക്ക് പെൻഷൻ ചെലവിനത്തിൽ 20 കോടി രൂപ ലാഭിക്കാൻ കഴിയുകയുണ്ടായി. പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിന് യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്ക് വേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്കു മുകളിൽ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബ് നിരക്കിൽ Social Security Cess ഇനത്തിൽ തുക 2015 ഏപ്രിൽ ഒന്ന് മുതൽ ഈടാക്കുന്നതിന് അനുമതി നൽകി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ സെസ്സ് തുക ഈടാക്കുന്നതുവഴി പ്രതിമാസം KSRTC-ക്ക് ആറ് കോടിയിൽപ്പരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ആസ്തികളുടെ വിപണിമൂല്യം വർദ്ധിപ്പിക്കുന്നതിനായി M/s.Varma&Varma, Chartered Accountants എന്ന സ്ഥാപനത്തെ നിയോഗിച്ച് ആസ്തിമൂല്യം പുനർനിർണ്ണയിക്കുകയുണ്ടായി.

2008-09 മുതൽ 2013-14 വരെ സർക്കാർ KSRTC-യ്ക്ക് അനുവദിച്ച് നൽകിയ ആകെ വായ്പാ തുകയായ 1090.75 കോടി രൂപ സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. സമയബന്ധിതമായി പുതിയ ബസ്സുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ച് വരികയാണ്.

## കെ.എസ്.ആർ.ടി.സി. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

381 (359) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി.-യിലെ താൽക്കാലിക

ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കാറ്റഗറിയിൽപ്പെട്ടവരെയാണെന്നും എത്ര പേരെ വീതമാണെന്നും എത്ര വർഷം ജോലി നോക്കിയവരെയാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ; ഇവർ നിയമിക്കപ്പെട്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നേരിട്ടോ താൽക്കാലിക അടിസ്ഥാനത്തിലോ എന്നതു വ്യക്തമാക്കുമോ;

(ബി) സ്ഥിരപ്പെടുത്തുന്ന തസ്തികകളിൽ ഏതിലെങ്കിലും പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതോടെ കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാകുമോ?

ഉത്തരം

(എ-സി) കെ.എസ്.ആർ.ടി.സി.-യിലെ ഭൂരിഭാഗം തസ്തികകളിലേയ്ക്കുമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകാനുള്ള തുക**

382 (360) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് സൗജന്യ പാസ് ഉൾപ്പെടെയുള്ള ഇനങ്ങളിൽ നാളിതുവരെ സർക്കാർ നൽകേണ്ട ആകെ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) കോർപ്പറേഷനുള്ള മൂലധനവിഹിതം 1:2 എന്ന അനുപാതത്തിൽ സർക്കാർ നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാരിൽ നിന്നും അർഹമായ തുക എത്രയാണ്;

(സി) കെ.എസ്.ആർ.ടി.സി.-യിൽ വരവും ചെലവും തമ്മിലുള്ള അന്തരം കൂടിക്കൂടി വരികയും ശമ്പളംപോലും നല്കാൻ പറ്റാത്ത അവസ്ഥ വരുകയും ചെയ്ത സാഹചര്യത്തിൽ സർക്കാർ നല്കേണ്ടതായ തുക പൂർണ്ണമായും നല്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമൂഹ്യ പ്രതിബദ്ധതയിനത്തിൽ താഴെപ്പറയുന്ന രണ്ട് വിഭാഗക്കാർക്ക് സൗജന്യ പാസ് നൽകുന്നതിനുള്ള ബാധ്യത കോർപ്പറേഷന് തിരിച്ചു നൽകാമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്.

1. ബുദ്ധിമാന്ദ്യമുള്ള ആളുകൾക്കും അവരോടൊപ്പം യാത്ര ചെയ്യുന്ന ഒരാൾക്കും
2. സെറിബ്രൽ പാൾസി രോഗിക്കും അവരോടൊപ്പം യാത്ര ചെയ്യുന്ന ഒരാൾക്കും. ഈ രണ്ട് വിഭാഗങ്ങൾക്ക് സൗജന്യം നൽകിയതിന് കെ.എസ്.ആർ.ടി.സി.-യുടെ കണക്കുകൾ പ്രകാരം 14.84 കോടി രൂപയാണ് നഷ്ടമുണ്ടായിരിക്കുന്നത്.

എന്നാൽ സാമൂഹ്യബാധ്യതയിനത്തിൽ കെ.എസ്.ആർ.ടി.സി. കണക്കാക്കിയ തുകയ്ക്കും ഉപരിയായി ധനസഹായങ്ങൾ കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകിയിട്ടുണ്ട്.

1. കെ.എസ്.ആർ.ടി.സി.-ക്ക് ഓരോ വർഷവും നോൺ-പ്ലാൻ ഇനത്തിൽ ബഡ്ജറ്റിൽ സർക്കാർ ധനസഹായം വകയിരുത്താറുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 180 കോടി രൂപ വകയിരുത്തുകയുണ്ടായി.
2. 31-3-2008 വരെയുള്ള വെഹിക്കിൾ ടാക്സ് കുടിശ്ശികയായ 622.83 കോടി രൂപ സർക്കാർ എഴുതിത്തള്ളുകയുണ്ടായി.
3. 1-4-2008 മുതൽ 31-3-2014 വരെ സർക്കാർ കെ.എസ്.ആർ.ടി.സി-ക്ക് അനുവദിച്ച് നൽകിയ വായ്പാതുകയായ 1090.75 കോടി രൂപ കെ.എസ്.ആർ.ടി.സി.-യിൽ സർക്കാർ ഓഹരിയാക്കി മാറ്റുവാനും പലിശയും പിഴപ്പലിശയും എഴുതിത്തള്ളുവാനും തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആർ.ടി.സി. ആക്ട് പ്രകാരം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കെ.എസ്.ആർ.ടി.സി.-ക്ക് മൂലധന നിക്ഷേപമായി പരസ്പരം അംഗീകരിക്കുന്ന നിശ്ചിത അനുപാതത്തിൽ തുക അനുവദിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ എല്ലാ വർഷവും മൂലധന നിക്ഷേപമായി കെ.എസ്.ആർ.ടി.സി.-ക്ക് തുക അനുവദിച്ചുവരുന്നുണ്ട്. എന്നാൽ 1992-ന് ശേഷം നാളിതുവരെയും സംസ്ഥാന സർക്കാർ മൂലധനമായി നിക്ഷേപിച്ചതിന് ആനുപാതികമായ കേന്ദ്ര സർക്കാർ നിക്ഷേപം നടത്തിയിട്ടില്ല.

(സി) ഉചിതവും സാധ്യവുമായ എല്ലാവിധ സാമ്പത്തിക സഹായങ്ങളും കോർപ്പറേഷന് സർക്കാർ നൽകി വരികയാണ്.

**കെ.എസ്.ആർ.ടി.സി.**

383 (361) ശ്രീ. പി. ബി. അബ്ദുൾ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഗവൺമെന്റ് ജീവനക്കാരുമായി തുലനം ചെയ്താൽ കെ.എസ്.ആർ.ടി..സി ജീവനക്കാർക്ക് ഡി.എ കുടിശ്ശികയില്ലാത്ത കാലഘട്ടം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് എത്ര ശതമാനം ഡി.എ കുടിശ്ശികയായിട്ടുണ്ട്; ടി കുടിശ്ശിക സത്വരം കൊടുത്ത് തീർക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കുടിശ്ശികയുള്ള മുഴുവൻ ഡി.എ.- യും കൊടുത്ത് തീർക്കുന്നതിന് ഈ ഗവൺമെന്റിന്റെ കാലത്ത് കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ ചുവടുപിടിച്ച് 1987-ലെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയ കാലം മുതൽ നാളിതുവരെ സർക്കാർ ജീവനക്കാരുടേതിന് തുല്യമായ ഡി.എ. കെ.എസ്.ആർ.ടി.സി.-യിൽ കുടിശ്ശികയാണ്.

(ബി&സി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 39% ഡി.എ. കുടിശ്ശികയുണ്ട്.

അംഗീകൃത തൊഴിലാളി സംഘടനകളുമായി 14-1-2016-ന് ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ചർച്ചാ യോഗത്തിൽ നിലവിലുള്ള 39% ഡി.എ. കുടിശ്ശികയിൽ ആദ്യ ഗഡുവായ 10% ഫെബ്രുവരി മാസത്തെ ശമ്പളത്തിലും പെൻഷനിലും അടുത്ത ഗഡുവായ 10% ഏപ്രിൽ മാസത്തെ ശമ്പളത്തിലും പെൻഷനിലും നൽകുമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും കാരണവശാൽ 2016 ജൂലൈയ്ക്ക് മുൻപായി കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരുന്നില്ലായെങ്കിൽ അടുത്ത ഗഡുക്കളായ 7% ജൂലൈ മാസത്തെ ശമ്പളത്തിലും 6% ഒക്ടോബർ മാസത്തെ ശമ്പളത്തിലും അവസാന ഗഡുവായ 6% ഡിസംബർ മാസത്തെ ശമ്പളത്തിലും അനുവദിക്കുമെന്നും ഇതിനിടയിൽ ശമ്പള പരിഷ്കരണം നടപ്പാക്കുകയാണെങ്കിൽ ടി ഡി. എ. സർക്കാരിലേതുപോലെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കുകയോ പുതിയ സ്കെയിലിൽ അനുവദിക്കുകയോ ചെയ്യുമെന്നും ടി കാലയളവിൽ സർക്കാർ ജീവനക്കാർക്ക് പുതുതായി പ്രഖ്യാപിക്കുന്ന ഡി.എ. അനുവദിക്കുന്ന കാര്യം അപ്പോൾ ചർച്ച ചെയ്യാമെന്നും തീരുമാനിക്കുകയുണ്ടായി.

## ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച്

384 (362) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപാലം-വടകര ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് ആവശ്യമായ ബസുകൾ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനാവശ്യമായ ബസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറക്ക് മാറ്റപ്പെടുന്ന ബസ്സുകൾ ചെയിൻ സർവ്വീസിനായി അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ജൻറം ബസ്സുകൾക്കായി പുതിയ കോർപ്പറേഷൻ

385 (363) ശ്രീ. വർക്കല കഹാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ആർ . സെൽവരാജ്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻറം ബസ്സുകൾക്കായി പുതിയ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൻറം പദ്ധതി പ്രകാരം പുതിയ ബസ്സുകൾ ലഭിക്കുന്നതിനും ടി ബസ്സുകളുടെ സർവ്വീസ് നടത്തിപ്പിനും പരിപാലനത്തിനുമായി ഒരു പ്രത്യേക "സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" രൂപീകരിക്കണമെന്ന കേന്ദ്ര സർക്കാർ നിബന്ധനയുള്ളതിനാലാണ് പുതിയതായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ.ടി.സി.) രൂപീകരിച്ചത്.

(സി) കെ.യു.ആർ.ടി.സി.-ക്കായി പ്രത്യേക ഭരണ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള കെ.എസ്.ആർ.ടി.സി. ബോർഡ് അംഗങ്ങളിൽ തൊഴിലാളി പ്രതിനിധിയായ ഭരണസമിതി മെമ്പർ ഒഴികെ എല്ലാവരും കെ.യു.ആർ.ടി.സി.-യിലും ഭരണസമിതി അംഗങ്ങളാണ്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയും ടി ഭരണസമിതി അംഗമാണ്. കെ.എസ്.ആർ.ടി.സി.-യിലെ ഉന്നത ഉദ്യോഗസ്ഥർ കെ.യു.ആർ.ടി.സി.-യുടെയും ഉന്നത ഉദ്യോഗസ്ഥരാണ്. കെ.യു.ആർ.ടി.സി.-യുടെ കേന്ദ്ര ഓഫീസ് എറണാകുളത്തെ തേവരയിലാണ് പ്രവർത്തിക്കുന്നത്. ടി ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾ ഒരു സ്പെഷ്യൽ ഓഫീസറുടെ ചുമതലയിൽ അനുബന്ധ ഉദ്യോഗസ്ഥരിലൂടെ നടത്തിവരുന്നു. യൂണിറ്റുതല സർവ്വീസ് ഓപ്പറേഷൻ നടത്തുന്നത് കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരിലൂടെയാണ്. വരവ്-ചെലവ് കണക്കുകൾ പ്രത്യേകമായി എടുക്കുന്നു. പ്രത്യേകം ബാങ്ക് അക്കൗണ്ടിലാണ് പണം അടയ്ക്കുന്നത്. കമ്പ്യൂട്ടർ വഴിയുള്ള റിസർവേഷൻ, വെബ്സൈറ്റ് എന്നിവയും പ്രത്യേകമാണ്.

**തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ ഗതാഗത പദ്ധതികൾ**

386 (364) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗതാഗത വകുപ്പ് തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിക്കും ഇതേവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

തിരൂർ നിയമസഭാമണ്ഡലത്തിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് മോട്ടോർ വാഹന വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | ചെലവഴിച്ച തുക |
|---|---|---|
| 1. | ഡ്രൈവിംഗ് ടെസ്റ്റിന് മുന്നോടിയായി നൽകുന്ന പരിശീലനം | 2,82,640 |
| 2. | സ്കൂൾ വാഹനമോടിക്കുന്ന ഡ്രൈവർമാർക്കുള്ള പരിശീലനം | 19,750 |
| 3. | കുട്ടികൾക്കുള്ള ട്രാഫിക് ബോധവൽക്കരണ പരിശീലനം | 5,500 |
| 4. | ഡ്രൈവിംഗ് സ്കൂൾ പരിശീലകർക്കുള്ള പരിശീലനം | 8,500 |
| 5. | ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഡ്രൈവർമാർക്കുള്ള പരിശീലനം | 16,60,777 |
| 6. | സ്വകാര്യവാഹനങ്ങളുടെ ഡ്രൈവർമാർക്കുള്ള പരിശീലനം | 20,000 |
| | ആകെ തുക | 19,97,167 |

## ഇടുക്കി നിയോജക മണ്ഡലത്തിലെ പുതിയ ദീർഘദൂര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

387 (365). ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ ഇതുവരെ കെ.എസ്.ആർ.ടി.സി.യുടെ എത്ര പുതിയ സർവ്വീസുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ദീർഘദൂര സർവ്വീസുകൾ ഉണ്ടെന്നും ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് ക്രമീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ദീർഘദൂര സർവ്വീസിൽ പ്രതിദിന കളക്ഷൻ എത്രവീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14 സർവ്വീസുകൾ അനുവദിച്ചു.

(ബി&സി) 11 ദീർഘദൂര സർവ്വീസുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചടയമംഗലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലേക്ക് ജൻറം ലോ ഫ്ലോർ എ.സി., നോൺ എ.സി. ബസ്സുകൾ

388 (366) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ നിന്നും കൂടുതൽ സർവ്വീസ് നടത്തുന്നതിലേയ്ക്ക് ആവശ്യമായ ജൻറം ലോ ഫ്ലോർ എ.സി., നോൺ എ.സി. ബസ്സുകൾ അനുവദിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ആവശ്യമായ തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

ഉണ്ട്. NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് ബസ്സുകൾ അനുവദിക്കുന്നത്. ടി റിപ്പോർട്ട് പ്രകാരം ചടയമംഗലം ഡിപ്പോയ്ക്ക് എ.സി. ബസ്സുകൾ അനുവദിച്ചിട്ടില്ല. അഞ്ച് നോൺ എ.സി. ബസ്സുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. 5 ബസ്സുകളിൽ 3 എണ്ണം നൽകിയിട്ടുണ്ട്. ബാക്കി രണ്ട ബസ്സുകൾ JnNURM II പദ്ധതി പ്രകാരം ലഭിക്കാനുള്ള 117 ബസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

## ടാങ്കർ ലോറികൾമൂലമുള്ള അപകടം

389 (367) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാങ്കർ ലോറികൾമൂലമുള്ള അപകടം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ ടാങ്കർ ലോറി അപകടവുമായി ബന്ധപ്പെട്ട് എത്രപേർക്ക് ജീവഹാനി ഉണ്ടായിട്ടുണ്ട്; ഇവരുടെ കുടുംബാംഗങ്ങൾക്ക് എന്തൊക്കെ നഷ്ടപരിഹാരങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) അപകടം സംഭവിക്കുമ്പോൾ എത്രയും പെട്ടെന്ന് രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഫയർഫോഴ്സ് ഉൾപ്പെടെയുള്ള വകുപ്പുകൾക്ക് എന്തെങ്കിലും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നല്കുമോ?

## ഉത്തരം

(എ) ടാങ്കർ ലോറികൾമൂലമുണ്ടാകുന്ന അപകടം നിയന്ത്രിക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പും, സി-ഡാക്കും സംയുക്തമായി ചേർന്ന് എല്ലാ അപകടകരവും ഹാനികരവുമായ ചരക്കുകൾ കയറ്റുന്ന വാഹനങ്ങൾ GPS (Global positioning system) ഉപയോഗിച്ച് നിയന്ത്രിക്കുന്നതിനും ചരക്ക നീക്കം അവലോകനം ചെയ്യുന്നതിനുമുള്ള പദ്ധതി നടപ്പാക്കുന്നത് പുരോഗമിച്ചു വരുന്നു. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ ശിക്ഷാ നടപടികൾ നടപ്പിലാക്കി വരുന്നു. ജില്ലാ തലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടി ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും സഹായത്തോടുകൂടി തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു. ടാങ്കർ ലോറികളുടെ പരിശോധന സംബന്ധിച്ച് 12-11-2013 തീയതിയിലെ 25/2013 സർക്കുലർ നമ്പർ പ്രകാരം ഗതാഗത കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടാങ്കർ ലോറികൾ മറിയുന്നത് മൂലമുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് 9 ജില്ലകളിൽ ഒരു പോലീസ് സ്റ്റേഷനിൽ നിന്നും ഒരു ഉദ്യോഗസ്ഥൻ എന്ന അനുപാതത്തിൽ അടിയന്തര സാഹചര്യങ്ങളെ നേരിടുവാൻ പരിശീലനം നൽകിയിട്ടുള്ളതും അപകടമുണ്ടാകുന്ന സമയം വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച കൈപ്പുസ്തകം തയ്യാറാക്കി ജില്ലാ പോലീസ് മേധാവികൾക്കും ജില്ലാ ഭരണകൂടത്തിനും നൽകിയിട്ടുണ്ട്. തിരക്കേറിയ സമയങ്ങളിൽ നഗരത്തിൽ ടാങ്കർ ലോറിക്ക് പ്രവേശനം നിയന്ത്രിക്കുകയും പ്രത്യേക സമയപരിധി ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങൾ കൊണ്ടുപോകുന്ന ടാങ്കർ വാഹനങ്ങളിൽ ഹെവി മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസുമുള്ള രണ്ട് ഡ്രൈവർമാർ നിർബന്ധമായും ഉണ്ടായിരിക്കുക, വാഹനത്തിന് എക്സ്പ്ലോസീവ് ലൈസൻസുണ്ടായിരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് കർശന പരിശോധന നടത്തുന്നുണ്ട്. ടാങ്കർ ലോറി അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ വൻദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി ടാങ്കർ ലോറി ഡ്രൈവർമാർ, പോലീസ്,

ഫയർഫോഴ്സ് ഉൾപ്പെടെയുള്ള ജീവനക്കാർ, പൊതുജനങ്ങൾ എന്നിവർ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. പെട്രോളിയം ഉല്പന്നങ്ങൾ, പാചകവാതകം പോലുള്ള ഇന്ധനങ്ങൾ എന്നിവയുമായി ടാങ്കർ ലോറികൾ അപകടത്തിൽപ്പെട്ടാൽ സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയും അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചും അഗ്നിശമന രക്ഷാസേന വകുപ്പിലെ ഒരു വിഭാഗം ജീവനക്കാർക്ക് പെട്രോളിയം കമ്പനികൾ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) 20 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്.

(സി) മൾട്ടിഗ്യാസ് ഡിറ്റക്ടർ, ഫിക്സ്ഡ് മോണിറ്റർ, ഹൈപ്രഷർ പമ്പ്, പോർട്ടബിൾ ഓസിലേറ്റിംഗ് മോണിറ്റർ, പോർട്ടബിൾ ഗ്രൗണ്ട് മോണിറ്റർ, വാട്ടർ മിസ്റ്റ്, ന്യൂമാറ്റിക് ബാഗ്, ഫാസ്റ്റനിംഗ് ബെൽറ്റ്, ജീവനക്കാർക്ക് ഫയർ സ്യൂട്ട്, പേഴ്സണൽ പ്രൊട്ടക്ടീവ് ഉപകരണങ്ങൾ, ലോംഗ് റേഞ്ച് അഗ്നിശമനത്തിനുള്ള മോണിറ്റർ, ഹാൻഡ് കൺട്രോൾ ബ്രാഞ്ച് എന്നീ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അഗ്നിശമന സേനയിലെ എല്ലാ വാഹനങ്ങൾക്കും സ്പാർക്ക് അറസ്റ്റർ ഘടിപ്പിച്ചിട്ടുണ്ട്.

## സ്വകാര്യ/സ്കൂൾ വാഹനങ്ങളുടെ പരിശോധന

390 (368) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്കൂൾ കുട്ടികളെ കയറ്റി കൊണ്ടുപോകുന്ന സ്വകാര്യ/സ്കൂൾ വാഹനങ്ങൾക്ക് അപകടം സംഭവിക്കുമ്പോഴല്ലാതെ പീരിയോഡിക്കൽ പരിശോധന നടത്താറുണ്ടോ;

(ബി) എങ്കിൽ 2015-ൽ എത്ര തവണ പരിശോധന നടത്തി; ലംഘനങ്ങൾക്ക് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര വാഹനങ്ങളിൽ നിന്ന് പിഴ ഈടാക്കി; ഏതൊക്കെ ലംഘനങ്ങൾക്കാണ് പിഴ ഈടാക്കിയത്;

(സി) കുട്ടികളെ ഇത്തരം വാഹനങ്ങളിൽ കുത്തിത്തിരുക്കി അമിതവേഗത്തിൽ ഓടിച്ച് പുഴയിലും തോട്ടിലും മറിഞ്ഞ് അപകടങ്ങൾ വർദ്ധിച്ച് വരുന്നതിനാൽ ഇത്തരം വാഹനങ്ങൾ അടിക്കടി പരിശോധിച്ച് ശക്തമായ നടപടി സ്വീകരിക്കുന്നതിന് പ്രത്യേകം നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 174 തവണ പരിശോധന നടത്തി. 1567 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 1021 വാഹനങ്ങളിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ട്. നികുതി കുടിശ്ശിക, ഓവർലോഡ്, മതിയായ യോഗ്യതയും പ്രവൃത്തി പരിചയവും ഇല്ലാത്ത ഡ്രൈവർമാരുടെ ഡ്രൈവിംഗ്, ഫിറ്റ്നസ്, ഇൻഷ്വറൻസ്, വാഹനത്തിൽ സൂക്ഷിക്കേണ്ടതായ രേഖകൾ എന്നിവ ഇല്ലാതെ വാഹനം ഓടിക്കൽ, സ്കൂൾ വാഹനങ്ങളിൽ ആയമാരുടെ അഭാവം, അമിത ശബ്ദമുള്ള ഹോണിന്റെ ഉപയോഗം, സ്പീഡ് ഗവേണറിന്റെ അഭാവം/പ്രവർത്തനക്ഷമത ഇല്ലായ്മ, ലൈറ്റുകൾ പ്രവർത്തിക്കാത്ത അവസ്ഥ തുടങ്ങിയ നിയമ ലംഘനങ്ങൾക്കാണ് പിഴ ഈടാക്കിയത്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

391 (369) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പുതിയതായി എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ബസുകൾ ഓടുന്ന റൂട്ടുകൾ ഏതെല്ലാം എന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ഏതെങ്കിലും റൂട്ടുകൾ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റൂട്ടുകളും ആയത് റദ്ദ് ചെയ്യാനുള്ള കാരണങ്ങളും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ്

ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് അനുവദിച്ച ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ഡിപ്പോ | RTC | ജൻറം | ആകെ |
|---|---|---|---|
| കാസർഗോഡ് | 46 | 4 | 50 |
| കാഞ്ഞങ്ങാട് | 10 | 4 | 14 |
| ആകെ | 56 | 8 | 64 |

കാസർഗോഡ് ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ ബസ്സുകൾ ഓടുന്ന റൂട്ടുകൾ താഴെപ്പറയുന്ന പ്രകാരമാണ്.

കാസർഗോഡ് - ബാംഗ്ലൂർ

കാസർഗോഡ് - മംഗലാപുരം

കാസർഗോഡ് - സുള്ളിയ

കാസർഗോഡ് - പുത്തൂർ

കാസർഗോഡ് - കണ്ണൂർ

കാസർഗോഡ് - മാനന്തവാടി

കാസർഗോഡ് - പേരാവൂർ

കാസർഗോഡ് - പരിപ്പുതോട്

കാസർഗോഡ് - ചിറ്റാരിക്കൽ

കാഞ്ഞങ്ങാട് ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ ബസ്സുകൾ ഓടുന്ന റൂട്ടുകൾ താഴെപ്പറയുന്ന പ്രകാരമാണ്.

കാഞ്ഞങ്ങാട് - പാണത്തൂർ

കാഞ്ഞങ്ങാട് - വെള്ളരിക്കുണ്ട് - കോഴിക്കോട്

കാഞ്ഞങ്ങാട് - കോഴിക്കോട്

കാഞ്ഞങ്ങാട് - പാണത്തൂർ - കോട്ടയം

(ബി) സ്ഥിരമായി ഒരു റൂട്ടും കെ.എസ്.ആർ.ടി.സി. റദ്ദ് ചെയ്തിട്ടില്ല. ജീവനക്കാരുടെയും, ബസ്സിന്റെയും കുറവ് കാരണം ചില ദിവസങ്ങളിൽ വരുമാനക്കുറവുള്ള ചില ഷെഡ്യൂളുകൾ റദ്ദാക്കാറുണ്ട്.

## പ്രോവിഡന്റ് ഫണ്ട്

392 (370) ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം സിറ്റി ഡിപ്പോയിലെ ജീവനക്കാരന്റെ പി. എഫ്. നമ്പർ 53823 എന്ന അക്കൗണ്ടിൽ അയാൾ സർവ്വീസിൽ കയറിയ നാൾ മുതൽ 2015 ഡിസംബർ 31 വരെ എത്ര തുക നിക്ഷേപമുണ്ട്;

(ബി) ഇയാളുടെ പ്രോവിഡന്റ് ഫണ്ട് തുകയെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരം സിറ്റി ഡിപ്പോയിലെ ജീവനക്കാരന്റെ പി.എഫ്. നമ്പർ 53823 അക്കൗണ്ടിൽ ടിയാൻ സർവ്വീസിൽ കയറിയ നാൾ മുതൽ 2015 ഡിസംബർ 31 വരെയുള്ള തുകയുടെ ലഭ്യമായ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

## വാഹനങ്ങളിലെ ബോർഡുകൾ

393 (371) ശ്രീ. പി. ബി. അബ്ദുൾ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല പ്രത്യേകിച്ച് ഗതാഗത വകുപ്പിലെ തന്നെ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ പ്രദർശിപ്പിക്കേണ്ട ബോർഡുകളെ സംബന്ധിച്ച് നിബന്ധനകൾ ഉൾപ്പെടുത്തിയ ചട്ടം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ പരിശോധനാഫലം വെളിപ്പെടുത്തുമോ;

(സി) വ്യവസ്ഥകളെ അവഗണിച്ച് വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ, നിയമം കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) പരിശോധിക്കാറുണ്ട്. പല സ്ഥാപനങ്ങളും തെറ്റായ രീതിയിൽ ബോർഡ് പ്രദർശിപ്പിക്കുന്നതായും, ചില സ്ഥാപനങ്ങൾ അനധികൃതമായി ബോർഡ് പ്രദർശിപ്പിക്കുന്നതായും കണ്ടുവരുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് ബോർഡ് നീക്കം ചെയ്യുന്നതിന്/ബോർഡ് ശരിയായ രീതിയിൽ പ്രദർശിപ്പിക്കു ന്നതിന് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പിഴയും ഈടാക്കാറുണ്ട്.

(സി) ഉണ്ട്. സ്വീകരിച്ചു വരുന്നുണ്ട്.

**റോഡപകടങ്ങൾ**

394 (372) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; 1-7-2011 മുതൽ 31-12-2015 വരെ ഓരോ ജില്ലയിലും നടന്ന റോഡപകടങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നിയമിക്കപ്പെട്ട ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു, വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1-7-2011 മുതൽ 31-12-2015 വരെയുള്ള റോഡപകടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) റിപ്പോർട്ടിലെ ശിപാർശ പ്രകാരം അപകട സാധ്യത കൂടിയ സ്പോട്ടുകൾ കണ്ടെത്തി സൈനേജുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ റോഡ് സുരക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർച്ചയായ റോഡപകടങ്ങൾ നടക്കുന്ന നാഷണൽ ഹൈവേയിലെ ഹരിപ്പാട്-കായംകുളം ഭാഗം വീതി കൂട്ടുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പിൻെറ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ മറ്റ് ശിപാർശകളിൽ പൊതുമരാമത്ത്, പൊതു വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഓട്ടോറിക്ഷകളിൽ ബില്ലിംഗ് സൗകര്യത്തോടുള്ള മീറ്റർ

395 (373) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടോറിക്ഷാ ഡ്രൈവർമാർ യാത്രക്കാരിൽ നിന്നും അമിതമായി ചാർജ്ജ് ഈടാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതൊഴിവാക്കാൻ ബില്ലിംഗ് സൗകര്യത്തോടുള്ള മീറ്റർ സംവിധാനം സംസ്ഥാനമൊട്ടാകെ ഓടുന്ന ഓട്ടോറിക്ഷകളിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അയൽ സംസ്ഥാനങ്ങളിൽ ഫെയർ മീറ്ററിനൊപ്പം ബില്ലിംഗ് മെഷീൻ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി പരിശോധിച്ച് ഇക്കാര്യത്തിൽ ഒരു തീരുമാനത്തിലെത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.

## വിദ്യാർത്ഥികളുടെ കൺസഷൻ

396 (374) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലസ്ഥാന നഗരിയിൽ സർവ്വീസ് നടത്തുന്ന ഓർഡിനറി സർവ്വീസുകളുടെ എണ്ണം പരിമിതമായതിനാൽ സിറ്റിഫാസ്റ്റ്, രാജധാനി എന്നീ ബസ്സുകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ യാത്രയ്ക്ക് അനുമതി നൽകുന്നത് പരിഗണിക്കുമോ?

ഉത്തരം

വിദ്യാർത്ഥികളുടെ യാത്രയ്ക്കായി തലസ്ഥാന നഗരിയിൽ ആവശ്യത്തിന് ഓർഡിനറി സർവ്വീസുകൾ നിലവിലുള്ളതിനാൽ സിറ്റി ഫാസ്റ്റ്, രാജധാനി എന്നീ സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ യാത്ര അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വള്ളിക്കാപ്പറ്റയിൽ ബസ് സ്റ്റോപ്പ്

397 (375) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ - മഞ്ചേരി റൂട്ടിലെ പ്രധാന ജംഗ്ഷൻ കേന്ദ്രമായ വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വള്ളിക്കാപ്പറ്റയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി ഒരു വർഷം മുമ്പ് തന്നെ ഉത്തരവ് നൽകിയിട്ടും ഇതു സംബന്ധിച്ച ഉത്തരവിറങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുവാൻ കഴിയുമോയെന്ന കാര്യം പരിഗണിക്കണമെന്നാണ് 3-12-2014-ൽ ഉത്തരവായിട്ടുള്ളത്. എന്നാൽ ടി സ്ഥലത്ത് ദീർഘദൂര സർവ്വീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് ഗുണകരമാകില്ലായെന്ന് സാദ്ധ്യതാ പഠനത്തിലൂടെ ബോദ്ധ്യപ്പെട്ടതിനാൽ ടി ആവശ്യം പരിഗണിക്കുവാൻ കഴിയില്ല.

**പുനലൂർ KSRTC ഡിപ്പോയിൽ നിന്നും പുതിയ സർവ്വീസുകൾ**

398 (376) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ KSRTC ഡിപ്പോയിൽ നിന്നും താഴെപ്പറയുന്ന ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ജനപ്രതിനിധികളും, യാത്രക്കാരും, നാട്ടുകാരും ഇക്കാര്യങ്ങൾ സൂചിപ്പിച്ച് നൽകിയിട്ടുള്ള നിവേദനങ്ങളിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പുനലൂർ നിന്നും പാലക്കാട് വഴി കോയമ്പത്തൂർ സൂപ്പർഫാസ്റ്റ്;

(സി) പുനലൂർ നിന്ന് തിരുവനന്തപുരം വഴി പൊൻമുടിയിലേയ്ക്ക് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്;

(ഡി) ആര്യങ്കാവിൽ നിന്നും പുനലൂർ - അഞ്ചൽ - ആയൂർ വഴി വർക്കല ക്ഷേത്രം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്;

(ഇ) പുനലൂർ-തിരുവനന്തപുരം Low Floor AC സർവ്വീസ്; എന്നിവ ആരംഭിക്കുമോ?

<u>ഉത്തരം</u>

(എ) ലഭ്യമായ അപേക്ഷകളിന്മേൽ സാധ്യതാപഠനം നടത്തിയിട്ടുണ്ട്. എന്നാൽ ബസ്സിൻെറ ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ആവശ്യപ്പെട്ട സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) തമിഴ്നാട് സർക്കാരുമായുള്ള അന്തർ സംസ്ഥാന കരാറിൽ നിലവിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

(സി&ഡി) ബസ്സിൻെറ ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

(ഇ) NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് ബസ്സുകൾ അനുവദിക്കുന്നത്. ടി റിപ്പോർട്ട് പ്രകാരം പുനലൂർ ഡിപ്പോയ്ക്ക് എ.സി. ബസുകൾ അനുവദിച്ചിട്ടില്ല. ആയതിനാൽ പുനലൂർ-തിരുവനന്തപുരം ലോ ഫ്ളോർ എ.സി. സർവ്വീസ് ആരംഭിക്കുവാൻ നിർവാഹമില്ല.

## K.S.R.T.C. കമ്പ്യൂട്ടർ ശൃംഖലയിൽ അനുമതിയുള്ള സൈറ്റുകൾ

399 (377) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) K.S.R.T.C.-യുടെ കമ്പ്യൂട്ടർ ശൃംഖലയിൽ ഓഫീസ് ഉപയോഗത്തിന് അനുമതിയുള്ള സൈറ്റുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) K.S.R.T.C.-യിൽ ഓഫീസുകളുടെ പ്രവർത്തനത്തിനായി മാത്രം ആവശ്യമുള്ള സൈറ്റുകൾ നിലനിർത്തുകയും മറ്റ് സൈറ്റുകൾ ബാർ ചെയ്യുന്നതിന് നിർദ്ദേശമുണ്ടോ; എങ്കിൽ പല ഓഫീസുകളിലും അത് ബാർ ചെയ്യാത്തതിനുള്ള കാരണം അറിയിക്കുമോ;

(സി) ആവശ്യമില്ലാത്ത സൈറ്റുകൾ ബാർ ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ട്രാൻസ്പോർട്ട് ഭവനിൽ "ഫോർട്ടി ഗേറ്റ്" എന്ന സുരക്ഷാ ഉപകരണം ഉപയോഗിച്ച് അനാവശ്യ വെബ്സൈറ്റുകളെല്ലാം ബാർ ചെയ്തിട്ടുണ്ട്. യൂണിറ്റുകളിലെ ഓഫീസ് കമ്പ്യൂട്ടറുകളിൽ "ചെക്ക് പോയിന്റ്" എന്ന സുരക്ഷാ ഉപകരണം ഉപയോഗിച്ച് ആവശ്യമില്ലാത്ത വെബ്സൈറ്റുകൾ ബാർ ചെയ്തിട്ടുണ്ട്. എന്നാൽ ജി.പി.ആർ.എസ്. സംവിധാനത്തോടുകൂടിയ പുതിയ ഇ.ടി.എമ്മുകൾ നടപ്പിലാക്കുന്നതിന് ബി.എസ്.എൻ.എൽ.-ൻെറ നേരിട്ടുള്ള ഇൻറർനെറ്റ് കണക്ഷനാണ് നൽകിയിട്ടുള്ളത്. ഇതിനുപയോഗിക്കുന്ന കമ്പ്യൂട്ടറുകളിൽ മറ്റു സൈറ്റുകൾ ബാർ ചെയ്തിട്ടില്ല.

(സി) നിർദ്ദേശം നൽകുന്നതാണ്.

## K.S.R.T.C. -യുടെ ചെലവ്

400 (378) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ KSRTC-ക്ക് ചെലവിനത്തിൽ (പ്രൊഡക്ടീവും/ഇതരവും) എത്ര തുക വന്നിട്ടുണ്ട്;

(ബി) കഴിഞ്ഞ L.D.F ഗവൺമെന്റിന്റെ കാലയളവിൽ എന്ത് തുക മേൽപ്പറഞ്ഞ ഇനത്തിൽ വന്നിട്ടുണ്ട്;

(സി) ചെലവിനത്തിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏത് കാലയളവിലാണ് ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) KSRTC അതിന്റെ ചെലവ് ചുരുക്കൽ നടപടി താഴെക്കിടയിലെ ജീവനക്കാരിൽ മാത്രം ഒതുക്കി നിർത്താതെ മുകൾത്തട്ടിലെ ജീവനക്കാർക്ക് കൂടി ബാധകമാക്കുവാൻ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ചെലവിനത്തിൽ (തേയ്മാനം ഒഴികെ) വന്നിട്ടുള്ള തുക

| വർഷം | പ്രൊഡക്ടീവ് (കോടി രൂപയിൽ) | ഇതരം (കോടി രൂപയിൽ) | ആകെ (കോടി രൂപയിൽ) |
|---|---|---|---|
| 2011-12 | 1313.30 | 528.74 | 1842.04 |
| 2012-13 | 1492.86 | 584.41 | 2077.27 |
| 2013-14 | 1655.11 | 709.00 | 2364.11 (ആഡിറ്റ് ചെയ്യാത്തത്) |
| 2014-15 | 1858.22 | 715.56 | 2573.78 (ആഡിറ്റ് ചെയ്യാത്തത്) |

2015-16 സാമ്പത്തിക വർഷത്തെ നാളിതു വരെയുള്ള (ഡിസംബർ 31 വരെ) ചെലവ് 2528.93 കോടി രൂപ (ഓഡിറ്റ് ചെയ്യാത്തത്)

(ബി)

| വർഷം | പ്രൊഡക്ടീവ് (കോടി രൂപയിൽ) | ഇതരം (കോടി രൂപയിൽ) | ആകെ (കോടി രൂപയിൽ) |
|---|---|---|---|
| 2006-07 | 731.02 | 259.50 | 990.52 |
| 2007-08 | 682.04 | 297.64 | 979.68 |
| 2008-09 | 829.80 | 302.40 | 1132.20 |
| 2009-10 | 966.32 | 371.80 | 1338.12 |
| 2010-11 | 1152.69 | 456.48 | 1609.17 |

(സി) 2011-12 കാലഘട്ടത്തിൽ.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ചെലവ് ചുരുക്കൽ നടപടി സമസ്ത മേഖലയിലും നടപ്പാക്കുന്നുണ്ട്.

## ഓട്ടോറിക്ഷകളിലെ മീറ്റർ

401 (379) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനം നടത്തിക്കൊണ്ടിരിക്കുന്ന ഭൂരിഭാഗം ഓട്ടോറിക്ഷകളിലും മീറ്റർ പ്രവർത്തിപ്പിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്ന സമയത്ത് മാത്രം ഓട്ടോറിക്ഷകളിലെ മീറ്റർ പ്രവർത്തിപ്പിക്കുകയും പിന്നീട് നിശ്ചലമാക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് ഓട്ടോറിക്ഷകളിലെ മീറ്റർ സംവിധാനമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, മീറ്റർ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) മീറ്റർ പ്രവൃത്തിപ്പിക്കാതെ ഓടുന്ന ഓട്ടോറിക്ഷകൾക്ക് എതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ& ബി) ഇല്ല.

(സി) എല്ലാ ഓട്ടോറിക്ഷകളിലും ലീഗൽ മെട്രോളജി വകുപ്പ് സീൽ ചെയ്തിട്ടുള്ള ഫെയർ മീറ്റർ ഘടിപ്പിച്ചിട്ടുണ്ടോ എന്നും അവയുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്നും

ഓട്ടോറിക്ഷകളുടെ രജിസ്ട്രേഷൻ സമയത്തും ഫിറ്റ്നസ് പരിശോധിക്കുമ്പോഴും റോഡിൽ വാഹന പരിശോധന നടത്തുന്ന അവസരങ്ങളിലും ഉറപ്പുവരുത്തുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ സർവ്വീസിനായി വരുന്ന എല്ലാ ഓട്ടോറിക്ഷകളിലും പ്രവർത്തനക്ഷമമായ മീറ്റർ ഘടിപ്പിച്ചതിനുശേഷം മാത്രമേ മോട്ടോർ വാഹന വകുപ്പിൽ നിന്ന് സർവ്വീസുകൾ ചെയ്തു കൊടുക്കാറുള്ളൂ. എല്ലാ ഡി.റ്റി.സി., ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ.-മാർക്കും ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഫെയർ മീറ്ററിന്റെ നമ്പർ ആർ.സി. ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) ഫെയർ മീറ്റർ ഘടിപ്പിക്കാത്തതും പ്രവർത്തിപ്പിക്കാത്തതുമായ വാഹനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. 2014-15 കാലയളവിൽ 1581 ഓട്ടോറിക്ഷകൾക്കെതിരെ ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി പിഴ ഈടാക്കിയിട്ടുണ്ട്.

## ബസ്/ഓട്ടോ/ടാക്സി/ടെമ്പോ ചാർജ്ജുകൾ

402 (380) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന മിനിമം ബസ്/ഓട്ടോ/ടാക്സി/ടെമ്പോ ചാർജ്ജുകൾ എത്രയെന്ന് വ്യക്തമാക്കാമോ; അന്ന് ഒരു ലിറ്റർ പെട്രോളിനും ഒരു ലിറ്റർ ഡീസലിനും എത്രവീതമായിരുന്നു വില എന്ന് വ്യക്തമാക്കാമോ; അന്ന് ടാക്സി ഇനത്തിൽ എത്ര രൂപവീതമായിരുന്നു ഒരു ലിറ്റർ പെട്രോൾ /ഡീസൽ വില്പനയിലൂടെ സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നത്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തവണ ബസ്/ ഓട്ടോ/ ടാക്സി/ടെമ്പോ നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ, എത്ര രൂപ വീതമാണ് ഓരോ വിഭാഗത്തിലും വർദ്ധിപ്പിച്ചിട്ടുള്ളത്; നിരക്ക് വർദ്ധിപ്പിക്കുന്നതിനുണ്ടായ കാരണം; ആ സമയത്ത് പെട്രോൾ/ഡീസൽ വില ലിറ്ററിന് എത്ര രൂപ വീതമായിരുന്നു; ടാക്സിനത്തിൽ ഒരു ലിറ്റർ പെട്രോളിനും ഡീസലിനും എത്ര രൂപ വീതം സംസ്ഥാന സർക്കാരിന് ലഭിക്കുമായിരുന്നു;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര തവണ ഡീസൽ/പെട്രോൾ വിലയിൽ കുറവ് വന്നിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ; എത്ര വീതം കുറവാണ് വന്നിട്ടുള്ളത്;

(ഡി) ഡീസലിന്റെയും/പെട്രോളിന്റെയും വില വർദ്ധനവിന്റെ പേരിൽ വർദ്ധിപ്പിച്ച ബസ്/ ഓട്ടോ/ടാക്സി/ടെമ്പോ ചാർജ്ജുകൾ ഇതനുസരിച്ച് കുറയ്ക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഇ) വർദ്ധിപ്പിച്ച ബസ്/ഓട്ടോ/ടാക്സി/ടെമ്പോ നിരക്കുകൾ കുറയ്ക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനുമായി ഒരു റെഗുലേറ്ററി കമ്മീഷനെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2011 മേയ് മാസത്തെ മിനിമം ബസ് ചാർജ്ജ്

| | |
|---|---|
| സിറ്റി/ഓർഡിനറി | 4 |
| സിറ്റി ഫാസ്റ്റ് | 5 |
| ഫാസ്റ്റ് പാസഞ്ചർ/ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ | 5 |
| സൂപ്പർ ഫാസ്റ്റ് | 10 |
| സൂപ്പർ എക്സ്പ്രസ് | 15 |
| സൂപ്പർ ഡീലക്സ് | 20 |
| ലക്ഷ്വറി/ഹൈടെക് എ.സി. | 30 |
| വോൾവോ | 30 |

<u>ഓട്ടോ</u>

മിനിമം ചാർജ്ജ് 12 രൂപ

കിലോമീറ്റർ നിരക്ക് 7 രൂപ

<u>ടാക്സി</u>

മിനിമം ചാർജ്ജ് 60 രൂപ (3 കിലോമീറ്റർ വരെ)

കിലോമീറ്റർ നിരക്ക് 8 രൂപ

ടെമ്പോ ചാർജ്ജ് സർക്കാർ നിശ്ചയിച്ചിട്ടില്ല.

അന്നത്തെ പെട്രോൾ/ഡീസൽ വില, നികുതി എന്നിവ സംബന്ധിച്ച് വിവരം ശേഖരിച്ച നൽകുന്നതാണ്.

(ബി) ബസ് ചാർജ് - മൂന്ന തവണ. വിശദ വിവരം അനുബന്ധമായി

ചേർത്തിരിക്കുന്നു. *(അനുബന്ധം 1) ഓട്ടോ/ടാക്സി ചാർജ്ജുകൾ - രണ്ടു തവണ. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. (അനുബന്ധം 2)

ടെമ്പോ ചാർജ് സർക്കാർ നിശ്ചയിച്ചിട്ടില്ല. ഡീസൽ, സ്പെയർ പാർട്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം, ഇൻഷ്വറൻസ്, മെയിന്റനൻസ് ചെലവുകൾ ഇവയിലുള്ള വർദ്ധന എന്നിവ കാരണമാണ് നിരക്ക് വർദ്ധിപ്പിച്ചത്. ആ സമയത്ത് നിലവിലിരുന്ന പെട്രോൾ/ ഡീസൽ വില, നികുതി എന്നിവ സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഡീസൽ വില അനുബന്ധമായി ചേർക്കുന്നു. *(അനുബന്ധം 3) പെട്രോൾ വില ശേഖരിച്ച് നൽകുന്നതാണ്.

(ഡി & ഇ) ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ, നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിക്ക് നിർദ്ദേശം നൽകുകയും കമ്മിറ്റി വിവിധ മേഖലകളിൽ നിന്നും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ധന വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചാർജ് കുറയ്ക്കേണ്ടതില്ല എന്നാണ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ഇന്ധന വിലയിൽ സ്ഥിരത ഉണ്ടാകുന്ന അവസ്ഥ വരുമ്പോൾ പരിഗണിക്കപ്പെടേണ്ടതായ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് ബസ് ചാർജ്ജും ടാക്സി-ഓട്ടോറിക്ഷാ നിരക്കുകളും കുറയ്ക്കുന്ന കാര്യം സർക്കാരിന് ആലോചിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുകയുണ്ടായി. എന്നിരുന്നാലും ഇതര സംസ്ഥാനങ്ങളിൽ ചാർജ്ജ് കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. ബസ് ചാർജ്ജും ടാക്സി/ഓട്ടോറിക്ഷാ നിരക്കുകളും കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതിനായി റെഗുലേറ്ററി കമ്മീഷനെ നിയമിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

**ബസ്/ടാക്സി/ഓട്ടോ ചാർജ്ജ് കുറയ്ക്കൽ**

403 (381) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധല വില ഉയർന്നപ്പോൾ വർദ്ധിപ്പിച്ച ബസ്/ടാക്സി/ഓട്ടോ ചാർജ്ജുകൾ ഇന്ധനവില ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ, ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ, നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിക്ക് നിർദ്ദേശം നൽകുകയും കമ്മിറ്റി വിവിധ മേഖലകളിൽ നിന്നും തെളിവെടുപ്പ് നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ധനവിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചാർജ് കുറയ്ക്കേണ്ടതില്ല എന്നാണ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ഇന്ധനവിലയിൽ സ്ഥിരത ഉണ്ടാകുന്ന അവസ്ഥ വരുമ്പോൾ പരിഗണിക്കപ്പെടേണ്ടതായ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് ബസ് ചാർജ്ജും ടാക്സി-ഓട്ടോറിക്ഷാനിരക്കുകളും കുറയ്ക്കുന്ന കാര്യം സർക്കാരിന് ആലോചിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുകയുണ്ടായി. എന്നിരുന്നാലും ഇതര സംസ്ഥാനങ്ങളിൽ ചാർജ് കുറയ്ക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്.

**ഹാൻഡ്‌ലിംഗ് ചാർജ്ജ് ഈടാക്കുന്ന വാഹന ഡീലർമാർക്കെതിരെ സ്വീകരിച്ച നടപടികൾ**

404 (382) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>:

<u>ശ്രീ. വി.ശിവൻകുട്ടി</u>:

<u>ശ്രീ. ആർ. രാജേഷ്</u>:

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ വിൽക്കുന്ന ഡീലർമാർ ഹാൻഡ്‌ലിംഗ് ചാർജ്ജിനത്തിൽ വാഹന ഉപഭോക്താക്കളിൽനിന്നും വൻതുക നിർബന്ധപൂർവ്വം ഈടാക്കുന്നതായുള്ള പ്രശ്നത്തിൽ വാഹന ഡീലർമാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൈകാര്യ ചെലവിനത്തിൽ അനധികൃതമായി ഡീലർമാർ പിരിച്ചെടുത്തതുകയെ സംബന്ധിച്ചുള്ള കണക്കുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി എത്ര വാഹനങ്ങളുടെ വിൽപ്പന നടക്കുന്നുണ്ട്; എത്ര വാഹന ഷോറൂമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഡീലർമാർ ശരാശരി എന്തു തുക കൈകാര്യ ചെലവിനത്തിൽ കൈപ്പറ്റുന്നതായി കണ്ടെത്തുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ട്രാൻസ്പോർട്ട് അധികൃതർ നടത്തിയിരുന്ന റെയ്ഡുകളിലൂടെയും മറ്റും ഈ പ്രശ്നത്തിൽ കണ്ടെത്തിയ കാര്യങ്ങൾ വിശദമാക്കാമോ;

(ഇ) എത്ര വാഹന ഡീലർമാർക്കെതിരെ കേസ്സെടുക്കുകയുണ്ടായി; ആരുടെയെല്ലാം ട്രേഡ് സർട്ടിഫിക്കറ്റുകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) വാഹന വിൽപ്പന നടത്തുന്ന ഡീലർമാരുടെ ഷോറൂമുകൾ മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ഉപഭോക്താക്കളിൽ നിന്നും അധിക തുക ഈടാക്കുന്നതായി സംശയിക്കപ്പെടുന്ന ഡീലർമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ഓഫീസുകളിൽ വിളിച്ചുവരുത്തി തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. അനധികൃതമായി തുക ഈടാക്കുന്നവരുടെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കുമെന്ന് അവർക്ക് താക്കീത് നൽകുകയും ചില ഡീലർമാരുടെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കുകയും പണം ഒടുക്കിയവരിൽ നിന്ന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പണം തിരികെ കൊടുപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കണക്കുകൾ കണ്ടെത്തിയിട്ടില്ല.

(സി) ഏകദേശം 6,50,000 ഓളം വാഹനങ്ങളുടെ വിൽപ്പന നടക്കുന്നുണ്ട്. 1095 വാഹന ഷോറൂമുകൾ പ്രവർത്തിക്കുന്നുണ്ട്. 5000 രൂപ വരെ കൈകാര്യ ചെലവിനത്തിൽ ഈടാക്കുന്നതായി കണ്ടെത്തുകയുണ്ടായി. ഡീലർമാർ വിവിധ നിരക്കിലാണ് ഹാൻഡ്ലിംഗ് ചാർജ്ജ് ഈടാക്കുന്നത്.

(ഡി) ഹാൻഡ്ലിംഗ് ചാർജ്ജ് ഈടാക്കുന്നതായി കണ്ടെത്തി. മുമ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള ബോർഡുകൾ പ്രദർശിപ്പിച്ചിട്ടില്ലായിരുന്നു. ട്രേഡ് സർട്ടിഫിക്കറ്റിന്റെ നിബന്ധന ലംഘനം കണ്ടെത്തി. ചില ഡീലർമാരുടെ ട്രേഡ് സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞതായിരുന്നു.

(ഇ) 50 ഡീലർമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. നിപ്പോൺ ടൊയോട്ട, കൊല്ലം; എസ് എസ് ഹ്യൂണ്ടായ് മോട്ടോഴ്സ്, മാവേലിക്കര; വിഷൻ ഹോണ്ട, തൃശ്ശൂർ; എം. സി. പി. എന്റർപ്രൈസസ്, ഇൻഡസ് മോട്ടോഴ്സ്, കൊച്ചി; മുത്തൂറ്റ് മോട്ടോഴ്സ്, കൊച്ചി എന്നിവരുടെ ട്രേഡ് സർട്ടിഫിക്കറ്റ് റദ്ദാക്കിയിട്ടുണ്ട്.

**വാഹനങ്ങളിൽ കർട്ടൻ**

405 (383) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വാഹനങ്ങൾക്ക് പുറമേ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള നാലുചക്ര വാഹനങ്ങളിലും ഉള്ളിലിരിക്കുന്നവരെ പുറത്തുള്ളവർക്ക് കാണാനാകാത്ത രീതിയിൽ കർട്ടനിട്ട് മറയ്ക്കുന്നത് നിയമവിധേയമായിട്ടാണോ; എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിൽ എന്ന് വ്യക്തമാക്കുമോ;

(ബി) അല്ലാത്തപക്ഷം ഗവൺമെന്റ് ഉടമസ്ഥതയിലുള്ള വാഹനങ്ങളിലെങ്കിലും ആയത് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ച് വിശദമായ വാഹന പരിശോധനകൾ നടത്തുവാനും കൂടാതെ സർക്കാർ വാഹനങ്ങളിൽ ഇത്തരത്തിൽ കർട്ടൻ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് മാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിക്കുന്നതിനും കർട്ടനുകൾ നീക്കം ചെയ്യുന്നില്ല എങ്കിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നതിനും ഉദ്ദേശിക്കുന്നു.

**അന്യസംസ്ഥാന വാഹനങ്ങളുടെ ട്രാഫിക് ലംഘനം**

406 (384) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടുന്ന അന്യസംസ്ഥാന രജിസ്ട്രേഷനുള്ള വാഹനങ്ങൾ ട്രാഫിക് ലംഘനം നടത്തിയാൽ മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം;

(ബി) ഇത്തരത്തിലുള്ള ലംഘനങ്ങൾ നടത്തുന്ന വാഹന ഉടമകൾക്കെതിരെ കഴിഞ്ഞ 5 കൊല്ലം എന്ത് തുക പിഴ ഈടാക്കി;

(സി) ഇത്തരക്കാർ നടത്തുന്ന ട്രാഫിക് ലംഘനങ്ങൾ പലപ്പോഴും ഉദ്യോഗസ്ഥരുടെ ബോധപൂർവ്വമായ ഇടപെടൽ മൂലം നടപടി ഒഴിവാക്കലിന് വിധേയമാകുന്നത് സംബന്ധിച്ച് അഭിപ്രായം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ട്രാഫിക് നിയമ ലംഘനം നടത്തിയാൽ നിലവിലുള്ള മോട്ടോർവാഹന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പിഴ ഈടാക്കുകയോ, ഷോർട്ട് ടൈം ടാക്സ് ഈടാക്കുകയോ, ചെക്ക് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട സംസ്ഥാനത്തെ രജിസ്റ്ററിംഗ് അതോറിറ്റിക്ക് അയച്ചു കൊടുക്കുകയോ ചെയ്യാറുണ്ട്. ആവശ്യമെങ്കിൽ വാഹനം പിടിച്ചെടുക്കാറുമുണ്ട്.

(ബി) കഴിഞ്ഞ 5 കൊല്ലം കൊണ്ട് 2,71,08,541 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വാഹനങ്ങളിലെ തീവ്രത കൂടിയ ഹോൺ ഉപയോഗം**

407 (385) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ തീവ്രത കൂടിയ ഹോൺ/ എയർഹോൺ ഉപയോഗിക്കുന്നത് നിയമംമൂലം തടഞ്ഞിട്ടുണ്ടോ; എങ്കിൽ നിയമലംഘനം കണ്ടെത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്തെല്ലാമാണ്;

(ബി) നിയമലംഘകർക്ക് നൽകുന്ന പിഴ ശിക്ഷ എത്രയാണ്;

(സി) നിസ്സാരമായ പിഴ ശിക്ഷ, കുറ്റം ആവർത്തിക്കുന്നതിന് പ്രേരണ നൽകുന്നുവെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതിന് പരിഹാരമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഡി) സർക്കാർ വാഹനങ്ങളിൽ നിയമത്തിനനുസൃതമായ ഹോണുകൾ ഉപയോഗിച്ച് മാതൃകയാകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തടഞ്ഞിട്ടുണ്ട്. നിലവിൽ ഫീൽഡ് ചെക്കിംഗിലൂടെയാണ് ഇത്തരത്തിലുള്ള നിയമലംഘനം കണ്ടെത്തുന്നത്. കൂടാതെ രജിസ്ട്രേഷൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് വാഹനം ഹാജരാക്കുമ്പോഴും വാഹനത്തിൽ എയർ ഹോൺ അല്ല ഉപയോഗിക്കുന്നത് എന്ന് ഉറപ്പ് വരുത്താറുണ്ട്.

(ബി) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 190 (2) പ്രകാരം 1000 രൂപയാണ് പിഴയിനത്തിൽ നിയമലംഘകരിൽ നിന്നും ഈടാക്കുന്നത്.

(സി) ഉണ്ട്. പിഴശിക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. പ്രസ്തുത കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി കത്തെഴുതിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 68, 143, 150, 158, 199, 200, 268 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.